# മാനവികതയും മലയാളകഥാസാഹിത്യവും

(കാരൂർ, ലളിതാംബിക എന്നിവരുടെ കഥകളെക്കുറിച്ച്
സൂക്ഷ്മസന്ദർഭത്തിലുള്ള പഠനം)

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്
സമർപ്പിച്ച പ്രബന്ധം

സി.പി. ചിത്രഭാനു

മലയാള-കേരള പഠന വിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

ജൂൺ 2009

# HUMANISM AND MALAYALAM SHORT STORY

**(A micro context study with special reference to Karoor and Lalithambika)**

**Thesis submitted to University of Calicut for the degree of Doctor of Philosophy**


**C.P. CHITHRABHANU**

**Department of Malayalam & Kerala Studies**
**University of Calicut**


**June 2009**

# സത്യപ്രസ്താവന

മാനവികതയും മലയാളകഥാസാഹിത്യവും (കാരൂർ, ലളിതാംബിക എന്നിവരുടെ കഥകളെക്കുറിച്ച് സൂക്ഷ്മസന്ദർഭത്തിലുള്ള പഠനം) എന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടേയോ തത്തുല്യമായ സ്ഥാപനങ്ങളുടേയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
–6–2009

**സി.പി. ചിത്രഭാനു**

**ഡോ. കെ.കെ. കരുണാകരൻ**
ഗവേഷണ ഗൈഡ്
റിട്ട. പ്രൊഫസർ
മലയാള-കേരള പഠന വിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് സമർപ്പിക്കുന്ന **മാനവികതയും മലയാളകഥാസാഹിത്യവും (കാരൂർ, ലളിതാംബിക എന്നിവരുടെ കഥകളെക്കുറിച്ച് സൂക്ഷ്മസന്ദർഭത്തിലുള്ള പഠനം)** എന്ന ഈ പ്രബന്ധം **സി.പി. ചിത്രഭാനു** എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖ യാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പയ്യന്നൂർ
-6-2009

**ഡോ. കെ.കെ. കരുണാകരൻ**

## നന്ദി

ഈ ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ തന്ന കരുണാകരൻമാഷോട് എനിയ്ക്കുള്ള ആദരവും നന്ദിയും കടപ്പാടും ആദ്യമേ രേഖപ്പെടുത്തട്ടെ.

മലയാളഭാഷയോടും സാഹിത്യത്തോടുമുള്ള താല്പര്യം എന്നിലുണർത്തിയ ഡോ. ദേശമംഗലം രാമകൃഷ്ണനോട് ഞാൻ എന്നും കടപ്പെട്ടവനാണ്.

ഈ പഠനത്തിനാവശ്യമായ സഹായങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളവിഭാഗത്തിലെ മുഴുവൻ അദ്ധ്യാപകരോടും ലൈബ്രറി ജീവനക്കാരോടും ഓഫീസ് ജീവനക്കാരോടും എനിക്ക് കടപ്പാടുണ്ട്. പഠനത്തിന്റെ വിവിധ സന്ദർഭങ്ങളിൽ എനിയ്ക്ക് ആത്മവിശ്വാസവും പ്രോത്സാഹനവും തന്ന പട്ടാമ്പി ഗവ. സംസ്കൃത കോളേജിലെ എന്റെ സഹപ്രവർത്തകരെ ഈയവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു. ഇപ്പോഴും സ്നേഹബന്ധം നിലനിർത്തുന്ന പല വിദ്യാർത്ഥികളും ഈ പഠനത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. അവരോടുള്ള ആത്മാർത്ഥമായ സ്നേഹം ഞാനിവിടെ ആവർത്തിക്കട്ടെ.

ഈ ഗവേഷണ പ്രബന്ധത്തിന്റെ അച്ചടിവേലകൾ ആത്മാർത്ഥതയോടെ ചെയ്തുതീർത്ത തൃശൂർ മൗസ് & മൈൻഡ്സ് എന്ന സ്ഥാപനത്തിലെ തോമസിനോടും പ്രദീപിനോടും എനിയ്ക്കുള്ള കടപ്പാട് വാക്കുകളിലൊതുക്കുന്നില്ല.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
-6-2009

**സി.പി. ചിത്രഭാനു**

## ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 1 – 12 |
| അദ്ധ്യായം 1 | മൂല്യസങ്കല്പനങ്ങളും മാനവികതാ മൂല്യവും (സാംസ്കാരിക ചരിത്ര പശ്ചാത്തലത്തിൽ) | 13 – 56 |
| അദ്ധ്യായം 2 | ചെറുകഥയുടെ വികാസപരിണാമങ്ങളും കേരളീയ സാഹചര്യങ്ങളും | 57 – 94 |
| അദ്ധ്യായം 3 | കഥാഖ്യാനവും നവോത്ഥാന കഥയും | 95 – 126 |
| അദ്ധ്യായം 4 | കാരൂരിന്റെ കഥാലോകം | 127 – 157 |
| അദ്ധ്യായം 5 | മാനവികതാസങ്കല്പം കാരൂരിന്റെ കഥകളിലും അന്തർജനത്തിന്റെ കഥകളിലും (സൂക്ഷ്മ താരതമ്യം) | 158 – 215 |
| അദ്ധ്യായം 6 | കഥ, ആധുനികത, പ്രതിമാനവികത | 216 – 266 |
| | ഉപസംഹാരം | 267 – 277 |
| | ഗ്രന്ഥസൂചി | 278 – 286 |
| | അനുബന്ധം (പഠനവിധേയമായ കഥകൾ) | 287 – 327 |

# മാനവികതയും മലയാളകഥാസാഹിത്യവും

(കാരൂർ, ലളിതാംബിക എന്നിവരുടെ കഥകളെക്കുറിച്ച്
സൂക്ഷ്മസന്ദർഭത്തിലുള്ള പഠനം)

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്
സമർപ്പിച്ച പ്രബന്ധത്തിന്റെ സംഗ്രഹം

സി.പി. ചിത്രഭാനു

മലയാള-കേരള പഠന വിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

ജൂൺ 2009

# മാനവികതയും മലയാളകഥാസാഹിത്യവും

(കാരൂർ, ലളിതാംബിക എന്നിവരുടെ കഥകളെക്കുറിച്ച് സൂക്ഷ്മസന്ദർഭത്തിലുള്ള പഠനം)
എന്ന ഗവേഷണ പ്രബന്ധത്തിന്റെ സംഗ്രഹം

**സി.പി. ചിത്രഭാനു**

**മലയാള-കേരള പഠന വിഭാഗം**
**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

സാമൂഹ്യ ബന്ധത്തിലെ സവിശേഷഘടകങ്ങളിൽ ഒന്നാണ് മനുഷ്യൻ വെച്ചുപുലർത്തുന്ന മൂല്യസങ്കല്പങ്ങൾ. മനുഷ്യൻ മനുഷ്യനോടും, ഇതരജീവജാലങ്ങളോടും പ്രകൃതിയോടും ഇടപെടുന്നതിലുള്ള വിധിവിലക്കുകളാണ് ഈ മൂല്യങ്ങളുടെ പ്രകാശനങ്ങൾ. ഒരു സവിശേഷസമൂഹത്തിലെ മൂല്യചിന്തക്കും അതിന്റെ പ്രത്യക്ഷീകരണത്തിനും ആധാരമായി വർത്തിക്കുന്നത്, ആ സമൂഹത്തിലെ സവിശേഷമായ ബോധങ്ങളാണ്. അനുഭവങ്ങളുടെ വെളിച്ചത്തിലും അതത് കാലങ്ങളിലുണ്ടാകുന്ന തിരിച്ചറിവുകളിലൂടെയും ചില സദാചാരമൂല്യങ്ങൾ എല്ലാ പ്രദേശത്തും എല്ലാ ജനവിഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. സവിശേഷസന്ദർഭങ്ങളിൽ ബാഹ്യമായ ഇടപെടലുകളുടേയും വ്യക്ത്യനുഭവങ്ങളുടേയും ഫലമായി പുതിയ മൂല്യബോധങ്ങൾ ഉയർന്നുവരുന്നു. സമൂഹത്തിലെ അധീശശക്തികൾ അവരുടെ താല്പര്യങ്ങൾക്കനുസൃതമായ മൂല്യസങ്കല്പങ്ങൾ ആവിഷ്കരിച്ച് പ്രചരിപ്പിക്കാറുമുണ്ട്. അതത് സമൂഹങ്ങളിലെ അധികാരഘടനയുടെ പ്രത്യക്ഷവും പരോക്ഷവുമായ സാദ്ധ്യതകളിലൂടെ ആ മൂല്യബോധത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ അധീശശക്തികൾക്ക് കഴിയുന്നു. സമൂഹം വെച്ചുപുലർത്തുന്ന പൊതുവായ മൂല്യബോധത്തിനോട്, കലഹിക്കുന്ന വ്യക്തികളും, കൂട്ടായ്മകളും അവരുടേതായ ചില മൂല്യ സങ്കല്പങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കാറുണ്ട്. അധികാരഘടന പ്രകൃത്യാ സ്വീകരിച്ച ഗോത്രസമൂഹങ്ങൾക്കും അവരുടേതായ അനുഭവലോകത്തുനിന്ന് രൂപംകൊണ്ട മൂല്യബോധങ്ങൾ നിലനിൽക്കുന്നു. ദൈവകേന്ദ്രിതം, സമൂഹകേന്ദ്രിതം, വ്യക്തികേന്ദ്രിതം എന്ന നിലയിൽ പഠന സൗകര്യത്തിനുവേണ്ടി ഇവയെ സാമാന്യമായി വേർതിരിച്ച് പഠിക്കാറുണ്ട്.

എല്ലാ മേഖലകളിലും മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പരിഗണിച്ച് അവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അനുഭവിക്കുന്ന പ്രയാസങ്ങളെയും സഹാനുഭൂതിയോടെ വീക്ഷിച്ച് യുക്തിസഹമായി വിശകലനം ചെയ്യുകയും പ്രതീക്ഷയോടെ ജീവിക്കാൻ ആത്മ

വിശ്വാസം നൽകുകയും ചെയ്യുന്ന ദർശനങ്ങളും തത്വശാസ്ത്രങ്ങളും സവിശേഷമായ ഒരു മൂല്യബോധത്തെ മുന്നോട്ടുവയ്ക്കുന്നു. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഘടകങ്ങളെ നിശ്ചയിച്ച് അവനെ മറ്റു ജീവജാലങ്ങളിൽനിന്നും ഉയർന്നവനാക്കി മാറ്റി, പ്രപഞ്ചത്തിന്റെ നിയന്താവും രക്ഷിതാവുമായി കല്പിച്ച്, പെരുമാറ്റരീതികൾ നിശ്ചയിച്ചതിലൂടെ, ഈ ദർശനങ്ങൾ ആവിഷ്കരിച്ച ധാരണകളാണ് സാമാന്യാർത്ഥത്തിൽ 'മാനവികത' എന്ന മൂല്യസങ്കല്പം.

മൂല്യബോധങ്ങളെ സഹജീവികളുമായി പങ്കുവയ്ക്കുന്നതിനും വരുംതലമുറയ്ക്ക് പകർത്തിവയ്ക്കുന്നതിനും കലയെയും സാഹിത്യത്തെയുമാണ് സമൂഹം പ്രയോജനപ്പെടുത്താറുള്ളത്. വാമൊഴി പാരമ്പര്യം മുതൽ ആധുനിക മാധ്യമ സംസ്കാരം നിലനിൽക്കുന്ന വർത്തമാനകാലം വരെ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും 'കഥ'യുടെ സ്വാധീനം വളരെ വലുതാണ്. 'പരിഷ്കൃത'നായ കാലം മുതൽ മനുഷ്യജീവിതത്തെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മാനവികത എന്ന മൂല്യസങ്കല്പം കേരളീയ ജീവിതത്തിന്റെ സവിശേഷമായ ഒരു ചരിത്രസന്ദർഭത്തിൽ ചെറുകഥ എന്ന സാഹിത്യരൂപത്തിൽ ആവിഷ്കൃതമായതിന്റെ വ്യതിരിക്തതകളാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ ലോകത്തിലെ സജീവമായ ഒരു സാഹിത്യരൂപമാണ് ചെറുകഥ. ലോകത്തിലെ ഇതരഭാഷകളിലെന്നപോലെ മലയാളഭാഷയിലും ചെറുകഥ എന്ന സാഹിത്യരൂപത്തിന് ധാരാളം വായനക്കാരുണ്ട്. അതാതുകാലങ്ങളിലെ സർഗാത്മകവും സാമൂഹികവുമായ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുസൃതമായി ഈ സാഹിത്യരൂപം പരിണാമവിധേയമാകുന്നു.

ഇത്തരം പരിണാമഘട്ടങ്ങളിൽ 1930കൾ മുതൽ 1960കൾ വരെയുള്ള കാലത്തെ കഥാസാഹിത്യത്തിന്റെ 'നവോത്ഥാനകാല'മെന്ന് സാഹിത്യ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ചെറുകഥ എന്ന സാഹിത്യരൂപത്തിന് ജനപ്രിയതയും ജനകീയതയും വർദ്ധിച്ച കാലയളവുകൂടിയാണ് ഇത്. ഈ സവിശേഷചരിത്രസന്ദർഭത്തിൽ ലോകത്തിലെ ഏറ്റവും പ്രചാരം കൂടിയ ഒരു മൂല്യബോധത്തിനെ ഏറ്റവും ജനപ്രിയമായ ഒരു സാഹിത്യരൂപം ആവിഷ്കരിച്ച രീതി അന്വേഷിക്കുന്നത് തികച്ചും പ്രസക്തമാണ്.

മാനവികതാമൂല്യത്തിന് ഭിന്നതലങ്ങളും സവിശേഷസ്വഭാവങ്ങളും ഉണ്ടെങ്കിലും ഉദാരമാനവികത എന്ന സങ്കല്പം പാശ്ചാത്യയുക്തിബോധത്താൽ നിർമ്മിക്കപ്പെട്ട ഒരു

ഏകകമാണ്. പാശ്ചാത്യചിന്ത കേരളീയ ജീവിതത്തെ നിർണ്ണായകമായും പ്രകടമായും സ്വാധീനിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് കേരളത്തിലും ഈ ആശയം കടന്നുവരുന്നത്. കേരളീയ സാഹചര്യത്തിൽ മാനവികതയും പാശ്ചാത്യ മാനവികതാസങ്കല്പങ്ങളും പ്രചരിച്ച കാലഘട്ടത്തിനെ പൊതുവെ 'കേരളീയ നവോത്ഥാനം' എന്നാണ് ചരിത്രം വിശേഷിപ്പിക്കുന്നത്. സാഹിത്യരൂപങ്ങളിലും പരിവർത്തനങ്ങൾ സംഭവിച്ച ഒരു കാലഘട്ടമായിരുന്നു ഇത്.

ഏതൊരു സാഹിത്യരൂപവും നിർമ്മിതിയുടെ ഘട്ടത്തിലും നിർവ്വഹണത്തിന്റെ ഘട്ടത്തിലും സ്വന്തം അസ്തിത്വത്തെതന്നെയാണ് നിരന്തരം അന്വേഷിക്കുന്നത്. രൂപക്രമവും ഭാവവിതാനവും തമ്മിലുള്ള പൊരുത്തമാണ് ചെറുകഥയെ ചെറുകഥയാക്കി മാറ്റുന്നത്. കഥയുടെ അനന്യമായ സവിശേഷാസ്തിത്വവും തനതായ ഭാവലോകം സൃഷ്ടിക്കാനുള്ള കഴിവും തിരിച്ചറിഞ്ഞ് കഥാരചന നടത്തിയ എഴുത്തുകാർ സാഹിത്യലോകത്ത് സജീവമായ ഒരു സന്ദർഭമായിരുന്നു നവോത്ഥാന കാലഘട്ടം. ലോകനിലവാരത്തിലുള്ള ചെറുകഥകൾ ഭാഷാസാഹിത്യത്തിൽ രചിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ് എഴുത്തുകാർക്ക് ചില സാമൂഹ്യലക്ഷ്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന വിശ്വാസവും അതിനനുസൃതമായ നിലപാടുകളും ചെറുകഥാരചനയിൽ പ്രത്യക്ഷപ്പെട്ടു. എണ്ണത്തിലും ഗുണത്തിലും അനുകൂലമായ മാറ്റങ്ങൾ വന്ന ഈ കാലയളവിനെക്കുറിച്ച് സാമാന്യമായും സവിശേഷമായും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ആദ്യകാലപഠനങ്ങളിലെല്ലാം നവോത്ഥാനകാല കഥകളോടും ആ കാലഘട്ടത്തോടും ഉള്ള ആദരവും അടുപ്പവുമാണ് പഠിതാവിന് അനുഭവപ്പെടുന്നത്. സാമൂഹികരംഗത്തെന്നപോലെ സാംസ്കാരികരംഗത്തും ആധുനികത പ്രത്യക്ഷപ്പെട്ട 1960കൾ മുതൽ നവോത്ഥാന മൂല്യബോധങ്ങളും രചനാസങ്കേതങ്ങളും പുനർവിചിന്തനത്തിന് വിധേയമായി. മൂല്യനിരാസങ്ങളുടേതായ വർത്തമാനകാലത്ത് ഈ എഴുത്തുകാരെയും അവരുടെ രചനകളെയും പ്രതിസ്ഥാനത്തുനിർത്തി വിചാരണചെയ്യുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. നവോത്ഥാനക്രമങ്ങളെല്ലാം പാശ്ചാത്യനീതിബോധത്തിന്റേതാണെന്നും ആ ക്രമങ്ങളെ സമൂഹത്തിൽ ആവർത്തിച്ചുറപ്പിക്കുകയാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ ചെയ്തത് എന്നുമുള്ള ഒരാശയം സാഹിത്യ സാമൂഹ്യ സംവാദങ്ങളിൽ സജീവമാണ്. ചെറുകഥ എന്ന സാഹിത്യരൂപം പുതിയ ഗതിവേഗത്തെ സ്വീകരിക്കാൻ നിരന്തരമായ അന്വേഷണത്തിലുമാണ്. സമചിത്തതയോടെയും യാഥാർത്ഥ്യബോധത്തോടെയും സാഹിത്യപഠനത്തിലേർപ്പെടാനും സാംസ്കാരികവിശകലനം നിർവ്വഹിക്കാനുമാണ് ഈ അന്വേഷണം

ലക്ഷ്യം വെക്കുന്നത്. വിസ്തൃതമായ ഒരു സാഹിത്യസന്ദർഭത്തെ വിശകലനം ചെയ്യുന്നതിനുള്ള പരിമിതി പരിഗണിച്ചാണ് ആ കാലഘട്ടത്തിലെ ഒരു പരിച്ഛേദം എന്ന നിലയിൽ രണ്ടെഴുത്തുകാരെ സൂക്ഷ്മസന്ദർഭത്തിൽ പഠിക്കുന്നത്. കഥ എന്ന സാഹിത്യരൂപത്തെയും മാനവികത എന്ന മൂല്യബോധത്തെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കണമെന്ന് ഈ പഠനം ലക്ഷ്യംവെക്കുന്നു.

കാരൂർ നീലകണ്ഠപിള്ള, ലളിതാംബിക അന്തർജനം എന്നീ ചെറുകഥാകൃത്തുക്കൾ കഥ എന്ന സാഹിത്യരൂപത്തെ ഗൗരവത്തോടെ സമീപിച്ചവരാണ്. ഇവരുടെ തന്നെ നിരവധി കഥകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. എല്ലാ രചനകളും കഥ എന്ന സാഹിത്യരൂപത്തിനോട് പൂർണമായും നീതി പുലർത്തുന്നവയുമല്ല. ഒരു സവിശേഷ സന്ദർഭത്തിൽ, സവിശേഷമൂല്യത്തെ എപ്രകാരം ഉൾക്കൊണ്ടു എന്നുള്ളതാണ് അന്വേഷണലക്ഷ്യം എന്നതിനാൽ അതിനനുസൃതമായി ഇരുകഥാകൃത്തുക്കളുടേയും മൂന്ന് ചെറുകഥകൾ വീതം താരതമ്യം ചെയ്ത് നിരീക്ഷണം നടത്തി നിഗമനത്തിലെത്തിച്ചേരുന്നതിനാണ് പ്രായോഗികമായി ശ്രമിക്കുന്നത്.

**ഗവേഷണത്തിന്റെ പ്രസക്തി**

മനുഷ്യന്റെ സമൂഹത്തിലുള്ള സ്ഥാനം പുനർനിർവചിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് മാനവികതയും പാശ്ചാത്യ പദ്ധതിയുടെ ഭാഗമായി വികസിച്ച നവോത്ഥാനവും. പാശ്ചാത്യബോധം നിർമ്മിച്ചെടുത്ത മനുഷ്യനിൽനിന്ന് പല ചേരുവകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു കരുതുന്നവരുണ്ട്. പാശ്ചാത്യ മാനവികത തന്നെ അപൂർണ്ണമോ അർത്ഥശൂന്യമോ ആണെന്ന വാദം ഉയർന്നുവരുന്നു. കേവല മാനവികതയിൽനിന്നും വർഗ്ഗാശ്രിതമാനവികതാബോധത്തെ വളർത്തിയ മാർക്സിയൻ ദർശനത്തെ കാലാനുസൃതം വ്യാഖ്യാനിക്കുന്നതിന് ഇന്ന് കഴിയാതെപോകുന്നു. ഗാന്ധിജിയും നെഹ്റുവും മുന്നോട്ടുവച്ച രാഷ്ട്രസങ്കല്പങ്ങൾ ഇന്നത്തെ ലോകസാഹചര്യത്തിൽ പ്രസക്തമല്ല എന്ന ഒരു വാദം ഉയർന്നുവരുന്നു. നവോത്ഥാനം എന്ന വാക്കിനെ പഴയ സംസ്കാരങ്ങളുടെ പുനരുത്ഥാനം എന്ന ആശയമാക്കി പരിവർത്തിപ്പിക്കാനുള്ള ശ്രമവും ഇന്ന് നടന്നുവരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും പരമ്പരാഗത വിദ്യാഭ്യാസത്തിന്റെയും യുക്തികൾ മനുഷ്യന് യോജിക്കുന്നവയായിരുന്നില്ല എന്ന വാദവും നിലനിൽക്കുന്നു. പലതരത്തിലുള്ള ആധുനിക പ്രവണതകൾ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടി

രിക്കുന്നു. മനുഷ്യനെ നിസ്സഹായനോ നിസ്സംഗനോ ആക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും ഈ ആധുനിക പ്രവണതകളിൽ ഉണ്ടോ എന്ന സംശയം സ്വാഭാവികമാണ്. മൂല്യനിരാസത്തിന്റേതായ ഈ അവസ്ഥ ആശങ്കകൾ ഉയർത്തുന്നതാണ്.

വായനയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന അനേകം ഘടകങ്ങൾ വെല്ലുവിളികൾ ഉയർത്തുമ്പോഴും കഥ എന്ന സാഹിത്യരൂപത്തിന് ഇന്നും സമൂഹത്തിൽ സ്ഥാനമുണ്ട്. സമാഹൃതരൂപത്തിലും, ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ആയി പുറത്തുവരുന്ന കഥകൾ വ്യക്തിയെയും സമൂഹത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ബൃഹദാഖ്യാനങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു എന്ന വിമർശനമതവും കഥ എന്ന സാഹിത്യരൂപത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നിരന്തരം സംസ്കരിച്ച് നിലനിർത്തേണ്ട ഒരു മൂല്യബോധം എന്ന നിലയിൽ മാനവികതാമൂല്യത്തിന് കഥയുമായുള്ള ബന്ധവും അതിന്റെ പ്രചാരത്തിനുള്ള സാധ്യതയും അന്വേഷിക്കുന്നത് എന്നും പ്രസക്തമാണ്.

നവോത്ഥാനകാലകഥകളെക്കുറിച്ചും ഈ കാലയളവിലെ കഥാകാരന്മാരെക്കുറിച്ചും നിരവധി പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യപക്ഷപാതമാണ് മുഖ്യം എന്ന് വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തിലെ കഥാകാരന്മാരെ പൊതുവായി വിലയിരുത്താനാണ് ഇത്തരം പഠനങ്ങൾ സഹായകമാകുന്നത്. അതിൽതന്നെ ചില പ്രത്യയശാസ്ത്രങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തിയിരുന്ന എഴുത്തുകാർ, ആ വാഗ്ദത്തതയോട് കാണിച്ച നീതിയെ മുൻനിർത്തിയും പഠനവിധേയരായിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള വീക്ഷണഗതികളുടെ പ്രത്യക്ഷസ്വാധീനം താരതമ്യേന കുറവാണെങ്കിലും കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നീ എഴുത്തുകാർ കഥ എന്ന സാഹിത്യരൂപത്തിനോട് നീതി പുലർത്തി മനുഷ്യനോടും സമൂഹത്തിനോടുമുള്ള അചഞ്ചലമായ കൂറും വിശ്വാസവും പ്രകടിപ്പിച്ചതെങ്ങനെയെന്ന അന്വേഷണം കൂടുതൽ പ്രസക്തമാണ്. പുനർവായനകൾക്കും പുതിയ മൂല്യനിർണയത്തിനും ഇത് പ്രയോജനപ്പെടും എന്നു കരുതുന്നു.

നവോത്ഥാനകാലകഥകളെക്കുറിച്ച് പൊതുവെയും, കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നിവരുടെ കഥകളെക്കുറിച്ച് വിശേഷിച്ചും ചില പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പൂർവ്വകാലപഠനങ്ങളെക്കുറിച്ച് പ്രബന്ധത്തിന്റെ ആമുഖത്തിൽ പരാമർശിച്ചിട്ടുണ്ട്. ഈ പഠനങ്ങളിൽനിന്ന് വ്യത്യസ്തമായി മാനവികതാമൂല്യത്തെ

മുൻനിർത്തി ഈ എഴുത്തുകാരെ സൂക്ഷ്മസന്ദർഭത്തിൽ പഠിക്കുന്നതിന്റെ പ്രസക്തിയും ഇവിടെ സൂചിപ്പിക്കുന്നു.

ആഖ്യാനശാസ്ത്രം, ശൈലീവിജ്ഞാനീയം എന്നീ പഠനപദ്ധതികളുടെ സഹായ ത്തോടെ താരതമ്യ സാഹിത്യ വിമർശനത്തിന്റെ രീതിശാസ്ത്രപ്രകാരം പഠനം നിർവ്വ ഹിക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

മൂല്യങ്ങളെക്കുറിച്ച് പൊതുവേയും മാനവികമൂല്യങ്ങളെക്കുറിച്ച് വിശേഷിച്ചും നിര വധി പഠനങ്ങൾ നടന്നിട്ടുണ്ട്. മാനുഷിക മൂല്യങ്ങൾ ആപേക്ഷികമായി വിലയിരുത്തുന്ന മതതത്വശാസ്ത്രം, രാഷ്ട്രീയതത്വശാസ്ത്രം എന്നിവയിലും മാനവികതാ സങ്കല്പം ചർച്ച ചെയ്തിട്ടുണ്ട്. മൂല്യസങ്കല്പങ്ങളെ വിലയിരുത്തുന്നതിൽ, ദാർശനികഗ്രന്ഥങ്ങൾ ആണ് പ്രഥമാകരം. ചെറുകഥാ സാഹിത്യത്തെക്കുറിച്ച് നടന്ന പഠനങ്ങളും, വിലയിരുത്തലുക ളുമാണ് സാഹിത്യരൂപത്തെ വിശദീകരിക്കാൻ സഹായകമാകുന്നത്.

കാരൂർ നീലകണ്ഠപ്പിള്ളയുടേയും ലളിതാംബികാ അന്തർജനത്തിന്റേയും കഥകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതും സമാഹരിച്ചിട്ടുള്ളതുമാണ്. ഇവയെ പുരസ്ക്കരിച്ചും തിരസക്കരിച്ചുമുള്ള പൂർവ്വകാല പഠനങ്ങളും പ്രചാരത്തിലുണ്ട്. സൂക്ഷ്മപഠനത്തിന് ഇവ യാണ് സ്വീകരിക്കുന്നത്.

പഠനവിധേയരാക്കുന്ന സാഹിത്യകാരന്മാരുടെ ജീവചരിത്രം, ആത്മകഥാംശമുള്ള ലേഖനങ്ങൾ, മറ്റുവ്യക്തികൾ അവരെക്കുറിച്ചു നടത്തുന്ന അനുസ്മരണങ്ങൾ എന്നിവ യാണ് ദ്വിതീയാകാരമായി സ്വീകരിക്കുന്നത്.

**പ്രബന്ധസ്വരൂപം**

ഈ ഗവേഷണ പ്രബന്ധത്തിന് ആറ് അധ്യായങ്ങളുണ്ട്. ആമുഖത്തിൽ ഗവേഷ ണത്തിന്റെ ലക്ഷ്യം, പ്രസക്തി, വ്യാപ്തി എന്നിവ വിശദീകരിച്ചിട്ടുണ്ട്.

മൂല്യം എന്ന വാക്കിനെക്കുറിച്ച് നിലനിൽക്കുന്ന വിവിധ സങ്കല്പങ്ങൾ വിശദീക രിച്ച് മാനവികത എന്ന മൂല്യബോധത്തെ ഒന്നാമധ്യായത്തിൽ നിർവചിക്കുന്നു. മാനവി കതാമൂല്യത്തിന്റെ വ്യത്യസ്തസങ്കല്പങ്ങളും പ്രകടന സവിശേഷതകളും ഈ അധ്യാ യത്തിൽ വ്യക്തമാക്കുന്നു. ഭാരതീയ പശ്ചാത്തലത്തിൽ ഈ സങ്കല്പനത്തിന്റെ പൂർവ കാല സ്വഭാവവും അനുക്രമമായ വികാസവും ഈ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വൈദികകാലഘട്ടം മുതൽക്കുള്ള മൂല്യബോധത്തെയും മനുഷ്യസങ്കല്പത്തെയും ഇവിടെ

വിശദീകരിക്കുന്നു. മനുഷ്യനും സമൂഹവും തമ്മിൽ നിലനിൽക്കുന്ന ഉപകാരി–ഉപകാരക ബന്ധത്തിന്റെ തുടർച്ചയായ മനുഷ്യസങ്കല്പത്തിന്റെ വികാസമാണ് ഭാരതീയ മനുഷ്യസങ്കല്പം എന്ന ആശയവും ഇവിടെ വിശദീകരിക്കുന്നു. പാശ്ചാത്യ അധിനിവേശത്തിനുശേഷം ഉണ്ടായ മാറ്റങ്ങളെയും പരാമർശിക്കുന്നുണ്ട്.

'ചെറുകഥ' എന്ന സാഹിത്യരൂപത്തിന്റെ ഉത്ഭവവികാസ പരിണാമങ്ങളെ പൊതുവായി സൂചിപ്പിച്ച്, അതിന്റെ ഭാഷാസാഹിത്യത്തിലെ വികാസപരിണാമങ്ങൾ രണ്ടാമധ്യായത്തിൽ വിശദീകരിക്കുന്നു. കഥാസാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ധാരാളം പ്രചാരത്തിലുള്ളതിനാലും, അതിന്റെ ആവർത്തനം അപ്രസക്തമാണെന്നതിനാലും ഈ പ്രബന്ധത്തിന് നിദാനമായ വസ്തുതകളെ മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

"നവോത്ഥാനം" എന്ന സംപ്രത്യയം പ്രചരിച്ച ലോകസാഹചര്യവും സവിശേഷമായ കേരളീയ സാഹചര്യവുമാണ് മൂന്നാമധ്യായത്തിന്റെ ആദ്യഭാഗത്ത് വിശദീകരിക്കുന്നത്. ഇത് സാഹിത്യരൂപങ്ങളെ സ്വാധീനിച്ചത് ഏതു പ്രകാരത്തിലാണെന്ന് തുടർന്ന് വിശദീകരിക്കുന്നു. കേരളീയ നവോത്ഥാനത്തിന്റെ ബലദൗർബല്യങ്ങളെ കുറിച്ച് നടന്ന സംവാദങ്ങൾ സംഗ്രഹിക്കുന്നതിന് കേരളീയ നവോത്ഥാനത്തെ നിർവ്വചിക്കുന്നതിനും ഈ അധ്യായത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. നവോത്ഥാനകഥയുടെ സവിശേഷതകളും അത് രൂപംകൊള്ളാനിടയായ സാഹചര്യവും ആ കഥകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും ഉണ്ടായ  വിമർശനങ്ങളും വിലയിരുത്തുന്നതിനും ഈ അധ്യായത്തിൽ ഊന്നൽനൽകിയിട്ടുണ്ട്.

കാരൂർ നീലകണ്ഠപിള്ളയുടെ രചനാവീക്ഷണം രൂപംകൊണ്ട സാഹചര്യവും അദ്ദേഹത്തിന്റെ സാഹിത്യസങ്കല്പങ്ങളും വിശദമായി പരിശോധിക്കുന്നതിനാണ് നാലാം അധ്യായത്തിൽ ശ്രമിക്കുന്നത്. നിരൂപകന്മാരും സുഹൃത്തുക്കളും നടത്തിയ പരാമർശങ്ങളെ വിശദമായി സൂചിപ്പിച്ച് കാരൂർ എന്ന എഴുത്തുകാരന്റെ രചനാവ്യക്തിത്വം രൂപംകൊണ്ട സാഹചര്യത്തെ ഈ അധ്യായത്തിൽ സമഗ്രമായി പരിശോധിക്കുന്നു.

ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യസംഭാവനകളെ കുറിച്ച് സജീവമായ പഠനങ്ങൾ ഇന്നും നടക്കുന്നുണ്ട്. ആവർത്തനങ്ങൾ ഒഴിവാക്കി, അവരുടെ കഥാലോകത്തെ സാമാന്യമായി പരിചയപ്പെടുത്തി ഇരുകഥാകൃത്തുക്കളുടെയും രചനകളെ സൂക്ഷ്മതാരതമ്യം ചെയ്യുന്നതിനാണ് ആറാം അധ്യായത്തിൽ ഊന്നൽ നൽകുന്നത്. ആധുനിക തിരുവിതാംകൂറിന്റെ രൂപീകരണത്തിൽ പാശ്ചാത്യ ആധുനികതാബോധ

ത്തിന്റെ സ്വാധീനത്തെ വിലയിരുത്തുന്നതിനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. കഥകളുടെ സൂക്ഷ്മ താരതമ്യത്തിൽനിന്ന് എത്തിച്ചേരുന്ന നിഗമനങ്ങൾ വ്യക്തമാക്കുന്നതിനും ഇവിടെ ശ്രദ്ധി ച്ചിട്ടുണ്ട്.

നവോത്ഥാനകാലകഥയെക്കുറിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ കഥയുടെ വർത്ത മാനകാല അവസ്ഥയുമായി ചേർത്തുവെച്ച് വിശകലനം ചെയ്യാനും മൂല്യനിരാസചിന്ത യുടെ യുക്തിയും ഉറവിടവും വിശദീകരിക്കാനും ആറാം അധ്യായത്തിൽ ശ്രദ്ധിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ കഥ എന്ന സാഹിത്യരൂപത്തിന്റെയും മനുഷ്യസങ്കല്പത്തി ന്റെയും കാലോചിതമായ വളർച്ചയെ നിരീക്ഷിക്കുന്നതിനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഈ ഗവേഷണത്തിന്റെ സമകാലപ്രസക്തി വ്യക്തമാക്കാനാണ് ആറാമധ്യായത്തിൽ ശ്രമിച്ചി ട്ടുള്ളത്. ഓരോ അധ്യായത്തിന്റെയും വിശദീകരണകുറിപ്പുകൾ അതത് അധ്യായങ്ങളുടെ അവസാനഭാഗത്താണ് ചേർത്തിട്ടുള്ളത്.

അന്വേഷണത്തിന്റെ നിഗമനങ്ങൾ പ്രബന്ധത്തിന്റെ അവസാനഭാഗത്ത് ചേർത്തി ട്ടുണ്ട്. സഹായകഗ്രന്ഥങ്ങളുടെ പട്ടികയും ക്രമത്തിൽ ചേർക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. വിശദപഠനത്തിന് വിധേയമാക്കിയ ആറ് കഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## II.

ഈ അന്വേഷണത്തിലെ പ്രധാനപ്പെട്ട നിഗമനങ്ങളും വസ്തുതകളും താഴെ പറയു ന്നവയാണ്.

1. മനുഷ്യനെക്കുറിച്ചും, മനുഷ്യൻ മനുഷ്യനായിത്തീരുന്ന പ്രക്രിയയെക്കുറിച്ചും പൗരസ്ത്യർക്ക്, വിശിഷ്യാ ഭാരതീയർക്ക് സ്വന്തമായ ചില വീക്ഷണങ്ങൾ ഉണ്ടാ യിരുന്നു. താത്കാലികമോ സവിശേഷമോ ആയ ലക്ഷ്യത്തിനപ്പുറം ആ വീക്ഷ ണങ്ങൾ നിലനിൽക്കുന്നതിനാവശ്യമായ മുൻകരുതലുകൾ ഭാരതീയർ സ്വീകരി ച്ചു. ആര്യവും വരേണ്യവുമായ ഈ വീക്ഷണങ്ങൾ എ.ഡി. എട്ടാം നൂറ്റാണ്ടുവരെ കാലോചിതമായി പരിഷ്കരിച്ചും കലാചിന്തകളാൽ പരിപോഷിപ്പിച്ചും നില നിർത്താൻ ശ്രദ്ധിച്ചു. ഈ ചിന്തകൾക്ക് സമാന്തരമായി ഭാരതത്തിൽ പ്രാദേശിക സങ്കല്പങ്ങളും നിലനിന്നിരുന്നു. ഇന്ത്യയിലാകെ ആര്യന്മാർ അധിവാസമുറപ്പിച്ച തോടെ അവരുടെ മനുഷ്യവീക്ഷണവും പ്രാദേശിക വീക്ഷണങ്ങളും ഇടകലർന്ന്

ഒരു മനുഷ്യസങ്കല്പം രൂപപ്പെട്ടു. പാശ്ചാത്യർ അവരുടെ നാടുകളിലെ മനുഷ്യസങ്കല്പത്തെ അധിനിവേശം ചെയ്ത പ്രദേശങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ചു. സമൂഹത്തിനെ പലരീതിയിൽ സ്വാധീനിക്കാൻ കഴിഞ്ഞിരുന്ന അഭ്യസ്തവിദ്യർ, പുരോഹിതർ, പടയാളികൾ, വണിക്കുകൾ, എന്നിവരിലൂടെ ഈ സങ്കല്പം പ്രചരിപ്പിക്കുന്നതിന് അവർ ശ്രദ്ധിച്ചു. അധികാരഘടനയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇതിനെ വ്യാപകമാക്കാൻ ഇവർ ശ്രമിച്ചു.

*പ്രാചീനകാലംതൊട്ടുള്ള ഭാരതീയ മനുഷ്യവീക്ഷണവും പ്രാദേശിക ദ്രാവിഡ മനുഷ്യചിന്തയും അധിനിവേശം ചെയ്ത പാശ്ചാത്യരുടെ മനുഷ്യസങ്കല്പവും ഇടകലർന്ന് സൃഷ്ടിച്ചെടുത്തതാണ് ഇരുപതാംനൂറ്റാണ്ടിലെ അഭ്യസ്തവിദ്യനായ കേരളീയന്റെ മനുഷ്യസങ്കല്പം.*

2. ഓരോകാലത്തും നിലനിൽക്കുന്ന സാമൂഹ്യഘടന, അതിന്റെ നിലനില്പിനാധാരമായതും അധികാരഘടനയ്ക്ക് ആശാസ്യമായതും പരിഷ്കൃതമെന്നു വിശ്വസിക്കുന്നതുമായ ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും രൂപം നൽകും. ഇവയെ സാമാന്യാർത്ഥത്തിൽ മൂല്യബോധം എന്നു വിശേഷിപ്പിക്കാം. സമൂഹഘടനയിലുണ്ടാകുന്ന മാറ്റം മൂല്യസങ്കല്പങ്ങളേയും മാറ്റിക്കൊണ്ടിരിക്കും. എന്നാൽ മനുഷ്യനെയും അവന്റെ ജീവിതത്തേയും ഒരനുസ്യൂതിയായി നിരീക്ഷിച്ചാൽ ചില മൂല്യസങ്കല്പങ്ങൾ മനുഷ്യബോധത്തെ നിരന്തരം സ്വാധീനിക്കുന്നതായി കാണാം. മനുഷ്യനും മനുഷ്യനും തമ്മിലും അവൻ അധിവസിക്കുന്ന ഭൂമി, ഇതര ജീവജാലങ്ങൾ തുടങ്ങി ഇടപെടേണ്ടിവരുന്ന മേഖലകളെയും മുൻനിർത്തി ചില ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും സമൂഹം രൂപം നൽകും. ഘടനാപരമായ മാറ്റം, ഈ ചിട്ടകളെ സ്വാധീനിക്കുമെങ്കിലും ഘടന മാറുമ്പോഴും ചിട്ടകൾ മാറുന്നതിന് കൂടുതൽ സമയമെടുക്കും. മാറുന്ന കാലത്തിനും, സാമൂഹികബോധത്തിനുമനുസരിച്ച് മനുഷ്യന് തന്നെ പുനർനിർവചിക്കാനും ആത്മവിശ്വാസത്തോടെ ജീവിക്കാനും സഹായകമായ മൂല്യബോധങ്ങൾ, മാനവികമൂല്യത്തിൽ ഉൾപ്പെടുന്നു. മൂല്യസങ്കല്പങ്ങൾക്ക് പൊതുവായ ചില അടിസ്ഥാനമുണ്ടെങ്കിലും കാലദേശപ്രമാണങ്ങൾക്കനുസരിച്ച് പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തമാകും. മാനവികത, മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തുവരുന്നത് മദ്ധ്യകാലത്തിന്റെ അവസാനഘട്ടത്തിലാണ്. പാശ്ചാത്യാധിനിവേശമാണ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാനവികതയെ മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തേക്ക് ഉയർത്തിയത്. ക്രൈസ്തവചിന്തയുടെ സങ്കുചിതവും വിശാലവു

മായ എല്ലാ ചർച്ചകളിലും മനുഷ്യൻ സജീവമായ ഒരു പരിഗണനാവിഷയമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി ക്രിസ്തുമതം തീവ്രമായ ദൈവ, സ്വർഗ്ഗസങ്കല്പങ്ങൾ ഉപേക്ഷിച്ചു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന വിശ്വാസത്തിൽ ഉറച്ചു നിന്ന്, ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ക്രൈസ്തവത പ്രചരിപ്പിച്ചു. ദൈവസ്വർഗ്ഗ സങ്കല്പങ്ങളോടൊപ്പം മനുഷ്യനും ഭൂമിയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കപ്പെട്ടു.

*"ഭൂമിയിലെ നിവാസികളായ മനുഷ്യരുടെ വേർതിരിവില്ലാത്ത കൂട്ടായ്മയാണ് മാനവികത" എന്ന സങ്കല്പം പതിനഞ്ചാം നൂറ്റാണ്ടോടെ ക്രൈസ്തവത വളർത്തിയതും വിവിധ രാജ്യങ്ങളിൽ ആധിപത്യം ഉറപ്പിച്ച പാശ്ചാത്യശക്തികൾ അധികാരഘടനയുടെയും വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും സഹായത്തോടെ പ്രചരിപ്പിച്ചതുമാണ്.*

3. മൂല്യബോധത്തെ സൃഷ്ടിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും സംഹരിക്കുന്നതിലും കലയും സാഹിത്യവും സുപ്രധാനമായ പങ്കുവഹിക്കുന്നു. അതാതു കാലഘട്ടത്തിലെ പ്രചാരമേറിയ സാഹിത്യജനുസുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ ആ കാലഘട്ടത്തിലെ മൂല്യസങ്കല്പങ്ങളേയും അതിന്റെ പ്രത്യക്ഷീകരണങ്ങളെയും വിശകലനം ചെയ്യാൻ കഴിയും. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യരൂപങ്ങളിലൊന്നായ ചെറുകഥ മാനവികത എന്ന മൂല്യബോധത്തെ ഗൗരവപൂർവം കൈകാര്യം ചെയ്തിട്ടുണ്ട്. പാശ്ചാത്യാധിപത്യത്തിന്റെ ഫലമായി മലയാളസാഹിത്യത്തിൽ പ്രചാരം നേടിയ ചെറുകഥ മാനവികതയെ സൂക്ഷ്മാർത്ഥത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിവൃത്തം, രൂപഘടന, പാത്രചിത്രണം, ആഖ്യാനം, ഭാഷാശൈലി എന്നിവയിലെല്ലാം മനുഷ്യാഭിമുഖമായ വളർച്ചയാണ് മലയാള ചെറുകഥയുടെ ചരിത്രം നിരീക്ഷിച്ചാൽ കാണാൻ കഴിയുക.

*ആദ്യകാലം മുതൽ ആധുനികകാലം വരെ വായനക്കാരുടെ അഭിരുചികളെ നിയന്ത്രിച്ച് നിലനിൽക്കുന്ന ചെറുകഥ എല്ലാക്കാലത്തും മനുഷ്യനെ അനുഭാവപൂർവം വീക്ഷിക്കാനും ആഗ്രഹത്തിനുസരിച്ച് വളരാനും സഹായിച്ചു. ആഗ്രഹങ്ങളെ രൂപപ്പെടുത്തുന്നതിലും അഭിഗമ്യമാക്കുന്നതിലും അധികാരഘടനയുടെ സ്വാധീനം നിർണ്ണായകമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ ചെറുകഥ മുഖ്യമായ*

*പങ്കുവഹിച്ചു. ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് മാനവികതാബോധത്തെ സമർത്ഥമായും സാർത്ഥകമായും കൈകാര്യം ചെയ്തത് ചെറുകഥ എന്ന സാഹിത്യരൂപമാണ്. മലയാള സാഹിത്യത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല.*

4. നിലനിന്നിരുന്ന സാമ്പ്രദായികമൂല്യബോധങ്ങളിൽനിന്ന് മലയാളി വഴിമാറുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളോടെയാണ്. സാമൂഹികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിരവധി മാറ്റങ്ങൾ നടന്നത് ഈ കാലഘട്ടത്തിലാണ്. ചരിത്രകാരന്മാർ നവോത്ഥാനകാലഘട്ടം എന്നു വിശേഷിപ്പിച്ചിരുന്ന ഈ സന്ദർഭത്തിൽ നവോത്ഥാനത്തെ സൃഷ്ടിക്കുന്നത്, പാശ്ചാത്യ കൊളോണിയൽ ആധിപത്യത്തിന്റെ താല്പര്യങ്ങളാണ്. കൊളോണിയൽ ചൂഷണം നിലനിർത്തുന്നതിനും പാശ്ചാത്യവിധേയത്വം ബലപ്പെടുത്തുന്നതിനുമാണ് ആ താല്പര്യങ്ങൾ ഊന്നൽ നൽകിയത്. മനുഷ്യനെയും പൊതുസമൂഹത്തേയും കൈകാര്യം ചെയ്യുന്നതിനാവശ്യമായ 'ഉദാര മാനവികത' എന്ന സങ്കല്പം ഈ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഇതിലൂടെ മലയാളി 'പരിഷ്കൃത'മെന്ന് പാശ്ചാത്യർ ബോദ്ധ്യപ്പെടുത്തിയ ചിന്താധാരകളെ സ്വീകരിച്ചു. പാശ്ചാത്യർ ലോകത്തു നടത്തിയ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശത്തെ അതിനു വിധേയരായ ജനതയെക്കൊണ്ട് ശരിയാണെന്നു സമ്മതിക്കാനുള്ള ഒരു നിഗൂഢതന്ത്രമായിരുന്നു ഉദാരമാനവികത എന്ന ആശയം. അടിമരാജ്യങ്ങളിലെ ജനങ്ങളേക്കാൾ വിജ്ഞരും നീതിമാൻമാരും കരുത്തുള്ളവരും അവിടെ ഭരിച്ചിരുന്ന ഭരണാധികാരിയേക്കാൾ പ്രജകളുടെ ഉന്നമനത്തിൽ താല്പര്യമുള്ളവരും തങ്ങളാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ഈ കാഴ്ചപ്പാടിലൂടെ അവർ ശ്രദ്ധിച്ചു. പാശ്ചാത്യാധികാരഘടനയും പാശ്ചാത്യ ക്രൈസ്തവ മതബോധവും നിലനില്പിന് പരസ്പരം ആശ്രയിക്കുകയും, നിന്ദ്യമായ കാര്യങ്ങളിൽപോലും പരസ്പരം സഹായിക്കുകയും ചെയ്തു. ഈ കാലഘട്ടമാണ് മലയാളിയുടെ മനുഷ്യസങ്കല്പത്തേയും മൂല്യബോധത്തേയും പുനഃക്രമീകരിച്ചത്.

*പാശ്ചാത്യസൃഷ്ടിയായ ഉദാരമാനവികത മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ മനുഷ്യനു സഹായകമായ വിധം പുനർനിർവചിച്ചു. പ്രകൃതി ആരാധിക്കാനുള്ള വസ്തുവല്ല കൈകാര്യം ചെയ്യാനും ചൂഷണം ചെയ്യാനും ഉള്ള വരദാനമാണെന്ന സങ്കല്പം വളർത്തി. ചാക്രികമായ കാലസങ്കല്പത്തെ രേഖീയമാക്കാൻ ശ്രദ്ധിച്ചു. കാലം മുന്നോട്ടു സഞ്ചരിക്കുന്നുവെന്നും അതിന്റെ ലക്ഷ്യം പുരോ*

*ഗതി ആണെന്നും ചിന്തിക്കാൻ പ്രേരിപ്പിച്ചു. ശാസ്ത്രീയമായ യുക്തിബോധം വളർത്താനും അറിവുനേടാനും മനുഷ്യനെ പ്രോത്സാഹിപ്പിച്ചു.*

5. ഉദാരവും കേവലവുമായ മാനവികതയെ അതാത് പ്രദേശങ്ങളിലെ മൂർത്തസാഹചര്യവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കാൻ യത്നിച്ചത് മാർക്സിയൻ ദർശനമാണ്. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ വികസിത ഘട്ടമാണെന്നും മുതലാളിത്ത വ്യവസ്ഥ ചൂഷണാധിഷ്ഠിതമാകയാൽ അവർ മുന്നോട്ടുവെക്കുന്ന ആശയഗതികൾ ചൂഷണതാല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണെന്നും മാർക്സിയൻ ദർശനം പ്രചരിപ്പിച്ചു.

*മാർക്സിയൻ ദർശനത്തിന്റെ സാംസ്കാരിക ഇടപെടലിന് നേതൃത്വം നൽകിയ പുരോഗമനസാഹിത്യപ്രസ്ഥാനം കേവലമാനവികതയിൽനിന്ന് വർഗ്ഗാശ്രിതമാനവികതയിലേക്ക് മാനവികതാബോധത്തെ വളർത്തി. വർഗ്ഗാശ്രിത മാനവികതാബോധം കേരളീയസമൂഹത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഇതരസങ്കല്പങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചില്ലെങ്കിലും, സോഷ്യലിസ്റ്റ് റിയലിസത്തിന്റെ രചനാപദ്ധതികളിലൂടെ ആ ആശയത്തെ പ്രധാനമായും പ്രചരിപ്പിച്ചത് ചെറുകഥ എന്ന സാഹിത്യരൂപമാണ്.*

6. നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും പ്രചാരമുണ്ടായിരുന്ന സാഹിത്യരൂപം ചെറുകഥയാണ്. നവോത്ഥാനചിന്തയുടെ മുഖ്യപ്രചാരകൻ ചെറുകഥാകൃത്തായിരുന്നതിനാൽ പാശ്ചാത്യമൂല്യബോധത്തേയും മനുഷ്യസങ്കല്പത്തേയും അവർ സ്വാംശീകരിച്ചതും പുനഃസൃഷ്ടിച്ചതും മാനവികതാപഠനത്തിലെ പ്രധാനപ്പെട്ട മേഖലയാണ്.

*പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും മദ്ധ്യകാലാന്ത്യത്തിലെ ക്രൈസ്തവതയുടെയും സ്വാധീനം സ്വാഭാവികമായും നവോത്ഥാനകാല ചെറുകഥാകൃത്തുകളിൽ ഉണ്ടായിരുന്നു. എന്നാൽ സഹജമായ ചിന്താശേഷികൊണ്ടും മനസ്സിൽ ലീനമായി കിടന്നിരുന്ന ഭാരതീയവും ദ്രാവിഡവുമായ മനുഷ്യസങ്കല്പത്തിന്റെ പ്രേരണയാലും പുരോഗമന സാഹിത്യപ്രസ്ഥാനം ഉയർത്തിയ ദാർശനികചിന്തയുടെ സ്വാധീനം കൊണ്ടും അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ മൂർത്തമായ ഭൗതികസാഹചര്യങ്ങളാലും കൊളോണിയൽ നവോത്ഥാന സങ്കല്പത്തെയും മാനവികതാബോധത്തെയും വ്യതിരേകരീതിയിലാണ് നവോത്ഥാന ചെറുകഥാകൃത്തുകൾ സ്വീകരിച്ചത്.*

7. പാശ്ചാത്യ അധികാരഘടന മുന്നോട്ടുവയ്ക്കുന്ന നവോത്ഥാനപദ്ധതിയിൽ ചില അപകടങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ കരുതി. 1930കൾ മുതൽ 60കൾ വരെയുള്ള മലയാള ചെറുകഥയുടെ കാലയളവിനെ നവോത്ഥാനകാലം എന്ന സങ്കല്പത്തെ മുൻനിർത്തി ഒരു ഏകകമായി സ്വീകരിക്കാവുന്നതാണ്. നിരവധി ആന്തരവൈരുദ്ധ്യങ്ങൾ കണ്ടെത്താമെങ്കിലും മനുഷ്യസങ്കല്പത്തിലും മാനവികതാമൂല്യബോധത്തിലും ഈ എഴുത്തുകാർ സമാനമായ ചില വീക്ഷണങ്ങൾ വച്ചുപുലർത്തി. പാശ്ചാത്യ മാനവികതാബോധത്തിൽ ഉൾക്കൊണ്ടിരിക്കുന്ന അബദ്ധധാരണകളെയും അപകടങ്ങളെയും ക്രാന്തദർശികളായ ഈ എഴുത്തുകാർ കഥകളിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രദ്ധിച്ചു. അവ താഴെപ്പറയുന്നവയാണ്.

* *മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം സമഗ്രമാണ് എന്ന് ക്രൈസ്തവ ദർശനം കരുതുകയും പ്രചരിപ്പിക്കുകയും ചെയ്തു. തങ്ങളുടെ അധികാരഘടനയുടെ നിലനിൽപ്പിന് ആധാരമായത് എന്ന നിലയ്ക്കാണ് പാശ്ചാത്യബോധം ദൈവബന്ധത്തെ സമഗ്രമായി ചിത്രീകരിച്ചത്. എന്നാൽ ഇത് മാനവികതാബോധത്തിന് നിരക്കുന്നതല്ല എന്ന ആശയം ഇവർ മുന്നോട്ടുവച്ചു. ചോദ്യം ചെയ്യാതെ ദൈവത്തെയും വിധിയെയും സ്വീകരിക്കണമെന്ന കാഴ്ചപ്പാട് ഇവർ അംഗീകരിച്ചില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ആദ്ധ്യാത്മികതലത്തിൽ സമഗ്രമാകാമെങ്കിലും പ്രായോഗികതലത്തിൽ ഐച്ഛികമാണെന്ന് ഇവർ കരുതി.*

* *മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം കൈകാര്യകർത്തൃത്വത്തിന്റേയും വിനിയോഗത്തിന്റേതുമാണെന്ന ധാരണ പാശ്ചാത്യബോധം മുന്നോട്ടുവച്ചു. പ്രാകൃതാരാധനരീതിയിൽ ഭൂമിയും വൃക്ഷങ്ങളും സസ്യലതാദികളും എല്ലാം പരിഗണിക്കപ്പെട്ടിരുന്നു. പാഗനിസത്തെ എതിർത്ത ക്രൈസ്തവത പ്രകൃതി ആരാധിക്കാനുള്ള അത്ഭുതവസ്തുവല്ല എന്നാണ് പഠിപ്പിക്കാൻ ശ്രമിച്ചത്. പ്രകൃതിയെ കീഴ്പ്പെടുത്താനും സംരക്ഷിക്കാനുമുള്ള അവകാശം മനുഷ്യനുണ്ടെന്ന് അവർ പ്രചരിപ്പിച്ചു. ഈ ചിന്താഗതിയോട് നവോത്ഥാനകാല ചെറുകഥാകൃത്ത് സന്ധിചെയ്തില്ല. മണ്ണും മനുഷ്യനും ഇതര ജീവജാലങ്ങളും എല്ലാം ഭൂമിയുടെ അവകാശികളാണെന്ന് മലയാളിയെ ഓർമ്മപ്പെടുത്തിയത് നവോത്ഥാനകാല ചെറുകഥയാണ്.*

* *ആരാധനയുടെ സന്ദർഭത്തിലാണ് മനുഷ്യനും ദൈവവും തമ്മിലുള്ള ആത്മസംവാദം പൂർണ്ണമാകുന്നതെന്ന് പാശ്ചാത്യർ കരുതി. എന്നാൽ സഹജീവിയോടുള്ള*

*ബന്ധം ദൈവസാന്നിദ്ധ്യത്തെ ഓർക്കലും ഓർമ്മപ്പെടുത്തലും ആകണമെന്ന് ഈ കഥാകാരന്മാർ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.*

8. ഏതൊരു മൂല്യബോധ്യവും ഒരു നിശ്ചിത സാമൂഹ്യഘടനയുടെ ഉല്പന്നമാണ്. നവോത്ഥാന കാലഘട്ടത്തിലെ മൂല്യബോധം നാടുവാഴിത്ത സാമ്പത്തിക സാമൂഹ്യഘടനയുടെയും മുതലാളിത്ത സാമൂഹ്യഘടനയുടെയും സങ്കീർണ്ണമായ ഒരു സമ്മിശ്രമായിത്തീർന്നത് ഈ കഥാകാരന്മാർ ശ്രദ്ധിച്ചിരുന്നു. നവോത്ഥാനപദ്ധതി പാശ്ചാത്യ കൊളോണിയൽ കാലഘട്ടത്തിന്റെ ഉല്പന്നമാകരുതെന്നും തദ്ദേശമായ സാമൂഹ്യ/വ്യക്തി വീക്ഷണത്തിന്റേതാകണമെന്നും ഇവർ ആഗ്രഹിച്ചു. നവോത്ഥാനകാല ചെറുകഥാകാരന്മാർ ഒരു ഏകകമായി പരിഗണിക്കപ്പെടുമ്പോഴും കാരൂരും ലളിതാംബികയും ചില മേഖലകളിൽ വേറിട്ടുനിൽക്കുന്നു.

തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, പൊൻകുന്നം വർക്കി, എസ്.കെ. പൊറ്റെക്കാട് എന്നീ നവോത്ഥാന ചെറുകഥാകൃത്തുക്കൾ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളോട് പ്രതിബദ്ധത കാണിച്ചവരായിരുന്നു. ഈ എഴുത്തുകാർക്ക് ലഭിച്ച ശിക്ഷണങ്ങൾ കാരൂരിനും ലളിതാംബികയ്ക്കും ലഭിച്ചിരുന്നില്ല. എങ്കിലും ഉദാരമാനവികതാസങ്കല്പത്തിൽ പതിയിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയുന്നതിന് മറ്റുള്ളവരേക്കാൾ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

പരിവർത്തനവിധേയമാകുന്ന സമൂഹത്തിലെ യാഥാർത്ഥ്യങ്ങളെ നിയന്ത്രണങ്ങളില്ലാതെ വിലയിരുത്താൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു. കടന്നുവരുന്ന നവമൂല്യക്രമത്തെ അതീവതാല്പര്യമോ അങ്ങേയറ്റത്തെ അവജ്ഞയോ കൂടാതെ സ്വീകരിക്കാൻ ഇവർ ശ്രദ്ധിച്ചു.

തങ്ങൾക്ക് ലഭിച്ച ആധുനികവിദ്യാഭ്യാസത്തെ വിമർശനബുദ്ധ്യാ വിശകലനം ചെയ്യാൻ ഇവർ തയ്യാറായി. അറിവിന്റെ പരിമിതികൾ സ്വാഭാവികമല്ല, സ്വാർത്ഥതാല്പര്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് ഇവർ മനസ്സിലാക്കി.

ആസൂത്രണം, വികസനം, പുരോഗതി എന്നിവയെ എല്ലാം നിർണ്ണയിക്കുന്നതും നിശ്ചയിക്കുന്നതും അധികാരഘടനയുടെ താല്പര്യങ്ങളാണെന്ന് ഇവർ ചിന്തിച്ചു.

ശാസ്ത്രത്തിന്റെ അനിയന്ത്രിതമായ വളർച്ച 'മനുഷ്യരെ' 'മനുഷ്യൻ' നിയന്ത്രിക്കുന്ന സ്ഥിതിയിലെത്തിക്കുമെന്നും ആ മനുഷ്യൻ പരിഷ്കൃതനും പാശ്ചാത്യരീ

തിയാൽ ചിട്ടപ്പെടുത്തപ്പെട്ടവനും 'പുരുഷനും' ആയിരിക്കുമെന്ന് ഇവർ ഭയപ്പെട്ടു.

മറ്റ് നവോത്ഥാന സാഹിത്യകാരന്മാർ പുറമെനിന്നാണ് സ്ത്രീയെ നോക്കിക്കണ്ട ത്. സ്ത്രീയുടെ അകത്തുനിന്ന് പുറത്തേക്കുവരുന്ന വികാരവിചാരങ്ങൾക്ക് ചെവി കൊടുക്കാൻ ഈ എഴുത്തുകാർ തയ്യാറായില്ല. കരുത്തും തന്റേടവുമുള്ള സ്ത്രീക ഥാപാത്രങ്ങളെ ബാഹ്യവർണ്ണനകളെക്കൊണ്ടല്ല ആന്തരഗൗരവം എടുത്തുകാണിച്ച് ശ്രദ്ധേയകളാക്കിമാറ്റാൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

നാടുവാഴിത്തമൂല്യങ്ങളാൽ ചൂഷണത്തിന് വിധേയമായിരുന്ന സ്ത്രീത്വം നവമു തലാളിത്തബോധങ്ങളുടെ കടന്നുവരവോടെ ഇരട്ടചൂഷണത്തിന് വിധേയമാകു ന്നുവെന്ന് ഇവർ കഥകളിലൂടെ വിശദീകരിച്ചു. നവോത്ഥാനചിന്തയും പുനരുത്ഥാ നചിന്തയും തമ്മിലുള്ള സംഘർഷത്തെ തിരിച്ചറിയുകയും ജാഗ്രത പുലർത്താൻ സമൂഹത്തോട് നിരന്തരം പറയുകയും ചെയ്തു. സാംസ്കാരികാധിനിവേശം എന്ന പ്രവണതയെയും അതിന്റെ പ്രക്രിയകളെയും ഈ എഴുത്തുകാർ നേരത്തെ തിരി ച്ചറിഞ്ഞു.

9. നവോത്ഥാനാനന്തര മലയാള ചെറുകഥ ആധുനികം എന്ന വിശേഷണത്തിന് അർഹ മാണ്. പാശ്ചാത്യ ആധുനികതാബോധമാണ് കഥയുടെ രൂപഭാവങ്ങളെ സ്വാധീ നിച്ചത്. ഈ കാലഘട്ടത്തെ പ്രാഥമികഘട്ടമെന്നും ദ്വിതീയഘട്ടമെന്നും വർത്തമാ നകാലഘട്ടമെന്നും വേർതിരിച്ച് വിലയിരുത്തുന്നതാണ് ഉചിതം.

ആധുനികതയുടെ ആദ്യഘട്ടം നവോത്ഥാന കഥാകാരന്മാരുടെ രചനാവീക്ഷ ണത്തിന്റെ ആരോഗ്യകരമായ തുടർച്ചയാണ്. എന്നാൽ സാമൂഹ്യജീവിതത്തിലെ കർമ്മനിരതനായ മനുഷ്യനെ ക്രമേണ മാറ്റിനിർത്തി ഏകാകിയായ മനുഷ്യനെ അവതരിപ്പിക്കാനാണ് ഈ കാലഘട്ടം ശ്രമിച്ചത്. മൂല്യങ്ങളെ സംശയദൃഷ്ട്യാ വീക്ഷിച്ച ഇവർ അവയെ തിരസ്കരിക്കാനുള്ള പ്രവണതകൾക്ക് തുടക്കം കുറിച്ചു. പല സാഹചര്യങ്ങളാൽ നിസ്സഹായനായ മനുഷ്യന്റെ ആത്മവിശ്വാസത്തെ കഥ കൾ പ്രതികൂലമായി ബാധിക്കാനാരംഭിച്ചു.

എന്നാൽ ആധുനികതയുടെ രണ്ടാമത്തെ ഘട്ടം നവോത്ഥാനകാല കഥ സൃഷ്ടിച്ച മനുഷ്യനെ ഇല്ലാതാക്കാനാണ് മറ്റു സാഹിത്യരൂപങ്ങളോടൊപ്പം അവയേക്കാൾ തീവ്രമായി യത്നിച്ചത്.

മലയാള ചെറുകഥയിലെ ഈ കാലഘട്ടത്തിലെ ആധുനികപ്രവണതകൾ മനുഷ്യ നിൽനിന്ന് മനുഷ്യനെ ഇല്ലായ്മചെയ്യാനും മൂല്യസങ്കല്പങ്ങളെ പൂർണ്ണമായി തിര സ്കരിക്കാനും നടത്തിയ ശ്രമങ്ങൾ വിജയിക്കാതിരുന്നത് നവോത്ഥാനകാല കഥാ കാരൻ സ്വീകരിച്ച ജാഗ്രതകൊണ്ടാണ്.

വർത്തമാനകാലഘട്ടം കഥയെ കൂടുതൽ ഗൗരവത്തിലെടുക്കുകയും നവോ ത്ഥാനകാലകഥ പൂർത്തീകരിക്കാത്ത സങ്കല്പങ്ങളെ പൂർത്തീകരിക്കാനും ആ കഥ യിലെ മനുഷ്യസങ്കല്പത്തിൽ പങ്കാളിയാകാൻ കഴിയാതെപോയ മനുഷ്യരെ അതി ലേക്ക് കൂട്ടിച്ചേർക്കുന്നതിനും ശ്രദ്ധിക്കുന്നു. പ്രതിമാനവികത മനുഷ്യസങ്കല്പ ത്തിന്റെ പൂർണ്ണതക്കുവേണ്ടിയുള്ള അന്വേഷണമാണ്. മൂല്യബോധത്തോട് ശക്ത മായി പ്രതികരിക്കുന്ന സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥ ഇന്നും സജീ വമാണ്.

സി.പി. ചിത്രഭാനു

## ആമുഖം

സാമൂഹ്യ ബന്ധത്തിലെ സവിശേഷഘടകങ്ങളിൽ ഒന്നാണ് മനുഷ്യൻ വെച്ചുപുലർത്തുന്ന മൂല്യസങ്കല്പങ്ങൾ. മനുഷ്യൻ മനുഷ്യനോടും, ഇതരജീവജാലങ്ങളോടും പ്രകൃതിയോടും ഇടപെടുന്നതിലുള്ള വിധിവിലക്കുകളാണ് ഈ മൂല്യങ്ങളുടെ പ്രകാശനങ്ങൾ. ഒരു സവിശേഷസമൂഹത്തിലെ മൂല്യചിന്തക്കും അതിന്റെ പ്രത്യക്ഷീകരണത്തിനും ആധാരമായി വർത്തിക്കുന്നത്, ആ സമൂഹത്തിലെ സവിശേഷമായ ബോധങ്ങളാണ്. അനുഭവങ്ങളുടെ വെളിച്ചത്തിലും അതത് കാലങ്ങളിലുണ്ടാകുന്ന തിരിച്ചറിവുകളിലൂടെയും ചില സദാചാരമൂല്യങ്ങൾ എല്ലാ പ്രദേശത്തും എല്ലാ ജനവിഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. സവിശേഷസന്ദർഭങ്ങളിൽ ബാഹ്യമായ ഇടപെടലുകളുടേയും വ്യക്ത്യനുഭവങ്ങളുടേയും ഫലമായി പുതിയ മൂല്യബോധങ്ങൾ ഉയർന്നുവരുന്നു. സമൂഹത്തിലെ അധീശശക്തികൾ അവരുടെ താല്പര്യങ്ങൾക്കനുസൃതമായ മൂല്യസങ്കല്പങ്ങൾ ആവിഷ്കരിച്ച് പ്രചരിപ്പിക്കാറുമുണ്ട്. അതത് സമൂഹങ്ങളിലെ അധികാരഘടനയുടെ പ്രത്യക്ഷവും പരോക്ഷവുമായ സാദ്ധ്യതകളിലൂടെ ആ മൂല്യബോധത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ അധീശശക്തികൾക്ക് കഴിയുന്നു. സമൂഹം വെച്ചുപുലർത്തുന്ന പൊതുവായ മൂല്യബോധത്തിനോട്, കലഹിക്കുന്ന വ്യക്തികളും, കൂട്ടായ്മകളും അവരുടേതായ ചില മൂല്യ സങ്കല്പങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കാറുണ്ട്. അധികാരഘടന പ്രകൃത്യാ സ്വീകരിച്ച ഗോത്രസമൂഹങ്ങൾക്കും അവരുടേതായ അനുഭവലോകത്തുനിന്ന് രൂപംകൊണ്ട മൂല്യബോധങ്ങൾ നിലനിൽക്കുന്നു. ദൈവകേന്ദ്രിതം, സമൂഹകേന്ദ്രിതം, വ്യക്തികേന്ദ്രിതം എന്ന നിലയിൽ പഠന സൗകര്യത്തിനുവേണ്ടി ഇവയെ സാമാന്യമായി വേർതിരിച്ച് പഠിക്കാറുണ്ട്.

എല്ലാ മേഖലകളിലും മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പരിഗണിച്ച് അവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അനുഭവിക്കുന്ന പ്രയാസങ്ങളെയും സഹാനുഭൂതിയോടെ

വീക്ഷിച്ച് യുക്തിസഹമായി വിശകലനം ചെയ്യുകയും പ്രതീക്ഷയോടെ ജീവിക്കാൻ ആത്മ വിശ്വാസം നൽകുകയും ചെയ്യുന്ന ദർശനങ്ങളും തത്വശാസ്ത്രങ്ങളും സവിശേഷമായ ഒരു മൂല്യബോധത്തെ മുന്നോട്ടുവയ്ക്കുന്നു. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഘട കങ്ങളെ നിശ്ചയിച്ച് അവനെ മറ്റു ജീവജാലങ്ങളിൽനിന്നും ഉയർന്നവനാക്കി മാറ്റി, പ്രപ ഞ്ചത്തിന്റെ നിയന്താവും രക്ഷിതാവുമായി കല്പിച്ച്, പെരുമാറ്റരീതികൾ നിശ്ചയിച്ചതി ലൂടെ, ഈ ദർശനങ്ങൾ ആവിഷ്കരിച്ച ധാരണകളാണ് സാമാന്യാർത്ഥത്തിൽ 'മാനവി കത' എന്ന മൂല്യസങ്കല്പം.

മൂല്യബോധങ്ങളെ സഹജീവികളുമായി പങ്കുവയ്ക്കുന്നതിനും വരുംതലമുറയ്ക്ക് പകർത്തിവയ്ക്കുന്നതിനും കലയെയും സാഹിത്യത്തെയുമാണ് സമൂഹം പ്രയോജന പ്പെടുത്താറുള്ളത്. വാമൊഴി പാരമ്പര്യം മുതൽ ആധുനിക മാധ്യമ സംസ്കാരം നില നിൽക്കുന്ന വർത്തമാനകാലം വരെ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും 'കഥ' യുടെ സ്വാധീനം വളരെ വലുതാണ്. 'പരിഷ്കൃത'നായ കാലം മുതൽ മനുഷ്യജീവി തത്തെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മാനവികത എന്ന മൂല്യസങ്കല്പം കേര ളീയ ജീവിതത്തിന്റെ സവിശേഷമായ ഒരു ചരിത്രസന്ദർഭത്തിൽ ചെറുകഥ എന്ന സാഹി ത്യരൂപത്തിൽ ആവിഷ്കൃതമായതിന്റെ വ്യതിരിക്തതകളാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ ലോകത്തിലെ സജീവമായ ഒരു സാഹി ത്യരൂപമാണ് ചെറുകഥ. ലോകത്തിലെ ഇതരഭാഷകളിലെന്നപോലെ മലയാളഭാഷയിലും ചെറുകഥ എന്ന സാഹിത്യരൂപത്തിന് ധാരാളം വായനക്കാരുണ്ട്. അതാതുകാലങ്ങളിലെ സർഗാത്മകവും സാമൂഹികവുമായ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുസൃത മായി ഈ സാഹിത്യരൂപം പരിണാമവിധേയമാകുന്നു.

ഇത്തരം പരിണാമഘട്ടങ്ങളിൽ 1930കൾ മുതൽ 1960കൾ വരെയുള്ള കാലത്തെ കഥാസാഹിത്യത്തിന്റെ 'നവോത്ഥാനകാല'മെന്ന് സാഹിത്യ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ചെറുകഥ എന്ന സാഹിത്യരൂപത്തിന് ജനപ്രിയതവും ജനകീയതയും വർദ്ധിച്ച കാലയളവുകൂടിയാണ് ഇത്. ഈ സവിശേഷചരിത്രസന്ദർഭത്തിൽ ലോകത്തിലെ ഏറ്റവും പ്രചാരം കൂടിയ ഒരു മൂല്യബോധത്തിനെ ഏറ്റവും ജനപ്രിയമായ ഒരു സാഹിത്യരൂപം ആവിഷ്കരിച്ച രീതി അന്വേഷിക്കുന്നത് തികച്ചും പ്രസക്തമാണ്.

മാനവികതാമൂല്യത്തിന് ഭിന്നതലങ്ങളും സവിശേഷസ്വഭാവങ്ങളും ഉണ്ടെങ്കിലും ഉദാരമാനവികത എന്ന സങ്കല്പം പാശ്ചാത്യയുക്തിബോധത്താൽ നിർമ്മിക്കപ്പെട്ട ഒരു ഏകകമാണ്. പാശ്ചാത്യചിന്ത കേരളീയ ജീവിതത്തെ നിർണ്ണായകമായും പ്രകടമായും സ്വാധീനിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് കേരളത്തിലും ഈ ആശയം കടന്നുവരുന്നത്. കേരളീയ സാഹചര്യത്തിൽ മാനവികതയും പാശ്ചാത്യ മാനവികതാസങ്കല്പങ്ങളും പ്രചരിച്ച കാലഘട്ടത്തിനെ പൊതുവെ 'കേരളീയ നവോത്ഥാനം' എന്നാണ് ചരിത്രം വിശേഷിപ്പിക്കുന്നത്. സാഹിത്യരൂപങ്ങളിലും പരിവർത്തനങ്ങൾ സംഭവിച്ച ഒരു കാലഘട്ടമായിരുന്നു ഇത്.

ഏതൊരു സാഹിത്യരൂപവും നിർമ്മിതിയുടെ ഘട്ടത്തിലും നിർവ്വഹണത്തിന്റെ ഘട്ടത്തിലും സ്വന്തം അസ്തിത്വത്തെതന്നെയാണ് നിരന്തരം അന്വേഷിക്കുന്നത്. രൂപക്രമവും ഭാവവിതാനവും തമ്മിലുള്ള പൊരുത്തമാണ് ചെറുകഥയെ ചെറുകഥയാക്കി മാറ്റുന്നത്. കഥയുടെ അനന്യമായ സവിശേഷാസ്തിത്വവും തനതായ ഭാവലോകം സൃഷ്ടിക്കാനുള്ള കഴിവും തിരിച്ചറിഞ്ഞ് കഥാരചന നടത്തിയ എഴുത്തുകാർ സാഹിത്യലോകത്ത് സജീവമായ ഒരു സന്ദർഭമായിരുന്നു നവോത്ഥാന കാലഘട്ടം. ലോകനിലവാരത്തിലുള്ള ചെറുകഥകൾ ഭാഷാസാഹിത്യത്തിൽ രചിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ് എഴുത്തുകാർക്ക് ചില സാമൂഹ്യലക്ഷ്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന വിശ്വാ

സവും അതിനനുസൃതമായ നിലപാടുകളും ചെറുകഥാരചനയിൽ പ്രത്യക്ഷപ്പെട്ടു. എണ്ണത്തിലും ഗുണത്തിലും അനുകൂലമായ മാറ്റങ്ങൾ വന്ന ഈ കാലയളവിനെക്കുറിച്ച് സാമാന്യമായും സവിശേഷമായും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ആദ്യകാലപഠനങ്ങളിലെല്ലാം നവോത്ഥാനകാല കഥകളോടും ആ കാലഘട്ടത്തോടും ഉള്ള ആദരവും അടുപ്പവുമാണ് പഠിതാവിന് അനുഭവപ്പെടുന്നത്. സാമൂഹികരംഗത്തെന്നപോലെ സാംസ്കാരികരംഗത്തും ആധുനികത പ്രത്യക്ഷപ്പെട്ട 1960കൾ മുതൽ നവോത്ഥാന മൂല്യബോധങ്ങളും രചനാസങ്കേതങ്ങളും പുനർവിചിന്തനത്തിന് വിധേയമായി. മൂല്യനിരാസങ്ങളുടേതായ വർത്തമാനകാലത്ത് ഈ എഴുത്തുകാരെയും അവരുടെ രചനകളെയും പ്രതിസ്ഥാനത്തുനിർത്തി വിചാരണചെയ്യുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. നവോത്ഥാനക്രമങ്ങളെല്ലാം പാശ്ചാത്യനീതിബോധത്തിന്റേതാണെന്നും ആ ക്രമങ്ങളെ സമൂഹത്തിൽ ആവർത്തിച്ചുറപ്പിക്കുകയാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ ചെയ്തത് എന്നുമുള്ള ഒരാശയം സാഹിത്യ സാമൂഹ്യ സംവാദങ്ങളിൽ സജീവമാണ്. ചെറുകഥ എന്ന സാഹിത്യരൂപം പുതിയ ഗതിവേഗത്തെ സ്വീകരിക്കാൻ നിരന്തരമായ അന്വേഷണത്തിലുമാണ്. സമചിത്തതയോടെയും യാഥാർത്ഥ്യബോധത്തോടെയും സാഹിത്യപഠനത്തിലേർപ്പെടാനും സാംസ്കാരികവിശകലനം നിർവ്വഹിക്കാനുമാണ് ഈ അന്വേഷണം ലക്ഷ്യം വെക്കുന്നത്. വിസ്തൃതമായ ഒരു സാഹിത്യസന്ദർഭത്തെ വിശകലനം ചെയ്യുന്നതിനുള്ള പരിമിതി പരിഗണിച്ചാണ് ആ കാലഘട്ടത്തിലെ ഒരു പരിച്ഛേദം എന്ന നിലയിൽ രണ്ടെഴുത്തുകാരെ സൂക്ഷ്മസന്ദർഭത്തിൽ പഠിക്കുന്നത്. കഥ എന്ന സാഹിത്യരൂപത്തെയും മാനവികത എന്ന മൂല്യബോധത്തെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കണമെന്ന് ഈ പഠനം ലക്ഷ്യംവെക്കുന്നു.

കാരൂർ നീലകണ്ഠപിള്ള, ലളിതാംബിക അന്തർജനം എന്നീ ചെറുകഥാകൃത്തുക്കൾ കഥ എന്ന സാഹിത്യരൂപത്തെ ഗൗരവത്തോടെ സമീപിച്ചവരാണ്. ഇവരുടെ തന്നെ

നിരവധി കഥകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. എല്ലാ രചനകളും കഥ എന്ന സാഹിത്യരൂപത്തിനോട് പൂർണമായും നീതി പുലർത്തുന്നവയുമല്ല. ഒരു സവിശേഷ സന്ദർഭത്തിൽ, സവിശേഷമൂല്യത്തെ എപ്രകാരം ഉൾക്കൊണ്ടു എന്നുള്ളതാണ് അന്വേഷണലക്ഷ്യം എന്നതിനാൽ അതിനനുസൃതമായി ഇരുകഥാകൃത്തുക്കളുടേയും മൂന്ന് ചെറുകഥകൾ വീതം താരതമ്യം ചെയ്ത് നിരീക്ഷണം നടത്തി നിഗമനത്തിലെത്തിച്ചേരുന്നതിനാണ് പ്രായോഗികമായി ശ്രമിക്കുന്നത്.

**ഗവേഷണത്തിന്റെ പ്രസക്തി**

മനുഷ്യന്റെ സമൂഹത്തിലുള്ള സ്ഥാനം പുനർനിർവചിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് മാനവികതയും പാശ്ചാത്യ പദ്ധതിയുടെ ഭാഗമായി വികസിച്ച നവോത്ഥാനവും. പാശ്ചാത്യബോധം നിർമ്മിച്ചെടുത്ത മനുഷ്യനിൽനിന്ന് പല ചേരുവകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു കരുതുന്നവരുണ്ട്. പാശ്ചാത്യ മാനവികത തന്നെ അപൂർണ്ണമോ അർത്ഥശൂന്യമോ ആണെന്ന വാദം ഉയർന്നുവരുന്നു. കേവല മാനവികതയിൽനിന്നും വർഗ്ഗാശ്രിതമാനവികതാബോധത്തെ വളർത്തിയ മാർക്സിയൻ ദർശനത്തെ കാലാനുസൃതം വ്യാഖ്യാനിക്കുന്നതിന് ഇന്ന് കഴിയാതെപോകുന്നു. ഗാന്ധിജിയും നെഹ്റുവും മുന്നോട്ടുവച്ച രാഷ്ട്രസങ്കല്പങ്ങൾ ഇന്നത്തെ ലോകസാഹചര്യത്തിൽ പ്രസക്തമല്ല എന്ന ഒരു വാദം ഉയർന്നുവരുന്നു. നവോത്ഥാനം എന്ന വാക്കിനെ പഴയ സംസ്കാരങ്ങളുടെ പുനരുത്ഥാനം എന്ന ആശയമാക്കി പരിവർത്തിപ്പിക്കാനുള്ള ശ്രമവും ഇന്ന് നടന്നുവരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും പരമ്പരാഗത വിദ്യാഭ്യാസത്തിന്റെയും യുക്തികൾ മനുഷ്യന് യോജിക്കുന്നവയായിരുന്നില്ല എന്ന വാദവും നിലനിൽക്കുന്നു. പലതരത്തിലുള്ള ആധുനിക പ്രവണതകൾ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മനുഷ്യനെ നിസ്സഹായനോ നിസ്സംഗനോ ആക്കാനുള്ള ബോധപൂർവ്വമായ

ശ്രമങ്ങളും ഈ ആധുനിക പ്രവണതകളിൽ ഉണ്ടോ എന്ന സംശയം സ്വാഭാവികമാണ്. മൂല്യനിരാസത്തിന്റേതായ ഈ അവസ്ഥ ആശങ്കകൾ ഉയർത്തുന്നതാണ്.

വായനയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന അനേകം ഘടകങ്ങൾ വെല്ലുവിളികൾ ഉയർത്തുമ്പോഴും കഥ എന്ന സാഹിത്യരൂപത്തിന് ഇന്നും സമൂഹത്തിൽ സ്ഥാനമുണ്ട്. സമാഹൃതരൂപത്തിലും, ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ആയി പുറത്തുവരുന്ന കഥകൾ വ്യക്തിയെയും സമൂഹത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ബൃഹദാഖ്യാനങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു എന്ന വിമർശനമതവും കഥ എന്ന സാഹിത്യരൂപത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നിരന്തരം സംസ്കരിച്ച് നിലനിർത്തേണ്ട ഒരു മൂല്യബോധം എന്ന നിലയിൽ മാനവികതാമൂല്യത്തിന് കഥയുമായുള്ള ബന്ധവും അതിന്റെ പ്രചാരത്തിനുള്ള സാധ്യതയും അന്വേഷിക്കുന്നത് എന്നും പ്രസക്തമാണ്.

നവോത്ഥാനകാലകഥകളെക്കുറിച്ചും ഈ കാലയളവിലെ കഥാകാരന്മാരെക്കുറിച്ചും നിരവധി പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യപക്ഷപാതമാണ് മുഖ്യം എന്ന് വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തിലെ കഥാകാരന്മാരെ പൊതുവായി വിലയിരുത്താനാണ് ഇത്തരം പഠനങ്ങൾ സഹായകമാകുന്നത്. അതിൽത്തന്നെ ചില പ്രത്യയശാസ്ത്രങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തിയിരുന്ന എഴുത്തുകാർ, ആ വാഗ്ദത്തതയോട് കാണിച്ച നീതിയെ മുൻനിർത്തിയും പഠനവിധേയരായിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള വീക്ഷണഗതികളുടെ പ്രത്യക്ഷസ്വാധീനം താരതമ്യേന കുറവാണെങ്കിലും കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നീ എഴുത്തുകാർ കഥ എന്ന സാഹിത്യരൂപത്തിനോട് നീതി പുലർത്തി മനുഷ്യനോടും സമൂഹത്തിനോടുമുള്ള അചഞ്ചലമായ കൂറും വിശ്വാസവും പ്രകടിപ്പിച്ചതെങ്ങനെയെന്ന അന്വേഷണം കൂടുതൽ പ്രസ

ക്തമാണ്. പുനർവായനകൾക്കും പുതിയ മൂല്യനിർണയത്തിനും ഇത് പ്രയോജനപ്പെ ടും എന്നു കരുതുന്നു.

**പൂർവ്വകാല പഠനങ്ങൾ**

നവോത്ഥാനകാലകഥകളെക്കുറിച്ച് പൊതുവെയും, കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നിവരുടെ കഥകളെക്കുറിച്ച് വിശേഷിച്ചും ചില പഠനങ്ങൾ നടന്നിട്ടുണ്ട്.

ഡോ. സെൽവരാജ് താപസ് കേരള സർവ്വകലാശാലയിലെ ഡോ. ബെഞ്ചമിന്റെ മേൽനോട്ടത്തിൽ നിർവ്വഹിച്ച ഗവേഷണത്തിൽ ഉരുത്തിരിഞ്ഞ നിഗമനങ്ങൾ "കാരൂരിന്റെ കല" എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

എം. ഗോവിന്ദന്റെ പത്രാധിപത്യത്തിൽ മദിരാശിയിൽനിന്ന് പുറത്തിറങ്ങിയിരുന്ന "സമീക്ഷ" എന്ന ആനുകാലികം കാരൂർ കഥകളെക്കുറിച്ച് സംഘടിപ്പിച്ച സിംപോസിയത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ "കാരൂരിന്റെ കഥാലോകം" എന്നപേരിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോ. എം.എം. ബഷീർ എഡിറ്റുചെയ്ത "കാരൂർ കഥാപഠനം" കാരൂരിന്റെ ചില കഥകളെ മുൻനിർത്തി പില്ക്കാല യുവകഥാകൃത്തുക്കളും നിരൂപകരും നടത്തുന്ന നിരീക്ഷണങ്ങളാണ്.

കാരൂർ കഥകൾക്ക് ജി. കുമാരപ്പിള്ള, എം. അച്യുതൻ എന്നിവർ എഴുതിയ അവതാരികകൾ ശ്രദ്ധേയങ്ങളാണ്. കാരൂരിന്റെചിലകഥകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച സന്ദർഭത്തിൽ, ആ കൃതിക്ക് ഡോ. എം. ലീലാവതി എഴുതിയ 'Tears and Rainbow' എന്ന അവതാരിക ശ്രദ്ധേയമാണ്. 'ഓർമ്മകൾ ചന്ദനഗന്ധംപോലെ'

എന്ന പുസ്തകം കാരൂരിന്റെ മകളും കഥാകാരിയുമായ ബി. സരസ്വതി അച്ഛനെക്കുറിച്ച് എഴുതിയ സ്മരണകളാണ്.

"കാരൂർ" (സ്മരണകളും പഠനങ്ങളും) എന്ന സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച പുസ്തകം, അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തേയും പ്രവർത്തനമണ്ഡലത്തേയും പരിചയപ്പെടുത്തുന്നു. "കാരൂർ, കഥയുടെ രാജശില്പി" എന്ന നവരംഗം നടരാജന്റെ ലഘുപഠനം കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുകുമാർ അഴീക്കോടിന്റെ 'വാധ്യാരും കഥാകാരനും' അയ്യപ്പപ്പണിക്കരുടെ 'കാരൂരിന്റെ കഥാശില്പം', എം. ഗംഗാധരന്റെ 'വാസ്തവം, യാഥാർത്ഥ്യം, സത്യം കാരൂർക്കഥകളിൽ', കെ.എസ്. നാരായണപ്പിള്ളയുടെ 'കഥാകാരനായ കാരൂർ' എന്നീ ലേഖനങ്ങളും ഇവിടെ സ്മരണീയമാണ്.

ലളിതാംബികാ അന്തർജനത്തിന്റെ ഷഷ്ടിപൂർത്തിയാഘോഷാവസരത്തിൽ അതിനുവേണ്ടി രൂപീകരിച്ച ആഘോഷക്കമ്മറ്റി 1969 വരെ നടന്ന പഠനങ്ങൾ സമാഹരിച്ച് "അന്തർജനം ഒരു പഠനം" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലളിതാംബികാ അന്തർജനത്തിന്റെ 'തെരഞ്ഞെടുത്ത കഥ' കൾക്ക് കെ. സുരേന്ദ്രൻ എഴുതിയ 'അന്തർജനത്തിന്റെ കഥാലോകം' എന്ന അവതാരിക ഏതൊരു പഠിതാവിന്റേയും സവിശേഷശ്രദ്ധയാകർഷിക്കുന്നു. "ആത്തേമ്മാരുടെ കഥകൾ" എന്ന പേരിൽ എം.ആർ. ചന്ദ്രശേഖരൻ എഴുതിയ ലേഖനവും "ക്രൂശിതമായ ജീവിതത്തിന്റെ കാഥിക" എന്ന പേരിൽ ഡോ. എം. ലീലാവതി എഴുതിയ ലേഖനവും അത് രചിക്കപ്പെട്ട കാലഘട്ടത്തിൽ ശ്രദ്ധേയങ്ങളായിരുന്നു. എൻ.കെ. രവീന്ദ്രന്റെ 'സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ – എഴുത്തുകാരിയുടെ സംഭാവനകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന 1992ലെ ഗവേഷണപ്രബന്ധവും കേരള പഠനങ്ങൾ 3ൽ പ്രസിദ്ധീകരിച്ച 'അമ്മമാരുടെ സങ്കടങ്ങൾ ലളിതാംബിക അന്തർജന

ത്തിന്റെയും മാധവിക്കുട്ടിയുടെയും കഥകളിൽ' എന്ന ലേഖനവും അന്തർജനത്തിന്റെ കഥകളെ സമഗ്രപഠനത്തിന് വിധേയമാക്കുന്നു. സച്ചിദാനന്ദന്റെ 'ഒരന്തർജനത്തിന്റെ പുറം ലോകങ്ങൾ' എന്ന ലേഖനവും (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 മെയ് 9, പുസ്തകം 37, ലക്കം 8) കെ.പി. ശങ്കരന്റെ 'മറക്കുട തകർത്ത ഭാവന' (ദേശാഭിമാനി വാരിക, ലക്കം 44, പുസ്തകം 40, 2009 മാർച്ച് 29) എന്ന ലേഖനവും  അവരുടെ ജന്മശതാബ്ദി വർഷ ത്തിന്റെ ഭാഗമായി പുറത്തുവന്നതാണ്.

മേൽസൂചിപ്പിച്ച പഠനങ്ങളെല്ലാം ഭാഷാസാഹിത്യത്തിന് മുതൽകൂട്ടാണെങ്കിലും മാനവികത എന്ന മൂല്യത്തിന്റെ പ്രയോഗപരിസരങ്ങളുമായി ബന്ധപ്പെടുത്തി വിലയിരു ത്തുമ്പോൾ അപൂർണമാണ്.

കാരൂർ നീലകണ്ഠപിള്ളയും ലളിതാംബിക അന്തർജനവും അവരുടെ രചനാ സങ്കല്പങ്ങൾ ചില സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവയെ പൂർണമായും മുഖവിലയ്ക്കെടുക്കുന്നില്ല.

ഒരു മൂല്യത്തെ ആസ്പദമാക്കിയുള്ള ഈ പഠനം സാമ്പ്രദായിക പഠനക്രമങ്ങൾക്കും അപ്പുറം പോകാൻ സഹായകമാകും.

**ഗവേഷണരീതി**

താരതമ്യപഠനത്തിന് പ്രാധാന്യം നൽകി തുല്യജോഡികൾ അപഗ്രഥിച്ച് നിഗമന ത്തിലെത്തുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്. തുല്യജോഡികളെ കണ്ടെത്തുന്നതിലും ഭാഷാരീതിയുടെ വിശകലനത്തിലും, ഘടനാപരമായ സവിശേഷ തകൾ പരിശോധിക്കുന്നതിലും, പാത്രചിത്രണത്തിലെ സമാനതകളും വ്യതിരിക്തതകളും വിലയിരുത്തുന്നതിലും താരതമ്യ സാഹിത്യ വിമർശനത്തിന്റെ സിദ്ധാന്തങ്ങളും സമീ

പനരീതികളും പാലിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. ആഖ്യാനശാസ്ത്രത്തിന്റെയും ശൈലീവിജ്ഞാനത്തിന്റെയും സാദ്ധ്യതകളെ പ്രയോജനപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. ഒരു ഗവേഷണ പ്രബന്ധത്തിന്റെ രീതി പിൻതുടരുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്.

**ആകരസാമഗ്രികൾ**

മൂല്യങ്ങളെക്കുറിച്ച് പൊതുവേയും മാനവികമൂല്യങ്ങളെക്കുറിച്ച് വിശേഷിച്ചും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. മാനുഷിക മൂല്യങ്ങൾ ആപേക്ഷികമായി വിലയിരുത്തുന്ന മതതത്വശാസ്ത്രം, രാഷ്ട്രീയതത്വശാസ്ത്രം എന്നിവയിലും മാനവികതാ സങ്കല്പം ചർച്ച ചെയ്തിട്ടുണ്ട്. മൂല്യസങ്കല്പങ്ങളെ വിലയിരുത്തുന്നതിൽ, ദാർശനികഗ്രന്ഥങ്ങൾ ആണ് പ്രഥമാകരം. ചെറുകഥാ സാഹിത്യത്തെക്കുറിച്ച് നടന്ന പഠനങ്ങളും, വിലയിരുത്തലുകളുമാണ് സാഹിത്യരൂപത്തെ വിശദീകരിക്കാൻ സഹായകമാകുന്നത്.

കാരൂർ നീലകണ്ഠപ്പിള്ളയുടേയും ലളിതാംബികാ അന്തർജനത്തിന്റേയും കഥകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതും സമാഹരിച്ചിട്ടുള്ളതുമാണ്. ഇവയെ പുരസ്ക്കരിച്ചും തിരസക്കരിച്ചുമുള്ള പൂർവ്വകാല പഠനങ്ങളും പ്രചാരത്തിലുണ്ട്. സൂക്ഷ്മപഠനത്തിന് ഇവയാണ് സ്വീകരിക്കുന്നത്.

പഠനവിധേയരാക്കുന്ന സാഹിത്യകാരന്മാരുടെ ജീവചരിത്രം, ആത്മകഥാംശമുള്ള ലേഖനങ്ങൾ, മറ്റുവ്യക്തികൾ അവരെക്കുറിച്ചു നടത്തുന്ന അനുസ്മരണങ്ങൾ എന്നിവയാണ് ദ്വിതീയാകാരമായി സ്വീകരിക്കുന്നത്.

**പ്രബന്ധസ്വരൂപം**

ഈ ഗവേഷണ പ്രബന്ധത്തിന് ആറ് അധ്യായങ്ങളുണ്ട്. ആമുഖത്തിൽ ഗവേഷണത്തിന്റെ ലക്ഷ്യം, പ്രസക്തി, വ്യാപ്തി എന്നിവ വിശദീകരിച്ചിട്ടുണ്ട്.

മൂല്യം എന്ന വാക്കിനെക്കുറിച്ച് നിലനിൽക്കുന്ന വിവിധ സങ്കല്പങ്ങൾ വിശദീകരിച്ച് മാനവികത എന്ന മൂല്യബോധത്തെ ഒന്നാമധ്യായത്തിൽ നിർവചിക്കുന്നു. മാനവികതാമൂല്യത്തിന്റെ വ്യത്യസ്തസങ്കല്പങ്ങളും പ്രകടന സവിശേഷതകളും ഈ അധ്യായത്തിൽ വ്യക്തമാക്കുന്നു. ഭാരതീയ പശ്ചാത്തലത്തിൽ ഈ സങ്കല്പനത്തിന്റെ പൂർവകാല സ്വഭാവവും അനുക്രമമായ വികാസവും ഈ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

'ചെറുകഥ' എന്ന സാഹിത്യരൂപത്തിന്റെ ഉത്ഭവവികാസ പരിണാമങ്ങളെ പൊതുവായി സൂചിപ്പിച്ച്, അതിന്റെ ഭാഷാസാഹിത്യത്തിലെ വികാസപരിണാമങ്ങൾ രണ്ടാമധ്യായത്തിൽ വിശദീകരിക്കുന്നു. കഥാസാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ധാരാളം പ്രചാരത്തിലുള്ളതിനാലും, അതിന്റെ ആവർത്തനം അപ്രസക്തമാണെന്നതിനാലും ഈ പ്രബന്ധത്തിന് നിദാനമായ വസ്തുതകളെ മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

"നവോത്ഥാനം" എന്ന സംപ്രത്യയം പ്രചരിച്ച ലോകസാഹചര്യവും സവിശേഷമായ കേരളീയ സാഹചര്യവുമാണ് മൂന്നാമധ്യായത്തിന്റെ ആദ്യഭാഗത്ത് വിശദീകരിക്കുന്നത്. ഇത് സാഹിത്യരൂപങ്ങളെ സ്വാധീനിച്ചത് ഏതു പ്രകാരത്തിലാണെന്ന് തുടർന്ന് വിശദീകരിക്കുന്നു. നവോത്ഥാനകഥയുടെ സവിശേഷതകളും അത് രൂപംകൊള്ളാനിടയായ സാഹചര്യവും ആ കഥകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും ഉണ്ടായ വിമർശനങ്ങളും വിലയിരുത്തുന്നതിനും ഈ അദ്ധ്യായത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്.

കാരൂർ നീലകണ്ഠപിള്ളയുടെ രചനാവീക്ഷണം രൂപംകൊണ്ട സാഹചര്യവും അദ്ദേഹത്തിന്റെ സാഹിത്യസങ്കല്പങ്ങളും വിശദമായി പരിശോധിക്കുന്നതിനാണ് നാലാം അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. നിരൂപകന്മാരും സുഹൃത്തുക്കളും നടത്തിയ പരാമർശങ്ങളെ വിശദമായി സൂചിപ്പിച്ച് കാരൂർ എന്ന എഴുത്തുകാരന്റെ രചനാവ്യക്തിത്വം രൂപംകൊണ്ട സാഹചര്യത്തെ ഈ അദ്ധ്യായത്തിൽ സമഗ്രമായി പരിശോധിക്കുന്നു.

ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യസംഭാവനകളെ കുറിച്ച് സജീവമായ പഠനങ്ങൾ ഇന്നും നടക്കുന്നുണ്ട്. ആവർത്തനങ്ങൾ ഒഴിവാക്കി, അവരുടെ കഥാലോകത്തെ സാമാന്യമായി പരിചയപ്പെടുത്തി ഇരുകഥാകൃത്തുക്കളുടെയും രചനകളെ സൂക്ഷ്മതാരതമ്യം ചെയ്യുന്നതിനാണ് ആറാം അദ്ധ്യായത്തിൽ ഊന്നൽ നൽകുന്നത്.

നവോത്ഥാനകാലകഥയെക്കുറിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ കഥയുടെ വർത്തമാനകാല അവസ്ഥയുമായി ചേർത്തുവെച്ച് വിശകലനം ചെയ്യാനും മൂല്യനിരാസചിന്തയുടെ യുക്തിയും ഉറവിടവും വിശദീകരിക്കാനും ആറാം അദ്ധ്യായത്തിൽ ശ്രദ്ധിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ കഥ എന്ന സാഹിത്യരൂപത്തിന്റെയും മനുഷ്യസങ്കല്പത്തിന്റെയും കാലോചിതമായ വളർച്ചയെ നിരീക്ഷിക്കുന്നതിനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഈ ഗവേഷണത്തിന്റെ സമകാലപ്രസക്തി വ്യക്തമാക്കാനാണ് ആറാമദ്ധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

അന്വേഷണത്തിന്റെ നിഗമനങ്ങൾ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. സഹായക ഗ്രന്ഥങ്ങളുടെ പട്ടികയും ക്രമത്തിൽ ചേർക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. വിശദപഠനത്തിന് വിധേയമാക്കിയ ആറ് കഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അക്ഷരത്തിന്റേയും അറിവിന്റേയും ലോകത്തിലേക്ക് ആനയിച്ച ഗുരുനാഥന്മാരേയും, ഇന്നും നയിച്ചുകൊണ്ടിരിക്കുന്ന സ്നേഹിതന്മാരേയും, സ്മരിച്ച്, മാനവികതയ്ക്ക് ഊന്നൽ നൽകി മലയാള ചെറുകഥയിലെ മാനവികതയെ വിലയിരുത്തുന്ന ഈ പ്രബന്ധം പരിഗണനയ്ക്കായി ഞാൻ സവിനയം സമർപ്പിക്കുന്നു.

അദ്ധ്യായം ഒന്ന്

# മൂല്യസങ്കല്പങ്ങളും, മാനവികതാമൂല്യവും (സാംസ്കാരിക, ചരിത്രപശ്ചാത്തലത്തിൽ)

## 1. മനുഷ്യനും മൂല്യങ്ങളും

ഭൂമിയിൽ ജീവന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ടത് ഏതു കാലത്താണെന്ന് കൃത്യമായി കണക്കാകാൻ കഴിഞ്ഞിട്ടില്ല. ഇരുന്നൂറ്റൻപത് കോടി വർഷം മുമ്പ് ജീവൻ പ്രത്യക്ഷപ്പെട്ടിരിക്കാമെന്നാണ് ശാസ്ത്രധാരണ. ജീവശ്രേണിയിൽ പലതുകൊണ്ടും ഉന്നത സ്ഥാനത്തു നിൽക്കുന്ന മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ടിട്ട് ഇരുപത് ലക്ഷം വർഷങ്ങളെ ആയിട്ടുള്ളൂവെന്ന് ശാസ്ത്രം സയുക്തികം വാദിക്കുന്നു. ജിവശാസ്ത്രപരമായ പരിണാമ പ്രക്രിയയിൽ പരിഷ്കൃതശരീരഘടനയുള്ള മനുഷ്യനിലെത്താൻ മുപ്പതിനായിരം വർഷങ്ങൾ വേണ്ടി വന്നു. വികസിതമായ തലച്ചോറുപയോഗിച്ച്, പ്രകൃതിയോടുമല്ലിട്ട് മനുഷ്യൻ വളർത്തിയെടുത്ത സംസ്ക്കാരത്തിനാകട്ടെ പതിനയ്യായിരം കൊല്ലത്തെ പഴക്കംമാത്രമാണുള്ളത്.[1]

ചരിത്രപഠനത്തിലും സാഹിത്യപഠനത്തിലും സർവസാധാരണമായി ഉപയോഗിച്ചുവരുന്ന ഒരു പദമാണ് സംസ്കാരം. വിവിധവും വ്യത്യസ്തവുമായ അർത്ഥതലങ്ങൾ ഈ പദത്തിനുണ്ട്. പാരമ്പര്യംകൊണ്ടും പ്രവൃത്തികൊണ്ടും സമാർജിച്ച പെരുമാറ്റരീതി, ഉദാത്തമായ മൂല്യം, പൂർണ്ണതയെ ലക്ഷ്യമാക്കിയുള്ള ജീവിതം, വികസിതമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്ന കല, സാഹിത്യം തുടങ്ങിയ ഉപാധികൾ, ദൈവ/മോക്ഷ ജീവിതത്തിലേക്കുള്ള പാത എന്നിങ്ങനെയുള്ള അർത്ഥങ്ങൾ ഈ പദത്തിനുണ്ട്. മേൽസൂചിപ്പിച്ച അർത്ഥങ്ങൾ ഓരോന്നും ഓരോ സവിശേഷ സാമൂഹ്യസാഹചര്യത്തിന്റെ നിർമ്മിതികളാണ്. ഇവയിൽ ഏതെങ്കിലും ഒന്നിനെ ഏകപക്ഷീയമായി സ്വീകരിക്കലോ നിരാക

രിക്കലോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

കല, സാഹിത്യം, സൗന്ദര്യശാസ്ത്രം എന്നിവയും, ഈ മൂന്നിന്റെയും പാരസ്പര്യവും പശ്ചാത്തലമാക്കി, മാനവികത എന്ന മൂല്യത്തിന് ഊന്നൽ നല്കി സംസ്കൃതിയെ വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1.1. പ്രാചീന മനുഷ്യൻ, താൻ പ്രകൃതിയുടെ അടിമയാണെന്ന് വിശ്വസിച്ചിരുന്നു. മനുഷ്യനെ ഒറ്റയ്ക്കും കൂട്ടായും നശിപ്പിക്കാൻ കഴിവുള്ള ശക്തികളാണ് വെള്ളം, തിയ്യ്, വെളിച്ചം, കാറ്റ് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളാണെന്ന് അവൻ കരുതി. ഉപദ്രവിക്കുന്നതുപോലെ ഇവ ഉപകരിക്കുന്നതു കൂടിയാണെന്ന് ക്രമേണ അവൻ തിരിച്ചറിഞ്ഞു. ശാസ്ത്രബോധം നിലവിൽ വന്നതോടെ ഇത്തരം ശക്തികളോടുള്ള അടിമത്ത മനോഭാവം മാറാനാരംഭിച്ചു. തുടർന്ന് തങ്ങൾ പ്രകൃതി ശക്തികളുടെ യജമാനൻമാരാണെന്ന ധാരണ അവരിലുണ്ടായി. കീഴടക്കാനുള്ള ശ്രമത്തിൽ ആദ്യം എതിരാളിയായും പിന്നെ ശത്രുവായും അവൻ പ്രകൃതിയെ നേരിട്ടു. മാനവസംസ്കൃതിയുടെ പ്രാരംഭദശയിൽ മനുഷ്യൻ, മൃഗങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമല്ലാത്ത ജീവിതമാണ് നയിച്ചത്. ക്രമേണ പരിഷ്കൃതം എന്നു വിശേഷിപ്പിക്കാവുന്ന അവസ്ഥയിലേക്ക് അവൻ ഉയരാൻ ആരംഭിച്ചു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ചില അംശങ്ങൾ ബലികഴിച്ചിട്ടാണെങ്കിലും, താൻ സൃഷ്ടിച്ചെടുത്ത ചില നിയമങ്ങളോട് അവൻ പൊരുത്തപ്പെട്ടു. 'മനുഷ്യാവസ്ഥ' എന്ന സ്വഭാവത്തിലേക്കും, 'മനുഷ്യക്രിയ' എന്ന പൂർണ്ണമായി നിർവചിക്കാൻ കഴിയാത്ത സമസ്യയിലേക്കും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഘടനയിലേക്കും വിജ്ഞാനചിന്തയുടെ വഴിതുറക്കുന്നത് ഈ സാഹചര്യമാണ്. ഭൗതിക സാഹചര്യങ്ങൾ, ചരിത്ര സാഹചര്യങ്ങൾ എന്നീ വീക്ഷണത്തിൽ നിന്നുകൊണ്ട് ഈ വളർച്ചയെ നോക്കിക്കാണാം. ഈ രണ്ടു സവിശേഷ സാഹചര്യങ്ങളാണ് വ്യക്തിമൂല്യങ്ങൾക്കും സാമൂഹ്യ മൂല്യങ്ങൾക്കും തുടക്കം കുറിച്ചത്.

മനുഷ്യന്റെ വളർച്ച ഉൾപ്പെടെ പ്രകൃതിയിലെ ഏതെങ്കിലും ഒരു പ്രതിഭാസത്തെ അതിന്റെ ചുറ്റുമുള്ള പ്രതിഭാസങ്ങളിൽ നിന്ന് അടർത്തിഎടുത്ത് വിലയിരുത്താൻ കഴിയുകയില്ല. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ശേഖരിച്ച്, വിശപ്പ് അടക്കി ജീവിച്ചിരുന്ന മനുഷ്യൻ അവനാവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ ആരംഭിച്ചു. ഇത്തരം ഉൽപ്പാദനക്രമത്തിന്, സാമൂഹ്യമായ കൂട്ടായ്മയും സുരക്ഷിതമായ വാസസ്ഥാനങ്ങളും ആവശ്യമായിവന്നു. ഇതിൽ നിന്നാണ് culture (സംസ്കാരം) എന്ന പദം പിറവികൊള്ളുന്നത്. നിലം ഉഴുതുമറിയ്ക്കുക, കൃഷിചെയ്യുക എന്നീ അർത്ഥങ്ങളിലാണ് cultus എന്ന ലാറ്റിൻ പദം ഉപയോഗിച്ചുവന്നത്.[2] വാസസ്ഥാനമുണ്ടാക്കുക അധിവസിക്കുക എന്നീ അർത്ഥങ്ങളിൽ colere, colonus എന്നീ പദങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഇപ്രകാരം, കൃഷി, മൃഗപരിപാലനം, സാമൂഹ്യജീവിതം എന്നിവയുമായി ബന്ധപ്പെട്ടാണ് കൾച്ചർ എന്ന പദത്തിന്റെ നിഷ്പത്തി. ഭാരതീയ പശ്ചാത്തലത്തിൽ സമാനപദമായ സംസ്കാരത്തിന്റെ നിരുക്തി അന്വേഷിക്കേണ്ടതുണ്ട്. ശേഖരിക്കുക, പാകംചെയ്യുക, മിനുസപ്പെടുത്തുക തുടങ്ങിയ അർത്ഥങ്ങൾ 'സംസ്കൃത്' എന്ന ധാതുവിന് മോണിയർ വില്യംസ് നല്കുന്നുണ്ട്.[3]

ഉല്പാദനക്രമം പോലെതന്നെ, കൂട്ടായ ജീവത്തിന് പ്രേരകമായ മറ്റുചില ഘടകങ്ങൾ കൂടി ഉണ്ടായിരുന്നു. പ്രകൃതിയിലെ എല്ലാ വസ്തുക്കളും നിരന്തരമായ ഉത്ഭവത്തിന്റെയും നാശത്തിന്റെയും അവസ്ഥയിലാണ്. ഈ ഉത്ഭവത്തിന്റെയും നാശത്തിന്റെയും അവസ്ഥകളെ കുറിച്ചുള്ള അന്വേഷണം സംസ്കാരത്തിനപ്പുറമുള്ള പല സവിശേഷകൂട്ടായ്മകൾക്കും രൂപം നല്കി. ഇതിൽ സംഘടിതവും സവിശേഷവും സർവവ്യാപകവുമായ ഒരു കൂട്ടായ്മ മതങ്ങളുടേതാണ്. കാർഷിക രീതിയുടെ വ്യത്യാസങ്ങൾ ഏറ്റകുറച്ചിലുണ്ടാക്കാമെങ്കിലും, കാർഷിക വൃത്തിയിലധിഷ്ഠിതമായ സംസ്കാരസങ്കല്പം പൊതുവെ ഒന്നായിരുന്നു. എന്നാൽ മത ചിന്തകളാണ് വൈവിധ്യമേറിയ സാംസ്കാ

രിക ബോധത്തിന് വേഗത വർദ്ധിപ്പിച്ചത്.

മനനം ചെയ്യുക, യുക്തിവിചാരം ചെയ്യുക എന്നെല്ലാം അർത്ഥമുള്ള മൻ, മന്യേതേ എന്ന സംസ്കൃതധാതുവിൽ നിന്നാണ് 'മത' ശബ്ദം നിഷ്പന്നമായിരിക്കുന്നത്. കൂടുതൽ നിയതമായ അർത്ഥത്തിൽ 'ധർമ്മം' എന്ന ഒരു പദവും ഇതേ ആശയത്തിൽ ഭാരതത്തിൽ ഉപയോഗിച്ചുവരുന്നു. ധൃ-ധരതി എന്ന ധാതുവിൽ നിന്നാണ് ധർമ്മശബ്ദം നിഷ്പന്നമായത്. ധരിയ്ക്കുക, സംവഹിയ്ക്കുക, യഥായോഗ്യം ക്രമീകരിക്കുക എന്നെല്ലാമാണ് ധർമ്മം എന്ന പദം അർത്ഥമാക്കുന്നത്.

പാശ്ചാത്യർ ഉപയോഗിച്ചുവരുന്ന 'റിലിജിൺ' എന്ന പദം 'റിലിജിയോ' എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉണ്ടായതാണ്. നിഗൂഢരഹസ്യങ്ങളുമായുള്ള സമാഗമം എന്നാണ് 'റെലിഗറി' എന്ന ലാറ്റിൻ ക്രിയാധാതു അർത്ഥമാക്കുന്നത്. ആരംഭഘട്ടത്തിൽ എല്ലാ മതങ്ങളും ഒരേ ചോദ്യങ്ങൾക്കാണ് ഉത്തരമന്വേഷിച്ചത്.

മനുഷ്യൻ ആരാണ് ? അവന്റെ ആരംഭം എവിടെ നിന്നാണ് ? ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും എന്താണ് ? തുടർപ്രക്രിയ എന്ന നിലയിൽ മരണാനന്തര ജീവിതമുണ്ടോ ? തുടങ്ങിയ ചോദ്യങ്ങളായിരുന്നു ഇതിൽ പ്രധാനം. മതത്തിന്റെ ഉല്പത്തിയെകുറിച്ച് നിലനില്ക്കുന്ന വീക്ഷണങ്ങൾ പലതാണെങ്കിലും, പൊതുവെ അതീതസത്യങ്ങളെകുറിച്ച് അന്വേഷിക്കാനുള്ള ത്വരയിൽ നിന്നാണ് മതം പിറവി എടുക്കുന്നത്. ലോകത്ത് എല്ലായിടത്തും മതങ്ങൾക്ക് ചില സമാനതകൾ ഉണ്ട്. സാർവജനീനത, അദൃശ്യമായ അരൂപിലോകം, മതാനുഷ്ഠാനക്രമം, ധാർമ്മികബോധം, ശ്രുതികൾ അഥവാ മത സാഹിത്യങ്ങൾ, പ്രവാചകർ, മതദർശനം, മരണാനന്തരജീവിതവിശ്വാസം എന്നിവയാണ് അവ. മതത്തിന്റെ മൗലികതത്വം ഈശ്വരവിശ്വാസമാണ്. പൗരാണികരുടെ ഈശ്വരവിശ്വാസത്തിന് വ്യക്തമായ രൂപമോ, നിയതമായ അർത്ഥമോ വിശ്വാസികൾ

നിശ്ചയിക്കുന്ന വിധം കണ്ടെത്താൻ കഴിയില്ല. അമൂർത്തമായ വിശ്വാസങ്ങളും ആരാധനാരീതികളും നിലനിന്നിരുന്ന പ്രാരംഭഘട്ടത്തെ ആത്മവാദം - അനിമിസം - എന്ന സംജ്ഞ കൊണ്ട് ചരിത്രകാരൻമാർ വേർതിരിക്കുന്നു. ഇതിനുശേഷം മതത്തിന്റെ വ്യത്യസ്ത രൂപങ്ങൾ പ്രാകൃതവും പരിഷ്കൃതവുമായ രീതിയിൽ ലോകത്തിലെ വിവിധ ജനതകൾക്കിടയിൽ സജീവമായി.

സർവംദൈവവാദം, അദ്വൈതം, ബഹുദേവതാ വിശ്വാസം, സൃഷ്ടിമാത്രവാദം, ആശയമാത്രവാദം, ഏകദൈവവിശ്വാസം എന്നീ വികസിത മതരൂപങ്ങൾ ഇന്നു വളരെ സുപരിചതമാണ്. ആത്മവാദം, കുലദേവതാ വാദം, പിതൃപൂജ, മാജിക് എന്നിവ പ്രാകൃത മതത്തിന്റെ രൂപങ്ങളാണ്. ഇന്ന് ഏറെ പ്രചാരത്തിലിരിക്കുന്ന യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം, ഹിന്ദുമതം എന്നിവയും ബുദ്ധ, ജൈന, പാർസി, കൺഫ്യൂഷ്യൻ, താവോ, ഷിന്റോ, സിഖ് എന്നീ മതദർശനങ്ങളും പരമമായ സത്യത്തെ അന്വേഷിക്കാനുള്ള മാനവയത്നത്തിൽ മത 'മൂല്യ'ബോധങ്ങൾക്ക് തുടക്കം കുറിച്ചു.

ഇന്ദ്രിയാതീതമായ വിഷയങ്ങളെകുറിച്ചും അദൃശ്യലോകത്തെ കുറിച്ചും ഭാവന ചെയ്യാൻ മനുഷ്യനു കഴിവുണ്ട്. ഇത് മൃഗത്തിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഗുണമാണ്. കാണാൻ പാടില്ലാത്തത് ഗ്രഹിയ്ക്കാനും, ഗ്രാഹ്യമല്ലെങ്കിൽ കൂടി വിശ്വസിക്കാനും മനുഷ്യനു സാധിക്കുന്നു എന്ന ഹോവെൽസിന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്[4]. 'പ്രതീക്ഷിക്കുന്നവയെകുറിച്ചുള്ള ഉറപ്പും അദൃശ്യമായവയെകുറിച്ചുള്ള ബോധ്യവുമാണ് വിശ്വാസം'[5] എന്ന ബൈബിളിലെ വാക്യവും ശ്രദ്ധേയമാണ്.

വ്യക്തിസ്വാതന്ത്ര്യമുൾപ്പെടെ ഒരു കാര്യത്തിലും നിശ്ചിതമായ ഒരു കാഴ്ചപ്പാട് മനുഷ്യനുണ്ടായിരുന്നില്ല. സ്വന്തം സ്വാതന്ത്ര്യം അല്പം ത്യജിച്ചിട്ടാണെങ്കിലും സമൂഹത്തിൽ സുരക്ഷ കിട്ടാനുള്ള ആഗ്രഹവും, മതപ്രബോധനത്തിന്റെ ഫലമായി മോക്ഷ

ത്തോടുകൂടി പരലോകത്ത് പോകാനുള്ള വ്യഗ്രതയും മനുഷ്യനുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി വ്യക്തിയുടേതായ ബോധമണ്ഡലം വിട്ട് ജാതി, ഗോത്രം, വിഭാഗം മുതലായ പല അധീശത്വങ്ങളും മനുഷ്യചിന്തയിലേക്ക് കടന്നുവന്നിട്ടുണ്ട്. എന്നാൽ അദ്ധ്യാത്മികവും, ആധിദൈവികവും ആധിഭൗതികവുമായ വിഷയങ്ങളിലും ജീവിതാവബോധത്തിലും മനുഷ്യന് മനഃശാന്തിയും സുരക്ഷയും നല്കുന്ന സ്ഥാപനങ്ങളിൽ, വിശാലവും വിപുലവുമായ സ്ഥാനം കിട്ടിയത് മതസ്ഥാപനങ്ങൾക്കാണ്. ജീവിതത്തിലെ മൂല്യചിന്തകൾക്ക് രൂപം നല്കുന്നതിൽ ക്രിസ്ത്വാബ്ദം 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ മതമാണ് മേൽകൈ നേടിയത്.

### 1.2. മൂല്യബോധവും സാമൂഹ്യജീവിത വികാസവും

'മൂല്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന അന്വേഷണത്തിന് ലഭിക്കുന്ന ഉത്തരങ്ങൾ പലതാണ്.

ഒരു വസ്തുവിനെ കുറിച്ചോ, പ്രതിഭാസത്തെ കുറിച്ചോ പ്രസ്താവന ചെയ്യുമ്പോഴും തീരുമാനമെടുക്കുമ്പോഴും നല്ലത്/ചീത്ത, ശരി/തെറ്റ് മുതലായ വിശേഷണങ്ങൾ ഉപയോഗിക്കാറുണ്ട്. ഈ നിശ്ചയത്തിനാധാരമായി നാം ചെന്നെത്തുന്ന നിഗമനങ്ങളാണ് മൂല്യങ്ങൾ എന്നു പൊതുവെ പറയാം. മൂല്യങ്ങൾ ആത്മനിഷ്ഠം, വ്യക്തിനിഷ്ഠം, സമൂഹനിഷ്ഠം എന്നീ ക്രമത്തിലേ വിലയിരുത്താൻ കഴിയൂ.

ഒരു വസ്തുവിന്റേയൊ പ്രതിഭാസത്തിന്റേയോ, മൂല്യം അതിലല്ല അതിനെ വിലയിരുത്തുന്ന മനുഷ്യമനസ്സിലെ ഭാവവിശേഷത്തിൽ നിന്ന് ഉയരുന്ന ബോധത്തിലാണ് എന്നതാണ് ആത്മനിഷ്ഠമൂല്യവാദത്തിന്റെ പൊരുൾ. മൂല്യം വസ്തുവിലോ പ്രതിഭാസത്തിലോ ആണ് കുടികൊള്ളുന്നത് എങ്കിൽ, മൂല്യ വിചിന്തനത്തിൽ ഭേദം കാണാൻ ഇടയില്ല. മൂല്യങ്ങളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനുകാരണം ആത്മനിഷ്ഠതയാണ്.

എന്നാൽ സത്യം, ധർമ്മം മുതലായ പരികല്പനകളിൽ സാർവദേശീയവും, സാർവകാലികവുമായ ചില മൂല്യചിന്തകൾ നിലനില്ക്കുന്നതായി കാണാം.

ഒരു വ്യക്തിക്ക്, ഒരു വസ്തുവോ പ്രതിഭാസമോ എപ്രകാരം ഭൗതികമോ മാനസികമോആയിഅനുഭവപ്പെടുന്നു എന്നുള്ളതാണ് വ്യക്തിനിഷ്ഠതയുടെ അന്വേഷണതലം. ഏതെങ്കിലും ഒരു ഭൗതിക പരിതസ്ഥിതിയായിരിക്കും ഇവിടെ മൂല്യ നിർണ്ണയത്തിന്റെ ആധാരതത്വം. ഒരു വസ്തുവോ, ആശയമോ ഒരിക്കലുണ്ടാക്കിയ മൂല്യബോധമല്ല മറ്റൊരു സന്ദർഭത്തിലുണ്ടാക്കുന്നത് എന്നതാണ് ഇവിടെനാംകാണുന്നത്. ഈ പശ്ചാത്തലത്തിൽ മൂല്യചിന്തയും അതിനെകുറിച്ചുള്ള ചർച്ചകളും സങ്കീർണ്ണമാണെന്ന വേദവ്യാസന്റെ പരാമർശം തികച്ചും പ്രസക്തമാണ്.[6] മൂല്യബോധത്തെകുറിച്ച് ഭാരതീയർക്കും പാശ്ചാത്യർക്കുമുള്ള വീക്ഷണങ്ങൾ സംക്ഷിപ്തമായി വിശദീകരിച്ച് ഒരു നിർവചനത്തിലെത്തിചേരാനാണ് ഇവിടെ ശ്രമിക്കുന്നത്.

### 1.2.1. പ്രാചീന ഭാരതത്തിന്റെ മൂല്യസങ്കല്പം

ഭാരതീയ മൂല്യബോധം ധർമ്മബോധത്തിൽനിന്നുകടന്നുവരുന്നതാണെന്ന് പൊതുവെ പറയാം. ഈ ചിന്തയുടെ തുടക്കം വേദങ്ങളിൽനിന്നും വേദാംഗങ്ങളിൽ നിന്നുമാണ്. ആദ്യം ത്രയീവിദ്യ എന്ന പേരിൽ ഋഗ്-യജുസ്-സാമം എന്നീ വേദങ്ങളാണ് നിലവിൽ വന്നതും അംഗീകാരം നേടിയതും. പിന്നീടാണ് ചതുർവേദമായ അഥർവം അംഗീകൃതമായത്. മന്ത്രം, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നീ നാലു വിഭാഗങ്ങൾ ഓരോ വേദത്തിനുമുണ്ട്.

സംഹിതകൾ എന്നുകൂടി പേരുള്ള മന്ത്രങ്ങൾ പ്രധാനമായും ദേവസ്തോത്രങ്ങൾ ആണ്. യാഗകർമ്മങ്ങളുടേയും ഇതിഹാസങ്ങളുടേയും വിശദീകരണമാണ് ബ്രാഹ്മണങ്ങൾ. വനവാസികകളായി കഴിഞ്ഞ ഋഷിമാർ, ശിഷ്യന്മാർക്ക് രഹസ്യമായി പകർന്നുന

ല്കിയ ആദ്ധ്യാത്മികവിദ്യയാണ് ആരണ്യകത്തിലെ പ്രതിപാദ്യം. മോക്ഷമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്ക് ഈശ്വരാനുഭൂതി ഉണ്ടാകുന്നതിനായി നല്കിയ ആദ്ധ്യാത്മികജ്ഞാനമാണ് ഉപനിഷത്തുക്കൾ. മനുഷ്യൻ മനുഷ്യനുവേണ്ടി നിർമ്മിച്ചതാകയാൽ വേദങ്ങളും വേദാംഗങ്ങളും ഭാരതത്തിൽ മൂല്യചിന്തകൾക്ക് വിത്തുപാകി.

കല്പം, ഛന്ദസ്സ്, ജ്യോതിഷം, ശിക്ഷ, വ്യാകരണം, നിരുക്തം എന്നിവയാണ് വേദാംഗങ്ങൾ. ബ്രാഹ്മണാധിപത്യത്തിൽ യാഗത്തിന് പ്രാധാന്യംകിട്ടിയതിനാൽ അക്കാര്യം പ്രതിപാദിക്കുന്ന കല്പത്തിനാണ് മൂല്യചിന്തയിൽ പ്രഥമസ്ഥാനം. വേദത്തിൽ പറയുന്ന കർമ്മങ്ങളെ പുരസ്കരിച്ച് ശ്രൗതം എന്നും വീടുകളിൽ ചെയ്യുന്ന കർമ്മങ്ങളെ പുരസ്കരിച്ച് 'ഗൃഹ്യം' എന്നും കല്പശാസ്ത്രത്തിന് രണ്ടു പ്രധാന ശാഖകൾ ഉണ്ടായി. മേല്പറഞ്ഞ ശ്രൗതസൂത്രങ്ങളും, ഗൃഹ്യസൂത്രങ്ങളും ചേർന്നാണ് ഭാരതീയമൂല്യസങ്കല്പത്തിന് മൂർത്തരൂപം നല്കിയത്. ഇവ പിന്നീട് ധർമ്മശാസ്ത്രങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു.

ഭാരതീയ ധർമ്മശാസ്ത്രത്തിന്റെ മൂലം വേദമാകയാൽ വേദങ്ങൾ രചിക്കപ്പെട്ട ഭൗതിക സാഹചര്യത്തിൽ നിന്നുവേണം ഭാരതീയ മൂല്യസങ്കല്പത്തെ മനസ്സിലാക്കേണ്ടത്. പ്രകൃതിപ്രതിഭാസങ്ങളോടുള്ള കരണപ്രതികരണം തന്നെയാണ് ഈ ചിന്തയുടെ അടിസ്ഥാനം എന്നുകാണാം.

**1.2.2.** വൈദികസാഹിത്യത്തിൽ നിന്ന് ക്രമേണ ലൗകികസാഹിത്യമണ്ഡലത്തിലെത്തുമ്പോൾ ശ്രൗതം, സ്മാർത്തം, ഗൃഹ്യം എന്നീ ധർമ്മസങ്കല്പങ്ങൾക്കു പുറമെ ശിഷ്ടാചാരം, അന്തഃകരണം എന്നീ ധർമ്മപ്രമാണങ്ങൾ കൂടികടന്നുവന്നു. സന്ദേഹം തോന്നുന്ന സന്ദർഭങ്ങളിൽ അന്തഃകരണം തന്നെയാണ് പ്രമാണം എന്ന കാളിദാസവചനം പ്രശസ്തമാണ്.[7] സാമാന്യധർമ്മം, സവിശേഷധർമ്മം എന്നിങ്ങനെ, ധർമ്മചിന്ത കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യക്ഷമാകുന്നു. വർണ്ണം, ജാതി, പ്രായം എന്നീ ഭേദങ്ങൾക്ക

തീതമായി എല്ലാവരും അനുഷ്ഠിക്കേണ്ടുന്ന സാമാന്യ/സാധാരണധർമ്മങ്ങൾ അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയാണ്. വർണ്ണാശ്രമധർമ്മം അനുസരിച്ച് ഓരോ വർണ്ണത്തിലുമുള്ളവർ അനുഷ്ഠിക്കേണ്ടതാണ് സവിശേഷധർമ്മങ്ങൾ. ഇവയെല്ലാം, അതുപിറവികൊണ്ട കാലഘട്ടത്തിന്റെ സവിശേഷസാമൂഹ്യ സാഹചര്യത്തിൽ നിന്ന് സംജാതമായതാണെങ്കിലും, അപൗരുഷേയമാണെന്ന് പ്രചരിപ്പിച്ച് ദിവ്യമായി പരിഗണിക്കാനും നിർബന്ധിതമാക്കാനുമുള്ള ഒരു വ്യഗ്രത നിലവിലിരുന്നു.

മേൽവിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, കലാസാഹിത്യാദിവിഷയങ്ങളേയും, ചരിത്രത്തേയും ആധാരമാക്കി ഭാരതത്തിന്റെ മൂല്യ സങ്കല്പത്തെ താഴെപറയും പ്രകാരം വിലയിരുത്താം.

പ്രകൃതിയിൽ വസ്തുക്കളും പ്രതിഭാസങ്ങളും മാത്രമെ ഉള്ളു. ഒരു വസ്തുവിന്റെ 'വസ്തുത' യെ മുൻനിർത്തിയാണ് അതിന്റെ മൂല്യം നിശ്ചയിക്കുന്നത്. വസ്തുവിന്റെ യാഥാർത്ഥ്യപ്രകടനമാണ് പ്രതിഭാസം. വസ്തുവിനും പ്രതിഭാസത്തിനും മൂല്യം ഇല്ല. നൈസർഗ്ഗികമല്ല എന്നതാണ് മൂല്യത്തിന്റെ മറ്റൊരു പൊതുസ്വഭാവം. വസ്തുവിലൂടെയും പ്രതിഭാസത്തിലൂടെയുമാണ് മൂല്യാവിഷ്കരണം സംഭവിക്കുന്നത്. ഉത്ഭവത്തിലും ഉദ്ദേശ്യത്തിലും മൂല്യങ്ങൾ മാനുഷികങ്ങളാണ്.

**1.2.3.** ഭാരതീയ സങ്കല്പത്തിൽ അടിസ്ഥാനമൂല്യങ്ങൾ സത്യം, ശിവം, സുന്ദരം എന്നീ മൂന്നെണ്ണമാണ്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളെ ഭാരതീയ സംസ്കാരം മൂല്യവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാറുണ്ട്. സ്നേഹം, അഹിംസ, അനുഭാവം, ദയ തുടങ്ങിയ ധാർമ്മിക പ്രേരണകൾ ഇതിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. മാനവസംസ്കൃതിയുടെ പുരോഗതിയിൽ ഉചിതമെന്നു തോന്നുന്ന പല ചിന്തകളും ഉയർന്നുവരുമെന്നതിനാൽ അവയെല്ലാം ഇവിടെ അടിസ്ഥാനമൂല്യങ്ങളായി പരി

ഗണിക്കുന്നില്ല. ഈ പരിമിതി മുന്നിൽ കണ്ടാണ് ഭാരതീയ പണ്ഡിതന്മാർ മൂല്യം മൂന്നാണെന്ന് വിധിച്ചിട്ടുള്ളത്.

### സത്യം

സത്യം ജ്ഞാനത്തിന്റെ ഭാവമാണ്. വസ്തുവിന്റേയും പ്രതിഭാസത്തിന്റേയും പിറവി, വികാസം, സ്വഭാവം, നിയമാവലി എന്നിവ സത്യം ഉൾക്കൊള്ളുന്നു. മൂല്യങ്ങൾ ആവിഷ്കരിക്കുന്നതിനും ആസ്വദിക്കുന്നതിനും മൂർത്തവല്കരണം ആവശ്യമാണ്. ഭാവരൂപങ്ങളുടെ അഭാവത്തിൽ പ്രകടനം സാധ്യമല്ല. കല, ശാസ്ത്രം എന്നിവ മൂല്യാവിഷ്കരണത്തിനുള്ള മാധ്യമങ്ങളാണ്. ശാസ്ത്രത്തിൽ ഗണിതശാസ്ത്രം അടിസ്ഥാനശാസ്ത്രമായി മാറുന്നത് ഈ സാഹചര്യത്തിലാണ്. എന്നാൽ പ്രകടമായ സത്യങ്ങളെ അല്ല, അവയ്ക്കുപിന്നിലുള്ള അർത്ഥങ്ങളെ ആണ് കല ലക്ഷ്യംവെയ്ക്കുന്നത്. വിചാരമാത്രകളാണ് (Concepts) ശാസ്ത്രീയ രീതിയുടെ അടിസ്ഥാനം. ഭാവനാബിംബങ്ങളാണ് (Images) കലയുടെ അടിസ്ഥാനം. ആദ്യനിരീക്ഷണത്തിൽ ഭാവന യുക്തിസഹമല്ലെന്ന് തോന്നിയേക്കാമെങ്കിലും സത്യത്തിന്റെ പൂർണ്ണത അതിൽ കാണാം. ജ്ഞാനത്തിന്റെ ഭാവമാണ് സത്യം, യഥാർത്ഥ ജ്ഞാനമാണ് പരമമായ സത്യം. പരമമായ സത്യം ഗ്രഹിക്കുക തന്നെയാണ് മോക്ഷപ്രാപ്തി എന്ന സങ്കല്പവും നിലവിലുണ്ട്.

### സുന്ദരം

ജ്ഞാനത്തിന്റെ രൂപദർശനമാണ് സുന്ദരം. രൂപത്തിന് വൈവിധ്യമുള്ള വസ്തുക്കളും പ്രതിഭാസങ്ങളും അന്വേഷിച്ചു കണ്ടുപിടിക്കലാണ് സൗന്ദര്യാവിഷ്കാരത്തിനുള്ള മാർഗ്ഗം. ആവിഷ്കരിക്കാനുള്ള ഉപാധിയാണ് കല. നിലവിലുള്ള രൂപത്തേക്കാൾ, ഉണ്ടാകാവുന്ന രൂപമാണ് കലയുടെ ലക്ഷ്യം. ഇത് ഭാവനയുടെ സൃഷ്ടിയാണ്. മനുഷ്യന്റെ നൈസർഗ്ഗിക പ്രകൃതിയും, പ്രകൃതിയും തമ്മിലുള്ള സമ്പർക്കത്തിൽ നിന്നാണ് കല

പിറവിയെടുക്കുന്നത്. ശാസ്ത്രീയമായ നിരീക്ഷണത്തിൽ ക്രമവും ലയവുമാണ് സൗന്ദ ര്യം. സത്യാന്വേഷണത്തിന്റെ രീതിശാസ്ത്രമാണ് സൗന്ദര്യമെന്ന് സാമാന്യേന പറയാം.

**ശിവം**

'ശിവം' എന്നതുകൊണ്ട് മംഗളം എന്നാണ് ഉദ്ദേശിക്കുന്നത്. സത്യസൗന്ദര്യങ്ങ ളുടെ ധർമ്മം മംഗളം സൃഷ്ടിക്കുക എന്നതാണ്. ഏതെങ്കിലും ഗുണത്തിലൂടെയാണ് ഇതു പുറത്തുവരുന്നത്. ശിവേതരമായിരിക്കുന്നതെല്ലാം ഇല്ലായ്മ ചെയ്യാനാണ് മനുഷ്യ കർമ്മങ്ങൾ ലക്ഷ്യമിടുന്നത്.

**1.3. മൂല്യചിന്ത പടിഞ്ഞാറൻ രാജ്യങ്ങളിൽ**

പാശ്ചാത്യ നാടുകളെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചുമുള്ള എല്ലാ പഠനങ്ങളും പൊതുവേ ആരംഭിക്കുക ഗ്രീസിന്റെ മാഹാത്മ്യത്തെ കുറിച്ചും റോമിന്റെ പ്രതാപത്തിനെ കുറിച്ചുമുള്ള പരാമർശങ്ങളിലാണ്. പ്രാചീനഗ്രീസിൽ ഉയർന്നുവന്ന നഗരരാജ്യങ്ങൾ വർഗ്ഗപരമോ വ്യക്തിപരമോ ആയ അധികാരസ്ഥാപനങ്ങളുടെ സ്ഥാനത്ത്, നിയന്ത്രിത മെങ്കിലും ജനപങ്കാളിത്തമുള്ള ഒരു പ്രജാധിപത്യവ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചു. പലാ യന പ്രണേതാക്കളായ ഒരു ജനതക്ക് ഒരുസ്ഥലത്ത് സ്ഥിരമായി അധിവസിക്കാൻ ഇത് പ്രേരണ നല്കി. ഇതോടൊപ്പം സ്വകാര്യസ്വത്തും ആവിർഭവിച്ചു. സമൂഹത്തിന്റെ സുസ്ഥി തിക്കാവശ്യമായ വ്യക്ത്യതീത ചിന്തകൾ ഉയർന്നുവന്നു. വ്യക്തിവാദത്തിന് മുൻതൂക്കം നല്കിയാൽ ജനാധിപത്യം അർത്ഥശൂന്യമാവും. ജനാധിപത്യം നിലനിർത്തണമെങ്കിൽ ഒരുവ്യക്തിയേയും ഒരുപ്രത്യേക പരിധിക്കപ്പുറം ഔന്നത്യത്തിലെത്താൻ അനുവദിക്ക രുത്. ഈ ഭൂമികയിൽ നിന്നാണ് പാശ്ചാത്യരാജ്യങ്ങളിലെ മൂല്യചിന്ത ഉയർന്നുവരുന്ന ത്. ഇതു പ്രചരിപ്പിക്കുന്നതിനായി മിഥോളജി ഉൾപ്പെടെയുള്ള വിജ്ഞാനശാഖകൾ കടന്നു വന്നു. സാംസ്കാരിക കഥാരൂപങ്ങൾ, ആചാരപരമായ കഥാരൂപങ്ങൾ, പ്രകൃതിയെകു

റിച്ചുള്ള കഥാരൂപങ്ങൾ, പ്രപഞ്ചോല്പത്തികഥകൾ എന്നിങ്ങനെ തരംതിരിക്കാവുന്ന ഗ്രീക്ക് പുരാണകഥകൾ നന്മയിലും, ബുദ്ധിയിലും, ശക്തിയിലും സദാചാരത്തിലുമുള്ള മൂല്യബോധത്തിന് രൂപം നല്കി.

മനുഷ്യൻ പ്രപഞ്ചത്തെ മനസ്സിലാക്കുന്നതും, പ്രകൃതിയിലും സമൂഹത്തിലും മാറ്റമുണ്ടാക്കുന്നതും പ്രധാനമായും മൂന്ന് ജ്ഞാന സമ്പാദന മാർഗ്ഗങ്ങളിൽ കൂടിയാണ്. ശാസ്ത്രജ്ഞാനം, ദാർശനികജ്ഞാനം, സൗന്ദര്യശാസ്ത്രജ്ഞാനം. ഇവയെകുറിച്ചും ഇവയുടെ പരസ്പരബന്ധത്തെകുറിച്ചും പ്രാചീന ഗ്രീസുകാർക്ക് അറിവുണ്ടായിരുന്നു. വിജ്ഞാനത്തിന്റെയും കലയുടെയും സമസ്തമേഖലകളിലും ഗ്രീസിന്റെ സംഭാവനകൾ അത്യപൂർവ്വങ്ങളും അമൂല്യങ്ങളുമാണ്. ഗ്രീക്കുകാരുടെ ശാസ്ത്രജ്ഞാനമാണ് മനുഷ്യനന്മയ്ക്ക് ഊന്നൽ നല്കിയുള്ള വിജ്ഞാനാന്വേഷണത്തിന് തുടക്കം കുറിച്ചത്. മേല്പറഞ്ഞ മൂന്നു വിജ്ഞാനശാഖകളും ഒറ്റയ്ക്കൊറ്റയ്ക്ക് നിലകൊള്ളുന്നവയല്ല, അവ പരസ്പരം സ്വാധീനിയ്ക്കുന്നവയാണ്.

ശാസ്ത്രത്തിന്റെവളർച്ച യുക്തിപൂർവ്വം പ്രശ്നപരിസരങ്ങളെ സമീപിക്കാൻ മനുഷ്യനു ധൈര്യം നല്കുന്നു. പ്രകൃതിയെ കൂടുതൽ അറിയുന്നതിനും, വ്യാഖ്യാനിക്കുന്നതിനും സമൂഹത്തെ ഗുണപരമായി മാറ്റുന്നതിനും ദാർശനികചർച്ചകൾ സഹായകമാകുന്നു. ഈ രണ്ടു ശാഖകളുടെയും വികാസം, സൗന്ദര്യശാസ്ത്രബോധത്തിലും ആവിഷ്കരണ രീതിയിലും സ്വാധീനം ചെലുത്തുന്നു. മനുഷ്യമനസ്സിന്റെ അഗാധതകളിൽ ഇറങ്ങിച്ചെന്ന് പുതിയ മൂല്യങ്ങൾ സൃഷ്ടിക്കുന്നതിന് സൗന്ദര്യാവിഷ്കരണത്തിനു മാത്രമെ കഴിയൂ. മറ്റെല്ലാ സാമൂഹ്യബോധരൂപങ്ങളും ജീവിതത്തിന്റെ ഒരുവശത്തെ മാത്രമെ പ്രതിനിധാനം ചെയ്യുന്നുള്ളൂ. എന്നാൽ പ്രപഞ്ചത്തിന്റെയും പ്രതിഭാസങ്ങളുടേയും സൗന്ദര്യാത്മകജ്ഞാനസമ്പാദനംമൂലമുണ്ടാകുന്ന മൂർത്തരൂപമായ കല, മനുഷ്യജീവിതത്തെ മൂർത്തമായും സമഗ്രമായും പ്രതിനിധാനം ചെയ്യുന്നു. പ്രകൃതി,

സമൂഹം, മനുഷ്യവ്യക്തിത്വം എന്നിവയുടെ മഹത്വവും സൗന്ദര്യവും ആസ്വദിക്കാനുള്ള പരിശ്രമത്തിൽ മാർഗ്ഗദർശനം ചെയ്യുന്ന പ്രത്യശാസ്ത്രമായും, കലയും സാഹിത്യവും പ്രവർത്തിയ്ക്കും. വെർത്തൂസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് വെർചു (Virtue) എന്ന ഇംഗ്ലീഷ് പദം നിഷ്പന്നമാകുന്നത്. പാശ്ചാത്യ മൂല്യചിന്തയുടെ അടിസ്ഥാനപദമാണ് ഇത്. സത്യം (truth), സൗന്ദര്യം (beauty), നന്മ (goodness) എന്നിവയാണ് പ്രാചീന ഗ്രീസിന്റെ അടിസ്ഥാന മൂല്യസങ്കല്പം. ഭാരതീയവീക്ഷണത്തോടൊപ്പം ഈ പാശ്ചാത്യകാഴ്ചപ്പാടുകളിൽ നിന്നുകൂടി പിറവികൊള്ളുന്നതാണ് മൂല്യത്തെകുറിച്ചുള്ള ആധുനിക ചിന്തകൾ.

ഈ മേഖലയെകുറിച്ച് പഠനം നടത്തുന്ന വിജ്ഞാനശാഖയെ ദാർശനികർ മൂല്യ സിദ്ധാന്തം (Axiology) എന്നു വിളിക്കുന്നു. പഠനശാഖ എന്ന നിലയിൽ വളർന്നുവന്ന തോടെ മൂല്യത്തെ നിർവചിക്കാനുള്ള പരിശ്രമവും തുടങ്ങി.

മാനുഷിക മൂല്യങ്ങളെല്ലാം ഒരു നിത്യമൂല്യത്തിന്റെ താത്കാലിക പ്രകാശനമാണെന്നും ഈ നിത്യമായ മൂല്യക്രമം ആത്മീയ സ്വഭാവമുള്ളതും മാറ്റമില്ലാത്തുമാണെന്നും അഭിപ്രായമുണ്ട്.[8] അഭികാമ്യമായ അനുഭവങ്ങളാണ് മൂല്യങ്ങൾ എന്നതാണ് ഈ നിർവ ചനം അർത്ഥമാക്കുന്നത്. എന്നാൽ ഇവിടെ 'അഭികാമ്യം' എന്ന പദം നിർവചിക്കാൻ വിഷമമാണ്.

മൂല്യം എന്താണെന്ന ചോദ്യത്തിന് 'അത് നിങ്ങൾ കൊടുക്കുവാൻ തയ്യാറാകുന്ന വിലയാണ്' എന്ന് ബേൽസ് നിർവചിക്കുന്നു.[9] പ്രയോജനകരവും പ്രയോഗക്ഷമവുമായ ഈ നിർവചനം മൂല്യങ്ങൾ ആപേക്ഷികവും മനുഷ്യനാൽ നിർണ്ണയിക്കപ്പെടുന്നതുമാണ് എന്നബോധത്തിൽ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. ചുരുക്കത്തിൽ മൂല്യങ്ങളുടെ സ്വഭാവം സാമാന്യേന ഇനി പറയുന്നവയാണ്.

* മൂല്യം അനുഭവനിഷ്ഠവും അനിർവചനീയവുമായ ഒരു ഗുണമാണ്.

* എന്തെങ്കിലും താല്പര്യത്തിനാസ്പദമായ വസ്തുവാണ്

* മൂല്യങ്ങൾ സത്തയാണ്.

**1.4. മാനുഷികമൂല്യങ്ങൾ**

മനുഷ്യോല്പത്തിയെ കുറിച്ച് ഈശ്വരവിശ്വാസികളും അതല്ലാത്തവരും തമ്മിൽ സാരമായഅഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. വികാസപരിണാമത്തിന്റെ ഒരുഘട്ടത്തിൽ നിർജീവപദാർത്ഥത്തിൽ നിന്ന് ജീവോല്പത്തി സംഭവിച്ചുവെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ ഈ പിറവിക്ക് ഒരു ഏകനാഥനുണ്ടെന്നാണ് വിശ്വാസികളുടെ അഭിപ്രായം. എന്താണ് മനുഷ്യൻ/ജീവൻ എന്ന ചോദ്യത്തിന് മറുപടി കണ്ടെത്താൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടുണ്ട്.

ഒരേജാതിയിൽപെട്ട സ്ത്രീപുരുഷബീജം അതിലുൾക്കൊള്ളുന്ന ജനുസ്സും ക്രോമസോമുകളും സംജനിപ്പിച്ച് ലയിക്കുമ്പോഴാണ് ഒരു ജീവൻ രൂപംകൊള്ളുന്നത് എന്നാണ് ശാസ്ത്രസിദ്ധാന്തം. സൃഷ്ടിചൈതന്യങ്ങളുടെ ആദിരൂപങ്ങൾ ഇവയിൽ ലയിച്ചിരിക്കയാൽ ഏറ്റകുറച്ചിലനുസരിച്ച് ഇതിലേതെങ്കിലും ഒന്നിന്റെ രൂപം/പ്രകൃതം ജന്തുവിന് സിദ്ധിക്കുന്നു. മനുഷ്യനും മറ്റുജന്തുക്കളുംതമ്മിൽ ജീവശാസ്ത്രപരമായ കാര്യങ്ങളിൽ – ജനനം, വളർച്ച, പുനരുല്പാദനം, തിരോധാനം തുടങ്ങിയ മേഖലകളിൽ – അടിസ്ഥാനപരമായി അന്തരം കാണുന്നില്ല. എന്നാൽ മറ്റേതൊരുജന്തുലോകത്തേക്കാളും സവിശേഷമായാണ് മനുഷ്യലോകത്ത് സാമൂഹ്യഘടന പ്രത്യക്ഷപ്പെടുന്നത്. 'മനുഷ്യത്വം' എന്നു പേരുനല്കിവിളിയ്ക്കുന്ന വ്യക്തിയും സമൂഹവും തമ്മിലുള്ള പാരസ്പര്യമാണ് സവിശേഷമായ ഈ സാമൂഹ്യരീതിയ്ക്ക് തുടക്കം കുറിച്ചത്.

**1.4.1.** പ്രകൃതിയോട് എത്രമാത്രം ഏറ്റുമുട്ടിയാലും, തൃപ്തികരമാണെന്നു തോന്നുന്ന

വിധം വിജയം നേടിയാലും പുതിയ വെല്ലുവിളികൾ വ്യക്തിക്കും സമൂഹത്തിനും മുൻപിൽ ഉയർന്നു വരുമ്പോഴാണ് 'മനുഷ്യത്വം' പ്രബലപ്പെടുന്നത്. നിയതിനിയമങ്ങളെ കുറിച്ചുള്ള ബോധവും, അതിനെ വിവേകപൂർവം കൈകാര്യം ചെയ്യാനുള്ള ജാഗ്ര തയുമാണ് മനുഷ്യനെ ഇതര ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തനാക്കുന്നത്. നാം ജീവി ക്കുന്ന വാസയോഗ്യമായ ഈ ഭൂമി ഇന്നത്തെ അവസ്ഥയിൽ എത്തിയത് മേൽപറഞ്ഞ ബോധത്തിൽ നിന്നാണ്. പ്രപഞ്ചത്തിൽ എല്ലാ ജീവജാലങ്ങൾക്കും അവയുടേതായ ഒരു ലോകമുണ്ട്. മനുഷ്യനും, അവന്റേതായ ഒരു ലോകത്തിലാണ്, ചിന്താപരമായും ക്രിയാ പരമായും വ്യാപരിക്കുന്നത്. ഇതര ജീവജാലങ്ങളുടെ ലോകം എങ്ങനെയാണോ പിറ വികൊണ്ടത് അതേപ്രകാരത്തിൽ തന്നെ ഇന്നും നിലനില്ക്കുന്നു. മനുഷ്യന്റെ ലോകമാ കട്ടെ, ഭൗതിക ജീവിതത്തിന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ വേണ്ടി യുള്ള യത്നത്തിൽ അനുദിനം പരിഷ്കരിക്കപ്പെടുന്നു. മനുഷ്യലോകം അവന്റേതുമാ ത്രമാണ്. എല്ലാവർക്കും അവകാശപ്പെട്ട ഈ പ്രപഞ്ചത്തിൽ, തന്റേതുമാത്രമായ ഒരു ലോകം സൃഷ്ടിക്കാൻ നടത്തുന്ന യത്നമാണ് മനുഷ്യാദ്ധ്വാനം. എന്നാൽ തനിയ്ക്കു ജീവിക്കണമെങ്കിൽ പ്രകൃതിയുമായും, ഇതരജീവജാലങ്ങളുമായും തന്റേതന്നെ സഹ ജീവികളുമായും ഏറെ പൊരുത്തപ്പെടേണ്ടതുണ്ടെന്ന് അവൻ മനസ്സിലാക്കുന്നു. അമിത മായ പ്രകൃതിചൂഷണം, അനാവശ്യമായ ധനാർജനം, അനുഭവങ്ങളിലൂടെ സമൂഹം സൃഷ്ടിച്ച വിധിവിലക്കുകൾ സ്വാർത്ഥലാഭത്തിനുവേണ്ടി ലംഘിക്കാനുള്ള ത്വര മുത ലായവ തടയുന്നതിനായി ചില വിശ്വാസങ്ങളും സംഘടിതപ്രയത്നങ്ങളും ആരംഭിച്ചത് മനുഷ്യത്വത്തിന് പുതിയ രൂപഭാവങ്ങൾ നല്കി. നേരത്തെ സൂചിപ്പിച്ച മതമൂല്യബോ ധവും പത്തൊൻപതാം നൂറ്റാണ്ടിൽ പ്രചാരം നേടിയ മതേതരമൂല്യബോധവും ചേർന്നു ണ്ടായ മാനുഷിക വീക്ഷണമാണ് 'മാനവികത' അഥവാ ഹ്യൂമനിസം എന്ന മൂല്യ സങ്കല്പം.

ഹ്യൂമസ് (Humus) എന്ന ലാറ്റിൻ വാക്കിന് ഭൂമി എന്നാണ് അർത്ഥം. ഭൂമിയിൽ നിവസിക്കുന്നവൻ എന്ന അർത്ഥത്തിൽ ഹോമോ (Homo) എന്ന പദവും പ്രചാരത്തിലുണ്ടായിരുന്നു. ഭൂമിയുമായി ബന്ധമുള്ളതും, മതാതീതവുമായ ജീവിതത്തിലെ പ്രായോഗിക കാര്യങ്ങളെ സൂചിപ്പിക്കാനാണ് ഹ്യൂമനിസം എന്ന പദം ആദ്യകാലത്ത് ഉപയോഗിച്ചത്. പ്രാചീനകാലഘട്ടത്തിൽ പരിമിതമായ അർത്ഥം മാത്രമുണ്ടായിരുന്ന ഈ പദം ക്രമേണ പുതിയ അർത്ഥങ്ങൾ കൈവരിച്ചു.

**1.4.2.** മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ. അവനു വേണ്ടിയാണ് പ്രപഞ്ചത്തിലെ സമസ്തവിജ്ഞാനവും. ഈ ആശയമാണ് മാനവികതാവാദത്തിന്റെ ആന്തരസത്ത. ഗ്രീക്ക് റോമൻ ചിന്തകളുടെ പ്രചാരത്തിലൂടെയാണ് ഈ ചിന്ത നിലവിൽ വന്നത്. യഹൂദമതവും അതിന്റെ തുടർച്ചയായി കാണാവുന്ന ക്രിസ്തുമതവും മാനവമനോഗതിയുമായി പൊരുത്തപ്പെട്ടുപോകുന്ന മതദർശനങ്ങളാണ് ആദ്യകാലത്ത് മുന്നോട്ടുവെച്ചത്. ക്രിസ്തുമതാനുയായിയായ കോൺസ്റ്റാന്റിയൻ ചക്രവർത്തി തന്റെ തലസ്ഥാനം ഗ്രീക്ക് സംസ്കാരത്തിന്റെ ആസ്ഥാനമായിരുന്ന ബൈസാൻഷ്യ (Byzantium) ത്തിലേക്ക് മാറ്റിയതും, ഈ പ്രദേശത്തിന്റെ പേര് കോൺസ്റ്റാന്റിനോപ്പിൾ (Constantinoplis) എന്നാക്കിയതും ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. ക്രിസ്തുമതത്തിന് വ്യാപകമായ പ്രചാരം കിട്ടാൻ തുടങ്ങുന്നത് ഈ കാലത്താണ്. ഗ്രീസിന്റെയും റോമിന്റെയും വിജ്ഞാനഭണ്ഡാരത്തെ തങ്ങളുടെ ഇഷ്ടാനുസരണം വിനിയോഗിക്കുന്നതിന് ക്രിസ്തുമതം ശ്രദ്ധിച്ചു. ആരാധനാക്രമത്തിൽ – ലിറ്റർജി – ഇതിന്റെ സ്വാധീനം വരുത്തുന്നതിനും മതമേലധ്യക്ഷൻമാർ തയ്യാറായി. ക്രിസ്തുവിൽ 'സ്വർഗ്ഗപുത്രൻ' എന്ന സങ്കല്പത്തോടൊപ്പം, 'മനുഷ്യപുത്രൻ' എന്ന ഒരു സങ്കൽപം കൂടി വ്യാപകമായി പ്രചാരത്തിൽ വന്നതോടെ മനുഷ്യകേന്ദ്രീകൃതമായ മതവീക്ഷണത്തിന് ആക്കം വർദ്ധിച്ചു. 'മനുഷ്യത്വം' എന്നതുകൊണ്ട് സമൂഹം ചില ലക്ഷ്യങ്ങൾ മുന്നോട്ടു വെക്കുകയും മനു

ഷ്യനും ദൈവത്തിനും വേണ്ടി അവ അനുഷ്ഠിക്കേണ്ടത് ഓരോ മനുഷ്യന്റേയും കടമ യാണെന്ന ധാരണ പ്രചാരത്തിൽ വരികയും ചെയ്തു. കൂദാശകൾ എന്ന പേരിലറിയ പ്പെടുന്ന ക്രിസ്തുമതത്തിലെ സംസ്കാരകർമ്മങ്ങൾ കേവലം പവിത്രീകരണചടങ്ങുകൾ മാത്രമായിരുന്നില്ല. ജ്ഞാനസ്നാനം, കുമ്പസാരം, കുർബാന, സ്ഥൈര്യലേപനം, വിവാ ഹം, ഗുരുപ്പട്ടം, രോഗിലേപനം എന്നീ ഏഴു കൂദാശകൾ ബാഹ്യകർമ്മാനുഷ്ഠാനവും അതൊടൊപ്പം ആദ്ധ്യാത്മിക പ്രാർത്ഥനയും കൂടി ചേർന്നതാണ്. യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ മുന്നോട്ടുവെച്ച അഷ്ടഭാഗ്യങ്ങൾ ക്രിസ്തുമതത്തിന്റെ മാനവിക വീക്ഷണത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഈ കാഴ്ചപ്പാടുകൾ നിലവിൽ വന്നതോടുകൂടി മനുഷ്യന്റെ പുണ്യപാപബോധങ്ങളിൽ മാറ്റം വന്നു. മതവും സമൂഹവും മുന്നോട്ടുവെ യ്ക്കുന്ന പുണ്യപാതയിൽ സഞ്ചരിക്കാൻ മനുഷ്യൻ തയ്യാറാണെങ്കിലും ചിലവ്യക്തി സ്വഭാവങ്ങളും, സാമൂഹ്യഘടനയിലെ ചില വിശേഷതകളും അതിനു വിഘാതം സൃഷ്ടി ക്കാൻ ഇടയുണ്ടെന്ന് യേശുക്രിസ്തു കണ്ടു. പാപം ചെയ്തു എന്നതുകൊണ്ടു മാത്രം ഒരാൾ ദൈവലോകത്തിൽ പ്രവേശിക്കാൻ അനർഹനാകുന്നില്ലെന്നും പാശ്ചാത്താപത്തി ലൂടെ മാനസാന്തരപ്പെടാൻ അവന് അവസരം കൊടുക്കാവുന്നതാണെന്നും ക്രിസ്തു മതം പ്രഖ്യാപിച്ചു.

ഹ്യൂമനിസം - മാനവികത - എന്ന ആശയം ശാസ്ത്രീയവും യുക്തിസഹവുമായി മുന്നോട്ടുവെച്ചതും പ്രചരിപ്പിച്ചതും ക്രിസ്തുമതത്തിന്റെ ആദ്യകാലഘട്ടത്തിലെ മിഷ ണറിമാരാണ്. പിന്നീടുകടന്നുവന്ന ഇസ്ലാംമതം മനുഷ്യന്റെ സമൂഹജീവിതത്തിലും വ്യക്തിജീവിതത്തിലും കർക്കശമായ ചില ചിട്ടകൾ നടപ്പിലാക്കി. മാനവികതയുൾപ്പെ ടെയുള്ള മൂല്യചിന്തകളെ വിശ്വാസവുമായി - ഈമാൻ (creed) - ബന്ധപ്പെടുത്തിമാ ത്രമെ ഇസ്ലാം കണ്ടിരുന്നുള്ളൂ.

### 1.4.3. ഇരുളടഞ്ഞ കാലഘട്ടം, മാനവികതയുടെ അപചയഘട്ടം

റോമാ സാമ്രാജ്യത്തിൽ സ്വതന്ത്രചിന്തയ്ക്കും ആശയവിനിമയത്തിനുമുണ്ടായിരുന്ന സ്വാതന്ത്ര്യം എ.ഡി. 529 ആയപ്പോഴേക്കും ഏതാണ്ട് അവസാനിച്ചു. ക്രിസ്തുമതം മതപരമായ വിഷയങ്ങളിൽ ഏകാധിപത്യ പ്രവണതകൾ പ്രദർശിപ്പിക്കാൻ ആരംഭിച്ചു. എ.ഡി. 500 മുതൽ 1400 വരെയുള്ള കാലഘട്ടം ഇരുണ്ടയുഗം എന്ന പേരിലാണ് ലോകചരിത്രത്തിൽ അറിയപ്പെടുന്നത്. മതത്തിന്റെ ആന്തരികസത്തയെ ഉപേക്ഷിച്ച് കേവലം അനുഷ്ഠാന ഘടകങ്ങൾക്ക് പ്രഥമസ്ഥാനം നല്കാനും മതഭരണത്തിനുവേണ്ടി അമിതാധികാരമുള്ള സ്ഥാപനങ്ങളെ സൃഷ്ടിക്കുവാനും തുടങ്ങിയപ്പോൾ താല്കാലിമായി മാനവികതയുടെ അപചയഘട്ടം ആരംഭിച്ചു. പലഭൂപ്രദേശങ്ങളിലുമുള്ള ഭരണകൂടങ്ങളും ഭരണാധികാരികളും മതസ്ഥാപനങ്ങളുടെ ആജ്ഞാനുവർത്തികളായി മാറി.

മനുഷ്യന് ചിന്താസ്വാതന്ത്ര്യം നഷ്ടപ്പെട്ട ഈ കാലയളവിൽ അതിന്റെ ആവിഷ്കാരരൂപങ്ങളായ കലാസാഹിത്യാദി വിഷയങ്ങളിൽ മുരടിപ്പനുഭവപ്പെടാൻ തുടങ്ങി. 'മതാധിപത്യം', തങ്ങൾക്കപ്രിയമായ കാര്യങ്ങൾ പറയുന്ന കൃതികളേയും എഴുത്തുകാരെയും നിർദ്ദയം നശിപ്പിക്കാൻ ആരംഭിച്ചു. കവിത, മതപരമല്ലെങ്കിൽ അത് പിശാചിന്റെ വചനങ്ങളാണെന്ന് മതാദ്ധ്യക്ഷൻമാർ വിധിച്ചു. വിഗ്രഹാരാധന നിരോധിക്കപ്പെടുകയും, പ്രതിമാനിർമ്മാണമുൾപ്പെടെയുള്ള എല്ലാ കലകളും അസത്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നിരന്തരമായ നിരീക്ഷണ, ഗവേഷണ, പരീക്ഷണങ്ങളിലൂടെ തങ്ങൾ കണ്ടെത്തിയ പ്രപഞ്ചസത്യങ്ങൾ വെളിപ്പെടുത്തിയ ശാസ്ത്രജ്ഞൻമാരെ അംഗീകരിക്കാൻ തയ്യാറായില്ല എന്നു മാത്രമല്ല അവരെ ശിക്ഷിക്കാനും തയ്യാറായി. മതവിചാരണ – ഇൻക്വിസിഷൻ – മാനവ ചിന്തയുടെ സമസ്തതലങ്ങളിലും ഭീതിപടർത്തി. കരുണാമയനായ 'ദൈവം' കാർക്കശ്യമുള്ളവനായും, സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞ 'മതം' ഭീതിതമായും ജനങ്ങൾക്കനുഭവപ്പെട്ടു. മറ്റേതൊരുമണ്ഡലത്തേക്കാളും മാനവികതയെയാണ്, ഇരുളടഞ്ഞ

കാലഘട്ടത്തിന്റെ ആദ്യഘട്ടം ഏറെ സ്വാധീനിച്ചത്. മതാധിഷ്ഠിതമൂല്യങ്ങൾ ദൈവകേന്ദ്രീകൃതമായി മാറുകയും നിസ്സഹായനായ മനുഷ്യനെ വിസ്മരിക്കുകയും ചെയ്തു. 1453-ൽ കോൺസ്റ്റാൻഡിനോപ്പിൾ അറബികൾക്കധീനമായതോടെ മദ്ധ്യധരണ്യാഴി പ്രദേശം അറേബ്യക്ക് കിഴക്കും പടിഞ്ഞാറുമുള്ള മഹത്തായ സംസ്കാരങ്ങളുടെ സംഗമരംഗമായി മാറി. ഈ കാലഘട്ടത്തിന്റെ തുടർച്ചയായി, 15 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകളെ ചരിത്രം നവോത്ഥാന കാലഘട്ടം എന്നു വിശേഷിപ്പിക്കാനാരംഭിച്ചു.

### 1.5. നവോത്ഥാന കാലഘട്ടവും മനുഷ്യനും

ഇംഗ്ലീഷിലെ റിനൈൻസൻസ് എന്ന പദത്തിന് സമാനമായിട്ടാണ് നവോത്ഥാനം എന്ന പദം മലയാളത്തിലുപയോഗിച്ചുവരുന്നത്.

പതിനാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇറ്റലിയിൽ ആരംഭിച്ച ബുദ്ധിപരവും, സാംസ്കാരികവുമായ നവചിന്തകൾ തുടർന്നു വരുന്ന നൂറ്റാണ്ടുകളിൽ യൂറോപ്പിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ സൃഷ്ടിച്ച മാറ്റമാണ് നവോത്ഥാന വിപ്ലവം. കലാസാഹിത്യ വിഷയങ്ങളെകുറിച്ചുള്ള പഠനത്തിലാണ് ഈ പദം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെങ്കിലും ആകെ തുകയിൽ ഇത് ഒരു മനുഷ്യോദയപ്രസ്ഥാനമായിരുന്നു. ലോകചരിത്രത്തിന്റെ വിവിധഘട്ടങ്ങളിൽ ഇത്തരത്തിൽ മാനവപുരോഗതിയുടെ പുതുജന്മങ്ങൾ കാണാമെങ്കിലും അവയെ ഒന്നും തന്നെ സാമൂഹ്യശാസ്ത്രവും സാംസ്കാരിക ചരിത്രവും അത്രമേൽ പരിഗണിക്കുന്നില്ല. അതിനുള്ള കാരണം അവയ്ക്കൊന്നും തന്നെ ഇത്ര വ്യാപകമായി സ്വാധീനം നേടാനോ ഏതെങ്കിലും ഒരു സംഘടിത സമൂഹത്തിന്റെ താമസബോധത്തെ ഉച്ചാടനം ചെയ്യാനോ കഴിഞ്ഞിട്ടില്ല എന്നതാണ്. ഈ കാലഘട്ടത്തിലെ ചിന്തകൾ ലോകചരിത്രത്തിൽ ചില നിഷേധസ്വാധീനങ്ങൾക്ക് ഇടനല്കിയെങ്കിലും മനുഷ്യവൈഭവത്തിനും മാനവസത്തയ്ക്കും ഇത്രമേൽ അംഗീകാരം ലഭിച്ച ഒരു കാലഘട്ടം

ഇതിനുമുൻപോ ശേഷമോ ഉണ്ടായിട്ടില്ല.

**1.5.1.** കോപ്പർനിക്കസ്, ഗലീലിയോഗലീലി, ഐസക്ന്യൂട്ടൻ എന്നിവർ പ്രപഞ്ചത്തെകുറിച്ചും, പ്രകൃതിപ്രതിഭാസങ്ങളെകുറിച്ചും യുക്തിസഹമായ ശാസ്ത്രീയ വീക്ഷണങ്ങൾ മുന്നോട്ടുവെച്ചു. സാഹിത്യത്തിൽ ദാന്തെ, അലക്സാണ്ടർ പോപ്പ് മുതലായ പണ്ഡിതന്മാർ പുതിയ അർത്ഥത്തിൽ പഴയ ധാർമ്മിക ചിന്തകൾ പുനരവതരിപ്പിച്ചു. ലിയനാഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ എന്നിവർ ചിത്രകലയിൽ പുതുപ്രവണതകൾക്ക് തുടക്കം കുറിച്ചു. ജർമ്മൻകാരനായ ഗുട്ടൻബർഗ് 1453-ൽ അച്ചടിവിദ്യയ്ക്ക് തുടക്കം കുറിച്ചത് വിജ്ഞാനവ്യാപനത്തിന് ഏറെ സഹായകമായി. കലാസാഹിത്യമണ്ഡലത്തിൽ വന്ന മാറ്റങ്ങളുടെ കൂടി സാഹചര്യത്തിലാണ് നവോത്ഥാനം ഒരു വിപ്ലവമാണെന്ന് സൂചിപ്പിച്ചത്.

കേവലരാഷ്ട്രീയപരിവർത്തനം എന്ന അടിസ്ഥാനത്തിലല്ല മനുഷ്യചിന്തയിലും ക്രിയാവ്യാപാരങ്ങളിലുമുണ്ടായ മാറ്റം എന്ന അടിസ്ഥാനത്തിലാണ് നവോത്ഥാനം എന്ന സംപ്രത്യയം കടന്നുവരുന്നത്.

മേൽസൂചിപ്പിച്ച മാറ്റങ്ങൾ പതിനാലാം നൂറ്റാണ്ടിൽ ആകസ്മികമായി സംഭവിച്ചതല്ല. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ ആരംഭിച്ചതും ക്രമാനുഗതമായി വളർന്നുവന്നതുമായ ചിന്താമണ്ഡലത്തിലെ ചലനങ്ങളാണ് ഇതിനു കാരണമായത്. രാജാധികാരം ദൈവദത്തമാണെന്ന ഒരു വിശ്വാസം വ്യാപകമായ രീതിയിൽ ജനങ്ങളിൽ നിലവിലുണ്ടായിരുന്നു. ദൈവത്തിന്റെപ്രതിപുരുഷൻമാരായ തങ്ങൾ 'മൂല്യ' ങ്ങളുടെ സൃഷ്ടിസ്ഥിതി സംഹർത്താക്കളാണെന്ന് രാജാക്കന്മാർ പ്രചരിപ്പിച്ചു. ജനജീവിതത്തിൽ രാജവാഴ്ചയുടെ ഇടപെടൽ പലപ്പോഴും സഹിക്കാവുന്നതിലപ്പുറമായിരുന്നു. നിയമനിർമ്മാണം, നീതിനിർവഹണം ശിക്ഷാവിധികൾ തുടങ്ങിയ ഒരു വിഷയത്തിലും കേവലമനുഷ്യന്റെ ഭൗതി

കപശ്ചാത്തലങ്ങൾ പരിഗണിക്കപ്പെട്ടിരുന്നില്ല. മനുഷ്യനുവേണ്ടി ആയിരിക്കണം ഇവയെല്ലാം എന്ന് ക്രമേണ സമൂഹം ചിന്തിക്കാൻ ആരംഭിച്ചു.

**1.5.2.** ഇംഗ്ലണ്ടിലെ ജോൺ രാജാവിനെതിരെ 1215 ജൂൺ 15ന് ഒപ്പുവെച്ച മാഗ്നാകാർട്ട മനുഷ്യചരിത്രത്തിൽ ഒരു പുതിയ കാഴ്ചപ്പാടിന് തുടക്കം കുറിച്ചു. ജനങ്ങൾ ഭരണകൂടത്തിനെയും, നിയമങ്ങളേയും ഏതർത്ഥത്തിലാണ് വിലമതിക്കുന്നതെന്ന് ഈ പ്രഖ്യാപനത്തിലൂടെ വ്യക്തമാക്കി. മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾ നിർവചിക്കാനും കാത്തുസൂക്ഷിക്കാനും ഭരണകൂടം ബാദ്ധ്യസ്ഥമാണെന്ന ആദ്യത്തെ പ്രഖ്യാപനമാണ് മാഗ്നാകാർട്ട. ഒരു വ്യക്തിയെ തടവിലാക്കിയാൽ നിഷ്പക്ഷമായി വിചാരണ ചെയ്യണമെന്നും വിചാരണാസമയത്ത് മറ്റുള്ളവരുടെ സാന്നിദ്ധ്യം വേണമെന്നും ആ സന്ദർഭത്തിൽ ധനികനെന്നും ദരിദ്രനെന്നുമുള്ള വേർതിരിവ് കടന്നുവരരുത് എന്നും ഈ നിയമം ഉറപ്പുവരുത്തി. ഇന്ന് ലോകത്താകെ നീതിന്യായമേഖലയിൽ മാഗ്നാകാർട്ടയുടെ സ്വാധീനം കാണാം.

1789 മുതൽ 99 വരെ നടന്ന ഫ്രഞ്ചുവിപ്ലവം മാനവികതയുടെ ചരിത്രത്തിൽ ഗണനീയമാണ്. നാടുവാഴിത്തഭരണത്തിൻകീഴിൽ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വർദ്ധിച്ചുവന്ന അന്തരം, ഇവയ്ക്കുനേരെ മുഖംതിരിച്ചു നില്ക്കുകയും ദാരിദ്ര്യം ദൈവദത്തമാണെന്ന് വിശ്വസിക്കുകയും ചെയ്ത മതസ്ഥാപനങ്ങളോട് ജനങ്ങൾക്കുണ്ടായിരുന്ന അമർഷം, സമഗ്രമായ മാറ്റത്തിനുള്ള വ്യഗ്രത എന്നിവയാണ് ഫ്രഞ്ചുവിപ്ലവത്തിന് വഴിയൊരുക്കിയത്. മാനവികതാബോധത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശ്രമങ്ങളെ വിപ്ലവത്തിന് നേതൃത്വം കൊടുത്തവർ ചോദ്യം ചെയ്തു. മനുഷ്യൻ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾക്കുള്ളകാരണം, അതിനെ അതിജീവിക്കാൻ അവന്റെ മുന്നിലുള്ള മാർഗ്ഗം എന്നിവയിലേക്ക് പ്രശസ്തചിന്തകരായ വോൾട്ടയറും റൂസോയും ജനങ്ങളുടെചിന്തയെ ആകർഷിച്ചു. പ്രസംഗങ്ങൾ, ലേഖന

ങ്ങൾ, കവിതകൾ എന്നിവയിലൂടെ ഫ്രഞ്ച് ജനതയുടെ ദേശീയബോധത്തെയും ആത്മാഭിമാനത്തെയും വീണ്ടെടുത്ത്, തങ്ങളുടെ പരിതോവസ്ഥകളോട് പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കിയത് ആശയലോകത്തു ഇവർ നടത്തിയ പരിശ്രമങ്ങളാണ്. കായികബലത്തിന്റെ വിജയത്തോടൊപ്പം തന്നെ, മാനവികത ഉയർത്തിവിട്ട ആത്മവിശ്വാസത്തിന്റെകൂടി വിജയമാണ് ഫ്രഞ്ചുവിപ്ലവം.

### 1.5.3. മാനവികതയും നവോത്ഥാന പാശ്ചാത്യ സാഹിത്യവും

ഈ കാലയളവിൽ സാഹിത്യത്തിൽ ഉയർന്നുവന്ന രണ്ടു ചിന്താഗതികൾ ശ്രദ്ധേയമാണ്. നിയോക്ലാസിസം റൊമാന്റിസിസം എന്നിവയാണ് അവ. ഇരുളടഞ്ഞ കാലഘട്ടത്തിൽ മാനവസംസ്കൃതിയ്ക്ക് നഷ്ടപ്പെട്ടുപോയ മൂല്യബോധങ്ങളെ തിരിച്ചുകൊണ്ടു വരാനുള്ള പരിശ്രമമാണ് സാഹിത്യത്തിലെ നിയോക്ലാസിക് പ്രസ്ഥാനം. മതവിരുദ്ധമെന്ന് തീർപ്പുകല്പിച്ച് ക്രൈസ്തവസഭയും അതിന്റെ പിൻബലത്തോടെ ഭരണാധികാരികളും പ്രചാരലുപ്തമാക്കിയ ഗ്രീക്ക് - റോമൻ കൃതികളെ, പ്രാചീനഭാഷകൾ പഠിച്ച് ആ ഭാഷകളിൽ തന്നെ പുനരാവിഷ്കരിക്കാൻ നിയോക്ലാസിക് സാഹിത്യകാരൻമാർ തയ്യാറായി. ഇവർക്ക് സാഹിത്യരചനയിലും കലാവിമർശനത്തിലും മാർഗ്ഗദർശിത്വം നല്കിയത് പ്രാചീനകൃതികളാണ്. ഹോമർ, വെർജിൽ, ദാന്തെ മുതലായവരുടെ കൃതികൾ അതേ പ്രകാരത്തിൽ അനുകരിക്കാൻ കഴിയുന്നവരാണ് ഉത്തമസാഹിത്യകാരന്മാർ എന്ന് ഇവർ വിശ്വസിച്ചു.

സത്യം, ധർമ്മം തുടങ്ങിയ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന സാഹിത്യരചനയാണ് ഉത്തമസാഹിത്യരചന എന്ന് നിയോക്ലാസിസം വിധിച്ചു. ഏതാണ്ട് 1650 മുതൽ 1790 വരെ പാശ്ചാത്യസാഹിത്യലോകത്തെ നിയന്ത്രിച്ചത് നിയോക്ലാസിക് തത്വങ്ങളാണ്.

നിയോക്ലാസിസത്തിന്റെ ഒരു നിഷേധസ്വാധീനം എന്ന നിലക്കാണ് കാല്പനി

കത എന്ന റൊമാന്റിക് കാവ്യചിന്ത 1798 ൽ പാശ്ചാത്യനാടുകളിൽ ഒരു സംഘടിത പ്രസ്ഥാനമായി മാറുന്നത്. വില്യം ബ്ലെയ്ക്, വേഡ്സ് വർത്ത്, കാൾറിഡ്ജ്, ഷെല്ലി, കീറ്റ്സ് എന്നീ കവികൾ നിയോക്ലാസിക് രചനാരീതിയേയും രൂപാധിഷ്ഠിത വിമർശന സമ്പ്രദായത്തേയും എതിർത്തു. എന്നാൽ ചില മൂല്യബോധങ്ങൾക്ക് സാമൂഹ്യംഗീകാരം നേടിയെടുക്കാൻ റൊമാന്റിസിസം യത്നിക്കുകയും ചെയ്തു. മൂല്യങ്ങൾ വ്യക്ത്യധിഷ്ഠിതമാണെന്നും, വ്യക്തിക്ക് സമൂഹത്തിൽ അർഹമായ പരിഗണനയും സ്ഥാനവും ലഭിക്കണമെന്നും ഉചിതമായ കഴിവുകൾക്കുള്ള അംഗീകാരവും പ്രോത്സാഹനവുമാണ് ഒരു എഴുത്തുകാരനെ സൃഷ്ടിക്കുന്നത് എന്നും റൊമാന്റിസിസം വ്യക്തമാക്കി.

വ്യക്തിപ്രധാനമാകയാൽ നിരവധി പരിമിതികൾ കാല്പനികതയുടെ മൂല്യചിന്തകളിൽ ഉണ്ടായിരുന്നു. എന്നാൽ ആ കാലഘട്ടംവരെ കലയും സാഹിത്യവും ഉയർത്തിപ്പിടിച്ച മാനവനന്മയുടെ പക്ഷത്തുനിന്നുകൊണ്ട് തന്നെയാണ് റൊമാന്റിക് സാഹിത്യകാരനും തന്റെ രചന നിർവഹിച്ചത്. അതിൽ ഏതെങ്കിലും വീഴ്ച സംഭവിക്കുന്നുവെങ്കിൽ ആത്മാർത്ഥമായി ദുഃഖിക്കാൻ അവൻ ശ്രദ്ധിച്ചിട്ടുമുണ്ട്.

ശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലുമുണ്ടായ അഭൂതപൂർവ്വമായ വളർച്ച ചരിത്രഗതിയെ സ്വാധീനിച്ചു. ഉല്പാദന പ്രക്രിയയിൽ യന്ത്രങ്ങളുടെ കടന്നുവരവോടെ സംഭവിച്ച ഉല്പാദനവർദ്ധനവ് പുതിയ കമ്പോളങ്ങൾ കണ്ടെത്താൻ പാശ്ചാത്യരാജ്യങ്ങളെ നിർബന്ധിതമാക്കി. സാഹസികമായ സമുദ്ര സഞ്ചാരങ്ങളിൽ താല്പര്യം കാണിച്ചിരുന്ന പോർച്ചുഗൽ, ഹോളണ്ട്, ഫ്രാൻസ്, ബ്രിട്ടൻ മുതലായ സമുദ്രതീരരാജ്യങ്ങൾക്ക്, വടക്കുനോക്കിയന്ത്രത്തിന്റെപ്രചാരവും, ഹിപ്പാലസ് കാറ്റിന്റെഗതി നിർണയിച്ചതും പുതിയ പര്യവേഷണങ്ങൾക്ക് പ്രേരണ നല്കി. വെടിമരുന്നിന്റെ കണ്ടുപിടുത്തവും ഹിംസാത്മകമായ ഉപയോഗവും അധീശാധികാരശക്തികളുടെ യുദ്ധങ്ങൾക്ക് പുതിയ രൂപം നല്കി. ക്രിസ്തുമത പ്രചരണത്തനുണ്ടായിരുന്ന വ്യഗ്രത ഈ യാത്രാസാഹസങ്ങൾക്ക് പ്രോത്സാ

ഹനം നല്കാൻ പര്യാപ്തവുമായിരുന്നു. കച്ചവടതാല്പര്യവും മതപ്രചരണതാല്പര്യവുമായി ആരംഭിച്ച ഈ സഞ്ചാരങ്ങൾ കോളണിവല്കരണത്തിലാണ് അവസാനിച്ചത്. കോളനിവല്കരണത്തിന്റെ എണ്ണിയാലൊടുങ്ങാത്ത ദൂഷ്യങ്ങൾ പല മേഖലകളിലായി ചർച്ച ചെയ്തിട്ടുള്ളതാണ്. കൊളോണിയൽ അധിനിവേശത്തിന്റെ ഫലങ്ങളിലൊന്നാണ് പാശ്ചാത്യചിന്തയുടെ വ്യാപനം.

പ്രാചീനഗ്രീസിൽ നിന്ന് ആരംഭിച്ചതും നവോത്ഥാന കാലഘട്ടത്തിലെ ശാസ്ത്രീയയുക്തിബോധംകൊണ്ട് പോഷിപ്പിക്കപ്പെട്ടതും, രാഷ്ട്രീയ സാമൂഹ്യ വിപ്ലവങ്ങളുടെ ഫലമായി വ്യക്തി ജീവിതത്തിൽ സർവ്വസ്പർശിയായി സ്വാധീനം നേടിയതുമായ 'മാനവികത' എന്ന മൂല്യബോധം പാശ്ചാത്യ വിജ്ഞാന വ്യാപനത്തിന്റെ സൃഷ്ടിയാണ്.

### 1.6. ഹ്യൂമനിസം - പദനിഷ്പത്തി, വ്യാപ്തി, നിർവചനം, വർഗ്ഗീകരണം

പ്രാചീന ഗ്രീക്ക് - റോമൻ സാഹിത്യത്തെ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നവരാണ് ആദ്യകാലത്ത് ഹ്യൂമനിസ്റ്റുകൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. വ്യാകരണം, അലങ്കാരശാസ്ത്രം, കവിത, ചരിത്രം, സദാചാരദർശനങ്ങൾ എന്നിവയ്ക്കാണ് ഇവർ പ്രാമുഖ്യം നല്കിയിരുന്നത്. ഇറ്റാലിയൻ ചിന്തകന്മാരിൽ നിന്ന് പല പ്രദേശങ്ങളിലായി വ്യാപിച്ച് ക്രമേണ മതാതീതവും, ദേശാതീതവുമായ മനുഷ്യത്വത്തെ കാത്തുസൂക്ഷിക്കുക എന്ന അർത്ഥം ഈ പദത്തിന് കൈവരിക്കാൻ കഴിഞ്ഞു.

പരസ്പരധാരണ, ഉദാരത, ദയ, സഹാനുഭൂതി, മനുഷ്യപക്ഷത്തുനിന്നുകൊണ്ടുള്ള വിധിനിർണ്ണയം, അഭിമാനബോധം, സ്നേഹം, ബഹുമാനം എന്നിവയാണ് ഹ്യൂമനിസ്റ്റുകൾ ലക്ഷ്യമാക്കുന്നത്. പ്രാചീന ഗ്രീക്ക് മിഥോളജിയിലൂടെ പ്രചാരം നേടിയ, ഭൂമിയിലെമനുഷ്യർക്കു വേണ്ടി സർവവും ത്യജിക്കാൻ തയ്യാറായ വീരനായകൻമാരാണ്

ഇവർക്ക് മാതൃകകളായത്.

ഫ്രാൻസിസ്കൊ പെട്രാർക്ക്, കുൽക്കിയോ സല്യൂട്ടി എന്നീ ചിന്തകന്മാർ പ്രാചീന റോമൻ കൃതികളുടെ കൈയ്യെഴുത്തു പ്രതികൾ കണ്ടെടുക്കുകയും, മാനവികാശയങ്ങൾക്കു പ്രാധാന്യം നല്കി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. പ്ലാറ്റോ, അരിസ്റ്റോട്ടിൽ, എന്നീ പ്രാചീന വിമർശകന്മാർ, കാവ്യം മനുഷ്യന് ഏതുവിധമാണ് പ്രയോജനപ്പെടുന്നത് എന്ന തിനെ മുൻനിർത്തിയാണ് തങ്ങളുടെ കാവ്യാദർശത്തിന് രൂപം നല്കിയത്. ഈ വിമർശനരീ തിക്ക് ഊന്നൽ നല്കാൻ നിയോക്ലാസിക് വിമർശകരും ശ്രദ്ധിച്ചു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യന് സവിശേഷമായ പരിഗണന ലഭിച്ചു. മാനവികചിന്ത ഏറെ വികസിതമായിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ എന്താണ്മാനവികത എന്ന് ശാസ്ത്രീ യമായി നിർവചിക്കാനും, പഠനസൗകര്യത്തിനും വേണ്ടി വർഗ്ഗീകരിക്കാനും കഴിയണം.

'മനുഷ്യനാണ് എല്ലാറ്റിന്റേയും അളവുകോൽ'[10] എന്ന പ്രോട്ടഗോറസിന്റെ പ്രസ്താ വനയാണ് നിർവചനചിന്തയിൽ ആദ്യംകടന്നുവരിക. അദ്ദേഹത്തിനുശേഷം വന്ന ഡാക്കിൻ എന്ന പണ്ഡിതൻ 'മനുഷ്യൻ മാത്രമാണ് യാഥാർത്ഥ്യത്തിന്റെ വിധാതാവും നിയന്താവുമെന്ന്' വ്യക്തമാക്കി. ഇരുളടഞ്ഞ കാലഘട്ടത്തിൽ ക്രിസ്ത്യാനിറ്റിയിൽനിന്ന് - ക്രൈസ്തവതയിൽ - നിന്ന് ചോർന്നു പോയതെന്തോ അതാണ് മാനവികത എന്ന് അദ്ദേഹം കൂട്ടിചേർത്തു.[11]

സത്യസൗന്ദര്യങ്ങളേയും ദൈവത്തേയും അന്വേഷിച്ചുള്ള അവിരാമമായ ഒരു യാത്ര യാണ് മാനവജീവിതമെന്നും ശാസ്ത്രത്തിന് സത്യസൗന്ദര്യങ്ങളെ കണ്ടെത്താൻ കഴി ഞ്ഞാലും ദൈവമാർഗ്ഗത്തിലേക്ക് എന്ത് അവശേഷിക്കുന്നുവോ അതാണ് മാനവികത എന്ന ഒരു കാഴ്ചപ്പാടും നിലവിലുണ്ട്.

മനുഷ്യന് മുഖ്യസ്ഥാനം നല്കാൻ തയ്യാറുള്ള ഏതൊരുചിന്തയിലും പ്രവൃ

ത്തിയിലും മാനവികത മൂർത്തരൂപത്തിൽ അനുഭവപ്പെടുന്നു. കഥ എന്ന സാഹിത്യരൂപത്തെ മുൻനിർത്തി മാനവികചിന്തയുടെ സാധ്യത പരിശോധിക്കുന്ന ഈ ഗവേഷണ പ്രബന്ധത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മാനവികതയെ താഴെപറയുന്ന വിധം നിർവചിക്കുന്നു.

"കാലദേശ പ്രമാണങ്ങൾക്കകത്തുനിന്നുകൊണ്ട് മനുഷ്യനെ, പുനർനിർവച്ചിക്കാനും നവീകരിക്കാനുമുള്ള ഏതൊരു പരിശ്രമവും മാനവികതയിൽ നിന്ന് ഉയിർകൊള്ളുന്നു. നിസ്സഹായകനാകുന്ന സന്ദർഭങ്ങളിൽ ആത്മവിശ്വാസം നൽകി മനുഷ്യനെ മുന്നോട്ടു നയിക്കാനുള്ള ഏതൊരു പരിചരണവും മാനവികതാ മൂല്യത്തിന്റെ പ്രകാശനമാണ്. ഈ പ്രകാശനങ്ങളിലൂടെ കാലദേശ പ്രമാണങ്ങളുടെ നിജസ്ഥിതി തിരച്ചറിയാൻ കഴിയുന്നു.

ഭൗതികാതീതമായ യാതൊന്നും മാനവിക ചിന്തയിൽ കടന്നുവരുന്നില്ല. മതജാതി നിരപേക്ഷവും, ദേശനിരപേക്ഷവും ആയ ഉയർന്ന ബോധമാണ് മാനവികതയുടെ ഊർജ്ജസ്രോതസ്. ഒന്നിനേയും നിഷേധിക്കാനല്ല എല്ലാ ആശയങ്ങളേയും മനുഷ്യപ്രയോജനത്തിനായി പുനരാവിഷ്കരിക്കാനാണ് മാനവികത ശ്രദ്ധിക്കുന്നത്.

**1.6.1.** പഠന സൗകര്യത്തിനുവേണ്ടി ഏതൊരു വിഷയത്തേയും വർഗ്ഗീകരിക്കാറുണ്ട്. എന്നാൽ മനുഷ്യനോടൊപ്പം പിറവികൊള്ളുകയും മാനവരാശിയോടൊപ്പം നിരന്തരം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന 'മാനവികത' എന്ന മൂല്യത്തെ വർഗ്ഗീകരിക്കാൻ ചില പരിമിതികൾ ഉണ്ട്. മറ്റെല്ലാ ചിന്താധാരകളും മാനവരാശിയുടെ നിയന്ത്രണപരിധിയിൽനിന്ന് വികസിക്കുന്നതാണ് – എന്നാൽ മാനവികത എന്ന മൂല്യബോധം പലപ്പോഴും നമ്മെ നിയന്ത്രിക്കുന്നു. നിശ്ചിത സാംസ്കാരിക പരിവൃത്തിക്കകത്താണ് ഈ മൂല്യബോധം വ്യാപരിക്കുന്നത്. വിവരണ സൗകര്യത്തിനുവേണ്ടി താഴെപറയുംപ്രകാരം മാന

വികതയെ വർഗ്ഗീകരിക്കുന്നു.

1. പ്രാചീന മാനവികത

2. ആദ്ധ്യാത്മിക മാനവികത

3. മതാധിഷ്ഠിതവും ആദ്ധ്യാത്മികവുമായ മാനവികത

4. മതാധിഷ്ഠിത മാനവികത

5. യുക്ത്യാധിഷ്ഠിത മാനവികത

6. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദ മാനവികത

7. ശാസ്ത്രീയ മാനവികത

8. ഉദാരമാനവികത

പ്രാചീന സമുദായത്തിൽ നിലനിന്നിരുന്നതും ഒരു ദർശനമെന്ന നിലയ്ക്ക് വേണ്ടത്ര പ്രചാരം നേടാത്തതുമായ മാനവികതയാണ് പ്രാചീന മാനവികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ആത്മാവിനെ കുറിച്ചുള്ള ആധി, മോക്ഷത്തെ കുറിച്ചുള്ള ആശങ്ക എന്നിവയാൽ മനുഷ്യൻ മനുഷ്യരോട് കാണിക്കേണ്ടുന്ന കടമകളും കർത്തവ്യങ്ങളുമാണ് ആദ്ധ്യാത്മിക മാനവികത ലക്ഷ്യമിട്ടത്.

മതവിശ്വാസത്തിന്റെ വളർച്ചക്കായി ദൈവവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും പരിപാലിച്ച് വിശുദ്ധിയിലെത്താൻ മനുഷ്യൻ കാത്തുസൂക്ഷിച്ച മൂല്യബോധങ്ങളെയാണ് മതാധിഷ്ഠിതവും ആധ്യാത്മിവുമായ മാനവികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മതം മാത്രമാണ് ശരി എന്നും മതം നിശ്ചയിച്ച സദാചാരബോധങ്ങൾ മാത്രമെ സദാചാരബോധങ്ങളാവൂ എന്നും അന്യമതങ്ങളുടെ ബോധചിന്തകൾ ദൈവവിരുദ്ധവും

അതിനാൽ തന്നെ മനുഷ്യവിരുദ്ധവുമാണെന്നുള്ള ചിന്താഗതിയാണ് മതാധിഷ്ഠിത മാന വികത മുന്നോട്ടുവെച്ചത്. മനുഷ്യാതീത ചിന്തകളിൽ നിന്നാണ് ഈ ആശയം കടന്നുവ രുന്നതെങ്കിലും മനുഷ്യന്റെ ബല - ദൗർബല്യങ്ങളാണ് ഇവിടെ മാനവചിന്തക്ക് നിദാനം.

ശാസ്ത്രീയമായ ഒരു യുക്തിക്ക് പ്രാധാന്യം നല്കി അതിന് മനുഷ്യനുമായുള്ള അഭേദ്യമായ ബന്ധം വിശദീകരിച്ച് അതിനുവേണ്ടി മാനവ സമുദായത്തെ ഒരുമിച്ചു നിർത്തുകയെന്നുള്ളതാണ് യുക്ത്യധിഷ്ഠിത മാനവികതയുടെ സ്വഭാവം. അമ്മ എന്ന യുക്തിസഹമായ ഒരു ബിംബം ഉണർത്തുന്ന വികാര - വിചാരങ്ങളിൽ നിന്ന് മാതൃരാ ജ്യം, മാതൃഭാഷ എന്നിങ്ങനെയുള്ള യുക്തിസഹമായ കൂട്ടായ്മകൾ രൂപം കൊള്ളുന്നു. ഇത് മാനവികതയുടെ മറ്റൊരു പ്രത്യക്ഷീകരണമാണ്.

ഒരു ആശയമെന്ന നിലയ്ക്ക് ഹെഗൽ മുന്നോട്ടുവെയ്ക്കുകയും തുടർന്ന് ഒരു ദർശ നമെന്ന നിലയ്ക്ക് മാർക്സും ഏംഗൽസും വലിയ മാറ്റങ്ങളോടെ പരിഷ്ക്കരിക്കുകയും ചെയ്ത വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം, മാനവികതക്ക് ഏറ്റവും പ്രാമുഖ്യം നല്കിയ ഒരു തത്വശാസ്ത്രമാണ്. സമൂഹത്തിൽ നിലനില്ക്കുന്ന വൈരുദ്ധ്യങ്ങളെ തിരിച്ചറിഞ്ഞ് നിസ്വവർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി ബോധപൂർവ്വം പരിശ്രമിക്കുക എന്നതാണ് വൈരുദ്ധ്യാധിഷ്ഠിത മാനവികതയുടെ സ്വഭാവം. സ്ഥിതി സമത്വവാദത്തിന്റെ സിദ്ധാ ന്തമായ കമ്മ്യൂണിസം പ്രാചീന മാനവികതാവാദത്തിന്റെ ശുദ്ധീകരിച്ച രൂപമാണ് പ്രാചീനഗണസമുദായത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യന്റേയും സമത്വത്തിന്റേയും പരി ഷ്കരിച്ച രൂപത്തിലുള്ള ഒരു ഉയിർത്തെഴുന്നേല്പായിരിക്കും കമ്മ്യൂണിസ്റ്റ് വ്യവസ്ഥ എന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നത് മാനവികതയ്ക്ക് മുൻതൂക്കം നല്കികൊണ്ടാണ്.[12]

പ്രപഞ്ചത്തിന്റെ നിഗൂഢ സത്യങ്ങളെ നിരന്തരാന്വേഷണത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞൻ, തന്റെ കഴിവുകളും കണ്ടെത്തലുകളും താനും മാനവസമു

ദായത്തിലൊരംഗമാണെന്ന് മനസ്സിലാക്കി സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നു എന്ന താണ് ശാസ്ത്രമാനവികതയുടെ സ്വഭാവം.

പാശ്ചാത്യാധിപത്യത്തിന്റെ വ്യാപനത്തോടെ കോളനിരാജ്യങ്ങളിൽ പ്രചാര ത്തിൽവന്ന ഒരു സങ്കല്പമാണ് ഉദാരമാനവികത. തങ്ങളാൽ ഭരിക്കപ്പെടുന്ന പ്രജകളിൽ ഭരണത്തോടുള്ള കൂറും വിശ്വാസവും വളർത്താൻ പ്രചരിപ്പിച്ച ഒരു മൂല്യസങ്കല്പമാണ് ഇത്. പാശ്ചാത്യ മതബോധത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കൂടിച്ചേരലാണ് ഉദാര മാനവികത എന്ന ആശയം. ക്രൈസ്തവ മതചിന്തകളുടെ സ്വാധീനം ഇതിൽ കാണാം. ഇന്ത്യ ഉൾപ്പെടെയുള്ള നവസ്വതന്ത്രരാജ്യങ്ങളിൽ ഈ സങ്കല്പത്തിന് വ്യാപകമായ പ്രചാരമുണ്ട്. മാനവികതാബോധത്തെ നിയന്ത്രിക്കുന്ന മനുഷ്യനെ കുറിച്ചുള്ള സങ്കല്പം പൂർണ്ണമായും മാറ്റി അപമാനവീകരണം എന്ന ഒരാശയവും ഈ മൂല്യസങ്കല്പവുമായി ബന്ധപ്പെട്ട് പ്രചാരത്തിലുണ്ട്. എല്ലാ മാനവിക ദർശനങ്ങളെയും മാറ്റിനിർത്തി ഈ കാല ഘട്ടത്തിന് അനുയോജ്യമായ പ്രതിമാനവികത എന്ന ഒരു ചിന്താപദ്ധതി രൂപപ്പെട്ടിട്ടുണ്ട്.

ഹ്യൂമനിസം എന്ന ദാർശനിക പദ്ധതിക്ക് വേറെയും ചില ഉൾപ്പിരിവുകൾ കല്പി ക്കാമെങ്കിലും ഈ ഗവേഷണ പ്രബന്ധത്തിനാധാരമായ ഹ്യൂമനിസ്റ്റ് കാഴ്ചപ്പാടുകൾ മേല്പറഞ്ഞ വർഗ്ഗീകരണത്തിൽ ഒതുങ്ങിനില്കുന്നതാണ്.

### 1.6.2. മാനവികതയുടെ വളർച്ച (ഭാരതീയ പശ്ചാത്തലം)

'മനുവിന്റെ പുത്രന്മാർ എന്ന നിലയിൽ 'മാനവൻ' എന്ന പദം ഭാരതീയ സാഹി ത്യത്തിലും സാംസ്കാരിക പശ്ചാത്തലത്തിലും മനുഷ്യൻ എന്നതിന് സമാനമായി ഉപ യോഗിച്ചുവരുന്നു. മനുഷ്യനിലുള്ള ലീനവും പ്രത്യക്ഷവുമായ ഗുണങ്ങൾ ചേർന്നുണ്ടാ കുന്ന വ്യക്തിത്വത്തെ പരിഗണിച്ചാണ് മാനവികത എന്ന പദം ഭാഷയിൽ പ്രചാരത്തിൽ വന്നത്. ഹ്യൂമനിസം എന്ന പദത്തിന്റെ തർജ്ജമ എന്ന നിലയ്ക്ക് മാനവികത എന്ന

വാക്കാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

പാശ്ചാത്യാധിനിവേശം കൊണ്ടുണ്ടായ ഒരു നവമൂല്യബോധമാണ് ഇന്ത്യൻ മാനവികത എന്ന് ഇവിടെ ഉദ്ദേശിക്കുന്നില്ല. ചരിത്രാതീതകാലം മുതൽ തനതായ ഒരു പ്രപഞ്ചവീക്ഷണവും ഒരു വ്യക്തിവീക്ഷണവും ഭാരതീയന് ഉണ്ടായിരുന്നു. 'തത്വമസി', 'അഹം ബ്രഹ്മാസ്മി' മുതലായ ഋഷിവചനങ്ങൾ നമ്മുടെ വ്യക്തിബോധത്തിലേക്കും, സാമൂഹ്യബോധത്തിലേക്കും വിരൽചൂണ്ടുന്നവയാണ്. ബൃഹദാരണ്യകത്തിലെ മധുവിദ്യോപസാന എന്ന ഭാഗം ഭാരതത്തിന്റെ പ്രപഞ്ചദർശനത്തിന്റെ ഒരു പരിച്ഛേദമാണ്. ഉപകാരി ഉപകാരഭാവത്തെ മുൻനിർത്തി ഈ ഭാഗം വിശദീകരിക്കാൻ കഴിയും. "ഈ മനുഷ്യൻ എല്ലാ ഭൂതങ്ങൾക്കും മധുവാകുന്നു. എല്ലാ ഭൂതങ്ങളും മാനുഷാദി ജാതിക്കും മധുവാകുന്നു." ഈ കാഴ്ചപ്പാട് ശതപഥബ്രാഹ്മണത്തിൽനിന്നും ആരംഭിയ്ക്കുന്നതാണ്. മഹാഭാരതം ശാന്തിപർവ്വത്തിൽ "മനുഷ്യനേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നില്ല" എന്ന വിദുരോപദേശം പ്രപഞ്ചത്തെക്കുറിച്ചുള്ള ഇതിഹാസദർശനം വ്യക്തമാക്കുന്നു.[13]

മനുഷ്യകേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണമല്ല, പ്രപഞ്ചത്തിലെ സമസ്ത ചരാചരങ്ങൾക്കും തുല്യപ്രാധാന്യമുള്ള ഒരു മനുഷ്യവീക്ഷണമാണ് നമുക്ക് ഉണ്ടായിരുന്നത്. ഇതിന്റെ ഒരു ഉപോല്പന്നമാണ് ഭാരതീയ മൂല്യബോധം. വേദങ്ങളിലും പുരാണേതിഹാസങ്ങളിലും ഭാസൻ, കാളിദാസൻ തുടങ്ങിയ ലൗകികസാഹിത്യകാരന്മാരുടെ കൃതികളിലും ഈ മൂല്യബോധത്തിന്റേയും മാനവദർശനത്തിന്റേയും സാന്നിദ്ധ്യം കാണാം. വിവിധകാലയളവുകളിലായി ഭരണം നടത്തിയ രാജ്യവംശങ്ങളും, ശ്രുതികൾക്കും സ്മൃതികൾക്കും അനുസൃതമായ മൂല്യബോധത്തെയാണ് പ്രമാണമായി സ്വീകരിച്ചത്. ബി.സി. മൂന്നാം നൂറ്റാണ്ടുമുതൽ ഏ.ഡി. ആറ്, ഏഴ് നൂറ്റാണ്ടുകൾ വരെ പരന്നുകിടക്കുന്ന ഭാരതീയകലാവിമർശനസിദ്ധാന്തങ്ങളെയും ഈ മൂല്യസങ്കല്പമാണ് നിയന്ത്രിച്ചത്. പാശ്ചാത്യസമ്പർക്കത്തിന്റെ ഫലമായി പത്തൊൻപതാം ശതകം മുതൽ ഭാരതത്തിലുണ്ടായ

ഒരു പുതിയ സാംസ്കാരികബോധം നവീനമായ മൂല്യചിന്തകൾക്കുകൂടി രൂപം നല്കി. പൗരാണിക ഭാരതത്തിന്റെ ദർശനങ്ങളിലൂന്നിനിന്ന്, പാശ്ചാത്യ ചിന്താഗതിയിലെ മനുഷ്യപക്ഷപാത ചിന്തയെ ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞു.

സ്വാമി വിവേകാനന്ദൻ, റാംമോഹൻറോയ് മുതലായ പുരോഗമന ചിന്താഗതിക്കാരുടെ ആശയങ്ങൾക്കു കിട്ടിയ പ്രചാരം, പാശ്ചാത്യ അധികാരഘടനയുടെ രൂപംകൊള്ളൽ, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപനം, ദേശീയ പ്രസ്ഥാനത്തിന്റെ ശക്തിപ്പെടൽ, രാഷ്ട്രീയാശയഗതിയുടെ വ്യാപനത്തിലൂടെ ഉയർന്നുവന്ന സ്വാതന്ത്ര്യചിന്ത, പൗരബോധം തുടങ്ങിയവയുടെ സങ്കരസൃഷ്ടിയാണ് ആധുനികഭാരതത്തിന്റെ മനുഷ്യസങ്കല്പം.

ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച ഭാരതീയ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും സ്വാധീനിച്ചു. പാശ്ചാത്യാധിപത്യം ആരംഭിച്ച കാലഘട്ടം മുതൽക്കുതന്നെ മതപ്രചാരണത്തിനായി ഇവിടെ എത്തിയ മിഷണറിമാർ മനുഷ്യനന്മയ്ക്ക് ഊന്നൽ നല്കുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. മതപ്രചാരണവും തങ്ങൾക്കനുകൂലമായ മതഃപരിവർത്തനവുമാണ് ഇവർ ലക്ഷ്യം വെച്ചിരുന്നതെങ്കിലും ഭാരതീയ സമൂഹത്തിൽ നിലനിന്നിരുന്ന ജാതീയവും തൊഴിൽപരവുമായ ഉച്ചനീചത്വങ്ങളെ കുറിച്ചു ചിന്തിക്കാൻ വിദേശികൾക്കും ഇന്ത്യക്കാർക്കും ഇത് അവസരം നല്കി. അയിത്തം, തൊട്ടുകൂടായ്മ മുതലായ അനാചാരങ്ങൾ മനുഷ്യൻ മനുഷ്യനോടു കാണിക്കുന്ന കുറ്റകൃത്യമാണെന്ന ധാരണ ക്രമേണ വളർന്നു.

പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനഫലമായി ആരംഭിച്ചതും ബ്രിട്ടീഷ് ഭരണാധികാരികളുടെയും പുരോഗമനേച്ഛുക്കളായ നാട്ടുരാജാക്കന്മാരുടെയും ബോധപൂർവ്വമായ ശ്രമത്തിലൂടെ ഊർജ്ജസ്വലമായതും ദേശീയപ്രസ്ഥാനത്തിന്റെ പ്രചാരത്തിലൂടെ

ലക്ഷ്യബോധം വന്നതുമായ ആധുനിക വിദ്യാഭ്യാസം മാനവികമൂല്യങ്ങൾക്കാണ് ഊന്നൽ നല്കിയത്.

റാംമോഹൻറായിയെ പോലുള്ള ഉത്പതിഷ്ണുക്കൾ സമൂഹത്തിൽ നിലനില്ക്കുന്ന നീതികേടുകളെ ശക്തമായി എതിർത്തു. സ്ത്രീ സമത്വത്തിനും വിധവാവിവാഹത്തിനുംവേണ്ടി വാദിക്കുകയും, അതിന്റെ ഫലമായി സമൂഹത്തിലെ യഥാസ്ഥിതികരിൽ നിന്നും വെറുപ്പ് സമ്പാദിക്കേണ്ടിവരികയും ചെയ്ത റാംമോഹൻറായ് ആ ഒരർത്ഥത്തിൽ ഭാരതീയ നവോത്ഥാനത്തിന്റെയും ഉദാരമാനവികതയുടെയും ആദ്യവക്താവാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ബംഗാളിലാരംഭിച്ച ഇന്ത്യൻ നവോത്ഥാന ചിന്ത ക്രമേണ നമ്മുടെ സാംസ്കാരിക ചിന്തയുടെ ഭാഗമായി.

**1.6.3. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനം**

1813 ലെ ചാർട്ടർ നിയമത്തിലാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യക്കാർക്കാവശ്യമായ വിദ്യാഭ്യാസം നല്കണമെന്ന നിർദ്ദേശം ആദ്യമായി മുന്നോട്ടുവെച്ചത്.

'ഇന്ത്യൻ സാഹിത്യത്തെ പുനരുദ്ധരിക്കുന്നതിനും ദേശീയ പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യപ്രദേശങ്ങളിലെ ജനങ്ങൾക്ക് ശാസ്ത്രവിജ്ഞാനം പകരുന്നതിനും ഒരു ലക്ഷം രൂപയിൽ കുറയാത്ത തുക കമ്പനി ചിലവഴിക്കണ' മെന്നാണ് ചാർട്ടർ നിയമം വ്യവസ്ഥചെയ്തത്. ഈ തുക പാശ്ചാത്യ വിദ്യാഭ്യാസത്തിനോ പൗരസ്ത്യ വിദ്യാഭ്യാസത്തിനോ വിനിയോഗിക്കേണ്ടത് എന്ന തർക്കം സങ്കുചിതമനഃസ്ഥിതിയിൽ നിന്ന് ഉയർന്നുവന്നതല്ല.

വിദ്യാഭ്യാസമാണ് ഒരു പൗരന്റേയും, അവനിലൂടെ അവന്റെ ദേശത്തിന്റേയും ഭാഗധേയം നിർണ്ണയിക്കുന്നത് എന്ന തിരിച്ചറിവായിരുന്നു പൗരസ്ത്യ വിദ്യാഭ്യാസത്തിനു വേണ്ടി ശാഠ്യം പിടിച്ചവരുടെ കാഴ്ചപ്പാട്. മെക്കോളയെ പോലുള്ള ബ്രിട്ടീഷ് അധികാരി

കൾക്ക് പൗരസ്ത്യ വിദ്യാഭ്യാസത്തോട് ഉണ്ടായിരുന്നു അനാദരവ് അല്പജ്ഞാനത്തിൽ നിന്നു കടന്നു വന്നതുമാണ്. എന്നാൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി നവീന ചിന്താഗതികളെ ഉൾക്കൊണ്ട് ദേശീയ പ്രസ്ഥാനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ള ചിന്താഗതി തികച്ചും ശ്രദ്ധേയവുമായിരുന്നു.

വിവാദങ്ങൾക്ക് വിരാമമായി 1835 ൽ മെക്കോളെ പുറപ്പെടുവിച്ച മിനുട്സും 1854 ലെ വുഡ്സ് ഡെസ്പാച്ചും ഇന്ത്യയിലെ പാശ്ചാത്യ വിദ്യാഭ്യാസത്തിന് അടിത്തറപാകി. കഴ്സൺ പ്രഭുവിന്റെ കർശനമായ നിലപാടുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗവർമ്മേണ്ട് നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലും ലക്ഷ്യബോധമുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കുന്നതിലും ശ്രദ്ധചെലുത്തി. 1902 ആയപ്പോഴേക്ക് 179 കോളേജുകളും 5 സർവ്വകലാശാലകളും നിലവിൽ വന്നു. പ്രാചീനകാലം മുതൽക്കുള്ള ഇന്ത്യൻ മനുഷ്യദർശനവും നവീനമായ മാനവികതാബോധവും ഉൾക്കൊണ്ട് അനേകം ചെറുപ്പക്കാർ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറങ്ങി; സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കാൻ ആരംഭിച്ചു. നിരവധി ഇന്ത്യൻ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ബ്രിട്ടനിൽ ചെല്ലുകയും, വിശാലമായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വിവിധ കോളനി രാജ്യങ്ങളിൽ നിന്നായി പഠനത്തിനെത്തിയ സമാന ചിന്താഗതിക്കാരുമായി പരിചയപ്പെടുകയും ചെയ്തു. മനുഷ്യന്റെ പ്രശ്നങ്ങൾ എല്ലാ പ്രദേശത്തും ഏതാണ്ട് ഒന്നുതന്നെയാണെന്ന് ഈ സാഹചര്യത്തിൽ അവർ മനസ്സിലാക്കി.

### 1.6.4. ദേശീയ പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം

ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച ഭാരതീയ സാമൂഹ്യ ജീവിതത്തെ സർവസ്പർശിയായി സ്വാധീനിച്ചു. ഈ സ്വാധീനം രണ്ട് സവിശേഷ കാലഘട്ടങ്ങളെ മുൻനിർത്തി മന

സ്സിലാക്കേണ്ടതുണ്ട്. പാശ്ചാത്യാധിനിവേശത്തിനെതിരായി ഉയർന്നുവന്ന ഒറ്റപ്പെട്ട സമരങ്ങൾ മുതൽ കോൺഗ്രസ്സ് രൂപീകരണം വരെയുള്ള ആദ്യഘട്ടം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മഹാത്മാഗാന്ധി ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുത്തതു മുതൽ സ്വാതന്ത്ര്യം നേടുന്നതുവരെയുള്ള രണ്ടാമത്തെഘട്ടം.

ബ്രാഹ്മണമേധാവിത്വവും, ഇന്ത്യൻ നാടുവാഴിത്തവും സംഘടിതമായി അടിച്ചേല്പിച്ച ചാതുർവർണ്ണ്യവ്യവസ്ഥ ക്രമേണ പ്രബലപ്പെട്ട് മനുഷ്യൻ മനുഷ്യനോട് കാണിക്കേണ്ടുന്ന ആദരവിനെ പൂർണ്ണമായും ഇല്ലാതാക്കിയ ഒരു ഘട്ടത്തിലാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ചത്. ഇന്ത്യയിലെ മതവിശ്വാസികൾക്കിടയിലുണ്ടായിരുന്ന മത്സരബുദ്ധിയും ആധിപത്യം ഉറപ്പിക്കുന്നതിന് ബ്രിട്ടീഷ് ശക്തികൾക്ക് സഹായകമായി. ദേശരാഷ്ട്രം എന്ന സങ്കല്പനം ഉൾക്കൊള്ളാതെ ഒറ്റപ്പെട്ട ദ്വീപുകൾ പോലെ നിലനിന്നിരുന്ന നാട്ടുരാജ്യങ്ങൾ സ്വാർത്ഥസങ്കുചിതചിന്തകളുടെ കേന്ദ്രങ്ങളായിരുന്നു. ഇതിനിടയിൽ നിന്ന് അല്പാല്പമായി ഉയർന്നു വന്നിരുന്ന സ്വാതന്ത്ര്യചിന്തയെ വളർത്തി കൊണ്ടുവരാൻ ഒറ്റപ്പെട്ട ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും അവയൊന്നും ഫലവത്തായില്ല. വൈദേശികാധിപത്യത്തിനെതിരെ ഉയർന്നുവന്ന ജനരോഷങ്ങളെ പൊതുദേശീയബോധമാക്കി മാറ്റാൻ തീവ്രശ്രമം ആവശ്യമായി വന്നു. ബ്രഹ്മസമാജം, ആര്യസമാജം രാമകൃഷ്ണമിഷൻ, പ്രാർത്ഥനാസമാജം, ബ്രഹ്മവിദ്യാസംഘം മുതലായ മതനവീകരണ പ്രവർത്തനങ്ങൾ ഹിന്ദുസമൂഹത്തെ പുതിയ വെളിച്ചത്തിലേക്ക് നയിച്ചു. പില്ക്കാലത്ത് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി എന്ന പേരിലറിയപ്പെട്ട മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജിന്റെ സ്ഥാപനം മുസ്ലിങ്ങൾക്കിടയിൽ പുരോഗമനചിന്തയ്ക്ക് തുടക്കം കുറിച്ചു. ഇത്തരം സംഘടിതവും മതനിരപേക്ഷവുമായ ഒരു ദേശീയബോധത്തിന്റെ പ്രേരണയിൽനിന്നാണ് 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമാകുന്നത്. പാശ്ചാത്യ അധികാര താല്പര്യങ്ങളുടെ സ്വാധീനം രൂപീകരണഘട്ടത്തിൽ കോൺഗ്ര

സ്സിനകത്ത് പ്രബലമായി.

നാട്ടുരാജ്യങ്ങളുടെ അതിർത്തിരേഖകൾ ഇല്ലാതായി ഇന്ത്യ ഒരു ദേശരാഷ്ട്രമായി തീരണമെന്ന ആശയം ബ്രിട്ടീഷ് അധികാരഘടനയ്ക്കുകൂടി ഗുണംചെയ്യുന്നതായി. എല്ലാ വിഭാഗീയതകൾക്കും അതീതമായി ഒരു സംഘടന എന്ന ലക്ഷ്യം ദേശീയബോധത്തെയും മനുഷ്യസ്നേഹത്തെയും ശക്തിപ്പെടുത്തി. മതസാമുദായിക ചിഹ്നങ്ങളേയും ആചാര വിശ്വാസങ്ങളേയും ഉപയോഗിച്ചിരുന്നുവെങ്കിലും, മതാതീതവും ജാത്യതീതവുമായ ഒരു മാനവബോധത്തിലേക്ക് ജനങ്ങളെ നയിക്കാനുള്ള ആഗ്രഹം ഗോഖലെ, തിലകൻ, ഫിറോസ്ഷാമേത്ത എന്നീ ദേശീയ നേതാക്കൻമാർക്ക് ഉണ്ടായിരുന്നു. ഇത്തരമൊരു ഐക്യം ശക്തിപ്പെടുന്നത് തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നു കണ്ട് ബ്രിട്ടീഷുകാർ ഇതിനെ നിരുത്സാഹപ്പെടുത്താൻ ശ്രദ്ധിച്ചിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ ഘട്ടം പലതുകൊണ്ടും കൂടുതൽ ശ്രദ്ധേയമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ ഇന്ത്യയിൽ, ചിന്താവിപ്ലവത്തിന്റെ കാലമാണ്. മാനവ പ്രയത്നത്തിന്റെ മഹത്വം ലോകം കൂടുതൽ തിരിച്ചറിഞ്ഞത് ഈ കാലഘട്ടത്തിലാണ്. കോളനിവല്കരണത്തിനെതിരെ വിവിധ കോളനി രാജ്യങ്ങളിൽ നടന്നുവന്നിരുന്ന സമരങ്ങൾക്ക് സമാന സ്വഭാവവും ലക്ഷ്യവുമുണ്ടെന്ന് ലോകം മനസ്സിലാക്കി. മനുഷ്യത്വത്തെ നിർദ്ദയമായി ചവിട്ടിമെതിക്കാൻ ഉദ്ദേശിച്ചുള്ള ലോക മഹായുദ്ധം സാമ്രാജ്യതാല്പര്യത്തിന്റെ ഭാഗമാണെന്ന് ജനത തിരിച്ചറിഞ്ഞു. നാളതുവരെ സമൂഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ സ്വാർത്ഥമതികളായ ഭരണാധികാരികൾ അവസരം കിട്ടുമ്പോൾ ഉപേക്ഷിക്കുമെന്ന് ലോകം മനസ്സിലാക്കി.

ഈ കാലഘട്ടത്തിൽ തന്നെയാണ് ഇന്ത്യയിൽ മഹാത്മാഗാന്ധി മുന്നോട്ടുവച്ച ചിന്താ പദ്ധതികൾ വ്യാപകമായ അംഗീകാരം നേടുന്നത്. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ

സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി ഭൗതികസാഹചര്യത്തെ വിശകലനം ചെയ്യാൻ ആരം ഭിച്ചതോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ജനപങ്കാളിത്തമുള്ളതും ഓരോ വ്യക്തി യുടേയും ആഗ്രഹത്തിനും കഴിവിനും ഊന്നൽ നല്കുന്നതുമായ ഒരു പ്രസ്ഥാനമായി മാറാൻ തുടങ്ങി.

പൗരാണിക ഭാരതീയ മാനവിക കാഴ്ച്ചപ്പാടുകളെകൂടി ഉൾക്കൊണ്ട് ഗാന്ധിജി യും, ഗാന്ധിയൻ ആദർശവിശ്വാസങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് പാശ്ചാത്യ മാന വിക ചിന്തകൾ മുന്നോട്ടുവെച്ച ജവഹർലാൽ നെഹ്റുവും കോൺഗ്രസ്സിന്റെ നേതൃത്വ ത്തിലേക്ക് കടന്നു വന്നതോടെ മാനവികതയക്ക് പുതിയ അർത്ഥതലങ്ങൾ കൈവന്നു. സമൂഹത്തിന്റെഏതുമേഖലയിൽപ്രവർത്തിക്കുന്നവനും മനുഷ്യനെ മുൻനിർത്തിയായി രിക്കണം തങ്ങളുടെ കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടത് എന്ന് ദേശീയ പ്രസ്ഥാനം പഠിപ്പിച്ചു.

**1.6.5.** ഭാരതീയസാഹിത്യത്തിലെ നിയോക്ലാസിക് കാലഘട്ടം കലയേയും സാഹിത്യ ത്തേയും ജനജീവിതത്തിൽ നിന്നും അകറ്റുന്ന രീതിയിലുള്ളതായിരുന്നു. കൃത്രിമമായ രചനാരീതിയും ശബ്ദസൗഭാഗ്യത്തിനുവേണ്ടിയുള്ള തീവ്രപരിശ്രമവും ഈ കൃതിക ളുടെ ആന്തരഗൗരവം നഷ്ടപ്പെടുത്തി. സമൂഹത്തിന്റെ നഷ്ടപ്പെട്ട ആത്മഗൗരവം വീണ്ടെ ടുക്കുന്നതിനും വൈദേശികാധിപത്യത്തിന്റെ വിപത്ത് ചൂണ്ടിക്കാണിക്കുന്നതിനും ആരം ഭിച്ച രണ്ടാം ഭക്തിപ്രസ്ഥാനം ആരോഗ്യകരമായ പ്രാദേശികതയ്ക്ക് ഊന്നൽ നൽകുന്ന തായിരുന്നു. ജനകീയമായിരുന്നുവെങ്കിലും ആദ്ധ്യാത്മിക കാര്യങ്ങളെ കൂടുതൽ പരാ മർശിച്ച രണ്ടാം ഭക്തിപ്രസ്ഥാനത്തിന് പരിമിതികൾ ഉണ്ടായിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായ ഇന്ത്യൻ നവോത്ഥാനചിന്ത നമ്മുടെ സാഹിത്യരച നാരീതിയും ആസ്വാദനരീതിയും മാറ്റി. 'നാനൃഷികവി:' എന്ന ധാരണ അംഗീകരിച്ചു കൊണ്ടു തന്നെ സാഹിത്യത്തെ സമാന്യ ജീവിതവുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമം

സ്വാമി വിവേകാനന്ദനിൽ നിന്നും ആരംഭിച്ചു. ദേശാഭിമാനബോധം നിറഞ്ഞു നില്ക്കുന്ന ലേഖനങ്ങളിലൂടെ ഇന്ത്യൻ ജനതയുടെ ആത്മവിശ്വാസത്തെ ഉണർത്താൻ സ്വാമിജിക്ക് കഴിഞ്ഞു. ഇതുപോലെതന്നെ പ്രസക്തമാണ് വിവേകാനന്ദൻ, ഇംഗ്ലീഷിലും ബംഗാളിയിലും സംസ്കൃതത്തിലും ഹിന്ദിയിലും എഴുതിയ കവിതകൾ. മനുഷ്യമനസ്സിന്റെ ഉത്കൃഷ്ടത, ഒരാൾ മറ്റുള്ളവർക്കുവേണ്ടി അനുഭവിക്കുന്ന യാതനയിലാണ് തെളിയുന്നത് എന്ന് അദ്ദേഹം രചനകളിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

ജനപക്ഷ സാഹിത്യരചനയ്ക്ക് ഊന്നൽ നല്കിയ എഴുത്തുകാരനായിരുന്നു രവീന്ദ്രനാഥ ടാഗോർ. ഇന്ത്യൻ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണുന്ന ജീവിത സത്യത്തെ കാലോചിതമായി പുനരാവിഷ്കരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ദേവന്മാരെപോലും യാഥാസ്ഥിതികരെന്നും പുരോഗമനവാദികളെന്നും അദ്ദേഹം വേർതിരിച്ചു. പൗരാണിക പ്രപഞ്ച വീക്ഷണത്തിന്റെ മഹത്വം 'ആരണ്യസന്ദേശം' എന്ന പ്രബന്ധത്തിലൂടെ വിശദീകരിച്ച ടാഗോർ ഭൂതകാലത്തെ വിസ്മരിക്കാതെ വർത്തമാനകാലയാഥാർത്ഥ്യങ്ങളെ തിരിച്ചറിയാമെന്നും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ നിലനിർത്താമെന്നും നമ്മെ പഠിപ്പിച്ചു. ഭാരതീയ സാഹിത്യത്തിന്റെസത്ത, മനുഷ്യപക്ഷത്തിലേയ്ക്കു ബോധപൂർവ്വം തിരിയുന്നത് ടാഗോറിന്റെ കലാപ്രവർത്തനത്തിലൂടെയാണ്.

ദേശീയ രാഷ്ട്രീയ പ്രസ്ഥാനത്തിലെ സമുന്നത നേതാക്കളായിരിക്കെ തന്നെ കലയെയും സാഹിത്യത്തെയും ഏറെ സ്വാധീനിക്കുകയും, കലയാലും സാഹിത്യത്താലും ഏറെ സ്വാധീനിക്കപ്പെടുകയും ചെയ്ത രണ്ടു വ്യക്തികളാണ് ഗാന്ധിജിയും നെഹ്റുവും. കല ഇന്ദ്രിയ സുഖങ്ങൾക്കുവേണ്ടി ഉള്ളതല്ല, ആത്മാവിനെ ശുദ്ധീകരിക്കാൻ വേണ്ടിയുള്ളതാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ടോൾസ്റ്റോയിയുടെ കലാദർശനത്തെയാണ് തന്റെ വാദങ്ങൾക്ക് ഉപോൽബലകമായി ഗാന്ധിജി എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്നത്. രാഷ്ട്രീയം, സാമ്പത്തികം, മതപരം, കലാപരം എന്നിങ്ങനെ വിഭജിച്ച് ഓരോന്നിനും പ്രത്യേക

മായ മൂല്യസങ്കല്പങ്ങൾ കല്പിക്കുന്നതിനോട് ഗാന്ധിജിക്ക് യോജിപ്പുണ്ടായിരുന്നില്ല. മറ്റെല്ലാറ്റിനുമെന്നപോലെ കലാസ്വാദനത്തിനും കലാനിർമ്മിതിക്കും മനുഷ്യനായിരിക്കണം മാനദണ്ഡം എന്ന് അദ്ദേഹം കരുതി. ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങളുടെ നേരെ കണ്ണടച്ച് കലാസൗന്ദര്യത്തെ കുറിച്ച് നടത്തുന്ന ഒരു ചർച്ചയും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. സത്യത്തിന്റെ പൂർണ്ണതയും പ്രകൃതിയുടെ സാർവജനീനതയും സ്ഫുടം ചെയ്തവതരിപ്പിക്കാൻ കലാകാരനോടാഹ്വാനം ചെയ്ത ഗാന്ധിജി മറ്റെല്ലാ മേഖലകളെയുമെന്നപോലെ കലയേയും മനുഷ്യപക്ഷത്തോടടുപ്പിച്ച ക്രാന്തദർശി ആയിരുന്നു.

അനേകം വൈരുദ്ധ്യങ്ങളാൽ അതിസങ്കീർണ്ണമായ ഒരു വ്യക്തിത്വമാണ് ജവഹർലാൽ നെഹ്റുവിന്റേത്. 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ', 'ഇന്ത്യയെ കണ്ടെത്തൽ' എന്നീ കൃതികളിലൂടെ നമ്മുടെ ഗതകാലമഹത്വം, സങ്കുചിതവീക്ഷണത്തിന് കീഴ്പ്പെടാതെ അദ്ദേഹം രേഖപ്പെടുത്തി. രാജാക്കന്മാരുടേയും ഭരണാധികാരികളുടെയും ജീവചരിത്രത്തിലല്ല, ജനജീവിതത്തിന്റെ വികാസപരിണാമങ്ങളിലാണ് ഒരു ചരിത്രകാരന്റെ ദൃഷ്ടി പതിയേണ്ടതെന്ന് 'വിശ്വചരിത്രാവലോകന'ത്തിന്റെ രചനയിലൂടെ അദ്ദേഹം തെളിയിച്ചു. ദേശചരിത്രത്തെ ലോകചരിത്രവുമായി കൂട്ടിയോജിപ്പിച്ച് മാനവ വികാസ ചരിത്രത്തിൽ ലയിപ്പിച്ചു എന്നുള്ളതാണ് ഈ കൃതിയിൽ അദ്ദേഹത്തിനുള്ള നേട്ടം. രാഷ്ട്രീയ പ്രശ്നങ്ങളുടെ തിരക്കുകൾക്കിടയിലും ചരിത്രാന്വേഷണവും സാംസ്കാരിക പ്രവർത്തനവും സമന്വയിപ്പിച്ച നെഹ്റു ആധുനികഭാരതത്തിൽ മതനിരപേക്ഷ മാനവചിന്ത വാക്കിലും പ്രവർത്തിയിലും ഉയർത്തിപ്പിടിച്ചു.

**1.6.6. ലോകസാഹചര്യം**

1930 കളിലെ ലോകസാഹചര്യം ഭാരതീയ ജീവിതത്തെ പൊതുവേയും ഭാരതീയ സാഹിത്യത്തെ വിശേഷിച്ചും സ്വാധീനിച്ചു. ഒന്നാം ലോകമഹായുദ്ധം മുതലാളിത്തശക്തി

ബന്ധങ്ങളിൽ മാറ്റം വരുത്തി. 1900 ജർമ്മനി പാസാക്കിയ ജർമ്മൻ നാവിക സേനാനിയമം ബ്രിട്ടനും ജർമ്മനിയും തമ്മിലുള്ള കിടമത്സരത്തിന് തുടക്കം കുറിച്ചു. 1912 ഒക്ടോബറിൽ തെക്കുകിഴക്കൻ യൂറോപ്പിലെ ബാൾക്കൺ രാഷ്ട്രങ്ങളിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. തുർക്കി, ഗ്രീസ്, ബൾഗേറിയ, മാണ്ഡിനിഗ്രോ എന്നീ അഞ്ചു രാജ്യങ്ങൾ ആ യുദ്ധത്തിൽ പരാജയപ്പെട്ടു. 1913 ൽ ഈ യുദ്ധം വ്യാപകമാകാനാരംഭിച്ചു. അന്നുവരെ നടന്ന മറ്റു യുദ്ധങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തവും വെടിമരുന്നിന്റെ ഗന്ധം ലോകത്താകെ പരത്തുന്നതുമായിരുന്നു ഈ യുദ്ധം.

1917 ൽ നടന്ന റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം മുതലാളിത്ത സമ്പദ്‌വ്യവസ്ഥയ്ക്ക് പകരമായി ഒരു പുതിയ വ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചു. റഷ്യൻ സാഹിത്യത്തിൽ നിന്ന് ഉൾക്കൊണ്ട ഊർജ്ജവും, മാർക്സിയൻ ദർശനത്തിന്റെ പിൻബലവുമാണ് റഷ്യൻ വിപ്ലവത്തിന് ഉത്തേജനം നല്കിയത്. ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ജർമ്മനിയിൽ ഹിറ്റ്ലറും, ഇറ്റലിയിൽ മുസോളിനിയും സ്പെയിനിൽ ഫ്രാങ്കോയും തങ്ങളുടെ ഏകാധിപത്യവാഴ്ച, മനുഷ്യത്വത്തിനു നേരെയുള്ള യുദ്ധപ്രഖ്യാപനമാക്കി മാറ്റി. പാശ്ചാത്യ നാടുകളിൽ ഫ്രഞ്ചു വിപ്ലവം ഉയർത്തിയ മാനവചിന്തയുടെ അടിസ്ഥാന മുദ്രാവാക്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളെ സമൂലം നശിപ്പിക്കാനാണ് ഈ ഏകാധിപതികൾ യത്നിച്ചത്. വിശാലദേശീയതക്കുപകരം, സങ്കുചിതവും ആക്രമണോത്സുകവുമായ സങ്കുചിത ദേശീയതക്കാണ് ഇവർ പ്രചാരം നൽകിയത്. സമാധാനകാംക്ഷികളായ ശാസ്ത്രജ്ഞന്മാർക്കും എഴുത്തുകാർക്കും സാരമായ പീഡനങ്ങളാണ് ഇവരിൽ നിന്ന് സഹിക്കേണ്ടി വന്നത്.

സ്പെയിനിൽ ഫ്രാങ്കോയുടെ ഏകാധിപത്യ ഭരണത്തിനെതിരായി നടന്ന ആഭ്യന്തര യുദ്ധത്തിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള മനുഷ്യസ്നേഹികൾ നേരിട്ട് പങ്കെടുത്തു. യുദ്ധത്തിനെതിരെ സമാധാനത്തിനും ദാരിദ്ര്യത്തിന്റെ പശ്ചാത്തലത്തിൽ

സമത്വത്തിനും, ഏകാധിപതികളുടെ ശവകാമുതക്കെതിരെ മാനവസത്തയ്ക്കുംവേണ്ടി ലോകത്താകെയുള്ള മനുഷ്യസ്നേഹികൾ നടത്തിയ പ്രഖ്യാപനം 1935 ലെ പാരീസ് സമ്മേളനത്തിൽ വെച്ചാണ് ഉണ്ടായത്. കലാകാരൻ മനുഷ്യസംസ്കാരത്തിന്റെ കാവലാളാകണമെന്നും, ചരിത്രത്തെ വിസ്മരിച്ച് ലോകത്തെ പുറകോട്ടു വലിക്കുന്ന ശക്തികളിൽനിന്നും മാനവസംസ്കാരത്തെ രക്ഷിക്കാൻ അവൻ ബാദ്ധ്യസ്ഥനാണെന്നും പാരീസ് സമ്മേളനം പ്രഖ്യാപിച്ചു. ജവഹർലാൽ നെഹ്റു, മുൽക്ക്‌രാജ് ആനന്ദ്, സരോജിനി നായിഡു തുടങ്ങിയ ഇന്ത്യൻ എഴുത്തുകാർ പാരീസ് സമ്മേളനത്തെ പിന്തുണച്ചവരും അതിൽ നിന്ന് ആവേശം കൊണ്ടവരുമായിരുന്നു. ഈ സമ്മേളനം അതിനു മുൻപു തന്നെ ആരംഭിച്ച സമാധാന പ്രസ്ഥാനത്തിന്റെ പരിണതഫലമായിരുന്നു. മാർക്സിം ഗോർക്കി, ബാർബ്യൂസ്, റസ്സൽ സിംക്ലയർ, സ്റ്റീഫൻ സ്പെഗ്, രബീന്ദ്രനാഥ ടാഗോർ, എ. കുമാരസ്വാമി എന്നിവർ ചേർന്ന് 1919 ൽ ഒപ്പുവെച്ചു പുറത്തിറക്കിയ 'ചിന്താ സ്വാതന്ത്ര്യത്തിനുള്ള പ്രഖ്യാപനം' ഇതിന്റെ ആദ്യഘട്ടമായിരുന്നു.

ക്ലാരസെത്കിൻ ചെയർമാനും ആൽബർട്ട് ഐൻസ്റ്റൈയിൻ, ബർണാഡ്ഷാ, അനറ്റോള ഫ്രാൻസ്, ഹെന്റി ബാർബുസ എന്നിവർ അംഗങ്ങളായും രൂപംകൊണ്ട സാർവദേശീയ യുദ്ധവിരുദ്ധ പ്രസ്ഥാനം, 1933 ൽ രൂപംകൊണ്ട ഫാസിസ്റ്റ് വിരുദ്ധ തൊഴിലാളി കോൺഗ്രസ്സ് എന്നിവയുടെ തുടർച്ചയായി നടന്ന പാരീസ് സമ്മേളനം ലോകത്താകെ മാനവചിന്തയുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ ആഹ്വാനം ചെയ്തു.

ഈ ലോക സംഭവങ്ങൾ ഭാരതീയ രാഷ്ട്രീയ സാഹിത്യ മണ്ഡലത്തിലും ചലനം സൃഷ്ടിച്ചു. 1936 ൽ ലക്നോ എ.ഐ.സി.സി. സമ്മേളനത്തിന്റെ ഭാഗമായി നടന്ന സാഹിത്യകാരന്മാരുടെ അഖിലേന്ത്യാ സമ്മേളനം ഇന്ത്യൻ മാനവികതയുടെ ചരിത്രത്തിൽ നിർണ്ണായകമാണ്. ലോകത്താകെ നടന്നുകൊണ്ടിരിക്കുന്ന സമാധാന പരിശ്രമങ്ങളിലും ഇന്ത്യയിൽ നടന്നുകൊണ്ടിരുന്ന ദേശീയ സ്വാതന്ത്ര്യസമരത്തിലും കലാ

കാരൻ വഹിക്കേണ്ട പങ്കിനെ കുറിച്ച് ലഖ്നൗ സമ്മേളനം ചർച്ച ചെയ്തു. സമ്മേളനം അംഗീകരിച്ച മാനിഫെസ്റ്റോ ഭാരതീയ കലാകാരന്മാരുടെ മനുഷ്യപക്ഷപാതമെന്നു ഉറക്കെ പ്രഖ്യാപിച്ചു. മലയാളമുൾപ്പെടെ സകല നാട്ടുഭാഷകളിലും പുരോഗമനസാഹിത്യപ്രസ്ഥാനം എന്ന ആശയത്തിനു ബീജാവാപം ചെയ്തത് ലഖ്നൗ സമ്മേളനമാണ്.

### 1.7. മാനവികതയും മാർക്സിയൻ ദർശനവും

'മാനവികത' എന്ന ആശയം പിൽക്കാലത്തുവന്ന നിരവധി ദർശനങ്ങളെ അഭിലഷണീയമായ രൂപത്തിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും മാർക്സിയൻ ദർശനമാണ് മാനവകിതയുടെ മുഖ്യ പ്രയോക്താവ്. ദർശനത്തിൽ മാത്രമല്ല, പ്രയോഗത്തിലും, നിർണ്ണായക ചരിത്ര സന്ദർഭങ്ങളിലും ഇവയുടെ പാരസ്പര്യം ലോകത്തിന് ബോദ്ധ്യപ്പെട്ടു. ഈ ദർശനത്തിന് ഇന്ത്യയിലും വ്യാപകമായ പ്രചാരം കിട്ടി. കണാദൻ, ചാർവാകൻ തുടങ്ങിയ പ്രാചീന മനീഷികൾ സമാനമായ ചിന്തയുടെ വക്താക്കൾ ആയിരുന്നു. ഇതിന്റെ കൂടി പിൻബലത്തിൽ ദേശീയ പ്രസ്ഥാനത്തിൽ ആരോഗ്യകരമായ ഇടപെടലുകൾ നടത്താൻ മാർക്സിയൻ ചിന്താഗതിക്ക് കഴിഞ്ഞു. ഇന്ത്യയിൽ നടക്കുന്ന സ്വാതന്ത്ര്യസമരം ലോകത്താകെ നടക്കുന്ന വിമോചനപോരാട്ടത്തിന്റെ ഭാഗമാണെന്നും, അധീശവർഗ്ഗത്തിൽ നിന്നും എല്ലാ അർത്ഥത്തിലുമുള്ള മോചനത്തിനുവേണ്ടിയാണെന്നും മാർക്സിയൻ ചിന്താഗതിക്കാർ പ്രചരിപ്പിച്ചു. ദേശീയ പ്രസ്ഥാനത്തിനകത്തുനിന്നും, ഒരു തിരുത്തൽ ശക്തി എന്ന നിലയിൽ ക്രമേണ പുറത്തുനിന്നും ദേശീയ പ്രസ്ഥാനത്തിന്റെ ചിന്താരീതികളേയും, അതു ജന്മം നല്കിയ ദേശീയ ബോധമുള്ള ഒരു ജനതയുടെ കർമ്മപദ്ധതികളേയും മാർക്സിയൻ ദർശനം നിയന്ത്രിച്ചു. ഭാരതീയ ചിന്തയിൽ മാനവികതാബോധം ഊർജ്ജസ്വലവും ഉദ്ദീപ്തവുമായ ഒരു കാലഘട്ടത്തിൽ അതേറ്റവും പ്രകടമായത് കലയിലും സാഹിത്യത്തിലുമാണ്. മനുഷ്യന്റെ സാംസ്കാ

രിക വളർച്ച തുടങ്ങുന്നതും വികാസം പ്രാപിക്കുന്നതും അദ്ധ്വാനവുമായി ബന്ധപ്പെട്ടാണെന്നും, ആ വളർച്ചയുടെ വ്യത്യസ്ത ഘടകങ്ങളെ കണക്കിലെടുക്കാതെ സാംസ്കാരിക മണ്ഡലത്തിൽ വ്യാപരിക്കാൻ കഴിയില്ലെന്നും മാർക്സിസം ലെനിനിസം നല്കിയ അവബോധം സാഹിത്യരചനയെയും വിമർശനത്തെയും സ്വാധീനിച്ചു. ജനാധിപത്യം, മതനിരപേക്ഷത, ശാസ്ത്രബോധം, മാനവികത എന്നിവ ആധുനിക സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാന മൂല്യമാണെന്ന ബോധം എഴുത്തുകാരിലുണ്ടായി. നിയമവ്യവസ്ഥയെ എല്ലാ മനുഷ്യർക്കും ഒരുപോലെ ബാധകമാക്കുന്നതിന് ബ്രിട്ടീഷ് അധികാരികൾ ശ്രദ്ധിച്ചു. റെയിൽവെ, കമ്പിതപാൽ, വാണിജ്യം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ദേശീയബോധം പുതിയ അർത്ഥത്തിൽ വളർന്നുവന്നു. ഇതിലെല്ലാം മനുഷ്യൻ പരിഗണനാവിഷമായി മാറി. പൊതുസ്ഥലങ്ങൾ രൂപപ്പെട്ടതോടെ മനുഷ്യന് വ്യാപരിക്കാൻ കഴിയുന്ന മേഖല വികസിച്ചു. ഇതെല്ലാം ചേർന്ന് ഇരുപതാംനൂറ്റാണ്ടിലെ മാനവികതാബോധം ആധുനികഭാരതത്തിലും സജീവമായി. എന്നാൽ ഈ ബോധത്തിലും മനുഷ്യസങ്കല്പത്തിലും വിദ്യാസമ്പന്നരായ ഒരു ചെറുന്യൂനപക്ഷം മാത്രമാണ് ഉൾപ്പെട്ടത് എന്ന വിമർശനം ഉണ്ട്.

### 1.8. മാനവികത കേരളീയസാഹചര്യത്തിൽ

കേരളീയ സാമൂഹ്യ ജീവിതത്തിലെ നവോത്ഥാനവും കലാസാഹിത്യാദികളിലൂടെ ഉയർന്നുവന്ന മാനവികതാബോധവും മേൽപറഞ്ഞ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കനുരോധമായി നിരവധി സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ കേരളത്തിൽ രൂപംകൊണ്ടു. മലയാള കവിതയിലെ കാല്പിനക പ്രവണത പുതിയ ഒരു ആസ്വാദനബോധത്തിന് തുടക്കം കുറിച്ചു. നിലവാരപ്പെട്ട ഗദ്യം രൂപംകൊണ്ടത് കേരളീയന്റെ ചിന്താരീതിയേയും കർമ്മപദ്ധതികളേയും സ്വാധീനിച്ചു. എഴുത്തുകാർക്ക് ചില സംഘടനകൾ രൂപംകൊള്ളുന്നതും സജീവമാകു

ന്നതും ഈ കാലഘട്ടത്തിലാണ്. കേവലം സാഹിത്യ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ രൂപംകൊണ്ട ഇത്തരം സംഘടനകൾ സാഹിത്യത്തിലെ വ്യക്തിപ്രഭാവചിന്തയുടെ കാഠിന്യം കുറച്ചുകൊണ്ടുവന്നു. നേരത്തെ സൂചിപ്പിച്ച ലഖ്നൗ സമ്മേളനത്തിന്റെ തുടർച്ച യായി 1937 ൽ കേരളത്തിൽ ജീവൽസാഹിത്യ സംഘടന എന്ന പേരിൽ എഴുത്തുകാ രുടെ ഒരു കൂട്ടായ്മ നിലവിൽ വന്നു. മനുഷ്യത്വമാണ് ജീവൽ സാഹിത്യത്തിന്റെ ആദർശം, മനുഷ്യ പുരോഗതിയാണ് ലക്ഷ്യം എന്ന് ഈ സംഘടന പ്രഖ്യാപിച്ചു. 1944ൽ ജീവൽസാ ഹിത്യപ്രസ്ഥാനത്തെ നവീകരിച്ചും വിപുലീകരിച്ചും പുരോഗമനസാഹിത്യപ്രസ്ഥാനം നിലവിൽവന്നു. കേരളീയസമൂഹത്തിൽ മാർക്സിയൻ ദർശനത്തിന്റെ സ്വാധീനം പ്രയോ ജനപ്പെടുത്തി കലയിലൂടെയും സാഹിത്യത്തിലൂടെയും വർഗ്ഗാശ്രിത മാനവികതയെ വ്യാപ കമായി പ്രചരിപ്പിക്കാൻ ഈ സംഘടന ശ്രദ്ധിച്ചു. ഭാരതത്തിലാകെ പാശ്ചാത്യബോധം വളർത്തിയ ആധുനികചിന്തയുടെ ഭാഗംതന്നെയായിരുന്നു കേരളത്തിലെ മാനവികതാ ബോധം. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ആധിപത്യം നിലനിന്നിരുന്ന മലബാറിലും പരിഷ്കൃതിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വികസിപ്പിച്ചത് പാശ്ചാത്യആധുനികതാബോധമാണ്. പാശ്ചാത്യബോധത്താൽ പ്രചോദിതരും സ്വാധീ നിക്കപ്പെട്ടവരും ഉൾക്കൊണ്ട ഉദാരമാനവികതാബോധത്തിന്റെ പ്രത്യക്ഷീകരണങ്ങളാണ് കേരളത്തിന്റെ ആധുനികീകരണമെന്ന് പറയാം. ഭാഷയിലും സാഹിത്യത്തിലുമാണ് ഇതിന്റെ പ്രതിനിധീകരണം കൂടുതൽ അനുഭവപ്പെട്ടത്.

മലയാള ഭാഷാ സാഹിത്യത്തിന്റെ ക്രമാനുഗതമായ വളർച്ചയും അതിലെ മനുഷ്യ പക്ഷപാതത്തിന്റെ സ്വഭാവവും ചെറുകഥ എന്ന സാഹിത്യരൂപത്തിന് ഊന്നൽ നല്കി അടുത്ത അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

### കുറിപ്പുകൾ

1. Gray Louis Herbert : (Ed) The Mythology of all races, New York: Copper Squre pub, 1996, page 102
2. Websters Third New International Dic : Vol 1page 552
3. Willaims, M. Monier, : New Delhi Mothilal Banarsidas (pub), 1995, A Sanskit English Dic
4. Willaim Howells : (Qut) Glober Edward, one the early development of mind, London: Image pub company, 1956, Page 144
5. ബൈബിൾ : ഹിബ്രു, വിവ 11.1
6. സദാചാരോമതോധർമ്മ:സന്തസ്ത്വാചാര ലക്ഷണ:
   സാധ്യാസാധ്യം കഥം ശക്യം സദാചാരോഹ്യലക്ഷണ

(സദാചാരമാണ് ധർമ്മമെന്ന് പറയുന്നു, സത്തുക്കളെ അറിയേണ്ടത് ആചാരം കൊണ്ടുമാണ്. അപ്പോൾ ഏതുകൊണ്ട് ഏതു സമർത്ഥിക്കാം? അതിനാൽ സദാചാരം പ്രമാണമല്ല. സദാചാരത്താൽ വഞ്ചിതമായി ശ്വാശ്വതമായ ധർമ്മം നശിച്ചുപോയി. (മഹാഭാരതം, ശാന്തിപർവ്വം 260-262)

7. സതാംഹിസന്ദേഹ പദേഷുവസ്തുഷു
   പ്രമാണമന്ത:കരണപ്രവൃത്തയ:
   (അഭിജ്ഞാനശാകുന്തളം, അങ്കം 1, ശ്ലോകം 19)
8. Haldneviscount : The Philosophy of Humanism (and other subjects) London: Yall University press, 1922, page 211
9. Bayles Ernest : (Qut) The mind and its place in nature, London: Routladge and kegan pub, 1952, page 114
10. Protagoras (480-411BC) : Greek Philosopher
11. Dakin. A.H. : Man is the measure, UK: University Press, 1939, Page 64
12. എംഗൽസ് : കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, മോസ്കോ: പ്രോഗ്രസ് പബ്ലി, 1963, പേജ് 46
13. ഛാന്ദോഗ്യോപനിഷത്തിലെ ആറാം ഭാഗത്തിൽ ശ്വേതകേതുവിന് പരമജ്ഞാനം നൽകുന്ന സന്ദർഭത്തിലാണ് "തത് സത്യം, സആത്മ" (അതാണ് സത്യം, അതാണ് ആത്മാവ്, അത് നീയാണ്,) എന്ന് പിതാവായ ആരുണി ഉപദേശിക്കുന്നത്. തത്വമസിയിലെ തത്വം മനസിലായ ശ്വേതകേതു അഹംബ്രമാസ്മി (ഞാൻ തന്നെ ബ്രഹ്മം) എന്ന് തിരിച്ചറിഞ്ഞു.

ഇദം മാനുഷം സർവ്വേഷാം ഭൂതാനാം മധു
അസ്യമാനുഷസ്യ സർവ്വാണി ഭൂതാനി മധു
............................ ഇദം ബ്രഹ്മം, ഇദം സർവ്വം
(ബൃഹദാരണ്യകം, 2.4.12, 13)

ഗുഹ്യം ബ്രഹ്മതദിദം, യോ ബ്രവീമി
നമാനുഷാത് ശ്രേഷ്ഠതരം ഹികിഞ്ചിത്
(മഹാഭാരതം, ശാന്തിപർവ്വം 24)

അദ്ധ്യായം രണ്ട്

# ചെറുകഥയുടെ വികാസപരിണാമങ്ങളും കേരളീയ സാഹചര്യവും

സാഹിത്യത്തെ ആകെ, പൊതുനിയമങ്ങൾ പാലിക്കുന്ന ഒരൊറ്റ മനുഷ്യവ്യാപാരമായി നാംപരിഗണിച്ചുവന്നു. സ്ഥൂലാർത്ഥത്തിൽ ഈ പരിഗണന ശരിയാണെങ്കിലും രചനയ്ക്കുള്ള പ്രചോദനം സാഹിത്യത്തിന്റെ മൂല്യം തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം തേടുമ്പോൾ, അത് അപൂർണ്ണമാണെന്ന് കാണാം. എല്ലാ സാഹിത്യവിഭാഗങ്ങളേയും ഒരേ അർത്ഥത്തിൽ വിലയിരുത്തുവാൻ സാധിക്കുകയില്ല. ഈ പ്രശ്നം അഭിമുഖീകരിയ്ക്കേണ്ടി വരുമ്പോൾ പഠനസൗകര്യത്തെ മുൻനിർത്തി പദ്യമെന്നും ഗദ്യമെന്നും വിഭജിച്ചുവരുന്നു.

മനുഷ്യഭാഷയിലെ പദങ്ങൾ വസ്തുക്കളെ സൂചിപ്പിയ്ക്കുന്ന അടയാളങ്ങളാണ്. നിത്യജീവിതത്തിൽ നാം ഒരു വാക്ക് ഉപയോഗിക്കുന്നത് ഒരു വസ്തുവിനെ ചൂണ്ടിക്കാണിയ്ക്കുക, സ്വഭാവം വിവരിയ്ക്കുക സ്വാഭിപ്രായം വിശദീകരിയ്ക്കുക തുടങ്ങിയവക്കാണ്. അതിനാൽ ഭാഷ ഒരു മാർഗ്ഗമോ മാധ്യമമോ ആണ്. കവിതയിൽ, വാക്കുകൾ ഒരു പ്രയോജനത്തെമാത്രമല്ല ലക്ഷ്യമാക്കുന്നത്. അവിടെ വാക്കുകൾ വസ്തുക്കളെ കുറിയ്ക്കുന്ന ചിഹ്നങ്ങൾ അല്ല, കവിസത്തയുടെ ഘടകങ്ങൾ ആണ്. കവി ലോകത്തെ കാണുന്നത് ഈ പദങ്ങളിൽ ഉൾക്കൊള്ളുന്ന ഉപമകളിലും ഉല്ലേഖങ്ങളിലുമാണ്. എന്നാൽ ഗദ്യത്തിൽ വാക്കിന്റെ ഉദ്ദേശ്യം തന്നെ, വസ്തുക്കളെ, യാഥാർത്ഥ്യത്തെ പ്രപഞ്ചത്തെ ചൂണ്ടിക്കാണിയ്ക്കുക, വിവരിയ്ക്കുക, വ്യാഖ്യാനിയ്ക്കുക എന്നിവയാണ്.

### 2.1. ഭാഷാഗദ്യത്തിന്റെ വികാസം

ഭാഷയുടെ വികാസവും വളർച്ചയും വിലയിരുത്തേണ്ടത് ആ ഭാഷയിലെ ഗദ്യത്തിന്റെ വികാസവും വളർച്ചയും മുൻനിർത്തിയാണ്. സാമാന്യജനങ്ങളോട് ഏറ്റവും

അടുത്ത് സംവദിയ്ക്കുന്ന ഭാഷാരൂപം ഗദ്യമാണ്. സാധാരണ മനുഷ്യന്റെ ആത്മനിവേദനത്തിന്റെ പ്രതീകവത്കൃതമായരൂപം ഗദ്യം ഉൾക്കൊള്ളുന്നു. ഒരു ജനത ഏറിയ കൂറും ചിന്തിയ്ക്കുന്നതും പ്രവർത്തന സജ്ജമാകുന്നതും ഗദ്യസാഹിത്യ രൂപങ്ങളിലൂടെയാണ്.

ചെറുന്യൂനപക്ഷത്തിനും മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന പദ്യത്തിൽ നിന്നും, ബഹുഭൂരിപക്ഷത്തിന് ഇടപെടാൻ കഴിയുന്ന ഗദ്യത്തിലേക്കുള്ള വികാസം, സാഹിത്യത്തിന്റെ ജനാധിപത്യവല്കരണമാണ്. അതിനാൽ ആധുനിക കാലഘട്ടത്തിൽ സാഹിത്യത്തെ മുഖ്യമായി വിലയിരുത്തുന്നത് അതിലെ ഗദ്യസാഹിത്യത്തിന്റെ സ്വഭാവം പരിഗണിച്ചാണ്.

മലയാളഗദ്യത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച പാശ്ചാത്യരാജ്യങ്ങളുമായുള്ള സമ്പർക്കം കൊണ്ടാണ് സാധിച്ചത്. പാശ്ചാത്യർ കടന്നുവരുന്നതിനു മുൻപും ഒരു ജനത എന്ന നിലയ്ക്ക് ആശയ വിനിമയത്തിനുപയോഗിച്ചിരുന്ന ഭാഷയിൽ ഗദ്യത്തിനു തന്നെ ആയിരുന്നു മുഖ്യസ്ഥാനം. പതിനാലാം ശതകത്തിൽ എഴുതപ്പെട്ട 'ലീലാതിലക'ത്തിൽ 'അഭിമന്യുവധം' മുതലായ പ്രാചീന ഗദ്യഗ്രന്ഥങ്ങളുടെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്.[1] ലീലാതിലകകാരൻ തന്നെ പ്രാചീനം എന്നു വിശേഷിപ്പിച്ചു എങ്കിൽ, ഗദ്യസാഹിത്യ രൂപങ്ങൾക്ക് കൊല്ലവർഷാരംഭം മുതൽ തന്നെ സാഹിത്യാന്വേഷണത്തിൽ സ്ഥാനമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ ഗദ്യം പ്രായേണ ഒരു പരാശ്രയസ്ഥിതിയിലാണ് നിലനിന്നിരുന്നത്. സർഗ്ഗാത്മക സാഹിത്യത്തിൽ ഗദ്യത്തിന് നിർണ്ണായകമായ ഒരു സ്ഥാനം കിട്ടുന്നത് പാശ്ചാത്യാധിപത്യം വ്യാപകമായതിനുശേഷം മാത്രമാണ്. പദ്യത്തിന്റെ ആത്മവത്ത ചോർന്നുപോവുകയും കവികൾ സാധാരണജനങ്ങളിൽ നിന്ന് അകലുകയും ചെയ്തത് ആധുനിക മലയാള ഗദ്യത്തിന്റെ പിറവിയ്ക്ക് വഴിയൊരുക്കി. ആംഗല വിദ്യാഭ്യാസത്തിന്റെ വളർച്ച, പാശ്ചാത്യ സാഹിത്യ രൂപമാതൃകകളുമായി പരിചയപ്പെടൽ, നാട്ടുഭാഷാ വിദ്യാലയങ്ങളുടെ വ്യാപനം, പാഠപുസ്തക കമ്മറ്റികളുടെ രൂപീ

കരണം, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവയാണ് മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് നിദാനമായ മുഖ്യ ഘടകങ്ങൾ.

വിദേശികളും സ്വദേശികളുമായ ക്രിസ്തുമത പ്രചാരകന്മാർ മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകി. മതപ്രചാരണത്തിന്റെ ഭാഗമായി സാധാരണ ജനങ്ങളുമായി നേരിട്ടിടപെടേണ്ടിവന്ന ഇവർ, ഭാഷയ്ക്ക് ചില നിയമവ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും യത്നിച്ചു. തിരുവിതാംകൂറിൽ സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കുന്നതിനായി നിരവധി നാട്ടുഭാഷാപള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിനായി പാഠപുസ്തകം നിർമ്മിക്കാൻ നിയമിതമായ പാഠപുസ്തകകമ്മറ്റി തയ്യാറാക്കിയ ആദ്യത്തെ പാഠമാല 1851 ൽ പുറത്തുവന്നു. ഇതിൽ 236 പേജ് ഗദ്യത്തിനായി നീക്കിവെച്ചിരുന്നു. എന്നാൽ മിഷനറിമാരുടെ ഗദ്യവും പാഠമാലകളിൽ കാണുന്ന ഗദ്യവും തമിഴിനു പ്രാമുഖ്യമുള്ള പ്രാചീന ഗദ്യമാതൃകയുടെ തുടർച്ചയായിരുന്നു. കഠിന സംസ്കൃത പദങ്ങളുടെ സാന്നിദ്ധ്യം ഈ പാഠാവലികളെ നിശ്ചേതനങ്ങളാക്കി.

മതപ്രചാരണത്തിനുപയോഗിച്ചിരുന്ന ഭാഷ, ക്രിസ്തുമതാചാരക്രമത്തിന് പ്രാധാന്യം നല്കുന്നതായിരുന്നതിനാൽ ധാരാളം വിദേശപദങ്ങൾ ആ ഭാഷയിൽ കടന്നുകൂടിയിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ പാഠപുസ്ത കമ്മറ്റി അദ്ധ്യക്ഷനായി നിയമിതനാകുമ്പോൾ, തിരുവിതാംകൂറിലെ പാഠപുസ്തകങ്ങളുടെ സാമാന്യസ്ഥിതി എസ്. ഗുപ്തൻനായർ ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്.

“1851 ലാണ് മലയാള ഭാഷയിൽ ആദ്യമായി ലക്ഷണയുക്തമായ ഒരു പാഠമാല ഉണ്ടാകുന്നത്. അതായത് കേരളവർമ്മയ്ക്ക് ആറുവയസ്സുള്ളപ്പോൾ. ‘പാഠാരംഭം’ എന്നാണ് ആ കൃതിയുടെ പേര്. രചിച്ചത് ഗുണ്ടർട്ട്. പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ സവ്യാഖ്യാനമായ ഒരു പതിപ്പും അക്കൊല്ലം തന്നെ പ്രസിദ്ധീകൃതമായി. പിന്നീട് ഗുണ്ടർട്ട് പാഠമാല എഴു

തി. അതിൽ 236 പേജ് ഗദ്യമേയുള്ളു. ബാക്കി മുഴുവൻ പഴയ ഗദ്യകൃതികളിൽ നിന്ന് എടുത്തു ചേർത്തവ. പാഠമാലയെ ഒരു ഗദ്യകൃതി എന്നു വിളിച്ചുകൂട. എന്നാൽ കേരള വർമ്മ ഒരു പദ്യഭാഗവും ചേർത്തില്ല. 1868 ജൂലൈ മാസത്തിലാണ് കേരളവർമ്മ തിരുവി താംകൂർ പാഠപുസ്തക കമ്മറ്റി അദ്ധ്യക്ഷനാകുന്നതും പാഠപുസ്തകങ്ങൾ രചിക്കാൻ തുടങ്ങുന്നതും. പുതിയ ഗദ്യകാരന്മാരിൽ പ്രമുഖനായ ഗീവർഗീസുകത്തനാർ എന്ന ജോർജ് മാത്തൻ (1819-1870) സത്യവാദഖേടം (1861) മലയായ്മയുടെ വ്യാകരണം (1863) സംയുക്തി (1866) ബാലാഭ്യസനം (1867) എന്നീ കൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിരുന്നു. അയ്മനം ജോൺ (1825-1993) ആർച്ച് ഡീക്കൺ കോശി (1825-1899) ആർച്ച് ഡീക്കൺ ഉമ്മൻ മാമൻ (1830-1904) എന്നിവരും തിരുവിതാംകൂർ ഭാഗത്തെ ഗദ്യ കാരന്മാരിൽ പ്രമുഖരാണ്. ഇവരുടെ കൃതികൾക്ക് സാർവത്രികമായ പ്രചാരം ലഭിക്കാതെ പോയത് സ്വാഭാവികം മാത്രം. ക്രിസ്തുമത പ്രചരണമെന്ന ലക്ഷ്യം ചിലപ്പോൾ പ്രത്യ ക്ഷമായും ചിലപ്പോൾ പരോക്ഷമായും കൃതികളിലുണ്ടാകും. നാട്ടുകത്തനാർമാർ ആണെ ങ്കിലും അവരുടെ രചനകളിൽ വൈദേശിക ചുവ വളരെ പ്രകടമാണ്."[2] എന്നാൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ദീർഘവീക്ഷണത്തോടെയാണ് തന്റെ കർത്തവ്യം നിറവേറ്റിയത്.

ഇളംപ്രായത്തിലുള്ള കുട്ടികൾക്ക് അവരുടെ മാനസികാവസ്ഥയ്ക്ക് ഇണങ്ങുമാറ് ഭാഷാപഠനം രസകരമാക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ച അദ്ദേഹം, ഭാഷാഗദ്യത്തിന്റെ വളർച്ചയ്ക്ക് ഈ പാഠപുസ്തകങ്ങൾ ഉതകണമെന്നും കരുതിയിരുന്നു.

ആധുനിക മലയാള ഗദ്യത്തിന്റെ ശ്രദ്ധേയമായ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നത് കേരളവർമ്മ വലിയകോയിത്തമ്പുരാനാണ്. ഒരു സാഹിത്യകാരൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ഗദ്യം സംസ്കൃത ബഹുലമാണെന്ന് ചിലർ വിമർശനം ഉന്ന യിച്ചിട്ടുണ്ട്. എന്നാൽ പലർ പല രൂപത്തിൽ ഉപയോഗിച്ചിരുന്ന മലയാള ഭാഷാഗദ്യത്തെ

നിലവാരപ്പെടുത്തുന്നതിന് കർക്കശമായ ചില സമീപനങ്ങൾ അദ്ദേഹം കൈക്കൊണ്ടു.

വർത്തമാന പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഭാഷാഗദ്യത്തിന്റെ പ്രചാരകന്മാർ കൂടി ആയി. 1840 ൽ റവ: ജോർജ്ജ് മാത്തന്റെ ഉത്സാഹത്തിൽ ആരംഭിച്ച 'ജ്ഞാനനിക്ഷേപം', 1847 ൽ ഹെർമൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ തുടങ്ങിയ 'രാജ്യ സമാചാരം' എന്നീ ആനുകാലികങ്ങൾ ഗദ്യസാഹിത്യരൂപങ്ങൾക്കും, വസ്തുതാ പ്രധാനമായ ഗദ്യലേഖനങ്ങൾക്കും പ്രാമുഖ്യം നൽകി. കാര്യങ്ങൾ ഋജുവായും സരളമായും പറയുന്ന ഗദ്യരീതിയെ, പത്രങ്ങൾ പ്രോത്സാഹിപ്പിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോടുകൂടി മലയാള ഭാഷയിൽ ഗദ്യ സാഹിത്യരൂപങ്ങൾക്ക് പ്രാമുഖ്യം ലഭിയ്ക്കുവാൻ തുടങ്ങി. അതുവരെ രണ്ടാംകിടക്കാരനായിരുന്ന ഗദ്യകാരൻ മുൻനിരയിൽ സ്ഥാനം നേടി. ഇന്ത്യയിൽ പാശ്ചാത്യാധിപത്യം വ്യാപകമായതോടുകൂടി അധികാരത്തിലിരിയ്ക്കുന്നവരുടെ ഭാഷയുംസാഹിത്യവും കൂടുതൽ പ്രചാരത്തിലായി. ഇതിൽ പാശ്ചാത്യഗദ്യസാഹിത്യരൂപങ്ങൾ-ഉപന്യാസം, ലേഖനം, നോവൽ, ചെറുകഥ എന്നിവ- പ്രാദേശിക ഭാഷകളിലെ എഴുത്തുകാരുടെ സജീവ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചു. ഈ സാഹിത്യരൂപങ്ങളിൽ ചെറുകഥയാണ് വളർച്ചയിലും പ്രചാരത്തിലും ഗതിവേഗം കൈവരിച്ചത്.

**2.2. ചെറുകഥ - ഉത്ഭവവും വികാസവും**

പത്തൊൻപതാംനൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ രൂപംകൊണ്ട ഗദ്യസാഹിത്യരൂപമാണ് ചെറുകഥ. ഒരാൾ മറ്റൊരാളോടു ചെയ്യുന്ന ഹ്രസ്വമായ സംവാദമാണ് ചെറുകഥയെന്ന് സാമന്യേന പറയാം. വക്താവും ശ്രോതാവും ഉണ്ടായ- മനുഷ്യൻ സാമൂഹിക ജീവിതം ആരംഭിച്ച - അന്നു മുതൽ ഈ ഭൂമുഖത്ത് കഥാംശമുള്ള സംവാദങ്ങൾ നിലവിൽ വന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ചിരുന്ന സ്വാനുഭവകഥകൾ (Anecdotes) ഉപകഥകൾ (Jests) ജന്തുകഥകൾ (Fables)

യക്ഷികഥകൾ (Fairy tales) സാരോപദേശകഥകൾ (Parables) കെട്ടുകഥകൾ (Tales) അന്യാപദേശകഥകൾ (Allegories) പുരാവൃത്തങ്ങൾ (Myths) ആലേഖ്യങ്ങൾ (Sketches) വീരകഥകൾ (Legends) എന്നിവയിലെല്ലാം ആധുനിക ചെറുകഥയുടെ പ്രാഗ്‌രൂപം കണ്ടെത്താം. ഭാവനാ വിലാസത്തിനു പ്രാധാന്യം നൽകി സവിശേഷമായ ഒരനുഭവത്തെയോ സംഭവത്തെയോ ഒരു പ്രത്യേകവീക്ഷണകോണിൽ നിന്ന് അവതരിപ്പിക്കുമ്പോഴാണ് ഒരു ചെറുകഥ പിറവി കൊള്ളുന്നത്. മേൽ സൂചിപ്പിച്ച കഥാരൂപങ്ങളിൽ, കെട്ടുകഥകളുടെയും (Tales) ആലേഖ്യങ്ങളുടെയും (Sketches) സംയുക്തരൂപമാണ് ചെറുകഥ.[3]

ജർമ്മൻ ഭാഷയിൽ ഗയ്‌ഥേ (1749-1832) എഴുതിയിരുന്ന കഥാഖ്യാനങ്ങളാണ് പാശ്ചാത്യ ചെറുകഥയിലെ ആദ്യസംരംഭങ്ങൾ. എന്റർറ്റെയിൻമെന്റ്സ് (Entertainments) എന്ന ഗണത്തിൽപ്പെടുത്താവുന്ന ഈ ആഖ്യാനങ്ങൾ നാടോടികഥാപാരമ്പര്യത്തിന്റെ സ്വഭാവങ്ങൾകൂടി ഉൾക്കൊള്ളുന്നവയായിരുന്നു. നഥാനിയേൽ ഹാഥോൺ (1804-1864) എഡ്ഗാർ അലൻപോ (1809-1849) എന്നിവർ നടത്തിയ രചനകളാണ് അമേരിക്കൻ ഐക്യനാടുകളിൽ ആധുനികചെറുകഥയക്ക് തുടക്കംകുറിച്ചത്. പ്രോസ്മർ മെറീമേ(1803-1870) ബൽസാക് (1799-1850) ഫ്ളാബേർ (1821-1880) മോപ്പസങ്ങ് (1850-1893) എന്നിവർ ഫ്രഞ്ച് സാഹിത്യത്തിലും അലക്സാണ്ടർ പുഷ്കിൻ (1799-1837) ഇവാൻ തർജനീവ് (1818-1883) ആന്റൺ ചെഖോവ് (1860-1904) ഡസ്റ്റയോവെസ്കി (1821-1881) ലിയോടോൾസ്റ്റായ് (1828-1910) എന്നിവർ റഷ്യൻ സാഹിത്യത്തിലും ചെറുകഥയുടെ വളർച്ചയിൽ നിർണ്ണായക സംഭാവനകൾ നൽകി. എന്നാൽ ചരിത്രസാഹചര്യങ്ങളാൽ ഇന്ത്യക്ക് കൂടുതൽ അടുത്തറിയാൻ സാധിച്ച ബ്രിട്ടീഷ് സാഹിത്യത്തിൽ നോവിലിനായിരുന്നു ഏറെ പ്രചാരം. ബൃഹദാഖ്യാനങ്ങൾക്ക് മുൻ തൂക്കമുള്ള വിക്ടോറിയൻ കാലഘട്ടം പരിശീലിപ്പിച്ചെടുത്ത ഇംഗ്ലീഷ് എഴുത്തുകാർക്ക്, ചെറുകഥയുടെ രൂപഘടനയുമായി പൊരുത്തപ്പെടുന്നതിന് കുറെകൂടി ക്ലേശിക്കേണ്ടി വന്നു. ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള കോളനിക

ളിലും ചെറുകഥയുടെ വളർച്ച മന്ദഗതിയിലായിരുന്നു. 19-ാംനൂറ്റാണ്ടിൽ ലോകത്തിലെവലിയൊരുഭൂപ്രദേശത്തെ നിയന്ത്രിച്ചിരുന്ന ഇംഗ്ലണ്ടിൽ ചെറുകഥ എന്ന സാഹിത്യരൂപം പ്രചാരം നേടിയത് ആ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മാത്രമാണ്.[4] റുഡ്യാർഡ് കിപ്ലിങ്ങ് (1865-1936) ഓസ്ക്കാർ വൈൽഡ് (1854-1900) ഒ.ഹെന്റ്റി (1862-1910) ജെയിംസ് ജോയ്സ് (1882-1941) തുടങ്ങിയ എഴുത്തുകാർ രംഗത്തുവരുന്നതോടെയാണ് ബ്രിട്ടണിലും കോളനി രാജ്യങ്ങളിലും ചെറുകഥ വ്യാപകമാകുന്നത്. മറ്റു കോളനി രാജ്യങ്ങളിൽനിന്ന് ഇന്ത്യൻ സാഹചര്യം വ്യത്യസ്തമായിരുന്നു.

### 2.2.1. ഭാരതീയ പാരമ്പര്യം

പ്രാചീനകാലം മുതൽക്കേ ഭാരതീയന് ഒരു കഥാകഥനരീതി സ്വായത്തമായിരുന്നു. വൈദികസാഹിത്യത്തിൽ സന്ദർഭോചിതമായി നിരവധി കഥകൾ കടന്നുവരുന്നുണ്ട്. ഉദാത്തമായ ജീവിതാദർശങ്ങളും സൂക്ഷ്മമായ ശാസ്ത്രസത്യങ്ങളും സൂചിപ്പിക്കുന്നതിനാണ് കഥാരൂപങ്ങളെ വേദകാലം പ്രയോജനപ്പെടുത്തിയത്. ഉർവ്വശിയുടെയും പുരൂരവസ്സിന്റെയും പ്രണയകഥ മുതൽ തത്വമസി വരെയുള്ള കഥകൾ ആ കാലഘട്ടത്തിൽ മാത്രമല്ല, ഇന്നും പ്രചാരത്തിലുണ്ട്. മതദർശനത്തെ ജനകീയമാക്കുന്നതിന് ബൗദ്ധന്മാർ കഥയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തിയതിന്റെ ഫലമാണ് ജാതകകഥകൾ. ഗദ്യവും ഗാഥാരൂപത്തിലുള്ള പദ്യവും ഇടകലർന്നതാണ് ജാതകകഥകളുടെ സ്വരൂപം. ലോകപ്രസിദ്ധമായ പഞ്ചതന്ത്രകഥകൾ സാഹിത്യത്തിന്റെ സാമൂഹ്യപ്രയോജനത്തിന് ഊന്നൽ നൽകുന്നു. ഒരു കഥയിൽ നിന്ന് മറ്റൊരു കഥയിലേക്ക് വികസിക്കുന്ന പഞ്ചതന്ത്ര കഥകളുടെ ആഖ്യാനരീതി ശ്രദ്ധേയമായിരുന്നു. ഗുണാഢ്യന്റെ ബൃഹത്കഥ, കഥാസരിത്സാഗരം, വിക്രമാദിത്യകഥകൾ എന്നിവയെല്ലാം ലോകകഥാസാഹിത്യചരിത്രത്തിൽ സ്ഥാനം നേടി. മഹാഭാരതം, രാമായണം എന്നീ ഇതിഹാസങ്ങളിൽ ഇന്ത്യൻ ആഖ്യാനപദ്ധതിയുടെ വൈവിധ്യം ദർശിക്കാം. ഈ കഥാപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ

ഇന്ത്യയിലെ ആധുനിക ചെറുകഥയുടെ വികാസ പരിണാമങ്ങൾ വിലയിരുത്താൻ കഴിയൂ. പാശ്ചാത്യാധിപത്യത്തിന്റെയും ആധുനികവിദ്യാഭ്യാസത്തിന്റെയും ഫലമായി ഭാരതീയ സാഹിത്യത്തിലുണ്ടായ ചലനങ്ങളാണ് ആധുനിക ചെറുകഥയ്ക്ക് തുടക്കം കുറിക്കുന്നത്. എന്നാൽ മേൽ വിവരിച്ച പശ്ചാത്തലത്താൽ, ചെറുകഥ എന്ന സാഹിത്യരൂപത്തെ ഉൾകൊള്ളാനും അതിന്റെ രചനാസങ്കേതങ്ങൾ സ്വായത്തമാക്കാനും ഇന്ത്യൻ സാഹിത്യകാരന് പ്രയാസമുണ്ടായില്ല.

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ആധുനിക ചെറുകഥയുടെ ആദ്യരൂപങ്ങൾ ഭാരതീയ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. 1873ൽ ബംഗാളി ഭാഷയിൽ പൂർണചന്ദ്രചാറ്റർജിയുടെ (1848–1922) മധുമതി എന്ന പേരിലുള്ള ലഘു കഥകളുടെ സമാഹാരം പുറത്തുവരുന്നതോടെയാണ് ഇന്ത്യൻ ചെറുകഥയുടെ ചരിത്രം ആരംഭിക്കുന്നത്. ക്രമേണ മറ്റു പ്രദേശിക ഭാഷകളിലും ഈ സാഹിത്യരൂപം പ്രചാരം നേടുകയും വികസിക്കുകയും ചെയ്തു.

ആദ്യകാലകേരളത്തിലെ മിക്ക കലാസാഹിത്യരൂപങ്ങളും തമിഴിന്റെയോ സംസ്കൃതത്തിന്റെയോ സ്വാധീനത്തിൽനിന്ന് പിറവി കൊണ്ടതാണ്. എന്നാൽ നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങൾ പൂർണമായും പാശ്ചാത്യ സമ്പർക്കത്തിന്റെ ഫലമായി പ്രചാരത്തിൽ വന്നതാണ്. അതുകൊണ്ട് മലയാള ചെറുകഥയെ കുറിച്ചുള്ള പഠനത്തിൽ പാശ്ചാത്യവീക്ഷണങ്ങൾക്കും രീതി ശാസ്ത്രങ്ങൾക്കുമാണ് പ്രാമുഖ്യം.

### 2.3. മലയാള ചെറുകഥ പ്രാരംഭഘട്ടം

ദ്രാവിഡ സാഹിത്യത്തിൽ നിർണ്ണായകസ്ഥാനത്തു നില്ക്കുന്ന സംഘസാഹിത്യകൃതികളിൽ കഥാപാരമ്പര്യത്തിന്റെ വേരുകൾ കാണാം. മനോഹരമായ പ്രണയകഥകളും, മാനവജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലുന്ന കാല്പനിക ഭാവനകളും സംഘസാഹിത്യകാരന്മാർക്ക് അന്യമായിരുന്നില്ല. സംസ്കൃത നാടകാഭിനയ സമ്പ്രദാ

യത്തിന്റെ ഭാഗമായി വളർന്നുവന്ന കൂത്ത്, കൂടിയാട്ടം മുതലായ രംഗകലകളിലും ഭാവ നയ്ക്കും ആഖ്യാനപാടവത്തിനും സ്ഥാനമുണ്ടായിരുന്നു. നമ്മുടെ തനതായ നാടോടിസാഹിത്യവും കഥാകഥനത്തിൽ ഒട്ടും പിറകിലായിരുന്നില്ല. സ്ഥൂലാർത്ഥത്തിൽ ഇവയെല്ലാം നമ്മുടെ കഥാരീതിയുടെ ഭാഗമാണെങ്കിലും ഇവയൊന്നും തന്നെ ആധുനിക ഗദ്യത്തിന്റെയും ചെറുകഥ എന്ന സാഹിത്യരൂപത്തിന്റേയും പഠനപരിധിയിൽ പെടുത്താൻ കഴിയുന്നതല്ല.

മലയാള ചെറുകഥ ഒരു നിർണ്ണായക സാഹിത്യരൂപമായി മാറുന്നത് 19-ാം നൂറ്റാണ്ടിൽ അവസാന ദശകത്തിലാണ്. ഈ കാലയളവിൽ ഭാഷയിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിയ്ക്കുകയും അവയിൽ കല്പിത കഥയ്ക്ക് ഗണ്യമായ ഒരു ഭാഗം നീക്കിവെയ്ക്കുകയും ചെയ്തതോടെയാണ് മലയാളത്തിൽ ചെറുകഥ ഒരു സാഹിത്യജനുസ്സായി (Literary genere) രൂപംകൊള്ളുന്നത്.

കൊല്ലവർഷം 1065 ൽ സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'വിദ്യാവിനോദിനി' മാസികയിൽ, തൊട്ടടുത്തവർഷം മുതൽ തന്നെ ചെറുകഥകൾ പ്രസിദ്ധീകരിച്ചു വന്നതായി കാണാം. 1868 മുതൽ പാഠപുസ്തകങ്ങൾക്കുവേണ്ടി കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എഴുതിയ ചെറുകഥകൾ കുട്ടികളുടെ ഭാഷാനൈപുണ്യം വർദ്ധിപ്പിയ്ക്കുന്നതിനാണ് പ്രാധാന്യം കൊടുത്തത്. ലളിതമായ പ്രതിപാദന ശൈലിയും, ഭാഷയെ നിലവാരപ്പെടുത്താൻ നടത്തിയ യത്നങ്ങളും ഇത്തരം രചനകളുടെ ഗൗരവ സ്വഭാവത്തെ ബാധിയ്ക്കുന്നു. മൂർക്കോത്തു കുമാരൻ എഴുതിയ ചില കഥകൾ 1891 ന് മുൻപ് രചിക്കപ്പെട്ടതായിരിക്കാമെങ്കിലും അവ അപ്രകാശിതങ്ങൾ ആയിരുന്നു. ഈ വസ്തുതകൾ മുൻനിർത്തി 1066 കുംഭം/1891 ഫെബ്രുവരിയിൽ വിദ്യാവിനോദിനി പുസ്തകം 2. നമ്പർ 5 ൽ പ്രസിദ്ധീകരിക്കപ്പെട്ട, കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാർ എഴുതിയ 'വാസനാവികൃതി'യാണു മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ചെറുകഥ.[5]

വേങ്ങയിൽ കുഞ്ഞിരാമൻനായനാർ (1860–1914) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ (1869–1916) അമ്പാടിനാരായണപൊതുവാൾ (1871–1936) സി.എസ്. ഗോപാലപ്പണിക്കർ (1872–1930) മൂർക്കോത്ത് കുമാരൻ (1874–1941) കെ. സുകുമാരൻ (1876–1956) ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമമേനോൻ [എം.ആർ.കെ.സി. (1881–1939)], ഇ.വി. കൃഷ്ണപിള്ള (1894–1938) എന്നിവരാണ് മലയാള ചെറുകഥാസാഹിത്യരംഗത്തെ ആദ്യകാല എഴുത്തുകാർ.

സി.പി. അച്യുതമേനോൻ, സി.വി. കുഞ്ഞിരാമൻ, കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ, ശീവെള്ളി നാരായണൻ നമ്പൂതിരി, ആറ്റൂർ കൃഷ്ണപ്പിഷാരോടി, അപ്പൻ തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ മുതലായവരേയും മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തി പഠിക്കേണ്ടതാണെങ്കിലും ആദ്യ കാലഘട്ടത്തിന്റെ ചില സവിശേഷ മാതൃകകൾ എന്ന നിലയ്ക്കാണ് മേല്പറഞ്ഞ എഴുത്തുകാരെ വിശദമായി പരിചയപ്പെടുത്തുന്നത്.

**2.3.1.** പ്രതിപാദന സൗകര്യത്തിനുവേണ്ടി മലയാള ചെറുകഥയുടെ വളർച്ചയെ നാലു ഘട്ടങ്ങളിലായി തിരിക്കുന്നു.

(1) കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ 'വാസനാവികൃതി' എന്ന കഥയെ ആദ്യത്തെ ചെറുകഥയായി നിർണ്ണയിച്ച് ആ കഥ പ്രസിദ്ധീകരിച്ച 1891 മുതൽ 1925 വരെയുള്ള പ്രാരംഭ കാലഘട്ടം.

(2) 1928 മുതൽ 1935 വരെ നീണ്ടുനിൽക്കുന്ന നമ്പൂതിരി കഥാകാലഘട്ടം. സാമൂഹ്യപരിഷ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പ്രചരണോദ്ദേശ്യത്തോടുകൂടി പുറത്തുവന്ന കഥകളാണ് ഇവയിൽ പ്രധാനം.

(3) 1930 കളിൽ ആരംഭിയ്ക്കുകയും 1960 കളിൽ അവസാനിയ്ക്കുകയും ചെയ്യുന്ന നവോത്ഥാന കാലഘട്ടം.

(4) 1960 നു ശേഷമുള്ള ആധുനിക കാലഘട്ടം.

**2.3.2.** പ്രാരംഭഘട്ടത്തിലെ എഴുത്തുകാർ ചെറുകഥാരചനയിൽ ഏർപ്പെടാൻ ഇടയായ സാഹചര്യം ശ്രദ്ധേയമാണ്. പാശ്ചാത്യ വിദ്യാഭ്യാസം നേടി ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തകനായി മാറിയ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ 1888 ലെ ബോംബെ എ.ഐ.സി.സി. സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്. മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അംഗമായിരുന്ന അദ്ദേഹം വൃത്താന്തപത്രപ്രവർത്തകൻ എന്ന നിലയിലും പ്രശസ്തനായി.

ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ 1898 ൽ ഒന്നാം റാങ്കോടുകൂടി ബി.എ. ബിരുദം നേടിയ വ്യക്തിയാണ്. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ കീഴിൽ ഹുജ്ജരാപ്പീസിൽ ഉദ്യോഗം ലഭിച്ച്, മജിസ്ട്രേട്ടായി ജോലിയിൽ നിന്നും വിരമിച്ചു.

തൃശൂർ ഹിന്ദു ഹൈസ്കൂളിൽ നിന്നും മെട്രികുലേഷൻ ജയിച്ച അമ്പാടി നാരായണ പൊതുവാൾക്ക് ഇന്റർമീഡിയറ്റിനു പഠിക്കുന്നതിനിടയിൽ സർക്കാർ സർവീസിൽ ജോലി കിട്ടി. ജോലിയിൽ നിന്നും വിരമിയ്ക്കുമ്പോൾ അദ്ദേഹം സബ്രജിസ്ട്രാർ ആയിരുന്നു.

ജന്തുശാസ്ത്രത്തിൽ ബി.എ. ബിരുദം നേടി, ബ്രിട്ടീഷ് സർക്കാർ സർവീസിൽ ഉയർന്ന തസ്തികയിൽ ജോലി നോക്കിയ സി.എസ്. ഗോപാല പണിക്കരും, ഉന്നത വിദ്യാഭ്യാസ രംഗത്തുവരെ അദ്ധ്യാപകനായി ജോലി നോക്കിയ മൂർക്കോത്തുകുമാരനും പാശ്ചാത്യ-സാഹിത്യ-ലോകത്തെ അടുത്തറിയാൻ കഴിഞ്ഞവരാണ്. ഫ്രഞ്ച് കോളനിയായ മയ്യഴിയിൽ ജനിച്ച് വടക്കേ മലബാറിലെ വിവിധ പ്രദേശങ്ങളിൽനിന്നും വിദ്യാഭ്യാസം നേടി ജന്തുശാസ്ത്രത്തിൽ ബിരുദമെടുത്ത കെ. സുകുമാരനും, എം.ആർ.കെ.സി. എന്ന പേരിൽ അറിയപ്പെടുന്ന കുഞ്ഞിരാമമേനോനും ബ്രിട്ടീഷ് സർക്കാരിന്റെ കീഴിൽ ജോലിക്കാരായിരുന്നു. ആംഗല വിദ്യാഭ്യാസം ലഭിച്ച് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ട വ്യക്തി ആയിരുന്നു ഇ.വി. കൃഷ്ണപിള്ള.

മേല്പറഞ്ഞ എഴുത്തുകാർക്കെല്ലാം വിദ്യാസമ്പന്നരും മദ്ധ്യവർഗ്ഗക്കാരുമായ പാശ്ചാത്യരുമായി അടുത്തിടപഴകുന്നതിന് അവസരം ലഭിച്ചു. ഇംഗ്ലീഷുകാർ പഠിയ്ക്കുന്ന സ്കൂളിലും അവർ മേലധികാരികളായി ജോലി നോക്കുന്ന ആപ്പീസുകകളിലും വെച്ച് ഈ എഴുത്തുകാർ പാശ്ചാത്യ സംസ്കാരത്തെ അടുത്തറിഞ്ഞു. വാസനാസമ്പന്നരായിരുന്ന ഇവരുടെ സഹൃദയത്വത്തെ പാശ്ചാത്യസാഹിത്യം ആകർഷിച്ചതിൽ അത്ഭുതപ്പെടാനില്ല. ഇവർ വായിച്ച് ആസ്വദിച്ച് ഉൾക്കൊള്ളാൻ ശ്രമിച്ചത് അന്നത്തെ ജനപ്രിയ സാഹിത്യരൂപമായ ചെറുകഥ ആയിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരായി ഇന്ത്യയിലെത്തിചേർന്ന ഇംഗ്ലീഷുകാർക്ക് ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാർ പാശ്ചാത്യ ചെറുകഥാകൃത്തുക്കളായിരുന്നു. അവരുടെ രചനാ മാതൃകകളാണ് മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കൾ പിന്തുടർന്നത്. പ്രണയം, കുറ്റാന്വേഷണം, കോടതി രംഗങ്ങൾ, സാഹസികത, വ്യക്തികൾക്കു പറ്റുന്ന അബദ്ധങ്ങൾ തുടങ്ങിയ ഇതിവൃത്തങ്ങളിലാണ് ഇവർ താല്പര്യംകാണിച്ചത്. വായനക്കാർക്ക് ഒരുക്കികൊടുക്കുന്ന ഒരു ‘വിഭവ’മായിരിക്കണം കഥ എന്ന് ഇവർ വിശ്വസിച്ചു.[6]

പ്രണയകഥകളിൽ സ്വാഭാവികമായും വ്യക്തികൾക്കുള്ള പ്രാധാന്യവും വ്യക്തിത്വത്തെ മാനിക്കാനുള്ള പ്രവണതയും കാണാം. നാടുവാഴിത്തത്തിന്റെ പൊതുവായ ചില ധാരണകളെ നിരസിക്കുവാനുള്ള വ്യഗ്രത വളർത്തികൊണ്ടുവന്നതിൽ ഈ കഥകൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. ജന്തുസഹജമായ കാമവികാരത്തെ ഉദാത്തവല്കരിച്ച്, അതിനെ പ്രേമമായി പരിണമിപ്പിയ്ക്കാനും, മനുഷ്യമനസ്സിനെ സംസ്കരിക്കാനുമുള്ള ശ്രമത്തിൽ ഇത്തരം കഥകൾ ഒരുപരിധി വരെ വിജയിച്ചു.

കുറ്റാന്വേഷണ കഥകളും കോടതി വ്യവഹാര ചിത്രീകരണങ്ങളും പാശ്ചാത്യകഥകളുടെ അന്ധമായ അനുകരണം തന്നെ ആയിരുന്നു. ഇക്കാലത്തെ സാഹസിക കഥകളെ രണ്ടുതരത്തിൽ തിരിയ്ക്കാം. വീരാപദാനകഥകളും, മൃഗയാ വിനോദം പോലെ

സാഹസികവൃത്തിയിൽ നേരിട്ടേർപ്പെടുന്നത് വർണ്ണിക്കുന്ന കഥകളും. കാല്പനിക ഭാവനയുടെ സ്വതന്ത്ര വിഹാരമാണ് ഇത്തരം കഥകളിൽ കാണാൻ കഴിയുക.

**2.3.3.** ഒരു നിർവചനത്തെ മുൻനിർത്തി മലയാള ചെറുകഥയുടെ ആദ്യകാല മാതൃകകൾ സൂക്ഷ്മമായി പരിശോധിയ്ക്കുന്ന ഏതൊരാളും, നിരവധി ദോഷങ്ങൾ ചൂണ്ടികാണിയ്ക്കും. ഒരു സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥ എന്ന സംജ്ഞ അന്നു പ്രചാരത്തിൽ വന്നിരുന്നില്ല. ലളിതോപന്യാസങ്ങളുടെ ഗണത്തിൽ പെടുന്നവയാണ് ആ കഥകളിൽ പലതും. വിഷയാനുസാരിയായ ഭാഷ എന്ന സമീപനം സ്വീകരിക്കാൻ പല എഴുത്തുകാരും ശ്രദ്ധിച്ചില്ല. ആഖ്യാനം, വീക്ഷണകോൺ എന്നിവയിലും അവർ ദത്തശ്രദ്ധരായിരുന്നില്ല. ഈ ന്യൂനതകൾ നിലനില്ക്കെ തന്നെ, ഇവർ ഭാഷക്കും സാഹിത്യത്തിനും നല്കിയ സേവനങ്ങൾ ഇതിനേക്കാൾ വലുതായിരുന്നു എന്ന് കാണാൻ കഴിയും. ഇവ താഴെ പറയുന്നവയാണ്.

(1) നിലവാരപ്പെട്ട ഭാഷാഗദ്യത്തിന് രൂപം നല്കുന്നതിൽ ഇവർ ശ്രദ്ധിച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാനും, സി.വി. രാമൻപിള്ളയും സംസ്കൃതപദപ്രധാനമായ, ഒരാഢ്യസാഹിത്യഭാഷയ്ക്കും, ഒ. ചന്തുമേനോനും, കേസരി കുഞ്ഞിരാമൻ നായനാരും ജനങ്ങളുടെ സംഭാഷണ ശൈലിയ്ക്ക് മേൽക്കൈ ഉള്ള ഒരു ജനകീയ ഭാഷയ്ക്കും സാഹിത്യത്തിൽ തുടക്കം കുറിച്ചിരുന്നു. ആഢ്യഭാഷയുടെ നന്മകൾ ഉൾക്കൊള്ളിച്ച് സാമാന്യ ജനങ്ങളുടെ സംസാരഭാഷ സാഹിത്യ ഭാഷയാക്കി വളർത്തി എടുക്കുന്നതിൽ ഈ ചെറുകഥാകൃത്തുക്കൾ ശ്രദ്ധ പതിപ്പിച്ചു. ഒരു ജനതയുടെ ഗദ്യം ആ ജനതയെ ആകെ ഉൾക്കൊള്ളാൻ കഴിയുന്നതാകണമെന്ന ബോധം അവർക്കുണ്ടായിരുന്നു.

(2) അതിവേഗം പരിവർത്തനം സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിന്റെ സാമൂഹ്യ മാറ്റത്തോടൊപ്പം സഞ്ചരിക്കാൻ വ്യക്തികളെ തയ്യാറെടുപ്പിക്കുന്നതിൽ ആദ്യകാല മലയാള കഥ നിർണ്ണായകമായപങ്ക് വഹിച്ചു. പടർന്നു പന്തലിച്ചു നിന്ന നാടുവാ

ഴിത്തത്തിന്റെ കാനലിൽ നിന്ന് വ്യക്തിയെ, വളർച്ചയുടെ പ്രകാശ ലോകത്തിലേക്ക് കൈപി ടിച്ചാനയിക്കുന്നതിന് ആദ്യകാല ചെറുകഥാ കൃത്തുകൾ ശ്രദ്ധിച്ചു. ഇവരുടെ കഥാസങ്ക ല്പത്തെ കുറിച്ച് ഇ.വി. കൃഷ്ണപിള്ള നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്.

"സർവസ്വതന്ത്രമായി വിഹരിച്ച് കീർത്തിധാവള്യത്തിൽ മുഴുകുന്നതിനുതകുന്ന ഒരു ശാഖയല്ലേ ഞങ്ങൾക്ക്-ചെറുകഥക്കാർക്ക്-കിട്ടിയിട്ടുള്ളത്. ഇപ്പോൾ ഒട്ടുമുക്കാലും ഞങ്ങളുടെ സാമ്രാജ്യം എന്നു വേണം പറയുവാൻ. ഉള്ളൂരും, വള്ളത്തോളും കുണ്ടൂരു മെല്ലാം ഏതെങ്കിലും ഒരു പദ്യത്തിന്റെ വിഷയം മനസ്സിൽ സങ്കല്പിച്ചു കഴിയുമ്പോൾ ഞങ്ങൾ നാലു ചെറുകഥകൾ എഴുതി അഞ്ചലിൽ അയച്ചിട്ട് അഞ്ചാമത്തേത് എഴുതാൻ ആരംഭിയ്ക്കുകയായി."[7]

1928 ൽ തൃശൂരിൽ നടന്ന സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ ഇ.വി. കൃഷ്ണ പിള്ള നടത്തിയ പ്രസംഗത്തിലേതാണ് മേല്പറഞ്ഞ പരാമർശം. ചെറുകഥയുടെ ലക്ഷ ണം, രചനയിൽ ശ്രദ്ധിക്കേണ്ട സംഗതികൾ, ഭാഷ തുടങ്ങിയവയെ കുറിച്ചെല്ലാം ഈ പ്രഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സമ്മേളനത്തിന്റെ ആദ്യദിവസം സി.വി. രാമൻപി ള്ളയുടെ ഗദ്യശൈലിയെ വിമർശിച്ച് മൂർക്കോത്തുകുമാരൻ ചെയ്ത പ്രസംഗത്തിനുള്ള മറുപടി കൂടി ആയിരുന്നു ഇ.വി. കൃഷ്ണപിള്ളയുടെ പ്രസംഗം. പ്രതിപാദിയ്ക്കുന്ന വിഷയത്തിനനുസരിച്ച് ഭാഷയിലും മാറ്റംവരണമെന്ന ധാരണ ഗൗരവമായചർച്ചയ്ക്ക് വിധേയമാകുന്നത് ഈ കാലത്താണ്.

(3) ഭാഷാ സാഹിത്യത്തിൽ അനുകരണീയമായ മാതൃകകൾ ഇല്ലാതിരുന്നതിനാൽ പാശ്ചാത്യ രചനാസങ്കൽപ്പമാണ് ഇവരെ സ്വാധീനിച്ചത്. സമൂഹത്തിലെ ഉന്നതസ്ഥാന ങ്ങളിലിരുന്ന വ്യക്തികളായതിനാൽ സാമൂഹ്യനീതിയെ നേരിട്ടെതിർക്കാൻ ഇവർ മുന്നോട്ടു വന്നില്ല. ഒരു പുതിയ സാഹിത്യരൂപത്തിന്റെ പഥപ്രദർശകർ ആയിരുന്നതി നാൽ ഒന്നിനേയും നിഷേധിക്കേണ്ടതായും വന്നില്ല.

## 2.4. നമ്പൂതിരി നവോത്ഥാന കഥകൾ

മുതലാളിത്ത വ്യവസ്ഥയുടെ സാഹിത്യ രൂപങ്ങളിലൊന്നായ ചെറുകഥ സമൂഹ ത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്ന മനുഷ്യരുടെ ഏകാന്തമായ ശബ്ദമാണ് പുറപ്പെടുവി ക്കുന്നത് എന്ന ഒരു നിരീക്ഷണമുണ്ട്.[8] തിരക്കേറിയ ജീവിതത്തിന്റെ ആകുലതകളിൽ ഉഴലുന്ന മനുഷ്യന്റെ സാഹിത്യാസ്വാദന താല്പര്യത്തെ സംതൃപ്തമാക്കാൻ ശ്രമിയ്ക്കുക എന്നുള്ളതാണ് ഈ സാഹൃത്യരൂപത്തിന്റെ ജന്മോദ്ദേശ്യമായി വിലയിരുത്തുന്നത്. എന്നാൽ തിരക്കുകൾക്കിടയിൽ ലാഘവത്തോടുകൂടി വായിച്ചു തള്ളാൻ കഴിയുന്നതാണ് ഒരു ചെറുകഥ എന്ന ആശയവും ഈ വാദത്തിൽ ഉൾക്കൊള്ളുന്നു. നിലനിൽക്കുന്ന സമുദായ നീതിയോട് ഏതെങ്കിലും വിധത്തിൽ പൊരുത്തപ്പെടാൻ കഴിയാത്ത ഏകാകി കളായ മനുഷ്യരുടെ ജീവിതത്തിലെ ചെറിയ നിമിഷങ്ങൾ ചിത്രീകരിക്കുന്നത് കേവലം വിനോദം മാത്രമായി കണ്ട എഴുത്തുകാർ ഉണ്ടായിരുന്നു. എന്നാൽ ആശയപ്രചരണ ത്തിനുള്ള ഒരു നല്ല മാധ്യമമായി കഥയെ ഗൗരവപൂർവ്വം സമീപിച്ചവരും കുറവല്ല. സമു ദായ പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച ഉൽപ്പതിഷ്ണുക്കളായ നമ്പൂതിരി യുവാ ക്കളായിരുന്നു കഥയുടെ സമഗ്രസാദ്ധ്യതകൾ ആദ്യം തിരിച്ചറിഞ്ഞത്.

ജാതി ജന്മിനാടുവാഴിത്ത വ്യവസ്ഥിതിയുടെ മേലേതട്ടിൽ വിഹരിച്ചിരുന്ന നമ്പൂ തിരി സമുദായത്തിലെ ഒരു ചെറുന്യൂനപക്ഷം സുഖലോലുപതയിൽ മുഴുകി കഴിയുക യായിരുന്നു. സ്വസമുദായത്തിലെ ദരിദ്രരോടും, സ്ത്രീകളോടും നിന്ദ്യവും നിർദ്ദയവു മായ പെരുമാറ്റമാണ് ഈ സമ്പന്ന ന്യൂനപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നത്. നമ്പൂതിരി സമുദായത്തിന്റെ അഭ്യുന്നതി ലക്ഷ്യമാക്കി 1908 ൽ ആലുവയിൽവെച്ച് നമ്പൂ തിരിയോഗക്ഷേമസഭ എന്ന ഒരു സംഘടന രൂപം കൊണ്ടുവെങ്കിലും 1925 വരെ തികച്ചും യാഥാസ്ഥിതികമായ ഒരു നിലപാടാണ് ആ സംഘടന സ്വീകരിച്ചത്. കോൺഗ്രസ്സിന്റെ മിശ്രഭോജനം മുതലായ ആശയങ്ങളോടും, വൈക്കം സത്യാഗ്രഹം മുതലായ സമരങ്ങ

ളോടും നമ്പൂതിരി യോഗക്ഷേമസഭയ്ക്ക് യോജിപ്പുണ്ടായിരുന്നില്ല.[9] സോഷ്യലിസ്റ്റ് ആശയങ്ങളോട് പ്രസ്തുത സംഘടന തികഞ്ഞ അകലം സൂക്ഷിക്കാൻ ശ്രദ്ധിച്ചു.[10] എന്നാൽ പുരോഗമനേച്ഛുക്കളായ ഏതാനും ചെറുപ്പക്കാർ നിരന്തരം നടത്തിയ ഇടപെടലുകളിലൂടെ നമ്പൂതിരി യോഗക്ഷേമസഭ ആ സമുദായത്തിലെ പരിവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ആരംഭിച്ചു.

വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., പ്രേംജി, ഐ.സി.പി., ഇ.എം.എസ്. മുത്തിരങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, കെ.എൻ. ഭട്ടതിരിപ്പാട് മുതലായ ചെറുപ്പക്കാർ ചേർന്ന് നമ്പൂതിരിയുവജനസംഘം എന്ന സംഘടനയ്ക്ക് രൂപം നല്കി. സ്വസമുദായത്തെ നവീകരിക്കാനുള്ള പ്രചരണ പ്രവർത്തനത്തിന്റെ ഭാഗമായി മുത്തിരിങ്ങോട് (1902–1944), എം.ആർ.ബി (1908–2004), വി.ടി. ഭട്ടതിരിപ്പാട് (1896–1982)എന്നിവർ സാഹിത്യത്തിന്റെ വിവിധ രൂപങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു. ചെറുകഥ എന്ന സാഹിത്യരൂപം കൂടുതൽ ജനകീയമാകുന്നതും, അതിന്റെ ഭാഷാശൈലി സാമാന്യേന ലളിതമാകുന്നതും ഈ കാലഘട്ടത്തിലാണ്. 'നമ്പൂതിരി കഥാകാലഘട്ട'മെന്ന് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത് രചയിതാക്കളെ മുൻനിർത്തി മാത്രമാണ്. യഥാതഥ വർണ്ണന (റിയലിസം) മലയാള ചെറുകഥയിൽ പ്രാമുഖ്യം നേടിയത് ഈ കാലയളവിലാണ്.

എം.ആർ.ബി.യുടെ 'വാല്ക്കണ്ണാടി' എന്ന സമാഹാരത്തിലെ കഥകൾ 1928 നും 1930 നും ഇടയിൽ രചിക്കപ്പെട്ടതാണ്. 1935 നു മുൻപുള്ള വർഷങ്ങളിലാണ് മുത്തിരിങ്ങോടിന്റെ 'പൂങ്കുല' എന്ന സമാഹാരത്തിലെ കഥകൾ രചിച്ചത്.

ചെറുകഥയുടെ ശില്പഭംഗി സൂക്ഷ്മത എന്നിവക്കെല്ലാം ഉപരി, നമ്പൂതിരി സമുദായ പരിഷ്കരണത്തിനുള്ള വ്യഗ്രതയാണ് ഈ കഥകളിൽ ഭാഷാ വിദ്യാർത്ഥിക്ക് കാണാൻ കഴിയുക. വ്യഥാസ്ഥൂലത ഇവരുടെ ഒരു ദോഷവുമാണ്. മുത്തിരിങ്ങോടിന്റെ 'മരണത്തിന്റെ മടിയിൽ', എം.ആർ.ബി.യുടെ 'തലയിലെഴുത്ത്' മുതലായ കഥകൾ ഇതിനുദാഹരണമാ

ണ്. ഇവരുടെ കഥകളിൽ കാണുന്ന ശില്പപരമായ ന്യൂനതകൾ വിമർശനവിധേയമായി ട്ടുണ്ട്. എന്നാൽ ലക്ഷ്യബോധത്തെ മുൻനിർത്തി അത്തരം ന്യൂനതകളെ വിമർശകന്മാർ ഏറെ കണക്കിലെടുത്തില്ല.

വി.ടി. ഭട്ടതിരിപ്പാടിന്റെ ഗദ്യശൈലിയും, ചെറുകഥാകൃത്ത് എന്ന നിലയിൽ അദ്ദേ ഹത്തിന്റെ സംഭാവനകളും പരാമർശിക്കേണ്ടതായിട്ടുണ്ട്. സാഹിത്യപ്രവർത്തനം സഹ ജീവികളെ സന്തോഷിപ്പിക്കാൻ വേണ്ടി മാത്രമല്ല; ചിന്തിപ്പിയ്ക്കാനും കർമ്മനിരതരാ ക്കാനും ഉതകുന്നതുകൂടി ആയിരിക്കണമെന്ന് വി.ടി. വിശ്വസിച്ചു. 1920 ൽ ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനത്തിൽ വളണ്ടിയറായി സേവനം ചെയ്ത വി.ടി. 1921 ൽ അഹമ്മ ദബാദ് ദേശീയ സമ്മേളനത്തിൽ പ്രതിനിധിയായി പങ്കുകൊണ്ടു. കപ്പൽ യാത്ര ചെയ്ത തിന്റെ പേരിൽ പഠനം നിർത്തേണ്ടി വന്ന വി.ടി. യോഗക്ഷേമ പ്രവർത്തനത്തിൽ സജീ വമായി. 1918ൽ പ്രസിദ്ധീകരണമാരംഭിച്ച ഉണ്ണിനമ്പൂതിരി മാസികയുടെ മുഖ്യ ചുമതല ക്കാരൻ വി.ടി. ഭട്ടതിരിപ്പാടായിരുന്നു. 'പാശുപതം' എന്ന ഒരു പ്രസിദ്ധീകരണവും ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ആരംഭിച്ചു. പാശുപതത്തിൽ വി.ടി. കൈകാര്യം ചെയ്തി രുന്ന 'രജനീരംഗം' എന്ന പംക്തി, കഥയ്ക്കാണ് പ്രാധാന്യം കൊടുത്തത്. ഈ പംക്തി യിൽ അദ്ദേഹം എഴുതിയ കഥകളിൽ എട്ടെണ്ണം സമാഹരിച്ച് 1928 ൽ 'രജനീരംഗം' എന്ന പേരിൽ പുസ്തകമായി പുറത്തുവന്നു. രജനീരംഗത്തിലെ ഓരോ കഥയും നമ്പൂ തിരി സമുദായത്തിലെ സ്ത്രീ ജനങ്ങളെ സമരോത്സുകരാക്കുക എന്ന ഉദ്ദേശ്യത്തോടെ എഴുതിയതാണ്. ഏഴു കഥകളിലും സ്ത്രീയാണ് മുഖ്യകഥാപാത്രം.

ഗ്രന്ഥനാമം സൂചിപ്പിയ്ക്കുന്നതുപോലെ കഥകളുടെ പശ്ചാത്തലം രാത്രിയാണ്. സ്ത്രീധനത്തിനു പണമില്ലാത്തതിനാൽ വാത്സല്യ ഭാജനമായ മകളെ വില്ക്കേണ്ടിവ രുന്ന അച്ഛൻ (ഉത്തരം കിട്ടാത്ത ചോദ്യം, മനയ്ക്കലെ കാര്യസ്ഥൻ എന്നീ കഥകൾ) സാപത്ന്യത്തിന്റെ ദുരിതമനുഭവിക്കേണ്ടിവരുന്ന സ്ത്രീകളുടെ ദുഃഖങ്ങൾ എന്നിവയാണ്

ഈ കഥകളിലെ മുഖ്യവിഷയം. ഈ കഥാസമാഹാരത്തിന് വന്നേരി കെ. സാവിത്രി അന്തർജനം എന്ന മാറ്റപ്പേരുവെച്ച് (തൂലികാനാമം) എം.ആർ. ഭട്ടതിരിപ്പാടും എം.പി. ഭട്ട തിരിപ്പാടും ചേർന്നെഴുതിയ അവതാരിക ശ്രദ്ധേയമാണ്. വായിച്ചുരസിക്കാൻ മാത്രമു ള്ളതല്ല, ഉൾക്കൊണ്ട് ഉയരാൻ കൂടിയുള്ളതാണ് സാഹിത്യമെന്ന് ഇവർ ചൂണ്ടിക്കാണി ച്ചു. രജനീരംഗത്തിന്റെ മുഖവുരയിൽ തന്റെ കഥകളെകുറിച്ച് വി.ടി. ഇപ്രകാരം വ്യക്ത മാക്കിയിട്ടുണ്ട്.

'സാഹിത്യഭംഗികൊണ്ടോ, കഥാഘടനയിലുള്ള വൈചിത്ര്യം കൊണ്ടോ പുസ്ത കരൂപേണ പ്രസിദ്ധപ്പെടുത്തത്തക്ക യോഗ്യത ഈ കഥകൾക്കുണ്ടെന്ന് ഇപ്പോഴും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നമ്പൂതിരിമാർ വിഡ്ഢിവേഷം കെട്ടി അന്യന്മാരുടെ മുൻപിൽ സൂരിനമ്പൂതിരി കളിക്കുന്ന സമ്പ്രദായം സാഹിത്യലോകത്തിൽ സർവസാധാരണമായി ട്ടുണ്ടെങ്കിലും, മറക്കുടയ്ക്കുള്ളിൽ മറഞ്ഞു നില്ക്കുന്ന അന്തർജനങ്ങളെ രംഗപ്രവേശം ചെയ്യിച്ചതായി കണ്ടിട്ടില്ലാത്തതിനാൽ ആ പുതുമയാണ് ഈ പ്രസിദ്ധീകരണത്തിന് കാര ണമായിട്ടുള്ളത്. ഗ്രന്ഥകർത്താവെന്ന നിലയിൽ പേരെടുക്കുവാനല്ല ഇതുകൊണ്ട് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. നമ്പൂതിരി സമുദായത്തിലെ അനാശാസ്യമായ വിവാഹ സമ്പ്രദായത്തെ പരിഷ്കരിക്കാൻ ഇത്തരം പ്രസിദ്ധീകരണങ്ങൾ ഉപകരിക്കുമെന്നാണെന്റെ വിശ്വാസം. അതിനെ സഹായിക്കുന്ന ഒരു ചലനം നമ്പൂതിരി സമുദായത്തിൽ ഉണ്ടാകുന്നപക്ഷം ഞാൻ കൃതാർത്ഥനായി"[11].

സൗന്ദര്യപക്ഷത്തിൽ സ്വയം വിമർശകനാണെങ്കിലും, സാഹിത്യത്തിന്റെ സാമൂ ഹ്യപ്രയോജനം, സമുദായനന്മ എന്നിവയിൽ ഉറച്ചു വിശ്വസിയ്ക്കുന്ന ഒരു നിരൂപകനെ കൂടി മേൽ പ്രസ്താവനയിൽ നാം കാണുന്നു. ആശയ പ്രചരണത്തിനുള്ള പ്രാമുഖ്യം, വ്യംഗ്യ പരാമർശങ്ങളേക്കാൾ വാച്യപരാമർശങ്ങൾക്കു ലഭിച്ച സ്ഥാനം, വ്യഥാസ്ഥൂല മായ വിവരണങ്ങൾ എന്നിവ നമ്പൂതിരി കഥകളുടെ ദോഷങ്ങളായി ചൂണ്ടിക്കാണിക്കു

ന്നവർക്കുള്ള മറുപടി കൂടിയാണ് വി.ടിയുടെ മുഖവുര.

**2.4.1.** ഈ ചെറുകഥകൾക്ക് മലയാള കഥാസാഹിത്യത്തിലുള്ള സ്ഥാനം താഴെ പറയുംപ്രകാരം സംഗ്രഹിയ്ക്കാം.

(1) ഭാഷാശൈലിയെ ലളിതവും പ്രസന്നമധുരവും ജനകീയവുമാക്കി മാറ്റി. നമ്പൂതിരി സമുദായത്തിലെ ആചാരഭാഷയിലെ സാങ്കേതിക പദങ്ങൾ ഒഴിച്ചു നിർത്തിയാൽ, ചെറുകഥയുടെ സൂക്ഷ്മ ഭാവത്തിനിണങ്ങുന്ന ഭാഷാഗദ്യം വളർത്തികൊണ്ടുവന്നു.

(2) ലളിതോപന്യാസങ്ങൾ, നർമ്മലേഖനങ്ങൾ എന്നീ നിലകളിൽ വായിച്ചുതള്ളിയിരുന്ന ചെറുകഥയെ ഗൗരവമുള്ള ഒരു സാഹിത്യരൂപമാക്കിമാറ്റി. കല്പിത കഥകളുടെ സ്വപ്നിലമായ അന്തരീക്ഷത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിന്റെ പരിതോവസ്ഥകളിലേക്ക് രചനാസമ്പ്രദായത്തെമാറ്റി.

സാമൂഹ്യ പരിഷ്കരണത്തിനായി യത്നിച്ച മറ്റുപ്രസ്ഥാനങ്ങൾ ഒന്നുംതന്നെ കഥ എന്ന സാഹിത്യരൂപത്തെ ഇത്രസമർത്ഥമായി ഉപയോഗിച്ചതായി കാണുന്നില്ല. വ്യക്തി മഹത്വം, കൂട്ടുകുടുംബത്തിലെ പ്രശ്നങ്ങൾ, ആളോഹരി ഭാഗം മുതലായ ആശയങ്ങൾ അവിടവിടെയായി പ്രത്യക്ഷപ്പെടുന്നുണ്ടെന്നു മാത്രം. അതിനാൽ ഒറ്റപ്പെട്ട അത്തരം കഥകളെ വിശകലനം ചെയ്യാൻ ഇവിടെ മുതിരുന്നില്ല. മേൽസൂചിപ്പിച്ച നമ്പൂതിരികഥകൾ മലയാള ഗദ്യസാഹിത്യത്തിൽ ഏറ്റവും ശ്രേഷ്ഠവും അർത്ഥപൂർണ്ണവുമായ ഒരു കാലഘട്ടത്തിന് തുടക്കം കുറിച്ചു. കേരളീയ നവോത്ഥാനത്തിന്റെ ആദ്യആശയങ്ങൾ പിറവി കൊള്ളുന്നതിൽ ഈ കഥകൾക്ക് നിർണ്ണായക സ്ഥാനമുണ്ട്.

### 2.5. മലയാള സാഹിത്യം. നവോത്ഥാനത്തിന്റെ സ്രഷ്ടാവും സൃഷ്ടിയും

മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ച രാജാറാം മോഹൻറായ്, സർ സൈദ് അഹമ്മദ്ഖാൻ, രബീന്ദ്രനാഥ ടാഗോർ, സ്വാമി വിവേകാനന്ദൻ എന്നിവരുടെ നവോത്ഥാന ചിന്തകളും, ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം മഹാത്മാഗാന്ധി ഏറ്റെടുത്തതിനുശേഷ

മുള്ള വർദ്ധിതമായ ജനപങ്കാളിത്തസ്വഭാവവും കേരളത്തിന്റെ സാമൂഹ്യ ജീവിതത്തെയും ശക്തിയായി സ്വാധീനിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ ശാസ്ത്രീയ ഗവേഷണ നിരീക്ഷിണ പ്രവർത്തനങ്ങളുടെ അനുഭവസത്യങ്ങൾ കേരളീയ ജീവിതത്തിലേക്ക് കടന്നുവരാൻ തുടങ്ങി. ചിന്തിച്ച്പ്രവർത്തനസജ്ജമാകുന്ന ഒരു ജനതക്ക് അനുസൃതമായി അവരുടെചിന്തയുടെ വാക്രൂപമായ ഗദ്യവും വികാസം പ്രാപിച്ചു. പല ഘടകങ്ങൾ ഇതിനു പശ്ചാത്തലമായുണ്ടെങ്കിലും മുഖ്യമായും മൂന്നു വ്യക്തികളെ കുറിച്ചും അവർ വളർത്തിയെടുത്തപ്രവണതകളെ കുറിച്ചും പരാമർശിക്കേണ്ടതുണ്ട്. അവരുടെ വ്യക്തിത്വത്തിന് രൂപം നല്കിയ സാമൂഹ്യ രാഷ്ട്രീയ സ്ഥിതിയും സംക്ഷിപ്തമായി മനസ്സിലാക്കണം.

**2.5.1.** നോവൽ, ചെറുകഥ എന്നീ സാഹിത്യ രൂപങ്ങളുടെ ഗതിവേഗം വർദ്ധിപ്പിയ്ക്കുകയും, മാനവസമുദായത്തിന്റെ വളർച്ചക്കുതകുമാറ് അതിന്റെ രൂപഭാവങ്ങൾ മാറ്റി എടുക്കുകയും ചെയ്തതിൽ കേസരി ബാലകൃഷ്ണപിള്ള (1880–1960) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (1878–1916) എം.പി. പോൾ (1904–1952) എന്നിവരുടെ പങ്ക് നിസ്തുലമാണ്.

ചരിത്രത്തിലുള്ള തികഞ്ഞ അവബോധം, പാശ്ചാത്യ ഭാഷയിലും സാഹിത്യരൂപങ്ങളിലുമുള്ള അറിവ്, അവ വിവർത്തനം ചെയ്ത് സ്വന്തം ഭാഷയിലെ വായനക്കാർക്ക് പരിചയപ്പെടുത്തി കൊടുക്കാനുള്ള വ്യഗ്രത, പൗരസ്ത്യ നിരൂപണ സമ്പ്രദായം മനസ്സിലാക്കികൊണ്ടുതന്നെ, പാശ്ചാത്യ നിരൂപണ രീതിയോടുണ്ടായിരുന്ന ആദരവ് എന്നിവ കേസരി ബാലകൃഷ്ണപിള്ളയുടെ ചിന്താരീതിയുടെ സവിശേഷതകൾ ആയിരുന്നു. വാസ്തുവിദ്യ, ജ്യോതിഷം, കല്പഗണിതം എന്നീ വിജ്ഞാനശാഖകളിലും, പ്രാചീന മാനവചരിത്രത്തിലും അദ്ദേഹം നിഷ്ണാതനായിരുന്നു. 'ചരിത്രത്തിന്റെ അടിവേരുകൾ', 'ചരിത്രപഠനങ്ങൾ' എന്നീ കൃതികളിൽ ചരിത്രരചനയിൽ മനുഷ്യനെ പങ്കാളിയാക്കേ

ണ്ടുന്ന വിധം അദ്ദേഹം വിശദീകരിച്ചു. സാഹിത്യവിമർശനത്തിൽ എ.ആർ. രാജരാജ വർമ്മയുടെ ശൈലിയാണ് ആദ്യഘട്ടത്തിൽ കേസരി പിന്തുടർന്നത്. തുടർന്ന്, സംസ്കൃതമടക്കമുള്ള ഭാരതീയ സാഹിത്യ വിമർശന പദ്ധതിയിൽ മാത്രം ഒതുങ്ങി നിൽക്കാതെ പാശ്ചാത്യ വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ അദ്ദേഹം അറിവുനേടി. ഡാർവിന്റെ പരിണാമവാദം, ഫ്രോയിഡിന്റെ മന:ശാസ്ത്ര ചിന്തകൾ, കാറൽ മാർക്സിന്റെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്നീ ആശയങ്ങൾ മുഖ്യമായും കേസരിയെ സ്വാധീനിച്ചു. പാശ്ചാത്യർക്ക് മേല്പറഞ്ഞ ചിന്തകന്മാർ സമ്മാനിച്ച 'നവലോകം' എന്ന ആശയം മലയാളത്തിന്റെ മണ്ണിൽ യാഥാർത്ഥ്യമാകണമെന്ന് കേസരി ആഗ്രഹിച്ചു.

നവലോകം, രൂപമഞ്ജരി, നോവൽ പ്രസ്ഥാനങ്ങൾ, സാഹിത്യ ഗവേഷണമാല, സാഹിത്യവിമർശനങ്ങൾ, സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ, കുറേ കൂടി സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ എന്നീ കൃതികളിലൂടെ, പാശ്ചാത്യ സാഹിത്യ ലോകത്തുനിന്ന് തനിയ്ക്കു ലഭിച്ച അളവുകോൽവെച്ച് മലയാള നിരൂപണത്തിന്റെ പുതിയ അളവുകോലുകൾ അദ്ദേഹം സൃഷ്ടിച്ചു. സർഗ്ഗാത്മക സാഹിത്യത്തിന് ദിശാബോധം നല്കുന്നതിന്റെ ഭാഗമായി പ്രാതിനിധ്യ സ്വഭാവമുൾക്കൊള്ളുന്ന നിരവധി പാശ്ചാത്യകൃതികൾ അദ്ദേഹം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. മോപ്പസാങ്ങിന്റെ ഏതാനും ചെറുകഥകളും, കാമുകൻ, ഒരു സ്ത്രീയുടെ ജീവിതം എന്നീ കൃതികളും ഇബ്സന്റെ 'പ്രേതങ്ങൾ' ബൽസാക്കിന്റെ 'സാന്നിധ്യ' ലുയിപിരാൻഡലോവിന്റെ 'ഓമനകൾ' എന്നീ നാടകങ്ങളും അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. പ്രസിദ്ധരും അല്പപ്രസിദ്ധരുമായ മലയാള സാഹിത്യകാരന്മാരുടെ കൃതികൾക്ക് അദ്ദേഹം എഴുതിയ അവതാരികകൾ സാമ്പ്രദായിക ക്രമത്തിലുള്ള അവതാരികകളുടെ പട്ടികയിൽ പെടുന്നവയല്ല. ബോധേശ്വരന്റെ 'സ്വതന്ത്രകേരളം' കെടാമംഗലം പപ്പുകുട്ടിയുടെ 'കടത്തുവഞ്ചി', ഇടപ്പള്ളി രാഘവൻ പിള്ളയുടെ 'മണിനാദം', ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'സ്പന്ദിക്കുന്ന

അസ്ഥിമാടം', ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്നീ കൃതികൾക്ക് കേസരി എഴുതിയ അവതാരികകൾ സാഹിത്യവിദ്യാർത്ഥിയുടെ പഠനത്തിന് വിഷയീഭവിച്ചിട്ടുണ്ട്. ഗ്രന്ഥ നിരൂപകൻ എന്ന നിലയ്ക്ക് അദ്ദേഹം നടത്തിയ അവലോകനങ്ങൾ, ഒരു കൃതിയെ വില യിരുത്തുമ്പോൾ നിരൂപകന്റെ ധർമ്മങ്ങൾ എന്തെല്ലാമായിരിക്കണമെന്നതിന് നിദർശന മാണ്. പത്രപ്രവർത്തനരംഗത്തും കേസരി ശ്രദ്ധപതിപ്പിച്ചു. 1922 മുതൽ 1926 വരെ സമ ദർശിയുടേയും, 1930 ൽ പ്രബോധകന്റേയും 1930 സെപ്തംബർ മുതൽ 1935 വരെ കേസരി ദിനപത്രത്തിന്റെയും പത്രാധിപത്യം വഹിച്ച ബാലകൃഷ്ണപിള്ള, വർത്തമാനപത്ര ങ്ങൾക്ക് നിർവഹിക്കാനുള്ള കാലികമായ ധർമ്മങ്ങളിൽ ബോധവാനായിരുന്നു. ദ്രുതഗ തിയിൽ മാറികൊണ്ടിരിക്കുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ നാം തയ്യാറാകണമെന്ന് അദ്ദേഹം മലയാളികളെ ഓർമ്മിപ്പിച്ചു.

എഴുത്തുകാരൻ, പ്രസാധകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ സ്വദേശാഭി മാനി കെ. രാമകൃഷ്ണപിള്ള ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സേവനം പഠ നാർഹമാണ്. ലോകോപകാരികൾ എന്ന ഗ്രന്ഥമാലയിൽ സോക്രട്ടീസ് (1903 ൽ) മോഹൻദാസ് ഗാന്ധി (1913 ൽ) കാറൽമാർക്സ് (ഇന്ത്യൻ ഭാഷകളിൽവെച്ച് ആദ്യമായി എഴുതിയ മാർക്സിന്റെ ജീവചരിത്രമാണ് 1912 ൽ ഒന്നാം പതിപ്പായി പുറത്തുവന്ന ഈ കൃതി) ബെഞ്ചമിൻ ഫ്രാങ്ക്ലിൻ, ക്രിസ്റ്റഫർ കൊളംബസ് എന്നിവരുടെ ജീവചരിത്രങ്ങൾ മലയാള വായനക്കാരന് പരിചയപ്പെടുത്തിയത് സ്വദേശാഭിമാനിയാണ്. പ്രൈമറി സെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടി അദ്ദേഹം തയ്യാറാക്കിയ പാഠപുസ്തകങ്ങൾ (അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം, സാധനാപാഠങ്ങൾ, 600 ഭൂവിവരണ ചോദ്യങ്ങൾ, ബാലബോധിനി, കൃഷിശാസ്ത്രം എന്നിവ) വിദ്യാഭ്യാസാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തി. വാമനൻ, മന്നന്റെ കന്നത്തം, നരകത്തിൽ നിന്ന് എന്നിവ നോവൽ, കഥ എന്നീ വിഭാഗങ്ങളിൽ പെടുന്നവയാണ്. സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങ

ൾ നിശിതവും കർക്കശവുമായ ഭാഷാശൈലി കൊണ്ട് ശ്രദ്ധേയമാണ്. വക്കം അബ്ദുൾഖാദർ മൗലവി മാനേജിങ്ങ് എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്ന സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപരായി 1906 ജനുവരി 17ന് കെ. രാമകൃഷ്ണപ്പിള്ള ചുമതലയേറ്റു. നാടുവാഴിത്തത്തിനും ഉദ്യോഗസ്ഥൻമാരുടെ അനീതികൾക്കുമെതിരെ, പത്രപ്രവർത്തനത്തിലൂടെ ശബ്ദിച്ച രാമകൃഷ്ണപിള്ള മാറികൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തിന്റെ ചലനനിയമങ്ങൾ മനസ്സിലാക്കിയ വ്യക്തിയായിരുന്നു.

മലയാള സാഹിത്യത്തിന്റെ-വിശിഷ്യാ ഗദ്യസാഹിത്യത്തിന്റെ-ദിശ നിർണ്ണയിക്കുന്നതിൽ എം.പി. പോൾ നിർണായകമായ സംഭാവനകൾ നല്കി. ഗദ്യത്തെ പദ്യത്തിൽ നിന്നും വേർതിരിക്കുന്ന ചിന്താപരവും ശൈലീപരവുമായ പ്രാതിസ്വികധർമ്മങ്ങൾ അദ്ദേഹം മനസ്സിലാക്കി. ഗദ്യത്തിന്റെ രൂപഭേദങ്ങളെകുറിച്ചുള്ള വ്യക്തമായ ബോധത്തോടെ, ശാസ്ത്രീയവും കലാപരവുമായ മാനദണ്ഡങ്ങളുപയോഗിച്ച്, വിവിധഗദ്യരചനകളെ വിലയിരുത്തിയ സാഹിത്യ വിമർശകനാണ് എം.പി. പോൾ. തന്റെ കാലത്ത് മലയാള സാഹിത്യം നേരിട്ട സംസ്കാരസംഘട്ടനത്തിൽ ബാഹ്യശക്തിയായ ഇംഗ്ലീഷിന് എന്തു സ്ഥാനം കൊടുക്കണമെന്നും ആത്മശക്തിയായ സംസ്കൃതത്തിന് എന്തു സ്ഥാനമാകണമെന്നും പണ്ഡിതോചിതമായി ചിന്തിച്ച് ഒരു സമന്വയത്തിലെത്തിയ ഇവിടുത്തെ മഹാന്മാരായ സാഹിത്യ വിമർശകരുടെ കൂട്ടത്തിലാണ് പോളിന്റെ സ്ഥാനം.[12] പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വക്താവ് എന്ന നിലയ്ക്കും, ഗദ്യസാഹിത്യത്തിന്റെ പ്രചാരകൻ എന്ന നിലയ്ക്കും പോളിന്റെ വിചാരജീവിതത്തിന് ചരിത്രത്തോടൊപ്പം സഞ്ചരിക്കാൻ കഴിഞ്ഞു. അന്നു വളർന്നു കൊണ്ടിരുന്ന സാഹിത്യരൂപങ്ങളായ നോവലിനും ചെറുകഥയ്ക്കും ലക്ഷണശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിയ്ക്കാൻ പോൾ ശ്രദ്ധവെച്ചു. പോളിന്റെ ഗ്രന്ഥങ്ങൾ പുറത്തുവരുന്നതിനു മുൻപുതന്നെ നെടിയം വീട്ടിൽ ബാലകൃഷ്ണമേനോനും, സി. ഈശ്വരവാരിയരും ഈ സാഹിത്യരൂപങ്ങളുടെ ലക്ഷണത്തെക്കു

റിച്ച് ചില കാര്യങ്ങൾ പറഞ്ഞു വെച്ചിരുന്നു. മലയാളത്തിലെ ലക്ഷണമൊത്ത ചില ചെറുകഥകൾ ഇതിനു മുൻപുതന്നെ പുറത്തുവരികയും ചെയ്തിരുന്നു. എങ്കിലും നോവലിന്റേയും ചെറുകഥയുടേയും, ലക്ഷണങ്ങൾ, ഇതിവൃത്തം, ആഖ്യാനരീതി, പാത്രചിത്രീകരണം, വീക്ഷണകോൺ എന്നിവയെ മുൻനിർത്തി അദ്ദേഹം നടത്തിയ ഉപദർശനങ്ങൾ തികച്ചും ശ്രദ്ധേയമായിരുന്നു. 1930 ലാണ് നോവൽസാഹിത്യം എന്ന കൃതി പുറത്തുവരുന്നത്. എ വലിൻ മേ ആൾ ബ്രൈറ്റിന്റെ 'ചെറുകഥ അതിന്റെ തത്വങ്ങളും ഘടനയും' (The short story-it's principles and structure) എന്ന ഗ്രന്ഥത്തെ മുഖ്യാവലംബമാക്കി 1932ൽ പ്രസിദ്ധീകരിച്ച ഖണ്ഡകഥാപ്രസ്ഥാനം (രണ്ടാം പതിപ്പ് ചെറുകഥാപ്രസ്ഥാനം) എന്ന പുസ്തകം പിന്നീടങ്ങോട്ടുള്ള എഴുത്തുകാർക്ക് രചനാഭ്യാസങ്ങൾ നടത്താൻ മാർഗ്ഗദർശനം നൽകി.

മേല്പറഞ്ഞ മൂന്നു സാഹിത്യ വിമർശകന്മാരും ചെറുകഥാ സാഹിത്യത്തിൽ ബോധപൂർവമായും നിരന്തരമായും നടത്തിയ ഇടപെടലുകൾ മലയാള ചെറുകഥയുടെ ഗുണപരമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചു.

**2.5.2.** രാഷ്ട്രീയ സാമൂഹ്യരംഗത്തുണ്ടാകുന്ന ചലനങ്ങൾ ആണ് സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളെ ഗണ്യമായി സ്വാധീനിയ്ക്കുക. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഭാരതത്തിലാകെ അലയടിച്ചുയർന്ന ദേശീയ പ്രസ്ഥാനത്തിന്റെ ചലനങ്ങൾ കേരളത്തിലും ഉണ്ടായി. ബ്രിട്ടീഷ് മലബാറിൽ സാമ്രാജ്യത്വ വാഴ്ചക്കെതിരായുള്ള അതിശക്തമായ സമരങ്ങൾ ജനപങ്കാളിത്തത്തോടെ ആരംഭിച്ചു. 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമായതു മുതൽ അതിന്റെ നേതൃത്വത്തിൽ മലബാറിൽ നിന്നുള്ള രാഷ്ട്രീയ നേതാക്കന്മാർ ഉണ്ടായിരുന്നു. 1897 ലെ അമരാവതി കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് സർ. സി. ശങ്കരൻനായർ ആയിരുന്നു. കെ.പി. കേശവമേനോൻ, കെ. മാധവൻനായർ മുതലായ നേതാക്കന്മാർ മലബാറിൽ കോൺഗ്രസ്സ് പ്രസ്ഥാനം കെട്ടിപ

ടുക്കുന്നതിനായി യത്നിച്ചു. ഹോംറൂൾ പ്രസ്ഥാനം (1920) നിസ്സഹകരണ പ്രസ്ഥാനം (1921) ഖിലാഫത്ത് പ്രസ്ഥാനം (1921) രാഷ്ട്രീയപത്രപ്രവർത്തനത്തിന്റെ തുടക്കം (1923) ഉപ്പുസത്യാഗ്രഹം (1930) നിയമലംഘന പ്രസ്ഥാനം (1932) എന്നിവ മലബാറിന് സമര തീക്ഷ്ണമായ ദിനങ്ങളെ സമ്മാനിച്ചു. മലബാറുമായി താരതമ്യം ചെയ്യുമ്പോൾ തിരുവി താംകൂറിലും കൊച്ചിയിലും ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച മന്ദഗതിയിലായിരുന്നു. പൊതുരാഷ്ട്രീയപ്രശ്നങ്ങളേക്കാൾ ജാതി, തൊഴിൽ, ആരാധനാ സ്വാതന്ത്ര്യം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ തെക്കൻ കേരളത്തിലുയർന്നുവന്നു. മലയാളി മെമ്മോറിയൽ (1891) ഈഴവ മെമ്മോറിയൽ (1896) നിവർത്തന പ്രക്ഷോഭം (1932) മുതലായവ ഈ വിഭാഗത്തിൽപ്പെട്ട രാഷ്ട്രീയ സമരങ്ങൾ ആണ്.

**2.5.3.** വൈജ്ഞാനിക രംഗത്തും കലാസാഹിത്യരംഗത്തും പത്തൊൻപതാം നൂറ്റാ ണ്ടിന്റെ അവസാന ദശകത്തിൽ തന്നെ ഗുണപരമായ മാറ്റങ്ങൾ ആരംഭിച്ചു. 1829 ൽ ആരംഭിച്ച തിരുവനന്തപുരം പബ്ലിക് ലൈബ്രറിയാണ് ഈ മാറ്റങ്ങളിൽ ഒന്നാമത്. 'ഇംഗ്ലീഷു പഠിപ്പാൻ മനസ്സുള്ളവർക്ക്' സൗജന്യമായി ഇംഗ്ലീഷ് പഠിക്കാൻ 1832 ൽ ഒരു ഇംഗ്ലീഷ് സ്കൂളും ആരംഭിച്ചു. സ്വാതിതിരുനാളിന്റെ കല്പനപ്രകാരം ആരംഭിച്ച ഈ രണ്ടു സംരംഭങ്ങളും അറിവിന്റെ വ്യാപനത്തിന് തുടക്കം കുറിച്ചു. 1889 ൽ പുറത്തുവന്ന ഇന്ദുലേഖ എന്ന നോവൽ കേരളീയ സാമൂഹ്യ ജീവിതത്തിലെ ജീർണ്ണതകളെ ചൂണ്ടി കാണിക്കുകയും വൈയക്തിക പ്രേമത്തിന്റേതായ ഒരു പുതിയ മൂല്യബോധത്തിന് തുടക്കം കുറിക്കുകയും ചെയ്തു. നവോത്ഥാന പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്ര സ്രോതസ്സായി വർത്തിച്ചത് സാമൂഹ്യ പരിഷ്കരണ ചിന്താഗതികളായിരുന്നു.

ദേശീയ പ്രസ്ഥാനം ശക്തിപ്പെടാൻ ആരംഭിച്ചതും ആധുനിക വിദ്യാഭ്യാസം അപൂർവം ചിലർക്കെങ്കിലും നേടാൻ കഴിഞ്ഞതും സാമൂഹ്യ മാറ്റങ്ങളെകുറിച്ച് ചിന്തി ക്കാനുള്ള അവസരമൊരുക്കി. ഗാന്ധിയൻ ആശയങ്ങളുടെ വ്യാപനം ജനങ്ങളുടെ ചിന്താ

രീതിയേയും ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ വ്യാപനം കർമ്മമണ്ഡലത്തേയും സ്വാധീനിച്ചു.

കലാസാഹിത്യരംഗത്ത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ നിരവധി മാറ്റങ്ങൾക്ക് സാക്ഷിയായി. കാല്പനിക പ്രസ്ഥാനം കാവ്യനിർമ്മിതിയിലും ആസ്വാദനത്തിലും പ്രധാന ഘടകമായി. നിയോക്ലാസിക് കാവ്യനിർമ്മിതിയോട് ആഭിമുഖ്യം കുറയുകയും; ഗദ്യവികാസത്തിനനുകൂലമായ ഒരു കാവ്യാന്തരീക്ഷം സംജാതമാകുകയും ചെയ്തു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവവും വളർച്ചയും സാഹിത്യത്തെ ജനങ്ങളോട് കൂടുതൽ അടുപ്പിച്ചു.

ഭാഷാസാഹിത്യരംഗങ്ങളിലുണ്ടായ ഈ ചലനങ്ങൾ കേവലമല്ല ആപേക്ഷികമായിരുന്നു. ഈ ചലനങ്ങൾ ആണ് നേരത്തെ സൂചിപ്പിച്ച മൂന്നു വിമർശക പ്രതിഭകൾക്ക് വളർന്നുവരാനുള്ള സാഹചര്യം ഉണ്ടാക്കിയത്. പഥപ്രദർശകനായ കേസരി ബാലകൃഷ്ണപിള്ളയുടെ സൈദ്ധാന്തിക നിലപാടുകളും, സമരോത്സുകനായ സ്വദേശാഭിമാനിയുടെ ഇച്ഛാശക്തിയും, പാശ്ചാത്യ പൗരസ്ത്യ ഗദ്യശൈലിയെ തിരിച്ചറിഞ്ഞ് പരിചയപ്പെടുത്തിതന്ന എം.പി. പോളിന്റെ ചിട്ടയായ മാർഗ്ഗദർശിത്വവും ദേശീയ പ്രസ്ഥാനം വളർത്തികൊണ്ടുവന്ന രാഷ്ട്രീയാന്തരീക്ഷവും മലയാള ഗദ്യത്തിലേയും വിശിഷ്യാ ചെറുകഥാ എന്ന സാഹിത്യരൂപത്തിലേയും നവോത്ഥാനകാലഘട്ടത്തിന്റെ പിറവിയ്ക്ക് വഴിയൊരുക്കി.

**2.6. നവോത്ഥാനകാല ചെറുകഥ – സങ്കല്പത്തിന്റെ പ്രസക്തി**

1930കൾ മുതൽ 1960കൾ വരെയുള്ള കാലയളവിനെയാണ് ചെറുകഥാ സാഹിത്യത്തെ മുൻനിർത്തി നവോത്ഥാന കാലഘട്ടമായി ഈ പ്രബന്ധം പരിഗണിക്കുന്നത്. മലയാള ചെറുകഥയെകുറിച്ച് നടന്ന പഠനങ്ങളിലെല്ലാം ഈ കാലഘട്ടത്തെ ഇപ്രകാരമാണ് പരിഗണിച്ചിട്ടുള്ളതും. എന്നാൽ മറ്റു പ്രബന്ധങ്ങളിൽ പ്രയോഗിക്കുന്നതിനേക്കാൾ വിശാലമായ അർത്ഥത്തിലാണ് 'നവോത്ഥാനം' എന്ന സംപ്രത്യയം ഈ പ്രബന്ധത്തിൽ

ഉപയോഗിക്കുന്നത്. കേരളീയ നവോത്ഥാനത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക പശ്ചാത്തലം വിശദീകരിച്ച് പാശ്ചാത്യനവോത്ഥാന കാലവുമായി അതിനെ താരതമ്യം ചെയ്ത് പഠിച്ചാൽ മാത്രമെ കേരളീയ നവോത്ഥാനത്തെക്കുറിച്ചുള്ള പഠനത്തിന് പൂർണ്ണത കൈവരിക്കാൻ കഴിയൂ. കേരളീയ നവോത്ഥാനം സൃഷ്ടിച്ച മൂല്യബോധങ്ങളെ പൊതുവായി പരാമർശിച്ച് മാനവികത എന്ന മൂല്യത്തിന് ലഭിച്ച വ്യാപകമായ പ്രചാരം വിശദീകരിക്കേണ്ടതുണ്ട്. കഥാസാഹിത്യത്തിൽ ഈ മൂല്യത്തിന് കിട്ടിയ പ്രഥമസ്ഥാനം എന്തുകൊണ്ടായിരുന്നു എന്നും കണ്ടെത്തണം.

ഒരു സാഹിത്യജനുസ്സായി രൂപപ്പെട്ടതിനുശേഷം ഏതൊരു പ്രദേശത്തേയും സജീവമായ സാഹിത്യരൂപം ചെറുകഥയാണ്. ദാർശനികപ്രശ്നങ്ങളും സൗന്ദര്യസങ്കല്പങ്ങളും സാമൂഹികവിമർശനങ്ങളും ആദ്യം പ്രത്യക്ഷപ്പെടുന്നത് ചെറുകഥയിലാണ്. കേരളീയ സമൂഹത്തിന്റെ പരിവർത്തന ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സന്ദർഭത്തിൽ കഥയുടെ നിലപാടുകൾ എന്തെല്ലാമായിരുന്നു എന്ന് ആ കാലത്തിന്റെ ഉള്ളടക്കത്തെ മുൻനിർത്തിയേ പരിശോധിക്കാൻ കഴിയൂ.

മലയാള സാഹിത്യം കേരളീയ നവോത്ഥാനത്തിന്റെ സ്രഷ്ടാവും ഒപ്പം സൃഷ്ടിയുമാണ്. കേരളീയ ജീവിതത്തിൽ സമൂലമായ മാറ്റത്തിന് മലയാള ചെറുകഥ നിമിത്തവും സാക്ഷിയുമായതിന്റെ ചരിത്രമാണ് നവോത്ഥാന കാലഘട്ടത്തിലെ മലയാള ചെറുകഥയുടെ ചരിത്രം.

ഏതൊരു സാഹിത്യകൃതിയിലും ആ കൃതി രചിച്ച കാലഘട്ടത്തിലെ മൂല്യചിന്തയുടേയും ധർമ്മചിന്തയുടേയും സ്വാധീനം കാണാം. നിലവിലുള്ള മൂല്യങ്ങളെ നിലനിർത്താനോ, അവയെ പഴയ മൂല്യവ്യവസ്ഥയുമായി താരതമ്യം ചെയ്ത് പഴമയിലേക്ക് തിരിച്ചുപോകാനോ, നിലവിലുള്ളതിനെ പരിഷ്കരിക്കാനോ, സമൂലം പരിവർത്തിപ്പിക്കാനോ ആണ് ഓരോ എഴുത്തുകാരനും ലക്ഷ്യമിടുക. യാഥാസ്ഥിതികരായ എഴുത്തു

കാർ കാലത്തിന്റെ ഗതിവേഗത്തിന് പുറംതിരിഞ്ഞു നില്ക്കുന്നവരാണ്. നിലവിലുള്ള മൂല്യങ്ങളെ സംരക്ഷിക്കാൻ തത്രപ്പെടുന്നവരാകട്ടെ അതിന്റെ ഏതെങ്കിലും ഒരാനുകൂല്യം ലഭിക്കുന്നവർ ആയിരിക്കും. പുതിയ മൂല്യബോധങ്ങളെ സൃഷ്ടിക്കുന്നത് പുതിയ സാമൂഹ്യവ്യവസ്ഥയാണെന്ന് ഒരു നല്ല കലാകാരൻ തിരിച്ചറിയുന്നു. സമൂഹത്തിലെ സമസ്ത മണ്ഡലങ്ങളെയും വിമർശനബുദ്ധ്യാ സമീപിക്കുന്നവരും മാനവജീവിതത്തിന്റെ പരിതോവസ്ഥകളെ ഗുണപരമായി മാറ്റാൻ പുതിയ മൂല്യങ്ങൾ എത്രത്തോളം സഹായകരമാകുമെന്ന് ചിന്തിക്കുന്നവരുമാണ് മനുഷ്യപക്ഷത്തുനിൽക്കുന്ന കലാകാരന്മാർ.

### 2.7. 'നവോത്ഥാനം' എന്ന സംപ്രത്യയം പൊതുവീക്ഷണത്തിൽ

സാഹിത്യസൃഷ്ടി ശൂന്യതയിൽനിന്ന് പ്രത്യക്ഷപ്പെടുന്ന ഒരു കലാരൂപമല്ല. അതിന്റെ മാധ്യമമായ ഭാഷ, ആ ഘടനയ്ക്കകത്ത് നിയതമായ അർത്ഥമുള്ള പദങ്ങളുടേയും ആശയമുൾക്കൊള്ളുന്ന വാക്യങ്ങളുടേയും സംഘടനയാണ്. അതിനാൽ ഏതൊരു സാഹിത്യകൃതിക്കും ഒരു ആശയതലം തീർച്ചയായും ഉണ്ടായിരിക്കും. സംഗീതം ഒരു ശുദ്ധകല ആകയാൽ വികാരതലത്തിൽ നിന്നും വിചാരതലത്തിലേക്ക് അതു കടന്നു ചെല്ലുന്നില്ല. സാഹിത്യത്തിന്റെ ചില മേഖലകളിലും ഇത്തരം സ്വഭാവം കാണാം. സിംബലിസ്റ്റ് കവികളും ഇമേജിസ്റ്റ് കവികളും ആശയങ്ങളുടെ ഭാരത്തിൽ നിന്നും ചിലപ്പോൾ കവിത പോലുള്ള സാഹിത്യ രൂപങ്ങളെ ഒഴിവാക്കാറുണ്ട്. എന്നാൽ കർമ്മനിരതനായ മനുഷ്യനെ ചിത്രീകരിക്കുന്ന സാഹിത്യ രൂപങ്ങൾ ആശയങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഏതെങ്കിലും പ്രതിസന്ധിയുടെ മുന്നിൽ ചെന്നു നില്ക്കുന്ന മനുഷ്യനെ, അതിനെ അതിജീവിക്കാൻ പ്രാപ്തനാക്കത്തക്കവണ്ണം ആത്മവിശ്വാസം നൽകുക എന്നത് തന്റെ മുഖ്യ ധർമ്മമായി എഴുത്തുകാരൻ കരുതാറുണ്ട്.

ഏതൊരു പ്രദേശത്തും നവോത്ഥാനദശയിൽ ഈ ഗുണപരമായ വശം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടും. "നവോത്ഥാനനാളുകളിൽ പാശ്ചാത്യ പ്രദേശത്ത് സാഹിത്യം

രാഷ്ട്രീയ ജീവിതത്തിന്റെ ഒരു ഘടകമായിതീർന്നു"[13] എന്ന പ്രസ്താവന എല്ലാ പ്രദേശത്തെ സാഹിത്യത്തിനും ബാധകമാണ്.

മനുഷ്യർക്ക് ചിന്തിക്കാനുള്ള അവകാശം നൽകിയ നിർണ്ണായകവും സമ്പന്നവുമായ ഒരു യുഗമായിരുന്നു നവോത്ഥാനം. അക്കാലത്ത് ബുദ്ധിയുടേയും ചിന്തയുടേയും പ്രാമാണ്യം അംഗീകരിക്കപ്പെട്ടു. ചിന്ത ചർച്ച നടത്തുമ്പോൾ തെളിഞ്ഞു കിട്ടുന്നതാണ് വിമർശനം. ചിന്ത പിറകോട്ടു നോക്കുമ്പോൾ കാണുന്നത് ചരിത്രവും. ചിന്ത ദേശപാരമ്പര്യങ്ങളെ മോടിപിടിപ്പിക്കുമ്പോൾ ഇതിഹാസമായി. ചിന്ത മനുഷ്യരെ വികാരം കൊള്ളിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുമ്പോൾ പ്രഭാഷണ കല ജനിക്കുകയായി എന്ന പ്രസ്താവന[14] നവോത്ഥാന കാലഘട്ടത്തിന്റെ പൊതുസ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നു. വിചാരത്തിൽ നിന്നാണ് കല പിറവികൊള്ളുന്നത് എന്നും, വിചാരത്തിൽ നിന്നും ജനിയ്ക്കുന്ന ആശയങ്ങളുടെ പ്രകാശനവും പ്രചാരണവുമാണ് കലയുടെ ധർമ്മമെന്നും ഈ പ്രസ്താവന നമ്മെ ഓർമ്മിപ്പിക്കുന്നു. മതവും ആചാരങ്ങളും നിയമവും സാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും, തിരിച്ച് അവയിൽ സാഹിത്യം ചെലുത്തിയിട്ടുള്ള സ്വാധീനവും പരിശോധിക്കുക എന്നുള്ളതാണ് സാഹിത്യവിമർശനം ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യന്റെ ബുദ്ധിപരമായ ശേഷിയെ എഴുത്തുകാരൻ എങ്ങനെയാണ് വികസിപ്പിച്ചത് എന്ന് സാഹിത്യവിമർശനം പരിഗണിക്കണം. ലോകത്തുണ്ടാകുന്ന മികച്ച ചിന്തകളും അറിവുകളും പഠിച്ചുപ്രചരിപ്പിക്കാനുള്ള പക്ഷപാതരഹിതമായ പ്രവർത്തനമാണ് സാഹിത്യവിമർശനമെന്ന്[15] സാഹിത്യചിന്തകൻമാർ കരുതുന്നു.

മനുഷ്യന്റെ അതിശക്തമായ ആയുധങ്ങളിലൊന്ന് ആശയമാണ്. ചരിത്രത്തിന്റെ ചാലകശക്തിയായി വർത്തിക്കുന്നതും ആശയമാണ്. ഉല്പാദനബന്ധങ്ങളും അവയിലുണ്ടാകുന്ന മാറ്റങ്ങളുമാണ് ചരിത്രത്തെ നിർണ്ണയിച്ചുകൊണ്ടിരിക്കുന്നത്. മാർക്സിയൻ ദർശനത്തിന്റെ ഈ കാഴ്ചപ്പാട് സാമൂഹ്യജീവിതത്തിന്റെ മറ്റെല്ലാമണ്ഡലങ്ങളിലുമെന്ന

പോലെ സാഹിത്യത്തേയും സ്വാധീനിച്ചു. ലോകത്തിലെ ഇതര പ്രദേശങ്ങളെപോലെ ഭാരതീയ സാഹിത്യത്തിലും ഈ ചിന്തയുടെ സ്വാധീനം പ്രകടമായി. മലയാളഗദ്യസാഹിത്യത്തിന്റെ വികാസ പരിണാമങ്ങളെ പശ്ചാത്തലമാക്കി ഭാഷാ സാഹിത്യത്തിന്റെ വിചാരമേഖലയിലേക്ക് പ്രവേശിക്കുമ്പോൾ, ആശയവും ചിന്തയും പരസ്പരം സ്വാധീനിച്ചതെങ്ങനെ എന്ന് കണ്ടെത്താൻ കഴിയും. കല കലയ്ക്കു വേണ്ടിയാണെന്ന ചിന്താഗതി ചില സന്ദർഭങ്ങളിൽ സാഹിത്യ ചരിത്രത്തിൽ കാണാമെങ്കിലും കലയിലെ ധർമ്മ പ്രചാരണവാദം എപ്പോഴും അംഗീകരിച്ചവരാണ് ഭാരതീയ വിമർശകർ. പ്രചോദനശക്തിയുള്ള കവിയെ നിരുത്തരവാദിയായി മാറ്റിനിർത്താൻ ഭാരതീയസാഹിത്യവിമർശകൻ തയ്യാറല്ല. കല ധാർമ്മികമായിരിക്കണമെന്ന് വിമർശകൻ നിർദ്ദേശിക്കുമ്പോഴും ധർമ്മത്തെക്കുറിച്ചും മൂല്യത്തെക്കുറിച്ചുമുള്ള കാഴ്ച്ചപാടുകൾ വ്യത്യസ്തമായിരുന്നു.

താൻ ജീവിച്ചുകൊണ്ടിരിക്കുന്ന കാലത്തിനോട് ഒരെഴുത്തുകാരൻ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതാണ് മുഖ്യമായും വിമർശകൻ അന്വേഷിക്കുന്നത്. കേരളീയ നവോത്ഥാനത്തിന്റെ വൈവിദ്ധ്യമാർന്ന ചലനങ്ങളെയും അതുണ്ടാക്കിയ സാമൂഹിക പ്രതികരണങ്ങളെയും മലയാള സാഹിത്യം ഏതു പ്രകാരത്തിലാണ് പ്രതിഫലിപ്പിച്ചത് എന്ന ന്വേഷണം നവോത്ഥാനമെന്ന സംപ്രത്യേയത്തിൽനിന്ന് ആരംഭിക്കേണ്ടതുണ്ട്.

### 2.8. നവോത്ഥാന ബോധവും, മലയാള സാഹിത്യവും

പാശ്ചാത്യാധിനിവേശത്തിനുശേഷം ഇന്ത്യയുൾപ്പെടെയുള്ള കോളനി രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട സാമൂഹ്യ മാറ്റങ്ങളെ നിർവചിക്കുന്നതിലും നാമകരണം ചെയ്യുന്നതിലും പാശ്ചാത്യബോധത്തിന്റെ സ്വാധീനം കാണാം. നവോത്ഥാനം (Renaissance) ജ്ഞാനോദയം (Enlightenment) മതപരിഷ്കരണ വാദം (Reformation) ആധുനീകരണം (Modernisation) എന്നീ പദങ്ങളിലേതാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളത്തിലുണ്ടായ സാമൂഹ്യമാറ്റങ്ങളെ പ്രതിനിധാനം ചെയ്യുന്നത് എന്ന് നിസ്തർക്ക

മായി പറയാൻ കഴിയുകയില്ല. പാശ്ചാത്യ കേന്ദ്രീകൃതമായ (Euro-centric) അക്കാദമിക് അന്തരീക്ഷം, പാശ്ചാത്യനാടുകളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ മാറ്റങ്ങൾക്ക് സമാനമായ മാറ്റങ്ങൾ നമ്മുടെ നാട്ടിലുമുണ്ടായി എന്നു സ്ഥാപിക്കാൻ വ്യഗ്രത കാണിച്ചതുകൊണ്ട്, സാമൂഹിക ശാസ്ത്ര പഠനത്തിൽ പല പോരായ്മകളും സംഭവിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഏതു പദവും പ്രസക്ത സന്ദർഭങ്ങളിൽ അവ്യാപ്തിക്കോ അധിവ്യാപ്തിക്കോ ഇടനല്കും.

കേരളീയ സമൂഹത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലുണ്ടായ മാറ്റങ്ങളെ വിശകലനം ചെയ്യുന്നതിനായി പാശ്ചാത്യ നവോത്ഥാനത്തിന്റെ പൊതുസ്വഭാവം ഇവിടെ സംഗ്രഹിക്കുന്നു.

* പാശ്ചാത്യ നവോത്ഥാനം ആ നാടുകളിലെ നാടുവാഴിത്ത വ്യവസ്ഥക്ക് അന്ത്യം കുറിച്ചു.

* വിജ്ഞാന മണ്ഡലത്തിൽ അറിവിന്റെ വ്യാപനത്വം ഉറപ്പുവരുത്തി.

* മതബോധത്തിൽനിന്ന്, മതനിരപേക്ഷമായ ബോധത്തിലേക്കും രാജാധിപത്യത്തിൽ നിന്നും പ്രജാധിപത്യ സങ്കല്പത്തിലേക്കും ജനങ്ങളെ നയിച്ചു.

* ദേശരാഷ്ട്രങ്ങൾ എന്ന ബോധം ഉയർന്നുവന്നു.

* ശാസ്ത്രബോധവും, യുക്തിചിന്തയും ജനജീവിതത്തിന്റെ ചാലകശക്തിയായി മാറി.

* ഉല്പാദന സമ്പ്രദായത്തെ മാറ്റി; നാടുവാഴിത്ത വ്യവസ്ഥയ്ക്കു പകരം മുതലാളിത്ത ഉല്പാദന വ്യവസ്ഥക്ക് ജന്മം നല്കി.

**2.8.1. നവോത്ഥാനം - കേരളീയപരിസരവും പരിമിതികളും**

എന്നാൽ കേരളത്തിലുണ്ടായ സാമൂഹ്യമാറ്റം ഇതേപ്രകാരത്തിലുള്ള ഒരു നവോ

ത്ഥാന വിപ്ലവമായിരുന്നു എന്നു പറയാൻ കഴിയുകയില്ല.

ഉത്പാദന വ്യവസ്ഥയിൽ നാടുവാഴിത്ത ക്രമമാണ് നിലനിന്നുരുന്നത് എങ്കിലും കേരളത്തിലെ ഭൂബന്ധങ്ങൾ മറ്റു പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. ഉത്പാദനക്ഷമമായ ഭൂമിയുടെ വലിയൊരുഭാഗം ദേവസ്വം വക, ബ്രഹ്മസ്വം വക, പണ്ടാരവക, എന്നീ ക്രമത്തിൽ ഹിന്ദു മതത്തിലെ ഉന്നത ശ്രേണിയിൽ പെട്ടവരും, അധികാരസ്ഥാപനങ്ങളും കൈയ്യടക്കി വച്ചു. രാജാക്കന്മാർക്ക് ആവശ്യമുള്ള സന്ദർഭങ്ങളിൽ സൈന്യത്തെ നൽകിവന്ന നാടുവാഴികൾ, ആ അവസരം ഉപയോഗിച്ച് അതത് പ്രദേശങ്ങളിലെ ചെറുകിട ഭൂവുടമകളായി മാറി. ജാതി വ്യവസ്ഥയിലെ ശ്രേണിക്രമം കാർഷിക ഉല്പാദന വ്യവസ്ഥയുമായി കെട്ടുപിണഞ്ഞ് കിടക്കുന്നതായിരുന്നു. ശൂദ്രവിഭാഗത്തിലോ ഗോത്ര വിഭാഗത്തിലോ പെട്ടവർക്ക് ഭൂമിയിലെ ഉടമാവകാശം അചിന്ത്യമായിരുന്നു. ഇത്തരം ഭൂബന്ധങ്ങളിൽ മാറ്റം വരുത്തണമെന്ന ആഗ്രഹം നവോത്ഥാനചിന്തയുടെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നില്ല. ഭൂവുടമാ ബന്ധങ്ങളിലും കൃഷി രീതികളിലും മാറ്റം വന്നാൽ മാത്രമേ ജനജീവിതത്തിന്റെ മറ്റു മണ്ഡലങ്ങളിൽ പുരോഗതി ഉണ്ടാവൂ എന്ന് അവർ മനസ്സിലാക്കിയില്ല.

ജാതിക്കെതിരായ സമരങ്ങളേക്കാൾ ജാത്യാനാചാരങ്ങൾക്കെതിരായ സമരമായിരുന്നു ഈ കാലഘട്ടത്തിൽ നടന്നത്. ജാതിയുടെ ഘടനയ്ക്കകത്ത് നിന്നുകൊണ്ട് മാനവ പുരോഗതി സാദ്ധ്യമാക്കാമെന്ന് പല സാമൂഹിക നായകന്മാരും കരുതി. ആചാരാനാചാരങ്ങളെ കുറിച്ചുള്ള ധാരണകൾ രൂപം കൊണ്ടിരുന്നത് ആര്യ/സവർണ്ണ ബോധങ്ങളിൽ നിന്നാണ്. കീഴ് ജാതിയിൽപ്പെട്ടവർക്കും സ്ത്രീകൾക്കും മാന്യമായ പരിചരണം നൽകുന്നതിന് ഈ ബോധധാരയ്ക്ക് കഴിഞ്ഞിരുന്നുമില്ല. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രൂപീകൃതമായ സാമൂഹിക സംഘടനകൾ നടത്തിയ നിരന്തരമായ പ്രവർത്തനങ്ങളിലൂടെയാണ് ജാതിക്കെതിരായ സമരം പുതിയ രൂപഭാവങ്ങൾ കൈകൊണ്ടത്. അപ്പോഴും സ്ത്രീകളും ദളിതരുമൊന്നും വേണ്ടത്ര പരിഗണിക്കപ്പെട്ടിരുന്നില്ല.

1903 മെയ് 15ന് രൂപീകൃതമായ ശ്രീനാരായണധർമ്മപരിപാലനയോഗം (എസ്സ്.എൻ.ഡി.പി) ആണ് ഇതിൽ പ്രധാനം. ശ്രീനാരായണഗുരവിന്റെ ദർശനങ്ങൾ 20–ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ കേരളത്തിലുണ്ടായ എല്ലാ സാമൂഹിക പരിഷ്കരണ യത്നങ്ങൾക്കും ഊർജ്ജം നൽകുന്നവയായിരുന്നു. ഹിന്ദു മതത്തിൽ ഏറ്റവും കൂടുതൽ അവശത അനുഭവിച്ചരുന്നവരും അവർണ്ണ ഹിന്ദുക്കളിൽ അംഗസംഖ്യയിൽ കൂടുതലുള്ളവരുമായ ഈഴവരുടെ ആദ്ധ്യാത്മികവുംഭൗതീകവുമായപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി രൂപംകൊണ്ട എസ്.എൻ.ഡി.പി മാനവസമുദായത്തിന്റെയാകെ മാറ്റത്തിനുവേണ്ടി ശബ്ദിച്ചു. 1907ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച സാധുജനപരിപാലന സംഘം അയിത്ത ജാതിക്കാരുടെയും അയിത്ത ജാതിയിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരവർത്തനം ചെയ്തവരുടെയും പുരോഗതിയാണ് ലക്ഷ്യം വച്ചത് 1908ൽ രൂപം കൊണ്ട നമ്പൂതിരി യോഗക്ഷേമസഭ, 1907ൽ രൂപം കൊണ്ട നായർസർവ്വീസ്സൊസൈറ്റി, 1917ൽ കെ. അയ്യപ്പൻ എറണാകുളം ജില്ലയിലെ ചെറായിയിൽ രൂപീകരിച്ച സഹോദര പ്രസ്ഥാനം, മലബാറിൽ വാഗഭടാനന്ദസ്വാമി നേതൃത്വം നൽകിയ ആത്മവിദ്യാസംഘം 1909ൽ പൊയ്കയിൽ യോഹന്നാൻ രൂപീകരിച്ച പുതുക്രിസ്ത്യാനികളുടെ ദൈവസഭ എന്നിവ ആതത് മേഖലകളിലെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം ആരംഭിച്ചു. സെയ്ദ് സനാഉള്ള മക്തിതങ്ങൾ, ഷെയ്ക്ക് മുഹമ്മദ് ഹമദാനിതങ്ങൾ, ചാലിലകത്ത്കുഞ്ഞഹമദ്ഹാജി എന്നിവർ ഇസ്ലാം മതത്തിനകത്തെ അനാചാരങ്ങൾക്കെതിരെ ബോധവത്കരണം നടത്തിയവരാണ്.

ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശങ്ങൾ കേരളീയ സമൂഹം ആദ്യം ശ്രദ്ധിച്ചത് സാമൂഹിക സംഘടനകളിലൂടെയാണ്. നിലനിന്നിരുന്ന രാജവാഴ്ചയെ തള്ളിപ്പറയാൻ തിരുവിതാംകൂറിലെയോ കൊച്ചിയിലേയോജനതതയ്യാറായിരുന്നില്ല. രാജവാഴ്ചയെ മുൻനിർത്തി ബ്രിട്ടീഷുകാർ തന്നെയാണ് ഈ നാട്ടുരാജ്യങ്ങളിൽ നീതിനിർവ്വഹണം

നടത്തിയിരുന്നത്. ബ്രട്ടീഷ് ആധിപത്യത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിരുന്നെങ്കിലും ഒറ്റപ്പെട്ട പ്രതിക്ഷേധങ്ങൾ മാത്രമാണ് ഉയർന്നു വന്നിരുന്നത്. ഭൂരിഭാഗം ജനങ്ങളും രാജവാഴ്ച്ചയെ ഭയഭക്തി ബഹുമാനത്തോടെ സ്വീകരിക്കുന്നവരായിരുന്നു. മലബാറിൽ ബ്രട്ടീഷുകാരുടെ നേരിട്ടുള്ള ഭരണം സാമൂഹികാന്തരീക്ഷത്തെ കൂടുതൽ പ്രക്ഷുബ്ധമാക്കി. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശങ്ങളെ സമരതീവ്രതയിൽ ഏറ്റുവാങ്ങാൻ മലബാർ പ്രദേശത്തിനു കഴിഞ്ഞു. സാമുദായിക സംഘടനകൾ അതത് സമുദായങ്ങൾക്കകത്ത് നടത്തിയ ബോധവത്കരണത്തിലൂടെ അനാചാരങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനും ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും ഒരു പരിധിവരെ കഴിഞ്ഞു. ദേശീയപ്രസ്ഥാനത്തിന്റെ ഇടപെടലിന്റെ ഫലമായി സങ്കുചിത ബോധങ്ങളിൽ നിന്ന് വിശാലമായ ദേശീയബോധത്തിലേക്കുയരാൻ സമൂഹത്തിലെ കുറച്ചുപേർക്കെങ്കിലും കഴിഞ്ഞു. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും സ്ത്രീകളും പല കാരണങ്ങളാൽ ഈ മുന്നേറ്റത്തിൽ വിസ്മരിക്കപ്പെട്ടു. പാശ്ചാത്യ കൊളോണിയൽ സങ്കൽപ്പങ്ങൾക്കനുസൃതമായ ചിന്താധാരകളും, നാടുവാഴിത്ത താല്പര്യങ്ങളുടെ ഭാഗമായ സാമൂഹ്യാചാരങ്ങളുമായിരുന്നു ഈ മുന്നേറ്റത്തിന്റെ ചാലക ശക്തി. 1888ൽ ശ്രീമൂലംതിരുനാൾ രാമവർമ്മയുടെ ഭരണകാലത്ത് തിരുവിതാംകൂറിൽ രൂപീകരിച്ച ലജിസ്ലേറ്റീവ് കൗൺസിൽ ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ രൂപംകൊണ്ട ജനപ്രാതിനിധ്യ സ്വഭാവമുള്ള ആദ്യത്തെ നിയമനിർമ്മാണ സഭയായിരുന്നു 1904ൽ ശ്രീമൂലം പ്രജാസഭ എന്ന പേരിൽ കൂടുതൽ വിപുലീകരിച്ചപ്പോൾ പോലും ഇതിലെ ജനപ്രാതിനിധ്യം നാമമാത്രമായിരുന്നു.

ഏതൊരു ചിന്താ പദ്ധതിയും സമൂഹത്തിലെത്തിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. നിലവിലുള്ള സ്ഥിതി നിലനിർത്തുന്നതിന് യത്നിച്ചിരുന്ന സാമ്പ്രദായിക വിദ്യാഭ്യാസ ക്രമത്തിനു തന്നെയായിരുന്നു അന്നും സ്വീകാര്യത. പല കാരണങ്ങളാൽ പാശ്ചാത്യ വിദ്യാഭ്യാസം അകറ്റി നിർത്തപ്പെട്ടു. അന്ധവിശ്വാസംമുതൽ

പാശ്ചാത്യ ആധിപത്യത്തിനോടുള്ള എതിർപ്പുവരെ ഇതിനു കാരണമായി. ശാസ്ത്ര സാങ്കേതിക വിജ്ഞാനം അപൂർവ്വം പേർക്കു മാത്രമേ സ്വായത്തമായിരുന്നുള്ളൂ. ലോക ത്തിന്റെ മറ്റു പ്രദേശങ്ങളിൽ യുക്തി ചിന്തക്ക് ഏറെ പ്രചാരം കിട്ടിയപ്പോൾ കേരളത്തിൽ യുക്തിബോധം വളരെ പതുക്കെയാണ് വളർന്നു വന്നത്. സ്വാഭാവികമായും കലാസാഹിത്യ മണ്ഡലത്തിലും ഇതേസ്ഥിതിതന്നെയാണ് നിലനിന്നിരുന്നത്. പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കി പരമ്പരാഗത വ്യവസായങ്ങൾ ഉയർന്നു വന്നിരുന്നുവെ ങ്കിലും വൻകിടവ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. വാണിജ്യത്തിന്റെ ഫലമായി മുൻപു തന്നെ രൂപംകൊണ്ട തുറമുഖനഗരങ്ങൾ പാശ്ചാത്യ നഗരസങ്കൽപ്പങ്ങളുമായി യോജിക്കുന്നവയായിരുന്നില്ല. ലാഭേച്ഛയോടെ സമൂഹത്തിലിടപ്പെടുന്ന മൂലധനനിക്ഷേ പകരും, ചെറുകിട ഫാക്ടറികളും, അനുബന്ധമായി തൊഴിലിനുവേണ്ടിയുള്ള കുടിയേ റ്റങ്ങളും, ചേരിപ്രദേശങ്ങളും മലയാളിയുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത് 1930കൾക്കു ശേഷമാണ്.

പാശ്ചാത്യ രാജ്യങ്ങളിലെ സാമൂഹിക ജീവിതത്തെ സമൂലം പരിവർത്തിപ്പിച്ച നവോ ത്ഥാനവും, 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മന്ദഗതിയിലാരംഭിക്കുകയും 1930കൾ മുതൽ കേരളമാകെ വ്യാപിക്കുകയും ചെയ്ത കേരളീയനവോത്ഥാനവും തികച്ചും വ്യത്യ സ്തമായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ആരംഭിച്ച് മറ്റ് യൂറോപ്യൻ രാജ്യ ങ്ങളിലേക്ക് വ്യാപിച്ച പാശ്ചാത്യ നവോത്ഥാനം പ്രാചീന യവന-റോമ-സംസ്ക്കാര ത്തിന്റെ പുനർജനിയാണെന്നും അത് യൂറോപ്പിന്റെ മാത്രം സ്വാകാര്യഅനുഭവമാണെ ന്നുമുള്ള നിഗമനം[16] പൂർണ്ണമായും ശരിയല്ല. നിർജീവമായികിടക്കുന്ന സാമൂഹികജീ വിതത്തെയും മന്ദഗതിയിലാകുന്ന സംസ്ക്കാരിക വളർച്ചയെയും ചലനാത്മകമാക്കുന്ന ഏതൊരു പ്രക്രിയയെയും നവോത്ഥാനം എന്ന സംപ്രത്യേയം ഉൾകൊള്ളുന്നു. പാശ്ചാത്യ അധിനിവേശത്തിലൂടെ ഈ ആശയഗതി ലോകത്തിന്റെ മിക്ക പ്രദേശത്തും വ്യാപിച്ചു.

ആശയത്തിൽ മാത്രമല്ല അനുഭവത്തിലും 'നവോത്ഥാനം' പാശ്ചാത്യമാണെന്ന് പറയാം. ഈ വീക്ഷണത്തിൽ നിന്നുകൊണ്ടാണ് നവോത്ഥാനം എന്ന പദം ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

### 2.9. കേരളീയ നവോത്ഥാനം - മാനവ നവീകരണ പ്രസ്ഥാനം

കേരളീയ ജീവിതത്തിൽ മാറ്റങ്ങൾക്ക് ക്രമേണ വേഗത വർദ്ധിച്ചപ്പോൾ മലയാള സാഹിത്യത്തിലും തദാനുസൃതമായ പരിവർത്തനം നടന്നു. മതബോധവും ദൈവവി ശ്വാസവും ജാത്യാചാരങ്ങളും നിലനിൽക്കുമ്പോൾതന്നെ മാനവ പ്രശ്നങ്ങൾക്കുള്ള പരിഹാരം മനുഷ്യസമൂഹത്തിനകത്തു കണ്ടെത്താനുള്ള പരിശ്രമം എല്ലാരംഗത്തും ആരംഭിച്ചു. എല്ലാ പ്രവർത്തനങ്ങളും മനുഷ്യനന്മയക്ക് ഉപയുക്തമാകണമെന്ന ആശയം പ്രചരിച്ചതോടെ കേരളീയനവോത്ഥാനം സാരാംശത്തിൽ ഒരു മാനവനവീകരണപ്രവർത്ത നമായി മാറി.

പ്രധാന ഉല്പാദനവ്യവസ്ഥയായ കാർഷികമേഖലയെക്കുറിച്ചുള്ള ധാരണകൾക്കും മാറ്റം സംഭവിച്ചു. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശത്തെകുറിച്ച് നിലനിന്നിരുന്ന തർക്ക ങ്ങൾ വലിയ സമരങ്ങളിലെത്തി. ഉത്പാദന ബന്ധങ്ങളിലെ മാറ്റം സമവായത്തിലൂടെ സാധ്യമല്ലന്നെ ധാരണ വളർന്നുവന്നു. കൃഷി ഒരു സംസ്ക്കാരം എന്നതിൽ നിന്ന് വ്യവ സായം എന്നതിലേക്ക് മാറാൻ ആരംഭിച്ചു. പ്രതിഫലം ലഭിക്കാവുന്ന തൊഴിലുകൾ എന്ന സങ്കൽപ്പം ഉയർന്നു വന്നു. ചെറുകിട പട്ടണങ്ങൾ രൂപംകൊണ്ടത് ഈ തൊഴിൽ സംസ്കാരത്തിന്റെ വേഗത വർദ്ധിപ്പിച്ചു. മനുഷ്യനെ നവീകരിക്കുവാനുള്ള പദ്ധതിക ളിൽ മനുഷ്യന്റെ സ്ഥാനം ചർച്ചാവിഷയമായി. ഇതോടെ മനുഷ്യനും, അവന്റെ പ്രശ്നപരി സരങ്ങളും സാഹിത്യത്തിൽ മാന്യസ്ഥാനം നേടി.

സൂക്ഷ്മാർത്ഥത്തിൽ സമൂഹത്തിലുണ്ടായ നവോത്ഥാനചലനങ്ങളും മലയാള ചെറു കഥയുടെ ഭാവരൂപപരിണാമങ്ങളും പരസ്പരാശ്രിതവും പരസ്പര പൂരകവുമാണെന്ന്

കാണാം. സാഹിത്യരംഗത്തുണ്ടായ ഈ മാറ്റങ്ങളെകുറിച്ച് ചരിത്രകാരന്മാർ പഠനം നടത്തിയിട്ടുണ്ട്. ചെറുകഥയെകുറിച്ചും ഗൗരവമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട് എന്നാൽ ഈ കാലഘട്ടത്തിലെ കഥാസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന മാനവികതാബോധം സൂക്ഷ്മവിശകലനത്തിന് വിധേയമായിട്ടില്ല. ഏറെ പ്രകടമായതിനാൽ വിശദീകരിക്കപ്പെടേണ്ടതല്ല എന്ന ധാരണയാണ് മിക്ക നിരൂപകന്മാരും ഗവേഷകന്മാരും വച്ചു പുലർത്തിയത്. നവോത്ഥാനകാല കഥകളിൽ മനുഷ്യൻ നിറഞ്ഞു നിൽക്കുന്നത് സ്വാഭാവികമായ കാരണങ്ങളാലാണെന്ന് അവർ രേഖപ്പെടുത്തുന്നു.

നവോത്ഥാനകാലമലയാള ചെറുകഥയിലെ മനുഷ്യസങ്കൽപ്പവും മാനവികതാബോധവും പഠനത്തിന് വിധേയമാക്കുന്നത് ഇന്നത്തെ കാലഘട്ടത്തിൽ കൂടുതൽ പ്രസക്തമാണ്. മനുഷ്യനോട് അനുഭാവപൂർവ്വം പെരുമാറിയിരുന്ന ഒരു കാലത്തെയും സാഹിത്യരൂപത്തെയും തിരിച്ചറിയുന്നതിന് ഇതിന്റെ അടിസ്ഥാനത്തിലുള്ള പുനർവായനകൾ സഹായകമാകും. മനുഷ്യജീവിതത്തിലെ തീക്ഷ്ണനിമിഷങ്ങളെ അതിന്റെ പൂർണതയിൽ അവതരിപ്പിക്കുന്ന ഏക സാഹിത്യരൂപം ചെറുകഥയാണ്. ഒരു ആഖ്യാനരൂപം എന്ന നിലയിൽ കഥാരചനക്കുള്ള പൊതുരീതിശാസ്ത്രവും നവോത്ഥാനകഥാകാരന്മാരുടെ സവിശേഷ രീതികളുമാണ് അടുത്ത അദ്ധ്യായത്തിൽ വിശകലനവിധേയമാക്കുന്നത്.

### കുറിപ്പുകൾ


1. ലീലാതിലകം. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1958, പുറം34.
2. രാമചന്ദ്രൻനായർ കെ. (ഡോ.) : കേരളവർമ്മസ്മരണ (സമ്പാദനവും പഠനവും), തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995, പുറം 64.
3. The New Encyclopaedia Britanica (vol. 16) The New University of Chicago: Page 322
4. Introduction 'Great Short Stories of the World' Gerda Charles London: Spring books, West Book House 1964, Page XI
5. അച്യുതൻ എം. : ചെറുകഥ ഇന്നലെ ഇന്ന്, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 64.
6. രവികുമാർ കെ.എസ്. : ആദ്യകാലകഥകൾ (പഠനവും സമാഹരണവും) മലയാള ചെറുകഥയുടെ ഉദയരാശി (പഠനം) കോട്ടയം: കറന്റ് ബുക്സ്, 1995, പേജ് 64.
7. കൃഷ്ണപിള്ള ഇ.വി. : ഇ.വി.യുടെ തെരഞ്ഞെടുത്ത കൃതികൾ, കോട്ടയം: ഡി.സി. ബുക്സ്, 1994, പേജ് 551
8. ഗുപ്തൻനായർ എസ്. : നവമാലിക, തൃശൂർ: കറന്റ് ബുക്സ്, 1993, പേജ് 54
9. യോഗക്ഷേമം (മാസിക) 1923, മെയ് ലക്കം 12, പുസ്തകം 5, പുറം 9
10. യോഗക്ഷേമം (മാസിക) 1924, ജനുവരി, ലക്കം 13, പുസ്തകം 1. (ബോൾഷേവിസം എന്ന ജനദ്രോഹത്തിന്റെ നേതാവ്, ലെനിൻ അന്തരിച്ചു - ലേഖനം)
11. ഭട്ടതിരിപ്പാട് വി.ടി. : രജനീരംഗം, തൃശൂർ: മംഗളോദയം, 1928, പുറം 5
12. സുകുമാർ അഴീക്കോട് : ഭാഷാപോഷിണി, ലക്കം 2, പുസ്തകം 5
13. Choen J.M. : A History of Western Literature USA: Walthan Gim Co, 1962, Page 312
14. Priestley J.B. : Literature and Western Man, London: Macmillan, 1968, Page 207
15. Mathew Arnold : Essays in Criticism, Little Brown & Co, 1964
16. Gibbon : Decline and Fall of the Roman Empire, London: Best Ford - 1962, Page 699

അദ്ധ്യായം മൂന്ന്

## കഥാഖ്യാനവും നവോത്ഥാനകഥയും

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ പാശ്ചാത്യബോധത്തിലധിഷ്ഠിതമായ ചില ചിട്ടപ്പെടുത്തലുകൾക്ക് നിർബന്ധിതരായി. ലക്ഷണഗ്രന്ഥങ്ങൾ നിർദ്ദേശിച്ചവിധം എഴുതാൻ അവർ കൂടുതൽ ശ്രദ്ധകൊടുത്തു. ആധുനികവിമർശനത്തിന്റെ നിർദ്ദയശാസനകൾ അവർ കേൾക്കേണ്ടിവന്നു. ഈ സമ്മർദ്ദങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും മനുഷ്യപക്ഷത്തുനിൽക്കുന്ന കാര്യത്തിൽ ഈ എഴുത്തുകാർ ആരോടും സന്ധിചെയ്തില്ല. 'മനുഷ്യൻ' എന്ന സങ്കല്പത്തെ നിരന്തരം പിന്തുടരുന്നതിനും അവന്റെ ദൈന്യങ്ങളിൽ പങ്കാളിയാകുന്നതിനും അവർ പ്രഥമ പരിഗണന നൽകി.

പൊതുവായചിലരചനാസ്വഭാവങ്ങളാണ്, സാഹിത്യചരിത്രത്തിൽ കാലഘട്ടങ്ങൾക്ക് രൂപം നൽകുന്നത്. ഈ പൊതുവായ പ്രവണതകൾക്കകത്തുതന്നെ ഓരോ എഴുത്തുകാരനെയും വ്യതിരിക്തനാക്കുന്ന സവിശേഷ ഘടകങ്ങളും ഉണ്ടായിരിക്കും. 1930-കളിലാരംഭിച്ച് 60-കളിൽ അവസാനിക്കുന്ന നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥാകൃത്തുക്കളിൽ തകഴി ശിവശങ്കരപ്പിള്ള (1912-1999), പി. കേശവദേവ് (1904-1983), പൊൻകുന്നം വർക്കി (1910-2004), വൈക്കം മുഹമ്മദ് ബഷീർ (1910-1994), എസ്.കെ. പൊറ്റക്കാട് (1913 -1982) എന്നിവർ രൂപഭാവങ്ങളിലെ നവചലനങ്ങൾക്ക് തുടക്കം കുറിച്ചു. കാരൂർ നീലകണ്ഠപിള്ള (1898-1975), ലളിതാംബിക അന്തർജനം (1909-1987), പി.സി. കുട്ടികൃഷ്ണൻ (1915-1979) എന്നിവർ ഈ തലമുറയിലെ രണ്ടാം നിരക്കാരാണ്. സർഗധനരായ നിരവധി കഥാകൃത്തുക്കൾ ഈ കാലഘട്ടത്തിൽ രചന നടത്തിയിട്ടുണ്ട്. രചനാരീതിയിൽ വ്യത്യസ്തത പുലർത്തിയവരും ഈ ഗവേഷണ പ്രബന്ധത്തിന്റെ വിശകലന പദ്ധതിയിൽ അനുപേക്ഷണീയരുമായ എഴുത്തുകാരെയാണ് പ്രത്യേകം പരാമർശിക്കുന്നത്.

### 3.1. കഥ ഒരു ആഖ്യാനമെന്ന നിലയിൽ

കഥ ഒരു ആഖ്യാനപാഠമാണ്. ഒരു ആഖ്യാനപാഠത്തെ വിലയിരുത്തുന്നതിന് ശാസ്ത്രീയമായ ചില സൈദ്ധാന്തിക ധാരണകൾ ഇന്നു നിലവിലുണ്ട്. സമൂഹത്തിൽ ആശയവിനിമയം ഉടലെടുത്ത അന്നുമുതൽ ആരംഭിച്ചിട്ടുള്ള ഒരു സർഗ്ഗക്രിയയാണ് ആഖ്യാനം. ഈ ആവിഷ്കാരസംസ്കാരത്തെ ഘടനാപരമായ വിശ്ലേഷണങ്ങൾക്ക് (Structural Analysis) വിധേയമാക്കുന്നത് ആഖ്യാനശാസ്ത്രം (Narrratology) എന്ന സാഹിത്യ വിമർശന രീതി അനുസരിച്ചാണ്. ഒരു സിദ്ധാന്തം എന്ന നിലയിൽ ഇത് ആധുനികതയുടെ സംഭാവനയാകുന്നു. റഷ്യൻ ഫോർമലിസ്റ്റായ വ്ളാഡിമിർ പ്രോപ്പ് (Vladimar Propp) തന്റെ മോർഫോളജി ഓഫ് ഫോക്ക് ടേൽസ് (Morphology of Folk tales) എന്ന കൃതിയിൽ നാടോടിക്കഥകളുടെ ആഖ്യാനസ്വഭാവത്തെകുറിച്ച് നടത്തിയ അന്വേഷണമാണ് ഈ പഠനശാഖയ്ക്ക് തുടക്കം കുറിച്ചത്. നരവംശ ശാസ്ത്രജ്ഞനായ ക്ലോഡ്ലെവിസ്ട്രോസ് ഒരു ആഖ്യാനപാഠത്തെ ഘടനാപരമായി അപഗ്രഥിക്കാമെന്ന് തെളിയിച്ചിട്ടുണ്ട്[1]. മിത്തുകളെ സംബന്ധിച്ച് ഇദ്ദേഹം നടത്തിയ പഠനമാണ് ഈ പഠന ശാഖയെ കൂടുതൽ വികസിപ്പിച്ചത്. ഭാഷാശാസ്ത്രപഠനത്തിലും, സാഹിത്യ വിമർശന ത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയ ഘടനാവാദത്തിന്റെ അന്വേഷണരീതി തന്നെയാണ് ആഖ്യാന ശാസ്ത്രത്തിന്റേയും രീതിശാസ്ത്രം. എ.ജെ. ഗ്രെയ്മാസ് (A.J. Greimas) സെമാന്റിക് സ്ട്രെക്ചർ (Semantique Structure) എന്ന കൃതിയിൽ വ്ളാഡിമിർ പ്രോപ്പിന്റെ ആശയങ്ങളെ വിപുലീകരിക്കുകയും ഒരു പഠനശാഖക്കുവേണ്ട ചിട്ടകൾ നൽകുകയും ചെയ്തു. Introduction to the Structural Analysis of Narrative എന്ന പ്രബന്ധ ത്തിൽ റൊളാങ്ങ് ബാർത്ത് ഈ പഠനശാഖയുടെ പ്രസക്തി അക്കാദമിക് തലങ്ങളിൽ വ്യാപിപ്പിച്ചു[2].

3.1.1. കഥയും കഥ പറയുന്ന രീതിയും അവ തമ്മിലുള്ള പാരസ്പര്യവുമാണ്

'ആഖ്യാനം' എന്നതുകൊണ്ട് ആഖ്യാനശാസ്ത്രം അർത്ഥമാക്കുന്നത്. "യഥാർത്ഥമോ കല്പിതമോ ആയ ഗതകാലസ്മരണകൾ മൗലികമായി ഭാഷയിലൂടെ പ്രതിനിധാനം ചെയ്യലാണ് ആഖ്യാനം"[3] എന്ന് ട്രഗോട്ടും പ്രാറ്റും ചേർന്ന് ആഖ്യാനത്തെ നിർവചിച്ചിട്ടുണ്ട്.

കാലാനുസൃതമായി കോർത്തിണക്കുന്ന, സംഭവിച്ചതോ കല്പിതമോ ആയ ക്രിയകളുടേയോ സാഹചര്യങ്ങളുടേയോ ആവിഷ്കാരമാണ് ആഖ്യാനം എന്ന് ജെറാൾഡ് പ്രിൻസ് നിർവ്വചിക്കുന്നു.[4]

ഇന്ദ്രിയപ്രത്യക്ഷവും പരസ്പരബന്ധിതവുമായ സംഭവശ്രേണി എന്നാണ് ആഖ്യാനമെന്നതുകൊണ്ട് റൊളാങ്ങ് ബാർത്ത് ഉദ്ദേശിക്കുന്നത്.[5]

മേൽവിവരിച്ച നിർവചനങ്ങളിൽനിന്ന് ഒരു സംഭവത്തെ ക്രമാനുഗതമായി വളർത്തിക്കൊണ്ടുവന്ന്, ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് മാറിയതെങ്ങനെയെന്ന് വിശദീകരിക്കലാണ് ആഖ്യാനം എന്ന് കാണാം. ആഖ്യാന ശാസ്ത്രത്തിൽ ആഖ്യാതവിനും ഏറെ പ്രാധാന്യമുണ്ട്. ഒരു ആഖ്യാനം മനസ്സിൽ പതിയണമെങ്കിൽ ആഖ്യാതാവിനെ തിരിച്ചറിയേണ്ടതുണ്ട്. വക്താവിന്റെ (Narrator) സ്വഭാവം, വ്യക്തിത്വം, അയാൾ ആവിഷ്കരിക്കുന്ന സംഭവം, പരിപ്രേക്ഷ്യം എന്നിവ കണ്ടെത്തുന്നതിന് ഇത് ആവശ്യമാണ്. ശ്രോതാവാണ് (Narratee) ഒരു ആഖ്യാനത്തെ പൂർണ്ണമാക്കുന്നത്. ആഖ്യാനം ഉൾക്കൊള്ളുന്നതിനായി ശ്രോതാവും ചില മുൻകരുതലുകൾ എടുക്കും. ആഖ്യാതാവും (Narrator) ശ്രോതാവും (Narratee) തമ്മിൽ യോജിച്ചും വിയോജിച്ചും നടക്കുന്ന ഇടപെടലുകളാണ് ഈ പഠനപദ്ധതിയുടെ അന്വേഷണമേഖല. ആഖ്യാനത (Narravity), മാധ്യമത (Mediacy), കാലികത (Temporality), സ്ഥലികത (Spatiality), എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് പഠനം പുരോഗമിക്കുന്നത്.

ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷ ലക്ഷണങ്ങളെയാണ് ആഖ്യാനത എന്ന പദം സൂചിപ്പിക്കുന്നത്. ഒരു സവിശേഷസാഹചര്യമോ സംഭവമോ ശ്രോതാവിനെ അറിയിക്കുന്നതിന് വക്താവിന് ഒരു മധ്യവർത്തിയുടെ ആവശ്യം ഉണ്ട്. അയാളുടെ ശബ്ദമോ ക്രിയയോ സാന്നിദ്ധ്യമോ ആണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. മാധ്യമത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ മേഖലയാണ്. പുരുഷൻ (Person), പരിപ്രേക്ഷ്യം (Perspective) തുടങ്ങിയവ ചേർന്നാണ് മാധ്യമത പൂർണ്ണമാകുന്നത്.

**3.1.2.** കാലം (time) ഏതൊരു കലാസൃഷ്ടിയെ സംബന്ധിച്ചും ഒരു സങ്കീർണ്ണ പ്രശ്നമാണ്. രണ്ടു സംഭവങ്ങൾക്കിടയിൽ മാത്രമേ കാലത്തെ നമുക്ക് ഉൾക്കൊള്ളിക്കാൻ കഴിയൂ. ആപേക്ഷികമായ ഈ കാലത്തെക്കുറിച്ചും അനന്തമായ കാലത്തെക്കുറിച്ചും ഒരാഖ്യാനം എപ്രകാരമാണ് കാണുന്നത് എന്നതാണ് കാലികത എന്ന പദം അർത്ഥമാക്കുന്നത്.

ഒരാഖ്യാനത്തിലെ സംഭവങ്ങൾ നടക്കുന്നത് 'എവിടെ' എന്നതാണ് സ്ഥലികത എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ആഖ്യാനത്തിന് ആധാരമായ സ്ഥലം, ആഖ്യാന ജനിതസ്ഥലം മുതലായ ചിന്തകളാണ് ഇവിടെ ഉയർന്നുവരുന്നത്. യുക്തിയുമായി ബന്ധപ്പെട്ടാണ് മേല്പറഞ്ഞ നാലു കാര്യങ്ങളും നിലകൊള്ളുന്നത്. സാധാരണ യുക്തിയല്ല കലയ്ക്ക് അതിന്റേതായ ഒരു യുക്തിബോധം ഉണ്ടെന്നുകൂടി ഇവിടെ അർത്ഥമാക്കുന്നു. മേൽ വിശദീകരിച്ച ആഖ്യാനശാസ്ത്രത്തിന്റെ സങ്കേതങ്ങൾക്ക് പ്രാധാന്യം നൽകി. കഥ ഒരു ആഖ്യാനരൂപമാകുന്ന രീതി വിശദീകരിക്കേണ്ടതുണ്ട്.

**3.1.3.** കഥയെ ദീർഘകഥ എന്നും ലഘുകഥ എന്നും വേർതിരിക്കാം. ദീർഘകഥകൾക്ക് ഒരു കേന്ദ്രബിന്ദു അനിവാര്യമാണ്. അതിനെ പ്രകാശിപ്പിക്കാൻ ആവശ്യമായ ഘടകങ്ങൾ ആണ് കഥാപാത്രങ്ങളും സ്വഭാവങ്ങളുമെല്ലാം. ക്രമാനുഗതമായി പരിണമിച്ച് ഒരു നിശ്ചിതസ്വഭാവത്തിലെത്തിയ വികസിത കഥാപാത്രങ്ങളാണ് ദീർഘകഥകളിൽ പ്രത്യ

ക്ഷപ്പെടുക. ലക്ഷണയുക്തമായ ഒരു നോവലിലാകട്ടെ അനുസ്യൂതവും അനുക്രമവുമായി വികസിച്ചുകൊണ്ടിരിക്കുന്ന കഥാപാത്രങ്ങളാണ് പ്രത്യക്ഷപ്പെടേണ്ടത്. ഈ വികാസത്തിലൂടെ ആഖ്യാനം നിർവഹിക്കുകയാണ് ഒരു നോവലിസ്റ്റിന്റെ തന്ത്രം. വ്യത്യസ്ത സ്വഭാവക്കാരായ വ്യക്തികളുടെയും സാമൂഹ്യഘടനയുടെയും പരിവർത്തനമാണ് നോവലിൽ സംഭവിക്കുന്നത്.

എന്നാൽ ചെറുകഥയിൽ പൂർണ്ണത വന്ന കഥാപാത്രങ്ങൾ നന്നേ കുറവായിരിക്കും. ഒരു പ്രത്യേക അവസ്ഥയോട് ഒരു കഥാപാത്രം എപ്രകാരം പ്രതികരിക്കുന്നു എന്നതാണ് ചെറുകഥ അന്വേഷിക്കുന്നത്. ഒരു ചെറുകഥ ഈ ഒരർത്ഥത്തിൽ ഒന്നുകിൽ ഒരു സന്ദർഭം വെളിവാക്കലാകാം (situation revealed) അല്ലെങ്കിൽ ജീവിതത്തിലെ ശക്തമായ ഒരു നിമിഷം കാണിക്കലാകാം (a powerful moment in life). ചെറുകഥയിലെ സംഭാഷണം ചടുലവും, ഭാവം സജീവവുമായിരിക്കണം. അല്ലാത്തപക്ഷം വ്യഥാസ്ഥൂലത എന്ന ദോഷം സംഭവിക്കും. കഥാകൃത്തിന്റെ ജീവിതനിരീക്ഷണ പാടവം ചെറുകഥയെ ചൈതന്യവത്താക്കുന്നു. അവതരണത്തിലും സംഭാഷണത്തിലും അന്തരീക്ഷ സൃഷ്ടിയിലും കാണിക്കുന്ന മിതത്വവും സൂക്ഷ്മതയും കഥയെ മികവുറ്റതാക്കുന്നു.

മലയാള ചെറുകഥയുടെ അതുവരെയുള്ള രചനാരീതികളും പാത്രസങ്കല്പങ്ങളും, സാമൂഹ്യവീക്ഷണവും നവോത്ഥാനകാല കഥാകാരൻ ഉൾക്കൊണ്ടു. എന്നാൽ അതിനെ അതേപ്രകാരം തങ്ങളുടെ കലാജീവിതത്തിലേക്ക് കടത്തികൊണ്ടുവരാൻ അവർ തയ്യാറായില്ല. കാലാനുസൃതമായ മാറ്റങ്ങളും കലാനുസൃതമായ ശുദ്ധീകരണവും നടത്താൻ അവർ തയ്യാറായി. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ പ്രാപ്തരായ വിമർശകരും, മാതൃകകൾ നല്കാൻ ആവശ്യമായ വിവർത്തനരീതികളുമുണ്ടായി.

### 3.2. നവോത്ഥാനകഥകളുടെ വ്യതിരിക്തത

സർഗധനരായ കലാകാരന്മാർ പരിവർത്തനത്തിന്റെ മുൻപിൽ സഞ്ചരിക്കുന്നവ

രാണ്. രണ്ടു സംസ്കാരങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോഴാണ് നിരവധി ചോദ്യങ്ങൾ ഉയർന്നു വരുന്നത്. ഈ സന്ദർഭത്തിൽ പരിഹാരം നിർദ്ദേശിക്കാനുള്ള ബാദ്ധ്യത കലാകാരനും ഉണ്ട്. ആധുനിക പാശ്ചാത്യ മാതൃകകളുമായി പരിചയപ്പെടാൻ കഴിഞ്ഞ കേരളീയൻ തന്റെ പരിതോവസ്ഥകളെ കുറിച്ച് വിമർശനബുദ്ധ്യാ ചിന്തിക്കേണ്ടിവന്നു. ഈ ചിന്താ ഗതി നവോത്ഥാനകഥയിൽ പ്രകടമായത് വിവിധ പ്രകാരത്തിലാണ്.

**3.2.1.** ചരിത്രത്തിൽ സ്ഥാനം നേടിയ എഴുത്തുകാരിൽ പലരും പ്രതിഷേധ പ്രിയന്മാ രാണ്. സമൂഹത്തിൽ പ്രതിഷേധാർഹമായ അനേകം കാര്യങ്ങളുണ്ടാകാമെങ്കിലും എതിർപ്പ് ഏതു പരിധിവരെ കടന്നുചെല്ലാം എന്നുള്ളത് പലതുമായും ബന്ധപ്പെട്ടു കിടക്കുന്ന വിഷയമാണ്. എന്തിനോടാണ് പ്രതിഷേധിക്കുന്നത്, അതിനെ തിരുത്താനുള്ള മാർഗ്ഗമെ ന്താണ്, അതിനെ ഇല്ലായ്മ ചെയ്യുമ്പോൾ ഉണ്ടാകുന്ന ശൂന്യതയിൽ കടന്നുവരാനിടയു ള്ളത് എന്താണ് ഇവ കൂടി കണക്കിലെടുത്തേ പ്രതിഷേധം സാർത്ഥകമാകുകയുള്ളൂ. ആവിഷ്കാരത്തിൽ വിലോമത്വം, വികൃതീകരണം എന്നീ രചനാസങ്കേതങ്ങളെ ഉപാധി യാക്കിയാണ് എഴുത്തുകാരൻ തന്റെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുന്നത്.

### 3.2.2. വിലോമത്വം (Perversity)

സാഹിത്യത്തെ സംബന്ധിക്കുന്ന വിഷയങ്ങളിൽ നിശിതവിമർശനത്തിന് ഇടന ല്കുന്ന ഒരു ഘടകമാണ് വിലോമത്വം. സമൂഹം ചിലത് ഗോപ്യമായി വെയ്ക്കുന്നത് സവിശേഷമായ ആവശ്യങ്ങൾക്കുവേണ്ടി ആയിരിക്കും. പൊതുവായ ചില നന്മകൾക്കു വേണ്ടിയാണ് ഈ മറച്ചുപിടിയ്ക്കലെങ്കിൽ അത് അപ്രകാരം നിലനില്ക്കട്ടെ എന്നുകരു തുന്നതാവും ഉചിതം. എന്നാൽ പലതും മറച്ചുപിടിക്കുന്നത് സമൂഹത്തിലെ ഉന്നതശ്രേ ണിയിൽവർത്തിക്കുന്നവരുടെ സ്വാർത്ഥസങ്കുചിത താല്പര്യങ്ങൾ സംരക്ഷിക്കാനായി രിക്കും. തങ്ങളുടെ സുഖലോലുപതയ്ക്കുവേണ്ടി സഹജീവികളെ ചൂഷണം ചെയ്യാനാ യിരിക്കും വിധിനിഷേധങ്ങൾ അവർ സൃഷ്ടിച്ചിരിക്കുക. ഇവ തുറന്നുകാണിക്കാനുള്ള

വാശിയായിരിക്കണം സർഗ്ഗധനനായ ഒരു എഴുത്തുകാരന്റെ പ്രതിഷേധത്തിന് നിദാനം. ന്യൂനതകൾ ചൂണ്ടികാണിക്കാനുള്ള വ്യഗ്രതയും, അപ്രിയസത്യം വിളിച്ചുപറയാനുള്ള ആർജ്ജവത്വവും വിലോമത്വത്തെ വിലയുള്ളതാക്കുന്നു. രൂപഭാവങ്ങളിൽ വിപരീതദിശയിൽ സഞ്ചരിച്ച് സാഹിത്യരൂപത്തിന്റെ സാമൂഹിക പ്രയോജനം സാർത്ഥകമാക്കുന്ന രീതിയാണ് ഇത്.

നവോത്ഥാനകാല ചെറുകഥാകൃത്തുകളിൽ ഏറ്റവും അധികം കാണപ്പെടുന്ന ഒരു പ്രവണതയാണ് വിലോമത്വം. ബഷീറും കേശവദേവും ഒരു പരിധിവരെ തകഴിയും തങ്ങളുടെ കഥകളിലൂടെ സാധിച്ചെടുത്തതും ഇതാണ്. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, വേശ്യാവൃത്തി നടത്തേണ്ടിവരുന്ന സാഹചര്യം എന്നിവയെ ലോകത്തു നിലനില്ക്കുന്ന സാമ്പത്തികക്രമവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ അവർ ശ്രദ്ധിച്ചു. ചില നിരൂപകരുടെ ദൃഷ്ടിയിൽ ഇത്തരം എഴുത്തുകാർ വിപരീതബുദ്ധിയുള്ളവരോ വഴിപിഴച്ചവരോ ആണ്. തലതിരിഞ്ഞവരും താന്തോന്നികളുമായി ഇവർ വിലയിരുത്തപ്പെടാൻ ഇടയുണ്ട്. നിലനിന്നിരുന്ന മൂല്യബോധത്തിന്റെ കാഴ്ചപ്പാടിൽ യുക്തിയുക്തമോ ആവശ്യമോ ആയതിന് നേർവിപരീതദിശയിൽ സഞ്ചരിച്ചവരായി ഇത്തരം എഴുത്തുകാർ വിലയിരുത്തപ്പെടും. മനോവൈലക്ഷണ്യമുള്ളവരാണ് ഇത്തരം രചനകൾ നടത്തുക എന്ന ആരോപണവും ഉയർന്നുവരാം.

എന്നാൽ എഴുത്തുകാരന് തന്റെ വാഗ്ദത്തതയോട് സത്യസന്ധത കാണിക്കാൻ ചില സന്ദർഭങ്ങളിലെങ്കിലും വിലോമത്വം ആവശ്യമായി വരുന്നു.

### 3.2.3. വികൃതീകരണം (Distortion)

വികൃതീകരണം നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥാകൃത്തുക്കളുടെ പൊതുസ്വഭാവമായിരുന്നു. നിലനില്ക്കുന്ന ഒരു ക്രമത്തെ വികൃതമാക്കാനുള്ള ഉദ്യമം എഴു

ത്തുകാരെ ശ്രദ്ധേയരാക്കുന്ന ഒരു ഘടകമാണ്. രൂപത്തിന്റെ മേഖലയിൽ ഇത്തരം കാര്യങ്ങൾ ഉപരിപ്ലവമായ ചർച്ചകൾക്കു വഴിവെയ്ക്കും. എന്നാൽ ഉള്ളടക്കത്തിന്റെ കാര്യത്തിൽ വരുത്തുന്ന മാറ്റങ്ങൾ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാകും. ക്രമരാഹിത്യത്തിന്റേതായ ഒരു ക്രമം സൃഷ്ടിക്കാൻ നടത്തുന്ന ശ്രമത്തെ കലാനിപുണന്മാർ അത്ര പെട്ടെന്ന് അംഗീകരിക്കാൻ ഇടയില്ല. പ്രധാനമായും നാലു വിധത്തിലാണ് വികൃതീകരണം സംഭവിക്കാറുള്ളത്.

1. നിലനില്ക്കുന്ന ചില തത്വചിന്തകളോട് ഒരു എഴുത്തുകാരന്റെ മനസ്സിലുണ്ടാകുന്ന പ്രതിഷേധം.

2. നിലനില്ക്കുന്ന ചില മൂല്യങ്ങളോടുണ്ടാകുന്ന വിപ്രതിപത്തി

3. സമ്പദ് ഘടനയിലുണ്ടാകുന്ന മാറ്റം

4. സദാചാര ബോധത്തിന്റെ പുതിയ വ്യാഖ്യാനങ്ങൾ എന്നിവയാണ് അവ.

**3.2.4.** നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ രചനാരംഗത്തേക്ക് കടന്നുവരുന്ന കാലഘട്ടം സാംസ്കാരിക സംഘർഷത്തിന്റേതായിരുന്നു. മനുഷ്യൻ ഭൗതികമായും അദ്ധ്യാത്മികമായും അനുഭവിച്ചുവന്നിരുന്ന തീക്ഷ്ണവ്യഥകൾ പരിഹരിക്കാൻ നിലവിലുള്ള ദർശനങ്ങൾ അപര്യാപ്തങ്ങളാണെന്ന ധാരണ സമൂഹത്തിലുണ്ടായി.

ബ്രിട്ടീഷ് ഭരണവ്യവസ്ഥ ഉല്പാദനരംഗത്തു വരുത്തിയ മാറ്റങ്ങൾ ജീവിതത്തിന്റെ താളക്രമത്തെ തെറ്റിച്ചു. പാരമ്പര്യമായുള്ള ഉല്പാദനരീതി മാറ്റി കമ്പോളത്തിനുവേണ്ടി ഉല്പാദിപ്പിക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. എന്നാൽ പുതിയ ഉല്പാദനരീതി പാശ്ചാത്യരാജ്യങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കിയില്ല. കൃഷിയിൽ ആധുനിക ശാസ്ത്രത്തിന്റെ പ്രയോഗമോ, വൻകിടവ്യവസായങ്ങളുടെ വളർച്ചയോ കേരളത്തിലുണ്ടായില്ല. ഉല്പാദനത്തിൽ വർദ്ധിതമായ തോതിൽ മാറ്റം വന്നുവെങ്കിലും മുത

ലാളിത്ത സമ്പദ്വ്യവസ്ഥയുടെ വരവോടെ സംഭവിക്കേണ്ടുന്ന സമൂഹക്രമത്തിലെ അടിസ്ഥാന മാറ്റങ്ങൾ കേരളത്തിൽ സംഭവിച്ചില്ല. ഒന്നാം ലോകമഹായുദ്ധം ജനജീവിതത്തെ സാരമായി ബാധിച്ചു. തത്വശാസ്ത്രങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയാത്ത സമസ്യകൾ നവോത്ഥാന കഥികരുടെ പ്രധാനവിഷയമായി.

സാമൂഹിക ചിന്തയുമായി ബന്ധപ്പെട്ട് വളർന്നുവരുന്ന മൂല്യബോധം സ്വാഭാവികമായും നിശിതമായ ചോദ്യം ചെയ്യലിന് വിധേയമായി. നാടുവാഴിത്തത്തിന്റെ പ്രതിസന്ധികൾ കൂട്ടുകുടുംബവ്യവസ്ഥയെ സാരമായി ബാധിച്ചു. മാതൃദായക്രമത്തിൽ നിന്ന് ക്രമേണ പിതൃദായക്രമത്തിലേക്കു മാറാനുള്ള പ്രവണത പ്രത്യക്ഷപ്പെട്ടു. കൃഷിയെ പ്രധാനതൊഴിലായി കണ്ടതിൽ നിന്നും മാറി മറ്റ് തൊഴിലുകളിലേക്ക് മാറാൻ ജനങ്ങൾ താല്പര്യം കാണിച്ചു. മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ ഭാഗമായ 'പ്ലാനിംഗ്' കുടുംബജീവിതത്തിലേക്കും വ്യക്തി ജീവിതത്തിലേക്കും കടന്നുവന്നു. ഇതിന് ഒരു സ്ഥിരവരുമാനം വേണമെന്നും അതിനുവേണ്ടി എന്തും ചെയ്യാവുന്നതാണെന്നുമുള്ള ധാരണ സമൂഹത്തിൽ വളർന്നുവന്നു.

മൂല്യാധിഷ്ഠിത നിരൂപണദൃഷ്ടിയിൽ നവോത്ഥാനകാലചെറുകഥാകൃത്തുക്കൾ നടത്തിയ വികൃതീകരണം അനാശാസ്യമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഒരു ജനപ്രിയ സാഹിത്യരൂപമാകയാൽ കഥാകാരൻ കുറച്ചുകൂടി ഉത്തരവാദിത്വം കാണിക്കേണ്ടതുണ്ടെന്ന് നിരൂപകൻ ശഠിച്ചു.[6]

### 3.3. കഥാകാരന്റെ വാക്കുകൾ

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ ഈ വിമർശനങ്ങൾക്കു മറുപടി പറഞ്ഞത് രചനകളിലൂടെയാണ്. അതുകൊണ്ടുതന്നെ തങ്ങളുടെ രചനാസങ്കല്പങ്ങളെകുറിച്ച് എഴുത്തുകാർ പറഞ്ഞ കാര്യങ്ങൾ നാം സശ്രദ്ധം നിരീക്ഷിക്കേണ്ടതുണ്ട്. അവ

രുടെ കഥകളിൽ കാണുന്ന ദർശനവും മൂല്യചിന്തയും സവിസ്തരപഠനത്തിന് വിധേയ മാക്കേണ്ടതുമുണ്ട്.

ജീവിതമാണ് തങ്ങൾക്കു മുന്നിലുള്ള പ്രശ്നമെന്ന് വിശ്വസിച്ചിരുന്ന നവോത്ഥാനചെറുകഥാകൃത്തുക്കൾ കഥ എന്ന സാഹിത്യ രൂപത്തിന്റെ സാമാന്യതത്വങ്ങൾ മനസ്സിലാക്കിയവരായിരുന്നു. തങ്ങളുടെ മുൻഗാമികൾ ഉണ്ടാക്കിവെച്ച രൂപസൗകുമാര്യവും ശില്പഭംഗിയും ഭാഷാനിഷ്കർഷയും എല്ലാം ഉൾക്കൊണ്ടുതന്നെ പുതിയ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് ഇവർ കരുതി.

"സാഹിത്യം എന്റെ പ്രശ്നമല്ല, ജീവിതമാണെന്റെ പ്രശ്നം. ജീവിതത്തിന്റെ സുഖത്തെ വർദ്ധിപ്പിക്കുക, ദുഃഖത്തെ കുറയ്ക്കുക അതാണെന്റെ അന്തിമമായ ലക്ഷ്യം"[7] എന്നു പ്രഖ്യാപിച്ച കേശവദേവാണ് ഈ കഥാകാരന്മാരുടെ രൂപസങ്കല്പത്തെ മുന്നോട്ടുവെച്ചത്. വിശപ്പാണ് ജീവിതത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്ന തിരിച്ചറിവാണ് ദേവിനുണ്ടായിരുന്നത്. റിയലിസം എന്ന രചനാരീതിയാണ് കേശവദേവിന് പ്രിയപ്പെട്ടതെങ്കിലും ചില സന്ദർഭങ്ങളിൽ ഒരു നാച്വറലിസ്റ്റിനെ ദേവിൽ കാണാം.

തകഴിയുടെ രചനാരീതിയിൽ തൊട്ടുമുൻഗാമികളായവരുടെ സ്വാധീനം ആദ്യകാലത്ത് കാണാമായിരുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ ഉപദേശ നിർദേശങ്ങൾ തകഴിയുടെ വീക്ഷണഗതിയിലും രചനാശൈലിയിലും സാരമായ മാറ്റങ്ങൾ വരുത്തി. ചെഖോവിന്റെയും മോപ്പസാങ്ങിന്റെയും കഥാരീതിയോടാണ് തകഴി ഇതിലൂടെ പരിചയപ്പെട്ടത്.

നവോത്ഥാന കാലഘട്ടത്തിലെ ശ്രദ്ധേയനായ മറ്റൊരു കഥാകാരൻ പൊൻകുന്നം വർക്കിയാണ്. ഗദ്യകവിത എന്ന സാഹിത്യരൂപത്തിൽപെടുത്താവുന്ന ആദ്യകാലരചനകളിലും തുടർന്ന് അദ്ദേഹം രചിച്ച ചെറുകഥകളിലും സമൂഹത്തിൽ നിലനില്ക്കുന്ന

ദുഷ്പ്രവണതകളോടുള്ള അവജ്ഞയും രോഷവുമാണ് പ്രകടമായത്. സാഹിത്യത്തെ സംബന്ധിച്ചുള്ള നിയമങ്ങളൊന്നും തനിയ്ക്കു ബാധകമല്ലെന്നും തന്റെ സാഹിത്യനിയമങ്ങൾ താൻ തന്നെയാണ് സൃഷ്ടിക്കുകയെന്നും സ്വന്തം കഥകളിലൂടെ പൊൻകുന്നം വർക്കി പ്രഖ്യാപിച്ചു. താൻ ജനിച്ചുവളർന്ന ക്രിസ്തുമതത്തിൽ നിലനില്ക്കുന്ന പൗരോഹിത്യ മേധാവിത്വത്തെ വിമർശിക്കാൻ പൊൻകുന്നം വർക്കി തയ്യാറായി. മതം മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയുള്ളതായിരിക്കണം എന്ന വാദം അദ്ദേഹം മുന്നോട്ടുവെച്ചു. തികച്ചും കാർഷിക പശ്ചാത്തലത്തിൽ നിന്നും കടന്നുവന്ന ഈ എഴുത്തുകാരൻ ഒരു കർഷകന്റെ മനസ്സ് തന്റെ സാഹിത്യ രചനയിലും കാത്തുസൂക്ഷിച്ചു. മണ്ണിനോടും, മനുഷ്യാദ്ധ്വാനത്തോടും അതിലവനോടൊപ്പം പങ്കാളിയാകുന്ന മറ്റുജീവജാലങ്ങളോടും പൊൻകുന്നം വർക്കിക്ക് അതിരറ്റ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഭാരവാഹിയായിരുന്ന പൊൻകുന്നം വർക്കിക്ക് കമ്മ്യൂണിസ്റ്റ് ആശയഗതികളോട് പൂർണ്ണമായ കൂറും, സമത്വവാദത്തിൽ പരിപൂർണ്ണമായ വിശ്വാസവും ഉണ്ടായിരുന്നു.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളിൽ വൈക്കം മുഹമ്മദ് ബഷീറിനുള്ള സ്ഥാനം നിർണ്ണായകമാണ്. അന്നുവരെ നിലനിന്നിരുന്ന ഭാഷാരീതിയിൽ തനിക്ക് ശരി എന്നുതോന്നുന്ന പരിവർത്തനങ്ങൾ വരുത്താൻ ബഷീർ ശ്രദ്ധിച്ചു. തനിക്കു സമൂഹത്തോടു പറയാനുള്ള കാര്യങ്ങൾ തന്റേതായ ഭാഷയിൽ പറഞ്ഞ ബഷീർ, കഥാരചനയെ സങ്കീർണ്ണമായ ഭാഷാബാദ്ധ്യതകളിൽ നിന്ന് മോചിപ്പിച്ചു. നിത്യവ്യവഹാരത്തിനുവേണ്ടി ഉപയോഗിച്ചുവന്ന ഭാഷാപദങ്ങൾ കഥാരചനയിലുപയോഗിച്ച ബഷീർ ഇക്കാരണം കൊണ്ടുതന്നെ നിരവധി വിമർശനങ്ങൾക്ക് വിധേയനായി. സദാചാരം, സ്ഥിതിസമത്വം, രാഷ്ട്രീയാദർശം, നീതിനിർവ്വഹണം എന്നിങ്ങനെ സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥകൾ എല്ലാം സ്വാർത്ഥമോഹികളായ ചെറുന്യൂനപക്ഷം ചൂഷകന്മാർ തങ്ങൾക്ക

നുകൂലമായി സൃഷ്ടിച്ചെടുത്തതാണെന്നും, അതിനെ മാറ്റാനുള്ള യത്നത്തിൽ എഴുത്തുകാരനും പങ്കാളിയാകേണ്ടതുണ്ട് എന്നും ബഷീർ കരുതി. ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത് ബ്രിട്ടീഷ് ആധിപത്യത്തിന്റെ മർദ്ദനങ്ങൾക്ക് വിധേയനായ എഴുത്തുകാരനായിരുന്നു ബഷീർ. പല രാജ്യങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും, പല സ്വഭാവക്കാരുമായി ഇടപഴകുകയും ചെയ്ത ബഷീറിന്, മാനവ നന്മയെകുറിച്ച് സ്വാനുഭവാർജിതമായ ഒരു ദർശനമുണ്ടായിരുന്നു. പാശ്ചാത്യ കൃതികളോ വിമർശകനിർദ്ദേശങ്ങളോ തന്നെ ഒരിക്കലും സ്വാധീനിച്ചിട്ടില്ലെന്ന് ബഷീർ ആവർത്തിച്ചു പറയാറുണ്ടെങ്കിലും, പാശ്ചാത്യഭാഷകളിലെ കഥാരീതികളും, ഭാരതീയ ദർശനങ്ങളും, വിശാലമായ സുഹൃദ് വലയത്തിൽ നിന്നും അദ്ദേഹം സ്വായത്തമാക്കിയിരുന്നു. എല്ലാ വിവേചനങ്ങൾക്കുമതീതമായി മാനവനന്മയെ കണ്ടറിഞ്ഞ് ആദരിക്കാൻ ബഷീർ ശ്രദ്ധിച്ചു.

ഇവരോടൊപ്പം പരിഗണിക്കപ്പെടേണ്ട എഴുത്തുകാരാണ് പി.സി. കുട്ടികൃഷ്ണനും (ഉറൂബ്) എസ്.കെ. പൊറ്റക്കാടും. ഈ രണ്ട് എഴുത്തുകാരും ബ്രിട്ടീഷ് മലബാറിൽ ജനിച്ച് ജീവിച്ചവരും ധാരാളം യാത്രാനുഭവങ്ങൾ ഉള്ളവരുമായിരുന്നു. നവോത്ഥാന കഥാകാരൻമാർക്കിടയിൽ കൂടുതൽ കാല്പനികനാണ് എസ്.കെ.പൊറ്റക്കാട്. കാവ്യാത്മകമായ ഗദ്യം രചിക്കുന്നതിൽ പൊറ്റക്കാടിനുള്ള വൈഭവം അദ്ദേഹത്തെ തന്റെ സമാകാലികരിൽ നിന്നും വ്യത്യസ്തനാക്കുന്നു. മാറുന്ന ലോകാനുഭവങ്ങൾക്ക് സാക്ഷിയായ ഈ സഞ്ചാരി ലോകത്ത് എവിടെയുള്ള മനുഷ്യനും അടിസ്ഥാന സ്വഭാവത്തിൽ ഒരേ രീതിയിലുള്ളവരാണെന്ന് തന്റെ കഥകളിലൂടെ വ്യക്തമാക്കി. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനോട് എസ്.കെ. പൊറ്റക്കാടിനുണ്ടായിരുന്ന മതിപ്പ് സുവിദിതമാണെങ്കിലും രചനാരീതിയിൽ അദ്ദേഹം കാണിച്ച സൂക്ഷ്മത അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കി. ഗൗരവമേറിയ ജീവിതപ്രശ്നങ്ങളെ ഭാവനയിൽ സമന്വയിപ്പിക്കാനുള്ള കഴിവ് ഉറൂബിന് വ്യതിരിക്തനാക്കുന്നു.

മേൽവിവരിച്ച ചെറുകഥാകാരൻമാരുടെ കാലഘട്ടത്തിനിടയിൽ നിൽക്കുന്ന കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജ്ജനത്തിന്റെയും വൈയക്തികവും സാഹിതീയവുമായ പരിതസ്ഥിതികൾ അടുത്ത അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. ഈ രണ്ട് എഴുത്തുകാരുടെയും കഥകളെ കുറിച്ചുള്ള വിശദമായ പഠനത്തിൽ ഇവരുടെ വ്യതിരിക്തത മനസ്സിലാക്കാൻ കഴിയുന്നതുമാണ്.

### 3.4. മൂല്യചിന്തയിലെ ദിശാബോധം, പശ്ചാത്തലം

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ പൊതുവായ സവിശേഷതകൾ കഥാസാഹിത്യചരിത്ര നിർമ്മിതിയിൽ ഏർപ്പെടുന്നവരെല്ലാം കണ്ടെത്തുന്നതാണ്. സാമൂഹ്യബോധം, നിസ്വവർഗ്ഗത്തോടുള്ള അനുഭാവം, രചനാരീതിയിൽ വരുത്തിയ മാറ്റങ്ങൾ എന്നിവയെല്ലാം മലയാളകഥയുടെ അനുക്രമമായ വായനയിൽ ഏർപ്പെടുന്ന ഏതൊരാൾക്കും അനുഭവപ്പെടുന്നതുമാണ്. എന്നാൽ കഥാരചനയിലേർപ്പെടുന്ന വ്യക്തിമനസ്സിന്റെ അബോധതലങ്ങൾ കൂടി ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. സാഹിത്യരചന ഒരു അഹംബുദ്ധിയിൽ (Solipsism) നിന്ന് ഉണ്ടാകുന്നതാണെന്ന ചിന്ത ആധുനിക സാഹിത്യവിമർശനം മുന്നോട്ടു വെച്ചിട്ടുണ്ട്. ഈ ആശയത്തിന്റെ വിശദമായ ചർച്ച ഇവിടെ പ്രസക്തമല്ല. സമൂഹത്തോട് തങ്ങൾക്ക് ചിലതു പറയാനുണ്ടെന്നും അതു പറയാനുള്ള മാർഗ്ഗവും രീതിയും തങ്ങൾ തന്നെ ആവിഷ്കരിക്കുമെന്നും ഇവർ നിശ്ചയിച്ചു. സൗന്ദര്യ വൈരൂപ്യങ്ങളെ കുറിച്ചും നന്മതിന്മകളെകുറിച്ചും നവോത്ഥാന കഥാകാരനുള്ള കാഴ്ചപ്പാട് അവരുടെ രചനകളിൽ നിറഞ്ഞുനിൽക്കുന്നു.

**3.4.1.** മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെയും നാഗരികതയുടെ കടന്നുവരവുകാരണമുള്ള ബന്ധവിഛേദത്തേയും ഏറ്റവും ഗൗരവമായി കണ്ട ആദ്യ കലാകാരൻ നവോത്ഥാനകാല ചെറുകഥാകൃത്താണ്. പ്രകൃതിയോട് ഇണങ്ങി ജീവിച്ചു ശീലിച്ച

ദ്രാവിഡഗോത്രസംസ്കാരം ക്രമേണ അതിൽ നിന്ന് അകന്നുപോയതും, ബ്രാഹ്മണരുടെ കുടിയേറ്റം, ഫലഭൂയിഷ്ഠതയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരംതിരിക്കൽ, കാടുകൾ വെട്ടിതെളിയിച്ച് നാണ്യവിളകൾ കൃഷിചെയ്യൽ തുടങ്ങി പരിസ്ഥിതിയിൽ ആഘാതമേല്പിച്ച ലാഭേച്ഛകൾ ഇവരുടെ രചനയിൽ കടന്നുവന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചാലേ ജീവിതം അർത്ഥപൂർണ്ണമാകുകയുള്ളൂ എന്ന് അവർ വിശ്വസിച്ചു. മാൻപേടയും, മയിലും, കുയിലും നിറഞ്ഞുനിന്നിരുന്ന മലയാളസാഹിത്യത്തിൽ മറ്റു ജീവജാലങ്ങളും കടന്നുവരാൻ തുടങ്ങി. "കരിമ്പടപ്പുഴു, പാമ്പ്, മരംകൊത്തി, വാവൽ, കൂമൻ, കുരങ്ങൻ എന്നിങ്ങനെയുള്ള ജീവികളെ നോക്കികൊണ്ട് എത്രയോനേരം നിന്നിട്ടുണ്ട്. സൂത്രക്കാരനായ കുറുക്കന്റെ മുഖത്തെ സ്ഥായിയായ ശൃംഗാര രസവും, കാഴ്ചബംഗ്ലാവിലെ ഹിമാലയൻ കരടിയുടെ നില്കപ്പൊറുതിയില്ലായ്മയും ഇന്നും എന്നെ ആകർഷിക്കുന്നു."[8] ഇത് ഉറൂബിന്റെ മാത്രം വീക്ഷണമല്ല. ജന്തുജീവജാലങ്ങളെയും സസ്യലതാദികളേയുമെല്ലാം ഭൂമിയുടെ അവകാശികളായി കാണുന്നവരായിരുന്നു ഇവർ.

**3.4.2.** നാഗരികമൂല്യങ്ങളുടെ കടന്നുവരവ്, കാർഷികസംസ്കാരത്തെ എങ്ങനെ പ്രതികൂലമായി ബാധിച്ചു എന്നും, അത് കുടുംബബന്ധങ്ങളെ എപ്രകാരം ശിഥിലമാക്കുന്നുവെന്നും തങ്ങളുടെ കഥകളിലൂടെ ഈ എഴുത്തുകാർ വിശദീകരിച്ചു. 'ഗ്രാമവിശുദ്ധി' എന്ന ഒരു സങ്കല്പം ഇവർ കാത്തുസൂക്ഷിച്ചു. നഗരം ലാഭേച്ഛയുള്ള മുതലാളിത്തമൂല്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ഈ കഥാകൃത്തുക്കളിൽ മിക്കവരും ധരിച്ചുവെച്ചിരുന്നു. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടാകുന്ന പുരോഗതി അംഗീകരിച്ചുകൊണ്ടുതന്നെ അതിൽ മാനവനന്മയുടെ കുറഞ്ഞുവരവിൽ ആശങ്കപ്പെടുന്നവരായിരുന്നു ഇവർ.

സാമൂഹ്യപുരോഗതിയിൽ മനുഷ്യനോടൊപ്പം പങ്കാളിയാവുന്ന ജന്തുജീവജാലങ്ങളോടുള്ള സ്നേഹം ഉദാരമാനവികതാബോധത്തിൽനിന്ന് ഉയർന്നുവന്നതാണ്. കാർഷി

കവൃത്തിയിൽ മനുഷ്യന്റെ സഹചാരികളായ ഉഴവുമൃഗങ്ങൾ, രക്ഷാബോധത്തിൽ കാവൽക്കാരായി നിലകൊള്ളുന്ന വളർത്തുമൃഗങ്ങൾ, മുതലായവയെല്ലാം ഗോത്രകഥാകഥന പാരമ്പര്യത്തിൽ നിന്ന് നവോത്ഥാനകഥയിലേക്ക് കടന്നു വന്ന നന്മയുടെ മുദ്രകളാണ്. മറ്റുപല മൃഗങ്ങളും, പക്ഷികളും വൃക്ഷലതാദികളും മനുഷ്യമനസ്സിന്റെ വികാരവിചാരങ്ങളുടെ ബിംബകല്പനകളായി കഥയിൽ പ്രത്യക്ഷപ്പെടുന്നു.

ജലം, പ്രാണവായു മുതലായ മനുഷ്യ ജീവന്റെ നിലനില്പിനത്യാവശ്യമായ പ്രകൃതിവിഭവങ്ങൾ നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ കഥകളിൽ സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്നു.

### 3.5. നവോത്ഥാനകാലകഥ - വ്യത്യസ്തവീക്ഷണം

കേവലം പ്രതിഷേധപ്രിയന്മാരും, നിഷേധികളുമായിരുന്നു ഈ കലാകാരൻമാർ എന്ന് ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ വക്താക്കളായി ഇവർ വിലയിരുത്തപ്പെട്ടിട്ടുണ്ട്.[9] മനസ്സിന്റെ കഥകളാണ് മഹത്വമുള്ളവ എന്നും, വിശപ്പിന്റേയും വയറിന്റേയും കഥകൾ രണ്ടാം സ്ഥാനത്തേ പരിഗണിക്കാനാവൂ എന്നും സൗന്ദര്യപക്ഷപാതികളായ നിരൂപകന്മാർക്ക് നിർബന്ധമുണ്ട്. ഇവരിൽ കാണുന്ന യുക്തിസഹമായ ചിന്തയും, ശാസ്ത്രീയബോധവും പാശ്ചാത്യസമ്പർക്കത്തിൽ നിന്നും പിറവികൊണ്ടതാകയാൽ കൊളോണിയൽ മൂല്യബോധമാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ മുന്നോട്ടുവെച്ചത് എന്ന് കുറ്റപ്പെടുത്തിയവരുമുണ്ട്. ചെറുപ്പക്കാരായ എഴുത്തുകാർക്ക് മിനക്കെട്ടിരുന്ന് ദീർഘനോവലുകളെഴുതാൻ സാവകാശമുണ്ടായിരുന്നില്ലെന്നും നോവലെഴുതാൻ അവശ്യംവേണ്ട സിദ്ധി അവർ അന്ന് ആർജ്ജിച്ചിരുന്നില്ലെന്നും, അവയെ ഖണ്ഡനവിമർശനരീത്യാ വിലയിരുത്തിയവരുമുണ്ട്.[10]

അന്ധമായ പ്രതിഷേധമോ, നിഷേധത്തിനുവേണ്ടിയുള്ള നിഷേധമോ ഈ കഥാ

കാരൻമാരുടെ സ്വഭാവമായിരുന്നില്ലെന്ന് സൂക്ഷ്മപഠനത്തിൽനിന്നും മനസ്സിലാക്കാം. ദാരിദ്ര്യം വരുന്നതെന്തുകൊണ്ട് എന്ന അന്വേഷണം സത്യങ്ങളെ കണ്ടെത്താനുള്ള ശ്രമമാകയാൽ അതു ചിലർക്കെങ്കിലും അലോസരമുണ്ടാക്കുന്നതാണ്. അവർ ഉന്നയിക്കുന്ന വിമർശനങ്ങളെ മാറ്റിനിർത്താമെങ്കിലും കലയിൽ സത്യസൗന്ദര്യങ്ങളുടെ ചേരുവയെ കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ അഭിപ്രായങ്ങൾ സാഹിത്യ വിദ്യാർത്ഥിയുടെ പരിഗണന അർഹിക്കുന്നു.[11] സൗന്ദര്യത്തേക്കാൾ സത്യത്തിന് പ്രാധാന്യം കൊടുക്കേണ്ടിവരുന്ന സന്ദർഭങ്ങളെ മാരാർ വിസ്മരിക്കുന്നുമില്ല. കലാസൗന്ദര്യത്തേക്കാൾ സത്യപ്രകാശനത്തിനാണ് തങ്ങൾ രചനനടത്തിയത് എന്ന് ഈ എഴുത്തുകാരെല്ലാം വ്യക്തമാക്കിയിട്ടുമുണ്ട്.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ ശാസ്ത്രത്തോടുള്ള മനോഭാവം എത്രത്തോളം ആശാസ്യമായിരുന്നു എന്ന് തീർപ്പു കല്പിക്കാൻ പ്രയാസമുണ്ട്. ശാസ്ത്രം രക്ഷകനോ ശിക്ഷകനോ എന്ന കാര്യത്തിൽ ഇവർ ഏകാഭിപ്രായക്കാരുമായിരുന്നില്ല. വിചാരമേഖലയിൽ സഞ്ചരിക്കുന്ന ശാസ്ത്രവും, വികാരമണ്ഡലത്തിൽ വർത്തിക്കുന്ന കലാബോധവും നേർക്കുനേർ വർത്തിക്കുന്ന ചില സന്ദർഭങ്ങളിൽ ഇവർ ശാസ്ത്രവിരോധികളാകാറുമുണ്ട്. എന്നാൽ മാനവനന്മയിലൂന്നിയുള്ള ശാസ്ത്രബോധം തികച്ചും വെച്ചുപുലർത്തിയവരാണ് ഈ കലാകാരന്മാർ. പാശ്ചാത്യരുടെ, ലോകവീക്ഷണവും മൂല്യബോധവും, മനുഷ്യനെ മനസ്സിലാക്കുന്ന രീതിയും, കോളനി രാജ്യങ്ങളിലെ ജനങ്ങളോടുള്ള മനോഭാവവും ഭാരതീയകാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ നിന്ദ്യവും നീചവുമായിരുന്നു. സമകാല പരിതസ്ഥിതികൾ ഭാരതീയ വീക്ഷണത്തെ സാധൂകരിക്കുന്നതുമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തുകൊണ്ട് പാശ്ചാത്യാധിനിവേശത്തെ എതിർത്തുനിന്ന ഈ എഴുത്തുകാർ കാലത്തോട് സത്യസന്ധമായി പ്രതികരിച്ചു. കാലാതീതമായ ചില സത്യങ്ങൾ പറയാൻ ബാദ്ധ്യതപ്പെട്ടവനാകയാൽ പാശ്ചാത്യ

മാനവിക മൂല്യങ്ങളെ അവർ ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്തു. നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ സാവകാശമില്ലാത്തവരും ക്ഷമാശീലം കുറഞ്ഞവരുമായിരുന്നു എന്ന വിമർശനം നിലനില്ക്കത്തക്കതല്ല. വാക്കുകളിൽ മിതത്വം പാലിച്ച്, വ്യംഗ്യപരാമർശങ്ങൾക്ക് പ്രാധാന്യം നല്കിയ മിക്ക നവോത്ഥാന ചെറുകഥകളും ക്ഷമയും സാവകാശവും ഉള്ള ഒരു എഴുത്തുകാരനിൽ നിന്നു മാത്രം പിറവികൊള്ളുന്നതാണ്. കാരൂർ നീലകണ്ഠപിള്ള ഒഴികെ ഉള്ള മിക്ക കഥാകാരന്മാരും നല്ല നോവലിസ്റ്റുകളുമായിരുന്നു. നവോത്ഥാനകാലചെറുകഥയെകുറിച്ചും, എഴുത്തുകാരെകുറിച്ചും ഉയർന്നുവന്ന പൊതുവിമർശനങ്ങൾ ഇന്ന് പ്രസക്തമല്ല. എന്നാൽ ആ കാലഘട്ടത്തിലെ വിമർശകലോകത്തിന് കാണാൻ കഴിയാതെ പോയ ചില ന്യൂനതകൾ ആധുനികവിമർശകർ ശ്രദ്ധയിൽകൊണ്ടുവരുന്നുണ്ട്.

### 3.6. പുരോഗമന സാഹിത്യ പ്രസ്ഥാനവും നവോത്ഥാനകാലകഥയും

നവോത്ഥാനകാലചെറുകഥാകാരന് ആത്മവിശ്വാസം നല്കിയ ഭൗതികവും, ബൗദ്ധികവുമായ സാഹചര്യങ്ങളെയും അതിനനുകൂലമായും പ്രതികൂലമായും ഉയർന്നുവന്ന സംവാദവിവാദങ്ങളെയും വിലയിരുത്തേണ്ടതുണ്ട്.

പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യമാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ ദാർശനികചിന്തകൾക്കും മാനവികതാബോധത്തിനും വ്യക്തത നല്കിയത്. ഇതിനായി പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഒരു ലഘുചരിത്രവും, അതിൽ നവോത്ഥാനകാല കഥാകാരന്മാർക്കുണ്ടായിരുന്ന പങ്കാളിത്തത്തെ കുറിച്ചുള്ള ലഘുവിവരണവും ഇവിടെ ആവശ്യമാണ്. 1935ലെ പാരീസ് സമ്മേളനത്തിന്റെ തുടർച്ചയായി അതേവർഷം അലഹബാദിൽ വെച്ച് ചേർന്ന എഴുത്തുകാരുടെ സമ്മേളനം ഇന്ത്യയിലെ പുരോഗമന സാഹിത്യസംഘടനയ്ക്ക് രൂപം നല്കി. തുടർന്ന് കൂടുതൽ വിപുല

മായ ഒരു സമ്മേളനം 1936 ൽ ലക്നോവിൽ സംഘടിപ്പിച്ച് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സൈദ്ധാന്തികവും രചനാസംബന്ധവുമായ നിലപാടുകൾ ആവിഷ്ക രിച്ചു. ഈ സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് 1937 ഏപ്രിൽമാസത്തിൽ തൃശൂ രിൽ ചേർന്ന എഴുത്തുകാരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും യോഗം കേരളത്തിൽ ജീവൽ സാഹിത്യസംഘത്തിന് രൂപം നല്കിയത്. ജീവൽ സാഹിത്യസംഘത്തിന്റെ രണ്ടാ മത്തെ സമ്മേളനം 1938 ൽ തൃശൂരിൽ വെച്ച് നടന്നു. സംഘടനയുടെ പ്രവർത്തനരീതി യിൽ വലിയമാറ്റങ്ങൾ വരുത്തിയ ഈ സമ്മേളനം കേരളീയ ജീവിതത്തിന്റെ സവിശേഷ മായ പ്രശ്നങ്ങളിലേക്ക്  എഴുത്തുകാരന്റെയും കലാകാരന്റെയും ശ്രദ്ധ ക്ഷണിച്ചു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാരും പ്രവർത്തകരുമാണ് ജീവൽസാഹിത്യസംഘടനയുടെ പരിശ്രമങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. കേസരി ബാലകൃഷ്ണപിള്ളയെ പോലുള്ള സാഹിത്യ വിമർശകരുടെ സജീവമായപിന്തുണയും പ്രോത്സാഹനവും ഈ സംരംഭങ്ങൾക്കുണ്ടായിരുന്നു. ജീവൽസാഹിത്യപ്രസ്ഥാനം കേര ളത്തിൽ നിലവിൽ വരുന്നതിനു മുമ്പുതന്നെ പ്രസ്തുത സംഘടനയുടെ ചിന്താഗതി കൾക്കനുകൂലമായ സാഹചര്യം കേരളത്തിൽ വളർത്തികൊണ്ടു വരുന്നതിൽ കേസരി, സ്വദേശാഭിമാനി, എം.പി. പോൾ എന്നിവർ നല്കിയ സംഭാവന നിസ്തുലമായിരുന്നു. കൂടുതൽ വിശാലമായ ഒരു വീക്ഷണവും പ്രവർത്തനമേഖലയും സംഘടനയ്ക്കുണ്ടാ കണമെന്ന ബോധത്തിൽ നിന്നാണ് 1944 ജനുവരിയിൽ ഷൊർണ്ണൂരിൽ വെച്ച് ചേർന്ന സമ്മേളനത്തിൽവെച്ച് ജീവൽസാഹിത്യപ്രസ്ഥാനം പുരോഗമന സാഹിത്യ പ്രസ്ഥാന മായി മാറിയത്. ജീവൽ സാഹിത്യം എന്ന പേര് അതിന്റെ ജീവൻ പുരോഗമനമാണെന്ന് സ്വയം വെളിപ്പെടുത്താൻ പര്യാപ്തമല്ല എന്ന അഭിപ്രായത്തിൽ നിന്നാണ് സംഘടനയ്ക്ക് ഒരു പുനർനാമകരണം ആവശ്യമായിവന്നത്.[12] പുരോഗമന സാഹിത്യപ്രസ്ഥാന ചരി ത്രത്തിൽ മാത്രമല്ല, മലയാളഭാഷാസാഹിത്യത്തിന്റെ ചരിത്രത്തിൽ തന്നെ 1945 മെയ്

മാസത്തിൽ കോട്ടയത്തു വെച്ച് ചേർന്ന രണ്ടാം സമ്മേളനം നിർണ്ണായകമായിരുന്നു. മനുഷ്യചരിത്രത്തെ പുതുക്കിപണിയാൻ ശ്രമിക്കുമ്പോഴാണ് മഹത്തായ സാഹിത്യം പിറവി കൊള്ളുന്നത് എന്ന് മലയാളത്തിലെ എഴുത്തുകാരെ ഈ സമ്മേളനം ഓർമ്മിപ്പിച്ചു.

**3.6.1.** പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ താത്വികനിലപാടുകൾ ഇ.എം.എസ്., കെ. ദാമോദരൻ, സി. അച്ചുതമേനോൻ, എം.എസ്. ദേവദാസ് തുടങ്ങിയവർ വിവിധ സന്ദർഭങ്ങളിലായി ലേഖനങ്ങളിലൂടെ വിശദീകരിച്ചിട്ടുണ്ട്. ഇതുപോലെ തന്നെ പ്രസക്തമാണ് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വിവിധ സമ്മേളനങ്ങളിൽ ശ്രീ. എം. പി. പോൾ നടത്തിയ പ്രസംഗങ്ങൾ. ഷൊർണ്ണൂർ (1944) തൃശൂർ (1948) കൊല്ലം (1949) പുരോഗമന സാഹിത്യസംഘടനാസമ്മേളനങ്ങളിൽ പോൾ നടത്തിയ അദ്ധ്യക്ഷപ്രസംഗങ്ങളും, 1945 ലെ കോട്ടയം സമ്മേളനത്തിലെ സ്വാഗതപ്രസംഗവും യഥാക്രമം 'പുരോഗമനസാഹിത്യം' 'സാഹിത്യപുരോഗതി' 'രൂപഭദ്രത' 'മലയാള സാഹിത്യത്തിന്റെ കുറവുകൾ' എന്നീ ശീർഷകങ്ങളിൽ 'സാഹിത്യവിചാരം', 'ഗദ്യഗതി' എന്നീ കൃതികളിൽ കാണാം. ആ കാലഘട്ടത്തിലെ രചനാ സങ്കല്പവും ആസ്വാദനബോധവും വ്യക്തമാക്കുന്നവയായിരുന്നു ആ പ്രസംഗങ്ങൾ. കോട്ടയം സമ്മേളനത്തിൽ വെച്ച് ചങ്ങമ്പുഴ, ജി. ശങ്കരകുറുപ്പ് എന്നിവർ നടത്തിയ പ്രസംഗങ്ങൾ എഴുത്തുകാരന്റെ മനുഷ്യപക്ഷപാതം എടുത്തുപറയുന്നവയായിരുന്നു.

ആന്തരമായ ഒരു പ്രേരണയാൽ സത്യത്തെ അന്വേഷിച്ചു പോയിരിക്കുന്ന ഒരു കവി എപ്പോഴും സാമാന്യജനങ്ങളിൽ നിന്ന് ഏറെകുറെ അകലത്താണ് നിലകൊള്ളുന്നത് എന്നും സാമാന്യജനങ്ങളിൽനിന്ന്, വേണമെന്നുള്ളവർ വിദ്യാഭ്യാസവും സംസ്കാരവും സമ്പാദിച്ച് അദ്ദേഹത്തന്റെ അടുക്കലേക്ക് അങ്ങോട്ട് ചെല്ലുകയത്രെ ചെയ്യുന്നത് എന്നുമുള്ള അഭിപ്രായം അരങ്ങുവാഴുന്ന കാലഘട്ടത്തിലാണ്, മനുഷ്യരാശി കലാകാ

രനെത്തേടി അങ്ങോട്ടു ചെല്ലുകയല്ല കലാകാരൻ പ്രകടനവുമായി സ്വയം മനുഷ്യരാശിയുടെ കൂടെ വരികയാണ് ചെയ്യുന്നതെന്ന് ചങ്ങമ്പുഴ സൂചിപ്പിച്ചത്. ദന്തഗോപുരങ്ങളിൽനിന്ന് കലയും കലാകാരനും ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിവരണമെന്ന ആശയം ആദ്യം ഉൾക്കൊണ്ടത് ചെറുകഥാകൃത്താണ്. മൂന്നു ഘട്ടങ്ങളിലായി നടന്ന സമ്മേളനത്തിൽ പ്രഥമയോഗത്തിൽ മുണ്ടശ്ശേരിയും രണ്ടാമത്തേതിൽ ചങ്ങമ്പുഴ കൃഷ്ണപിള്ളയും തൃതീയ യോഗത്തിൽ കുറ്റിപ്പുഴ കൃഷ്ണപിള്ളയുമാണ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചത്. ഈ മൂന്നു പ്രസംഗങ്ങളും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സവിശേഷ വീക്ഷണങ്ങളെ പ്രതിനിധാനം ചെയ്തു.

മലയാള നവോത്ഥാന കഥാകാരന്മാരിൽ മിക്കപേരും പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ആശയഗതികളാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു. തകഴി ശിവശങ്കരപിള്ള എല്ലാ സമ്മേളനത്തിലും പങ്കെടുക്കുകയും ഉപദേശനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേശവദേവും, പൊൻകുന്നം വർക്കിയും സംഘടനയുടെ സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചുവന്നു. കോട്ടയം സമ്മേളനത്തിന്റെ മുഖ്യസംഘാടകരിൽ ഒരാൾ കാരൂർ നീലകണ്ഠപിള്ള ആയിരുന്നു. പുരോഗമന സാഹിത്യ സംഘടനയുടെ ആശയപ്രചരണത്തിൽ ലളിതാംബിക അന്തർജ്ജനം പങ്കാളിയായി. ഉറൂബും, പൊറ്റക്കാടും മലബാറിലെ സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഗദ്യസാഹിത്യത്തിൽ മാർഗ്ഗനിർദ്ദേശം നല്കുന്ന രൂപത്തിൽ വിമർശനദൗത്യം നിർവഹിച്ചിരുന്ന കേസരി ബാലകൃഷ്ണപിള്ള സംഘടനാ ചട്ടകൂട്ടിനകത്ത് ഒതുങ്ങിനിന്നിരുന്നില്ലെങ്കിലും പുരോഗമനസാഹിത്യത്തിന്റെ ഊർജ്ജ സ്രോതസ്സായിരുന്നു. എം.പി. പോൾ, മുണ്ടശ്ശേരി, കുറ്റിപ്പുഴ എന്നീ വിമർശകന്മാർ സംഘടനയുടെ സജീവനേതാക്കളും വക്താക്കളുമായിരുന്നു.

കേവല മാനവികതയിൽനിന്ന് നിസ്വവർഗത്തിനുവേണ്ടി നിലകൊള്ളുന്ന വർഗ്ഗാധിഷ്ഠിത മാനവികതാബോധത്തിലേക്ക് കഥാകാരനെ നയിച്ചത് പുരോഗമന സാഹി

ത്യപ്രസ്ഥാനമാണ്. കലയിലെ പ്രചരണാംശം സാമൂഹ്യാംഗീകാരം നേടിയതും ഇക്കാലത്താണ്.

**3.6.2.** ഭാഷാസാഹിത്യ വളർച്ചയിൽ സാഹിത്യസമരങ്ങൾ പ്രധാനപ്പെട്ട ഒരു പങ്ക് നിർവഹിച്ചിട്ടുണ്ട്.[13] കല്യാണസൗഗന്ധികവാദം, ദ്വിതീയാക്ഷര പ്രാസവാദം തുടങ്ങിയ സംവാദങ്ങൾ ആരോഗ്യകരമായ സാഹിത്യവളർച്ചയ്ക്ക് വഴിയൊരുക്കി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കിടയിൽ ഇടക്കാലത്ത് ഉയർന്നുവന്ന 'രൂപഭദ്രതാവാദം' കഥാസാഹിത്യത്തിന്റെ രൂപ-ഭാവങ്ങളെ നിർണ്ണായകമായി സ്വാധീനിച്ചു. ഭാവം എത്ര ശ്രേഷ്ഠമായിരുന്നാലും ഏതൊരു സാഹിത്യരൂപവും അതിന്റേതായ രൂപപരമായ ബാദ്ധ്യത നിറവേറ്റണമെന്ന് മുണ്ടശ്ശേരിയെ പോലുള്ള വിമർശകന്മാർ വാദിച്ചു. രൂപനിഷ്കർഷയിൽ ഇതിവൃത്തവും അതിലെ മാനവികചിന്തയും നഷ്ടപ്പെട്ടുകൂടാ എന്നതായിരുന്നു ഇ.എം.എസിനെ പോലുള്ള മറുപക്ഷക്കാരുടെ വാദം. സ്വമതം സമർത്ഥിക്കാനുള്ള വ്യഗ്രതയിൽ എഴുതപ്പെട്ട ചില ലേഖനങ്ങൾ വ്യക്തിവിദ്വേഷമൂലമായിരുന്നുവെങ്കിലും, മറ്റുചില ലേഖനങ്ങൾ കഥാകാരന്മാർക്ക് സാഹിത്യരൂപത്തോടുള്ള ബാദ്ധ്യതയെകൂടി ഓർമ്മിപ്പിച്ചു. പുരോഗമന സാഹിത്യ സംഘടനയുടെ വളർച്ചയിൽ ഇത്തരം ചർച്ചകൾ തടസ്സം സൃഷ്ടിച്ചുവെങ്കിലും കഥാസാഹിത്യത്തിന് രൂപപരമായും ഭാവപരമായും ദിശാബോധം നല്കുന്നതിൽ സഹായകമായി.

**3.6.3.** പുരോഗമനസാഹിത്യസംഘടന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഗൂഢതന്ത്രമാണെന്ന് വിശ്വസിച്ചവരുണ്ടായിരുന്നു. മനുഷ്യന്റെ സാംസ്കാരികബോധത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങളിലൊന്നായ സാഹിത്യം, കമ്മ്യൂണിസ്റ്റ് ആശയഗതിയുടെയും അതിന്റെ വർഗ്ഗ ബഹുജനപ്രസ്ഥാനങ്ങളുടെയും പ്രചരണോപാധിയായി മാറുന്നു എന്ന് ഇവർ കരുതി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങൾക്കനുസൃതമായി എഴുത്തുകാരന്റെ വീക്ഷണവും രൂപപ്പെടണമെന്ന വാശി ചിലപ്പോഴെങ്കിലും പുരോ

ഗമന സാഹിത്യ സംഘടന കൈകൊള്ളുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉയർന്നു വന്ന മിക്കവാദങ്ങളും ഉപരിപ്ലവമായിരുന്നുവെങ്കിലും എം.ആർ. നായർ (സഞ്ജയൻ 1903–1943), കുട്ടികൃഷ്ണമാരാര് (1900–1973) എന്നിവരുടെ വിമർശനങ്ങൾ തികച്ചും ശ്രദ്ധേയമായിരുന്നു. കലാകാരനെ നിയമനിബന്ധനകളുടെ ചങ്ങലകെട്ടുകളിൽ അകപ്പെടുത്തുന്നതിലായിരുന്നു സഞ്ജയന് അമർഷം. പ്രചാരവേല സാഹിത്യകാരന്റെ ചുമതലയല്ലെന്നും കല അതിന് അതീതമായിരിക്കണമെന്നും അദ്ദേഹം വാദിച്ചു. എന്നാൽ ഹാസ്യോപന്യാസങ്ങളിലൂടേയും, നർമ്മ കവിതകളിലൂടെയും സാമൂഹ്യ വിമർശനം നടത്തി സാഹിത്യപ്രവർത്തനത്തെ മാനവപുരോഗതിക്ക് ഉതകുന്നതാക്കി മാറ്റിയ സഞ്ജയൻ സംഘടന എന്ന രൂപത്തിനോടാണ് പൊരുതി നിന്നത്. പുരോഗമന സാഹിത്യ സംഘടന സജീവമാകുന്നതിന് മുമ്പ് സഞ്ജയൻ നിര്യാതനായി. കുട്ടികൃഷ്ണമാരാരുടെ വാദങ്ങൾ സ്വാഭാവികമായും സയുക്തികമായിരുന്നു. സഞ്ജയന്റെയും മാരാരുടെയും വാദഗതികൾ പ്രധാനമായും നിരവധി ഉപന്യാസങ്ങളിലായി പുറത്തുവന്നു.[14] പുരോഗമന സാഹിത്യ പ്രസ്ഥാനത്തോടുള്ള എതിർപ്പ് കൂടിവരുന്തോറും മാരാരുടെ സാമൂഹ്യവീക്ഷണം കൂടുതൽ വിശാലമാകുന്നതായി കാണാൻ കഴിയും.

'താൻ ബോധപൂർവവും, ഉദ്ദേശപൂർവവുമായ സാഹിത്യ പരിശ്രമം തുടങ്ങിയത്, 1937 കാലത്ത് കേരളത്തിൽ ഒരു ജീവൽ സാഹിത്യ പ്രസ്ഥാനം പിറന്ന് പടയ്ക്കുപുറപ്പെട്ടതു[15] മുതലാണെന്ന്' പ്രസ്താവിച്ചിട്ടുള്ള മാരാർ 'അവരെ എതിർക്കുവാനുള്ള സന്നാഹം കൂട്ടലിലാണ് തനിക്ക് സാഹിത്യപരമായ പല അപൂർവ ദർശനങ്ങളും കൈവന്നിട്ടുള്ളത്' എന്നും സമ്മതിച്ചിട്ടുണ്ട്.[16] നിഷേധസ്വാധീനത്തിന്റെ ഫലമായിട്ടാണെങ്കിലും മാരാരെ പോലുള്ള സാഹിത്യ വിമർശകൻമാരുടെപോലും വീക്ഷണഗതിയെ മാനവികതാചിന്തയിലേക്ക് നയിക്കാൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തിനായി.

**3.6.4.** കേരളീയ പശ്ചാത്തലത്തിൽ ഹ്യൂമനിസത്തെ കുറിച്ചുള്ള ഏതൊരു ചിന്തയും എം.

ഗോവിന്ദനെ പരാമർശിക്കാതെ പൂർണ്ണമാകില്ല. മനുഷ്യനിഷേധങ്ങളായ പാണ്ഡിത്യപ്രകടനങ്ങളെയും, നിലനിന്നുപോന്ന യാഥാസ്ഥിതിക സിദ്ധാന്തങ്ങളെയും എതിർക്കാനുള്ള ഒരു പ്രതിപ്രവണത എന്ന നിലക്കാണ് ഹ്യൂമനിസ്റ്റ് ചിന്താധാരകളെ എം. ഗോവിന്ദൻ കേരളത്തിന് പരിചയപ്പെടുത്തുന്നത്. ലോകത്തു പിറവികൊണ്ട ഒരു സിദ്ധാന്തത്തിനും മനുഷ്യനെ വിസ്മരിച്ച് നിലനില്ക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യനെന്നത് അമൂർത്തഗുണങ്ങളുടെ ആൾരൂപമല്ലെന്നും, മൂർത്തരൂപങ്ങൾ പ്രകാശിപ്പിക്കുന്ന വ്യക്തിസത്തയാണെന്നും ഒരു ഹ്യൂമനിസ്റ്റ് കരുതണം. നിരന്തരോപയോഗത്താലും നിക്ഷിപ്തതാല്പര്യങ്ങളാലും അർത്ഥവൈകല്യം സംഭവിച്ച ഹ്യൂമനിസ്റ്റ് ആശയഗതികളെ കാലോചിതമായി പരിഷ്കരിച്ച് സമൂഹത്തിലെത്തിക്കലാണ് ഏതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യം. വൈദിക പാരമ്പര്യത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും കേരളത്തെ പുതിയ ജീവിതത്തിലേക്ക് നയിച്ച നവോത്ഥാന നായകൻമാരിൽനിന്നും കാലാനുസൃതമായി കേരളത്തിന് മുന്നോട്ടുപോകാൻ കഴിയണം. പുരോഗമനസാഹിത്യ പ്രസ്ഥാനം ഉയർത്തിയ "സാഹിത്യകാരൻ ഏതു ചേരിയിൽ"? എന്ന ചോദ്യം സ്വാഭാവികമായും ഉത്തരമായി പ്രതീക്ഷിച്ചത് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ചേരിയിൽ എന്നാണ്. എന്നാൽ ദർശനങ്ങളും പ്രത്യശാസ്ത്രങ്ങളും മനുഷ്യർക്കിടയിൽ ചേരിതിരിവുകൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്നും, ഇതിൽ പിൻതള്ളപ്പെടുന്നത് മുതലാളിയോ ഇടത്തരക്കാരനോ തൊഴിലാളിയോ ഒന്നുമല്ല മനുഷ്യനാണ് എന്നും എം. ഗോവിന്ദനെ പോലുള്ള കേവല ഹ്യൂമനിസ്റ്റുകൾ കരുതി. എം.എൻ. റോയ് ആവിഷ്കരിച്ച 'റാഡിക്കൽ ഹ്യൂമനിസം' എന്ന ആശയഗതിയാണ് എം. ഗോവിന്ദന്റെ ദർശനത്തെ സ്വാധീനിച്ചിരുന്നത്. മനുഷ്യനെ കേവലനായി കാണുകയും അവന്റെ പ്രശ്നങ്ങളെ മറ്റ് സാമൂഹ്യ പ്രശ്നങ്ങളിൽ നിന്ന് വേറിട്ട് കാണുകയും ചെയ്യുന്ന ഈ ചിന്താഗതി പല വിവാദങ്ങൾക്കും ഇടനല്കി. സൂക്ഷ്മാർത്ഥത്തിൽ മനുഷ്യനെ മുൻനിർത്തിയുള്ള വീക്ഷണഗതിയാകയാൽ ഇത് പിന്നീട് മുഖ്യധാര

യിൽ ഒരു കൈവഴി എന്നനിലയിലേക്ക് ചുരുങ്ങി. മലയാള സാഹിത്യത്തിലെ ഇതര ശാഖകളെ കൂടി സ്വാധീനിക്കുന്നതിനും മാനവിക ചിന്തക്ക് സ്വാഭാവികമായും കഴിഞ്ഞു.

### 3.7. കേവല മാനവികതയിൽനിന്നും വർഗ്ഗാശ്രിതമാനവികതയിലേക്ക്

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപചയാപചയങ്ങൾ കലാസാഹിത്യത്തിന്റെ ഗതിയെ സ്വാധീനിച്ചുവെന്നും, മാനവികതാബോധത്തിൽ ഏറ്റകുറച്ചിലുകളുണ്ടാക്കിയെന്നും ആ സംഘടനയുടെ ചരിത്രം പഠിക്കുന്നതിൽനിന്നും വ്യക്തമാകുന്നു.

ഹ്യൂമനിസത്തെ കുറിച്ചുള്ള ഏതൊരു ചിന്തയും വർഗ്ഗാശ്രിതമാകാതിരിക്കാൻ കഴിയില്ലെന്ന് പ്രസ്തുത സാഹചര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. മാർക്സിസ്റ്റ് ദർശനത്തിന്റെ കാഴ്ചപ്പാട് സമൂഹത്തെയും മനുഷ്യനെയും സമീപിക്കുന്നത് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദ ദർശനത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ടാണ്. ഏകനായ വ്യക്തിയും, അയാൾ അംഗമായ സമൂഹവും, ഏത് ഭൗതിക പ്രപഞ്ചത്തിൽനിന്നാണോ ഉരുത്തിരിഞ്ഞുവരുന്നത് ആ പ്രപഞ്ചവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഏകനായ വ്യക്തിയെ അയാൾ അംഗമായ സമൂഹത്തിനും ഭൗതിക പ്രപഞ്ചത്തിനും മുകളിൽ സ്ഥാപിക്കുന്നത് ശരിയല്ല. പ്രകൃതിയിലെ ഏതെങ്കിലും പ്രതിഭാസത്തെ അതിനു ചുറ്റുമുള്ള പ്രതിഭാസങ്ങളിൽനിന്ന് വേർപെടുത്തിയെടുത്ത് പരിശോധിക്കാൻ കഴിയാത്തതുപോലെ, കേവലനായ മനുഷ്യനെയും പഠിക്കാൻ കഴിയുകയില്ല. സാഹിത്യകാരന്റെ കലാസൗന്ദര്യപരമായ മികവിനെ ഭൗതികപ്രപഞ്ചത്തിൽനിന്നും, അയാൾക്കു ജന്മം നൽകിയ മനുഷ്യസമൂഹത്തിൽനിന്നും വേറിട്ടുകാണുന്നതും ശരിയല്ല. മനുഷ്യരുടെ ബോധമല്ല അവരുടെ അസ്തിത്വത്തെ നിർണ്ണയിക്കുന്നത്, അവന്റെ സാമൂഹ്യാസ്തിത്വമാണ് ബോധത്തെ നിർണ്ണയിക്കുന്നത്. ഒരു സാഹിത്യകാരന്റെയോ അയാളുടെ ഒരു പ്രത്യേക രചനയുടെയോ മഹത്വം അത് രചിച്ച വ്യക്തിയുടെ മാത്രമല്ല, അയാൾ അംഗമായ സമൂഹത്തിന്റെയും അതുമായി

ബന്ധപ്പെട്ട പ്രാചീന-സമകാലിക സമൂഹങ്ങളുടെയും നീണ്ടകാലത്തെ വളർച്ചയുടെ ഫലമാണ്. സമൂഹത്തിൽ നടക്കുന്ന വർഗ്ഗസംഘർഷങ്ങളാണ് സാമൂഹ്യവളർച്ചയ്ക്ക് നിദാനം. സമൂഹത്തെ പുരോഗമന ഉള്ളടക്കത്തോടെ പുനഃസംഘടിപ്പിക്കുന്നതിൽ വർഗ്ഗ സമരമാണ് പ്രധാനം. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയിൽ വർഗ്ഗസമരത്തിന്റെ യാഥാർത്ഥ്യം സ്പഷ്ടമാണ്. എന്നാൽ മനുഷ്യജീവിതത്തിൽ വർഗ്ഗസംഘർഷം മറച്ചു വയ്ക്കപ്പെട്ട ചില മണ്ഡലങ്ങളുമുണ്ട്. ദർശനം, മതം, ശാസ്ത്രം, ടെക്നോളജി, കല, സാഹിത്യം എന്നീ മേഖലകളാണ് ഇതിൽ പ്രധാനം. ഈ മേഖലയിലെ ആശയങ്ങളോ സിദ്ധാന്തങ്ങളോ ഏതെങ്കിലും ഒരു വർഗ്ഗവുമായി മാത്രം ബന്ധപ്പെട്ടവയല്ലെന്നും അതി നാൽ വർഗ്ഗസമരത്തിന് അതീതമാണെന്നും പ്രഥമ നിരീക്ഷണത്തിൽ തോന്നിയേക്കാം. ചൂഷണം ചെയ്യപ്പെടുന്ന വിഭാഗങ്ങളിൽനിന്ന് ആത്മനിഷ്ഠമായി അകന്നുനിൽക്കു മ്പോൾപോലും പല എഴുത്തുകാരുടെയും രചനകൾ ചൂഷിതവർഗ്ഗത്തിന്റെ മോചനത്തിന് വഴിയൊരുക്കും. മാർക്സിയൻദർശനത്തിന്റെ ഭാഗമായി വളർന്നുവന്ന ഈ ചിന്താഗ തിയെ പ്ലഖനോവ് (1886-1918), മാർക്സിം ഗോർക്കി (1868-1936), ലൂണാ ചാഴ്സ്കി (1873 -1933) തുടങ്ങിയ മാർക്സിസ്റ്റ് നിരൂപകന്മാർലോകത്ത്പ്രചരിപ്പിച്ചു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രചരണത്തിലൂടെ ഈ സന്ദേശം കേരളത്തിലുമെത്തി. മാർക്സിയൻ നിരൂപണത്തിന്റെ സവിശേഷമായ മറ്റൊരു കാഴ്ചപ്പാടാണ് അടിത്തറ-മേല്പുര സിദ്ധാ ന്തം. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക ബന്ധങ്ങളാണ് ആ സാമൂഹിക ക്രമത്തിന്റെ അടിത്തറ. ഒരു സമൂഹത്തിലെ ഉല്പാദന ബന്ധങ്ങളുടെ ആകെത്തുകയാണ് ആ സമൂഹത്തിന്റെ സാമ്പത്തിക ഘടന. ഈ അടിത്തറയുടെ മുകളിലാണ് ആശയലോ കങ്ങളുടെയും സ്ഥാപനങ്ങളുടേയുമായ മേൽപ്പുര ഉയർന്നുവരുന്നത്. ഈ ഉപരിഘടന കളിൽ ഒന്നായ സാംസ്കാരികരംഗം സ്വാഭാവികമായും അടിത്തറയെ സ്വാധീനിക്കും. ഉള്ളവർ/ഇല്ലാത്തവർ എന്ന വിഭജനത്തെക്കുറിച്ച് ഉയർന്നുവന്ന ചിന്തകൾ അടിത്തറയെ

മാറ്റുന്ന ഭൗതികശക്തിയായി വളരും. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടും അല്ലാതെയും സാഹിത്യരംഗത്ത് പ്രവർത്തിച്ചവർ കേവലമാനവികതാവാദത്തെ വർഗ്ഗാശ്രിത മാനവികതാവാദത്തിലേക്ക് മാറ്റിക്കൊണ്ടിരുന്നു.

മേൽവിവരിച്ച പശ്ചാത്തലത്തിൽ മലയാള ചെറുകഥയിലെ മനുഷ്യപക്ഷപാതത്തെ ചെറുകഥ ഉൾക്കൊണ്ടത് ഇനി പറയും പ്രകാരത്തിലാണ്.

1. നിലനിന്നിരുന്ന മൂല്യസിദ്ധാന്തങ്ങളെ ജീവിതസത്യത്തെ പശ്ചാത്തലമാക്കി പരിശോധിക്കുകയും ന്യൂനതകൾ ചൂണ്ടികാണിക്കുകയും, പുതിയ മൂല്യബോധത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

2. നിസ്സഹായനായ മനുഷ്യനെ നിരുന്മേഷനാക്കി മാറ്റാനല്ല സ്ഥിരോത്സാഹിയും കർമ്മനിരതനുമാക്കി മാറ്റാൻ തങ്ങളുടെ സാഹിത്യ പരിശ്രമങ്ങൾക്ക് കഴിയണമെന്ന് അവർ വിശ്വസിച്ചു.

3. മനുഷ്യൻ മനുഷ്യനോടു കാണിക്കേണ്ടുന്ന ധാരണ, പരസ്പര വിശ്വാസം, സത്യസന്ധത എന്നിവയ്ക്കെല്ലാം രചനകളിൽ ഇടം നല്കാൻ ഇവർ ശ്രദ്ധിച്ചു. നിസ്വനും, ചൂഷിതനുമായ മനുഷ്യനുവേണ്ടി നിലകൊള്ളുന്നവനാണ് യഥാർത്ഥ മാനവികതാവാദി എന്നും, അവർ ലോകത്താകെ നടക്കുന്ന നിസ്വവർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടിയുള്ള പരിശ്രമത്തിലെ ഭാഗഭാക്കുകളാണെന്നും മനസ്സിലാക്കി. മനുഷ്യനും മാർക്സിസ്റ്റ് ദർശനവും രണ്ടല്ല എന്നും, മറ്റൊരു ദർശനം പകരം വെയ്ക്കാനില്ലാത്തിടത്തോളം മാർക്സിയൻ വീക്ഷണം ശരിയാണെന്നും നവോത്ഥാന കഥാകൃത്തുകളിൽ വലിയൊരു വിഭാഗം കരുതി.

4. നിലനില്ക്കുന്ന ധർമ്മങ്ങൾക്കും നീതികൾക്കും അധികാരഘടനയുടെ താല്പര്യങ്ങൾ നിലനിർത്താനുള്ള ബാദ്ധ്യതയേ ഉള്ളൂ എന്നും, നീതികേടുകൾക്കെതിരായ

സമരത്തിൽ ദരിദ്രഭൂരിപക്ഷത്തോടൊപ്പമല്ല സമ്പന്നരോടൊപ്പമാണ് അധികാരം നില കൊള്ളുക എന്നും ഇവർ കഥകളിലൂടെ സമൂഹത്തെ ഓർമ്മിപ്പിച്ചു.

5. സ്വന്തം ജീവിതാനുഭവങ്ങൾ കൊണ്ട്, കലാനുഭവത്തിന്റെ തീക്ഷ്ണത വർദ്ധി പ്പിക്കാൻ ഓരോ കലാകാരനും ജാഗ്രത്തായിരിക്കണമെന്ന് ഇവർ തിരിച്ചറിഞ്ഞു.

6. പാശ്ചാത്യ മാതൃകകളെ പിന്തുടരാനും, കാല്പനിക ഭാവനക്ക് വാഗ്രൂപം നല്കാനും ഉള്ള ചില പരിശ്രമങ്ങൾ കാണാമെങ്കിലും കൂടുതലും സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ സാന്നിദ്ധ്യമാണ് നവോത്ഥാന കഥകളിൽ അനുഭവപ്പെടുന്നത്. ഭാവ നയ്ക്ക് പ്രാധാന്യം കൊടുക്കുന്നിടത്തുപോലും, യാഥാർത്ഥ്യത്തേക്കാൾ സത്യമാണ് ഭാവന എന്ന മതിപ്പുണ്ടാക്കുന്നതിന് ഈ എഴുത്തുകാർക്ക് കഴിഞ്ഞു. ഏതൊരു സ്വസ്ഥ തയിലും അസ്വസ്ഥനാകാൻ വിധിക്കപ്പെട്ടവനാണ് കലാകാരൻ എന്ന ബോധം ഇവർ വെച്ചുപുലർത്തി.

7. വിമർശകനിർദേശങ്ങളേക്കാൾ, ജനാഭിപ്രായമാണ് കലാകാരൻ മാനിക്കേണ്ടത് എന്ന് മനസ്സിലാക്കികൊണ്ടുതന്നെ സാഹിത്യ വിമർശകന്റെ ഉപദേശനിർദേശങ്ങൾ ഇവർ സ്വീകരിച്ചു.

**3.9.** മേല്പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കാരൂർ നീലകണ്ഠപിള്ള , ലളി താംബിക അന്തർജ്ജനം എന്നിവരുടെ ചെറുകഥകൾ മാനവികത - ഹ്യൂമനിസം - എന്ന മൂല്യത്തെ ഏതെല്ലാം വിധത്തിൽ ആവിഷ്കരിച്ചിരിക്കുന്നു എന്നതാണ് അടുത്ത അദ്ധ്യായങ്ങളിൽ അന്വേഷിക്കുന്നത്.

നവോത്ഥാനകാലകഥാകാരൻമാരിൽ മറ്റുള്ളവരെല്ലാം ചെറുകഥ എന്ന സാഹിത്യ രൂപത്തോടൊപ്പം നോവൽ രചനയിൽ ഏർപ്പെട്ടവരും അംഗീകാരം നേടിയവരുമാണ്. കാരൂരും ലളിതാംബികയും നോവലുകൾ രചിച്ചുവെങ്കിലും ആ സാഹിത്യ രൂപത്തോട്

പൊരുത്തപ്പെട്ടവർ ആയിരുന്നില്ല. ഒരു നോവലിസ്റ്റ് എന്ന നിലയിൽ അറിയപ്പെടാൻ ആഗ്ര ഹിക്കാത്ത കാരൂരിന്റെ നോവലുകൾ ഒന്നും തന്നെ വേണ്ടത്ര നിലവാരം പുലർത്തിയില്ല. ലളിതാംബിക അന്തർജനം എഴുതിയ ശ്രദ്ധേയമായ നോവലാണ് അഗ്നിസാക്ഷി. എന്നാൽ അതിന്റെ രചനയിലുള്ള മൂന്നു ഘട്ടങ്ങളെകുറിച്ച് എഴുത്തുകാരിതന്നെ വിശദീകരിച്ച പശ്ചാത്തലത്തിൽ[17] അതു മൂന്നു ചെറുകഥകളുടെ കൂടിചേരലാണ് എന്നു കാണാൻ കഴിയും.

കഥഎന്നസാഹിത്യരൂപത്തിനോട് ഈ രണ്ട് എഴുത്തുകാർക്കുമുണ്ടായിരുന്ന വാഗ്ദ ത്തതയും പ്രതിബദ്ധതയുമാണ് സൂക്ഷ്മസന്ദർഭത്തിലുള്ള പഠനത്തിന് ഈ എഴുത്തു കാരെ തിരഞ്ഞെടുക്കാൻ പ്രേരണ നൽകുന്നത്. ഒരേ കാലഘട്ടത്തിൽ തിരുവിതാംകൂ റിൽ ജീവിച്ചിരുന്ന ഈ രണ്ട് എഴുത്തുകാരും സാമ്പ്രദായിക ക്രമംവെച്ച് വ്യത്യസ്ത മൂല്യബോധത്തെയാണ് പ്രതിനിധാനം ചെയ്യേണ്ടിയിരുന്നത്. ജന്മിനാടുവാഴി പശ്ചാത്ത ലത്തിൽ ജനിച്ച് സുഖഭോഗങ്ങളിൽ മുഴുകി വേലചെയ്യാതെ ജീവിക്കാൻ കഴിയുമായി രുന്ന അന്തർജനവും, ദരിദ്രനായർ കുടുംബത്തിൽ ജനിച്ച് ദാരിദ്ര്യം അനുഭവിച്ചറിഞ്ഞ് ആയുസ്സ് മുഴുവൻ അദ്ധ്വാനിച്ച കാരൂർ നീലകണ്ഠപിള്ളയും ഒരു മൂല്യബോധത്തോട് എപ്രകാരം പ്രതികരിച്ചു എന്ന് അന്വേഷിക്കുന്നതും ഉചിതമാണെന്നു കരുതുന്നു.

മാനവികത – ഹ്യൂമനിസം – എന്ന മൂല്യചിന്തയോട് ഇരുവരുടെയും മനോഭാവം താരതമ്യം ചെയ്യുന്നത് വിജ്ഞാനദായകമായിരിക്കും.

സമകാലികരായ മറ്റ് ചെറുകഥാകാരന്മാർ പ്രത്യയശാസ്ത്ര നിലപാടുകളുള്ളവരും സംഘടനാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരുമായിരുന്നു. പ്രത്യയശാ സ്ത്ര പ്രതിബദ്ധത പരസ്യമായി പ്രകടിപ്പിച്ച മറ്റ് നവോത്ഥാനകാലകഥാകാരന്മാരും പ്രസ്ഥാനങ്ങളുടെ അണിയറയിൽ ഒതുങ്ങിനിന്ന കാരൂരും ലളിതാംബികയും മനുഷ്യരെ

പരിചരിച്ച രീതി അന്വേഷിക്കുന്നത് ആശാസ്യമാണ്.

പ്രത്യയശാസ്ത്രാവബോധത്തേക്കാൾ പ്രധാനമാണ് പ്രത്യക്ഷമാനവപുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനം എന്ന് ഇരുവരും വിശ്വസിച്ചു. ഈ വീക്ഷണം കഥകളിൽ എപ്രകാരം പ്രത്യക്ഷപ്പെടുന്നുവെന്ന പരിശോധന നവോത്ഥാനകാല കഥാപഠനത്തിന് പുതിയ ദിശാബോധം നല്കും.

പതുക്കെ പറയുകയും ഉറക്കെ കേൾപ്പിക്കുകയും ചെയ്യുക എന്നത് ഇവരുടെ രചനാതന്ത്രമായിരുന്നു. രചനാരീതിയിലുള്ള സവിശേഷതകൾ അന്വേഷിക്കുന്നത് തുടർന്ന് ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും. ഇവരുടെ കഥകളിലെ മാനവികതാബോധത്തേയും അവ രൂപംകൊള്ളുന്ന സവിശേഷ സാമൂഹിക സാഹചര്യത്തേയും താരതമ്യ വിശകലനരീതിയിലാണ് വിലയിരുത്തുന്നത്.

വൈയക്തികവും സാമൂഹികവുമായ പശ്ചാത്തലങ്ങൾക്കപ്പുറം സാഹിത്യകാരനെയും രചനയെയും പഠനവിധേയമാക്കുമ്പോൾ സൗന്ദര്യാത്മക സമീപനത്തിന് ഊന്നൽ നൽകേണ്ടതാണ്. മൂല്യബോധങ്ങളുടെ സ്വീകാര്യതയും പ്രകാശനവും ഒരേ പ്രകാരത്തിൽ സാഹിത്യരൂപത്തിൽ സാർത്ഥകമായി ഇണക്കിച്ചേർക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ടോ എന്നതാണ് ഈ അന്വേഷണത്തിൽ പ്രധാനം. ഒരു എഴുത്തുകാരനിൽതന്നെ ഈ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. 'ഒരു എഴുത്തുകാരൻ ഒരു മൂല്യചിന്തയുടെ ആവിഷ്കാരം നിർവഹിച്ചു'വെന്ന പൊതുപ്രസ്താവത്തെ വിമർശനബുദ്ധ്യാ വിശകലനം ചെയ്തു മാത്രമെ സ്വീകരിക്കാൻ കഴിയൂ. മറ്റ് സാഹിത്യരൂപങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ഭാവലോകത്തെ ചെറുകഥ ഉൾക്കൊള്ളുന്നുണ്ട്. ഈ സൂക്ഷ്മത പ്രയോജനപ്പെടുത്തി ഒരു മൂല്യബോധത്തെ ആവിഷ്കരിച്ച രീതി അന്വേഷിക്കാൻ കൂടിയാണ് ഇവിടെ ശ്രമിക്കുന്നത്.

എഴുത്തിൽ ലിംഗഭേദത്തിന് പ്രാധാന്യമില്ലെങ്കിലും ചിന്താരീതികളെയും പരിചരണങ്ങളെയും ലിംഗബോധം സ്വാധീനിക്കുകതന്നെ ചെയ്യും. ഇതിലെ സാമ്യ വൈസാമ്യങ്ങളെ അന്വേഷിക്കുന്നതും പ്രസക്തമാണ്. സാഹിത്യരചനകളെ സാമൂഹിക സന്ദർഭങ്ങളിൽനിന്നും വേർപ്പെടുത്തി പരിശോധിക്കുന്നതും സാമൂഹിക സന്ദർഭങ്ങളെ മുൻവിധിയോടെ സമീപിച്ച് വീക്ഷണദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതും സാഹിത്യവിമർശനത്തിൽ ഇടംനേടുന്ന ഈ കാലയളവിൽ ഈ പഠനം പ്രസക്തമാണ്. ലളിതാംബിക അന്തർജനം സമീപകാലം വരെ സർഗ്ഗരംഗത്ത് സജീവമായിരുന്നു. ജീവിതാവസാനത്തിൽ നിരവധി പുരസ്കാരങ്ങൾകൂടി ലഭിച്ചതോടെ അവരുടെ സർഗ്ഗസംഭാവനകൾ സജീവമായ ചർച്ചക്ക് വിധേയമായി. 2009 അവരുടെ ജന്മശതാബ്ദി വർഷമാകയാൽ ഇന്നും സജീവമായ ചർച്ചകൾ നടന്നുവരുന്നുണ്ട്. കാരൂരിന്റെ രചനാലോകത്തെ സമഗ്രമായി വിലയിരുത്തുന്നതിനും സാഹിത്യവീക്ഷണത്തെ സവിശേഷമായി പ്രതിപാദിക്കുന്നതിനും നാലാം അദ്ധ്യായത്തിൽ ശ്രദ്ധിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ അന്തർജനത്തിന്റെ രചനാസങ്കല്പത്തെ സാമാന്യമായി വിശദീകരിച്ച് കാരൂരിന്റെ കഥകളുമായി താരതമ്യപഠനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കുറിപ്പുകൾ

1. Levistrauss Claude : Structural Anthropology, London: The Penguin Press, 1969, Page 134
2. Barth Roland : Structuralism, A Reader (Ed) Michae Lane, London: 1970, Page 140-155
3. Barth Roland : Structuralism, A Reader (Ed) Michae Lane, London: 1970, Page 156
4. Literary theory today : (Ed) Peter Coller and Helga Geyar Cambridge Polity Press 1990, Page 77
5. Barth Roland : Literary theory today (Ed) Peter Coller and Helga Geyar Cambridge Polity Press, 1990, Page 112
6. കുട്ടികൃഷ്ണമാരാര് : കൈവിളക്ക്, തൃശൂർ: കറന്റ് ബുക്സ് 1965, പേജ് 36
7. കേശവദേവ് പി : എതിർപ്പ് (രണ്ടാംഭാഗം), കോട്ടയം: സ.പ്ര.സ. 1964, പുറം 89
8. ഉറൂബ് : ഉറൂബിന്റെ തെരഞ്ഞെടുത്ത കഥകൾ (എന്റെ കഥയെപറ്റി ഞാൻ തന്നെ) കോട്ടയം: സ.പ്ര.സ. 1982, പുറം 375
9. കുട്ടികൃഷ്ണമാരാര് : കൈവിളക്ക്, തൃശൂർ: കറന്റ് ബുക്സ്, 1965, പുറം 40
10. കുട്ടികൃഷ്ണമാരാര് : കൈവിളക്ക് തൃശൂർ: കറന്റ് ബുക്സ്, 1965, പുറം 34
11. കുട്ടികൃഷ്ണമാരാര് : സാഹിത്യവിദ്യ (ലേ: സത്യവും സൗന്ദര്യവും) കോഴിക്കോട്: മാരാർ സ: പ്ര: പുറം 38-43
12. ഗോപാലകൃഷ്ണൻ പി.കെ. : പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും, തൃശൂർ: കേരള സാഹിത്യ അക്കാദമി, 1987, പുറം 99
13. ഭാസ്കരപിള്ള കെ. : സാഹിത്യസമരങ്ങൾ, കോട്ടയം: സ. പ്ര. സ. 1970
14. വങ്കസാഹിത്യം, സോഷ്യലിസവും സഞ്ജയനും, ലീലയും ജീവൽസാഹിത്യവും, സഖാവെങ്ങോട്ട്, മത്സരപരീക്ഷാഫലം, ഓക്കാനപ്രസ്ഥാനം (സഞ്ജയൻ, മാതൃഭൂമി പ്രസിദ്ധീകരണം) എന്നിവയാണ് പുരോഗമനസാഹിത്യപ്രസ്ഥാനത്തെ വിമർശിച്ച് സഞ്ജയനെഴുതിയ പ്രധാനപ്പെട്ട ലേഖനങ്ങൾ.

    പു. സ. സെക്രട്ടറിക്ക് ഒരു കത്ത് (കല ജീവിതംതന്നെ) കന്നികൊയ്ത്തിന്റെ അവതാരിക (പതിനഞ്ചുപന്യാസം) പൊതുജനം ഒരു ശുദ്ധാത്മാവ്, സനാതനധർമ്മം അഥവാ ശാശ്വതമൂല്യം (പലരും പലതും) ബാല്യകാലസഖി, കഥാബീജം (കൈവിളക്ക്) കല ജീവിതത്തെ എങ്ങനെ സ്പർശിക്കുന്നു, സത്യവും സൗന്ദര്യവും (സാഹിത്യവിദ്യ) പുരോഗമനചിന്ത, സാഹിത്യകാരന്മാർ ഏതുചേരിയിൽ (ചർച്ചാ

യോഗം) സാഹിത്യവിചാരം (ദന്തഗോപുരം) പ്രതിരോധസാഹിത്യം (ഇങ്ങുനിന്ന ങ്ങോളം) എന്നിവയാണ് കുട്ടികൃഷ്ണമാരാരുടെ പ്രസിദ്ധമായ 12 ഉപന്യാസങ്ങൾ

15. കുട്ടികൃഷ്ണമാരാര് : പതിനഞ്ചുപന്യാസങ്ങൾ (എം.പി. പോളിന്റെ കൂടെ, ലേ:) പുറം 68

16. കുട്ടികൃഷ്ണമാരാര് : കല ജീവിതം തന്നെ (ലേ: എന്റെ അടിവേരുകൾ)

17. ലളിതാംബിക അന്തർജനം : അഗ്നിസാക്ഷി, തൃശൂർ: കറന്റ് ബുക്സ്, 1990, പേജ് 5-7

അദ്ധ്യായം നാല്

# കാരൂരിന്റെ കഥാലോകം

കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജനത്തിന്റെയും രചനാ സംസ്കാരത്തേയും ലോകവീക്ഷണത്തേയും രൂപപ്പെടുത്തിയത് നവോത്ഥാനകാല കേരളീയ പരിസരമാണെന്ന നിരീക്ഷണം പുതുമയുള്ളതല്ല. ഈ നിഗമനം പൊതുചർച്ചകളുടെ ഭാഗമായി സാഹിത്യവിദ്യാർത്ഥിയുടെ മനസ്സിലേക്ക് കടന്നുവന്നിട്ടുള്ളതുമാണ്. പറഞ്ഞവസാനിപ്പിച്ച ചരിത്രസന്ദർഭം എന്ന നിലയ്ക്കല്ല, തുടർന്നും ചർച്ചകളിലൂടെ പുതുജീവിതത്തിന് വഴിയൊരുക്കുന്ന ഒരു ചിന്താധാര എന്ന നിലയിലാണ് 'നവോത്ഥാനം' കേരളീയസമൂഹത്തിൽ നിലനിൽക്കുന്നത്. ഏതൊരു ചിന്താപദ്ധതിയും ശ്രദ്ധേയമാകുന്നത് അതിനെ നിലനിർത്തുന്ന ഘടകങ്ങളെപ്പോലെതന്നെ, പുനർനിർവ്വചിക്കാനും വ്യാഖ്യാനിക്കാനുമുള്ള സന്ദർഭങ്ങൾകൂടി നൽകുമ്പോഴാണ്. ഈ സാദ്ധ്യതകളെ ആ ചിന്താപദ്ധതിയുടെ അർത്ഥസാദ്ധ്യതകൾക്കകത്തുനിന്നുകൊണ്ടുമാത്രമേ പ്രയോജനപ്പെടുത്താൻ കഴിയൂ. നവോത്ഥാനസാമൂഹികസാഹചര്യത്തെക്കുറിച്ചും നവോത്ഥാനകാല ചെറുകഥയെ കുറിച്ചും പരാമർശിച്ച പൊതുകാഴ്ചപ്പാടുകൾ ഇന്നും പ്രസക്തമാണ്. ഈ കാഴ്ചപ്പാടുകൾക്കകത്തുനിന്നുകെണ്ടുതന്നെയാണ് ആ കാലയളവിനെ കുറിച്ചുള്ള വ്യതിരിക്ത കാഴ്ചപ്പാടുകളും ഉയർന്നുവരുന്നത്. ഒരു സാഹിത്യരൂപത്തെ കുറിച്ചുള്ള ചർച്ചയിൽ മാത്രമല്ല, ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളീയ സമൂഹത്തെ സൃഷ്ടിച്ച ഏതൊരു മണ്ഡലത്തെക്കുറിച്ചുള്ള ചർച്ചയിലും ഈ കാലഘട്ടവും കാഴ്ചപ്പാടുകളും കടന്നുവരാറുണ്ട്. ഗുണവശങ്ങളെ കുറിച്ച് അഭിമാനിക്കുന്നതുപോലെത്തന്നെ ദോഷങ്ങളെ സൃഷ്ടിച്ച മനോഭാവങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തി തിരസ്കരിക്കാനും കേരളീയ സമൂഹം ജാഗ്രത കാണിക്കുന്നു. ഈ സംവാദങ്ങളിൽ സ്വാഭാവിക

മായും കഥാസാഹിത്യം കടന്നുവരുന്നു. രചനകളും രചനാവ്യക്തിത്വവും രൂപംകൊള്ളുന്ന സാഹചര്യവും സാഹിത്യപഠനത്തിന്റെ മുഖ്യമേഖലയാണ്. ഒരു പൊതുവീക്ഷണത്തിനകത്തുനിന്ന് നടത്തുന്ന പഠനങ്ങൾക്ക് അതിന്റേതായ പരിമിതികളും സാദ്ധ്യതകളുമുണ്ട്. സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കാരൂർ നീലകണ്ഠപിള്ളയുടെ സാഹിത്യപ്രതിഭ രൂപപ്പെട്ട സാഹചര്യങ്ങളാണ് ഈ അദ്ധ്യായത്തിന്റെ അന്വേഷണവിഷയം.

**4.1.** എഴുത്തുകാരിൽ പലരും തങ്ങൾ സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് അവരുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ട്. ഈ പ്രസ്താവങ്ങൾക്ക് സാഹിത്യനിരൂപകരോ പഠിതാക്കളോ അമിതപ്രാധാന്യം നൽകാറില്ല. ഈ പ്രകാശനങ്ങൾ നടത്തേണ്ടിവന്നസാഹചര്യം, പശ്ചാത്തലം, ആരോടാണ് വ്യക്തമാക്കുന്നത് തുടങ്ങിയ ഘടകങ്ങൾ വിശകലനം ചെയ്തുവേണം സാഹിത്യവിദ്യാർത്ഥി നിഗമനത്തിലെത്താൻ. സാഹിത്യ ചരിത്രകാരന്മാർ ഉണ്ടാക്കിവയ്ക്കുന്ന പൂർവ്വധാരണകളെയും ചില സന്ദർഭങ്ങളിൽ നിരാകരിക്കേണ്ടിവരും. ചരിത്രകാരന്റെ തീർപ്പുകളിൽ നിരന്തരം ഇടപെടുമ്പോൾ മാത്രമേ പുതിയ പഠനത്തിനുള്ള സാദ്ധ്യത തുറന്നുകിട്ടു. ഒരു എഴുത്തുകാരന്റെ പല രചനകളുമായും പരിചയപ്പെട്ടിട്ടുള്ള പഠിതാവിന് ആ വായനാനുഭവങ്ങൾ ക്രമീകൃതമായ ഒരു മാനസികാവസ്ഥയെ ഉണ്ടാക്കിയിരിക്കാം. ഈ ധാരണകളോടെ ഗൗരവമേറിയ പഠനങ്ങളിലേക്ക് കടക്കുന്നത് ശരിയല്ല. എഴുത്തുകാരുടെ വെളിപ്പെടുത്തലുകളെ സത്യവാങ്മൂലങ്ങളായി സ്വീകരിക്കുന്നില്ലെങ്കിലും ചില പ്രസ്താവനകളെ മുഖവിലക്കെടുക്കേണ്ടതായിവരും. ഈ നിഗമനങ്ങളിൽനിന്നുകൊണ്ടാണ് ഈ എഴുത്തുകാരുടെ കാവ്യവ്യക്തിത്വത്തെ കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നത്.

**4.1.1.** പൂർവ്വധാരണകളുടെ ആധിപത്യത്തെ പരമാവധി കുറച്ചുകൊണ്ടുവരുവാനുള്ള

ഒരു മാർഗ്ഗമാണ് ശൈലീപഠനം. വാക്കുകൾക്കതീതമായി ഒരു വാങ്മയം വായനക്കാരിൽ ചെലുത്തിയ സ്വാധീനമാണ് എഴുത്തുകാരന്റെ ശൈലി.

സാഹിത്യരചനയെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും അതിനു നിദാനമായി വർത്തിച്ച സാമൂഹ്യ സാഹചര്യങ്ങളും സ്വതസിദ്ധമായ ശീലങ്ങളും കാരൂർ പല ലേഖനങ്ങളിലും അഭിമുഖങ്ങളിലുമായി വ്യക്തമാക്കിയിട്ടുണ്ട്.[1] ഒരെഴുത്തുകാരന് സ്വയം കണ്ടെത്താൻ കഴിയാത്ത ഗുണദോഷങ്ങൾ ഒരു പഠിതാവിന് അദ്ദേഹത്തിന്റെ രചനകളെ മുൻനിർത്തി ചൂണ്ടികാണിക്കാൻ കഴിയും. ഓരോ സാഹിത്യരൂപത്തിനും, ഓരോ എഴുത്തുകാരനും തനതായ ഒരു ശൈലിയുണ്ടെന്ന് സാഹിത്യാസ്വാദനത്തിലൂടെ നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്.

കാരൂർ കഥകളെ കുറിച്ചുള്ള ആദ്യകാല പഠനങ്ങളിൽ മലയാളത്തിലെ പ്രഗത്ഭരായ രണ്ടു നിരൂപകന്മാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ പില്കാലത്ത് കാരൂർ കഥകളെ കുറിച്ച് നടന്ന പഠനങ്ങളെയെല്ലാം സ്വാധീനിച്ചു. കാരൂരിന്റെ തിരഞ്ഞെടുത്ത കഥകൾക്ക് ജി. കുമാരപിള്ളയും എം. അച്യുതനും നടത്തിയ പഠനങ്ങളാണവ. കാരൂർ കഥ എഴുതുകയല്ല പറയുകയാണ് ചെയ്യുന്നത് എന്ന് ഇവർ പറഞ്ഞു വെക്കുകയും, പിന്നീടുള്ള പഠിതാക്കൾ അതു പല പ്രകാരത്തിൽ ആവർത്തിക്കുകയും ചെയ്തു. ഒരു എഴുത്തുകാരനെകുറിച്ചുള്ള ഉപരിപ്ലവമായ പഠനങ്ങളിൽ ഇത്തരം ഒരു പ്രസ്താവനക്ക് സാംഗത്യമുണ്ടെങ്കിലും സൂക്ഷ്മപഠനത്തിൽ ഇത് മുഖവിലയ്ക്കെടുക്കാൻ കഴിയുകയില്ല. ഇപ്രകാരമുള്ള രചനാരീതികൊണ്ട് കാരൂർ കഥയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള ന്യൂനത സംഭവിച്ചു എന്ന് ഈ നിരൂപകർക്ക് അഭിപ്രായമില്ല. എങ്കിലും എഴുതപ്പെട്ട ഒരു ലിഖിതപാഠം എന്ന നിലയ്ക്കാണ് ഒരു എഴുത്തുകാരന്റെ ഭാഷാശൈലി, ബിംബ കല്പനകൾ, അഖ്യാനതന്ത്രം എന്നിവ നമ്മുടെ ശ്രദ്ധയിലേക്ക് കടന്നുവരുന്നത്. അതുകൊണ്ടുതന്നെ കാരൂരിന്റെ ആഖ്യാനരീതിയെ വിലയിരുത്താൻ അദ്ദേഹത്തിന്റെ രചനാ

തന്ത്രങ്ങളെ അന്വേഷിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കഥകളിൽ കാണുന്ന 'മനുഷ്യൻ' സാമാന്യതകൾക്കിടയിൽ നിന്ന് എപ്രകാരം സവിശേഷമായി അവതരിപ്പിക്കപ്പെടുന്നു എന്നതും ഇവിടെ അന്വേഷണ വിഷയമാണ്. ഒരു ചെറുകഥയിൽ അവതരിപ്പിക്കുന്ന ജീവിതമുഹൂർത്തം യഥാർത്ഥ ജീവിതത്തിൽ സംഭവിച്ചതായിരിക്കണമെന്ന നിർബന്ധ മില്ല. എങ്കിലും സംഭവ്യമാണെന്ന ധാരണ വായനക്കാരനിൽ വളർത്താനുള്ള എഴുത്തു കാരന്റെ കഴിവാണ് ചെറുകഥയുടെ വിജയം. ഇതുകൂടി കണക്കിലെടുത്ത് കാരൂർ തിര ഞ്ഞെടുക്കുന്ന പാത്രസ്വഭാവത്തെയും ബിംബകല്പനകളെയും സൂക്ഷ്മമായി പരിശോ ധിച്ച് അതിന്റെ പിന്നിലുള്ള മനോവ്യാപാരങ്ങളെ കണ്ടെത്തേണ്ടതുമുണ്ട്.

### 4.1.2. കാരൂരിന്റെ രചനാശൈലി

ശൈലിശാശ്വതമായ ഒന്നല്ല. ഒരു വീക്ഷണരീതി എന്ന നിലയിൽ സാഹിത്യകാ രന്റെ മാനസികമായ വികാസവും, സങ്കോചവുമെല്ലാം ശൈലിയിൽ നിഴലിക്കും. വ്യക്തി നിഷ്ഠത, വസ്തുനിഷ്ഠത എന്നിവയെക്കൂടി പരിഗണിച്ചുവേണം ശൈലിയുടെ സങ്കീർണ്ണ തകളെ അപഗ്രഥിക്കാൻ. എല്ലാവരും നിത്യവ്യവഹാരത്തിനുപയോഗിക്കുന്ന ഭാഷ, സവി ശേഷമായ ഒരു തിരഞ്ഞെടുപ്പിലൂടെ ഒരു പ്രത്യേകഭാഷയാക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. ഈ തിരഞ്ഞെടുപ്പിലുള്ള വ്യതിരിക്തതകളും സവിശേഷകളുമാണ് ഒരു എഴുത്തുകാരന്റെ ശൈലി എന്ന് സാമാന്യമായി പറയാം. സാഹിത്യമണ്ഡലത്തിൽ ശൈലി യെകുറിച്ചു പഠിക്കാനും അതിലൂടെ സാഹിത്യ മാതൃക വിലയിരുത്താനും നടത്തുന്ന പഠനപദ്ധതിയെ സ്റ്റൈലിസ്റ്റിക്സ് എന്നു വിളിക്കുന്നു. ശൈലീപഠനത്തെ പലമേഖലക ളായിതിരിക്കാമെങ്കിലും വൈയക്തിക ശൈലിയും കാലഘട്ടശൈലിയുമാണ് ഇതിൽ പ്രധാ നം. ഒരു സാഹിത്യകാരന്റെ പല കൃതികളിൽ നിന്നായി അയാളുടെ ശൈലിയെ മാത്രം ആധാരമാക്കി നടത്തുന്ന പഠനമാണ് വൈയക്തിക ശൈലീപഠനം. ഏതെങ്കിലും ഒരെ ഴുത്തുകാരന്റെ പ്രാധാന്യം കണക്കിലെടുക്കാതെ അയാൾ ജീവിച്ചിരുന്ന കാലഘട്ടത്തിലെ

എഴുത്തുകാരുടെ ശൈലിയെ കുറിച്ചുള്ള വിലയിരുത്തലാണ് കാലപരമായ ശൈലീപഠനം.

പ്രാചീനകാവ്യശാസ്ത്രത്തിൽ ശൈലിയെ കുറിച്ചുള്ള പരാമർശങ്ങൾ കാണാമെങ്കിലും ആത്മനിഷ്ഠമായ ആസ്വാദനവുമായി ബന്ധപ്പെട്ടതാണ് ആ ശൈലീവിചാരം. അനുപ്രാസം തുടങ്ങിയ അലങ്കാരസങ്കല്പങ്ങളിലും ഈ ചിന്താരീതി കാണാം. ആധുനിക ഭാഷാശാസ്ത്ര കാഴ്ചപ്പാടിൽ ഉരുത്തിരിയുന്ന ശൈലീവിജ്ഞാനം തികച്ചും വ്യത്യസ്തമാണ്. ഭാഷയെ സമഗ്രമായി സമീപിക്കുകയും ഭാഷാപഗ്രഥനത്തിലൂടെ നിഗമനങ്ങളിലെത്തുകയുമാണ് ശൈലീവിജ്ഞാനം ചെയ്യുന്നത്.

സ്വാഭാവികമായ ഭാഷാപ്രയോഗത്തിൽ ഏവരും സ്വീകരിച്ച മാർഗ്ഗത്തിൽ നിന്ന് എന്തെല്ലാം വ്യതിയാനമാണ് ഒരു എഴുത്തുകാരൻ വരുത്തുന്നത് എന്നു പരിശോധിക്കുന്നതാണ് ശൈലീപഠനത്തിൽ ഏറ്റവും പ്രധാനമായ ഒരു മാർഗ്ഗം. ഈ വ്യതിയാനങ്ങളെ പ്രധാനമായും എട്ടായി തരംതിരിക്കാം.

1. പദവ്യതിയാനം/നൂതന പദസൃഷ്ടി
2. വ്യാകരണ വ്യതിയാനം
3. എഴുത്തിലുള്ള വ്യതിയാനം
4. സ്വന വ്യതിയാനം
5. അർത്ഥ വ്യതിയാനം
6. ഭാഷാഭേദ വ്യതിയാനം
7. സന്ദർഭ വ്യതിയാനം
8. കാലാശ്രിത വ്യതിയാനം

സാങ്കേതികമായ എന്തെങ്കിലും മുൻധാരണയാലല്ല, സ്വാഭാവികമായ ചില ശീല ങ്ങളിൽ നിന്നാണ് രചനാശൈലി വാർന്നുവീഴുന്നത്.[2] ഭാഷാനിയമങ്ങളുടെ ലംഘനം, സാമൂഹ്യവസ്ഥകളുടെ വ്യത്യാസം, ഉക്തിവൈചിത്ര്യങ്ങൾ, താളനിഷേധം എന്നിവയും ശൈലീപഠനത്തിൽ പ്രധാനമാണ്.

നവോത്ഥാനകാല കഥാകാരന്മാരിൽ വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നീ എഴുത്തുകാർ പദസങ്കല്പത്തിൽ ഒരു പുതിയ രീതി സ്വീകരിച്ചു. നിലവി ലുള്ള പദ/പദാർത്ഥബോധത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി പുതിയ ആശ യബോധത്തെ സൃഷ്ടിക്കാനാണ് ഇവർ ശ്രമിച്ചത്. അന്യഭാഷാപദങ്ങളെ, ആശയസന്നി വേശത്തിനുള്ള സാദ്ധ്യതകളെ മുൻനിർത്തി പരിഷ്കരിക്കാനും ഇവർ ശ്രമിച്ചു. ഇത്തരം സന്ദർഭങ്ങളിൽ സ്വാഭാവിക ഭാഷാരീതിയിൽനിന്നും, നിർമ്മിത കൃത്രിമരീതിയിലേക്ക് പലപ്പോഴും കഥാശൈലി മാറി. ഭാഷാനിയമങ്ങളും വ്യാകരണനിയമങ്ങളും ലംഘിക്കു ന്നതിനും നവോത്ഥാനകാല കഥാകൃത്തുക്കൾ താൽപര്യം കാണിച്ചു. കാരൂർ നീലക ണ്ഠപിള്ള ഇത്തരം വ്യതിയാനങ്ങൾക്ക് താൽപര്യം കാണിച്ചില്ല. എന്നാൽ സ്വാഭാവിക ഭാഷയുടെ ശക്തിയെയും സാദ്ധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിച്ചു. ഗദ്യത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതോടൊപ്പം കഥയിൽ കാവ്യാത്മകമായ ഭാഷ ഉപയോഗിക്കുന്നതിനാണ് കാരൂർ ശ്രമിച്ചത്. പ്രതീകാത്മക ഭാഷ യിലൂടെ രൂപസാദൃശ്യത്തെയും ധ്വന്യാത്മക ഭാഷയിലൂടെ ക്രിയാസാദൃശ്യത്തെയും സൃഷ്ടിക്കുവാനുള്ള കവിഭാവനയുടെ കഴിവ് കാരൂർ സായത്തമാക്കി. സന്ദർഭോചിത മായി പാത്രസ്വഭാവത്തിനനുസരിച്ച് ഭാഷാഭേദങ്ങളെ സ്വീകരിച്ച കാരൂർ, വായനക്കാരന് അസ്വാഭാവികത അനുഭവപ്പെടാത്ത വിധം ഈ വ്യതിയാനങ്ങളെ സ്വാംശീകരിച്ചു. മദ്ധ്യ തിരുവിതാംകൂറിലെ ഇടത്തരം നായർവീടുകളിലെയും പാവപ്പെട്ട ഇതരസമുദായങ്ങ ളിലെയും അകത്തളത്തിലെ സ്വാഭാവികാന്തരീക്ഷം ഭാഷയിലും ഭാഷണത്തിലും കാത്തു

സൂക്ഷിക്കാൻ കാരൂരിന് കഴിഞ്ഞു. മറ്റെഴുത്തുകാരുടെ രചനകൾ, തന്നെ സ്വാധീനിച്ചത് ഏതു പ്രകാരത്തിലാണെന്ന് കാരൂർ സൂചിപ്പിച്ചിട്ടുണ്ട്.

കാരൂരിന്റെ രചനാരീതിയിൽ പാശ്ചാത്യ ചെറുകഥാകൃത്തുക്കളുടെ സ്വാധീനം വളരെ കുറവാണ്. ഭാഷയുടെ കാര്യത്തിൽ മലയാള കഥാസാഹിത്യകാരൻമാരിൽ കാരൂരിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് കെ. സുകുമാരൻ, ഇ.വി. കൃഷ്ണപിള്ള എന്നീ എഴുത്തുകാരാണ്.[3] ആദ്യകാല നവോത്ഥാന ചെറുകഥയുടെ ഭാഷാപരമായ പരിമിതികൾ തകഴിയുടെ 'പതിതപങ്കജ'ത്തിനുള്ള അവതാരികയിൽ ഇ.വി. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

"മലയാള ഗദ്യശൈലിയേക്കാൾ കൂടുതൽ അടുപ്പം ഗ്രന്ഥകാരന് ആംഗലരീതിയോടാണെന്നു തോന്നത്തക്കവിധം കാണപ്പെടുന്ന വാചകനിർമ്മിതിയിൽ ഞാൻ ഏതായാലും അദ്ദേഹത്തെ അഭിനന്ദിക്കുന്നില്ല ........................ പതിതപങ്കജമായ ഗുണവതിയുടെയും ത്യാഗിവര്യനായ വിനയന്റേയും സന്ദർശനങ്ങളെ പറ്റി അറിയുവാനുള്ളതെല്ലാം അറിയണമെന്ന ഉത്കണ്ഠയോടെ വായിച്ചുപോകുന്ന നമുക്ക് ഈ അഭിനവഗദ്യരീതി ചിലപ്പോൾ അസഹ്യത തന്നെ ഉണ്ടാക്കുന്നുണ്ട്"[4]

വളർന്നുവന്നിരുന്ന ആധുനിക ഗദ്യശൈലിയുടെ പരിണാമങ്ങളെ ആശങ്കയോടെയാണ് ഇ.വി. കൃഷ്ണപിള്ള വിലയിരുത്തുന്നത്. എന്നാൽ അതിനായി, അദ്ദേഹം ഉപയോഗിക്കുന്ന ഭാഷാഗദ്യരീതി തികച്ചും സങ്കീർണ്ണമായിരുന്നു എന്നും കാണാം. ഒരു പരിവർത്തനഘട്ടത്തിൽ ഭാഷയുടെ ശൈലീപരമായ വ്യതിയാനങ്ങളെ യാഥാസ്ഥിതികനായ ഒരു നിരൂപകൻ പുറമെനിന്ന് നോക്കുമ്പോഴുണ്ടാകുന്ന പരിഭ്രാന്തി കൂടിയാണ് ഈ വിലയിരുത്തൽ. ഇ.വിയുടെയും തകഴിയുടെയും രചനാപരമായ പരിമിതികളെ അതിജീവിക്കാൻ കാരൂരിന്റെ ഭാഷാശൈലിക്ക് കഴിഞ്ഞു. ചിന്തയും പ്രകാശനവും തമ്മിലുള്ള

പാരസ്പര്യത്തെകുറിച്ച് കാരൂരിന് നല്ല ധാരണയുണ്ടായിരുന്നു.

"കഥയെഴുതാൻ പഠിപ്പു വേണമെന്നില്ല വലിയ ശ്രദ്ധയും വേണ്ട പേരുവെച്ചെഴുതാൻ പേടിക്കയും വേണ്ട. വായനക്കാരന്റെ ഹൃദയത്തെ സ്പർശിക്കാൻ, അവനെ രസിപ്പിക്കാൻ കഥയ്ക്ക് കഴിയും. കവിതയ്ക്കും കഴിയും. പ്രൗഢലേഖനങ്ങൾക്ക് ആ കഴിവില്ല. കവികളോടെനിക്ക് ഭക്ത്യാദരവുകൾ ഉണ്ടായിരുന്നു. ചെറുകഥയും ഒരു തരം കവിത തന്നെ. ഗദ്യമാണെന്നു മാത്രം. അപ്പോൾ ഞാൻ കഥ എഴുതിയത് വായനക്കാരെ രസിപ്പിച്ച് അയാളുടെ പ്രീതി നേടാനായിരുന്നുവെന്നു സ്പഷ്ടം"[5]

ശ്രദ്ധവെക്കാതെ പെരുമാറാൻ കഴിയുന്ന ഒരു സാഹിത്യരൂപമാണ് ചെറുകഥ എന്ന് കാരൂർ പറയുന്നത്, കാരൂരിന്റെ രചനാലോകത്തെ വിലയിരുത്തുമ്പോൾപോലും ശരിയല്ലെന്ന് കാണാൻ കഴിയും. വാക്കിനോട് വാക്കിനെ ചേർത്തുവയ്ക്കുമ്പോൾ മനസ്സിനോട് മനസ്സിനെ അടുപ്പിക്കുകയാണ് ഒരു എഴുത്തുകാരൻ ചെയ്യുന്നത്. ഈ ബോധം കാരൂരിന്റെ മിക്ക രചനകളിലും കാണാം. പ്രൗഢലേഖനങ്ങൾക്ക് രസിപ്പിക്കാനുള്ള കഴിവ് കുറവാണെങ്കിലും ഹൃദയത്തെ സ്പർശിക്കാനുള്ള കഴിവ് വളരെ വലുതാണെന്ന് കാലം തെളിയിച്ചിട്ടുണ്ട്. എന്നാൽ വിചാര/അർത്ഥപ്രധാനമായ ഗദ്യത്തേക്കാൾ, വികാര/ഭാവപ്രധാനമായ ഗദ്യത്തെയാണ് താനിഷ്ടപ്പെടുന്നതെന്ന് കാരൂർ രചനയിലൂടെ തെളിയിച്ചു. കാവ്യഭാഷയോടുള്ള ആദരവും അടുപ്പവും കാരൂർ വ്യക്തമാക്കുന്നത് രചനകളിലാണ്.

ഔപചാരിക വിദ്യാഭ്യാസത്തെയാണ് 'പഠിപ്പ്' എന്നതുകൊണ്ട് കാരൂർ അർത്ഥമാക്കുന്നത് എങ്കിലും വ്യക്തിജീവിതത്തിന്റേയും സമൂഹജീവിതത്തിന്റേയും വിവിധ തുറകളിൽനിന്ന് നമുക്ക് ലഭിക്കുന്ന ആകെയുള്ള അനുഭവങ്ങളെയാണ്, വിദ്യാഭ്യാസം എന്നതുകൊണ്ട് നവീനസമൂഹം അർത്ഥമാക്കുന്നത്. സാധാരണക്കാരന് മനസ്സിലാകുന്ന വിധ

ത്തിൽ ഭാഷ എപ്രകാരം ഉപയോഗിക്കണമെന്ന് കാരൂരിന് അറിയാമായിരുന്നു. വ്യക്തി ജീവിതത്തിൽ കാരൂർ വ്യാപരിച്ച മണ്ഡലങ്ങൾ ഇതിനുള്ള അവസരം അദ്ദേഹത്തിനു നല്കി.

### 4.2. വ്യക്തിജീവിതം

1898 ഫെബ്രുവരിയിൽ തിരുവിതാംകൂർ നാട്ടു രാജ്യത്തിലെ ഏറ്റുമാനൂരിൽ ജനിച്ച കാരൂർ 1912ൽ ഏഴാം ക്ലാസ്സ് പരീക്ഷ പാസായി. അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി 1913ൽ ഒരു പൂർണ്ണ അദ്ധ്യാപകനായി അദ്ദേഹം ജോലിയിൽ പ്രവേശിച്ചു. ഇന്നത്തെ കോട്ടയം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ അദ്ധ്യാപകനായി ജോലി നോക്കിയ കാരൂർ 1953ൽ സർവീസിൽ നിന്നും വിരമിച്ചു. അദ്ധ്യാപകരെ അവകാശ ബോധമുള്ളവരാക്കി മാറ്റാനുള്ള യത്നത്തിൽ, അധികാരികളുടെ അപ്രീതിക്ക് ഇരയായ കാരൂർ കുറച്ചുകാലം സസ്പെൻഷനിലായിരുന്നു. അദ്ധ്യാപകനായിരിക്കെ ദീർഘകാല അവധിയിൽ പ്രവേശിച്ച കാരൂർ കാർഷികവൃത്തിയിലേർപ്പെട്ടും കയർ വ്യാപാരത്തി ലേർപ്പെട്ടും ജീവിതമാർഗ്ഗം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. മലയോരത്തിലെ ഏലകൃഷി അദ്ദേ ഹത്തിന് മലമ്പനി പിടിക്കാൻ ഇടനല്കുകയും, കയർ വ്യാപാരം കടബാദ്ധ്യതയ്ക്ക് വഴിവെയ്ക്കുകയും ചെയ്തു. ഒരു എഴുത്തുകാരൻ എന്ന നിലയിൽ ആദ്യകാലത്ത് കാര്യ മായ പ്രതിഫലമൊന്നും ലഭിച്ചിരുന്നില്ലെങ്കിലും, താൻകൂടി മുൻകൈ എടുത്തു സ്ഥാപിച്ച സാഹിത്യ പ്രവർത്തക സഹകരണ സംഘം ശക്തിപ്പെട്ടതോടെ ആ മേഖലയിൽ നിന്നും മാന്യമായ വരുമാനം ലഭിക്കാൻ തുടങ്ങി.

നായർ സർവീസ് സൊസൈറ്റി, ക്ഷീരോല്പാദക സഹകരണസംഘം, സാഹിത്യ പ്രവർത്തക സഹകരണസംഘം എന്നീ സഹകരണ പ്രസ്ഥാനങ്ങളിൽ കാരൂർ സജീവ മായി പങ്കെടുക്കുകയും നേതൃത്വം നല്കുകയും ചെയ്തു. സങ്കുചിത താല്പര്യങ്ങൾക്കു

പരി വിശാലമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ നായർ സമുദായാംഗങ്ങളെ സംഘടിപ്പിക്കാൻ കാരൂർ ശ്രദ്ധിച്ചു.[6] ക്ഷീരോല്പാദനവുമായി യാതൊരു ബന്ധവുമില്ലായിരുന്നവെങ്കിലും ആ മേഖലയിലെ അസംഘടിതരും അല്പവരുമാനക്കാരുമായ മനുഷ്യരെ സംഘടിപ്പിക്കാൻ കാരൂർ കാണിച്ച താല്പര്യം എടുത്തുപറയത്തക്കതാണ്.[7] സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും കാലോചിതമായ പരിഷ്കരണങ്ങളിലും കാരൂർ വഹിച്ച പങ്ക് നമ്മുടെ സാഹിത്യചരിത്രത്തിന്റെ ഭാഗമാണ്.

സാഹിത്യകാരൻമാരുടെ പുരോഗമന സ്വഭാവമുള്ള എല്ലാം കൂട്ടായ്മകളിലും കാരൂർ മുന്നിലുണ്ടായിരുന്നു. കോട്ടയം കേന്ദ്രമായി പ്രവർത്തിച്ചുവന്ന "സാഹിതീ സഖ്യ"ത്തിന്റെ രൂപീകരണത്തിലും, പ്രതിമാസ സാഹിത്യചർച്ചകളിലും കാരൂർ സജീവമായി പങ്കെടുത്തു. പുരോഗമനസാഹിത്യസംഘടനയുടെ കോട്ടയം സമ്മേളനത്തിന്റെ മുഖ്യസംഘാടകരിൽ ഒരാൾ കാരൂർ ആയിരുന്നു. സ്വാഗതസംഘത്തിന്റെ ട്രഷററായി പ്രവർത്തിച്ച കാരൂർ പണസംബന്ധമായ കാര്യങ്ങളിൽ കാണിച്ചിരുന്ന മിതവ്യയശീലംകൊണ്ട് സമ്മേളനത്തെ കൂടുതൽ ശ്രദ്ധേയമാക്കി.[8] രാഷ്ട്രീയപ്രത്യയശാസ്ത്രത്തോട് പ്രകടമായി അടുപ്പം കാണിക്കാതിരുന്ന കാരൂർ, മാർക്സിയൻ ദർശനത്തോടുള്ള തന്റെ അടുപ്പം രചനകളിലൂടെയാണ് വ്യക്തമാക്കിയത്.[9]

**4.2.1.** ഏറ്റുമാനൂർ അമ്പലത്തിന്റെ വടക്കേ നടയിലുള്ള ഒരിടത്തരം നായർ തറവാടാണ് കാരൂർ വീട്. ഈ തറവാട്ടിലെ ഈശ്വരഭക്തയായ കുഞ്ഞീലി അമ്മയുടെയും സർക്കാർ ഉദ്യോഗസ്ഥനായ നീലകണ്ഠപിള്ളയുടെയും ആദ്യത്തെ മകനാണ് കാരൂർ നീലകണ്ഠപിള്ള. കാരൂരിന്റെ അമ്മ തന്റേടമുള്ള സ്ത്രീ ആയിരുന്നുവെന്ന് പലരും അനുസ്മരിച്ചിട്ടുണ്ട്. വ്യക്തി ജീവിതത്തിൽ മിതവ്യയശീലവും സത്യസന്ധതയും താൻ ശീലിച്ചത് അച്ഛനിൽ നിന്നാണെന്ന് കാരൂർ തന്നെ എഴുതിയിട്ടുണ്ട്.[10] അമ്മയ്ക്ക് വിദ്യാഭ്യാസം

വളരെ കുറവായിരുന്നുവെങ്കിലും അവരുടെ കഥ പറയുന്ന രീതി തന്നെ സ്വാധീനിച്ചിട്ടുണ്ടെന്നും കാരൂർ വ്യക്തമാക്കിയിട്ടുണ്ട്. ജ്യേഷ്ഠപുത്രനാകയാൽ അനുജൻമാരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കാരൂർ നീലകണ്ഠപിള്ള ബാദ്ധ്യതപ്പെട്ടവനായിരുന്നു. മൂന്നു കനിഷ്ഠസഹോദരൻമാരുമായി കാരൂരിനുണ്ടായിരുന്ന മമതാബന്ധത്തിന്റെ ആഴം കാരൂർ നാരായണൻ എഴുതിയ അനുസ്മരണത്തിൽ കാണാം.[11] 1930ൽ കോട്ടയം കാരാപ്പുഴ മഠത്തിൽ കിഴക്കേതിൽ ഭവാനിയമ്മയുമായുള്ള കാരൂരിന്റെ വിവാഹം നടന്നു. രണ്ട് പെൺമക്കൾക്ക് ജന്മംനല്കിയ ആ ദാമ്പത്യത്തിന്റെ ഊഷ്മളതയും കുടുംബജീവിതത്തിന്റെ സ്വച്ഛതയും അദ്ദേഹത്തിന്റെ പുത്രിയുടെ അനുസ്മരണങ്ങളിൽനിന്നും മനസ്സിലാക്കാം.[12]

**4.2.2.** 1932ലാണ് കാരൂരിന്റെ സാഹിത്യ പ്രവർത്തനം ആരംഭിയ്ക്കുന്നത്. അന്നത്തെ കൂലി എന്നു പുനർനാമകരണം ചെയ്ത 'ഭൃത്യവാത്സല്യ' മാണ് കാരൂർ ആദ്യം എഴുതിയ ചെറുകഥ 400ലധികം ചെറുകഥകളും, പത്തു ബാലസാഹിത്യകൃതികളും, മൂന്നു നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട്. അഞ്ചുകടലാസ് എന്നപേരിൽ അദ്ദേഹം എഴുതിയ ബാലസാഹിത്യം 'പൂമ്പാറ്റ' എന്ന പേരിൽ ചലച്ചിത്രമാക്കിയിട്ടുണ്ട്.

1975 സെപ്തംബർ 30ന് അന്തരിക്കുന്നതുവരെ സജീവമായ ഒരു സർഗ്ഗജീവിതമാണ് കാരൂരിനുണ്ടായിരുന്നത്.

ഒരു അദ്ധ്യാപകൻ എന്ന നിലയ്ക്ക് തന്റെ മനസ്സിലുള്ള ആശയങ്ങൾ ഏറ്റവും ലളിതവും സുഗ്രഹവുമായ രൂപത്തിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ കാരൂരിന് കഴിഞ്ഞു. അദ്ധ്യാപക സമൂഹത്തിന്റെ അവശതകളെകുറിച്ചും, അവകാശങ്ങളെകുറിച്ചും തന്റെ സഹജീവികളെ പറഞ്ഞു മനസ്സിലാക്കി അവരെ സംഘടിപ്പിക്കാൻ കാരൂരിന് സാധിച്ചു. ഒരു മികച്ച സഹകാരിയായ അദ്ദേഹം സഹകരണ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യ

ങ്ങൾ തിരിച്ചറിഞ്ഞ് അതു പ്രയോഗത്തിൽ വരുത്തുന്നതിൽ നേടിയ വിജയം സുപ്രധാനമാണ്. ആശയവിനിമയത്തിനുള്ള ഭാഷ, സമർത്ഥമായി കൈകാര്യം ചെയ്യുമ്പോഴാണ് ഇത്തരം കാര്യങ്ങൾ വിജയത്തിലെത്തുന്നത്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ അണിയറയിലാണ് കാരൂർ നിലയുറപ്പിച്ചത്. തത്വശാസ്ത്രപ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്ന പ്രധാന വേദികളിൽനിന്ന് കാരൂർ അകന്നുനിന്നു. ആ സംവാദങ്ങളിൽ അദ്ദേഹം ഒരു ശ്രോതാവ് മാത്രമായിരുന്നു. തത്വശാസ്ത്രത്തെ കലയാക്കി മാറ്റി സമൂഹത്തിലെത്തിക്കുന്നതിനാവശ്യമായ ഭാഷ കാരൂർ സമർത്ഥമായി വിനിയോഗിക്കുകയും ചെയ്തു. എന്നാൽ ഒരു വ്യവസായി എന്ന നിലയിലും വ്യാപാരി എന്ന നിലയിലും പ്രവർത്തിക്കാൻ ശ്രമിച്ച കാരൂർ ആ രംഗങ്ങളിൽ തികഞ്ഞ പരാജയമാണ് അനുഭവിച്ചത്. അതിന്റെ ഭാഷയും 'പഠിപ്പും' കാരൂരിന് സ്വായത്തമാക്കാൻ കഴിഞ്ഞില്ല. മിതമായ വാക്കുകളിൽ സാരവത്തായ കാര്യങ്ങൾ പറഞ്ഞു ഫലിപ്പിക്കാൻ കഥാകാരനായ കാരൂരിന് കഴിഞ്ഞത് ഈ സാഹചര്യങ്ങൾ കൊണ്ടുകൂടിയാണ്. ജീവിത സാഹചര്യങ്ങളും അനുഭവങ്ങളുമാണ് കാരൂരിലെ കഥാകാരനെ സജീവമാക്കിയത്.

### 4.3. കഥയിലെ പരിവർത്തനങ്ങൾ

ആദ്യകാലഘട്ടത്തിലെ എഴുത്തുകാരിൽ കെ. സുകുമാരന്റെ കഥകൾ സംഭാഷണ പ്രധാനമായിരുന്നു. ഇ.വി. കൃഷ്ണപിള്ളയുടെ കഥകൾ ഭാവനക്കും വർണ്ണനയ്ക്കുമാണ് പ്രാധാന്യം നല്കിയത്. അനുരാഗവർണ്ണനയിൽ, കാല്പനികവും ആദർശാത്മവുമായ പ്രേമത്തിനു നൽകിയ സ്ഥാനം, ഐതീഹ്യങ്ങളും കെട്ടുകഥകളും ചരിത്രസംഭവങ്ങളുമുപേക്ഷിച്ച് സാമൂഹ്യ പ്രശ്നങ്ങൾക്ക് ഇതിവൃത്തത്തിൽ കൊടുത്ത പ്രാധാന്യം വിനോദപ്രാധാന്യം ഒഴിവാക്കി ജീവിതാദർശങ്ങൾക്ക് മുൻതൂക്കം നൽകാൻ കാണിച്ച വിവേകം എന്നിവയാണ് കാരൂരിനെ മുൻഗാമികളിൽനിന്ന് വ്യതിരിക്തനാക്കുന്നത്. വിധിയുടെയും ദൈവത്തിന്റേയും ലോകത്തുനിന്ന് സാമൂഹ്യസത്യങ്ങളുടെ ലോകത്തിലേക്ക് മലയാള

ചെറുകഥയെ ഇറക്കികൊണ്ടുവന്നതിൽ കാരൂർ ഉൾപ്പെടെയുള്ള കഥാകാരന്മാർ വഹിച്ച പങ്ക് പ്രധാനപ്പെട്ടതാണ്.

താൻ ജീവിച്ച സമൂഹത്തിലെ മനുഷ്യ സമുദായത്തെ സൂക്ഷ്മമായി മനസ്സിലാക്കാനും സഹാനുഭൂതിയോടെ ഉൾക്കൊള്ളാനും സരസമായി അവതരിപ്പിക്കാനും സമരോത്സുകരായി കർമ്മരംഗത്തിറങ്ങാൻ പ്രേരിപ്പിക്കാനും കാരൂർ നീലകണ്ഠപിള്ള ശ്രദ്ധിച്ചിട്ടുണ്ട്.

**4.3.1.** സമൂഹത്തിനോട് ചിലത് പറയാനുണ്ടായിരിക്കുക, അതിനുള്ള മാധ്യമമായി സാഹിത്യത്തെ തിരഞ്ഞെടുക്കുക, കഥ എന്ന സാഹിത്യരൂപമാണ് തനിക്ക് വഴങ്ങുന്നത് എന്ന് കണ്ടെത്തുക തുടങ്ങിയവയിലെല്ലാം കാരൂരിന് വ്യക്തതയുണ്ടായിരുന്നു. കഥയെഴുത്തുകാരുടെ മനസ്സ് എപ്പോഴും കഥാസൃഷ്ടിയിലേർപ്പെട്ടുകൊണ്ടിരിക്കുന്നതാണെന്നും അത് തങ്ങളുടെ ഒരു ശീലമാണെന്നും കാരൂർ പറയുന്നു. 'കുരുക്കുവീണ നൂലുപോലുള്ള പ്ലോട്ട്' ഉണ്ടാക്കാൻ താൻ പണിപ്പെടാറില്ലെന്നും കഥാപാത്രങ്ങളുടെ എണ്ണം കഴിയുന്നതും കുറഞ്ഞിരിക്കാൻ മുൻകരുതലെടുക്കുമെന്നും, വാക്കുകൾ പരിമിതമായിരിക്കാൻ ശ്രദ്ധിക്കാറുണ്ടെന്നും കാരൂർ വ്യക്തമാക്കുന്നു. "ഒരു കഥ എഴുതികഴിഞ്ഞാൽ അതു വെട്ടി ചെറുതാക്കുന്ന ഒരു ശീലമുണ്ടെനിക്ക്, പിന്നെ ആരു നോക്കിയാലും ഒരു വാക്കെങ്കിലും അധികം കാണരുതെന്ന് വെച്ചു. അതെത്രത്തോളം ഫലിച്ചിട്ടുണ്ടെന്ന് എനിക്ക് നിശ്ചയമില്ല."[13]

രചനയിലെ സൂക്ഷ്മത എത്രത്തോളം വെച്ചുപുലർത്തിയ ഒരു എഴുത്തുകാരനായിരുന്നു കാരൂർ എന്നതിന് നിദർശനമാണ് മേൽവിവരിച്ച പ്രസ്താവം. തന്റെ കഥാപാത്രങ്ങൾ ജീവിച്ചിരിക്കുന്നവരാണെന്ന് കാരൂർ പറയുന്നത് തന്റെ സാഹിത്യത്തിന് ജീവിതവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

## 4.4. ബോധപൂർവ്വമായ രചനകൾ

എന്തിനെഴുതുന്നു എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കാൻ കാരൂർ ശ്രദ്ധിച്ചിട്ടുണ്ട്. നിരുദ്ദേശ്യമായ ഒരുപ്രവൃത്തിയിലും മനുഷ്യൻ ഏർപ്പെടുന്നില്ല എന്നതുകൊണ്ടുതന്നെ തന്റെ കഥാരചനയും സോദ്ദേശ്യമാണ് എന്ന് അദ്ദേഹം കരുതുന്നു. "എന്നാൽ താൻ തന്നെ എന്തിനെഴുതുന്നു, മറ്റുള്ളവർ എഴുതിയാൽ പോരേ?" എന്ന മറുചോദ്യത്തിന് അദ്ദേഹത്തിനു മറുപടിയുണ്ട്. അവർക്കും തനിയ്ക്കും പറയാനുള്ളത് ഒന്നായിരിക്കയില്ല എന്ന് അദ്ദേഹം മുൻകണ്ടു. തന്റെ കഥകൾ ആളുകൾ വായിച്ചു രസിക്കും എന്നതിനോടൊപ്പംതന്നെ അവരുടെ സ്നേഹബഹുമാനങ്ങൾ ആർജിക്കാൻ കഴിയുമെന്ന വിശ്വാസവും കാരൂരിനുണ്ടായിരുന്നു. അധീശവർഗ്ഗത്തിന് അപ്രിയമായ ചില കാര്യങ്ങൾ കൂടി തനിയ്ക്കു പറയാനുണ്ടെന്ന ബോധമാണ് വസ്തുനിഷ്ഠതയുള്ള ഉപന്യാസകാരനിൽനിന്ന് ഭാവനാ പ്രാധാന്യമുള്ള കഥാകാരനിലേക്ക് കാരൂരിനെ പരിവർത്തിപ്പിച്ചത്. എന്നാൽ ലോകത്തേയും മനുഷ്യനേയും വിലയിരുത്തുന്നതിൽ ഏതൊരു എഴുത്തുകാരനും സവിശേഷമായ വീക്ഷണങ്ങൾ ഉണ്ടായിരിക്കും.

"......... വായനക്കാരനെ രസിപ്പിക്കാൻ വെറും വിനോദ കഥ എഴുതാമെന്നു ഞാൻ വിചാരിച്ചില്ല. കുറ്റങ്ങളും കുറവുകളും പറയുന്നതു കേൾക്കാൻ നമുക്ക് താല്പര്യം കൂടും. അതു വ്യക്തിയുടേതായാലും സമുദായത്തിന്റേതായാലും കൊള്ളാം. ഞാൻ ആദ്യം എഴുതിയ കഥ ഒരു ജന്മിയുടെ കുറ്റവും കുറവും ചിത്രീകരിക്കുന്നതും, രണ്ടാമതെഴുതയത് ഒരു ഭർത്താവിന്റെ കറുത്ത വശങ്ങൾ ചിത്രീകരിക്കുന്നതും, പിന്നത്തേത് ഒരുവന്റെ പണക്കൊതിയെ ആക്ഷേപിക്കുന്നതുമായിരുന്നു. ഈ കഥകൾ വായിച്ച് ജന്മിമാരും ലുബ്ധന്മാരുമൊക്കെ നല്ലവരായിതീരും എന്നു ഞാൻ വ്യാമോഹിച്ചില്ല, തീർച്ച"[14] ഇതായിരുന്ന കാരൂരിന്റെ രചനാവീക്ഷണം. സമൂഹത്തിലെ ദോഷങ്ങളിലേക്ക് വിരൽ ചൂണ്ടുമ്പോൾ, ഗുണത്തെകുറിച്ച് മനുഷ്യർ മനസ്സിലാക്കുമെന്ന് ഏവർക്കും അറിയാവുന്നതാണ്.

**4.4.1.** താനൊറ്റക്ക് താമസിച്ചപ്പോൾ ഉണ്ടായിരുന്ന ഏകാന്തതയാണ് തന്നെ ഒരു എഴുത്തുകാരനാക്കിയത് എന്ന് കാരൂർ രേഖപ്പെടുത്തിയിട്ടുണ്ട്. സാഹിത്യരൂപങ്ങളിൽ വെച്ച് കഥ എന്ന സാഹിത്യരൂപത്തോട് തനിയ്ക്ക് കൂടുതൽ മമത തോന്നാനുള്ള കാരണം തന്റെ ആത്മവിശ്വാസവുമായി ബന്ധപ്പെട്ടതാണെന്നു പറയുന്ന കാരൂർ ഒരു മനുഷ്യനെന്ന നിലയിൽ തന്റെ കൈവേഗത്തേക്കാൾ ഒരു സാഹിത്യകാരനെന്ന നിലയിൽ തന്റെ മനസ്സിന്റെ വേഗത കൂടുതലാണെന്നും പറഞ്ഞിട്ടുണ്ട്. പാശ്ചാത്യ സാഹിത്യത്തിൽ ഒട്ടു താല്പര്യമില്ലായിരുന്നുവെങ്കിലും, നാലപ്പാടൻ വിവർത്തനം ചെയ്ത പാവങ്ങൾ താൻ പലതവണ വായിച്ചിട്ടുണ്ടെന്നും അതു തന്നെ സ്വാധീനിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നു.[15]

മേൽസൂചിപ്പിച്ച മാനസികാവസ്ഥയും, തന്റെ വിശ്വാസങ്ങളോട് നീതി പുലർത്താനുള്ള വ്യഗ്രതയും, സാമൂഹ്യപ്രശ്നങ്ങളോട് സജീവമായി പ്രതികരിക്കാനാഗ്രഹിച്ച നീതിബോധവുമാണ് കാരൂർ കഥാകാരനായതിന്റെ മറ്റൊരു പശ്ചാത്തലം. നവോത്ഥാനകാല സാമൂഹ്യവീക്ഷണത്തിന്റെ സ്വാധീനമാണ് കാരൂരിന്റെ മൂല്യബോധങ്ങളെ ആദ്യഘട്ടത്തിൽ നിയന്ത്രിക്കുന്നത്.

സമകാലികരിൽനിന്ന് കാരൂരിനെ വ്യത്യസ്തനാക്കുന്ന മറ്റു ചില ഘടകങ്ങൾ കൂടിയുണ്ട്. വിനീതനും, സമർത്ഥനും, വിവേകശാലിയുമായ ഒരു നാട്ടിൻപുറത്തുകാരന്റെ മനസ്സാണ് കഥാകാരനായ കാരൂരിന്റേത്. നർമ്മബോധമാണ് കാരൂരിന്റെ മറ്റൊരു സവിശേഷത. മനസിനകത്ത് ഒരു നനുത്ത ചിരി കാത്തുസൂക്ഷിക്കുക, അതു ക്രമേണ ചിന്താമധുരമായി വളർന്ന് ഒരു പൊട്ടിച്ചിരിയായി മാറുക എന്നത് കാരൂരിന്റെ കഥനശൈലിയുടെ സവിശേഷതയാണ്. ജീവിതത്തിന്റെ വിഷമ പ്രശ്നങ്ങളിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിലും ഗൗരവം വിടാതെ തന്നെ നർമ്മം നിലനിർത്താൻ കാരൂർ ശ്രദ്ധിക്കുന്നു. മനുഷ്യന്റെ ദുഷ്ട ശിഷ്ട ഭാവങ്ങളെ അവതരിപ്പിക്കുമ്പോഴും നിസ്സംഗനും നിർമ്മമനു

മായി നിന്ന് കഥയിലൂടെ കാര്യങ്ങൾ പറയാൻ കാരൂർ ശ്രദ്ധിക്കുന്നു. ഒരു ചിത്രത്തിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന ഓരോ വസ്തുവിലും അനുപ്രവേശിയ്ക്കുകയും അതിലൂടെയെല്ലാം ആത്മാവിഷ്കരണത്തിന് ഉദ്യമിയ്ക്കുകയും ചെയ്യുന്ന ഒരു ചിത്രകാരന്റെ സമീപനരീതിയാണ് കാരൂർ കഥാരചനയിൽ സ്വീകരിക്കാറുള്ളത് എന്ന എൻ.വി. കൃഷ്ണവാരിയരുടെ അഭിപ്രായം പ്രസക്തമാണ്.[16] കാരൂരിന്റെ ചെറുകഥകൾ ആത്മഭാഷണങ്ങളാണ്. ചെറുകഥയിൽ 'കാല' (time) ത്തെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിലാണ് ഒരു കഥാകാരന്റെ വിജയം. എത്രയും ചുരുങ്ങിയ കാലത്തിൽ ജീവിതത്തിലെ ഏതെങ്കിലും ശക്തമായ ഒരു ഭാവത്തെ നിക്ഷേപിക്കുവാൻ കഴിയുമ്പോഴാണ് ഒരു ചെറുകഥ ധ്വന്യാത്മകവും ദീപ്തവുമായി തീരുന്നത്. സഹൃദയമനസ്സിൽ താൻ സൃഷ്ടിക്കാനുദ്ദേശിയ്ക്കുന്ന ഭാവത്തിനനുസൃതമായി കാലത്തെ കഥയിൽ നിലനിർത്തുന്നതിലും അതിനെ ഭാവാനുസാരിയാക്കുന്നതിലും കാരൂർ വിജയിച്ചു.

### 4.5. രചനാസങ്കല്പവും കഥകളും

കാരൂർ കഥ എഴുതുകയല്ല കഥ പറയുകയാണ് ചെയ്യുന്നത് എന്ന പരാമർശവും കാരൂരിന്റെ രചനാസങ്കല്പവും രചനയിലെ യാഥാർത്ഥ്യവും പഠനവിധേയമാക്കണം. ഒരു വായനാനുഭവം എന്ന നിലയിൽ കാരൂരിന്റെ കഥകൾ കഥനശൈലിയുടെ കാര്യത്തിൽ ആഹ്ലാദം നല്കുന്നവയാണ്. ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് മനസ്സിനകത്തു നടത്തുന്ന നിരവധി മുന്നൊരുക്കങ്ങളിലൂടെ മാത്രമെ അകൃത്രിമശൈലിയിലുള്ള കഥ വാർന്നു വീഴുകയുള്ളൂ. "കഥയെഴുതുകയല്ല കഥ പറയുകയാണ്" ചെയ്യുന്നത് എന്ന് പറയുമ്പോൾ ഒരെഴുത്തുകാരന്റെ മനസ്സിൽ നടക്കുന്ന മുന്നൊരുക്കത്തിന്റെ തീക്ഷ്ണത ഇവർ അർഹിക്കുന്ന ഗൗരവത്തിൽ കാണാതെ പോകുന്നു. കഥ പറയുക എന്നതിൽ കാരൂരിന്റെ സ്വഭാവമെന്തായിരുന്നു എന്ന് അദ്ദേഹത്തിന്റെ കഥകളിലെ ചില സൂചനകളിലൂടെ സുവ്യക്തമാണ്.

**4.5.1.** തന്റെ 'കഥ പറച്ചിൽ' എന്ന കഥയിൽ നളിനിയും പാത്തുമ്മയും മനസ്സിൽ കരുതുന്നത് തന്നെയാണ് കഥാകാരൻ എന്ന നിലയിൽ കാരൂരിന്റെ കാഴ്ചപ്പാട്. "കഥ പറയുന്നതിനിടയ്ക്കാണ് കാര്യം" നളിനി പറയുന്ന ഈ വാക്കുകൾ ശ്രദ്ധേയമാണ്. കഥ പറയുമ്പോൾ കഥയാകണമെന്നും കാര്യം കഥയല്ലെന്നുമാണ് ഈ പ്രസ്താവനകൊണ്ട് ആദ്യം നാം മനസ്സിലാകുക "പഠിക്കാൻ പോയാൽ, പഠിക്കാതെ കഥ പറയുന്നതെന്തിനാ? എന്ന ചോദ്യത്തിന് മേരിക്കുട്ടി പറഞ്ഞ 'സാറു പറഞ്ഞിട്ടാ' എന്ന മറുപടിയും "കഥ പറഞ്ഞപ്പം സാറു പിച്ചി" എന്ന അനുബന്ധവും കഥയിലെ കാര്യമെന്തെന്ന് നമുക്ക് വ്യക്തമാക്കി തരുന്നു. കഥ കാര്യമാണ് എന്നും അതു പറയുമ്പോൾ സമൂഹത്തിൽ നിന്ന് 'പിച്ചൽ' ഏല്ക്കേണ്ടിവരുമെന്നും കാരൂരിനറിയാമായിരുന്നു.[18]

**4.5.2.** 'വള്ളക്കാരൻ' എന്ന കഥയിൽ തോണിതുഴയുന്ന കാർലോസ് പറയുന്ന കഥകളോട്, മുതലാളിയുടെ പ്രതികരണം കഥയും സത്യവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിയ്ക്കുന്നു.

"............ താനീ വള്ളത്തിൽ കയറിയതിൽ പിന്നെ പറഞ്ഞതൊക്കെ നുണയാ. തനി കുറക്കം വരാതിരിക്കാൻ വല്ലതും പറഞ്ഞോണ്ടിരിക്കണം. ഞാൻ കിടന്നുറങ്ങാതെ കേട്ടോണ്ടുമിരിക്കണം. ഇല്ലേലും ഞാൻ കിടന്നുറങ്ങുകയും മറ്റുമില്ല."[19] ഏകാഗ്രവും ജാഗ്രത്തുമായ ഒരു ഹൃദയ സംവാദമായിരിക്കണം കഥയെന്ന് കാരൂർ നീലകണ്ഠപിള്ള എന്ന കഥാകാരൻ വിശ്വസിച്ചിരുന്നു. അപകടം പതിയിരിക്കുന്ന ജീവിതസാഗരത്തിലെ ദുരിതത്തിന്റെ കയങ്ങൾ മുറിച്ചുനീങ്ങുന്ന ഒരു നൗകയിൽ തുഴക്കാരനായിരിക്കുന്ന കഥാകാരനും കൂട്ടിരിക്കുന്ന വായനക്കാരനും എന്ന ചിന്തയാണ് കാരൂരിനുണ്ടായിരുന്നത്.

**4.5.3.** 'രത്നവ്യാപാരി' എന്ന കഥയിലെ ശങ്കുണ്ണിമേനോനെ ജനങ്ങൾ ഭയപ്പെടുന്നത് അയാളുടെ സംഭാഷണ പ്രിയത്വം കൊണ്ടാണ്. എന്നാൽ കഥാകഥനത്തിന്റെ മർമ്മം

അറിയാവുന്ന കാരൂർ, കഥ എന്തായിരിക്കണം എന്ന തന്റെ കാഴ്ചപ്പാട് ഈ കഥയിലും അവതരിപ്പിക്കുന്നു. ശങ്കുണ്ണിമേനോൻ, കാര്യത്തിൽ നിന്ന് കഥയിലേക്ക് കടന്നാൽ ഭാര്യ ഉടനെ പറയുന്ന ഒരു വാചകം ഇതാണ്.

“തൊടങ്ങി, ഇനി കണ്ടനൊണയൊക്കെ പറയാൻ തുടങ്ങി. എന്നാൽ ആ രാമായ ണമോ മറ്റോ എടുത്തു വായിക്കരുതോ.”[20]

വിരസയായ ഒരു ശ്രോതാവിന്റെ വിമുഖമായ ഒരു ആത്മഗതമാണ് ഇതെന്ന് തോന്നാ മെങ്കിലും, മറവിലിരുന്ന് കഥ ഏറ്റവും അധികം ആസ്വദിക്കുന്നത് ഭാര്യ തന്നെയാണ്. കഥാന്ത്യത്തിലാകട്ടെ കഥകൾ, കളവുകളല്ല എന്നും നിറം പിടിപ്പിച്ച സത്യങ്ങളെയാണ് അവ പ്രതിനിധാനം ചെയ്യുന്നത് എന്നും അദ്ദേഹം വ്യക്തമാകുന്നു.

തന്റെ കഥകളിൽ സമകാലികരായ മറ്റു ചെറുകഥാകൃത്തുകളെ പോലെ പാശ്ചാ ത്യരചനകളുടെ സ്വാധീനം കടന്നുവരാനിടയില്ലെന്ന് കാരൂർ അഭിമാനപൂർവ്വം പറയു ന്നുണ്ട്. “അവരുടെ കഥകൾ എനിക്ക് മറുഭാഷയാണ്.” ഒരു സാങ്കേതികമാർഗ്ഗവും അറി ഞ്ഞു കൂടാത്തപ്പോഴാണ് താൻ എഴുത്തു തുടങ്ങിയത് എന്നും അനുബന്ധമായി കാരൂർ കൂട്ടിച്ചേർത്തിട്ടുണ്ട്. “വായനക്കാരനു രസിയ്ക്കുന്ന മട്ടിൽവേണം കഥ എഴുതാൻ. പക്ഷെ ഞാൻ അങ്ങനെയല്ല. എനിയ്ക്ക് രസിക്കുന്ന വിധത്തിലാണ് എഴുതുന്നത്.”[21] വക്താ വിൽ ഒരു ശ്രോതാവും, എഴുത്തുകാരനിൽ ഒരു സഹൃദയനും അടങ്ങിയിരിക്കുമ്പോൾ മാത്രമാണ് രചനാപ്രക്രിയ പൂർത്തിയാകുന്നത്. നിർവചനങ്ങളും സിദ്ധാന്തങ്ങളും പഠിച്ച് രചന നടത്തിയ മറ്റ് എഴുത്തുകാരിൽ നിന്ന് കാരൂരിനെ വ്യത്യസ്തനാക്കുന്നത് രച നയെ കുറിച്ചുള്ള ഈ ബോധ്യമാണ്.

### 4.6. കഥകൾ വർഗ്ഗീകരിക്കുമ്പോൾ

എല്ലാ സാഹിത്യകൗതുകങ്ങളിലും 'കഥ' എന്ന ഒരു ഘടകമുണ്ട്. സ്വാഭാവികമായ ഒരു ഗോത്രവർഗ്ഗപാരമ്പര്യത്തിൽനിന്നാണ് ഇത് കടന്നുവരുന്നത്. പ്രത്യക്ഷീകരണത്തിന്റെ അനുപാതക്രമം, സാഹിത്യരൂപങ്ങൾതോറും വ്യത്യസ്തമാകുമെന്നുമാത്രം. കഥ കൈക്കൊള്ളുന്ന രൂപത്തിന്റെ വൈവിദ്ധ്യം അനന്തമാണ്. കഥയല്ല, കഥ കൈകാര്യം ചെയ്ത രീതിയാണ് കഥാപഠനത്തിൽ നിരീക്ഷണവിധേയമാക്കേണ്ടത്. കഥാസംവിധാനത്തിൽ വ്യാപരിക്കുന്ന എഴുത്തുകാരന്റെ മനസ്സാണ് മൂല്യബോധത്തെ സൃഷ്ടിക്കുന്നത്. കഥാരചന, കഥപറയൽ മാത്രമല്ല, മൂല്യഘടനയെ സൃഷ്ടിക്കൽ കൂടിയാണ്. രചനയിൽനിന്നും രചനാശൈലിയിൽനിന്നും മൂല്യഘടനയെ വേർപെടുത്താൻ കഴിയാത്ത സാഹചര്യങ്ങളിലാണ് ഒരു കഥ, വിശേഷപഠനത്തിന് സാദ്ധ്യത നൽകുന്നത്. അത്തരം കഥകൾ, അർത്ഥവത്താക്കുന്ന കാര്യങ്ങളെ വ്യക്തമാക്കി സ്വയം അർത്ഥവത്തായിതീരുന്നു.

കാരൂരിന്റെ കഥകളെ പഠനസൗകര്യത്തിനുവേണ്ടി പലരും പട്ടികപ്പെടുത്തിയിട്ടുണ്ട്. പഠനലക്ഷ്യങ്ങളാണ് ഈ പട്ടികപ്പെടുത്തലുകൾക്ക് നിദാനം. മനുഷ്യാവസ്ഥകളോടുള്ള പ്രതികരണങ്ങൾ എല്ലാ കഥകളിലും പ്രത്യക്ഷപ്പെടുന്നതിനാൽ ഈ പഠനത്തിൽ സാമ്പ്രദായിക വർഗ്ഗീകരണത്തിന് പ്രസക്തിയില്ല. മനുഷ്യനെക്കുറിച്ചുള്ള വ്യത്യസ്തമായസങ്കല്പങ്ങൾ കേട്ടുമടുത്ത മലയാളകഥയിൽ അവ നേരിട്ടു പറഞ്ഞ് വിരക്തി വർദ്ധിപ്പിക്കാൻ കാരൂർ തുനിഞ്ഞില്ല.

**4.6.1.** വീട് എന്ന സങ്കല്പം പൂർണ്ണമാക്കുന്ന വിവിധ ഘടകങ്ങളുടെ ചേരുവകൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നതാണ്. ഗാർഹികാന്തരീക്ഷത്തിലെ വ്യക്തി, അവന്റെ വിവിധ അവകാശങ്ങൾ, ചുമതലകൾ ഇവയെല്ലാം കാരൂരിന്റെ കഥാലോകത്തിൽ സമഗ്രമായി

പ്രത്യക്ഷപ്പെടുന്നു. മുഖംമൂടികളില്ലാതെ പെരുമാറുന്ന മനുഷ്യൻ സാധാരണ ഗാർഹികാന്തരീക്ഷത്തിന്റെ പ്രത്യേകതയാണ്. നവോത്ഥാന ആശയഗതികൾ പ്രചാരത്തിൽ വരുന്നതിന് മുമ്പ് നിയമങ്ങൾക്ക് സ്വമേധയാ കീഴ്പ്പെടുന്ന മനുഷ്യനെയാണ് കഥാലോകത്ത് കാണാൻ കഴിയുക. എന്നാൽ ചില ഗാർഹികഘടനകളെ ചോദ്യം ചെയ്യാൻ തുടങ്ങുന്ന മനുഷ്യൻ നവോത്ഥാനകാലം മുതൽ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്നുമാറി, അണുകുടുംബ വ്യവസ്ഥയിലേക്കും സംബന്ധത്തിൽനിന്നുമാറി ഊഷ്മളമായ ദാമ്പത്യത്തിലേക്കുമുള്ള പ്രവേശം ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

നവോത്ഥാനകാലം മുന്നോട്ടുവയ്ക്കുന്ന കുടുംബസങ്കല്പത്തിലെ നല്ല വശങ്ങളെ കാരൂർ കഥകളിലവതരിപ്പിക്കുന്നു. നാടുവാഴിത്ത/കൂട്ടുകുടുംബ വ്യവസ്ഥയിലെ നന്മകളുടെ വശംകൂടി ഉൾക്കൊണ്ടാലേ അത് പൂർണ്ണമാവുകയുള്ളൂ എന്ന് കാരൂർ കരുതുന്നുമുണ്ട്. മാതൃത്വത്തിന്റെ സ്നേഹസാന്നിദ്ധ്യവും പിതൃത്വത്തിന്റെ രക്ഷാകർത്തൃസഹജമായ വാത്സല്യവും സാഹോദര്യത്തിന്റെ രാഗവൈരാഗ്യങ്ങളും എല്ലാം മനുഷ്യബോധവുമായി കൂട്ടുപ്പിണഞ്ഞു കിടക്കുന്നതാണെന്ന് തന്റെ കഥകളിൽ കാരൂർ വ്യക്തമാക്കി. പ്രണയവും സ്നേഹവും, കാമവും ദാഹവും, എല്ലാം വ്യത്യസ്തമാണെന്ന് കഥാനുഭവങ്ങളിലൂടെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിക്കുന്നു. സുഖദുഃഖങ്ങൾ അതിന്റെ പൂർണ്ണതയിൽ പങ്കുവയ്ക്കുന്ന ഗൃഹാന്തരീക്ഷം കാരൂർകഥകളുടെ സവിശേഷതയാണ്.[22]

**4.6.2.** വിശപ്പിന്റെ കഥകൾ എന്ന വിശേഷണം കാരൂർ കഥകൾക്ക് ചരിത്രകാരന്മാർ നൽകിയിട്ടുണ്ട്. എന്നാൽ കാരൂർകഥകളിൽ കാണുന്ന വിശപ്പ് വലിയ ഒരർത്ഥത്തെ ഉൾക്കൊള്ളുന്നതാണ്. ദാർശനിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയല്ല അദ്ദേഹം വിശപ്പ് എന്ന വികാരത്തെ അവതരിപ്പിക്കുന്നത്. ദാരിദ്ര്യം സൃഷ്ടിച്ച വിശപ്പ് പൂർണ്ണമായി അനുഭവിപ്പിക്കാൻ തന്റെ കഥകളിൽ കാരൂർ ശ്രദ്ധിച്ചു. ഗാർഹികാന്തരീക്ഷത്തിൽ നിറഞ്ഞു

നിൽക്കുന്ന വിശപ്പ് കാരൂരിന്റെ ആദ്യകഥയിലെ ആദ്യവാചകമായി ചരിത്രത്തിൽ സ്ഥാനം നേടുന്നു. 'പടുകാലം പിടിച്ച തള്ളയും, പേറടുത്ത കെട്ടിയവളും, വയറ് കത്തിത്തളർന്ന കിടാങ്ങളും ഉള്ള കൂരയിലേക്ക് കയറുന്ന ഗൃഹനാഥൻ' വിശപ്പിന്റെ ലോകത്ത് സ്വയം എരിയുന്നവനാണ്.[23] വയറിന്റെ വിശപ്പന്വേഷിക്കേണ്ടവൻ കഥാകാരനല്ല എന്ന് വിമർശകർ പറയുമ്പോഴും കാരൂർ അടിസ്ഥാന പ്രശ്നമായിത്തന്നെ ഈ വിഷയം കൈകാര്യം ചെയ്യുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാൽ ശരിതെറ്റുകളെ കുറിച്ചന്വേഷിക്കാതെ കുറ്റവാളിയായി തീരുന്ന മനുഷ്യൻ, കൂടുതൽ കുറ്റങ്ങളിൽ എത്തിച്ചേരുന്നത് ലോകത്താകെ നവോത്ഥാന കഥാസാഹിത്യത്തിന്റെ പ്രിയപ്പെട്ട വിഷയമായിരുന്നു. വയറിന്റെ വിശപ്പ് മനുഷ്യനെ സന്മാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നു എന്ന ചിന്ത കഥാകാരൻ പ്രചരിപ്പിക്കാമോ എന്ന് നിരൂപകന്മാർ അന്വേഷിച്ചിട്ടുണ്ട്. കാരൂരിന്റെ 'ചെകുത്താൻ' എന്ന കഥയിലെ കിഴവി നിസ്സഹായയായ മറിയത്തോട് "നോയ്ക്കോ, നീയാ കൊച്ചുങ്ങളെ പട്ടിണിക്കിട്ട് കൊല്ലരുത് കേട്ടോ. ദൈവശോദ്യം ഉണ്ടാകും, ഞാൻ പറഞ്ഞേക്കാം" എന്ന് ഉപദേശിക്കുമ്പോൾ മറിയത്തിന്റെ മറുചോദ്യം ശ്രദ്ധേയമാണ്. "പട്ടിണിയിടുന്നതിന് മാത്രമേ ദൈവശോദ്യം ഒള്ളോ" ദൈവം പട്ടിണി കിടക്കുന്നവരുടെ കൂടെയാണോ, പട്ടിണി സൃഷ്ടിക്കുന്നവരുടെ ഒപ്പമാണോ എന്ന ലളിതമായ ചോദ്യമാണ് വിശപ്പിന്റെ കഥകളിൽ കാരൂർ ഉയർത്തുന്നത്. പലർക്കും വിശപ്പ് ഗവേഷണം നടത്താനുള്ള ദാർശനിക പ്രശ്നവും, സൗന്ദര്യാന്വേഷകരായ വിമർശകന്മാർക്ക് അപ്രിയമുണ്ടാക്കുന്ന ഒരു ആവിഷ്കാര പ്രശ്നവുമാണ്. നവോത്ഥാന കഥാകാരന്മാർ അനുഭവിച്ചതും കലാനുഭവങ്ങളിലൂടെ വ്യക്തമാക്കിയതും വിശപ്പിന്റെ യാഥാർത്ഥ്യമാണ്. കാരൂർകഥകളിൽ, വിശക്കുന്ന മനുഷ്യൻ എല്ലാ ധാർമ്മികബോധത്തിനും അതീതനായി നിൽക്കുന്നു. ദാരിദ്ര്യവും വിശപ്പും ഇണപിരിയാത്ത ഇരട്ടകളാണെന്ന് കാരൂർ ഓർമ്മപ്പെടുത്തുന്നു.[24]

**4.6.3.** എല്ലാ കഥാകാരന്മാരുടെയും പ്രിയപ്പെട്ട വിഷയമാണ് മനസ്. ശാസ്ത്രത്തിന് നിർവ്വചിക്കാൻ കഴിയാത്ത മനസ്സിനെ നിത്യമായി പിന്തുടരുന്ന കല, ആവിഷ്കാരങ്ങളിലൂടെ അതിന്റെ അനുഭവസാക്ഷ്യങ്ങളെ ബോദ്ധ്യപ്പെടുത്തുന്നു. ഏകാന്ത അനുഭവിക്കുന്ന മനുഷ്യൻ ചെറുകഥാകാരന്റെ പ്രിയപ്പെട്ട വിഷയവുമാണ്. മനസ്സും ഏകാന്തതയും കാരൂരിന്റെ കഥാലോകത്തെ പ്രധാന പരാമർശങ്ങളാണ്. ഒറ്റപ്പെടലിനെ അതിജീവിക്കാനുള്ള ശ്രമങ്ങളെ ലോകം ഏത് പ്രകാരത്തിലാണ് പരാജയപ്പെടുത്തുന്നത് എന്നതിനെ കുറിച്ചുള്ള അന്വേഷണവും കാരൂർകഥകളിൽ കാണാം. കൂട്ടായ്മയിലാണ് മനുഷ്യത്വം സഫലമാകുന്നത് എന്നും ഒറ്റപ്പെടലിന്റെ തീക്ഷ്ണത വർദ്ധിക്കുംതോറും മനുഷ്യൻ കൂടുതൽ കൂടുതൽ നിസ്സഹായനായി തീരുന്നുവെന്നും ഈ കഥകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഏകാന്തതയുടെ പരിചിതമായ പരിസരങ്ങളല്ല ജീവിതപരാജയങ്ങളുടെയും പരിത്യക്തതയുടെയും സന്നിഗ്ദ്ധ നിമിഷങ്ങളുമാണ് കാരൂർകഥകളിൽ അധികം പ്രത്യക്ഷപ്പെടുന്നത്. യുക്തിക്ക് നിരക്കാത്ത ആധിപത്യങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്ന മനുഷ്യൻ അതിനുള്ള സമരമുഖങ്ങൾ കണ്ടെത്തുന്നത് കൂട്ടായ്മകളിലാണെന്ന ശുഭപ്രതീക്ഷ നിലനിർത്തുന്നവയാണ് ഇതിലെ പല കഥകളും.[25]

ഏകാന്തതയോടെപ്പം മലയാളി ഉപയോഗിക്കുന്ന ഒരു പദമാണ് കാല്പനികത. ഗദ്യശൈലിയിൽ കാല്പനികത അനുഭവിപ്പിക്കുന്ന എഴുത്തുകാർ അപൂർവ്വമാണ്. കാല്പനികതയെക്കുറിച്ചുള്ള ഏതൊരു ചിന്തയിലും വികാരത്തെ കുറിച്ചും ഭാവനയെ കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നുവരും. ഏകാകികളുടെ ജ്വരതപ്തമായ മനസ്സുകളെ അവതരിപ്പിക്കുന്നതിൽ കാല്പനികശൈലി കഥാകൃത്തിന് സഹായകമാകുന്നു. എന്നാൽ കാരൂരിന്റെ കാല്പനികശൈലി വികാരത്തേക്കാൾ കൂടുതൽ വിചാരത്തിന് പ്രാധാന്യം നൽകുന്നതാണ്. ആഖ്യാനത്തിൽ, യഥാർത്ഥലോകത്തിൽനിന്ന് സങ്കല്പലോകത്തിലേക്കും തിരിച്ചും സഞ്ചരിക്കുമ്പോൾ എഴുത്തുകാരൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമർത്ഥ

മായി കൈകാര്യം ചെയ്യാനാണ് കാരൂർ കാല്പനികശൈലി ഉപയോഗിക്കുന്നത്. കാല്പനികതയുടെ സ്വപ്നലോകത്തോട് കാരൂരിന് മമതയില്ല. കാല്പനികനായിരിക്കെത്തന്നെ മുഴുവൻ മനുഷ്യരെയും പൂർണ്ണതയിൽ ഉൾക്കൊള്ളാൻ കാരൂരിന്റെ കഥകൾക്ക് കഴിയുന്നു.[26]

**4.6.4.** ആദർശലോകത്തെക്കുറിച്ച് പറയാത്ത എഴുത്തുകാരില്ല. അതിനെ സൃഷ്ടിച്ചെടുക്കലാണ് തന്റെ കടമ എന്ന് എഴുത്തുകാർ വിശ്വസിക്കാറുണ്ട്. എന്നാൽ താൻ മാത്രമേ ആ കടമ നിർവ്വഹിക്കുന്നുള്ളൂവെന്നും മറ്റുള്ളവരെല്ലാം വിപരീതമാർഗ്ഗത്തിലാണ് സഞ്ചരിക്കുന്നത് എന്നും കരുതുന്ന എഴുത്തുകാരുമുണ്ട്. തന്റെ തത്വശാസ്ത്രത്തെ സർഗ്ഗസിദ്ധിയിൽ അവതരിപ്പിക്കുമ്പോൾ ഒരു എഴുത്തുകാരൻ പുലർത്തേണ്ടുന്ന ജാഗ്രത കാരൂർ കഥകളിൽ കാത്തുസൂക്ഷിച്ചു. സൗന്ദര്യവീക്ഷണത്തിൽ സന്ധിചെയ്യാതെ മൂല്യബോധങ്ങൾ അവതരിപ്പിക്കുന്നതിലും അവയെ മനുഷ്യോചിതമായി പ്രചരിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. വ്യക്തിയെന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും മനുഷ്യൻ ഉയർത്തിപ്പിടിക്കേണ്ട മാനവികതാബോധം കാരൂർ കഥകളിലൂടെ അവതരിപ്പിച്ചു. എന്നാൽ നവോത്ഥാന ചിന്തയിലെ നവലോകക്രമത്തെ കാരൂർ വിമർശനത്തോടെ മാത്രമേ സ്വീകരിച്ചുള്ളൂ. നവലോകത്തിന്റെ മൂല്യക്രമങ്ങൾ നിലവിലുള്ള നന്മകളെ ഇല്ലായ്മ ചെയ്യുന്ന രീതികളിൽ അദ്ദേഹം ആശങ്കാകുലനായിരുന്നു. പ്രായോഗിക ജീവിതശൈലി വിജയം നേടുമ്പോൾ നന്മതിന്മകളെക്കുറിച്ചും ശരിതെറ്റുകളെ കുറിച്ചും വിചാരപ്പെടുന്ന നിരവധി കഥാപാത്രങ്ങൾ കാരൂരിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. പുതിയ ലോകത്തിന്റെ കാപട്യങ്ങളോട് പൊരുത്തപ്പെടാത്തവർ ഉയർത്തുന്ന ചോദ്യങ്ങൾ നവോത്ഥാന കാലഘട്ടത്തിലെ സന്ദിഗ്ദ്ധമനസ്സിന്റെ പ്രതിധ്വനികളാണ്. പ്രായോഗികബുദ്ധി താൽക്കാലിക നേട്ടങ്ങളെ നൽകിയേക്കാമെങ്കിലും അത് നിലനിൽക്കുന്ന വ്യവസ്ഥയിലെ നന്മകളെ ഇല്ലാതെയാക്കുന്ന അവസ്ഥ കാരൂരിന്റെ കഥകളിൽ തെളിഞ്ഞുനിൽക്കുന്നു.

പ്രായോഗികബുദ്ധിയും പ്രയോജനവാദവും ആർത്തി പെരുത്ത മനുഷ്യനെ സൃഷ്ടിക്കുമെന്നും മാനവികതയുടെ ഭാവിയെ ഇരുട്ടിലാക്കുമെന്നും കഥകളിലൂടെ കാരൂർ വ്യക്തമാക്കി. ആധുനിക വിദ്യാഭ്യാസം, ശാസ്ത്രപുരോഗതി, ആസൂത്രിതവികസനം തുടങ്ങിയ നവോത്ഥാനകാല സാമൂഹിക കാഴ്ചപ്പാടുകളെ ത്യാജ്യഗ്രാഹ്യ വിവേചനബുദ്ധ്യാ സ്വീകരിക്കണമെന്ന് അദ്ദേഹം കഥകളിലൂടെ നിർദ്ദേശിച്ചു. ഇത്തരം കഥകളിൽ കാല്പനിക ശൈലിയുടെ മാർദ്ദവമല്ല ക്ലാസിക് ശൈലിയുടെ അഭിജാതഗൗരവമാണ് വായനക്കാരന് അനുഭവപ്പെടുന്നത്.[27]

**4.6.5.** ജനപ്രിയ സാഹിത്യവും ജനകീയ സാഹിത്യവും തമ്മിലുള്ള വ്യത്യാസം കാരൂർ തിരിച്ചറിഞ്ഞിരുന്നു. ചെറുകഥ എന്ന സാഹിത്യരൂപത്തിന് വായനക്കാർ വർദ്ധിച്ചുവന്ന നവോത്ഥാനകാലഘട്ടത്തിൽ വായനക്കാരനെ ജീവിതസമസ്യകളിൽനിന്നും അകറ്റി കൊണ്ടുപോയി കേവലമായ ആത്മസംതൃപ്തിയിലേക്ക് നയിക്കുന്ന ഒരു രചനാരീതി രൂപംകൊള്ളാൻ തുടങ്ങിയിരുന്നു. ജനങ്ങളെ പരിവർത്തിപ്പിക്കാൻ ശ്രമിക്കാത്ത ജനപ്രിയ സാഹിത്യരൂപമായി ചെറുകഥ തരംതാഴരുത് എന്ന ശാഠ്യം കാരൂരിനുണ്ടായിരുന്നു. ചിന്തയ്ക്ക് സാന്നിദ്ധ്യമില്ലാത്ത രചനകൾ മാനവികതാബോധത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കാരൂരിന് അറിയാമായിരുന്നു.

### 4.7. രചനയും മാനവികതാമൂല്യവും

ഹ്യൂമനിസം - മാനവികത - എന്നതുകൊണ്ട് പൊതുവായി ഉദ്ദേശിക്കുന്നത് എന്താണ് എന്നും, അതിന്റെ വികാസപരിണാമങ്ങളും സ്വാധീന സവിശേഷതകളും ഏതെല്ലാം വിധത്തിലായിരുന്നുവെന്നും ഒന്നാം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. നവോത്ഥാനകാലചെറുകഥാകാരന്മാരുടെ മൂല്യസങ്കല്പത്തെക്കുറിച്ചും, അതിൽ മാനവികതാ ബോധത്തിനുണ്ടായിരുന്ന പ്രാധാന്യത്തെക്കുറിച്ചും രണ്ടാമദ്ധ്യായത്തിൽ വില

യിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു എഴുത്തുകാരന്റെ രചനയിൽ ഒരു മൂല്യചിന്ത ലീനമായിരിക്കുന്നതിനെ കുറിച്ച് നിർണ്ണയിക്കാൻ സൂക്ഷ്മമായ ചില നിരീക്ഷണങ്ങൾകൂടി ആവശ്യമായിവരുന്നു. ഏതെങ്കിലും ഒരു മൂല്യത്തിന്റെ പ്രചാരകനാണ് താനെന്ന് ഒരു എഴുത്തുകാരനും മുൻകൂട്ടി പ്രസ്താവിക്കാറില്ല. ഒരു മൂല്യത്തെ താൻ വിശദീകരിച്ചിട്ടുണ്ട് എന്ന് പലപ്പോഴും എഴുത്തുകാർ പോലും തിരിച്ചറിയാറുമില്ല. സമൂഹവുമായുള്ള പ്രതിപ്രവർത്തനത്തിൽ നിന്ന് ഒരു എഴുത്തുകാരന്റെ മനസ്സിൽ രൂപംകൊള്ളുന്ന ആദർശബോധം അനുകൂലമായ സാഹചര്യത്തിൽ പുറത്തുവരികയാണ് ചെയ്യുന്നത്. മനുഷ്യന്റെ പരിതോവസ്ഥകളെ മുൻനിർത്തി പ്രശ്നാപഗ്രഥനത്തിലേക്കും പരിഹാരനിർദ്ദേശത്തിലേക്കും പ്രവേശിക്കുന്ന ഒരു ഹ്യൂമനിസ്റ്റ്എഴുത്തുകാരന്റെ ആദർശബോധം സാമാന്യേന താഴെപറയുന്നവയായിരിക്കും.

മാനവികതയെ മുൻനിർത്തി രചനാപ്രക്രിയയിൽ ഏർപ്പെടുന്ന ഒരു എഴുത്തുകാരൻ വിധിയുടേയും, പ്രകൃതിയുടേയും കളിപ്പാവയായിരിക്കാൻ ഒരിയ്ക്കലും ഇഷ്ടപ്പെടുകയില്ല. സ്വതന്ത്രമായ ആജ്ഞാശക്തിയുടേയും അഭിജാതമായ വികാരത്തിന്റേയും ഉടമായായിരിക്കും അയാൾ. സാഹിത്യപരമായ കാഴ്ചപ്പാടിനോടൊപ്പം സാമൂഹ്യവീക്ഷണവും പ്രധാനമാണ്. താല്ക്കാലികമായ താല്പര്യങ്ങളെ നോക്കിയല്ല ദീർഘകാലത്തേക്കുള്ള നിരീക്ഷണങ്ങളാണ് ഇയാൾ മുന്നോട്ടുവെക്കുന്നത്. ആന്തരികമായ പ്രചോദനത്തിനുകൂടി വിധേയനായി രചനയിലേർപ്പെടുന്ന കലാകാരൻ കലാസത്യത്തെ ആവിഷ്കരിക്കുക മാത്രമാണ് തന്റെ ദൗത്യമെന്ന് ഉറച്ചുവിശ്വസിക്കുന്നു. എന്നാൽ ഒരെഴുത്തുകാരൻ താൻ അറിയാതെ തന്നെ, താൻ പ്രതിനിധാനം ചെയ്യുന്ന കാലത്തിന്റേയും മാനവരാശിയുടെയും സന്ദേശമായിതീരുന്നു. അതിനാൽ ഭൗതികപ്രശ്നങ്ങളെ കുറിച്ചു മാത്രമല്ല, മനുഷ്യസ്വഭാവത്തെകുറിച്ച് സൂക്ഷ്മനിരീക്ഷണം നടത്താനും, ആർജിച്ചെടുത്ത ജ്ഞാനം ലളിതവും സുന്ദരവുമായ ഭാഷയിൽ സമൂഹത്തോട് പറയാനും കഴിയണം.[28]

പോരായ്മകളുടെ ഒരു ചേരുവയാണ് മനുഷ്യൻ എന്ന ധാരണ മനസ്സിൽ വെച്ചു കൊണ്ടു തന്നെ ഈ എഴുത്തുകാരൻ മനുഷ്യനിലുള്ള നന്മയിലും, മാനവരാശിയുടെ പ്രോജ്വലമായ ഭാവിയിലും വിശ്വസിക്കുന്നു. മനുഷ്യനെ മനുഷ്യരുമായി ബന്ധിപ്പിക്കുന്നതിൽ തന്റെ കലാസൃഷ്ടി ഒരു ഇടനിലയായി വർത്തിക്കണമെന്ന് അയാൾ കരുതുന്നു.

ഹ്യൂമനിസത്തിന് വിശ്വാസപ്രമാണങ്ങളേ പാടില്ല എന്നും തത്വചിന്തകൾക്കും സിദ്ധാന്തങ്ങൾക്കും അവിടെ പ്രസക്തിയില്ല എന്നും ടി.എസ്. എലിയറ്റിന്റെ പ്രസ്താവന പ്രൊഫ. കെ.എം. തരകൻ ഉദ്ധരിച്ചിട്ടുണ്ട്. കേവല ഹ്യൂമനിസത്തിന്റെ പ്രസക്തി കുറഞ്ഞുവരുന്ന ഇക്കാലത്ത് എലിയറ്റിന്റെ കാഴ്ചപ്പാട് കാലഹരണപ്പെട്ടതാണ്. "തത്വചിന്ത ഉൾക്കൊള്ളുന്ന കൃതി വില രേഖപ്പെടുത്തിയ സമ്മാനം പോലെയാണെന്ന്" മാർഷൽ പ്രൂസ്റ്റിന്റെ നിഗമനം തരകൻ ഉദ്ധരിക്കുന്നതും ഇക്കാലത്ത് അസംഗതമാണ്.[29]

ഹൃദയവിശാലത, സഹിഷ്ണുത, സമചിത്തത, സുബുദ്ധി എന്നിവയ്ക്ക് ഒരു ഹ്യൂമനിസ്റ്റ് എഴുത്തുകാരൻ നല്കുന്ന പ്രാധാന്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഭിന്നസ്വഭാവക്കാരായ മനുഷ്യരെ ആ സ്വഭാവങ്ങളുടെ പശ്ചാത്തലത്തിൽ തന്നെ വിലയിരുത്താൻ മാനവികതാവാദിയായ ഒരു എഴുത്തുകാരന് കഴിയണം. തന്റെ കഥാപാത്രങ്ങളോട് അമിതമായ മമതയോ അത്യധികം വൈരമോ അയാൾ വെച്ചു പുലർത്തരുത്. ഏതെങ്കിലും കഥാപാത്രത്തെ അതിരുകടന്ന് പരിഹസിക്കാനോ, വിവേകം വിട്ട് ഭത്സിക്കാനോ അയാൾ മുതിരരുത്. പ്രശംസാവചനങ്ങൾ ചൊരിഞ്ഞ് ദിവ്യനാക്കുകയുമരുത്. ഒരു നേർരേഖകൊണ്ട് വകഞ്ഞുമാറ്റാവുന്നതാണ് ലോകത്തിലെ നന്മതിന്മകൾ എന്ന് അയാൾ തെറ്റിദ്ധരിക്കുകയുമരുത്.

നിഷേധാത്മകമല്ല, നിരൂപണാത്മകമാണ് ഹ്യൂമനിസ്റ്റിന്റെ ചിന്താരീതി. നിലവിലുള്ള മൂല്യങ്ങളെ നിലനിർത്തി അനുഭാവപൂർവ്വം മാനവസമുദായത്തെ നിരൂപണം ചെയ്യാൻ

ഹ്യൂമനിസ്റ്റിന് കഴിയണം. ഒരു പുതിയ വീക്ഷണഗതി സൃഷ്ടിക്കുവാൻ അയാൾ ബാദ്ധ്യതപ്പെട്ടവനുമാണ്. ഈ വീക്ഷണഗതി സാമൂഹ്യ പുരോഗതിക്ക് അനുഗുണമാണോ എന്ന് അയാൾ വിവേചിച്ചറിയുകയും വേണം. കാരൂരിന്റെ രചനകൾ ഈ സങ്കല്പങ്ങളോട് നീതി പുലർത്തുന്നതാണ്.

## 4.8. കാരൂരിന്റെ വ്യതിരിക്തത

സിദ്ധാന്തങ്ങൾ ഹൃദിസ്ഥമാക്കി രചന ആരംഭിക്കുന്ന സ്വഭാവം എഴുത്തുകാരനില്ല. സാമൂഹികസന്ദർഭങ്ങളുടെ സ്വാധീനഫലമായി സൗന്ദര്യേതരമായ പല ഘടകങ്ങളും രചനയിൽ വന്നുചേരും. കലാസൗന്ദര്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഈ ഘടകങ്ങളെ കൂട്ടിച്ചേർക്കാൻ കഴിഞ്ഞു എന്നതാണ് കാരൂരിന്റെ വിജയം. നവോത്ഥാന കഥാകൃത്തുക്കൾക്കിടയിൽ കാരൂരിനെ വ്യതിരിക്തനാക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. ആധുനിക പാശ്ചാത്യ യുക്തിബോധത്തെ അതേ പ്രകാരത്തിൽ ഉൾക്കൊള്ളാൻ കാരൂർ തയ്യാറായില്ല. നവോത്ഥാനകാല മൂല്യബോധങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾതന്നെ കേരളത്തിന്റെ ജാതിജന്മി നാടുവാഴിത്ത ക്രമത്തിന്റെ ചില മൂല്യങ്ങളെ നിലനിർത്താൻ ആഗ്രഹിച്ചു.

2. ഏതൊരു മൂല്യവും അത് സൃഷ്ടിച്ച വ്യവസ്ഥകളുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത് എന്നും പുതിയ മൂല്യബോധങ്ങളോട് പൊരുത്തപ്പെടാൻ മനുഷ്യന് പ്രയാസപ്പെടേണ്ടിവരുമെന്നും കഥകളിലൂടെ വ്യക്തമാക്കി.

3. സ്ഥിരോത്സാഹിയും കർമ്മനിരതനുമായ ശരാശരി മനുഷ്യനെ കഥകളിലൂടെ അവതരിപ്പിച്ച കാരൂർ ആദർശപ്രസംഗം ചെയ്യുന്ന കുലീനരായ കഥാപാത്രങ്ങളെ കഥ

കളിൽനിന്ന് ഒഴിച്ചുനിർത്തി.

4. റിയലിസത്തോട് ആഭിമുഖ്യം കാണിച്ച ഒരെഴുത്തുകാരനാണ് കാരൂർ. സാമൂഹിക ജീവിതത്തിന്റെ ദോഷവശങ്ങളെ മാത്രമേ ഒരു റിയലിസ്റ്റ് അവതരിപ്പിക്കാവൂ എന്ന് കാരൂർ കരുതിയില്ല. ഗുണവശങ്ങളെ കൂടി ശ്രദ്ധയിൽപ്പെടുത്തി പരാജയബോധമില്ലാതെ മാനവസമുദായത്തിന്റെ ഉയർന്ന ഭാവിയെ സ്വപ്നം കാണുവാൻ വായനക്കാരെ പ്രേരിപ്പിച്ചു.

5. മനുഷ്യനന്മയ്ക്ക് ഉതകുന്ന പ്രസ്ഥാനങ്ങളിൽ പങ്കാളിയാവുകയും അതിന്റെ ആദർശപിടിവാശിയോട് അകന്നുനിൽക്കുകയും ചെയ്ത കാരൂരിന്റെ വ്യക്തിജീവിതം പൊതുവെ സംഘർഷങ്ങളെ ഇഷ്ടപ്പെട്ടില്ല. എന്നാൽ സാഹിത്യജീവിതത്തിൽ വർഗ്ഗവീക്ഷണത്തിന്റെ (class concept) സ്വാധീനത്താൽ നിസ്വവർഗ്ഗത്തിന്റെ പ്രശ്നങ്ങളെ കഥകളിൽ പക്ഷപാതപരമായി അവതരിപ്പിച്ചു.

6. മറ്റ് ചെറുകഥാകൃത്തുക്കൾ പാശ്ചാത്യമാതൃകകൾ അന്ധമായി പിന്തുടരാൻ ശ്രമിച്ചപ്പോൾ കാരൂർ ഭാരതീയവും കേരളീയവുമായ ആഖ്യാന സമ്പ്രദായത്തെ ചെറുകഥയിൽ കൂടുതൽ ഉപയോഗപ്പെടുത്തി.

ലളിതാംബിക അന്തർജനത്തിന്റെ രചനാലോകത്തെ പൊതുവായി പരാമർശിച്ച് ഇരുവരുടെയും കഥകളെ താരതമ്യപഠനത്തിന് വിധേയമാക്കുകയാണ് അടുത്ത അദ്ധ്യായത്തിൽ.

## കുറിപ്പുകൾ

| | | | |
|---|---|---|---|
| 1. | നീലകണ്ഠപിള്ള കാരൂർ | : | കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978 (ഞാൻ കഥാകാരനായ കഥ എന്ന ലേഖനം) പേജ് 708-715 |
| | ജയചന്ദ്രൻ ടി.എൻ. | : | കഥയുടെ പിന്നിലെ കഥ കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1986, കാരൂരുമായി നടത്തിയ അഭിമുഖം, പേജ് 27-43 |
| | ഒരു സംഘം ലേഖകന്മാർ | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, ലേ: ഞാനെന്തിന് എഴുതുന്നു, പേജ് 175 |
| 2. | രാമകൃഷ്ണൻ ദേശമംഗലം | : | കവിയുടെ കലാതന്ത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989, പേജ് 19 |
| 3. | നീലകണ്ഠപിള്ള കാരൂർ | : | കാരൂരിന്റെ കഥകൾ രണ്ടാംഭാഗം കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 709 |
| 4. | കൃഷ്ണപിള്ള ഇ.വി. | : | ഇ.വിയുടെ തിരഞ്ഞെടുത്ത കൃതികൾ കോട്ടയം: ഡി.സി. ബുക്സ്, 1994, (തകഴിയുടെ പതിതപങ്കജം - അവതാരിക) പേജ് 577 |
| 5. | ഒരു സംഘം ലേഖകന്മാർ | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, ലേ: ഞാനെന്തിന് എഴുതുന്നു, പേജ് 175 |
| 6. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 71 (പി. കുമാരൻനായരുടെ അനുസ്മരണം) |
| 7. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 73, പി.ജി. പിള്ള എഴുതിയ ലേഖനം |
| 8. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 39, നാലാങ്കൽ എഴുതിയ ലേഖനം |

9. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, പേജ് 667
തേക്കുപാട്ട് എന്ന കഥ

10. --------------- : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, (കഥയല്ല എന്ന ഭാഗം)

11. ഒരു സംഘം ലേഖകന്മാർ : കാരൂർ സ്മരണകളും പഠനങ്ങളും
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977, പേജ് 113

12. സരസ്വതി ബി. : ഓർമ്മകൾ ചന്ദനഗന്ധം പോലെ,
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 2004

13. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാം ഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, പേജ് 713

14. ഒരു സംഘം ലേഖകന്മാർ : കാരൂർ (സ്മരണകളും പഠനങ്ങളും)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977, പേജ് 179

15. ജയചന്ദ്രൻ ടി.എൻ. : കഥയുടെ പിന്നിലെ കഥ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1986, പേജ് 36

16. കൃഷ്ണവാരിയർ എൻ.വി. : (അവതാരിക) ഈ സഹായത്തിൽ
ചരടുണ്ട്, കാരൂർ നീലകണ്ഠപിള്ള
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977

17. എം. അച്യുതൻ, ജി. കുമാരപിള്ള എന്നീ നിരൂപകന്മാർ കാരൂരിന്റെ കഥകളെ കുറിച്ച് നടത്തിയ പഠനത്തിലാണ് ഈ പരാമർശം ഏകസ്വരത്തിൽ കാണുന്നത്.

18. നീലകണ്ഠപിള്ള കാരൂർ : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 33-40

19. --------------- : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 143

20. --------------- : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 384

21. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 708

22. അമ്മ, തിരുവാതിര, കൊച്ചനുജൻ, വേലക്കാരി, കുടുംബ ബഡ്ജറ്റ്, എക്സ്ചേഞ്ച്, ഗൃഹനായിക, അച്ഛന്റെ കുട, കൂടപ്പിറപ്പ്, പിടിപ്പുകേട് മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

23. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1975, പേജ് 90

24. അന്നത്തെ കൂലി, പൊതിച്ചോറ്, ഊണിന്റെ കണക്ക്, അത്ഭുതമനുഷ്യൻ, ചെകുത്താൻ ഒന്നാം വാദ്ധ്യാർ മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

25,26 മോതിരം, പൂവമ്പഴം, മരപ്പാവകൾ, സേഫ്റ്റിപിൻ, ഒരു കെട്ടുകഥ മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

27. മരപ്പാവകൾ, കുട്ടികളെത്ര, ഉതുപ്പാന്റെ കിണർ, കയ്പ്പ് മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

28. എഴുത്തച്ഛൻ കെ.എൻ. : കിരണങ്ങൾ, തൃശൂർ: കറന്റ് ബുക്സ്, 1964, പേജ് 99

29. തരകൻ കെ.എം. : തരംഗിണി, കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1969, പേജ് 86-94

അദ്ധ്യായം അഞ്ച്

# മാനവികതാ സങ്കല്പം
# കാരൂരിന്റെ കഥകളിലും അന്തർജനത്തിന്റെ കഥകളിലും
# (സൂക്ഷ്മ താരതമ്യം)

ഒരു പുതിയ സമൂഹം രൂപംകൊള്ളുന്നതിന്റെ ഭാഗമായി ക്രമീകരിക്കപ്പെട്ട മൂല്യ ബോധത്തിൽ മാനവികതയുടെ പ്രാധാന്യം എഴുത്തുകാരിലൂടെയാണ് സമൂഹത്തിലെത്തുന്നത്. നവസാമൂഹികക്രമത്തിന്റെ നിർമ്മിതിയിലും അതിന്റെ സ്ഥിതിവിപര്യയങ്ങളിലും പ്രധാന സ്ഥാനത്ത് നിന്നിരുന്ന ഈ മൂല്യബോധത്തെ എഴുത്തുകാർ ആവിഷ്കരിച്ചതിലെ സവിശേഷതകളെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നത്. താരതമ്യ പഠനത്തിലൂടെയാണ് ഈ അന്വേഷണം നിർവ്വഹിക്കുന്നത്. പഠനത്തിനായി ഈ എഴുത്തുകാരെ തിരഞ്ഞെടുത്തതിലെ സാംഗത്യം മുമ്പ് വിശദീകരിച്ചതാണ്. കാരൂരിന്റെ രചനാസങ്കല്പത്തെ പരിചയപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ, ലളിതാംബികയുടെ കഥാലോകത്തെ മനസ്സിലാക്കുന്നതിനാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ശ്രമിക്കുന്നത്. തുടർന്ന് സൂക്ഷ്മതലത്തിലുള്ള താരതമ്യവും നിർവ്വഹിക്കുന്നു.

## 5.1. കലാവിഷ്കാരവും ലിംഗനീതിയും

സാമൂഹിക ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പുരുഷന്മാരാണ് മാന്യസ്ഥാനങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ളത്. അറിവിന്റെ കുറവുകൊണ്ടും കഴിവിന്റെ പോരായ്മകൊണ്ടുമാണ് സ്ത്രീകൾ പിറകിലായത് എന്നും, ഇപ്പോഴും സ്ഥിതി വ്യത്യസ്തമല്ല എന്നും നിക്ഷിപ്ത താല്പര്യമുള്ളവർ പ്രചരിപ്പിക്കുന്നു. മാനവചരിത്രത്തിന്റെ ആദ്യഘട്ടത്തിലും പ്രാചീന കാർഷികസമൂഹത്തിലും സ്ത്രീക്കായിരുന്നു പ്രഥമസ്ഥാനം. മാതൃ

സംസ്കൃതിയിൽനിന്നാണ് മനുഷ്യസംസ്കൃതി ജന്മമെടുക്കുന്നത്. കുഞ്ഞിന് ആശ്രയവും അഭയവും, സമൂഹത്തിന് ഉഭയവും നൽകി വളർത്തിയത് സ്ത്രീയാണ്. ഫലങ്ങൾ ശേഖരിച്ചും വിത്തുകൾ വേർതിരിച്ചും പ്രകൃതിയെ മനസ്സിലാക്കി പാകിമുളപ്പിച്ചും കാർഷിക സംസ്കൃതിയിലേക്ക് മനുഷ്യനെ നയിച്ചത് സ്ത്രീയാണ്. മനുഷ്യബുദ്ധിയുടെ പ്രഭവ സ്ഥാനങ്ങളിലൊന്ന് സ്ത്രീമനസ്സാണ്. ജനിതകഘടകങ്ങളെ സൂക്ഷ്മവിശകലനം ചെയ്താലും സ്ത്രീയിൽ ധിഷണയുടെ കുറവ് കണ്ടെത്താൻ കഴിയുന്നില്ല. സ്ത്രീ സാമൂഹിക ജീവിതത്തിന്റെ മാന്യസ്ഥാനങ്ങളിൽനിന്ന് പുറകോട്ടുപോയത് സാമൂഹിക വികാസത്തിന്റെ സവിശേഷഘട്ടത്തിലാണ്. കുടുംബവും സ്വകാര്യസ്വത്തും രൂപംകൊള്ളുകയും, കുടുംബം പുരുഷാധിപത്യ സ്വഭാവമുള്ളതായി മാറുകയും ചെയ്തതോടെ സ്ത്രീയുടെ സ്ഥാനം നഷ്ടപ്പെടാൻ ആരംഭിച്ചു. സ്വത്തിന്റെ പിൻതുടർച്ചാവകാശകാര്യത്തിലാകട്ടെ സ്ത്രീയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയ സമൂഹം തുടർന്ന് സ്ത്രീ ഒരു ബാദ്ധ്യത എന്ന നിലയിലാണ് പെരുമാറിവരുന്നത്. സ്വയം സംരക്ഷിക്കുകയും മറ്റുള്ളവരുടെ പോറ്റിവളർത്തുകയും ചെയ്ത മാതൃബിംബത്തിന്റെ മാന്യസ്ഥാനം, പിതൃപ്രാമാണ്യ വ്യവസ്ഥയിലധിഷ്ഠിതമായ പാശ്ചാത്യയുക്തി ലോകത്താകെ വ്യാപിച്ചതോടെ പരാശ്രിതസ്വഭാവത്തിലേക്ക് മാറി.[1] ക്രമേണ വ്യക്തിവികാസത്തിന്റെ ഓരോ ഘട്ടത്തിലും സ്ത്രീയിൽ ആശ്രിത മനോഭാവത്തേയും ആശങ്കാകുലമായ മനസ്സിനേയും വളർത്തി അപകർഷതാബോധം നിലനിർത്തുന്നതിനാണ് സമൂഹം ശ്രമിച്ചത്. മഹത്തായ പരിശ്രമങ്ങൾ നടത്താനുള്ള കഴിവോ അവകാശമോ ഇല്ലാത്തവരാണ് തങ്ങൾ എന്ന് ഭൂരിഭാഗം സ്ത്രീകളും തീർപ്പിലെത്തുന്നത് ഈ സാഹചര്യത്തിലാണ്. വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള സാദ്ധ്യതകൾ ഇല്ലാതിരുന്നതുകൊണ്ടുതന്നെ ഉള്ള കഴിവുകൾപോലും വികസിപ്പിക്കാൻ കഴിയാത്ത സ്ഥിതിയും സംജാതമായി.

**5.1.1.** വിശാലമായ ലോകം കാണുന്നതിനോ, വിഭിന്നസ്വഭാവക്കാരുമായി ഇടപെടുന്ന

തിനോ സ്ത്രീക്ക് അവസരം കിട്ടുന്നില്ല. തങ്ങൾക്കായി പുരുഷകേന്ദ്രീകൃതസമൂഹം നീക്കി വെച്ച പരിമിതലോകത്തിൽ സംതൃപ്തയാകേണ്ടിവരുന്ന സ്ത്രീക്ക് കലയെക്കുറിച്ചോ കലാനിർമ്മിതിയെക്കുറിച്ചോ ശാസ്ത്രീയമായി മനസ്സിലാക്കാൻ കഴിയുന്നില്ല. നൈസർഗ്ഗി കമായ പ്രതിഭ സ്വാഭാവികമായി മനുഷ്യനിൽ ഉണ്ടാക്കുന്ന ആവിഷ്കാരകൗതുകത്തെ, സ്ത്രീകളുടെ കാര്യത്തിൽ ശാസിച്ചും ശിക്ഷിച്ചും ഇല്ലായ്മ ചെയ്യാനാണ് സമൂഹം ശ്രമി ച്ചത്. കലയെക്കുറിച്ചും സന്മാർഗ്ഗികതയെക്കുറിച്ചും വിരുദ്ധാഭിപ്രായങ്ങൾ നില നിൽക്കുന്ന ലോകത്ത് വളരെ ജാഗ്രതയോടെ മാത്രമേ കലാകാരന്മാർ പെരുമാറാറുകയു ള്ളൂ. കലാകാരനെ സംശയദൃഷ്ട്യാ പിന്തുടരുന്ന ലോകസ്വഭാവത്തിൽ വിധിവിലക്കുക ളാൽ ബന്ധിതരായിരുന്ന സ്ത്രീകൾ പൊതുവെ കലാരംഗത്തേക്ക് കടന്നുവന്നതേയില്ല. വൈയക്തിക പ്രതിഭയോടൊപ്പം സാമൂഹിക സാഹചര്യങ്ങളാണ് ഒരു കലാകാരനെ സൃഷ്ടിക്കുന്നത്. സാമൂഹിക ഇടപെടലുകൾക്ക് അവസരം കുറവായതിനാൽ പ്രതിഭയുള്ള സ്ത്രീകൾ പോലും വളർച്ചയിലെത്തിയില്ല. സാഹചര്യങ്ങളെ അതിജീവിച്ച് സ്ത്രീകൾ നടത്തുന്ന ഒറ്റപ്പെട്ട പരിശ്രമങ്ങൾ വിജയം നേടിയാൽപോലും അവർക്ക് സാഹിത്യചരി ത്രത്തിൽ ഇടം നൽകി പ്രചരണം നടത്താൻ അധീശശക്തികൾ തയ്യാറായതുമില്ല.

**5.1.2.** പാശ്ചാത്യ നവോത്ഥാനചിന്തയിൽ അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് സ്ത്രീ പ്രശ്നങ്ങൾ പരിഗണനാവിഷയമായി മാറിയത്. കേരളീയനവോത്ഥാനത്തിന് പാശ്ചാത്യ നവോത്ഥാനത്തിന്റെ യുക്തിചിന്തയും കൊളോണിയൽ ചൂഷണത്തിന്റെ പ്രായോഗിക ചിന്തയുമാണ് ഊർജ്ജം പകർന്നത്. കേരളീയനവോത്ഥാനം ഒരു മനുഷ്യോദയപ്രസ്ഥാ നമാണ് എന്ന് വിവക്ഷിക്കുമ്പോഴും ആ മനുഷ്യസങ്കല്പത്തിൽ നാമമാത്രമായ പരിഗ ണനയേ സ്ത്രീക്ക് ലഭിച്ചിരുന്നുള്ളു. കാവ്യ/കലാ പ്രയോജനത്തെക്കുറിച്ചുള്ള ധാരണ കൾ കാലത്തിനും മൂല്യസങ്കല്പങ്ങൾക്കും അനുസരിച്ച് മാറ്റം വരുന്നവയാണ്. കേര ളീയ നവോത്ഥാനത്തിന്റെ യുക്തിബോധത്തിനനുസൃതമായാണ് നവോത്ഥാനകാല

കലയും സാഹിത്യവും രൂപപ്പെടുന്നത്. നിലനിന്നിരുന്ന ജാതി–ജന്മി–നാടുവാഴി സമൂഹത്തിന്റെ വിധിവിലക്കുകൾ അനുഭവിച്ചിരുന്ന കേരളീയസ്ത്രീസമൂഹത്തിന്, ആധുനിക ധനമൂലധന താല്പര്യങ്ങളുടെ ചൂഷണത്തിനും വഴങ്ങേണ്ടതായി വന്നു. പുരുഷവീക്ഷണത്തിൽ സുരക്ഷിതമെന്നു തോന്നുന്നതും വരുമാനം ലഭിക്കുന്നതുമായ സമൂഹത്തിലെ തൊഴിൽ മണ്ഡലങ്ങളിലേക്ക് സ്ത്രീക്ക് പ്രവേശനം ലഭിച്ചുവെങ്കിലും നേതൃത്വപരമായ ഒരു സ്ഥാനവും അവർക്ക് നൽകാൻ നവോത്ഥാനകാലം തയ്യാറായില്ല. അത് പിടിച്ചുപറ്റേണ്ടതാണെന്ന ബോധം സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയതുമില്ല. ചരിത്രരചനയുടെ താല്പര്യങ്ങൾ കാരണം ഒറ്റപ്പെട്ട സ്ത്രീ മുന്നേറ്റങ്ങൾ ജനമനസ്സുകളിലേക്ക് കടന്നുവന്നതുമില്ല.

**5.1.3.** കലാരംഗത്ത് സ്ത്രീകൾ അപൂർവ്വമായെങ്കിലും പ്രത്യക്ഷപ്പെടുന്നത് സാഹിത്യരചനയിലാണ്. ആവിഷ്കരിക്കുന്നതിനുള്ള ആഗ്രഹം ഒരു ഭാഗത്തും, പലതരം നിയന്ത്രണങ്ങൾ മറുഭാഗത്തും നിലനിൽക്കുന്നതിനാൽ സ്ത്രീകൾ സാഹിത്യത്തെ തെരഞ്ഞെടുത്തത് ചില സൗകര്യങ്ങൾ മുൻനിർത്തിയാണ്. സാഹിത്യത്തിന്റെ ആവിഷ്കാര മാധ്യമം ഭാഷയാകയാൽ ഇതരമാധ്യമങ്ങളേക്കാൾ സൗകര്യമുണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. പ്രതിമാനിർമ്മാണം, ചിത്രം, ശില്പം എന്നിവയേക്കാൾ, ആവിഷ്കൃതരൂപം സമൂഹത്തിൽനിന്ന് മറച്ചുപിടിക്കുന്നതിനും ബാഹ്യലോകം കാണാതെ മനസ്സിലേക്ക് തിരിച്ചെടുക്കുന്നതിനും വേഗത്തിൽ കഴിയുന്നു. സാമൂഹിക വിലക്കുകൾ സൃഷ്ടിച്ച ഏകാന്തലോകത്തിൽ മനഃസഞ്ചാരത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാഹിത്യരൂപം ഉതകും. പ്രകാശിതമാകുന്ന സാഹചര്യം കുറവായിരുന്നുവെങ്കിലും അപൂർവ്വസന്ദർഭങ്ങളിലെങ്കിലും അവ ജനശ്രദ്ധയിൽ വന്നിരുന്നു. അതിൽത്തന്നെ വളരെ കുറച്ചുമാത്രമേ സാഹിത്യചരിത്രത്തിൽ സ്ഥാനം നേടിയുള്ളു.

മലയാള സാഹിത്യചരിത്രത്തിലും സ്ഥിതി വ്യത്യസ്തമല്ല. മലയാള സാഹിത്യ

ത്തിൽ സ്ത്രീകളുടെ നിറഞ്ഞ സാന്നിദ്ധ്യം കാണാമെങ്കിലും അവയെല്ലാം പുരുഷാഭി നിവേശത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. തന്നെപ്പറ്റിയും തന്റെ സമൂഹത്തെപ്പറ്റിയും, തങ്ങളോട് സമൂഹം ചെയ്യുന്ന നീതികേടുകളെക്കുറിച്ചും രചനകളിലൂടെ സംവദിച്ച സ്ത്രീകൾ വളരെ കുറവാണ്. കേരളീയ സമൂഹത്തെ 'പുനഃസൃഷ്ടിച്ചത്' എന്ന് ചരിത്രം വിശേഷിപ്പിക്കുന്ന നവോത്ഥാനകാലത്തുപോലും, സാഹിത്യരംഗത്ത് സ്ത്രീസാന്നിദ്ധ്യം നാമമാത്രമായിരുന്നു. സ്ത്രീലോകത്തിന്റെ വിഷയങ്ങൾ നവോത്ഥാനകാല എഴുത്തു കാരിലൂടെ രചനയിൽ ശ്രദ്ധ നേടിയെങ്കിലും, അതു പുരുഷന്മാരുടെ രചനകളിലൂടെ യാണ്. സമൂഹത്തിന്റെ തുറസ്സുകളിലേക്ക് ഈ ചരിത്രസന്ദർഭവും സ്ത്രീകൾക്ക് പ്രവേ ശനം നിഷേധിച്ചു. എന്നാൽ ഈ കാലഘട്ടത്തിൽ രചനാരംഗത്തേക്ക് ലക്ഷ്യബോധ ത്തോടെ കടന്നുവന്ന രണ്ട് എഴുത്തുകാരികളാണ് ലളിതാംബിക അന്തർജനവും (1909 –1987), കെ. സരസ്വതിഅമ്മയും (1919–1976). 1930–കൾ മുതൽ രചനാരംഗത്ത് സജീവ മായ ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിൽ സ്ത്രീയെകൂടി പരിഗണിക്കുന്ന ഒരു മാനവികതാബോധത്തിന്റെ പ്രത്യക്ഷീകരണങ്ങൾ അന്വേഷിക്കുന്നത് തികച്ചും പ്രസ ക്തമാണ്. കഥാമാതൃകകളെ താരതമ്യം ചെയ്യുന്നതിലൂടെ പുതിയ നിഗമനങ്ങളിലെത്താൻ ഇത് അവസരമുണ്ടാക്കും.

### 5.2. അന്തർജനത്തിന്റെ രചനാലോകം

ലളിതാംബിക അന്തർജനത്തിന്റെ രചനാലോകത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. വ്യത്യസ്തവീക്ഷണങ്ങളെ മുൻനിർത്തി തുടർപഠനങ്ങൾ ഇന്നും നടന്നു വരുന്നു. 2009 അന്തർജനത്തിന്റെ ജന്മശതാബ്ദി വർഷമാകയാൽ ഈ സന്ദർഭത്തിൽ പുതിയ പഠനങ്ങൾ ഉണ്ടാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ ലളിതാംബിക അന്തർജ നത്തിന്റെ ജീവിതസാഹചര്യത്തെയും കഥാലോകത്തെയും സാമാന്യമായി പരാ മർശിക്കുന്നതായിരിക്കും ഉചിതം.

**5.2.1.** സ്ത്രീകളുടെ ഇടയിൽനിന്നും ഉയർന്നുവന്ന എഴുത്തുകാരി, അന്തർജനങ്ങളുടെ വേദന പുറംലോകത്തെ അറിയിച്ച കഥാകാരി, മാതൃത്വത്തിന്റെ ഇതിഹാസകാരി, തുടങ്ങിയ വിശേഷണങ്ങൾ അന്തർജനത്തിന്റെ രചനാമികവിനെ ചുരുക്കി കാണുന്നതിന് ഇടനൽകും. ബാഹ്യമായ ഈ സവിശേഷതകൾക്കപ്പുറം മനുഷ്യന്റെ തൃഷ്ണകളെക്കുറിച്ചും അതിൽ പെൺമനസ്സിന്റെ വ്യതിരിക്തതയെക്കുറിച്ചും സൂക്ഷ്മനിരീക്ഷണം നടത്താൻ ഒരെഴുത്തുകാരി സ്വാഭാവികമായും ശ്രദ്ധിച്ചിരിക്കും. സാമൂഹ്യക്രമങ്ങളുടെ കേന്ദ്രസ്ഥാനത്ത് പുരുഷൻ നിൽക്കുന്ന സാഹചര്യത്തെ തുറന്നുകാട്ടി, അതിന് അവരോടൊപ്പമോ അവരേക്കാൾ കൂടുതലോ അർഹത സ്ത്രീക്കാണെന്ന് പെണ്ണെഴുത്തുകാർ കരുതുന്നു. പൊതുവെ നിലനിൽക്കുന്ന ഈ ധാരണകൂടി പരിഗണിച്ച് അന്തർജനത്തിന്റെ രചനാലോകത്തെ പരിചയപ്പെടുത്തേണ്ടതുണ്ട്.

**5.3. കവിതയിൽനിന്ന് കഥയിലേക്ക്**

കവിതയായിരുന്നു ലളിതാംബിക അന്തർജനത്തിന്റെ ശ്രദ്ധ കടന്നുചെന്ന ആദ്യത്തെ സാഹിത്യരൂപം. ക്രമേണ, താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് ഉചിതമായ മാധ്യമം കഥയാണ് എന്നു മനസ്സിലാക്കിയ അന്തർജനം ആ സാഹിത്യരൂപത്തിൽ ആകൃഷ്ടയായി. ശ്രീമൂലം പ്രജാസഭാമെമ്പറായിരുന്ന കെ.ദാമോദരൻ പോറ്റിയുടേയും നങ്ങയ്യ അന്തർജനത്തിന്റേയും മകളായി കൊട്ടാരക്കര താലൂക്കിലെ കോട്ടവട്ടത്ത് ഇല്ലത്താണ് 1909–ൽ ലളിതാംബികാ അന്തർജ്ജനം ജനിച്ചത്. പെൺകിടാങ്ങളുടെ ജനനം ഒരു ശാപമായി കരുതുന്ന സമുദായത്തിലാണ് ജനിച്ചതെങ്കിലും താൻ സ്വാഗതം ചെയ്യപ്പെട്ട ഒരതിഥി തന്നെ ആയിരുന്നുവെന്ന് ലളിതാംബിക വ്യക്തമാക്കിയിട്ടുണ്ട്.[2] ഔപചാരിക വിദ്യാഭ്യാസത്തിനായി പെൺകുട്ടികൾ പാഠശാലയിൽ പോകുന്നത് നിഷിദ്ധമായിരുന്ന കാലയളവിൽ വീട്ടിലിരുന്ന പഠിച്ചാണ് ലളിതാംബിക ലോകത്തെ മനസ്സിലാക്കിയത്. ഈശ്വരഭക്തയും ഉൽപതിഷ്ണുവുമായ അമ്മയിൽനിന്നാണ് സംസ്കൃതത്തിലെ ബാലപാഠ

ങ്ങളും, മണിപ്രവാളകൃതികളും, ഭാഷാകൃതികളും പഠിച്ചത്. വിദ്യാസമ്പന്നമായ ഒരു കുടുംബപശ്ചാത്തലമാകയാൽ വീട്ടിൽ വന്നിരുന്ന ആളുകളിൽ നിന്ന് ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാഭാവികരീതികളും, ലോകത്തു നടക്കുന്ന സംഭവവികാസങ്ങളും അടുത്തറിയാൻ ലളിതാംബിക അന്തർജനത്തിനു കഴിഞ്ഞു. വീട്ടിൽവന്ന് പഠിപ്പിച്ചുപോയിരുന്ന അദ്ധ്യാപകർ ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനരീതിയനുസരിച്ച് പാഠങ്ങൾ മനസ്സിലാക്കി കൊടുത്തിരുന്നുവെങ്കിലും വ്യക്തിത്വവികസനത്തിനും സാമൂഹ്യ ജീവിയായി പരിണമിക്കുന്നതിനുമുതകുന്ന സ്കൂൾവിദ്യാഭ്യാസം അന്തർജനത്തിനു ലഭിച്ചില്ല. അമനക്കര ഇല്ലത്ത് നാരായണൻനമ്പൂതിരിയുമായുള്ള വിവാഹശേഷം വീട്ടമ്മയായി മാറിയ ലളിതാംബിക, നിരവധി പരിമിതികളെ അതിജീവിച്ച് സാമൂഹ്യപ്രവർത്തനവും, സാഹിത്യ പ്രവർത്തനവും നടത്തി. 1987 ഫെബ്രുവരി 6 ന് 79-ാമത്തെ വയസ്സിൽ നിര്യാതയായി.

ദേശീയ പ്രസ്ഥാനവുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതും, പുരോഗമനസ്വഭാവമുള്ള ഒരു കുടുംബത്തിൽ വധുവായി കയറിച്ചെന്നതും, മഹൽവ്യക്തികളുമായി അടുത്തിടപഴകാൻ കഴിഞ്ഞതുമാണ് ലളിതാംബികയുടെ സർഗ്ഗവാസനയ്ക്ക് ഉത്തേജനം നല്കിയത്. സ്വാമി വിവേകാനന്ദന്റെ മതദർശനവും, മഹാത്മജിയുടെ രാഷ്ട്രീയദർശനവും, ടാഗോറിന്റെ സാഹിത്യദർശനവും, ശ്രീനാരായണഗുരുവിന്റെ മനുഷ്യദർശനവും കുട്ടിക്കാലം മുതൽ ലളിതാംബികയെ സ്വാധീനിച്ചു.[3] ഇതിൽ ഗാന്ധിജിയുടെ രാഷ്ട്രീയ ദർശനത്തോടുള്ള ആദരവാണ് സാഹിത്യരചന ഉൾപ്പെടെയുള്ള തന്റെ ജീവിതചിന്തകളെ നിയന്ത്രിച്ചിട്ടുള്ളത് എന്നും അവർ പറയുന്നു. പൊതുവെ ശാന്തമായ ഒരു വ്യക്തിജീവിതം ആയിരുന്നു അന്തർജനത്തിന്റേത്. എന്നാൽ സംഭവബഹുലമായ കാലത്തിന്റെയും നിർണ്ണായകമായ ചരിത്രത്തിന്റെയും ഒപ്പം സഞ്ചരിച്ച ഒരു വ്യക്തി എന്നനിലയിൽ അതിന്റെ സ്വാധീനം അന്തർജനത്തിന്റെ കാഴ്ചപ്പാടുകളിൽ ഉണ്ടായിരുന്നു. ഇത്

സാഹിത്യരചനയെയും സ്വാധീനിച്ചു.

"ഇരുട്ടിന്റെ ഇടനാഴിയിലുള്ള എന്റെ ജീവിതം ആരംഭിച്ചപ്പോൾ അതു സുപചരിചിതമായ സത്യമാണെന്ന് അറിയാമായിരുന്നുവെങ്കിലും ഞാൻ ആകെ ഞെട്ടിപ്പോയി. പുറത്തെ വാതിൽ അടഞ്ഞപ്പോൾ എന്റെ അകത്തെ വാതിൽ തുറന്നു. എന്റെ ദൃഷ്ടി അന്തർമുഖമായി. പലതും ഞാൻ അടുത്തുകണ്ടു, കേട്ടു, തൊട്ടറിഞ്ഞു. കണ്ണീരില്ലാത്ത കരച്ചിൽ. ശ്വാസമില്ലാത്ത ജീവിതം. ചോര ചിതറാത്ത മുറികൾ മനുഷ്യജീവികളല്ല, നിഴലുകൾ. പ്രതിമകൾ. ചിട്ടപ്പെടുത്തി വെച്ചരീതികളിൽ അവർ ചലിക്കുന്നു. നിശ്ചലമായി ചലിക്കുന്നുവെന്ന് പറയാം. ചിരിയും കരച്ചിലുമെല്ലാം ഒരുപോലെ, ഈ അതിദയനീയമായ ജീവിതത്തിന്റെ നൊമ്പരം പോലും അറിവാൻ കഴിയാത്ത നിസ്സഹായർ. അവരുടെ വേദനകളും ചോദനകളുമെല്ലാം എന്നിലേക്ക് ഒഴുകി വന്നു.[4] ഈ പരാമർശത്തിന്റെ തുടർച്ചയായി തന്റെ കഥാവീക്ഷണത്തെകുറിച്ചും, അതുരൂപം കൊണ്ട സാഹചര്യത്തെകുറിച്ചും രണ്ടു ലേഖനങ്ങളിൽ അന്തർജനം വിശദീകരിച്ചിട്ടുണ്ട്.[5]

താൻ ആദ്യം എഴുതി തുടങ്ങിയത് കവിതയാണെന്നും എന്നാൽ വിചാരത്തിന് സ്ഥാനമില്ലാത്തതുകൊണ്ടും, പറയാനുള്ള മുഴുവൻ അതിലൊതുക്കാൻ കഴിയാത്തതുകൊണ്ടുമാണ് താൻ കഥാരചനയിലേക്ക് തിരിഞ്ഞതെന്നും അവർ സൂചിപ്പിക്കുന്നു. സ്വന്തം കുടുംബത്തിലേയും സ്വസമുദായത്തിലേയും അവശതയനുഭവിക്കുന്ന സ്ത്രീകളുടെ അനുഭവതീക്ഷ്ണമായ ജീവിതമാണ് ലളിതാംബിക അന്തർജനത്തിന്റെ ആദ്യകാല കഥകളിൽ ചിത്രീകരിക്കപ്പെട്ടത്. സമൂഹത്തിൽ നിലനിന്നിരുന്ന വിധി വിലക്കുകളെ അതിജീവിച്ച് ഒരു കഥാകാരിയായി അറിയപ്പെടാനും അതുനിലനിർത്താനും അന്തർജനം വളരെ പ്രയാസപ്പെട്ടു. എന്തിനെഴുതുന്നു എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ഈ കഥാകാരിക്കുണ്ട്.

"സാമുദായിക ജീവിതത്തിന്റെ ഇടുങ്ങിയതും ജീർണ്ണിച്ചതുമായ കഴുക്കോലുകൾ പൊളിച്ചുമാറ്റുന്നതോടൊപ്പം അവിടെ പരിഷ്കൃതവും ആരോഗ്യകരവുമായ പുതിയ മന്ദിരം പണിയാനുള്ള കരുക്കൾ ഇണക്കുന്നതും കലാകാരന്റെ-കലാകാരിയുടേയും-കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. നോവലാകട്ടെ, ചെറുകഥയാവട്ടെ, കവിതയാവട്ടെ, കലാസൃഷ്ടിയെല്ലാം അതിന്റെ ഉപാധിമാത്രം."[6]

**5.3.1.** അന്തർജനത്തിന്റെ കഥകളെകുറിച്ച് നടന്ന ശ്രദ്ധേയമായ പഠനങ്ങളിലൊന്ന് അവരുടെ തിരഞ്ഞെടുത്തകഥകൾക്ക് കെ. സുരേന്ദ്രൻ എഴുതിയ അവതാരികയാണ്. അന്തർജനം ഒരു പഠനം എന്ന സമാഹാരത്തിലും ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. മർദ്ദിതമായ മനുഷ്യത്വത്തിന്റെ കവിയാണ് ലളിതാംബിക അന്തർജ്ജനം എന്ന വിശേഷണം അവർക്കു നല്കിയശേഷം, അവരുടെ മാനവിക വീക്ഷണത്തെ സുരേന്ദ്രൻ വിലയിരുത്തിയത് തികച്ചും സങ്കുചിതമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ്. മർദ്ദിതമായ മനുഷ്യത്വം എന്നു പറയുമ്പോൾ ഏട്ടിൽ പതിഞ്ഞ മർദ്ദിത ജനവിഭാഗമായ തൊഴിലാളികളുടെ കാര്യമായിരിക്കും ആദ്യം മനസ്സിൽവരികയെന്നും സമ്പന്നരെല്ലാം ചൂഷകൻമാരാണെന്ന് സാഹിത്യലോകം പൊതുവെ വിലയിരുത്തിയിട്ടുണ്ടെന്നും പറയുന്ന ലേഖകൻ ലളിതാംബികയുടെ കഥകളെ താൻ എപ്രകാരമാണ് വിലമതിക്കുന്നത് എന്നു സൂചിപ്പിക്കുന്നു.

"സർക്കാരുൾപ്പെടെയുള്ള മർദ്ദക വിഭാഗത്തിന്റെനേരെ കുറച്ചൊന്നുമല്ല നമ്മുടെ കഥയെഴുത്തുകാർ തീപ്പന്തങ്ങളെറിഞ്ഞത്. അക്കൂട്ടത്തിൽ ആകാവുന്ന ഒരു പങ്ക് ലളിതാംബികാ അന്തർജ്ജനവും വഹിച്ചിട്ടുണ്ട്. (ഉദാ: ഒളിവിൽ നിന്ന് ഒളിവിലേക്ക്, അച്ഛന്റെ മകൻ) ഇതിൽ അവർ ഇന്നും അഭിമാനിക്കുന്നുമുണ്ടാവാം. അതെന്തായാലും ഇത്തരം കഥകളുടെ പേരിലല്ല ഞാനവരെ മർദ്ദിതമായ മനുഷ്യത്വത്തിന്റെ കവിയെന്നു വിളിക്കുന്നത്. ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പാളയത്തിൽ മുറിവേറ്റു കിടക്കുന്ന

വരെ മാത്രം നോക്കി സഹതപ്പിക്കുന്നതു മർദ്ദിതമായമനുഷ്യത്വത്തോടുള്ള സഹതാപ മായി ഞാൻ കണക്കാക്കുന്നില്ല."[7]

നാനാപ്രകാരത്തിലുള്ള ചൂഷണത്തിനും, പീഡനത്തിനും, തിരസ്കാരത്തിനും വിധേയനാകുന്ന നിസ്സഹായനായ മനുഷ്യന്റെ, പ്രശ്നപരിസരങ്ങളെ സമീപിക്കുമ്പോൾ ആർക്കും നിഷ്പക്ഷനാകാൻ കഴിയുകയില്ല. പ്രഹരിക്കുന്നവനും പ്രഹരമേല്ക്കുന്നവനും ഒരേപോലെ സഹാനുഭൂതിക്ക് പാത്രീഭൂതനാണെന്നവാദം ഒരു പരിഷ്കൃതസമുദായത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ല. അന്തർജനത്തിന്റെ കഥാലോകത്തെകുറിച്ച് സുരേന്ദ്രൻ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ മികവുറ്റതാണെങ്കിലും അവരുടെ മാനവിക വീക്ഷണ ത്തെകുറിച്ച് അദ്ദേഹത്തിന്റെ ഉപദർശനം സാഹിത്യവിദ്യാർത്ഥിയെ വഴിതെറ്റിക്കാനേ ഉപകരിക്കൂ.

അന്തർജനത്തിന്റെ കഥകളുടെ മറ്റൊരു ദോഷം അതിൽ കാണുന്ന 'വാചാലത' യാണെന്ന് എം.അച്യുതൻ ചൂണ്ടികാണിച്ചിട്ടുണ്ട്.[8] ഇതു നവോത്ഥാനകാല കഥകളുടെ ഒരു പൊതു ദോഷമാണ് എന്ന് മിക്ക വിമർശകന്മാർക്കും അഭിപ്രായമുണ്ട്. കഥാകഥന ത്തിന്റെ "നൂറ്റൊന്നാവർത്തിച്ച ക്ഷീരബലയായിരിക്കണം" ചെറുകഥ[9] എന്ന് നവോ ത്ഥാനകാല ചെറുകഥാകൃത്തുക്കൾ വിശ്വസിച്ചിരുന്നില്ല. ആദർശങ്ങൾ പറഞ്ഞു ഫലി പ്പിക്കാനുള്ള തീവ്രശ്രമത്തിൽ കടന്നുവന്ന വാചാലത സ്വാഭാവികം മാത്രമാണ്. സത്യത്തിന്റെ സ്വരം വിനീതവും അനാർഭാടവുമായിരിക്കുമെന്നും സത്യത്തിന്റെ സ്വര മാണ് സാഹിത്യമെന്നും, ഇതറിഞ്ഞ് തങ്ങൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന്റെ ആശയം വ്യക്തമാക്കുകയും, ഭാവിയ്ക്കുവേണ്ടി പ്രതീക്ഷിക്കുകയും ചെയ്യുകയാണ് നല്ല കലാ കാരന്റെ-കലാകാരിയുടേയും കടമ എന്ന ലളിതാംബികയുടെ വാക്കുകൾ ഇവിടെ സ്മര ണീയമാണ്.

**5.3.2.** മറ്റെല്ലാ നവോത്ഥാന സാഹിത്യകാരന്മാരെയും പോലെ മാനവജീവിതത്തിന്റെ ധർമ്മസങ്കടങ്ങളേയും കർമ്മവിഘ്നങ്ങളേയും സഹാനുഭൂതിയോടെ നോക്കി കാണാനും, അവ പരിഹരിക്കാനുള്ള പ്രയത്നത്തിൽ പരിമിതികൾക്കകത്തു നിന്നുകൊണ്ട് പങ്കാളിയാകാനും ലളിതാംബികാ അന്തർജനം ശ്രദ്ധിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനവുമായുള്ള, ബന്ധംകൊണ്ട് കൈവരിച്ച മതനിരപേക്ഷ ചിന്താഗതിയും, നവോത്ഥാനകാല ഘട്ടത്തിലെ സമുദായപരിഷ്കരണചിന്തയും പുരോഗമനസാഹിത്യപ്രസ്ഥാന ത്തിൽനിന്നും ആർജിച്ച നിസ്വവർഗ്ഗത്തോടുള്ള, സഹാനുഭൂതിയും ലളിതാംബികാ അന്തർജനത്തിന്റെ രചനാസങ്കല്പത്തിന് രൂപം നല്കി.

**5.3.3.** സ്വസമുദായത്തിലെഅനാചാരങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള വ്യഗ്രതയാണ് ലളിതാംബിക അന്തർജനത്തെ ചെറുകഥാകാരിയാക്കിയ മറ്റൊരു ഘടകം. ജീവിച്ചിരുന്ന കാലഘട്ടം, ആഖ്യാനശൈലി, സാമൂഹ്യപ്രശ്നങ്ങളോടുള്ള പ്രതിജ്ഞാബദ്ധത തുടങ്ങിയ വിഷയങ്ങളിൽ പൊതുഭാവുകത്വം പങ്കുവെച്ചവരാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ. എന്നാൽ ഇവരിൽ പൊൻകുന്നം വർക്കിക്കും അന്തർജനത്തിനും മറ്റ് എഴുത്തുകാരേക്കാൾ പ്രയാസങ്ങൾ നേരിടേണ്ടതായിവന്നു. താൻ ജനിച്ചതും ജീവിച്ചുകൊണ്ടിരിക്കുന്നതുമായ ക്രിസ്തുമതത്തിലെ പൗരോഹിത്യം ലോകത്തോടു കാണിക്കുന്ന നീതികേടുകളെയാണ് പൊൻകുന്നംവർക്കി തന്റെ രചനകളിലൂടെ ചോദ്യം ചെയ്തത്. ഇതിന് മതത്തിൽ നിന്ന് ശിക്ഷകൾ ഏറ്റുവാങ്ങാൻ വർക്കി നിർബ്ബന്ധിതനായി. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളുടെ കഷ്ടപ്പാടുകൾ ഏറ്റുവാങ്ങിയിരുന്നവർ അഫൻനമ്പൂതിരിമാരും സ്ത്രീകളുമായിരുന്നു. അഫൻനമ്പൂതിരിമാർക്കിടയിൽ നിന്നാണ് വി.ടി. ഭട്ടിതിരിപ്പാട്, എം.പി. ഭട്ടതിരിപ്പാട്, എം.ആർ. ഭട്ടതിരിപ്പാട് മുതലായ നമ്പൂതിരി നവോത്ഥാന നായകന്മാർ സാഹിത്യരചനയിലേക്ക് കടന്നു വരുന്നത്. സമാനമായ പ്രശ്നങ്ങൾ നേരിടുന്ന സ്വസമുദായത്തിലെ സ്ത്രീകൾക്കിടയിൽനിന്നും

എഴുത്തുകാർ ഉയർന്നുവരണമെന്ന് ഈ നേതാക്കൾ ആഗ്രഹിച്ചിരുന്നു. സ്വസമുദായത്തിലെ ഉൽപതിഷ്ണുക്കളായ മുൻഗാമികൾ തുടങ്ങിവെച്ചതും, മറ്റു പ്രവർത്തനങ്ങൾക്കിടയിൽ അവർക്ക് പൂർത്തീകരിക്കാൻ കഴിയാതെ വന്നതുമായ കഥാരംഗത്തെ സേവനങ്ങൾ തുടരാനാണ് ലളിതാംബിക യത്നിച്ചത്.

**5.3.4.** ഭാരതീയ സാഹിത്യത്തിലെ ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവുമാണ് ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യ വീക്ഷണത്തെ ഏറ്റവും അധികം സ്വാധീനിച്ച കൃതികൾ എന്ന് അവർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യകഥാനുഗായികളായ ഈ കൃതികൾക്ക് സാംസ്കാരിക ചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിച്ചും ഈ കൃതികളിലും സ്ത്രീകഥാപാത്രചിത്രണത്തിലെ വ്യതിരിക്തതയെ വിലയിരുത്തിയും അന്തർജനം നടത്തിയ പഠനം ശ്രദ്ധേയമാണ്.[10] രാമായണത്തിലെ സീത, ഊർമിള, അഹല്യ മണ്ഡോദരി എന്നീ കഥാപാത്രങ്ങളുടേയും മഹാഭാരതത്തിലെ ഗാന്ധാരി, ദ്രൗപതി, അംബ, സത്യവതി എന്നീ കഥാപാത്രങ്ങളുടേയും ജീവിതം മൂലഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ 'സീത മുതൽ സത്യവതിവരെ' എന്ന കൃതിയിൽ അപഗ്രഥന വിധേയമാക്കുന്നു. കഥാകഥനം, വാങ്മയചിത്രണം, കാവ്യഭാഷണം, ആത്മപരത, വസ്തുനിഷ്ഠത, ജീവിത വ്യാഖ്യാനം, വിമർശനം എന്നിവയെല്ലാം അന്തർജനത്തിന്റെ നിരൂപണത്തിന് വിധേയമാകുന്നുണ്ട്. ഈ ഇതിഹാസഗ്രന്ഥങ്ങളിൽ നിന്ന് ഉൾക്കൊണ്ട ധാർമ്മിക മൂല്യങ്ങളെ വളർത്തി കൊണ്ടുവരാൻ ഉള്ള അനുകൂലമായ ഒരു സാഹചര്യമാണ് അന്തർജനത്തിന്റെ ജീവിതത്തിലുണ്ടായിരുന്നത്.

യാഥാസ്ഥിതിക കുടുംബ പാരമ്പര്യങ്ങളിൽ ജീവിക്കുന്ന ഒരു വ്യക്തിക്ക് മാറുന്ന മൂല്യബോധങ്ങളെ ഉൾക്കൊള്ളാനുള്ള സാഹചര്യം വളരെ കുറവാണ്. സാഹചര്യത്തെ അതിജീവിച്ച് ദേശീയ പ്രസ്ഥാനത്തിന്റേയും നവീന വിദ്യാഭ്യാസത്തിന്റേയും, നവോത്ഥാന ചിന്തയുടേയും മൂല്യബോധത്തെ ഉൾക്കൊള്ളാൻ അന്തർജനത്തിനു കഴിഞ്ഞു.

നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്ത അന്തർജനം വി.ടി.ഭട്ടതിരിപ്പാടിന്റെയും, എം.ആർ.ബി.യുടേയും നാടകങ്ങളുടെ സ്വാധീനശക്തിയും, പ്രചോദനദൗത്യവും മനസ്സിലാക്കി. പാർവതി നെമ്മിനിമംഗലം, ആര്യാ പള്ളം തുടങ്ങിയ നമ്പൂതിരി സ്ത്രീകളുടെ ഘോഷാബഹിഷ്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ അന്തർജനം ആവേശപൂർവം ഉൾക്കൊണ്ടു. മാവേലിക്കരയിൽ ഇവർക്കു നല്കിയ സ്വീകരണത്തിന് ഘോഷബഹിഷ്കരിച്ചും, മറക്കുടവലിച്ചെറിഞ്ഞും അന്തർജനം പങ്കെടുത്തു. കുടുംബപശ്ചാത്തലത്തിൽ നിന്ന് ചെറിയ എതിർപ്പുണ്ടായെങ്കിലും ആ എതിർപ്പുകളെ അതിജീവിക്കാനും; ജാതിഭേദമില്ലാത്ത ഒരു ലോകത്തിനുവേണ്ടി ദേശീയപ്രസ്ഥാനം നടത്തിയ ആഹ്വാനം കലാകുശലതയിൽ പൂർത്തീകരിക്കാനും അന്തർജനം ശ്രദ്ധിച്ചു.

**5.3.5.** സ്ത്രീ എന്ന നിലക്ക് തനിയ്ക്ക് പൊതുവെയുള്ള പരിമിതികളും നമ്പൂതിരി സ്ത്രീ എന്ന നിലയിൽ നിലനിന്നിരുന്ന സവിശേഷമായ പരിമിതികളും ആദ്യമേതന്നെ അവർ മനസ്സിലാക്കിയിരുന്നു. അതിനെ അതിജീവിക്കാനാവശ്യമായ മുൻക്കുരുതലുകൾ അവർ എടുക്കുകയും ചെയ്തു. സമൂഹത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ, വിശിഷ്യാ സാഹിത്യമണ്ഡലത്തിൽ അർഹിക്കുന്ന ഗൗരവത്തോടെ കടന്നുവരാൻ സ്ത്രീകൾ ശ്രദ്ധിക്കുന്നില്ലെന്നും, കടന്നുവരുന്നവരെ തന്നെ പ്രോത്സാഹിപ്പിക്കാൻ സമൂഹം തയ്യാറല്ലെന്നും അന്തർജനം മനസ്സിലാക്കി. ഏറ്റക്കുറച്ചിലോടു കൂടിയാണെങ്കിലും, സ്ത്രീയുടെ പ്രശ്നങ്ങൾ എല്ലാ സമുദായത്തിലും ഒരു പോലെയാണെന്ന് അവർ തിരിച്ചറിഞ്ഞു.

**5.4. അന്തർജനത്തിന്റെ മനുഷ്യവീക്ഷണം**

അന്തർജനത്തിന്റെ കഥകളിലെ മനുഷ്യവീക്ഷണം സവിശേഷ പരാമർശം അർഹിക്കുന്നു. ഒരു എഴുത്തുകാരി എന്ന നിലയിൽ മാതൃത്വത്തിന്റെ അടിസ്ഥാന സ്വാധീനം

അവരുടെ കഥകളിൽ കാണാം. പെണ്ണെഴുതുമ്പോൾ സ്വാഭാവികമായും കടന്നുവരുന്ന താണ് ഈ കാഴ്ചപ്പാട് എന്ന് സാമാന്യമായി പറയാം. എന്നാൽ മനുഷ്യമനസ്സിലെ മാതൃ സങ്കല്പത്തെ പരമാവധി പ്രയോജനപ്പെടുത്താൻ ലളിതാംബിക അന്തർജനം ശ്രദ്ധിച്ചു.

**5.4.1.** ജനനവും ശൈശവവും അമ്മയെ ആശ്രയിച്ചാകയാൽ മനുഷ്യനിലെ മാതൃസ്വാ ധീനം മരണംവരെ നിലനിൽക്കും. വ്യക്തിജീവിതത്തിന്റെ ഭിന്നതലങ്ങളിൽ മാതൃത്വ ത്തിന്റെ സ്വാധീനം കാണാം. ഈ സാന്നിദ്ധ്യം ആശ്വാസമായും ആശ്രയമായും മനു ഷ്യൻ നിലനിർത്തുന്നു. ആചാരാനുഷ്ഠാനങ്ങൾ, ഉത്സവാഘോഷങ്ങൾ, ആരാധനാരീ തികൾ എന്നിവയിൽ മാതൃസ്മരണ നിറഞ്ഞുനിൽക്കും. ദ്രാവിഡഗോത്രപാരമ്പര്യത്തിലും ആര്യവരേണ്യ പാരമ്പര്യത്തിലും ഇതിന്റെ അനുപാതം വ്യത്യസ്തമാണെന്ന് മാത്രം. മാതൃസങ്കല്പം വ്യത്യസ്തമേഖലകളിലേക്ക് വ്യാപിക്കുന്നതും സാധാരണമാണ്. മനു ഷ്യൻ പ്രകൃതിയിൽനിന്നാണ് അന്നവും ആശ്രയവും സ്വീകരിക്കുന്നത്. അമ്മയോടുള്ള അതേ അടുപ്പവും ആദരവും പ്രകൃതിയോടും കാണിക്കുന്നതിനാൽ പ്രകൃതിയെ മഹാ മാതാവ് (Great mother) എന്ന നിലയിലും സമൂഹം കണക്കാക്കുന്നു.[11] കന്യകയായും വധുവായും ഭോഗാസക്തയായ കാമിനിയായും സമൂഹത്തിൽ സാന്നിദ്ധ്യമറിയിക്കുന്ന സ്ത്രീത്വം, വിളനൽകുന്ന മാതൃത്വവും വിളികേൾക്കുന്ന ദൈവവുമാണ്. നല്ലവളും നന്മ നിറഞ്ഞവളും സംരക്ഷകയുമായ മാതാവിന്റെ, വന്യവും ഭീതിദവുമായ മറ്റൊരു മുഖം സമൂഹത്തിന് പരിചിതമാണ്. പ്രകൃതിയുടെ നിറഭേദങ്ങളും കാലാവസ്ഥ വ്യതിയാനവും എല്ലാം ചേർന്നു കാണുന്ന ഭയപ്പെടുത്തുന്ന ആ അവസ്ഥ സമൂഹത്തിന് സുപരിചിതമാ ണ്. കറുത്ത മാതാവ് (Black mother) എന്ന സങ്കല്പത്തിൽ ഇത് സാമൂഹ്യാവസ്ഥകളിൽ നിറഞ്ഞുനിൽക്കുന്നു.[12] രക്തദാഹം പ്രാകൃത സ്വഭാവം, വന്യത, പൈശാചികത എന്നി വ ഈ അമ്മയുടെ സ്വഭാവരീതിയായി സങ്കല്പിക്കുന്നു. ഇങ്ങനെ ഭിന്നരൂപങ്ങളിലുള്ള സ്ത്രീത്വത്തിന്റെ പ്രത്യക്ഷീകരണങ്ങൾ സാഹിത്യത്തിൽ സാധാരണമാണ്.

വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയ കവികൾ ഈ സാദ്ധ്യതകളെ കവിതയിൽ പ്രയോജനപ്പെടുത്തി. കഥാകൃത്തുക്കൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത ഈ സാദ്ധ്യതയെ കഥയിൽ സമർത്ഥമായി ഉപയോഗിച്ചത് ലളിതാംബിക അന്തർജനമാണ്. അന്തർജനത്തിന്റെ കഥകളിലെ മനുഷ്യസങ്കല്പത്തിൽ സ്ത്രീകൂടിപങ്കാളിയാവുന്നിനാലാണ് അവരുടെ മനുഷ്യവീക്ഷണം വ്യതിരിക്തമാകുന്നത്.

**5.4.2.** പ്രത്യയശാസ്ത്രങ്ങളോടുള്ള ആഭിമുഖ്യത്തിലും മൂല്യപ്രചാരണത്തിനുള്ള വ്യഗ്രതയിലും സ്ത്രീ ആയതുകൊണ്ടുള്ള സവിശേഷ പക്ഷപാതങ്ങളും അന്തർജനത്തിന്റെ കഥകളിൽ കാണാം. മുന്നൂറിലധികം കഥകൾ അന്തർജനം എഴുതിയിട്ടുണ്ട്. പല കഥകളും അപ്രകാശിതങ്ങളാണ്. പതിനാറ് കഥാസമാഹാരങ്ങൾ അന്തർജനത്തിന്റേതായി പുറത്തുവന്നിട്ടുണ്ട്.[13] ആവർത്തനസ്വഭാവമുള്ള ഇതിവൃത്തങ്ങളും, കേവലാദർശപ്രചാരണത്തിന്റെ ഇടുങ്ങിയ പശ്ചാത്തലവും കാരണം ഗുണനിലവാരം കുറഞ്ഞ ചില കഥകൾ മാറ്റിനിർത്തിയാൽ അന്തർജനത്തിന്റെ കഥാലോകം ചിന്തിക്കുന്നവരും കർമ്മനിരതരുമായ മനുഷ്യർ നിറഞ്ഞുനിൽക്കുന്നതാണ്. ഈ കഥകൾ മാതൃപരിചരണത്തിന്റെ സാന്നിദ്ധ്യം അനുഭവിപ്പിക്കുന്നവയുമാണ്.

**5.4.3.** മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം അന്തർജനത്തിന്റെ പ്രിയപ്പെട്ട കഥാവിഷയമാണ്. മാതൃസംസ്കാരവും മാതൃദായക്രമവും മാനവരാശിയുടെ വികാസപരിണാമത്തിന്റെ ഓരോ ഘട്ടത്തിലും ചർച്ച ചെയ്യപ്പെട്ടു. മാതാവിനെ കേന്ദ്രീകരിച്ചുള്ള സമൂഹസങ്കല്പം തികച്ചും സ്വാഭാവികമാണെന്നും (natural) പിതൃദായ സമൂഹം തീർത്തും അസ്വാഭാവികമാണെന്നും നരവംശ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.[14] ആദ്യകാലസമൂഹത്തിൽ സ്ത്രീകൾ ഭർത്താക്കന്മാരുടെ സ്വകാര്യസ്വത്തോ മുതിർന്ന മക്കളാൽ സംരക്ഷിക്കപ്പെടുന്നവരോ ആയിരുന്നില്ല. അമ്മയും കൃഷിയും എല്ലാം രക്ഷാകർതൃത്വത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലവും നിഗൂഢലക്ഷ്യവും അന്തർജനത്തിന്റെ കഥ

കളിലെ പ്രധാന ഇതിവൃത്തമാണ്. കൃഷിയെ അകന്നുനിന്ന് വീക്ഷിച്ച ഒരു സമുദായക്രമത്തിന്റെ പരിമിതികൾ മാറ്റിനിർത്തിയാൽ, അവരുടെ കഥകളിൽ മണ്ണും മനുഷ്യനും കൃഷിയുമായി ബന്ധപ്പെട്ട ജീവജാലങ്ങളും മാതൃസ്മൃതിയായി നിറഞ്ഞുനിൽക്കുന്നു.[15]

**5.4.4.** സാർവ്വലൗകികതയിൽനിന്നും സവിശേഷമായ സ്ത്രീത്വത്തിന്റെ അവസ്ഥ ചിത്രീകരിക്കുന്നതാണ് രണ്ടാമത്തെ ഗണത്തിൽ പെടുന്ന കഥകൾ. വിവാഹം, പ്രസവം, രോഗം മുതലായ ജീവിതാവസ്ഥകളും വൈധവ്യം, വിരക്തി, അവഗണന, നിന്ദ മുതലായ സാമൂഹ്യാവസ്ഥകളും, കുടുംബത്തിലെ ദാരിദ്ര്യം, പട്ടിണി മുതലായ സാമ്പത്തികാവസ്ഥകളും അന്തർജനത്തിന്റെ കഥകളിൽ പ്രതിഫലിക്കുന്നു. ഇതിൽ പ്രധാനം ജീവിതാവസ്ഥകളും സാമൂഹ്യാവസ്ഥകളും ചിത്രീകരിക്കുന്ന കഥകളാണ്. വിവാഹം, സ്ത്രീയെ കീഴ്പ്പെടുത്താനുള്ള ഉപായമായി കാണുകയും കുടുംബം അവളെ തളച്ചിടാനും അവഹേളിക്കാനും അവഗണിക്കാനുമുള്ള ഉപകരണമായി മാറുകയും ചെയ്യുന്നതിലുള്ള അമർഷമാണ് ഈ ഗണത്തിൽപ്പെട്ട കഥകളുടെ മുഖ്യപ്രമേയം. പുരുഷാധിപത്യ സമൂഹം സ്ത്രീയോട് കാണിക്കുന്ന അത്യാചാരങ്ങളും അവൾ അന്വേഷിക്കുന്ന രക്ഷാമാർഗ്ഗങ്ങളും ഒരുപോലെ അവൾക്ക് കഠിനാനുഭവങ്ങളായി മാറുന്നു എന്ന യാഥാർത്ഥ്യം അനുഭവിപ്പിക്കുന്നതാണ് ഇത്തരം കഥകൾ.[16]

**5.4.5.** നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്ക് ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ശാന്തിയോ സമാധാനമോ സമൂഹം നൽകുന്നില്ലെന്ന അനുഭവസത്യം അന്തർജനം കഥകളിലൂടെ ആവിഷ്കരിച്ചു. ശൈശവബാല്യങ്ങളിൽ പോലും പരിമിതമായ സ്വാതന്ത്ര്യം മാത്രമാണ് അവർക്കുള്ളത്. മൂടുപടത്തിനകത്ത് നടക്കുന്ന ഈ സംഘർഷങ്ങളെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ, ഇതരസമുദായങ്ങളിലെ സഹോദരിമാരുടെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ലെന്ന് അവർക്കറിയാമായിരുന്നു. വിവാഹാനന്തരജീവിതത്തിൽ സ്നേഹസൗഹാർദങ്ങൾ കുറയുന്നതും വൈരുദ്ധ്യങ്ങൾ കൂടിവരുന്നതും എന്തു

കൊണ്ട് എന്ന അന്വേഷണവും ഈ വിഭാഗത്തിൽപ്പെട്ട കഥകളിൽ കാണാം. ഇത്തരം വൈരുദ്ധ്യങ്ങൾ മനുഷ്യമനസ്സിലെ വൈകൃതങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നത് എന്ന നിരീക്ഷണവും ആ കഥകളെ ശ്രദ്ധേയമാക്കുന്നു.[17] മാതൃത്വത്തിന്റെ മഹത്വവും അനപത്യത ഉണ്ടാക്കുന്ന ദുഃഖവും അന്തർജനത്തിന്റെ പല കഥകളിലും പ്രത്യക്ഷപ്പെടുന്നു. അമ്മയായി ഇരിക്കെത്തന്നെ മകന്റെ സ്നേഹമോ സാന്നിദ്ധ്യമോ അനുഭവിക്കാൻ കഴിയാത്തവരുടെ വ്യഥകളും തേങ്ങലുകളും ആ കഥകളിലുണ്ട്. എടുത്തുവളർത്തിയ കുഞ്ഞിലൂടെ മാതൃത്വത്തിന്റെ പൂർണ്ണതയും തുടർന്ന് സാഹചര്യങ്ങളാൽ ദാമ്പത്യത്തിന്റെ അവസ്ഥയും അനുഭവിക്കുന്ന സ്ത്രീകളും അവരുടെ കഥാലോകത്തുണ്ട്. രോഗവും ദാരിദ്ര്യവും ഒരുപോലെ ആക്രമിക്കുന്നത് സ്ത്രീകളെ ആണെന്നും, ഇത്തരം സന്ദർഭങ്ങൾ അവരുടെ ഒറ്റപ്പെടലിന്റെ തീവ്രത വർദ്ധിപ്പിക്കുന്നുവെന്നും ആ കഥകൾ നമ്മെ പഠിപ്പിക്കുന്നു.[18] അകാലവൈധവ്യം നമ്പൂതിരിസമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങളിലൊന്നായിരുന്നു. വൈധവ്യം ഉണ്ടാക്കുന്ന ഏകാന്തത കഥാകാരന്മാർക്ക് പ്രിയപ്പെട്ട വിഷയമാണ്. വർണ്ണനാപ്രധാനമായ ഒരു കഥാവിഷയം എന്ന നിലയിലല്ല അനുഭവിച്ചറിഞ്ഞവരുടെ ആത്മനൊമ്പരം എന്ന നിലയിലാണ് ഈ അവസ്ഥ അന്തർജനത്തിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. വൈധവ്യത്തിന്റെ മാനസിക പ്രശ്നങ്ങളും ശാരീരിക പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും വ്യത്യസ്തമാണ്. വിധവയുടെ അസംതൃപ്തമായ മനസ്സ് എഴുത്തുകാരനും വായനക്കാരനും ഒരുപോലെ വികാരാവേശമുണ്ടാക്കുന്ന വിഷയമാണ്. അടക്കിവെക്കാൻ കഴിയാത്ത രതിവികാരങ്ങൾ സഞ്ചരിക്കുന്ന മാർഗ്ഗങ്ങളെ പ്രാകൃതമായ ഒരാനന്ദത്തോടെ വർണ്ണിക്കുന്നവരും വായിക്കുന്നവരും അനുഭവിക്കുന്ന ആത്മസുഖം മലയാളകഥാപഠനത്തിലെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. മനുഷ്യൻ സൃഷ്ടിക്കുന്ന വിധികളാൽ വിധവകളായിത്തീരുന്നവർക്ക് ഒരു മനുഷ്യജീവിയുടെ പരിഗണന നൽകാൻ തയ്യാറായ എഴുത്തുകാരി അന്തർജനമാണ്. ധ്വനിസാന്ദ്ര

മായ ഭാഷയിൽ വ്യംഗ്യമര്യാദയോടെ അവതരിപ്പിച്ച ഈ സ്ത്രീപ്രശ്നത്തെ മനുഷ്യപ്ര ശ്നമാക്കാനും അന്തർജനം ശ്രദ്ധിച്ചു. സ്ത്രീയായതുകൊണ്ടുമാത്രം വിവാഹിതയാവു കയും, വിവാഹിതയായ മാത്രയിൽത്തന്നെ വിധവയാവുകയും ചെയ്ത വിധിയുടെ വേട്ട മൃഗങ്ങൾ നമ്പൂതിരിസമുദായത്തിന്റെ സവിശേഷപ്രശ്നമാണെങ്കിലും അത് സമൂഹം ഏറ്റെടുക്കേണ്ട പ്രധാന പ്രശ്നമാണെന്ന് അന്തർജനം കഥകളിലൂടെ അറിയിച്ചു. വിധവ യുടെ മുമ്പിൽ ജീവിതമാണോ മരണമാണോ അഭികാമ്യമെന്ന ചോദ്യമുയർത്തുന്ന സമൂ ഹത്തോട്, അവളും മനുഷ്യനാണെന്ന് ഓർമ്മിപ്പിക്കാൻ അന്തർജനം ശ്രദ്ധിക്കുന്നു.[19]

**5.4.6.** സ്ത്രീയെ ശരീരം മാത്രമായി കാണുന്ന അവസ്ഥയിൽനിന്ന് മനസ്സും ശരീരവും ചേരുന്ന മാനവബോധത്തിലേക്കുള്ള മാറ്റം നവോത്ഥാനകഥകളിൽ പൊതുവെ കാണാം. ക്ലാസിക്, നിയോക്ലാസിക് സാഹിത്യവുമായി പരിചയപ്പെട്ടിരുന്ന അന്തർജനത്തിന്റെ കഥ കളെ, ആ കാവ്യസങ്കല്പത്തിലെ 'ഭോഗോപകരണമായ സ്ത്രീ' എന്ന കാഴ്ചപ്പാട് സ്വാധീ നിച്ചതേയില്ല. കവിതയോടുള്ള താല്പര്യമാണ് അന്തർജനത്തെ സാഹിത്യലോകത്തേക്ക് എത്തിക്കുന്നത്. മലയാളകാല്പനികകവിതയിൽ ദേവതയോ പിശാചോ ആയി മാറി മാറി കടന്നുവരുന്ന സ്ത്രീസങ്കല്പവും അന്തർജനം കഥകളിൽ കാണാൻ കഴിയില്ല. സ്വത്വ ബോധത്തെക്കുറിച്ചുള്ള പരിമിതമായ ധാരണപോലുമില്ലെങ്കിലും നൈസർഗികമായി പ്രതിഷേധിക്കുന്ന സാധാരണസ്ത്രീ മുതൽ റാഡിക്കൽ ഫെമിനിസ്റ്റ് എന്ന ഗണ ത്തിൽപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾവരെ അന്തർജനത്തിന്റെ കഥകളിൽ പ്രത്യക്ഷ പ്പെടുന്നു.

നമ്പൂതിരി നവോത്ഥാനം സ്ത്രീകൾക്കുവേണ്ടി ആ സമുദായത്തിലെ പുരുഷന്മാർ ഉണ്ടാക്കിയതാണെന്ന ധാരണ നിലവിലുണ്ട്. നവോത്ഥാനകാലത്തിലെ നേതാക്കളും പ്രചാ രകന്മാരും മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്തവരാണെന്നുള്ള പ്രചരണവും നിലവി ലുണ്ട്. കേരളീയ നവോത്ഥാനത്തിന്റെ ഒരു പരിമിതിയും ഇതാണെന്ന് ചിലർ വാദിക്കു

ന്നു. ആദർശധീരന്മാരായി സാമൂഹ്യരംഗത്ത് പ്രത്യക്ഷപ്പെടുന്ന പുരുഷന്മാർ പുറംലോകത്ത് ആഘോഷപൂർവ്വം കൊണ്ടാടപ്പെടുമ്പോൾ കുടുംബാന്തരീക്ഷത്തിന്റെ അകത്തളങ്ങളിൽ അവർ വെറും 'പുരുഷ'നായി മാറുകയും ഭാര്യമാരോട് അവഗണനയോ അധികാരപ്രമത്തതയോ കാണിക്കുന്നത് സർവ്വസാധാരണമാവുകയും ചെയ്യും. പരിഗണിക്കപ്പെടുന്നില്ലെന്നതു മാത്രമല്ല അവഗണിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയുടെ മനോലോകത്തെ സൂക്ഷ്മാർത്ഥത്തിൽ അവതരിപ്പിക്കുന്നതിൽ അന്തർജനം ശ്രദ്ധിക്കുന്നു.[20]

**5.4.7.** ദേശീയപ്രസ്ഥാനത്തിന്റെ ഗതിവിഗതികളും സോഷ്യലിസ്റ്റ് ആശയഗതിയുടെ വ്യതിരിക്തതയും സമൂഹത്തിൽ പൊതുവെ കാണുന്ന സാമ്പത്തികപ്രശ്നങ്ങളും അന്തർജനം കഥകളിൽ അവതരിപ്പിക്കുന്നുണ്ട്. പരിചിതമായ കേരളീയാന്തരീക്ഷത്തിൽനിന്നും അപരിചിതമായ ഭാരതീയ പശ്ചാത്തലത്തിലേക്ക് നീങ്ങുന്ന കഥകൾപോലും ദേശീയബോധത്തിന്റെ ഭാഗമായി അവർ രചിച്ചിട്ടുണ്ട്. ആശയത്തേക്കാൾ ആവേശമാണ് ഈ കഥകളുടെ ജീവൻ.[21]

### 5.5. അന്തർജനത്തിന്റെ രചനാശൈലി

പ്രചരണപരതക്ക് മുൻതൂക്കമുള്ള വി.ടി. ഭട്ടതിരിപ്പാടിന്റെ രചനാശൈലിയാണ് അന്തർജനത്തിന്റെ കഥാരചനയെ ഏറെ സ്വാധീനിച്ചത്. രചനാരീതിയിൽ റിയലിസമാണ് അന്തർജനത്തിന് താല്പര്യമുള്ള സാഹിത്യപ്രവണത. യഥാതഥവർണ്ണനയുടെ പരിമിതി സാമൂഹ്യവിമർശനത്തിനുള്ള വ്യഗ്രതയാണ്. റിയലിസത്തിന്റെ ഈ ദോഷത്തെകൂടി ഉൾക്കൊണ്ടാണ് അന്തർജനം ഈ രചനാരീതി തെരഞ്ഞെടുത്ത് എന്നുകാണാം. ശൈലീവ്യതിയാനങ്ങൾ അന്തർജനത്തിന്റെ കഥകളിൽ കാണാൻ പ്രയാസമാണ്. നിലവിലിരുന്ന മലയാളഭാഷയുടെ രചനാരീതി ഋജുവും ലളിതവുമാണെന്ന് ഈ എഴുത്തുകാരി കരു

തി. പൂർണ്ണവാചകങ്ങളിൽ ആശയവ്യക്തത വരുത്തുന്ന രചനാരീതി കഥകളിൽ ദീക്ഷിച്ച കഥാകാരിയാണ് അന്തർജനം. കാവ്യഭാഷ അവരുടെ കഥകളിൽ അപൂർവ്വമായി കടന്നു വരുന്നുണ്ട്. ബിംബകല്പനകളിൽ മാതൃസങ്കല്പം കഴിയുന്നത്ര നിലനിർത്തുന്നുമുണ്ട്.

കഥാപാത്രങ്ങളുടെ ചിന്താധാരയെ പിന്തുടർന്ന് അവർ എത്തിപ്പെടുന്ന അവസ്ഥ കളിൽ വായനക്കാരനെ കൂടി പങ്കാളിയാക്കുന്ന രചനാരീതി അന്തർജനത്തിന് പ്രിയപ്പെ ട്ടതാണ്. ബോധധാരാക്രമത്തെ കഥാരചനയിൽ ഉപയോഗപ്പെടുത്തുന്നത് ഒരെഴുത്തു കാരന് ഒരേസമയം സാദ്ധ്യതയും ബാദ്ധ്യതയും സൃഷ്ടിക്കുന്നു. ആഖ്യാനത്തിൽ ഒരു നിസ്സംഗ മനോഭാവത്തെ ആദ്യന്തം കാത്തുസൂക്ഷിക്കാം എന്നതാണ് ഒരു സാദ്ധ്യത. കഥയുടെ ഗതിവിഗതികളിൽനിന്ന് അന്യനായി വേറിട്ടുനിൽക്കാൻ എഴുത്തുകാരന് ഇത്തരം സന്ദർഭങ്ങളിൽ കഴിയും. എന്നാൽ ബോധധാരാരീതിയിലുള്ള രചനകളിൽ മനോലോകത്തിന്റെ അനാവരണം (discover) മാത്രമേ നടക്കുന്നുള്ളൂവെന്നും നവ്യ സൃഷ്ടി (invention) നടക്കുന്നില്ലായെന്നും നിരൂപകന്മാർ വാദിക്കും. കഥാപാത്രങ്ങൾ തന്നെ എഴുത്തുകാരന്റെ സൃഷ്ടിയാകയാൽ ഉപബോധമനസ്സ് എന്ന സങ്കല്പം സാഹി ത്യത്തിൽ പ്രസക്തമല്ലെന്നും ഇവർ വാദിക്കുന്നു.[22] മനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ പിൻബ ലത്തോടെ സ്വീകരിച്ച ഒരു ആഖ്യാനതന്ത്രമായിട്ടല്ല സ്വാഭാവികമായി വാർന്നുവീഴുന്ന ഒരു രചനാസമ്പ്രദായം എന്ന നിലയ്ക്കാണ് അന്തർജനത്തിന്റെ കഥകളിൽ ബോധധാര ക്രമം പ്രത്യക്ഷപ്പെടുന്നത്.

### 5.6. കഥ സാധിക്കുന്നത്

അധികാരഘടനയുടെ സവിശേഷതകൾ, വ്യക്തിസ്വാഭാവങ്ങൾ എന്നിവയാൽ സ്വയംസൃഷ്ടിച്ചെടുത്ത ഏകാന്തതയിൽ നിവസിക്കുന്ന ഒറ്റയൊറ്റയായ മനുഷ്യരെ ഒരു സമുദായമായി പരിണമിപ്പിക്കുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് വലുതാണ്. പരസ്പരം

കാണാനോ പരിചയപ്പെടാനോ കഴിയാത്തവർ പോലും ഒരു എഴുത്തുകാരന്റെ ആഖ്യാനവൈഭവത്താൽ കാലാന്തരത്തിലും ചിരപരിചിതരായിതീരുന്നു. അതുകൊണ്ടു തന്നെ സാഹിത്യം സാഹിതീയമായ ഒരു ഉല്പന്നമോ വൈയക്തികമായ ഒരു ഉപഭോഗ വസ്തുവോ മാത്രമല്ല, അനുസ്യൂതം തുടരുന്ന മാനവജീവിതത്തിന്റെ വിശാലമായ ഒരു പ്രകടിതരൂപം കൂടിയാണ്. എന്നാൽ ഒരു വായനാസാമഗ്രി എന്ന നിലയ്ക്ക് കലാസൃഷ്ടി വിലയിരുത്തപ്പെടുക സ്വാഭാവികമാണ്. ജീവിതത്തിൽ നിന്നു പിറവികൊള്ളുന്ന കലാസൃഷ്ടി, അതിനാധാരമായിവർത്തിച്ച ജീവിതത്തിന് പുതിയ ധാരണകളെ സംഭാവന ചെയ്യാൻ പര്യാപ്തമാകുന്നു. എല്ലാ സാഹിത്യരൂപങ്ങൾക്കും ഈ കാഴ്ചപ്പാടുകൾ ബാധമാണെങ്കിലും, കഥ എന്ന സാഹിത്യരൂപം ഈ കാഴ്ചപ്പാടിനെ കൂടുതൽ സാർത്ഥകമാക്കുന്നു. ഏതെങ്കിലും ഒരു തത്വജ്ഞാനത്തെകുറിച്ച് അന്വേഷിക്കാനോ, മഹാമനീഷികളുടെ ജീവിത ദർശനങ്ങളെ കണ്ടെത്താനോ ഒരാളും കഥാവായനയിലേക്ക് കടക്കാറില്ല. എന്നാൽ അയാൾ അറിയാതെ, അയാളുടെ മനസ്സിൽ നിരന്തരം നടന്നിരുന്ന നിരവധി വിചിന്തനങ്ങളെ ഉത്തേജിപ്പിക്കാൻ കഥയ്ക്ക് കഴിയുന്നു. താൻമാത്രമല്ല മറ്റുപലരും ഇത്തരം സങ്കീർണ്ണ സമസ്യകളെ കുറിച്ച് അന്വേഷിക്കുന്നവരാണെന്നുള്ള വസ്തുത ഏതൊരുവായനക്കാരനേയും, താനും സമഷ്ടിയുടെ ഭാഗമാണെന്ന ചിന്തയിലേക്ക് എത്തിക്കുന്നു. ചെറുകഥ, കഥാംശംകൊണ്ടോ, കഥനാംശംകൊണ്ടോ അല്ല വ്യഷ്ടിയെ സമഷ്ടിയുടെ ഭാഗമാക്കുന്നതിലാണ് പൂർണ്ണമാകുന്നത്. ഓരോരുത്തരും കഥ വായിക്കുന്നത് സ്വന്തമായ ചില നിലപാടുകളിൽ നിന്നായിരിക്കും. എന്നാൽ ഒറ്റയായ ആസ്വാദനതലത്തിനുമപ്പുറമുള്ള കൂട്ടായ ഒരാസ്വാദനതലം ഏതൊരു കഥയ്ക്കുമുണ്ടെന്ന് നാം മനസ്സിലാക്കുന്നു. ഇതിൽനിന്നും ഉരുത്തിരിയുന്ന അവബോധമാണ് ആ കഥ മുന്നോട്ടുവയ്ക്കുന്ന മൂല്യം.

### 5.7. സൂക്ഷ്മതാരതമ്യത്തിന്റെ പ്രസക്തി

കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജനത്തിന്റെയും കഥകളെ ആസ്പദമാക്കി നടന്ന പൊതുപഠനങ്ങൾ നിരവധി നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അക്കാദമിക് താല്പര്യത്തോടെ നടന്ന ഗവേഷണഫലമായി സൂക്ഷ്മതല വിശകലനങ്ങളും പുറത്തുവന്നിട്ടുണ്ട്. അത്തരം നിഗമനങ്ങളിൽനിന്നുള്ള ഒരു തുടരന്വേഷണമാണ് സൂക്ഷ്മതാരതമ്യം ലക്ഷ്യമാക്കുന്നത്.

നവോത്ഥാനകാലഘട്ടത്തിലെ മൂല്യസങ്കല്പങ്ങളെയും മാനവികതാബോധത്തെയും ഈ എഴുത്തുകാർ ഏത് പ്രകാരത്തിലാണ് സ്വാംശീകരിച്ചത് എന്നും കഥകളിലൂടെ ഏത് പ്രകാരത്തിലാണ് ആവിഷ്കരിച്ചത് എന്നും കാലാന്തരത്തിലേക്ക് അവർ എന്താണ് നിരീക്ഷണരൂപത്തിൽ ബാക്കിവെച്ചത് എന്നുമാണ് ഇവിടെ അന്വേഷിക്കുന്നത്. നിലനിന്നിരുന്ന വ്യവസ്ഥയിലെ മൂല്യബോധം ഏതൊരു വ്യക്തിയെയും സ്വാധീനിക്കും. ആ മൂല്യബോധവും ജീവിതവും തമ്മിലുള്ള പാരസ്പര്യത്തെ ഇവർ അന്വേഷിച്ചിരിക്കും. പുതിയ മൂല്യബോധത്തിന്റെ പിറവിക്കാധാരമായ സാമൂഹ്യസന്ദർഭങ്ങളെ ഇവർ സമീപിച്ചതിൽ വ്യതിരിക്തതകൾ ഉണ്ടാകും. മനുഷ്യൻ നിസ്സഹായനാകുന്ന സാഹചര്യങ്ങളിലാണ് മൂല്യചിന്തകൾ കൂടുതൽ തീവ്രതയോടെ ഉയർന്നുവരുന്നത്. അവനെ നിസ്സഹായനാക്കുന്ന ഘടകങ്ങൾ പലതരത്തിലുള്ളതാണ്. ഇത്തരം സന്ദർഭങ്ങളിൽ നിരാശക്കിട നൽകാതെ അവനെ കർമ്മനിരതനാക്കാൻ കല ശ്രദ്ധിക്കാറുണ്ട്. 'അധികാരം' എന്ന ഘടനയാണ് മൂല്യങ്ങളെ സ്ഥാപിക്കുന്നതും സംഹരിക്കുന്നതും. ഏതൊരു അധികാര ഘടനയും സാമൂഹ്യ സാമ്പത്തിക ഘടനയുടെ ഉൽപന്നമാണ്. പാശ്ചാത്യ അധികാര ഘടനയും ഇവിടെ നിലനിന്നിരുന്ന തദ്ദേശീയമായ അധികാരഘടനയും തമ്മിലുള്ള സമന്വയവും സംഘർഷവും നവോത്ഥാന കഥാകൃത്തുക്കൾ നിരീക്ഷിച്ചതും നിഗമന

ത്തിലെത്തിയതും ഇവിടെ പഠനവിധേയമാക്കുന്നു.

മനുഷ്യനെ, കേന്ദ്രസ്ഥാനത്തുനിർത്തി മനസ്സിലാക്കാൻ ശ്രമിക്കവേ സാമൂഹ്യഘടനയുടെ സ്വഭാവരീതികൾക്ക് കീഴ്പ്പെട്ട് അവനു വരുന്ന രൂപപരിണാമങ്ങൾ അന്വേഷിച്ചിട്ടുണ്ട്. മനുഷ്യന് നേർവിപരീതമായ അവസ്ഥ സംഭവിക്കുന്ന സാഹചര്യങ്ങൾ ഇവരെ വേദനിപ്പിച്ചിട്ടുമുണ്ട്. കഥയിൽ ഈ സന്ദർഭങ്ങൾ എങ്ങനെ കടന്നുവരുന്നു എന്ന അന്വേഷണം കാലികപ്രസക്തിയുള്ള വിഷയമാണ്.

**5.8. താരതമ്യത്തിലെ പരിഗണനാവിഷയങ്ങൾ**

ബ്രിട്ടീഷിന്ത്യയിലെ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ പൗരബോധം വളർന്നുവന്ന സാഹചര്യം പാശ്ചാത്യ അധിനിവേശവുമായി ബന്ധപ്പെട്ടതാണ്. നാടുവാഴിത്തത്തിന്റെ ഘടനയെ ഇല്ലാതാക്കി മാത്രമേ മുതലാളിത്ത സാമ്പത്തികവ്യവസ്ഥയ്ക്ക് ഒരു പ്രദേശത്ത് വ്യാപിക്കാൻ കഴിയൂ. 1795 മുതൽ തിരുവിതാംകൂറിൽ പാശ്ചാത്യ അധികാരഘടനയ്ക്ക് മാന്യമായ സ്ഥാനം ലഭിച്ചു. നാടുവാഴിത്തവുമായി സന്ധിചെയ്താണ് തിരുവിതാംകൂറിൽ ആധുനിക പാശ്ചാത്യാധികാരം നിലവിൽവരുന്നതും അതിന്റെ സാമ്പത്തിക വീക്ഷണമായ മുതലാളിത്തം വ്യാപിക്കുന്നതും.

വളരാൻ ആരംഭിച്ച മുതലാളിത്ത വ്യവസ്ഥയുടെ മൂല്യബോധവും നാശോന്മുഖമായ നാടുവാഴിത്ത വ്യവസ്ഥയുടെ മൂല്യബോധവും സമൂഹത്തിൽ സൃഷ്ടിച്ച പ്രതികരണങ്ങൾ ഈ കഥാകൃത്തുകളുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നവിധം സൂക്ഷ്മസന്ദർഭത്തിൽ താരതമ്യം ചെയ്യുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്.

കാരൂർ നീലകണ്ഠപിള്ളയുടെ 'ഓട്ടുകോരിക' എന്ന കഥയും അന്തർജനത്തിന്റെ 'മനുഷ്യപുത്രി' എന്ന കഥയും താരതമ്യപഠനത്തിന് വിധേയമാക്കുന്നതിലൂടെ നാടുവാ

ഴിഞ്ഞ സാമ്പത്തിക ഘടനയുടെ തകർച്ചക്ക് കാരണമായ ആന്തരവൈരുദ്ധ്യങ്ങളും, ആ വ്യവസ്ഥയുടെ ശിഥിലമായ മൂല്യബോധത്തിൽ ഞെരുങ്ങുന്ന മനുഷ്യരുടെ ദയനീയാവസ്ഥയും വിശകലനം ചെയ്യാം.[23]

ആധുനികീകരണത്തിന്റെ ഭാഗമായി അധികാരഘടന സൃഷ്ടിക്കുന്ന നിയമവ്യവസ്ഥ, പ്രകൃതിയോടും ജീവജാലങ്ങളോടും മനുഷ്യനോടും കാണിക്കുന്ന ദയാരാഹിത്യത്തെ ഈ എഴുത്തുകാർ നിരീക്ഷിച്ച രീതിയാണ് സവിശേഷപഠനം നടത്തുന്ന രണ്ടാമത്തെ മേഖല. കാരൂരിന്റെ 'പൗണ്ടർ പോത്തൻ' എന്ന കഥയും ലളിതാംബികയുടെ 'ഓടക്കുഴലിന്റെ നാദം' എന്ന കഥയുമാണ് ഈ പഠനത്തിനായി തെരഞ്ഞെടുക്കുന്നത്.[24]

സ്ത്രീത്വവും മാതൃത്വവും പുതിയ സാമൂഹ്യക്രമത്തിൽ കഥയിൽ ആവിഷ്കൃതമാകുന്നത് എങ്ങനെയെന്നതാണ് മറ്റൊരു സൂക്ഷ്മസന്ദർഭമായി പരിഗണിക്കുന്നത്. കാരൂരിന്റെ 'ഒടുവിലത്തെ മകൻ', അന്തർജനത്തിന്റെ 'അവിവാഹിത' എന്നീ കഥകളാണ് ഈ പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.[25] നവോത്ഥാനകാലഘട്ടത്തെ 1930-കൾ മുതൽ 60-കൾ വരെ എന്ന പൊതുവീക്ഷണത്തിൽ ഉൾപ്പെടുത്തി, 1936 മുതൽ 1968 വരെ എഴുതിയ കഥകളാണ് പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കഥകളുടെ രചനാ കാലയളവിനെ സാമാന്യാർത്ഥത്തിൽ സ്വീകരിച്ച് അവയിലെ മൂല്യബോധങ്ങളെ വിശകലനം ചെയ്യാനാണ് താരതമ്യപഠനം ലക്ഷ്യം വയ്ക്കുന്നത്.

**5.8.1.** അയവേറിയ മാർഗ്ഗങ്ങളിലൂടെയാണ് തിരുവിതാംകൂറിൽ നാടുവാഴിത്ത വ്യവസ്ഥ മൂല്യബോധം വളർത്തിയതും പ്രചരിപ്പിച്ചതും. ദൈവവിശ്വാസം, ഉത്സവാഘോഷങ്ങൾ, കുടുംബാന്തരീക്ഷത്തിൽ നടക്കുന്ന പലതരം ചടങ്ങുകൾ എന്നിവയെല്ലാം മൂല്യബോധത്തെ മുൻനിർത്തി അനൗപചാരിക വിദ്യാഭ്യാസം നൽകാനുള്ള മാർഗ്ഗങ്ങളായിരുന്നു.

ഈ മാർഗ്ഗത്തിലൂടെ  നാടുവാഴിത്തവാഴ്ചയുടെ അധികാരഘടനയ്ക്ക് ഇണങ്ങി ജീവിക്കുന്ന വിശ്വാസിയായ മനുഷ്യനെ വളർത്താൻ ഈ വ്യവസ്ഥ ശ്രദ്ധിച്ചു.

മുതലാളിത്ത വ്യവസ്ഥയുടെ ഘടനക്കകത്തേക്ക് മനുഷ്യനെ മെരുക്കിയെടുക്കുന്നത് ആധുനിക പാശ്ചാത്യ വിദ്യാഭ്യാസമാണ്. തങ്ങളാഗ്രഹിക്കുന്ന മൂല്യബോധത്തിനകത്ത് വ്യാപരിക്കുന്ന പരിഷ്കൃത മനുഷ്യസമൂഹത്തെ രൂപപ്പെടുത്താൻ പാശ്ചാത്യ ആധുനിക വിദ്യാഭ്യാസം ശ്രദ്ധിച്ചു. തിരുവിതാംകൂറിലെ നാട്ടുഭാഷാ പള്ളിക്കൂടങ്ങളും ഇംഗ്ലീഷ് സ്കൂളുകളും രാജ്യവാഴ്ചയുടെ നിയന്ത്രണത്തിൽ വളർന്നുവന്നവയാണ്. ആ രാജ്യവാഴ്ചയെ അദൃശ്യമായി നിയന്ത്രിച്ചിരുന്ന പാശ്ചാത്യയുക്തിബോധവും വിദ്യാഭ്യാസവും ഏത് പ്രകാരത്തിലാണ് പൗരബോധത്തെ സ്വാധീനിക്കുക എന്ന് ശരിക്കും മനസ്സിലാക്കിയിരുന്നു. തിരുവിതാംകൂറിലെ ആധുനിക വിദ്യാഭ്യാസ ചരിത്രത്തിൽ റാണി ഗൗരി പാർവ്വതീഭായി 1817-ൽ പുറപ്പെടുവിച്ച കല്പന ശ്രദ്ധേയമാണ്.

"ജനങ്ങളുടെ ഇടയിൽ വിജ്ഞാനത്തിന്റെ വെളിച്ചം വ്യാപിക്കുന്ന കാര്യത്തിൽ ഒട്ടും പിന്നോട്ട് പൊയ്ക്കൂടാ എന്നുള്ളത് കാരണം വിദ്യാഭ്യാസത്തിന് വേണ്ടുന്ന എല്ലാ ചെലവും സർക്കാർ തന്നെ വഹിക്കുന്നതാണ്. വിദ്യാഭ്യാസവ്യാപനംമൂലം പ്രജകൾ ഉത്തമ പൗരന്മാരാവുകയും നല്ല ജനസേവകരാവുകയും തദ്വാരാ രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്."[26]

1834-ൽ തിരുവിതാംകൂറിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം ക്രമേണ ഒരു പുതിയ പൗരസമൂഹത്തെ വാർത്തെടുത്തു.

ആൾക്കരം നിർത്തലാക്കിക്കൊണ്ട് 1815-ൽ റാണി ഗൗരി ലക്ഷ്മീഭായി പുറപ്പെടുവിച്ച കല്പന തിരുവിതാംകൂറിന്റെ മാനവികതയുടെ ചരിത്രത്തിൽ പ്രധാനപ്പെട്ട സംഭവമാണ്. അവർണ്ണസമുദായത്തിനുമേൽ ചുമത്തിയിരുന്ന തറിവരി, വലയറ, ചെക്കുവരി,

ചെത്തുപാട്ടം, മുലക്കരം, തലക്കരം എന്നീ നികുതികളും ഈ കാലയളവിൽ നിർത്തലാക്കി.[27] ആദായത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിഘടന മുതലാളിത്ത വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഉയർന്നുവരാൻ ആരംഭിച്ചു. മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്ക് പൗരാവകാശം നൽകിക്കൊണ്ട് 1859-ൽ ദൽഹൗസി പ്രഭു കൊണ്ടുവന്ന നിയമം തിരുവിതാംകൂറിലെ പരിവർത്തിത ക്രിസ്ത്യാനികൾക്ക് ആശ്വാസം നൽകുന്നതും ഒപ്പം സമൂഹത്തിൽ സംഘർഷം വളർത്തുന്നതുമായിരുന്നു.[28] പറയൻ, പുലയൻ, വേട്ടുവൻ എന്നീ സമുദായത്തിൽപ്പെട്ടവർ തിരുവിതാംകൂറിൽ അടിമവിഭാഗത്തിൽ പെട്ടവരായിരുന്നു. 1836-ൽ തിരുവിതാംകൂറിൽ 1,64,864 അടിമകൾ ഉണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. 1855-ൽ ജൂൺ 24-ന് തിരുവിതാംകൂറിൽ അടിമത്തം അവസാനിപ്പിച്ചുകൊണ്ട് രാജവാഴ്ച ഉത്തരവ് പുറപ്പെടുവിച്ചു.[29] ചാന്നാർ (നാടാർ) സ്ത്രീകൾ മാറുമറയ്ക്കുന്നതിനുവേണ്ടി നടത്തിയ പ്രക്ഷോഭവും അതിന്റെ പരിണിതികളും തിരുവിതാംകൂർ ചരിത്രത്തിലെ നാഴികക്കല്ലാണ്. നാടാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാനുള്ള അവകാശം നൽകിക്കൊണ്ട് 1859-ൽ രാജവാഴ്ച കല്പനയിറക്കി. കുടിയാന്മാർ ഭൂവുടമകൾക്ക് കാഴ്ചവസ്തു നൽകുക എന്നത് നാടുവാഴിത്ത ഭൂവ്യവസ്ഥയുടെ സ്വാഭാവിക രീതിയായിരുന്നു. ഇത് 'ഊഴിയം' എന്ന പേരിൽ തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്നു. 1865-ൽ ഈ സമ്പ്രദായം തിരുവിതാംകൂറിൽ നിർത്തലാക്കി. സർക്കാർ ഉദ്യോഗങ്ങളിൽ തദ്ദേശീയരായ മലയാളികൾക്ക് പരിഗണന ലഭിക്കണമെന്നാവശ്യപ്പെട്ട് ആരംഭിച്ച മലയാളി മെമ്മോറിയൽ മുതൽക്കുള്ള പ്രക്ഷോഭങ്ങൾ പൗരബോധത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. രാജ്യവാഴ്ചയിലെ 'പ്രജ' എന്നതിൽനിന്ന് ദേശരാഷ്ട്രത്തിലെ പൗരൻ എന്ന നിലയ്ക്ക് ഒരു ജനത രൂപാന്തരപ്പെട്ടതിലെ നാഴികക്കല്ലുകളാണ് മേൽപ്പറഞ്ഞവ.

ആധുനിക തിരുവിതാംകൂർ പാശ്ചാത്യ ബ്രിട്ടീഷ് ബോധത്തിന്റെ സൃഷ്ടിയും

സ്രഷ്ടാവുമാണ്. ഈ ബോധത്തിന്റെ വ്യാപനം പൂർത്തിയായി വരുന്ന കാലഘട്ടത്തിലും സാമൂഹ്യാന്തരീക്ഷത്തിലുമാണ് കാരൂരും ലളിതാംബികയും വളർന്നുവന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെയും മേൽപ്പറഞ്ഞ പരിവർത്തനഘട്ടങ്ങളുടെയും സ്വാധീനം അവരുടെ വീക്ഷണത്തിൽ പ്രതിഫലിക്കേണ്ടതാണ്.

**5.8.2.** നാടുവാഴിത്ത സാമൂഹ്യവ്യവസ്ഥയുടെ ഉല്പാദനബന്ധങ്ങൾ, അതിന്റേതായ ഒരു മൂല്യബോധത്തിനും ധർമ്മചിന്തയ്ക്കും കർമ്മപദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. തിരുവിതാംകൂറിലും കൊച്ചിയിലും ഇത് ഏതു പ്രകാരത്തിലാണ് പ്രകടമായത് എന്ന് ചരിത്രത്തിലും, ചരിത്രാംശമുള്ള സർഗാത്മക സാഹിത്യത്തിലും എഴുത്തുകാർ ചിത്രീകരിച്ചിട്ടുണ്ട്. ചൂഷണത്തിലൂടെ ഒരിടത്തരം സമ്പന്നവർഗം കാർഷികമേഖലയെ അടിസ്ഥാനമാക്കി തിരുവിതാംകൂറിൽ ഉയർന്നുവന്നു. ഈ കാലഘട്ടത്തെ, രാഷ്ട്രീയാധികാരം മാത്രമല്ല ജാതി വ്യവസ്ഥകൂടി നിയന്ത്രിച്ചിരുന്നു. രാജവാഴ്ചയുടേയും ഇടപ്രഭുക്കന്മാരുടേയും അനുഗ്രാശിസ്സുകളോടെ തിരുവിതാംകൂറിലെ പരമ്പരാഗത ഹിന്ദുസമൂഹം ജാതിയും ഉപജാതിയുമുള്ള ചാതുർവർണ്യ വ്യവസ്ഥ പിന്തുടർന്നു. 1795 ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ്, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ഏർപ്പെട്ട 'സൗഹൃദത്തിന്റേയും സഖ്യത്തിന്റേതുമായ ഉടമ്പടി' ബ്രിട്ടീഷുകാർക്ക് തിരുവിതാംകൂറിന്റെ രാഷ്ട്രീയവ്യവസ്ഥയിൽ ഇടപെടുന്നതിന് അവസരം ഒരുക്കി. മുതലാളിത്ത നിയമവ്യവസ്ഥയും അതിനനുരോധമായ മറ്റുസംവിധാനങ്ങളും, ക്രമേണ തിരുവിതാംകൂറിന്റെ സാമൂഹ്യമണ്ഡലത്തിൽ വ്യാപിക്കാൻ ആരംഭിച്ചു. ജാതിഘടനയേയോ, ആചാരവിശ്വാസങ്ങളെയോ പ്രത്യക്ഷത്തിൽ സ്പർശിച്ചിരുന്നില്ലെങ്കിൽ പോലും അവയെക്കൂടി തങ്ങളുടെ ഇഛാനുസരണം പരിവർത്തിപ്പിക്കാനുള്ള ശ്രമം മുതലാളിത്തശക്തികളുടെ ഭാഗത്തുനിന്നുണ്ടായി. മൂലധനം ഇറക്കി ചരക്ക് ഉല്പാദിപ്പിച്ച് ലാഭം വർദ്ധിപ്പിക്കുന്ന മുതലാളിത്ത ഉത്പാദനക്രമം തിരുവിതാംകൂർ പ്രദേശത്ത് ശക്തിപ്പെട്ടതോടെ സാമൂഹ്യഘടന സമഗ്രപരി

വർത്തനത്തിന് വിധേയമായി. പ്രാദേശികമൂലധനം അതതുപ്രദേശങ്ങളിലെ ഭൂപ്രഭുക്കളുടെ മിച്ചസമ്പാദ്യത്തിൽനിന്നാണ് കണ്ടെത്തിയത്. നാടുവാഴിത്തത്തിന്റെ ഉപരിഘടനയ്ക്ക് കോട്ടം വരുത്താതെയുള്ള ഒരു ഉല്പാദനരീതിയായിരുന്നുവെങ്കിലും പലവിധ സമ്മർദ്ദങ്ങളാൽ അതിന്റെ അടിത്തറ തകരാനാരംഭിച്ചിരുന്നു. എല്ലാ മണ്ഡലത്തിലും മുതലാളിത്ത മൂല്യബോധം പ്രസരിക്കാൻ തുടങ്ങുകയും ചെയ്തു.

**ഓട്ടുകോരിക/മനുഷ്യപുത്രി**

ഈശ്വരാരാധനയാണ് വിധിവിപര്യയങ്ങളിൽനിന്ന് രക്ഷനേടാനുള്ള ഏകമാർഗമെന്ന വിശ്വാസത്തിലും ദൈവചിന്തയിലും തിരുവിതാംകൂറിലെ ഹിന്ദുമത വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു സമർപ്പണ മനോഭാവം ഉണ്ടായിരുന്നു. ഉല്പാദനബന്ധങ്ങളിൽ മാറ്റം വരികയും ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ വൈമനസ്യം കാണിക്കുകയും ചെയ്തപ്പോൾ തിരുവിതാംകൂറിലെ സമ്പന്ന ഇടത്തരം കുടുംബങ്ങളിൽ ദാരിദ്ര്യം കടന്നുവന്നു. വരവ് കുറയുകയും, നിയന്ത്രിച്ചാൽപോലും ചെലവ് വർദ്ധിക്കുകയും ചെയ്ത് കഷ്ടപ്പാടിലായ ഇത്തരക്കാരുടെ ദൈന്യതകൾ പല കഥകളിലായി ഇരു ചെറുകഥാകൃത്തുകളും ചിത്രീകരിച്ചിട്ടുണ്ട്. കാരൂർ നീലകണ്ഠപ്പിള്ളയുടെ കാർത്തികയൂട്ട്, നമഃശ്ശിവായ, ഭദ്രകാളിക്കടവ്, കുഞ്ഞനെജമാനൻ, ഓട്ടുകോരിക എന്നീ കഥകൾ ഈ ഗണത്തിൽപെടുന്നവയാണ്. ലളിതാംബികാ അന്തർജനത്തിന്റെ മനുഷ്യൻമാത്രം, വിധിബലം, മനുഷ്യപുത്രി എന്നീ കഥകളും ഈ അവസ്ഥയെ മറ്റൊരു രീതിയിൽ ചിത്രീകരിക്കുന്നവയാണ്. ആഖ്യാനത്തിന്റേയും സമീപനരീതിയുടേയും പശ്ചാത്തലത്തിൽ ഒരു സാമൂഹ്യപ്രശ്നത്തെ വ്യത്യസ്തമനോഭാവത്തിൽ ഏതു പ്രകാരമാണ് ഈ എഴുത്തുകാർ ചിത്രീകരിച്ചത് എന്നും അതിൽ മനുഷ്യന്റെ സ്ഥാനം ഏതുവിധമായിരുന്നു എന്നു

മാണ് ഇവിടെ വിശദീകരിക്കുന്നത്.

**ഓട്ടുകോരിക**

കാരൂരിന്റെ ശ്രദ്ധേയമായ കഥകളിലൊന്നാണ് "ഓട്ടുകോരിക". രാജവാഴ്ചയുടേയും ജാതി ജന്മിനാടുവാഴിത്ത സാമൂഹ്യഘടനയുടേയും കാലഘട്ടത്തിൽ സമ്പന്നമായിരുന്ന ഒരു നമ്പൂതിരി കുടുംബത്തിന്, വ്യവസ്ഥയിൽ വന്ന മാറ്റംകൊണ്ട് സ്വാഭാവികമായി സംഭവിച്ച തകർച്ചയാണ് ഈ കഥയിലെ പ്രതിപാദ്യം. മുൻകാലങ്ങളിൽ ആ കുടുംബ ത്തിന്റെ ഉദാരമനസ്ഥിതി ചൂഷണം ചെയ്ത് ജീവിച്ച ഒരു ഗ്രാമത്തിന്റെ പ്രതിനിധിയാണ് കഥയിലെ മുഖ്യകഥാപാത്രമായ നാരായണൻ. ആധുനിക വിദ്യാഭ്യാസം നേടി, മാറുന്ന വ്യവസ്ഥയിൽ പങ്കാളിയായി, ഉദ്യോഗസ്ഥനായിതീർന്ന ഇയാൾ ഗ്രാമത്തിൽനിന്ന് നഗര ത്തിലേക്ക് ജീവിതം മാറ്റിയ വ്യക്തിയാണ്. അവധിക്കാലത്ത് ഗ്രാമത്തിലെ വീട്ടിൽ എത്തിയ അയാളുടെ മുന്നിലേക്ക്, ഇന്നു പ്രതാപം നശിച്ച ആ നമ്പൂതിരി കുടുംബത്തിലെ ഓട്ടു കോരിക ഒരു പണയവസ്തുവായി കടന്നുവരുന്നു. ഒരു രൂപക്ക് അത് പണയംവെച്ച് ആ ദിവസത്തെ നിത്യനിദാനത്തിനുള്ള വക കണ്ടെത്താനാണ്, പരിചാരികയിലൂടെ ആ കുടുംബം ശ്രമിക്കുന്നത്. ഒരു രൂപക്ക് പകരം അഞ്ചുരൂപയും പണയവസ്തുവും തിരികെ കൊടുത്തയക്കാൻ അമ്മയോട് നിർദ്ദേശിക്കുകയാണ് കഥാനായകൻ. തന്റെ മുന്നിൽ പ്രത്യ ക്ഷപ്പെട്ട ആ ഓട്ടുകോരികയിലൂടെ, ഒരു ഗ്രാമത്തിന്റെ സമ്പന്നമായ ഭൂതകാലത്തിലേക്ക് കഥാനായകനോടൊപ്പം വായനക്കാരെയും കഥാകാരൻ കൊണ്ടുപോകുന്നു.

അഭ്യസ്തവിദ്യനും ഉദ്യോഗസ്ഥനും പ്രവാസിയുമായ കഥാനായകൻ ഭൂതകാല ത്തിന്റെ മൂല്യബോധത്തോട് പ്രതികരിക്കുന്നത് പരിഷ്കൃത സമൂഹത്തിന്റെ സ്വഭാവരീ തികളുമായിട്ടാണ്. ഗ്രാമത്തിന്റെ വികാസപരിണാമങ്ങൾക്ക് സാക്ഷിയായ കഥാനായകന്റെ അമ്മ, ഇതിൽ പൊരുത്തക്കേടുകൾ വിലയിരുത്തുന്നത് പഴയ ബോധതലത്തിൽ നിന്നു

കൊണ്ടുമാണ്. എഴുത്തുകാരൻ നിർവ്വികാരനായി ഈ അവസ്ഥയെ നോക്കിക്കാണു ന്നില്ല എന്നതാണ് മറ്റൊരു സവിശേഷത.

അനിവാര്യമാണെങ്കിലും ചില തകർച്ചകൾ അസഹനീയമാണെന്ന വസ്തുത ആഖ്യാതാവിന്റെ മനസ്സിനെ അലട്ടുന്നതാണ്. ജോലിയെടുക്കാതെ ജീവിക്കുന്ന കാലം കഴിഞ്ഞിരിക്കുന്നുവെന്നും "അധ്വാനം വിറ്റ്, പണം സമ്പാദിച്ച് ജീവിക്കുക" എന്ന മുത ലാളിത്ത വ്യവസ്ഥ ക്രമേണ കടന്നുവരികയാണെന്നും എഴുത്തുകാരൻ സൂചിപ്പിക്കു ന്നു. എങ്കിലും ഉള്ളകാലത്ത് സഹായിക്കുകയും ദാരിദ്ര്യമനുഭവിക്കുമ്പോൾ അത് മറ്റൊ രാളെ അറിയിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന യാഥാസ്ഥിതിക മനുഷ്യസ്വഭാ വത്തിന്റെ അവസ്ഥാന്തരങ്ങൾ അയാൾ ചിത്രീകരിക്കുന്നു.

തന്റെ മുന്നിലുള്ള ഒരു വർത്തമാനകാലസത്യത്തിന്റെ വസ്തുസ്ഥിതി കഥനമാണ് ഈ കഥ. വീക്ഷണകോണിലും ബിംബകല്പനയിലും പ്രതിപാദനരീതിയിലും നവോ ത്ഥാനകാല കഥയുടെ സങ്കേതങ്ങൾ തന്നെയാണ് കൈക്കൊള്ളുന്നത്. എന്നാൽ ഈ കഥ ശ്രദ്ധേയമാകുന്നത് മൂല്യബോധങ്ങളിലെ സംഘർഷം കൊണ്ടാണ്.

ഒരു പുതിയ മൂല്യവ്യവസ്ഥയുടെ പ്രതിനിധിയാണ് പഴയമൂല്യങ്ങൾക്ക് നിദാന മായി വർത്തിച്ച സമൂഹബന്ധങ്ങളെ വിശകലനം ചെയ്യുന്ന കഥാനായകൻ.

തന്റെ പഴയ നാലാംപാഠം പുസ്തകത്തിന്റെ ആദിയുംഅന്തവും കീറിപ്പോയി, വക്കും മൂലയും മടങ്ങി, തീരെ അനാകർഷകമായിരിക്കുന്ന അവസ്ഥയും, ജേംസ് ഗാർഫീൽഡ് എന്നു ശരിയായി ഉച്ചരിക്കാൻ കഴിയാതെ നാലാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അദ്ധ്യാപകനിൽനിന്ന് തല്ലുവാങ്ങിയതും, ഇന്ന് ആ ഉച്ചാരണത്തിന്റെ ചിട്ടപ്പെടുത്തലു കൾക്ക് താൻ വിധേയനായി എന്ന ബോധ്യവും "നശിച്ച പേരുകൾ" എന്ന് പണ്ട് ശപിച്ച പല നാമപദങ്ങളും ഇന്നു തനിക്ക് ചിരപരിചിതമായി മാറിയതും ചിത്രീകരിച്ച് കാലമാ

റ്റത്തെ കാരൂർ ആവിഷ്കരിക്കുന്നു.

ക്രമാനുഗതമായി മാറുന്ന സാമൂഹ്യഘടനയോട് വിമർശനാത്മകമായ രീതിയിൽ പൊരുത്തപ്പെട്ടുപോകുന്നതാണ് അമ്മയുടെ പാത്രചിത്രണം. മകന്റെ പരിഷ്കൃതബുദ്ധിയോട് പൊരുത്തപ്പെടാൻ വൈമനസ്യം ഉണ്ടെങ്കിലും അതിന് അവർ തയ്യാറാണ്.

"മാറ്റപ്പണ്ടമായി" ഒരു ഓടിന്റെ കഷ്ണമെങ്കിലും വേണം, വെള്ളിയാഴ്ച തൃസന്ധ്യയിൽ പണയം വെയ്ക്കുന്നത് മോശമാണ് മുതലായ വിശ്വാസങ്ങളെ പിൻപറ്റി നാരായണൻ പണയവസ്തു തിരിച്ചുകൊടുക്കാനാവശ്യപ്പെടുമ്പോൾ, അമ്മ ചുരുങ്ങിയ വിലക്ക് ഓട്ടുകോരിക സ്വന്തമാക്കാനും ബാക്കിപണംതിരിച്ചുവാങ്ങാനും ശ്രമിക്കുന്നത് ഒരേ മൂല്യവ്യവസ്ഥയുടെ വിധിവിലക്കുകളെ പിൻപറ്റിയാണ്. ക്രയവിക്രയപ്രക്രിയയിൽ വരുന്ന മാറ്റത്തിന്റെ സൂചനകൾ രണ്ടുവീക്ഷണത്തിൽ നിന്ന് നാം അനുഭവിക്കുന്നു. ഒരു വിശ്വാസത്തെ ഏതു പ്രകാരത്തിലാണ് വ്യത്യസ്ത മൂല്യബോധങ്ങൾ ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

ആധുനിക വിദ്യാഭ്യാസം നൽകിയ സാമൂഹ്യവീക്ഷണം കഥാനായകന്റെ ബോധമണ്ഡലത്തെ സ്വാധീനിച്ചതിന്റെ സൂചനകൾ കഥയിൽ കാണാം. ആ ഇല്ലത്തിന്റെ തേജസ്സുറ്റ കാലത്തെയും, പടിപടിയായുള്ള തകർച്ചയേയും ഇന്നത്തെ ദാരിദ്ര്യത്തേയും കൂടുതൽ അറിയുന്നത് പരിഷ്കാരിയും പരദേശിയുമായ മകനേക്കാൾ അമ്മയ്ക്കാണ്.

"ഈ വകയ്ക്ക് ഒരുപകാരം ചെയ്യുന്നവരോട് ദൈവം വെറുക്കും" എന്ന അമ്മയുടെ പ്രസ്താവം ദൈവം ആരുടെ പക്ഷത്താണ്? എന്ന വീക്ഷണവുമായി ബന്ധപ്പെട്ടതാണ്. ദൈന്യത്തിന്റെ വിവിധഘട്ടങ്ങളിൽ പലപ്രകാരത്തിലുള്ള ഉപകാരങ്ങൾ ആ അമ്മ അവർക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. ഔദാര്യംകൊണ്ട് തടഞ്ഞുനിർത്താവുന്നതല്ല സ്വാഭാവികമായ ആ തകർച്ച എന്ന തിരിച്ചറിവാണ് അമ്മയ്ക്കുള്ളത്.

"ഓട്ടുകോരിക" നാടുവാഴിസമൂഹത്തിന്റെ ഉദാരതയുടെ ഏറ്റവും ശക്തമായ പ്രതീകമാണ്. കോരിയെടുക്കാനുള്ള ഒരു ഉപകരണം മാത്രമല്ല വാരി വിതറാനുള്ള ഒരുപാധി കൂടിയാണ് കോരിക. നാടുവാഴിത്തത്തിലെ വീട്ടമ്മമാർ "അന്ന പൂർണ്ണേശ്വരികൾ" കൂടിയായിരുന്നു.

ഏറിയമോദാൽ മർത്ത്യസമൂഹേ
കോരിക കൊണ്ടു വിളമ്പവളേ ജയ
സുന്ദരരൂപേ, ഗിരിതനയേ ചെറു-
കുന്നിലമർന്നിടുമമ്മേ ജയ ജയ.

അന്നപൂർണ്ണേശ്വരിയായ ചെറുകുന്നിലമ്മയെക്കുറിച്ചുള്ള ഈ സ്തുതി നാടുവാഴി തറവാടിന്റെ അകത്തളങ്ങളിൽ കീർത്തനമായും ദാരിദ്ര്യം കൊടികുത്തിവാണ ഗ്രാമങ്ങളിൽ ആ അകത്തളങ്ങളെകുറിച്ചുള്ള പ്രകീർത്തനമായും മുഴങ്ങിക്കൊണ്ടിരുന്നു. തപോനിഷ്ഠരും, വ്രതശുദ്ധകളുമായ ഇവരുടെ ഹൃദയവിശാലതയാണ്, വറുതികാലങ്ങളിൽ ഗ്രാമത്തിന് ആശ്വാസമായത്.

സാമൂഹ്യഘടനയിൽ മാറ്റം വരികയും രാജാധിപത്യത്തിൽനിന്നും പ്രജാധിപത്യത്തിലേക്ക് നീങ്ങി ഒരു പുതിയ നിയമവ്യവസ്ഥ വരികയും ചെയ്തപ്പോൾ സംഭവിച്ച പരിണാമം ബാഹ്യതലത്തിലും ആന്തരികതലത്തിലും മനുഷ്യനെ ബാധിച്ചു.

ചോരുന്ന പുര, തകരുന്ന നാടുവാഴിത്തത്തിന്റെ പ്രതീകവും ജയിലിൽ കിടക്കേണ്ടിവരുന്ന മകൻ പുതിയ നിയമവ്യവസ്ഥയുടെ പ്രതീകവുമാണ്. മകനെ കേസിൽ നിന്ന് മോചിപ്പിക്കാൻ വൃദ്ധനായ അച്ഛൻ നമ്പൂതിരി വിവാഹം കഴിയ്ക്കുന്നതും രാജകുമാരിയെപ്പോലെ കയറിവന്ന ആ നവവധു ഇന്ന് 'കാലൻ കണ്ടാൽപ്പോലും കരയുന്ന' അവസ്ഥയിലായതും കാലവിപര്യയത്തിന്റെ സൂചനകളാണ്.

കഥയിലെ സമയം സന്ധ്യയുടേതാണ്. വെള്ളിയാഴ്ചയിലെ തൃസന്ധ്യ ഈ കഥയുടെ ഭാവാവിഷ്കാരത്തിനുള്ള പശ്ചാത്തലമാണ്. ചിന്തകളുടെ വേലിയേറ്റം സാധ്യമാക്കുന്നതിന് ഈ സമയബോധം സഹായകമാകുന്നു.

മാറിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ പ്രതിനിധിയായ മകൻ, മാറുന്ന കാലത്തെ ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്ന അമ്മ മാറ്റങ്ങളെ നിർവ്വികാരമായി സമീപിക്കുന്ന പരിചാരിക എന്നീ പ്രത്യക്ഷങ്ങളിലൂടെ പരോക്ഷസത്യങ്ങളെ വായനക്കാരൻ അറിയുന്നു.

**മനുഷ്യപുത്രി**

നവോത്ഥാനകാലഘട്ടത്തിലെ കഥകളെക്കുറിച്ചുപൊതുവെയും ലളിതാംബികയുടെ കഥകളെക്കുറിച്ച് വിശേഷിച്ചുമുള്ള പഠനഗവേഷണങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള കഥയാണ് “മനുഷ്യപുത്രി”. 1967 ലാണ് ഈ കഥ പുറത്തുവരുന്നത്. ഐക്യകേരളം അതിന്റെ ജനാധിപത്യവ്യവസ്ഥയിൽ ഒരു ദശകം പിന്നിട്ടപ്പോൾ സാമൂഹ്യഘടനയിലുണ്ടായ മാറ്റവും അതിന്റെ പ്രത്യാഘാതങ്ങളുമാണ് ഈ കഥയിൽ അവതരിപ്പിക്കുന്നത്. ഭൂപരിഷ്കരണം എന്ന ആശയം മുന്നോട്ടുവെച്ച് നിയമനിർമ്മാണം നടത്തുകയും പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടായ അനുഭവങ്ങൾ ഉൾക്കൊണ്ട് ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്ത ഒരു കാലയളവിലാണ് ഈ കഥ പുറത്തുവന്നത്.

ഒരു നമ്പൂതിരി ഇല്ലത്ത് ദാസ്യപ്രവൃത്തിക്ക് നിന്നിരുന്ന സ്ത്രീയുടെ മകനായ ഗോവിന്ദൻകുട്ടി പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, ദാരിദ്ര്യം കൊണ്ട് പഠിപ്പുനിർത്തേണ്ടി വരുമായിരുന്ന ഒരാളാണ്. അയാൾക്ക് തുടർന്നു പഠിക്കാനാവശ്യമായ സഹായം ചെയ്തു കൊടുത്തത് ആ ഇല്ലത്തെ ആത്തേമ്മാരമ്മയാണ്. തേവാരത്തിന് ഒരു പിടി പൂക്കൾ കൊണ്ടുവന്നു കൊടുക്കുന്നതിന് ഒരുരുളച്ചോറും, പഠിക്കാനാവശ്യമായ സൗകര്യങ്ങളും ആത്തേമ്മാരമ്മ ഗോവിന്ദൻകുട്ടിക്ക് ചെയ്തുകൊടുത്തു. അത്താഴപ്പട്ടിണിക്കാരെ ഊട്ടി

യശേഷം മാത്രം അന്തിയുറങ്ങിയിരുന്ന ആ കുലീന, ആ നാട്ടുകാർക്കു മുഴുവൻ "അന്നപൂർണ്ണേശ്വരി"യായിരുന്നു.

സ്കൂൾ ഫൈനൽ പാസ്സായ ഗോവിന്ദൻകുട്ടി "പഠിപ്പുള്ളവനായി" മാറുകയും ആത്തേമ്മാരമ്മയോടുപോലും ഒരു വാക്കുപറയാതെ, നാടുവിട്ട്, രാഷ്ട്രീയ പ്രവർത്തകനായി, മന്ത്രിയായി അധികാരം കൈയാളുന്നവനായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. അധീശാധികാരത്തിന്റെ നിയമനിർമ്മാണങ്ങൾ, ജന്മിഗൃഹങ്ങളുടെ സമ്പദ്സമൃദ്ധിയെ തകർത്ത് ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. ഇതിന്റെ സദ്ഫലങ്ങൾ അനുഭവിക്കുന്ന മറ്റൊരു വിഭാഗം നാട്ടിലുണ്ട്. എന്നാൽ എല്ലാം നഷ്ടപ്പെട്ടവരുടെ പ്രതിനിധിയായി കടന്നുവരുന്ന ആ ആത്തേമ്മാരമ്മ തന്റെ ദൈന്യം അറിയിക്കുന്നതിനുവേണ്ടി ഗോവിന്ദൻകുട്ടിയെ കാണുന്നിടത്താണ് കഥ അവതരിപ്പിക്കുന്നത്.

വർത്തമാനകാല സത്യങ്ങളെത്തന്നെയാണ് ഈ കഥയും കൈകാര്യം ചെയ്യുന്നത്. ഗോവിന്ദൻകുട്ടിയുടെ ഭൂതകാല സ്മൃതികളെ ഉപയോഗപ്പെടുത്തിയാണ് ആഖ്യാനത സാധിക്കുന്നത്. ഇക്കാരണങ്ങളാൽ കാരൂരിന്റെ ഓട്ടുകോരികയും അന്തർജനത്തിന്റെ മനുഷ്യപുത്രിയും ഇതിവൃത്തം, പാത്രചിത്രണം, വീക്ഷണകോൺ മുതലായവയിൽ തുല്യ ജോടികളായി പരിഗണിച്ച് താരതമ്യം ചെയ്യാം.

വിധിവിപര്യയങ്ങൾക്കിരയാകുന്ന മനുഷ്യരെ സഹാനുഭൂതിയോടെ നോക്കിക്കാണുന്ന കഥാകൃത്തുക്കൾ മൂല്യബോധങ്ങളുടെ പരിവർത്തനഘട്ടത്തിൽ ഒരേപോലെ വ്യാകുലചിത്തരാണ്. കാലം മാറിയതിലും ജീവിതാവസ്ഥകൾ തകിടം മറിഞ്ഞതിലും കുഞ്ഞാത്തോലമ്മ ആരേയും കുറ്റപ്പെടുത്തുന്നില്ല. തന്റെ കൃതഘ്നതയിൽ ഗോവിന്ദൻകുട്ടി സ്വയം പരിതപിക്കുന്നുണ്ടെങ്കിലും അതനിവാര്യമാണെന്ന് അയാൾക്ക് നിശ്ചയമുണ്ട്. അധികാരം കൈയാളുന്നവരേയും അതിനിരയാകുന്നവരേയും ഒരുപോലെ നിസ്സ

ഹായരാക്കുന്നതാണ് അധികാരവ്യവസ്ഥയുടെ ഘടന എന്ന യാഥാർത്ഥ്യം ഇവിടെ വെളിപ്പെടുത്തുന്നു.

നവോത്ഥാന കാലഘട്ടത്തിലെ സവിശേഷമായ മനുഷ്യബോധത്തെ രണ്ടു കഥാകൃത്തുക്കളും ഉൾക്കൊള്ളുന്നു. മൂല്യബോധത്തിൽ മാറ്റങ്ങൾ വരുമ്പോൾ അവയോട് സമരസപ്പെടാൻ മനുഷ്യൻ പ്രയാസമനുഭവിക്കേണ്ടിവരുന്നു എന്ന് ഇരു കഥാകൃത്തുക്കളും സമൂഹത്തെ ബോധ്യപ്പെടുത്തുന്നു. ഈ സാജാത്യത്തെപ്പോലെത്തന്നെ വൈജാത്യത്തേയും നാം പരിഗണിക്കണം. കാരൂരിന്റെ കഥയിലെ സ്ത്രീകഥാപാത്രങ്ങൾ ലളിതാംബിക അന്തർജനത്തിന്റെ കഥയിലെ സ്ത്രീകഥാപാത്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും വിഭിന്നമാണ്. "ഓട്ടുകോരിക" യിലെ നാരായണന്റെ അമ്മ കാണുന്ന കാഴ്ചയല്ല, അന്തർജനത്തിന്റെ കുഞ്ഞാത്തോലമ്മ കാണുന്ന കാഴ്ച. ഒരാൾ വിധിയുടെ വിപര്യയങ്ങളെ അതിജീവിക്കാൻ ആഗ്രഹിക്കുമ്പോൾ അന്തർജനത്തിന്റെ കഥാപാത്രം ചിലപ്പോഴെങ്കിലും വിധിക്ക് കീഴൊതുങ്ങിക്കൊടുക്കുന്നു.

മനുഷ്യപുത്രി എന്ന കഥയിൽ ആധുനിക വിദ്യാഭ്യാസം നേടി പ്രജാധിപത്യത്തിന്റെ പ്രതിനിധിയായി അധികാരഘടനയുടെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന ഗോവിന്ദൻകുട്ടി കാരൂർ നീലകണ്ഠപിള്ളയുടെ ഓട്ടുകോരികയിലെ നാരായണനിൽനിന്നും വളർന്നുണ്ടായ കഥാപാത്രമാണ്. ഓട്ടുകോരികയിലെ നാരായണന് ഒഴിവുകാലമുണ്ടെങ്കിൽ മനുഷ്യപുത്രിയിലെ ഗോവിന്ദൻകുട്ടിക്ക് 'തിരക്കോടുതിരക്കാണ്'. നാരായണന് അപൂർവ്വമായെങ്കിലും ഗ്രാമത്തിൽ വസിക്കാൻ കഴിയുമെങ്കിൽ ഗോവിന്ദൻകുട്ടിക്ക് അതിന് സമയമില്ല. ഗോവിന്ദൻകുട്ടിക്ക് അയാൾ മാത്രം തൊഴിൽ തിരക്കുള്ളവനും മറ്റുള്ളവരെല്ലാം തൊഴിലില്ലാത്തവരുമാണ്.

ഇരുകഥകളിലും, മാറുന്നസാമൂഹികസാഹചര്യവും അതുണ്ടാക്കുന്ന നവീനജീവി

തവീക്ഷണവും രേഖീയമായി പ്രത്യക്ഷപ്പെടുന്നു. പതിനെട്ടാം നൂറ്റാണ്ടിൽനിന്നും കട ന്നുവരുന്ന ഒരു കഥാപാത്രമായി ആത്തേമാരമ്മ ഗോവിന്ദൻകുട്ടിക്ക് അനുഭവപ്പെടുന്നു. ഇത് വർത്തമാനകാല സത്യമായി മാറുന്നത് ഈ രേഖീയമായ കാലബോധത്തിലൂടെ യാണ്.

ഓട്ടുകോരികയിലെ നാരായണൻ ഭൂതകാലത്തിനെ വിലയിരുത്തുന്നത് തനിക്ക് ലഭിച്ച അറിവിനെ വിമർശനരീത്യാ ഉപയോഗിച്ചാണ്. അയാളുടെ അമ്മയാകട്ടെ വർത്ത മാനകാലമെന്ന സത്യത്തെ മാത്രം വിധിനിർണ്ണയത്തിൽ കണക്കിലെടുക്കുന്നു. മനുഷ്യ പുത്രിയിലെ കുഞ്ഞാത്തോലമ്മയും ഗോവിന്ദൻകുട്ടിയും ഒരേ ഭൂതകാലത്തിലേക്ക് വ്യത്യസ്ത വഴികളിലൂടെ സഞ്ചരിക്കുന്നു. വർത്തമാനകാല സത്യത്തിലേക്ക് ഒരേ വഴി യിലൂടെ തിരിച്ചെത്തുന്നു. മാറുന്ന കാലത്തെ തിരിച്ചറിയുന്നവരും കാലത്തിനനുസരിച്ച് മാറാൻ തയ്യാറുള്ളവരുമാണ് ആധുനിക വിദ്യാഭ്യാസം നേടിയവർ. മാറുന്ന കാലത്തിലും ഭൂതകാലത്തിന്റെ മൂല്യബോധവുമായി നിൽക്കുന്നവരാണ് കഥയിലെ മറ്റൊരു വിഭാഗം. ഇരുവിഭാഗങ്ങളും സംഘർഷത്തിലല്ല സമന്വയത്തിലാണ് നിലയുറപ്പിക്കുന്നത്. കഥക ളുടെ താരതമ്യത്തിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങൾ ഇപ്രകാരം സംഗ്രഹിക്കുന്നു.

* രണ്ട് കഥകളിലെയും മനുഷ്യനെ കുറിച്ചുള്ള ചിന്ത ഉദാരമാനവികതയിൽനിന്ന് ഉടലെടുത്തതാണ്.

* ദൈവവിശ്വാസത്തെ ഓരോ വ്യവസ്ഥിതിയും അതിന്റെ മൂല്യബോധത്തിനനുസ രിച്ച് പരിപാകപ്പെടുത്തുന്നു.

* പരിവർത്തനഘട്ടത്തിൽ ദയനീയസ്ഥിതിയിലെത്തുന്നത് ഭൂരിഭാഗവും സ്ത്രീക ളാണ്. പരിവർത്തിത സമൂഹത്തിൽ എല്ലാം സുരക്ഷിതമാണെന്ന ധാരണ നിലനിൽക്കു ന്നതല്ല.

* തത്വശാസ്ത്രങ്ങളും അധികാരഘടനയും സൃഷ്ടിക്കുന്ന ബോധമണ്ഡലം അതിനെ സൃഷ്ടിച്ച വ്യവസ്ഥയോട് മാത്രം കൂറു പുലർത്തുന്നതാണ്. ഈ അധികാര ഘടനയിൽ കേവലമനുഷ്യൻ പൂർണ്ണ അർത്ഥത്തിൽ വിസ്മൃതനാകുന്നു.

* ഭൂഘടനയിലെ പരിഷ്കാരം മുതലാളിത്ത കമ്പോള വികാസത്തിന് അത്യാവശ്യ മാണ്. ക്രയശേഷിയുള്ള ജനതയാണ് ലാഭം നിലനിർത്തുന്നതിന് ആസ്പദം. ഈ ആധു നികയുക്തിയുടെ പ്രായോഗികത അനുഭവിക്കുന്നവനും ആ യുക്തിയാൽ തിരസ്കൃത രായവരുമാണ് ഈ കഥകളിൽ മുഖാമുഖം നിൽക്കുന്നത്.

* ത്യജിക്കാൻ തയ്യാറുള്ള സ്ത്രീയും ലഭിക്കാൻ മാത്രം മനസ്സുവയ്ക്കുന്ന പുരു ഷനും എന്ന സങ്കല്പം അപൂർവ്വമായെങ്കിലും ഈ കഥകൾ പങ്കുവയ്ക്കുന്നു.

**5.8.3.** ആസൂത്രിത വികസനം മുതലാളിത്ത സാമ്പത്തിക പ്രക്രിയയുടെ അവിഭാജ്യ ഘട കമാണ്. പുരോഗതി ഉറപ്പുവരുത്തുന്നതിന് ചില ലക്ഷ്യങ്ങൾ നിർണ്ണയിക്കേണ്ടതുണ്ടെന്നും ആ ലക്ഷ്യങ്ങൾ നേടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും മുതലാളിത്ത വ്യവസ്ഥ കരുതുന്നു. പാശ്ചാത്യ നവോത്ഥാനത്തിന്റെ ഭാഗമായ ഈ ചിന്താരീതി അതി നാവശ്യമായ രീതിശാസ്ത്രങ്ങളെയും മുന്നോട്ടുവച്ചിട്ടുണ്ട്. സ്ഥലം അളന്നു തിട്ടപ്പെടു ത്തൽ, ജനസംഖ്യാ നിർണ്ണയം, ജനന നിയന്ത്രണം, ഉല്പാദനംകൃത്രിമരീതിയിൽ വർദ്ധി പ്പിക്കൽ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്.

**പൗണ്ടർ പോത്തൻ/ഓടക്കുഴലിന്റെ നാദം**

കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം നടപ്പാക്കുന്നതിലാണ് തിരുവിതാംകൂ റിലെ ബ്രിട്ടീഷ് ഭരണാധികാരികൾ കൂടുതൽ ശ്രദ്ധിച്ചത്. ഇതിനായി നാടുവാഴികളുടെ

ഭൂസ്വത്ത് നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കാനും ഇവർ രാജാവിനെ ഉപദേശിച്ചു. സമ്പത്തിന്റെ പിൻബലംകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ സമാന്തര നിയമവ്യവസ്ഥയുണ്ടാക്കുന്ന നാടുവാഴികളെ തടയുന്നതിന് ബ്രിട്ടീഷുകാർ ശ്രദ്ധിച്ചു. ഭൂമിസംബന്ധമായി നടത്തിയ ക്രമീകരണങ്ങൾ മൂല്യബോധവുമായി ബന്ധപ്പെട്ടതാണ്. കേണൽ മൺറോ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ദേവസ്വം ഭൂമികൾ ഗവൺമെന്റിലേക്ക് മാറ്റുകയും ക്ഷേത്രചിലവുകൾ പൊതുഖജനാവിൽ നിന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഭൂപ്രഭുക്കൾക്കും ക്ഷേത്രങ്ങൾക്കും ജനങ്ങളുടെ മേലുണ്ടായിരുന്ന നിയന്ത്രണത്തെ ക്രമേണക്രമേണ ഇല്ലാതാക്കി ഒരു കേന്ദ്രഭരണവ്യവസ്ഥ സ്ഥാപിക്കാൻ ബ്രിട്ടീഷ് ആധിപത്യത്തിന് കഴിഞ്ഞു. ഗതാഗതമാർഗ്ഗങ്ങൾ വിപുലപ്പെടുത്തി വാണിജ്യവ്യാപാരങ്ങൾ ശക്തമാക്കി. ഭൂമിയിൽനിന്നുള്ള ഉല്പാദനം തിട്ടപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലും ഇവർ ശ്രദ്ധവെച്ചു. വനവിഭവങ്ങളേയും പ്രകൃതിവിഭവങ്ങളേയും അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ ഉയർന്നുവരാൻ തുടങ്ങിതും ഇക്കാലത്താണ്. ഭൂമി മനുഷ്യനിർമ്മിത അതിരുകളാൽ വേർതിരിക്കപ്പെട്ടു. ഇത്തരം വളർച്ചയ്ക്കൊപ്പം, ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ 'ആസൂത്രണം' എന്ന കാഴ്ചപ്പാട് കേന്ദ്രഭരണവ്യവസ്ഥ നിലനിൽക്കാൻ അനിവാര്യമാണെന്ന ധാരണ ഈ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിരുന്നു.[30] ലാഭത്തെ മുൻനിർത്തിയാണ് മുതലാളിത്ത സമ്പദ്ഘടന "ആസൂത്രണം" എന്ന കാഴ്ചപ്പാടിനെ ഉപയോഗപ്പെടുത്തിയത്. അക്കങ്ങളും കണക്കുകളും ആപേക്ഷികതയും എല്ലാം മുടക്കുമുതലിൽനിന്ന് ലാഭം വർദ്ധിപ്പിക്കുക എന്ന തത്വസംഹിതയിൽ അധിഷ്ഠിതമായിരുന്നു. ഇതിന്റെ ഭാഗമായ 'സെൻസസ്' (സ്ഥിതിവിവരക്കണക്കെടുപ്പ്) കാരൂരിന്റെ കഥാരചനയ്ക്ക് വിഷയമായിട്ടുണ്ട്. ഇതിൽ "മരപ്പാവകൾ" എന്ന കഥ മാനസികാപഗ്രഥനരീതി വെച്ചാണ് മിക്ക ഗവേഷകരും വിലയിരുത്തിയത്. "കുട്ടികളെത്ര" എന്ന കഥ വിദ്യാഭ്യാസമേഖലയിൽ നടത്തേണ്ടുന്ന ആസൂത്രിത വികസനത്തിന്റെ കാഴ്ച

പ്പാടുകളിലേക്ക് കടന്നുചെല്ലുന്നു.

തങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ജനങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതിനും അധികാരം നിലനിർത്തുന്നതിന് അതത് അവസരങ്ങളിൽ സ്വീകരിക്കേണ്ടുന്ന നടപടികൾ ആവിഷ്കരിക്കുന്നതിനും, ഇത്തരം കണക്കെടുപ്പുകൾ അധീശശക്തിയെ സഹായിക്കുന്നു.

പ്രകൃതിയിൽനിന്ന് നിർലോഭം ലഭിക്കുന്ന വസ്തുക്കൾപോലും തങ്ങളുടെ ദയാദാക്ഷിണ്യം കൊണ്ട് വിതരണം ചെയ്യപ്പെടുന്നതാണെന്ന ഒരു ധാരണ വരുത്തിത്തീർക്കൽ ഈ സമ്പ്രദായത്തിന്റെ മറ്റൊരു മുഖമാണ്. വെള്ളം, വായു, നിത്യജീവിത്തിനാവശ്യമായ സസ്യലതാദികൾ തുടങ്ങിയവയെ നിയന്ത്രിക്കാനുള്ള ഗൂഢാലോചന മനുഷ്യനെ ബാധിക്കുന്നതിന്റെ തിക്തഫലങ്ങൾ കാരൂരിന്റെ കഥകളിൽ ചർച്ചചെയ്തിട്ടുണ്ട്. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ മനുഷ്യബന്ധത്തിന്റെ ആർദ്രതയുടെ ഈടുവെപ്പുകൾ കൂടിയാണ്. കിണറുകൾ കുഴിയ്ക്കുക, തണ്ണീർപ്പന്തലുകൾ കെട്ടുക, പാന്ഥർക്ക് ദാഹജലം നൽകുക എന്നിവ നാടുവാഴിത്തവ്യവസ്ഥയിലെ ആഭിജാത്യത്തിന്റെ പ്രത്യക്ഷപ്രകടനം മാത്രമായിരുന്നില്ല, മനുഷ്യത്വത്തിന്റെ വിളംബരം കൂടിയായിരുന്നു. "ഉതുപ്പാന്റെ കിണർ" എന്ന കാരൂരിന്റെ കഥ ഒരു 'കേവലൻ' തന്നാലാവുന്നത് സമൂഹത്തിന്റെ ഗുണത്തിനു വേണ്ടി ചെയ്യുന്നത് ചിത്രീകരിക്കുക മാത്രമല്ല, "നന്ദികെട്ട ലോകത്തിന്റെ" പിറവിയെക്കുറിച്ച് ബോധ്യപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്. പൊതുജനാരോഗ്യം സംരക്ഷിക്കുക, പകർച്ചവ്യാധികൾ തടയുക എന്നീ ലക്ഷ്യങ്ങൾ മുന്നോട്ടുവെച്ച് പൊതുകിണറുകൾ മൂടുകയും കുഴൽവെള്ളം വ്യാപകമാക്കുകയും ചെയ്ത രീതി പുരോഗതിയായി ചരിത്രം വിലയിരുത്തും. എന്നാൽ അടച്ചും തുറന്നും നിയന്ത്രിക്കാൻ വെള്ളത്തിന്റെ മേഖലയിൽപ്പോലും തങ്ങൾ പ്രാപ്തരാണെന്ന സന്ദേശത്തെയാണ് അധീശശക്തികൾ

ഇതിലൂടെ ജനങ്ങൾക്ക് നൽകിയത്.

ആധുനികകാലത്ത് പ്രകൃതിയുമായുള്ള ബന്ധത്തിൽ മനുഷ്യനും, അവന്റെ വളർത്തുമൃഗങ്ങളും ഇതര ജീവജാലങ്ങളും അനുഭവിക്കേണ്ടിവരുന്ന നിയന്ത്രണങ്ങളെയാണ് "പൗണ്ടർപോത്തൻ" എന്ന കഥ ചിത്രീകരിക്കുന്നത്.

ഈ വ്യവസ്ഥയെയും അതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങളെയും ലളിതാംബികാ അന്തർജനവും സഗൗരവം പ്രതിപാദിച്ചിട്ടുണ്ട്. അന്തർജനത്തിന്റെ മാണിക്യൻ, ചുരന്ന മുല എന്നീ കഥകൾ ഈ ഗണത്തിൽപ്പെടുന്നവയാണ്. ഇവയിൽ ഏറെ ശ്രദ്ധേയമായ "ഓടക്കുഴലിന്റെ നാദം" എന്ന കഥയും കാരൂരിന്റെ "പൗണ്ടർ പോത്തൻ" എന്ന കഥയുമായി താരതമ്യം ചെയ്യുകയാണ്.

**പൗണ്ടർപോത്തൻ**

അലഞ്ഞുതിരിയുന്ന കന്നുകാലികളെ പിടിച്ചുകെട്ടി പിഴവാങ്ങുവാനുള്ള പദ്ധതി "കൃഷിക്കാർക്കുള്ള ഒരു അനുഗ്രഹമാണെ"ന്ന് സമൂഹത്തെ ബോധ്യപ്പെടുത്തിയാണ് അധികാരികൾ പൊതുപൗണ്ടുകൾ ആരംഭിച്ചത്.

"കണ്ടോരൊക്കെ പറയുന്നത് കേൾക്കാനല്ല, വഴീലലഞ്ഞു നടക്കുന്ന മൃഗങ്ങളെപ്പിടിച്ച് പൗണ്ടിൽ കെട്ടാനാണ്" പോത്തനെ മുനിസിപ്പാലിറ്റി നിയമിച്ചിട്ടുള്ളത്. പൊതുവഴിയിലേക്കിറങ്ങത്തക്ക നീളത്തിൽ ആടിനെ കെട്ടിയാൽ അതിനെ പിടിക്കാനുള്ള "അധികാരം" പോത്തനുണ്ട്. ഒരു ദിവസം ഒരെണ്ണത്തിനെയെങ്കിലും പിടിക്കാതിരുന്നാൽ വാങ്ങുന്ന ശമ്പളത്തിന് താൻ പണിയൊന്നും ചെയ്യുന്നില്ല എന്ന കുറ്റബോധം അയാളുടെ മനസ്സിൽ കടന്നുവരും. ആ പ്രതിഫലം കൊണ്ട് ജീവിക്കാൻ കഴിയുന്നതുകൊണ്ടല്ല ഒരു വ്യവസ്ഥയുമായി ബന്ധപ്പെട്ട അധികാരവും, നാട്ടിലൊരു സ്ഥാനവുമുണ്ട്

എന്നതിലാണ് അയാൾ സായൂജ്യം കണ്ടെത്തുന്നത്. പക്ഷേ, വലിയവരുടെ മൃഗങ്ങളെ പിടിക്കാൻ പോത്തന് പേടിയാണ്. അവ തന്റെ പിടിയിലൊതുങ്ങുന്നവയല്ല എന്ന് കൃത്യ നിർവഹണത്തിനിടയിൽ അയാൾ മനസ്സിലാക്കിയിട്ടുമുണ്ട്. അധികാര സ്ഥാനത്തിരിക്കു ന്നവന്റെ സഹജസ്വഭാവങ്ങളായ നിസ്സംഗത, നിർവ്വികാരത, മനസ്സാക്ഷിയില്ലായ്മ എന്നി വയിൽ പോത്തനും പരിശീലനം നേടി. സ്വന്തം വീട്ടിലെ ആടിനെത്തന്നെ ആലയിൽ കൊണ്ടുപോയി കെട്ടി അബദ്ധം പിണയുന്നിടത്ത് കഥ അവസാനിക്കുന്നു.

**ഓടക്കുഴലിന്റെ നാദം**

ഒരു ഡയറി ഫാമിലെ സങ്കരയിനത്തിൽപ്പെട്ട പശു മുഖ്യകഥാപാത്രമായി കടന്നു വരുന്ന ഈ കഥയിൽ ഇതേ വ്യവസ്ഥയുടെ കൂടുതൽ കൃത്യമായ ഒരു സ്വഭാവത്തെ അടയാളപ്പെടുത്തുന്നു. ഡയറിഫാമിന്റെ മാനേജർ സന്ദർശകർക്ക് അഭിമാനത്തോടെ കാണിച്ചുകൊടുക്കുന്ന X 402 എന്ന് വിളിപ്പേരുള്ള പശു ആ ഗോശാലയിലെ "ഏറ്റവും നല്ല പശു" വാണ്. ജഴ്സിയും സിന്ധിയും ചേർത്തെടുത്ത ഇനത്തിൽ സിന്ധി കലർപ്പു ചേർന്ന ഉരു. ഏഴുമാസമായപ്പോൾ കുത്തിവെച്ചു. തുടർന്ന് തള്ളയും മകളും ഒരുമിച്ച് പെറ്റുവന്നു. ഇപ്പോൾ ഈ പശുവിന് അഞ്ച് വയസ്സ് പ്രായമുണ്ട്. "ചാട്ടുമാട്ടുകൾ" ഒന്നു മില്ലാത്ത, ചാട്ടയടിയുടെ ചൂടറിഞ്ഞിട്ടില്ലാത്ത ഇവൾ വിനീതവിധേയയായി പ്രതിദിനം പതിനാറുലിറ്റർ പാൽ കൊടുക്കുന്നു. എന്തോ കാരണത്താൽ ഉത്സാഹം കുറഞ്ഞ് ഇവൾ രോഗാതുരയായി മാറുന്നു. ഡോക്ടർമാർ വന്നു പരിശോധിക്കുകയും കൂടുതൽ നിരീ ക്ഷണത്തിനായി ഇവളെ ഗോശാലയിൽനിന്ന് മൃഗാശുപത്രിയിലേക്ക് മാറ്റുകയും ചെയ്യു ന്നു. ഇവിടെവെച്ച് ഇവളൊരു നാടൻ പശുവുമായി പരിചയപ്പെടുന്നു. ഇരുവരും തങ്ങ ളുടെ ആത്മഭാഷണങ്ങളിലൂടെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുന്നു.

ജന്തുസഹജമായ വാസനകളെപ്പോലും, ലാഭേച്ഛയിൽ മനുഷ്യൻ നിയന്ത്രിക്കുന്നത്

ഏതെല്ലാം പ്രകാരത്തിലാണ് എന്നാണ് ഇതിൽ കഥാകാരി വിശദീകരിക്കുന്നത്. X 402 എന്ന പശുവിന്റെ ജന്മംപോലും കൃത്രിമ ബീജസങ്കലനത്തിലൂടെയാണ്. ഇണയെക്കാണാൻപോലും കഴിയാത്ത കൃത്രിമമായ ജീവിതരീതികളെ അനുഭവിക്കുകയും അതിനോട് സമരസപ്പെടുകയുംചെയ്യുന്ന സാമൂഹ്യവ്യവസ്ഥയേയും അതിനുകാരണമായിത്തീരുന്ന അധികാരഘടനയേയും ആണ് ഈ കഥ ആഖ്യാനം ചെയ്യുന്നത്.

കാരൂരിന്റെ കഥയിലെ 'പൗണ്ടും' (കാലിത്തൊഴുത്ത്) അന്തർജ്ജനത്തിന്റെ കഥയിലെ ഡയറിഫാമും കേന്ദ്രീകൃതാധികാരത്തിന്റെ ചിഹ്നങ്ങളാണ്. മനുഷ്യനെപ്പോലെത്തന്നെ ഈ പ്രകൃതിയിൽ അവകാശമുള്ളവരാണ് ജന്തുജീവജാലങ്ങളെന്ന വ്യവസ്ഥ മാറ്റി ഭൂമി മനുഷ്യന്റെ സ്വകാര്യസ്വത്താണെന്ന ഈ പുതിയ സാമൂഹ്യവ്യവസ്ഥയുടെ ധാരണ മനുഷ്യപക്ഷത്തുനിന്ന് വിശകലനം ചെയ്യുകയാണ് രണ്ട് എഴുത്തുകാരും.

പൗണ്ടർപോത്തന്റെ ഭാര്യ നിത്യനിദാനത്തിനുള്ള വഴിയായിട്ടാണ് ആടിനെ വാങ്ങി വളർത്താൻ തീരുമാനിക്കുന്നത്. "ജീവനുള്ള ആ ജന്തു" പ്രകൃതി നിയമങ്ങൾക്കനുസരിച്ചേ ജീവിക്കൂ എന്ന് പോത്തന്റെ ഭാര്യയ്ക്കറിയാം. അറിഞ്ഞുകൊണ്ടല്ല പോത്തനും ആടിനെ പിടിച്ചുകൊണ്ടുപോകുന്നത്. ഉടമസ്ഥൻ വന്ന് പിഴയടച്ച് കൂട്ടിക്കൊണ്ടുപോകാത്ത ഒരാടിനെക്കുറിച്ച് കേട്ട് കൊണ്ടുവരാൻ ചെന്നപ്പോൾ മാത്രമാണ് ആ സ്ത്രീ സ്വന്തം ആടിനെപ്പോലും പോത്തൻ തിരിച്ചറിയാതെ പിടിച്ചുകെട്ടിയ കാര്യം അറിയുന്നത്.

"ഓടക്കുഴലിന്റെ നാദ" ത്തിൽ നാടൻ പശുവും ഈ മനോഭാവത്തെയാണ് പ്രകടമാക്കുന്നത്. സമൂഹത്തിൽ നിലനില്ക്കുന്ന അധികാര ഘടനയുടേയും സ്ഥാപനങ്ങളുടേയും നിരന്തരമായ വേട്ടയാടലിന് നിസ്സഹായനായ മനുഷ്യൻ വിധേയനാകുന്നു എന്നുള്ളതാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഭൂതകാലത്തിന്റെ ഗഹനതയിൽനിന്നും തന്റെ

മനസ്സിൽ പതിഞ്ഞിട്ടുള്ള ഓർമ്മകളെല്ലാം അവൾ ആ സങ്കരയിനം പശുവിന് പറഞ്ഞു കൊടുക്കുന്നു. ഇത് പശുക്കളുടെ മാത്രം സ്ഥിതിയല്ല, മനുഷ്യസമുദായത്തിന്റെകൂടി സ്ഥിതിയാണെന്ന് കഥാകാരി നമ്മെ ഓർമ്മിപ്പിക്കുന്നു. കഥ നടക്കുന്ന കാലം, സ്ഥലം എന്നിവ ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കുള്ള നടവഴിയിൽ ഒരിടത്തുവെച്ചാണ് എന്ന് കഥാകാരി വ്യക്തമാക്കിയിട്ടുണ്ട്. "ആർക്കറിയാം മക്കളേ, പാവം മനുഷ്യർ. അവരും നമ്മെപ്പോലെ ദുഃഖിതരാണ്. നമ്മിൽ പരീക്ഷിച്ചുനോക്കി വിജയിച്ചു എന്ന് വിചാരിക്കുന്ന വിദ്യകളൊക്കെ തങ്ങളിലും ഏർപ്പെടുത്തി കൃതാർത്ഥരാവുകയാണ് അവർ. കൃത്രിമത്വ ത്തിന്റെ ചുവ അവസാനം അവരേയും അസ്വസ്ഥരാക്കാതിരിക്കില്ലല്ലോ. പ്രകൃതിയുടെ വിളി അത്ര ശക്തമാണ് കുഞ്ഞേ. അത് മനസ്സിലാക്കുമ്പോൾ ...... അന്ന് ഒരു പക്ഷേ അവർ നമ്മേയും സ്വതന്ത്രരാക്കിയേക്കാം." ഭൂതകാലത്തിന്റെ സ്വാസ്ഥ്യവും, വർത്തമാന കാലത്തിന്റെ അസ്വാസ്ഥ്യവും, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും വിശേഷ ബുദ്ധിയി ല്ലാത്ത രണ്ട് ജന്തുക്കളുടെ ചിന്തയിലൂടെ അന്യാപദേശരൂപേണ അവതരിപ്പിക്കുന്നു.

കാരൂരിൽ നിന്ന് വ്യത്യസ്തമായി സ്ത്രീപക്ഷ ചിന്താധാരയിലൂടെയാണ് ലളിതാം ബികാ അന്തർജ്ജനത്തിന്റെ കഥയിൽ ആഖ്യാനം നിർവ്വഹിക്കപ്പെടുന്നത്. ലാഭേച്ഛ മുത്ത മനുഷ്യൻ/ത്യജിക്കാൻ തയ്യാറാകുന്ന മനുഷ്യൻ, സ്വകാര്യസ്വത്ത്/പൊതുസ്വത്ത്, തട വറ/സ്വാതന്ത്ര്യം തുടങ്ങിയ ദ്വന്ദങ്ങൾ മൂല്യവ്യവസ്ഥയുടെ രണ്ടു മുഖങ്ങളെ പ്രതിനി ധാനം ചെയ്യുന്നു.

ഇടയ/ഗോത്രജീവിതാനുഭവങ്ങളിൽനിന്നും രൂപംകൊണ്ട പ്രകൃതി സങ്കല്പങ്ങൾ അടിസ്ഥാനമാറ്റങ്ങൾക്ക് വിധേയമാകുന്നത് മദ്ധ്യകാലഘട്ടത്തിലാണ്. ഈ മാറ്റത്തിന് പ്രേരണ നൽകുന്നത് ക്രൈസ്തവ യുക്തിബോധമാണ്. മനുഷ്യന് പ്രപഞ്ചത്തോടും പ്രകൃതിയോടുമുള്ള ബന്ധം കൈകാര്യകർതൃത്വത്തിന്റേതാണെന്ന് നവോത്ഥാനകാലമ

തവക്താക്കൾ പ്രചരിപ്പിച്ചു. പ്രകൃതിയെ ആരാധിക്കാനല്ല കീഴ്പ്പെടുത്തുവാനും സംരക്ഷിക്കുവാനുമാണ് മനുഷ്യന്റെ നിയോഗമെന്ന് ഈ കാലഘട്ടം കരുതി. ആധുനിക ശാസ്ത്രബോധം ഈ ചിന്തയ്ക്ക് വേഗത വർദ്ധിപ്പിച്ചു. ആർത്തി പെരുത്ത ലോകം ഈ ആശയത്തെ സസന്തോഷം സ്വീകരിച്ചു. മനുഷ്യനും പ്രകൃതിയും തമ്മിൽ ആത്മബന്ധത്തിലുള്ള അകൽച്ചയും ചൂഷണത്തിലുള്ള അടുപ്പവും സ്ഥിരപ്പെടുത്തുന്നതിനായി പുതിയ മൂല്യവ്യവസ്ഥ ശ്രദ്ധിച്ചു.

കാരൂർ നീലകണ്ഠപിള്ളയുടെ പൗണ്ടർപോത്തൻ എന്ന കഥയും അന്തർജനത്തിന്റെ ഓടക്കുഴലിന്റെ നാദം എന്ന കഥയും മനുഷ്യൻ, പ്രകൃതി, പ്രപഞ്ചത്തിന്റെ ഇതര ജീവജാലങ്ങൾ എന്നിവയിലെല്ലാം നവോത്ഥാന ലോകക്രമം സൃഷ്ടിച്ച പുതുബോധങ്ങളെ വിമർശനരീതിയിൽ അവതരിപ്പിക്കുന്നു.

ഈ കഥകളിലെ മുഖ്യസാന്നിദ്ധ്യം മൃഗങ്ങളുടേതാണ്. മനുഷ്യജീവിതത്തിന്റെ വ്യത്യസ്തഘട്ടങ്ങളിൽ വിവിധരൂപങ്ങളിൽ കടന്നുവന്നവയാണ് ഈ മൃഗങ്ങൾ. ഇടയജീവിതത്തിൽ ആട് പ്രധാന തോഴനായിരുന്നു. ഭാരതീയസംസ്കാരത്തിൽ അഗ്നിദേവന്റെ പ്രതിനിധിയാണ് ആട്. പ്രാചീന ഗ്രീക്ക് മിഥോളജിയിലെ 'പാൻ' തുടങ്ങിയ ദേവന്മാർക്ക് ആടിന്റെ രൂപമുണ്ട്. പൗരസ്ത്യ പ്രദേശത്ത് പെണ്ണാട് മിന്നലിന്റേയും വെളിച്ചത്തിന്റേയും ദേവതാസ്വരൂപമാണ്. ആടിന്റെ രോമങ്ങളിൽ പ്രാചീന റോമക്കാർ ദിവ്യത സങ്കല്പിച്ചിരുന്നു. ക്രമേണ ആടുകൾ സംസ്കാരത്തിന്റെ മാന്യസ്ഥാനങ്ങളിൽനിന്ന് നിഷ്കാസിതരായി. 'ഇടയനാൽ' നയിക്കപ്പെടാൻ വിധിക്കപ്പെട്ട വിശേഷബുദ്ധിയില്ലാത്തവരുടെ ഗണത്തിലേക്ക് ആട് തരംതാഴ്ത്തപ്പെട്ടു. വിശപ്പിന്റെ സ്ഥാനത്ത് ചെന്നായയെ പ്രതിഷ്ഠിച്ച് 'ഇര'യായി തീരുന്ന ആട്ടിൻകുട്ടി എന്ന സങ്കല്പം ഉയർന്നുവന്നു. ക്രിസ്തുവിന്റെ കുരിശാരോഹണത്തിലും ഉയിർപ്പിലും ആട്ടിൻകുട്ടി പ്രതീകമായി പ്രത്യക്ഷപ്പെട്ടു

ന്നു. കാർഷികാനുഷ്ഠാനങ്ങളിലും ഉർവരതാസങ്കല്പങ്ങളിലും ആട് ബലിമൃഗമാണ്. നിരവധി കുഞ്ഞുങ്ങളുമായി ജീവിതപരിസരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പെണ്ണാട് മാതൃ സാന്നിദ്ധ്യമായി നമുക്ക് അനുഭവപ്പെടുന്നു. മാതൃത്വത്തിന്റെ നിഷ്കളങ്കവും നിസ്സഹാ യവും സ്നേഹനിർഭരവുമായ സാന്നിദ്ധ്യത്തെ പെണ്ണാട് ഓർമ്മിപ്പിക്കുന്നു.

ഈ ആടാണ്, നിറവയറുമായി മനുഷ്യാധികാരം നിർമ്മിച്ച പൗണ്ടിൽ തടവുകാ രിയാകുന്നത്. അധികാരഘടനയുടെ നിർവികാരതയുടെ പ്രതിനിധിയാണ് പോത്തൻ. നീതി നടപ്പാക്കലാണ് തന്റെ കടമ എന്ന് ഉറച്ചു വിശ്വസിക്കുന്ന ഈ മുനിസിപ്പാലിറ്റി ജീവനക്കാരൻ വിളവ്, വേലി, സ്വകാര്യലോകം, പൊതുലോകം എന്നിവയുടെയെല്ലാം വ്യാഖ്യാതാവാണ്.

എന്നാൽ പൊതുസമൂഹം ഈ ഘടനയുമായി പൊരുത്തപ്പെടാൻ വൈമനസ്യം കാണിക്കുന്നു. പോത്തനോടും പൗണ്ടിനോടും അവർക്കുള്ള വിരോധം പരസ്യമായി പ്രകടിപ്പിക്കുന്നുമില്ല. നിസ്സഹായയായ ആടിനോടു കാണിക്കുന്ന വാശി കൊമ്പു കുലു ക്കുന്ന കാളയോട് കാണിക്കാൻ പോത്തന് ധൈര്യമില്ല. അധികാരം ആരെ ഭയപ്പെടുന്നു എന്ന ചോദ്യവും ഈ കഥ ഉന്നയിക്കുന്നു.

ഭാരതീയ പാരമ്പര്യത്തിൽ 'പശു' എന്നും ദേവതാതുല്യമായി പരിഗണിക്കപ്പെട്ട മൃഗമാണ്. മൃഗപരിപാലന സംസ്കാരം ഇന്ത്യൻ സാംസ്കാരിക ചരിത്രത്തിലെ പ്രധാ നപ്പെട്ട മേഖലകളിലൊന്നാണ്. മാതൃബിംബമായാണ് പശു എക്കാലവും പരിഗണിക്ക പ്പെടുന്നത്. സുരഭി, നന്ദിനി, കാമധേനു എന്നീ ഗോനാമങ്ങൾ പുരാണപ്രസിദ്ധമാണ്. ഭാരതത്തിലാകെ സ്വാധീനം ചെലുത്തിയ കൃഷ്ണസങ്കല്പത്തിലും പശു കേന്ദ്രസ്ഥാന ത്തുനിൽക്കുന്നു. ശ്രീരാമനുൾപ്പെടുന്ന രഘുവംശത്തിന്റെ ചരിത്രത്തിലും പശുവിന് നിർണ്ണായകസ്ഥാനമുണ്ട്. മേഘങ്ങൾ മഴ വർഷിക്കുന്നതിനെ ഗോക്കൾ പാലുതരുന്ന

തായി പ്രാചീനഭാരതം കണക്കാക്കിയിരുന്നു. കാള കരുത്തിന്റെയും പൗരുഷത്തിന്റെയും പ്രതീകമായി സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു. വിത്തുകാള എന്ന സങ്കല്പം കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. കൃഷിയിലും സാമൂഹികജീവിതത്തിലും മനുഷ്യന്റെ സഖ്യശക്തിയായി വർത്തിച്ച ഈ വളർത്തുമൃഗം ആധുനിക മുതലാളിത്ത സംസ്കൃതിയിൽ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ മാതൃപക്ഷത്തുനിന്നാണ് അന്തർജനം അവതരിപ്പിക്കുന്നത്. താരതമ്യപഠനത്തിലൂടെ ഇനി പറയുന്ന നിഗമനങ്ങളിലെത്താം.

* അധികാരഘടനയോട് പൊരുത്തപ്പെടാൻ മനുഷ്യൻ അനുഭവിക്കുന്ന പ്രയാസങ്ങളാണ് രണ്ട് കഥകളും ചർച്ചചെയ്യുന്നത്.

* ഒരു അധികാരഘടനയാണ് ആ സാമൂഹികക്രമത്തിന്റെ താളവും ലയവും നിശ്ചയിക്കുന്നത്. ഇത് നിലനിർത്തുന്നതിന് അതെപ്പോഴും ജാഗ്രത കാണിക്കുന്നു.

* ഉദാത്തമായ ഒരു അവസ്ഥയാണ് സ്വാതന്ത്ര്യം എന്ന് അന്യാപദേശരൂപേണ ഈ കഥകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

* സ്വന്തം ഭാഗധേയം ഇച്ഛയ്ക്കനുസരിച്ച് നിർണ്ണയിക്കാനും അതിനനുസരിച്ച് ജീവിക്കാനുമുള്ള അവസ്ഥയാണ് സ്വാതന്ത്ര്യം.

* ഒരു നല്ല സാമൂഹിക്രമത്തിന്റെ പരമമായ ലക്ഷ്യം വ്യക്തിസ്വാതന്ത്ര്യമാണ്. അത് ഏതെങ്കിലും ഒരു വ്യവസ്ഥ നൽകുന്ന ആനുകൂല്യമാണോ, മനുഷ്യന്റെ അവകാശമാണോ എന്ന ചിന്ത മനുഷ്യമനസ്സിൽ ഉയർത്താനാണ് കഥകൾ ശ്രമിക്കുന്നത്.

* ഒരു സമൂഹം ആരാധ്യസ്ഥാനത്ത് പ്രതിഷ്ഠിച്ച് ആദരിച്ചിരുന്ന വിശ്വാസപ്രമാണങ്ങൾ മറ്റൊരു സാമൂഹ്യവ്യവസ്ഥ കടന്നുവരുമ്പോൾ അതിന്റെ ലക്ഷ്യങ്ങളെ

മുൻനിർത്തി പുനഃക്രമീകരിക്കപ്പെടുന്നു.

* ഒരാളുടെ വ്യക്തിനാമംപോലും ആ അധികാരഘടനയുടെ സൂചകമാകുന്നു. 'പോത്തൻ' എന്ന ആരോഗ്യമില്ലാത്ത മനുഷ്യനല്ല 'പൗണ്ടർ' എന്ന അധികാരസങ്കല്പ മാണ് വായനക്കാരന്റെ മനസ്സിൽ അവശേഷിക്കുന്നത്.

* 'മനുഷ്യരാശിയുടെ വിമോചകൻ' എന്ന് കരുതപ്പെടുന്ന ക്രിസ്തു ജനിച്ച കാലി ത്തൊഴുത്ത് തടവറയായി മാറുന്നു എന്ന വൈരുദ്ധ്യം കഥ ബോദ്ധ്യപ്പെടുത്തുന്നു.

* തടവറകളുടെ ഭിന്നരൂപങ്ങൾ ഭിന്നതലങ്ങളിൽ കഥയിൽ പ്രത്യക്ഷപ്പെടുന്നു. പെണ്ണ് അനുഭവിക്കുന്ന തടവിന്റെ കാഠിന്യം കഥകൾ വേർതിരിച്ച് കാണിച്ചുതരുന്നു.

* ദേശീയ ഡയറിഫാമിലെ 402-ാം നമ്പർ പശു, ഫാം സന്ദർശിക്കാൻ എത്തുന്ന ആൾക്കാർ, ടീറ്റ് കപ്പ്, 'ചിലപ്പോൾ സമയത്തിന്റെ കൃത്യത തെറ്റിയാൽ കുറച്ചു നിറംമാറി യതുകൂടി' തുടങ്ങിയ പ്രയോഗങ്ങളിലൂടെ ആധുനികകാലത്തെയും ആധുനികമനു ഷ്യനെയും യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കുന്നതിന് ലളിതാംബിക ശ്രദ്ധി ക്കുന്നു.

* ജനസംഖ്യാ നിയന്ത്രണം, ക്ലോണിംഗ്, നിർബന്ധിത വന്ധ്യംകരണം, കൃത്രിമജനു സ്സുകളെ ഉൽപ്പാദിപ്പിക്കൽ എന്നിവയാൽ മനുഷ്യസമൂഹം ജനനത്തിനു മുമ്പുതന്നെ അധികാരഘടനയാൽ നിയന്ത്രിക്കപ്പെടുന്നു എന്ന അവസ്ഥ ഇരുകഥകളും മനസ്സിലാ ക്കിത്തരുന്നു.

**ഒടുവിലത്തെ മകൻ/അവിവാഹിത**

ശാസ്ത്രബോധം മനുഷ്യനിൽ ആത്മവിശ്വാസം വളർത്താൻ പര്യാപ്തമായോ എന്ന

കാര്യം തർക്കവിഷയമാണ്. ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ശാസ്ത്രം വളർത്തിയ അവബോധങ്ങൾ ആശാസ്യമാണോ എന്ന അന്വേഷണം ഇന്നും തുടരുകയാണ്. ആധുനിക അലോപ്പതിയുടെ കടന്നുവരവോടെ ഒരുവ്യവസ്ഥയിൽനിലനിന്നിരുന്ന രോഗത്തെക്കുറിച്ചും ശമനത്തെക്കുറിച്ചുമുള്ള ധാരണകൾ തിരുത്തിയെഴുതപ്പെട്ടു എന്നതാണ് തിരുവിതാംകൂറിന്റെ ചരിത്രം. പുതിയ ധർമ്മാശുപത്രികൾ സ്ഥാപിച്ച് ആധുനിക വൈദ്യശാസ്ത്രം ജനങ്ങളെ സമീപിപ്പിച്ചതോടെ രോഗത്തേയും ചികിത്സയേയും കുറിച്ചുള്ള പരസ്പരാശ്രിതമായ സമഗ്രധാരണകൾ അപ്രത്യക്ഷമാകാൻ ആരംഭിച്ചു. ദാരിദ്ര്യവും രോഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കാതായി. തിരക്കേറിയ ലോകത്തിൽ ചര്യയും പഥ്യവുമെല്ലാം അപ്രസക്തമായി. വ്യക്തിരോഗങ്ങൾ ദോഷവൈഷമ്യം ബാധിച്ച സ്ഥലകാലങ്ങളുടെ പ്രതിഫലനമാണെന്ന പരമ്പരാഗതധാരണ നഷ്ടപ്പെട്ടു. സദ്വൃത്തി, സദാചാരം മുതലായവ രോഗത്തെ അകറ്റാൻ സഹായിക്കുമെന്ന് ആരും ഉപദേശിക്കാനില്ലാതായി. ആത്മവിശ്വാസംകൊണ്ട് രോഗത്തെ നേരിടുന്ന പഴയ കാലവും ആധുനികചികിത്സയെ മുന്നോട്ടുവെക്കുന്ന പുതിയ കാലവും നവോത്ഥാനകാലകഥകളിലെ പ്രധാന പ്രമേയമായിരുന്നു. സാധാരണവും നൈസർഗ്ഗികവുമായ പ്രസവം പോലും ആധുനിക വൈദ്യശാസ്ത്രത്തിൽ ചികിത്സയും മരുന്നും ആവശ്യമുള്ള അവസ്ഥയായി പരിഗണിക്കപ്പെട്ടു.

നാടൻ വയറ്റാട്ടിമാർ ഡോക്ടർക്കും മിഡ്വൈഫിനും വഴിമാറികൊടുക്കേണ്ടിവന്നു. സ്ത്രീത്വം, പ്രസവം, പരിചരണം, മാതൃത്വം, പിറന്ന കുഞ്ഞിന്റെ മനോഭാവം എന്നിവയിലെല്ലാം ധാരണകൾ മാറാനാരംഭിച്ചു. മാറുന്ന സാമൂഹികാന്തരീക്ഷവും മാതൃത്വത്തിന്റെ ഭിന്നമുഖങ്ങളും കാരൂരിന്റെ കഥകളിലും അന്തർജനത്തിന്റെ കഥകളിലും ചിത്രീകരിച്ചുവെച്ചിട്ടുണ്ട്. കാരൂരിന്റെ അമ്മ, ഭൃത്യൻ, മകൻ, വേലക്കാരി, അച്ഛന്റെ കുട, ഒടുവിലത്തെ മകൻ മുതലായ കഥകൾ ഈ വിഭാഗത്തിൽ പെടുന്നവയാണ്. അന്തർജനത്തിന്റെ

കഥകളിൽ സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ ധാരാളമുണ്ട്. യാത്രാവസാനം, മൂടുപടത്തിൽ, വിവാഹമുഹൂർത്തം, പ്രതികാരദേവത, പ്രതീക്ഷകൾ മുതലായ കഥകൾ സ്ത്രീത്വത്തിന്റെ വിഷമാവസ്ഥകളെ പ്രതിനിധാനം ചെയ്യുന്നവയാണ്. അന്തർജനത്തിന്റെ അവിവാഹിത എന്ന കഥ, കാഴ്ചപ്പാടിലും ആഖ്യാനത്തിലും മറ്റു കഥകളിൽനിന്നും വേറിട്ടുനിൽക്കുന്നു. കാരൂരിന്റെ ഒടുവിലത്തെ മകൻ എന്ന കഥയും അന്തർജനത്തിന്റെ അവിവാഹിത എന്ന കഥയും താരതമ്യം ചെയ്യുന്നതിലൂടെ ആധുനിക ശാസ്ത്രബോധത്തിന്റെ സ്വാധീനത്തിന് കീഴ്പ്പെടേണ്ടിവന്ന സ്ത്രീത്വത്തിന്റെ ഭിന്നതലങ്ങളെ അടുത്തുനിർത്തി പരിശോധിക്കുന്നു.

നാടൻവയറ്റാട്ടിയായ നങ്ങേലി അമ്മൂമ്മയാണ് ഒടുവിലത്തെ മകൻ എന്ന കഥയിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത്. നാട്ടിലെ മിക്ക പ്രസവങ്ങൾക്കും കാർമ്മികത്വം വഹിച്ചത് ഈ അമ്മൂമ്മയാണ്. താൻ പേറെടുത്ത മക്കളെല്ലാം തന്റെ മക്കളാണെന്ന് കരുതുന്ന മഹാമാതൃത്വത്തിന് ഉടമയാണ് ഇവർ. നങ്ങേലി അമ്മൂമ്മ തന്റെ പ്രസവത്തിന്റെ അനുഭവത്തിൽനിന്നാണ് വയറ്റാട്ടിയുടെ തൊഴിലിലേക്ക് പ്രവേശിച്ചത്. നങ്ങേലി അമ്മൂമ്മ ഒന്നു പ്രസവിച്ചതാണ്. രണ്ടുനാഴിക തികച്ച് ആ കുട്ടി ഭൂമിയിൽ കിടന്നില്ല. ഈശ്വരവിധിയെന്നും ഭാഗ്യദോഷമെന്നും എല്ലാവരും പറഞ്ഞെങ്കിലും ശിശുമരിച്ചതു പതിച്ചിയുടെ നോട്ടക്കുറവുകൊണ്ടാണെന്ന് നങ്ങേലിക്കു തോന്നി. തുടർന്ന് നിരന്തരസാധനയിലൂടെ അവർ പതിച്ചിയുടെ ജോലി പഠിച്ചെടുത്തു. മനസ്സുംശരീരവും ശുദ്ധമായി സൂക്ഷിച്ച് ജീവൻ ജീവനിൽനിന്നു വിട്ടുപോരുന്ന നിരവധി സദ്മുഹൂർത്തങ്ങൾക്ക് സഹായിയായി. ജനനത്തിന് ജാതിമതഭേദമില്ല. ചിറയിലെ മാടത്തിലെ, തിരുമയുടെ പേറെടുത്തത് ആർക്കും പിടിച്ചില്ല. അയിത്തക്കാരിയുടെ പേറെടുത്തതിൽ തന്റെ വീട്ടുകാർ പോലും അമർഷംകൊണ്ടു. നങ്ങേലി അതൊന്നും കണക്കിലെടുത്തില്ല. ഏതായാലും ആക്ഷേപം കേട്ടു. എന്നാൽപിന്നെ മുഴുവനായിക്കൊള്ളട്ടെ. തിരുമയെ വേതു കുളിപ്പിക്കാനും അവർ

പോയി. ഇതോടെ സമൂഹം അവരെ അകറ്റി. അതോടെ അവർക്കും ആത്മബലം പോയി. നാട്ടിലാകട്ടെ ആശുപത്രികളും വന്നു. നാട്ടുവയറ്റാട്ടി അപ്രസക്തയായി മാറി. അന്ന് എല്ലാവരുടെയും അപ്രിയത്തിനു കാരണമായ ആ പ്രസവശുശ്രൂഷയിലൂടെ ലോകംകണ്ട രാമചന്ദ്രൻ, 'വലുതായി', 'പഠിപ്പുള്ളവനായി' മാറി, സർക്കാർ ഉദ്യോഗം കിട്ടി. ആ സന്തോഷം തന്നോട് പങ്കുവയ്ക്കാൻ ആ മകൻ വരുമെന്ന് നങ്ങേലി കരുതി, ഏറെ കാത്തു. മകൻ വന്നില്ല. അവന് ഗുരുത്തക്കേട് ഉണ്ടാകരുതെന്ന് കരുതി ആ അമ്മ അവനെ തേടിച്ചെന്നു. അപ്പോൾ അവൻ തമ്പുരാൻ പടിക്കൽ യാത്രപറയാൻ പോയിരിക്കുകയായിരുന്നു. പിറ്റേദിവസം കാലത്ത് ജോലിക്ക് പോകുവാൻ നാലഞ്ചുരൂപ കടം ചോദിക്കാൻ കൂടിയാണ് അയാൾ തമ്പുരാൻപടിക്കലേക്ക് പോയത്. താൻ പേറെടുക്കാൻ വന്നതിന് വലിയ ആക്ഷേപം പറഞ്ഞ പടിക്കൽകാരെ അയാൾ ഗൗനിച്ചു. കാരണം അവരുടെ കുടികിടപ്പിലാണ് അവൻ കഴിയുന്നത്. നങ്ങേലിക്ക് പരാതിയൊന്നുമില്ല. "എന്റെ അവസാനത്തെ മകനാണവൻ. നാളെ പോകാൻ കാശുതെകഞ്ഞില്ലെങ്കിൽ അങ്ങോട്ടുവരാൻ പറ അവനോട്" എന്ന് ആ ശുദ്ധാത്മാവ് പറഞ്ഞേല്പിച്ചു. കുഞ്ഞാമൻ എന്ന രാമചന്ദ്രൻ നങ്ങേലി അമ്മൂമ്മയെ കാണാൻ അന്നും അടുത്ത ദിവസങ്ങളിലും ഒരിക്കലും ചെന്നില്ല. എന്തിനെന്ന് അവർക്കുകൂടി അറിയാത്ത ഒരു വേദന അവർ അനുഭവിച്ചുകൊണ്ടിരുന്നു. രാമചന്ദ്രന് ഉദ്യോഗം ലഭിച്ചിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. എല്ലാതരം ബന്ധങ്ങളും അവൻ മുറിച്ചുകളഞ്ഞു. ഇപ്പോൾ അവൻ ഒരു നായർപെണ്ണിനെ രജിസ്റ്റർ വിവാഹം കഴിച്ച്, അന്ന് ജാത്യാചാരത്തിന്റെ ആക്ഷേപം പറഞ്ഞവരിൽനിന്ന് നങ്ങേലി അമ്മൂമ്മയെ മോചിപ്പിച്ചിരിക്കുന്നു. അതിലഭിനന്ദിക്കാനും അമ്മൂമ്മ ചെന്നു. രാമചന്ദ്രൻ അവരെ കാണാൻ ചെന്നതേയില്ല.

അന്തർജനത്തിന്റെ അവിവാഹിത എന്ന കഥ ചെറുപ്പക്കാരിയായ ലേഡി ഡോക്ടറുടേതാണ്. ഡോക്ടറായി ജോലിയിൽ പ്രവേശിച്ച് അവർ ആദ്യം കൈകാര്യം ചെയ്തത്

ഒരു പ്രസവക്കേസാണ്. വേദന തുടങ്ങി നാലഞ്ചുദിവസം കഴിഞ്ഞാണ് ഗർഭിണി ഡോക്ടറുടെ അടുത്തെത്തുന്നത്. നാട്ടുപതിച്ചികളുടെ നഖക്ഷതങ്ങൾ വീണ അവളുടെ ശരീരവും മനസ്സും ഒരുപോലെ ക്ഷീണിതമായിരുന്നു. ലേഡി ഡോക്ടർക്ക് പ്രസവമെടുത്ത പരിചയം കുറവാണ്. അവർ ആവതും ശ്രമിച്ചു. അവസാനം ശസ്ത്രക്രിയയിലൂടെ കുഞ്ഞിനെയും തള്ളയെയും വേർപ്പെടുത്തി. കുഞ്ഞിന്റെ ജീവൻ നഷ്ടപ്പെട്ടുവെങ്കിലും തള്ള രക്ഷപ്പെട്ടു. പക്ഷെ ആ സംഭവം ആ യുവഡോക്ടറെ വല്ലാതെ ബാധിച്ചു. ഗർഭവും പ്രസവവും വരുത്തുന്ന വിനകളെ അവർ ഭയപ്പെട്ടു. ഇത്തരം വേദനാത്മകമായ ഒരു ജീവിതം വരിക്കാൻ താൻ തയ്യാറല്ല എന്ന് അവർ പ്രതിജ്ഞയെടുത്തു. പിന്നേയും നിരവധി പ്രസവങ്ങൾ അവരുടെ സാന്നിദ്ധ്യത്തിൽ നടന്നു. ഓരോ അമ്മമാരെയും അവർ ഉപദേശിച്ചത്: "ഇനി പ്രസവിക്കരുത് കേട്ടോ. എന്തിനാ ഈ ആരോഗ്യവും യൗവ്വനവും സ്വയം നശിപ്പിക്കുന്നത്" എന്നാണ്. പലരും അവർക്ക് വിവാഹമാലോചിച്ചു. പ്രസവത്തെ ഭയന്ന് അവർ അതെല്ലാം നിരസിച്ചു. ഒരിക്കൽ ഒരു യുവതി ആശുപത്രിയിലെത്തി. പ്രസവത്തിനുശേഷം അവർ പനി ബാധിച്ചു മരിച്ചു. വിജാതീയനെ സ്നേഹിച്ച് വിവാഹം കഴിച്ച അവൾ കുടുംബത്തിൽനിന്നും തിരസ്കൃതയായിരുന്നു. അവളുടെ ഭർത്താവാകട്ടെ ജീവിതമാർഗ്ഗം തേടി പട്ടാളക്കാരനായി മാറി യുദ്ധമുന്നണിയിൽ എത്തിപ്പെട്ടവനാണ്. ഇപ്പോൾ അയാളെപ്പറ്റി വിവരമൊന്നുമില്ല. ഈ അവസ്ഥയിൽ ആ അനാഥകുഞ്ഞിനെ സംരക്ഷിക്കാൻ ഡോക്ടർ നിർബന്ധിതയായി. കുഞ്ഞിന്റെ സാന്നിദ്ധ്യം ആ വനിതാ ഡോക്ടറുടെ മാതൃബോധം വളർത്തുന്നതും ക്രമേണ അവരുടെ ആത്മബന്ധം വർദ്ധിക്കുന്നതും പിന്നീട് യുദ്ധമുന്നണിയിൽനിന്ന് തിരിച്ചുവന്ന കുട്ടിയുടെ അച്ഛൻ കുഞ്ഞിനെ തേടിയെത്തുന്നതുമാണ് കഥയിലെ പ്രതിപാദ്യം. അച്ഛന്റെ കൂടെ പോയ കുഞ്ഞിനെ നഷ്ടപ്പെടുന്നതിലൂടെ അവളുടെ മാതൃഹൃദയം സജീവമാവുകയും കുഞ്ഞിനുവേണ്ടി ജോലി രാജിവെച്ച് പട്ടാളക്കാരന്റെ ഭാര്യയായി തീരുന്നിടത്ത് കഥ അവസാനിക്കുകയും

ചെയ്യുന്നു.

ഇരു കഥകളിലും മാതൃത്വമാണ് നിറഞ്ഞുനിൽക്കുന്നത്. രണ്ട് കഥാപാത്രങ്ങളും പ്രസവിച്ച് അമ്മയാകുന്നവരല്ല. പേറെടുത്ത് അമ്മയാകുന്നവരാണ്. പ്രസവിക്കുന്ന അമ്മ മാർക്കുവേണ്ടി ജീവിതം മാറ്റിവെച്ച രണ്ട് സ്ത്രീകളിലൂടെ, മാറുന്ന കാലത്തിന്റെ ശാസ്ത്ര യുക്തികൾ വിമർശനവിധേയമാകുന്നു.

കാരൂർ നാടൻവയറ്റാട്ടിയുടെ യുക്തിബോധത്തിൽനിന്നാണ് മാതൃപുത്രബന്ധം മുതൽ രോഗചികിത്സവരെയുള്ള മുഴുവൻ കാര്യങ്ങളും വിലയിരുത്തുന്നത്. എത്ര കുഞ്ഞു ങ്ങളുണ്ടാകുന്നുവോ അത്രയുംനല്ലത് എന്ന് അവർവിശ്വസിക്കുന്നു. സ്നേഹത്തെ തിരിച്ചു പ്രതീക്ഷിക്കുന്ന അമ്മയുടെ മനസ്സിനെയും ഒന്നിനോടും മമതയില്ലാത്ത – വാങ്ങിയതി നെക്കുറിച്ച് ബോധമോ തിരിച്ചുകൊടുക്കാനുള്ള ബാദ്ധ്യതയോ ഇല്ലാത്ത – അഭ്യസ്ത വിദ്യന്റെ മനോഭാവത്തെയും നാം കാണുന്നു.

ആധുനിക വിദ്യാഭ്യാസം കിട്ടിയ ലേഡി ഡോക്ടറാകട്ടെ ഗർഭപാത്രം അടച്ചുപൂട്ടി പ്രസവവേദനയിൽനിന്നും പ്രസവദുരിതങ്ങളിൽനിന്നും രക്ഷപ്പെടാമെന്ന് വ്യാമോഹി ക്കുന്നു. സ്വയംവരിക്കുന്ന ഈ അനപത്യത പ്രകൃതി നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് അവർ മനസ്സിലാക്കുന്നത് വൈകിയാണെന്നുമാത്രം.

സൂക്ഷ്മതലത്തിലുള്ള അന്വേഷണത്തിൽ പ്രസക്തമായ മറ്റൊരു നിഗമനത്തിൽ കൂടി എത്തിച്ചേരാൻ കഴിയുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾ അനുഭവിക്കു കയും അനുഭവിപ്പിക്കുകയും ചെയ്യുന്ന അതേ തീവ്രതയിൽ കൈകാര്യം ചെയ്യുന്നതിന് നവോത്ഥാന കഥാകാരനുള്ള കഴിവ് കാരൂർ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഏതൊരു വ്യവസ്ഥയിലും മൂല്യസങ്കല്പത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന ചില ഘടകങ്ങ ളുണ്ടെന്നും അവയിലൊന്ന് മാതൃത്വമാണെന്നും ഈ കഥകൾ നമ്മെ ബോദ്ധ്യപ്പെടു

ത്തുന്നു.

കഥകളുടെ സൂക്ഷ്മതാരതമ്യം പ്രസക്തമാകുന്നത് പ്രത്യക്ഷത്തിൽ പ്രകടമാകാത്ത ചില സവിശേഷതകൾ കണ്ടെത്തുന്നിടത്താണ്.

* നന്ദികെട്ടവരുടെ ലോകം എന്നതാണ് പുതിയ സാമൂഹികക്രമത്തെ കുറിച്ചുള്ള പ്രത്യക്ഷമായ വിലയിരുത്തൽ എന്നു കരുതാം. എന്നാൽ നങ്ങേലി അമ്മൂമ്മ ആഗ്രഹിക്കുന്ന പ്രത്യുപകാരം സ്നേഹം മാത്രമാണ്. ഭാഗ്യനിർഭാഗ്യങ്ങളെക്കുറിച്ചുള്ള ബോധം അവരുടെ "പരിമിതമായ ലോകത്ത്" ഒതുങ്ങിനിൽക്കുന്നതാണ്. അമ്മ മകനോട് കാണിക്കുന്ന "അധികാരം" വേർതിരിച്ചു കാണിക്കുന്നതിൽ സ്വാർത്ഥതയല്ല ത്യാഗമാണ് പരന്നൊഴുകുന്നത്.

* ആധുനികശാസ്ത്രബോധത്തിനുമുമ്പിൽ "നാണിച്ച് നാക്കടഞ്ഞു നിന്നുപോയ" നാടൻശാസ്ത്രത്തെ ആ അവസ്ഥയിലെത്തിച്ച ഘടകങ്ങൾ കാരൂർ കൃത്യമായി കാണിച്ചുതരുന്നു. ആക്ഷേപങ്ങളിലൂടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയും വയസ്സും പ്രായവും ശിക്ഷയായി കണക്കാക്കുകയും നന്ദികാണിക്കാതെ തിരസ്കരിക്കുകയും ചെയ്യുന്നത് ആധുനികയുക്തിബോധത്തിന്റെ പിൻബലത്തിൽനിന്നാണ്.

* കാത്തിരിപ്പിന്റെ വ്യത്യസ്തഭാവം രണ്ടു കഥകളിലും കാണാം. വരണമെന്നുള്ള കാത്തിരിപ്പും, വരരുതെന്നു കരുതുന്ന കാത്തിരിപ്പുമാണ് കഥയിലെ വ്യത്യസ്തതയെ അനുഭവപ്പെടുത്തുന്നത്. നങ്ങേലി അമ്മൂമ്മ രാമചന്ദ്രൻ വരുമെന്നും, സന്തോഷവാർത്ത തന്നെ കേൾപ്പിക്കുമെന്നും വിശ്വസിക്കുന്നത് തികച്ചും നിഷ്കളങ്കമായാണ്. എന്നാൽ അവിവാഹിത എന്ന കഥയിൽ "യാതൊരാപച്ഛങ്കയും ഉണ്ടാകാതെ വത്സരങ്ങൾ അഞ്ചാറു കഴിഞ്ഞു" എന്ന സൂചനയിൽ നിരവധി ആപത്തുകളെ കുറിച്ചുള്ള ആശങ്കകൾ ഒളിച്ചു വച്ചിരിക്കുന്നു.

* അമ്മയും മകനും എന്ന സങ്കല്പത്തിലെ സാർവ്വലൗകികതയും സ്വാർത്ഥതയും ഒരുപോലെ കഥകൾ അനുഭവപ്പെടുത്തുന്നു.

* വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനം (1945) എന്ന കഥാസമാഹാരത്തിലെ ഐഷുക്കുട്ടി എന്ന കഥ ഈ ആശയത്തിന്റെ മറുപുറത്തെയാണ് കാണിക്കുന്നത്. പുരുഷൻ സ്ത്രീയുടെ അവസ്ഥയെ നോക്കിക്കാണലാണ് ആ കഥയിൽ എങ്കിൽ മാതൃപക്ഷത്തുനിന്നാണ് അന്തർജനവും കാരൂരും രചന നിർവ്വഹിക്കുന്നത്.

മനുഷ്യനെക്കുറിച്ചും മനുഷ്യാവസ്ഥകളെക്കുറിച്ചും ഏറ്റവും ഗൗരവമായി ചിന്തിക്കുകയും കർമ്മനിരതനായ മനുഷ്യനെ ചിത്രീകരിക്കുകയും ചെയ്ത നവോത്ഥാന കാലഘട്ടത്തിലെ കഥകളിലെ, മൂല്യവിചിന്തനം ഒരു നിശ്ചിത പരിധിയിൽ ഒതുക്കാൻ പ്രയാസമാണ്. കൂടുതൽ പഠനങ്ങൾക്കുള്ള സാദ്ധ്യതകളാണ് ഓരോ അന്വേഷണവും ബോധ്യപ്പെടുത്തുന്നത്. എന്നാൽ മുതലാളിത്ത വ്യവസ്ഥയുടെ സാഹിത്യരൂപങ്ങളായ നോവലിലും ചെറുകഥയിലും മലയാള വായനക്കാരന് അനുഭവിക്കാൻ കഴിഞ്ഞ മനുഷ്യാവസ്ഥയും, അറിയാൻ കഴിഞ്ഞ മൂല്യസങ്കല്പവും വ്യത്യസ്തമാണ്. മൂല്യബോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വ്യത്യസ്തമാകയാൽ ഓരോ സന്ദർഭത്തിലും മനുഷ്യന്റെ പ്രതികരണവും വ്യത്യസ്തമായിതീരുന്നു. നോവലിൽ ഒരു കഥാപാത്രത്തിന്റെ വളർച്ചയും കാലത്തിന്റെ വളർച്ചയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാകയാൽ മൂല്യസങ്കല്പത്തിലെ പരിവർത്തനങ്ങൾ സ്വാഭാവികമാണെന്ന ഒരു ധാരണ വായനക്കാരനിലുണ്ടാകും. കാലത്തിനോട് കലഹിക്കുന്ന കഥാപാത്രങ്ങൾ പോലും, ആ കാലത്തിന്റെ മൂല്യബോധത്തിന് കീഴ്പ്പെടാൻ നിർബന്ധിതരാകും. മൂല്യവിചാരത്തേക്കാൾ ആകെയുള്ള മനുഷ്യവിചാരത്തിനാണ് നോവലിൽ സ്ഥാനം. നാടുവാഴിത്തത്തിൽനിന്ന് മുതലാളിത്തവ്യവസ്ഥയിലേക്കുള്ള പരിവർത്തനഘട്ടത്തിൽ മലയാള കവിതയും വായനക്കാരു

മായി ചില ആശങ്കകൾ പങ്കുവെക്കുകയുണ്ടായി. കാവ്യയുക്തി സാമൂഹികയുക്തികളുമായി പൊരുത്തപ്പെടുന്ന സന്ദർഭങ്ങൾ വിരളമാണെന്ന ഒരു വിശ്വാസം സമൂഹത്തിലുണ്ടായിരുന്നതിനാൽ കവിതയിലെ മൂല്യവിചാരങ്ങൾക്ക് ജനസമ്മതി കുറവായിരുന്നു.

ജീവിതത്തിലെ ഒരു സവിശേഷ സന്ദർഭത്തെ മുൻനിർത്തി വ്യവസ്ഥയോടും അധികാരത്തോടും നിയമങ്ങളോടുമുള്ള പ്രതികരണങ്ങളെ അവതരിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടുതന്നെ കഥയ്ക്ക് വായനക്കാരിൽ വിശ്വാസ്യത വർദ്ധിച്ചു.

കഥ മുന്നോട്ടുവെക്കുന്ന മൂല്യബോധത്തെ വായനക്കാരൻ കൂടുതൽ ഗൗരവത്തിൽ ഉൾക്കൊള്ളുന്നതിനാൽ കാരൂരും ലളിതാംബികയും വളരെ ജാഗ്രതയോടെയാണ് ഈ സാഹിത്യരൂപത്തെ സമീപിച്ചത്. കഥയെഴുതുന്നതിനെക്കുറിച്ചുള്ള അവരുടെ സത്യവാങ്മൂലങ്ങൾ നവോത്ഥാന കഥാകൃത്തുകളുടെ പൊതുധാരണകളെയാണ് പങ്കുവെക്കുന്നത്. വിഭാവനം ചെയ്യുന്ന ഒരു സവിശേഷ സന്ദർഭത്തെ വെളിവാക്കുക, ജീവിതത്തിന്റെ ശക്തമായ നിമിഷത്തെ കാണിക്കുക, കാലത്തിൽനിന്നും ഒരു തുള്ളി കൈക്കുമ്പിളിലെടുത്തു കാണിക്കുക, പ്രത്യേക സംഭവത്തിന്റെ ഗുരുത്വകേന്ദ്രം വെളിവാക്കുക എന്നിങ്ങനെ കഥാനിർവചനത്തിലെ സങ്കല്പങ്ങൾ ഇവരുടെ രചനാബോധത്തെ സ്വാധീനിച്ചിരുന്നു. മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളോട് ഇവർക്ക് ആദരവുണ്ട്. സൂക്ഷ്മതയുടെ കലാരൂപമാണ് ചെറുകഥ എന്ന അറിവും ഇവർക്കുണ്ടായിരുന്നു. എന്നാൽ ജീവിതത്തിൽ താല്പര്യം ഉണർത്തുന്നതിലാകണം ചെറുകഥ ശ്രദ്ധിക്കേണ്ടത് എന്ന് നവോത്ഥാനകാല ചെറുകഥാകൃത്തുകൾ കരുതി. യഥാർത്ഥജീവിതത്തിലെ പരിചിത സന്ദർഭങ്ങളെ മുൻനിർത്തിതന്നെ മൂല്യവിമർശനത്തിലേക്ക് ഇവർ കടന്നുചെന്നു.

നവോത്ഥാന കാലഘട്ടത്തിന്റെ മൂല്യചിന്തകളെ ഇവർ പൂർവധാരണകളുമായി താരതമ്യം ചെയ്യുന്നു.

മുൻകരുതലുകൾ എടുക്കേണ്ടുന്ന ചില സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് ഇവർ കരുതുന്നു. നാടുവാഴിത്ത മൂല്യക്രമത്തേയോ നവമുതലാളിത്ത മൂല്യക്രമത്തേയോ ഇവർ പൂർണ്ണാർത്ഥത്തിൽ സ്വീകരിക്കുന്നില്ല. ഓരോ വ്യവസ്ഥയ്ക്കും അതിന്റേതായ അധികാരമനഃശാസ്ത്രമുണ്ടെന്നും തദനുസൃതമായ മൂല്യമാണ് അവർ പ്രചരിപ്പിക്കുകയെന്നും അതിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത് കേവലമനുഷ്യനല്ല അധികാരം കൈയാളുന്ന മനുഷ്യനാണ് എന്നും ഇവർ സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു.

അറിവും അധികാരവും തമ്മിലുള്ള ബന്ധം പ്രത്യക്ഷമെന്നതിനേക്കാൾ പരോക്ഷമായാണ് അനുഭവപ്പെടുക എന്ന ആശയം ഇവർ കഥകളിലൂടെ പങ്കുവെച്ചു.

വിദ്യകൊണ്ട് പ്രബുദ്ധരാകുന്നവർ ഏതുതരം പ്രബുദ്ധതയാണ് നേടിയത് എന്ന കാര്യം പക്ഷപാതരഹിതമായി അന്വേഷിക്കണമെന്ന് ഇവർ കഥകളിലൂടെ ആവശ്യപ്പെട്ടു.

നവോത്ഥാന കാലഘട്ടത്തിലെ മനുഷ്യവീക്ഷണത്തെ നവോത്ഥാനനന്തര ബോധങ്ങളുമായി ചേർത്തുവെച്ച് പരിശോധിക്കുമ്പോഴാണ് കൃത്യമായി നിഗമനങ്ങളിലെത്താൻ കഴിയുക. 1960കൾക്കു ശേഷമുള്ള മലയാളകഥയിലെ പ്രവണതകളെയും മനുഷ്യസങ്കല്പത്തെയും കുറിച്ച് സാമാന്യമായി പരാമർശിച്ച് നിഗമനങ്ങളിലെത്താനാണ് അടുത്ത അദ്ധ്യായത്തിൽ ശ്രമിക്കുന്നത്.

## കുറിപ്പുകൾ

1. ഏംഗൽസ്, ഫ്രെഡറിക് : കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം, പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, മോസ്കോ: 1980, പേജ് 14
2. ലളിതാംബിക അന്തർജനം : ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ് 1960, പേജ് 15
3. -------- : ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 28-30
4. -------- : ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 40-41
5. കഥാകർത്രിയുടെ മറുപടി, കഥയെങ്കിൽ കഥ എന്നിവയാണ് ആ ലേഖനങ്ങൾ ആത്മകഥയ്ക്കൊരാമുഖം എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.
6. ലളിതാംബിക അന്തർജനം : ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 56
7. ലളിതാംബിക അന്തർജനം : തിരഞ്ഞെടുത്ത കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1966, പേജ് 28
8. ചന്ദ്രശേഖരൻ എം.ആർ. : ആത്തേമാരുടെ കഥകൾ (ലേ.), അന്തർജനം ഒരു പഠനം, അന്തർജനം ഷഷ്ഠ്യബ്ദപൂർത്തി ആഘോഷ കമ്മിറ്റി, 1969, പേജ് 29
9. മുഹമ്മദ് എൻ.പി. : മാനുഷ്യകം, കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1987, പേജ് 25
10. ലളിതാംബിക അന്തർജനം : സീത മുതൽ സത്യവതി വരെ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1998
11. Neumann Eric : The Origin and History of Consciousness, London: Princenton Uty Press, 1973, p. 54
12. Neumann Eric : The Origin and History of Consciousness, London: Princenton Uty Press, 1973, p. 54
13. അംബികാഞ്ജലി, ആദ്യത്തെ കഥകൾ (1937), മൂടുപടത്തിൽ (1946), കാലത്തിന്റെ ഏടുകൾ (1949), കിളിവാതിലിലൂടെ (1950), കൊടുങ്കാറ്റിൽനിന്ന് (1951), ഗ്രാമബാലിക (1951), കണ്ണീരിന്റെ പുഞ്ചിരി (1955), ഇരുപത് വർഷത്തിനുശേഷം (1956), അഗ്നിപുഷ്പങ്ങൾ (1960), സത്യത്തിന്റെ സ്വരം (1963), തിരഞ്ഞെടുത്ത കഥകൾ (1966), വിശ്വരൂപം (1971), ധീരേന്ദു മജുംദാരുടെ അമ്മ (1973), പവിത്രമോതിരം, തകർന്ന തലമുറ, കഥ എന്നിവയാണ് അന്തർജനത്തിന്റെ ചെറുകഥാ സമാഹാരങ്ങൾ.
14. Bachogen J.J. : Myth, religion and mother spirit, London: Routledge and Kegan, 1967, p. 75

15. മാണിക്യൻ, കാട്ടുപൂവ് മുതലായ കഥകൾ

16. യാത്രാവസാനം, മൂടുപടത്തിൽ, പ്രതികാരദേവത, പ്രതിദ്ധ്വനി എന്നീ കഥകൾ

17. റിയലിസം, അവിവാഹിത, കുറ്റസമ്മതം എന്നീ കഥകൾ

18. റിയലിസം, അവിവാഹിത, കുറ്റസമ്മതം എന്നീ കഥകൾ

19. കുറ്റസമ്മതം, ഇത് ആശാസ്യമാണ് എന്നീ കഥകൾ

20. കുറ്റസമ്മതം, ഇത് ആശാസ്യമാണ് എന്നീ കഥകൾ

21. കൊടുങ്കാറ്റിൽപ്പെട്ട ഒരു ഇല, ഒളിവിൽനിന്ന് ഒളിവിലേക്ക്, അച്ഛന്റെ മകൻ, മനുഷ്യൻ മൃഗമായപ്പോൾ, ഗാന്ധിജിക്കു ശേഷം എന്നീ കഥകൾ

22. പ്രഭാകരവാര്യർ കെ.എം. : ഭാഷ, സാഹിത്യം, വിമർശനം, ഡോ. കെ.എം. പ്രഭാകരവാര്യരുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്, 2007, പേജ് 151

23. തെരഞ്ഞെടുത്ത കഥകൾ (കാരൂർ നീലകണ്ഠപിള്ള), 1970, [ഒന്നാം ഭാഗം, പേജ് 202 -208] എന്ന കൃതിയിൽ ഒട്ടുകോരികയും എന്ന കഥയും, തെരഞ്ഞെടുത്ത കഥകൾ (ലളിതാംബിക അന്തർജനം) 1966, [പേജ് 398-404] എന്ന കൃതിയിൽ മനുഷ്യപുത്രി എന്ന കഥയും ചേർത്തിട്ടുണ്ട്.

24. കാരൂരിന്റെ കഥകൾ ഒന്നാം ഭാഗം (കാരൂർ നീലകണ്ഠപിള്ള), 1969, [പേജ് 575-580] എന്ന കൃതിയിൽ പൗണ്ടർ പോത്തൻ എന്ന കഥയും, ധിരേന്ദു മജുംദാരുടെ അമ്മ (ലളിതാംബിക അന്തർജനം), കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, [പേജ് 39-] എന്ന കൃതിയിൽ ഓടക്കുഴലിന്റെ നാദം എന്ന കഥയും ചേർത്തിട്ടുണ്ട്.

25. തെരഞ്ഞെടുത്ത കഥകൾ (കാരൂർ നീലകണ്ഠപിള്ള), 1970, [രണ്ടാംഭാഗം, പേജ് 399 -404] എന്ന കൃതിയിൽ ഒടുവിലത്തെ മകൻ എന്ന കഥയും, തെരഞ്ഞെടുത്ത കഥകൾ (ലളിതാംബിക അന്തർജനം), 1960, [പേജ് 80-87] എന്ന കൃതിയിൽ അവിവാഹിത എന്ന കഥയും ചേർത്തിട്ടുണ്ട്.

26. Velupillai T.K. : The Travancore State Manual, Trivandrum: 1940, Vol. III, p. 705

27. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 26

28. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 27

29. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 28

30. Sadasivan S.N. : Administration and Social Development in Kerala, A Study in Administrative Sociology, New Delhi, 1988, p. 54

അദ്ധ്യായം ആറ്

# കഥ, ആധുനികത, പ്രതിമാനവികത

ഗവേഷണ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത് അതിന് കാലിക പ്രാധാന്യമുണ്ടാകുമ്പോഴും തുടരന്വേഷണങ്ങൾക്ക് മാർഗ്ഗദർശിത്വം നൽകുമ്പോഴുമാണ്. സങ്കീർണ്ണമായ സമസ്യകളെ സാധാരണ മനുഷ്യർക്കുപോലും നിർദ്ധാരണം ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസം നൽകാൻ പഠനങ്ങൾക്ക് സാധിക്കണം. ഭാഷയിലും സാഹിത്യത്തിലും നടക്കുന്ന പഠനങ്ങൾ സാംസ്കാരിക പഠനങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. നവോത്ഥാനാനന്തര മലയാള ചെറുകഥയുടെ വികാസ പരിണാമങ്ങളും അവയിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യനും അവന്റെ മൂല്യസങ്കല്പങ്ങളും പഠനവിധേയമാകുന്നത് ഈ സന്ദർഭത്തിലാണ്.

കലയും സംസ്കാരവും പരസ്പരാശ്രിതവും പരസ്പരപൂരകവുമാണ്. ജീവിതത്തിലുണ്ടാകുന്ന വീക്ഷണ വ്യത്യാസങ്ങൾ, ജീവിതരീതിയെയും അതു മെച്ചപ്പെടുന്നതിനാവശ്യമായ സാധനസാമഗ്രികളെയും നിരന്തരം പുതുക്കാൻ നിർബന്ധിതമാക്കും. മനുഷ്യനു പ്രയോജനപ്പെടുന്ന ഏതൊരു വസ്തുവും നവീകരിക്കുമ്പോൾ, നിർമ്മിക്കുന്നതിലും, കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലുമുള്ള സൗകര്യമാണ് പ്രയോജനവാദിയായ മനുഷ്യൻ പരിഗണിക്കുന്നത്. കലയും മനുഷ്യനിർമ്മിത വസ്തുവാകയാൽ കലയുടെ ആധുനികീകരണം സ്വാഭാവികമായും ഈ ലക്ഷ്യത്തിന് മുൻതൂക്കം നൽകുന്നു. എന്നാൽ മറ്റ് നിർമ്മിത വസ്തുക്കളിൽനിന്ന് കലാവസ്തു പല കാര്യങ്ങളിലും വ്യത്യസ്ത പുലർത്തുന്നു. കലാനിർമ്മിതി ഏറെ സങ്കീർണ്ണവും നിർവചനാതീതവുമായ ഒരു പ്രക്രിയയാണ്. ഒരു ഉല്പന്നമെന്ന നിലയിൽ കലയ്ക്കോ സാഹിത്യത്തിനോ എന്തെങ്കിലും അടിയന്തിരലക്ഷ്യം പൂർത്തീകരിക്കാനില്ല. ലക്ഷ്യം പൂർത്തീകരിച്ചാലും

അതിന്റെ ഫലം സമൂഹത്തിൽ/വ്യക്തിയിൽ പ്രത്യക്ഷപ്പെടുന്നത് വിദൂരഭാവിയിൽ മാത്രമായിരിക്കും. അതിനാൽ കലയിലെയും സാഹിത്യത്തിലെയും ആധുനികത നിരവധി ചർച്ചകൾക്കും നിരന്തര സംവാദങ്ങൾക്കും വഴിയൊരുക്കി ഇന്നും അപൂർണ്ണമായി നിലനിൽക്കുന്നു.

### 6.1. ആധുനികതയും അഭിപ്രായഭേദങ്ങളും

മലയാള സാഹിത്യത്തിൽ ആധുനിക കാലഘട്ടം എന്നു വിവക്ഷിക്കുന്നത് ഏതു കാലയളവിനെ കുറിച്ചാണ് എന്ന കാര്യത്തിൽ നിരൂപകന്മാർ ഏകാഭിപ്രായക്കാരല്ല. മലയാളിയുടെചിന്തയെയും ജീവിതരീതിയെയും നിർണ്ണായകമായി സ്വാധീനിച്ച്, പാശ്ചാത്യ വിദ്യാഭ്യാസവും ഭരണ സംവിധാനവും പ്രചാരത്തിൽ വരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ മലയാള സാഹിത്യത്തിലെ ആധുനിക പ്രവണതകൾ ആരംഭിക്കുന്നു എന്നു വിശ്വസിക്കുന്ന നിരൂപകന്മാർ ഉണ്ട്.[1] കവിതയിൽ കാല്പനികതയുടെ ഉദയവും ഭാഷാഗദ്യത്തിന്റെ വികാസവും നോവൽ, കഥ തുടങ്ങിയ ആധുനിക സാഹിത്യരൂപങ്ങൾക്കുണ്ടായ വളർച്ചയും സ്വീകാര്യതയും, സ്വന്തമായ ഒരു നിരൂപണശൈലി രൂപംകൊണ്ടതും സാഹിത്യത്തിലെ ഈ ആധുനികീകരണത്തിന്റെ പ്രത്യക്ഷങ്ങളാണെന്ന് ഇവർ കരുതുന്നു. എന്നാൽ മറ്റ് സാഹിത്യലോകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മലയാള സാഹിത്യത്തിൽ നിയോക്ലാസിക് രചനാരീതിയാണ് ഈ കാലയളവിലും പ്രചാരത്തിലിരുന്നത് എന്നതിനാൽ ഇതിനെ ആധുനകകാലമെന്നു പലരും കണക്കാക്കുന്നില്ല.[2] കാല്പനികതയുടെ ചരിത്രത്തിൽപോലും പൂർവകാല്പനികത എന്ന പരിഗണന മാത്രമാണ് ഇവർ ഈ കാലത്തിനു കൊടുക്കുന്നത്. കാല്പനിക പ്രവണതകൾ ഭാവരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടുവെങ്കിലും, കവിമനസ്സ് ക്ലാസിക് കാവ്യബിംബങ്ങളോടും നിയോക്ലാസിക് രചനാനിയമങ്ങളോടും താല്പര്യം കാണിക്കുന്നതായിരുന്നു.

ഭാഷാഗദ്യത്തെ മാനകീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടന്നുവന്നിരുന്നുവെങ്കിലും ഗദ്യരീതി സാർവ്വത്രികമായിരുന്നില്ല. സാമൂഹ്യശാസ്ത്രത്തിൽ ആധുനികത (modernity) എന്ന പദം പാരമ്പര്യത്തിന്റെ (tradition) നേർവിപരീതമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. പരമ്പരാഗത സാഹിത്യ വീക്ഷണങ്ങളിൽനിന്ന് വേറിട്ടുപോരാൻ താല്പര്യം കാണിക്കാതിരുന്നതിനാൽ ഈ കാലഘട്ടത്തെ ആധുനികമെന്ന് കണക്കാക്കുന്നത് ഉചിതമല്ല.

**6.1.1.** എല്ലാ ഔചിത്യങ്ങളും ഉയർന്നുവരുന്ന പശ്ചാത്തലങ്ങളിലൊന്ന് സാമൂഹ്യബോധമാണ്. അതിനാൽ ആധുനികത എന്ന വാക്ക് കടന്നുവരുന്ന ചരിത്രസാമൂഹിക പശ്ചാത്തലം വിശദീകരിക്കേണ്ടതുണ്ട്. ആധുനികം എന്ന് അർത്ഥം വരുന്ന modern എന്ന ഇംഗ്ലീഷ് പദത്തിന്റെ നിരുക്തി (modo) എന്ന ലാറ്റിൻ പദത്തിൽനിന്നാണ്. ഈയിടെ ഉള്ളത് (recent/just now) എന്ന ആശയം വ്യക്തമാക്കാനാണ് modo എന്ന ലാറ്റിൻ വാക്ക് നിലവിൽ വന്നത്. എ.ഡി. 5-ാം നൂറ്റാണ്ടിൽ, മദ്ധ്യകാല ക്രൈസ്തവത അതിന്റെ നവീനതയെ സ്വയം വ്യക്തമാക്കാനാണ് modern എന്ന വാക്ക് ഉപയോഗിച്ചുതുടങ്ങിയത്. പ്രാകൃതാരാധനാരീതികളിൽനിന്നും വ്യത്യാസപ്പെട്ട നവീനരീതി സ്വീകരിക്കുന്നതിനാൽ ക്രിസ്തുമതം ആധുനികമാണെന്ന് അവർ പ്രചരിപ്പിച്ചു. എന്നാൽ മധ്യകാല ക്രൈസ്തവതയെ നിഷേധിക്കുമ്പോഴും, ക്രൈസ്തവതയെ പുതിയ അർത്ഥത്തിൽ വളർത്തിക്കൊണ്ടുവരുമ്പോഴും എല്ലാം, അതത് സന്ദർഭങ്ങൾ അവയെ സ്വയം പരിചയപ്പെടുത്തിയത് modern എന്നാണ്. സമൂഹത്തിലെ വികാസപരിണാമങ്ങളെ നിർദ്ധാരണം ചെയ്യാൻ ഈ വാക്ക് ആദ്യമായി ഉപയോഗിക്കുന്നതും പാശ്ചാത്യചരിത്രകാരന്മാരാണ്. പാരമ്പര്യത്തെ തകർത്ത് പുതിയ സാമൂഹികാവസ്ഥ ഉയർന്നുവരുമ്പോൾ, അതിനെ പരിചയപ്പെടുത്താനാണ് ചരിത്രം ഈ വാക്ക് ഉപയോഗിച്ചുവന്നത്. മദ്ധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന നാടുവാഴിത്ത വ്യവസ്ഥയിലെ ആഭ്യന്തരവൈരുദ്ധ്യങ്ങളിൽനിന്നും സ്വയം ഉയർന്നുവന്ന

ഒരു മദ്ധ്യവർഗ്ഗം തങ്ങളുടെ മാത്രം ശക്തികൊണ്ട് എല്ലാ സാമൂഹിക മണ്ഡലങ്ങളിലും നേതൃനിരയിലേക്ക് കടന്നുവന്നതാണ് യൂറോപ്പിന്റെ ആധുനികീകരണമായി ചരിത്രം വിലയിരുത്തുന്നത്.[3] ഒരു ബാഹ്യഘടകത്തിന്റെയും ചേരുവ ഈ പരിവർത്തനത്തിൽ ഇല്ല. എന്നാൽ ഭാരതീയവും വിശിഷ്യാ കേരളീയവുമായ പശ്ചാത്തലത്തിൽ, ആധുനികീകരണം എന്ന കാഴ്ചപ്പാട് തന്നെ പാശ്ചാത്യ കൊളോണിയൽ ബന്ധങ്ങളിൽനിന്ന് കടന്നുവരുന്നതാണ്. നിർബന്ധിതമായ സാഹചര്യങ്ങളാൽ ബാഹ്യഘടനയിൽ മാറുമ്പോഴും ആന്തരികഘടനയിൽ മാറാൻ കഴിയാത്ത ചാർച്ചാകൂട്ടങ്ങളാണ് (endogamas kinship groups) ഇന്ത്യൻ അവസ്ഥയിൽ നിലനിൽക്കുന്നത്. ജാതിപരമായ അഭിജാതക്രമം (ritual status) മതത്തിന്റെ പ്രത്യയശാസ്ത്രമായി വർത്തിച്ച ഇന്ത്യൻ സാമൂഹ്യഘടനയിൽ പാശ്ചാത്യ കൊളോണിയൽ സങ്കല്പമുണ്ടാക്കിയ 'ആധുനികത' എന്ന ആശയത്തിലെ പാരമ്പര്യനിഷേധം സ്വീകാര്യമായില്ല. ജന്മനാ ഉടമകളും അടിമകളുമായി വേർതിരിയുന്ന ഒരു ക്ലാസിക് സമൂഹവും അടിയായ്മയിലധിഷ്ഠിതമായ ഒരു ഫ്യൂഡൽ സമൂഹവും, വളർത്തിയെടുത്ത മാനസികബോധത്തെ മാറ്റുന്നതിനോ അവിടെ നവീനമായ ഒരു ബോധത്തെ സ്ഥാപിക്കുന്നതിനോ ആധുനികതാസങ്കല്പം ഇന്ത്യൻ സാഹചര്യത്തിൽ പ്രയോജനപ്പെട്ടില്ല.[4]

പാശ്ചാത്യാധിനിവേശമാണ് ഇന്ത്യൻ സമ്പദ്ഘടനയെ ലോകസമ്പദ്ഘടനയുമായി ബന്ധിപ്പിക്കുന്നത്. ഇന്ത്യൻ സമ്പദ്ഘടന എന്ന വാക്കുതന്നെ അപ്രസക്തമാകുന്നവിധം പ്രാദേശികനാടുവാഴിത്തസാമ്പത്തികക്രമമാണ് ഇന്ത്യയിൽ നിലനിന്നത്. ബ്രിട്ടീഷുകാർ നിയമങ്ങൾകൊണ്ടും നയോപായങ്ങൾകൊണ്ടും ദേശീയതാസങ്കല്പം സൃഷ്ടിച്ച ശേഷമാണ് ഇന്ത്യൻ സമ്പദ്ഘടന രൂപംകൊള്ളുന്നത്. ഇതിനെ ലോകസമ്പദ്ഘടനയുമായി ബന്ധിപ്പിച്ചതോടെ, പരിമിതമായി വളർന്നുവന്ന ഇന്ത്യൻ മൂലധനശക്തികൾ പ്രതിസന്ധിയിലായി. ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനത്തിന്റെ വലിയൊരു ഭാഗം ബ്രിട്ട

നിലേക്ക് മാറ്റുക എന്ന സ്ഥിതിയാണ് ഇതുകാരണം ഉണ്ടായത്. അതിനാൽ ഇന്ത്യയിലെ മദ്ധ്യവർഗ്ഗം, ഇത്തരമൊരു സാമ്പത്തികബന്ധത്തെ ഉൾക്കൊള്ളാൻ കഴിയുന്ന സ്ഥിതിയിലായിരുന്നില്ല. വ്യവസായസംരഭങ്ങൾ തുടങ്ങാനാവശ്യമായ മൂലധന രൂപീകരണം (capital accumulation) തദ്ദേശീയമായി നടക്കാത്തതുകൊണ്ടും, നൂതന ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താതുകൊണ്ടും ഒരു വ്യവസായ സംസ്കാരവും മുതലാളിത്തവ്യവസ്ഥയും ഇന്ത്യയിൽ ഉയർന്നുവന്നത് വളരെ താമസിച്ചാണ്. സാമ്പത്തികമായ അടിത്തറയും സാമൂഹികമായ ഉപരിഘടനയും പരസ്പരാശ്രിതമാകയാൽ ഇന്ത്യയിൽ 'ആധുനികത' എന്ന സങ്കല്പം വളരെ മന്ദഗതിയിലാണ് സ്വാംശീകരിക്കപ്പെട്ടത്. സാമൂഹിക രാഷ്ട്രീയരംഗത്തെ ഈ സ്ഥിതി ഇന്ത്യൻ സാഹചര്യത്തിൽ ഇന്നും നിലനിൽക്കുന്നതിനാൽ 'ആധുനികത' എന്ന സംപ്രത്യയത്തിന് ഇന്ത്യൻ അവസ്ഥയിലുള്ള അർത്ഥസങ്കല്പം വ്യത്യസ്തമാണ്.

**6.1.2.** 'പുരോഗതി' എന്നും 'പരിഷ്കാര'മെന്നും ആധുനികതയോടൊപ്പം ഉപയോഗിക്കുന്ന മറ്റ് രണ്ട് വാക്കുകളാണ്. അളന്നു തിട്ടപ്പെടുത്താൻ കഴിയുന്ന രേഖീയമായ വളർച്ചയാണ് പുരോഗതി അർത്ഥമാക്കുന്നത്. പ്രാചീന ഗ്രീസിൽ മുഖ്യവിജ്ഞാനധാരകളിലൊന്നായി കണക്കാക്കിയിരുന്നത് ഗണിതമാണ്. ജ്യാമിതിയെ അടിസ്ഥാനമാക്കിയാണ് അവർ കാര്യകാരണങ്ങളെ വിലയിരുത്തിയത്. ഇന്ത്യൻ ചിന്ത ആസ്ഥാനത്ത് ഭാഷയ്ക്കാണ് പ്രാധാന്യം നൽകിയത്. പാശ്ചാത്യ ചിന്താധാരയുടെ പ്രഭവകേന്ദ്രമായ ഗ്രീസിന്റെ പാതയിലൂടെയാണ് പാശ്ചാത്യബോധം മുന്നേറുന്നത്.[5] കാലസങ്കല്പത്തിലും ഈ വ്യത്യാസം കാണാം. കാലം രേഖീയമായി സഞ്ചരിക്കുന്നു എന്നു പാശ്ചാത്യരും കാലഗതിക്ക് ഒരു ചാക്രികതയുണ്ടെന്ന് ഭാരതീയരും വിശ്വസിക്കുന്നു. അതുകൊണ്ട് പുരോഗതി = വളർച്ച എന്നതാണ് പാശ്ചാത്യ നിഗമനമെങ്കിൽ, ഭാരതീയർ വളർച്ചയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗുണപരമായ മാറ്റമാണ്. കാലം മുന്നോട്ടു പോകുന്നതിലെ കേവല പുരോഗതിയെ

ഭാരതീയ ചിന്ത ലക്ഷ്യം വയ്ക്കുന്നില്ല.

പരിഷ്കാരം എന്ന വാക്ക് 'ആധുനികതയുടെ പ്രത്യക്ഷപ്പെടൽ' എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. എന്നാൽ പ്രത്യക്ഷീകരണങ്ങളല്ല, അതിന് ആസ്പദമായി വർത്തിക്കുന്ന ആന്തരസ്രോതസ്സുകളാണ് പ്രവണതകളെ മനസ്സിലാക്കുന്നതിനായി വിശകലനം ചെയ്യേണ്ടത്. രചനയിലും സംവേദനത്തിലും പരിവർത്തനം സൃഷ്ടിക്കാൻ ഇടയാക്കിയ മാനസികഘടനയാണ് ആധുനികതാപഠനത്തിൽ പ്രധാനം.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെയുള്ള കേരളീയസമൂഹം മേല്പറഞ്ഞ സാമൂഹികസാമ്പത്തികപശ്ചാത്തലത്തിൽ നിലകൊള്ളുന്നതായിരുന്നു. സാഹിത്യത്തിൽ പുരോഗതി അനുഭവപ്പെട്ടുവെങ്കിലും അതിനെ നിയന്ത്രിച്ചിരുന്ന ചിന്താധാരകൾ സാഹിത്യവിമർശനത്തിലെ ആധുനികതാ സങ്കല്പത്തിൽ പെട്ടവയായിരുന്നില്ല. രൂപഭാവങ്ങൾ പരിഷ്കരിച്ചുവെങ്കിലും അതിനു പ്രേരിപ്പിച്ച ഘടകങ്ങൾ ആധുനികമെന്നു വിശേഷിപ്പിക്കാൻ കഴിയുന്നവയായിരുന്നില്ല. ഇക്കാരണങ്ങളാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുണ്ടായ കലാസാഹിത്യ പരിണാമങ്ങളെ ഈ പ്രബന്ധം ആധുനികമെന്ന് കരുതുന്നില്ല. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലുണ്ടായ മനുഷ്യാനുകൂല പരിവർത്തനങ്ങൾ സാഹിത്യമണ്ഡലങ്ങളിലേക്കും വ്യാപിച്ചു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത.

### 6.2. ആധുനികതാ സങ്കല്പം: പാശ്ചാത്യ/യൂറോപ്യൻ സാഹിത്യത്തിൽ

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യുമ്പോൾ പാശ്ചാത്യയുക്തിയുടെ സ്വാധീനം അനുഭവപ്പെടുന്നു. കോളനീകരണത്തിന്റെ ഭാഗമായി അവർ സൃഷ്ടിച്ച മാനസികമായ അടിമ മനോഭാവം ഇത്തരം വിശകലനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു. കലാസാഹിത്യ പഠനങ്ങളിലും ഇത്തരം സന്ദർഭ

ങ്ങൾ സാധാരണമാണ്. കലാസാഹിത്യ ചർച്ചകളിലെ ആധുനികതാ സങ്കല്പവും ഇതിനാൽ പാശ്ചാത്യസങ്കല്പനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിൽ വിക്ടോറിയൻ കാലഘട്ടം അവസാനിച്ചതു മുതൽ ആരംഭിച്ച നവീന പ്രവണതകളെ ആധുനികത എന്ന പദംകൊണ്ട് അർത്ഥമാക്കുന്നവരുണ്ട്.[6] പാശ്ചാത്യ പ്രബുദ്ധതയിൽനിന്ന് ആരംഭിച്ച ഒരു ആഗോളപദ്ധതിയുടെ തുടർച്ചയാണ് ആധുനികത എന്നും ഇവർ വിശ്വസിക്കുന്നു. യുക്തിക്ക് നിരക്കാത്ത വിശ്വാസപ്രമാണങ്ങൾ ഉപേക്ഷിച്ച്, പകരം ശാസ്ത്രയുക്തിയിലധിഷ്ഠിതമായ ചിന്ത കടന്നുവന്നതാണ് പാശ്ചാത്യ പ്രബുദ്ധതയുടെ ഒരു വശം. അതിന്റെ തുടർച്ച എന്ന നിലയിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ശാസ്ത്രം കൂടുതൽ മുന്നേറി. ക്വാണ്ടം തിയറിയുടെ (quantum theory) ആവിർഭാവം ന്യൂക്ലിയർ ഫിസിക്സിന്റെ ലോകം വികസിതമാക്കി. യുറേനിയം വേർതിരിച്ചെടുക്കാൻ കഴിഞ്ഞതും ഈ കാലയളവിലാണ്. സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്രവിമർശനപദ്ധതിക്ക് അംഗീകാരം കിട്ടിയത് ഈ കാലഘട്ടത്തിലാണ്. സർറിയലിസം, എക്സ്പ്രഷനിസം, റഷ്യൻ ഫോർമലിസം തുടങ്ങിയ കലാപ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ പ്രചാരം നേടി. ദൃശ്യകല, സംഗീതം, വാസ്തുവിദ്യ തുടങ്ങിയ മറ്റു കലകളിലും വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. സാഹിത്യത്തിൽ ടി.എസ്. എലിയട്ട്, എസ്രപൗണ്ട്, റെയ്നർ മറിയറിൽക്കെ, തുടങ്ങിയ കവികളും ജെയിംസ് ജോയ്സ്, ഫ്രാൻസ് കാഫ്കെ, മാർഷൽ പ്രൂസ്റ്റ്, വർജീനിയ വുൾഫ് തുടങ്ങിയ നോവലിസ്റ്റുകളും നടത്തിയ രചനകൾ പാശ്ചാത്യാധുനികതയുടെ വിളംബരങ്ങളായി മാറി.

പാശ്ചാത്യ സാഹിത്യത്തിലെ ആധുനികത ചർച്ചാവിഷയമായിത്തീരുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്.

* സാമൂഹികപരതയേക്കാൾ വ്യക്തിപരതയ്ക്ക് രചനയിൽ കിട്ടിയ സ്ഥാനം.

* കാണേണ്ടതിനെക്കുറിച്ചുള്ള മുൻധാരണകളെ ഇല്ലാതാക്കി. ഏതു പ്രകാരത്തിലാണ് കാണേണ്ടത് എന്നതിനെക്കുറിച്ചാണ് കലാകാരൻ ചിന്തിക്കേണ്ടത് എന്ന് നിർദ്ദേശിച്ചു.

* വസ്തുനിഷ്ഠതയാണ് കൃതിയുടെ ജീവൻ എന്ന പരമ്പരാഗത ധാരണ നിഷേധിച്ചു.

* എല്ലായിടത്തും ആഖ്യാതാവിന്റെ സാന്നിദ്ധ്യം ഉണ്ടാകണമെന്ന പിടിവാശി ഉപേക്ഷിച്ചു. നിശ്ചിതമായ ഒരു വീക്ഷണസ്ഥാനത്തുനിന്ന് കൃത്യമായി പ്രവഹിക്കുന്ന ധാർമിക നിലപാടുകളുടെ സ്രോതസ്സായിരിക്കണം സാഹിത്യകൃതി എന്ന ധാരണയെ പൂർണ്ണമായും തള്ളിക്കളഞ്ഞു.

* രചനകൾക്ക് രൂപദാർഢ്യം വേണമെന്ന കാഴ്ചപ്പാട് ഉപേക്ഷിക്കുകയും ശിഥില രൂപങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുകയും ചെയ്തു.

പാശ്ചാത്യാധുനിക പ്രവണതകൾ 1960കളോടുകൂടി പുതിയ മറ്റ് പ്രവണതകൾക്ക് വഴിമാറി. കേരളീയ പരിസരത്തിൽ പാശ്ചാത്യ സാഹിത്യത്തിലെ ആധുനിക പ്രവണതകൾ സ്വാധീനം ചെലുത്തുന്നത് 1960കൾ മുതൽക്കാണ്. എന്നാൽ ആധുനികതയെ സ്വീകരിക്കാൻ തയ്യാറായ ഒരു മാനസികാന്തരീക്ഷത്തെ സൃഷ്ടിച്ചെടുക്കുന്നത് കേരളീയ നവോത്ഥാനമാണ്.

**6.2.1.** സാഹിത്യ പ്രവണതകളെ ഒരു നിശ്ചിത സമയപരിധിയിൽ പരിമിതപ്പെടുത്താൻ പല കാരണങ്ങളാൽ കഴിയുകയില്ല. ചരിത്രത്തിൽ കാലനിർണ്ണയം ചെയ്യുന്നതിന് സാദ്ധ്യതകൾ ഏറെയുണ്ടെങ്കിൽ, സാഹിത്യത്തിൽ ഓരോ കാലഘട്ടവും അത്ഭുതപ്പെടുത്തുന്ന ഒരു പുതിയ അറിവിനേയും അനുഭവത്തേയും സമ്മാനിക്കുന്നു. അറിവിന്റേയും അനുഭവത്തിന്റേയും ഒരു സവിശേഷഘട്ടത്തിലാണ് ആ പ്രവണതയെ നാം വേർതിരിച്ച് മന

സ്സിലാക്കുന്നത്.

കേരളീയ നവോത്ഥാനം, ആധുനിക പ്രവണതകളെ സ്വീകരിക്കാൻ കഴിയുന്ന വിധം മലയാളിയെ ചിട്ടപ്പെടുത്തിയത് ശ്രദ്ധേയമായ വിധത്തിലാണ്.

ശാസ്ത്രീയമായി ചിന്തിക്കാൻ കഴിയുന്ന വിധം യുക്തിബോധത്തെ വളർത്തി. ഉദാരമാനവികതയെ പ്രചരിപ്പിച്ച് മനുഷ്യവിശ്വാസവും സ്നേഹവും വളർത്തി. ഭാവനാംശത്തിനു പ്രാധാന്യമുള്ള കാല്പനികത സാഹിത്യത്തിൽ പരിചയപ്പെടുത്തി. പുരോഗതി എന്ന സങ്കല്പം സാമൂഹിക ജീവിതത്തിലും വ്യക്തിജീവിതത്തിലും വളർത്തി. വികസനമെന്ന ആശയം തൊട്ടറിയാവുന്ന വിധം അടുത്തെത്തിച്ചു. ഈ നവോത്ഥാന ചിന്താധാരയാൽ സ്വാധീനിക്കപ്പെട്ട എഴുത്തുകാരാണ് മലയാള സാഹിത്യത്തിലെ ആധുനികതയ്ക്ക് തുടക്കം കുറിച്ചത്.

**6.2.2.** കേരളീയ നവോത്ഥാനം, പാശ്ചാത്യ കൊളോണിയൽ താല്പര്യങ്ങളുടെ കൂടി സമ്മിശ്രമാണെന്ന് ഈ പ്രബന്ധത്തിൽ വിശദീകരിച്ചിട്ടുണ്ട്. കൊളോണിയൽ കാലഘട്ടത്തിൽ ജനിച്ച ഈ എഴുത്തുകാർ സ്വാതന്ത്ര്യാനന്തര ഭാരതത്തിലും രചനകളിലേർപ്പെട്ടുവെങ്കിലും അവരുടെ രചനാചിന്തയെ മുഖ്യമായും സ്വാധീനിച്ചത്, കൊളോണിയൽ വിദ്യാഭ്യാസവും നവോത്ഥാനചിന്തയുമായിരുന്നു. സ്വാതന്ത്ര്യം നേടിയ ശേഷവും പാശ്ചാത്യാഭിമുഖ്യമാണ് ഭാരതത്തിന്റെ മിക്ക രംഗങ്ങളിലും പ്രത്യക്ഷപ്പെട്ടത്. പാശ്ചാത്യസാഹിത്യത്തിലെ പല ചിന്താധാരകളും അതിനുശേഷവും ഭാരതീയചിന്തയിൽ ഇടം നേടി. പാശ്ചാത്യാധുനികതയുടെ ദ്വിതീയഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന 'നിഷേധപ്രവണതകൾ' ഉൾപ്പെടെ മലയാള സാഹിത്യത്തിലേക്ക് ആധുനിക പ്രവണതകൾ കടന്നുവരുന്നത് 1960കളിലാണ്. പാശ്ചാത്യ നാടുകളിൽ ആധുനികത സജീവമായതിന്റെ പശ്ചാത്തലം കൂടി വിശദീകരിക്കേണ്ടതുണ്ട്.

6.2.3. ഫ്രഞ്ച് ദാർശനികനും സാഹിത്യ വിമർശകനുമായ മിഷേൽ ഫൂക്കോ (Michael Foucault) ദി ഓർഡർ ഓഫ് തിംഗ്സ് (the order of things) എന്ന കൃതിയിൽ ദാർശനിക ചരിത്രത്തെ അപഗ്രഥനവിധേയമാക്കിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടിന്റെ പകുതി മുതൽ 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള നവോത്ഥാന കാലഘട്ടത്തെ അദ്ദേഹം 'ക്ലാസിക്കൽ' എന്നാണ് വിശേഷിപ്പിച്ചത്. 19-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ ആധുനികയുക്തിയുടെഘട്ടമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. നവോത്ഥാന കാലഘട്ടത്തിന്റെ ആരംഭത്തിൽ സാദൃശ്യത്തെ (resemblance) മുൻനിർത്തി ലോകത്തെയും വസ്തുക്കളെയും ക്രമപ്പെടുത്താൻ മനുഷ്യൻ ശ്രമിച്ചു. വ്യതിരേക (difference) ബുദ്ധ്യാ തിരിച്ചറിയാനാണ് ക്ലാസിക് കാലഘട്ടം ശ്രമിച്ചത്. ആധുനികഘട്ടത്തിൽ സൂക്ഷ്മവും യുക്തിസഹവുമായി വിലയിരുത്തുക എന്ന അർത്ഥത്തിൽ ജൈവഘടനയെ (organic structure) വേർതിരിച്ച് പരിശോധിക്കാനാരംഭിച്ചു.[7] ഭാഷാപഠനത്തിലും വ്യവഹാരത്തിലും ഇതിന്റെ സ്വാധീനം കടന്നുവന്നു. ആധുനികതയുടെ കാലഘട്ടത്തിൽ പ്രശസ്ത ഭാഷാശാസ്ത്ര പണ്ഡിതനായ ഫെർഡിനാന്റ് ഡി സൊസ്സൂർ (Ferdinand de Saussure - 1857-1913) മുന്നോട്ടുവച്ച ആശയങ്ങളാണ് ഘടനാവാദം (structuralism) എന്ന പേരിൽ ഭാഷാവിജ്ഞാനീയത്തിലും സാഹിത്യവിമർശന സിദ്ധാന്തങ്ങളിലും സ്ഥാനം നേടിയത്. ഭാഷയെന്നാൽ ഒരു ചിഹ്നസമ്പ്രദായം (sign system) ആണെന്ന അദ്ദേഹത്തിന്റെ ആശയവും, തുടർന്നുള്ള നിരീക്ഷണങ്ങളും വ്യാപകമായി അംഗീകാരം നേടി. കോഴ്സ് ദ ലിംഗ്വിസ്റ്റിക് ജനറൽ (Course De Linguistic General) എന്ന പ്രബന്ധം 1915ൽ പ്രസിദ്ധീകൃതമായതോടെ ഭാഷയെ സംബന്ധിച്ചുള്ള ഏതൊരു സംവാദത്തിലും പുതിയ ഉപദർശനങ്ങൾ ഉയർന്നുവരാനാരംഭിച്ചു. വാക്കിനുമേൽ, അർത്ഥം അടിച്ചേൽപ്പിക്കപ്പെടുകയാണെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം സാഹിത്യപഠനത്തിൽനിന്ന് ഭാഷാവ്യവഹാരത്തെ വേർതിരിക്കുന്നതിൽ കാണിക്കേണ്ടുന്ന നിഷ്കർഷ ഓർമ്മിപ്പിച്ചു. ഭാഷാശാസ്ത്ര

ത്തിൽ, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ സി.എസ്. പിയേഴ്സത്തെ തുടങ്ങി പണ്ഡിതന്മാരും പ്രാഗ് ലിംഗ്വിസ്റ്റിക് സർക്കിൾ (The Prague Linguistic Circle) ജനീവ സ്കൂൾ ഓഫ് ഫിനിമനോളജി (Genewa School of Phenomonology) തുടങ്ങിയ സ്ഥാപനങ്ങളും റഷ്യൻ ഫോർമലിസ്റ്റുകളെ പോലെയുള്ള സംഘടനകളും മുന്നോട്ടു കൊണ്ടുപോയി. എന്നാൽ നരവംശശാസ്ത്രജ്ഞൻ കൂടിയായ ക്ലാഡ് ലെവി സ്ട്രോസ് ഘടനാവാദത്തെ സാഹിത്യപഠനത്തിൽ സമർത്ഥമായി പ്രയോജനപ്പെടുത്തി. കൃതിയെയും കർത്താവിനെയും ദർശനത്തെയും കുറിച്ച് മുൻവിധിയോടെ നടത്തുന്ന നിരീക്ഷണങ്ങളാണ് സാഹിത്യവിമർശനത്തിന്റെ ഉപലബ്ധി എന്ന കാഴ്ചപ്പാട് തീർത്തും ഇല്ലാതായി. സാഹിത്യത്തിലെയും കലയിലെയും ആധുനികതാഘട്ടം പാശ്ചാത്യനാടുകളിലെ സാമൂഹ്യമണ്ഡലങ്ങളിൽ നിരവധി ചലനങ്ങൾ സൃഷ്ടിച്ചു.

**6.2.4.** പാശ്ചാത്യനാടുകളിൽ രണ്ടാംലോകമഹായുദ്ധം ഉണ്ടാക്കിയ ആഘാതം വളരെ വലുതായിരുന്നു. മുതലാളിത്ത ശക്തിബന്ധങ്ങളിൽ മാറ്റം വന്നതോടെ പാശ്ചാത്യചിന്തയുടെ കേന്ദ്രസ്ഥാനം അമേരിക്കയായി മാറി. അധീശത്വം വഹിച്ചിരുന്ന പാശ്ചാത്യനാടുകൾക്ക് നാമമാത്രമായെങ്കിലും ഉണ്ടായിരുന്ന ഭൂതകാല സാംസ്കാരിക മഹത്വം അമേരിക്കക്ക് അവകാശപ്പെടാനില്ലായിരുന്നു. വർത്തമാനകാലം മാത്രമാണ് സത്യമെന്ന് അമേരിക്കൻ ഐക്യനാടുകൾ സ്വയം വിശ്വസിക്കുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഗ്രീസിന്റെ മഹത്വവും പ്രാചീന റോമാസാമ്രാജ്യത്തിന്റെ പൈതൃകവും അവകാശപ്പെടാനുള്ള ഇറ്റലി, ജർമ്മനി, ഫ്രാൻസ് മുതലായ രാജ്യങ്ങൾക്കും അതിനു മുമ്പുതന്നെ ഭൂതകാലത്തോട് അപ്രിയം തോന്നിയിരുന്നു. യുദ്ധവും അധിനിവേശവും അധികാരകൈമാറ്റവും പല രീതിയിൽ ആവർത്തിക്കപ്പെട്ട കിഴക്കൻ യൂറോപ്പിൽ, സങ്കരസംസ്കാരത്തിന്റേതായ അന്തരീക്ഷം നിലവിൽവന്നു. മഹായുദ്ധങ്ങളുടെ മുറിവുകൾ ആത്മാവിലുണ്ടാക്കിയ തീരാവ്രണങ്ങൾ ഈ രാജ്യങ്ങളിൽ പല ചിന്താഗതി

കൾക്കും തുടക്കം കുറിച്ചു. പിതാവ്, കുടുംബം തുടങ്ങിയ കേന്ദ്രങ്ങളും സ്ഥാപനങ്ങളും ഇല്ലാതായവർ സമൂഹത്തിൽ പുതിയ ചോദ്യങ്ങൾ ഉയർത്തി ആധുനിക പ്രവണതകൾക്ക് പുതിയ ആശയങ്ങൾ നൽകി. തന്റെ ജന്മത്തോടെ തന്റെ ദുഃഖങ്ങൾ തുടങ്ങുന്നു എന്ന റൂസോയുടെ വാക്കുകൾ ഇവർ വേദപ്രമാണമായി സ്വീകരിച്ചു. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്റെ സ്രഷ്ടാവിനും മരണത്തിനും നേരെ ആദ്യമായി ക്ഷോഭിച്ചവനാണ് ആദ്യത്തെ ആധുനികൻ എന്ന വാദം ഇവർ ഉന്നയിച്ചു.[8]

'മോഡേണിസം' എന്ന വാക്കിൽനിന്ന് മോഡേണിറ്റി എന്ന ഒരു വാക്ക് ഇക്കൂട്ടർ നിഷ്പാദിപ്പിച്ചു. 'മോഡേണിസം' എന്ന വാക്ക് നവീനത എന്ന ആശയം മാത്രമാണ് ഉൾക്കൊള്ളുന്നത്. എന്നാൽ മോഡേണിറ്റി എന്ന പദം "മരണം വ്യർത്ഥമാക്കിയ ജീവിതത്തിനുനേരെ മനുഷ്യൻ കൈക്കൊണ്ട ജീവിതവീക്ഷണമാണെന്ന്" ഇവർ പ്രചരിപ്പിച്ചു. നിഷേധികളും ക്ഷോഭിക്കുന്നവരുമാണ് ആധുനികർ എന്ന് ഇവർ നിശ്ചയിച്ചു. 'അസ്തിത്വവാദം' എന്ന ചിന്താപദ്ധതി പ്രചാരം നേടുന്നതും ഈ കാലഘട്ടത്തിലാണ്.[9] ഫ്രാൻസ് കാഫ്കെ, അൽബർ കമു, ഷെനെ മുതലായ ചെറുകഥാകൃത്തുക്കളാണ് രചനയിൽ ഈ ആശയം ശക്തമായി അവതരിപ്പിച്ചത്. ഏകാകിയും ദുഃഖിതനും സാമൂഹ്യനിയമങ്ങളുമായി പൊരുത്തപ്പെടാത്തവനും നിഷേധികളുമാണ് ഈ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്.

**6.2.5.** മനുഷ്യന്റെ പരമാധികാരത്തെയും, പൂർണ്ണനാണെന്ന വിശ്വാസത്തെയും തകർത്തുകളയുന്നതിനാണ് മോഡേണിറ്റി ശ്രമിച്ചത്. ഒരാളുടെ സത്ത എന്താണെന്ന് തീരുമാനിക്കുന്നത് അയാളുടെ അസ്തിത്വമാണ്. അസ്തിത്വം നിർണ്ണയിക്കുന്നത് സാഹചര്യങ്ങളാണ്. സ്വതന്ത്രമായോ നിർബന്ധിതമായോ ആയി തിരഞ്ഞെടുക്കുന്ന കർമ്മ പരമ്പരകളിലൂടെ ഒരാൾ ബാഹ്യലോകവുമായി ബന്ധപ്പെടുമ്പോഴാണ് അസ്തിത്വം പ്രകടമാകുന്നത്. എന്നാൽ മനുഷ്യന് സ്വതന്ത്രമായി തെരഞ്ഞെടുക്കാനുള്ള സാധ്യത വിരളമാണ്.

അതിനാൽ മനുഷ്യാസ്തിത്വം ഒരു പ്രഹേളികയാണെന്നും ജീവിതം നിർവചിക്കാൻ കഴിയാത്ത സമസ്യയാണെന്നും മരിക്കാൻ നിയോഗിക്കപ്പെട്ട മനുഷ്യജീവിതം ഉൽക്കണ്ഠ മാത്രമാണെന്നും ആധുനികതാവാദികൾ പ്രഖ്യാപിച്ചു. ഇവരുടെ കഥകളിലധികവും കഠിനമായ മാനസികപീഢയേൽക്കുന്നവരുടെ പ്രമേയ (obsessive theme) മാണ് കടന്നു വന്നത്. നഗ്നമായ മനുഷ്യമനസ്സിന്റെ സങ്കീർണ്ണഭാവങ്ങൾ അവതരിപ്പിക്കാനാണ് തങ്ങൾ ശ്രമിക്കുന്നത് എന്ന് ഇവർ കരുതി. കലാസൃഷ്ടിക്കുവേണ്ടി സ്വയം ജ്വലിക്കാൻ തയ്യാറാ കണമെന്ന് അവർ വിശ്വസിച്ചു. ജീവിതത്തെക്കുറിച്ച് കേൾക്കുന്ന മിഥ്യകളിൽനിന്നെല്ലാം രക്ഷപ്പെട്ട്, ദുരന്തത്തേയും മരണത്തേയും കുറിച്ച് ബോധവാനായ വ്യക്തിയെ പിൻതുട രാൻ അൽബർട്ട് കമു എഴുത്തുകാരോട് നിർദ്ദേശിച്ചു. 'Absord man' എന്നാണ് ഈ വ്യക്തിയെ കമ്മ്യൂ വിശേഷിപ്പിച്ചത്.[10] മനുഷ്യന്റെ ഏകാന്തത, ആത്മപ്രകാശനത്തിന്റെ അസാദ്ധ്യത, അവനവനെ കുറിച്ചുള്ള അന്വേഷണം അനിശ്ചിതത്വത്തിലെത്തുമ്പോൾ ഉണ്ടാകുന്ന അശാന്തി, മരണമെന്ന അനിവാര്യത സൃഷ്ടിക്കുന്ന ആധി ഇവയെല്ലാം കഥകളിലൂടെ അവതരിപ്പിക്കാൻ ഇവർ ശ്രമിച്ചു. എല്ലാതരം യുക്തിബോധങ്ങളെയും ഇവർ നിരസിച്ചു. ഈ ലോകത്ത് മനുഷ്യൻ ഒരു അന്യനാണ് (outsider) എന്നും ലോകം ഒരു തടവറയാണ് എന്നും ഇവർ പ്രചരിപ്പിച്ചു.[11] എല്ലാതരം മൂല്യസങ്കല്പങ്ങളും നിര സിക്കപ്പെടുന്നതും ഈ കാലഘട്ടത്തിലെ കഥകളിലാണ്. കണ്ടെത്തലിന്റെ അസാദ്ധ്യത യിലേക്കുള്ള നിരന്തരമായ അന്വേഷണമാണ് കലാസൃഷ്ടിയിൽ ഏർപ്പെടൽ എന്നും മൂല്യമില്ലാത്ത ഒരു ലോകത്ത് മൂല്യം കണ്ടെത്താനുള്ള ബാദ്ധ്യതയാണ് കലാകാരനിൽ നിക്ഷിപ്തമായിരിക്കുന്നത് എന്നും ഇവർ കരുതി. "ദാർശനികദുഃഖം" എന്ന ഒരു സാങ്കേ തികപദവും ഇതിനോടൊപ്പം പ്രചാരത്തിൽവന്നു. കാല്പനികതാഘട്ടം മുതൽ 'ദുഃഖി തനായ ഏകാകി' എന്ന ഒരു സങ്കല്പം സാഹിത്യലോകത്തുണ്ട്. എന്നാൽ കാല്പനിക തയിലെ ദുഃഖം വികാരതലത്തിലൂടെ മാത്രം ആവിഷ്കൃതമാകുന്നതാണെന്നും സൃഷ്ടിയെ

അസ്തിത്വത്തിന്റെ ദുരൂഹതക്കെതിരെയുള്ള പ്രതിഷേധമാക്കി മാറ്റിയ ആധുനികത നിരന്തരമായി പീഡിപ്പിക്കുന്ന ഒരു തത്വചിന്തയാണെന്നും അതിന്റെ അടിസ്ഥാന സ്വഭാവം തന്നെയാണ് ദാർശനികദുഃഖം എന്ന വാക്ക് പ്രതിനിധാനം ചെയ്യുന്നത് എന്നും ഇവർ വ്യക്തമാക്കി.

ഭാഷാശാസ്ത്രത്തിലും സാഹിത്യവിമർശനത്തിലും സ്വാധീനം ചെലുത്തിയ ഘടനാവാദം 'മനുഷ്യസങ്കല്പത്തിൽ വലിയ വിള്ളലുകൾ സൃഷ്ടിച്ചു. മറ്റെല്ലാ ജീവജാലങ്ങളിൽനിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്ന ഭാഷയും ഭാഷണവും മനുഷ്യൻ കരുതുന്നത്ര ആധികാരികമല്ല എന്ന ബോധം വളർത്തിയത് ഘടനാവാദമാണ്. സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ട മോഡേണിറ്റിയും അനുബന്ധചിന്തകളും മനുഷ്യനെയും മാനവികതാസങ്കല്പത്തെയും ചോദ്യം ചെയ്തു.

### 6.3. ആധുനികതയും മലയാളസാഹിത്യവും

പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ ആധുനികതാബോധവും അതിന്റെ അനുരണനങ്ങളായി വിശദീകരിച്ച ചിന്താപദ്ധതികളും മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത് 1960കളുടെ അവസാനത്തിലാണ്. ഭാഷാസാഹിത്യത്തിലെ ആധുനികപ്രവണതകളെ കുറിച്ചുള്ള വിശദമായ ചർച്ച ഈ സന്ദർഭത്തിൽ സംഗതമല്ല. ഈ മേഖലയെക്കുറിച്ച് നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. കഥയിലെ ആധുനിക പ്രവണതകളെ കുറിച്ചുള്ള പഠനത്തിന് സഹായകമായ ചില സൂചനകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത് എൻ. വി. കൃഷ്ണവാരിയർ, അയ്യപ്പപ്പണിക്കർ, അക്കിത്തം, കക്കാട് മുതലായവർ നിലവിലിരുന്ന കാല്പനിക പ്രവണതകളെ നിഷേധിച്ച് നടത്തിയ രചനകളാണ് കവിതയിൽ ആധുനികമെന്ന് വിശേഷിപ്പിക്കപ്പെട്ടത്. കവിതയുടെ മൃദുലഭാവങ്ങൾ ഇല്ലാതാക്കാനും വിരുദ്ധബിംബകല്പനകളെ ഉപയോഗിക്കാനും ഈ കവികൾ ശ്രദ്ധിച്ചു. വൈലോപ്പിള്ളി ശ്രീധ

രമേനോൻ, ഇടശ്ശേരി ഗോവിന്ദൻനായർ മുതലായ കവികൾ ഈ പരിണാമത്തിന് തുടക്കം കുറിച്ചിരുന്നു. ഗദ്യത്തിന്റേയും പദ്യത്തിന്റേയും അതിർരേഖകൾ മായാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. നിരൂപണത്തിൽ എൻ.വി. കൃഷ്ണവാരിയർ, എം.എൻ. വിജ യൻ, എം. ലീലാവതി തുടങ്ങിയ എഴുത്തുകാർ നവീന രീതികൾ ഉപയോഗിക്കാൻ തുട ങ്ങിയത് ഈ കാലഘട്ടത്തിലാണ്. നിരൂപണത്തിലെ 'പഴയ തെറ്റുകളും പുതിയ ശരി കളും' ഇവർ ആധുനികതയുടെ കാഴ്ചപ്പാടിൽ വിശദീകരിച്ചു. സിഗ്മണ്ട് ഫ്രോയിഡ്, സി.ജി. യുങ് എന്നിവർ ആവിഷ്കരിച്ച മനോവിശ്ലേഷണസിദ്ധാന്തം സാഹിത്യവിമർശ നത്തിൽ സജീവമായി.

സാഹിത്യത്തിന്റെ ഇതരശാഖകളിലും ചിത്രകല, രംഗകല, സിനിമ എന്നിവയിലും ആധുനിക പ്രവണതകൾ പ്രത്യക്ഷപ്പെടുന്നത് ഈ കാലയളവിലാണ്. മലയാള ചെറുക ഥയിലെ ആധുനികത ആ സാഹിത്യരൂപത്തിൽ മാത്രം പ്രത്യക്ഷപ്പെട്ട ഒറ്റപ്പെട്ട പ്രവ ണത ആയിരുന്നില്ല.

**6.3.1.** മാറുന്ന കാലത്തിന്റെ തത്വചിന്തകളും അനുഭവചിത്രങ്ങളും ആദ്യം പ്രത്യക്ഷപ്പെ ടുന്നത് കഥാസാഹിത്യത്തിലാണ്. കഥയ്ക്ക് കൂടുതൽ വായനക്കാർ ഉള്ളതിനാൽ പുതിയ ഭാവുകത്വത്തെ സൃഷ്ടിച്ചെടുക്കാൻ കഥാകാരനു വേഗത്തിൽ കഴിയുന്നു. നവോത്ഥാന കാലഘട്ടത്തിൽ കഥ എന്ന സാഹിത്യജനുസ്സിനുണ്ടായിരുന്ന സ്വീകാര്യതയും ആധു നിക കഥയുടെ വളർച്ചയ്ക്ക് സഹായകമായി. കഥയിലെ ആധുനിക പ്രവണതകൾക്ക് തുടക്കം കുറിച്ചവരിൽ ആദ്യം പരിഗണിക്കപ്പെടുന്നത് എം.ടി. വാസുദേവൻനായർ ടി. പത്മനാഭൻ എന്നിവരാണ്. മലയാള ചെറുകഥയിലെ ആധുനികതയെ രണ്ടുഘട്ടങ്ങളി ലായി തിരിക്കാമെന്നും, കാക്കനാടൻ മുതൽ ആരംഭിക്കുന്ന രണ്ടാമത്തെ ഘട്ടത്തിലാണ് പാശ്ചാത്യരചനകളിലെ ആധുനികതയോട് അടുത്തുനിൽക്കുന്ന പ്രവണതകൾ മലയാ ളകഥയിൽ പ്രത്യക്ഷപ്പെടുന്നത് എന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എൻ.പി.

മുഹമ്മദ്, കോവിലൻ, പാറപ്പുറത്ത് നന്തനാർ, എൻ. മോഹനൻ, രാജലക്ഷ്മി, ഇ. വാസു, ജി.എൻ. പണിക്കർ, സി. രാധാകൃഷ്ണൻ തുടങ്ങിയവരെല്ലാം നവോത്ഥാനകാലത്തിന്റെ ഒപ്പം സാഹിത്യരചനയിലേക്ക് കടന്നുവന്നവരും ആധുനികതയുടെ ആദ്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നവരുമാണ്. എം.ടി. വാസുദേവൻനായരും ടി. പത്മനാഭനും മാധവിക്കുട്ടിയും ഭാവുകത്വപരിണാമത്തിന് ബോധപൂർവ്വം ശ്രമിച്ചവരാണ്. ഈ കാലഘട്ടത്തിലെ കഥകളുടെ മുഴുവൻ സവിശേഷതകളും പരാമർശിക്കുന്നതിൽ സാംഗത്യമില്ലാത്തതിനാൽ മനുഷ്യസങ്കല്പത്തിൽ വന്ന മാറ്റത്തിനാണ് ഈ വിവരണത്തിൽ ഊന്നൽ നൽകുന്നത്.

### 6.4. കഥയും ആധുനികതയും മനുഷ്യനും

ആത്മാംശമുള്ള മനുഷ്യനെ മലയാള വായനക്കാരൻ ഏറ്റവും അടുത്ത് അനുഭവിച്ചത് ചെറുകഥയിലാണ്. വായനക്കുശേഷം തന്നെ നിരന്തരം പിൻതുടരുകയും വേദനകളിൽ സമാശ്വസിപ്പിക്കുകയും സന്തോഷങ്ങളിൽ മുന്നറിയിപ്പ് നൽകുകയും ജീവിതത്തിൽ മുൻകരുതലുകളെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളെ വായനാനുഭവമായി സ്വീകരിച്ചവരാണ് മലയാളികൾ. ഈ വായനാനുഭവം നിരൂപണദൃഷ്ട്യാ ശരിയായിരിക്കുകയില്ലെങ്കിലും, മലയാളവായനക്കാർക്ക് പ്രിയപ്പെട്ടതായിരുന്നു. ആ 'മനുഷ്യ'നെ ആധുനികത സമീപിച്ചത് ഏതുപ്രകാരത്തിലാണെന്ന അന്വേഷണം പ്രസക്തമാണ്.

**6.4.1.** ഒരു നിശ്ചിത ലക്ഷ്യത്തിലെത്തി ചേരുമെന്ന ധാരണ സമൂഹത്തിൽ വളർത്തുന്നതിന് ശ്രമിച്ച നവോത്ഥാന കഥയിലെ 'മനുഷ്യൻ' ക്രമേണ ഇല്ലാതാകാൻ തുടങ്ങുന്നത് ഈ ഘട്ടത്തിലാണ്. മനുഷ്യനെ സംബന്ധിച്ചുള്ള പരിചിത യാഥാർത്ഥ്യങ്ങൾ, അവ പരിചിതമാണ് എന്നതുകൊണ്ടുതന്നെ അപ്രസക്തമാണെന്ന് ആധുനിക ചെറുകഥാകൃ

ത്തുക്കൾ കരുതി. യാഥാർത്ഥ്യത്തെ പൂർണ്ണമായും കാണാൻ, തങ്ങളുടെ മുൻഗാമികളായ ചെറുകഥാകൃത്തുക്കൾക്ക് കഴിഞ്ഞിട്ടില്ലെന്ന് ഇവർ കരുതി. കഥാഖ്യാനം, സത്യം ഗ്രഹിക്കാനുള്ള ഒരു തീവ്രപ്രയത്നമായി ഇവർ കണക്കാക്കി. ചലനാത്മകമായ സമൂഹത്തിലെ കർമ്മനിരതനായിരുന്ന മനുഷ്യനിൽനിന്ന് നിഷ്ക്രിയനും ഒറ്റപ്പെട്ടവനുമായ മനുഷ്യനിലേക്കാണ് ഇവരുടെ ശ്രദ്ധ തിരിഞ്ഞത്. തത്വശാസ്ത്രങ്ങൾക്കും ദർശനങ്ങൾക്കും മനുഷ്യനെ സഹായിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ഇവർ വിശ്വസിച്ചു. സ്ഥിരോത്സാഹിയായ മനുഷ്യൻ പ്രത്യക്ഷപ്പെട്ടിരുന്ന നവോത്ഥാനകഥയുടെ വായനാനുഭവം പ്രതീക്ഷയുടേതായിരുന്നു. ഓർമ്മിയ്ക്കുന്നവനും ഒറ്റപ്പെട്ടവനും കഥാപാത്രങ്ങളായി കടന്നുവന്ന ആധുനികകഥയിലെ ആദ്യഘട്ടം ആശിയ്ക്കാൻ ഒന്നുമില്ലെന്ന് വായനക്കാരോട് ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നു. സാമൂഹികജീവിതത്തിൽ അലിഞ്ഞുചേരുന്ന വ്യക്തിയെ അവതരിപ്പിച്ച നവോത്ഥാനകാലകഥകളിൽനിന്നും വ്യത്യസ്തമായി, 'ആൾക്കൂട്ടത്തിൽ തനിയെ' കഴിയുന്ന വ്യക്തിയെയാണ് ആധുനികതയുടെ ആദ്യഘട്ടത്തിലെ കഥകൾ ചിത്രീകരിച്ചത്. സ്നേഹിക്കാൻ കഴിയുന്ന ഒരു ലോകത്തേയും മനുഷ്യരേയും ചിത്രീകരിച്ച നവോത്ഥാന കഥാകാരൻ അതിൽ പരസ്പരവിശ്വാസത്തിനുള്ള സ്ഥാനം ആവർത്തിച്ച് ഉറപ്പിച്ചുകൊണ്ടിരുന്നു. കളങ്കമുള്ള സ്നേഹത്തെ അവർ കണ്ടിരുന്നുവെങ്കിലും അത് ഏൽപ്പിക്കുന്ന മുറിവുകൾ കാലാന്തരത്തിൽ മാഞ്ഞുപോകുമെന്ന് അവർ കരുതി. സ്നേഹം നഷ്ടപ്പെട്ട സമൂഹത്തിൽനിന്ന് ആത്മാവിലേറ്റ മുറിവുമായി ജീവിക്കുന്നവരാണ് ആധുനിക കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ഓരോ അനുഭവവും 'ഹൃദയത്തിലെ പഴയ മുറിവ് വീണ്ടും പൊട്ടിച്ചോരയൊലിക്കുന്ന' അവസ്ഥയിലെത്തിക്കുന്നു എന്ന് ഇവർ കരുതി. പല കാരണങ്ങളാൽ നഗരങ്ങളിലേക്ക് പറിച്ചുനടപ്പെട്ട മനുഷ്യരാണ് ആധുനികകഥയിൽ പ്രത്യക്ഷപ്പെടുന്നത്. പരസ്പരം അറിയുന്ന, അറിവും അനുഭവവും പങ്കുവെക്കുന്ന ഗ്രാമീണാന്തരീക്ഷമാണ് നവോത്ഥാനകാലകഥയുടെ പശ്ചാ

ത്തലം. തികച്ചും വ്യത്യസ്തമായ നഗരം ഉണ്ടാക്കുന്ന മാനസികാസ്വസ്ഥ്യമാണ് ആധുനിക ചെറുകഥയിലെ മനുഷ്യസങ്കല്പത്തെ സ്വാധീനിച്ചത്.

**6.4.2.** സഹജീവിയോട് എല്ലാം പറഞ്ഞ്, മനസ്സിന്റെ ഭാരമൊഴിവാക്കുന്ന ഗ്രാമീണ നിഷ്കളങ്കതയിൽനിന്ന്, തന്നോടുതന്നെ പറഞ്ഞ് സ്വാസ്ഥ്യം നഷ്ടപ്പെട്ട്, 'മനസ്സുതന്നെ ഒരു ഭാരമായി'ത്തീരുന്ന അവസ്ഥയിലേക്ക് നഗരജീവിതം മനുഷ്യനെ എത്തിച്ചു. മണ്ണ്, കൃഷി, വളർത്തുമൃഗങ്ങൾ, പ്രകൃതിവിഭവങ്ങൾ ഇവയെ എല്ലാം അന്യഥാബോധത്തോടെ നോക്കുന്ന നാഗരികഗ്രാമീണനാണ് ആദ്യകാല ആധുനികകഥയിലെ 'വ്യക്തി'. മനുഷ്യനിലെ മനുഷ്യനെ അന്വേഷിക്കാൻ ശ്രമിച്ച ഈ എഴുത്തുകാർ, കൊളോണിയൽ പാരമ്പര്യം സൃഷ്ടിച്ച ഒരു മാനസികാവസ്ഥയും നാടുവാഴിത്തവും നവമുതലാളിത്തവും ചേർന്നു സൃഷ്ടിച്ച ഒരു സാമൂഹികാവസ്ഥയും നവസ്വതന്ത്രദേശരാഷ്ട്രത്തിലെ പൗരബോധം സൃഷ്ടിച്ച മൂല്യവ്യവസ്ഥയും ചേർന്ന് സങ്കീർണ്ണമാക്കിയ മനുഷ്യാവസ്ഥയെയാണ് അവതരിപ്പിച്ചത്. മനുഷ്യന്റെ പ്രശ്നങ്ങൾ ഭൗതികമല്ലെന്നും അതിനാൽ അവ പരിഹരിക്കുവാൻ കഴിയില്ലെന്നും ഇതിൽ ഒരു വിഭാഗം എഴുത്തുകാർ കരുതി. അതുകൊണ്ടുതന്നെ അനുഭവാവിഷ്കാരത്തിന്റെ മേൽ ദാർശനികവും പ്രത്യയശാസ്ത്രപരവുമായ നിയന്ത്രണം ഈ ആധുനിക ചെറുകഥാകൃത്ത് ഇഷ്ടപ്പെട്ടില്ല. ദർശനങ്ങളാലും തത്വശാസ്ത്രങ്ങളാലും തീവ്രമായി സ്വാധീനിക്കപ്പെട്ടവരായിരുന്നു ഈ ഗണത്തിൽപ്പെട്ട മറ്റൊരു വിഭാഗം. മാനവപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിലവിലുള്ള ദർശനങ്ങൾക്ക് കഴിവില്ലെന്നും മറ്റൊരു പോംവഴി ആവശ്യമായി വന്നിരിക്കുന്നുവെന്നും ഇവർ കരുതി.

**6.4.3.** കഥാസാഹിത്യത്തിന് വായനക്കാർ വർദ്ധിച്ച ഒരു കാലഘട്ടമായി അറുപതുകൾ മുതൽക്കുള്ള കാലം മാറിയിരുന്നു. സാർവത്രികമാകാനാരംഭിച്ച ആധുനിക വിദ്യാഭ്യാസം വായനാശീലമുള്ള ചെറുപ്പക്കാരെ വളർത്തി. സിവിൽ സർവ്വീസ് ശക്തിപ്പെട്ടതോടെ സാമൂ

ഹ്യബന്ധത്തിന്റെ വ്യാപ്തി വർദ്ധിച്ചു. സൈന്യം, മറ്റ് അഖിലേന്ത്യാ സർവ്വീസുകൾ എന്നിവയിലേക്ക് പ്രദേശഭേദമില്ലാതെ ആളുകൾക്ക് പ്രവേശനം ലഭിച്ചു. ഇത് ദേശരാഷ്ട്രത്തേയും വിദേശരാഷ്ട്രങ്ങളേയും അടുത്തറിയാൻ അവസരമുണ്ടാക്കി. മൂലധനം കേന്ദ്രീകരിച്ച പ്രദേശങ്ങളിൽ നഗരം രൂപപ്പെടുകയും, ചെറുകഥ അതിന്റെ വികാസത്തിന് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയിലെത്തുകയും ചെയ്തു. കുടിയേറ്റങ്ങളുടെ സ്വഭാവം മാറുകയും പല കാരണങ്ങളാൽ പ്രവാസിയായി തീരേണ്ടിവരുന്ന മനുഷ്യൻ പ്രകടമായ ഒറ്റപ്പെടലുകളുടെ തീക്ഷ്ണത അനുഭവിക്കുന്നവനായി തീരുകയും ചെയ്തു. അന്യനാടുകളിലെ കഥകളും രചനാസങ്കേതങ്ങളും പരിചയപ്പെട്ട വായനക്കാരനോട് ശ്രദ്ധാപൂർവം പെരുമാറാൻ കഥാകൃത്ത് നിർബന്ധിതനായി എന്നത് രചനാപക്ഷത്തെ സവിശേഷതയായിരുന്നു.

ആധുനികതാഘട്ടത്തിലെ മറ്റ് സാഹിത്യരൂപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെറുകഥക്കുതന്നെയായിരുന്നു അനുശീലനം സിദ്ധിച്ച വായനക്കാർ കൂടുതൽ. നവോത്ഥാനകാലവും ആ കാലഘട്ടത്തിലെ ചെറുകഥയും സൃഷ്ടിച്ച മനുഷ്യസങ്കല്പത്തേയും മാനവികതാബോധത്തേയും സംശയാസ്പദമായാണ് ആധുനികകഥ വീക്ഷിച്ചത്.

**6.4.4.** ഏതൊരു എഴുത്തുകാരനെയും, ആധുനികമെന്നു ചരിത്രം വിശേഷിപ്പിക്കുമ്പോഴും അയാൾ സ്വയം വിശ്വസിക്കുമ്പോഴും ഭൂതകാലത്തിന്റെ നിരവധി ഘടകങ്ങൾ ആ എഴുത്തുകാരനെ സ്വാധീനിച്ചിരിക്കും. ആധുനികതയുടെ കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന മിക്ക എഴുത്തുകാരും നവോത്ഥാന കഥാകാരൻമാരിൽനിന്ന് ബാലപാഠങ്ങൾ പഠിച്ചവരായിരുന്നു. പാശ്ചാത്യരചനകൾ വായിച്ച് അറിയുകയും നാഗരികജീവിതത്തിലൂടെ അനുഭവിക്കുകയും ചെയ്ത ആധുനിക ജീവിതം അവതരിപ്പിക്കുന്നിടത്തുപോലും തൊട്ടുമുമ്പുള്ള കഥാകാരൻമാരുടെ വീക്ഷണം ഇവരെ സ്വാധീനിച്ചു. സംവേദനശീലത്തെ മാറ്റുന്നതിലാണ് കലാകാരന്റെ വിജയമെങ്കിലും ഭാവുകന്റെ നിലപാടുകൾ സുശക്തമാ

യിരിക്കുമെന്ന് കലാകാരൻമാർ കരുതുന്നു. യുക്തിസഹമല്ലാത്ത തീർപ്പുകളെ ഉൾക്കൊള്ളാൻ വായനക്കാരൻ നിയുക്തനല്ല.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ പാശ്ചാത്യ മനുഷ്യസങ്കല്പത്തെ അതേ പ്രകാരത്തിൽ സ്വീകരിച്ചിരുന്നില്ല. മാനവികതാ സങ്കല്പത്തിലും സവിശേഷമായ വ്യതിരിക്തതകൾ പുലർത്തിയിരുന്നു. മനുഷ്യൻ സമൂഹത്തിലലിഞ്ഞുചേരുമ്പോഴാണ് മനുഷ്യനായി തീരുന്നത് എന്നും അതിലൂടെയാണ് മൂല്യബോധം പ്രസരിതമാകുന്നത് എന്നും മലയാളിയെ പഠിപ്പിക്കുന്നത് നവോത്ഥാനകാല കഥാകാരനാണ്.

**6.4.5.** നവോത്ഥാനകാലകഥയിൽനിന്ന് നാം ചെന്നെത്തിയ നിഗമനങ്ങൾ ആദ്യകാല ആധുനികകഥയുമായി താരതമ്യം ചെയ്യുന്നത്, കൂടുതൽ വ്യക്തത വരാൻ സഹായകമാണ്. ഭൂബന്ധങ്ങളിൽ വന്ന മാറ്റം, തൊഴിൽ സംസ്കാരത്തിൽ വന്ന വ്യതിയാനങ്ങൾ നഗരവല്കരണം സൃഷ്ടിച്ച ആഘാതങ്ങൾ എന്നിവ ആധുനികകഥയിൽ പ്രത്യക്ഷപ്പെടുന്നത് ശ്രദ്ധേയമാണ്. നഗരത്തിലേക്ക് പറിച്ചുനട്ട ജീവിതത്തിന്റെ തായ്‌വേര് ഗ്രാമത്തിൽതന്നെ നില്ക്കുന്നതിന്റെ ആകുലത എംടി തുറന്നുപറഞ്ഞിട്ടുണ്ട്. തന്റെ തെരഞ്ഞെടുത്ത കഥകൾ 1968ൽ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം എഴുതിയ 'നന്ദി' എന്ന ചെറുകുറിപ്പിന്റെ അവസാനഭാഗത്ത് ഇതുകാണാം.[12] കൂടല്ലൂർ എന്ന തന്റെ ചെറിയ ഗ്രാമത്തിനോടുള്ള ആത്മബന്ധം അദ്ദേഹത്തിന്റെ ആത്മാംശമുള്ള കഥാപാത്രങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നു. കൃഷിഭൂമിയിൽനിന്നും അകന്ന് പ്രതിഫലംപറ്റുന്ന മറ്റ് തൊഴിലുകളിലേക്ക് വഴിപിരിഞ്ഞവന്റെ ആത്മനൊമ്പരങ്ങൾ ആ കഥകളിൽ കാണാം. വിത്തുകൾ, അയൽക്കാർ, ഭീരു, ബന്ധനം എന്നീ കഥകളിൽ 'ഗ്രാമശ്രീകളിൽ' നിന്നകലുന്നതിന്റെ ഹൃദയവേദനയാണ് എംടി ചിത്രീകരിച്ചത്.[13]

**6.4.6.** ടി പത്മനാഭന്റെ "കത്തുന്ന ഒരു രഥചക്രം" എന്ന കഥ ആധുനികകഥയുടെ ഒരു

മാതൃകയായി ഇവിടെ സൂചിപ്പിക്കുന്നു.[14] ഫാക്ടറിയിൽ ഉയർന്ന ജോലി സ്വീകരിച്ച് നഗരത്തിലെ ടൗൺഷിപ്പിൽ താമസമാക്കിയ ഗ്രാമീണൻ കഥാനായകനായി വരുന്ന ഈ രചനയിൽ മനുഷ്യനുമായി ബന്ധപ്പെട്ട മിക്ക പ്രശ്നങ്ങളും അതിന്റെ സമഗ്രതയിൽ കഥാകാരൻ ചിത്രീകരിക്കുന്നു. 'പൈതലേ വേറിട്ടുപോയ പശുവിനുള്ളാധി' എന്ന നില യിലാണ് കഥ അവതരിപ്പിക്കപ്പെടുന്നത്. "ഇരുട്ടിന്റെ വാതിൽ തുറന്നെത്തുന്ന വെളിച്ചം പോലെ"യാണ് അമ്മയും ഗ്രാമവും വീടും കഥാനായകന്റെ മനസ്സിലേക്ക് കടന്നുവരു ന്നത്.

വീട് നഷ്ടപ്പെടുന്നവന്റെ വ്യഥ പത്മനാഭന്റെ കഥകളിൽ നിറഞ്ഞുനില്ക്കുന്നു. "വീടു നഷ്ടപ്പെട്ട ഒരു കുട്ടി" എന്ന കഥാസമാഹാരവും കാലഭൈരവൻ എന്ന കഥാസ മാഹാരത്തിലെ വീടുനഷ്ടപ്പെടുന്നവർ എന്ന കഥയും ശ്രദ്ധിച്ചുവായിച്ചാൽ ആധുനിക മലയാളകഥയുടെ ആദ്യഘട്ടത്തിലെ ഗൃഹാതുരതാചിത്രണത്തിന്റെ വ്യാപ്തി നമുക്ക് മനസ്സിലാക്കാം. വീടിനെക്കുറിച്ചും വീട് അനുഭവിപ്പിക്കുന്ന സൗഖ്യങ്ങളെ കുറിച്ചും പത്മനാഭന്റെ കഥകളെ മുൻനിർത്തി തോമസ്മാത്യു നടത്തുന്ന നിരീക്ഷണം ശ്രദ്ധേയ മാണ്.

"കലാനുഭവത്തെ വിവരിക്കാൻ എമ്പതി (Empathy) എന്നൊരു പദം ഉപയോഗി ക്കാറുണ്ടല്ലോ. അത് സഹതാപം (Sympathy) അല്ല. അവയുടെ വ്യത്യാസം വളരെ പ്രധാ നമാണ്. സഹതാപത്തിൽ തന്മയീഭവിക്കലില്ല. മറ്റൊരാളുടെ അനുഭവം തന്റേതായിതീര ലില്ല. അകന്നുനിന്നുകൊണ്ട്, മറ്റൊരാളായി നിന്നുകൊണ്ട് അനുഭവത്തോട് പ്രതികരി ക്കുകയാണ് അവിടെ. അനുഭവിക്കുന്നവനും അനുതപിക്കുന്നവനും വേറേ വേറെ നിൽക്കു ന്നു. എമ്പതി ഈ വ്യത്യാസം മായ്ച്ചുകളയുന്നു."[15]

കഥയുടെ മാസ്മരികശക്തി മനസ്സിലാക്കി മനുഷ്യനെ ആ അർത്ഥത്തിൽ നില

നിർത്താൻ തന്നെയാണ് ആധുനികകഥയുടെ ആദ്യഘട്ടം ശ്രമിച്ചത്.

**6.4.7.** മാധവിക്കുട്ടിയുടെ കഥകളിലും അനുതാപാർദ്രമായ ഒരു രചനാമനസ്സ് നമുക്ക് അനുഭവപ്പെടുന്നു. നെയ്പായസം, കോലാട് തുടങ്ങിയ കഥകൾക്ക് നിരവധി വ്യത്യസ്ത വായനകളെ നൽകാൻ കഴിയുന്നു എന്നതും ശ്രദ്ധേയമാണ്. ഏകാകികളുടെ ലോകത്തെ കാല്പനിക ശൈലിയിലവതരിപ്പിച്ച ആധുനിക മലയാള ചെറുകഥയുടെ ആദ്യഘട്ടം മനുഷ്യമഹത്വം നിന്ദിക്കപ്പെടുന്നതിലാണ് വ്യാകുലപ്പെടുന്നത്. "ജയിച്ചുകയറുന്ന മിടുക്കൻമാർക്കുള്ളതാണ് ലോകം" എന്ന ധാരണയോട് ഇവർ നിരന്തരം കലഹിച്ചു. ശൈശവത്തിന്റെ നിഷ്കളങ്കതയിൽനിന്ന് ബാല്യകൗമാരങ്ങളിലൂടെ യൗവനത്തിലെത്തുമ്പോഴേക്ക് കളങ്കങ്ങളുടെ പര്യായമായ മനുഷ്യനായി മാറുന്നു എന്നാണ് ഇവർ കരുതിയത്.

**6.4.8.** ആധുനികതയുടെ ആദ്യഘട്ടം നവോത്ഥാന കഥാകാരൻമാരുടെ മനുഷ്യസങ്കല്പത്തിന്റെ തുടർച്ചയാണ്. നവോത്ഥാന ചെറുകഥാകൃത്തുക്കൾ പങ്കുവെക്കാൻ ശ്രമിച്ച ആശങ്കകൾ അസ്ഥാനത്തായിരുന്നില്ല എന്ന് ഇവർ കരുതി. ചില മൂല്യങ്ങൾ കാലഹരണപ്പെട്ട നാണയങ്ങൾപോലെ നിലനിൽക്കുന്നു എന്ന് ഇവർ വിശ്വസിച്ചു. ക്രയവിക്രയത്തിൽ സ്വീകരിക്കപ്പെടാതെ പോകുകയും നിയമാനുസൃതം പ്രചാരത്തിലിരിക്കുകയും ചെയ്യുന്ന നാണയങ്ങളിലൊന്നായി മാനവികത മാറുന്നു എന്ന് ഇവർ ഭയപ്പെട്ടു. ഇത്തരം ഒരവസ്ഥയിൽ കലാകാരന്റെ പങ്കിനേയും ഇവർ തിരിച്ചറിഞ്ഞു. പ്രായോഗികബുദ്ധിയും പ്രയോജനവാദവും ചേർന്ന് ഭൂമി നശിച്ചുകൊണ്ടിരിക്കുന്നതിനെ വിചാരണ ചെയ്ത് അതിൽ തങ്ങൾക്കുള്ള ഓഹരി ഇവർ വേർതിരിച്ചുവെച്ചു. മനുഷ്യരോട് മുഖംതിരിഞ്ഞു നിൽക്കാനോ മാനവികതയുടെ ഊർജ്ജത്തെ നിരസിക്കാനോ ഇവർ തയ്യാറായില്ല.

ആധുനിക മലയാള ചെറുകഥാകൃത്ത് 'മനുഷ്യനിലെ' മനുഷ്യനെ അന്വേഷിച്ചതിലുണ്ടായ അനുഭവം താഴെ പറയുന്ന പ്രകാരം ക്രമീകരിക്കാം.

* പൂർണ്ണത എന്ന സങ്കല്പം അപ്രാപ്യമാണെന്നു വിശ്വസിച്ച ആധുനികത പൂർണ്ണ മനുഷ്യനെ അന്വേഷിച്ചതേയില്ല.

* മനുഷ്യനെ നിർവ്വചിക്കുന്നത് പരിസരങ്ങൾ ആകയാൽ സ്വയം കണ്ടെത്താൻ അവനു കഴിയാതെ പോകുന്നുവെന്ന് അവർ വിശ്വസിച്ചു.

* അവകാശങ്ങളും ചുമതലകളുമാണ് പൂർണ്ണ പൗരനെ സൃഷ്ടിക്കുന്നത് എന്ന അധികാരഘടനയുടെ പ്രചരണത്തെ അവർ ചോദ്യം ചെയ്തു.

* മനുഷ്യന്റെ ആവശ്യവും അവകാശമെന്ന നിലയിൽ അവനു ലഭിക്കുന്ന കാര്യങ്ങളും പൊരുത്തപ്പെടുന്നില്ലെന്ന് അവർക്ക് തോന്നി. സംതൃപ്തി അനുഭവിക്കാൻ കഴിയാത്ത അവസ്ഥ, ചുമതലകളെ ദൈന്യതയോടെ വീക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. ചുമതലകൾ നിർബന്ധിതമായി ചെയ്തു തീർക്കേണ്ടവയായതിനാൽ അത് ആത്മവേദന വർദ്ധിപ്പിക്കുന്നു.

* മനുഷ്യനിലെ മനുഷ്യനിൽ വിരുദ്ധദ്വന്ദ്വങ്ങൾ തമ്മിൽ നടക്കുന്ന സംഘർഷത്തിന്റെ രംഗവേദിയാണ് അവന്റെ മനസ്സ് എന്ന് ഇവർ കരുതി. വ്യക്തി സ്വന്തം സ്വത്വത്തോട് നടത്തുന്ന സംഘർഷമാണ് സൂക്ഷ്മാംശത്തിൽ കഥയിൽ നടക്കുന്നത്.

ഗാർഹികാന്തരീക്ഷത്തിലെ വൈരുദ്ധ്യമാണ് മറ്റൊരു സംഘർഷതലം.. അച്ഛൻ/മകൻ, ഭാര്യ/ഭർത്താവ്, ഗാർഹികചുമതലകൾ നിർവ്വഹിക്കുന്നവൻ/ഉത്തരവാദിത്തമില്ലാത്തവൻ തുടങ്ങി ഈ വിരുദ്ധതകൾ നീണ്ടുപോകുന്നു.

ഈ ശൈഥില്യങ്ങൾ മനസ്സിനകത്ത് ഒതുങ്ങിനിൽക്കുന്നതിലെ ദുരന്തമാണ് കഥകൾ പ്രകടിപ്പിച്ചത്. 'മൂകശീതസങ്കരം' എന്ന് കവി പറയുന്ന അവസ്ഥ കഥയിൽ കൂടുതൽ അർത്ഥവർത്തായി അവതരിപ്പിക്കാൻ എഴുത്തുകാർ ശ്രദ്ധിച്ചു.

വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിനും ഭിന്നതലങ്ങൾ ഉണ്ടായി. വിശ്വാസി/അവിശ്വാസി, ഗ്രാമീണൻ/നാഗരികൻ, കർഷകൻ/തൊഴിലാളി എന്നിങ്ങനെ മനുഷ്യനിലെ മനുഷ്യൻ വിഭജിതനാണ് എന്ന് ആധുനിക കഥ പറഞ്ഞുഫലിപ്പിക്കാൻ ശ്രമിച്ചു.

ഇത്തരം സൂക്ഷ്മവൈരുദ്ധ്യങ്ങൾ ക്രമാനുഗതമായി വികസിച്ച്, പൗരനും രാഷ്ട്രവും തമ്മിലും വ്യക്തിയും അധികാരവും തമ്മിലുമുള്ള സംഘർഷത്തിലെത്തുന്നു എന്നതാണ് ആധുനിക മലയാള ചെറുകഥയുടെ ആദ്യകാലഘട്ടം വിശ്വസിക്കുന്നത്. ഈ അവസ്ഥകൾ ചിത്രീകരിക്കുമ്പോഴും വ്യക്തി സമൂഹത്തേക്കാൾ ഉയർന്നുനിൽക്കുന്നു.

**6.5.** എന്നാൽ ആധുനികതയുടെ ദ്വിതീയഘട്ടം സ്വയമേവ സങ്കീർണ്ണമായിരുന്നു. ഒ.വി. വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, എൻ.എസ്. മാധവൻ, സക്കറിയ തുടങ്ങിയ എഴുത്തുകാർ ആധുനികോത്തരഘട്ടത്തിന്റെ പ്രതിനിധികളാണ്. ക്രമപ്പെടുത്തിവെച്ച ജീവിതത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതിനു മാത്രമാണ് ആധുനികതയുടെ ആദ്യഘട്ടത്തിലെ എഴുത്തുകാർ വായനക്കാരനെ പ്രേരിപ്പിച്ചത്. എല്ലാ 'ക്രമ'ങ്ങളും നിശ്ചിത താല്പര്യങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണെന്നും, ക്രമരാഹിത്യമാണ് കലാകാരൻ അന്വേഷിക്കേണ്ടതെന്നും ദ്വിതീയഘട്ടത്തിലെ എഴുത്തുകാർ വിശ്വസിച്ചു. പരമ്പരാഗതമായി കിട്ടിയ അറിവുകൾ മുതൽ ആധുനികവിജ്ഞാനം വരെ ഒന്നിനേയും വിശ്വസിക്കരുതെന്ന് മലയാള ചെറുകഥയിലെ ആധുനികത പ്രചരിപ്പിച്ചു. 'സദാചാരം' എന്ന വാക്കിനെ ഇവർ അംഗീകരിച്ചതേയില്ല. 'യുക്തി', വികാരത്തിന്റെ ശത്രുവാണെന്നും, വൈകാരികതയെ നിയന്ത്രിക്കുന്ന ഏതൊരു യുക്തിയും നിരസിക്കപ്പെടേണ്ടതാണെന്നും ഇവർ വാദിച്ചു. ശാസ്ത്രീയയുക്തി കഥയുമായി കലഹിക്കുന്ന സാഹചര്യം സംജാതമായി. എവിടെ? എന്തുകൊണ്ട്? എപ്പോൾ? എന്നീ ചോദ്യങ്ങൾ അപ്രസക്തമായി. നവോത്ഥാന കാലഘട്ടത്തിലെ മനുഷ്യന് യുക്തിവിചാരം നൽകിയ

ആത്മവിശ്വാസം അവിവേകമാണെന്ന് ഇവർ വാദിച്ചു. ഉദാരമാനവികതാബോധം ഈ കഥകൾ പരിഗണിച്ചതേയില്ല. ഭൗതികവികസനം, എതു നിലയിലുള്ളതായാലും വ്യക്തിയുടെ നേരേയുള്ള കടന്നാക്രമണമാണെന്ന് ഇവർ കരുതി. ആധുനികതയുടെ ഈ രണ്ടാമത്തെ ഘട്ടം നവോത്ഥാനകാലം നിർമ്മിച്ചെടുത്ത ആത്മവിശ്വാസമുള്ള മനുഷ്യനെ പൂർണ്ണമായും തകർക്കാൻ ലക്ഷ്യംവെച്ചു.

**6.5.1.** ഭൗതിക പ്രപഞ്ചത്തിനോട് യോഗാത്മകമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളാണ് വിജയന്റെ കഥകളിൽ പ്രത്യക്ഷപ്പെട്ടത്. തത്വശാസ്ത്രങ്ങളും ദർശനങ്ങളും മനുഷ്യന് ആശ്രയം നൽകുന്നില്ലെന്ന് ഈ കഥാകാരൻ വിശ്വസിച്ചു. ശൂന്യതാവാദമാണ് മുകുന്ദന്റെ കഥകൾ അവതരിപ്പിച്ചത്. പാശ്ചാത്യാധുനികതയുടെ സ്വാധീനം മുകുന്ദന്റെ കഥകളിൽ പ്രകടമാണ്. എല്ലാ അന്വേഷണങ്ങളും ശൂന്യതാബോധത്തെ ശക്തിപ്പെടുത്തുന്നു എന്ന അനുഭവമാണ് കഥകളിലൂടെ മുകുന്ദൻ പങ്കുവെച്ചത്. നിയമങ്ങളും, വിധികളും, അപവാദങ്ങളും മനുഷ്യനെ പരിഗണിക്കുന്നതേയില്ലെന്ന് കാക്കനാടന്റെ കഥകളും കഥാപാത്രങ്ങളും വിശ്വസിച്ചു. ജീവിതം ഒരു പ്രഹേളികയാണെന്ന സങ്കല്പമാണ് സേതു തന്റെ കഥകളിലൂടെ അവതരിപ്പിച്ചത്. ഭ്രമാത്മകമായ ഒരു കഥാന്തരീക്ഷത്തെ സൃഷ്ടിക്കുന്നതിലാണ് സേതുവും പുനത്തിൽ കുഞ്ഞബ്ദുള്ളയും ശ്രദ്ധിച്ചത്. ആധുനികതയുടെ ആദ്യഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട എൻ.എസ്. മാധവന്റെ കഥകൾക്ക് ആധുനികാംശത്തേക്കാൾ നവോത്ഥാന ഭാവുകത്വത്തോടാണ് അടുപ്പം. ആനന്ദ് ചെറുകഥയെക്കുറിച്ചുള്ള ഒരു നിർവചനത്തേയും ഗൗനിച്ചില്ല. ജീവിതത്തിന്റെ മഹാപ്രവാഹത്തെ പൂർണതയിൽ അവതരിപ്പിക്കാൻ ശ്രമിച്ച ആനന്ദ്, ആ പ്രവാഹത്തിൽ വഴിയിൽതടഞ്ഞ് നിന്നുപോകുന്ന ഏകനായ വ്യക്തിയെയാണ് കൂടുതൽ ശ്രദ്ധിച്ചത്. ആധുനിക ചെറുകഥാകൃത്തുക്കളുടെ പട്ടികയും, അതിൽ ഓരോരുത്തരുടെയും സവിശേഷതകളും കൂടുതലായി അവതരിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. എന്നാൽ ആധുനികതയുടെ രണ്ടാംഘ

ട്ടത്തിലെ മനുഷ്യസങ്കല്പവും മാനവികതയോടുള്ള സമീപനവുമാണ് ഇവിടെ പ്രസക്തമാകുന്നത്.

**6.5.2.** 'സ്വാതന്ത്ര്യാനന്തരഭാരതം' എന്ന ദേശരാഷ്ട്രസങ്കല്പം, നവോത്ഥാനകാലത്തിന്റെ പ്രതീക്ഷകളിലൊന്നായിരുന്നു. ആഗ്രഹിക്കുന്ന അർത്ഥത്തിൽ, ഈ സങ്കല്പം, യാഥാർത്ഥ്യമാക്കാൻ കഴിയാതെവന്നത് ആധുനികതയുടെ വാദമുഖങ്ങൾക്ക് ശക്തിപകർന്നു. "ആസൂത്രിതവികസനം" പൗരസമത്വം ഉറപ്പുവരുത്തുമെന്നും, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കുമെന്നും ഉള്ള ധാരണ ആസൂത്രണത്തിലെ പിഴവുകൾ കാരണം തകർന്നതും ആധുനികതാചിന്തയ്ക്ക് സാധൂകരണം നൽകി. ചരിത്രത്തിലധിഷ്ഠിതമായ നെഹ്റുവിന്റെ യുക്തിബോധം മിഥ്യയാണെന്ന വാദം ഉയർന്നുവന്നത് മലയാള ചെറുകഥയുടെ ആധുനികത തുടങ്ങിവെച്ച അയുക്തികതാബോധത്തെ വളർത്തി. കാല്പനികതയോടും, യഥാതഥവർണ്ണനയ്ക്ക് പ്രാധാന്യംനൽകുന്ന സോഷ്യലിസ്റ്റ് റിയലിസത്തോടുമുള്ള വായനക്കാരന്റെ മടുപ്പ് ആധുനിക കഥാശൈലിക്ക് പ്രചാരം കിട്ടാൻ അവസരമൊരുക്കി. ആധുനികത പാശ്ചാത്യമാണെന്നും പാശ്ചാത്യമായതെല്ലാം അനുകരണീയമാണെന്നുമുള്ള ഒരു മാനസികാവസ്ഥ കോളനിവാഴ്ചയുടെ ഭാഗമായി നിലനിന്നിരുന്നത് ആധുനികതയ്ക്ക് അവസരമൊരുക്കി. പ്രത്യക്ഷത്തിൽ സങ്കീർണ്ണമെന്നു തോന്നാവുന്ന ആധുനിക ചെറുകഥയുടെ രചനാവീക്ഷണം ലഘുവും ലളിതവുമായിരുന്നു. ലേഖനങ്ങളിലും അഭിമുഖങ്ങളിലുമായി അവർ പങ്കുവെച്ച രചനാവീക്ഷണം താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

* മനുഷ്യൻ എന്ന സങ്കല്പം മറ്റാരുടെയോ നിർമിതിയാണ്. അവന്റെ ഇച്ഛകൾക്കോ താല്പര്യങ്ങൾക്കോ ആ നിർമ്മാണത്തിൽ സ്ഥാനമില്ല. അവൻ അവനിൽ നിന്നുതന്നെ അന്യനാകയാൽ പൂർണ്ണതയെന്ന സങ്കല്പം പ്രസക്തമല്ല.

* ആദിമദ്ധ്യാന്തപൊരുത്തമുള്ള ജീവിതത്തിന്റെ പ്രതീകവത്കൃത ആവിഷ്കാരമാണ്. ഒരു ചെറുകഥ എന്ന രൂപപരമായധാരണയെ ഇവർ തീർത്തും നിഷേധിച്ചു. ജീവിതം പൊരുത്തക്കേടുകളുടേതാണെന്നതിനാൽ മരണം മാത്രമാണ് സനാതനമെന്നും അതു മാത്രമാണ് മോചനമെന്നും ഇവർ പ്രഖ്യാപിച്ചു.

* നിഷേധികളായും കലാപകാരികളായും ഒടുവിൽ സ്വയം മുറിവേറ്റ് പലായനം ചെയ്യുന്നവനായും മാറുന്ന മനുഷ്യനെയാണ് കഥാകാരൻ ലക്ഷ്യമാക്കേണ്ടത്.

പ്രതീക്ഷയില്ലാത്ത മനുഷ്യന് മൂല്യബോധത്തിന്റെ പ്രശ്നമേ ഇല്ലെന്ന് ഇവർ വിശ്വസിച്ചു. മൂല്യനിരാസമാണ് കഥയുടെ കർത്തവ്യമെന്ന ധാരണ ഇവർ വളർത്തി.

മലയാള കഥയിലെ മനുഷ്യസങ്കല്പം കീഴ്മേൽ മറയുന്നത് ഈ കാലഘട്ടത്തിലാണ്. എല്ലാ മൂല്യങ്ങളും തിരസ്കൃതമാകുന്നതും ഈ ഘട്ടത്തിലാണ്. മാനവികത തീർത്തും അപ്രസക്തമായ ഒരു കാഴ്ചപ്പാടാണെന്ന് ആധുനിക ചെറുകഥയുടെ ഉത്തരഘട്ടം പ്രചരിപ്പിച്ചു.

**6.6.** നവോത്ഥാനകാല മനുഷ്യസങ്കല്പം പൂർണ്ണമായും ഇല്ലാതാക്കാൻ സാഹിത്യത്തിലെ ആധുനിക പ്രവണതയ്ക്ക് കഴിഞ്ഞോ? എന്ന അന്വേഷണം ഇവിടെ പ്രസക്തമാണ്. കഥയിൽ വിശദീകരിച്ച രണ്ടുഘട്ടങ്ങൾ മറ്റ് സാഹിത്യരൂപങ്ങളുടെ ആധുനികതയെക്കുറിച്ചുള്ള പഠനത്തിലും പ്രസക്തമാണ്. പാശ്ചാത്യകൊളോണിയൽ സങ്കല്പങ്ങളോട് ബാഹ്യതലത്തിൽ കലഹിക്കുമ്പോഴും, മാനസികമായ ഒരു വിധേയത്വം നിർബന്ധിതമാകുന്ന അന്തരീക്ഷമാണ് ബ്രിട്ടീഷ് അധികാരികൾ ഇന്ത്യയിൽ വളർത്തിയത്.

'മനുഷ്യനെ' നിർമ്മിക്കാൻ ഉപയോഗിച്ച ചേരുവകളിൽ പ്രധാനപ്പെട്ടവയെല്ലാം പാശ്ചാത്യനാടുകളിൽ നിന്നു കൊണ്ടുവന്നതായിരുന്നു. പൗരബോധം, ജനാധിപത്യം, നിയമം, നിയമലംഘനം, ശിക്ഷാവിധികൾ, വിദ്യാഭ്യാസം, പെരുമാറ്റരീതികൾ തുടങ്ങി

ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യനെ സൃഷ്ടിച്ച മിക്ക കാര്യങ്ങളും പാശ്ചാത്യമായിരുന്നു. പാശ്ചാത്യേതരമെന്നു വ്യവച്ഛേദിച്ച് പറയാവുന്ന ജനിതകമായ ഘടകങ്ങളും ഭൂമിശാസ്ത്രപരമായഘടകങ്ങളും അപരിഷ്കൃതവുംഅപ്രസക്തവുമാണെന്ന ധാരണ പാശ്ചാത്യർ വളർത്തികൊണ്ടുവന്നു.

'ബാർബേറിയൻസ്' എന്ന പദപ്രയോഗത്തിലൂടെ മാനസികമായ വിധേയത്വത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിൽ പാശ്ചാത്യർ വിജയിച്ചു. നവോത്ഥാനകാല മനുഷ്യനിലെ മിക്ക ഘടകങ്ങളും പാശ്ചാത്യമാണെന്നിരിക്കെ പാശ്ചാത്യയുക്തിയുടെ ഭാഗമായി പ്രചാരത്തിൽ വന്ന ആധുനികതയ്ക്ക് (Modernity) ഈ മനുഷ്യനെ ഇല്ലാതാക്കാൻ സ്വാഭാവികമായും കഴിയുമായിരുന്നു.

**6.7.** ആധുനികതയുടെ കാലഘട്ടത്തിലും 'ചെറുകഥ' എന്ന സാഹിത്യരൂപത്തിന്റെ വിലോഭനീയത ഒട്ടുംതന്നെ കുറവായിരുന്നില്ല. 1970കൾ മുതൽക്കുള്ള വിവിധആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകശാലകളുടെ കാറ്റ്ലോഗുകളും ഈ ജനപ്രിയത്വം സാക്ഷ്യപ്പെടുത്തുന്നു. വായനക്കാർക്ക് കഥയിലുള്ള താല്പര്യം സാഹിത്യവിമർശനവും തിരിച്ചറിഞ്ഞിരുന്നു. കഥകളെക്കുറിച്ച് മാത്രം നിരവധി പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായി. ആധുനിക ചെറുകഥാകൃത്തുകൾ മറ്റ് സാഹിത്യരൂപങ്ങളിലും തങ്ങളുടെ രചനാവൈഭവം തെളിയിച്ചു. രചനാ സാങ്കേതങ്ങളും രൂപവൈവിദ്ധ്യത്തിന് നിദാനമായി വർത്തിക്കുന്ന സൗന്ദര്യഘടകങ്ങളും ശാസ്ത്രീയമായിത്തന്നെ അവർ ഉൾക്കൊണ്ടു. മറ്റ് കലാരൂപങ്ങളെ അടുത്തറിയാൻ ശ്രമിച്ച ആധുനിക ചെറുകഥാകൃത്തുകൾക്ക് ചിത്രകലയിലുള്ള താല്പര്യവും ശ്രദ്ധേയമായിരുന്നു.[18] ഒരു ജനതയെ ആകെ സ്വാധീനിച്ച സാഹിത്യസങ്കല്പത്തേയും മൂല്യവിചാരത്തേയും വിമർശനവിധേയമാക്കുന്നവരായതിനാൽ തികഞ്ഞ ജാഗ്രത ഇവർ രചനയിൽ പ്രദർശിപ്പിച്ചു.

ലോകത്ത് എല്ലായിടത്തും കഥ മനുഷ്യനോടൊപ്പം വളരുകയും അവനെ നില നിർത്താൻ ജാഗ്രത കാണിക്കുകയും ചെയ്ത സാഹിത്യരൂപമാണ്. മനുഷ്യോചിതമെന്ന് സമൂഹം നിശ്ചയിച്ച കാര്യങ്ങളെ കഥ ആവിഷ്കരിക്കാൻ ശ്രദ്ധിച്ചു. നേർവിപരീതമായ ഒരു ദിശയിലേക്ക് ഈ സാഹിത്യരൂപം വഴിമാറിയതിൽ മലയാള വായനക്കാരന്റെ നില പാടുകളും നിരീക്ഷിക്കേണ്ടതുണ്ട്. നാഗരികതയുടെ വികാസവും, അനുഭവങ്ങളുടേയും അനുഭൂതികളുടേയും കമ്പോളവൽക്കരണവും മദ്ധ്യവർഗ്ഗക്കാരനായ ഇടത്തരക്കാരനെ പലരീതിയിൽ ബാധിച്ചിരുന്നു. സാമൂഹികമാറ്റങ്ങൾക്ക്, അതിന്റേതായ ചലനനിയമങ്ങൾ ഉണ്ടെന്ന ധാരണ ക്രമേണ ഇല്ലാതാകുന്ന സ്ഥിതി നിലവിൽവന്നു. വിപ്ലവം വിമോചനം തുടങ്ങിയ സങ്കല്പങ്ങൾ കൈയെത്തുന്ന ദൂരത്തിലല്ലെന്ന് അവർ കരുതി. അസ്തിത്വ ത്തെക്കുറിച്ചുള്ള സ്വകാര്യസന്ദേഹങ്ങളും ഇവർക്ക് ഉണ്ടായിരുന്നു. പരിപാവനമെന്നു കരുതിയ പലതും കൈമോശം വരുന്നതിനെ നിസ്സംഗമായി നോക്കിനിൽക്കാനേ നഗര ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ അവന് കഴിഞ്ഞിരുന്നുള്ളു. ഈ മദ്ധ്യവർഗ്ഗത്തിന്റെ സംവേദനശീലത്തെ മാറ്റുന്നതിനാണ് ആധുനിക ചെറുകഥ ലക്ഷ്യമിട്ടത്.

### 6.8. മനുഷ്യനും കഥയും വഴിപിരിയുമ്പോൾ

എല്ലാ സാഹിത്യകലാരൂപങ്ങളിലും ഈ ലക്ഷ്യം മുൻനിർത്തി രചന നടത്തിയ സന്ദർഭം ഉണ്ടെന്ന കാര്യവും പ്രസക്തമാണ്. മലയാള കവിതയിൽ ആധുനിക പ്രവണ തകൾ പ്രത്യക്ഷപ്പെടുന്നത് 1960കളിലാണ്. അക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' (1952), 'അയ്യപ്പപണിക്കരുടെ കുരുക്ഷേത്രം' (1957) തുടങ്ങിയ കാവ്യങ്ങ ളിൽ പ്രത്യക്ഷപ്പെട്ട പുതുപ്രവണതകൾ ചർച്ചയാകുന്നതോടെയാണ് കവിതയിലെ ആധു നികതയുടെ തുടക്കം. അതിന്റെ സൂക്ഷ്മവിശകലനം ഇവിടെ സാദ്ധ്യമല്ലെങ്കിലും മനു ഷ്യനെക്കുറിച്ചുള്ള സങ്കല്പം പ്രതിപാദിക്കേണ്ടതുണ്ട്. മനുഷ്യശക്തിയെക്കുറിച്ചും അവൻ സൃഷ്ടിച്ച സമൃദ്ധിയെക്കുറിച്ചും ബോധവാനായ അക്കിത്തം മനുഷ്യനെ നിർണ്ണയിക്കുന്ന

വിധം ശ്രദ്ധേയമാണ്. ഒരു ഭാഗത്ത് ആനന്ദത്തിന്റെ തിളച്ചുമറിയുന്ന ലോകത്തെ ചിത്രീകരിച്ച് അതിന്റെ മറുഭാഗം അദ്ദേഹം കാണിച്ചുതരുന്നു.

ഉയരുന്നു നേർത്ത നേർത്ത
മനുഷ്യശിശുരോദനം
നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പിവലിക്കുന്നു
നരവർഗ്ഗനവാതിഥി[19]

നരത്വം ദുർലഭമാണെന്ന വിശ്വാസം പ്രാചീന ഭാരതദർശനം പങ്കുവെച്ചിട്ടുണ്ട്. ആ മനുഷ്യനെ മനുഷ്യൻ എന്താക്കിത്തീർക്കും എന്ന അന്വേഷണം ആധുനികകവിത തുടർന്നുകൊണ്ടിരുന്നു. മാനവജീവിതത്തിന് എല്ലാ അർത്ഥത്തിലും ലക്ഷ്യബോധം നൽകുന്നു എന്നു വിശ്വസിക്കുന്ന "നക്ഷത്ര"ത്തിനോട് കുരുക്ഷേത്രം എന്ന കവിതയിൽ അയ്യപ്പപണിക്കർ പങ്കുവെക്കുന്ന കാഴ്ചകൾ പ്രസക്തമാണ്.

ആ വഴിയിൽനീ കാണുന്നു മർത്യ-
ഭാവനയുടെ സൃഷ്ടീവിശേഷം
ആളു തിക്കിത്തിരക്കിയേറുന്ന-
താണ് ചന്ത അതാണെൻ പ്രപഞ്ചം.
വില്പനക്കു ചരക്കുകളും പേറി
വില്പനക്കാർ വരുന്നു പോകുന്നു
തങ്ങളെത്തന്നെ വിൽക്കുന്നു, വീണ്ടും
തങ്ങൾതന്നെ വിലപേശി നിൽപ്പൂ.[20]

മാർക്കറ്റ് (Market) എന്ന വാക്ക് പാശ്ചാത്യചിന്തയിൽ മാന്യസ്ഥാനങ്ങളിൽ നിൽക്കു

ന്നതാണ്. എന്നാൽ 'ചന്ത' എന്ന മലയാളപദം മലയാളിയ്ക്ക് പലപ്പോഴും മാന്യമല്ല. പണം, ചരക്ക്, വില്പന തുടങ്ങിയ കമ്പോളനിയമങ്ങളുടെ ലോകം മനുഷ്യനെ മറ്റൊന്നാക്കുന്നതായി കവി കരുതുന്നു. സമൂഹത്തിലലിഞ്ഞുചേരാനും സാമൂഹ്യനിയമങ്ങളോട് പൊരുത്തപ്പെടാനും കഴിയാത്ത അന്യതാബോധമുള്ള മനുഷ്യർ ആധുനിക കവിതയിൽ നിരന്തരം പ്രത്യക്ഷപ്പെട്ടു. ഗഹനമായ ദാർശനികബോധവും ദുർഗ്രഹമായ ബിംബകല്പനകളും ഛന്ദോമുക്തമായതിലെ ലയഭംഗങ്ങളും ആധുനികകവിതയും വായനക്കാരനും തമ്മിലുള്ള ബന്ധത്തെ സാരമായി ബാധിച്ചു.

മലയാളനാടകവേദിയിൽ പുതിയ പരീക്ഷണങ്ങൾ നടക്കുന്നത് 1970കളിലാണ്. രചനകളിലും അവതരണത്തിലും ജനകീയമായിരുന്ന രംഗവേദി, ഗവേഷകരുടെയും അക്കാദമിക് താല്പര്യക്കാരുടെയും രീതിശാസ്ത്രത്തിനനുസരിച്ച് മാറാൻ ആരംഭിച്ചു. നാടകം ജനങ്ങളിൽനിന്നും ജനം നാടകത്തിൽനിന്നും അകന്നു. സ്വാഭാവികമായ സാമൂഹിക പ്രശ്നങ്ങളാൽ ഗ്രാമീണ നാടകവേദികൾ അറുപതുകൾക്കു മുമ്പുതന്നെ നിശ്ചലമായിരുന്നു. തനിയാവർത്തനങ്ങളാലും കൃത്രിമത്വത്താലും പ്രൊഫഷണൽ നാടകവേദിയും അനാകർഷമായി മാറി. സാമാന്യ മനുഷ്യന്റെ സാധാരണജീവിതം രംഗവേദിയിൽനിന്നും അപ്രത്യക്ഷമായി. പരീക്ഷണനാടകങ്ങളിൽ സാമൂഹികമായ യാഥാർത്ഥ്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അപരിചിതമായ അവതരണരീതി പ്രേക്ഷകനെ വിഷമിപ്പിച്ചു. ഉപഹാസത്തിനു വിധേയനായ മനുഷ്യനാണ് രംഗവേദിയിൽ പ്രത്യക്ഷപ്പെട്ടത്.

മലയാള നോവലിന്റെ ചരിത്രം കഥയോടൊപ്പം തെളിയുന്നതും മങ്ങുന്നതുമാണ്. ടി. പത്മനാഭനൊഴികെ മിക്ക ചെറുകഥാകൃത്തുകളും നോവലിസ്റ്റുകൾകൂടിയായിരുന്നു. ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ തുടങ്ങിയ ആധുനിക ചെറുകഥാകൃത്തുകളുടെ നോവലിലും പ്രതീക്ഷയറ്റ മനുഷ്യൻ ഏറെ ദയനീയമായ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെട്ടു. മരണമാണ് ആധുനിക നോവലിൽ മനുഷ്യനേക്കാൾ വളർന്നുനിന്നത്. മല

യാള ചെറുകഥയിലെ ആധുനികതയുടെ രണ്ടാംഘട്ടം മറ്റു സാഹിത്യശാഖകൾക്ക് സമാന്തരമായി രൂപപ്പെട്ടതും വികാസത്തിന്റെ ഘട്ടത്തിൽ അവയെക്കൂടി സ്വാധീനിച്ചവയുമായിരുന്നു.

**6.9.** മനുഷ്യസങ്കല്പത്തെ തകർക്കാൻ ആധുനിക സാഹിത്യരൂപങ്ങളെല്ലാം പൊതുവായ ചില സങ്കേതങ്ങൾ ഉപയോഗിച്ചതായി കാണാം. ഈ പ്രബന്ധത്തിന്റെ അന്വേഷണമേഖല കഥ എന്ന സാഹിത്യരൂപമാകയാൽ കഥാകാരൻ സ്വീകരിച്ച തന്ത്രങ്ങളെയാണ് ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥകളിൽ മനുഷ്യസങ്കല്പത്തെ തകർക്കാനുള്ള ശ്രമം പ്രധാനമായും അഞ്ച് കേന്ദ്രബിന്ദുക്കളെ മുൻനിർത്തിയാണ് നടന്നത്. അവ താഴെ പറയുന്നവയാണ്.

മാതൃത്വം - പിതൃത്വം - ജനനം - ശൈശവനിഷ്കളങ്കത

വീട് - ഗൃഹാന്തരീക്ഷത്തിന്റെ ചേരുവകൾ - ഇണക്കം - പിണക്കം

പൊതുഇടങ്ങൾ - പൊരുത്തപ്പെടാൻ കഴിയാത്ത കീഴ്‌വഴക്കങ്ങൾ

സ്ത്രീ/പുരുഷൻ, സ്നേഹം, പ്രേമം, രതി, ദാമ്പത്യം

രോഗം - ചികിത്സ - നിരാശ - മരണം

### 6.9.1. മാതൃത്വം, പിതൃത്വം മുതലായവ

മാതൃത്വത്തെ പാവനമായും പിതൃത്വത്തെ രക്ഷാകർത്തൃത്വമായും ജനനത്തെ വരദാനമായും ശൈശവത്തെ ദൈവതുല്യമായും കണക്കാക്കുന്ന ഒരു സംസ്കൃതി കേരളീയതയുടെ ഭാഗമായി വളർന്നുവന്നതാണ്. വരേണ്യമായിരിക്കാമെങ്കിലും ഇതരസമൂഹങ്ങളിലും ഈ കാഴ്ചപ്പാടിന് വലിയ വ്യത്യാസമുണ്ടായിരുന്നില്ല.

പിഴച്ച സന്തതി, അസുരവിത്ത്, ജാരസന്തതി എന്നെല്ലാം വിശേഷിപ്പിച്ചാലും ജീവി

തത്തിന്റെ ആദ്യഘട്ടത്തെ ആദരവോടെയാണ് സമൂഹം വീക്ഷിച്ചത്. "നരവർഗ്ഗ നവാതിഥിയെ" മാത്രമല്ല ജീവന്റെ എല്ലാ മിടിപ്പുകളേയും മനുഷ്യൻ ആദരിച്ചു. എന്നാൽ ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥാകാരൻ ഇതിനെയെല്ലാം നിഷേധിച്ചു. നിരവധി സന്ദർഭങ്ങൾ ഈ അർത്ഥത്തിൽ എടുത്തുകാണിക്കാമെങ്കിലും ഏറ്റവും ഉചിതമെന്നു തോന്നുന്ന സേതുവിന്റെ 'നൂലേണി' എന്ന കഥയിലെ ഭ്രമാത്മകമായ ഒരു ലോകത്തു നിന്നും നൂലേണിയിൽ ഇറങ്ങിവരുന്ന അമ്മ, മകനോട് പറയുന്ന വാക്കുകൾ ഈ നിഗമനത്തെ സാധൂകരിക്കുന്നു.

"അയാൾ എപ്പോഴും അങ്ങനെയായിരുന്നു. അയാളുടെ സ്വാർത്ഥത എന്നെ വെറുപ്പിച്ചിരുന്നു. ഒരു വിചിത്രനിമിഷത്തിൽ കാടന്റെ കരുത്തോടെ ആ നീണ്ടു കറുത്തനായ മനുഷ്യന്റെ ആയിരം കൈകൾ എന്നെ വലിച്ചുമുറുക്കിയപ്പോൾ, അയാളുടെ വൃത്തികെട്ട ആസക്തി എന്റെ രോമകൂപങ്ങളിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ നിശ്ശബ്ദയായി തേങ്ങിക്കരയാനേ എനിക്കു കഴിഞ്ഞുള്ളൂ. അപ്പോൾ ഞാൻ വേറെയാർക്കോവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. പക്ഷേ, ആ ശപിക്കപ്പെട്ട നിമിഷത്തിന്റെ പൊട്ടിച്ചിതറൽ നിന്റെ ജന്മത്തിന്റെ തുടക്കമായിരിക്കുമെന്ന് ഒരിക്കലും കരുതിയില്ലല്ലോ."[21]

അഭിശപ്തമായ ജന്മം, നിന്ദ്യമായ മാതൃത്വം, പ്രാകൃതമായ പിതൃത്വം ഇതെല്ലാം ഈ വരികളിൽ നിറഞ്ഞുനിൽക്കുന്നു. അത്തരക്കാരുടെ ജീവിതവും കഥകളിൽ പ്രത്യക്ഷപ്പെടേണ്ടതുതന്നെയാണ്. അത് കേരളീയ പരിസരത്തിൽ പരിചിതമായിരുന്നുവെങ്കിലും പ്രിയപ്പെട്ടതായിരുന്നില്ല. ആവർത്തിച്ച് ഇവ ചിത്രണം ചെയ്തതിലൂടെ ജനനത്തെയും ശൈശവത്തെയും എല്ലാം ശപിക്കപ്പെട്ടതാക്കി മാറ്റാൻ കഴിയുമോ എന്ന് ഇവർ ചിന്തിച്ചു.

**6.9.2. വീട്, ഗൃഹാന്തരീക്ഷം മുതലായവ**

വാസസ്ഥാനങ്ങളുടെ നിർമ്മിതി ഓരോ ജീവിക്കും അവയുടെ സൗകര്യസങ്കല്പ

ങ്ങൾക്ക് അനുസൃതമാണ്. സ്വാഭാവികമായ പ്രകൃതിപരിസരത്തിൽപ്പോലും ഓരോ ജീവിക്കും അവയുടേതായ ആവാസവ്യവസ്ഥയുണ്ട്. കൂട് നിർമ്മിച്ച് കൂടുതൽ സുരക്ഷ നേടുന്ന ഏതൊരു ജീവിക്കും ആ കൂട് പ്രിയപ്പെട്ടതാണ്. വിശാലമായ ആകാശത്തു നിന്ന് സ്വന്തം കൂടിരിക്കുന്ന കാടും മരവും തിരിച്ചറിഞ്ഞ് ചേക്കേറുന്ന പക്ഷികളും തേനെടുത്ത് തിരിച്ചു കൂട്ടിലെത്തുന്ന തേനീച്ചകളും മേച്ചിൽപ്പുറങ്ങളിൽനിന്ന് തൊഴുത്തിലെത്തുന്ന വളർത്തുമൃഗങ്ങളും അവരുടേതായ ആവാസസ്ഥാനങ്ങളിൽ പ്രത്യേക സംതൃപ്തി കണ്ടെത്തുന്നു. മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നതിൽ വീട് ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. വാസ്തുസവിശേഷതകളോ, നിർമ്മാണ സങ്കേതങ്ങളോ അല്ല "ആൾപ്പെരുമാറ്റത്തിന്റെ" പ്രത്യേകതകളാലാണ് ഓരോ വീടും വിഭിന്നമാകുന്നത്. പട്ടിണി, ദാരിദ്ര്യം, വിശപ്പ്, സ്നേഹശൂന്യത, ദായക്രമത്തിലെ ക്രമരാഹിത്യങ്ങൾ തുടങ്ങിയവയെല്ലാം വീടിനെ വീടല്ലാതാക്കി മാറ്റിയിരുന്നുവെങ്കിലും വീടിനെ സ്നേഹിക്കാൻ മലയാളി മടികാണിച്ചില്ല. പ്രകാശവും ഇരുട്ടും, സുഗന്ധവും ദുർഗന്ധവും, ചിരിയും കരച്ചിലും, സമൃദ്ധിയും വിശപ്പും എല്ലാം വീടിന്റെ ഭാഗമായി കാണാൻ അവന് കഴിഞ്ഞു. തൊടിയും വയലും കൃഷിയും വളർത്തുമൃഗങ്ങളും അടിയാരും അദ്ധ്വാനവും എല്ലാമടങ്ങുന്നതായിരുന്നു അവരുടെ ഗൃഹസ്മരണകൾ. വീട് നഷ്ടപ്പെടുന്നതിന്റെ വേദന നവോത്ഥാന കഥകൾ വരച്ചുകാണിച്ചു. പക്ഷേ, നിയമങ്ങളും നീതികളുമാണ് വീടിനെ കവർന്നെടുത്തത് എന്ന് അവർ കരുതി. പരിഷ്കൃത ലോകത്തിന്റെ നീതിവ്യവസ്ഥകളാൽ വീടും ഗ്രാമവും വിട്ട് നാഗരികനായവന്റെ, വീട് നഷ്ടപ്പെട്ടതിലെ വിലാപങ്ങളാണ് എംടിയും പത്മനാഭനും കേൾപ്പിക്കാൻ ശ്രമിച്ചത്. അവഗണിക്കപ്പെട്ട സ്ത്രീക്ക് പതുങ്ങിപ്പാർക്കാനുള്ള അവസ്ഥയായി വീട് മാറിയതിലാണ് മാധവിക്കുട്ടി ദുഃഖിച്ചത്. എന്നാൽ വീടിനെ സ്വയം ഇല്ലാതാക്കി വിശാലമായ ഭൂമിയിലേക്ക് അലയാനായി ഇറങ്ങിച്ചെല്ലുന്ന മനുഷ്യനാണ് ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥയിൽ പ്രത്യക്ഷപ്പെടുന്നത്. "യൂറോപ്പി

ലൂടെ പര്യടനം നടത്തി ബോംബെയിൽ തിരിച്ചെത്തിയ തന്നെ സ്വീകരിക്കാൻവന്ന ഭാര്യ വിമാനത്താവളത്തിൽവെച്ചേ അറിയിച്ചു: "നാട്ടിൽനിന്നൊരു കത്തുണ്ട്. കൈപ്പട കണ്ടിട്ട് ഏട്ടന്റേയാണെന്നു തോന്നുന്നു." കത്തിന്റെ നിയോഗത്തിലൂടെ കഥാനായകൻ വീട്ടിലെത്തുന്നത് ഏട്ടന്റെ മരണാനന്തരകർമ്മങ്ങൾക്കാണ്. ഒ.വി. വിജയന്റെ 'കാറ്റുപറഞ്ഞ കഥ' എന്ന കഥയിലെ വീടിനെക്കുറിച്ചും വീട് വീടായിത്തീരുന്നതിലെ ചേരുവകളെ കുറിച്ചുമുള്ള സങ്കല്പങ്ങൾ ശ്രദ്ധേയമാണ്. വീടുകൾ വാസസ്ഥാനങ്ങൾ എന്നതിൽനിന്ന് ഡോർനമ്പറുകളായി മാറുന്ന/മാറ്റുന്ന ഒരവസ്ഥ ആധുനികർ അനുഭവിപ്പിക്കാൻ ശ്രമിച്ചു. ഗൃഹാതുരത ഈ കാലഘട്ടത്തിലെ മറ്റുകഥകളിലും അപൂർവ്വമായിരുന്നു. അകത്തളത്തിലെ മുഖംമൂടികളില്ലാത്ത മനുഷ്യരെ ആധുനികകഥ അന്യമാക്കി.

### 6.9.3. പൊതുഇടങ്ങളും പൊരുത്തപ്പെടലുകളും

ഒറ്റയായ മനുഷ്യൻ 'പറ്റ്'മാകുന്നതിലാണ് മനുഷ്യത്വം എന്ന ആശയം തെളിഞ്ഞുവരുന്നത്. 'മനുഷ്യപ്പറ്റ്' എന്ന വാക്ക് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും മനുഷ്യന്റെ ആന്തരികതലവും ബാഹ്യതലവും തമ്മിലുള്ള പാരസ്പര്യത്തെയും ഉൾക്കൊള്ളുന്നതാണ്. മനുഷ്യനെ സമൂഹത്തിൽ അലിയിച്ചുചേർക്കുന്നത് സ്വകാര്യശീലങ്ങളെ പൊതുശീലങ്ങൾക്കുവേണ്ടി മാറ്റിവെക്കാനുള്ള അവസ്ഥ പ്രകടമാകുമ്പോഴാണ്. വിട്ടുവീഴ്ചകളും പൊരുത്തപ്പെടലുകളും ത്യാഗങ്ങളും സഹനങ്ങളും എല്ലാം ഇതിന്റെ ഭാഗമാണ്. സ്വകാര്യലോകങ്ങളിൽനിന്ന് പൊതുഇടങ്ങളിലേക്ക് ഇറങ്ങിവന്ന മനുഷ്യനെ മലയാള ചെറുകഥയിലെ ആധുനികതയുടെ ഉത്തരഘട്ടം ഗൗനിച്ചതേയില്ല.

പൊതുലോകങ്ങളിലും സ്വയം സൃഷ്ടിച്ചെടുക്കുന്ന ഏകാന്തതയിലാണ് ഈ കഥാകാലം അഭിരമിച്ചത്. ബാഹ്യതലത്തിലെ അന്യതയെക്കുറിച്ച് യോഗാത്മകഭാഷയിൽ പ്രബോധനം നടത്താനാണ് ഇവർ ശ്രദ്ധിച്ചത്. സ്വകാര്യശീലങ്ങളിൽനിന്ന് മോചനമി

ല്ലെന്നും പൊതുശീലങ്ങൾക്കുവേണ്ടി ക്രമീകരിക്കുമ്പോൾ മനുഷ്യൻ കള്ളനാട്യക്കാരനാകുന്നു എന്നും ഇവർ കരുതി. ത്യാഗങ്ങൾക്കും സഹനങ്ങൾക്കും സ്വാർത്ഥതയുടെ പ്രേരണയുണ്ടെന്ന് ഇവർ ചിത്രീകരിച്ചു. 'പറ്റ'ത്തിൽനിന്ന് ഒറ്റയിലേക്ക് മനുഷ്യനെ മാറ്റിയതിലൂടെ അതുവരെയുള്ള മനുഷ്യസങ്കല്പത്തെ ഇവർ കീഴ്മേൽ മറിച്ചു. ആധുനികകഥയിലെ ഈ പ്രധാന സവിശേഷത ഏറെ ശ്രദ്ധേയമായതിനാൽ ഉദ്ധരണികൾകൊണ്ട് വൃഥാ സ്ഥൂലമാക്കുന്നില്ല.

### 6.3.4. സ്ത്രീ/പുരുഷൻ, സ്നേഹം, പ്രേമം, രതി, ദാമ്പത്യം മുതലായവ

ലിംഗപരമായ വ്യത്യാസത്തിലുപരി മനുഷ്യനെ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. എന്നാൽ ലിംഗവ്യത്യാസത്തിന്റെ സാമൂഹ്യാവസ്ഥ മനുഷ്യത്വത്തെ ബാധിക്കുന്നതാണ്. നവോത്ഥാനകാലകഥയ്ക്കുപോലും ഈ തീക്ഷ്ണയാഥാർത്ഥ്യം പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ ലിംഗവ്യത്യാസത്തെ ആധുനികകഥ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചു. നിർദ്ദോഷമായ സ്നേഹം, നിർമ്മലമായ പ്രേമം, സഹജമായ രതി, സംതൃപ്തമായ ദാമ്പത്യം ഇതൊന്നും ആധുനികകഥയുടെ ദൃഷ്ടിയിൽ സംഭവ്യമല്ല. മാനവികതാസങ്കല്പത്തിന്റെ മഹിതമായ ഈ അവസ്ഥ ആധുനികകഥ വികൃതമായി ചിത്രീകരിച്ചു. കേവലം സാഹിത്യസന്ദർഭങ്ങൾക്ക് വേണ്ടി ഒരുക്കുന്ന കൃത്രിമത്വങ്ങളാണ് ഇവ എന്ന് അവർ കരുതി. ചൂഷണത്തിന്റെയും സ്വാർത്ഥത്തിന്റെയും ക്ഷണികസുഖത്തിന്റെയും അവസ്ഥയെ സൃഷ്ടിക്കുന്നുവെന്ന് ഇതിനെ ആധുനികകഥ വിശേഷിപ്പിക്കുന്നു. ഉദാരമാനവീകതയുടെ ലാളനയേറ്റ് വളർന്ന ആദർശപ്രേമം, വിധേയയായ ഭാര്യ, വിവേകപൂർണ്ണമായ ഗൃഹാന്തരീക്ഷം എന്നിവയെല്ലാം ആധുനികകഥ നിരസിച്ചു. ഉള്ളിലെ ലോകത്തിൽ ഓരോ മനുഷ്യനും വ്യത്യസ്തധാരണകളെയാണ് വച്ചുപുലർത്തുന്നത് എന്നും പുറമേക്ക് കാണുന്ന പ്രകടനങ്ങളും കഥയിലെ വർണ്ണനകളും ആത്മവഞ്ചനയുടെ സ്വഭാവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നും ഇവർ

വിശദീകരിച്ചു. നഗരം എല്ലാത്തരത്തിലുമുള്ള സദാചാരങ്ങളെയും ഇല്ലാതാക്കാൻ കാത്തിരിക്കുന്ന ഒരു ഉപകരണമാണെന്നും അതിൽചെന്നുപെടുന്നതിലൂടെ ആധുനികലോകത്തിലെ മനുഷ്യനായി ഓരോരുത്തരും രൂപാന്തരം പ്രാപിക്കുന്നുവെന്നും അവർ വിശ്വസിച്ചു. തങ്ങൾക്ക് മുമ്പിലുള്ള എല്ലാ സദാചാരബോധത്തെയും തുറന്നെതിർക്കുന്നവർ, രഹസ്യമായി സദാചാരവഴികളിൽനിന്ന് വേർപിരിഞ്ഞ് സഞ്ചരിക്കുകയും എന്നാൽ അതിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവർ, നവോത്ഥാനകാലം പ്രാകൃതമെന്ന് വിശേഷിപ്പിച്ച പല പ്രകൃതിവിരുദ്ധതകളെയും ആന്തരചോദനകളുടെ പേരിൽ ന്യായീകരിക്കുന്നവർ എന്നിങ്ങനെ നിരവധി കഥാപാത്രങ്ങളെ ഈ കഥാകാരന്മാർ സൃഷ്ടിച്ചു. മൃഗസഹജമായ പ്രാകൃതത്വങ്ങളിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന സദാചാരാവസ്ഥകളെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചത് മൂല്യസങ്കല്പത്തെ കീഴ്മേൽ മറിച്ചു.

### 6.9.5. രോഗം, ചികിത്സ, നിരാശ, മരണം

ആധുനികശാസ്ത്രം അത്ഭുതകരമായ മുന്നേറ്റം നടത്തിയത് രോഗചികിത്സാരംഗത്താണ്. രോഗം മനുഷ്യനെ നിസ്സഹായനും ഏകാകിയുമാക്കി മാറ്റും. തന്റെ എല്ലാവിധത്തിലുമുള്ള അപ്രമാദിത്വങ്ങളും ഇല്ലാതാകുന്ന ഈ അവസ്ഥയിൽ അവനെ ചിത്രീകരിക്കാൻ ആധുനികത അമിതതാല്പര്യം കാണിച്ചു. രോഗത്തിന്റെ ദൈന്യത രോഗിയെയും സമൂഹത്തെയും ഒരുപോലെ ബാധിക്കുന്നതാണെന്നും, സഹജീവിയുടെ ദുഃഖവും വേദനയും പങ്കുവെക്കുന്നതിലൂടെ അതിന്റെ കാഠിന്യം കുറക്കാമെന്നും നവോത്ഥാനകാലം കരുതിയിരുന്നു. രോഗവും ദാരിദ്ര്യവും തമ്മിലുള്ള പാരസ്പര്യവും നവോത്ഥാനം തിരിച്ചറിഞ്ഞു. എന്നാൽ ആധുനികത ഇവയൊന്നുംതന്നെ പരിഗണിച്ചില്ല. ഏകാന്തതയുടെ കാഠിന്യം വർദ്ധിപ്പിച്ചുകൊണ്ട് മനസ്സിനേറ്റ മുറിവുകൾക്ക് ചികിത്സയില്ലെന്നും അതാർക്കും ഏറ്റുവാങ്ങാൻ കഴിയാത്തതാണെന്നും ആധുനികത വിശ്വസിപ്പിക്കാൻ ശ്രമിച്ചു. രോഗിയെ നിത്യനിരാശയിലൂടെ സഞ്ചരിച്ച് മരണത്തിലെത്തിക്കുന്നതിലാണ് ആധു

നിക ചെറുകഥ വ്യഗ്രത കാണിച്ചത്. രൂപരസഗന്ധസ്പർശങ്ങളിലൂടെ മരണം വായനക്കാരനെ അനുഭവിപ്പിക്കുന്നതിലാണ് അവർ ശ്രദ്ധിച്ചത്.

**6.9.6.** മേൽപ്പറഞ്ഞ ഏകകങ്ങൾക്കു പുറമേ മറ്റു സന്ദർഭങ്ങളും ആധുനികതയുടെ മനുഷ്യോചിതമല്ലാത്ത പരിചരണങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനായി വിനിയോഗിക്കാം. മാനവികതയെ നേർവിപരീതമായ ദിശയിലേക്ക് നീക്കുന്നതിന് ഊന്നൽ നൽകിയവയിൽ പ്രധാനപ്പെട്ടവയാണ് ഇവിടെ എടുത്തുകാണിച്ചത്. താരതമ്യപഠനത്തിലൂടെ ഇതര സാഹിത്യരൂപങ്ങളിലും സമാനമായ പ്രതിപാദനരീതികൊണ്ട് പ്രത്യാശയറ്റ മനുഷ്യനെ സൃഷ്ടിക്കാൻ സമാന്തരമായി നടന്ന പരിശ്രമങ്ങളെ കൂടുതൽ നിർണ്ണയിക്കാൻ കഴിയും.

ആധുനിക ചെറുകഥയുടെ രണ്ടാംഘട്ടത്തിലെ എല്ലാ കഥകളും ഈ ഗണത്തിൽപെടുന്നവയാണെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. തങ്ങൾ ജീവിച്ച കാലത്തിലെ സാമൂഹികപ്രശ്നങ്ങളോട് ശക്തമായി പ്രതികരിക്കുന്ന നിരവധി കഥകൾ ഈ എഴുത്തുകാർ രചിച്ചിട്ടുണ്ട്. 'മനുഷ്യൻ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി പൂർണ്ണമായി ഉൾക്കൊണ്ട് അവന്റെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും അവസ്ഥകൾ മുകുന്ദൻ, കാക്കനാടൻ, വിജയൻ, സേതു മുതലായ ചെറുകഥാകൃത്തുക്കൾ എഴുതിയിട്ടുണ്ട്. എന്നാൽ ആ കാലഘട്ടത്തിലെ കഥകളിൽ മനുഷ്യന് നേർവിപരീതമായ അവസ്ഥ സൃഷ്ടിക്കാനുള്ള ഒരു ധാരകൂടി ബോധപൂർവ്വം ഉൾപ്പെടുത്തിയിരുന്നു എന്ന് വ്യക്തമാക്കാനാണ് ഇത് വിശദീകരിച്ചത്. ജി. മധുസൂദനന്റെ കഥയും പരിസ്ഥിതിയും എന്ന കൃതിയിലെ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

മലയാള സാഹിത്യത്തിലെ ആധുനികത ഇന്ന് ചരിത്രമാണ്. ആധുനികത വ്യവസായ സംസ്കൃതിയുടെ സൗന്ദര്യശാസ്ത്രമായിരുന്നു. പ്രകൃതിയിൽനിന്നുള്ള അന്യവത്കരണം, പ്രപഞ്ചത്തിൽ സഹജമായ അനീതി വെറും കെട്ടുകഥയാണെന്ന ധാർഷ്ട്യം,

വിഘടനവാദത്തോടുള്ള ഭക്തി, ജീവിതവിമുക്തമായ അമൂർത്തത, ഉത്തരവാദിത്വരഹിതമായ അതിരുകവിഞ്ഞ ആത്മനിഷ്ഠത, എല്ലാതരം ആത്മീയതകളോടുമുള്ള പുച്ഛം, ഭാഷകൊണ്ടുള്ള വീഡിയോഗെയിം മാത്രമാണ് സാഹിത്യമെന്നുള്ള അഹംമാത്രവാദം (Solipsism) ഇവയായിരുന്നു ആധുനികതയുടെ ദർശനത്തിന്റെ അടിസ്ഥാനഭാവങ്ങൾ. 1976ൽ പ്രസിദ്ധപ്പെടുത്തിയ എം. മുകുന്ദന്റെ 'എന്താണ് ആധുനികത'യാണ് ആധുനികതയെ സൈദ്ധാന്തികമായി നിർവ്വചിച്ച കേരളത്തിലെ പ്രധാന ഗ്രന്ഥം. 'മനുഷ്യന്റെ ഭാവനയെ വികസിപ്പിക്കുകയും കൈകളുടെ കരുത്ത് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആരോഗ്യകരമായ ഒരു ഹ്യൂമനിസ്റ്റ് ദർശനത്തിന് ആരംഭംകുറിക്കുക എന്നതാകണം ആധുനികസാഹിത്യത്തിന്റെ ലക്ഷ്യം.' എന്നുപറഞ്ഞുകൊണ്ടാണ് മുകുന്ദൻ തന്റെ പ്രബന്ധം അവസാനിപ്പിക്കുന്നത്. ആ മഹാപ്രയത്നത്തിന്റെ ആദ്യദശയായ നിഷേധത്തിലും വ്യഥയിലും മാത്രമേ മലയാളസാഹിത്യം എത്തിയിട്ടുള്ളൂവെന്നും അവസാനഖണ്ഡികയിൽ മുകുന്ദൻ പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ ഈ നിഷേധത്തിനും വ്യഥയിലുംനിന്ന് ആധുനികസാഹിത്യം മുന്നോട്ടുപോയതേയില്ല എന്നുകാണാം.[23]

ഇതേ കാലഘട്ടത്തിലെത്തന്നെ മറ്റു ചില എഴുത്തുകാർ നവോത്ഥാനകഥയുടെ മനുഷ്യസങ്കല്പത്തെ അംഗീകരിച്ചും അതിനെ കാലോചിതമായി പരിഷ്കരിച്ചും രചനകൾ നിർവ്വഹിച്ചുകൊണ്ടിരുന്നു. ആധുനികതയുടെ "വിപരീതമനുഷ്യബോധം" ഇവർ തിരിച്ചറിഞ്ഞു. വൈപരീത്യങ്ങളെ യുക്തിസഹമായി പരിശോധിക്കാനാണ് ഈ എഴുത്തുകാർ തയ്യാറായത്. എം. സുകുമാരൻ, പി. വത്സല, സി.വി. ശ്രീരാമൻ, വികെഎൻ തുടങ്ങിയ എഴുത്തുകാർ ഈ ഗണത്തിൽപ്പെടുന്നവരാണ്. ചിതറുന്ന നവോത്ഥാനമനുഷ്യസങ്കല്പത്തെക്കുറിച്ച് ഇവർക്ക് ആശങ്കകൾ ഉണ്ടായിരുന്നു. ആ മനുഷ്യസങ്കല്പത്തെ അതേപ്രകാരത്തിൽ നിലനിർത്താൻ കഴിയുകയില്ലെന്നും ഇവർ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ ഒറ്റയാക്കുന്നതിലല്ല കൂട്ടായ്മയുടെ ഭാഗമാകുന്നതിലാണ് മനുഷ്യന് സാദ്ധ്യത

കളുണ്ടാകുന്നത് എന്ന് ഇവർ പറയാൻ ശ്രമിച്ചു. നവോത്ഥാന മനുഷ്യസങ്കല്പവും മാനവികതാമൂല്യങ്ങളും വെല്ലുവിളികളെ നേരിട്ടത് ആധുനികപ്രവണതയുടെ രണ്ടാമത്തെ ഘട്ടത്തിലാണെങ്കിൽ അതിനെ നിലനിർത്താനുള്ള തീവ്രശ്രമവും ഇതേ കാലഘട്ടത്തിൽ നടന്നു.

### 6.10. പ്രതിമാനവികതാ സങ്കല്പം

പാശ്ചാത്യ മനുഷ്യസങ്കല്പം ഒരു രാഷ്ട്രീയസൃഷ്ടിയാണ്. അവന്റെ സ്ഥിതിയെക്കുറിച്ചും സമത്വത്തെക്കുറിച്ചുമുള്ള ചിന്തയിൽനിന്നാണ് ആ മാനവൻ ഉയർന്നുവന്നത്. ഈ സങ്കല്പം അഭിവൃദ്ധിപ്പെടുന്നത് നിലനില്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലൂടെയാണ്. അതിജീവനത്തിനുവേണ്ടിയുള്ള യത്നത്തിൽ പ്രപഞ്ചത്തിലെ പല താളക്രമങ്ങളും അവനു തിരുത്തേണ്ടിവന്നു. എല്ലാ തത്വചിന്തകളിലും അവന് ഇടംലഭിച്ചുവെന്നു മാത്രമല്ല കേന്ദ്രസ്ഥാനത്ത് നിലകൊണ്ടതും അവനാണ്. എന്നാൽ ഏതു മനുഷ്യൻ എന്ന ചോദ്യം 'മനുഷ്യ'നിടയിൽനിന്നുതന്നെ ഉയർന്നുവന്നു. ഉള്ളവനും ഇല്ലാത്തവനും എന്ന വിഭജനത്തിൽനിന്നാണ് ആദ്യം ഏതു മനുഷ്യൻ എന്ന ചോദ്യം ഉയർന്നത്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ് ഈ ചോദ്യത്തിന് യുക്തിസഹമായ ഉത്തരം നൽകാൻ ശ്രമിച്ചത്. പാശ്ചാത്യമാനവികതാ ബോധം പ്രചാരത്തിൽ വന്നതോടെ അതിനെ നിലനിർത്താനാവശ്യമായ ആധുനികവിദ്യാഭ്യാസം, പാശ്ചാത്യമതബോധം ശാസ്ത്രയുക്തി എന്നിവയും കടന്നുവന്നു. ഉള്ളവൻ/ഇല്ലാത്തവൻ, വെളുത്തവൻ/കറുത്തവൻ, ആൺ/പെൺ, അധിനിവേശം ചെയ്തവർ/അടിമകളായവർ, നാഗരികർ/ഗ്രാമീണർ എന്നെല്ലാമുള്ള ദ്വന്ദ്വങ്ങൾ തമ്മിൽ പല സംഘർഷങ്ങളും ഉയർന്നുവന്നിരുന്നു.

സമ്പത്ത് ഇല്ലാത്തവനും, കറുത്തവനും, പെണ്ണും, കോളനി, മൂന്നാംലോകരാജ്യങ്ങളിലെ ആളുകളും, ഗ്രാമീണനും പാശ്ചാത്യ മനുഷ്യസങ്കല്പത്തിന്റെ പരിധിയിൽ

പെട്ടിരുന്നില്ല. തുല്യതയാണ് മാനവികതയുടെ പൂർണ്ണത എങ്കിൽ ഇവരുടെ നീതി ഏതു കാലത്താണ് തീർപ്പാക്കപ്പെടുക എന്ന ചോദ്യം ഉയർന്നുവന്നു. ഈ ചോദ്യങ്ങളെല്ലാം വ്യക്തമായി ഉയർന്നുവരുന്നത് 1990കൾക്കു ശേഷമാണെങ്കിലും തങ്ങൾ പരിഗണിക്കപ്പെട്ടിരുന്നില്ല/പരിഗണിക്കപ്പെടുന്നില്ല എന്ന ബോധം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഉണ്ടായിരുന്നു. മാനവികതയെ സ്വീകരിച്ചുകൊണ്ടുതന്നെ അതിൽവന്ന കുറവുകളെ കുറിച്ചുള്ള ചർച്ചയിലാണ് പ്രതിമാനവികത എന്ന പദം പ്രസക്തമാകുന്നത്.

നിലനിൽക്കുന്ന മാനവികതാബോധത്തിനു പകരംനിൽക്കുന്നത് എന്ന അർത്ഥത്തിൽ 'പ്രതി' എന്ന ഉപസർഗ്ഗം മാനവികതയുടെ മുന്നിൽ ചേർത്താണ് പ്രതിമാനവികത എന്ന വാക്ക് നിഷ്പാദിപ്പിക്കുന്നത്. ഉന്നതവും കുലീനവുമായ സ്ഥാനത്തുനിൽക്കുന്ന ഒരു ദാർശനികപദ്ധതി എന്നതിൽനിന്ന് ന്യൂനസ്ഥാനത്തേക്ക് ഇറക്കി നിർത്തപ്പെട്ട ഒരു പൊതുചിന്ത എന്നതിലേക്കുള്ള 'മനുഷ്യ' സങ്കല്പത്തിലെ മാറ്റമാണ് പ്രതിമാനവികത എന്ന് സാമാന്യേന പറയാം. പണ്ഡിതയുക്തിയെയോ മതദർശനങ്ങളെയോ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയോ പ്രതിമാനവികത വിശ്വാസത്തിലെടുക്കുന്നില്ല. അനുഭവയാഥാർത്ഥ്യവും വർത്തമാനകാല അവസ്ഥയുമാണ് ഇതിന്റെ പരിഗണനാവിഷയം.

തത്വചിന്തകളും ദർശനങ്ങളും മുഴുവൻ മനുഷ്യനേയും പൂർണ്ണമായി ഉൾക്കൊള്ളുന്നില്ല എന്ന ചിന്താഗതിയിൽനിന്നാണ് പ്രതിമാനവികത ഉദയം ചെയ്തത്. ആത്മപ്രകാശനം നടത്താൻ അവൻ സ്വായത്തമാക്കുകയും വികസിപ്പിക്കുകയും ചെയ്ത ഭാഷ ആധികാരികമല്ലെന്ന നിഗമനമാണ് അതിന്റെ വേഗത വർദ്ധിപ്പിച്ചത്.

പാശ്ചാത്യനവോത്ഥാനം ലോകത്തെ പഠിപ്പിച്ച ശാസ്ത്രീയബോധം അതേ സ്വഭാവത്തിൽ സ്വീകരിക്കാൻ പ്രതിമാനവികതാ സങ്കല്പം തയ്യാറല്ല. ഉദാരമാനവികതയിൽ ചില നിഗൂഢ ലക്ഷ്യങ്ങൾ ഉണ്ടെന്ന് പ്രതിമാനവികതാബോധം കരുതുന്നു. പ്രകൃതിയെ

കൈകാര്യം ചെയ്യുന്നതിനായി നവോത്ഥാനം നിശ്ചയിച്ച കാഴ്ചപ്പാടുകൾ അപകടകരവും മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമാണെന്ന് പ്രതിമാനവികത വിശ്വസിക്കുന്നു. പുരോഗതി വികസനം എന്നീ സങ്കല്പങ്ങൾ പ്രയോജനവാദത്തിന്റെ സൃഷ്ടിയാണെന്നും അതിന്റെ ഗുണഫലം ചിലരിൽ ഒതുങ്ങുന്നതാണെന്നും പ്രതിമാനവികത പ്രചരിപ്പിക്കുന്നു. കേരളീയ സാഹചര്യത്തിലും ഈ ചിന്താഗതി പ്രസക്തമാണ്. പാശ്ചാത്യ ആശയഗതി മുന്നോട്ടുവച്ച മനുഷ്യസങ്കല്പത്തിലെത്തിച്ചേരാൻ വിവേചനങ്ങൾ നിലനിൽക്കുന്ന ഹൈന്ദവധർമ്മങ്ങളിൽനിന്ന് മാറി ക്രിസ്തുമതം, ബുദ്ധമതം എന്നിവ സ്വീകരിച്ചാൽ മതി തുടങ്ങിയ ആശയങ്ങൾ കേരളീയ നവോത്ഥാനചിന്തയുടെ കൂടപ്പിറപ്പായിരുന്നു. മതപരിവർത്തന സംവാദങ്ങളിൽ വേണ്ടത്ര ലക്ഷ്യബോധം കാണാൻ കഴിയില്ലെങ്കിലും പ്രതിമാനവികതാസങ്കല്പത്തിന്റെ അവ്യക്തമായ സൂചനകൾ ഉണ്ടായിരുന്നു.

പാശ്ചാത്യർ ലോകത്തു നടത്തിയ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശത്തെ, അതിനു വിധേയരായ ജനതയെക്കൊണ്ട് ശരിയാണെന്നു സമ്മതിപ്പിക്കാനുള്ള ഒരു നിഗൂഢതന്ത്രമായിരുന്നു ഉദാരമാനവികത എന്ന ആശയം. കോളനിജനതയേക്കാൾ വിജ്ഞരും നീതിമാൻമാരും കരുണയുള്ളവരുമാണ് ഭരിക്കുന്ന പാശ്ചാത്യർ എന്ന ധാരണ ഇത് വളർത്തി. മറ്റേതു ഭരണാധികാരിയേക്കാളും പ്രജകളുടെ ഉന്നമനത്തിൽ താല്പര്യമുള്ളവർ തങ്ങളാണെന്ന് കോളനികളിലെ ജനങ്ങളെ വിശ്വസിപ്പിച്ചു. കോളനിജനതയെ അനുസരിക്കാൻ ബാദ്ധ്യതപ്പെട്ടവരാക്കിയ ഒരു ഘടകം ഉദാരമാനവകതയുടെ പ്രചാരമാണ്. ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ സമ്മതഭരണം (rule by consent) എന്ന 'വിപത്തി'നെ കുറിച്ചുള്ള കാഴ്ചപ്പാട് സംഗതമാകുന്ന ഒരു പശ്ചാത്തലം നവോത്ഥാന ചിന്തയിലുണ്ട്. നവോത്ഥാനം ലോകത്ത് മനുഷ്യരേയും ദേശവാസികളേയുമാണ് സൃഷ്ടിച്ചതെന്ന് സാമാന്യേന വിലയിരുത്താം. നിലനിൽക്കുന്ന അധികാരഘടനയിൽ പങ്കാളിത്തം (Participation), നിയമവാഴ്ച (Rule

of law), സുതാര്യത (Transparency) സമന്വയം (Consensus), തത്തുല്യതയും അഭിവ്യാപകതയും (Equity and inclusiveness), കാര്യക്ഷമതയും ഫലപ്രാപ്യതയും (Efficiency and effectiveness), കടപ്പാട് (Accountability) എന്നീ സങ്കല്പങ്ങളെല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഇവർ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. പ്രതിമാനവികതാബോധത്തിന് അതിന്റേതായ ന്യായീകരണങ്ങളും സാധ്യതകളുമുണ്ടെങ്കിലും അവയെ സ്വീകരിക്കുമ്പോൾ ചില മുൻകരുതലുകൾ ആവശ്യമാണ്. ഏതൊരു ഭരണകൂടത്തിനും ബോധനപരവും ഘടനാപരവുമായ ധർമ്മങ്ങളുണ്ട്. പരിഷ്കൃത നാഗരികതയുടെ ഉയർന്ന തലങ്ങൾ എത്തിപ്പിടിക്കാനാണ് ഇത് ലക്ഷ്യംവെക്കുന്നത്. ഉല്പാദനസാമഗ്രികളുടെ അനുസ്യൂതമായ വളർച്ചയ്ക്ക് ഉപയുക്തമാകുന്ന രീതിയിൽ ജനസാമാന്യത്തിന്റെ മാനസികവ്യാപാരങ്ങളെയും ധാർമ്മികബോധത്തെയും പരുവപ്പെടുത്തിയെടുക്കുന്നവരാണ് ഭരണാധികാരികൾ. എല്ലാതരം ബോധനപ്രക്രിയകളിലൂടെയും വ്യക്തിയുടെ സമ്മതവും സഹകരണവും സാദ്ധ്യമാക്കിത്തീർക്കാനാണ് അവർ പരമാവധി ശ്രമിക്കുക. പ്രശസ്ത ഇറ്റാലിയൻ ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ വാക്കുകൾ ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ കൂടുതൽ പ്രസക്തമാണ്.[24] തികഞ്ഞ ജാഗ്രതയോടെ മാനവികതാസങ്കല്പത്തെ ഇന്നത്തെ സാഹചര്യത്തിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ പാശ്ചാത്യനവോത്ഥാനബോധവും മാനവികതാബോധവും ഉണ്ടാക്കിയ ഉണർവാണ് തന്റെ ജീവിതാവസ്ഥകളെ വിലയിരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും മലയാളിയെ പ്രേരിപ്പിച്ചത്. ആ മാനവികതാബോധത്തിൽനിന്നാണ് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും പ്രതിമാനവികതാ സങ്കല്പം ഉയർന്നുവരുന്നത്.

### 6.11. പ്രതിമാനവികതയും ഉത്തരാധുനികതയും

ആധുനികത കലാസാഹിത്യസംബന്ധിയായ ഒരു സങ്കല്പം മാത്രമല്ല സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലേയും ചലനനിയമവുമായി ബന്ധപ്പെട്ട ഒരു സംപ്രത്യയം

കൂടിയാണ്. പ്രതിമാനവികതയുടെ തുടർച്ചയായി കടന്നുവരുന്ന മറ്റൊരു സാങ്കേതികപദ മാണ് ഉത്തരാധുനികത. ലോകത്തിന്റെ എല്ലാ മേഖലകളിലും പ്രത്യക്ഷപ്പെടുന്ന നവച ലനങ്ങളെ ഉത്തരാധുനികത എന്ന പദം ഉൾക്കൊള്ളുന്നു. ധനമൂലധനത്തിന്റെയും കമ്പോ ളവൽക്കരണത്തിന്റെയും വ്യാപനം ഉണ്ടാക്കിയ സാമൂഹ്യക്രമത്തെയാണ് നവലോകക്രമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നിലനിൽക്കുന്ന എല്ലാ വിരുദ്ധദ്വന്ദങ്ങൾക്കുമപ്പുറം ലോകം ഒറ്റ കമ്പോളമാണെന്ന വിശ്വാസവും എല്ലാ ബന്ധങ്ങളും ഉല്പാദകൻ, ഉപഭോ ക്താവ് എന്ന സമന്വിത ദ്വന്ദത്തിലേക്ക് ചുരുങ്ങേണ്ടതുണ്ട് എന്ന ധാരണയും നവലോക ക്രമം വളർത്തുന്നു.

ആധുനികതയുടെ നിഷേധമനുഷ്യസങ്കല്പം ഇവിടെ പ്രസക്തമല്ല. പ്രതീക്ഷ യോടെ ജീവിക്കുന്ന മനുഷ്യന് മാത്രമേ നിർമ്മിതവസ്തുവിന്റെ ആവശ്യം വരുന്നുള്ളു. എന്നെങ്കിലും വരുന്ന മരണത്തെക്കുറിച്ച് ദുഃഖിക്കാതെ, വർത്തമാനകാലത്തിന്റെ സത്യത്തെ ഉൾക്കൊള്ളാൻ നവലോകക്രമം പ്രേരിപ്പിക്കുന്നു. ഏകാന്തതയെ വർദ്ധിപ്പി ക്കുന്ന നിശ്ശബ്ദതക്കുപകരം, ശബ്ദമുഖരിതമായ ആഘോഷങ്ങളെ സമൂഹത്തിൽ നില നിർത്താൻ അവർ ആഗ്രഹിക്കുന്നു. നിരാശക്കുപകരം പ്രതീക്ഷയും പ്രത്യാശയും ഉപ ഭോക്താവിൽ വളർത്താൻ കമ്പോളമൂലധനം ശ്രദ്ധിക്കുന്നു. സംസ്കാരത്തിൽനിന്ന് വരുന്ന എന്തും സാംസ്കാരികോത്പന്നങ്ങൾ എന്ന നിലയിൽ പരിഗണിക്കുന്നതിനാൽ എല്ലാം മൂല്യനിർണ്ണയം ചെയ്ത് വിറ്റഴിക്കാനുള്ള പദ്ധതികൾ അവർ ഉണ്ടാക്കുന്നു. നവലോക ക്രമവും ഉത്തരാധുനികതയും കലാചർച്ചയിലും സാമൂഹികചിന്തകളിലും സംവാദരൂ പേണ ഇന്നും നിലനിൽക്കുന്നു. സാഹിത്യത്തിലെ ആധുനികതയുടെ തുടർച്ചയോ നിഷേ ധമോ അല്ല ഉത്തരാധുനികത. അത് മനുഷ്യനും കമ്പോളവും തമ്മിലുള്ള വ്യവസ്ഥ കളെ നിർണ്ണയിക്കുന്ന ജീവിതാവസ്ഥയാണ്. പ്രതിമാനവികതാസങ്കല്പവും ഉത്തരാധു നികതയും ചില സന്ദർഭങ്ങളിലെങ്കിലും പരസ്പരാശ്രിതമായി നിലകൊള്ളുന്നു.

ഉത്തരാധുനിക സാഹിത്യത്തെക്കുറിച്ചുള്ള ഒരു നിർവ്വചനം പല കാരണങ്ങളാൽ അസാദ്ധ്യമാകയാൽ 'വർത്തമാനകാലകഥ' എന്ന് തൊണ്ണൂറുകൾക്ക് ശേഷമുള്ള കഥകളെ വിശേഷിപ്പിക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. ഈ കഥകളിലെ മനുഷ്യാവസ്ഥയെ സാമാന്യമായി പരാമർശിക്കാതെ ഈ പഠനം പൂർത്തിയാവുകയില്ല.

ആധുനികകഥയിലെ രണ്ടാംഘട്ടത്തിലെ മനുഷ്യസങ്കല്പത്തിന്റെ തുടർച്ചയാണോ വർത്തമാനകാലകഥയിൽ പ്രത്യക്ഷപ്പെടുന്നത് എന്ന അന്വേഷണം പ്രസക്തമാണ്. ആ കാലഘട്ടത്തിലെ എഴുത്തുകാർ ഇന്നും രചനാരംഗത്ത് സജീവമാണ്. വർത്തമാനകാല കഥയെക്കുറിച്ച് മുൻവിധിയോടെ തീർപ്പുകല്പിക്കുന്നത് ശരിയല്ല. എന്നാൽ മുൻകഥകളിൽ അവർ സൃഷ്ടിച്ച മനുഷ്യനെ അതേപ്രകാരത്തിൽ അവതരിപ്പിക്കാൻ ഇന്നവർക്ക് കഴിയുന്നില്ല. മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടും മാനസികാഘാതത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ടും മരണത്തെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന ഒരു കഥാപാത്രത്തിന് ഇന്ന് കഥാലോകത്ത് സാംഗത്യമില്ല. കഥ ജീവിതത്തിന്റെ ഒരു പരിച്ഛേദമാകയാലും സാമൂഹിക യാഥാർത്ഥ്യങ്ങളുടെ സമ്മർദ്ദങ്ങളാലും ആഹ്ലാദിക്കുന്നമനുഷ്യനും ഇന്ന് ഇവരുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. നവോത്ഥാനകാലത്തിന്റെ മനുഷ്യസങ്കല്പം, രചനയിൽ നിഷേധിക്കാൻ ശ്രമിക്കുമ്പോഴും ഈ എഴുത്തുകാരുടെ മാനസികബോധത്തിൽ ആ സങ്കല്പം ലീനമായി കിടന്നിരുന്നു. തകർക്കാൻ ആഗ്രഹിച്ച മേഖലകളിലാകട്ടെ ആർക്കും സങ്കല്പിക്കാൻ കഴിയാത്ത പരിവർത്തനമാണ് തൊണ്ണൂറുകൾക്കുശേഷം സംഭവിച്ചത്. മോഹിപ്പിക്കുന്ന കമ്പോളവും പ്രതീക്ഷ നൽകുന്ന വാഗ്ദാനങ്ങളും മനുഷ്യജീവിതത്തെ ആകർഷകമാക്കിയതോടെ ആധുനികതയുടെ ഏകാന്തത, നിരാശ, മരണാഭിമുഖ്യം ഇവയെല്ലാം അപ്രസക്തമായി.

മറ്റൊരർത്ഥത്തിൽ ധനമൂലധന വ്യവസ്ഥയിൽ അധിഷ്ഠിതമായ ആഗോളീകരണം ഇതിനെയെല്ലാം അതിപരിചിതങ്ങളാക്കി മാറ്റി. കലയിലെ സംഭവ്യതാനിയമങ്ങളെ അതി

ശയിപ്പിക്കുന്ന വിധമാണ് കാലം മാറിക്കൊണ്ടിരിക്കുന്നത്. കഥകളേക്കാൾ കൗതുകമുണർത്തുന്ന വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ആധുനികതയുടെ രണ്ടാമത്തെ ഘട്ടത്തിലെ ഒരു ചിന്താപദ്ധതിയുടെ വികാസം ഇന്നും കഥയിൽ സജീവമാണ്. സമഗ്രമായ ഒരു ജീവിതദർശനം അസാദ്ധ്യമാണെന്ന് അവർ വിശ്വസിച്ചു. ലളിതമെന്ന് കരുതുന്ന പലതും സങ്കീർണ്ണമാണെന്ന് ഇവർ ചിന്തിക്കുന്നു. അടുക്കുംതോറും എല്ലാ പരിചിതങ്ങളും അപരിചിതമായി മാറുന്നതായി ഇവർക്ക് അനുഭവപ്പെടുന്നു. അപഗ്രഥനവിധേയമെന്ന് പ്രത്യക്ഷത്തിൽ തോന്നാവുന്ന കാര്യങ്ങൾ അഴിക്കുംതോറും മുറുകുന്ന കുരുക്കുകൾപോലെ ആയിത്തീരുന്നു. കല കലയെക്കുറിച്ച് സംസാരിക്കുന്ന അവസ്ഥ സംജാതമാകുന്നു. കൂടുതൽ സങ്കീർണ്ണമായ അവസ്ഥയാണ് വർത്തമാനകാലകഥയിലെ ആധുനികതാവാദത്തിന്റെ പിൻമുറക്കാർ അനുഭവിക്കുന്നത് എന്ന് അവർ സ്വയം വിശ്വസിക്കുന്നു. നവോത്ഥാനത്തെയും അതിന്റെ എല്ലാ ചിന്താധാരകളെയും തിരസ്കരിക്കുന്ന ഒരവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു.

എന്നാൽ മലയാളകഥയിലെ നവോത്ഥാന മനുഷ്യസങ്കല്പത്തെ കാലോചിതമായി പരിഷ്കരിക്കുകയും നിത്യമായി നിലനിർത്തുകയും ചെയ്യുന്നത് മറ്റുചില ഘടകങ്ങളാണ്. അവയെ സാമാന്യമായി താഴെപ്പറയുന്ന ക്രമത്തിൽ വിലയിരുത്താം.

ആധുനികതയോടൊപ്പം രചനാരംഗത്തേക്ക് പ്രവേശിക്കുകയും ആധുനികതാവാദക്കാരേക്കാൾ കഥയെ ഗൗരവത്തിലെടുക്കുകയും ചെയ്ത കഥാകൃത്തുക്കളാണ് മനുഷ്യചിന്തയെ നിലനിർത്തിയതിൽ ശ്രദ്ധേയർ. 1970കൾ മുതൽ രചനാരംഗത്ത് കടന്നുവന്ന ഈ എഴുത്തുകാർ മൂന്ന് കാരണങ്ങളാൽ പഠനവിധേയരാണ്.

നവോത്ഥാനകാലത്തുനിന്ന് വ്യത്യസ്തമായി ലക്ഷ്യബോധത്തെ നിഷേധിക്കുന്ന ഒരു കാലഘട്ടമായിരുന്നു ആധുനികതയുടേത്. ആത്മാലാപങ്ങളും വ്യർത്ഥതയുടെ വിലാ

പങ്ങളും മുഴങ്ങിനിന്ന കഥാരംഗത്ത് മാധ്യമലാളനയും വിപണനസാദ്ധ്യതയും പ്രധാനപ്പെട്ടതായിരുന്നു. ആധുനികർക്ക് നിർല്ലോഭം ലഭിച്ച ഈ പരിഗണന ആധുനികതയെ നിഷേധിച്ച എഴുത്തുകാർക്ക് ലഭ്യമായിരുന്നില്ല. സർഗ്ഗശേഷി വ്യാപാരതാല്പര്യത്തിനു മുന്നിൽ അപ്രത്യക്ഷമായപ്പോൾ ഇവർ കഥാരചനയെ ആത്മവിശ്വാസത്തോടെ മുന്നോട്ടുകൊണ്ടുപോയി.

മൂല്യചിന്തകൾ വിപരീതമാകുന്ന ഒരവസ്ഥ നിലനിന്നപ്പോൾ യുക്തിസഹമായ ചില സമവാക്യങ്ങൾ കണ്ടെത്താൻ കഴിയുമെന്ന് ഇവർ വിശ്വസിച്ചു. പലതരം വിഭജനങ്ങളാൽ വെല്ലുവിളികളെ ഒന്നിച്ചുനേരിടാനുള്ള സാമൂഹ്യസന്ദർഭങ്ങൾ കുറവായിരുന്നിട്ടും പ്രതീക്ഷാനിർഭരമായ അന്വേഷണങ്ങൾ ഇവർ തുടർന്നു.

രചനയിലും ഉള്ളടക്കത്തിലും കാലം സൃഷ്ടിച്ച അതിർരേഖകൾ കഥ എന്ന സാഹിത്യരൂപത്തിൽ ഇവർ ഇല്ലാതാക്കി. ആദ്യകാലരചനയുടെ സങ്കേതങ്ങൾ മുതൽ ആധുനികജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന വിവിധങ്ങളായ ആഖ്യാനരീതികൾ വരെ ഈ കഥാകാരന്മാർ സമർത്ഥമായി പ്രയോജനപ്പെടുത്തുന്നു. യാതൊരു വിളംബരങ്ങളുമില്ലാതെ മനുഷ്യനെ മനുഷ്യനായി സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നു.

വർത്തമാനകാലകഥയുടെ സവിശേഷതകൾ പലപ്രകാരത്തിൽ തുടർന്നും വിശദീകരിക്കാമെങ്കിലും മനുഷ്യനെക്കുറിച്ചും മാനവികതാമൂല്യത്തെക്കുറിച്ചും ഉള്ള ചിന്തയെ മുൻനിർത്തി മറ്റ് വിഷയങ്ങളെ പരിമിതപ്പെടുത്തുകയാണ്. വർത്തമാനകാലകഥയിലെ കഥാകാരന്മാരെക്കുറിച്ചും കഥകളെക്കുറിച്ചും പഠനങ്ങൾ നടന്നുവരികയാണ്. സി.വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, എൻ. പ്രഭാകരൻ, അക്ബർ കക്കട്ടിൽ, ടി.വി. കൊച്ചുബാവ, അശോകൻ ചരുവിൽ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, വത്സലൻ വാതുശ്ശേരി, അഷ്ടമൂർത്തി മുതലായ കഥാകാരന്മാരും സി.വി. ശ്രീരാമൻ, എം. സുകുമാരൻ, സാറാ

ജോസഫ് തുടങ്ങിയ മുൻഗാമികളുമാണ് കഥ എന്ന സാഹിത്യരൂപത്തെ ഗൗരവമായി എടുത്ത് 'മനുഷ്യനെ' സമുചിതമായി പരിചരിച്ചത്.[25] മൂല്യങ്ങളെ കുറിച്ചുള്ള ധാരണകൾ വളരെ മാറിയിട്ടുണ്ടെങ്കിലും മാനവികത എന്ന ആശയം ഈ കഥകളിൽ സജീവമാണ്. നവോത്ഥാനരചനകളുമായി മേൽപ്പറഞ്ഞ എഴുത്തുകാരുടെ രചനകളെ താരതമ്യം ചെയ്താൽ കാലോചിതമായും കലോചിതമായും പരിഷ്കരിക്കപ്പെട്ട മനുഷ്യസങ്കല്പത്തെയും മൂല്യങ്ങളെയും കാണാം. നവോത്ഥാനാനന്തര മലയാള ചെറുകഥയിലെ വികാസപരിണാമങ്ങളെ സാമാന്യമായി വിലയിരുത്തിയതിൽനിന്ന് വർത്തമാനകാല മനുഷ്യസങ്കല്പത്തെക്കുറിച്ചും മാനവികതാമൂല്യബോധത്തെക്കുറിച്ചും ഇനി പറയുന്ന നിഗമനങ്ങളിലെത്താം.

* നവോത്ഥാനാനന്തര മലയാള ചെറുകഥയിൽ 1960കൾക്കുശേഷം പ്രത്യക്ഷപ്പെട്ട രചനകളെ ആധുനികം എന്നു വിശേഷിപ്പിക്കാം. ആധുനികതയെ പ്രാരംഭഘട്ടം, ദ്വിതീയഘട്ടം, വർത്തമാനകാലഘട്ടം എന്നീ നിലയിൽ വേർതിരിക്കാം.

ആധുനികതയുടെ പ്രാരംഭഘട്ടത്തിൽ നവോത്ഥാനകാല മനുഷ്യസങ്കല്പത്തെയും മാനവികതാമൂല്യത്തെയും എഴുത്തുകാർ വിഭക്തമനസ്സോടെയാണ് സ്വീകരിച്ചത്. എന്നാൽ നവോത്ഥാനകാലം നൽകിയ എല്ലാ പ്രതീക്ഷകളും അസ്ഥാനത്താണെന്ന് ഭൗതികസാഹചര്യത്തിൽനിന്നും ഇവർ തിരിച്ചറിഞ്ഞു. തങ്ങളുടെ കാലഘട്ടം നഷ്ടപ്പെടലുകളുടേതും പ്രതീക്ഷാരാഹിത്യത്തിന്റേതുമാണെന്ന് ഇവർ മനസ്സിലാക്കി. വ്യക്തിയിലെ വ്യക്തി, കുടുംബം, സമൂഹം തുടങ്ങി മനുഷ്യൻ മനുഷ്യനായിത്തീരുന്ന ഇടങ്ങളിലെല്ലാം അവൻ തിരസ്കൃതനാവുന്നതായി അവർ ഭയപ്പെട്ടു. എങ്കിലും ഇവർ മനുഷ്യനെ മാനിക്കാൻ തയ്യാറായി. മൂല്യങ്ങൾ കാലത്തിനനുസരിച്ച് തിരുത്തേണ്ടിവരുമെന്ന് ഓർമ്മിപ്പിച്ചു.

* ആധുനികതയുടെ ദ്വിതീയഘട്ടം, പൂർണ്ണാർത്ഥത്തിലല്ലെങ്കിലും അതിന്റെ ഒരു

നിശ്ചിതസന്ദർഭം മുതൽ മനുഷ്യനെ ബോധപൂർവ്വം നിഷേധിച്ചു. മനുഷ്യസങ്കല്പത്തെ ഇല്ലായ്മ ചെയ്യാൻ മറ്റ് കലാസാഹിത്യരൂപങ്ങളോടൊപ്പം, അവയേക്കാൾ തീവ്രമായി ശ്രമിച്ചു. പാശ്ചാത്യാധുനികതയുടെ യുക്തിയിൽനിന്നുകൊണ്ടാണ് ഈ പരീക്ഷണത്തിന് അവർ തുടക്കമിട്ടത്. പാശ്ചാത്യനാടുകളിൽ നിലനിന്നിരുന്ന മനുഷ്യസങ്കല്പത്തെ അതിന്റെ നിർമ്മിതിയിലെ ചേരുവകളുടെ പ്രത്യേകത കാരണം നിഷ്പ്രയാസം തകർക്കാൻ പാശ്ചാത്യാനുധികതയ്ക്ക് കഴിഞ്ഞു. പാശ്ചാത്യനാടുകൾ അഭിമുഖീകരിക്കേണ്ടിവന്ന സവിശേഷസാഹചര്യങ്ങൾ അതിന്റെ വേഗത വർദ്ധിപ്പിച്ചു. എന്നാൽ മലയാള ചെറുകഥയിലെ നവോത്ഥാനകാല മനുഷ്യസങ്കല്പത്തെ ഇല്ലാതാക്കാൻ ആധുനികതയുടെ ദ്വിതീയഘട്ടത്തിന് കഴിഞ്ഞില്ല. കേരളീയ മനുഷ്യനിർമ്മിതിയിലെ അസാധാരണതകളും മൂല്യസങ്കല്പത്തിലെ സവിശേഷതകളുമാണ് ഈ സാഹചര്യം സൃഷ്ടിച്ചത്. ആധുനികതയുടെ രണ്ടാംഘട്ടത്തിലെ എഴുത്തുകാർ നവോത്ഥാന പ്രവണതകളെ രചനകളിൽ നിഷേധിക്കുമ്പോഴും അവരുടെ അന്തർമണ്ഡലങ്ങളെ ആ രചനാസങ്കല്പവും മൂല്യബോധവും സ്വാധീനിച്ചിരുന്നു. ഓരോ എഴുത്തുകാരിലും ആ കാലഘട്ടത്തിലെ മൂല്യബോധത്തെ നിഷേധിക്കുവാനുള്ള വ്യഗ്രത ഓരോ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. മൂല്യനിഷേധങ്ങളിൽ ആഗ്രഹിച്ചവിധം മുന്നേറുന്നതിന് ഇവർക്ക് കഴിഞ്ഞില്ല.

* ഉത്തരാധുനികമെന്ന് വിശേഷിപ്പിക്കുന്ന വർത്തമാനകാലഘട്ടത്തിൽ നവോത്ഥാനകാല മനുഷ്യബോധത്തെ പൂർണ്ണമായും തിരസ്കരിക്കാതെ ഒരു പ്രതിമാനവികാബോധം ഉയർന്നുവരും. നവോത്ഥാനകാലഘട്ടത്തിന്റെ പരിധികളും പരിമിതികളും മനസ്സിലാക്കി ആ മനുഷ്യസങ്കല്പത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ട മനുഷ്യരെ മനുഷ്യസങ്കല്പത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള തീവ്രശ്രമം കഥാകാരൻ നടത്തുന്നു.

മറ്റ് ഏതൊരു സാഹിത്യരൂപത്തേക്കാളും മനുഷ്യനെ പരിഗണിക്കുന്നതും അവനോട് നീതിപുലർത്തുന്നതും ഇന്നും കഥ എന്ന സാഹിത്യരൂപമാണ്.

## കുറിപ്പുകൾ


1. കൃഷ്ണപിള്ള എൻ. : കൈരളിയുടെ കഥ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1992, പേജ് 255 മുതൽ
2. സച്ചിദാനന്ദൻ : തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: ലിറ്റിൽ പ്രിന്റ്സ്, 1985, പേജ് 42
3. കേശവൻ വെളുത്താട്ട്
   ചെക്കുട്ടി എൻ.പി. : കേരളത്തിന്റെ ആധുനികീകരണം, ചരിത്രപരമായ പ്രശ്നങ്ങൾ (അവതാരിക), കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ, 1980, പേജ് 12
4. കേശവൻ വെളുത്താട്ട് ചെക്കുട്ടി എൻ.പി. : കേരളത്തിന്റെ ആധുനികീകരണം, ചരിത്രപരമായ പ്രശ്നങ്ങൾ (അവതാരിക), കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ, 1980, പേജ് 13
5. ശ്രീകുമാർ എം. (ഡോ.) : പാശ്ചാത്യ തത്വചിന്തയുടെ ചരിത്രം, (വാല്യം ഒന്ന്), തത്വചിന്തയ്ക്ക് ഒരാമുഖം, പ്രാചീന തത്വചിന്ത, തത്വ പബ്ലിഷിങ്ങ് ഹൗസ്, 2002
6. സുകുമാരൻ വി. : ആധുനികതയുടെ അക്ഷരമാല, തൃശൂർ: പ്രൊഫ. പി. ശങ്കരൻനമ്പ്യാർ ഫൗണ്ടേഷൻ, 2004, പേജ് 9-12
7. ശ്രീവത്സൻ ടി. : മതേതരത്വത്തിനുശേഷം, കോട്ടയം: കറന്റ് ബുക്സ്, 2004, പേജ് 17
8. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 35
9. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 36
10. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 36
11. അപ്പൻ കെ.പി. : കഥ: ആഖ്യാനവും അനുഭവസത്തയും, കോട്ടയം: ഡി.സി. ബുക്സ്, 1999, പേജ് 19
12. വാസുദേവൻനായർ എം.ടി. : എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ ('നന്ദി' എന്ന ആമുഖക്കുറിപ്പ്, തൃശൂർ: കറന്റ് ബുക്സ്, 1968
13. വാസുദേവൻനായർ എം.ടി. : എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ ('നന്ദി' എന്ന ആമുഖക്കുറിപ്പ്, തൃശൂർ: കറന്റ് ബുക്സ്, 1968

| | | | |
|---|---|---|---|
| 14. | പത്മനാഭൻ ടി. | : | ഗൗരി (കഥകൾ), കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1991, പേജ് 42 |
| 15. | തോമസ്മാത്യു എം. | : | ആത്മാവിന്റെ മുറിവുകൾ, തൃശൂർ: അങ്കണം, 1998, പേജ് 160 |
| 16. | മുകുന്ദൻ എം. | : | എന്താണ് ആധുനികത? കോഴിക്കോട്: പൂർണ്ണ പബ്ലിഷേഴ്സ്, 1976, പേജ് 31 |
| 18. | സച്ചിദാനന്ദൻ | : | തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: ലിറ്റിൽ പ്രിന്റ്സ്, 1985, പേജ് 137 |
| 19. | അച്ചുതൻ നമ്പൂതിരി, അക്കിത്തം | : | അക്കിത്തം കവിതകൾ, തൃശൂർ: കറന്റ് ബുക്സ്, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2002, പേജ് 229 |
| 20. | അയ്യപ്പപണിക്കർ | : | അയ്യപ്പപണിക്കരുടെ കവിതകൾ, കോട്ടയം: ഡി.സി. ബുക്സ്, 1984, പേജ് 76 |
| 21. | സേതു | : | നൂലേണി, കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1992, പേജ് 10 |
| 22. | വിജയൻ ഒ.വി. | : | കാറ്റുപറഞ്ഞ കഥ, കോട്ടയം: ഡി.സി. ബുക്സ്, 1992, പേജ് 5 |
| 23. | മധുസുദനൻ ജി. | : | കഥയും പരിസ്ഥിതിയും, തൃശൂർ: കറന്റ് ബുക്സ്, 2000 |
| 24. | അന്റോണിയോ ഗ്രാംഷി | : | ജയിൽകുറിപ്പുകൾ, ഭരണകൂടവും പൗരസമൂഹവും, കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2006 |
| 25. | ശശിധരൻ എൻ. | : | കഥ കാലം പോലെ, കാസർഗോഡ്: കലാക്ഷേത്ര, 1992 |
| | രാജഗോപാലൻ ഇ.പി. | : | കഥാപൂർവ്വം, 16 മികച്ച കഥകൾ, ബഹുവചനം, പഠനം, കരിവള്ളൂർ: ഇതൾ, 1983 |

26. പ്രതിഭാസംഗമം (മുപ്പത്തിമൂന്ന് തെരഞ്ഞെടുത്ത കഥകൾ, എഡിറ്റർ: സി. ഹരിദാസ്, കഥാപഠനം: ആഷാമേനോൻ), കാരുണ്യമാർഗ്ഗം കൈവെടിഞ്ഞ തഥാഗതൻ (പട്ടത്തുവിള കഥകളെക്കുറിച്ച് സച്ചിദാനന്ദൻ നടത്തിയ പഠനം), സുകുമാരന്റെ പ്രസക്തി (എം. സുകുമാരന്റെ കഥകളെക്കുറിച്ച് സച്ചിദാനന്ദൻ നടത്തിയ പഠനം) എന്നീ ലേഖനങ്ങളും വി. രാജകൃഷ്ണൻ എഴുതിയ ചെറുകഥയുടെ ഛന്ദസ് (കോട്ടയം: ഡി.സി. ബുക്സ്, 1997), എം.കെ. ഹരികുമാർ എഴുതിയ കഥ: ആധുനികതയ്ക്ക് ശേഷം (പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, 2000) എന്നീ പുസ്തകങ്ങളും അംബികാസുതൻ മാങ്ങാടിന്റെ വാലില്ലാത്ത കിണ്ടി എന്ന പുസ്തകത്തിൽ ചേർത്ത എൻ. ശശിധരന്റെ 'ചരിത്രത്തിന്റെ വേരുകളും മുള്ളുകളും എന്ന ലേഖനവും' ടി.എൻ. പ്രകാശിന്റെ 'വാഴയില' എന്ന സമാഹാരത്തിന് എം. തോമസ്മാത്യു എഴുതിയ 'കീഴ്സ്ഥായിയിലെ ഒരു ദുരന്താലാപനം' എന്ന പഠനവും കേന്ദ്രീകരിച്ചാണ് ഈ നിരീക്ഷണങ്ങളിൽ എത്തുന്നത്.

## ഉപസംഹാരം

ഈ അന്വേഷണത്തിലെ പ്രധാനപ്പെട്ട നിഗമനങ്ങളും വസ്തുതകളും താഴെ പറയുന്നവയാണ്.

1. മനുഷ്യനെക്കുറിച്ചും, മനുഷ്യൻ മനുഷ്യനായിത്തീരുന്ന പ്രക്രിയയെക്കുറിച്ചും പൗരസ്ത്യർക്ക്, വിശിഷ്യാ ഭാരതീയർക്ക് സ്വന്തമായ ചില വീക്ഷണങ്ങൾ ഉണ്ടായിരുന്നു. താത്കാലികമോ സവിശേഷമോ ആയ ലക്ഷ്യത്തിനപ്പുറം ആ വീക്ഷണങ്ങൾ നിലനിൽക്കുന്നതിനാവശ്യമായ മുൻകരുതലുകൾ ഭാരതീയർ സ്വീകരിച്ചു. ആര്യവും വരേണ്യവുമായ ഈ വീക്ഷണങ്ങൾ എ.ഡി. എട്ടാം നൂറ്റാണ്ടുവരെ കാലോചിതമായി പരിഷ്കരിച്ചും കലാചിന്തകളാൽ പരിപോഷിപ്പിച്ചും നിലനിർത്താൻ ശ്രദ്ധിച്ചു. ഈ ചിന്തകൾക്ക് സമാന്തരമായി ഭാരതത്തിൽ പ്രാദേശിക സങ്കല്പങ്ങളും നിലനിന്നിരുന്നു. ഇന്ത്യയിലാകെ ആര്യന്മാർ അധിവാസമുറപ്പിച്ചതോടെ അവരുടെ മനുഷ്യവീക്ഷണവും പ്രാദേശിക വീക്ഷണങ്ങളും ഇടകലർന്ന് ഒരു മനുഷ്യസങ്കല്പം രൂപപ്പെട്ടു. പാശ്ചാത്യർ അവരുടെ നാടുകളിലെ മനുഷ്യസങ്കല്പത്തെ അധിനിവേശം ചെയ്ത പ്രദേശങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ചു.

സമൂഹത്തിനെ പലരീതിയിൽ സ്വാധീനിക്കാൻ കഴിഞ്ഞിരുന്ന അഭ്യസ്തവിദ്യർ, പുരോഹിതർ, പടയാളികൾ, വണിക്കുകൾ, എന്നിവരിലൂടെ ഈ സങ്കല്പം പ്രചരിപ്പിക്കുന്നതിന് അവർ ശ്രദ്ധിച്ചു. അധികാരഘടനയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇതിനെ വ്യാപകമാക്കാൻ ഇവർ ശ്രമിച്ചു.

*പ്രാചീനകാലംതൊട്ടുള്ള ഭാരതീയ മനുഷ്യവീക്ഷണവും പ്രാദേശിക ദ്രാവിഡ മനുഷ്യചിന്തയും അധിനിവേശം ചെയ്ത പാശ്ചാത്യരുടെ മനുഷ്യസങ്കല്പവും ഇടകലർന്ന് സൃഷ്ടിച്ചെടുത്തതാണ് ഇരുപതാംനൂറ്റാണ്ടിലെ അഭ്യസ്തവിദ്യനായ കേരളീയന്റെ മനുഷ്യസങ്കല്പം.*

2. ഓരോകാലത്തും നിലനിൽക്കുന്ന സാമൂഹ്യഘടന, അതിന്റെ നിലനില്പിനാധാരമായതും അധികാരഘടനയ്ക്ക് ആശാസ്യമായതും പരിഷ്കൃതമെന്നു വിശ്വസിക്കുന്നതുമായ ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും രൂപം നൽകും. ഇവയെ സാമാന്യാർത്ഥത്തിൽ മൂല്യബോധം എന്നു വിശേഷിപ്പിക്കാം. സമൂഹഘടനയിലുണ്ടാകുന്ന മാറ്റം മൂല്യസങ്കല്പങ്ങളേയും മാറ്റിക്കൊണ്ടിരിക്കും. എന്നാൽ മനുഷ്യനെയും അവന്റെ ജീവിതത്തേയും ഒരനുസ്യൂതിയായി നിരീക്ഷിച്ചാൽ ചില മൂല്യസങ്കല്പങ്ങൾ മനുഷ്യബോധത്തെ നിരന്തരം സ്വാധീനിക്കുന്നതായി കാണാം. മനുഷ്യനും മനുഷ്യനും തമ്മിലും അവൻ അധിവസിക്കുന്ന ഭൂമി, ഇതര ജീവജാലങ്ങൾ തുടങ്ങി ഇടപെടേണ്ടിവരുന്ന മേഖലകളെയും മുൻനിർത്തി ചില ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും സമൂഹം രൂപം നൽകും. ഘടനാപരമായ മാറ്റം, ഈ ചിട്ടകളെ സ്വാധീനിക്കുമെങ്കിലും ഘടന മാറുമ്പോഴും ചിട്ടകൾ മാറുന്നതിന് കൂടുതൽ സമയമെടുക്കും. മാറുന്ന കാലത്തിനും, സാമൂഹികബോധത്തിനുമനുസരിച്ച് മനുഷ്യന് തന്നെ പുനർനിർവചിക്കാനും ആത്മവിശ്വാസത്തോടെ ജീവിക്കാനും സഹായകമായ മൂല്യ

ബോധങ്ങൾ, മാനവികമൂല്യത്തിൽ ഉൾപ്പെടുന്നു. മൂല്യസങ്കല്പങ്ങൾക്ക് പൊതുവായ ചില അടിസ്ഥാനമുണ്ടെങ്കിലും കാലദേശപ്രമാണങ്ങൾക്കനുസരിച്ച് പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തമാകും. മാനവികത, മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തുവരുന്നത് മദ്ധ്യകാലത്തിന്റെ അവസാനഘട്ടത്തിലാണ്. പാശ്ചാത്യാധിനിവേശമാണ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാനവികതയെ മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തേക്ക് ഉയർത്തിയത്. ക്രൈസ്തവചിന്തയുടെ സങ്കുചിതവും വിശാലവുമായ എല്ലാ ചർച്ചകളിലും മനുഷ്യൻ സജീവമായ ഒരു പരിഗണനാവിഷയമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി ക്രിസ്തുമതം തീവ്രമായ ദൈവ, സ്വർഗ്ഗസങ്കല്പങ്ങൾ ഉപേക്ഷിച്ചു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന വിശ്വാസത്തിൽ ഉറച്ചുനിന്ന്, ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ക്രൈസ്തവത പ്രചരിപ്പിച്ചു. ദൈവസ്വർഗ്ഗ സങ്കല്പങ്ങളോടൊപ്പം മനുഷ്യനും ഭൂമിയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കപ്പെട്ടു.

*"ഭൂമിയിലെ നിവാസികളായ മനുഷ്യരുടെ വേർതിരിവില്ലാത്ത കൂട്ടായ്മയാണ് മാനവികത" എന്ന സങ്കല്പം പതിനഞ്ചാം നൂറ്റാണ്ടോടെ ക്രൈസ്തവത വളർത്തിയതും വിവിധ രാജ്യങ്ങളിൽ ആധിപത്യം ഉറപ്പിച്ച പാശ്ചാത്യശക്തികൾ അധികാരഘടനയുടെയും വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും സഹായത്തോടെ പ്രചരിപ്പിച്ചതുമാണ്.*

3. മൂല്യബോധത്തെ സൃഷ്ടിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും സംഹരിക്കുന്നതിലും കലയും സാഹിത്യവും സുപ്രധാനമായ പങ്കുവഹിക്കുന്നു. അതാതു കാലഘട്ടത്തിലെ പ്രചാരമേറിയ സാഹിത്യജനുസുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ ആ കാലഘട്ടത്തിലെ മൂല്യസങ്കല്പങ്ങളേയും അതിന്റെ പ്രത്യക്ഷീകരണങ്ങളെയും

വിശകലനം ചെയ്യാൻ കഴിയും. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യരൂപങ്ങളിലൊന്നായ ചെറുകഥ മാന വികത എന്ന മൂല്യബോധത്തെ ഗൗരവപൂർവം കൈകാര്യം ചെയ്തിട്ടുണ്ട്. പാശ്ചാ ത്യാധിപത്യത്തിന്റെ ഫലമായി മലയാളസാഹിത്യത്തിൽ പ്രചാരം നേടിയ ചെറു കഥ മാനവികതയെ സൂക്ഷ്മാർത്ഥത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിവൃത്തം, രൂപ ഘടന, പാത്രചിത്രണം, ആഖ്യാനം, ഭാഷാശൈലി എന്നിവയിലെല്ലാം മനുഷ്യാഭി മുഖമായ വളർച്ചയാണ് മലയാള ചെറുകഥയുടെ ചരിത്രം നിരീക്ഷിച്ചാൽ കാണാൻ കഴിയുക.

*ആദ്യകാലം മുതൽ ആധുനികകാലം വരെ വായനക്കാരുടെ അഭിരുചികളെ നിയ ന്ത്രിച്ച് നിലനിൽക്കുന്ന ചെറുകഥ എല്ലാക്കാലത്തും മനുഷ്യനെ അനുഭാവപൂർവം വീക്ഷിക്കാനും ആഗ്രഹത്തിനുസരിച്ച് വളരാനും സഹായിച്ചു. ആഗ്രഹങ്ങളെ രൂപ പ്പെടുത്തുന്നതിലും അഭിഗമ്യമാക്കുന്നതിലും അധികാരഘടനയുടെ സ്വാധീനം നിർണ്ണായകമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ ചെറുകഥ മുഖ്യമായ പങ്കുവഹിച്ചു. ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് മാനവികതാബോധത്തെ സമർത്ഥമായും സാർത്ഥകമായും കൈകാര്യം ചെയ്തത് ചെറുകഥ എന്ന സാഹി ത്യരൂപമാണ്. മലയാള സാഹിത്യത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല.*

4. നിലനിന്നിരുന്ന സാമ്പ്രദായികമൂല്യബോധങ്ങളിൽനിന്ന് മലയാളി വഴിമാറുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളോടെയാണ്. സാമൂഹികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിരവധി മാറ്റങ്ങൾ നടന്നത് ഈ കാലഘട്ടത്തിലാണ്. ചരിത്രകാരന്മാർ നവോത്ഥാനകാലഘട്ടം എന്നു വിശേഷിപ്പിച്ചിരുന്ന ഈ സന്ദർഭ ത്തിൽ നവോത്ഥാനത്തെ സൃഷ്ടിക്കുന്നത്, പാശ്ചാത്യ കൊളോണിയൽ ആധിപ

ത്യത്തിന്റെ താല്പര്യങ്ങളാണ്. കൊളോണിയൽ ചൂഷണം നിലനിർത്തുന്നതിനും പാശ്ചാത്യവിധേയത്വം ബലപ്പെടുത്തുന്നതിനുമാണ് ആ താല്പര്യങ്ങൾ ഊന്നൽ നൽകിയത്. മനുഷ്യനെയും പൊതുസമൂഹത്തേയും കൈകാര്യം ചെയ്യുന്നതിനാവശ്യമായ 'ഉദാര മാനവികത' എന്ന സങ്കല്പം ഈ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഇതിലൂടെ മലയാളി 'പരിഷ്കൃത'മെന്ന് പാശ്ചാത്യർ ബോദ്ധ്യപ്പെടുത്തിയ ചിന്താധാരകളെ സ്വീകരിച്ചു. പാശ്ചാത്യർ ലോകത്തു നടത്തിയ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശത്തെ അതിനു വിധേയരായ ജനതയെക്കൊണ്ട് ശരിയാണെന്നു സമ്മതിക്കാനുള്ള ഒരു നിഗൂഡതന്ത്രമായിരുന്നു ഉദാരമാനവികത എന്ന ആശയം. അടിമരാജ്യങ്ങളിലെ ജനങ്ങളേക്കാൾ വിജ്ഞരും നീതിമാൻമാരും കരുത്തുള്ളവരും അവിടെ ഭരിച്ചിരുന്ന ഭരണാധികാരിയേക്കാൾ പ്രജകളുടെ ഉന്നമനത്തിൽ താല്പര്യമുള്ളവരും തങ്ങളാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ഈ കാഴ്ചപ്പാടിലൂടെ അവർ ശ്രദ്ധിച്ചു. പാശ്ചാത്യാധികാരഘടനയും പാശ്ചാത്യ ക്രൈസ്തവ മതബോധവും നിലനില്പിന് പരസ്പരം ആശ്രയിക്കുകയും, നിന്ദ്യമായ കാര്യങ്ങളിൽപോലും പരസ്പരം സഹായിക്കുകയും ചെയ്തു. ഈ കാലഘട്ടമാണ് മലയാളിയുടെ മനുഷ്യസങ്കല്പത്തേയും മൂല്യബോധത്തേയും പുനഃക്രമീകരിച്ചത്.

*പാശ്ചാത്യസൃഷ്ടിയായ ഉദാരമാനവികത മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ മനുഷ്യനു സഹായകമായ വിധം പുനർനിർവചിച്ചു. പ്രകൃതി ആരാധിക്കാനുള്ള വസ്തുവല്ല കൈകാര്യം ചെയ്യാനും ചൂഷണം ചെയ്യാനും ഉള്ള വരദാനമാണെന്ന സങ്കല്പം വളർത്തി. ചാക്രികമായ കാലസങ്കല്പത്തെ രേഖീയമാക്കാൻ ശ്രദ്ധിച്ചു. കാലം മുന്നോട്ടു സഞ്ചരിക്കുന്നുവെന്നും അതിന്റെ ലക്ഷ്യം പുരോഗതി ആണെന്നും ചിന്തിക്കാൻ പ്രേരിപ്പിച്ചു. ശാസ്ത്രീയമായ യുക്തിബോധം*

*വളർത്താനും അറിവുനേടാനും മനുഷ്യനെ പ്രോത്സാഹിപ്പിച്ചു.*

5. ഉദാരവും കേവലവുമായ മാനവികതയെ അതാത് പ്രദേശങ്ങളിലെ മൂർത്തസാഹചര്യവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കാൻ യത്നിച്ചത് മാർക്സിയൻ ദർശനമാണ്. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ വികസിത ഘട്ടമാണെന്നും മുതലാളിത്ത വ്യവസ്ഥ ചൂഷണാധിഷ്ഠിതമാകയാൽ അവർ മുന്നോട്ടുവെക്കുന്ന ആശയഗതികൾ ചൂഷണതാല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണെന്നും മാർക്സിയൻ ദർശനം പ്രചരിപ്പിച്ചു.

*മാർക്സിയൻ ദർശനത്തിന്റെ സാംസ്കാരിക ഇടപെടലിന് നേതൃത്വം നൽകിയ പുരോഗമനസാഹിത്യപ്രസ്ഥാനം കേവലമാനവികതയിൽനിന്ന് വർഗ്ഗാശ്രിതമാനവികതയിലേക്ക് മാനവികതാബോധത്തെ വളർത്തി. വർഗ്ഗാശ്രിത മാനവികതാബോധം കേരളീയസമൂഹത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഇതരസങ്കല്പങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചില്ലെങ്കിലും, സോഷ്യലിസ്റ്റ് റിയലിസത്തിന്റെ രചനാപദ്ധതികളിലൂടെ ആ ആശയത്തെ പ്രധാനമായും പ്രചരിപ്പിച്ചത് ചെറുകഥ എന്ന സാഹിത്യരൂപമാണ്.*

6. നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും പ്രചാരമുണ്ടായിരുന്ന സാഹിത്യരൂപം ചെറുകഥയാണ്. നവോത്ഥാനചിന്തയുടെ മുഖ്യപ്രചാരകൻ ചെറുകഥാകൃത്തായിരുന്നതിനാൽ പാശ്ചാത്യമൂല്യബോധത്തേയും മനുഷ്യസങ്കല്പത്തേയും അവർ സ്വാംശീകരിച്ചതും പുനഃസൃഷ്ടിച്ചതും മാനവികതാപഠനത്തിലെ പ്രധാനപ്പെട്ട മേഖലയാണ്.

*പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും മദ്ധ്യകാലാന്ത്യത്തിലെ ക്രൈസ്തവതയുടെയും സ്വാധീനം സ്വാഭാവികമായും നവോത്ഥാനകാല ചെറുകഥാകൃത്തുകളിൽ ഉണ്ടായിരുന്നു. എന്നാൽ സഹജമായ ചിന്താശേഷികൊണ്ടും മനസ്സിൽ ലീനമായി കിട*

*ന്നിരുന്ന ഭാരതീയവും ദ്രാവിഡവുമായ മനുഷ്യസങ്കല്പത്തിന്റെ പ്രേരണയാലും പുരോഗമന സാഹിത്യപ്രസ്ഥാനം ഉയർത്തിയ ദാർശനികചിന്തയുടെ സ്വാധീനം കൊണ്ടും അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ മൂർത്തമായ ഭൗതികസാഹചര്യങ്ങളാലും കൊളോണിയൽ നവോത്ഥാന സങ്കല്പത്തെയും മാനവികതാബോധത്തെയും വ്യതിരേകരീതിയിലാണ് നവോത്ഥാന ചെറുകഥാകൃത്തുകൾ സ്വീകരിച്ചത്.*

7. പാശ്ചാത്യ അധികാരഘടന മുന്നോട്ടുവയ്ക്കുന്ന നവോത്ഥാനപദ്ധതിയിൽ ചില അപകടങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ കരുതി. 1930കൾ മുതൽ 60കൾ വരെയുള്ള മലയാള ചെറുകഥയുടെ കാലയളവിനെ നവോത്ഥാനകാലം എന്ന സങ്കല്പത്തെ മുൻനിർത്തി ഒരു ഏകകമായി സ്വീകരിക്കാവുന്നതാണ്. നിരവധി ആന്തരവൈരുദ്ധ്യങ്ങൾ കണ്ടെത്താമെങ്കിലും മനുഷ്യസങ്കല്പത്തിലും മാനവികതാമൂല്യബോധത്തിലും ഈ എഴുത്തുകാർ സമാനമായ ചില വീക്ഷണങ്ങൾ വച്ചുപുലർത്തി. പാശ്ചാത്യ മാനവികതാബോധത്തിൽ ഉൾക്കൊണ്ടിരിക്കുന്ന അബദ്ധധാരണകളെയും അപകടങ്ങളെയും ക്രാന്തദർശികളായ ഈ എഴുത്തുകാർ കഥകളിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രദ്ധിച്ചു. അവ താഴെപ്പറയുന്നവയാണ്.

* *മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം സമഗ്രമാണ് എന്ന് ക്രൈസ്തവ ദർശനം കരുതുകയും പ്രചരിപ്പിക്കുകയും ചെയ്തു. തങ്ങളുടെ അധികാരഘടനയുടെ നിലനിൽപ്പിന് ആധാരമായത് എന്ന നിലയ്ക്കാണ് പാശ്ചാത്യബോധം ദൈവബന്ധത്തെ സമഗ്രമായി ചിത്രീകരിച്ചത്. എന്നാൽ ഇത് മാനവികതാബോധത്തിന് നിരക്കുന്നതല്ല എന്ന ആശയം ഇവർ മുന്നോട്ടുവച്ചു. ചോദ്യം ചെയ്യാതെ ദൈവത്തെയും*

*വിധിയെയും സ്വീകരിക്കണമെന്ന കാഴ്ചപ്പാട് ഇവർ അംഗീകരിച്ചില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ആദ്ധ്യാത്മികതലത്തിൽ സമഗ്രമാകാമെങ്കിലും പ്രായോഗികതലത്തിൽ ഐച്ഛികമാണെന്ന് ഇവർ കരുതി.*

* *മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം കൈകാര്യകർത്തൃത്വത്തിന്റേയും വിനിയോഗത്തിന്റേതുമാണെന്ന ധാരണ പാശ്ചാത്യബോധം മുന്നോട്ടുവച്ചു. പ്രാകൃതാരാധനരീതിയിൽ ഭൂമിയും വൃക്ഷങ്ങളും സസ്യലതാദികളും എല്ലാം പരിഗണിക്കപ്പെട്ടിരുന്നു. പാഗനിസത്തെ എതിർത്ത ക്രൈസ്തവത പ്രകൃതി ആരാധിക്കാനുള്ള അത്ഭുതവസ്തുവല്ല എന്നാണ് പഠിപ്പിക്കാൻ ശ്രമിച്ചത്. പ്രകൃതിയെ കീഴ്പ്പെടുത്താനും സംരക്ഷിക്കാനുമുള്ള അവകാശം മനുഷ്യനുണ്ടെന്ന് അവർ പ്രചരിപ്പിച്ചു. ഈ ചിന്താഗതിയോട് നവോത്ഥാനകാല ചെറുകഥാകൃത്ത് സന്ധിചെയ്തില്ല. മണ്ണും മനുഷ്യനും ഇതര ജീവജാലങ്ങളും എല്ലാം ഭൂമിയുടെ അവകാശികളാണെന്ന് മലയാളിയെ ഓർമ്മപ്പെടുത്തിയത് നവോത്ഥാനകാല ചെറുകഥയാണ്.*

* *ആരാധനയുടെ സന്ദർഭത്തിലാണ് മനുഷ്യനും ദൈവവും തമ്മിലുള്ള ആത്മസംവാദം പൂർണ്ണമാകുന്നതെന്ന് പാശ്ചാത്യർ കരുതി. എന്നാൽ സഹജീവിയോടുള്ള ബന്ധം ദൈവസാന്നിദ്ധ്യത്തെ ഓർക്കലും ഓർമ്മപ്പെടുത്തലും ആകണമെന്ന് ഈ കഥാകാരന്മാർ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.*

8. ഏതൊരു മൂല്യബോധ്യവും ഒരു നിശ്ചിത സാമൂഹ്യഘടനയുടെ ഉല്പന്നമാണ്. നവോത്ഥാന കാലഘട്ടത്തിലെ മൂല്യബോധം നാടുവാഴിത്ത സാമ്പത്തിക സാമൂഹ്യഘടനയുടെയും മുതലാളിത്ത സാമൂഹ്യഘടനയുടെയും സങ്കീർണ്ണമായ ഒരു സമ്മിശ്രമായിത്തീർന്നത് ഈ കഥാകാരന്മാർ ശ്രദ്ധിച്ചിരുന്നു. നവോത്ഥാനപദ്ധതി പാശ്ചാത്യ കൊളോണിയൽ കാലഘട്ടത്തിന്റെ ഉല്പന്നമാകരുതെന്നും തദ്ദേശമായ

സാമൂഹ്യ/വ്യക്തി വീക്ഷണത്തിന്റേതാകണമെന്നും ഇവർ ആഗ്രഹിച്ചു. നവോത്ഥാനകാല ചെറുകഥാകാരന്മാർ ഒരു ഏകകമായി പരിഗണിക്കപ്പെടുമ്പോഴും കാരൂരും ലളിതാംബികയും ചില മേഖലകളിൽ വേറിട്ടുനിൽക്കുന്നു.

തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, പൊൻകുന്നം വർക്കി, എസ്.കെ. പൊറ്റെക്കാട് എന്നീ നവോത്ഥാന ചെറുകഥാകൃത്തുക്കൾ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളോട് പ്രതിബദ്ധത കാണിച്ചവരായിരുന്നു. ഈ എഴുത്തുകാർക്ക് ലഭിച്ച ശിക്ഷണങ്ങൾ കാരൂരിനും ലളിതാംബികയ്ക്കും ലഭിച്ചിരുന്നില്ല. എങ്കിലും ഉദാരമാനവികതാസങ്കല്പത്തിൽ പതിയിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയുന്നതിന് മറ്റുള്ളവരേക്കാൾ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

പരിവർത്തനവിധേയമാകുന്ന സമൂഹത്തിലെ യാഥാർത്ഥ്യങ്ങളെ നിയന്ത്രണങ്ങളില്ലാതെ വിലയിരുത്താൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു. കടന്നുവരുന്ന നവമൂല്യക്രമത്തെ അതീവതാല്പര്യമോ അങ്ങേയറ്റത്തെ അവജ്ഞയോ കൂടാതെ സ്വീകരിക്കാൻ ഇവർ ശ്രദ്ധിച്ചു.

തങ്ങൾക്ക് ലഭിച്ച ആധുനികവിദ്യാഭ്യാസത്തെ വിമർശനബുദ്ധ്യാ വിശകലനം ചെയ്യാൻ ഇവർ തയ്യാറായി. അറിവിന്റെ പരിമിതികൾ സ്വാഭാവികമല്ല, സ്വാർത്ഥതാല്പര്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് ഇവർ മനസ്സിലാക്കി.

ആസൂത്രണം, വികസനം, പുരോഗതി എന്നിവയെ എല്ലാം നിർണ്ണയിക്കുന്നതും നിശ്ചയിക്കുന്നതും അധികാരഘടനയുടെ താല്പര്യങ്ങളാണെന്ന് ഇവർ ചിന്തിച്ചു.

ശാസ്ത്രത്തിന്റെ അനിയന്ത്രിതമായ വളർച്ച 'മനുഷ്യരെ' 'മനുഷ്യൻ' നിയന്ത്രിക്കുന്ന സ്ഥിതിയിലെത്തിക്കുമെന്നും ആ മനുഷ്യൻ പരിഷ്കൃതനും പാശ്ചാത്യരീ

തിയാൽ ചിട്ടപ്പെടുത്തപ്പെട്ടവനും 'പുരുഷനും' ആയിരിക്കുമെന്ന് ഇവർ ഭയപ്പെട്ടു.

മറ്റ് നവോത്ഥാന സാഹിത്യകാരന്മാർ പുറമെനിന്നാണ് സ്ത്രീയെ നോക്കിക്കണ്ടത്. സ്ത്രീയുടെ അകത്തുനിന്ന് പുറത്തേക്കുവരുന്ന വികാരവിചാരങ്ങൾക്ക് ചെവി കൊടുക്കാൻ ഈ എഴുത്തുകാർ തയ്യാറായില്ല. കരുത്തും തന്റേടവുമുള്ള സ്ത്രീക ഥാപാത്രങ്ങളെ ബാഹ്യവർണ്ണനകളെക്കൊണ്ടല്ല ആന്തരഗൗരവം എടുത്തുകാണിച്ച് ശ്രദ്ധേയകളാക്കിമാറ്റാൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

നാടുവാഴിത്തമൂല്യങ്ങളാൽ ചൂഷണത്തിന് വിധേയമായിരുന്ന സ്ത്രീത്വം നവമു തലാളിത്തബോധങ്ങളുടെ കടന്നുവരവോടെ ഇരട്ടചൂഷണത്തിന് വിധേയമാകു ന്നുവെന്ന് ഇവർ കഥകളിലൂടെ വിശദീകരിച്ചു. നവോത്ഥാനചിന്തയും പുനരുത്ഥാ നചിന്തയും തമ്മിലുള്ള സംഘർഷത്തെ തിരിച്ചറിയുകയും ജാഗ്രത പുലർത്താൻ സമൂഹത്തോട് നിരന്തരം പറയുകയും ചെയ്തു. സാംസ്കാരികാധിനിവേശം എന്ന പ്രവണതയെയും അതിന്റെ പ്രക്രിയകളെയും ഈ എഴുത്തുകാർ നേരത്തെ തിരി ച്ചറിഞ്ഞു.

9. നവോത്ഥാനാനന്തര മലയാള ചെറുകഥ ആധുനികം എന്ന വിശേഷണത്തിന് അർഹ മാണ്. പാശ്ചാത്യ ആധുനികതാബോധമാണ് കഥയുടെ രൂപഭാവങ്ങളെ സ്വാധീ നിച്ചത്. ഈ കാലഘട്ടത്തെ പ്രാഥമികഘട്ടമെന്നും ദ്വിതീയഘട്ടമെന്നും വർത്തമാ നകാലഘട്ടമെന്നും വേർതിരിച്ച് വിലയിരുത്തുന്നതാണ് ഉചിതം.

ആധുനികതയുടെ ആദ്യഘട്ടം നവോത്ഥാന കഥാകാരന്മാരുടെ രചനാവീക്ഷ ണത്തിന്റെ ആരോഗ്യകരമായ തുടർച്ചയാണ്. എന്നാൽ സാമൂഹ്യജീവിതത്തിലെ കർമ്മനിരതനായ മനുഷ്യനെ ക്രമേണ മാറ്റിനിർത്തി ഏകാകിയായ മനുഷ്യനെ അവതരിപ്പിക്കാനാണ് ഈ കാലഘട്ടം ശ്രമിച്ചത്. മൂല്യങ്ങളെ സംശയദൃഷ്ട്യാ

വീക്ഷിച്ച ഇവർ അവയെ തിരസ്കരിക്കാനുള്ള പ്രവണതകൾക്ക് തുടക്കം കുറിച്ചു. പല സാഹചര്യങ്ങളാൽ നിസ്സഹായനായ മനുഷ്യന്റെ ആത്മവിശ്വാസത്തെ കഥകൾ പ്രതികൂലമായി ബാധിക്കാനാരംഭിച്ചു.

എന്നാൽ ആധുനികതയുടെ രണ്ടാമത്തെ ഘട്ടം നവോത്ഥാനകാല കഥ സൃഷ്ടിച്ച മനുഷ്യനെ ഇല്ലാതാക്കാനാണ് മറ്റു സാഹിത്യരൂപങ്ങളോടൊപ്പം അതിനേക്കാൾ തീവ്രമായി യത്നിച്ചത്.

മലയാള ചെറുകഥയിലെ ഈ കാലഘട്ടത്തിലെ ആധുനികപ്രവണതകൾ മനുഷ്യനിൽനിന്ന് മനുഷ്യനെ ഇല്ലായ്മചെയ്യാനും മൂല്യസങ്കല്പങ്ങളെ പൂർണ്ണമായി തിരസ്കരിക്കാനും നടത്തിയ ശ്രമങ്ങൾ വിജയിക്കാതിരുന്നത് നവോത്ഥാനകാല കഥാകാരൻ സ്വീകരിച്ച ജാഗ്രതകൊണ്ടാണ്.

വർത്തമാനകാലഘട്ടം കഥയെ കൂടുതൽ ഗൗരവത്തിലെടുക്കുകയും നവോത്ഥാനകാലകഥ പൂർത്തീകരിക്കാത്ത സങ്കല്പങ്ങളെ പൂർത്തീകരിക്കാനും ആ കഥയിലെ മനുഷ്യസങ്കല്പത്തിൽ പങ്കാളിയാകാൻ കഴിയാതെപോയ മനുഷ്യരെ അതിലേക്ക് കൂട്ടിച്ചേർക്കുന്നതിനും ശ്രദ്ധിക്കുന്നു. പ്രതിമാനവികത മനുഷ്യസങ്കല്പത്തിന്റെ പൂർണ്ണതക്കുവേണ്ടിയുള്ള അന്വേഷണമാണ്. മൂല്യബോധത്തോട് ശക്തമായി പ്രതികരിക്കുന്ന സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥ ഇന്നും സജീവമാണ്.

## ഗ്രന്ഥസൂചി


അച്യുതൻ എം. *ചെറുകഥ ഇന്നലെ ഇന്ന്.* കോട്ടയം : സാഹിത്യ പ്രവർത്തകസഹകരണ സംഘം, 1973

———————— *പാശ്ചാത്യസാഹിത്യദർശനം.* തൃശൂർ: കറന്റ് ബുക്സ്, 1991

———————— *വിവേചനം.* തൃശൂർ : കറന്റ് ബുക്സ്, 1971

———————— *നോവൽ പ്രശ്നങ്ങളും പഠനങ്ങളും.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 1983

അച്യുതമേനോൻ. സി. *തെരഞ്ഞെടുത്തഉപന്യാസങ്ങൾ.* കോട്ടയം : സാഹിത്യ പ്രവർത്തകസഹകരണസംഘം, 1983

———————— *ഉപന്യാസമാലിക.* കോട്ടയം : ഡി.സി. ബുക്സ്, 1981

അപ്പൻ കെ.പി. *മലയാളഭാവന മൂല്യങ്ങളും സംഘർഷങ്ങളും.* കോട്ടയം : ഡി.സി. ബുക്സ്, 1992

———————— *കഥ – ആഖ്യാനവും അനുഭവസത്തയും,* കോട്ടയം : ഡി.സി. ബുക്സ്, 1999

———————— *ഉത്തരാധുനികത – വർത്തമാനവും വംശാവലിയും.* കോട്ടയം : ഡി.സി. ബുക്സ് 1997

———————— *ക്ഷോഭിക്കുന്നവരുടെ സുവിശേഷം.* കോഴിക്കോട് : ബോധി പബ്ലിഷിങ്ങ് ഹൗസ് 1993

അരവിന്ദാക്ഷൻ വി. *സാഹിത്യം, സംസ്കാരം, സമൂഹം.* തൃശൂർ : ജനശക്തി ബുക്സ്, 1997

അശോകൻ കെ. *നോവൽ മലയാളത്തിൽ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1982

ആനന്ദ് *ജൈവമനുഷ്യൻ.* കോട്ടയം : ഡി.സി. ബുക്സ്, 1992

ഇബ്രാഹിംകുഞ്ഞ് എ.പി. (ഡോ.) *മാർത്താണ്ഡവർമ്മ – ആധുനിക തിരുവിതാംകൂറിന്റെ ഉദയം.* തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1990

എഴുത്തച്ഛൻ കെ.എൻ. *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ : കേരളസാഹിത്യ അക്കാദമി, 1990

കട്ടയ്ക്കൽ ജെ. (ഡോ.) *ലോകമതങ്ങൾ.* കോട്ടയം : ഡി.സി. ബുക്സ്, 1984

| | |
|---|---|
| കുട്ടികൃഷ്ണമാരാര് | *സാഹിത്യവിദ്യ*. കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1958 |
| ------------------------------ | *ചർച്ചായോഗം*. കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1964 |
| ------------------------------ | *കൈവിളക്ക്*. തൃശൂർ : കറന്റ് ബുക്സ്, 1965 |
| ------------------------------ | *സാഹിത്യസല്ലാപം*. കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1966 |
| ------------------------------ | *ദന്തഗോപുരം*. തൃശൂർ : കറന്റ് ബുക്സ്, 1969 |
| ------------------------------ | *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*. തൃശൂർ : കേരള സാഹിത്യ അക്കാദമി, 1996 |
| കുട്ടികൃഷ്ണൻ പി.സി. (ഉറൂബ്) | *ഉറൂബിന്റെ തെരഞ്ഞെടുത്ത കഥകൾ*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം 1967 |
| കൃഷ്ണപിള്ള എൻ. | *കൈരളിയുടെ കഥ*. കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം 1975 |
| ------------------------------ | *അകപ്പൊരുൾ തേടി*. തൃശൂർ : കേരള സാഹിത്യ അക്കാദമി 1990 |
| കൃഷ്ണപിള്ള ഇ.വി. | *ഇ.വി. യുടെ തെരഞ്ഞെടുത്ത കൃതികൾ*. കോട്ടയം : ഡി.സി. ബുക്സ്, 1994 |
| കൃഷ്ണവാര്യർ എൻ.വി. | *കലോത്സവം*. തൃശൂർ : കറന്റ് ബുക്സ്, 1968 |
| ഗീത | *ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ*. കോഴിക്കോട് : ലിപി പബ്ലിക്കേഷൻസ്, 2002 |
| ഗോവിന്ദൻ എം. | *എം. ഗോവിന്ദന്റെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ*. കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1986 |
| ഗോപിനാഥ് ഇരവിനെല്ലൂർ | *മൂല്യശില്പം*. കോട്ടയം : എൻ.ബി.എസ്., 1980 |
| ഗുപ്തൻനായർ എസ്. പ്രൊഫ. | *ഇസങ്ങൾക്കപ്പുറം*. കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1969 |
| ------------------------------ | *നവമാലിക*. തൃശൂർ : കറന്റ് ബുക്സ്, 1993 |
| ------------------------------ | *സൃഷ്ടിയും സൃഷ്ടാവും*. കോട്ടയം : ഡി.സി. ബുക്സ്, 1996 |
| ഗോപാലകൃഷ്ണൻ പി.കെ. | *പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും*. തൃശൂർ : കേരള സാഹിത്യ അക്കാദമി, 1987 |

ഗോവിന്ദപിള്ള പി. *മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം : ഉദ്ഭവവും വളർച്ചയും.* തിരുവനന്തപുരം : സംഘ പ്രസാധന, 1997

——————— *ഇസങ്ങൾക്കിപ്പുറം.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 1980

ചന്ദ്രശേഖരൻ എം.ആർ. *കേരളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം.* കോഴിക്കോട് : ഒലീവ് പബ്ളിക്കേഷൻസ്, 1999.

ചാക്കോ പി.ടി. *സൗന്ദര്യദർശനം.* കോട്ടയം : ഡി.സി. ബുക്സ്, 1986

——————— *സാഹിത്യതത്വം.* തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1998

ജയചന്ദ്രൻ ടി.എൻ. *നോവലിന്റെ ഗതി.* തിരുവനന്തപുരം : പ്രഭാത് ബുക് ഹൗസ്, 1985

——————— *കഥയുടെ പിന്നിലെ കഥ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1986

ജോർജ്ജ് കെ.എം. ഡോ. (എഡി) *ഭാരതീയ സാഹിത്യചരിത്രം.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1983

ജോസഫ് മുണ്ടശ്ശേരി *വായനശാലയിൽ* (രണ്ടാംഭാഗം) തൃശൂർ : കറന്റ് ബുക്സ്, 1981

തരകൻ കെ.എം. *പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1977

——————— *തരംഗിണി.* കോട്ടയം : എൻ.ബി.എസ്. (വിതരണം), 1969

——————— *ആധുനിക നോവൽ ദർശനം.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1976

തോമസ് പി.ടി. *ഭാരതത്തിലെ ആധുനികമതപ്രസ്ഥാനങ്ങൾ.* തിരുവല്ല : ദൈവശാസ്ത്രസമിതി, 1975

തോമസ് മാത്യു എം. *ആത്മാവിന്റെ മുറിവുകൾ.* തൃശൂർ : അങ്കണം, 1998

ദേവദാസ് എം.എസ്. *സാഹിത്യവിപ്ലവവും സാമൂഹ്യവിപ്ലവവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1982

——————— *സാഹിത്യപ്രതിഭയും സമൂഹവും.* തിരുവനന്ത

പുരം : ചിന്ത പബ്ളിഷേഴ്സ്, 1982

———— *പുരോഗമനസാഹിത്യ പരിപ്രേഷ്യം.* തിരുവനന്തപുരം : ചിന്തപബ്ളിഷേഴ്സ്, 1978

———— *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ : കേരള സാഹിത്യഅക്കാദമി, 1991

നമ്പ്യാർ പി.ആർ. (എഡി) *കേരളത്തിലെ അദ്ധ്യാപക പ്രസ്ഥാനം.* തിരുവനന്തപുരം : സ്റ്റെപ്സ്, 1982

നമ്പൂതിരി എ.പി.പി. *എ.പി.പി. യുടെ പ്രബന്ധങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1987

നമ്പൂതിരിപ്പാട് ഇ.എം.എസ്. *ഇ.എം.എസിന്റെ ഡയറി.* (ഒന്നാം വാല്യം) തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

———— *പി. ഗോവിന്ദപിള്ള – ഗ്രാംഷിയൻ വിചാരവിപ്ലവം.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

———— *ഇ.എം.എസിന്റെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ.* (1935–1995) കോട്ടയം : ഡി.സി. ബുക്സ്, 1996

———— *ഇ.എം.എസ്. സമ്പൂർണ്ണകൃതികൾ.* സഞ്ചിക 18) തിരുവനന്തപുരം : എ.കെ.ജി. പഠനഗവേഷണ കേന്ദ്രം, 2001

———— *മാർക്സിസവും മലയാളസാഹിത്യവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1974

———— *സമൂഹം ഭാഷ സാഹിത്യം.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1998

———— *കേരളം : സമൂഹവും രാഷ്ട്രീയവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

നടരാജൻ, നവരംഗം *കാരൂർ, കഥയുടെ രാജശില്പി.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1998

പോൾ എം.പി. (പ്രൊഫ.) *ചെറുകഥാസാഹിത്യം.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം 1963

പ്രഭാകരൻ എൻ. *കഥതേടുന്നകഥ.* കോഴിക്കോട് : മൾബറി, 1991

പ്രഭാകരവാരിയർ കെ.എം. (ഡോ.) *ഭാഷാസാഹിത്യം വിമർശനം – ഡോ. കെ.എം. പ്രഭാകരവാരിയരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ.* തൃശൂർ: കറന്റ് ബുക്സ് (വിതരണം) 2007

ബാബു പോൾ ഡി. (ഡോ.) *വേദശബ്ദരത്നാകരം. ബൈബിൾ നിഘണ്ടു.*

| | |
|---|---|
| | തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1997 |
| ബഷീർ എം.എം. (ഡോ.) | *മലയാള ചെറുകഥാസാഹിത്യചരിത്രം.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 2002 |
| ------------------------------ | *വേരുകൾ തേടി.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1985 |
| ------------------------------ | *അന്തർധാര.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1993 |
| ------------------------------ | *കാരൂർ കഥാപഠനം (എഡി)* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1989 |
| ബാലറാം എൻ.ഇ. | *മാർക്സിയൻ സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം : ചിന്ത പബ്ളിക്കേഷൻസ്, 1996 |
| ------------------------------ | *സൗന്ദര്യോത്സവം.* കോഴിക്കോട് : പൂർണ്ണ പബ്ളിക്കേഷൻസ്, 1993 |
| ബാലകൃഷ്ണൻ പി.കെ. | *നോവൽ സിദ്ധിയും സാധനയും.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1983 |
| ബാലകൃഷ്ണപിള്ള എ. (കേസരി) | *രൂപമഞ്ജരി.* തിരുവനന്തപുരം : കർമ്മലാലയ ബുക് ഡിപ്പോ, 1951 |
| ------------------------------ | *കേസരിയുടെ സാഹിത്യ വിമർശനങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, 1984 |
| മധുസൂദനൻ ജി. | *കഥയും പരിസ്ഥിതിയും.* തൃശൂർ : കറന്റ് ബുക്സ് 2000 |
| മുഹമ്മദ് എൻ.പി. | *മാനുഷ്യകം.* കോഴിക്കോട് : പൂർണ്ണ പബ്ളിക്കേഷൻസ്, 1987 |
| രാജകൃഷ്ണൻ വി. | *ചെറുകഥയുടെ ഛന്ദസ്.* കോട്ടയം : ഡി.സി. ബുക്സ്, 1997 |
| രാധാകൃഷ്ണൻ നായർ ഡി. | *ആഖ്യാന വിജ്ഞാനം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| രാമമേനോൻ പുത്തേഴത്ത് | *സാഹിത്യാഭിരുചി.* തൃശൂർ : മംഗളോദയം, 1955 |
| ------------------------------ | *പുസ്തകപരിചയം.* തൃശൂർ : മംഗളോദയം, 1968 |
| രാമകൃഷ്ണൻ, ദേശമംഗലം | (അവതാരകൻ) *കാവ്യഭാഷയിലെ പ്രശ്നങ്ങൾ.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1986 |

| | |
|---|---|
| രവീന്ദ്രൻ | (സമ്പാദകൻ) *കലാവിമർശനം മാർക്സിസ്റ്റ് – മാനദണ്ഡം.* കൊച്ചി : നിള പബ്ളിക്കേഷൻസ്, 1983 |
| രാമചന്ദ്രൻ നായർ, കെ. (ഡോ.) | (സമ്പാ: പഠനം) *കേരളവർമ്മ സ്മരണ.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995 |
| ലളിതാംബിക അന്തർജ്ജനം | *തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1966 |
| ലീലാവതി, എം. (ഡോ.) | *മൂല്യസങ്കല്പനങ്ങൾ.* തൃശൂർ : കറന്റ് ബുക്സ് 1992 |
| വർക്കി പൊൻകുന്നം | *ശബ്ദിക്കുന്ന കലപ്പയും മറ്റ് പ്രധാനകഥകളും.* കോട്ടയം : ഡി.സി. ബുക്സ്, 2003 |
| വിനോദ്കൃഷ്ണൻ ടി.വൈ., എം. ഹമീദ് | *നരവംശശാസ്ത്രം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000 |
| വിശ്വനാഥൻ നായർ ആർ. | *പ്രജാപതിയുടെ പറുദീസ.* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ |
| ശരത്ചന്ദ്രൻ കെ.പി. | *കേവലസൗന്ദര്യം എന്ന മിഥ്യ.* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ, 1979 |
| ———————— | *നോവലുകളിലൂടെ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1987 |
| ശങ്കുണ്ണി മേനോൻ പി. | *തിരുവിതാംകൂർ ചരിത്രം.* (തർജമ – സി.കെ. കരീം) തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994 |
| ശിവദാസൻ എസ്. (ഡോ.) | *പൗരസമത്വവാദം തിരുവിതാംകൂറിൽ.* |
| ശ്രീവത്സൻ ടി. (ഡോ) | *മതേതരത്വത്തിന്ശേഷം.* കോട്ടയം : കറന്റ് ബുക്സ്, 2004 |
| സച്ചിദാനന്ദൻ | *തെരഞ്ഞെടുത്ത ലേഖനങ്ങൾ.* കോട്ടയം : ലിറ്റിൽ പ്രിൻസ്, 1985 |
| സരസ്വതി ബി. | *ഓർമ്മകൾചന്ദനഗന്ധംപോലെ.* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 2004 |
| സുകുമാരൻ വി. (ഡോ.) | *ആധുനികതയുടെ അക്ഷരമാല.* തൃശൂർ : പ്രൊഫ. പി. ശങ്കരൻനമ്പ്യാർ ഫൗണ്ടേഷൻ, 2004 |
| സെൽവരാജ് താപസ് | *കാരൂരിന്റെ കല.* കോട്ടയം: കറന്റ് ബുക്സ്, 2000 |
| സോമരാജൻ സി.എൻ. (ഡോ.) | തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001 |

ഹരികുമാർ എം.കെ. *കഥ ആധുനികതക്കുശേഷം.* തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്, 2008

### ആനുകാലികങ്ങൾ

ഉണ്ണികൃഷ്ണൻ പി.വി. (ഡോ.) *ഹ്യൂമനിസം മലയാളത്തിൽ.* സംസ്കാരകേരളം പു.13 ലക്കം 2.

രാജഗോപാലൻ ഇ.പി. *മലയാള ചെറുകഥ ഈ പതിറ്റാണ്ടിൽ ചെറുകഥാ പ്രമേയങ്ങളെ പറ്റി ഒരു റിപ്പോർട്ട്.* ഭാഷാപോഷിണി, പു.22 ലക്കം 11 ഏപ്രിൽ 1999

———————— *എസ്.പി.സി.എസ്. അന്നും ഇന്നും.* ഗ്രന്ഥലോകം, വാല്യം 53 ലക്കം 1.

### ഗവേഷണ പ്രബന്ധം

സോമനാചാരി പി. (ഡോ.) *മാതൃസംസ്കാരത്തിന്റെ സ്വാധീനം മലയാള കവിതയിൽ* (പി. സോമനാചാരി 2001ൽ കേരള സർവ്വകലാശാല, ഓറിയന്റഡ് ഫാക്കൽറ്റിയിൽ ഡോക്ടർ ഓഫ് ഫിലോസഫിയിൽ ബിരുദത്തിന് സമർപ്പിച്ച ഗവേഷണ പ്രബന്ധം.

## English

Albert Camus *The Myth of Sisyphus.* U.K. : Penguin Books, 1977

Allen Walter *The short story in English.* Lisa : Oxford Clarendon Press, 1981

Altenbernd Lynn & Lewis L Lesslie *A Hand book for the study of Fiction,* Newyork Macmillan 1966

Ann Jafferson & David Robey (Eds) *Modern Literary theory A Comparative Introduction.* London : Batsford, 1986

Armstrong D.M. (Ed) *A Materialist Theory of Mind.* London : Rout ledge & Kagan Paul Ltd.,Newyork Humanities Press, 1968

Aurobindo Sri. *Foundation of Indian Culture,* York, Sri. Aurobindo Library, 1953

———————— *The Life Divine.* Sri. Aurobindo Lib.

| | |
|---|---|
| | Pondichery, 1955 |
| —————— | *The Human Cycle.* Sri. Aurobindo Lib. Pondichery, 1949 |
| Ayer A.J. | *The Central Questions of Philosophy.* England : Harmon ds Worth, Middlesex Penguin Books Ltd., 1976 |
| —————— | (Edi) *The Humanist Out look.* Pemberton with Bayyied Rockliff, 1968 |
| —————— | *The Origin of Praqumatism.* London : Macmillan, 1968 |
| Bates H.E. | *The Modern Short Story.* London : Thomas Welson & Sons, 1949 |
| Boland John | *Short Story Technique.* London : Little brown & Co., 1973 |
| Bruno J. Frank | *The Story of Psychology,* U.S.A. : Holt Rinehart and Winstan, 1972 |
| Brooks Cleanth & Penn Warren Robert | *The Scope of Fiction.* U.S.A. : Appleton Century Crafts, 1960 |
| Barretth Clark | *The Great Short Stories or the World (with introduction by Gerda Charles)* London : Spring books 1965 |
| Bahm A.J. | *The World's Living Religions,* Newyork : Laurel Edn. 1965 |
| Barnes Hazel E. | *Humanistic Existentialism, Licoln, The Literative of Possibility,* University of Nebraska Press, 1959. |
| Blackham N.J. | *Humanism,* Blatimove Penguin Books, 1952 |
| —————— | *Six Existentialist Thinkers,* London : Routledge and Kegan Paul, 1952 |
| Broad C.D. | *The mind and its place in Nature.* London : Routledge & Kegan Paul Ltd., 1925 |
| Chattopadhyaya D.P. | *Lokayata* (A study in Indian Materialism) New Delhi Publishing House, 1967. |

Dakin A.H. *Man is the Measure.* U.K. Princeton University Press, 1939

Donald C. Freeman (Ed) *Linguistic Approaches to Literature.* U.S.A. Holt, Renehart &Winston INC 1970

Devaraja N.K. *Humanism in Indian Thought.* Delhi : Indus Publishing Com. 1988

Forster E.M. *Aspects or Novel.* Great Britain : Edward Arnold Publishers, 1974.

Fromm Erich *Man for Himself.* Neyork : Holt Rinehard and Winston, 1964

Gandhi M.K. *The Collected works of Mahatma Gandhi.* New Delhi : Ministry of Broad casting Government of India, II Rev. Edition 1969

Hurtic Emil *An Introduction to Short Fiction and Criticism.* U.S.A. : Walthan Ginn & Co.

Haldne Viscount *The Philosophy of Humanism (and other subjects)* London : Yale University Press 1922

Hook, Sidney *The Quest for beeing* (A book on Existential Humanism) Newyork : St. Martins Press, 1964

Huxley J. *The Humanist Frame.* London : George Allen & Unwins, 1961

James, William *The will to Believe and other essays in popularPhilosophy.* Newyork : Dover Publications Ic, 1956

Jas Pers K. *Existentialism and Humanism.* Newyork : Mave books, 1952

Jeffry Robin *The Decline or Nayar Dominance :* Society and Politics Travancore 1847-1908. U.K. Sussex University Press, 1976

Lamont C. *The Philosophy of Humanism.* London : Perberton Publishing Co. Ltd., 1965

Mukerjee, Radhakamal *The Social Function of Art.* Bombay Hind Kitabs, 1948

Moore G.E. *Philosophical Studies.* London : Rouledge & Kegan Paul, 1958

# അനുബന്ധം
## പഠനവിധേയമായ കഥകൾ

I

| | |
|---|---|
| ഓട്ടുകോരിക | കാരൂർ നീലകണ്ഠപിള്ള |
| മനുഷ്യപുത്രി | ലളിതാംബിക അന്തർജനം |

II

| | |
|---|---|
| പൗണ്ടർപോത്തൻ | കാരൂർ നീലകണ്ഠപിള്ള |
| ഓടക്കുഴലിന്റെ നാദം | ലളിതാംബിക അന്തർജനം |

III

| | |
|---|---|
| ഒടുവിലത്തെ മകൻ | കാരൂർ നീലകണ്ഠപിള്ള |
| അവിവാഹിത | ലളിതാംബിക അന്തർജനം |

# ഓട്ടുകോരിക

(കാരൂർ നീലകണ്ഠപിള്ള)

"എനിയ്ക്കൊരു രൂപാ തരാമോ മക്കളെ?" ലക്ഷ്മിയമ്മ വരാന്തയിൽനിന്നുകൊണ്ടു മകനോടു ചോദിച്ചു.

അയാൾ മുറിക്കകത്ത് ഒരു പഴയ നാലാംപാഠപുസ്തകത്തിന്റെ ഏടുകളിൽ കണ്ണോടിച്ച് ബാല്യ കാലസ്മരണകളുടെ മാധുര്യം നുകരുകയായിരുന്നു. അതു മുപ്പത്തിയഞ്ചു വർഷം മുമ്പ് അയാൾ പഠിച്ച പുസ്തകമാണ്. അതിന്റെ ആദിയും അന്തവും കീറി നഷ്ടപ്പെട്ടിരിക്കുന്നു. വക്കുകൾ കീറി മൂലകൾ മടങ്ങി പൊടിയും ചെളിയും പുരണ്ടു തീരെ അനാകർഷകമായിരിക്കുന്നു. അതിന്റെ പല ഭാഗത്തും പി.എസ്. നാരായണൻ എന്നു തന്റെ പേരു വടിവില്ലാത്ത് അക്ഷരങ്ങളിൽ എഴുതിയിരുന്നു.

അയാൾ കൗതുകത്തോടെ പുസ്തകം തുറന്ന് അവിടവിടെ നോക്കി. 'ജേംസ് ഗാർഫീൽഡ്' എന്ന പാഠം കണ്ടു. അതൊരു 'കുരുത്തംകെട്ട' പാഠമായി പണ്ടു തോന്നിയിരുന്നതാണ്. ഒരു പത്തിരുപത് അടിയെങ്കിലും ആ പാഠം അവനെ കൊള്ളിച്ചിട്ടുണ്ട്. നീണ്ട ആ പാഠം തീരാഞ്ഞിട്ട് അവൻ പിരാകിയിട്ടുണ്ട്. മൂന്നുദിവസം പഠിച്ചശേഷം ആ പാഠം പഠിപ്പിച്ചുതീർന്നു എന്നറിയുന്നതുവരെ വയറ്റുനോവാണെന്ന് പറഞ്ഞ് അവൻ സ്കൂളിൽ പോകാതിരുന്നിട്ടുണ്ട്. നാരായണനു ജേംസ് ഗാർഫീൽഡ് എന്നു ശരിയായി ഉച്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. അവൻ ശരിയാണെന്നു വിചാരിച്ചുകൊണ്ടു പറയും. അദ്ധ്യാപകൻ വീണ്ടും പറയിക്കും. പിന്നെയും പിന്നെയും പറയിക്കും. ഒടുവിൽ അദ്ധ്യാപകൻ തോറ്റ് അവന്റെ തുടയിൽ നാലഞ്ചു പെരുക്കുവെച്ചുകൊടുക്കും. എന്താണവൻ പറയുന്നതിലെ തെറ്റെന്നവനറിഞ്ഞുകൂടാ. ആ 'നശിച്ച' പേരു പുസ്തകത്തിന്റെ ഓരോ വശത്തും നാലും അഞ്ചും തവണ വീതം ഉണ്ടുതാനും. അവൻ കൃഷ്ണയ്യൻസാറിനെ അന്നു പിരാകിയിട്ടുണ്ട്. സതീർത്ഥ്യന്മാരെ വെറുത്തിട്ടുണ്ട്. അദ്ധ്യാപകൻ ശ്രദ്ധിച്ചില്ലെങ്കിൽ, കുട്ടികൾ ചിരിച്ചും 'നാരായണൻ തെറ്റിച്ചു പറഞ്ഞു സാർ' എന്നു വിളിച്ചുപറഞ്ഞും കൃഷ്ണയ്യൻസാറിനെക്കൊണ്ട് അവനെ തല്ലിക്കാൻ നോക്കും. ഇന്ന് 'ആ കുരുത്തംകെട്ട' പാഠം അയാളുടെ ചുണ്ടിലൊരു പുഞ്ചിരി വരുത്തി. ഇപ്പോൾ അയാൾക്കു ഗാർഫീഡ് എന്നല്ല, ഗാർഫീൽഡ് എന്നു ശരിയായിട്ടു പറയാം. ഒരു പുഞ്ചിരിയോടെ അയാൾ ജയിംസ് ഗാർഫീൽഡ് എന്നു മന്ത്രിച്ചു.

നാരായണന്റെ സ്മരണ കൃഷ്ണയ്യൻസാറിന്റെ സൗമ്യമധുരമായ മുഖത്തെ ചുംബിച്ചു. അദ്ദേഹം ഉത്സവക്കാലത്ത് ആനപ്പുറത്തുകയറി, മറ്റാരെയുംകാൾ ഭംഗിയായി വെഞ്ചാമരം വീശാറുള്ളതും, പെൻസിലില്ലാതിരുന്ന ഗോപാലന് ഒരു ചക്രം, പെൻസിൽ വാങ്ങാൻ സമ്മാനിച്ചതും അവൻ സ്മരിച്ചു. കൃഷ്ണയ്യൻസാർ നാടകത്തിൽ കാമപാലന്റെ വേഷം കെട്ടിയത് അവനോർത്തു. നാടകം

അവന്റെ അടുത്തുള്ള ജന്മിയുടെ ഇല്ലത്തായിരുന്നെന്നോർക്കാൻ അവനൊരു പ്രയാസവുമുണ്ടായില്ല. അന്ന് അവിടത്തെ ഉണ്ണിയുടെ ചോറൂണായിരുന്നു. നാരായണന്റെ സ്മരണ ആ ഉണ്ണിയൂണിനെക്കുറിച്ചായി. എന്തൊരാഘോഷമായിരുന്നു അന്ന്! പൊടിപൊടിപ്പൻ സദ്യ. വലിയ ആൾക്കൂട്ടം. ആ ഉണ്ണിയെ ഒന്നെടുക്കാൻ കൊതിച്ച് എത്ര പെണ്ണുങ്ങൾ തിക്കിത്തിരക്കി. അയാളന്നു കണ്ട ഉണ്ണിയുടെ രൂപം ഇപ്പോഴും ഓർക്കുന്നു. കണ്ണെഴുതി വാലും വരച്ച്, പച്ചക്കല്ലുവെച്ച പുലിയമ്മോതിരം കെട്ടി, പൊന്നരഞ്ഞാണവും പൊന്നേലസ്സും ധരിച്ച്, കൈയിൽവളയും കാലിൽചിലമ്പുമിട്ട്, കാണുന്നവർക്ക് കൗതുകവും അല്പം അസൂയയും ജനിപ്പിക്കുന്ന ആ രൂപം. അന്നൊരു ഉത്സവം തന്നെയായിരുന്നു ആ മനയ്ക്കൽ.

അന്നു മാത്രമല്ല മിക്കദിവസും ആ ജന്മിയുടെ ഇല്ലത്ത് ഉത്സവമായിരുന്നു.

നാരായണന്റെ ഹൃദയം വികസിച്ചുനില്ക്കുകയാണ്. അപ്പോഴാണു ലക്ഷ്മിയമ്മയുടെ ചോദ്യം: “എനിക്കൊരു രൂപാ തരാവോ മക്കളേ?”

ആരു ചോദിച്ചാലും കൊടുത്തുപോകുന്ന സമയം. പിന്നെയല്ലേ അമ്മ ചോദിച്ചാൽ?

“എന്തിനാ അമ്മേ?” എന്നു ചോദിച്ചുകൊണ്ട് അയാൾ മേശയുടെ വലിപ്പു തുറന്നു.

“ഇതിനു കൊടുക്കാനാ,” എന്നു പറഞ്ഞുകൊണ്ടു ലക്ഷ്മിയമ്മ ഒരു ഓട്ടുകോരിക മകനെ കാണിച്ചു.

“ഒരു രൂപായ്ക്കിതു കിട്ടുമോ?” എന്നു ചോദിക്കുന്നതിനിടയിൽ അയാൾ പേഴ്സു തുറന്നു. അതിൽ പത്തിന്റെയും അഞ്ചിന്റെയും നോട്ടുകൾക്കിടയിൽ ഒറ്റരൂപാനോട്ടുണ്ടോ എന്ന് അയാൾ തിരഞ്ഞു.

“വെലയ്ക്കല്ല മക്കളെ, പണയത്തിന്,” എന്നു ലക്ഷ്മിയമ്മ പറഞ്ഞതിനെത്തുടർന്ന് മുറ്റത്തു നിന്നിങ്ങനെ കേട്ടു: “ഓ, പണയമാണെന്നു പറയും. അവരെങ്ങും ഇതു തിരിയെ എടുപ്പിക്കുകേല്ല.”

“ഒറ്റരൂപായില്ലല്ലോ,” എന്നു നാരായണൻ പറഞ്ഞതു കേട്ടു മുറ്റത്തുനിന്നവൾ പറഞ്ഞു: “ഒരു രൂപാ ഇല്ലെങ്കിൽ അര രൂപായായാലും മതിയെന്നു വല്യാത്തേരമ്മ പറഞ്ഞയച്ചു. അവിടെ ഇന്നുച്ചയ്ക്കൊന്നും വച്ചില്ല.”

നാരായണൻ ഒരഞ്ചുരൂപാനോട്ട് അമ്മയുടെ നേരെ നീട്ടി.

മുറ്റത്തുനിന്ന പെൺകുട്ടി പറഞ്ഞു: “അയ്യോ, നേരം സന്ധ്യയാകാറായി. ഞാനിനി മനയ്ക്കൽ ചെന്നേച്ചു പീടികയിൽ പോയി അരീം സാമാനോം മേടിച്ചു മനയ്ക്കൽ കൊണ്ടക്കൊടുത്തേച്ച് എപ്പം വീട്ടിലെത്താനാ!”

നാരായണൻ പറഞ്ഞു: “ഇതങ്ങോട്ടു കൊടുക്കൂ”

“ഇതഞ്ചുരൂപയാണല്ലോടാ? ഇതു കൈയിലേക്കു കിട്ടിയാൽ അവർ തിരിച്ചു തരുകേല്ല,” എന്നു ലക്ഷ്മിയമ്മ പറഞ്ഞു.

“ലക്ഷ്മിച്ചേച്ചീ, ഒരോടിന്റെ കഷണംവല്ലോം തന്നയയ്ക്കണമെന്നുപറഞ്ഞു. ഇന്നു വെള്ളി യാഴ്ചയാ.”

“നീ പിന്നേ ഈ വെള്ളിയാഴ്ചേം ആയിക്കൊണ്ടു രൂപായ്ക്കു വന്നത്! ഇവിടെ ഓടിന്റെ കഷണം എന്തിരിക്കുന്നു? ഒരു നിലവിളക്കിന്റെ കൂമ്പ് ഒടിഞ്ഞതിവിടെയെങ്ങാണ്ടു കിടന്നതിനി നോക്കി യെടുക്കണേൽ ഞാനീ വീടുമുഴുവൻ തപ്പണം. നീയെന്നാടീ വെള്ളിയാഴ്ചക്കുറ്റം പറഞ്ഞത്? ഓടിന്റെ കഷണം വല്ലതും തന്നാൽ എന്നു തിരിച്ചുതരാനാ? അവിടത്തെ നങ്ങേലിക്കുട്ടിക്കു ഗർഭമായിരിക്കു കല്ലേ?”

“എന്നാൽ രൂപാ തന്നാൽ മതി. എന്നെ വേഗമൊന്നയയ്ക്കണേ.”

നാരായണൻ:- ആ രൂപായങ്ങു കൊടുത്തേക്കു. വെള്ളിയാഴ്ചയായിട്ട് അവരുടെ പാത്രം നമ്മൾ മേടിച്ചു വെയ്ക്കണ്ട. അതുംകൊണ്ടു പൊയ്ക്കോ.

ലക്ഷ്മിയമ്മ:- നീതന്നെ നാളെക്കാലത്തു ബാക്കിയുള്ള നാലു രൂപായും കോരികയുംകൂടി ഇങ്ങട്ടുകൊണ്ടത്തന്നേക്കണം. അല്ലെങ്കിൽ നിന്നെ ഈവഴി നടത്തുകേല, കേട്ടോ?

“നാളെ ഞാൻ കൊണ്ടുവന്നുതരാം,” എന്നു പറഞ്ഞ് അവൾ കൈ നീട്ടി. നല്ല സന്തോഷമി ല്ലാത്തമട്ടിൽ അവളുടെ നേരെ കോരികയും രൂപായും നീട്ടിക്കൊണ്ടു ലക്ഷ്മിയമ്മ പറഞ്ഞു:

“നീ പീടികേന്നു വരുമ്പോഴേക്കു ഞാനങ്ങു വന്നേക്കാം. രൂപാ ഇന്നുതന്നെ വേണം. ഇവിടെ ആവശ്യോണ്ട്,”

“ഓ,” എന്നു പറഞ്ഞു കോരികയും രൂപായുംകൊണ്ട് അവൾ പടിയിറങ്ങി നടന്നു.

ലക്ഷ്മിയമ്മ അവൾ പോകുന്നതു നോക്കിക്കൊണ്ടു മകനോടു പറഞ്ഞു: “നീ നോക്കിക്കോ, ആ രൂപാ പോക്കായി. അവർക്കു മേടിച്ചാൽ കൊടുക്കണമെന്നു വിചാരമില്ല. ഉപ്പായിട്ടും മുളകാ യിട്ടും ചക്രമായിട്ടും ഇപ്പൊളെത്ര തരാനുണ്ടെന്നോ അവര്? ഞാനിപ്പോൾത്തന്നെചെന്നു ബാക്കിരൂപാ മേടിച്ചുകൊണ്ടു പോരാം. പോയാലും ഒരു രൂപായല്ലേ? കോരിക കൊണ്ടുവന്നില്ലെങ്കിൽ ഒരു രൂപാ യല്ലേ പോകുകയുള്ളൂ?”

നാരായണൻ:- അവരു തരും തന്നില്ലെങ്കിൽ അഞ്ചു രൂപായല്ലേ? അവരെടുക്കട്ടെ; അമ്മയതി നായിട്ട് ഈ സന്ധ്യയ്ക്കു പോകേണ്ട.

ലക്ഷ്മിയമ്മ:- നീയിങ്ങനെ ധർമ്മപുത്രരായിട്ടു തൊടങ്ങിയാൽ-

നാരായണൻ:- ധർമ്മപുത്രരായിട്ടല്ല. അവർക്കിന്നൊരു ഗതികേടുവന്നു. ആ കോരികയും കൊടുത്ത് അവരിങ്ങോട്ടാളയച്ചതു ഞാൻ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടാ.

ലക്ഷ്മിയമ്മ:- നീ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടല്ല. അവിടെ ഇനി വേറെയൊന്നും കാണുകേല്ല, പണയംവെക്കാൻ. പൊന്നും പാത്രങ്ങളും എല്ലാം പണയംവെച്ചും വിറ്റും തിന്നുതീർത്തു പരക്കഴി കള്.

അല്പം കഴിഞ്ഞു ലക്ഷ്മിയമ്മ തുടർന്നു :

"അല്ലാതെ എന്തു ചെയ്യാനാ! ആ മൂത്തമ്പൂരിശ്ശൻ ശാന്തിക്കുപോയാൽ മാസം അഞ്ചുപറ നെല്ലോ മറ്റോ കിട്ടും. അതുകൊണ്ടു പത്തുപതിന്നാലെണ്ണത്തിന്റെ കാര്യങ്ങളൊക്കെ നടക്കുവോ?"

നാരായണൻ ഉൽക്കണ്ഠയോടെ ചോദിച്ചു: "അദ്ദേഹത്തിന്റെ മകനില്ലേ, ഈശ്വരൻനമ്പൂതിരി?"

"ഈശ്വരനുമൊണ്ട് ഈശ്വരീമൊണ്ട്. അവനിങ്ങോട്ടു പുറന്നുവീണപ്പോൾ തുടങ്ങിയതാ അവർക്കീ മുടിവൊക്കെ. എങ്ങനെ കഴിഞ്ഞ ഒരു മനയാ! ഒരുകാലത്ത് ഈ സ്ഥലമൊക്കെ അവരുടെയായിരുന്നതാ."

നാരായണൻ:- ഇപ്പോഴും പാട്ടമോ മിച്ചവാരമോ ഒക്കെ കിട്ടാനില്ലേ?

ലക്ഷ്മിയമ്മ:- എന്തോന്നിന്റെ? ഇപ്പോൾ മനയ്ക്കലെ പറമ്പു മാത്രമൊണ്ടവരുടെ കൈയിലായിട്ട്. പിന്നെയൊള്ളതിന്റെ അവകാശമൊക്കെ എഴുതിക്കൊടുത്തു കാശുമേടിച്ചു.

നാരായണൻ:- അയൽപക്കക്കാരൊക്കെക്കൂടി അവരെ നശിപ്പിച്ചു.

ലക്ഷ്മിയമ്മ അടുക്കളയിലേക്കു പോയി. നാരായണന്റെ മനസ്സിൽ ആ ജന്മികുടുംബം തങ്ങിനിന്നു. അയൽപക്കക്കാർ അവരുടെ നാശത്തിലെത്രമാത്രം പങ്കുകാരാണെന്ന് അവനറിയാതെ ഓർമ്മിച്ചു പോയി. അവിടെ ഏതു വീട്ടിൽ എന്തടിയന്തിരങ്ങളുണ്ടായാലും മനയ്ക്കൽ ചെന്നുപറയും. നമ്പൂരി പതിവനുസരിച്ചു സംഭാവന കൊടുക്കുകയും ചെയ്യും. മനയ്ക്കൽ എന്തു വിശേഷമുണ്ടായാലും കരക്കാർ കൂടിയാലോചിച്ചു ഭംഗിയായി ഘോഷമായി നടത്തും. അതിനുവേണ്ടി നമ്പൂതിരിക്കു താങ്ങാൻ പാടില്ലാത്ത ഒരു കടം അദ്ദേഹത്തിന്റെ തലയിലാകും. കുടുംബത്തിന്റെ മാനം നഷ്ടപ്പെടരുതെന്നു നമ്പൂരിശ്ശനു നിർബ്ബന്ധമുണ്ടായിരുന്നു. ഓണമോ, തിരുവാതിരയോ, വിഷുവോ, ക്ഷേത്രത്തിലെ ഉത്സവമോ എന്തു വന്നാലുമുണ്ടു മനയ്ക്കൽ നല്ലൊരു ചെലവ്.

"തിരുമേനീ, അ പനേന്നു രണ്ടുമടൽ ഓല വെട്ടാനൊന്നനുവദിച്ചാൽ- പെര ചോർന്നൊലിച്ചിട്ടു കെടക്കാൻമേല. അവിടവിടെ ഒന്നു തിരുകാമായിരുന്നു." എന്ന് ഒരിക്കൽ താൻ നമ്പൂരിയോടു ചെന്നു പറഞ്ഞതും, "ഇവിടേം ചോർച്ചയക്കു കുറവൊന്നുമില്ല. ഇവിടുത്തെ ഓല കൊണ്ടു തെകയുകേല്ല. അതാ ഓലയങ്ങനെ നിന്നുപോകുന്നത്."

എന്നു പറഞ്ഞിട്ട് "എന്നാൽ നിന്റെ കാര്യമെങ്കിലും നടക്കട്ടെ. ഏതേന്നാണെന്നാൽ വെട്ടിച്ചോ." എന്ന് അദ്ദേഹം അനുവദിച്ചതും നാരായണനോർമ്മയുണ്ട്. അവിടുന്നും പുറകോട്ട് അവന്റെ സ്മരണ കിഴിഞ്ഞിറങ്ങുകയാണ്. ലക്ഷ്മിയമ്മ അവന്റെ അടുത്തു വന്നിട്ടു പറഞ്ഞു: "നിന്റെ കൈയിൽ ഒറ്റരൂപായില്ലല്ലോ. ഞാൻ മനയ്ക്കൽ ചെന്ന് ആ നാലു രൂപാ മേടിച്ചോണ്ടു വരാം. അവർക്കീ തുടത്തിന്റെ കമ്പി കൊടുത്തേച്ച് ആ കോരികേം മേടിച്ചോണ്ടു പോരാം."

ലക്ഷ്മിയമ്മയുടെ മനസ്സ് ആ ഓട്ടുകോരികയിൽ പറ്റിപ്പിടിച്ചു നില്ക്കുകയാണ്.

"അമ്മയ്ക്കെന്താ വല്ലവരുടേം മുതലിനോടാശ?" മകന് അല്പം വിരസത തോന്നി.

"വല്ലവരുടേം മുതലാണോ?" നമ്മളല്ലേ രൂപാ കൊടുത്തത്?" ലക്ഷ്മിയമ്മ സ്വല്പം പതുങ്ങി പ്പോയി: "അവർക്കെന്തിനാ വെറുതേ കൊടുക്കുന്നത്? അവിടെയുള്ളോരു വേല ചെയ്താലും കിട്ടു മല്ലൊ കാശ്."

നാരായണൻ:- അവിടെയുള്ള അന്തർജ്ജനങ്ങളെന്തു ജോലി ചെയ്യാനാ? എത്ര പട്ടിണിയാ യാലും മറ്റുള്ളവരെപ്പോലെ പുറത്തിറങ്ങി ജോലി ചെയ്യാമോ അവർക്ക്?

ലക്ഷ്മിയമ്മ പറഞ്ഞു: "പാവങ്ങൾ! അവരെന്തു ചെയ്യും? ഞാൻ പറഞ്ഞത് ഈശ്വരൻമ്പൂരി യുടെ കാര്യമാണ്. അയാളുടെ വേളിക്കും കുട്ടികൾക്കുംകൂടി മൂപ്പീന്നുവേണം ചെലവിനു കൊടു ക്കാൻ. അയാൾക്കു വല്ലതും കിട്ടിയാൽ ക്ലബ്ബീന്നു ചോറുമേടിച്ചുണ്ണും. തന്തേടേം തള്ളേടേം കാര്യം പോട്ടെ. വേളീം മക്കളും ഇവിടെ കിടക്കുന്ന വിചാരമില്ലയാൾക്ക്."

ഈശ്വരൻമ്പൂരിയുടെ നടപടികൾ ലക്ഷ്മിയമ്മ വിസ്തരിച്ചു മകനെ കേൾപ്പിച്ചു. മിക്കവാറും മറുനാടൻമലയാളിയായ നാരായണന് അതിൽ പല ഭാഗവും പുതുതായിരുന്നു. ഒടുവിൽ ലക്ഷ്മി യമ്മ പറഞ്ഞു:

"ആ നങ്ങേലിക്കുട്ടിയുടെ കാര്യം ഓർക്കുമ്പോളെനിക്ക് അവനെ കല്ലേൽവെച്ചു കാന്താരിമു ളകും കൂട്ടി കുത്തിച്ചതയ്ക്കാൻ തോന്നും."

"നങ്ങേലിക്കുട്ടിയെന്നാണോ അദ്ദേഹത്തിന്റെ വേളിയുടെ പേര്? അവർക്കല്ലേ ഗർഭമുണ്ടെന്നു പറഞ്ഞത്?"

"അയാളുടെ വേളിയല്ല. അയാളുടെ ചിറ്റമ്മ. മൂത്തമ്പൂരിശ്ശന്റെ പുത്തൻവേളി."

"മൂത്തമ്പൂരിശ്ശന്റെ പുത്തൻവേളിയോ?"

"അതെ, ഒരു കൊല്ലമായിക്കാണും വേളി കഴിഞ്ഞിട്ട്. ഇവിടെ വന്നപ്പോൾ അതിനെ കാണേ ണ്ടിയിരുന്നു. രാജകുമാരിയാണെന്നേ പറയൂ, കാണുന്നോര്. ഇപ്പോൾ കണ്ണും താണ്, കവിളും ഒട്ടി കിറീം കരിഞ്ഞ് - കണ്ടാൽ കാലൻ കരഞ്ഞപോകും."

ആ ഭാഗ്യംകെട്ട അന്തർജ്ജനത്തിന്റെ കാര്യത്തിൽ ഈശ്വരൻ നമ്പൂതിരിയെ കുത്തിച്ചതയ്ക്കു ന്നതെന്തിനാണെന്നറിയാനുള്ള മോഹം നാരായണന്റെ മുഖത്തു നിഴലിച്ചു: "അവർക്കെന്തു പ്രായ മമുണ്ട്?"

"പ്രായം! കൊച്ചുപെണ്ണല്ലേ! ഇരുപതു വയസ്സു കാണും."

"നമ്പൂരിശ്ശന് അറുപത്തഞ്ചു കാണുകില്ലേ?"

ലക്ഷ്മിയമ്മ തുടർന്നു: "പിന്നെയില്ലേ! അദ്ദേഹത്തിനെക്കൊണ്ട് ഈ വേളി കഴിപ്പിച്ചതു മക നല്ലേ! മകനുവേണ്ടി അദ്ദേഹം ഈ വയസ്സുകാലത്തു ചെന്ന് ഒരു വേളികൂടി കഴിച്ചു."

അവർ അടുക്കളയിലേക്കു നടക്കാൻ തിരിഞ്ഞിട്ടു പറഞ്ഞു: "അടുപ്പിലെ തീയൊന്നു തള്ളി വെച്ചേച്ചു വരട്ടെ."

നാരായണന് അമ്മയുടെ സംഭാഷണത്തിൽനിന്ന് ഒരു പിടിയും കിട്ടിയില്ല. മകനുവേണ്ടി അച്ഛൻ മൂന്നാമത്തെ വേളി നടത്തി. നല്ല അഴകുള്ള ഒരു ചെറുപ്പക്കാരിയെ. ബാക്കി കാര്യങ്ങൾ അമ്മയോടെങ്ങനെ ചോദിക്കും!

ലക്ഷ്മിയമ്മ തിരിച്ചുവന്നിട്ടു പറഞ്ഞു:

"എന്റെ മകനെ, അവിടെയുള്ളോർക്കുതന്നെ കഞ്ഞിക്കു വകയില്ലാത്തപ്പോൾ ഒരുത്തിയെക്കൂടി കുടിവെച്ചു. അതിനു കുഞ്ഞുങ്ങളുമാകാൻപോകുന്നു. ആ മുതുപ്രാണന്റെ തലേലെഴുത്താണോർക്കുന്നത്. മുന്നൂറു രൂപായ്ക്കുവേണ്ടിയാ അദ്ദേഹം ഈ ചുമടുചുമക്കാൻ തയ്യാറായത്. മകൻ മനയ്ക്കൽ കേറാതെ നടന്ന് ഒരു ക്ലബ്ബിൽ ജോലിക്കു ചെന്നുചേർന്നു. അവിടെ വല്യ വിശ്വാസത്തിൽ നിന്ന് ഒടുക്കം ക്ലബ്ബുകാരന്റെ മുന്നൂറുരൂപാ കട്ടെടുത്തു. ഇയാളാ കട്ടതെന്നാ എല്ലാരും പറയുന്നത്. നേരു ദൈവത്തിനറിയാം. ക്ലബ്ബുകാരൻ പോലീസുകാരെക്കൊണ്ടു പിടിപ്പിച്ചു. ഒരു രാത്രി ജേലിൽ കിടന്നു. തന്ത ചെന്നു മുന്നൂറു രൂപായ്ക്കു പണയാധാരം എഴുതിക്കൊടുത്തു മകനെ എറക്കിക്കൊണ്ടുപോന്നു. ആ കടം വീട്ടാൻ സ്ത്രീധനം മേടിച്ചു വേളീം കഴിച്ചു. അതിന്റെ ഇല്ലത്താണെങ്കിലും ഗതിയൊന്നുമില്ല. നാലാലൊരു പൊത്തുവരുത്തമുണ്ടെങ്കിൽ ഇത്രേം നല്ല പെണ്ണിനെ ഈ മുതുക്കന്റെ കൂടെ ഈ നരകത്തിലേക്കു വല്ലോരും തള്ളിവിടുവോ? ആരടെയെങ്കിലുംകൂടെ പറഞ്ഞയച്ചില്ലെങ്കിൽ അതും കൊറച്ചിലല്ലേ?"

"മോഷണക്കേസുവരെയായി! അച്ഛനെക്കൊണ്ടു പെണ്ണുകെട്ടിക്കാതെ അയാൾക്കാകാമായിരുന്നല്ലോ."

"അയാൾക്കു വല്ലോരും പെണ്ണുകൊടുക്കുവോ, മോഷണക്കേസിനു ജേലിൽ പോയവന്?"

"എന്നാലയാൾക്കു തെണ്ടി പത്തുമുന്നൂറു രൂപായുണ്ടാക്കാമായിരുന്നല്ലോ."

"തെണ്ടലാ ഇപ്പോൾ ജോലി. ഇപ്പോൾ നാടുനന്നാക്കാനാണെന്നും പറഞ്ഞു പ്രസംഗിച്ചു നടക്കുകാപോലും! വീട്ടിൽ കഞ്ഞിവെയ്ക്കാതെ കുഞ്ഞുങ്ങളു കൈയും കാലുമിട്ടടിച്ചു നിലവിളിക്കുമ്പോൾ അവൻ നാടു നന്നാക്കാൻ നടക്കുന്നു. ഈ വകയ്ക്കൊരുപകാരം ചെയ്യുന്നവരോടും ദൈവം വെറുക്കും. നീയാ രൂപാ കൊടുക്കരുതായിരുന്നു. ആ കോരിക മേടിച്ചുവെച്ചോണ്ടാണേലും തരക്കേടില്ല. അവരാ രൂപായും തരുകേല്ല, കോരികേം തരുകേല്ല."

നാരായണൻ പറഞ്ഞു. "അവരാ രൂപാ തന്നാലും മേടിക്കണ്ടമ്മേ, ഒരു കാലത്ത് അവരുടെ കൈകൊണ്ടു മേടിച്ചുകഴിച്ചവരാ നമ്മളൊക്കെ. ഉച്ചപ്പട്ടിണിക്കാരായ പള്ളിക്കൂടം പിള്ളേർക്കു കർക്കടകമാസംതോറും കഞ്ഞികൊടുക്കാറില്ലേ മനയ്ക്കൽ പണ്ടൊക്കെ? ഞാനെത്രദിവസം അതു വാങ്ങി കുടിച്ചിരിക്കുന്നു. ഈ കോരികകൊണ്ടാണെന്നു കഞ്ഞി വിളമ്പിയിരുന്നത്. ആ കോരിക നമുക്കു വേണ്ട."

ലക്ഷ്മിയമ്മ കഷ്ടിച്ചു സമ്മതിച്ചു: "വേണ്ടെങ്കിൽ വേണ്ട."

നാരായണൻ ആ ജന്മിയുടെ പൂർവ്വകാലവും തന്റെ ബാല്യവും ജന്മിയുടെ ഇന്നത്തെ പട്ടിണിയും ഒക്കെ ഓർത്തുകൊണ്ടു വിഷാദമൂകനായിട്ടങ്ങനെ ഇരുന്നു. സ്വല്പം അകലെ ഒരാരവം കേട്ട് അവൻ ഉണർന്നു. ശബ്ദം അടുത്തടുത്തു വന്നു. ലക്ഷ്മിയമ്മ പറഞ്ഞു: "ഇന്നു മീറ്റിംഗുണ്ടെന്നാ തോന്നുന്നത്."

നാരായണനുകാര്യംമനസ്സിലായി. ശബ്ദം തെളിഞ്ഞു തെളിഞ്ഞു വന്ന് അതു മുദ്രാവാക്യങ്ങളാണെന്നു വെളിവായി. പത്തുമുപ്പതാളുകൾ പ്ലാക്കാർഡുകളും കൊടിയും പിടിച്ച് ആ വീടിന്റെ മുൻവശത്തുള്ള റോഡിൽക്കൂടി പോകുകയാണ്.

ലക്ഷ്മിയമ്മ പറഞ്ഞു: "ആങ്, അതിന്റെ മുമ്പിൽ കൊടിപിടിച്ചോണ്ടു പോകുന്നത് ഈശ്വരൻ നമ്പൂരിയാണല്ലോ."

---

തെരഞ്ഞെടുത്ത കഥകൾ (രണ്ടാംഭാഗം) കാരൂർ നീലകണ്ഠപിള്ള, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

## മനുഷ്യപുത്രി

(ലളിതാംബിക അന്തർജനം)

ഒരു നീണ്ടയാത്ര കഴിഞ്ഞ് തളർന്നുലഞ്ഞ് വീട്ടിൽ വന്നതേയുള്ളൂ. മണി മൂന്നായിരിക്കുന്നു. ഇനി നാലരയ്ക്ക് ഒരു കമ്മിറ്റി മീറ്റിങ്ങുണ്ട്. അഞ്ചിനു പൊതുയോഗം. ആറേകാലിനും ഏഴിനുമിടയ്ക്ക് സുപ്രധാനമായ ചില സന്ദർശനങ്ങൾ. അതു കഴിഞ്ഞ് ഒരു വിരുന്ന്. ഇങ്ങനെ ഭ്രാന്തുപിടിച്ച ജോലിത്തിരക്കുകൾക്കിടയിൽ സന്ദർശകമുറിയിലെ ആൾത്തിരക്കു കണ്ടപ്പോൾ അദ്ദേഹത്തിന് അന്തം വിട്ടുപോയി. താനും ഒരു മനുഷ്യനല്ലേ? കല്ലും ഇരുമ്പുമൊന്നും കൊണ്ടല്ലല്ലോ ഉണ്ടായിരിക്കുന്നത്. എങ്കില്പോലും മണിക്കൂറിന് അറുപതു മിനുട്ടു വെച്ചു പായുന്ന ഈ സമയത്തിനൊപ്പം ഓടിയെത്തുവാൻ തന്നേക്കൊണ്ടാവുമോ? ഓട്ടം തന്നെ. ഓട്ടം ... മത്സരിച്ചോട്ടം ... ഈ മാരത്തോൺ മത്സരത്തിൽ ചേരേണ്ടതായിരുന്നുവെന്നു വരുമോ?...

ആഫീസുമുറിയിലെ കസാലയിലേക്കു ചെന്നു വീണപ്പോൾ വല്ലാത്ത തലവേദന തോന്നി. അന്നു കുളിക്കുകയോ ഉണ്ണുകയോ ചെയ്തിട്ടില്ലെന്ന പരമാർത്ഥം അപ്പോഴാണ് ഓർത്തത്. നിത്യജീവിതചര്യകളിൽ കൃത്യത പാലിക്കാൻ തനിക്കു കഴിയാറില്ല. ആഹാരം, നിദ്ര, വിശ്രമം, ഒക്കെ എപ്പോഴെങ്കിലപ്പോൾ എന്നേയുള്ളു. എന്തിന്, കാണാൻ കൊതിച്ചുണ്ടായ കുഞ്ഞിനെ ഒന്നുനേരെചൊവ്വേ കാണാൻ പോലും സമയം കിട്ടാറില്ല! ഒരു പൊതുജനസേവകന്റെ ജീവിതമാണിത്. പൊതുനേതാവിന്റെ ജീവിതമാണ്. ആ സുഖവും അന്തസ്സും അനുഭവിക്കണമെങ്കിൽ ഇത്തരം ചില അസൗകര്യങ്ങൾ സഹിച്ചേ തീരൂ എന്നറിയാം. അതുകൊണ്ടാണ് സ്വീകരണമുറിയിലൂടെ അകത്തേക്കു നടന്നപ്പോൾ ഉള്ളിൽവന്ന ദേഷ്യം കടിച്ചമർത്തി പുഞ്ചിരിക്കേണ്ടവരോടു പുഞ്ചിരിക്കുകയും കുശലം പറയേണ്ടവരോടു കുശലം പറയുകയും ചെയ്തത്. എന്നാലും സന്ദർശകക്കാർഡും കൊണ്ടുവന്ന സെക്രട്ടറിയോട് അലറി:

“പോവൂ, ആ തൊഴിലില്ലാത്തവരോടു പോയി പറയൂ. എനിക്കിന്ന് ആരേയും കാണാൻ സമയമില്ല. എനിക്കിന്നു സുഖമില്ല. ഇതു സന്ദർശനസമയമല്ല. നാളെ രാവിലെ എട്ടുമണിക്കു വരാൻ പറയൂ.”

സെക്രട്ടറി ഉള്ളിലൂറിയ ചിരിയടക്കിക്കൊണ്ടു ക്ഷമാപൂർവ്വം കാത്തുനിന്നു. എത്ര കോപിച്ചു ചാടിയാലും അവരെ ഓരോരുത്തരെയായി വിളിച്ചു കുശലം ചോദിച്ചതിനുശേഷമേ അദ്ദേഹം ഉണ്ണുകയുള്ളു എന്നയാൾക്കറിയാം. ചിലപ്പോൾ ഉണ്ണാതെതന്നെ മീറ്റിങ്ങിനു പോയെങ്കിലുമായി. അങ്ങനെയല്ലെങ്കിൽ അദ്ദേഹത്തിനു പൊതുജനനേതാവാകാൻ കഴിയുമായിരുന്നില്ലല്ലോ.

അന്നും അങ്ങനെതന്നെ സംഭവിച്ചു. ആഫീസുമുറിയുടെ വാതിലിൽനിന്ന് അവസാനത്തെ ആളും കടന്നു പോയിക്കഴിഞ്ഞപ്പോൾ സെക്രട്ടറി അടുത്തുചെന്ന് മന്ദസ്വരത്തിൽ പറഞ്ഞു:

“ഇനിയൊരു സ്ത്രീ കൂടിയുണ്ട്. അപ്പുറത്തിരിക്കുന്നു. വളരെ ദൂരെനിന്നു വന്ന വളരെപാവപ്പെട്ടഒരുസ്ത്രീ. അവർക്ക് അവിടുത്തെ തനിച്ചു കാണണമെന്നു പറഞ്ഞതുകൊണ്ടാണ് ഇതുവരെ വിളിക്കാത്തത്.”

നേതാവ് ക്ഷോഭവും അക്ഷമയും അടക്കുവാനാവാതെ മേശപ്പുറത്ത് ഊക്കോടെ ഇടിച്ചു. മഷിക്കുപ്പി മറിഞ്ഞു. കടലാസുകൾ ഇളകിപ്പറന്നു.

“നിങ്ങൾക്കെന്നെ കൊല്ലണമെന്നുണ്ടെങ്കിൽ അതുപറഞ്ഞാൽ പോരെ? നിങ്ങളുടെ ഒരു സ്ത്രീ! നിങ്ങളുടെ ശുപാർശക്കാർ! ഞാനും ഒരു മനുഷ്യനാണെന്ന് അവരോടു പറയൂ. ആരായാലും ഇനി നാളെ രാവിലെ വരട്ടെ. മണി നാലരയായിരിക്കുന്നു.”

ശാന്തവും അനുനയപൂർവ്വവുമായ സ്വരത്തിൽ സെക്രട്ടറി പറഞ്ഞു: “അതു  കഷ്ടമാണെന്നു തോന്നുന്നു. അവർ  അതിരാവിലെ ഇവിടെ വന്നു കാത്തിരിക്കുകയാണ്. പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. വളരെ ദൂരം നടന്നുവന്ന വളരെ പാവം ഒരു വല്യമ്മ. ഒന്നു കണ്ടാൽ മതി ഉടൻ പൊയ്ക്കൊള്ളാമെന്നു  പറയുന്നു.”

നേതാവു നിശ്ശബ്ദനായിരുന്നു. സെക്രട്ടറിയെ അനുഗമിച്ച് ആഫീസുമുറിയുടെ വിലയേറിയ കർട്ടൻ ഒതുക്കി മാറ്റി അകത്തു പ്രവേശിച്ചയാളെ അദ്ദേഹം അലസതയോടെ നോക്കി. എന്തു വിചിത്രമായ വേഷം! മുടിപ്പുതച്ച മുണ്ട്, മുഷിഞ്ഞ കുട, ഊഞ്ഞാലാടുന്ന കാതുകൾ.

പതിനെട്ടാംനൂറ്റാണ്ടിൽനിന്നു കടന്നുവന്ന ഒരു കഥാപാത്രത്തെപ്പോലെ അവർ ആ വലിയ മുറിയുടെ മൂലയ്ക്ക് പരുങ്ങി നിന്നു. പിറകിൽ കാൽമുട്ടുകൾ പിടിച്ചുകൊണ്ട് ആറേഴു വയസ്സായ ഒരാൺകുട്ടിയും.

നേതാവ് അത്ഭുതപൂർവ്വം നോക്കി. അദ്ദേഹം എന്തോ ആലോചിക്കുകയായിരുന്നു. ഭൂതകാലത്തിന്റെ ഇരുളിൽനിന്ന് ഏതോ പരിചിതരൂപം പേർത്തെടുക്കാനോർക്കുംപോലെ .... ഏതോ ഒരു ഛായ .... ഏതോ ഒരു സംശയം .... പെട്ടന്നദ്ദേഹം എഴുന്നേറ്റു .... ആഗതയായ ആ സ്ത്രീ അപ്പോഴും നിലത്തു കണ്ണുംനട്ടു നിശ്ശബ്ദം നില്ക്കയായിരുന്നു.

നേതാവു മനഃക്ഷോഭമടക്കിക്കൊണ്ടു സാവധാനം പറഞ്ഞു: “ഇരിക്കൂ. എവിടെനിന്നാണു വരുന്നത്? എന്തുവേണം? എനിക്കു കുറെ തിരക്കുള്ള സമയമാണിപ്പോൾ .... വേഗം കാര്യം പറയൂ.”

ആഗതയായ സ്ത്രീ തലയുയർത്തിയപ്പോൾ പുതപ്പുമുണ്ട് ഊർന്നുവീണു. അമ്പരപ്പും പരിഭ്രമവുംകൊണ്ട് അവരാകെ വിറച്ചിരുന്നു. കാതരവും കുലീനവുമായ മിഴികളിൽ നീർ നിറഞ്ഞു തുളുമ്പി, മന്ത്രം ജപിക്കുന്ന സ്വരത്തിൽ അവർ മൊഴിഞ്ഞു :

“ഇരിക്കണില്യ, ഗോയിന്നൻകുട്ടീ, ഇരിക്കിണില്ല്യാ. ഇപ്പോ പൊക്കോളാം. ഒന്നു കാണണന്നേ ഒണ്ടാർന്നുള്ളു .... ഗോയിന്നൻകുട്ടിക്കു മനസ്സിലായില്യേരിക്കും. മനസ്സിലാവില്ല്യാ ഇപ്പോൾ .... പക്ഷേ .... പക്ഷേ ....”

വാക്കുകൾ പുറപ്പെടുവിക്കാൻ അവർ വല്ലാതെ ക്ലേശിക്കുംപോലെ തോന്നി. നെറ്റിയിൽ നമസ്കാരമുദ്ര. കൈകളിൽ ഓട്ടുവളത്തഴമ്പ്. നേതാവു താനറിയാതെ പറഞ്ഞുപോയി:

"ഓ.... ഹെ.... ന്റെ.... കുഞ്ഞാത്തലമ്മ!"

അവർ പരസ്പരം നോക്കി ഒരു നിമിഷം നിന്നു. ചിരവിയുക്തനായ ഒരു മകനെ കാണുന്ന അമ്മയുടെ വികാരപ്രകർഷത്തോടെ അവരുടെ കണ്ണുകൾ അയാളെ തൊട്ടുഴിഞ്ഞുകൊണ്ടിരുന്നു. ആ നോട്ടത്തിൽ പരാതിയില്ല. പരിഭവമില്ല. അപേക്ഷകളില്ല. കേവലം സ്നേഹത്തിന്റെ വിനീതവും ആത്മാർത്ഥവുമായ വിശ്വാസദാർഢ്യം മാത്രം. ആ നെടുവീർപ്പിൽക്കൂടെ ഒരു ജീവചരിത്രത്തിന്റെ ചുരുളുകൾ മുഴുവൻ കെട്ടഴിഞ്ഞു നിലത്തുവീണു.

താൻ മുമ്പ് ആട്ടിപ്പുറത്താക്കുവാനൊരുമ്പെട്ട ദീനയും ദരിദ്രജനോചിതവേഷയുമായ സ്ത്രീയുടെ സാന്നിദ്ധ്യത്തിൽ തന്റെ സർവ്വപരിപാടികളും ആ നേതാവു വിസ്മരിച്ചുപോയി. എന്തൊരപരാധബോധമാണു മനസ്സിൽ! എന്തൊരു വിഷാദഭാരമാണ്! നിത്യപൂജാർഹമായ ദേവീവിഗ്രഹത്തെ തട്ടിമറിച്ചിട്ടപോലെ. അതു വെറും കല്ലായിരുന്നുവെന്നു താൻ ഭ്രമിച്ചു. കല്ലുകൾക്കു സുഖദുഃഖങ്ങളില്ല. അവ അടിച്ചുടയ്ക്കേണ്ടവയാണ്. അതിനു വേണ്ടിയുള്ള സമരത്തിൽ ജയിച്ചു ജയിച്ചാണ് താൻ ഇത്രത്തോളമുയരത്തിൽ എത്തിയതെന്നുമയാളോർത്തു. പക്ഷേ നിരന്തരമായ പാദപ്രഹരത്താൽ ഉടഞ്ഞു ചിതറിയ ആ കൽക്കൂമ്പാരങ്ങൾക്കിടയിൽപ്പെട്ടു നിരാലംബമായി പിടയുന്ന മനുഷ്യജീവികളുടെ കാര്യം താനെന്തേ മുമ്പേ ഓർക്കാതിരുന്നത്? ചോര ചിതറാത്ത മുറിവുകൾ. കരയാത്ത വേദനകൾ. പൊരിഞ്ഞു പൊരിഞ്ഞു മരിച്ചാൽപ്പോലും ഒരരിമണി യാചിക്കാത്ത വയറുകൾ. ഈ മഹായജ്ഞത്തിൽ കുരുതികഴിക്കേണ്ടുന്ന പശുക്കളിലൊന്ന് ഇതാ തന്റെ മുമ്പിൽ നില്ക്കുന്നു; സ്നേഹാനുഭവങ്ങളുടെ അമൃതസ്യന്ദിയായ അനുഗ്രഹപൂരം വർഷിച്ചുകൊണ്ട്!

ക്രൂശിതയായ ഈ മനുഷ്യപുത്രിയുടെ മുമ്പിൽ താനാകെ ചെറുതായിച്ചെറുതായി വരുന്നതുപോലെ അയാൾക്കു തോന്നി. ഇപ്പോൾ താൻ മഹായോഗത്തിൽ പ്രസംഗിക്കേണ്ട നേതാവല്ല. കമ്മിറ്റികളിൽ പങ്കുകൊള്ളുന്ന വിദഗ്ധനുമല്ല. അങ്ങുദൂരെ... ദൂരെ ദൂരെയൊരു കുഗ്രാമത്തിൽ ഒരു ചെറിയ വീട്ടിൽ മാമ്പഴം പെറുക്കിയും കാരകളിച്ചും കുളംചാടിയും തിമിർത്തു നടന്ന ഒരു ചെക്കൻ. അച്ഛൻ ചെറുപ്പത്തിലെ മരിച്ചിരുന്നു. അമ്മാവന്മാർ പിരിയുകയും ചെയ്തു. കഷ്ടിച്ചു കഴിഞ്ഞുകൂടുവാനുള്ള വകയുണ്ടാക്കുവാൻ അമ്മ എത്ര പ്രയാസപ്പെട്ടിരുന്നു! മകനെ പഠിപ്പിച്ച് ഒരു നിലയിലാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അവൻ പഠിച്ചു. പ്രൈമറി ക്ലാസ്സുകൾ മുഴുവൻ കടന്നുകയറിയത് ഒറ്റച്ചാട്ടത്തിനായിരുന്നു.

മനയ്ക്കലെ കുഞ്ഞാത്തല് അമ്മയോടു പറയാറുള്ളതയാൾ ഓർത്തു: "ഗോയിന്നൻകുട്ടി ബുദ്ധിയുള്ളോനാ ലക്ഷ്മീ! ഓൻ ഒരു നെലേല് എത്തും."

അമ്മ സങ്കടത്തോടെ പറയും: "എങ്ങനെയാ കുഞ്ഞാത്തലെ, പഠിപ്പിക്കുക? വയറിനുതന്നെ

കൊടുക്കാനില്ലാത്തപ്പോ.... ബുക്ക്, പെനസിൽ, പുസ്തകം എന്തെല്ലാമൊരുട്ടം വേണം ഓനു സ്കൂളിൽ പോണെങ്കില്?"

കുഞ്ഞാത്തല് എന്തോ ആലോചിക്കുംപോലെ തോന്നി.... "അതു സാരോല്യ ലക്ഷ്മീ! ഒക്കെ വഴീണ്ടാവും, തേവാരത്തിനുള്ള പൂവ്വ് കൊണ്ടരാമോ മിടുക്കന്? ചില്ലറ ഞാനുണ്ടാക്കാം."

കരുണാമയിയായ ഒരു ദേവിയെപ്പോലെ അവർ തന്റെ നേരെ നോക്കി. ആ മുഖം ഒരു ദേവി യുടെ ഛായയിലേ തനിക്കോർക്കാൻ കഴിയുന്നുള്ളൂ. അമ്പലനടയിൽവച്ചാണു തങ്ങൾ അധികവും കാണാറ് എന്നതുകൊണ്ടാണോ? അതോ ചോറുരുളയും നീട്ടിപ്പിടിച്ച് അന്നപൂർണ്ണയേപ്പോലെയുള്ള ആ നില്പുകൊണ്ടോ? രാവിലെ, കണ്ട കാടും മേടും ചാടി പൂജാപുഷ്പങ്ങൾ ഒരുക്കുമ്പോഴേക്കും നല്ല വിശപ്പുണ്ടാവും. ഉണ്ണികളുടെ പ്രാതൽ കഴിഞ്ഞിരിക്കും. തൈരും മാങ്ങാക്കറിയും കൂട്ടിക്കുഴച്ച് കുഞ്ഞാത്തലമ്മയുടെ ഓട്ടുവളയിട്ട വെളുത്ത കൈപ്പടംകൊണ്ട് ഉരുട്ടിയെടുക്കുന്ന ഉരുള- അതേ അയാൾ നിറച്ചുണ്ടിട്ടുള്ളു. അമൃതിനേക്കാൾ രുചികരമായ ആ അന്നം അതിലും രുചികരമായ വാക്കു കളോടെ കുഞ്ഞാത്തലമ്മ അവന്റെ കൈകളിൽ വെച്ചുകൊടുക്കുന്നു. അടുക്കൽനിന്നു വിങ്ങുന്ന അമ്മയോടു പറയും:

"കരയേണ്ടാട്ടോ ലക്ഷ്മിക്കുട്ടീ! ഓൻ പഠിച്ചു മിടുക്കനാവും. താഴത്തേടത്തെ വീട് ഓടിടീ ക്കൂലോ ഓൻ!"

താഴത്തേടത്തെ വീട് ഓടിടുവിച്ചു. എങ്കിലും അതു കാണാൻ 'ലക്ഷ്മിക്കുട്ടി' ജീവിച്ചിരുന്നില്ല എന്ന കാര്യം വ്യസനസമേതം അയാളോർത്തു.

അമ്മയുടെ മരണശേഷം കുഞ്ഞാത്തലമ്മ മാത്രമായിരുന്നു അവന്റെ ഏകസഹായം. അശര ണനായ ആ കുട്ടിയിൽ അവരുടെ വാത്സല്യം കോരിച്ചൊരിയുകയായിരുന്നു. പലപ്പോഴും അവനു ചില്ലറ കൊടുക്കാറുണ്ട്. ദുർഗ്ഗാപൂജയുടെ അട പ്രത്യേകമായി വെച്ചിരിക്കും.... പറയും:

"ഉണ്ണിയെ കാട്ടണ്ട ട്ടോ.... ഓനു വച്ചിരുന്നതാണ്... കുറുമ്പന് എത്ര്യായാലും നിറയില്ലാന്നു വെച്ചോളൂ."

ഉദാരമായ ഈ ദാനങ്ങൾ ധർമ്മകൃത്യങ്ങളാണെന്ന ബോധം അവർക്കുണ്ടായിരുന്നുവോ? കുഞ്ഞാത്തലമ്മയെ സംബന്ധിച്ചിടത്തോളം തന്റെ നിത്യജീവിതത്തിന്റെ ഒരത്യാവശ്യഘടകമായി രുന്നു ഈ കർത്തവ്യം. കൊടുക്കുവാൻ മാത്രമായി ജീവിക്കുകയായിരുന്നു അവർ. അതിൽ ഒരസാ ധാരണതയും തങ്ങൾക്കു കാണുവാനും കഴിഞ്ഞില്ല. തനിക്കു മാത്രമല്ല, തന്റെ ചുറ്റുപാടുമുള്ള എല്ലാവർക്കും മത്തായിക്കും മമ്മതിനും ചാത്തൻപുലയനുമൊക്കെ ഇതാണു വിചാരം. കൊടുക്കാൻ വേണ്ടി പിറന്നവരാണവർ. അവരല്ലെങ്കിൽ പിന്നെ ആരാണു കൊടുക്കുക? അങ്ങനെ ആ നാട്ടിൻപു റത്ത് ഇതൊരു സാധാരണ സംഭവം മാത്രമായി. ദിവസവും അന്തിമയങ്ങിയാൽ മനയ്ക്കലെ പടിപ്പു രയിൽ ഈ വിളി കേൾക്കാം: "അത്താഴപട്ടിണിക്കാരാരെങ്കിലുമുണ്ടോ?"

ആരെങ്കിലുമുണ്ടാവും. തങ്ങളുടെ പൊതുനെല്ലറയും പൊതുഭക്ഷണശാലയുമാണ് ആ സ്ഥലം എന്ന് അവകാശബോധത്തോടെ ആളുകൾ വിശ്വസിച്ചിരുന്നു. ഇതുകൊണ്ടൊക്കെയായിരിക്കാം, ഗോവിന്ദൻകുട്ടി പത്താംക്ലാസ്സു പാസ്സായി നാടു വിട്ടപ്പോൾ കുഞ്ഞാത്തലമ്മയോട് ഒരു വാക്കുപോലും ചോദിക്കേണ്ട ആവശ്യമുണ്ടെന്ന് അയാൾക്കു തോന്നിയില്ല. അപ്പോഴേക്ക് അയാൾ വളരെ വളർന്നിരുന്നു. വളരെയധികം പുസ്തകങ്ങൾ വായിക്കയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. സ്നേഹവും കടപ്പാടും നന്ദിയുമെല്ലാം കാപട്യമാണെന്നറിയത്തക്കവണ്ണം വർഗ്ഗസമരത്തിൽ അറിവും നേടിയിരുന്നു. കുഞ്ഞാത്തലമ്മയുടെ ദീർഘദർശനം സഫലമാക്കിക്കൊണ്ട് ബുദ്ധിമാനും ഭാഗ്യശാലിയുമായ ആ ചെറുപ്പക്കാരൻ പ്രസംഗപീഠങ്ങളിലൂടെയും പ്രതിനിധിസഭകളിലൂടെയും ഉയർന്നുയർന്നു കയറിപ്പൊയ്ക്കൊണ്ടിരുന്നപ്പോൾ ആ പഴയ നാട്ടിൻപുറത്തെപ്പറ്റി ഓർക്കാനേ നേരമുണ്ടായില്ല. വർഷങ്ങൾ കഴിഞ്ഞു സംഭവഗതികൾ മാറിമറിഞ്ഞു. അസംഭാവ്യമായതു സംഭവിച്ചാലും ആളുകൾ ഞെട്ടാതായി.

ഇന്നാളാണെന്നു തോന്നുന്നു. ഒരു സ്വീകരണയോഗത്തിന് ആ വഴി പോവുമ്പോൾ അവിചാരിതമായി അയാൾ കണ്ടു. മനയ്ക്കലേ കൂറ്റൻ പതിനാറുകെട്ടു നിന്നിരുന്ന സ്ഥലം മുഴുക്കെ വെളുത്ത് അപ്പയും കാട്ടുമുൾച്ചെടികളും പിടിച്ചു കിടക്കുന്നു. അമ്പലക്കുളം ഇടിഞ്ഞു തൂർന്നു. പടിപ്പുരമാളികയുടെ മുഖപ്പ് മൂക്കുകുത്തി വീഴാറായിരിക്കുന്നു. കൂടെയുള്ളവർ പറഞ്ഞു:

“കൊടുത്ത് കൊടുത്താണ് കേട്ടോ, ഈ ഇല്ലക്കാർ നശിച്ചത്. കാലം മാറിയത് അവർ അറിഞ്ഞില്ല. ആരു ചെന്നാലും സൽക്കരിക്കും. പാട്ടവും ജന്മിക്കരവും പിരിയാതായപ്പോൾ പറമ്പുകൾ വിറ്റ് അരിമേടിച്ചു. അതും തീർന്നപ്പോൾ കടമായി. പുരയുടെ കഴുക്കോലുകൾ ഊരി വിറ്റ് അവർ ദാനധർമ്മങ്ങൾ പുലർത്തി. അച്ഛൻ നമ്പൂതിരിയുടെ പിണ്ഡത്തിനു മാത്രം അഞ്ഞൂറുപറഅരി വെച്ചത്രേ. ആ കടത്തിനുവേണ്ടിയാണ് ഇല്ലപ്പറമ്പു പോയത്. ഉണ്ണിക്കു വാതമാണ്. സ്കൂൾ ഫൈനൽ പാസ്സായ ഒരനുജനുള്ളത് ഉദ്യോഗം തേടി നിരാശനായി ഇപ്പോൾ ഏതോ പാർട്ടിയിൽ ചേർന്ന് അലഞ്ഞുനടക്കുന്നു.

രോഗിയായ മകനേയും അയാളുടെ കുട്ടികളേയുംകൊണ്ട് കുഞ്ഞാത്തലമ്മ അകലെയെവിടെയോ ഒരു ദേശവഴിയിലുള്ള ചെറിയ വീട്ടിലേക്കു താമസം മാറ്റി അതും ഒരു പഴയ കുടിയാന്റെ കാരുണ്യം കൊണ്ടാണ് വീടു കിട്ടിയത്.”

‘ജന്മിത്വം തകർക്കണം’ എന്ന് ഉറച്ച് വിളിച്ചിരുന്ന അയാൾക്കു തൊണ്ടയിടറി. ആരും തകർക്കാതെതന്നെ അതു തകർന്നിരിക്കുന്നു.

കുഞ്ഞാത്തലമ്മയെ ചെന്നുകണ്ട് കുശലമന്വേഷിക്കണമെന്ന് അപ്പോൾ വിചാരിച്ചതാണ്. ആ ജീവിതം എങ്ങനെയിരിക്കും? പട്ടിണികിടക്കാൻ പണ്ടേ പരിചയമുള്ള കൂട്ടത്തിലാണ് കുഞ്ഞാത്തലമ്മ. ഏകാദശി, പ്രദോഷം, തിങ്കളാഴ്ച ഇങ്ങനെ മാസത്തിലിരുപതു ദിവസവും ഉപവാസമായിരി

ക്കും. അന്നൊക്കെ അവർ വളരെയധികം ആളുകൾക്കു വെച്ചു വിളമ്പി ഊട്ടുന്നു. വ്രതതാന്തമായ ആ മുഖത്ത് അപ്പോൾ സംതൃപ്തിയുടെ മന്ദസ്മേരം വിരിയും. അവർ പാടും:

"ഏറിയ മോദാൽ മർത്ത്യസമൂഹേ
കോരികകൊണ്ടു വിളമ്പവളേ ജയ!
സുന്ദരരൂപേ, ഗിരിതനയേ, ചെറു-
കുന്നിലമർന്നിടുമമ്മേ, ജയ ജയ!"

ഒരുനാൾ അമ്മ ചോദിച്ചു.

"കുഞ്ഞാത്തലമ്മേ! അടിയത്തിനൊരു സംശയം.... അടിയങ്ങൾ പഷ്ണികിടക്കുന്നത് ഇല്ലായ്മകൊണ്ടാണ്. തിരുമനസ്സുകൊണ്ടോ?"

"അതോ ലക്ഷ്മി" കുഞ്ഞാത്തലമ്മ സ്വല്പം ആലോചിച്ചു നിന്നിട്ടു പറയുന്നു. "അത് ഇല്യാണ്ടാവാതിരിക്കാനാ - ഇല്യാത്തോരടെ ദുരിതമറിയാനാ - ദാരിദ്ര്യം ഒരു കഷ്ടംതന്നെയാണേയ്! ഒന്നു നിരീച്ചുനോക്കൂ. കുട്ട്യോളിങ്ങനെ വിശന്നു കരയ്ാ, ഒന്നും കൊടുക്കാനില്യാണ്ടാവുക! ഭഗവാനേ ഗുരുവായൂരപ്പാ, ഇങ്ങനെയൊരു സ്ഥിതി ആർക്കും വരുത്തല്ലേ!"

തന്റെ സങ്കല്പത്തിലുള്ള ഏതേ മഹാശക്തിയെ ധ്യാനിച്ച് അവർ തൊഴുതു. ഇതു കണ്ടാൽ കാണുന്നവരും തൊഴുതുപോവും. ഇങ്ങനെ നിത്യതപസ്വിനിയും നിത്യൈശ്വര്യദായിനിയുമായ കുഞ്ഞാത്തലമ്മയാണിപ്പോൾ.... ഇപ്പോൾ....

നേതാവിനു തലചുറ്റുന്നതുപോലെ തോന്നി.

പുറമേ മീറ്റിങ്ങിനു പോവാനുള്ള കാർ ഹോണടിച്ചു തളരുന്നു. സെക്രട്ടറിമാർ അക്ഷമരായി എത്തിനോക്കുകയാണ്. ഒരക്ഷരം മിണ്ടാതെ- എന്നാൽ വളരെയധികം മനസ്സിലാക്കിക്കൊണ്ടു പരസ്പരം കണ്ണുകളാലാശ്ലേഷിച്ചു മതിമറന്നു നിന്ന ആ അമ്മയും മകനും ഉണർന്നു.

അമ്മ പറഞ്ഞു: "ഗോയിന്നൻകുട്ടി ക്ഷമിക്കൂ ട്ടോ. വല്ലാത്ത ശല്യായ്യേരിക്കും. ലക്ഷ്മി മരിക്കാൻകാലത്തു പറഞ്ഞേർന്നു എന്റെ ചെക്കനു കുഞ്ഞാത്തലേ അനുഗ്രഹായുള്ളൂന്ന്. സന്തോഷായി എനിക്ക്. ശ്ശിയേറെ സന്തോഷായി. ഉണ്ണിക്ക് ഒരു ഗുണം വരണേനൊപ്പം തൃപ്തിയായീന്നു വെയ്ക്കുക."

അല്പം നിർത്തി സംശയിച്ചുകൊണ്ടു മടിച്ചുമടിച്ച് അവർ തുടർന്നു:

"ഉണ്ണി കിടപ്പായിട്ട് എട്ടുകൊല്ലം കഴിഞ്ഞു. ഇല്ലോക്കെ നശിച്ചു. അന്യേൻ പടിച്ചു പാസ്സായിട്ട് ഏറിയ ജോലി തെണ്ടീന്നു വയ്ക്യാ. മുന്ത്യേ ജാതിക്കാർക്ക് ഇപ്പോ ഉദ്യേഗോന്നും പാടില്ലാന്ന് പറേണ കേട്ടു. സഭയോ പ്രസങ്ങോ ഒക്കെയായി ഓനങ്ങനെ പോയി. ഒരു പെൺകിടാവുള്ളതു പുര നിറഞ്ഞു നില്ക്കുന്നു. ഗോയിന്നൻകുട്ട്യേ കണ്ടാൽ ഒക്കേനും വഴീണ്ടാവൂന്നേ ആളോള് പറഞ്ഞത്."

ഒരു നെടിയ നെടുവീർപ്പോടെ തന്റെ പൗത്രനെ അവർ മുമ്പോട്ടു നീക്കിനിർത്തി. മെല്ലെ,

വളരെ മെല്ലെ പറഞ്ഞു:

"ഒന്നുമല്ലെങ്കിൽ ഈ ഉണ്ണിയെ സ്കൂളിൽ ചേർത്തു തരുക.... ഉച്ചക്കഞ്ഞിയെങ്കിലും കിട്ടുമല്ലോ. ഭഗവാനേ! ഗുരുവായൂരപ്പാ!.... രക്ഷിക്കണേ!"

നേതാവു ഞെട്ടിത്തരിച്ചു നിന്നുപോയി. അന്നപൂർണ്ണേശ്വരിയായ കുഞ്ഞാത്തലമ്മയുടെ കുഞ്ഞുമകന് ഉച്ചക്കഞ്ഞിക്കുവേണ്ടി ഇരക്കേണ്ടതായി വന്നിരിക്കുന്നു. ദാനധർമ്മങ്ങളുടെ ഫലം നശിച്ചിരിക്കുന്നു. ആഭിജാത്യക്കൊട്ടാരം തകർന്നിരിക്കുന്നു.

അയാളുടെ കണ്ണീർ ചിറപൊട്ടി ഒഴുകി. കുഞ്ഞാത്തലമ്മയുടെ മുന്നിൽ കുനിഞ്ഞ് പാദപാംസുക്കൾ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു:

"മാപ്പു തരൂ! അമ്മേ, മാപ്പു തരൂ. ഗോവിന്ദൻകുട്ടി ദുഷ്ടനാണ്. പാപിയാണ്. നന്ദികെട്ടവനാണ്. എന്നാലും അവിടുന്ന് അവനേ ശപിക്കില്ല. ആ ഇല്ലം തല്ലിതകർത്തതു ഞങ്ങളാണ്. പാട്ടം കിട്ടാതാക്കിയതും ഞങ്ങളാണ്. ഉണ്ണാനില്ലാത്തവർക്കുവേണ്ടിയുള്ള സമരത്തിനിടയിൽ ചോറു വിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നുപോയി. എന്നിട്ടും അവിടുന്നു ഞങ്ങളെ ശപിക്കുന്നില്ല. പകരം ശാപത്തേക്കാൾ ശക്തമായ അനുഗ്രഹംകൊണ്ടു മൂടുകയും ചെയ്യുന്നു."

"അവിടുത്തേ മകനേ വീണ്ടെടുത്തുതരാൻ ഞാനാളാവുമോ? ആ ഉച്ചക്കഞ്ഞിപോലും എന്റെ വരുതിയിലല്ല. പക്ഷേ, ഒരപേക്ഷയുണ്ട്. അമ്മയില്ലാത്ത ഗോവിന്ദൻകുട്ടിക്ക് ഒരമ്മയാവണേ അവിടുന്ന്. ഈ സ്നേഹവും വാത്സല്യവും നിഷ്കപടതയും അടുത്ത തലമുറയ്ക്കും കൊടുക്കണേ. അവിടുത്തെ കോരികയിൽ മാത്രമേ അത് ഇന്നും നിറഞ്ഞിരിക്കുന്നുള്ളൂ."

നേതാവു തിരിഞ്ഞു സെക്രട്ടറിയോടു പറഞ്ഞു:

"എന്റെ കാർ തിരിച്ചിട്ട് അമ്മയെ അതിൽ കയറ്റിയിരുത്തൂ. എന്നിട്ട് ഫോൺ ചെയ്യണം. ഒഴിച്ചുകൂടാത്ത ചില കർത്തവ്യങ്ങളുള്ളതുകൊണ്ട് എനിക്കിന്നു പൊതുയോഗത്തിൽ വരാൻ സാദ്ധ്യമല്ല. ഞാനും ഒരു മനുഷ്യനാണ്.... മനുഷ്യപുത്രിയുടെ മകൻ!...."

---

തെരഞ്ഞെടുത്ത കഥകൾ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# പൗണ്ടർ പോത്തൻ

(കാരൂർ നീലകണ്ഠപിള്ള)

"മക്കളേ, നമ്മടെ ആടെന്തിയേന്നു നോയ്ക്കെ. ആണ്ടെ പോത്തൻ വരുന്നു," വഴിയരുകിൽ പാർക്കുന്ന ഒരു സ്ത്രീ പരിഭ്രമത്തോടെ പറഞ്ഞു. അവളുടെ മകൻ ആടിനെ അന്വേഷിച്ച് ഓടി.

പോത്തൻ അവളുടെ അടുത്തായി. മെലിഞ്ഞു നീണ്ട ശരീരത്തിനു മുകളിൽ ഉണങ്ങിയ ഒരു തല. കരിഞ്ഞു നിർവ്വികാരമായ മുഖം. അവിടവിടെ പിഞ്ചിയ ഒരു മുറിക്കൈയൻ കാക്കിയുടുപ്പ്. ഒരു കൈയിലൊരു കയറും അതിന്റെ അറ്റത്തൊരു ഉണക്കപ്പശുവും. മറ്റേക്കൈയിലുള്ള തോർത്തുമുണ്ടുകൊണ്ട് രണ്ടാടിന്റെയും കഴുത്ത് ഒന്നിച്ചുവെച്ചുകെട്ടി ഒരു ഗുണനചിഹ്നം ഉണ്ടാക്കിയിരിക്കുന്നു. ഞെരുങ്ങിയ ആ കണ്ഠങ്ങളിൽനിന്നു മരണവിളികൾ പ്രയാസപ്പെട്ടു പുറപ്പെടുന്നു. മാടിനു ശബ്ദിക്കാനുമില്ല ശേഷി. അത് ഇഴയുകയാണ്. തനിയേ നടക്കാനരുതാത്ത പോത്തൻ. ഈ മൂന്നു മൃഗങ്ങളെ വലിച്ചുകൊണ്ടു മുമ്പോട്ടു നീങ്ങുന്നതിനിടയിൽ അവയെ ദേഷ്യപ്പെടുന്നുണ്ട്. ആടുകൾ അവനോടെതിർത്തുകൊണ്ടാണ്. തങ്ങളുടെ ഉടമസ്ഥന്മാരു വരുന്നതുവരെ തർക്കിച്ചു താമസിച്ചാൽ, തടങ്കലിലാകാതെ കഴിയുമെന്നാണവയുടെ വിചാരം. പശുവിന് ആ വിചാരമൊന്നുമില്ല. അതിനു നടക്കാൻ പാടില്ലാത്ത കുറ്റമേയുള്ളൂ. അതിനറിയാം അന്വേഷിച്ചുവരാൻ തനിക്കാരുമില്ലെന്ന്. ഉടമസ്ഥർ വരുംമുമ്പേ അവയെ പൗണ്ടിലടയ്ക്കണമെന്നേയുള്ളു പോത്തന്.

"പോത്തൻചേട്ടാ, ഞങ്ങടെയാട് കയറുപൊട്ടിച്ചോണ്ടങ്ങോട്ടോടിപ്പോയി. ആ ചെറുക്കനതിനെ പിടിക്കാൻ പോയേക്കുവാ. വഴിയിലെങ്ങാനും കണ്ടാൽ പിടിച്ചോണ്ടു പോകല്ലേ! ഒരു കറുത്തയാടാ. ചനമുറ്റി നില്ക്കുന്നതാണേ," ആ സ്ത്രീ പോത്തനോടു പ്രാർത്ഥിച്ചു.

അവൻ കേട്ടതായി ഭാവിച്ചില്ല. അങ്ങനെയെല്ലാരും ശുപാർശ ചെയ്തുതുടങ്ങിയാൽ അവനെന്തുചെയ്യും? കണ്ടോരൊക്കെ പറയുന്നതു കേൾക്കാനല്ല, വഴിയിൽ അലഞ്ഞുനടക്കുന്ന മൃഗങ്ങളെപ്പിടിച്ചു പൗണ്ടിൽ കെട്ടാനാണ് അയാളെ ശമ്പളം കൊടുത്തു മുനിസിപ്പാലിറ്റിയിൽനിന്നു നിയമിച്ചിരിക്കുന്നത്.

ഒരിക്കൽ അവനൊരപകടം പറ്റി. അതിൽപ്പിന്നെ പിടിയിലൊതുങ്ങാത്തവനെ അവൻ വിട്ടുകളയും. ക്ഷേത്രത്തിലൊരു കാളയുണ്ട്. അതിന് അന്വേഷണവും അടിച്ചുകെട്ടുമില്ല. ഒരു തവണ ഇണചേർക്കുന്നതിന് വിത്തുകാളയുടെ ഉടമസ്ഥന്മാർ അഞ്ചുരൂപാ പ്രതിഫലം വച്ചിരിക്കുന്ന ഇക്കാലത്ത് സൗജന്യമായി അക്കാര്യം നിർവ്വഹിച്ചു കൊടുക്കുന്ന ഒരു സാധുജനസേവകനാണ് ആ കാള. അതിനെ പൗണ്ടിലേക്കു സ്വാഗതം ചെയ്തുകൊണ്ട് അതിന്റെ കഴുത്തിൽ കയർഹാരം അണിയിക്കാൻ പോത്തൻ ഒരുമ്പെട്ടു. ചുരുട്ടി കൈയിൽ വെച്ചിരുന്ന കയർ നിവർത്ത്, അതിന്റെ കുരുക്കു വലുതാക്കി, കാളയോടടുത്ത പോത്തൻ നടുറോഡിൽ മലർന്നുവീണു. ഒരുതരത്തിൽ പിടഞ്ഞെഴുന്നേറ്റിട്ട്

അവൻ പറഞ്ഞു: "നിന്റെ പാട്. വല്ല മോട്ടറും കേറി ചത്താൽ നിനക്കുതന്നെ."

ആ കാളയെ, പിടിക്കേണ്ടും ഉരുക്കളിൽനിന്ന് പൗണ്ടർ ഒഴിവാക്കി.

ആ മൃഗങ്ങളെ വലിച്ചുകൊണ്ട് അവൻ പോകുന്ന വഴിയിൽ വില്ക്കാനായി പുല്ലും പിലാവിലയും വെച്ചിരുന്നു. അതുകണ്ട് ആ മൃഗങ്ങൾ തലപൊക്കി നോക്കുകയും നിലവിളിക്കുകയും ചെയ്തു. നിർബ്ബാധം നടക്കുന്ന ഒരു പശു ഒരുകെട്ടു പുല്ല് ആക്രമിച്ച് കുറെ വായിലാക്കി. അതിന്റെ ഉടമസ്ഥ, "നിന്റെ ഒടുക്കത്തെയാ എന്നാലിതിനെ പൗണ്ടുകാർക്കും വേണ്ടേ, എന്റെ ദൈവം തമ്പുരാനേ!" എന്നു പറഞ്ഞുകൊണ്ട് അതിന്റെ വായിൽനിന്ന് ആ പുല്ലു പിടിച്ചുവാങ്ങാൻ ശ്രമിച്ചു.

"നിങ്ങളു പറയുന്നതിനെയൊക്കെ പിടിക്കുകയല്ലേ പൗണ്ടുകാരുടെ ജോലി!" എന്നൊരു മറുപടി പറഞ്ഞിട്ട് പോത്തൻ ആ മൃഗങ്ങളെയും വലിച്ചുകൊണ്ടു നടന്നു.

ഒരുത്തൻ പറഞ്ഞു: "വല്യ ആളുകളുടെ പശുക്കളെ അവൻ പിടിക്കുകേല്ല, ഇന്നാളൊരു സമ്മാനം കിട്ടിയേപ്പിന്നെ."

"ചെലരൊക്കെ വല്ലപ്പോഴും രണ്ടണ കൊടുക്കുകേം ചെയ്യും, പശുവിനെ പിടിച്ചോണ്ടു പോകാതിരിക്കാൻ," എന്നു മറ്റൊരാൾ.

"ഒരു ബ്ലാക്കുമാർക്കറ്റ് അവനും കണ്ടുപിടിച്ചിരിക്കുന്നു. അവനും കഴിയണ്ടേ?"

എന്തായാലും, ചില പശുക്കളെക്കണ്ടാൽ പല്ലിറുമ്മിക്കൊണ്ടു പോവുകയേയുള്ളു പോത്തൻ. അല്ലെങ്കിൽ വലിയ മീനിനെക്കണ്ട പൊന്മാനെപ്പോലെ കണ്ണടച്ചുകളയും.

ആടിനെ നോക്കിപ്പോയ കുട്ടി, അതിനെ മുമ്പേ നടത്തി വീട്ടിലേക്കു വരുന്നവഴി പൗണ്ടറെക്കണ്ടു. ആ ബാലൻ ആടിന്റെ ചെവിക്കു രണ്ടിനും പിടിച്ചുകൊണ്ട് അല്പം ഭയത്തോടെ പോത്തനെ നോക്കി.

"ആടിനെ കെട്ടിയില്ലെങ്കിൽ പിടിച്ച് പൗണ്ടിൽകൊണ്ടെ കെട്ടുമേ," എന്നു സഗൗരവം ഒരു താക്കീതുകൊടുത്തിട്ടു പൗണ്ടർ നടന്നു.

അയാൾ പൗണ്ടിനോടടുത്തു. കാറ്റടി കയറത്തക്കവണ്ണം അഴിയിട്ടതും, ആടുമാടുകളുടെ മൂത്രം വീണു നനഞ്ഞ തറയുള്ളതുമായ ആ മൃഗങ്ങളുടെ കാരാഗൃഹത്തിൽനിന്ന് വിശപ്പിന്റെ വിളികൾ പുറപ്പെട്ടുകൊണ്ടിരുന്നു. അവിടെ ഉത്തരത്തിൽ വെച്ചിരിക്കുന്ന ഒരുപിടി പുല്ല് കരിഞ്ഞിരിക്കുന്നു. വാടി വീണുപോയതു നീക്കിയുള്ള എട്ടുപത്തു പിലാവിലകളോടുകൂടി കുറെ ചുള്ളിക്കമ്പുകൾ ആ ഭാഗ്യംകെട്ട ജീവികളെക്കണ്ട് വിഷാദമൂകമായി മുകളിലിരിക്കുന്നു. കർക്കടകമാസത്തിലെ സന്ധ്യപോലെ മുഖമിരുണ്ടിരുന്ന പൗണ്ട്കീപ്പർക്ക് ഒരു പുഞ്ചിരിയുണ്ടായി. ആ മൃഗങ്ങളെ പൗണ്ടിലാക്കി; റജിസ്തരിൽ ചേർത്തു.

പോത്തന്റെ ഭാര്യ പല ദിവസമായിട്ട് അവനോടു പറയാറുണ്ട്, "നിങ്ങളു കണ്ടോരടെ ആടിനേം പശൂനേം പിടിച്ചു പൗണ്ടിൽ കെട്ടിയാൽ ആളുകളുടെ പരിഭവമല്ലേയാള്ളു മിച്ചം? പൗണ്ടിക്കീപ്പർക്കു

ലാഭമൊണ്ടല്ലോ. വല്ലോം നമ്മക്കൂടെത്തരാൻ പറയരുതോ?"

"അയാളോടെന്റെ പട്ടി ചോദിക്കും! അയാൾക്കറിയാമ്മേലേ ഞാൻ വല്ലടത്തുനിന്നും ഒരെണ്ണത്തിനെ കൊണ്ടുചെന്നാലേ അയാൾക്കു നാലണ കിട്ടുകൊള്ളെന്ന്."

"രണ്ടുമൂന്നു ദെവസം ഒന്നിനേം പിടിച്ചാണ്ടു ചെല്ലാതിരിക്കുമ്പം അയാൾ വല്ലതും തരും."

"അല്ലാതെ അയാളു തരുവോന്നറിയട്ടെ. ഇന്നലെ വഴീലൊരെണ്ണത്തിനേം കാണാഞ്ഞിട്ട്, ഒരു കയ്യാലയ്ക്കകത്തു നിന്ന ആടിനെ പുല്ലു കാണിച്ചു വിളിച്ചു വഴീലെറക്കിയാ ഞാൻ പിടിച്ചു പൗണ്ടിൽ കൊണ്ടെ കെട്ടിയത്."

"അയ്യോ, അതെന്തിനാ ഈ ദ്രോഹം ചെയ്യാൻപോയത്?"

"എന്താ ദ്രോഹം! ഞാൻ വിളിച്ചാൽ വഴിയിലേക്കു വരാവോ? വഴിയിലേക്കെറങ്ങത്തക്ക നീളത്തിൽ ആടിനെ കെട്ടുന്നതെന്തിനാ? എന്തായാലും വഴിയിൽ കണ്ടാൽ ഞാൻ പിടിക്കും. അതിനൊള്ള അധികാരം ഇന്നെനിക്കൊണ്ട്. പിന്നെ, ഒരുദിവസം ഒരെണ്ണത്തിനെയെങ്കിലും പിടിക്കാതിരുന്നാൽ ഞാൻ ജോലി ചെയ്തെന്നെങ്ങനെയറിയും?"

അങ്ങനെ അധികാരം ശരിക്കുപയോഗിക്കുന്ന ഉദ്യോഗസ്ഥനാണ് പൗണ്ടർ പോത്തൻ.

ഈ ജോലിയിൽനിന്നു കിട്ടുന്ന വരുമാനം മതിയായിട്ടല്ല, വണ്ടി വലിക്കുകയോ ചുമടു ചുമക്കുകയോ ഒന്നും ചെയ്യാൻ ശേഷിയില്ലാഞ്ഞിട്ടാണയാൾ പലരെക്കൊണ്ടും ശുപാർശചെയ്യിച്ച് ഈ ഉദ്യോഗം കൈക്കലാക്കിയത്. ആസ്സാംകാടുകളിൽ കൂലിപ്പണിക്കു പോയപ്പോൾ പോത്തന്റെ പ്രതീക്ഷ ഒരു പണക്കാരനായി തിരിച്ചുവന്നിട്ട് നല്ലൊരു കച്ചവടം തുടങ്ങാമെന്നായിരുന്നു. അങ്ങനെയല്ല സംഭവിച്ചത്. മലമ്പനി അവന്റെ ആരോഗ്യം മുഴുവൻ നശിപ്പിച്ചുകളഞ്ഞു. അതിനു പകരം കിട്ടിയ ചെറിയ തുക, അതിവേഗം ചെലവായിപ്പോകയും ചെയ്തു. ദേഹംകൊണ്ട് അദ്ധ്വാനിച്ചു ജീവിക്കാൻ കഴിയാതെവന്നു. അവന്റെ ബുദ്ധിയും മരവിച്ചുപോയി.

പോത്തന്റെ ഭാര്യ കോഴിയെ വളർത്തി കുടുംബഭാരത്തിൽ ഒരു പങ്കുവഹിക്കും. അതു കണ്ടിട്ട് ദൈവത്തിനൊരു കണ്ണുകടി. വസന്ത വന്ന് അവളുടെ കോഴികളെല്ലാം ഒരാഴ്ചയ്ക്കുള്ളിൽ ചത്തൊടുങ്ങി. എന്തൊരു നഷ്ടം! അപ്പോഴാണവൾ പോത്തനോടു പറഞ്ഞത്, 'പൗണ്ടിക്കീപ്പറോടു വല്ലതും നമ്മക്കൂടെ തരാൻ പറ,' എന്ന്. അക്കാര്യം നടപ്പില്ലെന്ന് അവൾക്കു മനസ്സിലായി.

മഴക്കാലമായി. അവരുടെ കൊച്ചു പുരയിൽ ഒരിടമില്ല ചോർച്ചയില്ലാതെ. ഓലയുടെ വിലക്കൂടുതൽകൊണ്ട് പുരമേച്ചിൽ മാറ്റി മാറ്റിവച്ച് ഇടവപ്പാതിയുടെ നടുമുറിക്കെത്തി. കെട്ടിയവളുടെ കൈയ്യിൽ, തപ്പിപ്പെറുക്കിയാൽ പുര മേയാനുള്ള വക കാണുമെന്ന് പോത്തനറിയാം. പക്ഷേ, അവൾ ആ തുകയിൽ ഒരു പൈസാ എടുക്കുകയില്ല. അവൾക്കൊരാടിനെ വാങ്ങിക്കണം. മൂന്നു കൊച്ചങ്ങളുടെയും അവരുടെയും വയറ്റിനുള്ള വകയ്ക്ക് അങ്ങനെയെന്തെങ്കിലും കൂടെയില്ലാതെ കഴിയുകയില്ല. "പുര മേഞ്ഞുകഴിഞ്ഞിട്ട് ആടിന്റെ കാര്യം," എന്നാണു പോത്തന്റെ പക്ഷം. അവൾ തന്നെ ജയിച്ചു. അവ

ളൊരാടിനെ വാങ്ങി. രണ്ടുമാസം കഴിഞ്ഞാൽ അതു പെറും. ദിവസം അരരൂപായുടെ വക കിട്ടും. നല്ലയിനം ആടാണ്, പോത്തനതൊന്നും കേൾക്കേണ്ട. അവന് ആടിനെ കാണുകപോലും വേണ്ട. ആടിനെ മേടിച്ചിട്ട് ഒരാഴ്ച കഴിഞ്ഞു.

പൗണ്ടർ ആ ഉണക്കമാടിനേയും രണ്ടാടിനേയും പൗണ്ടിൽ ഏല്പിച്ചിട്ട് കയറുംകൊണ്ടു റോഡു നീളെ നടന്നു. അവിടവിടെ നിന്നു നാലുപാടും നോക്കി വീണ്ടും നടക്കുകയാണവൻ.

ആകെക്കൂടി അവനൊരു തൃപ്തിയില്ല. രാവിലെ മുതൽ വൈകിട്ടു വരെ നടന്നിട്ട് മൂന്നേമൂന്നു മൃഗങ്ങളെ മാത്രമേ കിട്ടിയിട്ടുള്ളു. ഒരു മുപ്പതെണ്ണത്തിനെ വഴിയിൽക്കണ്ടു. എന്തുചെയ്യാനാണ്? അവയെ ഒന്നിനെയും പിടിക്കാൻ വയ്യ.

എരിഞ്ഞടങ്ങിയപ്പോൾ അവൻ വീട്ടിലെത്തി. അവന്റെ മക്കൾ പറഞ്ഞു: "നമ്മടെ ആടിനെ കണ്ടില്ല. അമ്മ തെരക്കിപ്പോയേക്കുവാ."

"എവിടെപ്പോയി? എപ്പഴാ കാണാതെപോയത്?"

ആ കുട്ടികൾക്ക് അതൊന്നും അറിഞ്ഞുകൂടാ.

അവനും ആടിനെ അന്വേഷിച്ചു പുറപ്പെട്ടു. അയല്ക്കാരറിഞ്ഞു.

"കണ്ടോരടെയൊക്കെ ആടിനെ പിടിച്ചു പൗണ്ടിൽ കെട്ടുന്നതിന് ഇങ്ങനെ വരണം." എന്നു മാത്രമേ അവർക്കു പറയാനുള്ളു.

അവൻ ഇടവഴികളിലും മൈതാനത്തും ഒക്കെ നടന്നു. പകൽ അന്യരുടെ ആടിനെ അന്വേഷിച്ച് പൗണ്ടർ നടന്നു. ഒടുവിൽ അവൻ മടങ്ങി വീട്ടിലെത്തി.

"ആടു വന്നോ മക്കളേ?" എന്നു ചോദിച്ചുംകൊണ്ട് മൂന്നാമതും ആ സ്ത്രീ വീട്ടിലേക്കു വന്നു.

വഴിയിൽനിന്ന് ആരോ പറയുന്നു: "എറച്ചിക്കു റാത്തലിന് ഒരു രൂപയാ വെല."

"സകലയാളുകൾക്കും പെണക്കാ. പിന്നെയാരെങ്കിലും കണ്ടാലും പറയുവോ?" എന്നു പറഞ്ഞു സ്ത്രീ.

"പെണങ്ങാൻ ഞാനെന്നാ ചെയ്തു?"

"ഇപ്പം അറിഞ്ഞോ എന്തു ദണ്ണോണ്ടെന്ന്?"

"ഞാൻ അന്നു പറഞ്ഞതല്ലേ, ഇപ്പം ആടും കുതിരേം ഒന്നും മേടിക്കേണ്ടെന്ന്?"

"അതുകൊണ്ട് ആരും ഇതിനെയൊന്നും മേടിക്കാതെയല്ലേ!"

"കെട്ടിയിടാഞ്ഞിട്ടല്ലേ പോയത്?"

"അതു ജീവനൊള്ളതല്ലേ? അതിന്റെ കൈയും കാലും ആടിയില്ലെങ്കിൽ....!"

"വല്ല ലോറീം കേറി ചത്താൽ—"

"ആ നാക്കുകൊണ്ടൊന്നും പറയാതിരുന്നേച്ചാ മതി. ഇപ്പം രൂപാ അൻപതു കൊടുത്താൽ ആ ആട്ടിൻകുട്ടിയെ കിട്ടുകേല്ല. അതീമിറ്റത്തു നിക്കുകയായിരുന്നു. ആരെങ്കിലും തട്ടിക്കൊണ്ടുപോ

യതാ. ഈ കൊച്ചുങ്ങളിവിടെയിരുന്നിട്ട് ഒന്നു നോക്കീരുന്നെങ്കിൽ അതു പോകകേല്ലായിരുന്നു. നേരം വെളുത്താൽ അതിന്റെ രോമംപോലും കണികാണാൻ കിട്ടുകേല്ല" എന്നു തുടങ്ങി അവൾ പറഞ്ഞു കൊണ്ടിരുന്നു. കൂടെക്കൂടെ മുറ്റത്തിറങ്ങി നോക്കി. ആടിനെ വിളിച്ചുനോക്കി. മക്കളേയും ഭർത്താവി നേയും പഴിച്ചു. അങ്ങനെ ഉറക്കാതെ നേരം കഴിച്ചു. ഇടയ്ക്ക് അവൾ ഇങ്ങനെ പറഞ്ഞു: "അന്ന് ഓല മേടിച്ചു പെര കെട്ടീരുന്നേൽ നനയാതെ കെടക്കുകേലും ചെയ്യായിരുന്നു."

നേരം പ്രഭാതമായി. അവൾ ഇറങ്ങി അന്വേഷിച്ചു. പതിവുള്ള കയറുമെടുത്ത് പോത്തനും ഇറങ്ങി. അവിടെയെങ്ങും ആരുമില്ലറിയാതെ, പൗണ്ടറുടെ ആടിനെ കാണാതെപോയ കാര്യം.

"ആമ്പിള്ളേരാരെങ്കിലും പിടിച്ചു പൗണ്ടിൽ കെട്ടിക്കാണും. അവനുമറിയട്ടെ അതിന്റെ ചൂട്," എന്ന് ഒരു സ്ത്രീ പറഞ്ഞു.

അന്നു വഴിയിൽക്കണ്ട ഒന്നിനേയും അവൻ പിടിച്ചില്ല. അവൻ ഒരു ചുറ്റു നടന്നിട്ടു വെറും കൈയോടെ പൗണ്ടിലെത്തി.

"ഇന്നെന്താ പോത്താ ഇങ്ങനെ?" എന്ന് പൗണ്ട് കീപ്പർ അതൃപ്തി പ്രകടിപ്പിച്ചു.

"എന്റെ പിള്ളേച്ചാ, ഞങ്ങക്കൊരാടൊണ്ടായിരുന്നതെങ്ങാണ്ടു പോയി. അന്വേഷിക്കാതൊരു സ്ഥലോം ഇല്ല. ഇവിടെ വല്ലോരും കൊണ്ടെക്കെട്ടിയോ?"

"ഇവിടെയാരും ഒന്നിനെയും കൊണ്ടുവന്നില്ല," എന്നു പൗണ്ട് കീപ്പർ പറഞ്ഞു. പോത്തൻ വിഷാദിച്ചു നടന്നു. അവന്റെ ഭാര്യ കിണറ്റിലും കുളത്തിലും ഒക്കെ അന്വേഷിച്ചിട്ടും ആടിനെക്കാ ണാഞ്ഞിട്ട് അതിനെ പിടിച്ചുകൊണ്ടുപോയവന് 'ഏഴു ജന്മോം ഗതി പിടിക്കല്ലേ' എന്നു പിരാകി; ആടിനെ കണ്ടുകിട്ടാൻ നേർച്ചകൾ നേർന്നു. ഒടുവിൽ അനുഭവിക്കാൻ ഭാഗ്യമില്ലെന്നു പറഞ്ഞ് അക്കാര്യം അവസാനിപ്പിച്ചു.

ഒരു ദിവസം പൗണ്ട് കീപ്പർ പോത്തനോടു പറഞ്ഞു: "ഇവിടെ ഒരാടിനെ കൊണ്ടുവന്നിട്ട് ഇന്ന് എട്ടുപത്തു ദിവസമായിട്ട് ഉടമസ്ഥൻ വന്നില്ലല്ലോ. താനെവിടെച്ചെന്നു പിടിച്ചുകൊണ്ടുവന്നതാ?"

"അവർക്കു വേണ്ടായിരിക്കും. അവിടെ നില്ക്കട്ടെ," എന്നു പോത്തനും പറഞ്ഞു.

എന്തോ പറഞ്ഞകൂട്ടത്തിൽ, ഉടമസ്ഥൻ വരാതെ ഒരാട് പൗണ്ടിൽ നില്ക്കുന്നുണ്ടെന്നും അവിടെ കൊടുക്കാനുള്ള പണം കൊടുത്ത് അവളുചെന്നു കൊണ്ടുപോന്നാൽ കാണാതെപോയ ആടിന്റെ നഷ്ടം തീരുമെന്നും പോത്തൻ ഭാര്യയോടു പറഞ്ഞു. വല്ലവരുടേയും ആടിനെ തന്റെയാ ണെന്നും പറഞ്ഞു വാങ്ങിക്കൊണ്ടു പോന്നാൽ വല്ല ദോഷവും ഉണ്ടായെങ്കിലോ എന്ന് അവൾ പേടി ച്ചു. ഒടുവിൽ ആ സ്ത്രീ സമാധാനപ്പെട്ടു:

'ഞാൻ എത്ര കഷ്ടപ്പെട്ടൊണ്ടാക്കിയ മൊതലാ! അതു നഷ്ടപ്പെട്ടതിന് ദൈവം തന്നതാ ഇതിനെ!'

എവിടന്നോ നാലഞ്ചു രൂപയുമായി അവൾ പൗണ്ടിൽ ചെന്നു. പട്ടിണി കിടന്ന് എല്ലുമാത്ര

മായ സ്ഥിതിയിലും അവൾക്കു മനസ്സിലായി, അതു തന്റെ ആടാണെന്ന്. ആ സ്ത്രീ ജീവശ്ശവമായി നിന്നു പോയി. അവൾക്കു പറയാനുള്ളതൊക്കെക്കൂടി ഇങ്ങനെ സംഗ്രഹിച്ചു: "ഈ ആമ്പെറന്നോനെന്നാൽപ്പിന്നെ. തലയ്ക്കൊരു വെളിവില്ല കേട്ടോ."

---

കാരൂരിന്റെ കഥകൾ (ഒന്നാം ഭാഗം), കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# ഓടക്കുഴലിന്റെ നാദം

(ലളിതാംബിക അന്തർജനം)

ദേശീയ ഡയറിഫാമിലെ 402-ാം നമ്പർ പശു—തുടുതുടുപ്പുള്ള ഒരെണ്ണമൈലി. അവൾക്കു പേരില്ല. X 402 എന്നോരടയാളമേയുള്ളു.

ഫാം സന്ദർശിക്കാനെത്തുന്ന ആൾക്കാർക്ക് അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു മാനേജർ അഭിമാനപൂർവ്വം പറയും:

“ഈ ഗോശാലയിലെ ഏറ്റവും നല്ല പശുവാണിത്. ജെഴ്‌സിയും സ്വിസ്സും ചേർത്തെടുത്ത ഇനത്തിൽ നിന്നു സിന്ധി കലർപ്പുചേർന്ന ഉരു. ഏഴു മാസമായപ്പോൾ കുത്തിവച്ചു. തള്ളയും മകളും ഒരുമിച്ചു പെറ്റുവന്നു. ഇതു മൂന്നാമത്തെ പ്രസവമാണ്. അഞ്ചു വയസ്സുണ്ട്. പതിനാറു ലിറ്റർ പാലു തരും.”

ഇങ്ങനെയാണു ചരിത്രം. പാൽ ധാരാളമുള്ള പശുവായതുകൊണ്ട് തീറ്റ ധാരാളം കിട്ടുന്നു. സുന്ദരിയായതുകൊണ്ടു തുടച്ചുമിനുക്കുന്നു. കുട്ടി അകിട്ടിലുരുമ്മിയ ഓർമ്മയില്ല. കറവക്കാരൻ അടുത്തുവന്ന് ടീറ്റ് കപ്പ് മുലയിൽ പിടിപ്പിക്കുമ്പോൾ താനേ ചുരന്നുവരും. ഉള്ള പാൽ—ചിലപ്പോൾ സമയത്തിന്റെ കൃത്യത തെറ്റിയാൽ കുറച്ചു നിറംമാറിയതുകൂടി—കുപ്പികളിലേക്കു വീഴുന്നു. അഞ്ചുമാസമായാൽ വീണ്ടും ബീജം കുത്തിവയ്പിക്കൽ. വീണ്ടും വയർ വീർക്കുന്നു പ്രസവിക്കുന്നു. വീണ്ടും വീണ്ടും ഇതേ പരിപാടി തുടരും. ചാട്ടുമാട്ടുകളൊന്നുമില്ലാത്ത പശുവായതുകൊണ്ടു ചാട്ടയടിയുടെ ചൂട് അറിഞ്ഞിട്ടേയില്ല.

ഇങ്ങനെ എല്ലാവരുടെയും അരുമയായ X 402—നു ഈയിടെയായി ഒരു മൗനം. ഒരു പ്രദർശനത്തിനു കൊണ്ടുപോയിട്ട് തിരിച്ചുകൊണ്ടുവന്നു കെട്ടിയതാണ് പിന്നെ തീറ്റ തിന്നുന്നില്ല. അയവിറക്കുന്നില്ല. വിദൂരതയിൽനിന്ന് എന്തോ കേൾക്കുംപോലെ ചെവികൂർപ്പിച്ച് അങ്ങനെ നില്ക്കും. കറവക്കുഴൽ അകിട്ടിൽ ഘടിപ്പിച്ചാൽ പാൽ ഊറ്റുകയേയില്ല. തൂങ്ങിത്തൂങ്ങി നില്ക്കുന്നു.

സൂക്ഷിപ്പുകാരൻ ശ്രദ്ധിച്ചു. ഡോക്ടർ വന്നു. രക്തം, മലം, മൂത്രം, നാക്ക്, കുളമ്പ് എല്ലാം വിസ്തരിച്ചു പരിശോധിച്ചു. ഇല്ല പറയത്തക്ക യാതൊരു രോഗവുമില്ല. പിന്നെ എന്താണ് ഈ ഭാവമാറ്റത്തിനു കാരണം അറിയപ്പെടാത്ത വല്ല ദീനവുമായിരിക്കുമോ? പരീക്ഷണത്തിനായി അവളെ കറവപ്പുരയിൽനിന്നു മൃഗാസ്പത്രിയിലേക്കു മാറ്റി. കുത്തിവയ്ക്കുകയും മരുന്നുകൾ കൊടുക്കുകയും ചെയ്തു.

X 402 ആകെ ക്ഷീണിച്ചവശയായി. എന്നാലും അവൾ ആ പഴയ മൗനം വിട്ടില്ല. മൃഗാസ്പത്രിയുടെ ഷെഡ്ഡിൽ ചക്രവാളത്തിലേക്കു മിഴിനട്ട് ചെവികൂർമ്പിച്ച് അവൾ നിന്നു.

X 402—നെക്കൂടാതെ ഷെഡ്ഡിൽ മറ്റൊരു പശുവേ ഉണ്ടായിരുന്നുള്ളു. ഡയറിഫാമിലെ ഏറ്റവും പഴക്കം കൂടിയ നാടൻ ജനുസ്സിലൊന്ന്. അവൾക്കു പ്രായമേറെ ആയിരുന്നെങ്കിലും കൂടെക്കൂടെ പ്രസവിച്ചിരുന്നതുകൊണ്ട് കശാപ്പുശാലയിലേക്കയച്ചിരുന്നില്ല. പാൽ കുറവെങ്കിലും കൊഴുപ്പുണ്ട്. തീറ്റ തെല്ലു മതിതാനും. വേണമെങ്കിൽ ഒന്നോ രണ്ടോകൂടി പ്രസവിക്കുവാനവൾക്കു കാലമുണ്ടെ ന്നാണു ഡോക്ടർ പറയുന്നത്.

X 402—നാടൻപശുവും പരസ്പരം അവഗണിച്ചതുപോലെ കുറേസമയം നിന്നു. പിന്നെ നാടൻപശു ഒന്നു തുമ്മി. തലകുലുക്കി. ചെവിയാട്ടി. നീണ്ടവാൽ ചുഴറ്റി. X 402—ന്റെമേൽ ഉരുമ്മത്ത ക്കവണ്ണം അടിക്കുകയും ചെയ്തു. X 402—നു തിരിഞ്ഞുനോക്കാതിരിക്കാൻ കഴിഞ്ഞില്ല. ഇതെന്തൊരു ശല്യമാണ് എന്നു ചോദിക്കുംവിധം. അവൾ പകച്ച കണ്ണുകൾകൊണ്ടു നാടൻപശുവിനെ നോക്കി. പിന്നെ തലതിരിച്ചു.

മൃഗങ്ങൾക്കു പരസ്പരം മനസ്സിലാക്കാൻ ഭാഷ ഉണ്ടോ എന്ന് നമുക്കറിഞ്ഞുകൂടാ. ഉണ്ടായി രിക്കണം. അല്ലെങ്കിൽ അവ എങ്ങനെയാണ് ആശയങ്ങൾ കൈമാറുന്നത്? മുട്ടിയോ ഉരുമ്മിയോ നക്കിയോ അമറിയോ എങ്ങനെയായാലും വേണ്ടില്ല. അവർ അന്യോന്യം പറയാനുള്ളതു പറയു കയും അറിയാനുള്ളത് അറിയുകയും ചെയ്യുന്നുണ്ടല്ലോ.

ഷെഡ്ഡിൽനിന്നു മനുഷ്യന്റെ നിഴൽ മാറിക്കഴിഞ്ഞപ്പോൾ അക്ഷമയായ നാടൻപശു നവാഗത യോടു ചോദിച്ചു:

"അപ്പോൾ നീയാണ് X 402 അല്ലേ? ഈ ഡയറി ഫാമിലെ പേർപെറ്റ പ്രദർശനമൃഗം.... നിനക്ക് എന്തുപറ്റി....?

ഈ ചോദ്യത്തിൽ അസൂയയും ആക്ഷേപഹാസ്യവുമുണ്ടെന്നു വ്യക്തമായിരുന്നു. X 402 അല ക്ഷ്യമായി ഈച്ചയാട്ടി. അവൾ ചോദ്യം കേട്ടില്ലെന്നു നടിച്ചു.

അല്പസമയം മൗനം. നാടൻപശുവിന് ഇതു സഹിക്കുവാൻ പ്രയാസമായി. അവൾ അല്പം മയപ്പെടുത്തി വീണ്ടും ചോദിച്ചു:

"നിന്നെക്കണ്ടിട്ട് സുന്ദരിയായിരിക്കുന്നല്ലോ കുട്ടീ നീ ചെറുപ്പവുമാണ്. എന്നിട്ടും ഇങ്ങനെ വന്നത് അത്ഭുതമായിരിക്കുന്നു. നമ്മുടെ ഈ സുഭിക്ഷമായ ഡയറി ഫാമിൽ ഇങ്ങനെയൊരു രോഗം മുമ്പു കണ്ടിട്ടില്ല... നല്ല പ്രായം. നല്ല മതിപ്പ്. നല്ല പരിചരണം. എന്നിട്ട് ഇവൾക്ക് എന്തുപറ്റിപ്പോയി?"

സുന്ദരിയും നല്ല ജനുസ്സുമായതാണ് എനിക്കു പറ്റിയ ഏറ്റവും വലിയ ശാപം എന്നു പറയുംമ ട്ടിൽ X 402 ദയനീയമായി നാടൻപശുവിനെ നോക്കി. ഈ നോട്ടം അവളുടെ ഉള്ളിൽ തട്ടി. അവൾ തുടർന്നു:

"പണ്ട് എനിക്കു നാടൻ ജനുസ്സ് ഒരു കൂട്ടുകാരിയുണ്ടായിരുന്നു. ഏതോ ഒരു മുക്കുറയുടെ ശബ്ദം കേൾക്കുന്നുവെന്നു പറഞ്ഞ് അവൾ ചെവികൂർപ്പിച്ചു നില്ക്കും. കറവക്കാരനെ ചവിട്ടും.

പാൽ ചുരത്തില്ല. ഒടുവിൽ അവർ അവളെ കശാപ്പുശാലയിലേക്കു കൊടുത്തയച്ചു പാവം! നിനക്ക് അങ്ങനെ വരാനിടയില്ലല്ലോ. പുതിയ തലമുറയുടെ പുതിയ സന്തതിയാണല്ലോ."

X 402 ഖേദപൂർവ്വം തലകുലുക്കി. അതെ. ഞാൻ പുതിയ വർഗ്ഗത്തിന്റെ പുതിയ പ്രതിനിധിയാണ് എന്റെ അമ്മ ഇന്ത്യയിലും അച്ഛൻ ഇംഗ്ലണ്ടിലും മുത്തച്ഛൻ സ്വിറ്റ്സർലണ്ടിലും ആയിരുന്നത്രെ. പക്ഷേ ആരുമാരും തമ്മിൽ കണ്ടിട്ടില്ല. എന്നാലും അഭിമാനിക്കാമല്ലോ, എല്ലാ ഇനത്തിന്റെയും എല്ലാ നന്മകളും ചേർന്നവളാണെന്ന്. എന്നെ അവർ നല്ലതുപോലെ പോറ്റുകയും ചെയ്യുന്നു. എന്നാലും, എന്തോ ഒരു വല്ലായ്മ ഏതോ ഒന്ന് മറന്നതുപോലെ. അല്ലെങ്കിൽ അറിയാനുള്ളതുപോലെ. ഓർത്തോർത്തു നില്ക്കുമ്പോൾ തീറ്റ തിന്നാനും പാൽ ചുരത്താനുംകൂടി മറന്നുപോവുന്നു ഞാൻ.

പതിനാറു വയസ്സായ പേരക്കുട്ടിയുടെ അസ്വസ്ഥമായ മുഖത്തു നോക്കി അമ്മൂമ്മ പ്രവചിക്കുംപോലെ നാടൻപശു പിറുപിറുത്തു:

"എനിക്കു മനസ്സിലായി കുഞ്ഞേ, എനിക്കു മനസ്സിലായി. നീ എന്തോ ചിലതു ധരിച്ചിരിക്കുന്നു. എന്തോ വളരെക്കുറച്ച്. എത്രത്തോളമെന്നു പറയൂ."

X 402 ലജ്ജയോടെ, വ്യഗ്രയോടെ, കൂട്ടുകാരിയുടെ താടയിൽ മുട്ടിയുരുമ്മി നിന്നു. അവൾ മടിച്ചുമടിച്ചു ചോദിച്ചു:

"ഞാൻ ഒരു രഹസ്യം ചോദിക്കട്ടെ ചേച്ചീ? നമ്മുടെ ജാതിയിൽ കാള എന്നൊരു വർഗ്ഗമുണ്ടോ? നമ്മുടെ വയറ്റിൽ പിറക്കുന്ന കുട്ടികളുടെ അച്ഛൻ...."

നാടൻപശു ഭീതിയോടെ അവളെ തടഞ്ഞു. ചുറ്റും പറ്റും നോക്കി. സൂക്ഷിപ്പുകാർ വരുന്നുണ്ടോ? മറ്റു പശുക്കൾ കേൾക്കുന്നുണ്ടോ? നിരോധിക്കപ്പെട്ട വിഷയമാണ് ചർച്ചയ്ക്കു വരുന്നത്. അവൾ ശാസനയോടെ പിറുപിറുത്തു:

"ചോദിക്കരുതാത്തതാണു കുട്ടീ നീ ചോദിച്ചത്. നമ്മെ രക്ഷിക്കുന്നവർ നമ്മെ അറിയിക്കുന്നിടത്തോളമേ നാം അറിയാവൂ. അവർ നമുക്കു തീറ്റ തരുന്നു. നല്ല തൊഴുത്തുകളിൽ കെട്ടുന്നു. രോഗം വന്നാൽ ചികിത്സിക്കുന്നു. നമ്മുടെ എല്ലാ ചുമതലകളും അവർക്കാണ്. കൂടുതൽ എന്തിനറിയണം?"

X 402 വിറച്ചു. "അരുതാത്തതാണെന്നെനിക്കറിയാം ചേച്ചീ. പക്ഷേ, എന്തുചെയ്യാം. ആ തോന്നൽ മനസ്സിൽനിന്നു മാറുന്നില്ല. ഭംഗിയുള്ള കൊമ്പും തൂങ്ങിയ താടയും തുള്ളിത്തുളുമ്പുന്ന കുഞ്ഞയുമുള്ള കൂറ്റനായ ഒരു മൃഗം. അത് അമറുന്നത് കടലലപോലെ മുഴങ്ങുമത്രേ. ടപ്പ് ടപ്പ് എന്ന കുളമ്പടി പതിപ്പിച്ചുകൊണ്ട് കുതിച്ചുപാഞ്ഞു മണ്ണും കല്ലും കരിംപാറയും കുത്തിയിളക്കി കളിക്കുമത്രേ. അങ്ങനെയൊന്നിനെ താൻ കണ്ടിട്ടുണ്ടെന്ന് എന്റെ പഴയ ഫാമിലെ കൂട്ടുകാരി അതിരഹസ്യമായി പറഞ്ഞിരുന്നു. പക്ഷേ, പ്രദർശനസ്ഥലത്തെ സ്റ്റാളിൽ ചുമരിനപ്പുറത്തുനിന്ന് അത്തരമൊരു മുക്കുറയും കുളമ്പടിയും കേട്ടപ്പോൾ ഞാനാകെ വിരണ്ടുപോയി. കാണികളെ ഹരംപിടിപ്പിക്കുമാറ് കൂത്താടിത്തുള്ളിപ്പോയി. ആളുകൾ നിയന്ത്രിച്ചില്ലായിരുന്നെങ്കിൽ ഞാൻ ആ കനത്ത ഭിത്തി ഇടിച്ചു

തകർക്കുമായിരുന്നു. ഏറ്റവും നല്ല പശുവിനുള്ള ഒന്നാംസമ്മാനം നേടിക്കൊണ്ട് ഇവിടെ വന്നിട്ടും ആ ഓർമ്മ വിട്ടുമാറുന്നില്ല. എങ്ങനെയിരിക്കും. അവൻ? അവൻ ഉണ്ടോ? ഭംഗിയുള്ള കൊമ്പും തൂങ്ങിയ താടയും തുള്ളിത്തുളുമ്പുന്ന ഉപ്പുറ്റിയുമുള്ള അവൻ. അന്നുമുതൽ തുടങ്ങിയതാണീ ചിന്ത."

"ശ്! ശ്! മതിയാക്ക്!" പഴയ പശു വീണ്ടും ചുറ്റുപാടും നോക്കി. എന്നിട്ടു തന്റെ മോന്ത മറ്റവളുടെ ചെവിയിൽ ചേർത്തുരസിച്ചുകൊണ്ടു പറഞ്ഞു:

"അങ്ങനെയുണ്ടെങ്കിലും അതു വിചാരിക്കുവാൻ പാടില്ല കുട്ടീ. പ്രകൃതിയുടെ വിളി നമ്മൾ കേട്ടുകൂടാ. പശു പ്രസവിക്കുവാനും പാൽ ചുരത്തുവാനും മാത്രമുള്ളവളാണ്! നമ്മുടെ ഗർഭാശയത്തിൽ എത്തിപ്പെടേണ്ട ബീജം ഏതെന്നു നിശ്ചയിക്കേണ്ടത് അവരാണ്. ശാസ്ത്രജ്ഞന്മാർ എന്നു പറയുന്ന കൂട്ടർ. അവർക്ക് ഇടുക്കു തൊഴുത്തുകളുണ്ട്. സിറിഞ്ചുണ്ട്. മരവിപ്പിച്ച ജീവബീജങ്ങളുണ്ട്. അതു വളർത്തുവാനുള്ള ഗർഭപാത്രങ്ങൾ മാത്രമേ വേണ്ടു. ഒന്നോർത്തുനോക്കൂ. നമ്മൾ പത്തു മാസം ചുമന്നു നൊന്തുപെറ്റ കുട്ടികൾ ഒരിക്കലെങ്കിലും അകിട്ടിൽ മുട്ടി മുല കുടിച്ചിട്ടുണ്ടോ? പ്രസവിച്ചു വീഴുമ്പോഴേ അവർ എടുത്തുകൊണ്ടു പോകുന്നു. എന്നിട്ട് തരംതിരിച്ച പാൽ കുപ്പികളിൽ അളന്നു കൊടുത്ത് വളർത്തും. ആണിനെയും പെണ്ണിനെയും വെവ്വേറെ ഷെഡ്ഡിൽ കെട്ടുന്നു. പെണ്ണിനെ വീണ്ടും പ്രസവിപ്പിക്കുവാൻ, ആണിനെ തീറ്റ കൊടുത്തു കൊഴുപ്പിച്ച് നുറുക്കിത്തിന്നുവാൻ. നമ്മൾ വയ്ക്കോൽ തിന്നുംപോലെ അവർ നമ്മുടെ കുട്ടികളെ ചവച്ചരച്ചു തിന്നുന്നു. മൃഗത്തിന്റെ വിധി ഇതാണു മകളെ. എനിക്കു പലപ്പോഴും തോന്നാറുണ്ട്. നമുക്കു പ്രസവിക്കാനുള്ള ശക്തികൂടി നശിച്ചിരുന്നെങ്കിൽ എന്ന്. എങ്കിൽ.....എങ്കിൽ എത്ര നന്നായിരുന്നു!"

X 402 വിറച്ചു. അവൾ നാടൻപശുവിനോട് കൂടുതൽ പറ്റിച്ചേർന്നുനിന്നു. തന്റെ അമ്മ അവളാണെന്നറിഞ്ഞതുപോലെ. നാടൻപശുവും ഉത്തേജിതയായി. മകളെപ്പോലെ അവളെ നക്കിത്തുടച്ചുകൊണ്ടു പറഞ്ഞു:

"പാവപ്പെട്ട കുട്ടീ, നീ പുരുഷാന്തരമറിഞ്ഞ പുതിയ വർഗ്ഗമാണ്. നിന്റെ പരമ്പരയ്ക്ക് ഈ ചാപല്യം ഉണ്ടാവരുതാത്തതാണ്. എന്നിട്ടും എന്തേ ഈ ശാപം പിൻതുടരുന്നു? ഞാൻ ഒരു നാടൻജനുസ്സിന്റെ മകളാണ്. അമ്മയുടെകൂടെ കുറച്ചുനാൾ കഴിയാനും സാധിച്ചു. തങ്ങളുടെ അമ്മയമ്മൂമ്മമാർ കഴിഞ്ഞുകൂടിയിരുന്ന പഴയ നല്ല കാലങ്ങളെപ്പറ്റി ചിലപ്പോൾ അവർ വിസ്തരിക്കും. അന്നു മനുഷ്യർ പ്രത്യേകംപ്രത്യേകം വീടുകളിലായിരുന്നത്രേ പാർത്തിരുന്നത്. ഓരോ വീടിനോടും ചേർന്ന് ഓരോ ആലയുണ്ട്. അവിടെ പശുക്കളും കാളകളും കിടാങ്ങളും ഒരുമിച്ചു കഴിഞ്ഞു. രാവിലെ ഇടയർ തെളിച്ച് കാടുകളിലും മലകളിലും കൊണ്ടുപോവുന്നു. അവിടെ അവർ തിന്നു മദിച്ച് സ്വച്ഛന്ദം കൂത്താടി. അവിടെ വച്ച് ഇണചേർന്നു. പ്രസവിച്ചു. വീട്ടമ്മമാരുടെ ഓട്ടുമൊന്തകളിലേക്കു പാൽ ചുരത്തിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നാലും എന്തൊരു സ്നേഹം! എന്തൊരു സ്വാതന്ത്ര്യം! നീ കേട്ടിട്ടുണ്ടോ മകളെ, പണ്ടുപണ്ടു പശുക്കളെ മേയ്ക്കുവാൻ മാത്രമായി ഈശ്വരൻ ഭൂമിയിൽ

ഭൂമിയിൽ അവതരിച്ചിട്ടുണ്ടത്രേ. നീലപ്പീലി മുടിയിൽ തിരുകി കോലക്കുഴലുമായി ആ ബാലൻ ഗോവർദ്ധനഗിരിയിൽ അലഞ്ഞു നടക്കും. ഗോപാലബാലന്റെ വേണുഗാനം കേട്ടു മയങ്ങിമയങ്ങി പശുക്കൾ പകുതി ചവച്ച പുല്ലും വച്ചുകൊണ്ടു മതിമയങ്ങി നില്ക്കാറുണ്ടായിരുന്നുപോൽ."

പറഞ്ഞുപറഞ്ഞുവരവേ നാടൻപശുവിനു നിയന്ത്രണം വിട്ടുപോയി. അവൾ ധാരമുറിയാതെ സംസാരിച്ചു. ഭൂതകാലത്തിന്റെ ഗഹനതയിൽനിന്നു തന്റെ മനസ്സിൽ പതിഞ്ഞിട്ടുള്ള ഓർമ്മകളെല്ലാം വാർന്നൊഴുകി. കാമധേനുവിന്റെ കഥ, ഹോമധേനുവിന്റെ കഥ, യമുനാതീരത്തെ പുൽത്തകിടിയിൽ രാധാകൃഷ്ണന്മാരുടെ കോലാഞ്ചലത്തിൽ ഉരുമ്മിനിന്ന നന്ദിനി എന്ന പശുക്കിടാവിന്റെ കഥ. X 402 ആത്മവിസ്മൃതയായി കേട്ടുനില്ക്കുകയായിരുന്നു. അവൾ മുക്കുറയുടെ ശബ്ദം മറന്നു. കൂറ്റന്റെ രൂപം മറന്നു. മനുഷ്യരുടെ ക്രൂരത മറന്നു. അതിദൂരത്തുനിന്നു വരുന്ന ഒരു ഓടക്കുഴലിന്റെ നാദത്തിൽ ലയിച്ചു രോമാഞ്ചത്തിൽ കുളിച്ചുപോയി അവൾ.

തങ്ങളുടെ മുത്തശ്ശിമാർ എത്ര ഭാഗ്യവതികളായിരുന്നു! സ്നേഹിക്കുന്ന മനുഷ്യരെ ആശ്രയിച്ച് അവരുടെ കൂട്ടുകൂടി അവർക്കുവേണ്ടി പാൽ ചുരത്തി ഇണങ്ങിക്കഴിഞ്ഞ കാലം. പാട്ടുപാടുന്ന ഇടയനുമൊത്തു കാട്ടിൽ നടക്കുന്നകാലം. അത് ഇനി എന്നെങ്കിലും തിരിച്ചുവരുമോ ചേച്ചീ? നമ്മൾ അതു കാണാൻ ജീവിച്ചിരിക്കുമോ?

X 402—ന്റെ നിറുകയിലും കഴുത്തിലും താടിയിലും നക്കിനക്കി ഓമനിച്ചുകൊണ്ടു നാടൻ പശു പറഞ്ഞു:

"ആർക്കറിയാം മകളെ, പാവം മനുഷ്യർ! അവരും നമ്മേപ്പോലെ ദുഃഖിതരാണ്. തമ്മിൽ പരീക്ഷിച്ചുനോക്കി വിജയിച്ചു എന്നു വിചാരിക്കുന്ന വിദ്യകളൊക്കെ തങ്ങളിലും ഏർപ്പെടുത്തി കൃതാർത്ഥരാവുകയാണവർ. കൃത്രിമത്വത്തിന്റെ ചുവ അവസാനം അവരേയും അസ്വസ്ഥരാക്കാതിരിക്കയില്ലല്ലോ. പ്രകൃതിയുടെ വിളി അത്ര ശക്തമാണു കുഞ്ഞേ. അതു മനസ്സിലാക്കുമ്പോൾ..... അന്ന് ഒരു പക്ഷേ, അവർ നമ്മെയും സ്വതന്ത്രരാക്കിയേക്കാം."

X 402—ം 3-ാം നമ്പർ നാടൻജനുസ്സും ഉപയോഗശൂന്യരായതായി ഡോക്ടർ സർട്ടിഫൈ ചെയ്തിരിക്കുന്നു. അവയെ ഉടനെ കശാപ്പുശാലയിലേക്കു മാറ്റണം. തോലെങ്കിലും കേടുകൂടാതെ കിട്ടട്ടെ."

(കഥ നടക്കുന്ന കാലം, സ്ഥലം: 21-ാം നൂറ്റാണ്ടിലേക്കുള്ള നടവഴിയിലൊരിടം.)

------------

ധീരേന്ദു മജുംദാറുടെ അമ്മ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 39 മുതൽ

## ഒടുവിലത്തെ മകൻ

(കാരൂർ നീലകണ്ഠപിള്ള)

"വടക്കേച്ചെറേലെ കുഞ്ഞാമനു ജോലി കിട്ടി, ഇല്ലേടാ?"

"കിട്ടിയെന്നാ കേട്ടത്. അവന്റെ പേര് രാമചന്ദ്രനെന്നാ."

"നീയെന്നെ പഠിപ്പിക്കാൻവരുകാ? ഞാനാ അവന് ആ പേരിട്ടത്. നിന്നോടാരാ പറഞ്ഞത് അവനു ജോലി കിട്ടിയെന്ന്?"

"അവൻ തന്നെയാ. നാളെ പോകുംപോലും."

"എന്റെ ഒടുവിലത്തേ മകനാ അവൻ."

ഗോപകുമാരൻ അമ്പരന്ന് അവരെ നോക്കി.

"അമ്മൂമ്മേടെ മകനോ!"

"നിന്റെ ചോദ്യം കേട്ടാൽ തോന്നുമല്ലോ നീ എന്റെ മകനല്ലെന്ന്."

അമ്മൂമ്മയുടെ സ്ക്രൂ ഇളകിയെന്ന് അവനു തോന്നി.

"എനിക്കു നാല്പത്തിയേഴു മക്കളുണ്ടായെടാ, ആണും പെണ്ണുമായിട്ട്. അതിൽ ഒൻപതും പോയി. കുഞ്ഞുങ്ങളെ നോക്കി വളർത്താൻ മേലാത്തവളൊക്കെ എന്തിനാ പെറാൻപോണത്?"

"ഞാൻ പോകുകാ അമ്മൂമ്മേ. ധിറുതിയുണ്ട്."

"നീ ധിറുതിക്കാരനല്ലല്ലോടാ. എത്ര മടിച്ചുമടിച്ചാ ഇങ്ങോട്ടു വന്നത്?"

"ഞാൻ മടിച്ചുമടിച്ചൊന്നുമല്ല വന്നത്."

"ഇപ്പോൾ വന്ന കാര്യമല്ല ഞാൻ പറഞ്ഞത്. നീ ഭൂമിയിലേക്കു വന്ന കാര്യം പറയുകയായിരുന്നു."

"അതൊന്നും ഞാനോർക്കുന്നില്ല."

"നീയെങ്ങനെ ഓർക്കാനാ? നിന്റെ അമ്മയും അതൊക്കെ മറന്നുകാണും. ഞാനതൊന്നും മറന്നിട്ടില്ല. ഞാൻ പിള്ളകൊള്ളാൻ പോയെടത്തെ കഥയൊക്കെ ഓർക്കുന്നുണ്ട്."

"ഓ, അവരൊക്കെയായിരിക്കും അമ്മൂമ്മയുടെ മക്കൾ. കുഞ്ഞാമനെപ്പെറ്റപ്പഴും അമ്മൂമ്മയായിരുന്നോ വയറ്റാട്ടി?"

അവന്റെ മുഖത്തു പരിഹാസം പരന്നു. അത് അമ്മൂമ്മയുടെ ശ്രദ്ധയിൽ പെട്ടു.

"നിനക്കു ധിറുതിയാണെങ്കിൽ പൊക്കോ."

പോകുന്നവഴിക്കവനോർത്തു, നങ്ങേലിയമ്മൂമ്മ തന്നെ ഒരിക്കൽ കുറ്റപ്പെടുത്തിയത്.

അവൻ അവരുടെ വീട്ടിൽ ചെന്നപ്പോൾ അമ്മൂമ്മ കൈയിലെ നഖം വെട്ടുകയായിരുന്നു. "നിന്റെ കൈയൊന്നു കാണിച്ചേടാ," എന്നു പറഞ്ഞ് അവർ കൈടിപിടിച്ചു നോക്കി. നീണ്ട നഖവും അതിനി

ടയിലിരിക്കുന്ന ചെളിയും കണ്ടിട്ട് അവർ ശകാരിച്ചു. നഖം മുറിച്ചുകളഞ്ഞു. ഇനി ഇങ്ങനെ ചെളിയുംവച്ചുകൊണ്ടു നടന്നാൽ വിരൽ മുറിച്ചുകളയുമെന്നു താക്കീതുചെയ്തു. അമ്മൂമ്മ ദിവസവും നഖം വെട്ടുമത്രെ. കാണുമ്പഴൊക്കെ അവർ വലിയ അധികാരത്തിലാ സംസാരിക്കുന്നതും ഉപദേശിക്കുന്നതും. എന്താണോ ഇത്ര അധികാരമെടുക്കാൻ കാരണം!

ഗോപകുമാരൻ പോയപ്പോൾ നങ്ങേലിയമ്മൂമ്മ വിചാരിച്ചു: അവനും ആക്ഷേപം. പുലച്ചിയുടെ പേറെടുക്കാൻ പോയതിന് എല്ലാവർക്കും ആക്ഷേപമായിരുന്നു. ഇപ്പോൾ ആക്ഷേപം തീർന്നുകാണുമെന്നു വിചാരിച്ചു. അന്നു തീണ്ടലുണ്ടായിരുന്നു. അതിപ്പോൾ പോയി. എന്റെ കൈയിൽക്കൂടി ഭൂമിയിലേക്കു വന്ന അവൻ പഠിത്തക്കാരനായി. ഇപ്പോൾ സർക്കാരുജോലിക്കാരനായി. അവരുടെ കുടിയിലും കൂട്ടത്തിലും ആദ്യത്തെ സർക്കാർ ജോലിക്കാരൻ കുഞ്ഞാമനാ. അന്ന് ഇത്രയ്ക്കൊന്നും വിചാരിച്ചില്ല. ആക്ഷേപിച്ചു ചിരിച്ചേച്ച് ഇപ്പോളിവിടുന്നു പോയവനും കുഞ്ഞാമനും തമ്മിൽ എന്താ വ്യത്യാസം? പെറ്റുവീണപ്പോൾ ഒരുപോലെയായിരുന്നു. പേറും ഒരുപോലെ. വയറ്റിലുണ്ടായതും ഒരുപോലെതന്നെ. എന്നിട്ട് അവനു പരിഹാസം! എന്നാൽ അവനു പരീക്ഷയിൽ ഒന്നു ജയിക്കാമായിരുന്നല്ലോ?

നങ്ങേലിയമ്മ ഒന്നേ പ്രസവിച്ചുള്ളു. രണ്ടുനാഴിക തികച്ച് ആ കുട്ടി ഭൂമിയിൽ കിടന്നില്ല. ഈശ്വരവിധിയെന്നും ഭാഗ്യദോഷമെന്നും എല്ലാരും പറഞ്ഞെങ്കിലും ശിശു മരിച്ചതു പതിച്ചിയുടെ നോട്ടക്കുറവുകൊണ്ടാണെന്നു മാതാവിനു തോന്നി. ആ തോന്നൽ ഉറയ്ക്കുകയും ചെയ്തു. പിന്നെ അവർ ഗർഭം ധരിച്ചില്ല. സന്താനലാഭത്തിനുള്ള ആശ ക്രമേണ തേഞ്ഞുമാഞ്ഞു പോയി. തന്റെ അനുഭവം മറ്റുള്ളവർക്കുണ്ടാകാതെയിരിക്കണമെന്ന് ആ സ്ത്രീ ആഗ്രഹിച്ചു. പതിച്ചിയെ സഹായിക്കാൻ അവരും കൂടിത്തുടങ്ങി. പ്രസവസമയത്തും അതു കഴിഞ്ഞാലും എങ്ങനെയൊക്കെ മാതാവിനെ സഹായിക്കാമെന്നും പരിചരിക്കണമെന്നും അവർ മനസ്സിലാക്കി. പെറ്റ പെണ്ണുങ്ങളോടും പതിച്ചിയോടും വൈദ്യന്മാരോടും ചോദിച്ച് അവർ പലതും ഗ്രഹിച്ചു. അന്ന് ആശുപത്രികൾ വളരെ കുറവായിരുന്നു. അതുകൊണ്ടു പലരും നങ്ങേലിയമ്മയുടെ സഹായം ആവശ്യപ്പെട്ടു. എപ്പോഴും ഈറ്റുപുരയിലേക്കു പോകാൻ തയ്യാറെടുത്തു കാത്തിരിക്കും നങ്ങേലിയമ്മ. അറിയുന്ന സ്ഥലത്തെങ്ങാനും പ്രസവമടുത്തിട്ടുണ്ടെങ്കിൽ പിന്നെ കുളിച്ചു വൃത്തിയായി ശുചിയായ വസ്ത്രം ധരിച്ചേ ആ വയറ്റാട്ടിയെ കാണാൻ കഴിയൂ. ആ പ്രവൃത്തിയിൽ അവരെ ആരും കുറ്റം പറഞ്ഞിട്ടില്ല. ഒടുവിൽ അതും ഉണ്ടായി. തള്ളയ്ക്കോ പിള്ളയ്ക്കോ അപകടമുണ്ടായിട്ടല്ല, ജാതിമര്യാദയെ ലംഘിച്ചതിനാണ് ആക്ഷേപമുണ്ടായത്.

വൈകുന്നേരം കുളിക്കാൻ തോട്ടുകടവിൽ ചെന്നതാണ്. ചിറയിൽ മാടത്തിന്റെ മുറ്റത്തു നീലിപ്പുലക്കള്ളി നില്ക്കുന്നു.

"എന്താ നീലിയേ ചുമ്മാ നില്ക്കുന്നെ? തിരുമയ്ക്ക് ഇതല്ലേ മാസം? അവളെന്ത്യേ? അറിയാവുന്ന വയറ്റാട്ടിമാരെ വല്ലോരേം വിളിക്കണം, കെട്ടോ? കൊച്ചുപെണ്ണാ."

"അവളു മാടത്തിനകത്തൊണ്ട്. ഏതാണ്ടു വല്ല്യായ്മയാ. പേറടുത്തെന്നാ തോന്നണെ. കണ്ണമ്പെലേൻ പുലിമുട്ടേലെ മൂത്തപെലക്കള്ളിയെ വിളിക്കാൻ പോയേക്കുവാ."

നങ്ങേലിയമ്മ മുഖവും കൈയും കാലും കഴുകി മാടത്തുങ്കലേക്കു ചെന്നു. കുറച്ചുനേരം മുറ്റത്തു നിന്നു. നീലിപ്പുലക്കുള്ളിക്കു ചില നിർദ്ദേശങ്ങൾ കൊടുത്തു. മാടത്തിനുള്ളിൽനിന്നു തിരുമദീനസ്വരം പുറപ്പെടുവിക്കുന്നതു കേട്ടു. അവളുടെ കിടഞ്ഞൂൽപ്രസവമാണ്. നങ്ങേലിയമ്മ അകത്തേക്കു ചെന്നു. ചൂടുവെള്ളത്തിൽ തുണി മുക്കി ഗർഭിണിയുടെ ദേഹമൊക്കെ തുടച്ചു വൃത്തിയാക്കി. അതിനുപോലും കൊള്ളാവുന്ന ഒരു തുണിയെടുക്കാൻ അവിടെയില്ലാഞ്ഞിട്ട് തന്റെ തോർത്തുമുണ്ട് ഉപയോഗിക്കേണ്ടിവന്നു. അപ്പോഴേക്കു പിള്ളകൊള്ളാൻ മൂത്തപുലയി വന്നു. അവളെക്കൊണ്ട് ഒന്നും ചെയ്യിക്കാതെ നങ്ങേലിയമ്മ തന്നെ എല്ലാം ചെയ്തു. പൊക്കിൾക്കൊടി മുറിക്കുകയും കുഞ്ഞിനെ കുളിപ്പിക്കുകയും എല്ലാം അവർ ചെയ്തു. നീലിപ്പുലക്കള്ളി പറഞ്ഞു: "ക്ടാത്തൻ ഭാഗ്യോള്ളോനാ. തമ്പുരാട്ടീടെ കൈയിലേക്കാണല്ലോ പെറന്നത്!"

"അവൻ ഭാഗ്യമുള്ളവനാ. ഇന്നു നല്ല നാളാ. ആയില്യം വല്യ സമ്പാദ്യക്കാരനാകും."

എല്ലാരും ചിരിച്ചു.

കുളിക്കാൻപോയ അവരെ അന്വേഷിച്ചു വീട്ടിൽനിന്ന് ആളുവന്നു. അപ്പോളവർ പേറ്റുപുരയിലായിരുന്നു. വന്നവനു മാനക്കേടു തോന്നി; ദേഷ്യംവന്നു.

നങ്ങേലിയമ്മ തോട്ടിലിറങ്ങിക്കുളിച്ച് ഉടുത്തതിന്റെ അറ്റംകൊണ്ടു തോർത്തി. വീട്ടിൽ ചെന്നപ്പോൾ അവിടെ എല്ലാവരും മുറുമുറുക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു. അവരെ താങ്ങിപ്പറയാൻ മക്കളില്ലല്ലോ. മക്കളുണ്ടെങ്കിലോ?

അവരെ ചെറിയതോതിൽ ജലദോഷം ബാധിച്ചു.

പെറ്റ പെണ്ണുങ്ങളെ വേതുവെള്ളം ഉണ്ടാക്കി നങ്ങേലിയമ്മതന്നെയാണു കുളിപ്പിക്കാറുള്ളത്. ഏതായാലും ആക്ഷേപം കേട്ടു. എന്നാൽ പിന്നെ മുഴുവനായിക്കൊള്ളട്ടെ. തിരുമയെ വേതുകുളിപ്പിക്കാനും അവർ തന്നെ പോയി. അപ്പോഴും ജലദോഷം മാറിയിരുന്നില്ല. മഴക്കാലം. കലങ്ങിയ വെള്ളത്തിൽ മൂന്നുനാലു കുളി കൂടിയായപ്പോൾ നങ്ങേലിയമ്മ കിടന്നുപോയി. കടുത്ത പനി. ചെയ്യരുതാത്തതു ചെയ്തിട്ടാണെന്നു ചിലർ പറഞ്ഞു. പലർക്കും അവരോടു വെറുപ്പുതോന്നി. അടുത്തയാളുകൾപോലും അവരുടെ സേവനം ഇഷ്ടപ്പെടാതെയായി. ചിലർ ഡോക്ടർമാരേയും മിഡ്‌വൈഫുമാരേയും ആശ്രയിച്ചു. അറിവുള്ള ആളുകൾ നാട്ടുപതിച്ചിമാരെപ്പറ്റി ആക്ഷേപം പറഞ്ഞുതുടങ്ങി. തിരുമയുടെ പ്രസവത്തിനുശേഷം നങ്ങേലിയമ്മയുടെ മാന്യത മങ്ങി. ഉത്സാഹം മന്ദിച്ചു.

അവരുടെ വീട്ടിലെ ഒരു സ്ത്രീയുടെ പ്രസവം. നങ്ങേലിയമ്മയുണ്ടല്ലോ. മറ്റാരെയും വിളിച്ചില്ല. നോവു തുടങ്ങിയിട്ടു കുറേനേരമായി. പിന്നെ നോവു നിന്നു. നങ്ങേലിയമ്മയ്ക്കൊരു തന്റേടക്കുറവ്. അപ്പാത്തിക്കരിയെ വിളിക്കുന്നതാണു നല്ലതെന്ന് അവർക്കു തോന്നി. വീണ്ടും നോവ്.

എന്നാലും ധൈര്യം വരുന്നില്ല. നങ്ങേലിയമ്മ പറഞ്ഞു: “വേറെ ആരെയെങ്കിലും വരുത്തണം. അപ്പാത്തിക്കരിയാകട്ടെ.”

ഡാക്ടറും മിഡ്‌വൈഫും വന്നു. ഗർഭിണിയെ ആശുപത്രിയിലേക്കു കൊണ്ടുപോയി. അതിനുമുൻപ് ഡാക്ടർ നാട്ടുപതിച്ചിമാരെ വേണ്ടതിലധികം കുറ്റംപറഞ്ഞു നങ്ങേലിയമ്മ നാണിച്ചു നാക്കടഞ്ഞു നിന്നു. ആശുപത്രിയിൽ ചെന്നിട്ടു താമസമുണ്ടായില്ല, കുട്ടിയെ മുറിച്ചുമുറിച്ചെടുത്തു തള്ള ജീവിച്ചല്ലോ! എന്നാലും അവൾക്കു പനി വന്നു. അഞ്ചാറു ദിവസം കഴിഞ്ഞു. കഥയും തീർന്നു.

നങ്ങേലിയമ്മ നടുങ്ങി. താനാണല്ലോ പറഞ്ഞത് ഡാക്ടറെ വിളിക്കാൻ. തനിക്കു തന്റേടം കുറഞ്ഞു. ഇനി വയ്യ. വല്ലവരും ചെന്നു വിളിച്ചാൽ അവർ പറയും: “എനിക്കു വയസ്സും പ്രായോ ആയി. പച്ചവെള്ളത്തിൽ കുളിക്കാൻ വയ്യ. നിങ്ങളുവേറെ വല്ലോരേം വിളിക്കിൻ.”

ഇങ്ങനെ അവർ ആ തൊഴിലിൽനിന്നു വിരമിച്ചു. തന്റെ കൈയിലേക്കു പിറന്നുവീണ എല്ലാവരും തന്റെ മക്കളാണെന്ന് അവർക്കു തോന്നിയിരുന്നു. അവരെയൊക്കെ വാത്സല്യത്തോടെയും അധികാരത്തോടെയും വീക്ഷിച്ചുപോന്നു.

പനി മാറി ആരോഗ്യം വീണ്ടുകിട്ടിയശേഷം ആദ്യം കുളിക്കാൻ തോട്ടിൽ ചെന്നപ്പോൾ അവർ ചിറയിൽ ചെന്നു തിരുമയുടെ കുട്ടിയെ കണ്ടു. “ഇവനെ ഞാൻ തന്നെ ഇരുപത്തെട്ടുകെട്ടിക്കണമെന്നു വിചാരിച്ചതാ. എന്താ ചെയ്ക, ദെണ്ണം പിടിച്ചുപോയി,” എന്നു പറഞ്ഞു.

തോട്ടിൽ ചെല്ലുമ്പോളൊക്കെ കുഞ്ഞാമനെ കാണാറുണ്ട്. അനുഗ്രഹിക്കാറുണ്ട്. “എന്റെ ഒടുവിലത്തെ മകനാണിവൻ.” എന്നു തമ്പ്രാട്ടി പറയുമ്പോൾ തിരുമയുടെ മുഖം പ്രസന്നമാകാറുണ്ട്.

ഒരു പ്രസവത്തിനു പോയാൽ അവർക്കു കിട്ടുന്ന പ്രതിഫലം ഒരു പുടവയാണ്. ചിലപ്പോൾ രണ്ട്. അതുകൊണ്ട് എപ്പോഴും വെളുപ്പിച്ച പടുവ ഉടുത്തുകൊണ്ടു നടക്കാനവർക്കു കഴിയുമായിരുന്നു. മേൽമുണ്ടു ധരിക്കുന്ന കൂട്ടത്തിലായിരുന്നില്ല അമ്മൂമ്മ.

“അവനു ജോലി കിട്ടിയിട്ട് എന്നോടൊന്നു പറയാൻ തോന്നിയില്ലല്ലോ. എന്റെ കൈയിൽക്കൂടി ഭൂമിയിലേക്ക് ഒടുവിൽ വന്നവനാണ് അവൻ. തേവനെന്നോ പാപ്പനെന്നോ പേരിടാതെ രാമചന്ദ്രനെന്നു പേരിട്ടതു ഞാൻ പറഞ്ഞിട്ടാണ്. എന്നിട്ട് എല്ലാവരും വിളിക്കുന്നതു കേട്ടില്ലേ-കുഞ്ഞാമൻ. കൂട്ടത്തിൽ പഠിക്കുന്ന പിള്ളേരോട് അവന്റെ പഠിത്തക്കാര്യം ഞാൻ അന്വേഷിക്കുമായിരുന്നു. ഒരിക്കൽ അവന് ഉടുത്തോണ്ടുപോകാൻ മുണ്ടില്ലാഞ്ഞിട്ട് എന്റെ പുടക മുറിച്ചുകൊടുക്കുകയും ചെയ്തു. എന്നിട്ട് അവനു തോന്നിയില്ലല്ലോ ജോലികിട്ടിയ കാര്യം ഒന്നു പറയാൻ. പരീക്ഷയിൽ ജയിച്ചതും അവൻ പറഞ്ഞല്ല അറിഞ്ഞത്. മുപ്പത്തെട്ടു മക്കളുണ്ട് എനിക്കെന്നു ചുമ്മാ പറയാം. ആർക്കുമില്ല സ്നേഹം. ഒന്നും തരണ്ട; ബഹുമാനിക്കയും വേണ്ട. വല്ലപ്പഴും കൺവെട്ടത്തൊന്നു വരുകയോ ഒന്നു ചിരിക്കുകയോ ചെയ്യരുതോ ഇവർക്ക്? എന്റെ കുറ്റമായിരിക്കും. കാണുമ്പോൾ ഞാൻ അധികാരം ഭാവിക്കും. ഗുണദോഷിക്കും. ശാസിക്കും. ഇതൊക്കെ ആർക്കാണിഷ്ടപ്പെടുക? പ്രായമായ എനി

ക്കുതന്നെ വല്ലോരും ഉപദേശിച്ചാൽ ഇഷ്ടപ്പെടാറില്ല. പിന്നെയാ കുട്ടികൾ!"

രാമചന്ദ്രൻ വരുമെന്നും സന്തോഷവാർത്ത തന്നെ കേൾപ്പിക്കുമെന്നും അവർക്കു വിശ്വാസമുണ്ട്. അവൻ വരാൻ താമസിക്കുന്തോറും അവരുടെ ക്ഷമകേടു വർദ്ധിച്ചുവന്നു. വൈകുന്നേരമായപ്പോൾ അവനെ അങ്ങോട്ടുചെന്നു കണ്ട് അനുമോദിക്കാമെന്നു കരുതി അമ്മൂമ്മ പുറപ്പെട്ടു.

"തിരുമേ, കുഞ്ഞാമനില്ലേടീ ഇവിടെ?"

"അവൻ പടിക്കലേക്കു പോയിരിക്കുകാ. അവനു ജോലി കിട്ടി. അക്കാര്യം അവിടെച്ചെന്നു പറയണ്ടെ? അവരുടെ ചെറേലല്ലോ കെടക്കുന്നത്?"

നങ്ങേലിയമ്മയുടെ കണ്ണു നിറഞ്ഞു.

തിരുമ തുടർന്നു: "അവനു നാളെ കാലത്തേ ജോലിയിൽ ചേരാൻ കോട്ടയത്തിനു പോകണം. അതിനു നാലഞ്ചു രൂപാ ചോദിക്കാൻ കൂടിയാ പടിക്കലേക്കു പോയത്."

താൻ ഇവളുടെ പേറ്റിനു വന്നതിന് വലിയ ആക്ഷേപം പറഞ്ഞത് ഇവരുടെ പടിക്കൽക്കാരുതന്നെയാ എന്നു നങ്ങേലിയമ്മ ഓർത്തു. കുറച്ചുനേരം അങ്ങുമിങ്ങും നോക്കിനിന്നിട്ട് അമ്മൂമ്മ പറഞ്ഞു: "നാളെ പോകാൻ കാശു തെകഞ്ഞില്ലെങ്കിൽ അങ്ങോട്ടു വരാൻ പറ അവനോട്."

"എന്റെ അവസാനത്തെ മകനാ അവൻ."എന്നുകൂടി അവർ ഒച്ചയടക്കി പറഞ്ഞു.

കുഞ്ഞാമൻ നങ്ങേലിയമ്മൂമ്മയെ കാണാൻ അന്നും അടുത്ത ദിവസങ്ങളിലും ഒരിക്കലും ചെന്നില്ല. എന്തിനെന്ന് അവർക്കുതന്നെ അറിഞ്ഞുകൂടാത്ത ഒരു വേദന അവർ അനുഭവിച്ചുകൊണ്ടിരുന്നു. അതു കുറഞ്ഞുകുറഞ്ഞ് അവനോടും അവരുടെ മറ്റു മക്കളോടും ബന്ധുക്കളോടും ശത്രുക്കളോടും ഒരേ മനോഭാവം വന്നു ചേർന്നു. ഉദാസീനത.

രാമചന്ദ്രന് ഉദ്യോഗം ലഭിച്ചിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. അവൻ ഇപ്പോൾ നങ്ങേലിയമ്മൂമ്മയുടെ ആരുമല്ല. അപ്പോൾ അവർ കേട്ടു, അവൻ കൂട്ടത്തിൽ ജോലിചെയ്യുന്ന ഒരു നായർപ്പെണ്ണിനെ രജിസ്റ്റർ വിവാഹം കഴിച്ചെന്ന്. ആഹ്ലാദംകൊണ്ടു നങ്ങേലിയമ്മ ചീർത്തു. 'അന്ന് ആക്ഷേപം പറഞ്ഞവരൊക്കെ ഇപ്പോൾ എന്താ പറയുന്നതെന്നു കേൾക്കട്ടെ!' എന്നു പറഞ്ഞുകൊണ്ട് അവർ വേച്ചുവേച്ച് തിരുയുടെ മാടത്തിലേക്കു നടന്നു. അവിടെച്ചെന്ന് അവളോടു പറഞ്ഞു: "ഞാൻ പറഞ്ഞില്ലേടീ അവനു ഭാഗ്യമുണ്ടെന്ന്. നീ നോക്കിക്കോ. ഒരു പറമ്പും പുരയുമുണ്ടാക്കി അവനും ആ പെണ്ണും കൂടെ ഇവിടെ വന്നു താമസിക്കുന്നതു കണ്ടിട്ടേ ഞാൻ കണ്ണടയ്ക്കൂ."

തിരിച്ചുപോകുമ്പോൾ അമ്മൂമ്മ വിചാരിച്ചു-അവൻ വരുമോ? വരുകേല്ല. ഇനി വരാനിടയില്ല.

------------

തെരഞ്ഞെടുത്ത കഥകൾ (രണ്ടാംഭാഗം), കാരൂർ നീലകണ്ഠപിള്ള, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# അവിവാഹിത

(ലളിതാംബിക അന്തർജനം)

ആ ചെറുപ്പക്കാരിയായ ലേഡിഡാക്ടർ ജോലിയിൽ പ്രവേശിച്ചശേഷം ആദ്യമായി കിട്ടിയത് ഒരു പ്രസവക്കേസാണ്. വേദന തുടങ്ങിയിട്ടു നാലോ അഞ്ചോ ദിവസങ്ങൾ കഴിഞ്ഞ്, നിവൃത്തിയില്ലാത്ത ഘട്ടം വന്നപ്പോൾ നാട്ടിൻപുറങ്ങളിലെങ്ങോനിന്ന് എടുത്തുകൊണ്ടുവന്ന നിർഭാഗ്യവതിയായ ഒരാദ്യഗർഭിണി. അവൾ ഒരു ബാലികയോ, യുവതിയോ എന്നു തീർച്ചപറഞ്ഞുകൂടാ. മിക്കവാറും രണ്ടിനും മദ്ധ്യേയാണ്. വേദനകൊണ്ടു വാടിയ ആ സാധുവദനത്തിൽ-ക്ഷീണസുന്ദരമായ ദീനനോട്ടങ്ങളിൽ-മാതൃത്വത്തേക്കാൾ എത്രയോ അധികം ബാല്യഭാവമാണു സ്ഫുരിക്കുക. അസഹ്യമായ വേദനമൂലം പൊട്ടിപ്പുറപ്പെടുന്ന ഞരക്കം അമർത്തുവാൻ അവൾ ആവതു ശ്രമിച്ചിരുന്നു. എന്നാലും കഴിഞ്ഞദിവസങ്ങളിൽ ആ ശ്രമം ശരിയായി ഫലപ്പെട്ടില്ലെന്നുള്ളതിന് അവളുടെ വെളുത്ത കവിൾത്തടങ്ങളിൽ ചുവന്നുതടിച്ചുകാണുന്ന നാട്ടുപതിച്ചികളുടെ നഖക്ഷതങ്ങൾ നല്ല സാക്ഷ്യം വഹിച്ചു.

ഹാ! ഒരു ഗ്രാമീണപ്രസവശാല. അതിലെ ഡിക്ടെറ്റർമാരായ വയറ്റാട്ടികൾ. അവരുടെ ഇടയിൽ അകപ്പെട്ടവർക്കു മാത്രമേ ആ ദുരിതം അറിഞ്ഞുകൂടൂ. പ്രസവമെന്നാലെന്തെന്നോ, എങ്ങനെയെന്നോ അറിഞ്ഞിട്ടില്ലാത്ത (അത് അനുഭവിച്ചറിഞ്ഞുകൊള്ളണമെന്നാണ് വിധി) ഇവളെപ്പോലുള്ള ആദ്യഗർഭിണികളാണെങ്കിൽ പ്രത്യേകിച്ചും.

യുവതിയായ ലേഡിഡാക്ടർ അടുത്തുചെന്നു. അവർ ഇത്തരം കേസുകളിൽ അപൂർവ്വമായേ പോയിരുന്നുള്ളു. അതും പരിശീലനകാലത്തു പരിഷ്കൃതരായ ചിലരുടെ വീടുകളിൽ മാത്രം. ഡാക്ടറെ കണ്ടാലുടൻതന്നെ തന്റെ വേദന ശമിക്കുമെന്നും താൻ രക്ഷപ്പെടുമെന്നും വിശ്വസിച്ചിരുന്ന ആ ബാലിക ദൈവസന്നിധിയിലെന്നപോലെ ഒന്നു കൂപ്പി. അവളുടെ ആശയും വിശ്വാസവും അനേകായിരം വാക്കുകളിൽക്കൂടുതൽ, ആ തളർന്ന തൊഴുകയ്യു വെളിപ്പെടുത്തി.

ആ ഡാക്ടർക്കാകട്ടെ കഷ്ടാനുഭവങ്ങൾകണ്ടു കരൾ തഴമ്പിച്ചിട്ടില്ലായിരുന്നു. എന്തായാലും അവരും ഒരു സ്ത്രീയാണല്ലോ. അവർക്ക് അവളെയെങ്കിലും രക്ഷിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാലും സമയം വളരെ വളരെ കടന്നുപോയി. ജനനത്തിന്റെ മേൽ മരണം പിടിയുറപ്പിച്ചുപോയി.

"അമ്മേ എന്നെ ഒന്നു കെടത്താമോ?... ശ്വാസം നേരെവിട്ട്-ഒന്നു നേരെ നിവർന്ന്..."

"കിടക്കാമല്ലോ കുട്ടീ, ഇപ്പോൾ ഞാൻ കിടത്തിത്തരാം. യാതൊരു തകരാറുമില്ല."

ഡാക്ടർ സമാധാനപ്പെടുത്തി.

ഒരു വലിയ ശസ്ത്രക്രിയയ്ക്കുശേഷം അവർ കുട്ടിയെ എടുത്തുമാറ്റി-ആ കുംഭീപാകനരകത്തിൽനിന്ന് അതിന്റെ ജീവനു മോചനം ലഭിച്ചിട്ടു മൂന്നുനാലു ദിവസം കഴിഞ്ഞിരുന്നു.

പ്രസവംകഴിഞ്ഞ് അമ്മ കുഞ്ഞിനെപ്പറ്റി ശ്രദ്ധിച്ചതേയില്ല. അതെങ്ങനേയും പോകട്ടെ. അവൾക്ക് അനപേക്ഷിതമായ ഈ ഭാരം ഇറക്കി ഒന്നു വിശ്രമിച്ചാൽ മതിയായിരുന്നു. നഴ്സുകൾ വിരിച്ചുകൊടുത്ത ശയ്യയിൽ കിടന്ന് അവളുറങ്ങി-ഇനി ഉണരാത്തവണ്ണം അത്ര സുഖമായിട്ട്.

ബന്ധുക്കൾ അലച്ചുവിളിച്ചു തിരികെ പോയി. ആശുപത്രി ജീവിതത്തിൽ നിരന്തരം നടക്കുന്ന സാധാരണ സംഭവങ്ങളിൽ ഒന്നായി അതും കഴിഞ്ഞുകൂടി.

എന്നാൽ നമ്മുടെ നവയുവതിയായ ലേഡിഡാക്ടറുടെ ഹൃദയത്തിൽമാത്രം ഈ ആദ്യസം ഭവം ഗാഢമായി പതിഞ്ഞു. വീട്ടിൽ വന്നതിനുശേഷവും ഏതാനും ദിവസത്തേക്ക് അവർ ഇതു തന്നെ വിചാരിച്ചുകൊണ്ടിരുന്നു. കൗമാരകോമളമായ മുഖം, നിഷ്കടപമായ ദീനനോട്ടങ്ങൾ. "അമ്മേ! രക്ഷിക്കണേ!" എന്നുള്ള അർത്ഥന. ഹാ കഷ്ടം! തനിക്കവളെ രക്ഷിക്കാൻ കഴിഞ്ഞില്ലല്ലോ. അഥവാ ഈ നിലയിലെത്തിയാൽ ഈശ്വരനുകൂടെയും അതിനു ശക്തി കാണുകയില്ല.

ബാല്യവിവാഹം-അതിൽനിന്നുദിക്കുന്ന ഈദൃശദുരന്തങ്ങൾ-പുത്രിമാരെപ്പറ്റി പിതാക്കൾക്കുള്ള അനാസ്ഥ-ഭർത്താവിന്റെ സ്വാർത്ഥം-ഇവയ്ക്കിടയിൽ സ്ത്രീയുടെ അന്ധമായ ആത്മത്യാഗം-ഇങ്ങനെ നമ്മുടെ നാട്ടിൽ നടപ്പുള്ള അനേകമനേകം അനാചാരങ്ങൾ അവരുടെ ചിന്തയിൽ കടന്നുകൂടി.

എന്തിനായിട്ടാണ് സ്ത്രീകൾ ഈ നരകാനുഭൂതികൾക്കെല്ലാം വിധേയരാകുന്നത്? പുരുഷനെ കൂടാതെ അവൾക്കു ജീവിക്കുവാൻ പാടില്ലേ? അവനുവേണ്ടി-അവന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടിമാത്രം-ഓരോ സ്ത്രീജീവിതവും ഉഴിഞ്ഞിടണമെന്നോ?

അവർ ആത്മത്യാഗം ചെയ്തു.

ഇല്ല. ഞാൻ ഈ കുരുക്കിൽ അകപ്പെടുകയില്ല. നിശ്ചയം. വിവാഹമെന്ന പേരിൽ ഇങ്ങനെ വേദനാത്മകമായ ഒരു ജീവിതം വരിക്കാൻ ഞാൻ തയ്യാറില്ല.

അവർ സ്വയം ശപഥംചെയ്തു.

പുരുഷനുമായുള്ള കൂട്ടേർപ്പാടിൽ ലാഭനഷ്ടങ്ങൾ വീതിക്കുന്നത്, ലാഭംമുഴുവൻ ഒരാൾക്കും ചേതം മറ്റൊരാൾക്കും ആണെന്ന് അവർ കണ്ടു. അത്ര പക്ഷപാതപരമായ ഒരു ലോകത്തിൽ അങ്ങനെയൊരു ബന്ധത്തിനേ പോകാത്തതാണല്ലോ നല്ലത്.

ആ ഡാക്ടർ മുഴുവൻ സമയവും ആശുപത്രിയിൽത്തന്നെ വിനിയോഗിച്ചു. പുരുഷപ്രേരിതമായ കഷ്ടതകളുടെ നിവാരണംതേടി വരുന്ന സ്ത്രീകളെ രക്ഷിച്ചും ശുശ്രൂഷിച്ചും തന്നെ. ഓരോ സംഭവവും എന്തൊരു ദുർഭരമായ ക്ലേശമാണ്. അവിടെ വരുന്ന ഓരോ ഗർഭിണികളോടും അവർ ഉപദേശിക്കും:

"ഇനി പ്രസവിക്കരുത്, കേട്ടോ? എന്തിനായി ആരോഗ്യവും യൗവനവും സ്വയം നശിപ്പിക്കുന്നു?"

## II

വത്സരങ്ങളോടൊത്തു വയസ്സുകൾ കുറെ കടന്നുപോയി. നമ്മുടെ ലേഡിഡാക്ടർ ഇപ്പോഴും അവിവാഹിതയാണ്. അവരുടെ പ്രശസ്തമായ സേവനം, പേരും പെരുമയും മാത്രമല്ല, സ്ഥാനവും ശമ്പളവും കൂട്ടിക്കൊടുത്തു. അതേ, അവരിപ്പോൾ ആ മഹിളാസ്പത്രിയിലെ മേലദ്ധ്യക്ഷയാണ്-മിസ്സിയമ്മ.

പ്രൗഢമായ ഈ പ്രായത്തിലും കായകാന്തി കുറവില്ലെന്നതിനു വിവാഹാർത്ഥികളുടെ സംഖ്യ സാക്ഷ്യം വഹിച്ചു.

ഒരു വിശ്രുതനായ പ്രഫസർ പലനാൾ ഉത്തരം കാത്തു നിഷ്ഫലം മടങ്ങി. അസിസ്റ്റന്റ് സർജ്ജന്മാരിൽ ഒന്നുരണ്ടു യുവാക്കൾ അതിനുവേണ്ടി തീവ്രമായ ശ്രമിച്ചതാണ്. ധനികനായ ഒരു പൊതുനേതാവും ആശിച്ചു. പക്ഷേ ആരുടെ മുമ്പിലും ആ പടിവാതിൽ തുറന്നില്ല. ആർക്കും പ്രവേശനമില്ല. പിന്നെപ്പിന്നെ ആരും മുട്ടാതെയുമായി. അങ്ങനെ മിസ്സിയമ്മ ശരിയായൊരു മിസ്സിയമ്മയായി ജീവിച്ചുപോന്നു.

ആസ്പത്രിജോലിയിൽനിന്നു വല്ലപ്പോഴുമൊന്നു വിരമിക്കുന്ന അവർക്കു സ്വഗൃഹം ആകർഷണീയമായിരുന്നില്ല. ഒരു വൃദ്ധയായ പാചകി. അതിനൊത്ത പരിചാരകൻ. വണ്ടിക്കാരൻ പയ്യൻ. മനുഷ്യജീവികൾ ഇത്രയുംകൊണ്ടുതീർന്നു. അനലംകൃതമായ ഒരു വലിയ മുറി. നടുക്ക് ഒരു ചെറിയ മേശയും രണ്ടു കസേരകളും. നേരേ മുകളിൽ ഒരു വൃദ്ധയുടെ-അമ്മയുടേതാവാം-ഛായാപടം. ഒരു ലേഡിഡാക്ടറുടെ സകലഗാംഭീര്യവും ആ വീടിനും ഉണ്ട്. മേശപ്പുറത്ത് ഏതാനും പുസ്തകങ്ങൾ-അധികവും വൈദ്യസംബന്ധമായവ-ചിതറിക്കിടപ്പുണ്ട്. ഒരു വ്യവസ്ഥയില്ലായ്മ, അഥവാ ശ്രദ്ധയില്ലായ്മ, എല്ലാത്തിലും തെളിഞ്ഞുകാണാം. അപൂർവ്വം ചില സഹപ്രവർത്തകരല്ലാതെ ആരും ആ മുറിക്കകം കണ്ടിരുന്നില്ല.

ആസ്പത്രിയിലെ ശ്രമാവഹമായ ജോലിത്തിരക്കുകൾക്കുശേഷം ഒരുച്ചയ്ക്ക് അവർ സ്വകാര്യമുറിയിൽ വിശ്രമിക്കുകയായിരുന്നു. പെട്ടെന്ന് ഒരു നഴ്സ് കേറിവന്നു പറഞ്ഞു.

"ആ സുഖക്കേടുകാരി മിസ്സിയെ ഒന്നു കാണണമെന്നു വാശിപിടിക്കുന്നു. എന്തുവേണം?"

"ഏതു സുഖക്കേടുകാരി?"

അവർ ചോദിച്ചു.

"പ്രസവശേഷം പനിയായി കിടക്കുന്ന അവൾ. ആ ചെറുപ്പക്കാരി."

"ഓഹോ, അവൾ കുറെ സംശയാസ്പദമായ സ്ഥിതിയിലാണ്. ആട്ടെ. ഞാൻ വരാം-"

അവർ എഴുന്നേറ്റു. രോഗിണി അവരെത്തന്നെ കാത്തുകിടക്കയായിരുന്നു. ഏറെത്താമസിച്ചാൽ തനിക്കു പറയാനുള്ളതു മുഴുവൻ പറയാൻ സാധിക്കയില്ലയോ എന്ന ഭീതി അവളുടെ മുഖത്തു നിഴലിച്ചു.

"അമ്മേ! എന്റെ അമ്മേ ഞാനിനി ജീവിക്കുമെന്നു തോന്നുന്നില്ല. അങ്ങനെ വേണമെന്നുമില്ല. എന്നാൽ ഈ കുഞ്ഞിനെ - ഈ പൊന്നുംകൊടത്തിനെ (അടുത്ത തൊട്ടിലിൽ കിടന്ന് ആനന്ദ സ്വപ്നം കാണുന്ന പിഞ്ചുപൈതലിനെ അവൾ ചൂണ്ടിക്കാട്ടി) ഇതിനെ അനാഥമാക്കി വിട്ടുപോകാനുള്ള വ്യസനം." അവളുടെ കണ്ഠം ഗദ്ഗദത്താൽ തടഞ്ഞു. ഡാക്ടർ അലിവോടെ ചോദിച്ചു:

"നിങ്ങൾക്ക് ആരുമില്ലേ ബന്ധുക്കളായി?"

"ഉണ്ട്, ധാരാളമുണ്ട്. എന്നാൽ അവർ ഈ കുഞ്ഞിന്റെ ബന്ധുക്കളല്ല; ആയിരിക്കയുമില്ല. അതൊരു കഷ്ടമായ കഥയാണമ്മേ. അദ്ദേഹം ഒരു വിജാതീയൻ. ഞങ്ങൾ ഒരുമിച്ചു പഠിച്ചു; സ്നേഹിച്ചു. ഞാനദ്ദേഹത്തോടൊപ്പം ഒളിച്ചോടി. എന്നാൽ സ്നേഹംകൊണ്ടുമാത്രം ജീവിക്കുമോ? ജീവിക്കാനുള്ള വക തേടി അദ്ദേഹം മരണരംഗത്തേക്കു പോയി-അതേ, വാർസർവ്വീസിൽ. ഒൻപതുമാസമായി ഒരെഴുത്തുപോലുമില്ല. ഒരു ചെറിയ തുക അയച്ചു കിട്ടിയതുകൊണ്ടു ഞാൻ കഴിഞ്ഞുപോന്നു... ഇന്നിതാ ഇവിടെ..."

അവളുടെ തൊണ്ട വീണ്ടും ഇടറി: "എനിക്കു ഗർഭമുള്ളതുപോലും അദ്ദേഹം അറിഞ്ഞിട്ടില്ല. ഒരുപക്ഷേ, അദ്ദേഹവും ഇപ്പോൾ... അങ്ങനെയാണെങ്കിൽ, എന്റെ അമ്മേ! ഈ പിഞ്ചുപൈതലിന് ആരുണ്ട്, ഇവനെ രക്ഷിക്കുവാൻ?..."

ലേഡിഡാക്ടർ ഒന്നും മിണ്ടിയില്ല! പ്രാരാബ്ധശൂന്യമായ തന്റെ ജീവിതത്തിൽ ഇങ്ങനെയൊരു ഭാരം വലിച്ചുവെയ്ക്കാൻ വാസ്തവത്തിലവർ ഇഷ്ടപ്പെട്ടിരുന്നില്ല. ആ നിർവ്വികാരമായ നില കണ്ടു രോഗിണി അതിദയനീയസ്വരത്തിൽ തുടർന്നു:

"അദ്ദേഹം ഒരുപക്ഷേ ജീവിച്ചിരിക്കാം; മരിച്ചെന്നുംവരാം. ജീവിച്ചിരിപ്പുണ്ടെങ്കിൽ നിശ്ചയമായും തിരിച്ചുവരികയും ഈ കുഞ്ഞിനെ ജീവസർവ്വസ്വമായി സ്വീകരിക്കുകയും ചെയ്യും. മരിച്ചെങ്കിലോ?... എന്നാലും അമ്മേ, അവനെ തൊണ്ട വരണ്ടു മരിപ്പിക്കരുതേ! അനാഥ ശവമാക്കരുതേ!"

മരണയാതനയോടെ അവൾ വീണ്ടും ഇരുന്നു...

"അമ്മേ അവനെ സ്വീകരിച്ചോ?... എനിക്കു സമാധാനമായി മരിക്കാമോ?... അയ്യോ!... 'ഉവ്വെ'ന്നു പറയണേ!"

"ഉവ്വ്." സ്വീകരിച്ചു.

ആസന്നമരണയായ അവളുടെ ആശ്വാസത്തിനുവേണ്ടി മാത്രം അവർ പറഞ്ഞു: "ഞാൻ അതിനെ രക്ഷിക്കാം."

"കരുണാനിധിയായ ദൈവമേ! എനിക്കിനി സമാധാനമായി മരിക്കാം. എന്റെ കുഞ്ഞു മരിക്കയില്ല. അവന് അമ്മയുണ്ട്."

ആയ എടുത്തുകാണിച്ച കുഞ്ഞിനെ അവസാനമായി അവൾ ചുംബിച്ചു. അവളുടെ ജീവിതം മുഴുവൻ ആ ചുംബനത്തിലൊതുങ്ങി.

## III

സൂക്ഷിക്കാനായി കിട്ടിയ ശിശുവിനെ അവർ സ്വഗൃഹത്തിൽ കൊണ്ടുപോയി,. വൃദ്ധപരിചാരിക പുഞ്ചിരിയോടെ ചോദിച്ചു.

“അല്ലാ, ഞങ്ങളാരുമറിയാതെ കൊച്ചമ്മയ്ക്കൊരു കുഞ്ഞുമുണ്ടായോ?”

“എത്ര കുട്ടികൾ-എത്ര എത്ര കുട്ടികൾ-ഇങ്ങനെ എന്റേതായുണ്ട്.” അവർ പറഞ്ഞു. “പിന്നെ ഇതിനെ കുറേനാൾ രക്ഷിക്കേണ്ടതായുണ്ട്. നിങ്ങളുടെ അലട്ടലും തീർന്നല്ലോ.”

കുഞ്ഞിനെ വളർത്താനായി പ്രത്യേക ശമ്പളത്തിൽ ഒരായയെ അവർ നിയമിച്ചു. മുലക്കുപ്പി, പാൽപ്പൊടി, തൊട്ടിൽ-എന്നുവേണ്ട ആ ഗൃഹം പരിഷ്കൃതരീതിയിലുള്ള ഒരു ശിശുസംരക്ഷണശാലയായി മാറി. ആദ്യമൊക്കെ കുട്ടിയുടെ ആരോഗ്യസ്ഥിതികൾ അന്വേഷിക്കയല്ലാതെ അവനെ എടുക്കയോ ഓമനിക്കയോ അവർ ചെയ്തിരുന്നില്ല. ആ അനാഥശിശു ക്രമേണ വളർന്നു. ചിരിച്ചുകളിച്ചു. കമിഴ്ന്നു നീന്തി. പിച്ച നടന്നുതുടങ്ങി. നമ്മുടെ ഗംഭീരമായ ലേഡിഡാക്ടരുടെ മനസ്സിലും അതോടൊപ്പം എന്തോ വാത്സല്യബോധം മുളച്ചു, തഴച്ചു മൊട്ടിട്ടു നിറഞ്ഞു. അതിനി പറിച്ചു മാറ്റുവാൻ വയ്യാത്തവണ്ണമായിരിക്കുന്നു. അരയിൽ പൊന്നരഞ്ഞാണം. കഴുത്തിൽ മണിമാല; കാലിൽ തങ്കച്ചിലമ്പ്. ഒരന്യശിശുവിനെ ഇതെല്ലാം അണിയിക്കാൻ തോന്നിയത് എന്തിനോ എന്തോ? ആസ്പത്രിയിൽ പോകാനായി പുറമേയിറങ്ങുമ്പോൾ അവൻ ഓടിച്ചെന്നു കെട്ടിപ്പിടിക്കും.

“അമ്മേ! ഞാനൂടെവരുന്ന അമ്മേടേ കൂടെ.”

“അമ്മേ അമ്മേ!” എന്ന വിളി. കർണ്ണമധുരമായ വിളി! അവനെ അങ്ങനെ വിളിക്കാൻ ആരാണു പഠിപ്പിച്ചത്. ആരുമല്ല. എങ്കിലും അവൻ വിളിച്ചുതുടങ്ങി. അവർ വിളിയും കേട്ടു. എന്തൊരു നവമായ ആനന്ദമാണതിൽ.

“ഓമനേ! ബേബീ!” അവർ വാത്സല്യപൂർവ്വം സമാധാനിപ്പിക്കും. “അമ്മ വൈകിട്ടു സവാരി പോവുമ്പോൾ കൊണ്ടുപോവാം. ഇപ്പോൾ രാമനോടുകൂടെ കളിക്കൂ...”

ആ ഓമനമുഖത്ത് ഉമ്മവെച്ചിട്ടു തനിച്ചിറങ്ങുമ്പോഴും അവർ മൂന്നുനാലു പ്രാവശ്യം തിരിഞ്ഞുനോക്കും. അരുമക്കണ്ണുകളിൽ കണ്ണീരുണ്ടോയെന്ന്; മൃദുലകപോലങ്ങളിൽ വിളർപ്പുണ്ടോയെന്ന്...

ജീവിതത്തിൽ അനനുഭൂതമായ ഒരാനന്ദാനുഭൂതിയെ ആ ശിശു അവർക്കു ദാനം ചെയ്തു. എന്നാൽ സുഖത്തിന്റെ കൂട്ടുകാരനാണല്ലോ ദുഃഖവും. അവർ കൈകോർത്തേ നടക്കയുള്ളൂ. ബേബിക്ക് ഒരു ചെറിയ പനി വന്നാൽ മതി. മിസ്സിയമ്മയുടെ പരിഭ്രമം-അന്നവർ ആസ്പത്രിയിൽ പോകയില്ല. പോയാലും പെട്ടെന്നു തിരിയെ വരും; കൂടെക്കൂടെ ഡോക്ടർമാർക്കും മരുന്നിനും ആളയയ്ക്കും. അതിപ്രശസ്തയായ ഒരു ഡാക്ടരാണെങ്കിലും ബേബിയുടെ കാര്യത്തിൽ മാത്രം അവർക്കു തന്റെ പഠിപ്പിൽ ആത്മവിശ്വാസമില്ല.

അങ്ങനെ ആ കുട്ടി ആദ്യമായി അവരുടെ ജീവിതത്തെ ഗൃഹസീമയിലേക്കു പിടിച്ചുവലിച്ചു. ആ പ്രൗഢകന്യകയായ ശാസ്ത്രവിദഗ്ധയുടെ ഹൃദയത്തെ ഈ പിഞ്ചുപൈതൽ ആക്രമിച്ചു കീഴടക്കിയതെങ്ങനെയാണ്? അഥവാ, എല്ലാ സ്ത്രീഹൃദയങ്ങളിലുമുണ്ടല്ലോ മാതൃത്വം. അവസരം കിട്ടിയാലതു താനറിയാതെ വികസിക്കുന്നു. ബാലാരുണരശ്മിയേറ്റ താമരമൊട്ടുപോലെ.

ഇപ്പോൾ അവർ, പ്രസവിക്കരുതെന്ന് ഒരു സ്ത്രീകളോടും പറയാറില്ല. ഒരു മഹാവേദനയിൽനിന്നുദിച്ച ആനന്ദമാണ് ബേബിയെങ്കിൽ എല്ലാ സ്ത്രീകളും അതു കൊതിക്കില്ലേ?...

ആ അമ്മയുടെയും മകന്റേയും ഇടയ്ക്ക് യാതൊരപച്ഛങ്കകളും ഉണ്ടാകാതെ വത്സരങ്ങൾ അഞ്ചാറുകഴിഞ്ഞു. ബേബി ഒരന്യശിശുവെന്ന വസ്തുതയെ അവർ വിസ്മരിച്ചു. അവൻ പൂർണ്ണമായും തന്റേതന്നെ–മറ്റവകാശികളില്ല.

ഒരു രാവിലെ മിസ്സിയമ്മ വീട്ടിലിരുന്ന് എന്തോ ധൃതിപെട്ടു തുന്നുകയായിരുന്നു. ബേബിയെ ഇന്നു സ്കൂളിൽ കൊണ്ടുപോകണം. അതിനായി ഒരു ചെറിയ കാർ വാങ്ങിയിട്ടുണ്ട്. സ്വന്തം കൈകൊണ്ടു തയ്ച്ച ഉടുപ്പിട്ടു താൻതന്നെ അവനെ കൊണ്ടുപോകും. അതിനുവേണ്ടിത്തന്നെ അവർ ഈയിടെ തുന്നൽ അഭ്യസിക്കയായിരുന്നു. പെട്ടെന്നു പരിചാരിക കടന്നുവന്നു പറഞ്ഞു:

“അമ്മയെ അന്വേഷിച്ച് ആരോ അപ്പുറത്തു വന്നിരിക്കുന്നു.”

“ആസ്പത്രിയിൽച്ചെന്ന് അസിസ്റ്റന്റിനോടു പറയാൻ പറയൂ. എനിക്കിപ്പോൾ അത്ര സുഖമില്ല.”

അവൾ പോയിട്ടു തിരിച്ചുവന്നു.

“ഇത് ആസ്പത്രിക്കാര്യമൊന്നുമല്ല, വേറെ എന്തോ രഹസ്യമാണത്രേ.”

“രഹസ്യമോ?”

മിസ്സിയമ്മ താനറിയാതെ ഒന്നു ഞെട്ടി. ഈ നിത്യകന്യകയായ തന്നോടെന്തു രഹസ്യം?

ആശങ്കയോടും പരിഭ്രമത്തോടും അവർ പുറത്തേക്കു വന്നു. അവിടെ ഒരു മാന്യനായ സന്ദർശകൻ–ഒരു പട്ടാള ഉദ്യോഗസ്ഥന്റെ ഛായ തോന്നും–നില്ക്കുന്നുണ്ടായിരുന്നു. ദീർഘദീർഘമായ ജീവിതയാതനകളുടെയും സമരവ്രണങ്ങളുടെയും വടുക്കെട്ടി മുരടിച്ച ആ മുഖത്ത് തനിക്കേറ്റവും പരിചിതമായ ഒരു ഛായയുടെ ഛായ...

അജ്ഞാതമായ ഒരു ഭയത്താൽ മിസ്സിയമ്മ വീണ്ടും നടുങ്ങി. ആ കുഴപ്പത്തിൽ അതിഥിയാരെന്നു ചോദിക്കാൻപോലും അവർ മറന്നു. അയാളും എന്താണു പറയേണ്ടതെന്നറിയാതെ മൂകനായി നില്ക്കയായിരുന്നു.

“ഡോക്ടർ, ഞാൻ നിങ്ങൾക്ക് അപരിചിതനായ ഒരു പരിചിതനാണ്.”

അത്യന്തം വിഷാദാത്മകമായ സ്വരത്തിൽ അയാൾ ആരംഭിച്ചു: “യുദ്ധരംഗത്തും തടങ്കൽപ്പാളയത്തിലും ഇക്കഴിഞ്ഞ അഞ്ചുവർഷം മുഴുവൻ ഞാൻ ഏതു രൂപം ധ്യാനിച്ചു കഴിച്ചുവോ–ആരെ

ക്കാണാനുള്ള അത്യാകാംക്ഷയാൽ ഈ ദൂരമൊക്കെ ഒളിച്ചോടി കഷ്ടപ്പെട്ടുവോ-ആ ആൾ എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. എന്നിട്ടും ഞാൻ ജീവിക്കുന്നു-മരണരംഗത്തേക്കു പോയ ഞാൻ ജീവിക്കുന്നു-അവൾ...

ഒരു നെടിയ നിശ്വാസം അയാളെ തടഞ്ഞു. അവരും മിണ്ടിയില്ല...

"എന്നാൽ ഡോക്ടർ!" അയാൾ വികാരാവേശത്തോടെ തുടർന്നു. "അവിടുത്തെ കരുണയ്ക്കു ഞാൻ എന്നും കടപ്പെട്ടവനാണ്. അ മഹാനഷ്ടത്തിൽനിന്നെനിക്കു ലഭിച്ച നിധി എവിടെ? -അവൻ... എന്റെ മകൻ...!"

"നിങ്ങളുടെ മകനോ...? എനിക്കൊന്നും മനസ്സിലാവുന്നില്ല." അവൾ വിറയലോടെ ചോദിച്ചു.

"അതേ, എന്റെ മകൻ-ഞങ്ങളുടെ മകൻ. നാലഞ്ചു വർഷങ്ങൾക്കു മുമ്പ് ആസ്പത്രിയിൽ കിടന്നു മരിച്ച ഒരനാഥ ഗർഭിണിയുടെ മകൻ-അവനെ ഒന്നു വിളിക്കണേ! അതെന്റെ കുട്ടിയാണ്."

"അതിനു തെളിവ്?"

ദീനവും ഗംഭീരവുമായ സ്വരത്തിലവർ ചോദിച്ചു. "ഒരു പിതാവെന്നു പറയുന്നവനെ തേടിനടക്കയല്ലായിരുന്നു എന്റെ കുട്ടി."

"അതു ശരി... തെളിവ്. ന്യായമായ തെളിവ്, ഞങ്ങൾ പഠിച്ചിരുന്ന സ്കൂൾ രജിസ്റ്റർ-ഞങ്ങളുടെ വിവാഹ രജിസ്റ്റർ. ഞാനുൾക്കൊണ്ടിരുന്ന സൈന്യനിരയിലെ രജിസ്റ്റർ-പിന്നെ അവൾ മരിച്ചു എന്നുള്ള ആസ്പത്രി രജിസ്റ്റർ. മാന്യേ! ഞാൻ വാദത്തിനു വന്നവനല്ല. സകലവും നഷ്ടപ്പെടുത്തി കിട്ടിയ ഒരു നിധിയെ-ആശ്വാസത്തെ തേടി-ഇരന്നു-വന്ന ഒരു ഭിക്ഷുവാണു ഞാൻ... ഇനിയും ശരിയായ തെളിവ്. എന്റെ മകനെ വിളിക്കണേ! നോക്കിയാൽ മതി."

വീണ്ടും, "എന്റെ മകൻ! എന്റെ മകൻ!"

മിസ്സിയമ്മ നിശ്ശബ്ദം തലതാഴ്ത്തി. അപ്പോൾ താൻ തന്റേതെന്നു വിചാരിച്ച് ഇത്രനാൾ ലാളിച്ചത് ഒരന്യശിശുവിനെയാണെന്നോ?... 'എന്റെ മകൻ'-'എന്റെ മകൻ!" ദൈവമേ! ബേബി തന്റെ മകനല്ലേ?... എന്നാൽ പിന്നെ എന്തിനായി അവൻ തന്റെ പക്കൽ വന്നുചേർന്നു?

"അമ്മേ ഉടുപ്പു തീർന്നോ, ഉടുപ്പ്-നമുക്കു കാറിൽ കേറാം. വരൂ അമ്മേ, വരൂ-"

ഒരേ ശ്വാസത്തിൽ ഒരായിരം വിളിയോടെ ബേബി ഓടിവന്നു കെട്ടിപ്പിടിച്ചു. നിശ്ചലയായി നിന്ന ആ അമ്മയ്ക്കാകട്ടെ മകനോട് ഒരക്ഷരംപോലും മിണ്ടാൻ ധൈര്യം വന്നില്ല.

"വരൂ അമ്മേ വരൂ" അവൻ വാശിയോടെ പിടിച്ചുവലിച്ചു.

"ഓമനേ! അച്ഛൻ കാറിൽ കേറ്റാം. വരൂ!"

ആ അപരിചിതപിതാവ് അരുമയോടെ അടുത്തുചെന്നു. ബേബി ഒഴിഞ്ഞുമാറി...

"ഇയാളാരാ അമ്മേ?"

"നീ തന്നെ ചോദിക്ക്." അവർക്കു മറ്റൊന്നും പറവാൻ തോന്നിയില്ല.

"താനാരെടോ? എന്തിനു വന്നു?"

ദുഷ്യന്തനെക്കണ്ട ഭരതകുമാരന്റെ നില്പും ഭാവവും. ഗൗരവക്കാരിയായ മിസ്സിയമ്മപോലും ഇതുകണ്ടു ചിരിച്ചുപോയി. ആ പിതാവിനു ബാഷ്പം നിയന്ത്രിക്കാൻ കഴിഞ്ഞില്ല...

"ഞാനാരെന്നോ മകനേ! ഞാനാരെന്ന്! അതു പറഞ്ഞുതരാനുള്ള ആൾ പോയ്പോയല്ലോ."

അതു നാട്യമല്ലെന്നു മിസ്സിയമ്മയ്ക്കു ബോധ്യം വന്നു. ഒരു കുഞ്ഞിനുവേണ്ടി ഒരു പുരുഷൻ കരയുക-ഒരു സൈനികോദ്യോഗസ്ഥൻ കണ്ണീർ പൊഴിക്കുക-ലേഡിഡോക്ടർക്കും ജന്മത്തിലാദ്യ മായി കണ്ണീർ വന്നുപോയി.

"മിസ്റ്റർ. ഞാൻ നിങ്ങളുടെ പേർ ചോദിക്കുന്നില്ല. ദേശവും ചോദിക്കുന്നില്ല. ബേബി നിങ്ങ ളുടെ മകനാണെങ്കിൽ കൊണ്ടുപോകാം. അവനെ എന്നെ ഏല്പിച്ചുതന്ന ആത്മാവിനു മുന്നിൽ സത്യം ചെയ്തിട്ടു കൊണ്ടുപോകാം... എന്നാൽ അവന്റെ സമ്മതംകൂടാതെ കുട്ടിയെ ഒരിക്കലും എന്നിൽനിന്നു പിരിക്കാൻ സാധിക്കയില്ല."

സഫലമായ ഒരു എതിർതന്ത്രമെന്ന നിലയിൽ അവർ സമ്മതിച്ചു. "ബേബി വിളിച്ചാൽ വരു ന്നെങ്കിൽ കൊണ്ടുപൊയ്ക്കോള്ളൂ."

അമ്മയുടെ ചേലാഞ്ചലത്തിൽ ചുറ്റിപ്പിടിച്ച് ഒരു ഭയപ്പെട്ട ഭാവത്തിൽ അവൻ നില്ക്കയായിരു ന്നു. അയാൾ എന്തോ ആലോചിച്ചു. അതു കഴിഞ്ഞു പുറമെ ഇറങ്ങിപ്പോയി. അടുത്ത കടയിൽച്ചെന്ന് അനേകം കളിസ്സമാനങ്ങൾ, ബിസ്കറ്റുകൾ, പ്രലോഭനീയങ്ങളായ പലതരം പാവകൾ എന്നിവ വാങ്ങി ക്കൊണ്ടു പെട്ടെന്നു തിരിച്ചുവന്നു. അവയുടെ മോടിപ്പകിട്ടിൽ അയാളോടുകൂടി ഒരു യാത്രയ്ക്കു പോലും അവൻ സന്നദ്ധനായിക്കഴിഞ്ഞു.

അയാൾ സന്തുഷ്ടനായി വളരെ വളരെ നന്ദിവാക്കുകൾ പറഞ്ഞു. ബേബിയെ കൂടക്കൂടെ കൊണ്ടുവരാമെന്നേറ്റു. തന്റെ മേൽവിലാസമെഴുതിയ കവർ മേശമേൽ വെച്ചു-പക്ഷേ, മിസ്സിയമ്മ ഒന്നും കണ്ടില്ല, കേട്ടുമില്ല. അവരുടെ ചിന്തകൾ വിദൂരമായ ശൂന്യതയിലെങ്ങോ വ്യാപരിക്കയായി രുന്നു.

"അമ്മേ, അമ്മ കൂടെ വരുന്നോ? ഞങ്ങളുടെകൂടെ വരുന്നോ അമ്മേ? ഇല്ലെങ്കിൽ വേണ്ട-ന മുക്കു പോകാം. അമ്മ കുറേ കഴിഞ്ഞുവരും... ആശുപത്രി കഴിഞ്ഞ്."

ബേബി കൊഞ്ചിക്കൊഞ്ചി വിടചോദിക്കയാണ്.

അവർ അവനെ തടഞ്ഞില്ല. വിളിച്ചില്ല, എടുത്ത് ഒന്ന് ഉമ്മവെച്ചതുപോലുമില്ല. അഞ്ചുമിനിറ്റു മുമ്പുവരെ ജീവിതസർവ്വസ്വമായി കരുതിയിരുന്ന ബേബിയെ അന്യനൊരാൾ എടുത്തുകൊണ്ടുപോ കുന്നത്, നിശ്ചലയായി-നിർവ്വികാരയായി-നോക്കിനിന്നു. ബേബി തന്റേതല്ല. അവനും താനുമായി എന്തു ബന്ധം? എന്നാൽ അവൻ അവരുടേതല്ലെങ്കിലും അവർ അവന്റേതായിത്തീർന്ന കഥ പ്രസവ ദ്വേഷിണിയായ ആ മാതാവ് മറന്നുപോയിരുന്നു.

വിവാവവിരോധിയായ ആ ലേഡിഡാക്ടറുടെ കണ്ണുകൾ തുറന്നു. ഇത്രമാത്രം അടിമത്തവും കഷ്ടാനുഭവങ്ങളും സഹിച്ചിട്ടും ഒരു സ്ത്രീ വിവാഹത്തേയും പ്രസവത്തേയും സ്വയം വരിക്കുന്നതെന്തിനെന്ന് അവർ അറിഞ്ഞു. മാതൃത്വം-മാതൃത്വം-അതുപോലെ ആകർഷണീയമായി സ്ത്രീക്കു ലോകത്തിൽ മറ്റെന്തുണ്ട്? ഓരോ സ്ത്രീഹൃദയവും മാതൃത്വസ്വീകരണത്തിനായി മാത്രം തയ്യാറാക്കപ്പെട്ടതാണ്. അതിനുദ്ദിഷ്ടമായ സർവ്വ സങ്കടങ്ങളും സന്തോഷപൂർവ്വം അവർ സഹിക്കുന്നു. കിളച്ചുപൂട്ടി കട്ടയുടയ്ക്കുന്ന നെൽപ്പാടം സുന്ദരമായ കേദാരസന്തതികൾക്കുവേണ്ടി കാത്തിരിക്കുന്നതുപോലെ, പ്രസവാദിമഹാക്ലേശങ്ങളിൽ മുഴുകുമ്പോഴും വനിതാഹൃദയം പുത്രപ്രാപ്തിക്കായി അക്ഷമമായിരിക്കും.

മിസ്സിയമ്മയ്ക്ക് അന്നുറക്കം വന്നില്ല. യൗവനത്തിന്റെ ഈ അവസാനഘട്ടത്തിൽ അവർ ഒരു കുഞ്ഞിനെ കൊതിച്ചു. കഷ്ടം-ഒരു കുട്ടിയില്ലാത്ത വീടും ജീവിതവും ശൂന്യമല്ലേ. രണ്ടുമൂന്നു ദിവസത്തേക്കു തൊട്ടതെല്ലാം വലിച്ചെറിഞ്ഞും കുറ്റപ്പെടുത്തിയും ഒരു ഭ്രാന്തിയെപ്പോലെ അവർ അവിടെയൊക്കെ ചുറ്റിനടന്നു. ആസ്പത്രിയിലെ രോഗികളും കുറെയൊക്കെ ഈ വിഷമം അനുഭവിക്കാതിരുന്നില്ല. മിസ്സിയമ്മയുടെ ദേഷ്യം കീഴ്ജീവനക്കാരെല്ലാം ഇപ്പോഴാണ് കാണുന്നത്.

അഞ്ചാറുദിവസത്തിനകം അഞ്ചാറുവയസ്സിന്റെ വ്യത്യാസം വന്നുപോയി. ഇതാ ഇതു വൈകീട്ടാണ്. ബേബി ഇപ്പോഴാണു കുളിക്കാറുള്ളത്. അതുകഴിഞ്ഞ് ഉണ്ണും. എന്നിട്ടു രണ്ടുപേരുമായി സവാരിക്കു പോകും. രാത്രി തന്റെ കൂടെ കിടന്നെങ്കിൽ മാത്രമേ അവനുറക്കം വരാറുള്ളു. അവനിപ്പോൾ ഉണ്ണാറുണ്ടോ? ഉറങ്ങുമോ? തന്നെ വിളിച്ചു വാശിപിടിച്ചു കരയാറില്ലേ? ഈശ്വരാ! അവനു വല്ല ദീനവും വന്നുകൂടിയിരിക്കുമോ? “അമ്മേ, അമ്മ കൂടെ വരുന്നോ, ഞങ്ങളുടെ കൂടെ. അമ്മ കൂടെ വരുന്നോ” എന്ന വിളി കേട്ടു സ്വപ്നത്തിൽ അവർ പലതവണ ഞെട്ടിയുണർന്നിട്ടുണ്ട്. മിസ്സിയമ്മയ്ക്കു മറ്റടുത്ത ബന്ധുക്കളില്ല. മാസംതോറുമുള്ള ശമ്പളത്തിൽ ഒരു ചെറിയ തുക ചെലവിനെടുത്തിട്ടു ബാക്കി ബാങ്കിലിടുകയായിരുന്നു പതിവ്. അങ്ങനെ ആർക്കും ആശാർഹമായ ഒരു സമ്പാദ്യം അവർക്കുണ്ടായിരുന്നു-ഒരു ലക്ഷം രൂപ-അതൊരു ചെറിയ തുകയല്ല. ബേബി, ഒരൊറ്റ കുട്ടിക്കുവേണ്ടി അതു മുഴുവൻ പുല്ലുപോലെ വലിച്ചെറിയാൻ അവർക്കു മടിതോന്നിയില്ല...

ആ പട്ടാളക്കാരന്റെ വീട്ടുനടയിൽ ഒരു കാർ വന്നുനിന്നപ്പോൾ വാസ്തവമായും അയാൾ അത്ഭുതപ്പെട്ടുപോയി. അയാളുടെ അറിവിൽ, തന്നെ അന്വേഷിച്ചു വരാനായി ആരും ഉണ്ടായിരുന്നില്ല.

കാറിൽനിന്നിറങ്ങിയ മിസ്സിയമ്മ യാതൊരു മുഖവുരയും കൂടാതെ വിളിച്ചുപറഞ്ഞു; “ക്ഷമിക്കണേ! എനിക്കു ബേബിയെ തരണം-എന്റെ ജീവിതത്തിലുള്ള സകല സമ്പാദ്യങ്ങളും അതിനുവേണ്ടി തരാൻ തയ്യാറാണ്.”

എന്നാൽ ആ പിതാവിന് അതു മനസ്സിലായിരുന്നു. അയാളും ആ കുട്ടിയെ യഥാർത്ഥത്തിൽ സ്നേഹിച്ചു. ലേഡീഡാക്ടർ ആകെക്കൂടി കുഴങ്ങി. ബേബിയെ കൂടാതെ തനിക്കു ജീവിക്കാൻ സാധി

ക്കയില്ലെന്നു തന്നെ അവസാനം അവർ കണ്ടുപിടിച്ചു. ആ സൈനികോദ്യോഗസ്ഥന്റെയടുത്തുചെന്ന് അതിവിനീതയായി അവർ ചോദിച്ചു.

"ഞാൻകൂടി ഇവിടെ താമസിക്കട്ടെയോ? എന്റെ ജോലി രാജിവെച്ചു. ബേബിയെക്കൂടാതെ എനിക്കു ജീവിക്കാൻ വയ്യ."

തന്റെ നാല്പത്തഞ്ചാമത്തെ വയസ്സിൽ ആ വൃദ്ധകന്യക വിവാഹം ചെയ്തു. പത്തുമാസം വയറ്റിൽ ചുമന്നു നൊന്തുപെറ്റ ഒരു കുഞ്ഞിനെ ലാളിക്കാനുള്ള ആഗ്രഹം അവരിൽനിന്ന് അപ്പോഴും വിട്ടുപിരിഞ്ഞിട്ടില്ലായിരുന്നു.

------------

തെരഞ്ഞെടുത്ത കഥകൾ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

## ആമുഖം

സാമൂഹ്യ ബന്ധത്തിലെ സവിശേഷഘടകങ്ങളിൽ ഒന്നാണ് മനുഷ്യൻ വെച്ചുപുലർത്തുന്ന മൂല്യസങ്കല്പങ്ങൾ. മനുഷ്യൻ മനുഷ്യനോടും, ഇതരജീവജാലങ്ങളോടും പ്രകൃതിയോടും ഇടപെടുന്നതിലുള്ള വിധിവിലക്കുകളാണ് ഈ മൂല്യങ്ങളുടെ പ്രകാശനങ്ങൾ. ഒരു സവിശേഷസമൂഹത്തിലെ മൂല്യചിന്തക്കും അതിന്റെ പ്രത്യക്ഷീകരണത്തിനും ആധാരമായി വർത്തിക്കുന്നത്, ആ സമൂഹത്തിലെ സവിശേഷമായ ബോധങ്ങളാണ്. അനുഭവങ്ങളുടെ വെളിച്ചത്തിലും അതത് കാലങ്ങളിലുണ്ടാകുന്ന തിരിച്ചറിവുകളിലൂടെയും ചില സദാചാരമൂല്യങ്ങൾ എല്ലാ പ്രദേശത്തും എല്ലാ ജനവിഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. സവിശേഷസന്ദർഭങ്ങളിൽ ബാഹ്യമായ ഇടപെടലുകളുടേയും വ്യക്ത്യനുഭവങ്ങളുടേയും ഫലമായി പുതിയ മൂല്യബോധങ്ങൾ ഉയർന്നുവരുന്നു. സമൂഹത്തിലെ അധീശശക്തികൾ അവരുടെ താല്പര്യങ്ങൾക്കനുസൃതമായ മൂല്യസങ്കല്പങ്ങൾ ആവിഷ്കരിച്ച് പ്രചരിപ്പിക്കാറുമുണ്ട്. അതത് സമൂഹങ്ങളിലെ അധികാരഘടനയുടെ പ്രത്യക്ഷവും പരോക്ഷവുമായ സാദ്ധ്യതകളിലൂടെ ആ മൂല്യബോധത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ അധീശശക്തികൾക്ക് കഴിയുന്നു. സമൂഹം വെച്ചുപുലർത്തുന്ന പൊതുവായ മൂല്യബോധത്തിനോട്, കലഹിക്കുന്ന വ്യക്തികളും, കൂട്ടായ്മകളും അവരുടേതായ ചില മൂല്യ സങ്കല്പങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കാറുണ്ട്. അധികാരഘടന പ്രകൃത്യാ സ്വീകരിച്ച ഗോത്രസമൂഹങ്ങൾക്കും അവരുടേതായ അനുഭവലോകത്തുനിന്ന് രൂപംകൊണ്ട മൂല്യബോധങ്ങൾ നിലനിൽക്കുന്നു. ദൈവകേന്ദ്രിതം, സമൂഹകേന്ദ്രിതം, വ്യക്തികേന്ദ്രിതം എന്ന നിലയിൽ പഠന സൗകര്യത്തിനുവേണ്ടി ഇവയെ സാമാന്യമായി വേർതിരിച്ച് പഠിക്കാറുണ്ട്.

എല്ലാ മേഖലകളിലും മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പരിഗണിച്ച് അവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അനുഭവിക്കുന്ന പ്രയാസങ്ങളെയും സഹാനുഭൂതിയോടെ

വീക്ഷിച്ച് യുക്തിസഹമായി വിശകലനം ചെയ്യുകയും പ്രതീക്ഷയോടെ ജീവിക്കാൻ ആത്മ വിശ്വാസം നൽകുകയും ചെയ്യുന്ന ദർശനങ്ങളും തത്വശാസ്ത്രങ്ങളും സവിശേഷമായ ഒരു മൂല്യബോധത്തെ മുന്നോട്ടുവയ്ക്കുന്നു. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന ഘട കങ്ങളെ നിശ്ചയിച്ച് അവനെ മറ്റു ജീവജാലങ്ങളിൽനിന്നും ഉയർന്നവനാക്കി മാറ്റി, പ്രപ ഞ്ചത്തിന്റെ നിയന്താവും രക്ഷിതാവുമായി കല്പിച്ച്, പെരുമാറ്റരീതികൾ നിശ്ചയിച്ചതി ലൂടെ, ഈ ദർശനങ്ങൾ ആവിഷ്കരിച്ച ധാരണകളാണ് സാമാന്യാർത്ഥത്തിൽ 'മാനവി കത' എന്ന മൂല്യസങ്കല്പം.

മൂല്യബോധങ്ങളെ സഹജീവികളുമായി പങ്കുവയ്ക്കുന്നതിനും വരുംതലമുറയ്ക്ക് പകർത്തിവയ്ക്കുന്നതിനും കലയെയും സാഹിത്യത്തെയുമാണ് സമൂഹം പ്രയോജന പ്പെടുത്താറുള്ളത്. വാമൊഴി പാരമ്പര്യം മുതൽ ആധുനിക മാധ്യമ സംസ്കാരം നില നിൽക്കുന്ന വർത്തമാനകാലം വരെ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും 'കഥ' യുടെ സ്വാധീനം വളരെ വലുതാണ്. 'പരിഷ്കൃത'നായ കാലം മുതൽ മനുഷ്യജീവി തത്തെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കുന്ന മാനവികത എന്ന മൂല്യസങ്കല്പം കേര ളീയ ജീവിതത്തിന്റെ സവിശേഷമായ ഒരു ചരിത്രസന്ദർഭത്തിൽ ചെറുകഥ എന്ന സാഹി ത്യരൂപത്തിൽ ആവിഷ്കൃതമായതിന്റെ വ്യതിരിക്തതകളാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽ ലോകത്തിലെ സജീവമായ ഒരു സാഹി ത്യരൂപമാണ് ചെറുകഥ. ലോകത്തിലെ ഇതരഭാഷകളിലെന്നപോലെ മലയാളഭാഷയിലും ചെറുകഥ എന്ന സാഹിത്യരൂപത്തിന് ധാരാളം വായനക്കാരുണ്ട്. അതാതുകാലങ്ങളിലെ സർഗാത്മകവും സാമൂഹികവുമായ ആവശ്യങ്ങൾക്കും അഭിരുചികൾക്കും അനുസൃത മായി ഈ സാഹിത്യരൂപം പരിണാമവിധേയമാകുന്നു.

ഇത്തരം പരിണാമഘട്ടങ്ങളിൽ 1930കൾ മുതൽ 1960കൾ വരെയുള്ള കാലത്തെ കഥാസാഹിത്യത്തിന്റെ 'നവോത്ഥാനകാല'മെന്ന് സാഹിത്യ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ചെറുകഥ എന്ന സാഹിത്യരൂപത്തിന് ജനപ്രിയത്വവും ജനകീയതയും വർദ്ധിച്ച കാലയളവുകൂടിയാണ് ഇത്. ഈ സവിശേഷചരിത്രസന്ദർഭത്തിൽ ലോകത്തിലെ ഏറ്റവും പ്രചാരം കൂടിയ ഒരു മൂല്യബോധത്തിനെ ഏറ്റവും ജനപ്രിയമായ ഒരു സാഹിത്യരൂപം ആവിഷ്കരിച്ച രീതി അന്വേഷിക്കുന്നത് തികച്ചും പ്രസക്തമാണ്.

മാനവികതാമൂല്യത്തിന് ഭിന്നതലങ്ങളും സവിശേഷസ്വഭാവങ്ങളും ഉണ്ടെങ്കിലും ഉദാരമാനവികത എന്ന സങ്കല്പം പാശ്ചാത്യയുക്തിബോധത്താൽ നിർമ്മിക്കപ്പെട്ട ഒരു ഏകകമാണ്. പാശ്ചാത്യചിന്ത കേരളീയ ജീവിതത്തെ നിർണ്ണായകമായും പ്രകടമായും സ്വാധീനിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് കേരളത്തിലും ഈ ആശയം കടന്നുവരുന്നത്. കേരളീയ സാഹചര്യത്തിൽ മാനവികതയും പാശ്ചാത്യ മാനവികതാസങ്കല്പങ്ങളും പ്രചരിച്ച കാലഘട്ടത്തിനെ പൊതുവെ 'കേരളീയ നവോത്ഥാനം' എന്നാണ് ചരിത്രം വിശേഷിപ്പിക്കുന്നത്. സാഹിത്യരൂപങ്ങളിലും പരിവർത്തനങ്ങൾ സംഭവിച്ച ഒരു കാലഘട്ടമായിരുന്നു ഇത്.

ഏതൊരു സാഹിത്യരൂപവും നിർമ്മിതിയുടെ ഘട്ടത്തിലും നിർവ്വഹണത്തിന്റെ ഘട്ടത്തിലും സ്വന്തം അസ്തിത്വത്തെതന്നെയാണ് നിരന്തരം അന്വേഷിക്കുന്നത്. രൂപക്രമവും ഭാവവിതാനവും തമ്മിലുള്ള പൊരുത്തമാണ് ചെറുകഥയെ ചെറുകഥയാക്കി മാറ്റുന്നത്. കഥയുടെ അനന്യമായ സവിശേഷാസ്തിത്വവും തനതായ ഭാവലോകം സൃഷ്ടിക്കാനുള്ള കഴിവും തിരിച്ചറിഞ്ഞ് കഥാരചന നടത്തിയ എഴുത്തുകാർ സാഹിത്യലോകത്ത് സജീവമായ ഒരു സന്ദർഭമായിരുന്നു നവോത്ഥാന കാലഘട്ടം. ലോകനിലവാരത്തിലുള്ള ചെറുകഥകൾ ഭാഷാസാഹിത്യത്തിൽ രചിക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ് എഴുത്തുകാർക്ക് ചില സാമൂഹ്യലക്ഷ്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന വിശ്വാ

സവും അതിനനുസൃതമായ നിലപാടുകളും ചെറുകഥാരചനയിൽ പ്രത്യക്ഷപ്പെട്ടു. എണ്ണത്തിലും ഗുണത്തിലും അനുകൂലമായ മാറ്റങ്ങൾ വന്ന ഈ കാലയളവിനെക്കുറിച്ച് സാമാന്യമായും സവിശേഷമായും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. ആദ്യകാലപഠനങ്ങളിലെല്ലാം നവോത്ഥാനകാല കഥകളോടും ആ കാലഘട്ടത്തോടും ഉള്ള ആദരവും അടുപ്പവുമാണ് പഠിതാവിന് അനുഭവപ്പെടുന്നത്. സാമൂഹികരംഗത്തെന്നപോലെ സാംസ്കാരികരംഗത്തും ആധുനികത പ്രത്യക്ഷപ്പെട്ട 1960കൾ മുതൽ നവോത്ഥാന മൂല്യബോധങ്ങളും രചനാസങ്കേതങ്ങളും പുനർവിചിന്തനത്തിന് വിധേയമായി. മൂല്യനിരാസങ്ങളുടേതായ വർത്തമാനകാലത്ത് ഈ എഴുത്തുകാരെയും അവരുടെ രചനകളെയും പ്രതിസ്ഥാനത്തുനിർത്തി വിചാരണചെയ്യുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. നവോത്ഥാനക്രമങ്ങളെല്ലാം പാശ്ചാത്യനീതിബോധത്തിന്റേതാണെന്നും ആ ക്രമങ്ങളെ സമൂഹത്തിൽ ആവർത്തിച്ചുറപ്പിക്കുകയാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ ചെയ്തത് എന്നുമുള്ള ഒരാശയം സാഹിത്യ സാമൂഹ്യ സംവാദങ്ങളിൽ സജീവമാണ്. ചെറുകഥ എന്ന സാഹിത്യരൂപം പുതിയ ഗതിവേഗത്തെ സ്വീകരിക്കാൻ നിരന്തരമായ അന്വേഷണത്തിലുമാണ്. സമചിത്തതയോടെയും യാഥാർത്ഥ്യബോധത്തോടെയും സാഹിത്യപഠനത്തിലേർപ്പെടാനും സാംസ്കാരികവിശകലനം നിർവ്വഹിക്കാനുമാണ് ഈ അന്വേഷണം ലക്ഷ്യം വെക്കുന്നത്. വിസ്തൃതമായ ഒരു സാഹിത്യസന്ദർഭത്തെ വിശകലനം ചെയ്യുന്നതിനുള്ള പരിമിതി പരിഗണിച്ചാണ് ആ കാലഘട്ടത്തിലെ ഒരു പരിച്ഛേദം എന്ന നിലയിൽ രണ്ടെഴുത്തുകാരെ സൂക്ഷ്മസന്ദർഭത്തിൽ പഠിക്കുന്നത്. കഥ എന്ന സാഹിത്യരൂപത്തെയും മാനവികത എന്ന മൂല്യബോധത്തെയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കണമെന്ന് ഈ പഠനം ലക്ഷ്യംവെക്കുന്നു.

കാരൂർ നീലകണ്ഠപിള്ള, ലളിതാംബിക അന്തർജനം എന്നീ ചെറുകഥാകൃത്തുക്കൾ കഥ എന്ന സാഹിത്യരൂപത്തെ ഗൗരവത്തോടെ സമീപിച്ചവരാണ്. ഇവരുടെ തന്നെ

നിരവധി കഥകൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. എല്ലാ രചനകളും കഥ എന്ന സാഹിത്യരൂപത്തിനോട് പൂർണമായും നീതി പുലർത്തുന്നവയുമല്ല. ഒരു സവിശേഷ സന്ദർഭത്തിൽ, സവിശേഷമൂല്യത്തെ എപ്രകാരം ഉൾക്കൊണ്ടു എന്നുള്ളതാണ് അന്വേഷണലക്ഷ്യം എന്നതിനാൽ അതിനനുസൃതമായി ഇരുകഥാകൃത്തുക്കളുടേയും മൂന്ന് ചെറുകഥകൾ വീതം താരതമ്യം ചെയ്ത് നിരീക്ഷണം നടത്തി നിഗമനത്തിലെത്തിച്ചേരുന്നതിനാണ് പ്രായോഗികമായി ശ്രമിക്കുന്നത്.

**ഗവേഷണത്തിന്റെ പ്രസക്തി**

മനുഷ്യന്റെ സമൂഹത്തിലുള്ള സ്ഥാനം പുനർനിർവചിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് മാനവികതയും പാശ്ചാത്യ പദ്ധതിയുടെ ഭാഗമായി വികസിച്ച നവോത്ഥാനവും. പാശ്ചാത്യബോധം നിർമ്മിച്ചെടുത്ത മനുഷ്യനിൽനിന്ന് പല ചേരുവകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു കരുതുന്നവരുണ്ട്. പാശ്ചാത്യ മാനവികത തന്നെ അപൂർണ്ണമോ അർത്ഥശൂന്യമോ ആണെന്ന വാദം ഉയർന്നുവരുന്നു. കേവല മാനവികതയിൽനിന്നും വർഗ്ഗാശ്രിതമാനവികതാബോധത്തെ വളർത്തിയ മാർക്സിയൻ ദർശനത്തെ കാലാനുസൃതം വ്യാഖ്യാനിക്കുന്നതിന് ഇന്ന് കഴിയാതെപോകുന്നു. ഗാന്ധിജിയും നെഹ്റുവും മുന്നോട്ടുവച്ച രാഷ്ട്രസങ്കല്പങ്ങൾ ഇന്നത്തെ ലോകസാഹചര്യത്തിൽ പ്രസക്തമല്ല എന്ന ഒരു വാദം ഉയർന്നുവരുന്നു. നവോത്ഥാനം എന്ന വാക്കിനെ പഴയ സംസ്കാരങ്ങളുടെ പുനരുത്ഥാനം എന്ന ആശയമാക്കി പരിവർത്തിപ്പിക്കാനുള്ള ശ്രമവും ഇന്ന് നടന്നുവരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും പരമ്പരാഗത വിദ്യാഭ്യാസത്തിന്റെയും യുക്തികൾ മനുഷ്യന് യോജിക്കുന്നവയായിരുന്നില്ല എന്ന വാദവും നിലനിൽക്കുന്നു. പലതരത്തിലുള്ള ആധുനിക പ്രവണതകൾ സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും ചലനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മനുഷ്യനെ നിസ്സഹായനോ നിസ്സംഗനോ ആക്കാനുള്ള ബോധപൂർവ്വമായ

ശ്രമങ്ങളും ഈ ആധുനിക പ്രവണതകളിൽ ഉണ്ടോ എന്ന സംശയം സ്വാഭാവികമാണ്. മൂല്യനിരാസത്തിന്റേതായ ഈ അവസ്ഥ ആശങ്കകൾ ഉയർത്തുന്നതാണ്.

വായനയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന അനേകം ഘടകങ്ങൾ വെല്ലുവിളികൾ ഉയർത്തുമ്പോഴും കഥ എന്ന സാഹിത്യരൂപത്തിന് ഇന്നും സമൂഹത്തിൽ സ്ഥാനമുണ്ട്. സമാഹൃതരൂപത്തിലും, ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ആയി പുറത്തുവരുന്ന കഥകൾ വ്യക്തിയെയും സമൂഹത്തെയും പ്രതിനിധാനം ചെയ്യുന്നുണ്ട്. ബൃഹദാഖ്യാനങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു എന്ന വിമർശനമതവും കഥ എന്ന സാഹിത്യരൂപത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നിരന്തരം സംസ്കരിച്ച് നിലനിർത്തേണ്ട ഒരു മൂല്യബോധം എന്ന നിലയിൽ മാനവികതാമൂല്യത്തിന് കഥയുമായുള്ള ബന്ധവും അതിന്റെ പ്രചാരത്തിനുള്ള സാധ്യതയും അന്വേഷിക്കുന്നത് എന്നും പ്രസക്തമാണ്.

നവോത്ഥാനകാലകഥകളെക്കുറിച്ചും ഈ കാലയളവിലെ കഥാകാരന്മാരെക്കുറിച്ചും നിരവധി പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹ്യപക്ഷപാതമാണ് മുഖ്യം എന്ന് വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തിലെ കഥാകാരന്മാരെ പൊതുവായി വിലയിരുത്താനാണ് ഇത്തരം പഠനങ്ങൾ സഹായകമാകുന്നത്. അതിൽത്തന്നെ ചില പ്രത്യയശാസ്ത്രങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തിയിരുന്ന എഴുത്തുകാർ, ആ വാഗ്ദത്തതയോട് കാണിച്ച നീതിയെ മുൻനിർത്തിയും പഠനവിധേയരായിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള വീക്ഷണഗതികളുടെ പ്രത്യക്ഷസ്വാധീനം താരതമ്യേന കുറവാണെങ്കിലും കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നീ എഴുത്തുകാർ കഥ എന്ന സാഹിത്യരൂപത്തിനോട് നീതി പുലർത്തി മനുഷ്യനോടും സമൂഹത്തിനോടുമുള്ള അചഞ്ചലമായ കൂറും വിശ്വാസവും പ്രകടിപ്പിച്ചതെങ്ങനെയെന്ന അന്വേഷണം കൂടുതൽ പ്രസ

ക്തമാണ്. പുനർവായനകൾക്കും പുതിയ മൂല്യനിർണയത്തിനും ഇത് പ്രയോജനപ്പെടും എന്നു കരുതുന്നു.

**പൂർവ്വകാല പഠനങ്ങൾ**

നവോത്ഥാനകാലകഥകളെക്കുറിച്ച് പൊതുവെയും, കാരൂർ നീലകണ്ഠപിള്ള, ലളിതാംബികാ അന്തർജനം എന്നിവരുടെ കഥകളെക്കുറിച്ച് വിശേഷിച്ചും ചില പഠനങ്ങൾ നടന്നിട്ടുണ്ട്.

ഡോ. സെൽവരാജ് താപസ് കേരള സർവ്വകലാശാലയിലെ ഡോ. ബെഞ്ചമിന്റെ മേൽനോട്ടത്തിൽ നിർവ്വഹിച്ച ഗവേഷണത്തിൽ ഉരുത്തിരിഞ്ഞ നിഗമനങ്ങൾ "കാരൂരിന്റെ കല" എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

എം. ഗോവിന്ദന്റെ പത്രാധിപത്യത്തിൽ മദിരാശിയിൽനിന്ന് പുറത്തിറങ്ങിയിരുന്ന "സമീക്ഷ" എന്ന ആനുകാലികം കാരൂർ കഥകളെക്കുറിച്ച് സംഘടിപ്പിച്ച സിംപോസിയത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ "കാരൂരിന്റെ കഥാലോകം" എന്നപേരിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോ. എം.എം. ബഷീർ എഡിറ്റുചെയ്ത "കാരൂർ കഥാപഠനം" കാരൂരിന്റെ ചില കഥകളെ മുൻനിർത്തി പില്ക്കാല യുവകഥാകൃത്തുക്കളും നിരൂപകരും നടത്തുന്ന നിരീക്ഷണങ്ങളാണ്.

കാരൂർ കഥകൾക്ക് ജി. കുമാരപ്പിള്ള, എം. അച്യുതൻ എന്നിവർ എഴുതിയ അവതാരികകൾ ശ്രദ്ധേയങ്ങളാണ്. കാരൂരിന്റെചിലകഥകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച സന്ദർഭത്തിൽ, ആ കൃതിക്ക് ഡോ. എം. ലീലാവതി എഴുതിയ 'Tears and Rainbow' എന്ന അവതാരിക ശ്രദ്ധേയമാണ്. 'ഓർമ്മകൾ ചന്ദനഗന്ധംപോലെ'

എന്ന പുസ്തകം കാരൂരിന്റെ മകളും കഥാകാരിയുമായ ബി. സരസ്വതി അച്ഛനെക്കുറിച്ച് എഴുതിയ സ്മരണകളാണ്.

"കാരൂർ" (സ്മരണകളും പഠനങ്ങളും) എന്ന സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച പുസ്തകം, അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തേയും പ്രവർത്തനമണ്ഡലത്തേയും പരിചയപ്പെടുത്തുന്നു. "കാരൂർ, കഥയുടെ രാജശില്പി" എന്ന നവരംഗം നടരാജന്റെ ലഘുപഠനം കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുകുമാർ അഴീക്കോടിന്റെ 'വാധ്യാരും കഥാകാരനും' അയ്യപ്പപണിക്കരുടെ 'കാരൂരിന്റെ കഥാശില്പം', എം. ഗംഗാധരന്റെ 'വാസ്തവം, യാഥാർത്ഥ്യം, സത്യം കാരൂർക്കഥകളിൽ', കെ.എസ്. നാരായണപ്പിള്ളയുടെ 'കഥാകാരനായ കാരൂർ' എന്നീ ലേഖനങ്ങളും ഇവിടെ സ്മരണീയമാണ്.

ലളിതാംബികാ അന്തർജനത്തിന്റെ ഷഷ്ടിപൂർത്തിയാഘോഷാവസരത്തിൽ അതിനുവേണ്ടി രൂപീകരിച്ച ആഘോഷക്കമ്മറ്റി 1969 വരെ നടന്ന പഠനങ്ങൾ സമാഹരിച്ച് "അന്തർജനം ഒരു പഠനം" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലളിതാംബികാ അന്തർജനത്തിന്റെ 'തെരഞ്ഞെടുത്ത കഥ' കൾക്ക് കെ. സുരേന്ദ്രൻ എഴുതിയ 'അന്തർജനത്തിന്റെ കഥാലോകം' എന്ന അവതാരിക ഏതൊരു പഠിതാവിന്റേയും സവിശേഷശ്രദ്ധയാകർഷിക്കുന്നു. "ആത്തേമ്മാരുടെ കഥകൾ" എന്ന പേരിൽ എം.ആർ. ചന്ദ്രശേഖരൻ എഴുതിയ ലേഖനവും "ക്രൂശിതമായ ജീവിതത്തിന്റെ കാഥിക" എന്ന പേരിൽ ഡോ. എം. ലീലാവതി എഴുതിയ ലേഖനവും അത് രചിക്കപ്പെട്ട കാലഘട്ടത്തിൽ ശ്രദ്ധേയങ്ങളായിരുന്നു. എൻ.കെ. രവീന്ദ്രന്റെ 'സ്ത്രീവിമോചനത്തിന്റെ പ്രശ്നങ്ങൾ – എഴുത്തുകാരിയുടെ സംഭാവനകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന 1992ലെ ഗവേഷണപ്രബന്ധവും കേരള പഠനങ്ങൾ 3ൽ പ്രസിദ്ധീകരിച്ച 'അമ്മമാരുടെ സങ്കടങ്ങൾ ലളിതാംബിക അന്തർജന

ത്തിന്റെയും മാധവിക്കുട്ടിയുടെയും കഥകളിൽ' എന്ന ലേഖനവും അന്തർജനത്തിന്റെ കഥകളെ സമഗ്രപഠനത്തിന് വിധേയമാക്കുന്നു. സച്ചിദാനന്ദന്റെ 'ഒരന്തർജനത്തിന്റെ പുറം ലോകങ്ങൾ' എന്ന ലേഖനവും (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 മെയ് 9, പുസ്തകം 37, ലക്കം 8) കെ.പി. ശങ്കരന്റെ 'മറക്കുട തകർത്ത ഭാവന' (ദേശാഭിമാനി വാരിക, ലക്കം 44, പുസ്തകം 40, 2009 മാർച്ച് 29) എന്ന ലേഖനവും അവരുടെ ജന്മശതാബ്ദി വർഷ ത്തിന്റെ ഭാഗമായി പുറത്തുവന്നതാണ്.

മേൽസൂചിപ്പിച്ച പഠനങ്ങളെല്ലാം ഭാഷാസാഹിത്യത്തിന് മുതൽകൂട്ടാണെങ്കിലും മാനവികത എന്ന മൂല്യത്തിന്റെ പ്രയോഗപരിസരങ്ങളുമായി ബന്ധപ്പെടുത്തി വിലയിരു ത്തുമ്പോൾ അപൂർണമാണ്.

കാരൂർ നീലകണ്ഠപിള്ളയും ലളിതാംബിക അന്തർജനവും അവരുടെ രചനാ സങ്ക ല്പങ്ങൾ ചില സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവയെ പൂർണമായും മുഖവിലയ്ക്കെടുക്കുന്നില്ല.

ഒരു മൂല്യത്തെ ആസ്പദമാക്കിയുള്ള ഈ പഠനം സാമ്പ്രദായിക പഠനക്രമങ്ങൾക്കും അപ്പുറം പോകാൻ സഹായകമാകും.

**ഗവേഷണരീതി**

താരതമ്യപഠനത്തിന് പ്രാധാന്യം നൽകി തുല്യജോഡികൾ അപഗ്രഥിച്ച് നിഗമന ത്തിലെത്തുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്. തുല്യജോഡികളെ കണ്ടെത്തുന്നതിലും ഭാഷാരീതിയുടെ വിശകലനത്തിലും, ഘടനാപരമായ സവിശേഷ തകൾ പരിശോധിക്കുന്നതിലും, പാത്രചിത്രണത്തിലെ സമാനതകളും വ്യതിരിക്തതകളും വിലയിരുത്തുന്നതിലും താരതമ്യ സാഹിത്യ വിമർശനത്തിന്റെ സിദ്ധാന്തങ്ങളും സമീ

പനരീതികളും പാലിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. ആഖ്യാനശാസ്ത്രത്തിന്റെയും ശൈലീവിജ്ഞാനത്തിന്റെയും സാദ്ധ്യതകളെ പ്രയോജനപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. ഒരു ഗവേഷണ പ്രബന്ധത്തിന്റെ രീതി പിൻതുടരുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്.

**ആകരസാമഗ്രികൾ**

മൂല്യങ്ങളെക്കുറിച്ച് പൊതുവേയും മാനവികമൂല്യങ്ങളെക്കുറിച്ച് വിശേഷിച്ചും നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. മാനുഷിക മൂല്യങ്ങൾ ആപേക്ഷികമായി വിലയിരുത്തുന്ന മതതത്വശാസ്ത്രം, രാഷ്ട്രീയതത്വശാസ്ത്രം എന്നിവയിലും മാനവികതാ സങ്കല്പം ചർച്ച ചെയ്തിട്ടുണ്ട്. മൂല്യസങ്കല്പങ്ങളെ വിലയിരുത്തുന്നതിൽ, ദാർശനികഗ്രന്ഥങ്ങൾ ആണ് പ്രഥമാകരം. ചെറുകഥാ സാഹിത്യത്തെക്കുറിച്ച് നടന്ന പഠനങ്ങളും, വിലയിരുത്തലുകളുമാണ് സാഹിത്യരൂപത്തെ വിശദീകരിക്കാൻ സഹായകമാകുന്നത്.

കാരൂർ നീലകണ്ഠപ്പിള്ളയുടേയും ലളിതാംബികാ അന്തർജനത്തിന്റേയും കഥകൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതും സമാഹരിച്ചിട്ടുള്ളതുമാണ്. ഇവയെ പുരസ്ക്കരിച്ചും തിരസക്കരിച്ചുമുള്ള പൂർവ്വകാല പഠനങ്ങളും പ്രചാരത്തിലുണ്ട്. സൂക്ഷ്മപഠനത്തിന് ഇവയാണ് സ്വീകരിക്കുന്നത്.

പഠനവിധേയരാക്കുന്ന സാഹിത്യകാരന്മാരുടെ ജീവചരിത്രം, ആത്മകഥാംശമുള്ള ലേഖനങ്ങൾ, മറ്റുവ്യക്തികൾ അവരെക്കുറിച്ചു നടത്തുന്ന അനുസ്മരണങ്ങൾ എന്നിവയാണ് ദ്വിതീയാകാരമായി സ്വീകരിക്കുന്നത്.

**പ്രബന്ധസ്വരൂപം**

ഈ ഗവേഷണ പ്രബന്ധത്തിന് ആറ് അധ്യായങ്ങളുണ്ട്. ആമുഖത്തിൽ ഗവേഷണത്തിന്റെ ലക്ഷ്യം, പ്രസക്തി, വ്യാപ്തി എന്നിവ വിശദീകരിച്ചിട്ടുണ്ട്.

മൂല്യം എന്ന വാക്കിനെക്കുറിച്ച് നിലനിൽക്കുന്ന വിവിധ സങ്കല്പങ്ങൾ വിശദീകരിച്ച് മാനവികത എന്ന മൂല്യബോധത്തെ ഒന്നാമധ്യായത്തിൽ നിർവചിക്കുന്നു. മാനവികതാമൂല്യത്തിന്റെ വ്യത്യസ്തസങ്കല്പങ്ങളും പ്രകടന സവിശേഷതകളും ഈ അധ്യായത്തിൽ വ്യക്തമാക്കുന്നു. ഭാരതീയ പശ്ചാത്തലത്തിൽ ഈ സങ്കല്പനത്തിന്റെ പൂർവകാല സ്വഭാവവും അനുക്രമമായ വികാസവും ഈ അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

'ചെറുകഥ' എന്ന സാഹിത്യരൂപത്തിന്റെ ഉത്ഭവവികാസ പരിണാമങ്ങളെ പൊതുവായി സൂചിപ്പിച്ച്, അതിന്റെ ഭാഷാസാഹിത്യത്തിലെ വികാസപരിണാമങ്ങൾ രണ്ടാമധ്യായത്തിൽ വിശദീകരിക്കുന്നു. കഥാസാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങൾ ധാരാളം പ്രചാരത്തിലുള്ളതിനാലും, അതിന്റെ ആവർത്തനം അപ്രസക്തമാണെന്നതിനാലും ഈ പ്രബന്ധത്തിന് നിദാനമായ വസ്തുതകളെ മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

"നവോത്ഥാനം" എന്ന സംപ്രത്യയം പ്രചരിച്ച ലോകസാഹചര്യവും സവിശേഷമായ കേരളീയ സാഹചര്യവുമാണ് മൂന്നാമധ്യായത്തിന്റെ ആദ്യഭാഗത്ത് വിശദീകരിക്കുന്നത്. ഇത് സാഹിത്യരൂപങ്ങളെ സ്വാധീനിച്ചത് ഏതു പ്രകാരത്തിലാണെന്ന് തുടർന്ന് വിശദീകരിക്കുന്നു. നവോത്ഥാനകഥയുടെ സവിശേഷതകളും അത് രൂപംകൊള്ളാനിടയായ സാഹചര്യവും ആ കഥകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും ഉണ്ടായ വിമർശനങ്ങളും വിലയിരുത്തുന്നതിനും ഈ അദ്ധ്യായത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്.

കാരൂർ നീലകണ്ഠപിള്ളയുടെ രചനാവീക്ഷണം രൂപംകൊണ്ട സാഹചര്യവും അദ്ദേഹത്തിന്റെ സാഹിത്യസങ്കല്പങ്ങളും വിശദമായി പരിശോധിക്കുന്നതിനാണ് നാലാം അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. നിരൂപകന്മാരും സുഹൃത്തുക്കളും നടത്തിയ പരാമർശങ്ങളെ വിശദമായി സൂചിപ്പിച്ച് കാരൂർ എന്ന എഴുത്തുകാരന്റെ രചനാവ്യക്തിത്വം രൂപംകൊണ്ട സാഹചര്യത്തെ ഈ അദ്ധ്യായത്തിൽ സമഗ്രമായി പരിശോധിക്കുന്നു.

ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യസംഭാവനകളെ കുറിച്ച് സജീവമായ പഠനങ്ങൾ ഇന്നും നടക്കുന്നുണ്ട്. ആവർത്തനങ്ങൾ ഒഴിവാക്കി, അവരുടെ കഥാലോകത്തെ സാമാന്യമായി പരിചയപ്പെടുത്തി ഇരുകഥാകൃത്തുക്കളുടെയും രചനകളെ സൂക്ഷ്മതാരതമ്യം ചെയ്യുന്നതിനാണ് ആറാം അദ്ധ്യായത്തിൽ ഊന്നൽ നൽകുന്നത്.

നവോത്ഥാനകാലകഥയെക്കുറിച്ച് എത്തിച്ചേർന്ന നിഗമനങ്ങൾ കഥയുടെ വർത്തമാനകാല അവസ്ഥയുമായി ചേർത്തുവെച്ച് വിശകലനം ചെയ്യാനും മൂല്യനിരാസചിന്തയുടെ യുക്തിയും ഉറവിടവും വിശദീകരിക്കാനും ആറാം അദ്ധ്യായത്തിൽ ശ്രദ്ധിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ കഥ എന്ന സാഹിത്യരൂപത്തിന്റെയും മനുഷ്യസങ്കല്പത്തിന്റെയും കാലോചിതമായ വളർച്ചയെ നിരീക്ഷിക്കുന്നതിനും ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഈ ഗവേഷണത്തിന്റെ സമകാലപ്രസക്തി വ്യക്തമാക്കാനാണ് ആറാമദ്ധ്യായത്തിൽ ശ്രമിച്ചിട്ടുള്ളത്.

അന്വേഷണത്തിന്റെ നിഗമനങ്ങൾ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. സഹായക ഗ്രന്ഥങ്ങളുടെ പട്ടികയും ക്രമത്തിൽ ചേർക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. വിശദപഠനത്തിന് വിധേയമാക്കിയ ആറ് കഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അക്ഷരത്തിന്റേയും അറിവിന്റേയും ലോകത്തിലേക്ക് ആനയിച്ച ഗുരുനാഥന്മാരേയും, ഇന്നും നയിച്ചുകൊണ്ടിരിക്കുന്ന സ്നേഹിതന്മാരേയും, സ്മരിച്ച്, മാനവികതയ്ക്ക് ഊന്നൽ നൽകി മലയാള ചെറുകഥയിലെ മാനവികതയെ വിലയിരുത്തുന്ന ഈ പ്രബന്ധം പരിഗണനയ്ക്കായി ഞാൻ സവിനയം സമർപ്പിക്കുന്നു.

അദ്ധ്യായം ഒന്ന്

# മൂല്യസങ്കല്പങ്ങളും, മാനവികതാമൂല്യവും
# (സാംസ്കാരിക, ചരിത്രപശ്ചാത്തലത്തിൽ)

## 1. മനുഷ്യനും മൂല്യങ്ങളും

ഭൂമിയിൽ ജീവന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ടത് ഏതു കാലത്താണെന്ന് കൃത്യമായി കണക്കാകാൻ കഴിഞ്ഞിട്ടില്ല. ഇരുന്നൂറ്റൻപത് കോടി വർഷം മുമ്പ് ജീവൻ പ്രത്യക്ഷപ്പെട്ടിരിക്കാമെന്നാണ് ശാസ്ത്രധാരണ. ജീവശ്രേണിയിൽ പലതുകൊണ്ടും ഉന്നത സ്ഥാനത്തു നിൽക്കുന്ന മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷപ്പെട്ടിട്ട് ഇരുപത് ലക്ഷം വർഷങ്ങളെ ആയിട്ടുള്ളൂവെന്ന് ശാസ്ത്രം സയുക്തികം വാദിക്കുന്നു. ജിവശാസ്ത്രപരമായ പരിണാമ പ്രക്രിയയിൽ പരിഷ്കൃതശരീരഘടനയുള്ള മനുഷ്യനിലെത്താൻ മുപ്പതിനായിരം വർഷങ്ങൾ വേണ്ടി വന്നു. വികസിതമായ തലച്ചോറുപയോഗിച്ച്, പ്രകൃതിയോടു മല്ലിട്ട് മനുഷ്യൻ വളർത്തിയെടുത്ത സംസ്ക്കാരത്തിനാകട്ടെ പതിനയ്യായിരം കൊല്ലത്തെ പഴക്കംമാത്രമാണുള്ളത്.[1]

ചരിത്രപഠനത്തിലും സാഹിത്യപഠനത്തിലും സർവസാധാരണമായി ഉപയോഗിച്ചുവരുന്ന ഒരു പദമാണ് സംസ്കാരം. വിവിധവും വ്യത്യസ്തവുമായ അർത്ഥതലങ്ങൾ ഈ പദത്തിനുണ്ട്. പാരമ്പര്യംകൊണ്ടും പ്രവൃത്തികൊണ്ടും സമാർജിച്ച പെരുമാറ്റരീതി, ഉദാത്തമായ മൂല്യം, പൂർണ്ണതയെ ലക്ഷ്യമാക്കിയുള്ള ജീവിതം, വികസിതമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്ന കല, സാഹിത്യം തുടങ്ങിയ ഉപാധികൾ, ദൈവ/മോക്ഷ ജീവിതത്തിലേക്കുള്ള പാത എന്നിങ്ങനെയുള്ള അർത്ഥങ്ങൾ ഈ പദത്തിനുണ്ട്. മേൽസൂചിപ്പിച്ച അർത്ഥങ്ങൾ ഓരോന്നും ഓരോ സവിശേഷ സാമൂഹ്യസാഹചര്യത്തിന്റെ നിർമ്മിതികളാണ്. ഇവയിൽ ഏതെങ്കിലും ഒന്നിനെ ഏകപക്ഷീയമായി സ്വീകരിക്കലോ നിരാക

രിക്കലോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

കല, സാഹിത്യം, സൗന്ദര്യശാസ്ത്രം എന്നിവയും, ഈ മൂന്നിന്റെയും പാരസ്പര്യവും പശ്ചാത്തലമാക്കി, മാനവികത എന്ന മൂല്യത്തിന് ഊന്നൽ നല്കി സംസ്കൃതിയെ വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1.1. പ്രാചീന മനുഷ്യൻ, താൻ പ്രകൃതിയുടെ അടിമയാണെന്ന് വിശ്വസിച്ചിരുന്നു. മനുഷ്യനെ ഒറ്റയ്ക്കും കൂട്ടായും നശിപ്പിക്കാൻ കഴിവുള്ള ശക്തികളാണ് വെള്ളം, തിയ്യ്, വെളിച്ചം, കാറ്റ് തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളാണെന്ന് അവൻ കരുതി. ഉപദ്രവിക്കുന്നതുപോലെ ഇവ ഉപകരിക്കുന്നതു കൂടിയാണെന്ന് ക്രമേണ അവൻ തിരിച്ചറിഞ്ഞു. ശാസ്ത്രബോധം നിലവിൽ വന്നതോടെ ഇത്തരം ശക്തികളോടുള്ള അടിമത്ത മനോഭാവം മാറാനാരംഭിച്ചു. തുടർന്ന് തങ്ങൾ പ്രകൃതി ശക്തികളുടെ യജമാനൻമാരാണെന്ന ധാരണ അവരിലുണ്ടായി. കീഴടക്കാനുള്ള ശ്രമത്തിൽ ആദ്യം എതിരാളിയായും പിന്നെ ശത്രുവായും അവൻ പ്രകൃതിയെ നേരിട്ടു. മാനവസംസ്കൃതിയുടെ പ്രാരംഭദശയിൽ മനുഷ്യൻ, മൃഗങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമല്ലാത്ത ജീവിതമാണ് നയിച്ചത്. ക്രമേണ പരിഷ്കൃതം എന്നു വിശേഷിപ്പിക്കാവുന്ന അവസ്ഥയിലേക്ക് അവൻ ഉയരാൻ ആരംഭിച്ചു. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ചില അംശങ്ങൾ ബലികഴിച്ചിട്ടാണെങ്കിലും, താൻ സൃഷ്ടിച്ചെടുത്ത ചില നിയമങ്ങളോട് അവൻ പൊരുത്തപ്പെട്ടു. 'മനുഷ്യാവസ്ഥ' എന്ന സ്വഭാവത്തിലേക്കും, 'മനുഷ്യക്രിയ' എന്ന പൂർണ്ണമായി നിർവചിക്കാൻ കഴിയാത്ത സമസ്യയിലേക്കും, മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഘടനയിലേക്കും വിജ്ഞാനചിന്തയുടെ വഴിതുറക്കുന്നത് ഈ സാഹചര്യമാണ്. ഭൗതിക സാഹചര്യങ്ങൾ, ചരിത്ര സാഹചര്യങ്ങൾ എന്നീ വീക്ഷണത്തിൽ നിന്നുകൊണ്ട് ഈ വളർച്ചയെ നോക്കിക്കാണാം. ഈ രണ്ടു സവിശേഷ സാഹചര്യങ്ങളാണ് വ്യക്തിമൂല്യങ്ങൾക്കും സാമൂഹ്യ മൂല്യങ്ങൾക്കും തുടക്കം കുറിച്ചത്.

മനുഷ്യന്റെ വളർച്ച ഉൾപ്പെടെ പ്രകൃതിയിലെ ഏതെങ്കിലും ഒരു പ്രതിഭാസത്തെ അതിന്റെ ചുറ്റുമുള്ള പ്രതിഭാസങ്ങളിൽ നിന്ന് അടർത്തിഎടുത്ത് വിലയിരുത്താൻ കഴിയുകയില്ല. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ശേഖരിച്ച്, വിശപ്പ് അടക്കി ജീവിച്ചിരുന്ന മനുഷ്യൻ അവനാവശ്യമായ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ ആരംഭിച്ചു. ഇത്തരം ഉൽപ്പാദനക്രമത്തിന്, സാമൂഹ്യമായ കൂട്ടായ്മയും സുരക്ഷിതമായ വാസസ്ഥാനങ്ങളും ആവശ്യമായിവന്നു. ഇതിൽ നിന്നാണ് culture (സംസ്കാരം) എന്ന പദം പിറവികൊള്ളുന്നത്. നിലം ഉഴുതുമറിയ്ക്കുക, കൃഷിചെയ്യുക എന്നീ അർത്ഥങ്ങളിലാണ് cultus എന്ന ലാറ്റിൻ പദം ഉപയോഗിച്ചുവന്നത്.[2] വാസസ്ഥാനമുണ്ടാക്കുക അധിവസിക്കുക എന്നീ അർത്ഥങ്ങളിൽ colere, colonus എന്നീ പദങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഇപ്രകാരം, കൃഷി, മൃഗപരിപാലനം, സാമൂഹ്യജീവിതം എന്നിവയുമായി ബന്ധപ്പെട്ടാണ് കൾച്ചർ എന്ന പദത്തിന്റെ നിഷ്പത്തി. ഭാരതീയ പശ്ചാത്തലത്തിൽ സമാനപദമായ സംസ്കാരത്തിന്റെ നിരുക്തി അന്വേഷിക്കേണ്ടതുണ്ട്. ശേഖരിക്കുക, പാകംചെയ്യുക, മിനുസപ്പെടുത്തുക തുടങ്ങിയ അർത്ഥങ്ങൾ 'സംസ്കൃത്' എന്ന ധാതുവിന് മോണിയർ വില്യംസ് നല്കുന്നുണ്ട്.[3]

ഉല്പാദനക്രമം പോലെതന്നെ, കൂട്ടായ ജീവത്തിന് പ്രേരകമായ മറ്റുചില ഘടകങ്ങൾ കൂടി ഉണ്ടായിരുന്നു. പ്രകൃതിയിലെ എല്ലാ വസ്തുക്കളും നിരന്തരമായ ഉത്ഭവത്തിന്റെയും നാശത്തിന്റെയും അവസ്ഥയിലാണ്. ഈ ഉത്ഭവത്തിന്റെയും നാശത്തിന്റെയും അവസ്ഥകളെ കുറിച്ചുള്ള അന്വേഷണം സംസ്കാരത്തിനപ്പുറമുള്ള പല സവിശേഷകൂട്ടായ്മകൾക്കും രൂപം നല്കി. ഇതിൽ സംഘടിതവും സവിശേഷവും സർവവ്യാപകവുമായ ഒരു കൂട്ടായ്മ മതങ്ങളുടേതാണ്. കാർഷിക രീതിയുടെ വ്യത്യാസങ്ങൾ ഏറ്റകുറച്ചിലുണ്ടാക്കാമെങ്കിലും, കാർഷിക വൃത്തിയിലധിഷ്ഠിതമായ സംസ്കാരസങ്കല്പം പൊതുവെ ഒന്നായിരുന്നു. എന്നാൽ മത ചിന്തകളാണ് വൈവിധ്യമേറിയ സാംസ്കാ

രിക ബോധത്തിന് വേഗത വർദ്ധിപ്പിച്ചത്.

മനനം ചെയ്യുക, യുക്തിവിചാരം ചെയ്യുക എന്നെല്ലാം അർത്ഥമുള്ള മൻ, മന്യേതേ എന്ന സംസ്കൃതധാതുവിൽ നിന്നാണ് 'മത' ശബ്ദം നിഷ്പന്നമായിരിക്കുന്നത്. കൂടുതൽ നിയതമായ അർത്ഥത്തിൽ 'ധർമ്മം' എന്ന ഒരു പദവും ഇതേ ആശയത്തിൽ ഭാരതത്തിൽ ഉപയോഗിച്ചുവരുന്നു. ധൃ-ധരതി എന്ന ധാതുവിൽ നിന്നാണ് ധർമ്മശബ്ദം നിഷ്പന്നമായത്. ധരിയ്ക്കുക, സംവഹിയ്ക്കുക, യഥായോഗ്യം ക്രമീകരിക്കുക എന്നെല്ലാമാണ് ധർമ്മം എന്ന പദം അർത്ഥമാക്കുന്നത്.

പാശ്ചാത്യർ ഉപയോഗിച്ചുവരുന്ന 'റിലിജിൺ' എന്ന പദം 'റിലിജിയോ' എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉണ്ടായതാണ്. നിഗൂഢരഹസ്യങ്ങളുമായുള്ള സമാഗമം എന്നാണ് 'റെലിഗറി' എന്ന ലാറ്റിൻ ക്രിയാധാതു അർത്ഥമാക്കുന്നത്. ആരംഭഘട്ടത്തിൽ എല്ലാ മതങ്ങളും ഒരേ ചോദ്യങ്ങൾക്കാണ് ഉത്തരമന്വേഷിച്ചത്.

മനുഷ്യൻ ആരാണ് ? അവന്റെ ആരംഭം എവിടെ നിന്നാണ് ? ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും എന്താണ് ? തുടർപ്രക്രിയ എന്ന നിലയിൽ മരണാനന്തര ജീവിതമുണ്ടോ ? തുടങ്ങിയ ചോദ്യങ്ങളായിരുന്നു ഇതിൽ പ്രധാനം. മതത്തിന്റെ ഉല്പത്തിയെകുറിച്ച് നിലനില്ക്കുന്ന വീക്ഷണങ്ങൾ പലതാണെങ്കിലും, പൊതുവെ അതീതസത്യങ്ങളെകുറിച്ച് അന്വേഷിക്കാനുള്ള ത്വരയിൽ നിന്നാണ് മതം പിറവി എടുക്കുന്നത്. ലോകത്ത് എല്ലായിടത്തും മതങ്ങൾക്ക് ചില സമാനതകൾ ഉണ്ട്. സാർവജനീനത, അദൃശ്യമായ അരൂപിലോകം, മതാനുഷ്ഠാനക്രമം, ധാർമ്മികബോധം, ശ്രുതികൾ അഥവാ മത സാഹിത്യങ്ങൾ, പ്രവാചകർ, മതദർശനം, മരണാനന്തരജീവിതവിശ്വാസം എന്നിവയാണ് അവ. മതത്തിന്റെ മൗലികതത്വം ഈശ്വരവിശ്വാസമാണ്. പൗരാണികരുടെ ഈശ്വരവിശ്വാസത്തിന് വ്യക്തമായ രൂപമോ, നിയതമായ അർത്ഥമോ വിശ്വാസികൾ

നിശ്ചയിക്കുന്ന വിധം കണ്ടെത്താൻ കഴിയില്ല. അമൂർത്തമായ വിശ്വാസങ്ങളും ആരാധനാരീതികളും നിലനിന്നിരുന്ന പ്രാരംഭഘട്ടത്തെ ആത്മവാദം - അനിമിസം - എന്ന സംജ്ഞ കൊണ്ട് ചരിത്രകാരൻമാർ വേർതിരിക്കുന്നു. ഇതിനുശേഷം മതത്തിന്റെ വ്യത്യസ്ത രൂപങ്ങൾ പ്രാകൃതവും പരിഷ്കൃതവുമായ രീതിയിൽ ലോകത്തിലെ വിവിധ ജനതകൾക്കിടയിൽ സജീവമായി.

സർവംദൈവവാദം, അദ്വൈതം, ബഹുദേവതാ വിശ്വാസം, സൃഷ്ടിമാത്രവാദം, ആശയമാത്രവാദം, ഏകദൈവവിശ്വാസം എന്നീ വികസിത മതരൂപങ്ങൾ ഇന്നു വളരെ സുപരിചതമാണ്. ആത്മവാദം, കുലദേവതാ വാദം, പിതൃപൂജ, മാജിക് എന്നിവ പ്രാകൃത മതത്തിന്റെ രൂപങ്ങളാണ്. ഇന്ന് ഏറെ പ്രചാരത്തിലിരിക്കുന്ന യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം, ഹിന്ദുമതം എന്നിവയും ബുദ്ധ, ജൈന, പാർസി, കൺഫ്യൂഷ്യൻ, താവോ, ഷിന്റോ, സിഖ് എന്നീ മതദർശനങ്ങളും പരമമായ സത്യത്തെ അന്വേഷിക്കാനുള്ള മാനവയത്നത്തിൽ മത 'മൂല്യ'ബോധങ്ങൾക്ക് തുടക്കം കുറിച്ചു.

ഇന്ദ്രിയാതീതമായ വിഷയങ്ങളെകുറിച്ചും അദൃശ്യലോകത്തെ കുറിച്ചും ഭാവന ചെയ്യാൻ മനുഷ്യനു കഴിവുണ്ട്. ഇത് മൃഗത്തിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഗുണമാണ്. കാണാൻ പാടില്ലാത്തത് ഗ്രഹിയ്ക്കാനും, ഗ്രാഹ്യമല്ലെങ്കിൽ കൂടി വിശ്വസിക്കാനും മനുഷ്യനു സാധിക്കുന്നു എന്ന ഹോവെൽസിന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്[4]. 'പ്രതീക്ഷിക്കുന്നവയെകുറിച്ചുള്ള ഉറപ്പും അദൃശ്യമായവയെകുറിച്ചുള്ള ബോധ്യവുമാണ് വിശ്വാസം'[5] എന്ന ബൈബിളിലെ വാക്യവും ശ്രദ്ധേയമാണ്.

വ്യക്തിസ്വാതന്ത്ര്യമുൾപ്പെടെ ഒരു കാര്യത്തിലും നിശ്ചിതമായ ഒരു കാഴ്ചപ്പാട് മനുഷ്യനുണ്ടായിരുന്നില്ല. സ്വന്തം സ്വാതന്ത്ര്യം അല്പം ത്യജിച്ചിട്ടാണെങ്കിലും സമൂഹത്തിൽ സുരക്ഷ കിട്ടാനുള്ള ആഗ്രഹവും, മതപ്രബോധനത്തിന്റെ ഫലമായി മോക്ഷ

ത്തോടുകൂടി പരലോകത്ത് പോകാനുള്ള വ്യഗ്രതയും മനുഷ്യനുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി വ്യക്തിയുടേതായ ബോധമണ്ഡലം വിട്ട് ജാതി, ഗോത്രം, വിഭാഗം മുതലായ പല അധീശത്വങ്ങളും മനുഷ്യചിന്തയിലേക്ക് കടന്നുവന്നിട്ടുണ്ട്. എന്നാൽ അദ്ധ്യാത്മികവും, ആധിദൈവികവും ആധിഭൗതികവുമായ വിഷയങ്ങളിലും ജീവിതാവബോധത്തിലും മനുഷ്യന് മനഃശാന്തിയും സുരക്ഷയും നല്കുന്ന സ്ഥാപനങ്ങളിൽ, വിശാലവും വിപുലവുമായ സ്ഥാനം കിട്ടിയത് മതസ്ഥാപനങ്ങൾക്കാണ്. ജീവിതത്തിലെ മൂല്യചിന്തകൾക്ക് രൂപം നല്കുന്നതിൽ ക്രിസ്ത്വാബ്ദം 14-ാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ മതമാണ് മേൽകൈ നേടിയത്.

### 1.2. മൂല്യബോധവും സാമൂഹ്യജീവിത വികാസവും

'മൂല്യം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന അന്വേഷണത്തിന് ലഭിക്കുന്ന ഉത്തരങ്ങൾ പലതാണ്.

ഒരു വസ്തുവിനെ കുറിച്ചോ, പ്രതിഭാസത്തെ കുറിച്ചോ പ്രസ്താവന ചെയ്യുമ്പോഴും തീരുമാനമെടുക്കുമ്പോഴും നല്ലത്/ചീത്ത, ശരി/തെറ്റ് മുതലായ വിശേഷണങ്ങൾ ഉപയോഗിക്കാറുണ്ട്. ഈ നിശ്ചയത്തിനാധാരമായി നാം ചെന്നെത്തുന്ന നിഗമനങ്ങളാണ് മൂല്യങ്ങൾ എന്നു പൊതുവെ പറയാം. മൂല്യങ്ങൾ ആത്മനിഷ്ഠം, വ്യക്തിനിഷ്ഠം, സമൂഹനിഷ്ഠം എന്നീ ക്രമത്തിലേ വിലയിരുത്താൻ കഴിയൂ.

ഒരു വസ്തുവിന്റേയൊ പ്രതിഭാസത്തിന്റേയോ, മൂല്യം അതിലല്ല അതിനെ വിലയിരുത്തുന്ന മനുഷ്യമനസ്സിലെ ഭാവവിശേഷത്തിൽ നിന്ന് ഉയരുന്ന ബോധത്തിലാണ് എന്നതാണ് ആത്മനിഷ്ഠമൂല്യവാദത്തിന്റെ പൊരുൾ. മൂല്യം വസ്തുവിലോ പ്രതിഭാസത്തിലോ ആണ് കുടികൊള്ളുന്നത് എങ്കിൽ, മൂല്യ വിചിന്തനത്തിൽ ഭേദം കാണാൻ ഇടയില്ല. മൂല്യങ്ങളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനുകാരണം ആത്മനിഷ്ഠതയാണ്.

എന്നാൽ സത്യം, ധർമ്മം മുതലായ പരികല്പനകളിൽ സാർവദേശീയവും, സാർവകാലികവുമായ ചില മൂല്യചിന്തകൾ നിലനില്ക്കുന്നതായി കാണാം.

ഒരു വ്യക്തിക്ക്, ഒരു വസ്തുവോ പ്രതിഭാസമോ എപ്രകാരം ഭൗതികമോ മാനസികമോആയിഅനുഭവപ്പെടുന്നു എന്നുള്ളതാണ് വ്യക്തിനിഷ്ഠതയുടെ അന്വേഷണതലം. ഏതെങ്കിലും ഒരു ഭൗതിക പരിതസ്ഥിതിയായിരിക്കും ഇവിടെ മൂല്യ നിർണ്ണയത്തിന്റെ ആധാരതത്വം. ഒരു വസ്തുവോ, ആശയമോ ഒരിക്കലുണ്ടാക്കിയ മൂല്യബോധമല്ല മറ്റൊരു സന്ദർഭത്തിലുണ്ടാക്കുന്നത് എന്നതാണ് ഇവിടെനാംകാണുന്നത്. ഈ പശ്ചാത്തലത്തിൽ മൂല്യചിന്തയും അതിനെകുറിച്ചുള്ള ചർച്ചകളും സങ്കീർണ്ണമാണെന്ന വേദവ്യാസന്റെ പരാമർശം തികച്ചും പ്രസക്തമാണ്.[6] മൂല്യബോധത്തെകുറിച്ച് ഭാരതീയർക്കും പാശ്ചാത്യർക്കുമുള്ള വീക്ഷണങ്ങൾ സംക്ഷിപ്തമായി വിശദീകരിച്ച് ഒരു നിർവചനത്തിലെത്തിച്ചേരാനാണ് ഇവിടെ ശ്രമിക്കുന്നത്.

### 1.2.1. പ്രാചീന ഭാരതത്തിന്റെ മൂല്യസങ്കല്പം

ഭാരതീയ മൂല്യബോധം ധർമ്മബോധത്തിൽനിന്നുകടന്നുവരുന്നതാണെന്ന് പൊതുവെ പറയാം. ഈ ചിന്തയുടെ തുടക്കം വേദങ്ങളിൽനിന്നും വേദാംഗങ്ങളിൽ നിന്നുമാണ്. ആദ്യം ത്രയീവിദ്യ എന്ന പേരിൽ ഋഗ്-യജുസ്-സാമം എന്നീ വേദങ്ങളാണ് നിലവിൽ വന്നതും അംഗീകാരം നേടിയതും. പിന്നീടാണ് ചതുർവേദമായ അഥർവം അംഗീകൃതമായത്. മന്ത്രം, ബ്രാഹ്മണം, ആരണ്യകം, ഉപനിഷത്ത് എന്നീ നാലു വിഭാഗങ്ങൾ ഓരോ വേദത്തിനുമുണ്ട്.

സംഹിതകൾ എന്നുകൂടി പേരുള്ള മന്ത്രങ്ങൾ പ്രധാനമായും ദേവസ്തോത്രങ്ങൾ ആണ്. യാഗകർമ്മങ്ങളുടേയും ഇതിഹാസങ്ങളുടേയും വിശദീകരണമാണ് ബ്രാഹ്മണങ്ങൾ. വനവാസികകളായി കഴിഞ്ഞ ഋഷിമാർ, ശിഷ്യന്മാർക്ക് രഹസ്യമായി പകർന്നുന

ല്കിയ ആദ്ധ്യാത്മികവിദ്യയാണ് ആരണ്യകത്തിലെ പ്രതിപാദ്യം. മോക്ഷമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്ക് ഈശ്വരാനുഭൂതി ഉണ്ടാകുന്നതിനായി നല്കിയ ആദ്ധ്യാത്മികജ്ഞാനമാണ് ഉപനിഷത്തുക്കൾ. മനുഷ്യൻ മനുഷ്യനുവേണ്ടി നിർമ്മിച്ചതാകയാൽ വേദങ്ങളും വേദാംഗങ്ങളും ഭാരതത്തിൽ മൂല്യചിന്തകൾക്ക് വിത്തുപാകി.

കല്പം, ഛന്ദസ്സ്, ജ്യോതിഷം, ശിക്ഷ, വ്യാകരണം, നിരുക്തം എന്നിവയാണ് വേദാംഗങ്ങൾ. ബ്രാഹ്മണാധിപത്യത്തിൽ യാഗത്തിന് പ്രാധാന്യംകിട്ടിയതിനാൽ അക്കാര്യം പ്രതിപാദിക്കുന്ന കല്പത്തിനാണ് മൂല്യചിന്തയിൽ പ്രഥമസ്ഥാനം. വേദത്തിൽ പറയുന്ന കർമ്മങ്ങളെ പുരസ്കരിച്ച് ശ്രൗതം എന്നും വീടുകളിൽ ചെയ്യുന്ന കർമ്മങ്ങളെ പുരസ്കരിച്ച് 'ഗൃഹ്യം' എന്നും കല്പശാസ്ത്രത്തിന് രണ്ടു പ്രധാന ശാഖകൾ ഉണ്ടായി. മേല്പറഞ്ഞ ശ്രൗതസൂത്രങ്ങളും, ഗൃഹ്യസൂത്രങ്ങളും ചേർന്നാണ് ഭാരതീയമൂല്യസങ്കല്പത്തിന് മൂർത്തരൂപം നല്കിയത്. ഇവ പിന്നീട് ധർമ്മശാസ്ത്രങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു.

ഭാരതീയ ധർമ്മശാസ്ത്രത്തിന്റെ മൂലം വേദമാകയാൽ വേദങ്ങൾ രചിക്കപ്പെട്ട ഭൗതിക സാഹചര്യത്തിൽ നിന്നുവേണം ഭാരതീയ മൂല്യസങ്കല്പത്തെ മനസ്സിലാക്കേണ്ടത്. പ്രകൃതിപ്രതിഭാസങ്ങളോടുള്ള കരണപ്രതികരണം തന്നെയാണ് ഈ ചിന്തയുടെ അടിസ്ഥാനം എന്നുകാണാം.

**1.2.2.** വൈദികസാഹിത്യത്തിൽ നിന്ന് ക്രമേണ ലൗകികസാഹിത്യമണ്ഡലത്തിലെത്തുമ്പോൾ ശ്രൗതം, സ്മാർത്തം, ഗൃഹ്യം എന്നീ ധർമ്മസങ്കല്പങ്ങൾക്കു പുറമെ ശിഷ്ടാചാരം, അന്തഃകരണം എന്നീ ധർമ്മപ്രമാണങ്ങൾ കൂടികടന്നുവന്നു. സന്ദേഹം തോന്നുന്ന സന്ദർഭങ്ങളിൽ അന്തഃകരണം തന്നെയാണ് പ്രമാണം എന്ന കാളിദാസവചനം പ്രശസ്തമാണ്.[7] സാമാന്യധർമ്മം, സവിശേഷധർമ്മം എന്നിങ്ങനെ, ധർമ്മചിന്ത കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യക്ഷമാകുന്നു. വർണ്ണം, ജാതി, പ്രായം എന്നീ ഭേദങ്ങൾക്ക

തീതമായി എല്ലാവരും അനുഷ്ഠിക്കേണ്ടുന്ന സാമാന്യ/സാധാരണധർമ്മങ്ങൾ അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയാണ്. വർണ്ണാശ്രമധർമ്മം അനുസരിച്ച് ഓരോ വർണ്ണത്തിലുമുള്ളവർ അനുഷ്ഠിക്കേണ്ടതാണ് സവിശേഷധർമ്മങ്ങൾ. ഇവയെല്ലാം, അതുപിറവികൊണ്ട കാലഘട്ടത്തിന്റെ സവിശേഷസാമൂഹ്യ സാഹചര്യത്തിൽ നിന്ന് സംജാതമായതാണെങ്കിലും, അപൗരുഷേയമാണെന്ന് പ്രചരിപ്പിച്ച് ദിവ്യമായി പരിഗണിക്കാനും നിർബന്ധിതമാക്കാനുമുള്ള ഒരു വ്യഗ്രത നിലവിലിരുന്നു.

മേൽവിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, കലാസാഹിത്യാദിവിഷയങ്ങളേയും, ചരിത്രത്തേയും ആധാരമാക്കി ഭാരതത്തിന്റെ മൂല്യ സങ്കല്പത്തെ താഴെപറയും പ്രകാരം വിലയിരുത്താം.

പ്രകൃതിയിൽ വസ്തുക്കളും പ്രതിഭാസങ്ങളും മാത്രമെ ഉള്ളൂ. ഒരു വസ്തുവിന്റെ 'വസ്തുത' യെ മുൻനിർത്തിയാണ് അതിന്റെ മൂല്യം നിശ്ചയിക്കുന്നത്. വസ്തുവിന്റെ യാഥാർത്ഥ്യപ്രകടനമാണ് പ്രതിഭാസം. വസ്തുവിനും പ്രതിഭാസത്തിനും മൂല്യം ഇല്ല. നൈസർഗ്ഗികമല്ല എന്നതാണ് മൂല്യത്തിന്റെ മറ്റൊരു പൊതുസ്വഭാവം. വസ്തുവിലൂടെയും പ്രതിഭാസത്തിലൂടെയുമാണ് മൂല്യാവിഷ്കരണം സംഭവിക്കുന്നത്. ഉത്ഭവത്തിലും ഉദ്ദേശ്യത്തിലും മൂല്യങ്ങൾ മാനുഷികങ്ങളാണ്.

**1.2.3.** ഭാരതീയ സങ്കല്പത്തിൽ അടിസ്ഥാനമൂല്യങ്ങൾ സത്യം, ശിവം, സുന്ദരം എന്നീ മൂന്നെണ്ണമാണ്. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങളെ ഭാരതീയ സംസ്കാരം മൂല്യവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാറുണ്ട്. സ്നേഹം, അഹിംസ, അനുഭാവം, ദയ തുടങ്ങിയ ധാർമ്മിക പ്രേരണകൾ ഇതിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. മാനവസംസ്കൃതിയുടെ പുരോഗതിയിൽ ഉചിതമെന്നു തോന്നുന്ന പല ചിന്തകളും ഉയർന്നുവരുമെന്നതിനാൽ അവയെല്ലാം ഇവിടെ അടിസ്ഥാനമൂല്യങ്ങളായി പരി

ഗണിക്കുന്നില്ല. ഈ പരിമിതി മുന്നിൽ കണ്ടാണ് ഭാരതീയ പണ്ഡിതന്മാർ മൂല്യം മൂന്നാണെന്ന് വിധിച്ചിട്ടുള്ളത്.

### സത്യം

സത്യം ജ്ഞാനത്തിന്റെ ഭാവമാണ്. വസ്തുവിന്റേയും പ്രതിഭാസത്തിന്റേയും പിറവി, വികാസം, സ്വഭാവം, നിയമാവലി എന്നിവ സത്യം ഉൾക്കൊള്ളുന്നു. മൂല്യങ്ങൾ ആവിഷ്കരിക്കുന്നതിനും ആസ്വദിക്കുന്നതിനും മൂർത്തവല്കരണം ആവശ്യമാണ്. ഭാവരൂപങ്ങളുടെ അഭാവത്തിൽ പ്രകടനം സാധ്യമല്ല. കല, ശാസ്ത്രം എന്നിവ മൂല്യാവിഷ്കരണത്തിനുള്ള മാധ്യമങ്ങളാണ്. ശാസ്ത്രത്തിൽ ഗണിതശാസ്ത്രം അടിസ്ഥാനശാസ്ത്രമായി മാറുന്നത് ഈ സാഹചര്യത്തിലാണ്. എന്നാൽ പ്രകടമായ സത്യങ്ങളെ അല്ല, അവയ്ക്കുപിന്നിലുള്ള അർത്ഥങ്ങളെ ആണ് കല ലക്ഷ്യംവെയ്ക്കുന്നത്. വിചാരമാത്രകളാണ് (Concepts) ശാസ്ത്രീയ രീതിയുടെ അടിസ്ഥാനം. ഭാവനാബിംബങ്ങളാണ് (Images) കലയുടെ അടിസ്ഥാനം. ആദ്യനിരീക്ഷണത്തിൽ ഭാവന യുക്തിസഹമല്ലെന്ന് തോന്നിയേക്കാമെങ്കിലും സത്യത്തിന്റെ പൂർണ്ണത അതിൽ കാണാം. ജ്ഞാനത്തിന്റെ ഭാവമാണ് സത്യം, യഥാർത്ഥ ജ്ഞാനമാണ് പരമമായ സത്യം. പരമമായ സത്യം ഗ്രഹിക്കുകതന്നെയാണ് മോക്ഷപ്രാപ്തി എന്ന സങ്കല്പവും നിലവിലുണ്ട്.

### സുന്ദരം

ജ്ഞാനത്തിന്റെ രൂപദർശനമാണ് സുന്ദരം. രൂപത്തിന് വൈവിധ്യമുള്ള വസ്തുക്കളും പ്രതിഭാസങ്ങളും അന്വേഷിച്ചു കണ്ടുപിടിക്കലാണ് സൗന്ദര്യാവിഷ്കാരത്തിനുള്ള മാർഗ്ഗം. ആവിഷ്കരിക്കാനുള്ള ഉപാധിയാണ് കല. നിലവിലുള്ള രൂപത്തേക്കാൾ, ഉണ്ടാകാവുന്ന രൂപമാണ് കലയുടെ ലക്ഷ്യം. ഇത് ഭാവനയുടെ സൃഷ്ടിയാണ്. മനുഷ്യന്റെ നൈസർഗ്ഗിക പ്രകൃതിയും, പ്രകൃതിയും തമ്മിലുള്ള സമ്പർക്കത്തിൽ നിന്നാണ് കല

പിറവിയെടുക്കുന്നത്. ശാസ്ത്രീയമായ നിരീക്ഷണത്തിൽ ക്രമവും ലയവുമാണ് സൗന്ദര്യം. സത്യാന്വേഷണത്തിന്റെ രീതിശാസ്ത്രമാണ് സൗന്ദര്യമെന്ന് സാമാന്യേന പറയാം.

**ശിവം**

'ശിവം' എന്നതുകൊണ്ട് മംഗളം എന്നാണ് ഉദ്ദേശിക്കുന്നത്. സത്യസൗന്ദര്യങ്ങളുടെ ധർമ്മം മംഗളം സൃഷ്ടിക്കുക എന്നതാണ്. ഏതെങ്കിലും ഗുണത്തിലൂടെയാണ് ഇതു പുറത്തുവരുന്നത്. ശിവേതരമായിരിക്കുന്നതെല്ലാം ഇല്ലായ്മ ചെയ്യാനാണ് മനുഷ്യകർമ്മങ്ങൾ ലക്ഷ്യമിടുന്നത്.

**1.3. മൂല്യചിന്ത പടിഞ്ഞാറൻ രാജ്യങ്ങളിൽ**

പാശ്ചാത്യ നാടുകളെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചുമുള്ള എല്ലാ പഠനങ്ങളും പൊതുവേ ആരംഭിക്കുക ഗ്രീസിന്റെ മാഹാത്മ്യത്തെ കുറിച്ചും റോമിന്റെ പ്രതാപത്തിനെ കുറിച്ചുമുള്ള പരാമർശങ്ങളിലാണ്. പ്രാചീനഗ്രീസിൽ ഉയർന്നുവന്ന നഗരരാജ്യങ്ങൾ വർഗ്ഗപരമോ വ്യക്തിപരമോ ആയ അധികാരസ്ഥാപനങ്ങളുടെ സ്ഥാനത്ത്, നിയന്ത്രിതമെങ്കിലും ജനപങ്കാളിത്തമുള്ള ഒരു പ്രജാധിപത്യവ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചു. പലായന പ്രണേതാക്കളായ ഒരു ജനതക്ക് ഒരുസ്ഥലത്ത് സ്ഥിരമായി അധിവസിക്കാൻ ഇത് പ്രേരണ നല്കി. ഇതോടൊപ്പം സ്വകാര്യസ്വത്തും ആവിർഭവിച്ചു. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ വ്യക്ത്യതീത ചിന്തകൾ ഉയർന്നുവന്നു. വ്യക്തിവാദത്തിന് മുൻതൂക്കം നല്കിയാൽ ജനാധിപത്യം അർത്ഥശൂന്യമാവും. ജനാധിപത്യം നിലനിർത്തണമെങ്കിൽ ഒരുവ്യക്തിയേയും ഒരുപ്രത്യേക പരിധിക്കപ്പുറം ഔന്നത്യത്തിലെത്താൻ അനുവദിക്കരുത്. ഈ ഭൂമികയിൽ നിന്നാണ് പാശ്ചാത്യരാജ്യങ്ങളിലെ മൂല്യചിന്ത ഉയർന്നുവരുന്നത്. ഇതു പ്രചരിപ്പിക്കുന്നതിനായി മിഥോളജി ഉൾപ്പെടെയുള്ള വിജ്ഞാനശാഖകൾ കടന്നുവന്നു. സാംസ്കാരിക കഥാരൂപങ്ങൾ, ആചാരപരമായ കഥാരൂപങ്ങൾ, പ്രകൃതിയെകു

റിച്ചുള്ള കഥാരൂപങ്ങൾ, പ്രപഞ്ചോല്പത്തികഥകൾ എന്നിങ്ങനെ തരംതിരിക്കാവുന്ന ഗ്രീക്ക് പുരാണകഥകൾ നന്മയിലും, ബുദ്ധിയിലും, ശക്തിയിലും സദാചാരത്തിലുമുള്ള മൂല്യബോധത്തിന് രൂപം നല്കി.

മനുഷ്യൻ പ്രപഞ്ചത്തെ മനസ്സിലാക്കുന്നതും, പ്രകൃതിയിലും സമൂഹത്തിലും മാറ്റമുണ്ടാക്കുന്നതും പ്രധാനമായും മൂന്ന് ജ്ഞാന സമ്പാദന മാർഗ്ഗങ്ങളിൽ കൂടിയാണ്. ശാസ്ത്രജ്ഞാനം, ദാർശനികജ്ഞാനം, സൗന്ദര്യശാസ്ത്രജ്ഞാനം. ഇവയെകുറിച്ചും ഇവയുടെ പരസ്പരബന്ധത്തെകുറിച്ചും പ്രാചീന ഗ്രീസുകാർക്ക് അറിവുണ്ടായിരുന്നു. വിജ്ഞാനത്തിന്റെയും കലയുടെയും സമസ്തമേഖലകളിലും ഗ്രീസിന്റെ സംഭാവനകൾ അത്യപൂർവ്വങ്ങളും അമൂല്യങ്ങളുമാണ്. ഗ്രീക്കുകാരുടെ ശാസ്ത്രജ്ഞാനമാണ് മനുഷ്യനന്മയ്ക്ക് ഊന്നൽ നല്കിയുള്ള വിജ്ഞാനാന്വേഷണത്തിന് തുടക്കം കുറിച്ചത്. മേല്പറഞ്ഞ മൂന്നു വിജ്ഞാനശാഖകളും ഒറ്റയ്ക്കൊറ്റയ്ക്ക് നിലകൊള്ളുന്നവയല്ല, അവ പരസ്പരം സ്വാധീനിയ്ക്കുന്നവയാണ്.

ശാസ്ത്രത്തിന്റെവളർച്ച യുക്തിപൂർവ്വം പ്രശ്നപരിസരങ്ങളെ സമീപിക്കാൻ മനുഷ്യനു ധൈര്യം നല്കുന്നു. പ്രകൃതിയെ കൂടുതൽ അറിയുന്നതിനും, വ്യാഖ്യാനിക്കുന്നതിനും സമൂഹത്തെ ഗുണപരമായി മാറ്റുന്നതിനും ദാർശനികചർച്ചകൾ സഹായകമാകുന്നു. ഈ രണ്ടു ശാഖകളുടെയും വികാസം, സൗന്ദര്യശാസ്ത്രബോധത്തിലും ആവിഷ്കരണ രീതിയിലും സ്വാധീനം ചെലുത്തുന്നു. മനുഷ്യമനസ്സിന്റെ അഗാധതകളിൽ ഇറങ്ങിച്ചെന്ന് പുതിയ മൂല്യങ്ങൾ സൃഷ്ടിക്കുന്നതിന് സൗന്ദര്യാവിഷ്കരണത്തിനു മാത്രമെ കഴിയൂ. മറ്റെല്ലാ സാമൂഹ്യബോധരൂപങ്ങളും ജീവിതത്തിന്റെ ഒരുവശത്തെ മാത്രമെ പ്രതിനിധാനം ചെയ്യുന്നുള്ളൂ. എന്നാൽ പ്രപഞ്ചത്തിന്റെയും പ്രതിഭാസങ്ങളുടേയും സൗന്ദര്യാത്മകജ്ഞാനസമ്പാദനംമൂലമുണ്ടാകുന്ന മൂർത്തരൂപമായ കല, മനുഷ്യജീവിതത്തെ മൂർത്തമായും സമഗ്രമായും പ്രതിനിധാനം ചെയ്യുന്നു. പ്രകൃതി,

സമൂഹം, മനുഷ്യവ്യക്തിത്വം എന്നിവയുടെ മഹത്വവും സൗന്ദര്യവും ആസ്വദിക്കാനുള്ള പരിശ്രമത്തിൽ മാർഗ്ഗദർശനം ചെയ്യുന്ന പ്രത്യശാസ്ത്രമായും, കലയും സാഹിത്യവും പ്രവർത്തിയ്ക്കും. വെർത്തൂസ് എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് വെർചു (Virtue) എന്ന ഇംഗ്ലീഷ് പദം നിഷ്പന്നമാകുന്നത്. പാശ്ചാത്യ മൂല്യചിന്തയുടെ അടിസ്ഥാനപദമാണ് ഇത്. സത്യം (truth), സൗന്ദര്യം (beauty), നന്മ (goodness) എന്നിവയാണ് പ്രാചീന ഗ്രീസിന്റെ അടിസ്ഥാന മൂല്യസങ്കല്പം. ഭാരതീയവീക്ഷണത്തോടൊപ്പം ഈ പാശ്ചാത്യകാഴ്ചപ്പാടുകളിൽ നിന്നുകൂടി പിറവികൊള്ളുന്നതാണ് മൂല്യത്തെകുറിച്ചുള്ള ആധുനിക ചിന്തകൾ.

ഈ മേഖലയെകുറിച്ച് പഠനം നടത്തുന്ന വിജ്ഞാനശാഖയെ ദാർശനികർ മൂല്യ സിദ്ധാന്തം (Axiology) എന്നു വിളിക്കുന്നു. പഠനശാഖ എന്ന നിലയിൽ വളർന്നുവന്ന തോടെ മൂല്യത്തെ നിർവചിക്കാനുള്ള പരിശ്രമവും തുടങ്ങി.

മാനുഷിക മൂല്യങ്ങളെല്ലാം ഒരു നിത്യമൂല്യത്തിന്റെ താത്കാലിക പ്രകാശനമാ ണെന്നും ഈ നിത്യമായ മൂല്യക്രമം ആത്മീയ സ്വഭാവമുള്ളതും മാറ്റമില്ലാത്തുമാണെന്നും അഭിപ്രായമുണ്ട്.[8] അഭികാമ്യമായ അനുഭവങ്ങളാണ് മൂല്യങ്ങൾ എന്നതാണ് ഈ നിർവ ചനം അർത്ഥമാക്കുന്നത്. എന്നാൽ ഇവിടെ 'അഭികാമ്യം' എന്ന പദം നിർവചിക്കാൻ വിഷമമാണ്.

മൂല്യം എന്താണെന്ന ചോദ്യത്തിന് 'അത് നിങ്ങൾ കൊടുക്കുവാൻ തയ്യാറാകുന്ന വിലയാണ്' എന്ന് ബേൽസ് നിർവചിക്കുന്നു.[9] പ്രയോജനകരവും പ്രയോഗക്ഷമവുമായ ഈ നിർവചനം മൂല്യങ്ങൾ ആപേക്ഷികവും മനുഷ്യനാൽ നിർണ്ണയിക്കപ്പെടുന്നതുമാണ് എന്നബോധത്തിൽ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. ചുരുക്കത്തിൽ മൂല്യങ്ങളുടെ സ്വഭാവം സാമാന്യേന ഇനി പറയുന്നവയാണ്.

* മൂല്യം അനുഭവനിഷ്ഠവും അനിർവചനീയവുമായ ഒരു ഗുണമാണ്.

* എന്തെങ്കിലും താല്പര്യത്തിനാസ്പദമായ വസ്തുവാണ്

* മൂല്യങ്ങൾ സത്തയാണ്.

**1.4. മാനുഷികമൂല്യങ്ങൾ**

മനുഷ്യോല്പത്തിയെ കുറിച്ച് ഈശ്വരവിശ്വാസികളും അതല്ലാത്തവരും തമ്മിൽ സാരമായഅഭിപ്രായവ്യത്യാസങ്ങൾ ഉണ്ട്. വികാസപരിണാമത്തിന്റെ ഒരുഘട്ടത്തിൽ നിർജീവപദാർത്ഥത്തിൽ നിന്ന് ജീവോല്പത്തി സംഭവിച്ചുവെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ ഈ പിറവിക്ക് ഒരു ഏകനാഥനുണ്ടെന്നാണ് വിശ്വാസികളുടെ അഭിപ്രായം. എന്താണ് മനുഷ്യൻ/ജീവൻ എന്ന ചോദ്യത്തിന് മറുപടി കണ്ടെത്താൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടുണ്ട്.

ഒരേജാതിയിൽപെട്ട സ്ത്രീപുരുഷബീജം അതിലുൾക്കൊള്ളുന്ന ജനുസ്സും ക്രോമസോമുകളും സംജനിപ്പിച്ച് ലയിക്കുമ്പോഴാണ് ഒരു ജീവൻ രൂപംകൊള്ളുന്നത് എന്നാണ് ശാസ്ത്രസിദ്ധാന്തം. സൃഷ്ടിചൈതന്യങ്ങളുടെ ആദിരൂപങ്ങൾ ഇവയിൽ ലയിച്ചിരിക്കയാൽ ഏറ്റകുറച്ചിലനുസരിച്ച് ഇതിലേതെങ്കിലും ഒന്നിന്റെ രൂപം/പ്രകൃതം ജന്തുവിന് സിദ്ധിക്കുന്നു. മനുഷ്യനും മറ്റുജന്തുക്കളുംതമ്മിൽ ജീവശാസ്ത്രപരമായ കാര്യങ്ങളിൽ – ജനനം, വളർച്ച, പുനരുല്പാദനം, തിരോധാനം തുടങ്ങിയ മേഖലകളിൽ – അടിസ്ഥാനപരമായി അന്തരം കാണുന്നില്ല. എന്നാൽ മറ്റേതൊരുജന്തുലോകത്തേക്കാളും സവിശേഷമായാണ് മനുഷ്യലോകത്ത് സാമൂഹ്യഘടന പ്രത്യക്ഷപ്പെടുന്നത്. 'മനുഷ്യത്വം' എന്നു പേരുനല്കിവിളിയ്ക്കുന്ന വ്യക്തിയും സമൂഹവും തമ്മിലുള്ള പാരസ്പര്യമാണ് സവിശേഷമായ ഈ സാമൂഹ്യരീതിയ്ക്ക് തുടക്കം കുറിച്ചത്.

**1.4.1.** പ്രകൃതിയോട് എത്രമാത്രം ഏറ്റുമുട്ടിയാലും, തൃപ്തികരമാണെന്നു തോന്നുന്ന

വിധം വിജയം നേടിയാലും പുതിയ വെല്ലുവിളികൾ വ്യക്തിക്കും സമൂഹത്തിനും മുൻപിൽ ഉയർന്നു വരുമ്പോഴാണ് 'മനുഷ്യത്വം' പ്രബലപ്പെടുന്നത്. നിയതിനിയമങ്ങളെ കുറിച്ചുള്ള ബോധവും, അതിനെ വിവേകപൂർവം കൈകാര്യം ചെയ്യാനുള്ള ജാഗ്ര തയുമാണ് മനുഷ്യനെ ഇതര ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തനാക്കുന്നത്. നാം ജീവി ക്കുന്ന വാസയോഗ്യമായ ഈ ഭൂമി ഇന്നത്തെ അവസ്ഥയിൽ എത്തിയത് മേൽപറഞ്ഞ ബോധത്തിൽ നിന്നാണ്. പ്രപഞ്ചത്തിൽ എല്ലാ ജീവജാലങ്ങൾക്കും അവയുടേതായ ഒരു ലോകമുണ്ട്. മനുഷ്യനും, അവന്റേതായ ഒരു ലോകത്തിലാണ്, ചിന്താപരമായും ക്രിയാ പരമായും വ്യാപരിക്കുന്നത്. ഇതര ജീവജാലങ്ങളുടെ ലോകം എങ്ങനെയാണോ പിറ വികൊണ്ടത് അതേപ്രകാരത്തിൽ തന്നെ ഇന്നും നിലനില്ക്കുന്നു. മനുഷ്യന്റെ ലോകമാ കട്ടെ, ഭൗതിക ജീവിതത്തിന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തീകരിക്കാൻ വേണ്ടി യുള്ള യത്നത്തിൽ അനുദിനം പരിഷ്കരിക്കപ്പെടുന്നു. മനുഷ്യലോകം അവന്റേതുമാ ത്രമാണ്. എല്ലാവർക്കും അവകാശപ്പെട്ട ഈ പ്രപഞ്ചത്തിൽ, തന്റേതുമാത്രമായ ഒരു ലോകം സൃഷ്ടിക്കാൻ നടത്തുന്ന യത്നമാണ് മനുഷ്യാദ്ധ്വാനം. എന്നാൽ തനിയ്ക്കു ജീവിക്കണമെങ്കിൽ പ്രകൃതിയുമായും, ഇതരജീവജാലങ്ങളുമായും തന്റേതന്നെ സഹ ജീവികളുമായും ഏറെ പൊരുത്തപ്പെടേണ്ടതുണ്ടെന്ന് അവൻ മനസ്സിലാക്കുന്നു. അമിത മായ പ്രകൃതിചൂഷണം, അനാവശ്യമായ ധനാർജനം, അനുഭവങ്ങളിലൂടെ സമൂഹം സൃഷ്ടിച്ച വിധിവിലക്കുകൾ സ്വാർത്ഥലാഭത്തിനുവേണ്ടി ലംഘിക്കാനുള്ള ത്വര മുത ലായവ തടയുന്നതിനായി ചില വിശ്വാസങ്ങളും സംഘടിതപ്രയത്നങ്ങളും ആരംഭിച്ചത് മനുഷ്യത്വത്തിന് പുതിയ രൂപഭാവങ്ങൾ നല്കി. നേരത്തെ സൂചിപ്പിച്ച മതമൂല്യബോ ധവും പത്തൊൻപതാം നൂറ്റാണ്ടിൽ പ്രചാരം നേടിയ മതേതരമൂല്യബോധവും ചേർന്നു ണ്ടായ മാനുഷിക വീക്ഷണമാണ് 'മാനവികത' അഥവാ ഹ്യൂമനിസം എന്ന മൂല്യ സങ്കല്പം.

ഹ്യൂമസ് (Humus) എന്ന ലാറ്റിൻ വാക്കിന് ഭൂമി എന്നാണ് അർത്ഥം. ഭൂമിയിൽ നിവസിക്കുന്നവൻ എന്ന അർത്ഥത്തിൽ ഹോമോ (Homo) എന്ന പദവും പ്രചാരത്തിലുണ്ടായിരുന്നു. ഭൂമിയുമായി ബന്ധമുള്ളതും, മതാതീതവുമായ ജീവിതത്തിലെ പ്രായോഗിക കാര്യങ്ങളെ സൂചിപ്പിക്കാനാണ് ഹ്യൂമനിസം എന്ന പദം ആദ്യകാലത്ത് ഉപയോഗിച്ചത്. പ്രാചീനകാലഘട്ടത്തിൽ പരിമിതമായ അർത്ഥം മാത്രമുണ്ടായിരുന്ന ഈ പദം ക്രമേണ പുതിയ അർത്ഥങ്ങൾ കൈവരിച്ചു.

**1.4.2.** മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ. അവനു വേണ്ടിയാണ് പ്രപഞ്ചത്തിലെ സമസ്തവിജ്ഞാനവും. ഈ ആശയമാണ് മാനവികതാവാദത്തിന്റെ ആന്തര സത്ത. ഗ്രീക്ക് റോമൻ ചിന്തകളുടെ പ്രചാരത്തിലൂടെയാണ് ഈ ചിന്ത നിലവിൽ വന്നത്. യഹൂദമതവും അതിന്റെ തുടർച്ചയായി കാണാവുന്ന ക്രിസ്തുമതവും മാനവമനോഗതിയുമായി പൊരുത്തപ്പെട്ടുപോകുന്ന മതദർശനങ്ങളാണ് ആദ്യകാലത്ത് മുന്നോട്ടുവെച്ചത്. ക്രിസ്തുമതാനുയായിയായ കോൺസ്റ്റാന്റിയൻ ചക്രവർത്തി തന്റെ തലസ്ഥാനം ഗ്രീക്ക് സംസ്കാരത്തിന്റെ ആസ്ഥാനമായിരുന്ന ബൈസാൻഷ്യ (Byzantium) ത്തിലേക്ക് മാറ്റിയതും, ഈ പ്രദേശത്തിന്റെ പേര് കോൺസ്റ്റാന്റിനോപ്പിൾ (Constantinoplis) എന്നാക്കിയതും ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. ക്രിസ്തുമതത്തിന് വ്യാപകമായ പ്രചാരം കിട്ടാൻ തുടങ്ങുന്നത് ഈ കാലത്താണ്. ഗ്രീസിന്റെയും റോമിന്റെയും വിജ്ഞാനഭണ്ഡാരത്തെ തങ്ങളുടെ ഇഷ്ടാനുസരണം വിനിയോഗിക്കുന്നതിന് ക്രിസ്തുമതം ശ്രദ്ധിച്ചു. ആരാധനാക്രമത്തിൽ – ലിറ്റർജി – ഇതിന്റെ സ്വാധീനം വരുത്തുന്നതിനും മതമേലധ്യക്ഷൻമാർ തയ്യാറായി. ക്രിസ്തുവിൽ 'സ്വർഗ്ഗപുത്രൻ' എന്ന സങ്കല്പത്തോടൊപ്പം, 'മനുഷ്യപുത്രൻ' എന്ന ഒരു സങ്കൽപം കൂടി വ്യാപകമായി പ്രചാരത്തിൽ വന്നതോടെ മനുഷ്യകേന്ദ്രീകൃതമായ മതവീക്ഷണത്തിന് ആക്കം വർദ്ധിച്ചു. 'മനുഷ്യത്വം' എന്നതുകൊണ്ട് സമൂഹം ചില ലക്ഷ്യങ്ങൾ മുന്നോട്ടു വെക്കുകയും മനു

ഷ്യനും ദൈവത്തിനും വേണ്ടി അവ അനുഷ്ഠിക്കേണ്ടത് ഓരോ മനുഷ്യന്റേയും കടമ യാണെന്ന ധാരണ പ്രചാരത്തിൽ വരികയും ചെയ്തു. കൂദാശകൾ എന്ന പേരിലറിയ പ്പെടുന്ന ക്രിസ്തുമതത്തിലെ സംസ്കാരകർമ്മങ്ങൾ കേവലം പവിത്രീകരണചടങ്ങുകൾ മാത്രമായിരുന്നില്ല. ജ്ഞാനസ്നാനം, കുമ്പസാരം, കുർബാന, സ്ഥൈര്യലേപനം, വിവാ ഹം, ഗുരുപ്പട്ടം, രോഗിലേപനം എന്നീ ഏഴു കൂദാശകൾ ബാഹ്യകർമ്മാനുഷ്ഠാനവും അതൊടൊപ്പം ആദ്ധ്യാത്മിക പ്രാർത്ഥനയും കൂടി ചേർന്നതാണ്. യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ മുന്നോട്ടുവെച്ച അഷ്ടഭാഗ്യങ്ങൾ ക്രിസ്തുമതത്തിന്റെ മാനവിക വീക്ഷണത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഈ കാഴ്ചപ്പാടുകൾ നിലവിൽ വന്നതോടുകൂടി മനുഷ്യന്റെ പുണ്യപാപബോധങ്ങളിൽ മാറ്റം വന്നു. മതവും സമൂഹവും മുന്നോട്ടുവെ യ്ക്കുന്ന പുണ്യപാതയിൽ സഞ്ചരിക്കാൻ മനുഷ്യൻ തയ്യാറാണെങ്കിലും ചിലവ്യക്തി സ്വഭാവങ്ങളും, സാമൂഹ്യഘടനയിലെ ചില വിശേഷതകളും അതിനു വിഘാതം സൃഷ്ടി ക്കാൻ ഇടയുണ്ടെന്ന് യേശുക്രിസ്തു കണ്ടു. പാപം ചെയ്തു എന്നതുകൊണ്ടു മാത്രം ഒരാൾ ദൈവലോകത്തിൽ പ്രവേശിക്കാൻ അനർഹനാകുന്നില്ലെന്നും പാശ്ചാത്താപത്തി ലൂടെ മാനസാന്തരപ്പെടാൻ അവന് അവസരം കൊടുക്കാവുന്നതാണെന്നും ക്രിസ്തു മതം പ്രഖ്യാപിച്ചു.

ഹ്യൂമനിസം - മാനവികത - എന്ന ആശയം ശാസ്ത്രീയവും യുക്തിസഹവുമായി മുന്നോട്ടുവെച്ചതും പ്രചരിപ്പിച്ചതും ക്രിസ്തുമതത്തിന്റെ ആദ്യകാലഘട്ടത്തിലെ മിഷ ണറിമാരാണ്. പിന്നീടുകടന്നുവന്ന ഇസ്ലാംമതം മനുഷ്യന്റെ സമൂഹജീവിതത്തിലും വ്യക്തിജീവിതത്തിലും കർക്കശമായ ചില ചിട്ടകൾ നടപ്പിലാക്കി. മാനവികതയുൾപ്പെ ടെയുള്ള മൂല്യചിന്തകളെ വിശ്വാസവുമായി - ഈമാൻ (creed) - ബന്ധപ്പെടുത്തിമാ ത്രമെ ഇസ്ലാം കണ്ടിരുന്നുള്ളൂ.

### 1.4.3. ഇരുളടഞ്ഞ കാലഘട്ടം, മാനവികതയുടെ അപചയഘട്ടം

റോമാ സാമ്രാജ്യത്തിൽ സ്വതന്ത്രചിന്തയ്ക്കും ആശയവിനിമയത്തിനുമുണ്ടായിരുന്ന സ്വാതന്ത്ര്യം എ.ഡി. 529 ആയപ്പോഴേക്കും ഏതാണ്ട് അവസാനിച്ചു. ക്രിസ്തുമതം മത പരമായ വിഷയങ്ങളിൽ ഏകാധിപത്യ പ്രവണതകൾ പ്രദർശിപ്പിക്കാൻ ആരംഭിച്ചു. എ.ഡി. 500 മുതൽ 1400 വരെയുള്ള കാലഘട്ടം ഇരുണ്ടയുഗം എന്ന പേരിലാണ് ലോകചരി ത്രത്തിൽ അറിയപ്പെടുന്നത്. മതത്തിന്റെ ആന്തരികസത്തയെ ഉപേക്ഷിച്ച് കേവലം അനു ഷ്ഠാന ഘടകങ്ങൾക്ക് പ്രഥമസ്ഥാനം നല്കാനും മതഭരണത്തിനുവേണ്ടി അമിതാധി കാരമുള്ള സ്ഥാപനങ്ങളെ സൃഷ്ടിക്കുവാനും തുടങ്ങിയപ്പോൾ താല്കാലിമായി മാന വികതയുടെ അപചയഘട്ടം ആരംഭിച്ചു. പലഭൂപ്രദേശങ്ങളിലുമുള്ള ഭരണകൂടങ്ങളും ഭരണാധികാരികളും മതസ്ഥാപനങ്ങളുടെ ആജ്ഞാനുവർത്തികളായി മാറി.

മനുഷ്യന് ചിന്താസ്വാതന്ത്ര്യം നഷ്ടപ്പെട്ട ഈ കാലയളവിൽ അതിന്റെ ആവിഷ്കാ രരൂപങ്ങളായ കലാസാഹിത്യാദി വിഷയങ്ങളിൽ മുരടിപ്പനുഭവപ്പെടാൻ തുടങ്ങി. ‘മതാ ധിപത്യം’, തങ്ങൾക്കപ്രിയമായ കാര്യങ്ങൾ പറയുന്ന കൃതികളേയും എഴുത്തുകാരെയും നിർദ്ദയം നശിപ്പിക്കാൻ ആരംഭിച്ചു. കവിത, മതപരമല്ലെങ്കിൽ അത് പിശാചിന്റെ വചന ങ്ങളാണെന്ന് മതാദ്ധ്യക്ഷൻമാർ വിധിച്ചു. വിഗ്രഹാരാധന നിരോധിക്കപ്പെടുകയും, പ്രതി മാനിർമ്മാണമുൾപ്പെടെയുള്ള എല്ലാ കലകളും അസത്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നിരന്തരമായ നിരീക്ഷണ, ഗവേഷണ, പരീക്ഷണങ്ങളിലൂടെ തങ്ങൾ കണ്ടെ ത്തിയ പ്രപഞ്ചസത്യങ്ങൾ വെളിപ്പെടുത്തിയ ശാസ്ത്രജ്ഞൻമാരെ അംഗീകരിക്കാൻ തയ്യാ റായില്ല എന്നു മാത്രമല്ല അവരെ ശിക്ഷിക്കാനും തയ്യാറായി. മതവിചാരണ – ഇൻക്വിസി ഷൻ – മാനവ ചിന്തയുടെ സമസ്തതലങ്ങളിലും ഭീതിപടർത്തി. കരുണാമയനായ ‘ദൈവം’ കാർക്കശ്യമുള്ളവനായും, സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞ ‘മതം’ ഭീതിതമായും ജന ങ്ങൾക്കനുഭവപ്പെട്ടു. മറ്റേതൊരുമണ്ഡലത്തേക്കാളും മാനവികതയെയാണ്, ഇരുളടഞ്ഞ

കാലഘട്ടത്തിന്റെ ആദ്യഘട്ടം ഏറെ സ്വാധീനിച്ചത്. മതാധിഷ്ഠിതമൂല്യങ്ങൾ ദൈവകേന്ദ്രീകൃതമായി മാറുകയും നിസ്സഹായനായ മനുഷ്യനെ വിസ്മരിക്കുകയും ചെയ്തു. 1453-ൽ കോൺസ്റ്റാൻഡിനോപ്പിൾ അറബികൾക്കധീനമായതോടെ മദ്ധ്യധരണ്യാഴി പ്രദേശം അറേബ്യക്ക് കിഴക്കും പടിഞ്ഞാറുമുള്ള മഹത്തായ സംസ്കാരങ്ങളുടെ സംഗമരംഗമായി മാറി. ഈ കാലഘട്ടത്തിന്റെ തുടർച്ചയായി, 15 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകളെ ചരിത്രം നവോത്ഥാന കാലഘട്ടം എന്നു വിശേഷിപ്പിക്കാനാരംഭിച്ചു.

### 1.5. നവോത്ഥാന കാലഘട്ടവും മനുഷ്യനും

ഇംഗ്ലീഷിലെ റിനൈൻസൻസ് എന്ന പദത്തിന് സമാനമായിട്ടാണ് നവോത്ഥാനം എന്ന പദം മലയാളത്തിലുപയോഗിച്ചുവരുന്നത്.

പതിനാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇറ്റലിയിൽ ആരംഭിച്ച ബുദ്ധിപരവും, സാംസ്കാരികവുമായ നവചിന്തകൾ തുടർന്നു വരുന്ന നൂറ്റാണ്ടുകളിൽ യൂറോപ്പിന്റെ വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ സൃഷ്ടിച്ച മാറ്റമാണ് നവോത്ഥാന വിപ്ലവം. കലാസാഹിത്യ വിഷയങ്ങളെകുറിച്ചുള്ള പഠനത്തിലാണ് ഈ പദം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെങ്കിലും ആകെ തുകയിൽ ഇത് ഒരു മനുഷ്യോദയപ്രസ്ഥാനമായിരുന്നു. ലോകചരിത്രത്തിന്റെ വിവിധഘട്ടങ്ങളിൽ ഇത്തരത്തിൽ മാനവപുരോഗതിയുടെ പുതുജന്മങ്ങൾ കാണാമെങ്കിലും അവയെ ഒന്നും തന്നെ സാമൂഹ്യശാസ്ത്രവും സാംസ്കാരിക ചരിത്രവും അത്രമേൽ പരിഗണിക്കുന്നില്ല. അതിനുള്ള കാരണം അവയ്ക്കൊന്നും തന്നെ ഇത്ര വ്യാപകമായി സ്വാധീനം നേടാനോ ഏതെങ്കിലും ഒരു സംഘടിത സമൂഹത്തിന്റെ താമസബോധത്തെ ഉച്ചാടനം ചെയ്യാനോ കഴിഞ്ഞിട്ടില്ല എന്നതാണ്. ഈ കാലഘട്ടത്തിലെ ചിന്തകൾ ലോകചരിത്രത്തിൽ ചില നിഷേധസ്വാധീനങ്ങൾക്ക് ഇടനല്കിയെങ്കിലും മനുഷ്യവൈഭവത്തിനും മാനവസത്തയ്ക്കും ഇത്രമേൽ അംഗീകാരം ലഭിച്ച ഒരു കാലഘട്ടം

ഇതിനുമുൻപോ ശേഷമോ ഉണ്ടായിട്ടില്ല.

**1.5.1.** കോപ്പർനിക്കസ്, ഗലീലിയോഗലീലി, ഐസക്ന്യൂട്ടൻ എന്നിവർ പ്രപഞ്ചത്തെകുറിച്ചും, പ്രകൃതിപ്രതിഭാസങ്ങളെകുറിച്ചും യുക്തിസഹമായ ശാസ്ത്രീയ വീക്ഷണങ്ങൾ മുന്നോട്ടുവെച്ചു. സാഹിത്യത്തിൽ ദാന്തെ, അലക്സാണ്ടർ പോപ്പ് മുതലായ പണ്ഡിതന്മാർ പുതിയ അർത്ഥത്തിൽ പഴയ ധാർമ്മിക ചിന്തകൾ പുനരവതരിപ്പിച്ചു. ലിയനാഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ എന്നിവർ ചിത്രകലയിൽ പുതുപ്രവണതകൾക്ക് തുടക്കം കുറിച്ചു. ജർമ്മൻകാരനായ ഗുട്ടൻബർഗ് 1453-ൽ അച്ചടിവിദ്യയ്ക്ക് തുടക്കം കുറിച്ചത് വിജ്ഞാനവ്യാപനത്തിന് ഏറെ സഹായകമായി. കലാസാഹിത്യമണ്ഡലത്തിൽ വന്ന മാറ്റങ്ങളുടെ കൂടി സാഹചര്യത്തിലാണ് നവോത്ഥാനം ഒരു വിപ്ലവമാണെന്ന് സൂചിപ്പിച്ചത്.

കേവലരാഷ്ട്രീയപരിവർത്തനം എന്ന അടിസ്ഥാനത്തിലല്ല മനുഷ്യചിന്തയിലും ക്രിയാവ്യാപാരങ്ങളിലുമുണ്ടായ മാറ്റം എന്ന അടിസ്ഥാനത്തിലാണ് നവോത്ഥാനം എന്ന സംപ്രത്യയം കടന്നുവരുന്നത്.

മേൽസൂചിപ്പിച്ച മാറ്റങ്ങൾ പതിനാലാം നൂറ്റാണ്ടിൽ ആകസ്മികമായി സംഭവിച്ചതല്ല. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ ആരംഭിച്ചതും ക്രമാനുഗതമായി വളർന്നുവന്നതുമായ ചിന്താമണ്ഡലത്തിലെ ചലനങ്ങളാണ് ഇതിനു കാരണമായത്. രാജാധികാരം ദൈവദത്തമാണെന്ന ഒരു വിശ്വാസം വ്യാപകമായ രീതിയിൽ ജനങ്ങളിൽ നിലവിലുണ്ടായിരുന്നു. ദൈവത്തിന്റെപ്രതിപുരുഷൻമാരായ തങ്ങൾ 'മൂല്യ' ങ്ങളുടെ സൃഷ്ടിസ്ഥിതി സംഹർത്താക്കളാണെന്ന് രാജാക്കന്മാർ പ്രചരിപ്പിച്ചു. ജനജീവിതത്തിൽ രാജവാഴ്ചയുടെ ഇടപെടൽ പലപ്പോഴും സഹിക്കാവുന്നതിലപ്പുറമായിരുന്നു. നിയമനിർമ്മാണം, നീതിനിർവഹണം ശിക്ഷാവിധികൾ തുടങ്ങിയ ഒരു വിഷയത്തിലും കേവലമനുഷ്യന്റെ ഭൗതി

കപശ്ചാത്തലങ്ങൾ പരിഗണിക്കപ്പെട്ടിരുന്നില്ല. മനുഷ്യനുവേണ്ടി ആയിരിക്കണം ഇവയെല്ലാം എന്ന് ക്രമേണ സമൂഹം ചിന്തിക്കാൻ  ആരംഭിച്ചു.

**1.5.2.** ഇംഗ്ലണ്ടിലെ ജോൺ രാജാവിനെതിരെ 1215 ജൂൺ 15ന് ഒപ്പുവെച്ച മാഗ്നാകാർട്ട മനുഷ്യചരിത്രത്തിൽ ഒരു പുതിയ കാഴ്ചപ്പാടിന് തുടക്കം കുറിച്ചു. ജനങ്ങൾ ഭരണകൂടത്തിനെയും, നിയമങ്ങളേയും ഏതർത്ഥത്തിലാണ് വിലമതിക്കുന്നതെന്ന് ഈ പ്രഖ്യാപനത്തിലൂടെ വ്യക്തമാക്കി. മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങൾ നിർവചിക്കാനും കാത്തുസൂക്ഷിക്കാനും ഭരണകൂടം ബാദ്ധ്യസ്ഥമാണെന്ന  ആദ്യത്തെ പ്രഖ്യാപനമാണ് മാഗ്നാകാർട്ട. ഒരു വ്യക്തിയെ തടവിലാക്കിയാൽ നിഷ്പക്ഷമായി വിചാരണ ചെയ്യണമെന്നും വിചാരണാസമയത്ത് മറ്റുള്ളവരുടെ സാന്നിദ്ധ്യം വേണമെന്നും ആ സന്ദർഭത്തിൽ ധനികനെന്നും ദരിദ്രനെന്നുമുള്ള വേർതിരിവ് കടന്നുവരരുത് എന്നും ഈ നിയമം ഉറപ്പുവരുത്തി. ഇന്ന് ലോകത്താകെ നീതിന്യായമേഖലയിൽ മാഗ്നാകാർട്ടയുടെ സ്വാധീനം കാണാം.

1789 മുതൽ 99 വരെ നടന്ന ഫ്രഞ്ചുവിപ്ലവം മാനവികതയുടെ ചരിത്രത്തിൽ ഗണനീയമാണ്. നാടുവാഴിത്തഭരണത്തിൻകീഴിൽ ജനങ്ങൾ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ, ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വർദ്ധിച്ചുവന്ന അന്തരം, ഇവയ്ക്കുനേരെ മുഖംതിരിച്ചു നില്ക്കുകയും ദാരിദ്ര്യം ദൈവദത്തമാണെന്ന് വിശ്വസിക്കുകയും ചെയ്ത മതസ്ഥാപനങ്ങളോട് ജനങ്ങൾക്കുണ്ടായിരുന്ന അമർഷം, സമഗ്രമായ മാറ്റത്തിനുള്ള വ്യഗ്രത എന്നിവയാണ് ഫ്രഞ്ചുവിപ്ലവത്തിന് വഴിയൊരുക്കിയത്. മാനവികതാബോധത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശ്രമങ്ങളെ വിപ്ലവത്തിന് നേതൃത്വം കൊടുത്തവർ ചോദ്യം ചെയ്തു. മനുഷ്യൻ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾക്കുള്ളകാരണം, അതിനെ അതിജീവിക്കാൻ അവന്റെ മുന്നിലുള്ള മാർഗ്ഗം എന്നിവയിലേക്ക് പ്രശസ്തചിന്തകരായ വോൾട്ടയറും റൂസോയും ജനങ്ങളുടെചിന്തയെ ആകർഷിച്ചു. പ്രസംഗങ്ങൾ, ലേഖന

ങ്ങൾ, കവിതകൾ എന്നിവയിലൂടെ ഫ്രഞ്ച് ജനതയുടെ ദേശീയബോധത്തെയും ആത്മാഭിമാനത്തെയും വീണ്ടെടുത്ത്, തങ്ങളുടെ പരിതോവസ്ഥകളോട് പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കിയത് ആശയലോകത്തു ഇവർ നടത്തിയ പരിശ്രമങ്ങളാണ്. കായികബല ത്തിന്റെ വിജയത്തോടൊപ്പം തന്നെ, മാനവികത ഉയർത്തിവിട്ട ആത്മവിശ്വാസത്തിന്റെകൂടി വിജയമാണ് ഫ്രഞ്ചുവിപ്ലവം.

### 1.5.3. മാനവികതയും നവോത്ഥാന പാശ്ചാത്യ സാഹിത്യവും

ഈ കാലയളവിൽ സാഹിത്യത്തിൽ ഉയർന്നുവന്ന രണ്ടു ചിന്താഗതികൾ ശ്രദ്ധേയമാണ്. നിയോക്ലാസിസം റൊമാന്റിസിസം എന്നിവയാണ് അവ. ഇരുളടഞ്ഞ കാലഘട്ടത്തിൽ മാനവസംസ്കൃതിയ്ക്ക് നഷ്ടപ്പെട്ടുപോയ മൂല്യബോധങ്ങളെ തിരിച്ചുകൊണ്ടു വരാനുള്ള പരിശ്രമമാണ് സാഹിത്യത്തിലെ നിയോക്ലാസിക് പ്രസ്ഥാനം. മതവിരുദ്ധമെന്ന് തീർപ്പുകല്പിച്ച് ക്രൈസ്തവസഭയും അതിന്റെ പിൻബലത്തോടെ ഭരണാധികാരികളും പ്രചാരലുപ്തമാക്കിയ ഗ്രീക്ക് - റോമൻ കൃതികളെ, പ്രാചീനഭാഷകൾ പഠിച്ച് ആ ഭാഷകളിൽ തന്നെ പുനരാവിഷ്കരിക്കാൻ നിയോക്ലാസിക് സാഹിത്യകാരൻമാർ തയ്യാറായി. ഇവർക്ക് സാഹിത്യരചനയിലും കലാവിമർശനത്തിലും മാർഗ്ഗദർശിത്വം നല്കിയത് പ്രാചീനകൃതികളാണ്. ഹോമർ, വെർജിൽ, ദാന്തെ മുതലായവരുടെ കൃതികൾ അതേ പ്രകാരത്തിൽ അനുകരിക്കാൻ കഴിയുന്നവരാണ് ഉത്തമസാഹിത്യകാരന്മാർ എന്ന് ഇവർ വിശ്വസിച്ചു.

സത്യം, ധർമ്മം തുടങ്ങിയ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന സാഹിത്യരചനയാണ് ഉത്തമസാഹിത്യരചന എന്ന് നിയോക്ലാസിസം വിധിച്ചു. ഏതാണ്ട് 1650 മുതൽ 1790 വരെ പാശ്ചാത്യസാഹിത്യലോകത്തെ നിയന്ത്രിച്ചത് നിയോക്ലാസിക് തത്വങ്ങളാണ്.

നിയോക്ലാസിസത്തിന്റെ ഒരു നിഷേധസ്വാധീനം എന്ന നിലക്കാണ് കാല്പനി

കത എന്ന റൊമാന്റിക് കാവ്യചിന്ത 1798 ൽ പാശ്ചാത്യനാടുകളിൽ ഒരു സംഘടിത പ്രസ്ഥാനമായി മാറുന്നത്. വില്യം ബ്ലെയ്ക്, വേഡ്സ് വർത്ത്, കാൾറിഡ്ജ്, ഷെല്ലി, കീറ്റ്സ് എന്നീ കവികൾ നിയോക്ലാസിക് രചനാരീതിയേയും രൂപാധിഷ്ഠിത വിമർശന സമ്പ്രദായത്തേയും എതിർത്തു. എന്നാൽ ചില മൂല്യബോധങ്ങൾക്ക് സാമൂഹ്യംഗീകാരം നേടിയെടുക്കാൻ റൊമാന്റിസിസം യത്നിക്കുകയും ചെയ്തു. മൂല്യങ്ങൾ വ്യക്ത്യധിഷ്ഠിതമാണെന്നും, വ്യക്തിക്ക് സമൂഹത്തിൽ അർഹമായ പരിഗണനയും സ്ഥാനവും ലഭിക്കണമെന്നും ഉചിതമായ കഴിവുകൾക്കുള്ള അംഗീകാരവും പ്രോത്സാഹനവുമാണ് ഒരു എഴുത്തുകാരനെ സൃഷ്ടിക്കുന്നത് എന്നും റൊമാന്റിസിസം വ്യക്തമാക്കി.

വ്യക്തിപ്രധാനമാകയാൽ നിരവധി പരിമിതികൾ കാല്പനികതയുടെ മൂല്യചിന്തകളിൽ ഉണ്ടായിരുന്നു. എന്നാൽ ആ കാലഘട്ടംവരെ കലയും സാഹിത്യവും ഉയർത്തിപ്പിടിച്ച മാനവനന്മയുടെ പക്ഷത്തുനിന്നുകൊണ്ട് തന്നെയാണ് റൊമാന്റിക് സാഹിത്യകാരനും തന്റെ രചന നിർവഹിച്ചത്. അതിൽ ഏതെങ്കിലും വീഴ്ച സംഭവിക്കുന്നുവെങ്കിൽ ആത്മാർത്ഥമായി ദുഃഖിക്കാൻ അവൻ ശ്രദ്ധിച്ചിട്ടുമുണ്ട്.

ശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലുമുണ്ടായ അഭൂതപൂർവ്വമായ വളർച്ച ചരിത്രഗതിയെ സ്വാധീനിച്ചു. ഉല്പാദന പ്രക്രിയയിൽ യന്ത്രങ്ങളുടെ കടന്നുവരവോടെ സംഭവിച്ച ഉല്പാദനവർദ്ധനവ് പുതിയ കമ്പോളങ്ങൾ കണ്ടെത്താൻ പാശ്ചാത്യരാജ്യങ്ങളെ നിർബന്ധിതമാക്കി. സാഹസികമായ സമുദ്ര സഞ്ചാരങ്ങളിൽ താല്പര്യം കാണിച്ചിരുന്ന പോർച്ചുഗൽ, ഹോളണ്ട്, ഫ്രാൻസ്, ബ്രിട്ടൻ മുതലായ സമുദ്രതീരരാജ്യങ്ങൾക്ക്, വടക്കുനോക്കിയന്ത്രത്തിന്റെപ്രചാരവും, ഹിപ്പാലസ് കാറ്റിന്റെഗതി നിർണയിച്ചതും പുതിയ പര്യവേഷണങ്ങൾക്ക് പ്രേരണ നല്കി. വെടിമരുന്നിന്റെ കണ്ടുപിടുത്തവും ഹിംസാത്മകമായ ഉപയോഗവും അധീശാധികാരശക്തികളുടെ യുദ്ധങ്ങൾക്ക് പുതിയ രൂപം നല്കി. ക്രിസ്തുമത പ്രചരണത്തനുണ്ടായിരുന്ന വ്യഗ്രത ഈ യാത്രാസാഹസങ്ങൾക്ക് പ്രോത്സാ

ഹനം നല്കാൻ പര്യാപ്തവുമായിരുന്നു. കച്ചവടതാല്പര്യവും മതപ്രചരണതാല്പര്യ വുമായി ആരംഭിച്ച ഈ സഞ്ചാരങ്ങൾ കോളണിവല്കരണത്തിലാണ് അവസാനിച്ചത്. കോളനിവല്കരണത്തിന്റെ എണ്ണിയാലൊടുങ്ങാത്ത ദുഷ്യങ്ങൾ പല മേഖലകളിലായി ചർച്ച ചെയ്തിട്ടുള്ളതാണ്. കൊളോണിയൽ അധിനിവേശത്തിന്റെ ഫലങ്ങളിലൊന്നാണ് പാശ്ചാത്യചിന്തയുടെ വ്യാപനം.

പ്രാചീനഗ്രീസിൽ നിന്ന് ആരംഭിച്ചതും നവോത്ഥാന കാലഘട്ടത്തിലെ ശാസ്ത്രീയയുക്തിബോധംകൊണ്ട് പോഷിപ്പിക്കപ്പെട്ടതും, രാഷ്ട്രീയ സാമൂഹ്യ വിപ്ലവ ങ്ങളുടെ ഫലമായി വ്യക്തി ജീവിതത്തിൽ സർവ്വസ്പർശിയായി സ്വാധീനം നേടിയതു മായ 'മാനവികത' എന്ന മൂല്യബോധം പാശ്ചാത്യ വിജ്ഞാന വ്യാപനത്തിന്റെ സൃഷ്ടി യാണ്.

### 1.6. ഹ്യൂമനിസം – പദനിഷ്പത്തി, വ്യാപ്തി, നിർവചനം, വർഗ്ഗീകരണം

പ്രാചീന ഗ്രീക്ക് – റോമൻ സാഹിത്യത്തെ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നവരാണ് ആദ്യകാലത്ത് ഹ്യൂമനിസ്റ്റുകൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ത്. വ്യാകരണം, അലങ്കാരശാസ്ത്രം, കവിത, ചരിത്രം, സദാചാരദർശനങ്ങൾ എന്നിവ യ്ക്കാണ് ഇവർ പ്രാമുഖ്യം നല്കിയിരുന്നത്. ഇറ്റാലിയൻ ചിന്തകന്മാരിൽ നിന്ന് പല പ്രദേശങ്ങളിലായി വ്യാപിച്ച് ക്രമേണ മതാതീതവും, ദേശാതീതവുമായ മനുഷ്യത്വത്തെ കാത്തുസൂക്ഷിക്കുക എന്ന അർത്ഥം ഈ പദത്തിന് കൈവരിക്കാൻ കഴിഞ്ഞു.

പരസ്പരധാരണ, ഉദാരത, ദയ, സഹാനുഭൂതി, മനുഷ്യപക്ഷത്തുനിന്നുകൊണ്ടുള്ള വിധിനിർണ്ണയം, അഭിമാനബോധം, സ്നേഹം, ബഹുമാനം എന്നിവയാണ് ഹ്യൂമനിസ്റ്റു കൾ ലക്ഷ്യമാക്കുന്നത്. പ്രാചീന ഗ്രീക്ക് മിഥോളജിയിലൂടെ പ്രചാരം നേടിയ, ഭൂമി യിലെമനുഷ്യർക്കു വേണ്ടി സർവവും ത്യജിക്കാൻ തയ്യാറായ വീരനായകൻമാരാണ്

ഇവർക്ക് മാതൃകകളായത്.

ഫ്രാൻസിസ്കൊ പെട്രാർക്ക്, കുൽക്കിയോ സല്യൂട്ടി എന്നീ ചിന്തകന്മാർ പ്രാചീന റോമൻ കൃതികളുടെ കൈയ്യെഴുത്തു പ്രതികൾ കണ്ടെടുക്കുകയും, മാനവികാശയങ്ങൾക്കു പ്രാധാന്യം നല്കി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. പ്ലാറ്റോ, അരിസ്റ്റോട്ടിൽ, എന്നീ പ്രാചീന വിമർശകന്മാർ, കാവ്യം മനുഷ്യന് ഏതുവിധമാണ് പ്രയോജനപ്പെടുന്നത് എന്നതിനെ മുൻനിർത്തിയാണ് തങ്ങളുടെ കാവ്യാദർശത്തിന് രൂപം നല്കിയത്. ഈ വിമർശനരീതിക്ക് ഊന്നൽ നല്കാൻ നിയോക്ലാസിക് വിമർശകരും ശ്രദ്ധിച്ചു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യന് സവിശേഷമായ പരിഗണന ലഭിച്ചു. മാനവികചിന്ത ഏറെ വികസിതമായിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ എന്താണ്മാനവികത എന്ന് ശാസ്ത്രീയമായി നിർവചിക്കാനും, പഠനസൗകര്യത്തിനും വേണ്ടി വർഗ്ഗീകരിക്കാനും കഴിയണം.

'മനുഷ്യനാണ് എല്ലാറ്റിന്റേയും അളവുകോൽ'[10] എന്ന പ്രോട്ടഗോറസിന്റെ പ്രസ്താവനയാണ് നിർവചനചിന്തയിൽ ആദ്യംകടന്നുവരിക. അദ്ദേഹത്തിനുശേഷം വന്ന ഡാക്കിൻ എന്ന പണ്ഡിതൻ 'മനുഷ്യൻ മാത്രമാണ് യാഥാർത്ഥ്യത്തിന്റെ വിധാതാവും നിയന്താവുമെന്ന്' വ്യക്തമാക്കി. ഇരുളടഞ്ഞ കാലഘട്ടത്തിൽ ക്രിസ്ത്യാനിറ്റിയിൽനിന്ന് – ക്രൈസ്തവതയിൽ – നിന്ന് ചോർന്നു പോയതെന്തോ അതാണ് മാനവികത എന്ന് അദ്ദേഹം കൂട്ടിചേർത്തു.[11]

സത്യസൗന്ദര്യങ്ങളേയും ദൈവത്തേയും അന്വേഷിച്ചുള്ള അവിരാമമായ ഒരു യാത്രയാണ് മാനവജീവിതമെന്നും ശാസ്ത്രത്തിന് സത്യസൗന്ദര്യങ്ങളെ കണ്ടെത്താൻ കഴിഞ്ഞാലും ദൈവമാർഗ്ഗത്തിലേക്ക് എന്ത് അവശേഷിക്കുന്നുവോ അതാണ് മാനവികത എന്ന ഒരു കാഴ്ചപ്പാടും നിലവിലുണ്ട്.

മനുഷ്യന് മുഖ്യസ്ഥാനം നല്കാൻ തയ്യാറുള്ള ഏതൊരുചിന്തയിലും പ്രവൃ

ത്തിയിലും മാനവികത മൂർത്തരൂപത്തിൽ അനുഭവപ്പെടുന്നു. കഥ എന്ന സാഹിത്യരൂപത്തെ മുൻനിർത്തി മാനവികചിന്തയുടെ സാധ്യത പരിശോധിക്കുന്ന ഈ ഗവേഷണ പ്രബന്ധത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മാനവികതയെ താഴെപറയുന്ന വിധം നിർവചിക്കുന്നു.

"കാലദേശ പ്രമാണങ്ങൾക്കകത്തുനിന്നുകൊണ്ട് മനുഷ്യനെ, പുനർനിർവച്ചിക്കാനും നവീകരിക്കാനുമുള്ള ഏതൊരു പരിശ്രമവും മാനവികതയിൽ നിന്ന് ഉയിർകൊള്ളുന്നു. നിസ്സഹായകനാകുന്ന സന്ദർഭങ്ങളിൽ ആത്മവിശ്വാസം നൽകി മനുഷ്യനെ മുന്നോട്ടു നയിക്കാനുള്ള ഏതൊരു പരിചരണവും മാനവികതാ മൂല്യത്തിന്റെ പ്രകാശനമാണ്. ഈ പ്രകാശനങ്ങളിലൂടെ കാലദേശ പ്രമാണങ്ങളുടെ നിജസ്ഥിതി തിരച്ചറിയാൻ കഴിയുന്നു.

ഭൗതികാതീതമായ യാതൊന്നും മാനവിക ചിന്തയിൽ കടന്നുവരുന്നില്ല. മതജാതി നിരപേക്ഷവും, ദേശനിരപേക്ഷവും ആയ ഉയർന്ന ബോധമാണ് മാനവികതയുടെ ഊർജ്ജസ്രോതസ്. ഒന്നിനേയും നിഷേധിക്കാനല്ല എല്ലാ ആശയങ്ങളേയും മനുഷ്യപ്രയോജനത്തിനായി പുനരാവിഷ്കരിക്കാനാണ് മാനവികത ശ്രദ്ധിക്കുന്നത്.

**1.6.1.** പഠന സൗകര്യത്തിനുവേണ്ടി ഏതൊരു വിഷയത്തേയും വർഗ്ഗീകരിക്കാറുണ്ട്. എന്നാൽ മനുഷ്യനോടൊപ്പം പിറവികൊള്ളുകയും മാനവരാശിയോടൊപ്പം നിരന്തരം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന 'മാനവികത' എന്ന മൂല്യത്തെ വർഗ്ഗീകരിക്കാൻ ചില പരിമിതികൾ ഉണ്ട്. മറ്റെല്ലാ ചിന്താധാരകളും മാനവരാശിയുടെ നിയന്ത്രണപരിധിയിൽനിന്ന് വികസിക്കുന്നതാണ് – എന്നാൽ മാനവികത എന്ന മൂല്യബോധം പലപ്പോഴും നമ്മെ നിയന്ത്രിക്കുന്നു. നിശ്ചിത സാംസ്കാരിക പരിവൃത്തിക്കകത്താണ് ഈ മൂല്യബോധം വ്യാപരിക്കുന്നത്. വിവരണ സൗകര്യത്തിനുവേണ്ടി താഴെപറയുംപ്രകാരം മാന

വികതയെ വർഗ്ഗീകരിക്കുന്നു.

1. പ്രാചീന മാനവികത

2. ആദ്ധ്യാത്മിക മാനവികത

3. മതാധിഷ്ഠിതവും ആദ്ധ്യാത്മികവുമായ മാനവികത

4. മതാധിഷ്ഠിത മാനവികത

5. യുക്ത്യാധിഷ്ഠിത മാനവികത

6. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദ മാനവികത

7. ശാസ്ത്രീയ മാനവികത

8. ഉദാരമാനവികത

പ്രാചീന സമുദായത്തിൽ നിലനിന്നിരുന്നതും ഒരു ദർശനമെന്ന നിലയ്ക്ക് വേണ്ടത്ര പ്രചാരം നേടാത്തതുമായ മാനവികതയാണ് പ്രാചീന മാനവികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ആത്മാവിനെ കുറിച്ചുള്ള ആധി, മോക്ഷത്തെ കുറിച്ചുള്ള ആശങ്ക എന്നിവയാൽ മനുഷ്യൻ മനുഷ്യരോട് കാണിക്കേണ്ടുന്ന കടമകളും കർത്തവ്യങ്ങളുമാണ് ആദ്ധ്യാത്മിക മാനവികത ലക്ഷ്യമിട്ടത്.

മതവിശ്വാസത്തിന്റെ വളർച്ചക്കായി ദൈവവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും പരിപാലിച്ച് വിശുദ്ധിയിലെത്താൻ മനുഷ്യൻ കാത്തുസൂക്ഷിച്ച മൂല്യബോധങ്ങളെയാണ് മതാധിഷ്ഠിതവും ആധ്യാത്മിവുമായ മാനവികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മതം മാത്രമാണ് ശരി എന്നും മതം നിശ്ചയിച്ച സദാചാരബോധങ്ങൾ മാത്രമെ സദാചാരബോധങ്ങളാവൂ എന്നും അന്യമതങ്ങളുടെ ബോധചിന്തകൾ ദൈവവിരുദ്ധവും

അതിനാൽ തന്നെ മനുഷ്യവിരുദ്ധവുമാണെന്നുള്ള ചിന്താഗതിയാണ് മതാധിഷ്ഠിത മാന വികത മുന്നോട്ടുവെച്ചത്. മനുഷ്യാതീത ചിന്തകളിൽ നിന്നാണ് ഈ ആശയം കടന്നുവ രുന്നതെങ്കിലും മനുഷ്യന്റെ ബല - ദൗർബല്യങ്ങളാണ് ഇവിടെ മാനവചിന്തക്ക് നിദാനം.

ശാസ്ത്രീയമായ ഒരു യുക്തിക്ക് പ്രാധാന്യം നല്കി അതിന് മനുഷ്യനുമായുള്ള അഭേദ്യമായ ബന്ധം വിശദീകരിച്ച് അതിനുവേണ്ടി മാനവ സമുദായത്തെ ഒരുമിച്ചു നിർത്തുകയെന്നുള്ളതാണ് യുക്ത്യധിഷ്ഠിത മാനവികതയുടെ സ്വഭാവം. അമ്മ എന്ന യുക്തിസഹമായ ഒരു ബിംബം ഉണർത്തുന്ന വികാര - വിചാരങ്ങളിൽ നിന്ന് മാതൃരാ ജ്യം, മാതൃഭാഷ എന്നിങ്ങനെയുള്ള യുക്തിസഹമായ കൂട്ടായ്മകൾ രൂപം കൊള്ളുന്നു. ഇത് മാനവികതയുടെ മറ്റൊരു പ്രത്യക്ഷീകരണമാണ്.

ഒരു ആശയമെന്ന നിലയ്ക്ക് ഹെഗൽ മുന്നോട്ടുവെയ്ക്കുകയും തുടർന്ന് ഒരു ദർശ നമെന്ന നിലയ്ക്ക് മാർക്സും ഏംഗൽസും വലിയ മാറ്റങ്ങളോടെ പരിഷ്ക്കരിക്കുകയും ചെയ്ത വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം, മാനവികതക്ക് ഏറ്റവും പ്രാമുഖ്യം നല്കിയ ഒരു തത്വശാസ്ത്രമാണ്. സമൂഹത്തിൽ നിലനില്ക്കുന്ന വൈരുദ്ധ്യങ്ങളെ തിരിച്ചറിഞ്ഞ് നിസ്വവർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി ബോധപൂർവ്വം പരിശ്രമിക്കുക എന്നതാണ് വൈരുദ്ധ്യാധിഷ്ഠിത മാനവികതയുടെ സ്വഭാവം. സ്ഥിതി സമത്വവാദത്തിന്റെ സിദ്ധാ ന്തമായ കമ്മ്യൂണിസം പ്രാചീന മാനവികതാവാദത്തിന്റെ ശുദ്ധീകരിച്ച രൂപമാണ് പ്രാചീനഗണസമുദായത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യന്റേയും സമത്വത്തിന്റേയും പരി ഷ്കരിച്ച രൂപത്തിലുള്ള ഒരു ഉയിർത്തെഴുന്നേല്പായിരിക്കും കമ്മ്യൂണിസ്റ്റ് വ്യവസ്ഥ എന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നത് മാനവികതയ്ക്ക് മുൻതൂക്കം നല്കികൊണ്ടാണ്.[12]

പ്രപഞ്ചത്തിന്റെ നിഗൂഢ സത്യങ്ങളെ നിരന്തരാന്വേഷണത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞൻ, തന്റെ കഴിവുകളും കണ്ടെത്തലുകളും താനും മാനവസമു

ദായത്തിലൊരംഗമാണെന്ന് മനസ്സിലാക്കി സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നു എന്ന താണ് ശാസ്ത്രമാനവികതയുടെ സ്വഭാവം.

പാശ്ചാത്യാധിപത്യത്തിന്റെ വ്യാപനത്തോടെ കോളനിരാജ്യങ്ങളിൽ പ്രചാര ത്തിൽവന്ന ഒരു സങ്കല്പമാണ് ഉദാരമാനവികത. തങ്ങളാൽ ഭരിക്കപ്പെടുന്ന പ്രജകളിൽ ഭരണത്തോടുള്ള കൂറും വിശ്വാസവും വളർത്താൻ പ്രചരിപ്പിച്ച ഒരു മൂല്യസങ്കല്പമാണ് ഇത്. പാശ്ചാത്യ മതബോധത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കൂടിച്ചേരലാണ് ഉദാര മാനവികത എന്ന ആശയം. ക്രൈസ്തവ മതചിന്തകളുടെ സ്വാധീനം ഇതിൽ കാണാം. ഇന്ത്യ ഉൾപ്പെടെയുള്ള നവസ്വതന്ത്രരാജ്യങ്ങളിൽ ഈ സങ്കല്പത്തിന് വ്യാപകമായ പ്രചാരമുണ്ട്. മാനവികതാബോധത്തെ നിയന്ത്രിക്കുന്ന മനുഷ്യനെ കുറിച്ചുള്ള സങ്കല്പം പൂർണ്ണമായും മാറ്റി അപമാനവീകരണം എന്ന ഒരാശയവും ഈ മൂല്യസങ്കല്പവുമായി ബന്ധപ്പെട്ട് പ്രചാരത്തിലുണ്ട്. എല്ലാ മാനവിക ദർശനങ്ങളെയും മാറ്റിനിർത്തി ഈ കാല ഘട്ടത്തിന് അനുയോജ്യമായ പ്രതിമാനവികത എന്ന ഒരു ചിന്താപദ്ധതി രൂപപ്പെട്ടിട്ടുണ്ട്.

ഹ്യൂമനിസം എന്ന ദാർശനിക പദ്ധതിക്ക് വേറെയും ചില ഉൾപ്പിരിവുകൾ കല്പി ക്കാമെങ്കിലും ഈ ഗവേഷണ പ്രബന്ധത്തിനാധാരമായ ഹ്യൂമനിസ്റ്റ് കാഴ്ചപ്പാടുകൾ മേല്പറഞ്ഞ വർഗ്ഗീകരണത്തിൽ ഒതുങ്ങിനില്കുന്നതാണ്.

**1.6.2. മാനവികതയുടെ വളർച്ച (ഭാരതീയ പശ്ചാത്തലം)**

'മനുവിന്റെ പുത്രന്മാർ എന്ന നിലയിൽ 'മാനവൻ' എന്ന പദം ഭാരതീയ സാഹി ത്യത്തിലും സാംസ്കാരിക പശ്ചാത്തലത്തിലും മനുഷ്യൻ എന്നതിന് സമാനമായി ഉപ യോഗിച്ചുവരുന്നു. മനുഷ്യനിലുള്ള ലീനവും പ്രത്യക്ഷവുമായ ഗുണങ്ങൾ ചേർന്നുണ്ടാ കുന്ന വ്യക്തിത്വത്തെ പരിഗണിച്ചാണ് മാനവികത എന്ന പദം ഭാഷയിൽ പ്രചാരത്തിൽ വന്നത്. ഹ്യൂമനിസം എന്ന പദത്തിന്റെ തർജ്ജമ എന്ന നിലയ്ക്ക് മാനവികത എന്ന

വാക്കാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

പാശ്ചാത്യാധിനിവേശം കൊണ്ടുണ്ടായ ഒരു നവമൂല്യബോധമാണ് ഇന്ത്യൻ മാനവികത എന്ന് ഇവിടെ ഉദ്ദേശിക്കുന്നില്ല. ചരിത്രാതീതകാലം മുതൽ തനതായ ഒരു പ്രപഞ്ചവീക്ഷണവും ഒരു വ്യക്തിവീക്ഷണവും ഭാരതീയന് ഉണ്ടായിരുന്നു. 'തത്വമസി', 'അഹം ബ്രഹ്മാസ്മി' മുതലായ ഋഷിവചനങ്ങൾ നമ്മുടെ വ്യക്തിബോധത്തിലേക്കും, സാമൂഹ്യബോധത്തിലേക്കും വിരൽചൂണ്ടുന്നവയാണ്. ബൃഹദാരണ്യകത്തിലെ മധുവിദ്യോപസാന എന്ന ഭാഗം ഭാരതത്തിന്റെ പ്രപഞ്ചദർശനത്തിന്റെ ഒരു പരിച്ഛേദമാണ്. ഉപകാരി ഉപകാരഭാവത്തെ മുൻനിർത്തി ഈ ഭാഗം വിശദീകരിക്കാൻ കഴിയും. "ഈ മനുഷ്യൻ എല്ലാ ഭൂതങ്ങൾക്കും മധുവാകുന്നു. എല്ലാ ഭൂതങ്ങളും മാനുഷാദി ജാതിക്കും മധുവാകുന്നു." ഈ കാഴ്ചപ്പാട് ശതപഥബ്രാഹ്മണത്തിൽനിന്നും ആരംഭിയ്ക്കുന്നതാണ്. മഹാഭാരതം ശാന്തിപർവ്വത്തിൽ "മനുഷ്യനേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നില്ല" എന്ന വിദുരോപദേശം പ്രപഞ്ചത്തെക്കുറിച്ചുള്ള ഇതിഹാസദർശനം വ്യക്തമാക്കുന്നു.[13]

മനുഷ്യകേന്ദ്രീകൃതമായ പ്രപഞ്ചവീക്ഷണമല്ല, പ്രപഞ്ചത്തിലെ സമസ്ത ചരാചരങ്ങൾക്കും തുല്യപ്രാധാന്യമുള്ള ഒരു മനുഷ്യവീക്ഷണമാണ് നമുക്ക് ഉണ്ടായിരുന്നത്. ഇതിന്റെ ഒരു ഉപോല്പന്നമാണ് ഭാരതീയ മൂല്യബോധം. വേദങ്ങളിലും പുരാണേതിഹാസങ്ങളിലും ഭാസൻ, കാളിദാസൻ തുടങ്ങിയ ലൗകികസാഹിത്യകാരന്മാരുടെ കൃതികളിലും ഈ മൂല്യബോധത്തിന്റേയും മാനവദർശനത്തിന്റേയും സാന്നിദ്ധ്യം കാണാം. വിവിധകാലയളവുകളിലായി ഭരണം നടത്തിയ രാജ്യവംശങ്ങളും, ശ്രുതികൾക്കും സ്മൃതികൾക്കും അനുസൃതമായ മൂല്യബോധത്തെയാണ് പ്രമാണമായി സ്വീകരിച്ചത്. ബി.സി. മൂന്നാം നൂറ്റാണ്ടുമുതൽ ഏ.ഡി. ആറ്, ഏഴ് നൂറ്റാണ്ടുകൾ വരെ പരന്നുകിടക്കുന്ന ഭാരതീയകലാവിമർശനസിദ്ധാന്തങ്ങളെയും ഈ മൂല്യസങ്കല്പമാണ് നിയന്ത്രിച്ചത്. പാശ്ചാത്യസമ്പർക്കത്തിന്റെ ഫലമായി പത്തൊൻപതാം ശതകം മുതൽ ഭാരതത്തിലുണ്ടായ

ഒരു പുതിയ സാംസ്കാരികബോധം നവീനമായ മൂല്യചിന്തകൾക്കുകൂടി രൂപം നല്കി. പൗരാണിക ഭാരതത്തിന്റെ ദർശനങ്ങളിലൂന്നിനിന്ന്, പാശ്ചാത്യ ചിന്താഗതിയിലെ മനുഷ്യപക്ഷപാത ചിന്തയെ ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞു.

സ്വാമി വിവേകാനന്ദൻ, റാംമോഹൻറോയ് മുതലായ പുരോഗമന ചിന്താഗതിക്കാരുടെ ആശയങ്ങൾക്കു കിട്ടിയ പ്രചാരം, പാശ്ചാത്യ അധികാരഘടനയുടെ രൂപംകൊള്ളൽ, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപനം, ദേശീയ പ്രസ്ഥാനത്തിന്റെ ശക്തിപ്പെടൽ, രാഷ്ട്രീയാശയഗതിയുടെ വ്യാപനത്തിലൂടെ ഉയർന്നുവന്ന സ്വാതന്ത്ര്യചിന്ത, പൗരബോധം തുടങ്ങിയവയുടെ സങ്കരസൃഷ്ടിയാണ് ആധുനികഭാരതത്തിന്റെ മനുഷ്യസങ്കല്പം.

ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച ഭാരതീയ സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും സ്വാധീനിച്ചു. പാശ്ചാത്യാധിപത്യം ആരംഭിച്ച കാലഘട്ടം മുതൽക്കുതന്നെ മതപ്രചാരണത്തിനായി ഇവിടെ എത്തിയ മിഷണറിമാർ മനുഷ്യനന്മയ്ക്ക് ഊന്നൽ നല്കുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. മതപ്രചാരണവും തങ്ങൾക്കനുകൂലമായ മതഃപരിവർത്തനവുമാണ് ഇവർ ലക്ഷ്യം വെച്ചിരുന്നതെങ്കിലും ഭാരതീയ സമൂഹത്തിൽ നിലനിന്നിരുന്ന ജാതീയവും തൊഴിൽപരവുമായ ഉച്ചനീചത്വങ്ങളെ കുറിച്ചു ചിന്തിക്കാൻ വിദേശികൾക്കും ഇന്ത്യക്കാർക്കും ഇത് അവസരം നല്കി. അയിത്തം, തൊട്ടുകൂടായ്മ മുതലായ അനാചാരങ്ങൾ മനുഷ്യൻ മനുഷ്യനോടു കാണിക്കുന്ന കുറ്റകൃത്യമാണെന്ന ധാരണ ക്രമേണ വളർന്നു.

പാശ്ചാത്യ മിഷണറിമാരുടെ പ്രവർത്തനഫലമായി ആരംഭിച്ചതും ബ്രിട്ടീഷ് ഭരണാധികാരികളുടെയും പുരോഗമനേച്ഛുക്കളായ നാട്ടുരാജാക്കന്മാരുടെയും ബോധപൂർവ്വമായ ശ്രമത്തിലൂടെ ഊർജ്ജസ്വലമായതും ദേശീയപ്രസ്ഥാനത്തിന്റെ പ്രചാരത്തിലൂടെ

ലക്ഷ്യബോധം വന്നതുമായ ആധുനിക വിദ്യാഭ്യാസം മാനവികമൂല്യങ്ങൾക്കാണ് ഊന്നൽ നല്കിയത്.

റാംമോഹൻറായിയെ പോലുള്ള ഉത്പതിഷ്ണുക്കൾ സമൂഹത്തിൽ നിലനില്ക്കുന്ന നീതികേടുകളെ ശക്തമായി എതിർത്തു. സ്ത്രീ സമത്വത്തിനും വിധവാവിവാഹത്തിനുംവേണ്ടി വാദിക്കുകയും, അതിന്റെ ഫലമായി സമൂഹത്തിലെ യഥാസ്ഥിതികരിൽ നിന്നും വെറുപ്പ് സമ്പാദിക്കേണ്ടിവരികയും ചെയ്ത റാംമോഹൻറായ് ആ ഒരർത്ഥത്തിൽ ഭാരതീയ നവോത്ഥാനത്തിന്റെയും ഉദാരമാനവികതയുടെയും ആദ്യവക്താവാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ബംഗാളിലാരംഭിച്ച ഇന്ത്യൻ നവോത്ഥാന ചിന്ത ക്രമേണ നമ്മുടെ സാംസ്കാരിക ചിന്തയുടെ ഭാഗമായി.

**1.6.3. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനം**

1813 ലെ ചാർട്ടർ നിയമത്തിലാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഇന്ത്യക്കാർക്കാവശ്യമായ വിദ്യാഭ്യാസം നല്കണമെന്ന നിർദ്ദേശം ആദ്യമായി മുന്നോട്ടുവെച്ചത്.

'ഇന്ത്യൻ സാഹിത്യത്തെ പുനരുദ്ധരിക്കുന്നതിനും ദേശീയ പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യപ്രദേശങ്ങളിലെ ജനങ്ങൾക്ക് ശാസ്ത്രവിജ്ഞാനം പകരുന്നതിനും ഒരു ലക്ഷം രൂപയിൽ കുറയാത്ത തുക കമ്പനി ചിലവഴിക്കണ' മെന്നാണ് ചാർട്ടർ നിയമം വ്യവസ്ഥചെയ്തത്. ഈ തുക പാശ്ചാത്യ വിദ്യാഭ്യാസത്തിനോ പൗരസ്ത്യ വിദ്യാഭ്യാസത്തിനോ വിനിയോഗിക്കേണ്ടത് എന്ന തർക്കം സങ്കുചിതമന:സ്ഥിതിയിൽ നിന്ന് ഉയർന്നുവന്നതല്ല.

വിദ്യാഭ്യാസമാണ് ഒരു പൗരന്റേയും, അവനിലൂടെ അവന്റെ ദേശത്തിന്റേയും ഭാഗധേയം നിർണ്ണയിക്കുന്നത് എന്ന തിരിച്ചറിവായിരുന്നു പൗരസ്ത്യ വിദ്യാഭ്യാസത്തിനുവേണ്ടി ശാഠ്യം പിടിച്ചവരുടെ കാഴ്ചപ്പാട്. മെക്കോളയെ പോലുള്ള ബ്രിട്ടീഷ് അധികാരി

കൾക്ക് പൗരസ്ത്യ വിദ്യാഭ്യാസത്തോട് ഉണ്ടായിരുന്നു അനാദരവ് അല്പജ്ഞാനത്തിൽ നിന്നു കടന്നു വന്നതുമാണ്. എന്നാൽ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി നവീന ചിന്താഗതികളെ ഉൾക്കൊണ്ട് ദേശീയ പ്രസ്ഥാനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാൻ കഴിയുമെന്നുള്ള ചിന്താഗതി തികച്ചും ശ്രദ്ധേയവുമായിരുന്നു.

വിവാദങ്ങൾക്ക് വിരാമമായി 1835 ൽ മെക്കോളെ പുറപ്പെടുവിച്ച മിനുട്സും 1854 ലെ വുഡ്സ് ഡെസ്പാച്ചും ഇന്ത്യയിലെ പാശ്ചാത്യ വിദ്യാഭ്യാസത്തിന് അടിത്തറപാകി. കഴ്സൺ പ്രഭുവിന്റെ കർശനമായ നിലപാടുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഗവർമ്മേണ്ട് നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിലും ലക്ഷ്യബോധമുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കുന്നതിലും ശ്രദ്ധചെലുത്തി. 1902 ആയപ്പോഴേക്ക് 179 കോളേജുകളും 5 സർവ്വകലാശാലകളും നിലവിൽ വന്നു. പ്രാചീനകാലം മുതൽക്കുള്ള ഇന്ത്യൻ മനുഷ്യദർശനവും നവീനമായ മാനവികതാബോധവും ഉൾക്കൊണ്ട് അനേകം ചെറുപ്പക്കാർ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറങ്ങി; സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കാൻ ആരംഭിച്ചു. നിരവധി ഇന്ത്യൻ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ബ്രിട്ടനിൽ ചെല്ലുകയും, വിശാലമായ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വിവിധ കോളനി രാജ്യങ്ങളിൽ നിന്നായി പഠനത്തിനെത്തിയ സമാന ചിന്താഗതിക്കാരുമായി പരിചയപ്പെടുകയും ചെയ്തു. മനുഷ്യന്റെ പ്രശ്നങ്ങൾ എല്ലാ പ്രദേശത്തും ഏതാണ്ട് ഒന്നുതന്നെയാണെന്ന് ഈ സാഹചര്യത്തിൽ അവർ മനസ്സിലാക്കി.

### 1.6.4. ദേശീയ പ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യം

ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച ഭാരതീയ സാമൂഹ്യ ജീവിതത്തെ സർവസ്പർശിയായി സ്വാധീനിച്ചു. ഈ സ്വാധീനം രണ്ട് സവിശേഷ കാലഘട്ടങ്ങളെ മുൻനിർത്തി മന

സ്സിലാക്കേണ്ടതുണ്ട്. പാശ്ചാത്യാധിനിവേശത്തിനെതിരായി ഉയർന്നുവന്ന ഒറ്റപ്പെട്ട സമരങ്ങൾ മുതൽ കോൺഗ്രസ്സ് രൂപീകരണം വരെയുള്ള ആദ്യഘട്ടം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മഹാത്മാഗാന്ധി ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുത്തതു മുതൽ സ്വാതന്ത്ര്യം നേടുന്നതുവരെയുള്ള രണ്ടാമത്തെഘട്ടം.

ബ്രാഹ്മണമേധാവിത്വവും, ഇന്ത്യൻ നാടുവാഴിത്തവും സംഘടിതമായി അടിച്ചേല്പിച്ച ചാതുർവർണ്ണ്യവ്യവസ്ഥ ക്രമേണ പ്രബലപ്പെട്ട് മനുഷ്യൻ മനുഷ്യനോട് കാണിക്കേണ്ടുന്ന ആദരവിനെ പൂർണ്ണമായും ഇല്ലാതാക്കിയ ഒരു ഘട്ടത്തിലാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം ഉറപ്പിച്ചത്. ഇന്ത്യയിലെ മതവിശ്വാസികൾക്കിടയിലുണ്ടായിരുന്ന മത്സരബുദ്ധിയും ആധിപത്യം ഉറപ്പിക്കുന്നതിന് ബ്രിട്ടീഷ് ശക്തികൾക്ക് സഹായകമായി. ദേശരാഷ്ട്രം എന്ന സങ്കല്പനം ഉൾക്കൊള്ളാതെ ഒറ്റപ്പെട്ട ദ്വീപുകൾ പോലെ നിലനിന്നിരുന്ന നാട്ടുരാജ്യങ്ങൾ സ്വാർത്ഥസങ്കുചിതചിന്തകളുടെ കേന്ദ്രങ്ങളായിരുന്നു. ഇതിനിടയിൽ നിന്ന് അല്പാല്പമായി ഉയർന്നു വന്നിരുന്ന സ്വാതന്ത്ര്യചിന്തയെ വളർത്തി കൊണ്ടുവരാൻ ഒറ്റപ്പെട്ട ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും അവയൊന്നും ഫലവത്തായില്ല. വൈദേശികാധിപത്യത്തിനെതിരെ ഉയർന്നുവന്ന ജനരോഷങ്ങളെ പൊതുദേശീയബോധമാക്കി മാറ്റാൻ തീവ്രശ്രമം ആവശ്യമായി വന്നു. ബ്രഹ്മസമാജം, ആര്യസമാജം രാമകൃഷ്ണമിഷൻ, പ്രാർത്ഥനാസമാജം, ബ്രഹ്മവിദ്യാസംഘം മുതലായ മതനവീകരണ പ്രവർത്തനങ്ങൾ ഹിന്ദുസമൂഹത്തെ പുതിയ വെളിച്ചത്തിലേക്ക് നയിച്ചു. പില്ക്കാലത്ത് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി എന്ന പേരിലറിയപ്പെട്ട മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജിന്റെ സ്ഥാപനം മുസ്ലിങ്ങൾക്കിടയിൽ പുരോഗമനചിന്തയ്ക്ക് തുടക്കം കുറിച്ചു. ഇത്തരം സംഘടിതവും മതനിരപേക്ഷവുമായ ഒരു ദേശീയബോധത്തിന്റെ പ്രേരണയിൽനിന്നാണ് 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമാകുന്നത്. പാശ്ചാത്യ അധികാര താല്പര്യങ്ങളുടെ സ്വാധീനം രൂപീകരണഘട്ടത്തിൽ കോൺഗ്ര

സ്സിനകത്ത് പ്രബലമായി.

നാട്ടുരാജ്യങ്ങളുടെ അതിർത്തിരേഖകൾ ഇല്ലാതായി ഇന്ത്യ ഒരു ദേശരാഷ്ട്രമായി തീരണമെന്ന ആശയം ബ്രിട്ടീഷ് അധികാരഘടനയ്ക്കുകൂടി ഗുണംചെയ്യുന്നതായി. എല്ലാ വിഭാഗീയതകൾക്കും അതീതമായി ഒരു സംഘടന എന്ന ലക്ഷ്യം ദേശീയബോധത്തെയും മനുഷ്യസ്നേഹത്തെയും ശക്തിപ്പെടുത്തി. മതസാമുദായിക ചിഹ്നങ്ങളേയും ആചാര വിശ്വാസങ്ങളേയും ഉപയോഗിച്ചിരുന്നുവെങ്കിലും, മതാതീതവും ജാത്യതീതവുമായ ഒരു മാനവബോധത്തിലേക്ക് ജനങ്ങളെ നയിക്കാനുള്ള ആഗ്രഹം ഗോഖലെ, തിലകൻ, ഫിറോസ്ഷാമേത്ത എന്നീ ദേശീയ നേതാക്കൻമാർക്ക് ഉണ്ടായിരുന്നു. ഇത്തരമൊരു ഐക്യം ശക്തിപ്പെടുന്നത് തങ്ങളുടെ നിക്ഷിപ്ത താല്പര്യങ്ങളെ പ്രതികൂലമായി ബാധി ക്കുമെന്നു കണ്ട് ബ്രിട്ടീഷുകാർ ഇതിനെ നിരുത്സാഹപ്പെടുത്താൻ ശ്രദ്ധിച്ചിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ രണ്ടാമത്തെ ഘട്ടം പലതുകൊണ്ടും കൂടുതൽ ശ്രദ്ധേയ മാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ ഇന്ത്യയിൽ, ചിന്താവിപ്ലവത്തിന്റെ കാല മാണ്. മാനവ പ്രയത്നത്തിന്റെ മഹത്വം ലോകം കൂടുതൽ തിരിച്ചറിഞ്ഞത് ഈ കാലഘ ട്ടത്തിലാണ്. കോളനിവല്കരണത്തിനെതിരെ വിവിധ കോളനി രാജ്യങ്ങളിൽ നടന്നുവ ന്നിരുന്ന സമരങ്ങൾക്ക് സമാന സ്വഭാവവും ലക്ഷ്യവുമുണ്ടെന്ന് ലോകം മനസ്സിലാക്കി. മനുഷ്യത്വത്തെ നിർദ്ദയമായി ചവിട്ടിമെതിക്കാൻ ഉദ്ദേശിച്ചുള്ള ലോക മഹായുദ്ധം സാമ്രാ ജ്യതാല്പര്യത്തിന്റെ ഭാഗമാണെന്ന് ജനത തിരിച്ചറിഞ്ഞു. നാളതുവരെ സമൂഹം ഉയർത്തി പ്പിടിച്ച മൂല്യങ്ങൾ സ്വാർത്ഥമതികളായ ഭരണാധികാരികൾ അവസരം കിട്ടുമ്പോൾ ഉപേ ക്ഷിക്കുമെന്ന് ലോകം മനസ്സിലാക്കി.

ഈ കാലഘട്ടത്തിൽ തന്നെയാണ് ഇന്ത്യയിൽ മഹാത്മാഗാന്ധി മുന്നോട്ടുവച്ച ചിന്താ പദ്ധതികൾ വ്യാപകമായ അംഗീകാരം നേടുന്നത്. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ

സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി ഭൗതികസാഹചര്യത്തെ വിശകലനം ചെയ്യാൻ ആരംഭിച്ചതോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ജനപങ്കാളിത്തമുള്ളതും ഓരോ വ്യക്തിയുടേയും ആഗ്രഹത്തിനും കഴിവിനും ഊന്നൽ നല്കുന്നതുമായ ഒരു പ്രസ്ഥാനമായി മാറാൻ തുടങ്ങി.

പൗരാണിക ഭാരതീയ മാനവിക കാഴ്ച്ചപ്പാടുകളെകൂടി ഉൾക്കൊണ്ട് ഗാന്ധിജിയും, ഗാന്ധിയൻ ആദർശവിശ്വാസങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് പാശ്ചാത്യ മാനവിക ചിന്തകൾ മുന്നോട്ടുവെച്ച ജവഹർലാൽ നെഹ്റുവും കോൺഗ്രസ്സിന്റെ നേതൃത്വത്തിലേക്ക് കടന്നു വന്നതോടെ മാനവികതയക്ക് പുതിയ അർത്ഥതലങ്ങൾ കൈവന്നു. സമൂഹത്തിന്റെഏതുമേഖലയിൽപ്രവർത്തിക്കുന്നവനും മനുഷ്യനെ മുൻനിർത്തിയായിരിക്കണം തങ്ങളുടെ കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടത് എന്ന് ദേശീയ പ്രസ്ഥാനം പഠിപ്പിച്ചു.

**1.6.5.** ഭാരതീയസാഹിത്യത്തിലെ നിയോക്ലാസിക് കാലഘട്ടം കലയേയും സാഹിത്യത്തേയും ജനജീവിതത്തിൽ നിന്നും അകറ്റുന്ന രീതിയിലുള്ളതായിരുന്നു. കൃത്രിമമായ രചനാരീതിയും ശബ്ദസൗഭാഗ്യത്തിനുവേണ്ടിയുള്ള തീവ്രപരിശ്രമവും ഈ കൃതികളുടെ ആന്തരഗൗരവം നഷ്ടപ്പെടുത്തി. സമൂഹത്തിന്റെ നഷ്ടപ്പെട്ട ആത്മഗൗരവം വീണ്ടെടുക്കുന്നതിനും വൈദേശികാധിപത്യത്തിന്റെ വിപത്ത് ചൂണ്ടിക്കാണിക്കുന്നതിനും ആരംഭിച്ച രണ്ടാം ഭക്തിപ്രസ്ഥാനം ആരോഗ്യകരമായ പ്രാദേശികതയ്ക്ക് ഊന്നൽ നൽകുന്നതായിരുന്നു. ജനകീയമായിരുന്നുവെങ്കിലും ആദ്ധ്യാത്മിക കാര്യങ്ങളെ കൂടുതൽ പരാമർശിച്ച രണ്ടാം ഭക്തിപ്രസ്ഥാനത്തിന് പരിമിതികൾ ഉണ്ടായിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടായ ഇന്ത്യൻ നവോത്ഥാനചിന്ത നമ്മുടെ സാഹിത്യരചനാരീതിയും ആസ്വാദനരീതിയും മാറ്റി. 'നാനൃഷികവി:' എന്ന ധാരണ അംഗീകരിച്ചുകൊണ്ടു തന്നെ സാഹിത്യത്തെ സമാന്യ ജീവിതവുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമം

സ്വാമി വിവേകാനന്ദനിൽ നിന്നും ആരംഭിച്ചു. ദേശാഭിമാനബോധം നിറഞ്ഞു നില്ക്കുന്ന ലേഖനങ്ങളിലൂടെ ഇന്ത്യൻ ജനതയുടെ ആത്മവിശ്വാസത്തെ ഉണർത്താൻ സ്വാമിജിക്ക് കഴിഞ്ഞു. ഇതുപോലെതന്നെ പ്രസക്തമാണ് വിവേകാനന്ദൻ, ഇംഗ്ലീഷിലും ബംഗാളിയിലും സംസ്കൃതത്തിലും ഹിന്ദിയിലും എഴുതിയ കവിതകൾ. മനുഷ്യമനസ്സിന്റെ ഉത്കൃഷ്ടത, ഒരാൾ മറ്റുള്ളവർക്കുവേണ്ടി അനുഭവിക്കുന്ന യാതനയിലാണ് തെളിയുന്നത് എന്ന് അദ്ദേഹം രചനകളിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി.

ജനപക്ഷ സാഹിത്യരചനയ്ക്ക് ഊന്നൽ നല്കിയ എഴുത്തുകാരനായിരുന്നു രവീന്ദ്രനാഥ ടാഗോർ. ഇന്ത്യൻ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണുന്ന ജീവിതസത്യത്തെ കാലോചിതമായി പുനരാവിഷ്കരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ദേവന്മാരെപോലും യാഥാസ്ഥിതികരെന്നും പുരോഗമനവാദികളെന്നും അദ്ദേഹം വേർതിരിച്ചു. പൗരാണിക പ്രപഞ്ച വീക്ഷണത്തിന്റെ മഹത്വം 'ആരണ്യസന്ദേശം' എന്ന പ്രബന്ധത്തിലൂടെ വിശദീകരിച്ച ടാഗോർ ഭൂതകാലത്തെ വിസ്മരിക്കാതെ വർത്തമാനകാലയാഥാർത്ഥ്യങ്ങളെ തിരിച്ചറിയാമെന്നും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ നിലനിർത്താമെന്നും നമ്മെ പഠിപ്പിച്ചു. ഭാരതീയ സാഹിത്യത്തിന്റെസത്ത, മനുഷ്യപക്ഷത്തിലേയ്ക്കു ബോധപൂർവ്വം തിരിയുന്നത് ടാഗോറിന്റെ കലാപ്രവർത്തനത്തിലൂടെയാണ്.

ദേശീയ രാഷ്ട്രീയ പ്രസ്ഥാനത്തിലെ സമുന്നത നേതാക്കളായിരിക്കെ തന്നെ കലയെയും സാഹിത്യത്തെയും ഏറെ സ്വാധീനിക്കുകയും, കലയാലും സാഹിത്യത്താലും ഏറെ സ്വാധീനിക്കപ്പെടുകയും ചെയ്ത രണ്ടു വ്യക്തികളാണ് ഗാന്ധിജിയും നെഹ്റുവും. കല ഇന്ദ്രിയ സുഖങ്ങൾക്കുവേണ്ടി ഉള്ളതല്ല, ആത്മാവിനെ ശുദ്ധീകരിക്കാൻ വേണ്ടിയുള്ളതാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ടോൾസ്റ്റോയിയുടെ കലാദർശനത്തെയാണ് തന്റെ വാദങ്ങൾക്ക് ഉപോൽബലകമായി ഗാന്ധിജി എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്നത്. രാഷ്ട്രീയം, സാമ്പത്തികം, മതപരം, കലാപരം എന്നിങ്ങനെ വിഭജിച്ച് ഓരോന്നിനും പ്രത്യേക

മായ മൂല്യസങ്കല്പങ്ങൾ കല്പിക്കുന്നതിനോട് ഗാന്ധിജിക്ക് യോജിപ്പുണ്ടായിരുന്നില്ല. മറ്റെല്ലാറ്റിനുമെന്നപോലെ കലാസ്വാദനത്തിനും കലാനിർമ്മിതിക്കും മനുഷ്യനായിരിക്കണം മാനദണ്ഡം എന്ന് അദ്ദേഹം കരുതി. ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങളുടെ നേരെ കണ്ണടച്ച് കലാസൗന്ദര്യത്തെ കുറിച്ച് നടത്തുന്ന ഒരു ചർച്ചയും അദ്ദേഹം സ്വീകരിച്ചിരുന്നില്ല. സത്യത്തിന്റെ പൂർണ്ണതയും പ്രകൃതിയുടെ സാർവജനീനതയും സ്ഫുടം ചെയ്തവതരിപ്പിക്കാൻ കലാകാരനോടാഹ്വാനം ചെയ്ത ഗാന്ധിജി മറ്റെല്ലാ മേഖലകളെയുമെന്നപോലെ കലയേയും മനുഷ്യപക്ഷത്തോടടുപ്പിച്ച ക്രാന്തദർശി ആയിരുന്നു.

അനേകം വൈരുദ്ധ്യങ്ങളാൽ അതിസങ്കീർണ്ണമായ ഒരു വ്യക്തിത്വമാണ് ജവഹർലാൽ നെഹ്റുവിന്റേത്. 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ', 'ഇന്ത്യയെ കണ്ടെത്തൽ' എന്നീ കൃതികളിലൂടെ നമ്മുടെ ഗതകാലമഹത്വം, സങ്കുചിതവീക്ഷണത്തിന് കീഴ്പ്പെടാതെ അദ്ദേഹം രേഖപ്പെടുത്തി. രാജാക്കന്മാരുടേയും ഭരണാധികാരികളുടെയും ജീവചരിത്രത്തിലല്ല, ജനജീവിതത്തിന്റെ വികാസപരിണാമങ്ങളിലാണ് ഒരു ചരിത്രകാരന്റെ ദൃഷ്ടി പതിയേണ്ടതെന്ന് 'വിശ്വചരിത്രാവലോകന'ത്തിന്റെ രചനയിലൂടെ അദ്ദേഹം തെളിയിച്ചു. ദേശചരിത്രത്തെ ലോകചരിത്രവുമായി കൂട്ടിയോജിപ്പിച്ച് മാനവ വികാസ ചരിത്രത്തിൽ ലയിപ്പിച്ചു എന്നുള്ളതാണ് ഈ കൃതിയിൽ അദ്ദേഹത്തിനുള്ള നേട്ടം. രാഷ്ട്രീയ പ്രശ്നങ്ങളുടെ തിരക്കുകൾക്കിടയിലും ചരിത്രാന്വേഷണവും സാംസ്കാരിക പ്രവർത്തനവും സമന്വയിപ്പിച്ച നെഹ്റു ആധുനികഭാരതത്തിൽ മതനിരപേക്ഷ മാനവചിന്ത വാക്കിലും പ്രവർത്തിയിലും ഉയർത്തിപ്പിടിച്ചു.

#### 1.6.6. ലോകസാഹചര്യം

1930 കളിലെ ലോകസാഹചര്യം ഭാരതീയ ജീവിതത്തെ പൊതുവേയും ഭാരതീയ സാഹിത്യത്തെ വിശേഷിച്ചും സ്വാധീനിച്ചു. ഒന്നാം ലോകമഹായുദ്ധം മുതലാളിത്തശക്തി

ബന്ധങ്ങളിൽ മാറ്റം വരുത്തി. 1900 ജർമ്മനി പാസാക്കിയ ജർമ്മൻ നാവിക സേനാനിയമം ബ്രിട്ടനും ജർമ്മനിയും തമ്മിലുള്ള കിടമത്സരത്തിന് തുടക്കം കുറിച്ചു. 1912 ഒക്ടോബറിൽ തെക്കുകിഴക്കൻ യൂറോപ്പിലെ ബാൾക്കൺ രാഷ്ട്രങ്ങളിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. തുർക്കി, ഗ്രീസ്, ബൾഗേറിയ, മാണ്ഡിനിഗ്രോ എന്നീ അഞ്ചു രാജ്യങ്ങൾ ആ യുദ്ധത്തിൽ പരാജയപ്പെട്ടു. 1913 ൽ ഈ യുദ്ധം വ്യാപകമാകാനാരംഭിച്ചു. അന്നുവരെ നടന്ന മറ്റു യുദ്ധങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തവും വെടിമരുന്നിന്റെ ഗന്ധം ലോകത്താകെ പരത്തുന്നതുമായിരുന്നു ഈ യുദ്ധം.

1917 ൽ നടന്ന റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവം മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്ക് പകരമായി ഒരു പുതിയ വ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചു. റഷ്യൻ സാഹിത്യത്തിൽ നിന്ന് ഉൾക്കൊണ്ട ഊർജ്ജവും, മാർക്സിയൻ ദർശനത്തിന്റെ പിൻബലവുമാണ് റഷ്യൻ വിപ്ലവത്തിന് ഉത്തേജനം നല്കിയത്. ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ജർമ്മനിയിൽ ഹിറ്റ്ലറും, ഇറ്റലിയിൽ മുസോളിനിയും സ്പെയിനിൽ ഫ്രാങ്കോയും തങ്ങളുടെ ഏകാധിപത്യവാഴ്ച, മനുഷ്യത്വത്തിനു നേരെയുള്ള യുദ്ധപ്രഖ്യാപനമാക്കി മാറ്റി. പാശ്ചാത്യനാടുകളിൽ ഫ്രഞ്ചു വിപ്ലവം ഉയർത്തിയ മാനവചിന്തയുടെ അടിസ്ഥാന മുദ്രാവാക്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളെ സമൂലം നശിപ്പിക്കാനാണ് ഈ ഏകാധിപതികൾ യത്നിച്ചത്. വിശാലദേശീയതക്കുപകരം, സങ്കുചിതവും ആക്രമണോത്സുകവുമായ സങ്കുചിത ദേശീയതക്കാണ് ഇവർ പ്രചാരം നൽകിയത്. സമാധാനകാംക്ഷികളായ ശാസ്ത്രജ്ഞന്മാർക്കും എഴുത്തുകാർക്കും സാരമായ പീഡനങ്ങളാണ് ഇവരിൽ നിന്ന് സഹിക്കേണ്ടി വന്നത്.

സ്പെയിനിൽ ഫ്രാങ്കോയുടെ ഏകാധിപത്യ ഭരണത്തിനെതിരായി നടന്ന ആഭ്യന്തര യുദ്ധത്തിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള മനുഷ്യസ്നേഹികൾ നേരിട്ട് പങ്കെടുത്തു. യുദ്ധത്തിനെതിരെ സമാധാനത്തിനും ദാരിദ്ര്യത്തിന്റെ പശ്ചാത്തലത്തിൽ

സമത്വത്തിനും, ഏകാധിപതികളുടെ ശവകാമുതക്കെതിരെ മാനവസത്തയ്ക്കുംവേണ്ടി ലോകത്താകെയുള്ള മനുഷ്യസ്നേഹികൾ നടത്തിയ പ്രഖ്യാപനം 1935 ലെ പാരീസ് സമ്മേളനത്തിൽ വെച്ചാണ് ഉണ്ടായത്. കലാകാരൻ മനുഷ്യസംസ്കാരത്തിന്റെ കാവലാളാകണമെന്നും, ചരിത്രത്തെ വിസ്മരിച്ച് ലോകത്തെ പുറകോട്ടു വലിക്കുന്ന ശക്തികളിൽനിന്നും മാനവസംസ്കാരത്തെ രക്ഷിക്കാൻ അവൻ ബാദ്ധ്യസ്ഥനാണെന്നും പാരീസ് സമ്മേളനം പ്രഖ്യാപിച്ചു. ജവഹർലാൽ നെഹ്റു, മുൽക്ക്രാജ് ആനന്ദ്, സരോജിനി നായിഡു തുടങ്ങിയ ഇന്ത്യൻ എഴുത്തുകാർ പാരീസ് സമ്മേളനത്തെ പിന്തുണച്ചവരും അതിൽ നിന്ന് ആവേശം കൊണ്ടവരുമായിരുന്നു. ഈ സമ്മേളനം അതിനു മുൻപു തന്നെ ആരംഭിച്ച സമാധാന പ്രസ്ഥാനത്തിന്റെ പരിണതഫലമായിരുന്നു. മാർക്സിം ഗോർക്കി, ബാർബ്യൂസ്, റസ്സൽ സിംക്ലയർ, സ്റ്റീഫൻ സ്പെഗ്, രബീന്ദ്രനാഥ ടാഗോർ, എ. കുമാരസ്വാമി എന്നിവർ ചേർന്ന് 1919 ൽ ഒപ്പുവെച്ചു പുറത്തിറക്കിയ ‘ചിന്താ സ്വാതന്ത്ര്യത്തിനുള്ള പ്രഖ്യാപനം’ ഇതിന്റെ ആദ്യഘട്ടമായിരുന്നു.

ക്ലാരസെത്കിൻ ചെയർമാനും ആൽബർട്ട് ഐൻസ്റ്റെയിൻ, ബർണാഡ്ഷാ, അനറ്റോള ഫ്രാൻസ്, ഹെന്റി ബാർബുസ എന്നിവർ അംഗങ്ങളായും രൂപംകൊണ്ട സാർവദേശീയ യുദ്ധവിരുദ്ധ പ്രസ്ഥാനം, 1933 ൽ രൂപംകൊണ്ട ഫാസിസ്റ്റ് വിരുദ്ധ തൊഴിലാളി കോൺഗ്രസ്സ് എന്നിവയുടെ തുടർച്ചയായി നടന്ന പാരീസ് സമ്മേളനം ലോകത്താകെ മാനവചിന്തയുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ ആഹ്വാനം ചെയ്തു.

ഈ ലോക സംഭവങ്ങൾ ഭാരതീയ രാഷ്ട്രീയ സാഹിത്യ മണ്ഡലത്തിലും ചലനം സൃഷ്ടിച്ചു. 1936 ൽ ലക്നോ എ.ഐ.സി.സി. സമ്മേളനത്തിന്റെ ഭാഗമായി നടന്ന സാഹിത്യകാരന്മാരുടെ അഖിലേന്ത്യാ സമ്മേളനം ഇന്ത്യൻ മാനവികതയുടെ ചരിത്രത്തിൽ നിർണ്ണായകമാണ്. ലോകത്താകെ നടന്നുകൊണ്ടിരിക്കുന്ന സമാധാന പരിശ്രമങ്ങളിലും ഇന്ത്യയിൽ നടന്നുകൊണ്ടിരുന്ന ദേശീയ സ്വാതന്ത്ര്യസമരത്തിലും കലാ

കാരൻ വഹിക്കേണ്ട പങ്കിനെ കുറിച്ച് ലഖ്നൗ സമ്മേളനം ചർച്ച ചെയ്തു. സമ്മേളനം അംഗീകരിച്ച മാനിഫെസ്റ്റോ ഭാരതീയ കലാകാരന്മാരുടെ മനുഷ്യപക്ഷപാതമെന്നു ഉറക്കെ പ്രഖ്യാപിച്ചു. മലയാളമുൾപ്പെടെ സകല നാട്ടുഭാഷകളിലും പുരോഗമനസാഹിത്യപ്രസ്ഥാനം എന്ന ആശയത്തിനു ബീജാവാപം ചെയ്തത് ലഖ്നൗ സമ്മേളനമാണ്.

### 1.7. മാനവികതയും മാർക്സിയൻ ദർശനവും

'മാനവികത' എന്ന ആശയം പിൽക്കാലത്തുവന്ന നിരവധി ദർശനങ്ങളെ അഭിലഷണീയമായ രൂപത്തിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും മാർക്സിയൻ ദർശനമാണ് മാനവകിതയുടെ മുഖ്യ പ്രയോക്താവ്. ദർശനത്തിൽ മാത്രമല്ല, പ്രയോഗത്തിലും, നിർണ്ണായക ചരിത്ര സന്ദർഭങ്ങളിലും ഇവയുടെ പാരസ്പര്യം ലോകത്തിന് ബോദ്ധ്യപ്പെട്ടു. ഈ ദർശനത്തിന് ഇന്ത്യയിലും വ്യാപകമായ പ്രചാരം കിട്ടി. കണാദൻ, ചാർവാകൻ തുടങ്ങിയ പ്രാചീന മനീഷികൾ സമാനമായ ചിന്തയുടെ വക്താക്കൾ ആയിരുന്നു. ഇതിന്റെ കൂടി പിൻബലത്തിൽ ദേശീയ പ്രസ്ഥാനത്തിൽ ആരോഗ്യകരമായ ഇടപെടലുകൾ നടത്താൻ മാർക്സിയൻ ചിന്താഗതിക്ക് കഴിഞ്ഞു. ഇന്ത്യയിൽ നടക്കുന്ന സ്വാതന്ത്ര്യസമരം ലോകത്താകെ നടക്കുന്ന വിമോചനപോരാട്ടത്തിന്റെ ഭാഗമാണെന്നും, അധീശവർഗ്ഗത്തിൽ നിന്നും എല്ലാ അർത്ഥത്തിലുമുള്ള മോചനത്തിനുവേണ്ടിയാണെന്നും മാർക്സിയൻ ചിന്താഗതിക്കാർ പ്രചരിപ്പിച്ചു. ദേശീയ പ്രസ്ഥാനത്തിനകത്തുനിന്നും, ഒരു തിരുത്തൽ ശക്തി എന്ന നിലയിൽ ക്രമേണ പുറത്തുനിന്നും ദേശീയ പ്രസ്ഥാനത്തിന്റെ ചിന്താരീതികളേയും, അതു ജന്മം നല്കിയ ദേശീയ ബോധമുള്ള ഒരു ജനതയുടെ കർമ്മപദ്ധതികളേയും മാർക്സിയൻ ദർശനം നിയന്ത്രിച്ചു. ഭാരതീയ ചിന്തയിൽ മാനവികതാബോധം ഊർജ്ജസ്വലവും ഉദ്ദീപ്തവുമായ ഒരു കാലഘട്ടത്തിൽ അതേറ്റവും പ്രകടമായത് കലയിലും സാഹിത്യത്തിലുമാണ്. മനുഷ്യന്റെ സാംസ്കാ

രിക വളർച്ച തുടങ്ങുന്നതും വികാസം പ്രാപിക്കുന്നതും അദ്ധ്വാനവുമായി ബന്ധപ്പെട്ടാണെന്നും, ആ വളർച്ചയുടെ വ്യത്യസ്ത ഘടകങ്ങളെ കണക്കിലെടുക്കാതെ സാംസ്കാരിക മണ്ഡലത്തിൽ വ്യാപരിക്കാൻ കഴിയില്ലെന്നും മാർക്സിസം ലെനിനിസം നല്കിയ അവബോധം സാഹിത്യരചനയെയും വിമർശനത്തെയും സ്വാധീനിച്ചു. ജനാധിപത്യം, മതനിരപേക്ഷത, ശാസ്ത്രബോധം, മാനവികത എന്നിവ ആധുനിക സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാന മൂല്യമാണെന്ന ബോധം എഴുത്തുകാരിലുണ്ടായി. നിയമവ്യവസ്ഥയെ എല്ലാ മനുഷ്യർക്കും ഒരുപോലെ ബാധകമാക്കുന്നതിന് ബ്രിട്ടീഷ് അധികാരികൾ ശ്രദ്ധിച്ചു. റെയിൽവെ, കമ്പിതപാൽ, വാണിജ്യം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ദേശീയബോധം പുതിയ അർത്ഥത്തിൽ വളർന്നുവന്നു. ഇതിലെല്ലാം മനുഷ്യൻ പരിഗണനാവിഷമായി മാറി. പൊതുസ്ഥലങ്ങൾ രൂപപ്പെട്ടതോടെ മനുഷ്യന് വ്യാപരിക്കാൻ കഴിയുന്ന മേഖല വികസിച്ചു. ഇതെല്ലാം ചേർന്ന് ഇരുപതാംനൂറ്റാണ്ടിലെ മാനവികതാബോധം ആധുനികഭാരതത്തിലും സജീവമായി. എന്നാൽ ഈ ബോധത്തിലും മനുഷ്യസങ്കല്പത്തിലും വിദ്യാസമ്പന്നരായ ഒരു ചെറുന്യൂനപക്ഷം മാത്രമാണ് ഉൾപ്പെട്ടത് എന്ന വിമർശനം ഉണ്ട്.

### 1.8. മാനവികത കേരളീയസാഹചര്യത്തിൽ

കേരളീയ സാമൂഹ്യ ജീവിതത്തിലെ നവോത്ഥാനവും കലാസാഹിത്യാദികളിലൂടെ ഉയർന്നുവന്ന മാനവികതാബോധവും മേൽപറഞ്ഞ പശ്ചാത്തലത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കനുരോധമായി നിരവധി സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ കേരളത്തിൽ രൂപംകൊണ്ടു. മലയാള കവിതയിലെ കാല്പിനക പ്രവണത പുതിയ ഒരു ആസ്വാദനബോധത്തിന് തുടക്കം കുറിച്ചു. നിലവാരപ്പെട്ട ഗദ്യം രൂപംകൊണ്ടത് കേരളീയന്റെ ചിന്താരീതിയേയും കർമ്മപദ്ധതികളേയും സ്വാധീനിച്ചു. എഴുത്തുകാർക്ക് ചില സംഘടനകൾ രൂപംകൊള്ളുന്നതും സജീവമാകു

ന്നതും ഈ കാലഘട്ടത്തിലാണ്. കേവലം സാഹിത്യ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ രൂപംകൊണ്ട ഇത്തരം സംഘടനകൾ സാഹിത്യത്തിലെ വ്യക്തിപ്രഭാവചിന്തയുടെ കാഠിന്യം കുറച്ചുകൊണ്ടുവന്നു. നേരത്തെ സൂചിപ്പിച്ച ലഖ്നൗ സമ്മേളനത്തിന്റെ തുടർച്ചയായി 1937 ൽ കേരളത്തിൽ ജീവൽസാഹിത്യ സംഘടന എന്ന പേരിൽ എഴുത്തുകാരുടെ ഒരു കൂട്ടായ്മ നിലവിൽ വന്നു. മനുഷ്യത്വമാണ് ജീവൽ സാഹിത്യത്തിന്റെ ആദർശം, മനുഷ്യ പുരോഗതിയാണ് ലക്ഷ്യം എന്ന് ഈ സംഘടന പ്രഖ്യാപിച്ചു. 1944ൽ ജീവൽസാഹിത്യപ്രസ്ഥാനത്തെ നവീകരിച്ചും വിപുലീകരിച്ചും പുരോഗമനസാഹിത്യപ്രസ്ഥാനം നിലവിൽവന്നു. കേരളീയസമൂഹത്തിൽ മാർക്സിയൻ ദർശനത്തിന്റെ സ്വാധീനം പ്രയോജനപ്പെടുത്തി കലയിലൂടെയും സാഹിത്യത്തിലൂടെയും വർഗ്ഗാശ്രിത മാനവികതയെ വ്യാപകമായി പ്രചരിപ്പിക്കാൻ ഈ സംഘടന ശ്രദ്ധിച്ചു. ഭാരതത്തിലാകെ പാശ്ചാത്യബോധം വളർത്തിയ ആധുനികചിന്തയുടെ ഭാഗംതന്നെയായിരുന്നു കേരളത്തിലെ മാനവികതാബോധം. തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് ആധിപത്യം നിലനിന്നിരുന്ന മലബാറിലും പരിഷ്കൃതിയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വികസിപ്പിച്ചത് പാശ്ചാത്യആധുനികതാബോധമാണ്. പാശ്ചാത്യബോധത്താൽ പ്രചോദിതരും സ്വാധീനിക്കപ്പെട്ടവരും ഉൾക്കൊണ്ട ഉദാരമാനവികതാബോധത്തിന്റെ പ്രത്യക്ഷീകരണങ്ങളാണ് കേരളത്തിന്റെ ആധുനികീകരണമെന്ന് പറയാം. ഭാഷയിലും സാഹിത്യത്തിലുമാണ് ഇതിന്റെ പ്രതിനിധീകരണം കൂടുതൽ അനുഭവപ്പെട്ടത്.

മലയാള ഭാഷാ സാഹിത്യത്തിന്റെ ക്രമാനുഗതമായ വളർച്ചയും അതിലെ മനുഷ്യപക്ഷപാതത്തിന്റെ സ്വഭാവവും ചെറുകഥ എന്ന സാഹിത്യരൂപത്തിന് ഊന്നൽ നല്കി അടുത്ത അദ്ധ്യായത്തിൽ വിശദീകരിക്കുന്നു.

**കുറിപ്പുകൾ**

1. Gray Louis Herbert : (Ed) The Mythology of all races, New York: Copper Squre pub, 1996, page 102
2. Websters Third New International Dic : Vol 1page 552
3. Willaims, M. Monier, : New Delhi Mothilal Banarsidas (pub), 1995, A Sanskit English Dic
4. Willaim Howells : (Qut) Glober Edward, one the early development of mind, London: Image pub company, 1956, Page 144
5. ബൈബിൾ : ഹിബ്രു, വിവ 11.1
6. സദാചാരോമതോധർമ്മ:സന്തസ്ത്വാചാര ലക്ഷണ:
   സാധ്യാസാധ്യം കഥം ശക്യം സദാചാരോഹ്യലക്ഷണ

(സദാചാരമാണ് ധർമ്മമെന്ന് പറയുന്നു, സത്തുക്കളെ അറിയേണ്ടത് ആചാരം കൊണ്ടുമാണ്. അപ്പോൾ ഏതുകൊണ്ട് ഏതു സമർത്ഥിക്കാം? അതിനാൽ സദാചാരം പ്രമാണമല്ല. സദാചാരത്താൽ വഞ്ചിതമായി ശ്വാശ്വതമായ ധർമ്മം നശിച്ചുപോയി. (മഹാഭാരതം, ശാന്തിപർവ്വം 260–262)

7. സതാംഹിസന്ദേഹ പദേഷുവസ്തുഷു
   പ്രമാണമന്ത:കരണപ്രവൃത്തയ:
   (അഭിജ്ഞാനശാകുന്തളം, അങ്കം 1, ശ്ലോകം 19)
8. Haldneviscount : The Philosophy of Humanism (and other subjects) London: Yall University press, 1922, page 211
9. Bayles Ernest : (Qut) The mind and its place in nature, London: Routladge and kegan pub, 1952, page 114
10. Protagoras (480-411BC) : Greek Philosopher
11. Dakin. A.H. : Man is the measure, UK: University Press, 1939, Page 64
12. എംഗൽസ് : കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, മോസ്കോ: പ്രോഗ്രസ് പബ്ലി, 1963, പേജ് 46
13. ഛാന്ദോഗ്യോപനിഷത്തിലെ ആറാം ഭാഗത്തിൽ ശ്വേതകേതുവിന് പരമജ്ഞാനം നൽകുന്ന സന്ദർഭത്തിലാണ് "തത് സത്യം, സആത്മ" (അതാണ് സത്യം, അതാണ് ആത്മാവ്, അത് നീയാണ്,) എന്ന് പിതാവായ ആരുണി ഉപദേശിക്കുന്നത്. തത്വമസിയിലെ തത്വം മനസിലായ ശ്വേതകേതു അഹംബ്രഹ്മാസ്മി (ഞാൻ തന്നെ ബ്രഹ്മം) എന്ന് തിരിച്ചറിഞ്ഞു.

ഇദം മാനുഷം സർവ്വേഷാം ഭൂതാനാം മധു
അസ്യമാനുഷസ്യ സർവ്വാണി ഭൂതാനി മധു
.............................. ഇദം ബ്രഹ്മം, ഇദം സർവ്വം
(ബൃഹദാരണ്യകം, 2.4.12, 13)
ഗുഹ്യം ബ്രഹ്മതദിദം, യോ ബ്രവീമി
നമാനുഷാത് ശ്രേഷ്ഠതരം ഹികിഞ്ചിത്
(മഹാഭാരതം, ശാന്തിപർവ്വം 24)

അദ്ധ്യായം രണ്ട്

# ചെറുകഥയുടെ വികാസപരിണാമങ്ങളും കേരളീയ സാഹചര്യവും

സാഹിത്യത്തെ ആകെ, പൊതുനിയമങ്ങൾ പാലിക്കുന്ന ഒരൊറ്റ മനുഷ്യവ്യാപാര മായി നാംപരിഗണിച്ചുവന്നു. സ്ഥൂലാർത്ഥത്തിൽ ഈ പരിഗണന ശരിയാണെങ്കിലും രചനയ്ക്കുള്ള പ്രചോദനം സാഹിത്യത്തിന്റെ മൂല്യം തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം തേടുമ്പോൾ, അത് അപൂർണ്ണമാണെന്ന് കാണാം. എല്ലാ സാഹിത്യവിഭാഗങ്ങളേയും ഒരേ അർത്ഥത്തിൽ വിലയിരുത്തുവാൻ സാധിക്കുകയില്ല. ഈ പ്രശ്നം അഭിമുഖീകരിയ്ക്കേണ്ടി വരുമ്പോൾ പഠനസൗകര്യത്തെ മുൻനിർത്തി പദ്യമെന്നും ഗദ്യമെന്നും വിഭജിച്ചുവരുന്നു.

മനുഷ്യഭാഷയിലെ പദങ്ങൾ വസ്തുക്കളെ സൂചിപ്പിയ്ക്കുന്ന അടയാളങ്ങളാണ്. നിത്യജീവിതത്തിൽ നാം ഒരു വാക്ക് ഉപയോഗിക്കുന്നത് ഒരു വസ്തുവിനെ ചൂണ്ടിക്കാ ണിയ്ക്കുക, സ്വഭാവം വിവരിയ്ക്കുക സ്വാഭിപ്രായം വിശദീകരിയ്ക്കുക തുടങ്ങിയവ ക്കാണ്. അതിനാൽ ഭാഷ ഒരു മാർഗ്ഗമോ മാധ്യമമോ ആണ്. കവിതയിൽ, വാക്കുകൾ ഒരു പ്രയോജനത്തെമാത്രമല്ല ലക്ഷ്യമാക്കുന്നത്. അവിടെ വാക്കുകൾ വസ്തുക്കളെ കുറി യ്ക്കുന്ന ചിഹ്നങ്ങൾ അല്ല, കവിസത്തയുടെ ഘടകങ്ങൾ ആണ്. കവി ലോകത്തെ കാണു ന്നത് ഈ പദങ്ങളിൽ ഉൾക്കൊള്ളുന്ന ഉപമകളിലും ഉല്ലേഖങ്ങളിലുമാണ്. എന്നാൽ ഗദ്യത്തിൽ വാക്കിന്റെ ഉദ്ദേശ്യം തന്നെ, വസ്തുക്കളെ, യാഥാർത്ഥ്യത്തെ പ്രപഞ്ചത്തെ ചൂണ്ടിക്കാണിയ്ക്കുക, വിവരിയ്ക്കുക, വ്യാഖ്യാനിയ്ക്കുക എന്നിവയാണ്.

### 2.1. ഭാഷാഗദ്യത്തിന്റെ വികാസം

ഭാഷയുടെ വികാസവും വളർച്ചയും വിലയിരുത്തേണ്ടത് ആ ഭാഷയിലെ ഗദ്യ ത്തിന്റെ വികാസവും വളർച്ചയും മുൻനിർത്തിയാണ്. സാമാന്യജനങ്ങളോട് ഏറ്റവും

അടുത്ത് സംവദിയ്ക്കുന്ന ഭാഷാരൂപം ഗദ്യമാണ്. സാധാരണ മനുഷ്യന്റെ ആത്മനിവേദനത്തിന്റെ പ്രതീകവത്കൃതമായരൂപം ഗദ്യം ഉൾക്കൊള്ളുന്നു. ഒരു ജനത ഏറിയ കൂറും ചിന്തിയ്ക്കുന്നതും പ്രവർത്തന സജ്ജമാകുന്നതും ഗദ്യസാഹിത്യ രൂപങ്ങളിലൂടെയാണ്.

ചെറുന്യൂനപക്ഷത്തിനും മാത്രം ഉൾക്കൊള്ളാൻ കഴിയുന്ന പദ്യത്തിൽ നിന്നും, ബഹുഭൂരിപക്ഷത്തിന് ഇടപെടാൻ കഴിയുന്ന ഗദ്യത്തിലേക്കുള്ള വികാസം, സാഹിത്യത്തിന്റെ ജനാധിപത്യവല്കരണമാണ്. അതിനാൽ ആധുനിക കാലഘട്ടത്തിൽ സാഹിത്യത്തെ മുഖ്യമായി വിലയിരുത്തുന്നത് അതിലെ ഗദ്യസാഹിത്യത്തിന്റെ സ്വഭാവം പരിഗണിച്ചാണ്.

മലയാളഗദ്യത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച പാശ്ചാത്യരാജ്യങ്ങളുമായുള്ള സമ്പർക്കം കൊണ്ടാണ് സാധിച്ചത്. പാശ്ചാത്യർ കടന്നുവരുന്നതിനു മുൻപും ഒരു ജനത എന്ന നിലയ്ക്ക് ആശയ വിനിമയത്തിനുപയോഗിച്ചിരുന്ന ഭാഷയിൽ ഗദ്യത്തിനു തന്നെ ആയിരുന്നു മുഖ്യസ്ഥാനം. പതിനാലാം ശതകത്തിൽ എഴുതപ്പെട്ട 'ലീലാതിലക'ത്തിൽ 'അഭിമന്യുവധം' മുതലായ പ്രാചീന ഗദ്യഗ്രന്ഥങ്ങളുടെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്.[1] ലീലാതിലകകാരൻ തന്നെ പ്രാചീനം എന്നു വിശേഷിപ്പിച്ചു എങ്കിൽ, ഗദ്യസാഹിത്യ രൂപങ്ങൾക്ക് കൊല്ലവർഷാരംഭം മുതൽ തന്നെ സാഹിത്യാന്വേഷണത്തിൽ സ്ഥാനമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. എന്നാൽ ഗദ്യം പ്രായേണ ഒരു പരാശ്രയസ്ഥിതിയിലാണ് നിലനിന്നിരുന്നത്. സർഗ്ഗാത്മക സാഹിത്യത്തിൽ ഗദ്യത്തിന് നിർണ്ണായകമായ ഒരു സ്ഥാനം കിട്ടുന്നത് പാശ്ചാത്യാധിപത്യം വ്യാപകമായതിനുശേഷം മാത്രമാണ്. പദ്യത്തിന്റെ ആത്മവത്ത ചോർന്നുപോവുകയും കവികൾ സാധാരണജനങ്ങളിൽ നിന്ന് അകലുകയും ചെയ്തത് ആധുനിക മലയാള ഗദ്യത്തിന്റെ പിറവിയ്ക്ക് വഴിയൊരുക്കി. ആംഗല വിദ്യാഭ്യാസത്തിന്റെ വളർച്ച, പാശ്ചാത്യ സാഹിത്യ രൂപമാതൃകകളുമായി പരിചയപ്പെടൽ, നാട്ടുഭാഷാ വിദ്യാലയങ്ങളുടെ വ്യാപനം, പാഠപുസ്തക കമ്മറ്റികളുടെ രൂപീ

കരണം, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവയാണ് മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് നിദാനമായ മുഖ്യ ഘടകങ്ങൾ.

വിദേശികളും സ്വദേശികളുമായ ക്രിസ്തുമത പ്രചാരകന്മാർ മലയാള ഗദ്യത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകി. മതപ്രചാരണത്തിന്റെ ഭാഗമായി സാധാരണ ജനങ്ങളുമായി നേരിട്ടിടപെടേണ്ടിവന്ന ഇവർ, ഭാഷയ്ക്ക് ചില നിയമവ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും യത്നിച്ചു. തിരുവിതാംകൂറിൽ സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കുന്നതിനായി നിരവധി നാട്ടുഭാഷാപള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടു. ഈ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിനായി പാഠപുസ്തകം നിർമ്മിക്കാൻ നിയമിതമായ പാഠപുസ്തകകമ്മറ്റി തയ്യാറാക്കിയ ആദ്യത്തെ പാഠമാല 1851 ൽ പുറത്തുവന്നു. ഇതിൽ 236 പേജ് ഗദ്യത്തിനായി നീക്കിവെച്ചിരുന്നു. എന്നാൽ മിഷനറിമാരുടെ ഗദ്യവും പാഠമാലകളിൽ കാണുന്ന ഗദ്യവും തമിഴിനു പ്രാമുഖ്യമുള്ള പ്രാചീന ഗദ്യമാതൃകയുടെ തുടർച്ചയായിരുന്നു. കഠിന സംസ്കൃത പദങ്ങളുടെ സാന്നിദ്ധ്യം ഈ പാഠാവലികളെ നിശ്ചേതനങ്ങളാക്കി.

മതപ്രചാരണത്തിനുപയോഗിച്ചിരുന്ന ഭാഷ, ക്രിസ്തുമതാചാരക്രമത്തിന് പ്രാധാന്യം നല്കുന്നതായിരുന്നതിനാൽ ധാരാളം വിദേശപദങ്ങൾ ആ ഭാഷയിൽ കടന്നുകൂടിയിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ പാഠപുസ്ത കമ്മറ്റി അദ്ധ്യക്ഷനായി നിയമിതനാകുമ്പോൾ, തിരുവിതാംകൂറിലെ പാഠപുസ്തകങ്ങളുടെ സാമാന്യസ്ഥിതി എസ്. ഗുപ്തൻനായർ ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്.

"1851 ലാണ് മലയാള ഭാഷയിൽ ആദ്യമായി ലക്ഷണയുക്തമായ ഒരു പാഠമാല ഉണ്ടാകുന്നത്. അതായത് കേരളവർമ്മയ്ക്ക് ആറുവയസ്സുള്ളപ്പോൾ. 'പാഠാരംഭം' എന്നാണ് ആ കൃതിയുടെ പേര്. രചിച്ചത് ഗുണ്ടർട്ട്. പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ സവ്യാഖ്യാനമായ ഒരു പതിപ്പും അക്കൊല്ലം തന്നെ പ്രസിദ്ധീകൃതമായി. പിന്നീട് ഗുണ്ടർട്ട് പാഠമാല എഴു

തി. അതിൽ 236 പേജ് ഗദ്യമേയുള്ളു. ബാക്കി മുഴുവൻ പഴയ ഗദ്യകൃതികളിൽ നിന്ന് എടുത്തു ചേർത്തവ. പാഠമാലയെ ഒരു ഗദ്യകൃതി എന്നു വിളിച്ചുകൂട. എന്നാൽ കേരള വർമ്മ ഒരു പദ്യഭാഗവും ചേർത്തില്ല. 1868 ജുലൈ മാസത്തിലാണ് കേരളവർമ്മ തിരുവി താംകൂർ പാഠപുസ്തക കമ്മറ്റി അദ്ധ്യക്ഷനാകുന്നതും പാഠപുസ്തകങ്ങൾ രചിക്കാൻ തുടങ്ങുന്നതും. പുതിയ ഗദ്യകാരന്മാരിൽ പ്രമുഖനായ ഗീവർഗീസുകത്തനാർ എന്ന ജോർജ് മാത്തൻ (1819-1870) സത്യവാദഖേടം (1861) മലയായ്മയുടെ വ്യാകരണം (1863) സംയുക്തി (1866) ബാലാഭ്യസനം (1867) എന്നീ കൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിരുന്നു. അയ്മനം ജോൺ (1825-1993) ആർച്ച് ഡീക്കൺ കോശി (1825-1899) ആർച്ച് ഡീക്കൺ ഉമ്മൻ മാമൻ (1830-1904) എന്നിവരും തിരുവിതാംകൂർ ഭാഗത്തെ ഗദ്യ കാരന്മാരിൽ പ്രമുഖരാണ്. ഇവരുടെ കൃതികൾക്ക് സാർവത്രികമായ പ്രചാരം ലഭിക്കാതെ പോയത് സ്വാഭാവികം മാത്രം. ക്രിസ്തുമത പ്രചരണമെന്ന ലക്ഷ്യം ചിലപ്പോൾ പ്രത്യ ക്ഷമായും ചിലപ്പോൾ പരോക്ഷമായും കൃതികളിലുണ്ടാകും. നാട്ടുകത്തനാർമാർ ആണെ ങ്കിലും അവരുടെ രചനകളിൽ വൈദേശിക ചുവ വളരെ പ്രകടമാണ്."[2] എന്നാൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ ദീർഘവീക്ഷണത്തോടെയാണ് തന്റെ കർത്തവ്യം നിറവേറ്റിയത്.

ഇളംപ്രായത്തിലുള്ള കുട്ടികൾക്ക് അവരുടെ മാനസികാവസ്ഥയ്ക്ക് ഇണങ്ങുമാറ് ഭാഷാപഠനം രസകരമാക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ച അദ്ദേഹം, ഭാഷാഗദ്യത്തിന്റെ വളർച്ചയ്ക്ക് ഈ പാഠപുസ്തകങ്ങൾ ഉതകണമെന്നും കരുതിയിരുന്നു.

ആധുനിക മലയാള ഗദ്യത്തിന്റെ ശ്രദ്ധേയമായ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നത് കേരളവർമ്മ വലിയകോയിത്തമ്പുരാനാണ്. ഒരു സാഹിത്യകാരൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ഗദ്യം സംസ്കൃത ബഹുലമാണെന്ന് ചിലർ വിമർശനം ഉന്ന യിച്ചിട്ടുണ്ട്. എന്നാൽ പലർ പല രൂപത്തിൽ ഉപയോഗിച്ചിരുന്ന മലയാള ഭാഷാഗദ്യത്തെ

നിലവാരപ്പെടുത്തുന്നതിന് കർക്കശമായ ചില സമീപനങ്ങൾ അദ്ദേഹം കൈക്കൊണ്ടു.

വർത്തമാന പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഭാഷാഗദ്യത്തിന്റെ പ്രചാരകന്മാർ കൂടി ആയി. 1840 ൽ റവ: ജോർജ്ജ് മാത്തന്റെ ഉത്സാഹത്തിൽ ആരംഭിച്ച 'ജ്ഞാനനിക്ഷേപം', 1847 ൽ ഹെർമൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിൽ തുടങ്ങിയ 'രാജ്യ സമാചാരം' എന്നീ ആനുകാലികങ്ങൾ ഗദ്യസാഹിത്യരൂപങ്ങൾക്കും, വസ്തുതാ പ്രധാനമായ ഗദ്യലേഖനങ്ങൾക്കും പ്രാമുഖ്യം നൽകി. കാര്യങ്ങൾ ഋജുവായും സരളമായും പറയുന്ന ഗദ്യരീതിയെ, പത്രങ്ങൾ പ്രോത്സാഹിപ്പിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തോടുകൂടി മലയാള ഭാഷയിൽ ഗദ്യ സാഹിത്യരൂപങ്ങൾക്ക് പ്രാമുഖ്യം ലഭിയ്ക്കുവാൻ തുടങ്ങി. അതുവരെ രണ്ടാംകിടക്കാരനായിരുന്ന ഗദ്യകാരൻ മുൻനിരയിൽ സ്ഥാനം നേടി. ഇന്ത്യയിൽ പാശ്ചാത്യാധിപത്യം വ്യാപകമായതോടുകൂടി അധികാരത്തിലിരിയ്ക്കുന്നവരുടെ ഭാഷയുംസാഹിത്യവും കൂടുതൽ പ്രചാരത്തിലായി. ഇതിൽ പാശ്ചാത്യഗദ്യസാഹിത്യരൂപങ്ങൾ-ഉപന്യാസം, ലേഖനം, നോവൽ, ചെറുകഥ എന്നിവ- പ്രാദേശിക ഭാഷകളിലെ എഴുത്തുകാരുടെ സജീവ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചു. ഈ സാഹിത്യരൂപങ്ങളിൽ ചെറുകഥയാണ് വളർച്ചയിലും പ്രചാരത്തിലും ഗതിവേഗം കൈവരിച്ചത്.

### 2.2. ചെറുകഥ – ഉത്ഭവവും വികാസവും

പത്തൊൻപതാംനൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ രൂപംകൊണ്ട ഗദ്യസാഹിത്യരൂപമാണ് ചെറുകഥ. ഒരാൾ മറ്റൊരാളോടു ചെയ്യുന്ന ഹ്രസ്വമായ സംവാദമാണ് ചെറുകഥയെന്ന് സാമന്യേന പറയാം. വക്താവും ശ്രോതാവും ഉണ്ടായ- മനുഷ്യൻ സാമൂഹിക ജീവിതം ആരംഭിച്ച - അന്നു മുതൽ ഈ ഭൂമുഖത്ത് കഥാംശമുള്ള സംവാദങ്ങൾ നിലവിൽ വന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ചിരുന്ന സ്വാനുഭവകഥകൾ (Anecdotes) ഉപകഥകൾ (Jests) ജന്തുകഥകൾ (Fables)

യക്ഷികഥകൾ (Fairy tales) സാരോപദേശകഥകൾ (Parables) കെട്ടുകഥകൾ (Tales) അന്യാപദേശകഥകൾ (Allegories) പുരാവൃത്തങ്ങൾ (Myths) ആലേഖ്യങ്ങൾ (Sketches) വീരകഥകൾ (Legends) എന്നിവയിലെല്ലാം ആധുനിക ചെറുകഥയുടെ പ്രാഗ്‌രൂപം കണ്ടെത്താം. ഭാവനാ വിലാസത്തിനു പ്രാധാന്യം നൽകി സവിശേഷമായ ഒരനുഭവത്തെയോ സംഭവത്തെയോ ഒരു പ്രത്യേകവീക്ഷണകോണിൽ നിന്ന് അവതരിപ്പിക്കുമ്പോഴാണ് ഒരു ചെറുകഥ പിറവി കൊള്ളുന്നത്. മേൽ സൂചിപ്പിച്ച കഥാരൂപങ്ങളിൽ, കെട്ടുകഥകളുടെയും (Tales) ആലേഖ്യങ്ങളുടെയും (Sketches) സംയുക്തരൂപമാണ് ചെറുകഥ.[3]

ജർമ്മൻ ഭാഷയിൽ ഗയ്ഥേ (1749-1832) എഴുതിയിരുന്ന കഥാഖ്യാനങ്ങളാണ് പാശ്ചാത്യ ചെറുകഥയിലെ ആദ്യസംരംഭങ്ങൾ. എന്റർറ്റെയിൻമെന്റ്സ് (Entertainments) എന്ന ഗണത്തിൽപ്പെടുത്താവുന്ന ഈ ആഖ്യാനങ്ങൾ നാടോടികഥാപാരമ്പര്യത്തിന്റെ സ്വഭാവങ്ങൾകൂടി ഉൾക്കൊള്ളുന്നവയായിരുന്നു. നഥാനിയേൽ ഹാഥോൺ (1804-1864) എഡ്ഗാർ അലൻപോ (1809-1849) എന്നിവർ നടത്തിയ രചനകളാണ് അമേരിക്കൻ ഐക്യനാടുകളിൽ ആധുനികചെറുകഥയക്ക് തുടക്കംകുറിച്ചത്. പ്രോസ്മർ മെറീമേ(1803-1870) ബൽസാക് (1799-1850) ഫ്ളാബോർ (1821-1880) മോപ്പസങ്ങ് (1850-1893) എന്നിവർ ഫ്രഞ്ച് സാഹിത്യത്തിലും അലക്സാണ്ടർ പുഷ്കിൻ (1799-1837) ഇവാൻ തർജനീവ് (1818-1883) ആന്റൺ ചെഖോവ് (1860-1904) ഡസ്റ്റയോവെസ്കി (1821-1881) ലിയോടോൾസ്റ്റായ് (1828-1910) എന്നിവർ റഷ്യൻ സാഹിത്യത്തിലും ചെറുകഥയുടെ വളർച്ചയിൽ നിർണ്ണായക സംഭാവനകൾ നൽകി. എന്നാൽ ചരിത്രസാഹചര്യങ്ങളാൽ ഇന്ത്യക്ക് കൂടുതൽ അടുത്തറിയാൻ സാധിച്ച ബ്രിട്ടീഷ് സാഹിത്യത്തിൽ നോവിലിനായിരുന്നു ഏറെ പ്രചാരം. ബൃഹദാഖ്യാനങ്ങൾക്ക് മുൻ തൂക്കമുള്ള വിക്ടോറിയൻ കാലഘട്ടം പരിശീലിപ്പിച്ചെടുത്ത ഇംഗ്ലീഷ് എഴുത്തുകാർക്ക്, ചെറുകഥയുടെ രൂപഘടനയുമായി പൊരുത്തപ്പെടുന്നതിന് കൂറെകൂടി ക്ലേശിക്കേണ്ടി വന്നു. ബ്രിട്ടന്റെ നിയന്ത്രണത്തിലുള്ള കോളനിക

ളിലും ചെറുകഥയുടെ വളർച്ച മന്ദഗതിയിലായിരുന്നു. 19–ാംനൂറ്റാണ്ടിൽ ലോകത്തിലെവലിയൊരുഭൂപ്രദേശത്തെ നിയന്ത്രിച്ചിരുന്ന ഇംഗ്ലണ്ടിൽ ചെറുകഥ എന്ന സാഹിത്യരൂപം പ്രചാരം നേടിയത് ആ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മാത്രമാണ്.[4] റുഡ്യാർഡ് കിപ്ലിങ്ങ് (1865–1936) ഓസ്ക്കാർ വൈൽഡ് (1854–1900) ഒ.ഹെന്റി (1862–1910) ജെയിംസ് ജോയ്സ് (1882–1941) തുടങ്ങിയ എഴുത്തുകാർ രംഗത്തുവരുന്നതോടെയാണ് ബ്രിട്ടണിലും കോളനി രാജ്യങ്ങളിലും ചെറുകഥ വ്യാപകമാകുന്നത്. മറ്റു കോളനി രാജ്യങ്ങളിൽനിന്ന് ഇന്ത്യൻ സാഹചര്യം വ്യത്യസ്തമായിരുന്നു.

### 2.2.1. ഭാരതീയ പാരമ്പര്യം

പ്രാചീനകാലം മുതൽക്കേ ഭാരതീയന് ഒരു കഥാകഥനരീതി സ്വായത്തമായിരുന്നു. വൈദികസാഹിത്യത്തിൽ സന്ദർഭോചിതമായി നിരവധി കഥകൾ കടന്നുവരുന്നുണ്ട്. ഉദാത്തമായ ജീവിതാദർശങ്ങളും സൂക്ഷ്മമായ ശാസ്ത്രസത്യങ്ങളും സൂചിപ്പിക്കുന്നതിനാണ് കഥാരൂപങ്ങളെ വേദകാലം പ്രയോജനപ്പെടുത്തിയത്. ഉർവ്വശിയുടെയും പുരൂരവസ്സിന്റെയും പ്രണയകഥ മുതൽ തത്വമസി വരെയുള്ള കഥകൾ ആ കാലഘട്ടത്തിൽ മാത്രമല്ല, ഇന്നും പ്രചാരത്തിലുണ്ട്. മതദർശനത്തെ ജനകീയമാക്കുന്നതിന് ബൗദ്ധന്മാർ കഥയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തിയതിന്റെ ഫലമാണ് ജാതകകഥകൾ. ഗദ്യവും ഗാഥാരൂപത്തിലുള്ള പദ്യവും ഇടകലർന്നതാണ് ജാതകകഥകളുടെ സ്വരൂപം. ലോകപ്രസിദ്ധമായ പഞ്ചതന്ത്രകഥകൾ സാഹിത്യത്തിന്റെ സാമൂഹ്യപ്രയോജനത്തിന് ഊന്നൽ നൽകുന്നു. ഒരു കഥയിൽ നിന്ന് മറ്റൊരു കഥയിലേക്ക് വികസിക്കുന്ന പഞ്ചതന്ത്ര കഥകളുടെ ആഖ്യാനരീതി ശ്രദ്ധേയമായിരുന്നു. ഗുണാഢ്യന്റെ ബൃഹത്കഥ, കഥാസരിത്സാഗരം, വിക്രമാദിത്യകഥകൾ എന്നിവയെല്ലാം ലോകകഥാസാഹിത്യചരിത്രത്തിൽ സ്ഥാനം നേടി. മഹാഭാരതം, രാമായണം എന്നീ ഇതിഹാസങ്ങളിൽ ഇന്ത്യൻ ആഖ്യാനപദ്ധതിയുടെ വൈവിധ്യം ദർശിക്കാം. ഈ കഥാപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ

ഇന്ത്യയിലെ ആധുനിക ചെറുകഥയുടെ വികാസ പരിണാമങ്ങൾ വിലയിരുത്താൻ കഴിയൂ. പാശ്ചാത്യാധിപത്യത്തിന്റെയും ആധുനികവിദ്യാഭ്യാസത്തിന്റെയും ഫലമായി ഭാരതീയ സാഹിത്യത്തിലുണ്ടായ ചലനങ്ങളാണ് ആധുനിക ചെറുകഥയ്ക്ക് തുടക്കം കുറിക്കുന്നത്. എന്നാൽ മേൽ വിവരിച്ച പശ്ചാത്തലത്താൽ, ചെറുകഥ എന്ന സാഹിത്യരൂപത്തെ ഉൾകൊള്ളാനും അതിന്റെ രചനാസങ്കേതങ്ങൾ സ്വായത്തമാക്കാനും ഇന്ത്യൻ സാഹിത്യകാരന് പ്രയാസമുണ്ടായില്ല.

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ആധുനിക ചെറുകഥയുടെ ആദ്യരൂപങ്ങൾ ഭാരതീയ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. 1873ൽ ബംഗാളി ഭാഷയിൽ പൂർണചന്ദ്രചാറ്റർജിയുടെ (1848-1922) മധുമതി എന്ന പേരിലുള്ള ലഘു കഥകളുടെ സമാഹാരം പുറത്തുവരുന്നതോടെയാണ് ഇന്ത്യൻ ചെറുകഥയുടെ ചരിത്രം ആരംഭിക്കുന്നത്. ക്രമേണ മറ്റു പ്രദേശിക ഭാഷകളിലും ഈ സാഹിത്യരൂപം പ്രചാരം നേടുകയും വികസിക്കുകയും ചെയ്തു.

ആദ്യകാലകേരളത്തിലെ മിക്ക കലാസാഹിത്യരൂപങ്ങളും തമിഴിന്റെയോ സംസ്കൃതത്തിന്റെയോ  സ്വാധീനത്തിൽനിന്ന് പിറവി കൊണ്ടതാണ്. എന്നാൽ നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങൾ പൂർണമായും പാശ്ചാത്യ സമ്പർക്കത്തിന്റെ ഫലമായി പ്രചാരത്തിൽ വന്നതാണ്. അതുകൊണ്ട് മലയാള ചെറുകഥയെ കുറിച്ചുള്ള പഠനത്തിൽ പാശ്ചാത്യവീക്ഷണങ്ങൾക്കും രീതി ശാസ്ത്രങ്ങൾക്കുമാണ് പ്രാമുഖ്യം.

### 2.3. മലയാള ചെറുകഥ പ്രാരംഭഘട്ടം

ദ്രാവിഡ സാഹിത്യത്തിൽ നിർണ്ണായകസ്ഥാനത്തു നില്ക്കുന്ന സംഘസാഹിത്യകൃതികളിൽ കഥാപാരമ്പര്യത്തിന്റെ വേരുകൾ കാണാം. മനോഹരമായ പ്രണയകഥകളും, മാനവജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിചെല്ലുന്ന കാല്പനിക ഭാവനകളും സംഘസാഹിത്യകാരന്മാർക്ക് അന്യമായിരുന്നില്ല. സംസ്കൃത നാടകാഭിനയ സമ്പ്രദാ

യത്തിന്റെ ഭാഗമായി വളർന്നുവന്ന കൂത്ത്, കൂടിയാട്ടം മുതലായ രംഗകലകളിലും ഭാവനയ്ക്കും ആഖ്യാനപാടവത്തിനും സ്ഥാനമുണ്ടായിരുന്നു. നമ്മുടെ തനതായ നാടോടിസാഹിത്യവും കഥാകഥനത്തിൽ ഒട്ടും പിറകിലായിരുന്നില്ല. സ്ഥൂലാർത്ഥത്തിൽ ഇവയെല്ലാം നമ്മുടെ കഥാരീതിയുടെ ഭാഗമാണെങ്കിലും ഇവയൊന്നും തന്നെ ആധുനിക ഗദ്യത്തിന്റെയും ചെറുകഥ എന്ന സാഹിത്യരൂപത്തിന്റേയും പഠനപരിധിയിൽ പെടുത്താൻ കഴിയുന്നതല്ല.

മലയാള ചെറുകഥ ഒരു നിർണ്ണായക സാഹിത്യരൂപമായി മാറുന്നത് 19-ാം നൂറ്റാണ്ടിൽ അവസാന ദശകത്തിലാണ്. ഈ കാലയളവിൽ ഭാഷയിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ആരംഭിയ്ക്കുകയും അവയിൽ കല്പിത കഥയ്ക്ക് ഗണ്യമായ ഒരു ഭാഗം നീക്കിവെയ്ക്കുകയും ചെയ്തതോടെയാണ് മലയാളത്തിൽ ചെറുകഥ ഒരു സാഹിത്യജനുസ്സായി (Literary genere) രൂപംകൊള്ളുന്നത്.

കൊല്ലവർഷം 1065 ൽ സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'വിദ്യാവിനോദിനി' മാസികയിൽ, തൊട്ടടുത്തവർഷം മുതൽ തന്നെ ചെറുകഥകൾ പ്രസിദ്ധീകരിച്ചു വന്നതായി കാണാം. 1868 മുതൽ പാഠപുസ്തകങ്ങൾക്കുവേണ്ടി കേരളവർമ്മ വലിയ കോയിത്തമ്പുരാൻ എഴുതിയ ചെറുകഥകൾ കുട്ടികളുടെ ഭാഷാനൈപുണ്യം വർദ്ധിപ്പിയ്ക്കുന്നതിനാണ് പ്രാധാന്യം കൊടുത്തത്. ലളിതമായ പ്രതിപാദന ശൈലിയും, ഭാഷയെ നിലവാരപ്പെടുത്താൻ നടത്തിയ യത്നങ്ങളും ഇത്തരം രചനകളുടെ ഗൗരവസ്വഭാവത്തെ ബാധിയ്ക്കുന്നു. മൂർക്കോത്തു കുമാരൻ എഴുതിയ ചില കഥകൾ 1891 ന് മുൻപ് രചിക്കപ്പെട്ടതായിരിക്കാമെങ്കിലും അവ അപ്രകാശിതങ്ങൾ ആയിരുന്നു. ഈ വസ്തുതകൾ മുൻനിർത്തി 1066 കുംഭം/1891 ഫെബ്രുവരിയിൽ വിദ്യാവിനോദിനി പുസ്തകം 2. നമ്പർ 5 ൽ പ്രസിദ്ധീകരിക്കപ്പെട്ട, കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാർ എഴുതിയ 'വാസനാവികൃതി'യാണു മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ചെറുകഥ.[5]

വേങ്ങയിൽ കുഞ്ഞിരാമൻനായനാർ (1860–1914) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ (1869–1916) അമ്പാടിനാരായണപൊതുവാൾ (1871–1936) സി.എസ്. ഗോപാലപ്പണിക്കർ (1872–1930) മൂർക്കോത്ത് കുമാരൻ (1874–1941) കെ. സുകുമാരൻ (1876–1956) ചെങ്കുളത്ത് ചെറിയ കുഞ്ഞിരാമമേനോൻ [എം.ആർ.കെ.സി. (1881–1939)], ഇ.വി. കൃഷ്ണപിള്ള (1894–1938) എന്നിവരാണ് മലയാള ചെറുകഥാസാഹിത്യരംഗത്തെ ആദ്യകാല എഴുത്തുകാർ.

സി.പി. അച്യുതമേനോൻ, സി.വി. കുഞ്ഞിരാമൻ, കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ, ശീവെള്ളി നാരായണൻ നമ്പൂതിരി, ആറ്റൂർ കൃഷ്ണപ്പിഷാരോടി, അപ്പൻ തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ മുതലായവരേയും മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളുടെ ഗണത്തിൽ ഉൾപ്പെടുത്തി പഠിക്കേണ്ടതാണെങ്കിലും ആദ്യ കാലഘട്ടത്തിന്റെ ചില സവിശേഷ മാതൃകകൾ എന്ന നിലയ്ക്കാണ് മേല്പറഞ്ഞ എഴുത്തുകാരെ വിശദമായി പരിചയപ്പെടുത്തുന്നത്.

**2.3.1.** പ്രതിപാദന സൗകര്യത്തിനുവേണ്ടി മലയാള ചെറുകഥയുടെ വളർച്ചയെ നാലു ഘട്ടങ്ങളിലായി തിരിക്കുന്നു.

(1) കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ 'വാസനാവികൃതി' എന്ന കഥയെ ആദ്യത്തെ ചെറുകഥയായി നിർണ്ണയിച്ച് ആ കഥ പ്രസിദ്ധീകരിച്ച 1891 മുതൽ 1925 വരെയുള്ള പ്രാരംഭ കാലഘട്ടം.

(2) 1928 മുതൽ 1935 വരെ നീണ്ടുനിൽക്കുന്ന നമ്പൂതിരി കഥാകാലഘട്ടം. സാമൂഹ്യപരിഷ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി പ്രചരണോദ്ദേശ്യത്തോടുകൂടി പുറത്തുവന്ന കഥകളാണ് ഇവയിൽ പ്രധാനം.

(3) 1930 കളിൽ ആരംഭിയ്ക്കുകയും 1960 കളിൽ അവസാനിയ്ക്കുകയും ചെയ്യുന്ന നവോത്ഥാന കാലഘട്ടം.

(4) 1960 നു ശേഷമുള്ള ആധുനിക കാലഘട്ടം.

**2.3.2.** പ്രാരംഭഘട്ടത്തിലെ എഴുത്തുകാർ ചെറുകഥാരചനയിൽ ഏർപ്പെടാൻ ഇടയായ സാഹചര്യം ശ്രദ്ധേയമാണ്. പാശ്ചാത്യ വിദ്യാഭ്യാസം നേടി ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തകനായി മാറിയ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ 1888 ലെ ബോംബെ എ.ഐ.സി.സി. സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്. മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അംഗമായിരുന്ന അദ്ദേഹം വൃത്താന്തപത്രപ്രവർത്തകൻ എന്ന നിലയിലും പ്രശസ്തനായി.

ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ 1898 ൽ ഒന്നാം റാങ്കോടുകൂടി ബി.എ. ബിരുദം നേടിയ വ്യക്തിയാണ്. ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ കീഴിൽ ഹുജ്ജരാപ്പീസിൽ ഉദ്യോഗം ലഭിച്ച്, മജിസ്ട്രേട്ടായി ജോലിയിൽ നിന്നും വിരമിച്ചു.

തൃശൂർ ഹിന്ദു ഹൈസ്കൂളിൽ നിന്നും മെട്രികുലേഷൻ ജയിച്ച അമ്പാടി നാരായണ പൊതുവാൾക്ക് ഇന്റർമീഡിയറ്റിനു പഠിക്കുന്നതിനിടയിൽ സർക്കാർ സർവീസിൽ ജോലി കിട്ടി. ജോലിയിൽ നിന്നും വിരമിയ്ക്കുമ്പോൾ അദ്ദേഹം സബ്രജിസ്ട്രാർ ആയിരുന്നു.

ജന്തുശാസ്ത്രത്തിൽ ബി.എ. ബിരുദം നേടി, ബ്രിട്ടീഷ് സർക്കാർ സർവീസിൽ ഉയർന്ന തസ്തികയിൽ ജോലി നോക്കിയ സി.എസ്. ഗോപാല പണിക്കരും, ഉന്നത വിദ്യാഭ്യാസ രംഗത്തുവരെ അദ്ധ്യാപകനായി ജോലി നോക്കിയ മൂർക്കോത്തുകുമാരനും പാശ്ചാത്യ-സാഹിത്യ-ലോകത്തെ അടുത്തറിയാൻ കഴിഞ്ഞവരാണ്. ഫ്രഞ്ച് കോളനിയായ മയ്യഴിയിൽ ജനിച്ച് വടക്കേ മലബാറിലെ വിവിധ പ്രദേശങ്ങളിൽനിന്നും വിദ്യാഭ്യാസം നേടി ജന്തുശാസ്ത്രത്തിൽ ബിരുദമെടുത്ത കെ. സുകുമാരനും, എം.ആർ.കെ.സി. എന്ന പേരിൽ അറിയപ്പെടുന്ന കുഞ്ഞിരാമമേനോനും ബ്രിട്ടീഷ് സർക്കാരിന്റെ കീഴിൽ ജോലിക്കാരായിരുന്നു. ആംഗല വിദ്യാഭ്യാസം ലഭിച്ച് അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ട വ്യക്തി ആയിരുന്നു ഇ.വി. കൃഷ്ണപിള്ള.

മേല്പറഞ്ഞ എഴുത്തുകാർക്കെല്ലാം വിദ്യാസമ്പന്നരും മദ്ധ്യവർഗ്ഗക്കാരുമായ പാശ്ചാത്യരുമായി അടുത്തിടപഴകുന്നതിന് അവസരം ലഭിച്ചു. ഇംഗ്ലീഷുകാർ പഠിയ്ക്കുന്ന സ്കൂളിലും അവർ മേലധികാരികളായി ജോലി നോക്കുന്ന ആപ്പീസുകകളിലും വെച്ച് ഈ എഴുത്തുകാർ പാശ്ചാത്യ സംസ്കാരത്തെ അടുത്തറിഞ്ഞു. വാസനാസമ്പന്നരായിരുന്ന ഇവരുടെ സഹൃദയത്വത്തെ പാശ്ചാത്യസാഹിത്യം ആകർഷിച്ചതിൽ അത്ഭുതപ്പെടാനില്ല. ഇവർ വായിച്ച് ആസ്വദിച്ച് ഉൾക്കൊള്ളാൻ ശ്രമിച്ചത് അന്നത്തെ ജനപ്രിയ സാഹിത്യരൂപമായ ചെറുകഥ ആയിരുന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരായി ഇന്ത്യയിലെത്തിചേർന്ന ഇംഗ്ലീഷുകാർക്ക് ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാർ പാശ്ചാത്യ ചെറുകഥാകൃത്തുക്കളായിരുന്നു. അവരുടെ രചനാ മാതൃകകളാണ് മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കൾ പിന്തുടർന്നത്. പ്രണയം, കുറ്റാന്വേഷണം, കോടതി രംഗങ്ങൾ, സാഹസികത, വ്യക്തികൾക്കു പറ്റുന്ന അബദ്ധങ്ങൾ തുടങ്ങിയ ഇതിവൃത്തങ്ങളിലാണ് ഇവർ താല്പര്യംകാണിച്ചത്. വായനക്കാർക്ക് ഒരുക്കികൊടുക്കുന്ന ഒരു 'വിഭവ'മായിരിക്കണം കഥ എന്ന് ഇവർ വിശ്വസിച്ചു.[6]

പ്രണയകഥകളിൽ സ്വാഭാവികമായും വ്യക്തികൾക്കുള്ള പ്രാധാന്യവും വ്യക്തിത്വത്തെ മാനിക്കാനുള്ള പ്രവണതയും കാണാം. നാടുവാഴിത്തത്തിന്റെ പൊതുവായ ചില ധാരണകളെ നിരസിക്കുവാനുള്ള വ്യഗ്രത വളർത്തികൊണ്ടുവന്നതിൽ ഈ കഥകൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. ജന്തുസഹജമായ കാമവികാരത്തെ ഉദാത്തവല്കരിച്ച്, അതിനെ പ്രേമമായി പരിണമിപ്പിയ്ക്കാനും, മനുഷ്യമനസ്സിനെ സംസ്കരിക്കാനുമുള്ള ശ്രമത്തിൽ ഇത്തരം കഥകൾ ഒരുപരിധി വരെ വിജയിച്ചു.

കുറ്റാന്വേഷണ കഥകളും കോടതി വ്യവഹാര ചിത്രീകരണങ്ങളും പാശ്ചാത്യകഥകളുടെ അന്ധമായ അനുകരണം തന്നെ ആയിരുന്നു. ഇക്കാലത്തെ സാഹസിക കഥകളെ രണ്ടുതരത്തിൽ തിരിയ്ക്കാം. വീരാപദാനകഥകളും, മൃഗയാ വിനോദം പോലെ

സാഹസികവൃത്തിയിൽ നേരിട്ടേർപ്പെടുന്നത് വർണ്ണിക്കുന്ന കഥകളും. കാല്പനിക ഭാവ നയുടെ സ്വതന്ത്ര വിഹാരമാണ് ഇത്തരം കഥകളിൽ കാണാൻ കഴിയുക.

**2.3.3.** ഒരു നിർവചനത്തെ മുൻനിർത്തി മലയാള ചെറുകഥയുടെ ആദ്യകാല മാതൃക കൾ സൂക്ഷ്മമായി പരിശോധിയ്ക്കുന്ന ഏതൊരാളും, നിരവധി ദോഷങ്ങൾ ചൂണ്ടികാ ണിയ്ക്കും. ഒരു സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥ എന്ന സംജ്ഞ അന്നു പ്രചാരത്തിൽ വന്നിരുന്നില്ല. ലളിതോപന്യാസങ്ങളുടെ ഗണത്തിൽ പെടുന്നവയാണ് ആ കഥകളിൽ പലതും. വിഷയാനുസാരിയായ ഭാഷ എന്ന സമീപനം സ്വീകരിക്കാൻ പല എഴുത്തുകാരും ശ്രദ്ധിച്ചില്ല. ആഖ്യാനം, വീക്ഷണകോൺ എന്നിവയിലും അവർ ദത്തശ്രദ്ധരായിരുന്നില്ല. ഈ ന്യൂനതകൾ നിലനില്ക്കെ തന്നെ, ഇവർ ഭാഷക്കും സാഹി ത്യത്തിനും നല്കിയ സേവനങ്ങൾ ഇതിനേക്കാൾ വലുതായിരുന്നു എന്ന് കാണാൻ കഴിയും. ഇവ താഴെ പറയുന്നവയാണ്.

(1) നിലവാരപ്പെട്ട ഭാഷാഗദ്യത്തിന് രൂപം നല്കുന്നതിൽ ഇവർ ശ്രദ്ധിച്ചു. കേരള വർമ്മ വലിയ കോയിത്തമ്പുരാനും, സി.വി. രാമൻപിള്ളയും സംസ്കൃതപദപ്രധാനമായ, ഒരാഢ്യസാഹിത്യഭാഷയ്ക്കും, ഒ. ചന്തുമേനോനും, കേസരി കുഞ്ഞിരാമൻ നായനാരും ജനങ്ങളുടെ സംഭാഷണ ശൈലിയ്ക്ക് മേൽക്കൈ ഉള്ള ഒരു ജനകീയ ഭാഷയ്ക്കും സാഹി ത്യത്തിൽ തുടക്കം കുറിച്ചിരുന്നു. ആഢ്യഭാഷയുടെ നന്മകൾ ഉൾക്കൊള്ളിച്ച് സാമാന്യ ജനങ്ങളുടെ സംസാരഭാഷ സാഹിത്യ ഭാഷയാക്കി വളർത്തി എടുക്കുന്നതിൽ ഈ ചെറു കഥാകൃത്തുക്കൾ ശ്രദ്ധ പതിപ്പിച്ചു. ഒരു ജനതയുടെ ഗദ്യം ആ ജനതയെ ആകെ ഉൾക്കൊ ള്ളാൻ കഴിയുന്നതാകണമെന്ന ബോധം അവർക്കുണ്ടായിരുന്നു.

(2) അതിവേഗം പരിവർത്തനം സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിന്റെ സാമൂഹ്യ മാറ്റത്തോടൊപ്പം സഞ്ചരിക്കാൻ വ്യക്തികളെ തയ്യാറെടുപ്പിക്കുന്നതിൽ ആദ്യ കാല മലയാള കഥ നിർണ്ണായകമായപങ്ക് വഹിച്ചു. പടർന്നു പന്തലിച്ചു നിന്ന നാടുവാ

ഴിത്തത്തിന്റെ കാനലിൽ നിന്ന് വ്യക്തിയെ, വളർച്ചയുടെ പ്രകാശ ലോകത്തിലേക്ക് കൈപിടിച്ചാനയിക്കുന്നതിന് ആദ്യകാല ചെറുകഥാ കൃത്തുകൾ ശ്രദ്ധിച്ചു. ഇവരുടെ കഥാസങ്കല്പത്തെ കുറിച്ച് ഇ.വി. കൃഷ്ണപിള്ള നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്.

"സർവസ്വതന്ത്രമായി വിഹരിച്ച് കീർത്തിധാവള്യത്തിൽ മുഴുകുന്നതിനുതകുന്ന ഒരു ശാഖയല്ലേ ഞങ്ങൾക്ക്-ചെറുകഥക്കാർക്ക്-കിട്ടിയിട്ടുള്ളത്. ഇപ്പോൾ ഒട്ടുമുക്കാലും ഞങ്ങളുടെ സാമ്രാജ്യം എന്നു വേണം പറയുവാൻ. ഉള്ളൂരും, വള്ളത്തോളും കുണ്ടുരുമെല്ലാം ഏതെങ്കിലും ഒരു പദ്യത്തിന്റെ വിഷയം മനസ്സിൽ സങ്കല്പിച്ചു കഴിയുമ്പോൾ ഞങ്ങൾ നാലു ചെറുകഥകൾ എഴുതി അഞ്ചലിൽ അയച്ചിട്ട് അഞ്ചാമത്തേത് എഴുതാൻ ആരംഭിയ്ക്കുകയായി."[7]

1928 ൽ തൃശൂരിൽ നടന്ന സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ ഇ.വി. കൃഷ്ണപിള്ള നടത്തിയ പ്രസംഗത്തിലേതാണ് മേല്പറഞ്ഞ പരാമർശം. ചെറുകഥയുടെ ലക്ഷണം, രചനയിൽ ശ്രദ്ധിക്കേണ്ട സംഗതികൾ, ഭാഷ തുടങ്ങിയവയെ കുറിച്ചെല്ലാം ഈ പ്രഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സമ്മേളനത്തിന്റെ ആദ്യദിവസം സി.വി. രാമൻപിള്ളയുടെ ഗദ്യശൈലിയെ വിമർശിച്ച് മൂർക്കോത്തുകുമാരൻ ചെയ്ത പ്രസംഗത്തിനുള്ള മറുപടി കൂടി ആയിരുന്നു ഇ.വി. കൃഷ്ണപിള്ളയുടെ പ്രസംഗം. പ്രതിപാദിയ്ക്കുന്ന വിഷയത്തിനനുസരിച്ച് ഭാഷയിലും മാറ്റംവരണമെന്ന ധാരണ ഗൗരവമായചർച്ചയ്ക്ക് വിധേയമാകുന്നത് ഈ കാലത്താണ്.

(3) ഭാഷാ സാഹിത്യത്തിൽ അനുകരണീയമായ മാതൃകകൾ ഇല്ലാതിരുന്നതിനാൽ പാശ്ചാത്യ രചനാസങ്കൽപ്പമാണ് ഇവരെ സ്വാധീനിച്ചത്. സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളിലിരുന്ന വ്യക്തികളായതിനാൽ സാമൂഹ്യനീതിയെ നേരിട്ടെതിർക്കാൻ ഇവർ മുന്നോട്ടു വന്നില്ല. ഒരു പുതിയ സാഹിത്യരൂപത്തിന്റെ പഥപ്രദർശകർ ആയിരുന്നതിനാൽ ഒന്നിനേയും നിഷേധിക്കേണ്ടതായും വന്നില്ല.

## 2.4. നമ്പൂതിരി നവോത്ഥാന കഥകൾ

മുതലാളിത്ത വ്യവസ്ഥയുടെ സാഹിത്യ രൂപങ്ങളിലൊന്നായ ചെറുകഥ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്ന മനുഷ്യരുടെ ഏകാന്തമായ ശബ്ദമാണ് പുറപ്പെടുവിക്കുന്നത് എന്ന ഒരു നിരീക്ഷണമുണ്ട്.[8] തിരക്കേറിയ ജീവിതത്തിന്റെ ആകുലതകളിൽ ഉഴലുന്ന മനുഷ്യന്റെ സാഹിത്യാസ്വാദന താല്പര്യത്തെ സംതൃപ്തമാക്കാൻ ശ്രമിയ്ക്കുക എന്നുള്ളതാണ് ഈ സാഹൃത്യരൂപത്തിന്റെ ജന്മോദ്ദേശ്യമായി വിലയിരുത്തുന്നത്. എന്നാൽ തിരക്കുകൾക്കിടയിൽ ലാഘവത്തോടുകൂടി വായിച്ചു തള്ളാൻ കഴിയുന്നതാണ് ഒരു ചെറുകഥ എന്ന ആശയവും ഈ വാദത്തിൽ ഉൾക്കൊള്ളുന്നു. നിലനിൽക്കുന്ന സമുദായ നീതിയോട് ഏതെങ്കിലും വിധത്തിൽ പൊരുത്തപ്പെടാൻ കഴിയാത്ത ഏകാകികളായ മനുഷ്യരുടെ ജീവിതത്തിലെ ചെറിയ നിമിഷങ്ങൾ ചിത്രീകരിക്കുന്നത് കേവലം വിനോദം മാത്രമായി കണ്ട എഴുത്തുകാർ ഉണ്ടായിരുന്നു. എന്നാൽ ആശയപ്രചരണത്തിനുള്ള ഒരു നല്ല മാധ്യമമായി കഥയെ ഗൗരവപൂർവ്വം സമീപിച്ചവരും കുറവല്ല. സമുദായ പരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച ഉൽപ്പതിഷ്ണുക്കളായ നമ്പൂതിരി യുവാക്കളായിരുന്നു കഥയുടെ സമഗ്രസാദ്ധ്യതകൾ ആദ്യം തിരിച്ചറിഞ്ഞത്.

ജാതി ജന്മിനാടുവാഴിത്ത വ്യവസ്ഥിതിയുടെ മേലേതട്ടിൽ വിഹരിച്ചിരുന്ന നമ്പൂതിരി സമുദായത്തിലെ ഒരു ചെറുന്യൂനപക്ഷം സുഖലോലുപതയിൽ മുഴുകി കഴിയുകയായിരുന്നു. സ്വസമുദായത്തിലെ ദരിദ്രരോടും, സ്ത്രീകളോടും നിന്ദ്യവും നിർദ്ദയവുമായ പെരുമാറ്റമാണ് ഈ സമ്പന്ന ന്യൂനപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നത്. നമ്പൂതിരി സമുദായത്തിന്റെ അഭ്യുന്നതി ലക്ഷ്യമാക്കി 1908 ൽ ആലുവയിൽവെച്ച് നമ്പൂതിരിയോഗക്ഷേമസഭ എന്ന ഒരു സംഘടന രൂപം കൊണ്ടുവെങ്കിലും 1925 വരെ തികച്ചും യാഥാസ്ഥിതികമായ ഒരു നിലപാടാണ് ആ സംഘടന സ്വീകരിച്ചത്. കോൺഗ്രസ്സിന്റെ മിശ്രഭോജനം മുതലായ ആശയങ്ങളോടും, വൈക്കം സത്യാഗ്രഹം മുതലായ സമരങ്ങ

ളോടും നമ്പൂതിരി യോഗക്ഷേമസഭയ്ക്ക് യോജിപ്പുണ്ടായിരുന്നില്ല.[9] സോഷ്യലിസ്റ്റ് ആശയങ്ങളോട് പ്രസ്തുത സംഘടന തികഞ്ഞ അകലം സൂക്ഷിക്കാൻ ശ്രദ്ധിച്ചു.[10] എന്നാൽ പുരോഗമനേച്ഛുക്കളായ ഏതാനും ചെറുപ്പക്കാർ നിരന്തരം നടത്തിയ ഇടപെടലുകളിലൂടെ നമ്പൂതിരി യോഗക്ഷേമസഭ ആ സമുദായത്തിലെ പരിവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ആരംഭിച്ചു.

വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., പ്രേംജി, ഐ.സി.പി., ഇ.എം.എസ്. മുത്തിരങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, കെ.എൻ. ഭട്ടതിരിപ്പാട് മുതലായ ചെറുപ്പക്കാർ ചേർന്ന് നമ്പൂതിരിയുവജനസംഘം എന്ന സംഘടനയ്ക്ക് രൂപം നല്കി. സ്വസമുദായത്തെ നവീകരിക്കാനുള്ള പ്രചരണ പ്രവർത്തനത്തിന്റെ ഭാഗമായി മുത്തിരിങ്ങോട് (1902–1944), എം.ആർ.ബി (1908–2004), വി.ടി. ഭട്ടതിരിപ്പാട് (1896–1982)എന്നിവർ സാഹിത്യത്തിന്റെ വിവിധ രൂപങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു. ചെറുകഥ എന്ന സാഹിത്യരൂപം കൂടുതൽ ജനകീയമാകുന്നതും, അതിന്റെ ഭാഷാശൈലി സാമാന്യേന ലളിതമാകുന്നതും ഈ കാലഘട്ടത്തിലാണ്. 'നമ്പൂതിരി കഥാകാലഘട്ട'മെന്ന് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത് രചയിതാക്കളെ മുൻനിർത്തി മാത്രമാണ്. യഥാതഥ വർണ്ണന (റിയലിസം) മലയാള ചെറുകഥയിൽ പ്രാമുഖ്യം നേടിയത് ഈ കാലയളവിലാണ്.

എം.ആർ.ബി.യുടെ 'വാല്ക്കണ്ണാടി' എന്ന സമാഹാരത്തിലെ കഥകൾ 1928 നും 1930 നും ഇടയിൽ രചിക്കപ്പെട്ടതാണ്. 1935 നു മുൻപുള്ള വർഷങ്ങളിലാണ് മുത്തിരിങ്ങോടിന്റെ 'പൂങ്കുല' എന്ന സമാഹാരത്തിലെ കഥകൾ രചിച്ചത്.

ചെറുകഥയുടെ ശില്പഭംഗി സൂക്ഷ്മത എന്നിവക്കെല്ലാം ഉപരി, നമ്പൂതിരി സമുദായ പരിഷ്കരണത്തിനുള്ള വ്യഗ്രതയാണ് ഈ കഥകളിൽ ഭാഷാ വിദ്യാർത്ഥിക്ക് കാണാൻ കഴിയുക. വ്യഥാസ്ഥൂലത ഇവരുടെ ഒരു ദോഷവുമാണ്. മുത്തിരിങ്ങോടിന്റെ 'മരണത്തിന്റെ മടിയിൽ', എം.ആർ.ബി.യുടെ 'തലയിലെഴുത്ത്' മുതലായ കഥകൾ ഇതിനുദാഹരണമാ

ണ്. ഇവരുടെ കഥകളിൽ കാണുന്ന ശില്പപരമായ ന്യൂനതകൾ വിമർശനവിധേയമായിട്ടുണ്ട്. എന്നാൽ ലക്ഷ്യബോധത്തെ മുൻനിർത്തി അത്തരം ന്യൂനതകളെ വിമർശകന്മാർ ഏറെ കണക്കിലെടുത്തില്ല.

വി.ടി. ഭട്ടതിരിപ്പാടിന്റെ ഗദ്യശൈലിയും, ചെറുകഥാകൃത്ത് എന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകളും പരാമർശിക്കേണ്ടതായിട്ടുണ്ട്. സാഹിത്യപ്രവർത്തനം സഹജീവികളെ സന്തോഷിപ്പിക്കാൻ വേണ്ടി മാത്രമല്ല; ചിന്തിപ്പിയ്ക്കാനും കർമ്മനിരതരാക്കാനും ഉതകുന്നതുകൂടി ആയിരിക്കണമെന്ന് വി.ടി. വിശ്വസിച്ചു. 1920 ൽ ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനത്തിൽ വളണ്ടിയറായി സേവനം ചെയ്ത വി.ടി. 1921 ൽ അഹമ്മദബാദ് ദേശീയ സമ്മേളനത്തിൽ പ്രതിനിധിയായി പങ്കുകൊണ്ടു. കപ്പൽ യാത്ര ചെയ്തതിന്റെ പേരിൽ പഠനം നിർത്തേണ്ടി വന്ന വി.ടി. യോഗക്ഷേമ പ്രവർത്തനത്തിൽ സജീവമായി. 1918ൽ പ്രസിദ്ധീകരണമാരംഭിച്ച ഉണ്ണിനമ്പൂതിരി മാസികയുടെ മുഖ്യ ചുമതലക്കാരൻ വി.ടി. ഭട്ടതിരിപ്പാടായിരുന്നു. 'പാശുപതം' എന്ന ഒരു പ്രസിദ്ധീകരണവും ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ആരംഭിച്ചു. പാശുപതത്തിൽ വി.ടി. കൈകാര്യം ചെയ്തിരുന്ന 'രജനീരംഗം' എന്ന പംക്തി, കഥയ്ക്കാണ് പ്രാധാന്യം കൊടുത്തത്. ഈ പംക്തിയിൽ അദ്ദേഹം എഴുതിയ കഥകളിൽ എട്ടെണ്ണം സമാഹരിച്ച് 1928 ൽ 'രജനീരംഗം' എന്ന പേരിൽ പുസ്തകമായി പുറത്തുവന്നു. രജനീരംഗത്തിലെ ഓരോ കഥയും നമ്പൂതിരി സമുദായത്തിലെ സ്ത്രീ ജനങ്ങളെ സമരോത്സുകരാക്കുക എന്ന ഉദ്ദേശ്യത്തോടെ എഴുതിയതാണ്. ഏഴു കഥകളിലും സ്ത്രീയാണ് മുഖ്യകഥാപാത്രം.

ഗ്രന്ഥനാമം സൂചിപ്പിയ്ക്കുന്നതുപോലെ കഥകളുടെ പശ്ചാത്തലം രാത്രിയാണ്. സ്ത്രീധനത്തിനു പണമില്ലാത്തതിനാൽ വാത്സല്യ ഭാജനമായ മകളെ വില്ക്കേണ്ടിവരുന്ന അച്ഛൻ (ഉത്തരം കിട്ടാത്ത ചോദ്യം, മനയ്ക്കലെ കാര്യസ്ഥൻ എന്നീ കഥകൾ) സാപത്ന്യത്തിന്റെ ദുരിതമനുഭവിക്കേണ്ടിവരുന്ന സ്ത്രീകളുടെ ദുഃഖങ്ങൾ എന്നിവയാണ്

ഈ കഥകളിലെ മുഖ്യവിഷയം. ഈ കഥാസമാഹാരത്തിന് വന്നേരി കെ. സാവിത്രി അന്തർജനം എന്ന മാറ്റപ്പേരുവെച്ച് (തൂലികാനാമം) എം.ആർ. ഭട്ടതിരിപ്പാടും എം.പി. ഭട്ട തിരിപ്പാടും ചേർന്നെഴുതിയ അവതാരിക ശ്രദ്ധേയമാണ്. വായിച്ചുരസിക്കാൻ മാത്രമു ള്ളതല്ല, ഉൾക്കൊണ്ട് ഉയരാൻ കൂടിയുള്ളതാണ് സാഹിത്യമെന്ന് ഇവർ ചൂണ്ടിക്കാണി ച്ചു. രജനീരംഗത്തിന്റെ മുഖവുരയിൽ തന്റെ കഥകളെകുറിച്ച് വി.ടി. ഇപ്രകാരം വ്യക്ത മാക്കിയിട്ടുണ്ട്.

'സാഹിത്യഭംഗികൊണ്ടോ, കഥാഘടനയിലുള്ള വൈചിത്ര്യം കൊണ്ടോ പുസ്ത കരൂപേണ പ്രസിദ്ധപ്പെടുത്തത്തക്ക യോഗ്യത ഈ കഥകൾക്കുണ്ടെന്ന് ഇപ്പോഴും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ നമ്പൂതിരിമാർ വിഡ്ഢിവേഷം കെട്ടി അന്യന്മാരുടെ മുൻപിൽ സൂരിനമ്പൂതിരി കളിക്കുന്ന സമ്പ്രദായം സാഹിത്യലോകത്തിൽ സർവസാധാരണമായി ട്ടുണ്ടെങ്കിലും, മറക്കുടയ്ക്കുള്ളിൽ മറഞ്ഞു നില്ക്കുന്ന അന്തർജനങ്ങളെ രംഗപ്രവേശം ചെയ്യിച്ചതായി കണ്ടിട്ടില്ലാത്തതിനാൽ ആ പുതുമയാണ് ഈ പ്രസിദ്ധീകരണത്തിന് കാര ണമായിട്ടുള്ളത്. ഗ്രന്ഥകർത്താവെന്ന നിലയിൽ പേരെടുക്കുവാനല്ല ഇതുകൊണ്ട് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. നമ്പൂതിരി സമുദായത്തിലെ അനാശാസ്യമായ വിവാഹ സമ്പ്രദായത്തെ പരിഷ്കരിക്കാൻ ഇത്തരം പ്രസിദ്ധീകരണങ്ങൾ ഉപകരിക്കുമെന്നാണെന്റെ വിശ്വാസം. അതിനെ സഹായിക്കുന്ന ഒരു ചലനം നമ്പൂതിരി സമുദായത്തിൽ ഉണ്ടാകുന്നപക്ഷം ഞാൻ കൃതാർത്ഥനായി"[11].

സൗന്ദര്യപക്ഷത്തിൽ സ്വയം വിമർശകനാണെങ്കിലും, സാഹിത്യത്തിന്റെ സാമൂ ഹ്യപ്രയോജനം, സമുദായനന്മ എന്നിവയിൽ ഉറച്ചു വിശ്വസിയ്ക്കുന്ന ഒരു നിരൂപകനെ കൂടി മേൽ പ്രസ്താവനയിൽ നാം കാണുന്നു. ആശയ പ്രചരണത്തിനുള്ള പ്രാമുഖ്യം, വ്യംഗ്യ പരാമർശങ്ങളേക്കാൾ വാച്യപരാമർശങ്ങൾക്കു ലഭിച്ച സ്ഥാനം, വൃഥാസ്ഥൂല മായ വിവരണങ്ങൾ എന്നിവ നമ്പൂതിരി കഥകളുടെ ദോഷങ്ങളായി ചൂണ്ടിക്കാണിക്കു

ന്നവർക്കുള്ള മറുപടി കൂടിയാണ് വി.ടിയുടെ മുഖവുര.

**2.4.1.** ഈ ചെറുകഥകൾക്ക് മലയാള കഥാസാഹിത്യത്തിലുള്ള സ്ഥാനം താഴെ പറയുംപ്രകാരം സംഗ്രഹിയ്ക്കാം.

(1) ഭാഷാശൈലിയെ ലളിതവും പ്രസന്നമധുരവും ജനകീയവുമാക്കി മാറ്റി. നമ്പൂതിരി സമുദായത്തിലെ ആചാരഭാഷയിലെ സാങ്കേതിക പദങ്ങൾ ഒഴിച്ചു നിർത്തിയാൽ, ചെറുകഥയുടെ സൂക്ഷ്മ ഭാവത്തിനിണങ്ങുന്ന ഭാഷാഗദ്യം വളർത്തികൊണ്ടുവന്നു.

(2) ലളിതോപന്യാസങ്ങൾ, നർമ്മലേഖനങ്ങൾ എന്നീ നിലകളിൽ വായിച്ചുതള്ളിയിരുന്ന ചെറുകഥയെ ഗൗരവമുള്ള ഒരു സാഹിത്യരൂപമാക്കിമാറ്റി. കല്പിത കഥകളുടെ സ്വപ്നിലമായ അന്തരീക്ഷത്തിൽനിന്നും ജീവിതയാഥാർത്ഥ്യത്തിന്റെ പരിതോവസ്ഥകളിലേക്ക് രചനാസമ്പ്രദായത്തെമാറ്റി.

സാമൂഹ്യ പരിഷ്കരണത്തിനായി യത്നിച്ച മറ്റുപ്രസ്ഥാനങ്ങൾ ഒന്നുംതന്നെ കഥ എന്ന സാഹിത്യരൂപത്തെ ഇത്രസമർത്ഥമായി ഉപയോഗിച്ചതായി കാണുന്നില്ല. വ്യക്തിമഹത്വം, കൂട്ടുകുടുംബത്തിലെ പ്രശ്നങ്ങൾ, ആളോഹരി ഭാഗം മുതലായ ആശയങ്ങൾ അവിടവിടെയായി പ്രത്യക്ഷപ്പെടുന്നുണ്ടെന്നു മാത്രം. അതിനാൽ ഒറ്റപ്പെട്ട അത്തരം കഥകളെ വിശകലനം ചെയ്യാൻ ഇവിടെ മുതിരുന്നില്ല. മേൽസൂചിപ്പിച്ച നമ്പൂതിരികഥകൾ മലയാള ഗദ്യസാഹിത്യത്തിൽ ഏറ്റവും ശ്രേഷ്ഠവും അർത്ഥപൂർണ്ണവുമായ ഒരു കാലഘട്ടത്തിന് തുടക്കം കുറിച്ചു. കേരളീയ നവോത്ഥാനത്തിന്റെ ആദ്യആശയങ്ങൾ പിറവി കൊള്ളുന്നതിൽ ഈ കഥകൾക്ക് നിർണ്ണായക സ്ഥാനമുണ്ട്.

**2.5. മലയാള സാഹിത്യം. നവോത്ഥാനത്തിന്റെ സ്രഷ്ടാവും സൃഷ്ടിയും**

മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ച രാജാറാം മോഹൻറായ്, സർ സൈദ് അഹമ്മദ്ഖാൻ, രബീന്ദ്രനാഥ ടാഗോർ, സ്വാമി വിവേകാനന്ദൻ എന്നിവരുടെ നവോത്ഥാന ചിന്തകളും, ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം മഹാത്മാഗാന്ധി ഏറ്റെടുത്തതിനുശേഷ

മുള്ള വർദ്ധിതമായ ജനപങ്കാളിത്തസ്വഭാവവും കേരളത്തിന്റെ സാമൂഹ്യ ജീവിതത്തെയും ശക്തിയായി സ്വാധീനിച്ചു. പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ ശാസ്ത്രീയ ഗവേഷണ നിരീക്ഷിണ പ്രവർത്തനങ്ങളുടെ അനുഭവസത്യങ്ങൾ കേരളീയ ജീവിത ത്തിലേക്ക് കടന്നുവരാൻ തുടങ്ങി. ചിന്തിച്ച്പ്രവർത്തനസജ്ജമാകുന്ന ഒരു ജനതക്ക് അനു സൃതമായി അവരുടെചിന്തയുടെ വാക്രൂപമായ ഗദ്യവും വികാസം പ്രാപിച്ചു. പല ഘട കങ്ങൾ ഇതിനു പശ്ചാത്തലമായുണ്ടെങ്കിലും മുഖ്യമായും മൂന്നു വ്യക്തികളെ കുറിച്ചും അവർ വളർത്തിയെടുത്തപ്രവണതകളെ കുറിച്ചും പരാമർശിക്കേണ്ടതുണ്ട്. അവരുടെ വ്യക്തിത്വത്തിന് രൂപം നല്കിയ സാമൂഹ്യ രാഷ്ട്രീയ സ്ഥിതിയും സംക്ഷിപ്തമായി മന സ്സിലാക്കണം.

**2.5.1.** നോവൽ, ചെറുകഥ എന്നീ സാഹിത്യ രൂപങ്ങളുടെ ഗതിവേഗം വർദ്ധിപ്പിയ്ക്കുക യും, മാനവസമുദായത്തിന്റെ വളർച്ചക്കുതകുമാറ് അതിന്റെ രൂപഭാവങ്ങൾ മാറ്റി എടു ക്കുകയും ചെയ്തതിൽ കേസരി ബാലകൃഷ്ണപിള്ള (1880–1960) സ്വദേശാഭിമാനി രാമ കൃഷ്ണപിള്ള (1878–1916) എം.പി. പോൾ (1904–1952) എന്നിവരുടെ പങ്ക് നിസ്തുല മാണ്.

ചരിത്രത്തിലുള്ള തികഞ്ഞ അവബോധം, പാശ്ചാത്യ ഭാഷയിലും സാഹിത്യരൂപ ങ്ങളിലുമുള്ള അറിവ്, അവ വിവർത്തനം ചെയ്ത് സ്വന്തം ഭാഷയിലെ വായനക്കാർക്ക് പരിചയപ്പെടുത്തി കൊടുക്കാനുള്ള വ്യഗ്രത, പൗരസ്ത്യ നിരൂപണ സമ്പ്രദായം മനസ്സി ലാക്കികൊണ്ടുതന്നെ, പാശ്ചാത്യ നിരൂപണ രീതിയോടുണ്ടായിരുന്ന ആദരവ് എന്നിവ കേസരി ബാലകൃഷ്ണപിള്ളയുടെ ചിന്താരീതിയുടെ സവിശേഷതകൾ ആയിരുന്നു. വാസ്തുവിദ്യ, ജ്യോതിഷം, കല്പഗണിതം എന്നീ വിജ്ഞാനശാഖകളിലും, പ്രാചീന മാനവചരിത്രത്തിലും അദ്ദേഹം നിഷ്ണാതനായിരുന്നു. 'ചരിത്രത്തിന്റെ അടിവേരുകൾ', 'ചരിത്രപഠനങ്ങൾ' എന്നീ കൃതികളിൽ ചരിത്രരചനയിൽ മനുഷ്യനെ പങ്കാളിയാക്കേ

ണ്ടുന്ന വിധം അദ്ദേഹം വിശദീകരിച്ചു. സാഹിത്യവിമർശനത്തിൽ എ.ആർ. രാജരാജ വർമ്മയുടെ ശൈലിയാണ് ആദ്യഘട്ടത്തിൽ കേസരി പിന്തുടർന്നത്. തുടർന്ന്, സംസ്കൃതമടക്കമുള്ള ഭാരതീയ സാഹിത്യ വിമർശന പദ്ധതിയിൽ മാത്രം ഒതുങ്ങി നിൽക്കാതെ പാശ്ചാത്യ വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ അദ്ദേഹം അറിവുനേടി. ഡാർവിന്റെ പരിണാമവാദം, ഫ്രോയിഡിന്റെ മന:ശാസ്ത്ര ചിന്തകൾ, കാറൽ മാർക്സിന്റെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്നീ ആശയങ്ങൾ മുഖ്യമായും കേസരിയെ സ്വാധീനിച്ചു. പാശ്ചാത്യർക്ക് മേല്പറഞ്ഞ ചിന്തകന്മാർ സമ്മാനിച്ച 'നവലോകം' എന്ന ആശയം മലയാളത്തിന്റെ മണ്ണിൽ യാഥാർത്ഥ്യമാകണമെന്ന് കേസരി ആഗ്രഹിച്ചു.

നവലോകം, രൂപമഞ്ജരി, നോവൽ പ്രസ്ഥാനങ്ങൾ, സാഹിത്യ ഗവേഷണമാല, സാഹിത്യവിമർശനങ്ങൾ, സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ, കുറേ കൂടി സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ എന്നീ കൃതികളിലൂടെ, പാശ്ചാത്യ സാഹിത്യ ലോകത്തുനിന്ന് തനിയ്ക്കു ലഭിച്ച അളവുകോൽവെച്ച് മലയാള നിരൂപണത്തിന്റെ പുതിയ അളവുകോലുകൾ അദ്ദേഹം സൃഷ്ടിച്ചു. സർഗ്ഗാത്മക സാഹിത്യത്തിന് ദിശാബോധം നല്കുന്നതിന്റെ ഭാഗമായി പ്രാതിനിധ്യ സ്വഭാവമുൾക്കൊള്ളുന്ന നിരവധി പാശ്ചാത്യകൃതികൾ അദ്ദേഹം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു. മോപ്പസാങ്ങിന്റെ ഏതാനും ചെറുകഥകളും, കാമുകൻ, ഒരു സ്ത്രീയുടെ ജീവിതം എന്നീ കൃതികളും ഇബ്സന്റെ 'പ്രേതങ്ങൾ' ബൽസാക്കിന്റെ 'സാന്നില്യ' ലുയിപിരാൻഡലോവിന്റെ 'ഓമനകൾ' എന്നീ നാടകങ്ങളും അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. പ്രസിദ്ധരും അല്പപ്രസിദ്ധരുമായ മലയാള സാഹിത്യകാരന്മാരുടെ കൃതികൾക്ക് അദ്ദേഹം എഴുതിയ അവതാരികകൾ സാമ്പ്രദായിക ക്രമത്തിലുള്ള അവതാരികകളുടെ പട്ടികയിൽ പെടുന്നവയല്ല. ബോധേശ്വരന്റെ 'സ്വതന്ത്രകേരളം' കെടാമംഗലം പപ്പുകുട്ടിയുടെ 'കടത്തുവഞ്ചി', ഇടപ്പള്ളി രാഘവൻ പിള്ളയുടെ 'മണിനാദം', ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'സ്പന്ദിക്കുന്ന

അസ്ഥിമാടം', ജി. ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്നീ കൃതികൾക്ക് കേസരി എഴുതിയ അവതാരികകൾ സാഹിത്യവിദ്യാർത്ഥിയുടെ പഠനത്തിന് വിഷയീഭവിച്ചിട്ടുണ്ട്. ഗ്രന്ഥ നിരൂപകൻ എന്ന നിലയ്ക്ക് അദ്ദേഹം നടത്തിയ അവലോകനങ്ങൾ, ഒരു കൃതിയെ വില യിരുത്തുമ്പോൾ നിരൂപകന്റെ ധർമ്മങ്ങൾ എന്തെല്ലാമായിരിക്കണമെന്നതിന് നിദർശന മാണ്. പത്രപ്രവർത്തനരംഗത്തും കേസരി ശ്രദ്ധപതിപ്പിച്ചു. 1922 മുതൽ 1926 വരെ സമ ദർശിയുടേയും, 1930 ൽ പ്രബോധകന്റേയും 1930 സെപ്തംബർ മുതൽ 1935 വരെ കേസരി ദിനപത്രത്തിന്റെയും പത്രാധിപത്യം വഹിച്ച ബാലകൃഷ്ണപിള്ള, വർത്തമാനപത്ര ങ്ങൾക്ക് നിർവഹിക്കാനുള്ള കാലികമായ ധർമ്മങ്ങളിൽ ബോധവാനായിരുന്നു. ദ്രുതഗ തിയിൽ മാറികൊണ്ടിരിക്കുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ നാം തയ്യാറാകണമെന്ന് അദ്ദേഹം മലയാളികളെ ഓർമ്മിപ്പിച്ചു.

എഴുത്തുകാരൻ, പ്രസാധകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ സ്വദേശാഭി മാനി കെ. രാമകൃഷ്ണപിള്ള ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സേവനം പഠ നാർഹമാണ്. ലോകോപകാരികൾ എന്ന ഗ്രന്ഥമാലയിൽ സോക്രട്ടീസ് (1903 ൽ) മോഹൻദാസ് ഗാന്ധി (1913 ൽ) കാറൽമാർക്സ് (ഇന്ത്യൻ ഭാഷകളിൽവെച്ച് ആദ്യമായി എഴുതിയ മാർക്സിന്റെ ജീവചരിത്രമാണ് 1912 ൽ ഒന്നാം പതിപ്പായി പുറത്തുവന്ന ഈ കൃതി) ബെഞ്ചമിൻ ഫ്രാങ്ക്ലിൻ, ക്രിസ്റ്റഫർ കൊളംബസ് എന്നിവരുടെ ജീവചരിത്രങ്ങൾ മലയാള വായനക്കാരന് പരിചയപ്പെടുത്തിയത് സ്വദേശാഭിമാനിയാണ്. പ്രൈമറി സെക്കൻഡറി വിദ്യാർത്ഥികൾക്കുവേണ്ടി അദ്ദേഹം തയ്യാറാക്കിയ പാഠപുസ്തകങ്ങൾ (അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം, സാധനാപാഠങ്ങൾ, 600 ഭൂവിവരണ ചോദ്യങ്ങൾ, ബാലബോധിനി, കൃഷിശാസ്ത്രം എന്നിവ) വിദ്യാഭ്യാസാന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തി. വാമനൻ, മന്നന്റെ കന്നത്തം, നരകത്തിൽ നിന്ന് എന്നിവ നോവൽ, കഥ എന്നീ വിഭാഗങ്ങളിൽ പെടുന്നവയാണ്. സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങ

ൾ നിശിതവും കർക്കശവുമായ ഭാഷാശൈലി കൊണ്ട് ശ്രദ്ധേയമാണ്. വക്കം അബ്ദുൾഖാദർ മൗലവി മാനേജിങ്ങ് എഡിറ്ററായി പ്രസിദ്ധീകരിച്ചിരുന്ന സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപരായി 1906 ജനുവരി 17ന് കെ. രാമകൃഷ്ണപ്പിള്ള ചുമതലയേറ്റു. നാടുവാഴിത്തത്തിനും ഉദ്യോഗസ്ഥൻമാരുടെ അനീതികൾക്കുമെതിരെ, പത്രപ്രവർത്തനത്തിലൂടെ ശബ്ദിച്ച രാമകൃഷ്ണപിള്ള മാറികൊണ്ടിരിക്കുന്ന കേരളീയ സമൂഹത്തിന്റെ ചലനനിയമങ്ങൾ മനസ്സിലാക്കിയ വ്യക്തിയായിരുന്നു.

മലയാള സാഹിത്യത്തിന്റെ–വിശിഷ്യാ ഗദ്യസാഹിത്യത്തിന്റെ–ദിശ നിർണ്ണയിക്കുന്നതിൽ എം.പി. പോൾ നിർണായകമായ സംഭാവനകൾ നല്കി. ഗദ്യത്തെ പദ്യത്തിൽ നിന്നും വേർതിരിക്കുന്ന ചിന്താപരവും ശൈലീപരവുമായ പ്രാതിസ്വികധർമ്മങ്ങൾ അദ്ദേഹം മനസ്സിലാക്കി. ഗദ്യത്തിന്റെ രൂപഭേദങ്ങളെകുറിച്ചുള്ള വ്യക്തമായ ബോധത്തോടെ, ശാസ്ത്രീയവും കലാപരവുമായ മാനദണ്ഡങ്ങളുപയോഗിച്ച്, വിവിധഗദ്യരചനകളെ വിലയിരുത്തിയ സാഹിത്യ വിമർശകനാണ് എം.പി. പോൾ. തന്റെ കാലത്ത് മലയാള സാഹിത്യം നേരിട്ട സംസ്കാരസംഘട്ടനത്തിൽ ബാഹ്യശക്തിയായ ഇംഗ്ലീഷിന് എന്തു സ്ഥാനം കൊടുക്കണമെന്നും ആത്മശക്തിയായ സംസ്കൃതത്തിന് എന്തു സ്ഥാനമാകണമെന്നും പണ്ഡിതോചിതമായി ചിന്തിച്ച് ഒരു സമന്വയത്തിലെത്തിയ ഇവിടുത്തെ മഹാന്മാരായ സാഹിത്യ വിമർശകരുടെ കൂട്ടത്തിലാണ് പോളിന്റെ സ്ഥാനം.[12] പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വക്താവ് എന്ന നിലയ്ക്കും, ഗദ്യസാഹിത്യത്തിന്റെ പ്രചാരകൻ എന്ന നിലയ്ക്കും പോളിന്റെ വിചാരജീവിതത്തിന് ചരിത്രത്തോടൊപ്പം സഞ്ചരിക്കാൻ കഴിഞ്ഞു. അന്നു വളർന്നു കൊണ്ടിരുന്ന സാഹിത്യരൂപങ്ങളായ നോവലിനും ചെറുകഥയ്ക്കും ലക്ഷണശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിയ്ക്കാൻ പോൾ ശ്രദ്ധവെച്ചു. പോളിന്റെ ഗ്രന്ഥങ്ങൾ പുറത്തുവരുന്നതിനു മുൻപുതന്നെ നെടിയം വീട്ടിൽ ബാലകൃഷ്ണമേനോനും, സി. ഈശ്വരവാരിയരും ഈ സാഹിത്യരൂപങ്ങളുടെ ലക്ഷണത്തെക്കു

റിച്ച് ചില കാര്യങ്ങൾ പറഞ്ഞു വെച്ചിരുന്നു. മലയാളത്തിലെ ലക്ഷണമൊത്ത ചില ചെറുകഥകൾ ഇതിനു മുൻപുതന്നെ പുറത്തുവരികയും ചെയ്തിരുന്നു. എങ്കിലും നോവലിന്റേയും ചെറുകഥയുടേയും, ലക്ഷണങ്ങൾ, ഇതിവൃത്തം, ആഖ്യാനരീതി, പാത്രചിത്രീകരണം, വീക്ഷണകോൺ എന്നിവയെ മുൻനിർത്തി അദ്ദേഹം നടത്തിയ ഉപദർശനങ്ങൾ തികച്ചും ശ്രദ്ധേയമായിരുന്നു. 1930 ലാണ് നോവൽസാഹിത്യം എന്ന കൃതി പുറത്തുവരുന്നത്. എ വലിൻ മേ ആൾ ബ്രൈറ്റിന്റെ 'ചെറുകഥ അതിന്റെ തത്വങ്ങളും ഘടനയും' (The short story-it's principles and structure) എന്ന ഗ്രന്ഥത്തെ മുഖ്യാവലംബമാക്കി 1932ൽ പ്രസിദ്ധീകരിച്ച ഖണ്ഡകഥാപ്രസ്ഥാനം (രണ്ടാം പതിപ്പ് ചെറുകഥാപ്രസ്ഥാനം) എന്ന പുസ്തകം പിന്നീടങ്ങോട്ടുള്ള എഴുത്തുകാർക്ക് രചനാഭ്യാസങ്ങൾ നടത്താൻ മാർഗ്ഗദർശനം നൽകി.

മേല്പറഞ്ഞ മൂന്നു സാഹിത്യ വിമർശകന്മാരും ചെറുകഥാ സാഹിത്യത്തിൽ ബോധപൂർവമായും നിരന്തരമായും നടത്തിയ ഇടപെടലുകൾ മലയാള ചെറുകഥയുടെ ഗുണപരമായ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചു.

**2.5.2.** രാഷ്ട്രീയ സാമൂഹ്യരംഗത്തുണ്ടാകുന്ന ചലനങ്ങൾ ആണ് സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളെ ഗണ്യമായി സ്വാധീനിയ്ക്കുക. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഭാരതത്തിലാകെ അലയടിച്ചുയർന്ന ദേശീയ പ്രസ്ഥാനത്തിന്റെ ചലനങ്ങൾ കേരളത്തിലും ഉണ്ടായി. ബ്രിട്ടീഷ് മലബാറിൽ സാമ്രാജ്യത്വ വാഴ്ചക്കെതിരായുള്ള അതിശക്തമായ സമരങ്ങൾ ജനപങ്കാളിത്തത്തോടെ ആരംഭിച്ചു. 1885 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകൃതമായതു മുതൽ അതിന്റെ നേതൃത്വത്തിൽ മലബാറിൽ നിന്നുള്ള രാഷ്ട്രീയ നേതാക്കന്മാർ ഉണ്ടായിരുന്നു. 1897 ലെ അമരാവതി കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് സർ. സി. ശങ്കരൻനായർ ആയിരുന്നു. കെ.പി. കേശവമേനോൻ, കെ. മാധവൻനായർ മുതലായ നേതാക്കന്മാർ മലബാറിൽ കോൺഗ്രസ്സ് പ്രസ്ഥാനം കെട്ടിപ

ടുക്കുന്നതിനായി യത്നിച്ചു. ഹോംറൂൾ പ്രസ്ഥാനം (1920) നിസ്സഹകരണ പ്രസ്ഥാനം (1921) ഖിലാഫത്ത് പ്രസ്ഥാനം (1921) രാഷ്ട്രീയപത്രപ്രവർത്തനത്തിന്റെ തുടക്കം (1923) ഉപ്പുസത്യാഗ്രഹം (1930) നിയമലംഘന പ്രസ്ഥാനം (1932) എന്നിവ മലബാറിന് സമര തീക്ഷ്ണമായ ദിനങ്ങളെ സമ്മാനിച്ചു. മലബാറുമായി താരതമ്യം ചെയ്യുമ്പോൾ തിരുവി താംകൂറിലും കൊച്ചിയിലും ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച മന്ദഗതിയിലായിരുന്നു. പൊതുരാഷ്ട്രീയപ്രശ്നങ്ങളേക്കാൾ ജാതി, തൊഴിൽ, ആരാധനാ സ്വാതന്ത്ര്യം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് നിരവധി സമരങ്ങൾ തെക്കൻ കേരളത്തിലുയർന്നുവന്നു. മലയാളി മെമ്മോറിയൽ (1891) ഈഴവ മെമ്മോറിയൽ (1896) നിവർത്തന പ്രക്ഷോഭം (1932) മുതലായവ ഈ വിഭാഗത്തിൽപ്പെട്ട രാഷ്ട്രീയ സമരങ്ങൾ ആണ്.

**2.5.3.** വൈജ്ഞാനിക രംഗത്തും കലാസാഹിത്യരംഗത്തും പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ തന്നെ ഗുണപരമായ മാറ്റങ്ങൾ ആരംഭിച്ചു. 1829 ൽ ആരംഭിച്ച തിരുവനന്തപുരം പബ്ലിക് ലൈബ്രറിയാണ് ഈ മാറ്റങ്ങളിൽ ഒന്നാമത്. 'ഇംഗ്ലീഷു പഠിപ്പാൻ മനസ്സുള്ളവർക്ക്' സൗജന്യമായി ഇംഗ്ലീഷ് പഠിക്കാൻ 1832 ൽ ഒരു ഇംഗ്ലീഷ് സ്കൂളും ആരംഭിച്ചു. സ്വാതിതിരുനാളിന്റെ കല്പനപ്രകാരം ആരംഭിച്ച ഈ രണ്ടു സംരംഭങ്ങളും അറിവിന്റെ വ്യാപനത്തിന് തുടക്കം കുറിച്ചു. 1889 ൽ പുറത്തുവന്ന ഇന്ദുലേഖ എന്ന നോവൽ കേരളീയ സാമൂഹ്യ ജീവിതത്തിലെ ജീർണ്ണതകളെ ചൂണ്ടി കാണിക്കുകയും വൈയക്തിക പ്രേമത്തിന്റേതായ ഒരു പുതിയ മൂല്യബോധത്തിന് തുടക്കം കുറിക്കുകയും ചെയ്തു. നവോത്ഥാന പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്ര സ്രോതസ്സായി വർത്തിച്ചത് സാമൂഹ്യ പരിഷ്കരണ ചിന്താഗതികളായിരുന്നു.

ദേശീയ പ്രസ്ഥാനം ശക്തിപ്പെടാൻ ആരംഭിച്ചതും ആധുനിക വിദ്യാഭ്യാസം അപൂർവം ചിലർക്കെങ്കിലും നേടാൻ കഴിഞ്ഞതും സാമൂഹ്യ മാറ്റങ്ങളെകുറിച്ച് ചിന്തി ക്കാനുള്ള അവസരമൊരുക്കി. ഗാന്ധിയൻ ആശയങ്ങളുടെ വ്യാപനം ജനങ്ങളുടെ ചിന്താ

രീതിയേയും ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ വ്യാപനം കർമ്മമണ്ഡലത്തേയും സ്വാധീനിച്ചു.

കലാസാഹിത്യരംഗത്ത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ നിരവധി മാറ്റങ്ങൾക്ക് സാക്ഷിയായി. കാല്പനിക പ്രസ്ഥാനം കാവ്യനിർമ്മിതിയിലും ആസ്വാദനത്തിലും പ്രധാന ഘടകമായി. നിയോക്ലാസിക് കാവ്യനിർമ്മിതിയോട് ആഭിമുഖ്യം കുറയുകയും; ഗദ്യവികാസത്തിനനുകൂലമായ ഒരു കാവ്യാന്തരീക്ഷം സംജാതമാകുകയും ചെയ്തു. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആവിർഭാവവും വളർച്ചയും സാഹിത്യത്തെ ജനങ്ങളോട് കൂടുതൽ അടുപ്പിച്ചു.

ഭാഷാസാഹിത്യരംഗങ്ങളിലുണ്ടായ ഈ ചലനങ്ങൾ കേവലമല്ല ആപേക്ഷികമായിരുന്നു. ഈ ചലനങ്ങൾ ആണ് നേരത്തെ സൂചിപ്പിച്ച മൂന്നു വിമർശക പ്രതിഭകൾക്ക് വളർന്നുവരാനുള്ള സാഹചര്യം ഉണ്ടാക്കിയത്. പഥപ്രദർശകനായ കേസരി ബാലകൃഷ്ണപിള്ളയുടെ സൈദ്ധാന്തിക നിലപാടുകളും, സമരോത്സുകനായ സ്വദേശാഭിമാനിയുടെ ഇച്ഛാശക്തിയും, പാശ്ചാത്യ പൗരസ്ത്യ ഗദ്യശൈലിയെ തിരിച്ചറിഞ്ഞ് പരിചയപ്പെടുത്തി തന്ന എം.പി. പോളിന്റെ ചിട്ടയായ മാർഗ്ഗദർശിത്വവും ദേശീയ പ്രസ്ഥാനം വളർത്തികൊണ്ടുവന്ന രാഷ്ട്രീയാന്തരീക്ഷവും മലയാള ഗദ്യത്തിലേയും വിശിഷ്യാ ചെറുകഥാ എന്ന സാഹിത്യരൂപത്തിലേയും നവോത്ഥാനകാലഘട്ടത്തിന്റെ പിറവിയ്ക്ക് വഴിയൊരുക്കി.

### 2.6. നവോത്ഥാനകാല ചെറുകഥ – സങ്കല്പത്തിന്റെ പ്രസക്തി

1930കൾ മുതൽ 1960കൾ വരെയുള്ള കാലയളവിനെയാണ് ചെറുകഥാ സാഹിത്യത്തെ മുൻനിർത്തി നവോത്ഥാന കാലഘട്ടമായി ഈ പ്രബന്ധം പരിഗണിക്കുന്നത്. മലയാള ചെറുകഥയെകുറിച്ച് നടന്ന പഠനങ്ങളിലെല്ലാം ഈ കാലഘട്ടത്തെ ഇപ്രകാരമാണ് പരിഗണിച്ചിട്ടുള്ളതും. എന്നാൽ മറ്റു പ്രബന്ധങ്ങളിൽ പ്രയോഗിക്കുന്നതിനേക്കാൾ വിശാലമായ അർത്ഥത്തിലാണ് 'നവോത്ഥാനം' എന്ന സംപ്രത്യയം ഈ പ്രബന്ധത്തിൽ

ഉപയോഗിക്കുന്നത്. കേരളീയ നവോത്ഥാനത്തിന്റെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക പശ്ചാത്തലം വിശദീകരിച്ച് പാശ്ചാത്യനവോത്ഥാന കാലവുമായി അതിനെ താരതമ്യം ചെയ്ത് പഠിച്ചാൽ മാത്രമെ കേരളീയ നവോത്ഥാനത്തെക്കുറിച്ചുള്ള പഠനത്തിന് പൂർണ്ണത കൈവരിക്കാൻ കഴിയൂ. കേരളീയ നവോത്ഥാനം സൃഷ്ടിച്ച മൂല്യബോധങ്ങളെ പൊതുവായി പരാമർശിച്ച് മാനവികത എന്ന മൂല്യത്തിന് ലഭിച്ച വ്യാപകമായ പ്രചാരം വിശദീകരിക്കേണ്ടതുണ്ട്. കഥാസാഹിത്യത്തിൽ ഈ മൂല്യത്തിന് കിട്ടിയ പ്രഥമസ്ഥാനം എന്തുകൊണ്ടായിരുന്നു എന്നും കണ്ടെത്തണം.

ഒരു സാഹിത്യജനുസ്സായി രൂപപ്പെട്ടതിനുശേഷം ഏതൊരു പ്രദേശത്തേയും സജീവമായ സാഹിത്യരൂപം ചെറുകഥയാണ്. ദാർശനികപ്രശ്നങ്ങളും സൗന്ദര്യസങ്കല്പങ്ങളും സാമൂഹികവിമർശനങ്ങളും ആദ്യം പ്രത്യക്ഷപ്പെടുന്നത് ചെറുകഥയിലാണ്. കേരളീയ സമൂഹത്തിന്റെ പരിവർത്തന ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സന്ദർഭത്തിൽ കഥയുടെ നിലപാടുകൾ എന്തെല്ലാമായിരുന്നു എന്ന് ആ കാലത്തിന്റെ ഉള്ളടക്കത്തെ മുൻനിർത്തിയേ പരിശോധിക്കാൻ കഴിയൂ.

മലയാള സാഹിത്യം കേരളീയ നവോത്ഥാനത്തിന്റെ സ്രഷ്ടാവും ഒപ്പം സൃഷ്ടിയുമാണ്. കേരളീയ ജീവിതത്തിൽ സമൂലമായ മാറ്റത്തിന് മലയാള ചെറുകഥ നിമിത്തവും സാക്ഷിയുമായതിന്റെ ചരിത്രമാണ് നവോത്ഥാന കാലഘട്ടത്തിലെ മലയാള ചെറുകഥയുടെ ചരിത്രം.

ഏതൊരു സാഹിത്യകൃതിയിലും ആ കൃതി രചിച്ച കാലഘട്ടത്തിലെ മൂല്യചിന്തയുടേയും ധർമ്മചിന്തയുടേയും സ്വാധീനം കാണാം. നിലവിലുള്ള മൂല്യങ്ങളെ നിലനിർത്താനോ, അവയെ പഴയ മൂല്യവ്യവസ്ഥയുമായി താരതമ്യം ചെയ്ത് പഴമയിലേക്ക് തിരിച്ചുപോകാനോ, നിലവിലുള്ളതിനെ പരിഷ്കരിക്കാനോ, സമൂലം പരിവർത്തിപ്പിക്കാനോ ആണ് ഓരോ എഴുത്തുകാരനും ലക്ഷ്യമിടുക. യാഥാസ്ഥിതികരായ എഴുത്തു

കാർ കാലത്തിന്റെ ഗതിവേഗത്തിന് പുറംതിരിഞ്ഞു നില്ക്കുന്നവരാണ്. നിലവിലുള്ള മൂല്യങ്ങളെ സംരക്ഷിക്കാൻ തത്രപ്പെടുന്നവരാകട്ടെ അതിന്റെ ഏതെങ്കിലും ഒരാനുകൂല്യം ലഭിക്കുന്നവർ ആയിരിക്കും. പുതിയ മൂല്യബോധങ്ങളെ സൃഷ്ടിക്കുന്നത് പുതിയ സാമൂഹ്യവ്യവസ്ഥയാണെന്ന് ഒരു നല്ല കലാകാരൻ തിരിച്ചറിയുന്നു. സമൂഹത്തിലെ സമസ്ത മണ്ഡലങ്ങളെയും വിമർശനബുദ്ധ്യാ സമീപിക്കുന്നവരും മാനവജീവിതത്തിന്റെ പരിതോവസ്ഥകളെ ഗുണപരമായി മാറ്റാൻ പുതിയ മൂല്യങ്ങൾ എത്രത്തോളം സഹായകരമാകുമെന്ന് ചിന്തിക്കുന്നവരുമാണ് മനുഷ്യപക്ഷത്തുനിൽക്കുന്ന കലാകാരന്മാർ.

### 2.7. 'നവോത്ഥാനം' എന്ന സംപ്രത്യയം പൊതുവീക്ഷണത്തിൽ

സാഹിത്യസൃഷ്ടി ശൂന്യതയിൽനിന്ന് പ്രത്യക്ഷപ്പെടുന്ന ഒരു കലാരൂപമല്ല. അതിന്റെ മാധ്യമമായ ഭാഷ, ആ ഘടനയ്ക്കകത്ത് നിയതമായ അർത്ഥമുള്ള പദങ്ങളുടേയും ആശയമുൾക്കൊള്ളുന്ന വാക്യങ്ങളുടേയും സംഘടനയാണ്. അതിനാൽ ഏതൊരു സാഹിത്യകൃതിക്കും ഒരു ആശയതലം തീർച്ചയായും ഉണ്ടായിരിക്കും. സംഗീതം ഒരു ശുദ്ധകല ആകയാൽ വികാരതലത്തിൽ നിന്നും വിചാരതലത്തിലേക്ക് അതു കടന്നു ചെല്ലുന്നില്ല. സാഹിത്യത്തിന്റെ ചില മേഖലകളിലും ഇത്തരം സ്വഭാവം കാണാം. സിംബലിസ്റ്റ് കവികളും ഇമേജിസ്റ്റ് കവികളും ആശയങ്ങളുടെ ഭാരത്തിൽ നിന്നും ചിലപ്പോൾ കവിത പോലുള്ള സാഹിത്യ രൂപങ്ങളെ ഒഴിവാക്കാറുണ്ട്. എന്നാൽ കർമ്മനിരതനായ മനുഷ്യനെ ചിത്രീകരിക്കുന്ന സാഹിത്യ രൂപങ്ങൾ ആശയങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഏതെങ്കിലും പ്രതിസന്ധിയുടെ മുന്നിൽ ചെന്നു നില്ക്കുന്ന മനുഷ്യനെ, അതിനെ അതിജീവിക്കാൻ പ്രാപ്തനാക്കത്തക്കവണ്ണം ആത്മവിശ്വാസം നൽകുക എന്നത് തന്റെ മുഖ്യ ധർമ്മമായി എഴുത്തുകാരൻ കരുതാറുണ്ട്.

ഏതൊരു പ്രദേശത്തും നവോത്ഥാനദശയിൽ ഈ ഗുണപരമായ വശം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടും. "നവോത്ഥാനനാളുകളിൽ പാശ്ചാത്യ പ്രദേശത്ത് സാഹിത്യം

രാഷ്ട്രീയ ജീവിതത്തിന്റെ ഒരു ഘടകമായിതീർന്നു"[13] എന്ന പ്രസ്താവന എല്ലാ പ്രദേശത്തെ സാഹിത്യത്തിനും ബാധകമാണ്.

മനുഷ്യർക്ക് ചിന്തിക്കാനുള്ള അവകാശം നൽകിയ നിർണ്ണായകവും സമ്പന്നവുമായ ഒരു യുഗമായിരുന്നു നവോത്ഥാനം. അക്കാലത്ത് ബുദ്ധിയുടേയും ചിന്തയുടേയും പ്രാമാണ്യം അംഗീകരിക്കപ്പെട്ടു. ചിന്ത ചർച്ച നടത്തുമ്പോൾ തെളിഞ്ഞു കിട്ടുന്നതാണ് വിമർശനം. ചിന്ത പിറകോട്ടു നോക്കുമ്പോൾ കാണുന്നത് ചരിത്രവും. ചിന്ത ദേശപാരമ്പര്യങ്ങളെ മോടിപിടിപ്പിക്കുമ്പോൾ ഇതിഹാസമായി. ചിന്ത മനുഷ്യരെ വികാരം കൊള്ളിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുമ്പോൾ പ്രഭാഷണ കല ജനിക്കുകയായി എന്ന പ്രസ്താവന[14] നവോത്ഥാന കാലഘട്ടത്തിന്റെ പൊതുസ്വഭാവത്തെ പ്രതിനിധാനം ചെയ്യുന്നു. വിചാരത്തിൽ നിന്നാണ് കല പിറവികൊള്ളുന്നത് എന്നും, വിചാരത്തിൽ നിന്നും ജനിയ്ക്കുന്ന ആശയങ്ങളുടെ പ്രകാശനവും പ്രചാരണവുമാണ് കലയുടെ ധർമ്മമെന്നും ഈ പ്രസ്താവന നമ്മെ ഓർമ്മിപ്പിക്കുന്നു. മതവും ആചാരങ്ങളും നിയമവും സാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും, തിരിച്ച് അവയിൽ സാഹിത്യം ചെലുത്തിയിട്ടുള്ള സ്വാധീനവും പരിശോധിക്കുക എന്നുള്ളതാണ് സാഹിത്യവിമർശനം ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യന്റെ ബുദ്ധിപരമായ ശേഷിയെ എഴുത്തുകാരൻ എങ്ങനെയാണ് വികസിപ്പിച്ചത് എന്ന് സാഹിത്യവിമർശനം പരിഗണിക്കണം. ലോകത്തുണ്ടാകുന്ന മികച്ച ചിന്തകളും അറിവുകളും പഠിച്ചുപ്രചരിപ്പിക്കാനുള്ള പക്ഷപാതരഹിതമായ പ്രവർത്തനമാണ് സാഹിത്യവിമർശനമെന്ന്[15] സാഹിത്യചിന്തകൻമാർ കരുതുന്നു.

മനുഷ്യന്റെ അതിശക്തമായ ആയുധങ്ങളിലൊന്ന് ആശയമാണ്. ചരിത്രത്തിന്റെ ചാലകശക്തിയായി വർത്തിക്കുന്നതും ആശയമാണ്. ഉല്പാദനബന്ധങ്ങളും അവയിലുണ്ടാകുന്ന മാറ്റങ്ങളുമാണ് ചരിത്രത്തെ നിർണ്ണയിച്ചുകൊണ്ടിരിക്കുന്നത്. മാർക്സിയൻ ദർശനത്തിന്റെ ഈ കാഴ്ചപ്പാട് സാമൂഹ്യജീവിതത്തിന്റെ മറ്റെല്ലാമണ്ഡലങ്ങളിലുമെന്ന

പോലെ സാഹിത്യത്തേയും സ്വാധീനിച്ചു. ലോകത്തിലെ ഇതര പ്രദേശങ്ങളെപോലെ ഭാരതീയ സാഹിത്യത്തിലും ഈ ചിന്തയുടെ സ്വാധീനം പ്രകടമായി. മലയാളഗദ്യസാഹിത്യത്തിന്റെ വികാസ പരിണാമങ്ങളെ പശ്ചാത്തലമാക്കി ഭാഷാ സാഹിത്യത്തിന്റെ വിചാരമേഖലയിലേക്ക് പ്രവേശിക്കുമ്പോൾ, ആശയവും ചിന്തയും പരസ്പരം സ്വാധീനിച്ചതെങ്ങനെ എന്ന് കണ്ടെത്താൻ കഴിയും. കല കലയ്ക്കു വേണ്ടിയാണെന്ന ചിന്താഗതി ചില സന്ദർഭങ്ങളിൽ സാഹിത്യ ചരിത്രത്തിൽ കാണാമെങ്കിലും കലയിലെ ധർമ്മ പ്രചാരണവാദം എപ്പോഴും അംഗീകരിച്ചവരാണ് ഭാരതീയ വിമർശകർ. പ്രചോദനശക്തിയുള്ള കവിയെ നിരുത്തരവാദിയായി മാറ്റിനിർത്താൻ ഭാരതീയസാഹിത്യവിമർശകൻ തയ്യാറല്ല. കല ധാർമ്മികമായിരിക്കണമെന്ന് വിമർശകൻ നിർദ്ദേശിക്കുമ്പോഴും ധർമ്മത്തെക്കുറിച്ചും മൂല്യത്തെക്കുറിച്ചുമുള്ള കാഴ്ച്ചപാടുകൾ വ്യത്യസ്തമായിരുന്നു.

താൻ ജീവിച്ചുകൊണ്ടിരിക്കുന്ന കാലത്തിനോട് ഒരെഴുത്തുകാരൻ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതാണ് മുഖ്യമായും വിമർശകൻ അന്വേഷിക്കുന്നത്. കേരളീയ നവോത്ഥാനത്തിന്റെ വൈവിദ്ധ്യമാർന്ന ചലനങ്ങളെയും അതുണ്ടാക്കിയ സാമൂഹിക പ്രതികരണങ്ങളെയും മലയാള സാഹിത്യം ഏതു പ്രകാരത്തിലാണ് പ്രതിഫലിപ്പിച്ചത് എന്ന ന്വേഷണം നവോത്ഥാനമെന്ന സംപ്രത്യേയത്തിൽനിന്ന് ആരംഭിക്കേണ്ടതുണ്ട്.

### 2.8. നവോത്ഥാന ബോധവും, മലയാള സാഹിത്യവും

പാശ്ചാത്യാധിനിവേശത്തിനുശേഷം ഇന്ത്യയുൾപ്പെടെയുള്ള കോളനി രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട സാമൂഹ്യ മാറ്റങ്ങളെ നിർവചിക്കുന്നതിലും നാമകരണം ചെയ്യുന്നതിലും പാശ്ചാത്യബോധത്തിന്റെ സ്വാധീനം കാണാം. നവോത്ഥാനം (Renaissance) ജ്ഞാനോദയം (Enlightenment) മതപരിഷ്കരണ വാദം (Reformation) ആധുനീകരണം (Modernisation) എന്നീ പദങ്ങളിലേതാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കേരളത്തിലുണ്ടായ സാമൂഹ്യമാറ്റങ്ങളെ പ്രതിനിധാനം ചെയ്യുന്നത് എന്ന് നിസ്തർക്ക

മായി പറയാൻ കഴിയുകയില്ല. പാശ്ചാത്യ കേന്ദ്രീകൃതമായ (Euro-centric) അക്കാദമിക് അന്തരീക്ഷം, പാശ്ചാത്യനാടുകളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ മാറ്റങ്ങൾക്ക് സമാനമായ മാറ്റങ്ങൾ നമ്മുടെ നാട്ടിലുമുണ്ടായി എന്നു സ്ഥാപിക്കാൻ വ്യഗ്രത കാണിച്ചതുകൊണ്ട്, സാമൂഹിക ശാസ്ത്ര പഠനത്തിൽ പല പോരായ്മകളും സംഭവിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഏതു പദവും പ്രസക്ത സന്ദർഭങ്ങളിൽ അവ്യാപ്തിക്കോ അധിവ്യാപ്തിക്കോ ഇടനല്കും.

കേരളീയ സമൂഹത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലുണ്ടായ മാറ്റങ്ങളെ വിശകലനം ചെയ്യുന്നതിനായി പാശ്ചാത്യ നവോത്ഥാനത്തിന്റെ പൊതുസ്വഭാവം ഇവിടെ സംഗ്രഹിക്കുന്നു.

* പാശ്ചാത്യ നവോത്ഥാനം ആ നാടുകളിലെ നാടുവാഴിത്ത വ്യവസ്ഥക്ക് അന്ത്യം കുറിച്ചു.

* വിജ്ഞാന മണ്ഡലത്തിൽ അറിവിന്റെ വ്യാപനത്വം ഉറപ്പുവരുത്തി.

* മതബോധത്തിൽനിന്ന്, മതനിരപേക്ഷമായ ബോധത്തിലേക്കും രാജാധിപത്യത്തിൽ നിന്നും പ്രജാധിപത്യ സങ്കല്പത്തിലേക്കും ജനങ്ങളെ നയിച്ചു.

* ദേശരാഷ്ട്രങ്ങൾ എന്ന ബോധം ഉയർന്നുവന്നു.

* ശാസ്ത്രബോധവും, യുക്തിചിന്തയും ജനജീവിതത്തിന്റെ ചാലകശക്തിയായി മാറി.

* ഉല്പാദന സമ്പ്രദായത്തെ മാറ്റി; നാടുവാഴിത്ത വ്യവസ്ഥയ്ക്കു പകരം മുതലാളിത്ത ഉല്പാദന വ്യവസ്ഥക്ക് ജന്മം നല്കി.

**2.8.1. നവോത്ഥാനം - കേരളീയപരിസരവും പരിമിതികളും**

എന്നാൽ കേരളത്തിലുണ്ടായ സാമൂഹ്യമാറ്റം ഇതേപ്രകാരത്തിലുള്ള ഒരു നവോ

ത്ഥാന വിപ്ലവമായിരുന്നു എന്നു പറയാൻ കഴിയുകയില്ല.

ഉത്പാദന വ്യവസ്ഥയിൽ നാടുവാഴിത്ത ക്രമമാണ് നിലനിന്നുരുന്നത് എങ്കിലും കേരളത്തിലെ ഭൂബന്ധങ്ങൾ മറ്റു പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായിരുന്നു. ഉത്പാദനക്ഷമമായ ഭൂമിയുടെ വലിയൊരുഭാഗം ദേവസ്വം വക, ബ്രഹ്മസ്വം വക, പണ്ടാരവക, എന്നീ ക്രമത്തിൽ ഹിന്ദു മതത്തിലെ ഉന്നത ശ്രേണിയിൽ പെട്ടവരും, അധികാരസ്ഥാപനങ്ങളും കൈയ്യടക്കി വച്ചു. രാജാക്കന്മാർക്ക് ആവശ്യമുള്ള സന്ദർഭങ്ങളിൽ സൈന്യത്തെ നൽകിവന്ന നാടുവാഴികൾ, ആ അവസരം ഉപയോഗിച്ച് അതത് പ്രദേശങ്ങളിലെ ചെറുകിട ഭൂവുടമകളായി മാറി. ജാതി വ്യവസ്ഥയിലെ ശ്രേണിക്രമം കാർഷിക ഉല്പാദന വ്യവസ്ഥയുമായി കെട്ടുപിണഞ്ഞ് കിടക്കുന്നതായിരുന്നു. ശൂദ്രവിഭാഗത്തിലോ ഗോത്ര വിഭാഗത്തിലോ പെട്ടവർക്ക് ഭൂമിയിലെ ഉടമാവകാശം അചിന്ത്യമായിരുന്നു. ഇത്തരം ഭൂബന്ധങ്ങളിൽ മാറ്റം വരുത്തണമെന്ന ആഗ്രഹം നവോത്ഥാനചിന്തയുടെ ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നില്ല. ഭൂവുടമാ ബന്ധങ്ങളിലും കൃഷി രീതികളിലും മാറ്റം വന്നാൽ മാത്രമേ ജനജീവിതത്തിന്റെ മറ്റു മണ്ഡലങ്ങളിൽ പുരോഗതി ഉണ്ടാവൂ എന്ന് അവർ മനസ്സിലാക്കിയില്ല.

ജാതിക്കെതിരായ സമരങ്ങളേക്കാൾ ജാത്യാനാചാരങ്ങൾക്കെതിരായ സമരമായിരുന്നു ഈ കാലഘട്ടത്തിൽ നടന്നത്. ജാതിയുടെ ഘടനയ്ക്കകത്ത് നിന്നുകൊണ്ട് മാനവപുരോഗതി സാദ്ധ്യമാക്കാമെന്ന് പല സാമൂഹിക നായകന്മാരും കരുതി. ആചാരാനാചാരങ്ങളെ കുറിച്ചുള്ള ധാരണകൾ രൂപം കൊണ്ടിരുന്നത് ആര്യ/സവർണ്ണ ബോധങ്ങളിൽ നിന്നാണ്. കീഴ് ജാതിയിൽപ്പെട്ടവർക്കും സ്ത്രീകൾക്കും മാന്യമായ പരിചരണം നൽകുന്നതിന് ഈ ബോധധാരയ്ക്ക് കഴിഞ്ഞിരുന്നുമില്ല. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രൂപീകൃതമായ സാമൂഹിക സംഘടനകൾ നടത്തിയ നിരന്തരമായ പ്രവർത്തനങ്ങളിലൂടെയാണ് ജാതിക്കെതിരായ സമരം പുതിയ രൂപഭാവങ്ങൾ കൈകൊണ്ടത്. അപ്പോഴും സ്ത്രീകളും ദളിതരുമൊന്നും വേണ്ടത്ര പരിഗണിക്കപ്പെട്ടിരുന്നില്ല.

1903 മെയ് 15ന് രൂപീകൃതമായ ശ്രീനാരായണധർമ്മപരിപാലനയോഗം (എസ്സ്.എൻ.ഡി.പി) ആണ് ഇതിൽ പ്രധാനം. ശ്രീനാരായണഗുരവിന്റെ ദർശനങ്ങൾ 20–ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ കേരളത്തിലുണ്ടായ എല്ലാ സാമൂഹിക പരിഷ്കരണ യത്നങ്ങൾക്കും ഊർജ്ജം നൽകുന്നവയായിരുന്നു. ഹിന്ദു മതത്തിൽ ഏറ്റവും കൂടുതൽ അവശത അനുഭവിച്ചരുന്നവരും അവർണ്ണ ഹിന്ദുക്കളിൽ അംഗസംഖ്യയിൽ കൂടുതലുള്ളവരുമായ ഈഴവരുടെ ആദ്ധ്യാത്മികവുംഭൗതീകവുമായപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി രൂപംകൊണ്ട എസ്.എൻ.ഡി.പി മാനവസമുദായത്തിന്റെയാകെ മാറ്റത്തിനുവേണ്ടി ശബ്ദിച്ചു. 1907ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച സാധുജനപരിപാലന സംഘം അയിത്ത ജാതിക്കാരുടെയും അയിത്ത ജാതിയിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരവർത്തനം ചെയ്തവരുടെയും പുരോഗതിയാണ് ലക്ഷ്യം വച്ചത് 1908ൽ രൂപം കൊണ്ട നമ്പൂതിരി യോഗക്ഷേമസഭ, 1907ൽ രൂപം കൊണ്ട നായർസർവ്വീസ്സൊസൈറ്റി, 1917ൽ കെ. അയ്യപ്പൻ എറണാകുളം ജില്ലയിലെ ചെറായിയിൽ രൂപീകരിച്ച സഹോദര പ്രസ്ഥാനം, മലബാറിൽ വാഗഭടാനന്ദസ്വാമി നേതൃത്വം നൽകിയ ആത്മവിദ്യാസംഘം 1909ൽ പൊയ്കയിൽ യോഹന്നാൻ രൂപീകരിച്ച പുതുക്രിസ്ത്യാനികളുടെ ദൈവസഭ എന്നിവ ആതത് മേഖലകളിലെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം ആരംഭിച്ചു. സെയ്ദ് സനാഉള്ള മക്തിതങ്ങൾ, ഷെയ്ക്ക് മുഹമ്മദ് ഹമദാനിതങ്ങൾ, ചാലിലകത്ത്കുഞ്ഞഹമദ്ഹാജി എന്നിവർ ഇസ്ലാം മതത്തിനകത്തെ അനാചാരങ്ങൾക്കെതിരെ ബോധവത്കരണം നടത്തിയവരാണ്.

ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശങ്ങൾ കേരളീയ സമൂഹം ആദ്യം ശ്രദ്ധിച്ചത് സാമൂഹിക സംഘടനകളിലൂടെയാണ്. നിലനിന്നിരുന്ന രാജവാഴ്ചയെ തള്ളിപ്പറയാൻ തിരുവിതാംകൂറിലെയോ കൊച്ചിയിലേയോജനതതയ്യാറായിരുന്നില്ല. രാജവാഴ്ചയെ മുൻനിർത്തി ബ്രട്ടീഷുകാർ തന്നെയാണ് ഈ നാട്ടുരാജ്യങ്ങളിൽ നീതിനിർവ്വഹണം

നടത്തിയിരുന്നത്. ബ്രട്ടീഷ് ആധിപത്യത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിരുന്നെ ങ്കിലും ഒറ്റപ്പെട്ട പ്രതിക്ഷേധങ്ങൾ മാത്രമാണ് ഉയർന്നു വന്നിരുന്നത്. ഭൂരിഭാഗം ജന ങ്ങളും രാജവാഴ്ച്ചയെ ഭയഭക്തി ബഹുമാനത്തോടെ സ്വീകരിക്കുന്നവരായിരുന്നു. മല ബാറിൽ ബ്രട്ടീഷുകാരുടെ നേരിട്ടുള്ള ഭരണം സാമൂഹികാന്തരീക്ഷത്തെ കൂടുതൽ പ്രക്ഷു ബ്ധമാക്കി. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശങ്ങളെ സമരതീവ്രതയിൽ ഏറ്റുവാങ്ങാൻ മലബാർ പ്രദേശത്തിനു കഴിഞ്ഞു. സാമുദായിക സംഘടനകൾ അതത് സമുദായങ്ങൾക്ക കത്ത് നടത്തിയ ബോധവത്കരണത്തിലൂടെ അനാചാരങ്ങൾ കുറച്ചുകൊണ്ടു വരുന്ന തിനും ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും ഒരു പരിധിവരെ കഴിഞ്ഞു. ദേശീയപ്രസ്ഥാനത്തിന്റെ ഇടപെടലിന്റെ ഫലമായി സങ്കുചിത ബോധങ്ങളിൽ നിന്ന് വിശാലമായ ദേശീയബോധത്തിലേക്കുയരാൻ സമൂഹത്തിലെ കുറ ച്ചുപേർക്കെങ്കിലും കഴിഞ്ഞു. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും സ്ത്രീകളും പല കാര ണങ്ങളാൽ ഈ മുന്നേറ്റത്തിൽ വിസ്മരിക്കപ്പെട്ടു. പാശ്ചാത്യ കൊളോണിയൽ സങ്കൽപ്പ ങ്ങൾക്കനുസൃതമായ ചിന്താധാരകളും, നാടുവാഴിത്ത താല്പര്യങ്ങളുടെ ഭാഗമായ സാമൂ ഹ്യാചാരങ്ങളുമായിരുന്നു ഈ മുന്നേറ്റത്തിന്റെ ചാലക ശക്തി. 1888ൽ ശ്രീമൂലംതിരു നാൾ രാമവർമ്മയുടെ ഭരണകാലത്ത് തിരുവിതാംകൂറിൽ രൂപീകരിച്ച ലജിസ്ലേറ്റീവ് കൗൺസിൽ ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ രൂപംകൊണ്ട ജനപ്രാതിനിധ്യ സ്വഭാവമുള്ള ആദ്യത്തെ നിയമനിർമ്മാണ സഭയായിരുന്നു 1904ൽ ശ്രീമൂലം പ്രജാസഭ എന്ന പേരിൽ കൂടുതൽ വിപുലീകരിച്ചപ്പോൾ പോലും ഇതിലെ ജനപ്രാതിനിധ്യം നാമമാത്രമായിരുന്നു.

ഏതൊരു ചിന്താ പദ്ധതിയും സമൂഹത്തിലെത്തിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. നിലവിലുള്ള സ്ഥിതി നിലനിർത്തുന്നതിന് യത്നിച്ചിരുന്ന സാമ്പ്രദായിക വിദ്യാഭ്യാസ ക്രമത്തിനു തന്നെയായിരുന്നു അന്നും സ്വീകാര്യത. പല കാരണങ്ങളാൽ പാശ്ചാത്യ വിദ്യാഭ്യാസം അകറ്റി നിർത്തപ്പെട്ടു. അന്ധവിശ്വാസംമുതൽ

പാശ്ചാത്യ ആധിപത്യത്തിനോടുള്ള എതിർപ്പുവരെ ഇതിനു കാരണമായി. ശാസ്ത്ര സാങ്കേതിക വിജ്ഞാനം അപൂർവ്വം പേർക്കു മാത്രമേ സ്വായത്തമായിരുന്നുള്ളൂ. ലോക ത്തിന്റെ മറ്റു പ്രദേശങ്ങളിൽ യുക്തി ചിന്തക്ക് ഏറെ പ്രചാരം കിട്ടിയപ്പോൾ കേരളത്തിൽ യുക്തിബോധം വളരെ പതുക്കെയാണ് വളർന്നു വന്നത്. സ്വാഭാവികമായും കലാസാഹിത്യ മണ്ഡലത്തിലും ഇതേസ്ഥിതിതന്നെയാണ് നിലനിന്നിരുന്നത്. പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കി പരമ്പരാഗത വ്യവസായങ്ങൾ ഉയർന്നു വന്നിരുന്നുവെ ങ്കിലും വൻകിടവ്യവസായ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. വാണിജ്യത്തിന്റെ ഫലമായി മുൻപു തന്നെ രൂപംകൊണ്ട തുറമുഖനഗരങ്ങൾ പാശ്ചാത്യ നഗരസങ്കൽപ്പങ്ങളുമായി യോജിക്കുന്നവയായിരുന്നില്ല. ലാഭേച്ഛയോടെ സമൂഹത്തിലിടപ്പെടുന്ന മൂലധനനിക്ഷേ പകരും, ചെറുകിട ഫാക്ടറികളും, അനുബന്ധമായി തൊഴിലിനുവേണ്ടിയുള്ള കുടിയേ റ്റങ്ങളും, ചേരിപ്രദേശങ്ങളും മലയാളിയുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത് 1930കൾക്കു ശേഷമാണ്.

പാശ്ചാത്യ രാജ്യങ്ങളിലെ സാമൂഹിക ജീവിതത്തെ സമൂലം പരിവർത്തിപ്പിച്ച നവോ ത്ഥാനവും, 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മന്ദഗതിയിലാരംഭിക്കുകയും 1930കൾ മുതൽ കേരളമാകെ വ്യാപിക്കുകയും ചെയ്ത കേരളീയനവോത്ഥാനവും തികച്ചും വ്യത്യ സ്തമായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ആരംഭിച്ച് മറ്റ് യൂറോപ്യൻ രാജ്യ ങ്ങളിലേക്ക് വ്യാപിച്ച പാശ്ചാത്യ നവോത്ഥാനം പ്രാചീന യവന-റോമ-സംസ്ക്കാര ത്തിന്റെ പുനർജനിയാണെന്നും അത് യൂറോപ്പിന്റെ മാത്രം സ്വാകാര്യഅനുഭവമാണെ ന്നുമുള്ള നിഗമനം[16] പൂർണ്ണമായും ശരിയല്ല. നിർജീവമായികിടക്കുന്ന സാമൂഹികജീ വിതത്തെയും മന്ദഗതിയിലാകുന്ന സംസ്ക്കാരിക വളർച്ചയെയും ചലനാത്മകമാക്കുന്ന ഏതൊരു പ്രക്രിയയെയും നവോത്ഥാനം എന്ന സംപ്രത്യേയം ഉൾകൊള്ളുന്നു. പാശ്ചാത്യ അധിനിവേശത്തിലൂടെ ഈ ആശയഗതി ലോകത്തിന്റെ മിക്ക പ്രദേശത്തും വ്യാപിച്ചു.

ആശയത്തിൽ മാത്രമല്ല അനുഭവത്തിലും 'നവോത്ഥാനം' പാശ്ചാത്യമാണെന്ന് പറയാം. ഈ വീക്ഷണത്തിൽ നിന്നുകൊണ്ടാണ് നവോത്ഥാനം എന്ന പദം ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

**2.9. കേരളീയ നവോത്ഥാനം – മാനവ നവീകരണ പ്രസ്ഥാനം**

കേരളീയ ജീവിതത്തിൽ മാറ്റങ്ങൾക്ക് ക്രമേണ വേഗത വർദ്ധിച്ചപ്പോൾ മലയാള സാഹിത്യത്തിലും തദാനുസൃതമായ പരിവർത്തനം നടന്നു. മതബോധവും ദൈവവിശ്വാസവും ജാത്യാചാരങ്ങളും നിലനിൽക്കുമ്പോൾതന്നെ മാനവ പ്രശ്നങ്ങൾക്കുള്ള പരിഹാരം മനുഷ്യസമൂഹത്തിനകത്തു കണ്ടെത്താനുള്ള പരിശ്രമം എല്ലാരംഗത്തും ആരംഭിച്ചു. എല്ലാ പ്രവർത്തനങ്ങളും മനുഷ്യനന്മയക്ക് ഉപയുക്തമാകണമെന്ന ആശയം പ്രചരിച്ചതോടെ കേരളീയനവോത്ഥാനം സാരാംശത്തിൽ ഒരു മാനവനവീകരണപ്രവർത്തനമായി മാറി.

പ്രധാന ഉല്പാദനവ്യവസ്ഥയായ കാർഷികമേഖലയെക്കുറിച്ചുള്ള ധാരണകൾക്കും മാറ്റം സംഭവിച്ചു. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശത്തെകുറിച്ച് നിലനിന്നിരുന്ന തർക്കങ്ങൾ വലിയ സമരങ്ങളിലെത്തി. ഉത്പാദന ബന്ധങ്ങളിലെ മാറ്റം സമവായത്തിലൂടെ സാധ്യമല്ലന്നെ ധാരണ വളർന്നുവന്നു. കൃഷി ഒരു സംസ്ക്കാരം എന്നതിൽ നിന്ന് വ്യവസായം എന്നതിലേക്ക് മാറാൻ ആരംഭിച്ചു. പ്രതിഫലം ലഭിക്കാവുന്ന തൊഴിലുകൾ എന്ന സങ്കൽപ്പം ഉയർന്നു വന്നു. ചെറുകിട പട്ടണങ്ങൾ രൂപംകൊണ്ടത് ഈ തൊഴിൽ സംസ്കാരത്തിന്റെ വേഗത വർദ്ധിപ്പിച്ചു. മനുഷ്യനെ നവീകരിക്കുവാനുള്ള പദ്ധതികളിൽ മനുഷ്യന്റെ സ്ഥാനം ചർച്ചാവിഷയമായി. ഇതോടെ മനുഷ്യനും, അവന്റെ പ്രശ്നപരിസരങ്ങളും സാഹിത്യത്തിൽ മാന്യസ്ഥാനം നേടി.

സൂക്ഷമാർത്ഥത്തിൽ സമൂഹത്തിലുണ്ടായ നവോത്ഥാനചലനങ്ങളും മലയാള ചെറുകഥയുടെ ഭാവരൂപപരിണാമങ്ങളും പരസ്പരാശ്രിതവും പരസ്പര പൂരകവുമാണെന്ന്

കാണാം. സാഹിത്യരംഗത്തുണ്ടായ ഈ മാറ്റങ്ങളെകുറിച്ച് ചരിത്രകാരന്മാർ പഠനം നടത്തിയിട്ടുണ്ട്. ചെറുകഥയെകുറിച്ചും ഗൗരവമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട് എന്നാൽ ഈ കാലഘട്ടത്തിലെ കഥാസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന മാനവികതാബോധം സൂക്ഷ്മവിശകലനത്തിന് വിധേയമായിട്ടില്ല. ഏറെ പ്രകടമായതിനാൽ വിശദീകരിക്കപ്പെടേണ്ടതല്ല എന്ന ധാരണയാണ് മിക്ക നിരൂപകന്മാരും ഗവേഷകന്മാരും വച്ചു പുലർത്തിയത്. നവോത്ഥാനകാല കഥകളിൽ മനുഷ്യൻ നിറഞ്ഞു നിൽക്കുന്നത് സ്വാഭാവികമായ കാരണങ്ങളാലാണെന്ന് അവർ രേഖപ്പെടുത്തുന്നു.

നവോത്ഥാനകാലമലയാള ചെറുകഥയിലെ മനുഷ്യസങ്കൽപ്പവും മാനവികതാബോധവും പഠനത്തിന് വിധേയമാക്കുന്നത് ഇന്നത്തെ കാലഘട്ടത്തിൽ കൂടുതൽ പ്രസക്തമാണ്. മനുഷ്യനോട് അനുഭാവപൂർവ്വം പെരുമാറിയിരുന്ന ഒരു കാലത്തെയും സാഹിത്യരൂപത്തെയും തിരിച്ചറിയുന്നതിന് ഇതിന്റെ അടിസ്ഥാനത്തിലുള്ള പുനർവായനകൾ സഹായകമാകും. മനുഷ്യജീവിതത്തിലെ തീക്ഷ്ണനിമിഷങ്ങളെ അതിന്റെ പൂർണതയിൽ അവതരിപ്പിക്കുന്ന ഏക സാഹിത്യരൂപം ചെറുകഥയാണ്. ഒരു ആഖ്യാനരൂപം എന്ന നിലയിൽ കഥാരചനക്കുള്ള പൊതുരീതിശാസ്ത്രവും നവോത്ഥാനകഥാകാരന്മാരുടെ സവിശേഷ രീതികളുമാണ് അടുത്ത അദ്ധ്യായത്തിൽ വിശകലനവിധേയമാക്കുന്നത്.

## കുറിപ്പുകൾ

1. ലീലാതിലകം. കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1958, പുറം34.
2. രാമചന്ദ്രൻനായർ കെ. (ഡോ.) : കേരളവർമ്മസ്മരണ (സമ്പാദനവും പഠനവും), തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995, പുറം 64.
3. The New Encyclopaedia Britanica (vol. 16) The New University of Chicago: Page 322
4. Introduction 'Great Short Stories of the World' Gerda Charles London: Spring books, West Book House 1964, Page XI
5. അച്യുതൻ എം. : ചെറുകഥ ഇന്നലെ ഇന്ന്, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 64.
6. രവികുമാർ കെ.എസ്. : ആദ്യകാലകഥകൾ (പഠനവും സമാഹരണവും) മലയാള ചെറുകഥയുടെ ഉദയരാശി (പഠനം) കോട്ടയം: കറന്റ് ബുക്സ്, 1995, പേജ് 64.
7. കൃഷ്ണപിള്ള ഇ.വി. : ഇ.വി.യുടെ തെരഞ്ഞെടുത്ത കൃതികൾ, കോട്ടയം: ഡി.സി. ബുക്സ്, 1994, പേജ് 551
8. ഗുപ്തൻനായർ എസ്. : നവമാലിക, തൃശൂർ: കറന്റ് ബുക്സ്, 1993, പേജ് 54
9. യോഗക്ഷേമം (മാസിക) 1923, മെയ് ലക്കം 12, പുസ്തകം 5, പുറം 9
10. യോഗക്ഷേമം (മാസിക) 1924, ജനുവരി, ലക്കം 13, പുസ്തകം 1. (ബോൾഷേവിസം എന്ന ജനദ്രോഹത്തിന്റെ നേതാവ്, ലെനിൻ അന്തരിച്ചു - ലേഖനം)
11. ഭട്ടതിരിപ്പാട് വി.ടി. : രജനീരംഗം, തൃശൂർ: മംഗളോദയം, 1928, പുറം 5
12. സുകുമാർ അഴീക്കോട് : ഭാഷാപോഷിണി, ലക്കം 2, പുസ്തകം 5
13. Choen J.M. : A History of Western Literature USA: Walthan Gim Co, 1962, Page 312
14. Priestley J.B. : Literature and Western Man, London: Macmillan, 1968, Page 207
15. Mathew Arnold : Essays in Criticism, Little Brown & Co, 1964
16. Gibbon : Decline and Fall of the Roman Empire, London: Best Ford - 1962, Page 699

അദ്ധ്യായം മൂന്ന്

## കഥാഖ്യാനവും നവോത്ഥാനകഥയും

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ പാശ്ചാത്യബോധത്തിലധിഷ്ഠിതമായ ചില ചിട്ടപ്പെടുത്തലുകൾക്ക് നിർബന്ധിതരായി. ലക്ഷണഗ്രന്ഥങ്ങൾ നിർദ്ദേശിച്ചവിധം എഴുതാൻ അവർ കൂടുതൽ ശ്രദ്ധകൊടുത്തു. ആധുനികവിമർശനത്തിന്റെ നിർദ്ദയശാസനകൾ അവർ കേൾക്കേണ്ടിവന്നു. ഈ സമ്മർദ്ദങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും മനുഷ്യപക്ഷത്തുനിൽക്കുന്ന കാര്യത്തിൽ ഈ എഴുത്തുകാർ ആരോടും സന്ധിചെയ്തില്ല. 'മനുഷ്യൻ' എന്ന സങ്കല്പത്തെ നിരന്തരം പിന്തുടരുന്നതിനും അവന്റെ ദൈന്യങ്ങളിൽ പങ്കാളിയാകുന്നതിനും അവർ പ്രഥമ പരിഗണന നൽകി.

പൊതുവായചിലരചനാസ്വഭാവങ്ങളാണ്, സാഹിത്യചരിത്രത്തിൽ കാലഘട്ടങ്ങൾക്ക് രൂപം നൽകുന്നത്. ഈ പൊതുവായ പ്രവണതകൾക്കകത്തുതന്നെ ഓരോ എഴുത്തുകാരനെയും വ്യതിരിക്തനാക്കുന്ന സവിശേഷ ഘടകങ്ങളും ഉണ്ടായിരിക്കും. 1930-കളിലാരംഭിച്ച് 60-കളിൽ അവസാനിക്കുന്ന നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥാകൃത്തുക്കളിൽ തകഴി ശിവശങ്കരപ്പിള്ള (1912-1999), പി. കേശവദേവ് (1904-1983), പൊൻകുന്നം വർക്കി (1910-2004), വൈക്കം മുഹമ്മദ് ബഷീർ (1910-1994), എസ്.കെ. പൊറ്റക്കാട് (1913 -1982) എന്നിവർ രൂപഭാവങ്ങളിലെ നവചലനങ്ങൾക്ക് തുടക്കം കുറിച്ചു. കാരൂർ നീലകണ്ഠപിള്ള (1898-1975), ലളിതാംബിക അന്തർജനം (1909-1987), പി.സി. കുട്ടികൃഷ്ണൻ (1915-1979) എന്നിവർ ഈ തലമുറയിലെ രണ്ടാം നിരക്കാരാണ്. സർഗധനരായ നിരവധി കഥാകൃത്തുക്കൾ ഈ കാലഘട്ടത്തിൽ രചന നടത്തിയിട്ടുണ്ട്. രചനാരീതിയിൽ വ്യത്യസ്തത പുലർത്തിയവരും ഈ ഗവേഷണ പ്രബന്ധത്തിന്റെ വിശകലന പദ്ധതിയിൽ അനുപേക്ഷണീയരുമായ എഴുത്തുകാരെയാണ് പ്രത്യേകം പരാമർശിക്കുന്നത്.

### 3.1. കഥ ഒരു ആഖ്യാനമെന്ന നിലയിൽ

കഥ ഒരു ആഖ്യാനപാഠമാണ്. ഒരു ആഖ്യാനപാഠത്തെ വിലയിരുത്തുന്നതിന് ശാസ്ത്രീയമായ ചില സൈദ്ധാന്തിക ധാരണകൾ ഇന്നു നിലവിലുണ്ട്. സമൂഹത്തിൽ ആശയവിനിമയം ഉടലെടുത്ത അന്നുമുതൽ ആരംഭിച്ചിട്ടുള്ള ഒരു സർഗ്ഗക്രിയയാണ് ആഖ്യാനം. ഈ ആവിഷ്കാരസംസ്കാരത്തെ ഘടനാപരമായ വിശ്ലേഷണങ്ങൾക്ക് (Structural Analysis) വിധേയമാക്കുന്നത് ആഖ്യാനശാസ്ത്രം (Narrratology) എന്ന സാഹിത്യ വിമർശന രീതി അനുസരിച്ചാണ്. ഒരു സിദ്ധാന്തം എന്ന നിലയിൽ ഇത് ആധുനികതയുടെ സംഭാവനയാകുന്നു. റഷ്യൻ ഫോർമലിസ്റ്റായ വ്ളാഡിമിർ പ്രോപ്പ് (Vladimar Propp) തന്റെ മോർഫോളജി ഓഫ് ഫോക്ക് ടേൽസ് (Morphology of Folk tales) എന്ന കൃതിയിൽ നാടോടിക്കഥകളുടെ ആഖ്യാനസ്വഭാവത്തെകുറിച്ച് നടത്തിയ അന്വേഷണമാണ് ഈ പഠനശാഖയ്ക്ക് തുടക്കം കുറിച്ചത്. നരവംശ ശാസ്ത്രജ്ഞനായ ക്ലോഡ്ലെവിസ്ട്രോസ് ഒരു ആഖ്യാനപാഠത്തെ ഘടനാപരമായി അപഗ്രഥിക്കാമെന്ന് തെളിയിച്ചിട്ടുണ്ട്[1]. മിത്തുകളെ സംബന്ധിച്ച് ഇദ്ദേഹം നടത്തിയ പഠനമാണ് ഈ പഠന ശാഖയെ കൂടുതൽ വികസിപ്പിച്ചത്. ഭാഷാശാസ്ത്രപഠനത്തിലും, സാഹിത്യ വിമർശന ത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയ ഘടനാവാദത്തിന്റെ അന്വേഷണരീതി തന്നെയാണ് ആഖ്യാന ശാസ്ത്രത്തിന്റേയും രീതിശാസ്ത്രം. എ.ജെ. ഗ്രെയ്മാസ് (A.J. Greimas) സെമാന്റിക് സ്ട്രെക്ചർ (Semantique Structure) എന്ന കൃതിയിൽ വ്ളാഡിമിർ പ്രോപ്പിന്റെ ആശയങ്ങളെ വിപുലീകരിക്കുകയും ഒരു പഠനശാഖക്കുവേണ്ട ചിട്ടകൾ നൽകുകയും ചെയ്തു. Introduction to the Structural Analysis of Narrative എന്ന പ്രബന്ധ ത്തിൽ റൊളാങ് ബാർത്ത് ഈ പഠനശാഖയുടെ പ്രസക്തി അക്കാദമിക് തലങ്ങളിൽ വ്യാപിപ്പിച്ചു[2].

3.1.1. കഥയും കഥ പറയുന്ന രീതിയും അവ തമ്മിലുള്ള പാരസ്പര്യവുമാണ്

'ആഖ്യാനം' എന്നതുകൊണ്ട് ആഖ്യാനശാസ്ത്രം അർത്ഥമാക്കുന്നത്. "യഥാർത്ഥമോ കല്പിതമോ ആയ ഗതകാലസ്മരണകൾ മൗലികമായി ഭാഷയിലൂടെ പ്രതിനിധാനം ചെയ്യലാണ് ആഖ്യാനം"[3] എന്ന് ട്രഗോട്ടും പ്രാറ്റും ചേർന്ന് ആഖ്യാനത്തെ നിർവചിച്ചിട്ടുണ്ട്.

കാലാനുസൃതമായി കോർത്തിണക്കുന്ന, സംഭവിച്ചതോ കല്പിതമോ ആയ ക്രിയകളുടേയോ സാഹചര്യങ്ങളുടേയോ ആവിഷ്കാരമാണ് ആഖ്യാനം എന്ന് ജെറാൾഡ് പ്രിൻസ് നിർവ്വചിക്കുന്നു.[4]

ഇന്ദ്രിയപ്രത്യക്ഷവും പരസ്പരബന്ധിതവുമായ സംഭവശ്രേണി എന്നാണ് ആഖ്യാനമെന്നതുകൊണ്ട് റൊളാങ്ങ് ബാർത്ത് ഉദ്ദേശിക്കുന്നത്.[5]

മേൽവിവരിച്ച നിർവചനങ്ങളിൽനിന്ന് ഒരു സംഭവത്തെ ക്രമാനുഗതമായി വളർത്തിക്കൊണ്ടുവന്ന്, ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് മാറിയതെങ്ങനെയെന്ന് വിശദീകരിക്കലാണ് ആഖ്യാനം എന്ന് കാണാം. ആഖ്യാന ശാസ്ത്രത്തിൽ ആഖ്യാതവിനും ഏറെ പ്രാധാന്യമുണ്ട്. ഒരു ആഖ്യാനം മനസ്സിൽ പതിയണമെങ്കിൽ ആഖ്യാതാവിനെ തിരിച്ചറിയേണ്ടതുണ്ട്. വക്താവിന്റെ (Narrator) സ്വഭാവം, വ്യക്തിത്വം, അയാൾ ആവിഷ്കരിക്കുന്ന സംഭവം, പരിപ്രേക്ഷ്യം എന്നിവ കണ്ടെത്തുന്നതിന് ഇത് ആവശ്യമാണ്. ശ്രോതാവാണ് (Narratee) ഒരു ആഖ്യാനത്തെ പൂർണ്ണമാക്കുന്നത്. ആഖ്യാനം ഉൾക്കൊള്ളുന്നതിനായി ശ്രോതാവും ചില മുൻകരുതലുകൾ എടുക്കും. ആഖ്യാതാവും (Narrator) ശ്രോതാവും (Narratee) തമ്മിൽ യോജിച്ചും വിയോജിച്ചും നടക്കുന്ന ഇടപെടലുകളാണ് ഈ പഠനപദ്ധതിയുടെ അന്വേഷണമേഖല. ആഖ്യാനത (Narravity), മാധ്യമത (Mediacy), കാലികത (Temporality), സ്ഥലികത (Spatiality), എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് പഠനം പുരോഗമിക്കുന്നത്.

ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷ ലക്ഷണങ്ങളെയാണ് ആഖ്യാനത എന്ന പദം സൂചിപ്പിക്കുന്നത്. ഒരു സവിശേഷസാഹചര്യമോ സംഭവമോ ശ്രോതാവിനെ അറിയിക്കുന്നതിന് വക്താവിന് ഒരു മധ്യവർത്തിയുടെ ആവശ്യം ഉണ്ട്. അയാളുടെ ശബ്ദമോ ക്രിയയോ സാന്നിദ്ധ്യമോ ആണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. മാധ്യമത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ മേഖലയാണ്. പുരുഷൻ (Person), പരിപ്രേക്ഷ്യം (Perspective) തുടങ്ങിയവ ചേർന്നാണ് മാധ്യമത പൂർണ്ണമാകുന്നത്.

**3.1.2.** കാലം (time) ഏതൊരു കലാസൃഷ്ടിയെ സംബന്ധിച്ചും ഒരു സങ്കീർണ്ണ പ്രശ്നമാണ്. രണ്ടു സംഭവങ്ങൾക്കിടയിൽ മാത്രമേ കാലത്തെ നമുക്ക് ഉൾക്കൊള്ളിക്കാൻ കഴിയൂ. ആപേക്ഷികമായ ഈ കാലത്തെക്കുറിച്ചും അനന്തമായ കാലത്തെക്കുറിച്ചും ഒരാഖ്യാനം എപ്രകാരമാണ് കാണുന്നത് എന്നതാണ് കാലികത എന്ന പദം അർത്ഥമാക്കുന്നത്.

ഒരാഖ്യാനത്തിലെ സംഭവങ്ങൾ നടക്കുന്നത് 'എവിടെ' എന്നതാണ് സ്ഥലികത എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ആഖ്യാനത്തിന് ആധാരമായ സ്ഥലം, ആഖ്യാന ജനിതസ്ഥലം മുതലായ ചിന്തകളാണ് ഇവിടെ ഉയർന്നുവരുന്നത്. യുക്തിയുമായി ബന്ധപ്പെട്ടാണ് മേല്പറഞ്ഞ നാലു കാര്യങ്ങളും നിലകൊള്ളുന്നത്. സാധാരണ യുക്തിയല്ല കലയ്ക്ക് അതിന്റേതായ ഒരു യുക്തിബോധം ഉണ്ടെന്നുകൂടി ഇവിടെ അർത്ഥമാക്കുന്നു. മേൽ വിശദീകരിച്ച ആഖ്യാനശാസ്ത്രത്തിന്റെ സങ്കേതങ്ങൾക്ക് പ്രാധാന്യം നൽകി. കഥ ഒരു ആഖ്യാനരൂപമാകുന്ന രീതി വിശദീകരിക്കേണ്ടതുണ്ട്.

**3.1.3.** കഥയെ ദീർഘകഥ എന്നും ലഘുകഥ എന്നും വേർതിരിക്കാം. ദീർഘകഥകൾക്ക് ഒരു കേന്ദ്രബിന്ദു അനിവാര്യമാണ്. അതിനെ പ്രകാശിപ്പിക്കാൻ ആവശ്യമായ ഘടകങ്ങൾ ആണ് കഥാപാത്രങ്ങളും സ്വഭാവങ്ങളുമെല്ലാം. ക്രമാനുഗതമായി പരിണമിച്ച് ഒരു നിശ്ചിതസ്വഭാവത്തിലെത്തിയ വികസിത കഥാപാത്രങ്ങളാണ് ദീർഘകഥകളിൽ പ്രത്യ

ക്ഷപ്പെടുക. ലക്ഷണയുക്തമായ ഒരു നോവലിലാകട്ടെ അനുസ്യൂതവും അനുക്രമവുമായി വികസിച്ചുകൊണ്ടിരിക്കുന്ന കഥാപാത്രങ്ങളാണ് പ്രത്യക്ഷപ്പെടേണ്ടത്. ഈ വികാസത്തിലൂടെ ആഖ്യാനം നിർവഹിക്കുകയാണ് ഒരു നോവലിസ്റ്റിന്റെ തന്ത്രം. വ്യത്യസ്ത സ്വഭാവക്കാരായ വ്യക്തികളുടെയും സാമൂഹ്യഘടനയുടെയും പരിവർത്തനമാണ് നോവലിൽ സംഭവിക്കുന്നത്.

എന്നാൽ ചെറുകഥയിൽ പൂർണ്ണത വന്ന കഥാപാത്രങ്ങൾ നന്നേ കുറവായിരിക്കും. ഒരു പ്രത്യേക അവസ്ഥയോട് ഒരു കഥാപാത്രം എപ്രകാരം പ്രതികരിക്കുന്നു എന്നതാണ് ചെറുകഥ അന്വേഷിക്കുന്നത്. ഒരു ചെറുകഥ ഈ ഒരർത്ഥത്തിൽ ഒന്നുകിൽ ഒരു സന്ദർഭം വെളിവാക്കലാകാം (situation revealed) അല്ലെങ്കിൽ ജീവിതത്തിലെ ശക്തമായ ഒരു നിമിഷം കാണിക്കലാകാം (a powerful moment in life). ചെറുകഥയിലെ സംഭാഷണം ചടുലവും, ഭാവം സജീവവുമായിരിക്കണം. അല്ലാത്തപക്ഷം വ്യഥാസ്ഥൂലത എന്ന ദോഷം സംഭവിക്കും. കഥാകൃത്തിന്റെ ജീവിതനിരീക്ഷണ പാടവം ചെറുകഥയെ ചൈതന്യവത്താക്കുന്നു. അവതരണത്തിലും സംഭാഷണത്തിലും അന്തരീക്ഷ സൃഷ്ടിയിലും കാണിക്കുന്ന മിതത്വവും സൂക്ഷ്മതയും കഥയെ മികവുറ്റതാക്കുന്നു.

മലയാള ചെറുകഥയുടെ അതുവരെയുള്ള രചനാരീതികളും പാത്രസങ്കല്പങ്ങളും, സാമൂഹ്യവീക്ഷണവും നവോത്ഥാനകാല കഥാകാരൻ ഉൾക്കൊണ്ടു. എന്നാൽ അതിനെ അതേപ്രകാരം തങ്ങളുടെ കലാജീവിതത്തിലേക്ക് കടത്തികൊണ്ടുവരാൻ അവർ തയ്യാറായില്ല. കാലാനുസൃതമായ മാറ്റങ്ങളും കലാനുസൃതമായ ശുദ്ധീകരണവും നടത്താൻ അവർ തയ്യാറായി. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ പ്രാപ്തരായ വിമർശകരും, മാതൃകകൾ നല്കാൻ ആവശ്യമായ വിവർത്തനരീതികളുമുണ്ടായി.

### 3.2. നവോത്ഥാനകഥകളുടെ വ്യതിരിക്തത

സർഗധനരായ കലാകാരന്മാർ പരിവർത്തനത്തിന്റെ മുൻപിൽ സഞ്ചരിക്കുന്നവ

രാണ്. രണ്ടു സംസ്കാരങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോഴാണ് നിരവധി ചോദ്യങ്ങൾ ഉയർന്നു വരുന്നത്. ഈ സന്ദർഭത്തിൽ പരിഹാരം നിർദ്ദേശിക്കാനുള്ള ബാദ്ധ്യത കലാകാരനും ഉണ്ട്. ആധുനിക പാശ്ചാത്യ മാതൃകകളുമായി പരിചയപ്പെടാൻ കഴിഞ്ഞ കേരളീയൻ തന്റെ പരിതോവസ്ഥകളെ കുറിച്ച് വിമർശനബുദ്ധ്യാ ചിന്തിക്കേണ്ടിവന്നു. ഈ ചിന്താ ഗതി നവോത്ഥാനകഥയിൽ പ്രകടമായത് വിവിധ പ്രകാരത്തിലാണ്.

3.2.1. ചരിത്രത്തിൽ സ്ഥാനം നേടിയ എഴുത്തുകാരിൽ പലരും പ്രതിഷേധ പ്രിയന്മാ രാണ്. സമൂഹത്തിൽ പ്രതിഷേധാർഹമായ അനേകം കാര്യങ്ങളുണ്ടാകാമെങ്കിലും എതിർപ്പ് ഏതു പരിധിവരെ കടന്നുചെല്ലാം എന്നുള്ളത് പലതുമായും ബന്ധപ്പെട്ടു കിടക്കുന്ന വിഷയമാണ്. എന്തിനോടാണ് പ്രതിഷേധിക്കുന്നത്, അതിനെ തിരുത്താനുള്ള മാർഗ്ഗമെന്താണ്, അതിനെ ഇല്ലായ്മ ചെയ്യുമ്പോൾ ഉണ്ടാകുന്ന ശൂന്യതയിൽ കടന്നുവരാനിടയുള്ളത് എന്താണ് ഇവ കൂടി കണക്കിലെടുത്തേ പ്രതിഷേധം സാർത്ഥകമാകുകയുള്ളൂ. ആവിഷ്കാരത്തിൽ വിലോമത്വം, വികൃതീകരണം എന്നീ രചനാസങ്കേതങ്ങളെ ഉപാധി യാക്കിയാണ് എഴുത്തുകാരൻ തന്റെ പ്രതിഷേധങ്ങൾ പ്രകടിപ്പിക്കുന്നത്.

### 3.2.2. വിലോമത്വം (Perversity)

സാഹിത്യത്തെ സംബന്ധിക്കുന്ന വിഷയങ്ങളിൽ നിശിതവിമർശനത്തിന് ഇടനല്കുന്ന ഒരു ഘടകമാണ് വിലോമത്വം. സമൂഹം ചിലത് ഗോപ്യമായി വെയ്ക്കുന്നത് സവിശേഷമായ ആവശ്യങ്ങൾക്കുവേണ്ടി ആയിരിക്കും. പൊതുവായ ചില നന്മകൾക്കു വേണ്ടിയാണ് ഈ മറച്ചുപിടിയ്ക്കലെങ്കിൽ അത് അപ്രകാരം നിലനില്ക്കട്ടെ എന്നുകരുതുന്നതാവും ഉചിതം. എന്നാൽ പലതും മറച്ചുപിടിക്കുന്നത് സമൂഹത്തിലെ ഉന്നതശ്രേണിയിൽവർത്തിക്കുന്നവരുടെ സ്വാർത്ഥസങ്കുചിത താല്പര്യങ്ങൾ സംരക്ഷിക്കാനായി രിക്കും. തങ്ങളുടെ സുഖലോലുപതയ്ക്കുവേണ്ടി സഹജീവികളെ ചൂഷണം ചെയ്യാനാ യിരിക്കും വിധിനിഷേധങ്ങൾ അവർ സൃഷ്ടിച്ചിരിക്കുക. ഇവ തുറന്നുകാണിക്കാനുള്ള

വാശിയായിരിക്കണം സർഗ്ഗധനനായ ഒരു എഴുത്തുകാരന്റെ പ്രതിഷേധത്തിന് നിദാനം. ന്യൂനതകൾ ചൂണ്ടികാണിക്കാനുള്ള വ്യഗ്രതയും, അപ്രിയസത്യം വിളിച്ചുപറയാനുള്ള ആർജ്ജവത്വവും വിലോമത്വത്തെ വിലയുള്ളതാക്കുന്നു. രൂപഭാവങ്ങളിൽ വിപരീതദിശ യിൽ സഞ്ചരിച്ച് സാഹിത്യരൂപത്തിന്റെ സാമൂഹിക പ്രയോജനം സാർത്ഥകമാക്കുന്ന രീതിയാണ് ഇത്.

നവോത്ഥാനകാല ചെറുകഥാകൃത്തുകളിൽ ഏറ്റവും അധികം കാണപ്പെടുന്ന ഒരു പ്രവണതയാണ് വിലോമത്വം. ബഷീറും കേശവദേവും ഒരു പരിധിവരെ തകഴിയും തങ്ങ ളുടെ കഥകളിലൂടെ സാധിച്ചെടുത്തതും ഇതാണ്. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, വേശ്യാവൃത്തി നടത്തേണ്ടിവരുന്ന സാഹചര്യം എന്നിവയെ ലോകത്തു നിലനില്ക്കുന്ന സാമ്പത്തികക്രമവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ അവർ ശ്രദ്ധിച്ചു. ചില നിരൂ പകരുടെ ദൃഷ്ടിയിൽ ഇത്തരം എഴുത്തുകാർ വിപരീതബുദ്ധിയുള്ളവരോ വഴിപിഴച്ച വരോ ആണ്. തലതിരിഞ്ഞവരും താന്തോന്നികളുമായി ഇവർ വിലയിരുത്തപ്പെടാൻ ഇട യുണ്ട്. നിലനിന്നിരുന്ന മൂല്യബോധത്തിന്റെ കാഴ്ചപ്പാടിൽ യുക്തിയുക്തമോ ആവശ്യമോ ആയതിന് നേർവിപരീതദിശയിൽ സഞ്ചരിച്ചവരായി ഇത്തരം എഴുത്തുകാർ വിലയിരു ത്തപ്പെടും. മനോവൈലക്ഷണ്യമുള്ളവരാണ് ഇത്തരം രചനകൾ നടത്തുക എന്ന ആരോ പണവും ഉയർന്നുവരാം.

എന്നാൽ എഴുത്തുകാരന് തന്റെ വാഗ്ദത്തതയോട് സത്യസന്ധത കാണിക്കാൻ ചില സന്ദർഭങ്ങളിലെങ്കിലും വിലോമത്വം ആവശ്യമായി വരുന്നു.

### 3.2.3. വികൃതീകരണം (Distortion)

വികൃതീകരണം നവോത്ഥാന കാലഘട്ടത്തിലെ ചെറുകഥാകൃത്തുക്കളുടെ പൊതു സ്വഭാവമായിരുന്നു. നിലനില്ക്കുന്ന ഒരു ക്രമത്തെ വികൃതമാക്കാനുള്ള ഉദ്യമം എഴു

ത്തുകാരെ ശ്രദ്ധേയരാക്കുന്ന ഒരു ഘടകമാണ്. രൂപത്തിന്റെ മേഖലയിൽ ഇത്തരം കാര്യങ്ങൾ ഉപരിപ്ലവമായ ചർച്ചകൾക്കു വഴിവെയ്ക്കും. എന്നാൽ ഉള്ളടക്കത്തിന്റെ കാര്യത്തിൽ വരുത്തുന്ന മാറ്റങ്ങൾ സമഗ്രമായ ചർച്ചചയ്ക്ക് വിധേയമാകും. ക്രമരാഹിത്യത്തിന്റേതായ ഒരു ക്രമം സൃഷ്ടിക്കാൻ നടത്തുന്ന ശ്രമത്തെ കലാനിപുണന്മാർ അത്ര പെട്ടെന്ന് അംഗീകരിക്കാൻ ഇടയില്ല. പ്രധാനമായും നാലു വിധത്തിലാണ് വികൃതീകരണം സംഭവിക്കാറുള്ളത്.

1. നിലനില്ക്കുന്ന ചില തത്വചിന്തകളോട് ഒരു എഴുത്തുകാരന്റെ മനസ്സിലുണ്ടാകുന്ന പ്രതിഷേധം.

2. നിലനില്ക്കുന്ന ചില മൂല്യങ്ങളോടുണ്ടാകുന്ന വിപ്രതിപത്തി

3. സമ്പദ് ഘടനയിലുണ്ടാകുന്ന മാറ്റം

4. സദാചാര ബോധത്തിന്റെ പുതിയ വ്യാഖ്യാനങ്ങൾ എന്നിവയാണ് അവ.

**3.2.4.** നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ രചനാരംഗത്തേക്ക് കടന്നുവരുന്ന കാലഘട്ടം സാംസ്കാരിക സംഘർഷത്തിന്റേതായിരുന്നു. മനുഷ്യൻ ഭൗതികമായും ആദ്ധ്യാത്മികമായും അനുഭവിച്ചുവന്നിരുന്ന തീക്ഷ്ണവ്യഥകൾ പരിഹരിക്കാൻ നിലവിലുള്ള ദർശനങ്ങൾ അപര്യാപ്തങ്ങളാണെന്ന ധാരണ സമൂഹത്തിലുണ്ടായി.

ബ്രിട്ടീഷ് ഭരണവ്യവസ്ഥ ഉല്പാദനരംഗത്തു വരുത്തിയ മാറ്റങ്ങൾ ജീവിതത്തിന്റെ താളക്രമത്തെ തെറ്റിച്ചു. പാരമ്പര്യമായുള്ള ഉല്പാദനരീതി മാറ്റി കമ്പോളത്തിനുവേണ്ടി ഉല്പാദിപ്പിക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു. എന്നാൽ പുതിയ ഉല്പാദനരീതി പാശ്ചാത്യരാജ്യങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കിയില്ല. കൃഷിയിൽ ആധുനിക ശാസ്ത്രത്തിന്റെ പ്രയോഗമോ, വൻകിടവ്യവസായങ്ങളുടെ വളർച്ചയോ കേരളത്തിലുണ്ടായില്ല. ഉല്പാദനത്തിൽ വർദ്ധിതമായ തോതിൽ മാറ്റം വന്നുവെങ്കിലും മുത

ലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ വരവോടെ സംഭവിക്കേണ്ടുന്ന സമൂഹക്രമത്തിലെ അടിസ്ഥാന മാറ്റങ്ങൾ കേരളത്തിൽ സംഭവിച്ചില്ല. ഒന്നാം ലോകമഹായുദ്ധം ജനജീവിതത്തെ സാരമായി ബാധിച്ചു. തത്വശാസ്ത്രങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയാത്ത സമസ്യകൾ നവോത്ഥാന കാഥികരുടെ പ്രധാനവിഷയമായി.

സാമൂഹിക ചിന്തയുമായി ബന്ധപ്പെട്ട് വളർന്നുവരുന്ന മൂല്യബോധം സ്വാഭാവികമായും നിശിതമായ ചോദ്യം ചെയ്യലിന് വിധേയമായി. നാടുവാഴിത്തത്തിന്റെ പ്രതിസന്ധികൾ കൂട്ടുകുടുംബവ്യവസ്ഥയെ സാരമായി ബാധിച്ചു. മാതൃദായക്രമത്തിൽ നിന്ന് ക്രമേണ പിതൃദായക്രമത്തിലേക്കു മാറാനുള്ള പ്രവണത പ്രത്യക്ഷപ്പെട്ടു. കൃഷിയെ പ്രധാനതൊഴിലായി കണ്ടതിൽ നിന്നും മാറി മറ്റ് തൊഴിലുകളിലേക്ക് മാറാൻ ജനങ്ങൾ താല്പര്യം കാണിച്ചു. മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ ഭാഗമായ 'പ്ലാനിംഗ്' കുടുംബജീവിതത്തിലേക്കും വ്യക്തി ജീവിതത്തിലേക്കും കടന്നുവന്നു. ഇതിന് ഒരു സ്ഥിരവരുമാനം വേണമെന്നും അതിനുവേണ്ടി എന്തും ചെയ്യാവുന്നതാണെന്നുമുള്ള ധാരണ സമൂഹത്തിൽ വളർന്നുവന്നു.

മൂല്യാധിഷ്ഠിത നിരൂപണദൃഷ്ടിയിൽ നവോത്ഥാനകാലചെറുകഥാകൃത്തുക്കൾ നടത്തിയ വികൃതീകരണം അനാശാസ്യമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഒരു ജനപ്രിയ സാഹിത്യരൂപമാകയാൽ കഥാകാരൻ കുറച്ചുകൂടി ഉത്തരവാദിത്വം കാണിക്കേണ്ടതുണ്ടെന്ന് നിരൂപകൻ ശഠിച്ചു.[6]

### 3.3. കഥാകാരന്റെ വാക്കുകൾ

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ ഈ വിമർശനങ്ങൾക്കു മറുപടി പറഞ്ഞത് രചനകളിലൂടെയാണ്. അതുകൊണ്ടുതന്നെ തങ്ങളുടെ രചനാസങ്കല്പങ്ങളെകുറിച്ച് എഴുത്തുകാർ പറഞ്ഞ കാര്യങ്ങൾ നാം സശ്രദ്ധം നിരീക്ഷിക്കേണ്ടതുണ്ട്. അവ

രുടെ കഥകളിൽ കാണുന്ന ദർശനവും മൂല്യചിന്തയും സവിസ്തരപഠനത്തിന് വിധേയ മാക്കേണ്ടതുമുണ്ട്.

ജീവിതമാണ് തങ്ങൾക്കു മുന്നിലുള്ള പ്രശ്നമെന്ന് വിശ്വസിച്ചിരുന്ന നവോത്ഥാനചെറുകഥാകൃത്തുക്കൾ കഥ എന്ന സാഹിത്യ രൂപത്തിന്റെ സാമാന്യതത്വങ്ങൾ മനസ്സിലാക്കിയവരായിരുന്നു. തങ്ങളുടെ മുൻഗാമികൾ ഉണ്ടാക്കിവെച്ച രൂപസൗകുമാര്യവും ശില്പഭംഗിയും ഭാഷാനിഷ്കർഷയും എല്ലാം ഉൾക്കൊണ്ടുതന്നെ പുതിയ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് ഇവർ കരുതി.

"സാഹിത്യം എന്റെ പ്രശ്നമല്ല, ജീവിതമാണെന്റെ പ്രശ്നം. ജീവിതത്തിന്റെ സുഖത്തെ വർദ്ധിപ്പിക്കുക, ദുഃഖത്തെ കുറയ്ക്കുക അതാണെന്റെ അന്തിമമായ ലക്ഷ്യം"[7] എന്നു പ്രഖ്യാപിച്ച കേശവദേവാണ് ഈ കഥാകാരന്മാരുടെ രൂപസങ്കല്പത്തെ മുന്നോട്ടുവെച്ചത്. വിശപ്പാണ് ജീവിതത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്ന തിരിച്ചറിവാണ് ദേവിനുണ്ടായിരുന്നത്. റിയലിസം എന്ന രചനാരീതിയാണ് കേശവദേവിന് പ്രിയപ്പെട്ടതെങ്കിലും ചില സന്ദർഭങ്ങളിൽ ഒരു നാചുറലിസ്റ്റിനെ ദേവിൽ കാണാം.

തകഴിയുടെ രചനാരീതിയിൽ തൊട്ടുമുൻഗാമികളായവരുടെ സ്വാധീനം ആദ്യകാലത്ത് കാണാമായിരുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ ഉപദേശ നിർദേശങ്ങൾ തകഴിയുടെ വീക്ഷണഗതിയിലും രചനാശൈലിയിലും സാരമായ മാറ്റങ്ങൾ വരുത്തി. ചെഖോവിന്റെയും മോപ്പസാങ്ങിന്റെയും കഥാരീതിയോടാണ് തകഴി ഇതിലൂടെ പരിചയപ്പെട്ടത്.

നവോത്ഥാന കാലഘട്ടത്തിലെ ശ്രദ്ധേയനായ മറ്റൊരു കഥാകാരൻ പൊൻകുന്നം വർക്കിയാണ്. ഗദ്യകവിത എന്ന സാഹിത്യരൂപത്തിൽപെടുത്താവുന്ന ആദ്യകാലരചനകളിലും തുടർന്ന് അദ്ദേഹം രചിച്ച ചെറുകഥകളിലും സമൂഹത്തിൽ നിലനില്ക്കുന്ന

ദുഷ്പ്രവണതകളോടുള്ള അവജ്ഞയും രോഷവുമാണ് പ്രകടമായത്. സാഹിത്യത്തെ സംബന്ധിച്ചുള്ള നിയമങ്ങളൊന്നും തനിയ്ക്കു ബാധകമല്ലെന്നും തന്റെ സാഹിത്യനിയമങ്ങൾ താൻ തന്നെയാണ് സൃഷ്ടിക്കുകയെന്നും സ്വന്തം കഥകളിലൂടെ പൊൻകുന്നം വർക്കി പ്രഖ്യാപിച്ചു. താൻ ജനിച്ചുവളർന്ന ക്രിസ്തുമതത്തിൽ നിലനില്ക്കുന്ന പൗരോഹിത്യ മേധാവിത്വത്തെ വിമർശിക്കാൻ പൊൻകുന്നം വർക്കി തയ്യാറായി. മതം മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയുള്ളതായിരിക്കണം എന്ന വാദം അദ്ദേഹം മുന്നോട്ടുവെച്ചു. തികച്ചും കാർഷിക പശ്ചാത്തലത്തിൽ നിന്നും കടന്നുവന്ന ഈ എഴുത്തുകാരൻ ഒരു കർഷകന്റെ മനസ്സ് തന്റെ സാഹിത്യ രചനയിലും കാത്തുസൂക്ഷിച്ചു. മണ്ണിനോടും, മനുഷ്യാദ്ധ്വാനത്തോടും അതിലവനോടൊപ്പം പങ്കാളിയാകുന്ന മറ്റുജീവജാലങ്ങളോടും പൊൻകുന്നം വർക്കിക്ക് അതിരറ്റ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഭാരവാഹിയായിരുന്ന പൊൻകുന്നം വർക്കിക്ക് കമ്മ്യൂണിസ്റ്റ് ആശയഗതികളോട് പൂർണ്ണമായ കൂറും, സമത്വവാദത്തിൽ പരിപൂർണ്ണമായ വിശ്വാസവും ഉണ്ടായിരുന്നു.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളിൽ വൈക്കം മുഹമ്മദ് ബഷീറിനുള്ള സ്ഥാനം നിർണ്ണായകമാണ്. അന്നുവരെ നിലനിന്നിരുന്ന ഭാഷാരീതിയിൽ തനിക്ക് ശരി എന്നുതോന്നുന്ന പരിവർത്തനങ്ങൾ വരുത്താൻ ബഷീർ ശ്രദ്ധിച്ചു. തനിക്കു സമൂഹത്തോടു പറയാനുള്ള കാര്യങ്ങൾ തന്റേതായ ഭാഷയിൽ പറഞ്ഞ ബഷീർ, കഥാരചനയെ സങ്കീർണ്ണമായ ഭാഷാബാദ്ധ്യതകളിൽ നിന്ന് മോചിപ്പിച്ചു. നിത്യവ്യവഹാരത്തിനുവേണ്ടി ഉപയോഗിച്ചുവന്ന ഭാഷാപദങ്ങൾ കഥാരചനയിലുപയോഗിച്ച ബഷീർ ഇക്കാരണം കൊണ്ടുതന്നെ നിരവധി വിമർശനങ്ങൾക്ക് വിധേയനായി. സദാചാരം, സ്ഥിതിസമത്വം, രാഷ്ട്രീയാദർശം, നീതിനിർവ്വഹണം എന്നിങ്ങനെ സമൂഹത്തിൽ നിലനിൽക്കുന്ന വ്യവസ്ഥകൾ എല്ലാം സ്വാർത്ഥമോഹികളായ ചെറുന്യൂനപക്ഷം ചൂഷകന്മാർ തങ്ങൾക്ക

നുകൂലമായി സൃഷ്ടിച്ചെടുത്തതാണെന്നും, അതിനെ മാറ്റാനുള്ള യത്നത്തിൽ എഴുത്തുകാരനും പങ്കാളിയാകേണ്ടതുണ്ട് എന്നും ബഷീർ കരുതി. ദേശീയപ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത് ബ്രിട്ടീഷ് ആധിപത്യത്തിന്റെ മർദ്ദനങ്ങൾക്ക് വിധേയനായ എഴുത്തുകാരനായിരുന്നു ബഷീർ. പല രാജ്യങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും, പല സ്വഭാവക്കാരുമായി ഇടപഴകുകയും ചെയ്ത ബഷീറിന്, മാനവ നന്മയെകുറിച്ച് സ്വാനുഭവാർജിതമായ ഒരു ദർശനമുണ്ടായിരുന്നു. പാശ്ചാത്യ കൃതികളോ വിമർശകനിർദ്ദേശങ്ങളോ തന്നെ ഒരിക്കലും സ്വാധീനിച്ചിട്ടില്ലെന്ന് ബഷീർ ആവർത്തിച്ചു പറയാറുണ്ടെങ്കിലും, പാശ്ചാത്യഭാഷകളിലെ കഥാരീതികളും, ഭാരതീയ ദർശനങ്ങളും, വിശാലമായ സുഹൃദ് വലയത്തിൽ നിന്നും അദ്ദേഹം സ്വായത്തമാക്കിയിരുന്നു. എല്ലാ വിവേചനങ്ങൾക്കുമതീതമായി മാനവനന്മയെ കണ്ടറിഞ്ഞ് ആദരിക്കാൻ ബഷീർ ശ്രദ്ധിച്ചു.

ഇവരോടൊപ്പം പരിഗണിക്കപ്പെടേണ്ട എഴുത്തുകാരാണ് പി.സി. കുട്ടികൃഷ്ണനും (ഉറൂബ്) എസ്.കെ. പൊറ്റക്കാടും. ഈ രണ്ട് എഴുത്തുകാരും ബ്രിട്ടീഷ് മലബാറിൽ ജനിച്ച് ജീവിച്ചവരും ധാരാളം യാത്രാനുഭവങ്ങൾ ഉള്ളവരുമായിരുന്നു. നവോത്ഥാന കഥാകാരൻമാർക്കിടയിൽ കൂടുതൽ കാല്പനികനാണ് എസ്.കെ.പൊറ്റക്കാട്. കാവ്യാത്മകമായ ഗദ്യം രചിക്കുന്നതിൽ പൊറ്റക്കാടിനുള്ള വൈഭവം അദ്ദേഹത്തെ തന്റെ സമകാലികരിൽ നിന്നും വ്യത്യസ്തനാക്കുന്നു. മാറുന്ന ലോകാനുഭവങ്ങൾക്ക് സാക്ഷിയായ ഈ സഞ്ചാരി ലോകത്ത് എവിടെയുള്ള മനുഷ്യനും അടിസ്ഥാന സ്വഭാവത്തിൽ ഒരേ രീതിയിലുള്ളവരാണെന്ന് തന്റെ കഥകളിലൂടെ വ്യക്തമാക്കി. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനോട് എസ്.കെ. പൊറ്റക്കാടിനുണ്ടായിരുന്ന മതിപ്പ് സുവിദിതമാണെങ്കിലും രചനാരീതിയിൽ അദ്ദേഹം കാണിച്ച സൂക്ഷ്മത അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കി. ഗൗരവമേറിയ ജീവിതപ്രശ്നങ്ങളെ ഭാവനയിൽ സമന്വയിപ്പിക്കാനുള്ള കഴിവ് ഉറൂബിന് വ്യതിരിക്തനാക്കുന്നു.

മേൽവിവരിച്ച ചെറുകഥാകാരൻമാരുടെ കാലഘട്ടത്തിനിടയിൽ നിൽക്കുന്ന കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജ്ജനത്തിന്റെയും വൈയക്തികവും സാഹിതീയവുമായ പരിതസ്ഥിതികൾ അടുത്ത അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്. ഈ രണ്ട് എഴുത്തുകാരുടെയും കഥകളെ കുറിച്ചുള്ള വിശദമായ പഠനത്തിൽ ഇവരുടെ വ്യതിരിക്തത മനസ്സിലാക്കാൻ കഴിയുന്നതുമാണ്.

### 3.4. മൂല്യചിന്തയിലെ ദിശാബോധം, പശ്ചാത്തലം

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ പൊതുവായ സവിശേഷതകൾ കഥാസാഹിത്യചരിത്ര നിർമ്മിതിയിൽ ഏർപ്പെടുന്നവരെല്ലാം കണ്ടെത്തുന്നതാണ്. സാമൂഹ്യബോധം, നിസ്വവർഗ്ഗത്തോടുള്ള അനുഭാവം, രചനാരീതിയിൽ വരുത്തിയ മാറ്റങ്ങൾ എന്നിവയെല്ലാം മലയാളകഥയുടെ അനുക്രമമായ വായനയിൽ ഏർപ്പെടുന്ന ഏതൊരാൾക്കും അനുഭവപ്പെടുന്നതുമാണ്. എന്നാൽ കഥാരചനയിലേർപ്പെടുന്ന വ്യക്തിമനസ്സിന്റെ അബോധതലങ്ങൾ കൂടി ഇവിടെ വിശദീകരിക്കേണ്ടതുണ്ട്. സാഹിത്യരചന ഒരു അഹംബുദ്ധിയിൽ (Solipsism) നിന്ന് ഉണ്ടാകുന്നതാണെന്ന ചിന്ത ആധുനിക സാഹിത്യവിമർശനം മുന്നോട്ടു വെച്ചിട്ടുണ്ട്. ഈ ആശയത്തിന്റെ വിശദമായ ചർച്ച ഇവിടെ പ്രസക്തമല്ല. സമൂഹത്തോട് തങ്ങൾക്ക് ചിലതു പറയാനുണ്ടെന്നും അതു പറയാനുള്ള മാർഗ്ഗവും രീതിയും തങ്ങൾ തന്നെ ആവിഷ്കരിക്കുമെന്നും ഇവർ നിശ്ചയിച്ചു. സൗന്ദര്യ വൈരൂപ്യങ്ങളെ കുറിച്ചും നന്മതിന്മകളെകുറിച്ചും നവോത്ഥാന കഥാകാരനുള്ള കാഴ്ചപ്പാട് അവരുടെ രചനകളിൽ നിറഞ്ഞുനിൽക്കുന്നു.

**3.4.1.** മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെയും നാഗരികതയുടെ കടന്നുവരവുകാരണമുള്ള ബന്ധവിച്ഛേദത്തേയും ഏറ്റവും ഗൗരവമായി കണ്ട ആദ്യ കലാകാരൻ നവോത്ഥാനകാല ചെറുകഥാകൃത്താണ്. പ്രകൃതിയോട് ഇണങ്ങി ജീവിച്ചു ശീലിച്ച

ദ്രാവിഡഗോത്രസംസ്കാരം ക്രമേണ അതിൽ നിന്ന് അകന്നുപോയതും, ബ്രാഹ്മണരുടെ കുടിയേറ്റം, ഫലഭൂയിഷ്ഠതയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരംതിരിക്കൽ, കാടുകൾ വെട്ടിതെളിയിച്ച് നാണ്യവിളകൾ കൃഷിചെയ്യൽ തുടങ്ങി പരിസ്ഥിതിയിൽ ആഘാതമേല്പിച്ച ലാഭേച്ഛകൾ ഇവരുടെ രചനയിൽ കടന്നുവന്നു. പ്രകൃതിയുമായി ഇണങ്ങി ജീവിച്ചാലേ ജീവിതം അർത്ഥപൂർണ്ണമാകുകയുള്ളൂ എന്ന് അവർ വിശ്വസിച്ചു. മാൻപേടയും, മയിലും, കുയിലും നിറഞ്ഞുനിന്നിരുന്ന മലയാളസാഹിത്യത്തിൽ മറ്റു ജീവജാലങ്ങളും കടന്നുവരാൻ തുടങ്ങി. "കരിമ്പടപ്പുഴു, പാമ്പ്, മരംകൊത്തി, വാവൽ, കൂമൻ, കുരങ്ങൻ എന്നിങ്ങനെയുള്ള ജീവികളെ നോക്കികൊണ്ട് എത്രയോനേരം നിന്നിട്ടുണ്ട്. സൂത്രക്കാരനായ കുറുക്കന്റെ മുഖത്തെ സ്ഥായിയായ ശൃംഗാര രസവും, കാഴ്ചബംഗ്ലാവിലെ ഹിമാലയൻ കരടിയുടെ നില്കപ്പൊറുതിയില്ലായ്മയും ഇന്നും എന്നെ ആകർഷിക്കുന്നു."[8] ഇത് ഉറൂബിന്റെ മാത്രം വീക്ഷണമല്ല. ജന്തുജീവജാലങ്ങളെയും സസ്യലതാദികളേയുമെല്ലാം ഭൂമിയുടെ അവകാശികളായി കാണുന്നവരായിരുന്നു ഇവർ.

**3.4.2.** നാഗരികമൂല്യങ്ങളുടെ കടന്നുവരവ്, കാർഷികസംസ്കാരത്തെ എങ്ങനെ പ്രതികൂലമായി ബാധിച്ചു എന്നും, അത് കുടുംബബന്ധങ്ങളെ എപ്രകാരം ശിഥിലമാക്കുന്നുവെന്നും തങ്ങളുടെ കഥകളിലൂടെ ഈ എഴുത്തുകാർ വിശദീകരിച്ചു. 'ഗ്രാമവിശുദ്ധി' എന്ന ഒരു സങ്കല്പം ഇവർ കാത്തുസൂക്ഷിച്ചു. നഗരം ലാഭേച്ഛയുള്ള മുതലാളിത്തമൂല്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ഈ കഥാകൃത്തുക്കളിൽ മിക്കവരും ധരിച്ചുവെച്ചിരുന്നു. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടാകുന്ന പുരോഗതി അംഗീകരിച്ചുകൊണ്ടുതന്നെ അതിൽ മാനവനന്മയുടെ കുറഞ്ഞുവരവിൽ ആശങ്കപ്പെടുന്നവരായിരുന്നു ഇവർ.

സാമൂഹ്യപുരോഗതിയിൽ മനുഷ്യനോടൊപ്പം പങ്കാളിയാവുന്ന ജന്തുജീവജാലങ്ങളോടുള്ള സ്നേഹം ഉദാരമാനവികതാബോധത്തിൽനിന്ന് ഉയർന്നുവന്നതാണ്. കാർഷി

കവൃത്തിയിൽ മനുഷ്യന്റെ സഹചാരികളായ ഉഴവുമൃഗങ്ങൾ, രക്ഷാബോധത്തിൽ കാവൽക്കാരായി നിലകൊള്ളുന്ന വളർത്തുമൃഗങ്ങൾ, മുതലായവയെല്ലാം ഗോത്രകഥാ കഥന പാരമ്പര്യത്തിൽ നിന്ന് നവോത്ഥാനകഥയിലേക്ക് കടന്നു വന്ന നന്മയുടെ മുദ്രക ളാണ്. മറ്റുപല മൃഗങ്ങളും, പക്ഷികളും വൃക്ഷലതാദികളും മനുഷ്യമനസ്സിന്റെ വികാരവിചാരങ്ങളുടെ ബിംബകല്പനകളായി കഥയിൽ പ്രത്യക്ഷപ്പെടുന്നു.

ജലം, പ്രാണവായു മുതലായ മനുഷ്യ ജീവന്റെ നിലനില്പിനത്യാവശ്യമായ പ്രകൃ തിവിഭവങ്ങൾ നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ കഥകളിൽ സജീവസാന്നി ദ്ധ്യമായി നിലകൊള്ളുന്നു.

### 3.5. നവോത്ഥാനകാലകഥ - വ്യത്യസ്തവീക്ഷണം

കേവലം പ്രതിഷേധപ്രിയന്മാരും, നിഷേധികളുമായിരുന്നു ഈ കലാകാരൻമാർ എന്ന് ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ വക്താക്കളായി ഇവർ വിലയിരുത്തപ്പെട്ടിട്ടുണ്ട്.[9] മനസ്സിന്റെ കഥകളാണ് മഹത്വമുള്ളവ എന്നും, വിശപ്പിന്റേയും വയറിന്റേയും കഥകൾ രണ്ടാം സ്ഥാനത്തേ പരിഗണിക്കാനാവൂ എന്നും സൗന്ദര്യപക്ഷ പാതികളായ നിരൂപകന്മാർക്ക് നിർബന്ധമുണ്ട്. ഇവരിൽ കാണുന്ന യുക്തിസഹമായ ചിന്തയും, ശാസ്ത്രീയബോധവും പാശ്ചാത്യസമ്പർക്കത്തിൽ നിന്നും പിറവികൊണ്ട താകയാൽ കൊളോണിയൽ മൂല്യബോധമാണ് നവോത്ഥാനകാല ചെറുകഥാകൃത്തു ക്കൾ മുന്നോട്ടുവെച്ചത് എന്ന് കുറ്റപ്പെടുത്തിയവരുമുണ്ട്. ചെറുപ്പക്കാരായ എഴുത്തുകാർക്ക് മിനക്കെട്ടിരുന്ന് ദീർഘനോവലുകളെഴുതാൻ സാവകാശമുണ്ടായിരുന്നില്ലെന്നും നോവ ലെഴുതാൻ അവശ്യംവേണ്ട സിദ്ധി അവർ അന്ന് ആർജ്ജിച്ചിരുന്നില്ലെന്നും, അവയെ ഖണ്ഡനവിമർശനരീത്യാ വിലയിരുത്തിയവരുമുണ്ട്.[10]

അന്ധമായ പ്രതിഷേധമോ, നിഷേധത്തിനുവേണ്ടിയുള്ള നിഷേധമോ ഈ കഥാ

കാരൻമാരുടെ സ്വഭാവമായിരുന്നില്ലെന്ന് സൂക്ഷ്മപഠനത്തിൽനിന്നും മനസ്സിലാക്കാം. ദാരിദ്ര്യം വരുന്നതെന്തുകൊണ്ട് എന്ന അന്വേഷണം സത്യങ്ങളെ കണ്ടെത്താനുള്ള ശ്രമമാകയാൽ അതു ചിലർക്കെങ്കിലും അലോസരമുണ്ടാക്കുന്നതാണ്. അവർ ഉന്നയിക്കുന്ന വിമർശനങ്ങളെ മാറ്റിനിർത്താമെങ്കിലും കലയിൽ സത്യസൗന്ദര്യങ്ങളുടെ ചേരുവയെ കുറിച്ചുള്ള കുട്ടികൃഷ്ണമാരാരുടെ അഭിപ്രായങ്ങൾ സാഹിത്യ വിദ്യാർത്ഥിയുടെ പരിഗണന അർഹിക്കുന്നു.[11] സൗന്ദര്യത്തേക്കാൾ സത്യത്തിന് പ്രാധാന്യം കൊടുക്കേണ്ടിവരുന്ന സന്ദർഭങ്ങളെ മാരാർ വിസ്മരിക്കുന്നുമില്ല. കലാസൗന്ദര്യത്തേക്കാൾ സത്യപ്രകാശനത്തിനാണ് തങ്ങൾ രചനനടത്തിയത് എന്ന് ഈ എഴുത്തുകാരെല്ലാം വ്യക്തമാക്കിയിട്ടുമുണ്ട്.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ ശാസ്ത്രത്തോടുള്ള മനോഭാവം എത്രത്തോളം ആശാസ്യമായിരുന്നു എന്ന് തീർപ്പു കല്പിക്കാൻ പ്രയാസമുണ്ട്. ശാസ്ത്രം രക്ഷകനോ ശിക്ഷകനോ എന്ന കാര്യത്തിൽ ഇവർ ഏകാഭിപ്രായക്കാരുമായിരുന്നില്ല. വിചാരമേഖലയിൽ സഞ്ചരിക്കുന്ന ശാസ്ത്രവും, വികാരമണ്ഡലത്തിൽ വർത്തിക്കുന്ന കലാബോധവും നേർക്കുനേർ വർത്തിക്കുന്ന ചില സന്ദർഭങ്ങളിൽ ഇവർ ശാസ്ത്രവിരോധികളാകാറുമുണ്ട്. എന്നാൽ മാനവനന്മയിലൂന്നിയുള്ള ശാസ്ത്രബോധം തികച്ചും വെച്ചുപുലർത്തിയവരാണ് ഈ കലാകാരന്മാർ. പാശ്ചാത്യരുടെ, ലോകവീക്ഷണവും മൂല്യബോധവും, മനുഷ്യനെ മനസ്സിലാക്കുന്ന രീതിയും, കോളനി രാജ്യങ്ങളിലെ ജനങ്ങളോടുള്ള മനോഭാവവും ഭാരതീയകാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ നിന്ദ്യവും നീചവുമായിരുന്നു. സമകാല പരിതസ്ഥിതികൾ ഭാരതീയ വീക്ഷണത്തെ സാധൂകരിക്കുന്നതുമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തുകൊണ്ട് പാശ്ചാത്യാധിനിവേശത്തെ എതിർത്തുനിന്ന ഈ എഴുത്തുകാർ കാലത്തോട് സത്യസന്ധമായി പ്രതികരിച്ചു. കാലാതീതമായ ചില സത്യങ്ങൾ പറയാൻ ബാദ്ധ്യതപ്പെട്ടവനാകയാൽ പാശ്ചാത്യ

മാനവിക മൂല്യങ്ങളെ അവർ ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്തു. നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ സാവകാശമില്ലാത്തവരും ക്ഷമാശീലം കുറഞ്ഞവരുമായിരുന്നു എന്ന വിമർശനം നിലനില്ക്കത്തക്കതല്ല. വാക്കുകളിൽ മിതത്വം പാലിച്ച്, വ്യംഗ്യപരാമർശങ്ങൾക്ക് പ്രാധാന്യം നല്കിയ മിക്ക നവോത്ഥാന ചെറുകഥകളും ക്ഷമയും സാവകാശവും ഉള്ള ഒരു എഴുത്തുകാരനിൽ നിന്നു മാത്രം പിറവികൊള്ളുന്നതാണ്. കാരൂർ നീലകണ്ഠപിള്ള ഒഴികെ ഉള്ള മിക്ക കഥാകാരന്മാരും നല്ല നോവലിസ്റ്റുകളുമായിരുന്നു. നവോത്ഥാനകാലചെറുകഥയെകുറിച്ചും, എഴുത്തുകാരെകുറിച്ചും ഉയർന്നുവന്ന പൊതുവിമർശനങ്ങൾ ഇന്ന് പ്രസക്തമല്ല. എന്നാൽ ആ കാലഘട്ടത്തിലെ വിമർശകലോകത്തിന് കാണാൻ കഴിയാതെ പോയ ചില ന്യൂനതകൾ ആധുനികവിമർശകർ ശ്രദ്ധയിൽകൊണ്ടുവരുന്നുണ്ട്.

### 3.6. പുരോഗമന സാഹിത്യ പ്രസ്ഥാനവും നവോത്ഥാനകാലകഥയും

നവോത്ഥാനകാലചെറുകഥാകാരന് ആത്മവിശ്വാസം നല്കിയ ഭൗതികവും, ബൗദ്ധികവുമായ സാഹചര്യങ്ങളെയും അതിനനുകൂലമായും പ്രതികൂലമായും ഉയർന്നുവന്ന സംവാദവിവാദങ്ങളെയും വിലയിരുത്തേണ്ടതുണ്ട്.

പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സാന്നിദ്ധ്യമാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കളുടെ ദാർശനികചിന്തകൾക്കും മാനവികതാബോധത്തിനും വ്യക്തത നല്കിയത്. ഇതിനായി പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഒരു ലഘുചരിത്രവും, അതിൽ നവോത്ഥാനകാല കഥാകാരന്മാർക്കുണ്ടായിരുന്ന പങ്കാളിത്തത്തെ കുറിച്ചുള്ള ലഘുവിവരണവും ഇവിടെ ആവശ്യമാണ്. 1935ലെ പാരീസ് സമ്മേളനത്തിന്റെ തുടർച്ചയായി അതേവർഷം അലഹബാദിൽ വെച്ച് ചേർന്ന എഴുത്തുകാരുടെ സമ്മേളനം ഇന്ത്യയിലെ പുരോഗമന സാഹിത്യസംഘടനയ്ക്ക് രൂപം നല്കി. തുടർന്ന് കൂടുതൽ വിപുല

മായ ഒരു സമ്മേളനം 1936 ൽ ലക്നോവിൽ സംഘടിപ്പിച്ച് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സൈദ്ധാന്തികവും രചനാസംബന്ധവുമായ നിലപാടുകൾ ആവിഷ്ക രിച്ചു. ഈ സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് 1937 ഏപ്രിൽമാസത്തിൽ തൃശൂ രിൽ ചേർന്ന എഴുത്തുകാരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും യോഗം കേരളത്തിൽ ജീവൽ സാഹിത്യസംഘത്തിന് രൂപം നല്കിയത്. ജീവൽ സാഹിത്യസംഘത്തിന്റെ രണ്ടാ മത്തെ സമ്മേളനം 1938 ൽ തൃശൂരിൽ വെച്ച് നടന്നു. സംഘടനയുടെ പ്രവർത്തനരീതി യിൽ വലിയമാറ്റങ്ങൾ വരുത്തിയ ഈ സമ്മേളനം കേരളീയ ജീവിതത്തിന്റെ സവിശേഷ മായ പ്രശ്നങ്ങളിലേക്ക് എഴുത്തുകാരന്റെയും കലാകാരന്റെയും ശ്രദ്ധ ക്ഷണിച്ചു. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാരും പ്രവർത്തകരുമാണ് ജീവൽസാഹിത്യസംഘടനയുടെ പരിശ്രമങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. കേസരി ബാലകൃഷ്ണപിള്ളയെ പോലുള്ള സാഹിത്യ വിമർശകരുടെ സജീവമായപിന്തുണയും പ്രോത്സാഹനവും ഈ സംരംഭങ്ങൾക്കുണ്ടായിരുന്നു. ജീവൽസാഹിത്യപ്രസ്ഥാനം കേര ളത്തിൽ നിലവിൽ വരുന്നതിനു മുമ്പുതന്നെ പ്രസ്തുത സംഘടനയുടെ ചിന്താഗതി കൾക്കനുകൂലമായ സാഹചര്യം കേരളത്തിൽ വളർത്തികൊണ്ടു വരുന്നതിൽ കേസരി, സ്വദേശാഭിമാനി, എം.പി. പോൾ എന്നിവർ നല്കിയ സംഭാവന നിസ്തുലമായിരുന്നു. കൂടുതൽ വിശാലമായ ഒരു വീക്ഷണവും പ്രവർത്തനമേഖലയും സംഘടനയ്ക്കുണ്ടാ കണമെന്ന ബോധത്തിൽ നിന്നാണ് 1944 ജനുവരിയിൽ ഷൊർണ്ണൂരിൽ വെച്ച് ചേർന്ന സമ്മേളനത്തിൽവെച്ച് ജീവൽസാഹിത്യപ്രസ്ഥാനം പുരോഗമന സാഹിത്യ പ്രസ്ഥാന മായി മാറിയത്. ജീവൽ സാഹിത്യം എന്ന പേര് അതിന്റെ ജീവൻ പുരോഗമനമാണെന്ന് സ്വയം വെളിപ്പെടുത്താൻ പര്യാപ്തമല്ല എന്ന അഭിപ്രായത്തിൽ നിന്നാണ് സംഘടനയ്ക്ക് ഒരു പുനർനാമകരണം ആവശ്യമായിവന്നത്.[12] പുരോഗമന സാഹിത്യപ്രസ്ഥാന ചരി ത്രത്തിൽ മാത്രമല്ല, മലയാളഭാഷാസാഹിത്യത്തിന്റെ ചരിത്രത്തിൽ തന്നെ 1945 മെയ്

മാസത്തിൽ കോട്ടയത്തു വെച്ച് ചേർന്ന രണ്ടാം സമ്മേളനം നിർണ്ണായകമായിരുന്നു. മനുഷ്യചരിത്രത്തെ പുതുക്കിപണിയാൻ ശ്രമിക്കുമ്പോഴാണ് മഹത്തായ സാഹിത്യം പിറവി കൊള്ളുന്നത് എന്ന് മലയാളത്തിലെ എഴുത്തുകാരെ ഈ സമ്മേളനം ഓർമ്മിപ്പിച്ചു.

**3.6.1.** പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ താത്വികനിലപാടുകൾ ഇ.എം.എസ്., കെ. ദാമോദരൻ, സി. അച്ചുതമേനോൻ, എം.എസ്. ദേവദാസ് തുടങ്ങിയവർ വിവിധ സന്ദർഭങ്ങളിലായി ലേഖനങ്ങളിലൂടെ വിശദീകരിച്ചിട്ടുണ്ട്. ഇതുപോലെ തന്നെ പ്രസക്തമാണ് പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വിവിധ സമ്മേളനങ്ങളിൽ ശ്രീ. എം. പി. പോൾ നടത്തിയ പ്രസംഗങ്ങൾ. ഷൊർണ്ണൂർ (1944) തൃശൂർ (1948) കൊല്ലം (1949) പുരോഗമന സാഹിത്യസംഘടനാസമ്മേളനങ്ങളിൽ പോൾ നടത്തിയ അദ്ധ്യക്ഷപ്രസംഗങ്ങളും, 1945 ലെ കോട്ടയം സമ്മേളനത്തിലെ സ്വാഗതപ്രസംഗവും യഥാക്രമം 'പുരോഗമനസാഹിത്യം' 'സാഹിത്യപുരോഗതി' 'രൂപഭദ്രത' 'മലയാള സാഹിത്യത്തിന്റെ കുറവുകൾ' എന്നീ ശീർഷകങ്ങളിൽ 'സാഹിത്യവിചാരം', 'ഗദ്യഗതി' എന്നീ കൃതികളിൽ കാണാം. ആ കാലഘട്ടത്തിലെ രചനാ സങ്കല്പവും ആസ്വാദനബോധവും വ്യക്തമാക്കുന്നവയായിരുന്നു ആ പ്രസംഗങ്ങൾ. കോട്ടയം സമ്മേളനത്തിൽ വെച്ച് ചങ്ങമ്പുഴ, ജി. ശങ്കരകുറുപ്പ് എന്നിവർ നടത്തിയ പ്രസംഗങ്ങൾ എഴുത്തുകാരന്റെ മനുഷ്യപക്ഷപാതം എടുത്തുപറയുന്നവയായിരുന്നു.

ആന്തരമായ ഒരു പ്രേരണയാൽ സത്യത്തെ അന്വേഷിച്ചു പോയിരിക്കുന്ന ഒരു കവി എപ്പോഴും സാമാന്യജനങ്ങളിൽ നിന്ന് ഏറെകുറെ അകലത്താണ് നിലകൊള്ളുന്നത് എന്നും സാമാന്യജനങ്ങളിൽനിന്ന്, വേണമെന്നുള്ളവർ വിദ്യാഭ്യാസവും സംസ്കാരവും സമ്പാദിച്ച് അദ്ദേഹത്തന്റെ അടുക്കലേക്ക് അങ്ങോട്ട് ചെല്ലുകയത്രെ ചെയ്യുന്നത് എന്നുമുള്ള  അഭിപ്രായം അരങ്ങുവാഴുന്ന കാലഘട്ടത്തിലാണ്, മനുഷ്യരാശി കലാകാ

രനെത്തേടി അങ്ങോട്ടു ചെല്ലുകയല്ല കലാകാരൻ പ്രകടനവുമായി സ്വയം മനുഷ്യരാശിയുടെ കൂടെ വരികയാണ് ചെയ്യുന്നതെന്ന് ചങ്ങമ്പുഴ സൂചിപ്പിച്ചത്. ദന്തഗോപുരങ്ങളിൽനിന്ന് കലയും കലാകാരനും ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിവരണമെന്ന ആശയം ആദ്യം ഉൾക്കൊണ്ടത് ചെറുകഥാകൃത്താണ്. മൂന്നു ഘട്ടങ്ങളിലായി നടന്ന സമ്മേളനത്തിൽ പ്രഥമയോഗത്തിൽ മുണ്ടശ്ശേരിയും രണ്ടാമത്തേതിൽ ചങ്ങമ്പുഴ കൃഷ്ണപിള്ളയും തൃതീയ യോഗത്തിൽ കുറ്റിപ്പുഴ കൃഷ്ണപിള്ളയുമാണ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചത്. ഈ മൂന്നു പ്രസംഗങ്ങളും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ സവിശേഷ വീക്ഷണങ്ങളെ പ്രതിനിധാനം ചെയ്തു.

മലയാള നവോത്ഥാന കഥാകാരന്മാരിൽ മിക്കപേരും പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ആശയഗതികളാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു. തകഴി ശിവശങ്കരപിള്ള എല്ലാ സമ്മേളനത്തിലും പങ്കെടുക്കുകയും ഉപദേശനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേശവദേവും, പൊൻകുന്നം വർക്കിയും സംഘടനയുടെ സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചുവന്നു. കോട്ടയം സമ്മേളനത്തിന്റെ മുഖ്യസംഘാടകരിൽ ഒരാൾ കാരൂർ നീലകണ്ഠപിള്ള ആയിരുന്നു. പുരോഗമന സാഹിത്യ സംഘടനയുടെ ആശയ പ്രചരണത്തിൽ ലളിതാംബിക അന്തർജ്ജനം പങ്കാളിയായി. ഉറൂബും, പൊറ്റക്കാടും മലബാറിലെ സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഗദ്യസാഹിത്യത്തിൽ മാർഗ്ഗനിർദ്ദേശം നല്കുന്ന രൂപത്തിൽ വിമർശനദൗത്യം നിർവഹിച്ചിരുന്ന കേസരി ബാലകൃഷ്ണപിള്ള സംഘടനാ ചട്ടകൂട്ടിനകത്ത് ഒതുങ്ങിനിന്നിരുന്നില്ലെങ്കിലും പുരോഗമനസാഹിത്യത്തിന്റെ ഊർജ്ജ സ്രോതസ്സായിരുന്നു. എം.പി. പോൾ, മുണ്ടശ്ശേരി, കുറ്റിപ്പുഴ എന്നീ വിമർശകന്മാർ സംഘടനയുടെ സജീവനേതാക്കളും വക്താക്കളുമായിരുന്നു.

കേവല മാനവികതയിൽനിന്ന് നിസ്വവർഗത്തിനുവേണ്ടി നിലകൊള്ളുന്ന വർഗ്ഗാധിഷ്ഠിത മാനവികതാബോധത്തിലേക്ക് കഥാകാരനെ നയിച്ചത് പുരോഗമന സാഹി

ത്യപ്രസ്ഥാനമാണ്. കലയിലെ പ്രചരണാംശം സാമൂഹ്യാംഗീകാരം നേടിയതും ഇക്കാല ത്താണ്.

**3.6.2.** ഭാഷാസാഹിത്യ വളർച്ചയിൽ സാഹിത്യസമരങ്ങൾ പ്രധാനപ്പെട്ട ഒരു പങ്ക് നിർവഹിച്ചിട്ടുണ്ട്.[13] കല്യാണസൗഗന്ധികവാദം, ദ്വിതീയാക്ഷര പ്രാസവാദം തുടങ്ങിയ സംവാദങ്ങൾ ആരോഗ്യകരമായ സാഹിത്യവളർച്ചയ്ക്ക് വഴിയൊരുക്കി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കിടയിൽ ഇടക്കാലത്ത് ഉയർന്നുവന്ന 'രൂപഭദ്ര താവാദം' കഥാസാഹിത്യത്തിന്റെ രൂപ-ഭാവങ്ങളെ നിർണ്ണായകമായി സ്വാധീനിച്ചു. ഭാവം എത്ര ശ്രേഷ്ഠമായിരുന്നാലും ഏതൊരു സാഹിത്യരൂപവും അതിന്റേതായ രൂപപരമായ ബാദ്ധ്യത നിറവേറ്റണമെന്ന് മുണ്ടശ്ശേരിയെ പോലുള്ള വിമർശകന്മാർ വാദിച്ചു. രൂപനി ഷ്കർഷയിൽ ഇതിവൃത്തവും അതിലെ മാനവികചിന്തയും നഷ്ടപ്പെട്ടുകൂടാ എന്നതാ യിരുന്നു ഇ.എം.എസിനെ പോലുള്ള മറുപക്ഷക്കാരുടെ വാദം. സ്വമതം സമർത്ഥിക്കാ നുള്ള വ്യഗ്രതയിൽ എഴുതപ്പെട്ട ചില ലേഖനങ്ങൾ വ്യർത്ഥാസ്ഥൂലമായിരുന്നുവെങ്കിലും, മറ്റുചില ലേഖനങ്ങൾ കഥാകകാരന്മാർക്ക് സാഹിത്യരൂപത്തോടുള്ള ബാദ്ധ്യതയെകൂടി ഓർമ്മിപ്പിച്ചു. പുരോഗമന സാഹിത്യ സംഘടനയുടെ വളർച്ചയിൽ ഇത്തരം ചർച്ചകൾ തടസ്സം സൃഷ്ടിച്ചുവെങ്കിലും കഥാസാഹിത്യത്തിന് രൂപപരമായും ഭാവപരമായും ദിശാ ബോധം നല്കുന്നതിൽ സഹായകമായി.

**3.6.3.** പുരോഗമനസാഹിത്യസംഘടന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഗൂഢതന്ത്രമാ ണെന്ന് വിശ്വസിച്ചവരുണ്ടായിരുന്നു. മനുഷ്യന്റെ സാംസ്കാരികബോധത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങളിലൊന്നായ സാഹിത്യം, കമ്മ്യൂണിസ്റ്റ് ആശയഗതിയുടെയും അതിന്റെ വർഗ്ഗ ബഹുജനപ്രസ്ഥാനങ്ങളുടെയും പ്രചരണോപാ ധിയായി മാറുന്നു എന്ന് ഇവർ കരുതി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങൾക്കനുസൃത മായി എഴുത്തുകാരന്റെ വീക്ഷണവും രൂപപ്പെടണമെന്ന വാശി ചിലപ്പോഴെങ്കിലും പുരോ

ഗമന സാഹിത്യ സംഘടന കൈകൊള്ളുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഉയർന്നു വന്ന മിക്കവാദങ്ങളും ഉപരിപ്ലവമായിരുന്നുവെങ്കിലും എം.ആർ. നായർ (സഞ്ജയൻ 1903–1943), കുട്ടികൃഷ്ണമാരാര് (1900–1973) എന്നിവരുടെ വിമർശനങ്ങൾ തികച്ചും ശ്രദ്ധേയമായിരുന്നു. കലാകാരനെ നിയമനിബന്ധനകളുടെ ചങ്ങലകെട്ടുകളിൽ അകപ്പെടുത്തുന്നതിലായിരുന്നു സഞ്ജയന് അമർഷം. പ്രചാരവേല സാഹിത്യകാരന്റെ ചുമതലയല്ലെന്നും കല അതിന് അതീതമായിരിക്കണമെന്നും അദ്ദേഹം വാദിച്ചു. എന്നാൽ ഹാസ്യോപന്യാസങ്ങളിലൂടേയും, നർമ്മ കവിതകളിലൂടെയും സാമൂഹ്യ വിമർശനം നടത്തി സാഹിത്യപ്രവർത്തനത്തെ മാനവപുരോഗതിക്ക് ഉതകുന്നതാക്കി മാറ്റിയ സഞ്ജയൻ സംഘടന എന്ന രൂപത്തിനോടാണ് പൊരുതി നിന്നത്. പുരോഗമന സാഹിത്യ സംഘടന സജീവമാകുന്നതിന് മുമ്പ് സഞ്ജയൻ നിര്യാതനായി. കുട്ടികൃഷ്ണമാരാരുടെ വാദങ്ങൾ സ്വാഭാവികമായും സയുക്തികമായിരുന്നു. സഞ്ജയന്റെയും മാരാരുടെയും വാദഗതികൾ പ്രധാനമായും നിരവധി ഉപന്യാസങ്ങളിലായി പുറത്തുവന്നു.[14] പുരോഗമന സാഹിത്യ പ്രസ്ഥാനത്തോടുള്ള എതിർപ്പ് കൂടിവരുന്തോറും മാരാരുടെ സാമൂഹ്യവീക്ഷണം കൂടുതൽ വിശാലമാകുന്നതായി കാണാൻ കഴിയും.

'താൻ ബോധപൂർവവും, ഉദ്ദേശപൂർവവുമായ സാഹിത്യ പരിശ്രമം തുടങ്ങിയത്, 1937 കാലത്ത് കേരളത്തിൽ ഒരു ജീവൽ സാഹിത്യ പ്രസ്ഥാനം പിറന്ന് പടയ്ക്കുപുറപ്പെട്ടതു[15] മുതലാണെന്ന്' പ്രസ്താവിച്ചിട്ടുള്ള മാരാർ 'അവരെ എതിർക്കുവാനുള്ള സന്നാഹം കൂട്ടലിലാണ് തനിക്ക് സാഹിത്യപരമായ പല അപൂർവ ദർശനങ്ങളും കൈവന്നിട്ടുള്ളത്' എന്നും സമ്മതിച്ചിട്ടുണ്ട്.[16] നിഷേധസ്വാധീനത്തിന്റെ ഫലമായിട്ടാണെങ്കിലും മാരാരെ പോലുള്ള സാഹിത്യ വിമർശകൻമാരുടെപോലും വീക്ഷണഗതിയെ മാനവികതാചിന്തയിലേക്ക് നയിക്കാൻ പുരോഗമന സാഹിത്യപ്രസ്ഥാനത്തിനായി.

**3.6.4.** കേരളീയ പശ്ചാത്തലത്തിൽ ഹ്യൂമനിസത്തെ കുറിച്ചുള്ള ഏതൊരു ചിന്തയും എം.

ഗോവിന്ദനെ പരാമർശിക്കാതെ പൂർണ്ണമാകില്ല. മനുഷ്യനിഷേധങ്ങളായ പാണ്ഡിത്യപ്രകടനങ്ങളെയും, നിലനിന്നുപോന്ന യാഥാസ്ഥിതിക സിദ്ധാന്തങ്ങളെയും എതിർക്കാനുള്ള ഒരു പ്രതിപ്രവണത എന്ന നിലക്കാണ് ഹ്യൂമനിസ്റ്റ് ചിന്താധാരകളെ എം. ഗോവിന്ദൻ കേരളത്തിന് പരിചയപ്പെടുത്തുന്നത്. ലോകത്തു പിറവികൊണ്ട ഒരു സിദ്ധാന്തത്തിനും മനുഷ്യനെ വിസ്മരിച്ച് നിലനില്ക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യനെന്നത് അമൂർത്തഗുണങ്ങളുടെ ആൾരൂപമല്ലെന്നും, മൂർത്തരൂപങ്ങൾ പ്രകാശിപ്പിക്കുന്ന വ്യക്തിസത്തയാണെന്നും ഒരു ഹ്യൂമനിസ്റ്റ് കരുതണം. നിരന്തരോപയോഗത്താലും നിക്ഷിപ്തതാല്പര്യങ്ങളാലും അർത്ഥവൈകല്യം സംഭവിച്ച ഹ്യൂമനിസ്റ്റ് ആശയഗതികളെ കാലോചിതമായി പരിഷ്കരിച്ച് സമൂഹത്തിലെത്തിക്കലാണ് ഏതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യം. വൈദിക പാരമ്പര്യത്തിൽ നിന്നും അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും കേരളത്തെ പുതിയ ജീവിതത്തിലേക്ക് നയിച്ച നവോത്ഥാന നായകൻമാരിൽനിന്നും കാലാനുസൃതമായി കേരളത്തിന് മുന്നോട്ടുപോകാൻ കഴിയണം. പുരോഗമനസാഹിത്യ പ്രസ്ഥാനം ഉയർത്തിയ "സാഹിത്യകാരൻ ഏതു ചേരിയിൽ"? എന്ന ചോദ്യം സ്വാഭാവികമായും ഉത്തരമായി പ്രതീക്ഷിച്ചത് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ചേരിയിൽ എന്നാണ്. എന്നാൽ ദർശനങ്ങളും പ്രത്യശാസ്ത്രങ്ങളും മനുഷ്യർക്കിടയിൽ ചേരിതിരിവുകൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്നും, ഇതിൽ പിൻതള്ളപ്പെടുന്നത് മുതലാളിയോ ഇടത്തരക്കാരനോ തൊഴിലാളിയോ ഒന്നുമല്ല മനുഷ്യനാണ് എന്നും എം. ഗോവിന്ദനെ പോലുള്ള കേവല ഹ്യൂമനിസ്റ്റുകൾ കരുതി. എം.എൻ. റോയ് ആവിഷ്കരിച്ച 'റാഡിക്കൽ ഹ്യൂമനിസം' എന്ന ആശയഗതിയാണ് എം. ഗോവിന്ദന്റെ ദർശനത്തെ സ്വാധീനിച്ചിരുന്നത്. മനുഷ്യനെ കേവലനായി കാണുകയും അവന്റെ പ്രശ്നങ്ങളെ മറ്റ് സാമൂഹ്യ പ്രശ്നങ്ങളിൽ നിന്ന് വേറിട്ട് കാണുകയും ചെയ്യുന്ന ഈ ചിന്താഗതി പല വിവാദങ്ങൾക്കും ഇടനല്കി. സൂക്ഷ്മാർത്ഥത്തിൽ മനുഷ്യനെ മുൻനിർത്തിയുള്ള വീക്ഷണഗതിയാകയാൽ ഇത് പിന്നീട് മുഖ്യധാര

യിൽ ഒരു കൈവഴി എന്നനിലയിലേക്ക് ചുരുങ്ങി. മലയാള സാഹിത്യത്തിലെ ഇതര ശാഖകളെ കൂടി സ്വാധീനിക്കുന്നതിനും മാനവിക ചിന്തക്ക് സ്വാഭാവികമായും കഴിഞ്ഞു.

### 3.7. കേവല മാനവികതയിൽനിന്നും വർഗ്ഗാശ്രിതമാനവികതയിലേക്ക്

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപചയാപചയങ്ങൾ കലാസാഹിത്യത്തിന്റെ ഗതിയെ സ്വാധീനിച്ചുവെന്നും, മാനവികതാബോധത്തിൽ ഏറ്റകുറച്ചിലുകളുണ്ടാക്കിയെന്നും ആ സംഘടനയുടെ ചരിത്രം പഠിക്കുന്നതിൽനിന്നും വ്യക്തമാകുന്നു.

ഹ്യൂമനിസത്തെ കുറിച്ചുള്ള ഏതൊരു ചിന്തയും വർഗ്ഗാശ്രിതമാകാതിരിക്കാൻ കഴിയില്ലെന്ന് പ്രസ്തുത സാഹചര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. മാർക്സിസ്റ്റ് ദർശനത്തിന്റെ കാഴ്ചപ്പാട് സമൂഹത്തെയും മനുഷ്യനെയും സമീപിക്കുന്നത് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദ ദർശനത്തിന്റെ കാഴ്ചപ്പാടിൽനിന്നുകൊണ്ടാണ്. ഏകനായ വ്യക്തിയും, അയാൾ അംഗമായ സമൂഹവും, ഏത് ഭൗതിക പ്രപഞ്ചത്തിൽനിന്നാണോ ഉരുത്തിരിഞ്ഞുവരുന്നത് ആ പ്രപഞ്ചവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഏകനായ വ്യക്തിയെ അയാൾ അംഗമായ സമൂഹത്തിനും ഭൗതിക പ്രപഞ്ചത്തിനും മുകളിൽ സ്ഥാപിക്കുന്നത് ശരിയല്ല. പ്രകൃതിയിലെ ഏതെങ്കിലും പ്രതിഭാസത്തെ അതിനു ചുറ്റുമുള്ള പ്രതിഭാസങ്ങളിൽനിന്ന് വേർപെടുത്തിയെടുത്ത് പരിശോധിക്കാൻ കഴിയാത്തതുപോലെ, കേവലനായ മനുഷ്യനെയും പഠിക്കാൻ കഴിയുകയില്ല. സാഹിത്യകാരന്റെ കലാസൗന്ദര്യപരമായ മികവിനെ ഭൗതികപ്രപഞ്ചത്തിൽനിന്നും, അയാൾക്കു ജന്മം നൽകിയ മനുഷ്യസമൂഹത്തിൽനിന്നും വേറിട്ടുകാണുന്നതും ശരിയല്ല. മനുഷ്യരുടെ ബോധമല്ല അവരുടെ അസ്തിത്വത്തെ നിർണ്ണയിക്കുന്നത്, അവന്റെ സാമൂഹ്യാസ്തിത്വമാണ് ബോധത്തെ നിർണ്ണയിക്കുന്നത്. ഒരു സാഹിത്യകാരന്റെയോ അയാളുടെ ഒരു പ്രത്യേക രചനയുടെയോ മഹത്വം അത് രചിച്ച വ്യക്തിയുടെ മാത്രമല്ല, അയാൾ അംഗമായ സമൂഹത്തിന്റെയും അതുമായി

ബന്ധപ്പെട്ട പ്രാചീന-സമകാലിക സമൂഹങ്ങളുടെയും നീണ്ടകാലത്തെ വളർച്ചയുടെ ഫലമാണ്. സമൂഹത്തിൽ നടക്കുന്ന വർഗ്ഗസംഘർഷങ്ങളാണ് സാമൂഹ്യവളർച്ചയ്ക്ക് നിദാനം. സമൂഹത്തെ പുരോഗമന ഉള്ളടക്കത്തോടെ പുനഃസംഘടിപ്പിക്കുന്നതിൽ വർഗ്ഗ സമരമാണ് പ്രധാനം. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥയിൽ വർഗ്ഗസമരത്തിന്റെ യാഥാർത്ഥ്യം സ്പഷ്ടമാണ്. എന്നാൽ മനുഷ്യജീവിതത്തിൽ വർഗ്ഗസംഘർഷം മറച്ചു വയ്ക്കപ്പെട്ട ചില മണ്ഡലങ്ങളുമുണ്ട്. ദർശനം, മതം, ശാസ്ത്രം, ടെക്നോളജി, കല, സാഹിത്യം എന്നീ മേഖലകളാണ് ഇതിൽ പ്രധാനം. ഈ മേഖലയിലെ ആശയങ്ങളോ സിദ്ധാന്തങ്ങളോ ഏതെങ്കിലും ഒരു വർഗ്ഗവുമായി മാത്രം ബന്ധപ്പെട്ടവയല്ലെന്നും അതി നാൽ വർഗ്ഗസമരത്തിന് അതീതമാണെന്നും പ്രഥമ നിരീക്ഷണത്തിൽ തോന്നിയേക്കാം. ചൂഷണം ചെയ്യപ്പെടുന്ന വിഭാഗങ്ങളിൽനിന്ന് ആത്മനിഷ്ഠമായി അകന്നുനിൽക്കു മ്പോൾപോലും പല എഴുത്തുകാരുടെയും രചനകൾ ചൂഷിതവർഗ്ഗത്തിന്റെ മോചനത്തിന് വഴിയൊരുക്കും. മാർക്സിയൻദർശനത്തിന്റെ ഭാഗമായി വളർന്നുവന്ന ഈ ചിന്താഗ തിയെ പ്ലഖനോവ് (1886-1918), മാർക്സിം ഗോർക്കി (1868-1936), ലൂണാ ചാഴ്സ്കി (1873 -1933) തുടങ്ങിയ മാർക്സിസ്റ്റ് നിരൂപകന്മാർലോകത്ത്പ്രചരിപ്പിച്ചു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രചരണത്തിലൂടെ ഈ സന്ദേശം കേരളത്തിലുമെത്തി. മാർക്സിയൻ നിരൂപണത്തിന്റെ സവിശേഷമായ മറ്റൊരു കാഴ്ചപ്പാടാണ് അടിത്തറ-മേല്പുര സിദ്ധാ ന്തം. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക ബന്ധങ്ങളാണ് ആ സാമൂഹിക ക്രമത്തിന്റെ അടിത്തറ. ഒരു സമൂഹത്തിലെ ഉല്പാദന ബന്ധങ്ങളുടെ ആകെത്തുകയാണ് ആ സമൂഹത്തിന്റെ സാമ്പത്തിക ഘടന. ഈ അടിത്തറയുടെ മുകളിലാണ് ആശയലോ കങ്ങളുടെയും സ്ഥാപനങ്ങളുടേയുമായ മേൽപ്പുര ഉയർന്നുവരുന്നത്. ഈ ഉപരിഘടന കളിൽ ഒന്നായ സാംസ്കാരികരംഗം സ്വാഭാവികമായും അടിത്തറയെ സ്വാധീനിക്കും. ഉള്ളവർ/ഇല്ലാത്തവർ എന്ന വിഭജനത്തെക്കുറിച്ച് ഉയർന്നുവന്ന ചിന്തകൾ അടിത്തറയെ

മാറ്റുന്ന ഭൗതികശക്തിയായി വളരും. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടും അല്ലാതെയും സാഹിത്യരംഗത്ത് പ്രവർത്തിച്ചവർ കേവലമാനവികതാവാദത്തെ വർഗ്ഗാശ്രിത മാനവികതാവാദത്തിലേക്ക് മാറ്റിക്കൊണ്ടിരുന്നു.

മേൽവിവരിച്ച പശ്ചാത്തലത്തിൽ മലയാള ചെറുകഥയിലെ മനുഷ്യപക്ഷപാതത്തെ ചെറുകഥ ഉൾക്കൊണ്ടതത് ഇനി പറയും പ്രകാരത്തിലാണ്.

1. നിലനിന്നിരുന്ന മൂല്യസിദ്ധാന്തങ്ങളെ ജീവിതസത്യത്തെ പശ്ചാത്തലമാക്കി പരിശോധിക്കുകയും ന്യൂനതകൾ ചൂണ്ടികാണിക്കുകയും, പുതിയ മൂല്യബോധത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

2. നിസ്സഹായനായ മനുഷ്യനെ നിരുന്മേഷനാക്കി മാറ്റാനല്ല സ്ഥിരോത്സാഹിയും കർമ്മനിരതനുമാക്കി മാറ്റാൻ തങ്ങളുടെ സാഹിത്യ പരിശ്രമങ്ങൾക്ക് കഴിയണമെന്ന് അവർ വിശ്വസിച്ചു.

3. മനുഷ്യൻ മനുഷ്യനോടു കാണിക്കേണ്ടുന്ന ധാരണ, പരസ്പര വിശ്വാസം, സത്യസന്ധത എന്നിവയ്ക്കെല്ലാം രചനകളിൽ ഇടം നല്കാൻ ഇവർ ശ്രദ്ധിച്ചു. നിസ്വനും, ചൂഷിതനുമായ മനുഷ്യനുവേണ്ടി നിലകൊള്ളുന്നവനാണ് യഥാർത്ഥ മാനവികതാവാദി എന്നും, അവർ ലോകത്താകെ നടക്കുന്ന നിസ്വവർഗ്ഗത്തിന്റെ മോചനത്തിനു വേണ്ടിയുള്ള പരിശ്രമത്തിലെ ഭാഗഭാക്കുകളാണെന്നും മനസ്സിലാക്കി. മനുഷ്യനും മാർക്സിസ്റ്റ് ദർശനവും രണ്ടല്ല എന്നും, മറ്റൊരു ദർശനം പകരം വെയ്ക്കാനില്ലാത്തിടത്തോളം മാർക്സിയൻ വീക്ഷണം ശരിയാണെന്നും നവോത്ഥാന കഥാകൃത്തുകളിൽ വലിയൊരു വിഭാഗം കരുതി.

4. നിലനില്ക്കുന്ന ധർമ്മങ്ങൾക്കും നീതികൾക്കും അധികാരഘടനയുടെ താല്പര്യങ്ങൾ നിലനിർത്താനുള്ള ബാദ്ധ്യതയേ ഉള്ളൂ എന്നും, നീതികേടുകൾക്കെതിരായ

സമരത്തിൽ ദരിദ്രഭൂരിപക്ഷത്തോടൊപ്പമല്ല സമ്പന്നരോടൊപ്പമാണ് അധികാരം നില കൊള്ളുക എന്നും ഇവർ കഥകളിലൂടെ സമൂഹത്തെ ഓർമ്മിപ്പിച്ചു.

5. സ്വന്തം ജീവിതാനുഭവങ്ങൾ കൊണ്ട്, കലാനുഭവത്തിന്റെ തീക്ഷ്ണത വർദ്ധി പ്പിക്കാൻ ഓരോ കലാകാരനും ജാഗ്രത്തായിരിക്കണമെന്ന് ഇവർ തിരിച്ചറിഞ്ഞു.

6. പാശ്ചാത്യ മാതൃകകളെ പിന്തുടരാനും, കാല്പനിക ഭാവനക്ക് വാഗ്രൂപം നല്കാനും ഉള്ള ചില പരിശ്രമങ്ങൾ കാണാമെങ്കിലും കൂടുതലും സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ സാന്നിദ്ധ്യമാണ് നവോത്ഥാന കഥകളിൽ അനുഭവപ്പെടുന്നത്. ഭാവ നയ്ക്ക് പ്രാധാന്യം കൊടുക്കുന്നിടത്തുപോലും, യാഥാർത്ഥ്യത്തേക്കാൾ സത്യമാണ് ഭാവന എന്ന മതിപ്പുണ്ടാക്കുന്നതിന് ഈ എഴുത്തുകാർക്ക് കഴിഞ്ഞു. ഏതൊരു സ്വസ്ഥ തയിലും അസ്വസ്ഥനാകാൻ വിധിക്കപ്പെട്ടവനാണ് കലാകാരൻ എന്ന ബോധം ഇവർ വെച്ചുപുലർത്തി.

7. വിമർശകനിർദേശങ്ങളേക്കാൾ, ജനാഭിപ്രായമാണ് കലാകാരൻ മാനിക്കേണ്ടത് എന്ന് മനസ്സിലാക്കികൊണ്ടുതന്നെ സാഹിത്യ വിമർശകന്റെ ഉപദേശനിർദേശങ്ങൾ ഇവർ സ്വീകരിച്ചു.

**3.9.** മേല്പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കാരൂർ നീലകണ്ഠപിള്ള , ലളി താംബിക അന്തർജ്ജനം എന്നിവരുടെ ചെറുകഥകൾ മാനവികത – ഹ്യൂമനിസം – എന്ന മൂല്യത്തെ ഏതെല്ലാം വിധത്തിൽ ആവിഷ്കരിച്ചിരിക്കുന്നു എന്നതാണ് അടുത്ത അദ്ധ്യായങ്ങളിൽ അന്വേഷിക്കുന്നത്.

നവോത്ഥാനകാലകഥാകാരൻമാരിൽ മറ്റുള്ളവരെല്ലാം ചെറുകഥ എന്ന സാഹിത്യ രൂപത്തോടൊപ്പം നോവൽ രചനയിൽ ഏർപ്പെട്ടവരും അംഗീകാരം നേടിയവരുമാണ്. കാരൂരും ലളിതാംബികയും നോവലുകൾ രചിച്ചുവെങ്കിലും ആ സാഹിത്യ രൂപത്തോട്

പൊരുത്തപ്പെട്ടവർ ആയിരുന്നില്ല. ഒരു നോവലിസ്റ്റ് എന്ന നിലയിൽ അറിയപ്പെടാൻ ആഗ്രഹിക്കാത്ത കാരൂരിന്റെ നോവലുകൾ ഒന്നും തന്നെ വേണ്ടത്ര നിലവാരം പുലർത്തിയില്ല. ലളിതാംബിക അന്തർജനം എഴുതിയ ശ്രദ്ധേയമായ നോവലാണ് അഗ്നിസാക്ഷി. എന്നാൽ അതിന്റെ രചനയിലുള്ള മൂന്നു ഘട്ടങ്ങളെകുറിച്ച് എഴുത്തുകാരിതന്നെ വിശദീകരിച്ച പശ്ചാത്തലത്തിൽ[17] അതു മൂന്നു ചെറുകഥകളുടെ കൂടിചേരലാണ് എന്നു കാണാൻ കഴിയും.

കഥഎന്നസാഹിത്യരൂപത്തിനോട് ഈ രണ്ട് എഴുത്തുകാർക്കുമുണ്ടായിരുന്ന വാഗ്ദത്തതയും പ്രതിബദ്ധതയുമാണ് സൂക്ഷ്മസന്ദർഭത്തിലുള്ള പഠനത്തിന് ഈ എഴുത്തുകാരെ തിരഞ്ഞെടുക്കാൻ പ്രേരണ നൽകുന്നത്. ഒരേ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ ജീവിച്ചിരുന്ന ഈ രണ്ട് എഴുത്തുകാരും സാമ്പ്രദായിക ക്രമംവെച്ച് വ്യത്യസ്ത മൂല്യബോധത്തെയാണ് പ്രതിനിധാനം ചെയ്യേണ്ടിയിരുന്നത്. ജന്മിനാടുവാഴി പശ്ചാത്തലത്തിൽ ജനിച്ച് സുഖഭോഗങ്ങളിൽ മുഴുകി വേലചെയ്യാതെ ജീവിക്കാൻ കഴിയുമായിരുന്ന അന്തർജനവും, ദരിദ്രനായർ കുടുംബത്തിൽ ജനിച്ച് ദാരിദ്ര്യം അനുഭവിച്ചറിഞ്ഞ് ആയുസ്സ് മുഴുവൻ അദ്ധ്വാനിച്ച കാരൂർ നീലകണ്ഠപിള്ളയും ഒരു മൂല്യബോധത്തോട് എപ്രകാരം പ്രതികരിച്ചു എന്ന് അന്വേഷിക്കുന്നതും ഉചിതമാണെന്നു കരുതുന്നു.

മാനവികത – ഹ്യൂമനിസം – എന്ന മൂല്യചിന്തയോട് ഇരുവരുടെയും മനോഭാവം താരതമ്യം ചെയ്യുന്നത് വിജ്ഞാനദായകമായിരിക്കും.

സമകാലികരായ മറ്റ് ചെറുകഥാകാരന്മാർ പ്രത്യയശാസ്ത്ര നിലപാടുകളുള്ളവരും സംഘടനാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരുമായിരുന്നു. പ്രത്യയശാസ്ത്ര പ്രതിബദ്ധത പരസ്യമായി പ്രകടിപ്പിച്ച മറ്റ് നവോത്ഥാനകാലകഥാകാരന്മാരും പ്രസ്ഥാനങ്ങളുടെ അണിയറയിൽ ഒതുങ്ങിനിന്ന കാരൂരും ലളിതാംബികയും മനുഷ്യരെ

പരിചരിച്ച രീതി അന്വേഷിക്കുന്നത് ആശാസ്യമാണ്.

പ്രത്യയശാസ്ത്രാവബോധത്തേക്കാൾ പ്രധാനമാണ് പ്രത്യക്ഷമാനവപുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനം എന്ന് ഇരുവരും വിശ്വസിച്ചു. ഈ വീക്ഷണം കഥകളിൽ എപ്രകാരം പ്രത്യക്ഷപ്പെടുന്നുവെന്ന പരിശോധന നവോത്ഥാനകാല കഥാപഠനത്തിന് പുതിയ ദിശാബോധം നല്കും.

പതുക്കെ പറയുകയും ഉറക്കെ കേൾപ്പിക്കുകയും ചെയ്യുക എന്നത് ഇവരുടെ രചനാതന്ത്രമായിരുന്നു. രചനാരീതിയിലുള്ള സവിശേഷതകൾ അന്വേഷിക്കുന്നത് തുടർന്ന് ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും. ഇവരുടെ കഥകളിലെ മാനവികതാബോധത്തേയും അവ രൂപംകൊള്ളുന്ന സവിശേഷ സാമൂഹിക സാഹചര്യത്തേയും താരതമ്യ വിശകലനരീതിയിലാണ് വിലയിരുത്തുന്നത്.

വൈയക്തികവും സാമൂഹികവുമായ പശ്ചാത്തലങ്ങൾക്കപ്പുറം സാഹിത്യകാരനെയും രചനയെയും പഠനവിധേയമാക്കുമ്പോൾ സൗന്ദര്യാത്മക സമീപനത്തിന് ഊന്നൽ നൽകേണ്ടതാണ്. മൂല്യബോധങ്ങളുടെ സ്വീകാര്യതയും പ്രകാശനവും ഒരേ പ്രകാരത്തിൽ സാഹിത്യരൂപത്തിൽ സാർത്ഥകമായി ഇണക്കിച്ചേർക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ടോ എന്നതാണ് ഈ അന്വേഷണത്തിൽ പ്രധാനം. ഒരു എഴുത്തുകാരനിൽതന്നെ ഈ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. 'ഒരു എഴുത്തുകാരൻ ഒരു മൂല്യചിന്തയുടെ ആവിഷ്കാരം നിർവഹിച്ചു'വെന്ന പൊതുപ്രസ്താവത്തെ വിമർശനബുദ്ധ്യാ വിശകലനം ചെയ്തു മാത്രമെ സ്വീകരിക്കാൻ കഴിയൂ. മറ്റ് സാഹിത്യരൂപങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ഭാവലോകത്തെ ചെറുകഥ ഉൾക്കൊള്ളുന്നുണ്ട്. ഈ സൂക്ഷ്മത പ്രയോജനപ്പെടുത്തി ഒരു മൂല്യബോധത്തെ ആവിഷ്കരിച്ച രീതി അന്വേഷിക്കാൻ കൂടിയാണ് ഇവിടെ ശ്രമിക്കുന്നത്.

എഴുത്തിൽ ലിംഗഭേദത്തിന് പ്രാധാന്യമില്ലെങ്കിലും ചിന്താരീതികളെയും പരിചരണങ്ങളെയും ലിംഗബോധം സ്വാധീനിക്കുകതന്നെ ചെയ്യും. ഇതിലെ സാമ്യ വൈസാമ്യങ്ങളെ അന്വേഷിക്കുന്നതും പ്രസക്തമാണ്. സാഹിത്യരചനകളെ സാമൂഹിക സന്ദർഭങ്ങളിൽനിന്നും വേർപ്പെടുത്തി പരിശോധിക്കുന്നതും സാമൂഹിക സന്ദർഭങ്ങളെ മുൻവിധിയോടെ സമീപിച്ച് വീക്ഷണദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതും സാഹിത്യവിമർശനത്തിൽ ഇടംനേടുന്ന ഈ കാലയളവിൽ ഈ പഠനം പ്രസക്തമാണ്. ലളിതാംബിക അന്തർജനം സമീപകാലം വരെ സർഗ്ഗരംഗത്ത് സജീവമായിരുന്നു. ജീവിതാവസാനത്തിൽ നിരവധി പുരസ്കാരങ്ങൾകൂടി ലഭിച്ചതോടെ അവരുടെ സർഗ്ഗസംഭാവനകൾ സജീവമായ ചർച്ചക്ക് വിധേയമായി. 2009 അവരുടെ ജന്മശതാബ്ദി വർഷമാകയാൽ ഇന്നും സജീവമായ ചർച്ചകൾ നടന്നുവരുന്നുണ്ട്. കാരൂരിന്റെ രചനാലോകത്തെ സമഗ്രമായി വിലയിരുത്തുന്നതിനും സാഹിത്യവീക്ഷണത്തെ സവിശേഷമായി പ്രതിപാദിക്കുന്നതിനും നാലാം അദ്ധ്യായത്തിൽ ശ്രദ്ധിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ അന്തർജനത്തിന്റെ രചനാസങ്കല്പത്തെ സാമാന്യമായി വിശദീകരിച്ച് കാരൂരിന്റെ കഥകളുമായി താരതമ്യപഠനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കുറിപ്പുകൾ

1. Levistrauss Claude : Structural Anthropology, London: The Penguin Press, 1969, Page 134
2. Barth Roland : Structuralism, A Reader (Ed) Michae Lane, London: 1970, Page 140-155
3. Barth Roland : Structuralism, A Reader (Ed) Michae Lane, London: 1970, Page 156
4. Literary theory today : (Ed) Peter Coller and Helga Geyar Cambridge Polity Press 1990, Page 77
5. Barth Roland : Literary theory today (Ed) Peter Coller and Helga Geyar Cambridge Polity Press, 1990, Page 112
6. കുട്ടികൃഷ്ണമാരാര് : കൈവിളക്ക്, തൃശൂർ: കറന്റ് ബുക്സ് 1965, പേജ് 36
7. കേശവദേവ് പി : എതിർപ്പ് (രണ്ടാംഭാഗം), കോട്ടയം: സ.പ്ര.സ. 1964, പുറം 89
8. ഉറൂബ് : ഉറൂബിന്റെ തെരഞ്ഞെടുത്ത കഥകൾ (എന്റെ കഥയെപറ്റി ഞാൻ തന്നെ) കോട്ടയം: സ.പ്ര.സ. 1982, പുറം 375
9. കുട്ടികൃഷ്ണമാരാര് : കൈവിളക്ക്, തൃശൂർ: കറന്റ് ബുക്സ്, 1965, പുറം 40
10. കുട്ടികൃഷ്ണമാരാര് : കൈവിളക്ക് തൃശൂർ: കറന്റ് ബുക്സ്, 1965, പുറം 34
11. കുട്ടികൃഷ്ണമാരാര് : സാഹിത്യവിദ്യ (ലേ: സത്യവും സൗന്ദര്യവും) കോഴിക്കോട്: മാരാർ സ: പ്ര: പുറം 38-43
12. ഗോപാലകൃഷ്ണൻ പി.കെ. : പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും, തൃശൂർ: കേരള സാഹിത്യ അക്കാദമി, 1987, പുറം 99
13. ഭാസ്കരപിള്ള കെ. : സാഹിത്യസമരങ്ങൾ, കോട്ടയം: സ. പ്ര. സ. 1970
14. വങ്കസാഹിത്യം, സോഷ്യലിസവും സഞ്ജയനും, ലീലയും ജീവൽസാഹിത്യവും, സഖാവെങ്ങോട്ട്, മത്സരപരീക്ഷാഫലം, ഓക്കാനപ്രസ്ഥാനം (സഞ്ജയൻ, മാതൃഭൂമി പ്രസിദ്ധീകരണം) എന്നിവയാണ് പുരോഗമനസാഹിത്യപ്രസ്ഥാനത്തെ വിമർശിച്ച് സഞ്ജയനെഴുതിയ പ്രധാനപ്പെട്ട ലേഖനങ്ങൾ.

    പു. സ. സെക്രട്ടറിക്ക് ഒരു കത്ത് (കല ജീവിതംതന്നെ) കന്നികൊയ്ത്തിന്റെ അവതാരിക (പതിനഞ്ചുപന്യാസം) പൊതുജനം ഒരു ശുദ്ധാത്മാവ്, സനാതനധർമ്മം അഥവാ ശാശ്വതമൂല്യം (പലരും പലതും) ബാല്യകാലസഖി, കഥാബീജം (കൈവിളക്ക്) കല ജീവിതത്തെ എങ്ങനെ സ്പർശിക്കുന്നു, സത്യവും സൗന്ദര്യവും (സാഹിത്യവിദ്യ) പുരോഗമനചിന്ത, സാഹിത്യകാരന്മാർ ഏതുചേരിയിൽ (ചർച്ചാ

യോഗം) സാഹിത്യവിചാരം (ദന്തഗോപുരം) പ്രതിരോധസാഹിത്യം (ഇങ്ങുനിന്ന ങ്ങോളം) എന്നിവയാണ് കുട്ടികൃഷ്ണമാരാരുടെ പ്രസിദ്ധമായ 12 ഉപന്യാസങ്ങൾ

15. കുട്ടികൃഷ്ണമാരാര് : പതിനഞ്ചുപന്യാസങ്ങൾ (എം.പി. പോളിന്റെ കൂടെ, ലേ:) പുറം 68

16. കുട്ടികൃഷ്ണമാരാര് : കല ജീവിതം തന്നെ (ലേ: എന്റെ അടിവേരുകൾ)

17. ലളിതാംബിക അന്തർജനം : അഗ്നിസാക്ഷി, തൃശൂർ: കറന്റ് ബുക്സ്, 1990, പേജ് 5-7

അദ്ധ്യായം നാല്

# കാരൂരിന്റെ കഥാലോകം

കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജനത്തിന്റെയും രചനാസംസ്കാരത്തേയും ലോകവീക്ഷണത്തേയും രൂപപ്പെടുത്തിയത് നവോത്ഥാനകാല കേരളീയ പരിസരമാണെന്ന നിരീക്ഷണം പുതുമയുള്ളതല്ല. ഈ നിഗമനം പൊതുചർച്ചകളുടെ ഭാഗമായി സാഹിത്യവിദ്യാർത്ഥിയുടെ മനസ്സിലേക്ക് കടന്നുവന്നിട്ടുള്ളതുമാണ്. പറഞ്ഞവസാനിപ്പിച്ച ചരിത്രസന്ദർഭം എന്ന നിലയ്ക്കല്ല, തുടർന്നും ചർച്ചകളിലൂടെ പുതുജീവിതത്തിന് വഴിയൊരുക്കുന്ന ഒരു ചിന്താധാര എന്ന നിലയിലാണ് 'നവോത്ഥാനം' കേരളീയസമൂഹത്തിൽ നിലനിൽക്കുന്നത്. ഏതൊരു ചിന്താപദ്ധതിയും ശ്രദ്ധേയമാകുന്നത് അതിനെ നിലനിർത്തുന്ന ഘടകങ്ങളെപ്പോലെതന്നെ, പുനർനിർവ്വചിക്കാനും വ്യാഖ്യാനിക്കാനുമുള്ള സന്ദർഭങ്ങൾകൂടി നൽകുമ്പോഴാണ്. ഈ സാദ്ധ്യതകളെ ആ ചിന്താപദ്ധതിയുടെ അർത്ഥസാദ്ധ്യതകൾക്കകത്തുനിന്നുകൊണ്ടുമാത്രമേ പ്രയോജനപ്പെടുത്താൻ കഴിയൂ. നവോത്ഥാനസാമൂഹികസാഹചര്യത്തെക്കുറിച്ചും നവോത്ഥാനകാല ചെറുകഥയെ കുറിച്ചും പരാമർശിച്ച പൊതുകാഴ്ചപ്പാടുകൾ ഇന്നും പ്രസക്തമാണ്. ഈ കാഴ്ചപ്പാടുകൾക്കകത്തുനിന്നുകൊണ്ടുതന്നെയാണ് ആ കാലയളവിനെ കുറിച്ചുള്ള വ്യതിരിക്ത കാഴ്ചപ്പാടുകളും ഉയർന്നുവരുന്നത്. ഒരു സാഹിത്യരൂപത്തെ കുറിച്ചുള്ള ചർച്ചയിൽ മാത്രമല്ല, ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളീയ സമൂഹത്തെ സൃഷ്ടിച്ച ഏതൊരു മണ്ഡലത്തെക്കുറിച്ചുള്ള ചർച്ചയിലും ഈ കാലഘട്ടവും കാഴ്ചപ്പാടുകളും കടന്നുവരാറുണ്ട്. ഗുണവശങ്ങളെ കുറിച്ച് അഭിമാനിക്കുന്നതുപോലെത്തന്നെ ദോഷങ്ങളെ സൃഷ്ടിച്ച മനോഭാവങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തി തിരസ്കരിക്കാനും കേരളീയ സമൂഹം ജാഗ്രത കാണിക്കുന്നു. ഈ സംവാദങ്ങളിൽ സ്വാഭാവിക

മായും കഥാസാഹിത്യം കടന്നുവരുന്നു. രചനകളും രചനാവ്യക്തിത്വവും രൂപംകൊള്ളുന്ന സാഹചര്യവും സാഹിത്യപഠനത്തിന്റെ മുഖ്യമേഖലയാണ്. ഒരു പൊതുവീക്ഷണത്തിനകത്തുനിന്ന് നടത്തുന്ന പഠനങ്ങൾക്ക് അതിന്റേതായ പരിമിതികളും സാദ്ധ്യതകളുമുണ്ട്. സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കാരൂർ നീലകണ്ഠപിള്ളയുടെ സാഹിത്യപ്രതിഭ രൂപപ്പെട്ട സാഹചര്യങ്ങളാണ് ഈ അദ്ധ്യായത്തിന്റെ അന്വേഷണവിഷയം.

**4.1.** എഴുത്തുകാരിൽ പലരും തങ്ങൾ സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് അവരുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ട്. ഈ പ്രസ്താവങ്ങൾക്ക് സാഹിത്യനിരൂപകരോ പഠിതാക്കളോ അമിതപ്രാധാന്യം നൽകാറില്ല. ഈ പ്രകാശനങ്ങൾ നടത്തേണ്ടിവന്നസാഹചര്യം, പശ്ചാത്തലം, ആരോടാണ് വ്യക്തമാക്കുന്നത് തുടങ്ങിയ ഘടകങ്ങൾ വിശകലനം ചെയ്തുവേണം സാഹിത്യവിദ്യാർത്ഥി നിഗമനത്തിലെത്താൻ. സാഹിത്യ ചരിത്രകാരന്മാർ ഉണ്ടാക്കിവയ്ക്കുന്ന പൂർവ്വധാരണകളെയും ചില സന്ദർഭങ്ങളിൽ നിരാകരിക്കേണ്ടിവരും. ചരിത്രകാരന്റെ തീർപ്പുകളിൽ നിരന്തരം ഇടപെടുമ്പോൾ മാത്രമേ പുതിയ പഠനത്തിനുള്ള സാദ്ധ്യത തുറന്നുകിട്ടൂ. ഒരു എഴുത്തുകാരന്റെ പല രചനകളുമായും പരിചയപ്പെട്ടിട്ടുള്ള പഠിതാവിന് ആ വായനാനുഭവങ്ങൾ ക്രമീകൃതമായ ഒരു മാനസികാവസ്ഥയെ ഉണ്ടാക്കിയിരിക്കാം. ഈ ധാരണകളോടെ ഗൗരവമേറിയ പഠനങ്ങളിലേക്ക് കടക്കുന്നത് ശരിയല്ല. എഴുത്തുകാരുടെ വെളിപ്പെടുത്തലുകളെ സത്യവാങ്മൂലങ്ങളായി സ്വീകരിക്കുന്നില്ലെങ്കിലും ചില പ്രസ്താവനകളെ മുഖവിലക്കെടുക്കേണ്ടതായിവരും. ഈ നിഗമനങ്ങളിൽനിന്നുകൊണ്ടാണ് ഈ എഴുത്തുകാരുടെ കാവ്യവ്യക്തിത്വത്തെ കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നത്.

**4.1.1.** പൂർവ്വധാരണകളുടെ ആധിപത്യത്തെ പരമാവധി കുറച്ചുകൊണ്ടുവരുവാനുള്ള

ഒരു മാർഗ്ഗമാണ് ശൈലീപഠനം. വാക്കുകൾക്കതീതമായി ഒരു വാങ്മയം വായനക്കാരിൽ ചെലുത്തിയ സ്വാധീനമാണ് എഴുത്തുകാരന്റെ ശൈലി.

സാഹിത്യരചനയെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും അതിനു നിദാനമായി വർത്തിച്ച സാമൂഹ്യ സാഹചര്യങ്ങളും സ്വതസിദ്ധമായ ശീലങ്ങളും കാരൂർ പല ലേഖനങ്ങളിലും അഭിമുഖങ്ങളിലുമായി വ്യക്തമാക്കിയിട്ടുണ്ട്.[1] ഒരെഴുത്തുകാരന് സ്വയം കണ്ടെത്താൻ കഴിയാത്ത ഗുണദോഷങ്ങൾ ഒരു പഠിതാവിന് അദ്ദേഹത്തിന്റെ രചനകളെ മുൻനിർത്തി ചൂണ്ടികാണിക്കാൻ കഴിയും. ഓരോ സാഹിത്യരൂപത്തിനും, ഓരോ എഴുത്തുകാരനും തനതായ ഒരു ശൈലിയുണ്ടെന്ന് സാഹിത്യാസ്വാദനത്തിലൂടെ നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്.

കാരൂർ കഥകളെ കുറിച്ചുള്ള ആദ്യകാല പഠനങ്ങളിൽ മലയാളത്തിലെ പ്രഗത്ഭരായ രണ്ടു നിരൂപകന്മാർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ പില്കാലത്ത് കാരൂർ കഥകളെ കുറിച്ച് നടന്ന പഠനങ്ങളെയെല്ലാം സ്വാധീനിച്ചു. കാരൂരിന്റെ തിരഞ്ഞെടുത്ത കഥകൾക്ക് ജി. കുമാരപിള്ളയും എം. അച്യുതനും നടത്തിയ പഠനങ്ങളാണവ. കാരൂർ കഥ എഴുതുകയല്ല പറയുകയാണ് ചെയ്യുന്നത് എന്ന് ഇവർ പറഞ്ഞു വെക്കുകയും, പിന്നീടുള്ള പഠിതാക്കൾ അതു പല പ്രകാരത്തിൽ ആവർത്തിക്കുകയും ചെയ്തു. ഒരു എഴുത്തുകാരനെകുറിച്ചുള്ള ഉപരിപ്ലവമായ പഠനങ്ങളിൽ ഇത്തരം ഒരു പ്രസ്താവനക്ക് സാംഗത്യമുണ്ടെങ്കിലും സൂക്ഷ്മപഠനത്തിൽ ഇത് മുഖവിലയ്ക്കെടുക്കാൻ കഴിയുകയില്ല. ഇപ്രകാരമുള്ള രചനാരീതികൊണ്ട് കാരൂർ കഥയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള ന്യൂനത സംഭവിച്ചു എന്ന് ഈ നിരൂപകർക്ക് അഭിപ്രായമില്ല. എങ്കിലും എഴുതപ്പെട്ട ഒരു ലിഖിതപാഠം എന്ന നിലയ്ക്കാണ് ഒരു എഴുത്തുകാരന്റെ ഭാഷാശൈലി, ബിംബ കല്പനകൾ, അഖ്യാനതന്ത്രം എന്നിവ നമ്മുടെ ശ്രദ്ധയിലേക്ക് കടന്നുവരുന്നത്. അതുകൊണ്ടുതന്നെ കാരൂരിന്റെ ആഖ്യാനരീതിയെ വിലയിരുത്താൻ അദ്ദേഹത്തിന്റെ രചനാ

തന്ത്രങ്ങളെ അന്വേഷിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കഥകളിൽ കാണുന്ന 'മനുഷ്യൻ' സാമാന്യതകൾക്കിടയിൽ നിന്ന് എപ്രകാരം സവിശേഷമായി അവതരിപ്പിക്കപ്പെടുന്നു എന്നതും ഇവിടെ അന്വേഷണ വിഷയമാണ്. ഒരു ചെറുകഥയിൽ അവതരിപ്പിക്കുന്ന ജീവിതമുഹൂർത്തം യഥാർത്ഥ ജീവിതത്തിൽ സംഭവിച്ചതായിരിക്കണമെന്ന നിർബന്ധ മില്ല. എങ്കിലും സംഭവ്യമാണെന്ന ധാരണ വായനക്കാരനിൽ വളർത്താനുള്ള എഴുത്തു കാരന്റെ കഴിവാണ് ചെറുകഥയുടെ വിജയം. ഇതുകൂടി കണക്കിലെടുത്ത് കാരൂർ തിര ഞ്ഞെടുക്കുന്ന പാത്രസ്വഭാവത്തെയും ബിംബകല്പനകളെയും സൂക്ഷ്മമായി പരിശോ ധിച്ച് അതിന്റെ പിന്നിലുള്ള മനോവ്യാപാരങ്ങളെ കണ്ടെത്തേണ്ടതുമുണ്ട്.

**4.1.2. കാരൂരിന്റെ രചനാശൈലി**

ശൈലിശാശ്വതമായ ഒന്നല്ല. ഒരു വീക്ഷണരീതി എന്ന നിലയിൽ സാഹിത്യകാ രന്റെ മാനസികമായ വികാസവും, സങ്കോചവുമെല്ലാം ശൈലിയിൽ നിഴലിക്കും. വ്യക്തി നിഷ്ഠത, വസ്തുനിഷ്ഠത എന്നിവയെക്കൂടി പരിഗണിച്ചുവേണം ശൈലിയുടെ സങ്കീർണ്ണ തകളെ അപഗ്രഥിക്കാൻ. എല്ലാവരും നിത്യവ്യവഹാരത്തിനുപയോഗിക്കുന്ന ഭാഷ, സവി ശേഷമായ ഒരു തിരഞ്ഞെടുപ്പിലൂടെ ഒരു പ്രത്യേകഭാഷയാക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. ഈ തിരഞ്ഞെടുപ്പിലുള്ള വ്യതിരിക്തതകളും സവിശേഷകളുമാണ് ഒരു എഴുത്തുകാരന്റെ ശൈലി എന്ന് സാമാന്യമായി പറയാം. സാഹിത്യമണ്ഡലത്തിൽ ശൈലി യെകുറിച്ചു പഠിക്കാനും അതിലൂടെ സാഹിത്യ മാതൃക വിലയിരുത്താനും നടത്തുന്ന പഠനപദ്ധതിയെ സ്റ്റൈലിസ്റ്റിക്സ് എന്നു വിളിക്കുന്നു. ശൈലീപഠനത്തെ പലമേഖലക ളായിതിരിക്കാമെങ്കിലും വൈയക്തിക ശൈലിയും കാലഘട്ടശൈലിയുമാണ് ഇതിൽ പ്രധാ നം. ഒരു സാഹിത്യകാരന്റെ പല കൃതികളിൽ നിന്നായി അയാളുടെ ശൈലിയെ മാത്രം ആധാരമാക്കി നടത്തുന്ന പഠനമാണ് വൈയക്തിക ശൈലീപഠനം. ഏതെങ്കിലും ഒരെ ഴുത്തുകാരന്റെ പ്രാധാന്യം കണക്കിലെടുക്കാതെ അയാൾ ജീവിച്ചിരുന്ന കാലഘട്ടത്തിലെ

എഴുത്തുകാരുടെ ശൈലിയെ കുറിച്ചുള്ള വിലയിരുത്തലാണ് കാലപരമായ ശൈലീപഠനം.

പ്രാചീനകാവ്യശാസ്ത്രത്തിൽ ശൈലിയെ കുറിച്ചുള്ള പരാമർശങ്ങൾ കാണാമെങ്കിലും ആത്മനിഷ്ഠമായ ആസ്വാദനവുമായി ബന്ധപ്പെട്ടതാണ് ആ ശൈലീവിചാരം. അനുപ്രാസം തുടങ്ങിയ അലങ്കാരസങ്കല്പങ്ങളിലും ഈ ചിന്താരീതി കാണാം. ആധുനിക ഭാഷാശാസ്ത്ര കാഴ്ചപ്പാടിൽ ഉരുത്തിരിയുന്ന ശൈലീവിജ്ഞാനം തികച്ചും വ്യത്യസ്തമാണ്. ഭാഷയെ സമഗ്രമായി സമീപിക്കുകയും ഭാഷാപഗ്രഥനത്തിലൂടെ നിഗമനങ്ങളിലെത്തുകയുമാണ് ശൈലീവിജ്ഞാനം ചെയ്യുന്നത്.

സ്വാഭാവികമായ ഭാഷാപ്രയോഗത്തിൽ ഏവരും സ്വീകരിച്ച മാർഗ്ഗത്തിൽ നിന്ന് എന്തെല്ലാം വ്യതിയാനമാണ് ഒരു എഴുത്തുകാരൻ വരുത്തുന്നത് എന്നു പരിശോധിക്കുന്നതാണ് ശൈലീപഠനത്തിൽ ഏറ്റവും പ്രധാനമായ ഒരു മാർഗ്ഗം. ഈ വ്യതിയാനങ്ങളെ പ്രധാനമായും എട്ടായി തരംതിരിക്കാം.

1. പദവ്യതിയാനം/നൂതന പദസൃഷ്ടി
2. വ്യാകരണ വ്യതിയാനം
3. എഴുത്തിലുള്ള വ്യതിയാനം
4. സ്വന വ്യതിയാനം
5. അർത്ഥ വ്യതിയാനം
6. ഭാഷാഭേദ വ്യതിയാനം
7. സന്ദർഭ വ്യതിയാനം
8. കാലാശ്രിത വ്യതിയാനം

സാങ്കേതികമായ എന്തെങ്കിലും മുൻധാരണയാലല്ല, സ്വാഭാവികമായ ചില ശീല ങ്ങളിൽ നിന്നാണ് രചനാശൈലി വാർന്നുവീഴുന്നത്.[2] ഭാഷാനിയമങ്ങളുടെ ലംഘനം, സാമൂഹ്യവസ്ഥകളുടെ വ്യത്യാസം, ഉക്തിവൈചിത്ര്യങ്ങൾ, താളനിഷേധം എന്നിവയും ശൈലീപഠനത്തിൽ പ്രധാനമാണ്.

നവോത്ഥാനകാല കഥാകാരന്മാരിൽ വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നീ എഴുത്തുകാർ പദസങ്കല്പത്തിൽ ഒരു പുതിയ രീതി സ്വീകരിച്ചു. നിലവി ലുള്ള പദ/പദാർത്ഥബോധത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി പുതിയ ആശ യബോധത്തെ സൃഷ്ടിക്കാനാണ് ഇവർ ശ്രമിച്ചത്. അന്യഭാഷാപദങ്ങളെ, ആശയസന്നി വേശത്തിനുള്ള സാദ്ധ്യതകളെ മുൻനിർത്തി പരിഷ്കരിക്കാനും ഇവർ ശ്രമിച്ചു. ഇത്തരം സന്ദർഭങ്ങളിൽ സ്വാഭാവിക ഭാഷാരീതിയിൽനിന്നും, നിർമ്മിത കൃത്രിമരീതിയിലേക്ക് പലപ്പോഴും കഥാശൈലി മാറി. ഭാഷാനിയമങ്ങളും വ്യാകരണനിയമങ്ങളും ലംഘിക്കു ന്നതിനും നവോത്ഥാനകാല കഥാകൃത്തുക്കൾ താൽപര്യം കാണിച്ചു. കാരൂർ നീലക ണ്ഠപിള്ള ഇത്തരം വ്യതിയാനങ്ങൾക്ക് താൽപര്യം കാണിച്ചില്ല. എന്നാൽ സ്വാഭാവിക ഭാഷയുടെ ശക്തിയെയും സാദ്ധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിച്ചു. ഗദ്യത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതോടൊപ്പം കഥയിൽ കാവ്യാത്മകമായ ഭാഷ ഉപയോഗിക്കുന്നതിനാണ് കാരൂർ ശ്രമിച്ചത്. പ്രതീകാത്മക ഭാഷ യിലൂടെ രൂപസാദൃശ്യത്തെയും ധ്വന്യാത്മക ഭാഷയിലൂടെ ക്രിയാസാദൃശ്യത്തെയും സൃഷ്ടിക്കുവാനുള്ള കവിഭാവനയുടെ കഴിവ് കാരൂർ സായത്തമാക്കി. സന്ദർഭോചിത മായി പാത്രസ്വഭാവത്തിനനുസരിച്ച് ഭാഷാഭേദങ്ങളെ സ്വീകരിച്ച കാരൂർ, വായനക്കാരന് അസ്വാഭാവികത അനുഭവപ്പെടാത്ത വിധം ഈ വ്യതിയാനങ്ങളെ സ്വാംശീകരിച്ചു. മദ്ധ്യ തിരുവിതാംകൂറിലെ ഇടത്തരം നായർവീടുകളിലെയും പാവപ്പെട്ട ഇതരസമുദായങ്ങ ളിലെയും അകത്തളത്തിലെ സ്വാഭാവികാന്തരീക്ഷം ഭാഷയിലും ഭാഷണത്തിലും കാത്തു

സൂക്ഷിക്കാൻ കാരൂരിന് കഴിഞ്ഞു. മറ്റെഴുത്തുകാരുടെ രചനകൾ, തന്നെ സ്വാധീനിച്ചത് ഏതു പ്രകാരത്തിലാണെന്ന് കാരൂർ സൂചിപ്പിച്ചിട്ടുണ്ട്.

കാരൂരിന്റെ രചനാരീതിയിൽ പാശ്ചാത്യ ചെറുകഥാകൃത്തുക്കളുടെ സ്വാധീനം വളരെ കുറവാണ്. ഭാഷയുടെ കാര്യത്തിൽ മലയാള കഥാസാഹിത്യകാരൻമാരിൽ കാരൂരിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് കെ. സുകുമാരൻ, ഇ.വി. കൃഷ്ണപിള്ള എന്നീ എഴുത്തുകാരാണ്.[3] ആദ്യകാല നവോത്ഥാന ചെറുകഥയുടെ ഭാഷാപരമായ പരിമിതികൾ തകഴിയുടെ 'പതിതപങ്കജ'ത്തിനുള്ള അവതാരികയിൽ ഇ.വി. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

"മലയാള ഗദ്യശൈലിയേക്കാൾ കൂടുതൽ അടുപ്പം ഗ്രന്ഥകാരന് ആംഗലരീതിയോടാണെന്നു തോന്നത്തക്കവിധം കാണപ്പെടുന്ന വാചകനിർമ്മിതിയിൽ ഞാൻ ഏതായാലും അദ്ദേഹത്തെ അഭിനന്ദിക്കുന്നില്ല ........................ പതിതപങ്കജമായ ഗുണവതിയുടെയും ത്യാഗിവര്യനായ വിനയന്റേയും സന്ദർശനങ്ങളെ പറ്റി അറിയുവാനുള്ളതെല്ലാം അറിയണമെന്ന ഉത്കണ്ഠയോടെ വായിച്ചുപോകുന്ന നമുക്ക് ഈ അഭിനവഗദ്യരീതി ചിലപ്പോൾ അസഹ്യത തന്നെ ഉണ്ടാക്കുന്നുണ്ട്"[4]

വളർന്നുവന്നിരുന്ന ആധുനിക ഗദ്യശൈലിയുടെ പരിണാമങ്ങളെ ആശങ്കയോടെയാണ് ഇ.വി. കൃഷ്ണപിള്ള വിലയിരുത്തുന്നത്. എന്നാൽ അതിനായി, അദ്ദേഹം ഉപയോഗിക്കുന്ന ഭാഷാഗദ്യരീതി തികച്ചും സങ്കീർണ്ണമായിരുന്നു എന്നും കാണാം. ഒരു പരിവർത്തനഘട്ടത്തിൽ ഭാഷയുടെ ശൈലീപരമായ വ്യതിയാനങ്ങളെ യാഥാസ്ഥിതികനായ ഒരു നിരൂപകൻ പുറമെനിന്ന് നോക്കുമ്പോഴുണ്ടാകുന്ന പരിഭ്രാന്തി കൂടിയാണ് ഈ വിലയിരുത്തൽ. ഇ.വിയുടെയും തകഴിയുടെയും രചനാപരമായ പരിമിതികളെ അതിജീവിക്കാൻ കാരൂരിന്റെ ഭാഷാശൈലിക്ക് കഴിഞ്ഞു. ചിന്തയും പ്രകാശനവും തമ്മിലുള്ള

പാരസ്പര്യത്തെകുറിച്ച് കാരൂരിന് നല്ല ധാരണയുണ്ടായിരുന്നു.

"കഥയെഴുതാൻ പഠിപ്പു വേണമെന്നില്ല വലിയ ശ്രദ്ധയും വേണ്ട പേരുവെച്ചെഴുതാൻ പേടിക്കയും വേണ്ട. വായനക്കാരന്റെ ഹൃദയത്തെ സ്പർശിക്കാൻ, അവനെ രസിപ്പിക്കാൻ കഥയ്ക്ക് കഴിയും. കവിതയ്ക്കും കഴിയും. പ്രൗഢലേഖനങ്ങൾക്ക് ആ കഴിവില്ല. കവികളോടെനിക്ക് ഭക്ത്യാദരവുകൾ ഉണ്ടായിരുന്നു. ചെറുകഥയും ഒരു തരം കവിത തന്നെ. ഗദ്യമാണെന്നു മാത്രം. അപ്പോൾ ഞാൻ കഥ എഴുതിയത് വായനക്കാരെ രസിപ്പിച്ച് അയാളുടെ പ്രീതി നേടാനായിരുന്നുവെന്നു സ്പഷ്ടം"[5]

ശ്രദ്ധവെക്കാതെ പെരുമാറാൻ കഴിയുന്ന ഒരു സാഹിത്യരൂപമാണ് ചെറുകഥ എന്ന് കാരൂർ പറയുന്നത്, കാരൂരിന്റെ രചനാലോകത്തെ വിലയിരുത്തുമ്പോൾപോലും ശരിയല്ലെന്ന് കാണാൻ കഴിയും. വാക്കിനോട് വാക്കിനെ ചേർത്തുവയ്ക്കുമ്പോൾ മനസ്സിനോട് മനസ്സിനെ അടുപ്പിക്കുകയാണ് ഒരു എഴുത്തുകാരൻ ചെയ്യുന്നത്. ഈ ബോധം കാരൂരിന്റെ മിക്ക രചനകളിലും കാണാം. പ്രൗഢലേഖനങ്ങൾക്ക് രസിപ്പിക്കാനുള്ള കഴിവ് കുറവാണെങ്കിലും ഹൃദയത്തെ സ്പർശിക്കാനുള്ള കഴിവ് വളരെ വലുതാണെന്ന് കാലം തെളിയിച്ചിട്ടുണ്ട്. എന്നാൽ വിചാര/അർത്ഥപ്രധാനമായ ഗദ്യത്തേക്കാൾ, വികാര/ഭാവ പ്രധാനമായ ഗദ്യത്തെയാണ് താനിഷ്ടപ്പെടുന്നതെന്ന് കാരൂർ രചനയിലൂടെ തെളിയിച്ചു. കാവ്യഭാഷയോടുള്ള ആദരവും അടുപ്പവും കാരൂർ വ്യക്തമാക്കുന്നത് രചനകളിലാണ്.

ഔപചാരിക വിദ്യാഭ്യാസത്തെയാണ് 'പഠിപ്പ്' എന്നതുകൊണ്ട് കാരൂർ അർത്ഥമാക്കുന്നത് എങ്കിലും വ്യക്തിജീവിതത്തിന്റേയും സമൂഹജീവിതത്തിന്റേയും വിവിധ തുറകളിൽനിന്ന് നമുക്ക് ലഭിക്കുന്ന ആകെയുള്ള അനുഭവങ്ങളെയാണ്, വിദ്യാഭ്യാസം എന്നതുകൊണ്ട് നവീനസമൂഹം അർത്ഥമാക്കുന്നത്. സാധാരണക്കാരന് മനസ്സിലാകുന്ന വിധ

ത്തിൽ ഭാഷ എപ്രകാരം ഉപയോഗിക്കണമെന്ന് കാരൂരിന് അറിയാമായിരുന്നു. വ്യക്തി ജീവിതത്തിൽ കാരൂർ വ്യാപരിച്ച മണ്ഡലങ്ങൾ ഇതിനുള്ള അവസരം അദ്ദേഹത്തിനു നല്കി.

### 4.2. വ്യക്തിജീവിതം

1898 ഫെബ്രുവരിയിൽ തിരുവിതാംകൂർ നാട്ടു രാജ്യത്തിലെ ഏറ്റുമാനൂരിൽ ജനിച്ച കാരൂർ 1912ൽ ഏഴാം ക്ലാസ്സ് പരീക്ഷ പാസായി. അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി 1913ൽ ഒരു പൂർണ്ണ അദ്ധ്യാപകനായി അദ്ദേഹം ജോലിയിൽ പ്രവേശിച്ചു. ഇന്നത്തെ കോട്ടയം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ അദ്ധ്യാപകനായി ജോലി നോക്കിയ കാരൂർ 1953ൽ സർവീസിൽ നിന്നും വിരമിച്ചു. അദ്ധ്യാപകരെ അവകാശ ബോധമുള്ളവരാക്കി മാറ്റാനുള്ള യത്നത്തിൽ, അധികാരികളുടെ അപ്രീതിക്ക് ഇരയായ കാരൂർ കുറച്ചുകാലം സസ്പെൻഷനിലായിരുന്നു. അദ്ധ്യാപകനായിരിക്കെ ദീർഘകാല അവധിയിൽ പ്രവേശിച്ച കാരൂർ കാർഷികവൃത്തിയിലേർപ്പെട്ടും കയർ വ്യാപാരത്തി ലേർപ്പെട്ടും ജീവിതമാർഗ്ഗം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. മലയോരത്തിലെ ഏലകൃഷി അദ്ദേ ഹത്തിന് മലമ്പനി പിടിക്കാൻ ഇടനല്കുകയും, കയർ വ്യാപാരം കടബാദ്ധ്യതയ്ക്ക് വഴിവെയ്ക്കുകയും ചെയ്തു. ഒരു എഴുത്തുകാരൻ എന്ന നിലയിൽ ആദ്യകാലത്ത് കാര്യ മായ പ്രതിഫലമൊന്നും ലഭിച്ചിരുന്നില്ലെങ്കിലും, താൻകൂടി മുൻകൈ എടുത്തു സ്ഥാപിച്ച സാഹിത്യ പ്രവർത്തക സഹകരണ സംഘം ശക്തിപ്പെട്ടതോടെ ആ മേഖലയിൽ നിന്നും മാന്യമായ വരുമാനം ലഭിക്കാൻ തുടങ്ങി.

നായർ സർവീസ് സൊസൈറ്റി, ക്ഷീരോല്പാദക സഹകരണസംഘം, സാഹിത്യ പ്രവർത്തക സഹകരണസംഘം എന്നീ സഹകരണ പ്രസ്ഥാനങ്ങളിൽ കാരൂർ സജീവ മായി പങ്കെടുക്കുകയും നേതൃത്വം നല്കുകയും ചെയ്തു. സങ്കുചിത താല്പര്യങ്ങൾക്കു

പരി വിശാലമായ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ നായർ സമുദായാംഗങ്ങളെ സംഘടിപ്പിക്കാൻ കാരൂർ ശ്രദ്ധിച്ചു.[6] ക്ഷീരോല്പാദനവുമായി യാതൊരു ബന്ധവുമില്ലായിരുന്നവെങ്കിലും ആ മേഖലയിലെ അസംഘടിതരും അല്പവരുമാനക്കാരുമായ മനുഷ്യരെ സംഘടിപ്പിക്കാൻ കാരൂർ കാണിച്ച താല്പര്യം എടുത്തുപറയത്തക്കതാണ്.[7] സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ രൂപീകരണത്തിലും വളർച്ചയിലും കാലോചിതമായ പരിഷ്കരണങ്ങളിലും കാരൂർ വഹിച്ച പങ്ക് നമ്മുടെ സാഹിത്യചരിത്രത്തിന്റെ ഭാഗമാണ്.

സാഹിത്യകാരൻമാരുടെ പുരോഗമന സ്വഭാവമുള്ള എല്ലാം കൂട്ടായ്മകളിലും കാരൂർ മുന്നിലുണ്ടായിരുന്നു. കോട്ടയം കേന്ദ്രമായി പ്രവർത്തിച്ചുവന്ന "സാഹിതീ സഖ്യ"ത്തിന്റെ രൂപീകരണത്തിലും, പ്രതിമാസ സാഹിത്യചർച്ചകളിലും കാരൂർ സജീവമായി പങ്കെടുത്തു. പുരോഗമനസാഹിത്യസംഘടനയുടെ കോട്ടയം സമ്മേളനത്തിന്റെ മുഖ്യസംഘാടകരിൽ ഒരാൾ കാരൂർ ആയിരുന്നു. സ്വാഗതസംഘത്തിന്റെ ട്രഷററായി പ്രവർത്തിച്ച കാരൂർ പണസംബന്ധമായ കാര്യങ്ങളിൽ കാണിച്ചിരുന്ന മിതവ്യയശീലംകൊണ്ട് സമ്മേളനത്തെ കൂടുതൽ ശ്രദ്ധേയമാക്കി.[8] രാഷ്ട്രീയപ്രത്യയശാസ്ത്രത്തോട് പ്രകടമായി അടുപ്പം കാണിക്കാതിരുന്ന കാരൂർ, മാർക്സിയൻ ദർശനത്തോടുള്ള തന്റെ അടുപ്പം രചനകളിലൂടെയാണ് വ്യക്തമാക്കിയത്.[9]

**4.2.1.** ഏറ്റുമാനൂർ അമ്പലത്തിന്റെ വടക്കേ നടയിലുള്ള ഒരിടത്തരം നായർ തറവാടാണ് കാരൂർ വീട്. ഈ തറവാട്ടിലെ ഈശ്വരഭക്തയായ കുഞ്ഞീലി അമ്മയുടെയും സർക്കാർ ഉദ്യോഗസ്ഥനായ നീലകണ്ഠപിള്ളയുടെയും ആദ്യത്തെ മകനാണ് കാരൂർ നീലകണ്ഠപിള്ള. കാരൂരിന്റെ അമ്മ തന്റേടമുള്ള സ്ത്രീ ആയിരുന്നുവെന്ന് പലരും അനുസ്മരിച്ചിട്ടുണ്ട്. വ്യക്തി ജീവിതത്തിൽ മിതവ്യയശീലവും സത്യസന്ധതയും താൻ ശീലിച്ചത് അച്ഛനിൽ നിന്നാണെന്ന് കാരൂർ തന്നെ എഴുതിയിട്ടുണ്ട്.[10] അമ്മയ്ക്ക് വിദ്യാഭ്യാസം

വളരെ കുറവായിരുന്നുവെങ്കിലും അവരുടെ കഥ പറയുന്ന രീതി തന്നെ സ്വാധീനിച്ചിട്ടുണ്ടെന്നും കാരൂർ വ്യക്തമാക്കിയിട്ടുണ്ട്. ജ്യേഷ്ഠപുത്രനാകയാൽ അനുജൻമാരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കാരൂർ നീലകണ്ഠപിള്ള ബാദ്ധ്യതപ്പെട്ടവനായിരുന്നു. മൂന്നു കനിഷ്ഠസഹോദരൻമാരുമായി കാരൂരിനുണ്ടായിരുന്ന മമതാബന്ധത്തിന്റെ ആഴം കാരൂർ നാരായണൻ എഴുതിയ അനുസ്മരണത്തിൽ കാണാം.[11] 1930ൽ കോട്ടയം കാരാപ്പുഴ മഠത്തിൽ കിഴക്കേതിൽ ഭവാനിയമ്മയുമായുള്ള കാരൂരിന്റെ വിവാഹം നടന്നു. രണ്ട് പെൺമക്കൾക്ക് ജന്മംനല്കിയ ആ ദാമ്പത്യത്തിന്റെ ഊഷ്മളതയും കുടുംബജീവിതത്തിന്റെ സ്വച്ഛതയും അദ്ദേഹത്തിന്റെ പുത്രിയുടെ അനുസ്മരണങ്ങളിൽനിന്നും മനസ്സിലാക്കാം.[12]

**4.2.2.** 1932ലാണ് കാരൂരിന്റെ സാഹിത്യ പ്രവർത്തനം ആരംഭിയ്ക്കുന്നത്. അന്നത്തെ കൂലി എന്നു പുനർനാമകരണം ചെയ്ത 'ഭൃത്യവാത്സല്യ' മാണ് കാരൂർ ആദ്യം എഴുതിയ ചെറുകഥ 400ലധികം ചെറുകഥകളും, പത്തു ബാലസാഹിത്യകൃതികളും, മൂന്നു നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട്. അഞ്ചുകടലാസ് എന്നപേരിൽ അദ്ദേഹം എഴുതിയ ബാലസാഹിത്യം 'പൂമ്പാറ്റ' എന്ന പേരിൽ ചലച്ചിത്രമാക്കിയിട്ടുണ്ട്.

1975 സെപ്തംബർ 30ന് അന്തരിക്കുന്നതുവരെ സജീവമായ ഒരു സർഗ്ഗജീവിതമാണ് കാരൂരിനുണ്ടായിരുന്നത്.

ഒരു അദ്ധ്യാപകൻ എന്ന നിലയ്ക്ക് തന്റെ മനസ്സിലുള്ള ആശയങ്ങൾ ഏറ്റവും ലളിതവും സുഗ്രഹവുമായ രൂപത്തിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ കാരൂരിന് കഴിഞ്ഞു. അദ്ധ്യാപക സമൂഹത്തിന്റെ അവശതകളെകുറിച്ചും, അവകാശങ്ങളെകുറിച്ചും തന്റെ സഹജീവികളെ പറഞ്ഞു മനസ്സിലാക്കി അവരെ സംഘടിപ്പിക്കാൻ കാരൂരിന് സാധിച്ചു. ഒരു മികച്ച സഹകാരിയായ അദ്ദേഹം സഹകരണ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യ

ങ്ങൾ തിരിച്ചറിഞ്ഞ് അതു പ്രയോഗത്തിൽ വരുത്തുന്നതിൽ നേടിയ വിജയം സുപ്രധാനമാണ്. ആശയവിനിമയത്തിനുള്ള ഭാഷ, സമർത്ഥമായി കൈകാര്യം ചെയ്യുമ്പോഴാണ് ഇത്തരം കാര്യങ്ങൾ വിജയത്തിലെത്തുന്നത്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ അണിയറയിലാണ് കാരൂർ നിലയുറപ്പിച്ചത്. തത്വശാസ്ത്രപ്രശ്നങ്ങൾ ചർച്ച ചെയ്തിരുന്ന പ്രധാന വേദികളിൽനിന്ന് കാരൂർ അകന്നുനിന്നു. ആ സംവാദങ്ങളിൽ അദ്ദേഹം ഒരു ശ്രോതാവ് മാത്രമായിരുന്നു. തത്വശാസ്ത്രത്തെ കലയാക്കി മാറ്റി സമൂഹത്തിലെത്തിക്കുന്നതിനാവശ്യമായ ഭാഷ കാരൂർ സമർത്ഥമായി വിനിയോഗിക്കുകയും ചെയ്തു. എന്നാൽ ഒരു വ്യവസായി എന്ന നിലയിലും വ്യാപാരി എന്ന നിലയിലും പ്രവർത്തിക്കാൻ ശ്രമിച്ച കാരൂർ ആ രംഗങ്ങളിൽ തികഞ്ഞ പരാജയമാണ് അനുഭവിച്ചത്. അതിന്റെ ഭാഷയും 'പഠിപ്പും' കാരൂരിന് സ്വായത്തമാക്കാൻ കഴിഞ്ഞില്ല. മിതമായ വാക്കുകളിൽ സാരവത്തായ കാര്യങ്ങൾ പറഞ്ഞു ഫലിപ്പിക്കാൻ കഥാകാരനായ കാരൂരിന് കഴിഞ്ഞത് ഈ സാഹചര്യങ്ങൾ കൊണ്ടുകൂടിയാണ്. ജീവിത സാഹചര്യങ്ങളും അനുഭവങ്ങളുമാണ് കാരൂരിലെ കഥാകാരനെ സജീവമാക്കിയത്.

### 4.3. കഥയിലെ പരിവർത്തനങ്ങൾ

ആദ്യകാലഘട്ടത്തിലെ എഴുത്തുകാരിൽ കെ. സുകുമാരന്റെ കഥകൾ സംഭാഷണ പ്രധാനമായിരുന്നു. ഇ.വി. കൃഷ്ണപിള്ളയുടെ കഥകൾ ഭാവനക്കും വർണ്ണനയ്ക്കുമാണ് പ്രാധാന്യം നല്കിയത്. അനുരാഗവർണ്ണനയിൽ, കാല്പനികവും ആദർശാത്മവുമായ പ്രേമത്തിനു നൽകിയ സ്ഥാനം, ഐതീഹ്യങ്ങളും കെട്ടുകഥകളും ചരിത്രസംഭവങ്ങളുമുപേക്ഷിച്ച് സാമൂഹ്യ പ്രശ്നങ്ങൾക്ക് ഇതിവൃത്തത്തിൽ കൊടുത്ത പ്രാധാന്യം വിനോദപ്രാധാന്യം ഒഴിവാക്കി ജീവിതാദർശങ്ങൾക്ക് മുൻതൂക്കം നൽകാൻ കാണിച്ച വിവേകം എന്നിവയാണ് കാരൂരിനെ മുൻഗാമികളിൽനിന്ന് വ്യതിരിക്തനാക്കുന്നത്. വിധിയുടെയും ദൈവത്തിന്റേയും ലോകത്തുനിന്ന് സാമൂഹ്യസത്യങ്ങളുടെ ലോകത്തിലേക്ക് മലയാള

ചെറുകഥയെ ഇറക്കികൊണ്ടുവന്നതിൽ കാരൂർ ഉൾപ്പെടെയുള്ള കഥാകാരന്മാർ വഹിച്ച പങ്ക് പ്രധാനപ്പെട്ടതാണ്.

താൻ ജീവിച്ച സമൂഹത്തിലെ മനുഷ്യ സമുദായത്തെ സൂക്ഷ്മമായി മനസ്സിലാക്കാനും സഹാനുഭൂതിയോടെ ഉൾക്കൊള്ളാനും സരസമായി അവതരിപ്പിക്കാനും സമരോത്സുകരായി കർമ്മരംഗത്തിറങ്ങാൻ പ്രേരിപ്പിക്കാനും കാരൂർ നീലകണ്ഠപിള്ള ശ്രദ്ധിച്ചിട്ടുണ്ട്.

**4.3.1.** സമൂഹത്തിനോട് ചിലത് പറയാനുണ്ടായിരിക്കുക, അതിനുള്ള മാധ്യമമായി സാഹിത്യത്തെ തിരഞ്ഞെടുക്കുക, കഥ എന്ന സാഹിത്യരൂപമാണ് തനിക്ക് വഴങ്ങുന്നത് എന്ന് കണ്ടെത്തുക തുടങ്ങിയവയിലെല്ലാം കാരൂരിന് വ്യക്തതയുണ്ടായിരുന്നു. കഥയെഴുത്തുകാരുടെ മനസ്സ് എപ്പോഴും കഥാസൃഷ്ടിയിലേർപ്പെട്ടുകൊണ്ടിരിക്കുന്നതാണെന്നും അത് തങ്ങളുടെ ഒരു ശീലമാണെന്നും കാരൂർ പറയുന്നു. 'കുരുക്കുവീണ നൂലുപോലുള്ള പ്ലോട്ട്' ഉണ്ടാക്കാൻ താൻ പണിപ്പെടാറില്ലെന്നും കഥാപാത്രങ്ങളുടെ എണ്ണം കഴിയുന്നതും കുറഞ്ഞിരിക്കാൻ മുൻകരുതലെടുക്കുമെന്നും, വാക്കുകൾ പരിമിതമായിരിക്കാൻ ശ്രദ്ധിക്കാറുണ്ടെന്നും കാരൂർ വ്യക്തമാക്കുന്നു. "ഒരു കഥ എഴുതികഴിഞ്ഞാൽ അതു വെട്ടി ചെറുതാക്കുന്ന ഒരു ശീലമുണ്ടെനിക്ക്, പിന്നെ ആരു നോക്കിയാലും ഒരു വാക്കെങ്കിലും അധികം കാണരുതെന്ന് വെച്ചു. അതെത്രത്തോളം ഫലിച്ചിട്ടുണ്ടെന്ന് എനിക്ക് നിശ്ചയമില്ല."[13]

രചനയിലെ സൂക്ഷ്മത എത്രത്തോളം വെച്ചുപുലർത്തിയ ഒരു എഴുത്തുകാരനായിരുന്നു കാരൂർ എന്നതിന് നിദർശനമാണ് മേൽവിവരിച്ച പ്രസ്താവം. തന്റെ കഥാപാത്രങ്ങൾ ജീവിച്ചിരിക്കുന്നവരാണെന്ന് കാരൂർ പറയുന്നത് തന്റെ സാഹിത്യത്തിന് ജീവിതവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

## 4.4. ബോധപൂർവ്വമായ രചനകൾ

എന്തിനെഴുതുന്നു എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നല്കാൻ കാരൂർ ശ്രദ്ധിച്ചിട്ടുണ്ട്. നിരുദ്ദേശ്യമായ ഒരുപ്രവൃത്തിയിലും മനുഷ്യൻ ഏർപ്പെടുന്നില്ല എന്നതുകൊണ്ടുതന്നെ തന്റെ കഥാരചനയും സോദ്ദേശ്യമാണ് എന്ന് അദ്ദേഹം കരുതുന്നു. "എന്നാൽ താൻ തന്നെ എന്തിനെഴുതുന്നു, മറ്റുള്ളവർ എഴുതിയാൽ പോരേ?" എന്ന മറുചോദ്യത്തിന് അദ്ദേഹത്തിനു മറുപടിയുണ്ട്. അവർക്കും തനിയ്ക്കും പറയാനുള്ളത് ഒന്നായിരിക്കയില്ല എന്ന് അദ്ദേഹം മുൻകണ്ടു. തന്റെ കഥകൾ ആളുകൾ വായിച്ചു രസിക്കും എന്നതിനോടൊപ്പംതന്നെ അവരുടെ സ്നേഹബഹുമാനങ്ങൾ ആർജിക്കാൻ കഴിയുമെന്ന വിശ്വാസവും കാരൂരിനുണ്ടായിരുന്നു. അധീശവർഗ്ഗത്തിന് അപ്രിയമായ ചില കാര്യങ്ങൾ കൂടി തനിയ്ക്കു പറയാനുണ്ടെന്ന ബോധമാണ് വസ്തുനിഷ്ഠതയുള്ള ഉപന്യാസകാരനിൽനിന്ന് ഭാവനാ പ്രാധാന്യമുള്ള കഥാകാരനിലേക്ക് കാരൂരിനെ പരിവർത്തിപ്പിച്ചത്. എന്നാൽ ലോകത്തേയും മനുഷ്യനേയും വിലയിരുത്തുന്നതിൽ ഏതൊരു എഴുത്തുകാരനും സവിശേഷമായ വീക്ഷണങ്ങൾ ഉണ്ടായിരിക്കും.

"......... വായനക്കാരനെ രസിപ്പിക്കാൻ വെറും വിനോദ കഥ എഴുതാമെന്നു ഞാൻ വിചാരിച്ചില്ല. കുറ്റങ്ങളും കുറവുകളും പറയുന്നതു കേൾക്കാൻ നമുക്ക് താല്പര്യം കൂടും. അതു വ്യക്തിയുടേതായാലും സമുദായത്തിന്റേതായാലും കൊള്ളാം. ഞാൻ ആദ്യം എഴുതിയ കഥ ഒരു ജന്മിയുടെ കുറ്റവും കുറവും ചിത്രീകരിക്കുന്നതും, രണ്ടാമതെഴുതയത് ഒരു ഭർത്താവിന്റെ കറുത്ത വശങ്ങൾ ചിത്രീകരിക്കുന്നതും, പിന്നത്തേത് ഒരുവന്റെ പണക്കൊതിയെ ആക്ഷേപിക്കുന്നതുമായിരുന്നു. ഈ കഥകൾ വായിച്ച് ജന്മിമാരും ലുബ്ധന്മാരുമൊക്കെ നല്ലവരായിതീരും എന്നു ഞാൻ വ്യാമോഹിച്ചില്ല, തീർച്ച"[14] ഇതായിരുന്ന കാരൂരിന്റെ രചനാവീക്ഷണം. സമൂഹത്തിലെ ദോഷങ്ങളിലേക്ക് വിരൽ ചൂണ്ടുമ്പോൾ, ഗുണത്തെകുറിച്ച് മനുഷ്യർ മനസ്സിലാക്കുമെന്ന് ഏവർക്കും അറിയാവുന്നതാണ്.

**4.4.1.** താനൊറ്റക്ക് താമസിച്ചപ്പോൾ ഉണ്ടായിരുന്ന ഏകാന്തതയാണ് തന്നെ ഒരു എഴുത്തുകാരനാക്കിയത് എന്ന് കാരൂർ രേഖപ്പെടുത്തിയിട്ടുണ്ട്. സാഹിത്യരൂപങ്ങളിൽ വെച്ച് കഥ എന്ന സാഹിത്യരൂപത്തോട് തനിയ്ക്ക് കൂടുതൽ മമത തോന്നാനുള്ള കാരണം തന്റെ ആത്മവിശ്വാസവുമായി ബന്ധപ്പെട്ടതാണെന്നു പറയുന്ന കാരൂർ ഒരു മനുഷ്യനെന്ന നിലയിൽ തന്റെ കൈവേഗത്തേക്കാൾ ഒരു സാഹിത്യകാരനെന്ന നിലയിൽ തന്റെ മനസ്സിന്റെ വേഗത കൂടുതലാണെന്നും പറഞ്ഞിട്ടുണ്ട്. പാശ്ചാത്യ സാഹിത്യത്തിൽ ഒട്ടു താല്പര്യമില്ലായിരുന്നുവെങ്കിലും, നാലപ്പാടൻ വിവർത്തനം ചെയ്ത പാവങ്ങൾ താൻ പലതവണ വായിച്ചിട്ടുണ്ടെന്നും അതു തന്നെ സ്വാധീനിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നു.[15]

മേൽസൂചിപ്പിച്ച മാനസികാവസ്ഥയും, തന്റെ വിശ്വാസങ്ങളോട് നീതി പുലർത്താനുള്ള വ്യഗ്രതയും, സാമൂഹ്യപ്രശ്നങ്ങളോട് സജീവമായി പ്രതികരിക്കാനാഗ്രഹിച്ച നീതിബോധവുമാണ് കാരൂർ കഥാകാരനായതിന്റെ മറ്റൊരു പശ്ചാത്തലം. നവോത്ഥാനകാല സാമൂഹ്യവീക്ഷണത്തിന്റെ സ്വാധീനമാണ് കാരൂരിന്റെ മൂല്യബോധങ്ങളെ ആദ്യഘട്ടത്തിൽ നിയന്ത്രിക്കുന്നത്.

സമകാലികരിൽനിന്ന് കാരൂരിനെ വ്യത്യസ്തനാക്കുന്ന മറ്റു ചില ഘടകങ്ങൾ കൂടിയുണ്ട്. വിനീതനും, സമർത്ഥനും, വിവേകശാലിയുമായ ഒരു നാട്ടിൻപുറത്തുകാരന്റെ മനസ്സാണ് കഥാകാരനായ കാരൂരിന്റേത്. നർമ്മബോധമാണ് കാരൂരിന്റെ മറ്റൊരു സവിശേഷത. മനസിനകത്ത് ഒരു നനുത്ത ചിരി കാത്തുസൂക്ഷിക്കുക, അതു ക്രമേണ ചിന്താമധുരമായി വളർന്ന് ഒരു പൊട്ടിച്ചിരിയായി മാറുക എന്നത് കാരൂരിന്റെ കഥനശൈലിയുടെ സവിശേഷതയാണ്. ജീവിതത്തിന്റെ വിഷമ പ്രശ്നങ്ങളിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിലും ഗൗരവം വിടാതെ തന്നെ നർമ്മം നിലനിർത്താൻ കാരൂർ ശ്രദ്ധിക്കുന്നു. മനുഷ്യന്റെ ദുഷ്ട ശിഷ്ട ഭാവങ്ങളെ അവതരിപ്പിക്കുമ്പോഴും നിസ്സംഗനും നിർമ്മമനു

മായി നിന്ന് കഥയിലൂടെ കാര്യങ്ങൾ പറയാൻ കാരൂർ ശ്രദ്ധിക്കുന്നു. ഒരു ചിത്രത്തിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന ഓരോ വസ്തുവിലും അനുപ്രവേശിയ്ക്കുകയും അതിലൂടെയെല്ലാം ആത്മാവിഷ്കരണത്തിന് ഉദ്യമിയ്ക്കുകയും ചെയ്യുന്ന ഒരു ചിത്രകാരന്റെ സമീപനരീതിയാണ് കാരൂർ കഥാരചനയിൽ സ്വീകരിക്കാറുള്ളത് എന്ന എൻ.വി. കൃഷ്ണ വാരിയരുടെ അഭിപ്രായം പ്രസക്തമാണ്.[16] കാരൂരിന്റെ ചെറുകഥകൾ ആത്മഭാഷണങ്ങളാണ്. ചെറുകഥയിൽ 'കാല' (time) ത്തെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിലാണ് ഒരു കഥാകാരന്റെ വിജയം. എത്രയും ചുരുങ്ങിയ കാലത്തിൽ ജീവിതത്തിലെ ഏതെങ്കിലും ശക്തമായ ഒരു ഭാവത്തെ നിക്ഷേപിക്കുവാൻ കഴിയുമ്പോഴാണ് ഒരു ചെറുകഥ ധ്വന്യാത്മകവും ദീപ്തവുമായി തീരുന്നത്. സഹൃദയമനസ്സിൽ താൻ സൃഷ്ടിക്കാനുദ്ദേശിയ്ക്കുന്ന ഭാവത്തിനനുസൃതമായി കാലത്തെ കഥയിൽ നിലനിർത്തുന്നതിലും അതിനെ ഭാവാനുസാരിയാക്കുന്നതിലും കാരൂർ വിജയിച്ചു.

### 4.5. രചനാസങ്കല്പവും കഥകളും

കാരൂർ കഥ എഴുതുകയല്ല കഥ പറയുകയാണ് ചെയ്യുന്നത് എന്ന പരാമർശവും കാരൂരിന്റെ രചനാസങ്കല്പവും രചനയിലെ യാഥാർത്ഥ്യവും പഠനവിധേയമാക്കണം. ഒരു വായനാനുഭവം എന്ന നിലയിൽ കാരൂരിന്റെ കഥകൾ കഥനശൈലിയുടെ കാര്യത്തിൽ ആഹ്ലാദം നല്കുന്നവയാണ്. ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് മനസ്സിനകത്തു നടത്തുന്ന നിരവധി മുന്നൊരുക്കങ്ങളിലൂടെ മാത്രമെ അകൃത്രിമശൈലിയിലുള്ള കഥ വാർന്നു വീഴുകയുള്ളൂ. "കഥയെഴുതുകയല്ല കഥ പറയുകയാണ്" ചെയ്യുന്നത് എന്ന് പറയുമ്പോൾ ഒരെഴുത്തുകാരന്റെ മനസ്സിൽ നടക്കുന്ന മുന്നൊരുക്കത്തിന്റെ തീക്ഷ്ണത ഇവർ അർഹിക്കുന്ന ഗൗരവത്തിൽ കാണാതെ പോകുന്നു. കഥ പറയുക എന്നതിൽ കാരൂരിന്റെ സ്വഭാവമെന്തായിരുന്നു എന്ന് അദ്ദേഹത്തിന്റെ കഥകളിലെ ചില സൂചനകളിലൂടെ സുവ്യക്തമാണ്.

**4.5.1.** തന്റെ 'കഥ പറച്ചിൽ' എന്ന കഥയിൽ നളിനിയും പാത്തുമ്മയും മനസ്സിൽ കരുതുന്നത് തന്നെയാണ് കഥാകാരൻ എന്ന നിലയിൽ കാരൂരിന്റെ കാഴ്ചപ്പാട്. "കഥ പറയുന്നതിനിടയ്ക്കാണ് കാര്യം" നളിനി പറയുന്ന ഈ വാക്കുകൾ ശ്രദ്ധേയമാണ്. കഥ പറയുമ്പോൾ കഥയാകണമെന്നും കാര്യം കഥയല്ലെന്നുമാണ് ഈ പ്രസ്താവനകൊണ്ട് ആദ്യം നാം മനസ്സിലാകുക "പഠിക്കാൻ പോയാൽ, പഠിക്കാതെ കഥ പറയുന്നതെന്തിനാ? എന്ന ചോദ്യത്തിന് മേരിക്കുട്ടി പറഞ്ഞ 'സാറു പറഞ്ഞിട്ടാ' എന്ന മറുപടിയും "കഥ പറഞ്ഞപ്പം സാറു പിച്ചി" എന്ന അനുബന്ധവും കഥയിലെ കാര്യമെന്തെന്ന് നമുക്ക് വ്യക്തമാക്കി തരുന്നു. കഥ കാര്യമാണ് എന്നും അതു പറയുമ്പോൾ സമൂഹത്തിൽ നിന്ന് 'പിച്ചൽ' ഏല്ക്കേണ്ടിവരുമെന്നും കാരൂരിനറിയാമായിരുന്നു.[18]

**4.5.2.** 'വള്ളക്കാരൻ' എന്ന കഥയിൽ തോണിതുഴയുന്ന കാർലോസ് പറയുന്ന കഥകളോട്, മുതലാളിയുടെ പ്രതികരണം കഥയും സത്യവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിയ്ക്കുന്നു.

"............ താനീ വള്ളത്തിൽ കയറിയതിൽ പിന്നെ പറഞ്ഞതൊക്കെ നുണയാ. തനി കുറക്കം വരാതിരിക്കാൻ വല്ലതും പറഞ്ഞോണ്ടിരിക്കണം. ഞാൻ കിടന്നുറങ്ങാതെ കേട്ടോണ്ടുമിരിക്കണം. ഇല്ലേലും ഞാൻ കിടന്നുറങ്ങുകയും മറ്റുമില്ല."[19] ഏകാഗ്രവും ജാഗ്രത്തുമായ ഒരു ഹൃദയ സംവാദമായിരിക്കണം കഥയെന്ന് കാരൂർ നീലകണ്ഠപിള്ള എന്ന കഥാകാരൻ വിശ്വസിച്ചിരുന്നു. അപകടം പതിയിരിക്കുന്ന ജീവിതസാഗരത്തിലെ ദുരിതത്തിന്റെ കയങ്ങൾ മുറിച്ചുനീങ്ങുന്ന ഒരു നൗകയിൽ തുഴക്കാരനായിരിക്കുന്ന കഥാകാരനും കൂട്ടിരിക്കുന്ന വായനക്കാരനും എന്ന ചിന്തയാണ് കാരൂരിനുണ്ടായിരുന്നത്.

**4.5.3.** 'രത്നവ്യാപാരി' എന്ന കഥയിലെ ശങ്കുണ്ണിമേനോനെ ജനങ്ങൾ ഭയപ്പെടുന്നത് അയാളുടെ സംഭാഷണ പ്രിയത്വം കൊണ്ടാണ്. എന്നാൽ കഥാകഥനത്തിന്റെ മർമ്മം

അറിയാവുന്ന കാരൂർ, കഥ എന്തായിരിക്കണം എന്ന തന്റെ കാഴ്ചപ്പാട് ഈ കഥയിലും അവതരിപ്പിക്കുന്നു. ശങ്കുണ്ണിമേനോൻ, കാര്യത്തിൽ നിന്ന് കഥയിലേക്ക് കടന്നാൽ ഭാര്യ ഉടനെ പറയുന്ന ഒരു വാചകം ഇതാണ്.

"തൊടങ്ങി, ഇനി കണ്ടനൊണയൊക്കെ പറയാൻ തുടങ്ങി. എന്നാൽ ആ രാമായണമോ മറ്റോ എടുത്തു വായിക്കരുതോ."[20]

വിരസയായ ഒരു ശ്രോതാവിന്റെ വിമുഖമായ ഒരു ആത്മഗതമാണ് ഇതെന്ന് തോന്നാമെങ്കിലും, മറവിലിരുന്ന് കഥ ഏറ്റവും അധികം ആസ്വദിക്കുന്നത് ഭാര്യ തന്നെയാണ്. കഥാന്ത്യത്തിലാകട്ടെ കഥകൾ, കളവുകളല്ല എന്നും നിറം പിടിപ്പിച്ച സത്യങ്ങളെയാണ് അവ പ്രതിനിധാനം ചെയ്യുന്നത് എന്നും അദ്ദേഹം വ്യക്തമാകുന്നു.

തന്റെ കഥകളിൽ സമകാലികരായ മറ്റു ചെറുകഥാകൃത്തുകളെ പോലെ പാശ്ചാത്യരചനകളുടെ സ്വാധീനം കടന്നുവരാനിടയില്ലെന്ന് കാരൂർ അഭിമാനപൂർവ്വം പറയുന്നുണ്ട്. "അവരുടെ കഥകൾ എനിക്ക് മറുഭാഷയാണ്." ഒരു സാങ്കേതികമാർഗ്ഗവും അറിഞ്ഞു കൂടാത്തപ്പോഴാണ് താൻ എഴുത്തു തുടങ്ങിയത് എന്നും അനുബന്ധമായി കാരൂർ കൂട്ടിച്ചേർത്തിട്ടുണ്ട്. "വായനക്കാരനു രസിയ്ക്കുന്ന മട്ടിൽവേണം കഥ എഴുതാൻ. പക്ഷെ ഞാൻ അങ്ങനെയല്ല. എനിയ്ക്ക് രസിക്കുന്ന വിധത്തിലാണ് എഴുതുന്നത്."[21] വക്താവിൽ ഒരു ശ്രോതാവും, എഴുത്തുകാരനിൽ ഒരു സഹൃദയനും അടങ്ങിയിരിക്കുമ്പോൾ മാത്രമാണ് രചനാപ്രക്രിയ പൂർത്തിയാകുന്നത്. നിർവചനങ്ങളും സിദ്ധാന്തങ്ങളും പഠിച്ച് രചന നടത്തിയ മറ്റ് എഴുത്തുകാരിൽ നിന്ന് കാരൂരിനെ വ്യത്യസ്തനാക്കുന്നത് രചനയെ കുറിച്ചുള്ള ഈ ബോധ്യമാണ്.

### 4.6. കഥകൾ വർഗ്ഗീകരിക്കുമ്പോൾ

എല്ലാ സാഹിത്യകൗതുകങ്ങളിലും 'കഥ' എന്ന ഒരു ഘടകമുണ്ട്. സ്വാഭാവികമായ ഒരു ഗോത്രവർഗ്ഗപാരമ്പര്യത്തിൽനിന്നാണ് ഇത് കടന്നുവരുന്നത്. പ്രത്യക്ഷീകരണത്തിന്റെ അനുപാതക്രമം, സാഹിത്യരൂപങ്ങൾതോറും വ്യത്യസ്തമാകുമെന്നുമാത്രം. കഥ കൈക്കൊള്ളുന്ന രൂപത്തിന്റെ വൈവിദ്ധ്യം അനന്തമാണ്. കഥയല്ല, കഥ കൈകാര്യം ചെയ്ത രീതിയാണ് കഥാപഠനത്തിൽ നിരീക്ഷണവിധേയമാക്കേണ്ടത്. കഥാസംവിധാനത്തിൽ വ്യാപരിക്കുന്ന എഴുത്തുകാരന്റെ മനസ്സാണ് മൂല്യബോധത്തെ സൃഷ്ടിക്കുന്നത്. കഥാരചന, കഥപറയൽ മാത്രമല്ല, മൂല്യഘടനയെ സൃഷ്ടിക്കൽ കൂടിയാണ്. രചനയിൽനിന്നും രചനാശൈലിയിൽനിന്നും മൂല്യഘടനയെ വേർപെടുത്താൻ കഴിയാത്ത സാഹചര്യങ്ങളിലാണ് ഒരു കഥ, വിശേഷപഠനത്തിന് സാദ്ധ്യത നൽകുന്നത്. അത്തരം കഥകൾ, അർത്ഥവത്താക്കുന്ന കാര്യങ്ങളെ വ്യക്തമാക്കി സ്വയം അർത്ഥവത്തായിതീരുന്നു.

കാരൂരിന്റെ കഥകളെ പഠനസൗകര്യത്തിനുവേണ്ടി പലരും പട്ടികപ്പെടുത്തിയിട്ടുണ്ട്. പഠനലക്ഷ്യങ്ങളാണ് ഈ പട്ടികപ്പെടുത്തലുകൾക്ക് നിദാനം. മനുഷ്യാവസ്ഥകളോടുള്ള പ്രതികരണങ്ങൾ എല്ലാ കഥകളിലും പ്രത്യക്ഷപ്പെടുന്നതിനാൽ ഈ പഠനത്തിൽ സാമ്പ്രദായിക വർഗ്ഗീകരണത്തിന് പ്രസക്തിയില്ല. മനുഷ്യനെക്കുറിച്ചുള്ള വ്യത്യസ്തമായസങ്കല്പങ്ങൾ കേട്ടുമടുത്ത മലയാളകഥയിൽ അവ നേരിട്ടു പറഞ്ഞ് വിരക്തി വർദ്ധിപ്പിക്കാൻ കാരൂർ തുനിഞ്ഞില്ല.

**4.6.1.** വീട് എന്ന സങ്കല്പം പൂർണ്ണമാക്കുന്ന വിവിധ ഘടകങ്ങളുടെ ചേരുവകൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നതാണ്. ഗാർഹികാന്തരീക്ഷത്തിലെ വ്യക്തി, അവന്റെ വിവിധ അവകാശങ്ങൾ, ചുമതലകൾ ഇവയെല്ലാം കാരൂരിന്റെ കഥാലോകത്തിൽ സമഗ്രമായി

പ്രത്യക്ഷപ്പെടുന്നു. മുഖംമൂടികളില്ലാതെ പെരുമാറുന്ന മനുഷ്യൻ സാധാരണ ഗാർഹികാന്തരീക്ഷത്തിന്റെ പ്രത്യേകതയാണ്. നവോത്ഥാന ആശയഗതികൾ പ്രചാരത്തിൽ വരുന്നതിന് മുമ്പ് നിയമങ്ങൾക്ക് സ്വമേധയാ കീഴ്പ്പെടുന്ന മനുഷ്യനെയാണ് കഥാലോകത്ത് കാണാൻ കഴിയുക. എന്നാൽ ചില ഗാർഹികഘടനകളെ ചോദ്യം ചെയ്യാൻ തുടങ്ങുന്ന മനുഷ്യൻ നവോത്ഥാനകാലം മുതൽ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. കൂട്ടുകുടുംബ വ്യവസ്ഥയിൽനിന്നുമാറി, അണുകുടുംബ വ്യവസ്ഥയിലേക്കും സംബന്ധത്തിൽനിന്നുമാറി ഊഷ്മളമായ ദാമ്പത്യത്തിലേക്കുമുള്ള പ്രവേശം ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്.

നവോത്ഥാനകാലം മുന്നോട്ടുവയ്ക്കുന്ന കുടുംബസങ്കല്പത്തിലെ നല്ല വശങ്ങളെ കാരൂർ കഥകളിലവതരിപ്പിക്കുന്നു. നാടുവാഴിത്ത/കൂട്ടുകുടുംബ വ്യവസ്ഥയിലെ നന്മകളുടെ വശംകൂടി ഉൾക്കൊണ്ടാലേ അത് പൂർണ്ണമാവുകയുള്ളൂ എന്ന് കാരൂർ കരുതുന്നുമുണ്ട്. മാതൃത്വത്തിന്റെ സ്നേഹസാന്നിദ്ധ്യവും പിതൃത്വത്തിന്റെ രക്ഷാകർത്തൃസഹജമായ വാത്സല്യവും സാഹോദര്യത്തിന്റെ രാഗവൈരാഗ്യങ്ങളും എല്ലാം മനുഷ്യബോധവുമായി കൂട്ടുപ്പിണഞ്ഞു കിടക്കുന്നതാണെന്ന് തന്റെ കഥകളിൽ കാരൂർ വ്യക്തമാക്കി. പ്രണയവും സ്നേഹവും, കാമവും ദാഹവും, എല്ലാം വ്യത്യസ്തമാണെന്ന് കഥാനുഭവങ്ങളിലൂടെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം ശ്രദ്ധിക്കുന്നു. സുഖദുഃഖങ്ങൾ അതിന്റെ പൂർണ്ണതയിൽ പങ്കുവയ്ക്കുന്ന ഗൃഹാന്തരീക്ഷം കാരൂർകഥകളുടെ സവിശേഷതയാണ്.[22]

**4.6.2.** വിശപ്പിന്റെ കഥകൾ എന്ന വിശേഷണം കാരൂർ കഥകൾക്ക് ചരിത്രകാരന്മാർ നൽകിയിട്ടുണ്ട്. എന്നാൽ കാരൂർകഥകളിൽ കാണുന്ന വിശപ്പ് വലിയ ഒരർത്ഥത്തെ ഉൾക്കൊള്ളുന്നതാണ്. ദാർശനിക പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയല്ല അദ്ദേഹം വിശപ്പ് എന്ന വികാരത്തെ അവതരിപ്പിക്കുന്നത്. ദാരിദ്ര്യം സൃഷ്ടിച്ച വിശപ്പ് പൂർണ്ണമായി അനുഭവിപ്പിക്കാൻ തന്റെ കഥകളിൽ കാരൂർ ശ്രദ്ധിച്ചു. ഗാർഹികാന്തരീക്ഷത്തിൽ നിറഞ്ഞു

നിൽക്കുന്ന വിശപ്പ് കാരൂരിന്റെ ആദ്യകഥയിലെ ആദ്യവാചകമായി ചരിത്രത്തിൽ സ്ഥാനം നേടുന്നു. 'പടുകാലം പിടിച്ച തള്ളയും, പേറടുത്ത കെട്ടിയവളും, വയറ് കത്തിത്തളർന്ന കിടാങ്ങളും ഉള്ള കൂരയിലേക്ക് കയറുന്ന ഗൃഹനാഥൻ' വിശപ്പിന്റെ ലോകത്ത് സ്വയം എരിയുന്നവനാണ്.[23] വയറിന്റെ വിശപ്പന്വേഷിക്കേണ്ടവൻ കഥാകാരനല്ല എന്ന് വിമർശകർ പറയുമ്പോഴും കാരൂർ അടിസ്ഥാന പ്രശ്നമായിത്തന്നെ ഈ വിഷയം കൈകാര്യം ചെയ്യുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളാൽ ശരിതെറ്റുകളെ കുറിച്ചന്വേഷിക്കാതെ കുറ്റവാളിയായി തീരുന്ന മനുഷ്യൻ, കൂടുതൽ കുറ്റങ്ങളിൽ എത്തിച്ചേരുന്നത് ലോകത്താകെ നവോത്ഥാന കഥാസാഹിത്യത്തിന്റെ പ്രിയപ്പെട്ട വിഷയമായിരുന്നു. വയറിന്റെ വിശപ്പ് മനുഷ്യനെ സന്മാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നു എന്ന ചിന്ത കഥാകാരൻ പ്രചരിപ്പിക്കാമോ എന്ന് നിരൂപകന്മാർ അന്വേഷിച്ചിട്ടുണ്ട്. കാരൂരിന്റെ 'ചെകുത്താൻ' എന്ന കഥയിലെ കിഴവി നിസ്സഹായയായ മറിയത്തോട് "നോയ്ക്കോ, നീയാ കൊച്ചുങ്ങളെ പട്ടിണിക്കിട്ട് കൊല്ലരുത് കേട്ടോ. ദൈവശോദ്യം ഉണ്ടാകും, ഞാൻ പറഞ്ഞേക്കാം" എന്ന് ഉപദേശിക്കുമ്പോൾ മറിയത്തിന്റെ മറുചോദ്യം ശ്രദ്ധേയമാണ്. "പട്ടിണിയിടുന്നതിന് മാത്രമേ ദൈവശോദ്യം ഒള്ളോ" ദൈവം പട്ടിണി കിടക്കുന്നവരുടെ കൂടെയാണോ, പട്ടിണി സൃഷ്ടിക്കുന്നവരുടെ ഒപ്പമാണോ എന്ന ലളിതമായ ചോദ്യമാണ് വിശപ്പിന്റെ കഥകളിൽ കാരൂർ ഉയർത്തുന്നത്. പലർക്കും വിശപ്പ് ഗവേഷണം നടത്താനുള്ള ദാർശനിക പ്രശ്നവും, സൗന്ദര്യാന്വേഷകരായ വിമർശകന്മാർക്ക് അപ്രിയമുണ്ടാക്കുന്ന ഒരു ആവിഷ്കാര പ്രശ്നവുമാണ്. നവോത്ഥാന കഥാകാരന്മാർ അനുഭവിച്ചതും കലാനുഭവങ്ങളിലൂടെ വ്യക്തമാക്കിയതും വിശപ്പിന്റെ യാഥാർത്ഥ്യമാണ്. കാരൂർകഥകളിൽ, വിശക്കുന്ന മനുഷ്യൻ എല്ലാ ധാർമ്മികബോധത്തിനും അതീതനായി നിൽക്കുന്നു. ദാരിദ്ര്യവും വിശപ്പും ഇണപിരിയാത്ത ഇരട്ടകളാണെന്ന് കാരൂർ ഓർമ്മപ്പെടുത്തുന്നു.[24]

**4.6.3.** എല്ലാ കഥാകാരന്മാരുടെയും പ്രിയപ്പെട്ട വിഷയമാണ് മനസ്. ശാസ്ത്രത്തിന് നിർവ്വചിക്കാൻ കഴിയാത്ത മനസ്സിനെ നിത്യമായി പിന്തുടരുന്ന കല, ആവിഷ്കാരങ്ങളിലൂടെ അതിന്റെ അനുഭവസാക്ഷ്യങ്ങളെ ബോദ്ധ്യപ്പെടുത്തുന്നു. എകാന്ത അനുഭവിക്കുന്ന മനുഷ്യൻ ചെറുകഥാകാരന്റെ പ്രിയപ്പെട്ട വിഷയവുമാണ്. മനസ്സും ഏകാന്തതയും കാരൂരിന്റെ കഥാലോകത്തെ പ്രധാന പരാമർശങ്ങളാണ്. ഒറ്റപ്പെടലിനെ അതിജീവിക്കാനുള്ള ശ്രമങ്ങളെ ലോകം ഏത് പ്രകാരത്തിലാണ് പരാജയപ്പെടുത്തുന്നത് എന്നതിനെ കുറിച്ചുള്ള അന്വേഷണവും കാരൂർകഥകളിൽ കാണാം. കൂട്ടായ്മയിലാണ് മനുഷ്യത്വം സഫലമാകുന്നത് എന്നും ഒറ്റപ്പെടലിന്റെ തീക്ഷ്ണത വർദ്ധിക്കുംതോറും മനുഷ്യൻ കൂടുതൽ കൂടുതൽ നിസ്സഹായനായി തീരുന്നുവെന്നും ഈ കഥകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഏകാന്തതയുടെ പരിചിതമായ പരിസരങ്ങളല്ല ജീവിതപരാജയങ്ങളുടെയും പരിത്യക്തതയുടെയും സന്നിഗ്ദ്ധ നിമിഷങ്ങളുമാണ് കാരൂർകഥകളിൽ അധികം പ്രത്യക്ഷപ്പെടുന്നത്. യുക്തിക്ക് നിരക്കാത്ത ആധിപത്യങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്ന മനുഷ്യൻ അതിനുള്ള സമരമുഖങ്ങൾ കണ്ടെത്തുന്നത് കൂട്ടായ്മകളിലാണെന്ന ശുഭപ്രതീക്ഷ നിലനിർത്തുന്നവയാണ് ഇതിലെ പല കഥകളും.[25]

ഏകാന്തതയോടൊപ്പം മലയാളി ഉപയോഗിക്കുന്ന ഒരു പദമാണ് കാല്പനികത. ഗദ്യശൈലിയിൽ കാല്പനികത അനുഭവിപ്പിക്കുന്ന എഴുത്തുകാർ അപൂർവ്വമാണ്. കാല്പനികതയെക്കുറിച്ചുള്ള ഏതൊരു ചിന്തയിലും വികാരത്തെ കുറിച്ചും ഭാവനയെ കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നുവരും. ഏകാകികളുടെ ജ്വരതപ്തമായ മനസ്സുകളെ അവതരിപ്പിക്കുന്നതിൽ കാല്പനികശൈലി കഥാകൃത്തിന് സഹായകമാകുന്നു. എന്നാൽ കാരൂരിന്റെ കാല്പനികശൈലി വികാരത്തേക്കാൾ കൂടുതൽ വിചാരത്തിന് പ്രാധാന്യം നൽകുന്നതാണ്. ആഖ്യാനത്തിൽ, യഥാർത്ഥലോകത്തിൽനിന്ന് സങ്കല്പലോകത്തിലേക്കും തിരിച്ചും സഞ്ചരിക്കുമ്പോൾ എഴുത്തുകാരൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമർത്ഥ

മായി കൈകാര്യം ചെയ്യാനാണ് കാരൂർ കാല്പനികശൈലി ഉപയോഗിക്കുന്നത്. കാല്പനികതയുടെ സ്വപ്നലോകത്തോട് കാരൂരിന് മമതയില്ല. കാല്പനികനായിരിക്കെത്തന്നെ മുഴുവൻ മനുഷ്യരെയും പൂർണ്ണതയിൽ ഉൾക്കൊള്ളാൻ കാരൂരിന്റെ കഥകൾക്ക് കഴിയുന്നു.[26]

**4.6.4.** ആദർശലോകത്തെക്കുറിച്ച് പറയാത്ത എഴുത്തുകാരില്ല. അതിനെ സൃഷ്ടിച്ചെടുക്കലാണ് തന്റെ കടമ എന്ന് എഴുത്തുകാർ വിശ്വസിക്കാറുണ്ട്. എന്നാൽ താൻ മാത്രമേ ആ കടമ നിർവ്വഹിക്കുന്നുള്ളൂവെന്നും മറ്റുള്ളവരെല്ലാം വിപരീതമാർഗ്ഗത്തിലാണ് സഞ്ചരിക്കുന്നത് എന്നും കരുതുന്ന എഴുത്തുകാരുമുണ്ട്. തന്റെ തത്വശാസ്ത്രത്തെ സർഗ്ഗസിദ്ധിയിൽ അവതരിപ്പിക്കുമ്പോൾ ഒരു എഴുത്തുകാരൻ പുലർത്തേണ്ടുന്ന ജാഗ്രത കാരൂർ കഥകളിൽ കാത്തുസൂക്ഷിച്ചു. സൗന്ദര്യവീക്ഷണത്തിൽ സന്ധിചെയ്യാതെ മൂല്യബോധങ്ങൾ അവതരിപ്പിക്കുന്നതിലും അവയെ മനുഷ്യോചിതമായി പ്രചരിപ്പിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. വ്യക്തിയെന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും മനുഷ്യൻ ഉയർത്തിപ്പിടിക്കേണ്ട മാനവികതാബോധം കാരൂർ കഥകളിലൂടെ അവതരിപ്പിച്ചു. എന്നാൽ നവോത്ഥാന ചിന്തയിലെ നവലോകക്രമത്തെ കാരൂർ വിമർശനത്തോടെ മാത്രമേ സ്വീകരിച്ചുള്ളൂ. നവലോകത്തിന്റെ മൂല്യക്രമങ്ങൾ നിലവിലുള്ള നന്മകളെ ഇല്ലായ്മ ചെയ്യുന്ന രീതികളിൽ അദ്ദേഹം ആശങ്കാകുലനായിരുന്നു. പ്രായോഗിക ജീവിതശൈലി വിജയം നേടുമ്പോൾ നന്മതിന്മകളെക്കുറിച്ചും ശരിതെറ്റുകളെ കുറിച്ചും വിചാരപ്പെടുന്ന നിരവധി കഥാപാത്രങ്ങൾ കാരൂരിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. പുതിയ ലോകത്തിന്റെ കാപട്യങ്ങളോട് പൊരുത്തപ്പെടാത്തവർ ഉയർത്തുന്ന ചോദ്യങ്ങൾ നവോത്ഥാന കാലഘട്ടത്തിലെ സന്ദിഗ്ദ്ധമനസ്സിന്റെ പ്രതിധ്വനികളാണ്. പ്രായോഗികബുദ്ധി താൽക്കാലിക നേട്ടങ്ങളെ നൽകിയേക്കാമെങ്കിലും അത് നിലനിൽക്കുന്ന വ്യവസ്ഥയിലെ നന്മകളെ ഇല്ലാതെയാക്കുന്ന അവസ്ഥ കാരൂരിന്റെ കഥകളിൽ തെളിഞ്ഞുനിൽക്കുന്നു.

പ്രായോഗികബുദ്ധിയും പ്രയോജനവാദവും ആർത്തി പെരുത്ത മനുഷ്യനെ സൃഷ്ടിക്കുമെന്നും മാനവികതയുടെ ഭാവിയെ ഇരുട്ടിലാക്കുമെന്നും കഥകളിലൂടെ കാരൂർ വ്യക്തമാക്കി. ആധുനിക വിദ്യാഭ്യാസം, ശാസ്ത്രപുരോഗതി, ആസൂത്രിതവികസനം തുടങ്ങിയ നവോത്ഥാനകാല സാമൂഹിക കാഴ്ചപ്പാടുകളെ ത്യാജ്യഗ്രാഹ്യ വിവേചനബുദ്ധ്യാ സ്വീകരിക്കണമെന്ന് അദ്ദേഹം കഥകളിലൂടെ നിർദ്ദേശിച്ചു. ഇത്തരം കഥകളിൽ കാല്പനിക ശൈലിയുടെ മാർദ്ദവമല്ല ക്ലാസിക് ശൈലിയുടെ അഭിജാതഗൗരവമാണ് വായനക്കാരന് അനുഭവപ്പെടുന്നത്.[27]

**4.6.5.** ജനപ്രിയ സാഹിത്യവും ജനകീയ സാഹിത്യവും തമ്മിലുള്ള വ്യത്യാസം കാരൂർ തിരിച്ചറിഞ്ഞിരുന്നു. ചെറുകഥ എന്ന സാഹിത്യരൂപത്തിന് വായനക്കാർ വർദ്ധിച്ചുവന്ന നവോത്ഥാനകാലഘട്ടത്തിൽ വായനക്കാരനെ ജീവിതസമസ്യകളിൽനിന്നും അകറ്റി കൊണ്ടുപോയി കേവലമായ ആത്മസംതൃപ്തിയിലേക്ക് നയിക്കുന്ന ഒരു രചനാരീതി രൂപംകൊള്ളാൻ തുടങ്ങിയിരുന്നു. ജനങ്ങളെ പരിവർത്തിപ്പിക്കാൻ ശ്രമിക്കാത്ത ജനപ്രിയ സാഹിത്യരൂപമായി ചെറുകഥ തരംതാഴരുത് എന്ന ശാഠ്യം കാരൂരിനുണ്ടായിരുന്നു. ചിന്തയ്ക്ക് സാന്നിദ്ധ്യമില്ലാത്ത രചനകൾ മാനവികതാബോധത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കാരൂരിന് അറിയാമായിരുന്നു.

### 4.7. രചനയും മാനവികതാമൂല്യവും

ഹ്യൂമനിസം - മാനവികത - എന്നതുകൊണ്ട് പൊതുവായി ഉദ്ദേശിക്കുന്നത് എന്താണ് എന്നും, അതിന്റെ വികാസപരിണാമങ്ങളും സ്വാധീന സവിശേഷതകളും ഏതെല്ലാം വിധത്തിലായിരുന്നുവെന്നും ഒന്നാം അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. നവോത്ഥാനകാലചെറുകഥാകാരന്മാരുടെ മൂല്യസങ്കല്പത്തെക്കുറിച്ചും, അതിൽ മാനവികതാ ബോധത്തിനുണ്ടായിരുന്ന പ്രാധാന്യത്തെക്കുറിച്ചും രണ്ടാമദ്ധ്യായത്തിൽ വില

യിരുത്തിയിട്ടുണ്ട്. എന്നാൽ ഒരു എഴുത്തുകാരന്റെ രചനയിൽ ഒരു മൂല്യചിന്ത ലീനമായിരിക്കുന്നതിനെ കുറിച്ച് നിർണ്ണയിക്കാൻ സൂക്ഷ്മമായ ചില നിരീക്ഷണങ്ങൾകൂടി ആവശ്യമായിവരുന്നു. ഏതെങ്കിലും ഒരു മൂല്യത്തിന്റെ പ്രചാരകനാണ് താനെന്ന് ഒരു എഴുത്തുകാരനും മുൻകൂട്ടി പ്രസ്താവിക്കാറില്ല. ഒരു മൂല്യത്തെ താൻ വിശദീകരിച്ചിട്ടുണ്ട് എന്ന് പലപ്പോഴും എഴുത്തുകാർ പോലും തിരിച്ചറിയാറുമില്ല. സമൂഹവുമായുള്ള പ്രതിപ്രവർത്തനത്തിൽ നിന്ന് ഒരു എഴുത്തുകാരന്റെ മനസ്സിൽ രൂപംകൊള്ളുന്ന ആദർശബോധം അനുകൂലമായ സാഹചര്യത്തിൽ പുറത്തുവരികയാണ് ചെയ്യുന്നത്. മനുഷ്യന്റെ പരിതോവസ്ഥകളെ മുൻനിർത്തി പ്രശ്നാപഗ്രഥനത്തിലേക്കും പരിഹാരനിർദ്ദേശത്തിലേക്കും പ്രവേശിക്കുന്ന ഒരു ഹ്യൂമനിസ്റ്റ്എഴുത്തുകാരന്റെ ആദർശബോധം സാമാന്യേന താഴെപറയുന്നവയായിരിക്കും.

മാനവികതയെ മുൻനിർത്തി രചനാപ്രക്രിയയിൽ ഏർപ്പെടുന്ന ഒരു എഴുത്തുകാരൻ വിധിയുടേയും, പ്രകൃതിയുടേയും കളിപ്പാവയായിരിക്കാൻ ഒരിയ്ക്കലും ഇഷ്ടപ്പെടുകയില്ല. സ്വതന്ത്രമായ ആജ്ഞാശക്തിയുടേയും അഭിജാതമായ വികാരത്തിന്റേയും ഉടമായായിരിക്കും അയാൾ. സാഹിത്യപരമായ കാഴ്ചപ്പാടിനോടൊപ്പം സാമൂഹ്യവീക്ഷണവും പ്രധാനമാണ്. താല്ക്കാലികമായ താല്പര്യങ്ങളെ നോക്കിയല്ല ദീർഘകാലത്തേക്കുള്ള നിരീക്ഷണങ്ങളാണ് ഇയാൾ മുന്നോട്ടുവെക്കുന്നത്. ആന്തരികമായ പ്രചോദനത്തിനുകൂടി വിധേയനായി രചനയിലേർപ്പെടുന്ന കലാകാരൻ കലാസത്യത്തെ ആവിഷ്കരിക്കുക മാത്രമാണ് തന്റെ ദൗത്യമെന്ന് ഉറച്ചുവിശ്വസിക്കുന്നു. എന്നാൽ ഒരെഴുത്തുകാരൻ താൻ അറിയാതെ തന്നെ, താൻ പ്രതിനിധാനം ചെയ്യുന്ന കാലത്തിന്റേയും മാനവരാശിയുടെയും സന്ദേശമായിതീരുന്നു. അതിനാൽ ഭൗതികപ്രശ്നങ്ങളെ കുറിച്ചു മാത്രമല്ല, മനുഷ്യസ്വഭാവത്തെകുറിച്ച് സൂക്ഷ്മനിരീക്ഷണം നടത്താനും, ആർജിച്ചെടുത്ത ജ്ഞാനം ലളിതവും സുന്ദരവുമായ ഭാഷയിൽ സമൂഹത്തോട് പറയാനും കഴിയണം.[28]

പോരായ്മകളുടെ ഒരു ചേരുവയാണ് മനുഷ്യൻ എന്ന ധാരണ മനസ്സിൽ വെച്ചു കൊണ്ടു തന്നെ ഈ എഴുത്തുകാരൻ മനുഷ്യനിലുള്ള നന്മയിലും, മാനവരാശിയുടെ പ്രോജ്വലമായ ഭാവിയിലും വിശ്വസിക്കുന്നു. മനുഷ്യനെ മനുഷ്യരുമായി ബന്ധിപ്പിക്കുന്നതിൽ തന്റെ കലാസൃഷ്ടി ഒരു ഇടനിലയായി വർത്തിക്കണമെന്ന് അയാൾ കരുതുന്നു.

ഹ്യൂമനിസത്തിന് വിശ്വാസപ്രമാണങ്ങളേ പാടില്ല എന്നും തത്വചിന്തകൾക്കും സിദ്ധാന്തങ്ങൾക്കും അവിടെ പ്രസക്തിയില്ല എന്നും ടി.എസ്. എലിയറ്റിന്റെ പ്രസ്താവന പ്രൊഫ. കെ.എം. തരകൻ ഉദ്ധരിച്ചിട്ടുണ്ട്. കേവല ഹ്യൂമനിസത്തിന്റെ പ്രസക്തി കുറഞ്ഞുവരുന്ന ഇക്കാലത്ത് എലിയറ്റിന്റെ കാഴ്ചപ്പാട് കാലഹരണപ്പെട്ടതാണ്. "തത്വചിന്ത ഉൾക്കൊള്ളുന്ന കൃതി വില രേഖപ്പെടുത്തിയ സമ്മാനം പോലെയാണെന്ന്" മാർഷൽ പ്രൂസ്റ്റിന്റെ നിഗമനം തരകൻ ഉദ്ധരിക്കുന്നതും ഇക്കാലത്ത് അസംഗതമാണ്.[29]

ഹൃദയവിശാലത, സഹിഷ്ണുത, സമചിത്തത, സുബുദ്ധി എന്നിവയ്ക്ക് ഒരു ഹ്യൂമനിസ്റ്റ് എഴുത്തുകാരൻ നല്കുന്ന പ്രാധാന്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഭിന്നസ്വഭാവക്കാരായ മനുഷ്യരെ ആ സ്വഭാവങ്ങളുടെ പശ്ചാത്തലത്തിൽ തന്നെ വിലയിരുത്താൻ മാനവികതാവാദിയായ ഒരു എഴുത്തുകാരന് കഴിയണം. തന്റെ കഥാപാത്രങ്ങളോട് അമിതമായ മമതയോ അത്യധികം വൈരമോ അയാൾ വെച്ചു പുലർത്തരുത്. ഏതെങ്കിലും കഥാപാത്രത്തെ അതിരുകടന്ന് പരിഹസിക്കാനോ, വിവേകം വിട്ട് ഭത്സിക്കാനോ അയാൾ മുതിരരുത്. പ്രശംസാവചനങ്ങൾ ചൊരിഞ്ഞ് ദിവ്യനാക്കുകയുമരുത്. ഒരു നേർരേഖകൊണ്ട് വകഞ്ഞുമാറ്റാവുന്നതാണ് ലോകത്തിലെ നന്മതിന്മകൾ എന്ന് അയാൾ തെറ്റിദ്ധരിക്കുകയുമരുത്.

നിഷേധാത്മകമല്ല, നിരൂപണാത്മകമാണ് ഹ്യൂമനിസ്റ്റിന്റെ ചിന്താരീതി. നിലവിലുള്ള മൂല്യങ്ങളെ നിലനിർത്തി അനുഭാവപൂർവ്വം മാനവസമുദായത്തെ നിരൂപണം ചെയ്യാൻ

ഹ്യൂമനിസ്റ്റിന് കഴിയണം. ഒരു പുതിയ വീക്ഷണഗതി സൃഷ്ടിക്കുവാൻ അയാൾ ബാദ്ധ്യതപ്പെട്ടവനുമാണ്. ഈ വീക്ഷണഗതി സാമൂഹ്യ പുരോഗതിക്ക് അനുഗുണമാണോ എന്ന് അയാൾ വിവേചിച്ചറിയുകയും വേണം. കാരൂരിന്റെ രചനകൾ ഈ സങ്കല്പങ്ങളോട് നീതി പുലർത്തുന്നതാണ്.

### 4.8. കാരൂരിന്റെ വ്യതിരിക്തത

സിദ്ധാന്തങ്ങൾ ഹൃദിസ്ഥമാക്കി രചന ആരംഭിക്കുന്ന സ്വഭാവം എഴുത്തുകാരനില്ല. സാമൂഹികസന്ദർഭങ്ങളുടെ സ്വാധീനഫലമായി സൗന്ദര്യേതരമായ പല ഘടകങ്ങളും രചനയിൽ വന്നുചേരും. കലാസൗന്ദര്യത്തെ നിലനിർത്തിക്കൊണ്ടുതന്നെ ഈ ഘടകങ്ങളെ കൂട്ടിച്ചേർക്കാൻ കഴിഞ്ഞു എന്നതാണ് കാരൂരിന്റെ വിജയം. നവോത്ഥാന കഥാകൃത്തുക്കൾക്കിടയിൽ കാരൂരിനെ വ്യതിരിക്തനാക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. ആധുനിക പാശ്ചാത്യ യുക്തിബോധത്തെ അതേ പ്രകാരത്തിൽ ഉൾക്കൊള്ളാൻ കാരൂർ തയ്യാറായില്ല. നവോത്ഥാനകാല മൂല്യബോധങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾതന്നെ കേരളത്തിന്റെ ജാതിജന്മി നാടുവാഴിത്ത ക്രമത്തിന്റെ ചില മൂല്യങ്ങളെ നിലനിർത്താൻ ആഗ്രഹിച്ചു.

2. ഏതൊരു മൂല്യവും അത് സൃഷ്ടിച്ച വ്യവസ്ഥകളുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത് എന്നും പുതിയ മൂല്യബോധങ്ങളോട് പൊരുത്തപ്പെടാൻ മനുഷ്യന് പ്രയാസപ്പെടേണ്ടിവരുമെന്നും കഥകളിലൂടെ വ്യക്തമാക്കി.

3. സ്ഥിരോത്സാഹിയും കർമ്മനിരതനുമായ ശരാശരി മനുഷ്യനെ കഥകളിലൂടെ അവതരിപ്പിച്ച കാരൂർ ആദർശപ്രസംഗം ചെയ്യുന്ന കുലീനരായ കഥാപാത്രങ്ങളെ കഥ

കളിൽനിന്ന് ഒഴിച്ചുനിർത്തി.

4. റിയലിസത്തോട് ആഭിമുഖ്യം കാണിച്ച ഒരെഴുത്തുകാരനാണ് കാരൂർ. സാമൂഹിക ജീവിതത്തിന്റെ ദോഷവശങ്ങളെ മാത്രമേ ഒരു റിയലിസ്റ്റ് അവതരിപ്പിക്കാവൂ എന്ന് കാരൂർ കരുതിയില്ല. ഗുണവശങ്ങളെ കൂടി ശ്രദ്ധയിൽപ്പെടുത്തി പരാജയബോധമില്ലാതെ മാനവസമുദായത്തിന്റെ ഉയർന്ന ഭാവിയെ സ്വപ്നം കാണുവാൻ വായനക്കാരെ പ്രേരിപ്പിച്ചു.

5. മനുഷ്യനന്മയ്ക്ക് ഉതകുന്ന പ്രസ്ഥാനങ്ങളിൽ പങ്കാളിയാവുകയും അതിന്റെ ആദർശപിടിവാശിയോട് അകന്നുനിൽക്കുകയും ചെയ്ത കാരൂരിന്റെ വ്യക്തിജീവിതം പൊതുവെ സംഘർഷങ്ങളെ ഇഷ്ടപ്പെട്ടില്ല. എന്നാൽ സാഹിത്യജീവിതത്തിൽ വർഗ്ഗവീക്ഷണത്തിന്റെ (class concept) സ്വാധീനത്താൽ നിസ്വവർഗ്ഗത്തിന്റെ പ്രശ്നങ്ങളെ കഥകളിൽ പക്ഷപാതപരമായി അവതരിപ്പിച്ചു.

6. മറ്റ് ചെറുകഥാകൃത്തുക്കൾ പാശ്ചാത്യമാതൃകകൾ അന്ധമായി പിന്തുടരാൻ ശ്രമിച്ചപ്പോൾ കാരൂർ ഭാരതീയവും കേരളീയവുമായ ആഖ്യാന സമ്പ്രദായത്തെ ചെറുകഥയിൽ കൂടുതൽ ഉപയോഗപ്പെടുത്തി.

ലളിതാംബിക അന്തർജനത്തിന്റെ രചനാലോകത്തെ പൊതുവായി പരാമർശിച്ച് ഇരുവരുടെയും കഥകളെ താരതമ്യപഠനത്തിന് വിധേയമാക്കുകയാണ് അടുത്ത അദ്ധ്യായത്തിൽ.

## കുറിപ്പുകൾ

| | | | |
|---|---|---|---|
| 1. | നീലകണ്ഠപിള്ള കാരൂർ | : | കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978 (ഞാൻ കഥാകാരനായ കഥ എന്ന ലേഖനം) പേജ് 708-715 |
| | ജയചന്ദ്രൻ ടി.എൻ. | : | കഥയുടെ പിന്നിലെ കഥ കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1986, കാരൂരുമായി നടത്തിയ അഭിമുഖം, പേജ് 27-43 |
| | ഒരു സംഘം ലേഖകന്മാർ | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, ലേ: ഞാനെന്തിന് എഴുതുന്നു, പേജ് 175 |
| 2. | രാമകൃഷ്ണൻ ദേശമംഗലം | : | കവിയുടെ കലാതന്ത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989, പേജ് 19 |
| 3. | നീലകണ്ഠപിള്ള കാരൂർ | : | കാരൂരിന്റെ കഥകൾ രണ്ടാംഭാഗം കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 709 |
| 4. | കൃഷ്ണപിള്ള ഇ.വി. | : | ഇ.വിയുടെ തിരഞ്ഞെടുത്ത കൃതികൾ കോട്ടയം: ഡി.സി. ബുക്സ്, 1994, (തകഴിയുടെ പതിതപങ്കജം - അവതാരിക) പേജ് 577 |
| 5. | ഒരു സംഘം ലേഖകന്മാർ | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, ലേ: ഞാനെന്തിന് എഴുതുന്നു, പേജ് 175 |
| 6. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 71 (പി. കുമാരൻനായരുടെ അനുസ്മരണം) |
| 7. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 73, പി.ജി. പിള്ള എഴുതിയ ലേഖനം |
| 8. | ------------- | : | കാരൂർ (സ്മരണകളും പഠനങ്ങളും) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977, പേജ് 39, നാലാങ്കൽ എഴുതിയ ലേഖനം |

9. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, പേജ് 667
തേക്കുപാട്ട് എന്ന കഥ

10. -------------- : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, (കഥയല്ല എന്ന ഭാഗം)

11. ഒരു സംഘം ലേഖകന്മാർ : കാരൂർ സ്മരണകളും പഠനങ്ങളും
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977, പേജ് 113

12. സരസ്വതി ബി. : ഓർമ്മകൾ ചന്ദനഗന്ധം പോലെ,
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 2004

13. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാം ഭാഗം)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1978, പേജ് 713

14. ഒരു സംഘം ലേഖകന്മാർ : കാരൂർ (സ്മരണകളും പഠനങ്ങളും)
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977, പേജ് 179

15. ജയചന്ദ്രൻ ടി.എൻ. : കഥയുടെ പിന്നിലെ കഥ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1986, പേജ് 36

16. കൃഷ്ണവാരിയർ എൻ.വി. : (അവതാരിക) ഈ സഹായത്തിൽ
ചരടുണ്ട്, കാരൂർ നീലകണ്ഠപിള്ള
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1977

17. എം. അച്യുതൻ, ജി. കുമാരപിള്ള എന്നീ നിരൂപകന്മാർ കാരൂരിന്റെ കഥകളെ കുറിച്ച് നടത്തിയ പഠനത്തിലാണ് ഈ പരാമർശം ഏകസ്വരത്തിൽ കാണുന്നത്.

18. നീലകണ്ഠപിള്ള കാരൂർ : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 33-40

19. -------------- : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 143

20. -------------- : തെരഞ്ഞെടുത്ത കഥകൾ
കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ
സംഘം, 1972, പേജ് 384

21. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ (ഒന്നാംഭാഗം) കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 708

22. അമ്മ, തിരുവാതിര, കൊച്ചനുജൻ, വേലക്കാരി, കുടുംബ ബഡ്ജറ്റ്, എക്സ്ചേഞ്ച്, ഗൃഹനായിക, അച്ഛന്റെ കുട, കൂടപ്പിറപ്പ്, പിടിപ്പുകേട് മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

23. നീലകണ്ഠപിള്ള കാരൂർ : കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1975, പേജ് 90

24. അന്നത്തെ കൂലി, പൊതിച്ചോറ്, ഊണിന്റെ കണക്ക്, അത്ഭുതമനുഷ്യൻ, ചെകുത്താൻ ഒന്നാം വാദ്ധ്യാർ മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

25,26 മോതിരം, പൂവമ്പഴം, മരപ്പാവകൾ, സേഫ്റ്റിപിൻ, ഒരു കെട്ടുകഥ മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

27. മരപ്പാവകൾ, കുട്ടികളെത്ര, ഉതുപ്പാന്റെ കിണർ, കയ്പ്പ് മുതലായ കഥകൾ. (കാരൂരിന്റെ കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം) എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

28. എഴുത്തച്ഛൻ കെ.എൻ. : കിരണങ്ങൾ, തൃശൂർ: കറന്റ് ബുക്സ്, 1964, പേജ് 99

29. തരകൻ കെ.എം. : തരംഗിണി, കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1969, പേജ് 86-94

അദ്ധ്യായം അഞ്ച്

# മാനവികതാ സങ്കല്പം
# കാരൂരിന്റെ കഥകളിലും അന്തർജനത്തിന്റെ കഥകളിലും
# (സൂക്ഷ്മ താരതമ്യം)

ഒരു പുതിയ സമൂഹം രൂപംകൊള്ളുന്നതിന്റെ ഭാഗമായി ക്രമീകരിക്കപ്പെട്ട മൂല്യബോധത്തിൽ മാനവികതയുടെ പ്രാധാന്യം എഴുത്തുകാരിലൂടെയാണ് സമൂഹത്തിലെത്തുന്നത്. നവസാമൂഹികക്രമത്തിന്റെ നിർമ്മിതിയിലും അതിന്റെ സ്ഥിതിവിപര്യയങ്ങളിലും പ്രധാന സ്ഥാനത്ത് നിന്നിരുന്ന ഈ മൂല്യബോധത്തെ എഴുത്തുകാർ ആവിഷ്കരിച്ചതിലെ സവിശേഷതകളെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നത്. താരതമ്യ പഠനത്തിലൂടെയാണ് ഈ അന്വേഷണം നിർവ്വഹിക്കുന്നത്. പഠനത്തിനായി ഈ എഴുത്തുകാരെ തിരഞ്ഞെടുത്തതിലെ സാംഗത്യം മുമ്പ് വിശദീകരിച്ചതാണ്. കാരൂരിന്റെ രചനാസങ്കല്പത്തെ പരിചയപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ, ലളിതാംബികയുടെ കഥാലോകത്തെ മനസ്സിലാക്കുന്നതിനാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ശ്രമിക്കുന്നത്. തുടർന്ന് സൂക്ഷ്മതലത്തിലുള്ള താരതമ്യവും നിർവ്വഹിക്കുന്നു.

### 5.1. കലാവിഷ്കാരവും ലിംഗനീതിയും

സാമൂഹിക ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പുരുഷന്മാരാണ് മാന്യസ്ഥാനങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ളത്. അറിവിന്റെ കുറവുകൊണ്ടും കഴിവിന്റെ പോരായ്മകൊണ്ടുമാണ് സ്ത്രീകൾ പിറകിലായത് എന്നും, ഇപ്പോഴും സ്ഥിതി വ്യത്യസ്തമല്ല എന്നും നിക്ഷിപ്ത താല്പര്യമുള്ളവർ പ്രചരിപ്പിക്കുന്നു. മാനവചരിത്രത്തിന്റെ ആദ്യഘട്ടത്തിലും പ്രാചീന കാർഷികസമൂഹത്തിലും സ്ത്രീക്കായിരുന്നു പ്രഥമസ്ഥാനം. മാതൃ

സംസ്കൃതിയിൽനിന്നാണ് മനുഷ്യസംസ്കൃതി ജന്മമെടുക്കുന്നത്. കുഞ്ഞിന് ആശ്രയവും അഭയവും, സമൂഹത്തിന് ഉഭയവും നൽകി വളർത്തിയത് സ്ത്രീയാണ്. ഫലങ്ങൾ ശേഖരിച്ചും വിത്തുകൾ വേർതിരിച്ചും പ്രകൃതിയെ മനസ്സിലാക്കി പാകിമുളപ്പിച്ചും കാർഷിക സംസ്കൃതിയിലേക്ക് മനുഷ്യനെ നയിച്ചത് സ്ത്രീയാണ്. മനുഷ്യബുദ്ധിയുടെ പ്രഭവ സ്ഥാനങ്ങളിലൊന്ന് സ്ത്രീമനസ്സാണ്. ജനിതകഘടകങ്ങളെ സൂക്ഷ്മവിശകലനം ചെയ്താലും സ്ത്രീയിൽ ധിഷണയുടെ കുറവ് കണ്ടെത്താൻ കഴിയുന്നില്ല. സ്ത്രീ സാമൂഹിക ജീവിതത്തിന്റെ മാന്യസ്ഥാനങ്ങളിൽനിന്ന് പുറകോട്ടുപോയത് സാമൂഹിക വികാസത്തിന്റെ സവിശേഷഘട്ടത്തിലാണ്. കുടുംബവും സ്വകാര്യസ്വത്തും രൂപംകൊള്ളുകയും, കുടുംബം പുരുഷാധിപത്യ സ്വഭാവമുള്ളതായി മാറുകയും ചെയ്തതോടെ സ്ത്രീയുടെ സ്ഥാനം നഷ്ടപ്പെടാൻ ആരംഭിച്ചു. സ്വത്തിന്റെ പിൻതുടർച്ചാവകാശകാര്യത്തിലാകട്ടെ സ്ത്രീയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയ സമൂഹം തുടർന്ന് സ്ത്രീ ഒരു ബാദ്ധ്യത എന്ന നിലയിലാണ് പെരുമാറിവരുന്നത്. സ്വയം സംരക്ഷിക്കുകയും മറ്റുള്ളവരുടെ പോറ്റിവളർത്തുകയും ചെയ്ത മാതൃബിംബത്തിന്റെ മാന്യസ്ഥാനം, പിതൃപ്രാമാണ്യ വ്യവസ്ഥയിലധിഷ്ഠിതമായ പാശ്ചാത്യയുക്തി ലോകത്താകെ വ്യാപിച്ചതോടെ പരാശ്രിതസ്വഭാവത്തിലേക്ക് മാറി.[1] ക്രമേണ വ്യക്തിവികാസത്തിന്റെ ഓരോ ഘട്ടത്തിലും സ്ത്രീയിൽ ആശ്രിത മനോഭാവത്തേയും ആശങ്കാകുലമായ മനസ്സിനേയും വളർത്തി അപകർഷതാബോധം നിലനിർത്തുന്നതിനാണ് സമൂഹം ശ്രമിച്ചത്. മഹത്തായ പരിശ്രമങ്ങൾ നടത്താനുള്ള കഴിവോ അവകാശമോ ഇല്ലാത്തവരാണ് തങ്ങൾ എന്ന് ഭൂരിഭാഗം സ്ത്രീകളും തീർപ്പിലെത്തുന്നത് ഈ സാഹചര്യത്തിലാണ്. വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള സാദ്ധ്യതകൾ ഇല്ലാതിരുന്നതുകൊണ്ടുതന്നെ ഉള്ള കഴിവുകൾപോലും വികസിപ്പിക്കാൻ കഴിയാത്ത സ്ഥിതിയും സംജാതമായി.

**5.1.1.** വിശാലമായ ലോകം കാണുന്നതിനോ, വിഭിന്നസ്വഭാവക്കാരുമായി ഇടപെടുന്ന

തിനോ സ്ത്രീക്ക് അവസരം കിട്ടുന്നില്ല. തങ്ങൾക്കായി പുരുഷകേന്ദ്രീകൃതസമൂഹം നീക്കി വെച്ച പരിമിതലോകത്തിൽ സംതൃപ്തയാകേണ്ടിവരുന്ന സ്ത്രീക്ക് കലയെക്കുറിച്ചോ കലാനിർമ്മിതിയെക്കുറിച്ചോ ശാസ്ത്രീയമായി മനസ്സിലാക്കാൻ കഴിയുന്നില്ല. നൈസർഗ്ഗി കമായ പ്രതിഭ സ്വാഭാവികമായി മനുഷ്യനിൽ ഉണ്ടാക്കുന്ന ആവിഷ്കാരകൗതുകത്തെ, സ്ത്രീകളുടെ കാര്യത്തിൽ ശാസിച്ചും ശിക്ഷിച്ചും ഇല്ലായ്മ ചെയ്യാനാണ് സമൂഹം ശ്രമി ച്ചത്. കലയെക്കുറിച്ചും സന്മാർഗ്ഗികതയെക്കുറിച്ചും വിരുദ്ധാഭിപ്രായങ്ങൾ നില നിൽക്കുന്ന ലോകത്ത് വളരെ ജാഗ്രതയോടെ മാത്രമേ കലാകാരന്മാർ പെരുമാറാറുകയു ള്ളൂ. കലാകാരനെ സംശയദൃഷ്ട്യാ പിന്തുടരുന്ന ലോകസ്വഭാവത്തിൽ വിധിവിലക്കുക ളാൽ ബന്ധിതരായിരുന്ന സ്ത്രീകൾ പൊതുവെ കലാരംഗത്തേക്ക് കടന്നുവന്നതേയില്ല. വൈയക്തിക പ്രതിഭയോടൊപ്പം സാമൂഹിക സാഹചര്യങ്ങളാണ് ഒരു കലാകാരനെ സൃഷ്ടിക്കുന്നത്. സാമൂഹിക ഇടപെടലുകൾക്ക് അവസരം കുറവായതിനാൽ പ്രതിഭയുള്ള സ്ത്രീകൾ പോലും വളർച്ചയിലെത്തിയില്ല. സാഹചര്യങ്ങളെ അതിജീവിച്ച് സ്ത്രീകൾ നടത്തുന്ന ഒറ്റപ്പെട്ട പരിശ്രമങ്ങൾ വിജയം നേടിയാൽപോലും അവർക്ക് സാഹിത്യചരി ത്രത്തിൽ ഇടം നൽകി പ്രചരണം നടത്താൻ അധീശശക്തികൾ തയ്യാറായതുമില്ല.

**5.1.2.** പാശ്ചാത്യ നവോത്ഥാനചിന്തയിൽ അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് സ്ത്രീ പ്രശ്നങ്ങൾ പരിഗണനാവിഷയമായി മാറിയത്. കേരളീയനവോത്ഥാനത്തിന് പാശ്ചാത്യ നവോത്ഥാനത്തിന്റെ യുക്തിചിന്തയും കൊളോണിയൽ ചൂഷണത്തിന്റെ പ്രായോഗിക ചിന്തയുമാണ് ഊർജ്ജം പകർന്നത്. കേരളീയനവോത്ഥാനം ഒരു മനുഷ്യോദയപ്രസ്ഥാ നമാണ് എന്ന് വിവക്ഷിക്കുമ്പോഴും ആ മനുഷ്യസങ്കല്പത്തിൽ നാമമാത്രമായ പരിഗ ണനയേ സ്ത്രീക്ക് ലഭിച്ചിരുന്നുള്ളു. കാവ്യ/കലാ പ്രയോജനത്തെക്കുറിച്ചുള്ള ധാരണ കൾ കാലത്തിനും മൂല്യസങ്കല്പങ്ങൾക്കും അനുസരിച്ച് മാറ്റം വരുന്നവയാണ്. കേര ളീയ നവോത്ഥാനത്തിന്റെ യുക്തിബോധത്തിനനുസൃതമായാണ് നവോത്ഥാനകാല

കലയും സാഹിത്യവും രൂപപ്പെടുന്നത്. നിലനിന്നിരുന്ന ജാതി-ജന്മി-നാടുവാഴി സമൂഹത്തിന്റെ വിധിവിലക്കുകൾ അനുഭവിച്ചിരുന്ന കേരളീയസ്ത്രീസമൂഹത്തിന്, ആധുനിക ധനമൂലധന താല്പര്യങ്ങളുടെ ചൂഷണത്തിനും വഴങ്ങേണ്ടതായി വന്നു. പുരുഷവീക്ഷണത്തിൽ സുരക്ഷിതമെന്നു തോന്നുന്നതും വരുമാനം ലഭിക്കുന്നതുമായ സമൂഹത്തിലെ തൊഴിൽ മണ്ഡലങ്ങളിലേക്ക് സ്ത്രീക്ക് പ്രവേശനം ലഭിച്ചുവെങ്കിലും നേതൃത്വപരമായ ഒരു സ്ഥാനവും അവർക്ക് നൽകാൻ നവോത്ഥാനകാലം തയ്യാറായില്ല. അത് പിടിച്ചുപറ്റേണ്ടതാണെന്ന ബോധം സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയതുമില്ല. ചരിത്രരചനയുടെ താല്പര്യങ്ങൾ കാരണം ഒറ്റപ്പെട്ട സ്ത്രീ മുന്നേറ്റങ്ങൾ ജനമനസ്സുകളിലേക്ക് കടന്നുവന്നതുമില്ല.

**5.1.3.** കലാരംഗത്ത് സ്ത്രീകൾ അപൂർവ്വമായെങ്കിലും പ്രത്യക്ഷപ്പെടുന്നത് സാഹിത്യരചനയിലാണ്. ആവിഷ്കരിക്കുന്നതിനുള്ള ആഗ്രഹം ഒരു ഭാഗത്തും, പലതരം നിയന്ത്രണങ്ങൾ മറുഭാഗത്തും നിലനിൽക്കുന്നതിനാൽ സ്ത്രീകൾ സാഹിത്യത്തെ തെരഞ്ഞെടുത്തത് ചില സൗകര്യങ്ങൾ മുൻനിർത്തിയാണ്. സാഹിത്യത്തിന്റെ ആവിഷ്കാര മാധ്യമം ഭാഷയാകയാൽ ഇതരമാധ്യമങ്ങളേക്കാൾ സൗകര്യമുണ്ടെന്ന് അവർ തിരിച്ചറിഞ്ഞു. പ്രതിമാനിർമ്മാണം, ചിത്രം, ശില്പം എന്നിവയേക്കാൾ, ആവിഷ്കൃതരൂപം സമൂഹത്തിൽനിന്ന് മറച്ചുപിടിക്കുന്നതിനും ബാഹ്യലോകം കാണാതെ മനസ്സിലേക്ക് തിരിച്ചെടുക്കുന്നതിനും വേഗത്തിൽ കഴിയുന്നു. സാമൂഹിക വിലക്കുകൾ സൃഷ്ടിച്ച ഏകാന്തലോകത്തിൽ മനഃസഞ്ചാരത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സാഹിത്യരൂപം ഉതകും. പ്രകാശിതമാകുന്ന സാഹചര്യം കുറവായിരുന്നുവെങ്കിലും അപൂർവ്വസന്ദർഭങ്ങളിലെങ്കിലും അവ ജനശ്രദ്ധയിൽ വന്നിരുന്നു. അതിൽത്തന്നെ വളരെ കുറച്ചുമാത്രമേ സാഹിത്യചരിത്രത്തിൽ സ്ഥാനം നേടിയുള്ളു.

മലയാള സാഹിത്യചരിത്രത്തിലും സ്ഥിതി വ്യത്യസ്തമല്ല. മലയാള സാഹിത്യ

ത്തിൽ സ്ത്രീകളുടെ നിറഞ്ഞ സാന്നിദ്ധ്യം കാണാമെങ്കിലും അവയെല്ലാം പുരുഷാഭി നിവേശത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. തന്നെപ്പറ്റിയും തന്റെ സമൂഹത്തെപ്പറ്റിയും, തങ്ങളോട് സമൂഹം ചെയ്യുന്ന നീതികേടുകളെക്കുറിച്ചും രചനകളിലൂടെ സംവദിച്ച സ്ത്രീകൾ വളരെ കുറവാണ്. കേരളീയ സമൂഹത്തെ 'പുനഃസൃഷ്ടിച്ചത്' എന്ന് ചരിത്രം വിശേഷിപ്പിക്കുന്ന നവോത്ഥാനകാലത്തുപോലും, സാഹിത്യരംഗത്ത് സ്ത്രീസാന്നിദ്ധ്യം നാമമാത്രമായിരുന്നു. സ്ത്രീലോകത്തിന്റെ വിഷയങ്ങൾ നവോത്ഥാനകാല എഴുത്തു കാരിലൂടെ രചനയിൽ ശ്രദ്ധ നേടിയെങ്കിലും, അതു പുരുഷന്മാരുടെ രചനകളിലൂടെ യാണ്. സമൂഹത്തിന്റെ തുറസ്സുകളിലേക്ക് ഈ ചരിത്രസന്ദർഭവും സ്ത്രീകൾക്ക് പ്രവേ ശനം നിഷേധിച്ചു. എന്നാൽ ഈ കാലഘട്ടത്തിൽ രചനാരംഗത്തേക്ക് ലക്ഷ്യബോധ ത്തോടെ കടന്നുവന്ന രണ്ട് എഴുത്തുകാരികളാണ് ലളിതാംബിക അന്തർജനവും (1909 –1987), കെ. സരസ്വതിഅമ്മയും (1919–1976). 1930–കൾ മുതൽ രചനാരംഗത്ത് സജീവ മായ ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിൽ സ്ത്രീയെകൂടി പരിഗണിക്കുന്ന ഒരു മാനവികതാബോധത്തിന്റെ പ്രത്യക്ഷീകരണങ്ങൾ അന്വേഷിക്കുന്നത് തികച്ചും പ്രസ ക്തമാണ്. കഥാമാതൃകകളെ താരതമ്യം ചെയ്യുന്നതിലൂടെ പുതിയ നിഗമനങ്ങളിലെത്താൻ ഇത് അവസരമുണ്ടാക്കും.

### 5.2. അന്തർജനത്തിന്റെ രചനാലോകം

ലളിതാംബിക അന്തർജനത്തിന്റെ രചനാലോകത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. വ്യത്യസ്തവീക്ഷണങ്ങളെ മുൻനിർത്തി തുടർപഠനങ്ങൾ ഇന്നും നടന്നു വരുന്നു. 2009 അന്തർജനത്തിന്റെ ജന്മശതാബ്ദി വർഷമാകയാൽ ഈ സന്ദർഭത്തിൽ പുതിയ പഠനങ്ങൾ ഉണ്ടാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ ലളിതാംബിക അന്തർജ നത്തിന്റെ ജീവിതസാഹചര്യത്തെയും കഥാലോകത്തെയും സാമാന്യമായി പരാ മർശിക്കുന്നതായിരിക്കും ഉചിതം.

**5.2.1.** സ്ത്രീകളുടെ ഇടയിൽനിന്നും ഉയർന്നുവന്ന എഴുത്തുകാരി, അന്തർജനങ്ങളുടെ വേദന പുറംലോകത്തെ അറിയിച്ച കഥാകാരി, മാതൃത്വത്തിന്റെ ഇതിഹാസകാരി, തുടങ്ങിയ വിശേഷണങ്ങൾ അന്തർജനത്തിന്റെ രചനാമികവിനെ ചുരുക്കി കാണുന്നതിന് ഇടനൽകും. ബാഹ്യമായ ഈ സവിശേഷതകൾക്കപ്പുറം മനുഷ്യന്റെ തൃഷ്ണകളെക്കുറിച്ചും അതിൽ പെൺമനസ്സിന്റെ വ്യതിരിക്തതയെക്കുറിച്ചും സൂക്ഷ്മനിരീക്ഷണം നടത്താൻ ഒരെഴുത്തുകാരി സ്വാഭാവികമായും ശ്രദ്ധിച്ചിരിക്കും. സാമൂഹ്യക്രമങ്ങളുടെ കേന്ദ്രസ്ഥാനത്ത് പുരുഷൻ നിൽക്കുന്ന സാഹചര്യത്തെ തുറന്നുകാട്ടി, അതിന് അവരോടൊപ്പമോ അവരേക്കാൾ കൂടുതലോ അർഹത സ്ത്രീക്കാണെന്ന് പെണ്ണെഴുത്തുകാർ കരുതുന്നു. പൊതുവെ നിലനിൽക്കുന്ന ഈ ധാരണകൂടി പരിഗണിച്ച് അന്തർജനത്തിന്റെ രചനാലോകത്തെ പരിചയപ്പെടുത്തേണ്ടതുണ്ട്.

### 5.3. കവിതയിൽനിന്ന് കഥയിലേക്ക്

കവിതയായിരുന്നു ലളിതാംബിക അന്തർജനത്തിന്റെ ശ്രദ്ധ കടന്നുചെന്ന ആദ്യത്തെ സാഹിത്യരൂപം. ക്രമേണ, താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് ഉചിതമായ മാധ്യമം കഥയാണ് എന്നു മനസ്സിലാക്കിയ അന്തർജനം ആ സാഹിത്യരൂപത്തിൽ ആകൃഷ്ടയായി. ശ്രീമൂലം പ്രജാസഭാമെമ്പറായിരുന്ന കെ.ദാമോദരൻ പോറ്റിയുടേയും നങ്ങയ്യ അന്തർജനത്തിന്റേയും മകളായി കൊട്ടാരക്കര താലൂക്കിലെ കോട്ടവട്ടത്ത് ഇല്ലത്താണ് 1909–ൽ ലളിതാംബികാ അന്തർജ്ജനം ജനിച്ചത്. പെൺകിടാങ്ങളുടെ ജനനം ഒരു ശാപമായി കരുതുന്ന സമുദായത്തിലാണ് ജനിച്ചതെങ്കിലും താൻ സ്വാഗതം ചെയ്യപ്പെട്ട ഒരതിഥി തന്നെ ആയിരുന്നുവെന്ന് ലളിതാംബിക വ്യക്തമാക്കിയിട്ടുണ്ട്.[2] ഔപചാരിക വിദ്യാഭ്യാസത്തിനായി പെൺകുട്ടികൾ പാഠശാലയിൽ പോകുന്നത് നിഷിദ്ധമായിരുന്ന കാലയളവിൽ വീട്ടിലിരുന്ന പഠിച്ചാണ് ലളിതാംബിക ലോകത്തെ മനസ്സിലാക്കിയത്. ഈശ്വരഭക്തയും ഉൽപതിഷ്ണുവുമായ അമ്മയിൽനിന്നാണ് സംസ്കൃതത്തിലെ ബാലപാഠ

ങ്ങളും, മണിപ്രവാളകൃതികളും, ഭാഷാകൃതികളും പഠിച്ചത്. വിദ്യാസമ്പന്നമായ ഒരു കുടുംബപശ്ചാത്തലമാകയാൽ വീട്ടിൽ വന്നിരുന്ന ആളുകളിൽ നിന്ന് ആധുനിക വിദ്യാഭ്യാസത്തിന്റെ സ്വാഭാവികരീതികളും, ലോകത്തു നടക്കുന്ന സംഭവവികാസങ്ങളും അടുത്തറിയാൻ ലളിതാംബിക അന്തർജനത്തിനു കഴിഞ്ഞു. വീട്ടിൽവന്ന് പഠിപ്പിച്ചുപോയിരുന്ന അദ്ധ്യാപകർ ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനരീതിയനുസരിച്ച് പാഠങ്ങൾ മനസ്സിലാക്കി കൊടുത്തിരുന്നുവെങ്കിലും വ്യക്തിത്വവികസനത്തിനും സാമൂഹ്യ ജീവിയായി പരിണമിക്കുന്നതിനുമുതകുന്ന സ്കൂൾവിദ്യാഭ്യാസം അന്തർജനത്തിനു ലഭിച്ചില്ല. അമനക്കര ഇല്ലത്ത് നാരായണൻനമ്പൂതിരിയുമായുള്ള വിവാഹശേഷം വീട്ടമ്മയായി മാറിയ ലളിതാംബിക, നിരവധി പരിമിതികളെ അതിജീവിച്ച് സാമൂഹ്യപ്രവർത്തനവും, സാഹിത്യ പ്രവർത്തനവും നടത്തി. 1987 ഫെബ്രുവരി 6 ന് 79-ാമത്തെ വയസ്സിൽ നിര്യാതയായി.

ദേശീയ പ്രസ്ഥാനവുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതും, പുരോഗമനസ്വഭാവമുള്ള ഒരു കുടുംബത്തിൽ വധുവായി കയറിച്ചെന്നതും, മഹൽവ്യക്തികളുമായി അടുത്തിടപഴകാൻ കഴിഞ്ഞതുമാണ് ലളിതാംബികയുടെ സർഗ്ഗവാസനയ്ക്ക് ഉത്തേജനം നല്കിയത്. സ്വാമി വിവേകാനന്ദന്റെ മതദർശനവും, മഹാത്മജിയുടെ രാഷ്ട്രീയദർശനവും, ടാഗോറിന്റെ സാഹിത്യദർശനവും, ശ്രീനാരായണഗുരുവിന്റെ മനുഷ്യദർശനവും കുട്ടിക്കാലം മുതൽ ലളിതാംബികയെ സ്വാധീനിച്ചു.[3] ഇതിൽ ഗാന്ധിജിയുടെ രാഷ്ട്രീയ ദർശനത്തോടുള്ള ആദരവാണ് സാഹിത്യരചന ഉൾപ്പെടെയുള്ള തന്റെ ജീവിതചിന്തകളെ നിയന്ത്രിച്ചിട്ടുള്ളത് എന്നും അവർ പറയുന്നു. പൊതുവെ ശാന്തമായ ഒരു വ്യക്തിജീവിതം ആയിരുന്നു അന്തർജനത്തിന്റേത്. എന്നാൽ സംഭവബഹുലമായ കാലത്തിന്റെയും നിർണ്ണായകമായ ചരിത്രത്തിന്റെയും ഒപ്പം സഞ്ചരിച്ച ഒരു വ്യക്തി എന്ന നിലയിൽ അതിന്റെ സ്വാധീനം അന്തർജനത്തിന്റെ കാഴ്ചപ്പാടുകളിൽ ഉണ്ടായിരുന്നു. ഇത്

സാഹിത്യരചനയെയും സ്വാധീനിച്ചു.

"ഇരുട്ടിന്റെ ഇടനാഴിയിലുള്ള എന്റെ ജീവിതം ആരംഭിച്ചപ്പോൾ അതു സുപചരിചിതമായ സത്യമാണെന്ന് അറിയാമായിരുന്നുവെങ്കിലും ഞാൻ ആകെ ഞെട്ടിപ്പോയി. പുറത്തെ വാതിൽ അടഞ്ഞപ്പോൾ എന്റെ അകത്തെ വാതിൽ തുറന്നു. എന്റെ ദൃഷ്ടി അന്തർമുഖമായി. പലതും ഞാൻ അടുത്തുകണ്ടു, കേട്ടു, തൊട്ടറിഞ്ഞു. കണ്ണീരില്ലാത്ത കരച്ചിൽ. ശ്വാസമില്ലാത്ത ജീവിതം. ചോര ചിതറാത്ത മുറികൾ മനുഷ്യജീവികളല്ല, നിഴലുകൾ. പ്രതിമകൾ. ചിട്ടപ്പെടുത്തി വെച്ചരീതികളിൽ അവർ ചലിക്കുന്നു. നിശ്ചലമായി ചലിക്കുന്നുവെന്ന് പറയാം. ചിരിയും കരച്ചിലുമെല്ലാം ഒരുപോലെ, ഈ അതിദയനീയമായ ജീവിതത്തിന്റെ നൊമ്പരം പോലും അറിവാൻ കഴിയാത്ത നിസ്സഹായർ. അവരുടെ വേദനകളും ചോദനകളുമെല്ലാം എന്നിലേക്ക് ഒഴുകി വന്നു.[4] ഈ പരാമർശത്തിന്റെ തുടർച്ചയായി തന്റെ കഥാവീക്ഷണത്തെകുറിച്ചും, അതുരൂപം കൊണ്ട സാഹചര്യത്തെ കുറിച്ചും രണ്ടു ലേഖനങ്ങളിൽ അന്തർജനം വിശദീകരിച്ചിട്ടുണ്ട്.[5]

താൻ ആദ്യം എഴുതി തുടങ്ങിയത് കവിതയാണെന്നും എന്നാൽ വിചാരത്തിന് സ്ഥാനമില്ലാത്തതുകൊണ്ടും, പറയാനുള്ള മുഴുവൻ അതിലൊതുക്കാൻ കഴിയാത്തതുകൊണ്ടുമാണ് താൻ കഥാരചനയിലേക്ക് തിരിഞ്ഞതെന്നും അവർ സൂചിപ്പിക്കുന്നു. സ്വന്തം കുടുംബത്തിലേയും സ്വസമുദായത്തിലേയും അവശതയനുഭവിക്കുന്ന സ്ത്രീകളുടെ അനുഭവതീക്ഷ്ണമായ ജീവിതമാണ് ലളിതാംബിക അന്തർജനത്തിന്റെ ആദ്യകാല കഥകളിൽ ചിത്രീകരിക്കപ്പെട്ടത്. സമൂഹത്തിൽ നിലനിന്നിരുന്ന വിധി വിലക്കുകളെ അതിജീവിച്ച് ഒരു കഥാകാരിയായി അറിയപ്പെടാനും അതുനിലനിർത്താനും അന്തർജനം വളരെ പ്രയാസപ്പെട്ടു. എന്തിനെഴുതുന്നു എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ഈ കഥാകാരിക്കുണ്ട്.

"സാമുദായിക ജീവിതത്തിന്റെ ഇടുങ്ങിയതും ജീർണ്ണിച്ചതുമായ കഴുക്കോലുകൾ പൊളിച്ചുമാറ്റുന്നതോടൊപ്പം അവിടെ പരിഷ്കൃതവും ആരോഗ്യകരവുമായ പുതിയ മന്ദിരം പണിയാനുള്ള കരുക്കൾ ഇണക്കുന്നതും കലാകാരന്റെ-കലാകാരിയുടേയും-കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. നോവലാകട്ടെ, ചെറുകഥയാവട്ടെ, കവിതയാവട്ടെ, കലാസൃഷ്ടിയെല്ലാം അതിന്റെ ഉപാധിമാത്രം."[6]

**5.3.1.** അന്തർജനത്തിന്റെ കഥകളെകുറിച്ച് നടന്ന ശ്രദ്ധേയമായ പഠനങ്ങളിലൊന്ന് അവരുടെ തിരഞ്ഞെടുത്തകഥകൾക്ക് കെ. സുരേന്ദ്രൻ എഴുതിയ അവതാരികയാണ്. അന്തർജനം ഒരു പഠനം എന്ന സമാഹാരത്തിലും ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. മർദ്ദിതമായ മനുഷ്യത്വത്തിന്റെ കവിയാണ് ലളിതാംബിക അന്തർജ്ജനം എന്ന വിശേഷണം അവർക്കു നല്കിയശേഷം, അവരുടെ മാനവിക വീക്ഷണത്തെ സുരേന്ദ്രൻ വിലയിരുത്തിയത് തികച്ചും സങ്കുചിതമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ്. മർദ്ദിതമായ മനുഷ്യത്വം എന്നു പറയുമ്പോൾ ഏട്ടിൽ പതിഞ്ഞ മർദ്ദിത ജനവിഭാഗമായ തൊഴിലാളികളുടെ കാര്യമായിരിക്കും ആദ്യം മനസ്സിൽവരികയെന്നും സമ്പന്നരെല്ലാം ചൂഷകൻമാരാണെന്ന് സാഹിത്യലോകം പൊതുവെ വിലയിരുത്തിയിട്ടുണ്ടെന്നും പറയുന്ന ലേഖകൻ ലളിതാംബികയുടെ കഥകളെ താൻ എപ്രകാരമാണ് വിലമതിക്കുന്നത് എന്നു സൂചിപ്പിക്കുന്നു.

"സർക്കാരുൾപ്പെടെയുള്ള മർദ്ദക വിഭാഗത്തിന്റെനേരെ കുറച്ചൊന്നുമല്ല നമ്മുടെ കഥയെഴുത്തുകാർ തീപ്പന്തങ്ങളെറിഞ്ഞത്. അക്കൂട്ടത്തിൽ ആകാവുന്ന ഒരു പങ്ക് ലളിതാംബികാ അന്തർജ്ജനവും വഹിച്ചിട്ടുണ്ട്. (ഉദാ: ഒളിവിൽ നിന്ന് ഒളിവിലേക്ക്, അച്ഛന്റെ മകൻ) ഇതിൽ അവർ ഇന്നും അഭിമാനിക്കുന്നുമുണ്ടാവാം. അതെന്തായാലും ഇത്തരം കഥകളുടെ പേരിലല്ല ഞാനവരെ മർദ്ദിതമായ മനുഷ്യത്വത്തിന്റെ കവിയെന്നു വിളിക്കുന്നത്. ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു പാളയത്തിൽ മുറിവേറ്റു കിടക്കുന്ന

വരെ മാത്രം നോക്കി സഹതപ്പിക്കുന്നതു മർദ്ദിതമായമനുഷ്യത്വത്തോടുള്ള സഹതാപ മായി ഞാൻ കണക്കാക്കുന്നില്ല."[7]

നാനാപ്രകാരത്തിലുള്ള ചൂഷണത്തിനും, പീഡനത്തിനും, തിരസ്കാരത്തിനും വിധേയനാകുന്ന നിസ്സഹായനായ മനുഷ്യന്റെ, പ്രശ്നപരിസരങ്ങളെ സമീപിക്കുമ്പോൾ ആർക്കും നിഷ്പക്ഷനാകാൻ കഴിയുകയില്ല. പ്രഹരിക്കുന്നവനും പ്രഹരമേല്ക്കുന്നവനും ഒരേപോലെ സഹാനുഭൂതിക്ക് പാത്രീഭൂതനാണെന്നവാദം ഒരു പരിഷ്കൃതസമുദായത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ല. അന്തർജനത്തിന്റെ കഥാലോകത്തെകുറിച്ച് സുരേന്ദ്രൻ നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ മികവുറ്റതാണെങ്കിലും അവരുടെ മാനവിക വീക്ഷണ ത്തെകുറിച്ച് അദ്ദേഹത്തിന്റെ ഉപദർശനം സാഹിത്യവിദ്യാർത്ഥിയെ വഴിതെറ്റിക്കാനേ ഉപകരിക്കൂ.

അന്തർജനത്തിന്റെ കഥകളുടെ മറ്റൊരു ദോഷം അതിൽ കാണുന്ന 'വാചാലത' യാണെന്ന് എം.അച്യുതൻ ചൂണ്ടികാണിച്ചിട്ടുണ്ട്.[8] ഇതു നവോത്ഥാനകാല കഥകളുടെ ഒരു പൊതു ദോഷമാണ് എന്ന് മിക്ക വിമർശകന്മാർക്കും അഭിപ്രായമുണ്ട്. കഥാകഥന ത്തിന്റെ "നൂറ്റൊന്നാവർത്തിച്ച ക്ഷീരബലയായിരിക്കണം" ചെറുകഥ[9] എന്ന് നവോ ത്ഥാനകാല ചെറുകഥാകൃത്തുക്കൾ വിശ്വസിച്ചിരുന്നില്ല. ആദർശങ്ങൾ പറഞ്ഞു ഫലി പ്പിക്കാനുള്ള തീവ്രശ്രമത്തിൽ കടന്നുവന്ന വാചാലത സ്വാഭാവികം മാത്രമാണ്. സത്യത്തിന്റെ സ്വരം വിനീതവും അനാർഭാടവുമായിരിക്കുമെന്നും സത്യത്തിന്റെ സ്വര മാണ് സാഹിത്യമെന്നും, ഇതറിഞ്ഞ് തങ്ങൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിന്റെ ആശയം വ്യക്തമാക്കുകയും, ഭാവിയ്ക്കുവേണ്ടി പ്രതീക്ഷിക്കുകയും ചെയ്യുകയാണ് നല്ല കലാ കാരന്റെ-കലാകാരിയുടേയും കടമ എന്ന ലളിതാംബികയുടെ വാക്കുകൾ ഇവിടെ സ്മര ണീയമാണ്.

**5.3.2.** മറ്റെല്ലാ നവോത്ഥാന സാഹിത്യകാരന്മാരെയും പോലെ മാനവജീവിതത്തിന്റെ ധർമ്മസങ്കടങ്ങളേയും കർമ്മവിഘ്നങ്ങളേയും സഹാനുഭൂതിയോടെ നോക്കി കാണാനും, അവ പരിഹരിക്കാനുള്ള പ്രയത്നത്തിൽ പരിമിതികൾക്കകത്തു നിന്നുകൊണ്ട് പങ്കാളിയാകാനും ലളിതാംബികാ അന്തർജനം ശ്രദ്ധിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനവുമായുള്ള, ബന്ധംകൊണ്ട് കൈവരിച്ച മതനിരപേക്ഷ ചിന്താഗതിയും, നവോത്ഥാനകാല ഘട്ടത്തിലെ സമുദായപരിഷ്കരണചിന്തയും പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽനിന്നും ആർജിച്ച നിസ്വവർഗ്ഗത്തോടുള്ള, സഹാനുഭൂതിയും ലളിതാംബികാ അന്തർജനത്തിന്റെ രചനാസങ്കല്പത്തിന് രൂപം നല്കി.

**5.3.3.** സ്വസമുദായത്തിലെഅനാചാരങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള വ്യഗ്രതയാണ് ലളിതാംബിക അന്തർജനത്തെ ചെറുകഥാകാരിയാക്കിയ മറ്റൊരു ഘടകം. ജീവിച്ചിരുന്ന കാലഘട്ടം, ആഖ്യാനശൈലി, സാമൂഹ്യപ്രശ്നങ്ങളോടുള്ള പ്രതിജ്ഞാബദ്ധത തുടങ്ങിയ വിഷയങ്ങളിൽ പൊതുഭാവുകത്വം പങ്കുവെച്ചവരാണ് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ. എന്നാൽ ഇവരിൽ പൊൻകുന്നം വർക്കിക്കും അന്തർജനത്തിനും മറ്റ് എഴുത്തുകാരേക്കാൾ പ്രയാസങ്ങൾ നേരിടേണ്ടതായിവന്നു. താൻ ജനിച്ചതും ജീവിച്ചുകൊണ്ടിരിക്കുന്നതുമായ ക്രിസ്തുമതത്തിലെ പൗരോഹിത്യം ലോകത്തോടു കാണിക്കുന്ന നീതികേടുകളെയാണ് പൊൻകുന്നംവർക്കി തന്റെ രചനകളിലൂടെ ചോദ്യം ചെയ്തത്. ഇതിന് മതത്തിൽ നിന്ന് ശിക്ഷകൾ ഏറ്റുവാങ്ങാൻ വർക്കി നിർബ്ബന്ധിതനായി. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളുടെ കഷ്ടപ്പാടുകൾ ഏറ്റുവാങ്ങിയിരുന്നവർ അഫൻനമ്പൂതിരിമാരും സ്ത്രീകളുമായിരുന്നു. അഫൻനമ്പൂതിരിമാർക്കിടയിൽ നിന്നാണ് വി.ടി. ഭട്ടിതിരിപ്പാട്, എം.പി. ഭട്ടതിരിപ്പാട്, എം.ആർ. ഭട്ടതിരിപ്പാട് മുതലായ നമ്പൂതിരി നവോത്ഥാന നായകന്മാർ സാഹിത്യരചനയിലേക്ക് കടന്നു വരുന്നത്. സമാനമായ പ്രശ്നങ്ങൾ നേരിടുന്ന സ്വസമുദായത്തിലെ സ്ത്രീകൾക്കിടയിൽനിന്നും

എഴുത്തുകാർ ഉയർന്നുവരണമെന്ന് ഈ നേതാക്കൾ ആഗ്രഹിച്ചിരുന്നു. സ്വസമുദായ ത്തിലെ ഉൽപതിഷ്ണുക്കളായ മുൻഗാമികൾ തുടങ്ങിവെച്ചതും, മറ്റു പ്രവർത്തനങ്ങൾക്കിട യിൽ അവർക്ക് പൂർത്തീകരിക്കാൻ കഴിയാതെ വന്നതുമായ കഥാരംഗത്തെ സേവന ങ്ങൾ തുടരാനാണ് ലളിതാംബിക യത്നിച്ചത്.

**5.3.4.** ഭാരതീയ സാഹിത്യത്തിലെ ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവുമാണ് ലളിതാംബിക അന്തർജനത്തിന്റെ സാഹിത്യ വീക്ഷണത്തെ ഏറ്റവും അധികം സ്വാധീ നിച്ച കൃതികൾ എന്ന് അവർതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യകഥാനുഗായികളായ ഈ കൃതികൾക്ക് സാംസ്കാരിക ചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിച്ചും ഈ കൃതിക ളിലും സ്ത്രീകഥാപാത്രചിത്രണത്തിലെ വ്യതിരിക്തതയെ വിലയിരുത്തിയും അന്തർജനം നടത്തിയ പഠനം ശ്രദ്ധേയമാണ്.[10] രാമായണത്തിലെ സീത, ഊർമിള, അഹല്യ മണ്ഡോ ദരി എന്നീ കഥാപാത്രങ്ങളുടേയും മഹാഭാരതത്തിലെ ഗാന്ധാരി, ദ്രൗപതി, അംബ, സത്യ വതി എന്നീ കഥാപാത്രങ്ങളുടേയും ജീവിതം മൂലഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ 'സീത മുതൽ സത്യവതിവരെ' എന്ന കൃതിയിൽ അപഗ്രഥന വിധേയമാക്കുന്നു. കഥാകഥനം, വാങ്മയചിത്രണം, കാവ്യഭാഷണം, ആത്മപരത, വസ്തുനിഷ്ഠത, ജീവിത വ്യാഖ്യാ നം, വിമർശനം എന്നിവയെല്ലാം അന്തർജനത്തിന്റെ നിരൂപണത്തിന് വിധേയമാകുന്നു ണ്ട്. ഈ ഇതിഹാസഗ്രന്ഥങ്ങളിൽ നിന്ന് ഉൾക്കൊണ്ട ധാർമ്മിക മൂല്യങ്ങളെ വളർത്തി കൊണ്ടുവരാൻ ഉള്ള അനുകൂലമായ ഒരു സാഹചര്യമാണ് അന്തർജനത്തിന്റെ ജീവിത ത്തിലുണ്ടായിരുന്നത്.

യാഥാസ്ഥിതിക കുടുംബ പാരമ്പര്യങ്ങളിൽ ജീവിക്കുന്ന ഒരു വ്യക്തിക്ക് മാറുന്ന മൂല്യബോധങ്ങളെ ഉൾക്കൊള്ളാനുള്ള സാഹചര്യം വളരെ കുറവാണ്. സാഹചര്യത്തെ അതിജീവിച്ച് ദേശീയ പ്രസ്ഥാനത്തിന്റേയും നവീന വിദ്യാഭ്യാസത്തിന്റേയും, നവോ ത്ഥാന ചിന്തയുടേയും മൂല്യബോധത്തെ ഉൾക്കൊള്ളാൻ അന്തർജനത്തിനു കഴിഞ്ഞു.

നമ്പൂതിരി സമുദായത്തിലെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്ത അന്തർജനം വി.ടി.ഭട്ടതിരിപ്പാടിന്റെയും, എം.ആർ.ബി.യുടേയും നാടകങ്ങളുടെ സ്വാധീനശക്തിയും, പ്രചോദനദൗത്യവും മനസ്സിലാക്കി. പാർവതി നെമ്മിനിമംഗലം, ആര്യാ പള്ളം തുടങ്ങിയ നമ്പൂതിരി സ്ത്രീകളുടെ ഘോഷാബഹിഷ്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ അന്തർജനം ആവേശപൂർവം ഉൾക്കൊണ്ടു. മാവേലിക്കരയിൽ ഇവർക്കു നല്കിയ സ്വീകരണത്തിന് ഘോഷബഹിഷ്കരിച്ചും, മറക്കുടവലിച്ചെറിഞ്ഞും അന്തർജനം പങ്കെടുത്തു. കുടുംബപശ്ചാത്തലത്തിൽ നിന്ന് ചെറിയ എതിർപ്പുണ്ടായെങ്കിലും ആ എതിർപ്പുകളെ അതിജീവിക്കാനും; ജാതിഭേദമില്ലാത്ത ഒരു ലോകത്തിനുവേണ്ടി ദേശീയപ്രസ്ഥാനം നടത്തിയ ആഹ്വാനം കലാകുശലതയിൽ പൂർത്തീകരിക്കാനും അന്തർജനം ശ്രദ്ധിച്ചു.

**5.3.5.** സ്ത്രീ എന്ന നിലക്ക് തനിയ്ക്ക് പൊതുവെയുള്ള പരിമിതികളും നമ്പൂതിരി സ്ത്രീ എന്ന നിലയിൽ നിലനിന്നിരുന്ന സവിശേഷമായ പരിമിതികളും ആദ്യമേതന്നെ അവർ മനസ്സിലാക്കിയിരുന്നു. അതിനെ അതിജീവിക്കാനാവശ്യമായ മുൻകരുതലുകൾ അവർ എടുക്കുകയും ചെയ്തു. സമൂഹത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ, വിശിഷ്യാ സാഹിത്യമണ്ഡലത്തിൽ അർഹിക്കുന്ന ഗൗരവത്തോടെ കടന്നുവരാൻ സ്ത്രീകൾ ശ്രദ്ധിക്കുന്നില്ലെന്നും, കടന്നുവരുന്നവരെ തന്നെ പ്രോത്സാഹിപ്പിക്കാൻ സമൂഹം തയ്യാറല്ലെന്നും അന്തർജനം മനസ്സിലാക്കി. ഏറ്റക്കുറച്ചിലോടു കൂടിയാണെങ്കിലും, സ്ത്രീയുടെ പ്രശ്നങ്ങൾ എല്ലാ സമുദായത്തിലും ഒരു പോലെയാണെന്ന് അവർ തിരിച്ചറിഞ്ഞു.

## 5.4. അന്തർജനത്തിന്റെ മനുഷ്യവീക്ഷണം

അന്തർജനത്തിന്റെ കഥകളിലെ മനുഷ്യവീക്ഷണം സവിശേഷ പരാമർശം അർഹിക്കുന്നു. ഒരു എഴുത്തുകാരി എന്ന നിലയിൽ മാതൃത്വത്തിന്റെ അടിസ്ഥാന സ്വാധീനം

അവരുടെ കഥകളിൽ കാണാം. പെണ്ണെഴുതുമ്പോൾ സ്വാഭാവികമായും കടന്നുവരുന്ന താണ് ഈ കാഴ്ചപ്പാട് എന്ന് സാമാന്യമായി പറയാം. എന്നാൽ മനുഷ്യമനസ്സിലെ മാതൃ സങ്കല്പത്തെ പരമാവധി പ്രയോജനപ്പെടുത്താൻ ലളിതാംബിക അന്തർജനം ശ്രദ്ധിച്ചു.

**5.4.1.** ജനനവും ശൈശവവും അമ്മയെ ആശ്രയിച്ചാകയാൽ മനുഷ്യനിലെ മാതൃസ്വാധീനം മരണംവരെ നിലനിൽക്കും. വ്യക്തിജീവിതത്തിന്റെ ഭിന്നതലങ്ങളിൽ മാതൃത്വത്തിന്റെ സ്വാധീനം കാണാം. ഈ സാന്നിദ്ധ്യം ആശ്വാസമായും ആശ്രയമായും മനുഷ്യൻ നിലനിർത്തുന്നു. ആചാരാനുഷ്ഠാനങ്ങൾ, ഉത്സവാഘോഷങ്ങൾ, ആരാധനാരീതികൾ എന്നിവയിൽ മാതൃസ്മരണ നിറഞ്ഞുനിൽക്കും. ദ്രാവിഡഗോത്രപാരമ്പര്യത്തിലും ആര്യവരേണ്യ പാരമ്പര്യത്തിലും ഇതിന്റെ അനുപാതം വ്യത്യസ്തമാണെന്ന് മാത്രം. മാതൃസങ്കല്പം വ്യത്യസ്തമേഖലകളിലേക്ക് വ്യാപിക്കുന്നതും സാധാരണമാണ്. മനുഷ്യൻ പ്രകൃതിയിൽനിന്നാണ് അന്നവും ആശ്രയവും സ്വീകരിക്കുന്നത്. അമ്മയോടുള്ള അതേ അടുപ്പവും ആദരവും പ്രകൃതിയോടും കാണിക്കുന്നതിനാൽ പ്രകൃതിയെ മഹാമാതാവ് (Great mother) എന്ന നിലയിലും സമൂഹം കണക്കാക്കുന്നു.[11] കന്യകയായും വധുവായും ഭോഗാസക്തയായ കാമിനിയായും സമൂഹത്തിൽ സാന്നിദ്ധ്യമറിയിക്കുന്ന സ്ത്രീത്വം, വിളനൽകുന്ന മാതൃത്വവും വിളികേൾക്കുന്ന ദൈവവുമാണ്. നല്ലവളും നന്മ നിറഞ്ഞവളും സംരക്ഷകയുമായ മാതാവിന്റെ, വന്യവും ഭീതിദവുമായ മറ്റൊരു മുഖം സമൂഹത്തിന് പരിചിതമാണ്. പ്രകൃതിയുടെ നിറഭേദങ്ങളും കാലാവസ്ഥ വ്യതിയാനവും എല്ലാം ചേർന്നു കാണുന്ന ഭയപ്പെടുത്തുന്ന ആ അവസ്ഥ സമൂഹത്തിന് സുപരിചിതമാണ്. കറുത്ത മാതാവ് (Black mother) എന്ന സങ്കല്പത്തിൽ ഇത് സാമൂഹ്യാവസ്ഥകളിൽ നിറഞ്ഞുനിൽക്കുന്നു.[12] രക്തദാഹം പ്രാകൃത സ്വഭാവം, വന്യത, പൈശാചികത എന്നിവ ഈ അമ്മയുടെ സ്വഭാവരീതിയായി സങ്കല്പിക്കുന്നു. ഇങ്ങനെ ഭിന്നരൂപങ്ങളിലുള്ള സ്ത്രീത്വത്തിന്റെ പ്രത്യക്ഷീകരണങ്ങൾ സാഹിത്യത്തിൽ സാധാരണമാണ്.

വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയ കവികൾ ഈ സാദ്ധ്യതകളെ കവിതയിൽ പ്രയോജനപ്പെടുത്തി. കഥാകൃത്തുക്കൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത ഈ സാദ്ധ്യതയെ കഥയിൽ സമർത്ഥമായി ഉപയോഗിച്ചത് ലളിതാംബിക അന്തർജനമാണ്. അന്തർജനത്തിന്റെ കഥകളിലെ മനുഷ്യസങ്കല്പത്തിൽ സ്ത്രീകൂടിപങ്കാളിയാവുന്നിനാലാണ് അവരുടെ മനുഷ്യവീക്ഷണം വ്യതിരിക്തമാകുന്നത്.

**5.4.2.** പ്രത്യയശാസ്ത്രങ്ങളോടുള്ള ആഭിമുഖ്യത്തിലും മൂല്യപ്രചാരണത്തിനുള്ള വ്യഗ്രതയിലും സ്ത്രീ ആയതുകൊണ്ടുള്ള സവിശേഷ പക്ഷപാതങ്ങളും അന്തർജനത്തിന്റെ കഥകളിൽ കാണാം. മുന്നൂറിലധികം കഥകൾ അന്തർജനം എഴുതിയിട്ടുണ്ട്. പല കഥകളും അപ്രകാശിതങ്ങളാണ്. പതിനാറ് കഥാസമാഹാരങ്ങൾ അന്തർജനത്തിന്റേതായി പുറത്തുവന്നിട്ടുണ്ട്.[13] ആവർത്തനസ്വഭാവമുള്ള ഇതിവൃത്തങ്ങളും, കേവലാദർശപ്രചാരണത്തിന്റെ ഇടുങ്ങിയ പശ്ചാത്തലവും കാരണം ഗുണനിലവാരം കുറഞ്ഞ ചില കഥകൾ മാറ്റിനിർത്തിയാൽ അന്തർജനത്തിന്റെ കഥാലോകം ചിന്തിക്കുന്നവരും കർമ്മനിരതരുമായ മനുഷ്യർ നിറഞ്ഞുനിൽക്കുന്നതാണ്. ഈ കഥകൾ മാതൃപരിചരണത്തിന്റെ സാന്നിദ്ധ്യം അനുഭവിപ്പിക്കുന്നവയുമാണ്.

**5.4.3.** മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം അന്തർജനത്തിന്റെ പ്രിയപ്പെട്ട കഥാവിഷയമാണ്. മാതൃസംസ്കാരവും മാതൃദായക്രമവും മാനവരാശിയുടെ വികാസപരിണാമത്തിന്റെ ഓരോ ഘട്ടത്തിലും ചർച്ച ചെയ്യപ്പെട്ടു. മാതാവിനെ കേന്ദ്രീകരിച്ചുള്ള സമൂഹസങ്കല്പം തികച്ചും സ്വാഭാവികമാണെന്നും (natural) പിതൃദായ സമൂഹം തീർത്തും അസ്വാഭാവികമാണെന്നും നരവംശ ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.[14] ആദ്യകാലസമൂഹത്തിൽ സ്ത്രീകൾ ഭർത്താക്കന്മാരുടെ സ്വകാര്യസ്വത്തോ മുതിർന്ന മക്കളാൽ സംരക്ഷിക്കപ്പെടുന്നവരോ ആയിരുന്നില്ല. അമ്മയും കൃഷിയും എല്ലാം രക്ഷാകർതൃത്വത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലവും നിഗൂഢലക്ഷ്യവും അന്തർജനത്തിന്റെ കഥ

കളിലെ പ്രധാന ഇതിവൃത്തമാണ്. കൃഷിയെ അകന്നുനിന്ന് വീക്ഷിച്ച ഒരു സമുദായക്രമത്തിന്റെ പരിമിതികൾ മാറ്റിനിർത്തിയാൽ, അവരുടെ കഥകളിൽ മണ്ണും മനുഷ്യനും കൃഷിയുമായി ബന്ധപ്പെട്ട ജീവജാലങ്ങളും മാതൃസ്മൃതിയായി നിറഞ്ഞുനിൽക്കുന്നു.[15]

**5.4.4.** സാർവ്വലൗകികതയിൽനിന്നും സവിശേഷമായ സ്ത്രീത്വത്തിന്റെ അവസ്ഥ ചിത്രീകരിക്കുന്നതാണ് രണ്ടാമത്തെ ഗണത്തിൽ പെടുന്ന കഥകൾ. വിവാഹം, പ്രസവം, രോഗം മുതലായ ജീവിതാവസ്ഥകളും വൈധവ്യം, വിരക്തി, അവഗണന, നിന്ദ മുതലായ സാമൂഹ്യാവസ്ഥകളും, കുടുംബത്തിലെ ദാരിദ്ര്യം, പട്ടിണി മുതലായ സാമ്പത്തികാവസ്ഥകളും അന്തർജനത്തിന്റെ കഥകളിൽ പ്രതിഫലിക്കുന്നു. ഇതിൽ പ്രധാനം ജീവിതാവസ്ഥകളും സാമൂഹ്യാവസ്ഥകളും ചിത്രീകരിക്കുന്ന കഥകളാണ്. വിവാഹം, സ്ത്രീയെ കീഴ്പ്പെടുത്താനുള്ള ഉപായമായി കാണുകയും കുടുംബം അവളെ തളച്ചിടാനും അവഹേളിക്കാനും അവഗണിക്കാനുമുള്ള ഉപകരണമായി മാറുകയും ചെയ്യുന്നതിലുള്ള അമർഷമാണ് ഈ ഗണത്തിൽപ്പെട്ട കഥകളുടെ മുഖ്യപ്രമേയം. പുരുഷാധിപത്യ സമൂഹം സ്ത്രീയോട് കാണിക്കുന്ന അത്യാചാരങ്ങളും അവൾ അന്വേഷിക്കുന്ന രക്ഷാമാർഗ്ഗങ്ങളും ഒരുപോലെ അവൾക്ക് കഠിനാനുഭവങ്ങളായി മാറുന്നു എന്ന യാഥാർത്ഥ്യം അനുഭവിപ്പിക്കുന്നതാണ് ഇത്തരം കഥകൾ.[16]

**5.4.5.** നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്ക് ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ശാന്തിയോ സമാധാനമോ സമൂഹം നൽകുന്നില്ലെന്ന അനുഭവസത്യം അന്തർജനം കഥകളിലൂടെ ആവിഷ്കരിച്ചു. ശൈശവബാല്യങ്ങളിൽ പോലും പരിമിതമായ സ്വാതന്ത്ര്യം മാത്രമാണ് അവർക്കുള്ളത്. മൂടുപടത്തിനകത്ത് നടക്കുന്ന ഈ സംഘർഷങ്ങളെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ, ഇതരസമുദായങ്ങളിലെ സഹോദരിമാരുടെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ലെന്ന് അവർക്കറിയാമായിരുന്നു. വിവാഹാനന്തരജീവിതത്തിൽ സ്നേഹസൗഹാർദങ്ങൾ കുറയുന്നതും വൈരുദ്ധ്യങ്ങൾ കൂടിവരുന്നതും എന്തു

കൊണ്ട് എന്ന അന്വേഷണവും ഈ വിഭാഗത്തിൽപ്പെട്ട കഥകളിൽ കാണാം. ഇത്തരം വൈരുദ്ധ്യങ്ങൾ മനുഷ്യമനസ്സിലെ വൈകൃതങ്ങളിൽനിന്നാണ് ഉത്ഭവിക്കുന്നത് എന്ന നിരീക്ഷണവും ആ കഥകളെ ശ്രദ്ധേയമാക്കുന്നു.[17] മാതൃത്വത്തിന്റെ മഹത്വവും അനപത്യത ഉണ്ടാക്കുന്ന ദുഃഖവും അന്തർജനത്തിന്റെ പല കഥകളിലും പ്രത്യക്ഷപ്പെടുന്നു. അമ്മയായി ഇരിക്കെത്തന്നെ മകന്റെ സ്നേഹമോ സാന്നിദ്ധ്യമോ അനുഭവിക്കാൻ കഴിയാത്തവരുടെ വ്യഥകളും തേങ്ങലുകളും ആ കഥകളിലുണ്ട്. എടുത്തുവളർത്തിയ കുഞ്ഞിലൂടെ മാതൃത്വത്തിന്റെ പൂർണ്ണതയും തുടർന്ന് സാഹചര്യങ്ങളാൽ ദാമ്പത്യത്തിന്റെ അവസ്ഥയും അനുഭവിക്കുന്ന സ്ത്രീകളും അവരുടെ കഥാലോകത്തുണ്ട്. രോഗവും ദാരിദ്ര്യവും ഒരുപോലെ ആക്രമിക്കുന്നത് സ്ത്രീകളെ ആണെന്നും, ഇത്തരം സന്ദർഭങ്ങൾ അവരുടെ ഒറ്റപ്പെടലിന്റെ തീവ്രത വർദ്ധിപ്പിക്കുന്നുവെന്നും ആ കഥകൾ നമ്മെ പഠിപ്പിക്കുന്നു.[18] അകാലവൈധവ്യം നമ്പൂതിരിസമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങളിലൊന്നായിരുന്നു. വൈധവ്യം ഉണ്ടാക്കുന്ന ഏകാന്തത കഥാകാരന്മാർക്ക് പ്രിയപ്പെട്ട വിഷയമാണ്. വർണ്ണനാപ്രധാനമായ ഒരു കഥാവിഷയം എന്ന നിലയിലല്ല അനുഭവിച്ചറിഞ്ഞവരുടെ ആത്മനൊമ്പരം എന്ന നിലയിലാണ് ഈ അവസ്ഥ അന്തർജനത്തിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. വൈധവ്യത്തിന്റെ മാനസിക പ്രശ്നങ്ങളും ശാരീരിക പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും വ്യത്യസ്തമാണ്. വിധവയുടെ അസംതൃപ്തമായ മനസ്സ് എഴുത്തുകാരനും വായനക്കാരനും ഒരുപോലെ വികാരാവേശമുണ്ടാക്കുന്ന വിഷയമാണ്. അടക്കിവെക്കാൻ കഴിയാത്ത രതിവികാരങ്ങൾ സഞ്ചരിക്കുന്ന മാർഗ്ഗങ്ങളെ പ്രാകൃതമായ ഒരാനന്ദത്തോടെ വർണ്ണിക്കുന്നവരും വായിക്കുന്നവരും അനുഭവിക്കുന്ന ആത്മസുഖം മലയാളകഥാപഠനത്തിലെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. മനുഷ്യൻ സൃഷ്ടിക്കുന്ന വിധികളാൽ വിധവകളായിത്തീരുന്നവർക്ക് ഒരു മനുഷ്യജീവിയുടെ പരിഗണന നൽകാൻ തയ്യാറായ എഴുത്തുകാരി അന്തർജനമാണ്. ധ്വനിസാന്ദ്ര

മായ ഭാഷയിൽ വ്യംഗ്യമര്യാദയോടെ അവതരിപ്പിച്ച ഈ സ്ത്രീപ്രശ്നത്തെ മനുഷ്യപ്രശ്നമാക്കാനും അന്തർജനം ശ്രദ്ധിച്ചു. സ്ത്രീയായതുകൊണ്ടുമാത്രം വിവാഹിതയാവുകയും, വിവാഹിതയായ മാത്രയിൽത്തന്നെ വിധവയാവുകയും ചെയ്ത വിധിയുടെ വേട്ടമൃഗങ്ങൾ നമ്പൂതിരിസമുദായത്തിന്റെ സവിശേഷപ്രശ്നമാണെങ്കിലും അത് സമൂഹം ഏറ്റെടുക്കേണ്ട പ്രധാന പ്രശ്നമാണെന്ന് അന്തർജനം കഥകളിലൂടെ അറിയിച്ചു. വിധവയുടെ മുമ്പിൽ ജീവിതമാണോ മരണമാണോ അഭികാമ്യമെന്ന ചോദ്യമുയർത്തുന്ന സമൂഹത്തോട്, അവളും മനുഷ്യനാണെന്ന് ഓർമ്മിപ്പിക്കാൻ അന്തർജനം ശ്രദ്ധിക്കുന്നു.[19]

**5.4.6.** സ്ത്രീയെ ശരീരം മാത്രമായി കാണുന്ന അവസ്ഥയിൽനിന്ന് മനസ്സും ശരീരവും ചേരുന്ന മാനവബോധത്തിലേക്കുള്ള മാറ്റം നവോത്ഥാനകഥകളിൽ പൊതുവെ കാണാം. ക്ലാസിക്, നിയോക്ലാസിക് സാഹിത്യവുമായി പരിചയപ്പെട്ടിരുന്ന അന്തർജനത്തിന്റെ കഥകളെ, ആ കാവ്യസങ്കല്പത്തിലെ 'ഭോഗോപകരണമായ സ്ത്രീ' എന്ന കാഴ്ചപ്പാട് സ്വാധീനിച്ചതേയില്ല. കവിതയോടുള്ള താല്പര്യമാണ് അന്തർജനത്തെ സാഹിത്യലോകത്തേക്ക് എത്തിക്കുന്നത്. മലയാളകാല്പനികകവിതയിൽ ദേവതയോ പിശാചോ ആയി മാറി മാറി കടന്നുവരുന്ന സ്ത്രീസങ്കല്പവും അന്തർജനം കഥകളിൽ കാണാൻ കഴിയില്ല. സ്വത്വബോധത്തെക്കുറിച്ചുള്ള പരിമിതമായ ധാരണപോലുമില്ലെങ്കിലും നൈസർഗികമായി പ്രതിഷേധിക്കുന്ന സാധാരണസ്ത്രീ മുതൽ റാഡിക്കൽ ഫെമിനിസ്റ്റ് എന്ന ഗണത്തിൽപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾവരെ അന്തർജനത്തിന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു.

നമ്പൂതിരി നവോത്ഥാനം സ്ത്രീകൾക്കുവേണ്ടി ആ സമുദായത്തിലെ പുരുഷന്മാർ ഉണ്ടാക്കിയതാണന്ന ധാരണ നിലവിലുണ്ട്. നവോത്ഥാനകാലത്തിലെ നേതാക്കളും പ്രചാരകന്മാരും മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്തവരാണെന്നുള്ള പ്രചരണവും നിലവിലുണ്ട്. കേരളീയ നവോത്ഥാനത്തിന്റെ ഒരു പരിമിതിയും ഇതാണെന്ന് ചിലർ വാദിക്കു

ന്നു. ആദർശധീരന്മാരായി സാമൂഹ്യരംഗത്ത് പ്രത്യക്ഷപ്പെടുന്ന പുരുഷന്മാർ പുറംലോകത്ത് ആഘോഷപൂർവ്വം കൊണ്ടാടപ്പെടുമ്പോൾ കുടുംബാന്തരീക്ഷത്തിന്റെ അകത്തളങ്ങളിൽ അവർ വെറും 'പുരുഷ'നായി മാറുകയും ഭാര്യമാരോട് അവഗണനയോ അധികാരപ്രമത്തതയോ കാണിക്കുന്നത് സർവ്വസാധാരണമാവുകയും ചെയ്യും. പരിഗണിക്കപ്പെടുന്നില്ലെന്നതു മാത്രമല്ല അവഗണിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീയുടെ മനോലോകത്തെ സൂക്ഷ്മാർത്ഥത്തിൽ അവതരിപ്പിക്കുന്നതിൽ അന്തർജനം ശ്രദ്ധിക്കുന്നു.[20]

**5.4.7.** ദേശീയപ്രസ്ഥാനത്തിന്റെ ഗതിവിഗതികളും സോഷ്യലിസ്റ്റ് ആശയഗതിയുടെ വ്യതിരിക്തതയും സമൂഹത്തിൽ പൊതുവെ കാണുന്ന സാമ്പത്തികപ്രശ്നങ്ങളും അന്തർജനം കഥകളിൽ അവതരിപ്പിക്കുന്നുണ്ട്. പരിചിതമായ കേരളീയാന്തരീക്ഷത്തിൽനിന്നും അപരിചിതമായ ഭാരതീയ പശ്ചാത്തലത്തിലേക്ക് നീങ്ങുന്ന കഥകൾപോലും ദേശീയബോധത്തിന്റെ ഭാഗമായി അവർ രചിച്ചിട്ടുണ്ട്. ആശയത്തേക്കാൾ ആവേശമാണ് ഈ കഥകളുടെ ജീവൻ.[21]

### 5.5. അന്തർജനത്തിന്റെ രചനാശൈലി

പ്രചരണപരതക്ക് മുൻതൂക്കമുള്ള വി.ടി. ഭട്ടതിരിപ്പാടിന്റെ രചനാശൈലിയാണ് അന്തർജനത്തിന്റെ കഥാരചനയെ ഏറെ സ്വാധീനിച്ചത്. രചനാരീതിയിൽ റിയലിസമാണ് അന്തർജനത്തിന് താല്പര്യമുള്ള സാഹിത്യപ്രവണത. യഥാതഥവർണ്ണനയുടെ പരിമിതി സാമൂഹ്യവിമർശനത്തിനുള്ള വ്യഗ്രതയാണ്. റിയലിസത്തിന്റെ ഈ ദോഷത്തെകൂടി ഉൾക്കൊണ്ടാണ് അന്തർജനം ഈ രചനാരീതി തെരഞ്ഞെടുത്ത് എന്നുകാണാം. ശൈലീവ്യതിയാനങ്ങൾ അന്തർജനത്തിന്റെ കഥകളിൽ കാണാൻ പ്രയാസമാണ്. നിലവിലിരുന്ന മലയാളഭാഷയുടെ രചനാരീതി ഋജുവും ലളിതവുമാണെന്ന് ഈ എഴുത്തുകാരി കരു

തി. പൂർണ്ണവാചകങ്ങളിൽ ആശയവ്യക്തത വരുത്തുന്ന രചനാരീതി കഥകളിൽ ദീക്ഷിച്ച കഥാകാരിയാണ് അന്തർജനം. കാവ്യഭാഷ അവരുടെ കഥകളിൽ അപൂർവ്വമായി കടന്നു വരുന്നുണ്ട്. ബിംബകല്പനകളിൽ മാതൃസങ്കല്പം കഴിയുന്നത്ര നിലനിർത്തുന്നുമുണ്ട്.

കഥാപാത്രങ്ങളുടെ ചിന്താധാരയെ പിന്തുടർന്ന് അവർ എത്തിപ്പെടുന്ന അവസ്ഥകളിൽ വായനക്കാരനെ കൂടി പങ്കാളിയാക്കുന്ന രചനാരീതി അന്തർജനത്തിന് പ്രിയപ്പെട്ടതാണ്. ബോധധാരാക്രമത്തെ കഥാരചനയിൽ ഉപയോഗപ്പെടുത്തുന്നത് ഒരെഴുത്തുകാരന് ഒരേസമയം സാദ്ധ്യതയും ബാദ്ധ്യതയും സൃഷ്ടിക്കുന്നു. ആഖ്യാനത്തിൽ ഒരു നിസ്സംഗ മനോഭാവത്തെ ആദ്യന്തം കാത്തുസൂക്ഷിക്കാം എന്നതാണ് ഒരു സാദ്ധ്യത. കഥയുടെ ഗതിവിഗതികളിൽനിന്ന് അന്യനായി വേറിട്ടുനിൽക്കാൻ എഴുത്തുകാരന് ഇത്തരം സന്ദർഭങ്ങളിൽ കഴിയും. എന്നാൽ ബോധധാരാരീതിയിലുള്ള രചനകളിൽ മനോലോകത്തിന്റെ അനാവരണം (discover) മാത്രമേ നടക്കുന്നുള്ളൂവെന്നും നവ്യസൃഷ്ടി (invention) നടക്കുന്നില്ലായെന്നും നിരൂപകന്മാർ വാദിക്കും. കഥാപാത്രങ്ങൾ തന്നെ എഴുത്തുകാരന്റെ സൃഷ്ടിയാകയാൽ ഉപബോധമനസ്സ് എന്ന സങ്കല്പം സാഹിത്യത്തിൽ പ്രസക്തമല്ലെന്നും ഇവർ വാദിക്കുന്നു.[22] മനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ പിൻബലത്തോടെ സ്വീകരിച്ച ഒരു ആഖ്യാനതന്ത്രമായിട്ടല്ല സ്വാഭാവികമായി വാർന്നുവീഴുന്ന ഒരു രചനാസമ്പ്രദായം എന്ന നിലയ്ക്കാണ് അന്തർജനത്തിന്റെ കഥകളിൽ ബോധധാരക്രമം പ്രത്യക്ഷപ്പെടുന്നത്.

### 5.6. കഥ സാധിക്കുന്നത്

അധികാരഘടനയുടെ സവിശേഷതകൾ, വ്യക്തിസ്വഭാവങ്ങൾ എന്നിവയാൽ സ്വയംസൃഷ്ടിച്ചെടുത്ത ഏകാന്തതയിൽ നിവസിക്കുന്ന ഒറ്റയൊറ്റയായ മനുഷ്യരെ ഒരു സമുദായമായി പരിണമിപ്പിക്കുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് വലുതാണ്. പരസ്പരം

കാണാനോ പരിചയപ്പെടാനോ കഴിയാത്തവർ പോലും ഒരു എഴുത്തുകാരന്റെ ആഖ്യാനവൈഭവത്താൽ കാലാന്തരത്തിലും ചിരപരിചിതരായിതീരുന്നു. അതുകൊണ്ടു തന്നെ സാഹിത്യം സാഹിതീയമായ ഒരു ഉല്പന്നമോ വൈയക്തികമായ ഒരു ഉപഭോഗ വസ്തുവോ മാത്രമല്ല, അനുസ്യൂതം തുടരുന്ന മാനവജീവിതത്തിന്റെ വിശാലമായ ഒരു പ്രകടിതരൂപം കൂടിയാണ്. എന്നാൽ ഒരു വായനാസാമഗ്രി എന്ന നിലയ്ക്ക് കലാസൃഷ്ടി വിലയിരുത്തപ്പെടുക സ്വാഭാവികമാണ്. ജീവിതത്തിൽ നിന്നു പിറവികൊള്ളുന്ന കലാ സൃഷ്ടി, അതിനാധാരമായിവർത്തിച്ച ജീവിതത്തിന് പുതിയ ധാരണകളെ സംഭാവന ചെയ്യാൻ പര്യാപ്തമാകുന്നു. എല്ലാ സാഹിത്യരൂപങ്ങൾക്കും ഈ കാഴ്ചപ്പാടുകൾ ബാധ മാണെങ്കിലും, കഥ എന്ന സാഹിത്യരൂപം ഈ കാഴ്ചപ്പാടിനെ കൂടുതൽ സാർത്ഥകമാ ക്കുന്നു. ഏതെങ്കിലും ഒരു തത്വജ്ഞാനത്തെകുറിച്ച് അന്വേഷിക്കാനോ, മഹാമനീഷിക ളുടെ ജീവിത ദർശനങ്ങളെ കണ്ടെത്താനോ ഒരാളും കഥാവായനയിലേക്ക് കടക്കാറില്ല. എന്നാൽ അയാൾ അറിയാതെ, അയാളുടെ മനസ്സിൽ നിരന്തരം നടന്നിരുന്ന നിരവധി വിചിന്തനങ്ങളെ ഉത്തേജിപ്പിക്കാൻ കഥയ്ക്ക് കഴിയുന്നു. താൻമാത്രമല്ല മറ്റുപലരും ഇത്തരം സങ്കീർണ്ണ സമസ്യകളെ കുറിച്ച് അന്വേഷിക്കുന്നവരാണെന്നുള്ള വസ്തുത ഏതൊരുവായനക്കാരനേയും, താനും സമഷ്ടിയുടെ ഭാഗമാണെന്ന ചിന്തയിലേക്ക് എത്തി ക്കുന്നു. ചെറുകഥ, കഥാംശംകൊണ്ടോ, കഥനാംശംകൊണ്ടോ അല്ല വ്യഷ്ടിയെ സമ ഷ്ടിയുടെ ഭാഗമാക്കുന്നതിലാണ് പൂർണ്ണമാകുന്നത്. ഓരോരുത്തരും കഥ വായിക്കുന്നത് സ്വന്തമായ ചില നിലപാടുകളിൽ നിന്നായിരിക്കും. എന്നാൽ ഒറ്റയായ ആസ്വാദനതല ത്തിനുമപ്പുറമുള്ള കൂട്ടായ ഒരാസ്വാദനതലം ഏതൊരു കഥയ്ക്കുമുണ്ടെന്ന് നാം മനസ്സി ലാക്കുന്നു. ഇതിൽനിന്നും ഉരുത്തിരിയുന്ന അവബോധമാണ് ആ കഥ മുന്നോട്ടുവയ്ക്കുന്ന മൂല്യം.

### 5.7. സൂക്ഷ്മതാരതമ്യത്തിന്റെ പ്രസക്തി

കാരൂർ നീലകണ്ഠപിള്ളയുടെയും ലളിതാംബിക അന്തർജനത്തിന്റെയും കഥകളെ ആസ്പദമാക്കി നടന്ന പൊതുപഠനങ്ങൾ നിരവധി നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അക്കാദമിക് താല്പര്യത്തോടെ നടന്ന ഗവേഷണഫലമായി സൂക്ഷ്മതല വിശകലനങ്ങളും പുറത്തുവന്നിട്ടുണ്ട്. അത്തരം നിഗമനങ്ങളിൽനിന്നുള്ള ഒരു തുടരന്വേഷണമാണ് സൂക്ഷ്മതാരതമ്യം ലക്ഷ്യമാക്കുന്നത്.

നവോത്ഥാനകാലഘട്ടത്തിലെ മൂല്യസങ്കല്പങ്ങളെയും മാനവികതാബോധത്തെയും ഈ എഴുത്തുകാർ ഏത് പ്രകാരത്തിലാണ് സ്വാംശീകരിച്ചത് എന്നും കഥകളിലൂടെ ഏത് പ്രകാരത്തിലാണ് ആവിഷ്കരിച്ചത് എന്നും കാലാന്തരത്തിലേക്ക് അവർ എന്താണ് നിരീക്ഷണരൂപത്തിൽ ബാക്കിവെച്ചത് എന്നുമാണ് ഇവിടെ അന്വേഷിക്കുന്നത്. നിലനിന്നിരുന്ന വ്യവസ്ഥയിലെ മൂല്യബോധം ഏതൊരു വ്യക്തിയെയും സ്വാധീനിക്കും. ആ മൂല്യബോധവും ജീവിതവും തമ്മിലുള്ള പാരസ്പര്യത്തെ ഇവർ അന്വേഷിച്ചിരിക്കും. പുതിയ മൂല്യബോധത്തിന്റെ പിറവിക്കാധാരമായ സാമൂഹ്യസന്ദർഭങ്ങളെ ഇവർ സമീപിച്ചതിൽ വ്യതിരിക്തതകൾ ഉണ്ടാകും. മനുഷ്യൻ നിസ്സഹായനാകുന്ന സാഹചര്യങ്ങളിലാണ് മൂല്യചിന്തകൾ കൂടുതൽ തീവ്രതയോടെ ഉയർന്നുവരുന്നത്. അവനെ നിസ്സഹായനാക്കുന്ന ഘടകങ്ങൾ പലതരത്തിലുള്ളതാണ്. ഇത്തരം സന്ദർഭങ്ങളിൽ നിരാശക്കിട നൽകാതെ അവനെ കർമ്മനിരതനാക്കാൻ കല ശ്രദ്ധിക്കാറുണ്ട്. 'അധികാരം' എന്ന ഘടനയാണ് മൂല്യങ്ങളെ സ്ഥാപിക്കുന്നതും സംഹരിക്കുന്നതും. ഏതൊരു അധികാരഘടനയും സാമൂഹ്യ സാമ്പത്തിക ഘടനയുടെ ഉൽപന്നമാണ്. പാശ്ചാത്യ അധികാരഘടനയും ഇവിടെ നിലനിന്നിരുന്ന തദ്ദേശീയമായ അധികാരഘടനയും തമ്മിലുള്ള സമന്വയവും സംഘർഷവും നവോത്ഥാന കഥാകൃത്തുക്കൾ നിരീക്ഷിച്ചതും നിഗമന

ത്തിലെത്തിയതും ഇവിടെ പഠനവിധേയമാക്കുന്നു.

മനുഷ്യനെ, കേന്ദ്രസ്ഥാനത്തുനിർത്തി മനസ്സിലാക്കാൻ ശ്രമിക്കവേ സാമൂഹ്യഘടനയുടെ സ്വഭാവരീതികൾക്ക് കീഴ്പ്പെട്ട് അവനു വരുന്ന രൂപപരിണാമങ്ങൾ അന്വേഷിച്ചിട്ടുണ്ട്. മനുഷ്യന് നേർവിപരീതമായ അവസ്ഥ സംഭവിക്കുന്ന സാഹചര്യങ്ങൾ ഇവരെ വേദനിപ്പിച്ചിട്ടുമുണ്ട്. കഥയിൽ ഈ സന്ദർഭങ്ങൾ എങ്ങനെ കടന്നുവരുന്നു എന്ന അന്വേഷണം കാലികപ്രസക്തിയുള്ള വിഷയമാണ്.

### 5.8. താരതമ്യത്തിലെ പരിഗണനാവിഷയങ്ങൾ

ബ്രിട്ടീഷിന്ത്യയിലെ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ പൗരബോധം വളർന്നുവന്ന സാഹചര്യം പാശ്ചാത്യ അധിനിവേശവുമായി ബന്ധപ്പെട്ടതാണ്. നാടുവാഴിത്തത്തിന്റെ ഘടനയെ ഇല്ലാതാക്കി മാത്രമേ മുതലാളിത്ത സാമ്പത്തികവ്യവസ്ഥയ്ക്ക് ഒരു പ്രദേശത്ത് വ്യാപിക്കാൻ കഴിയൂ. 1795 മുതൽ തിരുവിതാംകൂറിൽ പാശ്ചാത്യ അധികാരഘടനയ്ക്ക് മാന്യമായ സ്ഥാനം ലഭിച്ചു. നാടുവാഴിത്തവുമായി സന്ധിചെയ്താണ് തിരുവിതാംകൂറിൽ ആധുനിക പാശ്ചാത്യാധികാരം നിലവിൽവരുന്നതും അതിന്റെ സാമ്പത്തിക വീക്ഷണമായ മുതലാളിത്തം വ്യാപിക്കുന്നതും.

വളരാൻ ആരംഭിച്ച മുതലാളിത്ത വ്യവസ്ഥയുടെ മൂല്യബോധവും നാശോന്മുഖമായ നാടുവാഴിത്ത വ്യവസ്ഥയുടെ മൂല്യബോധവും സമൂഹത്തിൽ സൃഷ്ടിച്ച പ്രതികരണങ്ങൾ ഈ കഥാകൃത്തുകളുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നവിധം സൂക്ഷ്മസന്ദർഭത്തിൽ താരതമ്യം ചെയ്യുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്.

കാരൂർ നീലകണ്ഠപിള്ളയുടെ 'ഓട്ടുകോരിക' എന്ന കഥയും അന്തർജനത്തിന്റെ 'മനുഷ്യപുത്രി' എന്ന കഥയും താരതമ്യപഠനത്തിന് വിധേയമാക്കുന്നതിലൂടെ നാടുവാ

ഴിഞ്ഞ സാമ്പത്തിക ഘടനയുടെ തകർച്ചക്ക് കാരണമായ ആന്തരവൈരുദ്ധ്യങ്ങളും, ആ വ്യവസ്ഥയുടെ ശിഥിലമായ മൂല്യബോധത്തിൽ ഞെരുങ്ങുന്ന മനുഷ്യരുടെ ദയനീയാവസ്ഥയും വിശകലനം ചെയ്യാം.[23]

ആധുനികീകരണത്തിന്റെ ഭാഗമായി അധികാരഘടന സൃഷ്ടിക്കുന്ന നിയമവ്യവസ്ഥ, പ്രകൃതിയോടും ജീവജാലങ്ങളോടും മനുഷ്യനോടും കാണിക്കുന്ന ദയാരാഹിത്യത്തെ ഈ എഴുത്തുകാർ നിരീക്ഷിച്ച രീതിയാണ് സവിശേഷപഠനം നടത്തുന്ന രണ്ടാമത്തെ മേഖല. കാരൂരിന്റെ 'പൗണ്ടർ പോത്തൻ' എന്ന കഥയും ലളിതാംബികയുടെ 'ഓടക്കുഴലിന്റെ നാദം' എന്ന കഥയുമാണ് ഈ പഠനത്തിനായി തെരഞ്ഞെടുക്കുന്നത്.[24]

സ്ത്രീത്വവും മാതൃത്വവും പുതിയ സാമൂഹ്യക്രമത്തിൽ കഥയിൽ ആവിഷ്കൃതമാകുന്നത് എങ്ങനെയെന്നതാണ് മറ്റൊരു സൂക്ഷ്മസന്ദർഭമായി പരിഗണിക്കുന്നത്. കാരൂരിന്റെ 'ഒടുവിലത്തെ മകൻ', അന്തർജനത്തിന്റെ 'അവിവാഹിത' എന്നീ കഥകളാണ് ഈ പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.[25] നവോത്ഥാനകാലഘട്ടത്തെ 1930-കൾ മുതൽ 60-കൾ വരെ എന്ന പൊതുവീക്ഷണത്തിൽ ഉൾപ്പെടുത്തി, 1936 മുതൽ 1968 വരെ എഴുതിയ കഥകളാണ് പഠനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കഥകളുടെ രചനാ കാലയളവിനെ സാമാന്യാർത്ഥത്തിൽ സ്വീകരിച്ച് അവയിലെ മൂല്യബോധങ്ങളെ വിശകലനം ചെയ്യാനാണ് താരതമ്യപഠനം ലക്ഷ്യം വയ്ക്കുന്നത്.

**5.8.1.** അയവേറിയ മാർഗ്ഗങ്ങളിലൂടെയാണ് തിരുവിതാംകൂറിൽ നാടുവാഴിത്ത വ്യവസ്ഥ മൂല്യബോധം വളർത്തിയതും പ്രചരിപ്പിച്ചതും. ദൈവവിശ്വാസം, ഉത്സവാഘോഷങ്ങൾ, കുടുംബാന്തരീക്ഷത്തിൽ നടക്കുന്ന പലതരം ചടങ്ങുകൾ എന്നിവയെല്ലാം മൂല്യബോധത്തെ മുൻനിർത്തി അനൗപചാരിക വിദ്യാഭ്യാസം നൽകാനുള്ള മാർഗ്ഗങ്ങളായിരുന്നു.

ഈ മാർഗ്ഗത്തിലൂടെ നാടുവാഴിത്തവാഴ്ചയുടെ അധികാരഘടനയ്ക്ക് ഇണങ്ങി ജീവിക്കുന്ന വിശ്വാസിയായ മനുഷ്യനെ വളർത്താൻ ഈ വ്യവസ്ഥ ശ്രദ്ധിച്ചു.

മുതലാളിത്ത വ്യവസ്ഥയുടെ ഘടനക്കകത്തേക്ക് മനുഷ്യനെ മെരുക്കിയെടുക്കുന്നത് ആധുനിക പാശ്ചാത്യ വിദ്യാഭ്യാസമാണ്. തങ്ങളാഗ്രഹിക്കുന്ന മൂല്യബോധത്തിനകത്ത് വ്യാപരിക്കുന്ന പരിഷ്കൃത മനുഷ്യസമൂഹത്തെ രൂപപ്പെടുത്താൻ പാശ്ചാത്യ ആധുനിക വിദ്യാഭ്യാസം ശ്രദ്ധിച്ചു. തിരുവിതാംകൂറിലെ നാട്ടുഭാഷാ പള്ളിക്കൂടങ്ങളും ഇംഗ്ലീഷ് സ്കൂളുകളും രാജ്യവാഴ്ചയുടെ നിയന്ത്രണത്തിൽ വളർന്നുവന്നവയാണ്. ആ രാജ്യവാഴ്ചയെ അദൃശ്യമായി നിയന്ത്രിച്ചിരുന്ന പാശ്ചാത്യയുക്തിബോധവും വിദ്യാഭ്യാസവും ഏത് പ്രകാരത്തിലാണ് പൗരബോധത്തെ സ്വാധീനിക്കുക എന്ന് ശരിക്കും മനസ്സിലാക്കിയിരുന്നു. തിരുവിതാംകൂറിലെ ആധുനിക വിദ്യാഭ്യാസ ചരിത്രത്തിൽ റാണി ഗൗരി പാർവ്വതീഭായി 1817-ൽ പുറപ്പെടുവിച്ച കല്പന ശ്രദ്ധേയമാണ്.

"ജനങ്ങളുടെ ഇടയിൽ വിജ്ഞാനത്തിന്റെ വെളിച്ചം വ്യാപിക്കുന്ന കാര്യത്തിൽ ഒട്ടും പിന്നോട്ട് പൊയ്ക്കൂടാ എന്നുള്ളത് കാരണം വിദ്യാഭ്യാസത്തിന് വേണ്ടുന്ന എല്ലാ ചെലവും സർക്കാർ തന്നെ വഹിക്കുന്നതാണ്. വിദ്യാഭ്യാസവ്യാപനംമൂലം പ്രജകൾ ഉത്തമ പൗരന്മാരാവുകയും നല്ല ജനസേവകരാവുകയും തദ്വാരാ രാജ്യത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്."[26]

1834-ൽ തിരുവിതാംകൂറിൽ ആരംഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം ക്രമേണ ഒരു പുതിയ പൗരസമൂഹത്തെ വാർത്തെടുത്തു.

ആൾക്കരം നിർത്തലാക്കിക്കൊണ്ട് 1815-ൽ റാണി ഗൗരി ലക്ഷ്മീഭായി പുറപ്പെടുവിച്ച കല്പന തിരുവിതാംകൂറിന്റെ മാനവികതയുടെ ചരിത്രത്തിൽ പ്രധാനപ്പെട്ട സംഭവമാണ്. അവർണ്ണസമുദായത്തിനുമേൽ ചുമത്തിയിരുന്ന തറിവരി, വലയറ, ചെക്കുവരി,

ചെത്തുപാട്ടം, മുലക്കരം, തലക്കരം എന്നീ നികുതികളും ഈ കാലയളവിൽ നിർത്തലാക്കി.[27] ആദായത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിഘടന മുതലാളിത്ത വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഉയർന്നുവരാൻ ആരംഭിച്ചു. മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്ക് പൗരാവകാശം നൽകിക്കൊണ്ട് 1859-ൽ ദൽഹൗസി പ്രഭു കൊണ്ടുവന്ന നിയമം തിരുവിതാംകൂറിലെ പരിവർത്തിത ക്രിസ്ത്യാനികൾക്ക് ആശ്വാസം നൽകുന്നതും ഒപ്പം സമൂഹത്തിൽ സംഘർഷം വളർത്തുന്നതുമായിരുന്നു.[28] പറയൻ, പുലയൻ, വേട്ടുവൻ എന്നീ സമുദായത്തിൽപ്പെട്ടവർ തിരുവിതാംകൂറിൽ അടിമവിഭാഗത്തിൽ പെട്ടവരായിരുന്നു. 1836-ൽ തിരുവിതാംകൂറിൽ 1,64,864 അടിമകൾ ഉണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. 1855-ൽ ജൂൺ 24-ന് തിരുവിതാംകൂറിൽ അടിമത്തം അവസാനിപ്പിച്ചുകൊണ്ട് രാജവാഴ്ച ഉത്തരവ് പുറപ്പെടുവിച്ചു.[29] ചാന്നാർ (നാടാർ) സ്ത്രീകൾ മാറുമറയ്ക്കുന്നതിനുവേണ്ടി നടത്തിയ പ്രക്ഷോഭവും അതിന്റെ പരിണിതികളും തിരുവിതാംകൂർ ചരിത്രത്തിലെ നാഴികക്കല്ലാണ്. നാടാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാനുള്ള അവകാശം നൽകിക്കൊണ്ട് 1859-ൽ രാജവാഴ്ച കല്പനയിറക്കി. കുടിയാന്മാർ ഭൂവുടമകൾക്ക് കാഴ്ചവസ്തു നൽകുക എന്നത് നാടുവാഴിത്ത ഭൂവ്യവസ്ഥയുടെ സ്വാഭാവിക രീതിയായിരുന്നു. ഇത് 'ഊഴിയം' എന്ന പേരിൽ തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്നു. 1865-ൽ ഈ സമ്പ്രദായം തിരുവിതാംകൂറിൽ നിർത്തലാക്കി. സർക്കാർ ഉദ്യോഗങ്ങളിൽ തദ്ദേശീയരായ മലയാളികൾക്ക് പരിഗണന ലഭിക്കണമെന്നാവശ്യപ്പെട്ട് ആരംഭിച്ച മലയാളി മെമ്മോറിയൽ മുതൽക്കുള്ള പ്രക്ഷോഭങ്ങൾ പൗരബോധത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. രാജ്യവാഴ്ചയിലെ 'പ്രജ' എന്നതിൽനിന്ന് ദേശരാഷ്ട്രത്തിലെ പൗരൻ എന്ന നിലയ്ക്ക് ഒരു ജനത രൂപാന്തരപ്പെട്ടതിലെ നാഴികക്കല്ലുകളാണ് മേൽപ്പറഞ്ഞവ.

ആധുനിക തിരുവിതാംകൂർ പാശ്ചാത്യ ബ്രിട്ടീഷ് ബോധത്തിന്റെ സൃഷ്ടിയും

സ്രഷ്ടാവുമാണ്. ഈ ബോധത്തിന്റെ വ്യാപനം പൂർത്തിയായി വരുന്ന കാലഘട്ടത്തിലും സാമൂഹ്യാന്തരീക്ഷത്തിലുമാണ് കാരൂരും ലളിതാംബികയും വളർന്നുവന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെയും മേൽപ്പറഞ്ഞ പരിവർത്തനഘട്ടങ്ങളുടെയും സ്വാധീനം അവരുടെ വീക്ഷണത്തിൽ പ്രതിഫലിക്കേണ്ടതാണ്.

**5.8.2.** നാടുവാഴിത്ത സാമൂഹ്യവ്യവസ്ഥയുടെ ഉല്പാദനബന്ധങ്ങൾ, അതിന്റേതായ ഒരു മൂല്യബോധത്തിനും ധർമ്മചിന്തയ്ക്കും കർമ്മപദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. തിരുവിതാംകൂറിലും കൊച്ചിയിലും ഇത് ഏതു പ്രകാരത്തിലാണ് പ്രകടമായത് എന്ന് ചരിത്രത്തിലും, ചരിത്രാംശമുള്ള സർഗാത്മക സാഹിത്യത്തിലും എഴുത്തുകാർ ചിത്രീകരിച്ചിട്ടുണ്ട്. ചൂഷണത്തിലൂടെ ഒരിടത്തരം സമ്പന്നവർഗം കാർഷികമേഖലയെ അടിസ്ഥാനമാക്കി തിരുവിതാംകൂറിൽ ഉയർന്നുവന്നു. ഈ കാലഘട്ടത്തെ, രാഷ്ട്രീയാധികാരം മാത്രമല്ല ജാതി വ്യവസ്ഥകൂടി നിയന്ത്രിച്ചിരുന്നു. രാജവാഴ്ചയുടേയും ഇടപ്രഭുക്കന്മാരുടേയും അനുഗ്രാശിസ്സുകളോടെ തിരുവിതാംകൂറിലെ പരമ്പരാഗത ഹിന്ദുസമൂഹം ജാതിയും ഉപജാതിയുമുള്ള ചാതുർവർണ്യ വ്യവസ്ഥ പിന്തുടർന്നു. 1795 ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ്, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ഏർപ്പെട്ട 'സൗഹൃദത്തിന്റേയും സഖ്യത്തിന്റേതുമായ ഉടമ്പടി' ബ്രിട്ടീഷുകാർക്ക് തിരുവിതാംകൂറിന്റെ രാഷ്ട്രീയവ്യവസ്ഥയിൽ ഇടപെടുന്നതിന് അവസരം ഒരുക്കി. മുതലാളിത്ത നിയമവ്യവസ്ഥയും അതിനനുരോധമായ മറ്റുസംവിധാനങ്ങളും, ക്രമേണ തിരുവിതാംകൂറിന്റെ സാമൂഹ്യമണ്ഡലത്തിൽ വ്യാപിക്കാൻ ആരംഭിച്ചു. ജാതിഘടനയേയോ, ആചാരവിശ്വാസങ്ങളെയോ പ്രത്യക്ഷത്തിൽ സ്പർശിച്ചിരുന്നില്ലെങ്കിൽ പോലും അവയെക്കൂടി തങ്ങളുടെ ഇഛാനുസരണം പരിവർത്തിപ്പിക്കാനുള്ള ശ്രമം മുതലാളിത്തശക്തികളുടെ ഭാഗത്തുനിന്നുണ്ടായി. മൂലധനം ഇറക്കി ചരക്ക് ഉല്പാദിപ്പിച്ച് ലാഭം വർദ്ധിപ്പിക്കുന്ന മുതലാളിത്ത ഉത്പാദനക്രമം തിരുവിതാംകൂർ പ്രദേശത്ത് ശക്തിപ്പെട്ടതോടെ സാമൂഹ്യഘടന സമഗ്രപരി

വർത്തനത്തിന് വിധേയമായി. പ്രാദേശികമൂലധനം അതതുപ്രദേശങ്ങളിലെ ഭൂപ്രഭുക്കളുടെ മിച്ചസമ്പാദ്യത്തിൽനിന്നാണ് കണ്ടെത്തിയത്. നാടുവാഴിത്തത്തിന്റെ ഉപരിഘടനയ്ക്ക് കോട്ടം വരുത്താതെയുള്ള ഒരു ഉല്പാദനരീതിയായിരുന്നുവെങ്കിലും പലവിധ സമ്മർദ്ദങ്ങളാൽ അതിന്റെ അടിത്തറ തകരാനാരംഭിച്ചിരുന്നു. എല്ലാ മണ്ഡലത്തിലും മുതലാളിത്ത മൂല്യബോധം പ്രസരിക്കാൻ തുടങ്ങുകയും ചെയ്തു.

**ഓട്ടുകോരിക/മനുഷ്യപുത്രി**

ഈശ്വരാരാധനയാണ് വിധിവിപര്യയങ്ങളിൽനിന്ന് രക്ഷനേടാനുള്ള ഏകമാർഗമെന്ന വിശ്വാസത്തിലും ദൈവചിന്തയിലും തിരുവിതാംകൂറിലെ ഹിന്ദുമത വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു സമർപ്പണ മനോഭാവം ഉണ്ടായിരുന്നു. ഉല്പാദനബന്ധങ്ങളിൽ മാറ്റം വരികയും ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താൻ വൈമനസ്യം കാണിക്കുകയും ചെയ്തപ്പോൾ തിരുവിതാംകൂറിലെ സമ്പന്ന ഇടത്തരം കുടുംബങ്ങളിൽ ദാരിദ്ര്യം കടന്നുവന്നു. വരവ് കുറയുകയും, നിയന്ത്രിച്ചാൽപോലും ചെലവ് വർദ്ധിക്കുകയും ചെയ്ത് കഷ്ടപ്പാടിലായ ഇത്തരക്കാരുടെ ദൈന്യതകൾ പല കഥകളിലായി ഇരു ചെറുകഥാകൃത്തുകളും ചിത്രീകരിച്ചിട്ടുണ്ട്. കാരൂർ നീലകണ്ഠപ്പിള്ളയുടെ കാർത്തികയൂട്ട്, നമഃശ്ശിവായ, ഭദ്രകാളിക്കടവ്, കുഞ്ഞനെജമാനൻ, ഓട്ടുകോരിക എന്നീ കഥകൾ ഈ ഗണത്തിൽപെടുന്നവയാണ്. ലളിതാംബികാ അന്തർജനത്തിന്റെ മനുഷ്യൻമാത്രം, വിധിബലം, മനുഷ്യപുത്രി എന്നീ കഥകളും ഈ അവസ്ഥയെ മറ്റൊരു രീതിയിൽ ചിത്രീകരിക്കുന്നവയാണ്. ആഖ്യാനത്തിന്റേയും സമീപനരീതിയുടേയും പശ്ചാത്തലത്തിൽ ഒരു സാമൂഹ്യപ്രശ്നത്തെ വ്യത്യസ്തമനോഭാവത്തിൽ ഏതു പ്രകാരമാണ് ഈ എഴുത്തുകാർ ചിത്രീകരിച്ചത് എന്നും അതിൽ മനുഷ്യന്റെ സ്ഥാനം ഏതുവിധമായിരുന്നു എന്നു

മാണ് ഇവിടെ വിശദീകരിക്കുന്നത്.

**ഓട്ടുകോരിക**

കാരൂരിന്റെ ശ്രദ്ധേയമായ കഥകളിലൊന്നാണ് "ഓട്ടുകോരിക". രാജവാഴ്ചയുടേയും ജാതി ജന്മിനാടുവാഴിത്ത സാമൂഹ്യഘടനയുടേയും കാലഘട്ടത്തിൽ സമ്പന്നമായിരുന്ന ഒരു നമ്പൂതിരി കുടുംബത്തിന്, വ്യവസ്ഥയിൽ വന്ന മാറ്റംകൊണ്ട് സ്വാഭാവികമായി സംഭവിച്ച തകർച്ചയാണ് ഈ കഥയിലെ പ്രതിപാദ്യം. മുൻകാലങ്ങളിൽ ആ കുടുംബത്തിന്റെ ഉദാരമനസ്ഥിതി ചൂഷണം ചെയ്ത് ജീവിച്ച ഒരു ഗ്രാമത്തിന്റെ പ്രതിനിധിയാണ് കഥയിലെ മുഖ്യകഥാപാത്രമായ നാരായണൻ. ആധുനിക വിദ്യാഭ്യാസം നേടി, മാറുന്ന വ്യവസ്ഥയിൽ പങ്കാളിയായി, ഉദ്യോഗസ്ഥനായിതീർന്ന ഇയാൾ ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക് ജീവിതം മാറ്റിയ വ്യക്തിയാണ്. അവധിക്കാലത്ത് ഗ്രാമത്തിലെ വീട്ടിൽ എത്തിയ അയാളുടെ മുന്നിലേക്ക്, ഇന്നു പ്രതാപം നശിച്ച ആ നമ്പൂതിരി കുടുംബത്തിലെ ഓട്ടുകോരിക ഒരു പണയവസ്തുവായി കടന്നുവരുന്നു. ഒരു രൂപക്ക് അത് പണയംവെച്ച് ആ ദിവസത്തെ നിത്യനിദാനത്തിനുള്ള വക കണ്ടെത്താനാണ്, പരിചാരികയിലൂടെ ആ കുടുംബം ശ്രമിക്കുന്നത്. ഒരു രൂപക്ക് പകരം അഞ്ചുരൂപയും പണയവസ്തുവും തിരികെ കൊടുത്തയക്കാൻ അമ്മയോട് നിർദ്ദേശിക്കുകയാണ് കഥാനായകൻ. തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട ആ ഓട്ടുകോരികയിലൂടെ, ഒരു ഗ്രാമത്തിന്റെ സമ്പന്നമായ ഭൂതകാലത്തിലേക്ക് കഥാനായകനോടൊപ്പം വായനക്കാരെയും കഥാകാരൻ കൊണ്ടുപോകുന്നു.

അഭ്യസ്തവിദ്യനും ഉദ്യോഗസ്ഥനും പ്രവാസിയുമായ കഥാനായകൻ ഭൂതകാലത്തിന്റെ മൂല്യബോധത്തോട് പ്രതികരിക്കുന്നത് പരിഷ്കൃത സമൂഹത്തിന്റെ സ്വഭാവരീതികളുമായിട്ടാണ്. ഗ്രാമത്തിന്റെ വികാസപരിണാമങ്ങൾക്ക് സാക്ഷിയായ കഥാനായകന്റെ അമ്മ, ഇതിൽ പൊരുത്തക്കേടുകൾ വിലയിരുത്തുന്നത് പഴയ ബോധതലത്തിൽ നിന്നു

കൊണ്ടുമാണ്. എഴുത്തുകാരൻ നിർവ്വികാരനായി ഈ അവസ്ഥയെ നോക്കിക്കാണുന്നില്ല എന്നതാണ് മറ്റൊരു സവിശേഷത.

അനിവാര്യമാണെങ്കിലും ചില തകർച്ചകൾ അസഹനീയമാണെന്ന വസ്തുത ആഖ്യാതാവിന്റെ മനസ്സിനെ അലട്ടുന്നതാണ്. ജോലിയെടുക്കാതെ ജീവിക്കുന്ന കാലം കഴിഞ്ഞിരിക്കുന്നുവെന്നും "അധ്വാനം വിറ്റ്, പണം സമ്പാദിച്ച് ജീവിക്കുക" എന്ന മുതലാളിത്ത വ്യവസ്ഥ ക്രമേണ കടന്നുവരികയാണെന്നും എഴുത്തുകാരൻ സൂചിപ്പിക്കുന്നു. എങ്കിലും ഉള്ളകാലത്ത് സഹായിക്കുകയും ദാരിദ്ര്യമനുഭവിക്കുമ്പോൾ അത് മറ്റൊരാളെ അറിയിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന യാഥാസ്ഥിതിക മനുഷ്യസ്വഭാവത്തിന്റെ അവസ്ഥാന്തരങ്ങൾ അയാൾ ചിത്രീകരിക്കുന്നു.

തന്റെ മുന്നിലുള്ള ഒരു വർത്തമാനകാലസത്യത്തിന്റെ വസ്തുസ്ഥിതി കഥനമാണ് ഈ കഥ. വീക്ഷണകോണിലും ബിംബകല്പനയിലും പ്രതിപാദനരീതിയിലും നവോത്ഥാനകാല കഥയുടെ സങ്കേതങ്ങൾ തന്നെയാണ് കൈക്കൊള്ളുന്നത്. എന്നാൽ ഈ കഥ ശ്രദ്ധേയമാകുന്നത് മൂല്യബോധങ്ങളിലെ സംഘർഷം കൊണ്ടാണ്.

ഒരു പുതിയ മൂല്യവ്യവസ്ഥയുടെ പ്രതിനിധിയാണ് പഴയമൂല്യങ്ങൾക്ക് നിദാനമായി വർത്തിച്ച സമൂഹബന്ധങ്ങളെ വിശകലനം ചെയ്യുന്ന കഥാനായകൻ.

തന്റെ പഴയ നാലാംപാഠം പുസ്തകത്തിന്റെ ആദിയുംഅന്തവും കീറിപ്പോയി, വക്കും മൂലയും മടങ്ങി, തീരെ അനാകർഷകമായിരിക്കുന്ന അവസ്ഥയും, ജേംസ് ഗാർഫീൽഡ് എന്നു ശരിയായി ഉച്ചരിക്കാൻ കഴിയാതെ നാലാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അദ്ധ്യാപകനിൽനിന്ന് തല്ലുവാങ്ങിയതും, ഇന്ന് ആ ഉച്ചാരണത്തിന്റെ ചിട്ടപ്പെടുത്തലുകൾക്ക് താൻ വിധേയനായി എന്ന ബോധ്യവും "നശിച്ച പേരുകൾ" എന്ന് പണ്ട് ശപിച്ച പല നാമപദങ്ങളും ഇന്നു തനിക്ക് ചിരപരിചിതമായി മാറിയതും ചിത്രീകരിച്ച് കാലമാ

റ്റത്തെ കാരൂർ ആവിഷ്കരിക്കുന്നു.

ക്രമാനുഗതമായി മാറുന്ന സാമൂഹ്യഘടനയോട് വിമർശനാത്മകമായ രീതിയിൽ പൊരുത്തപ്പെട്ടുപോകുന്നതാണ് അമ്മയുടെ പാത്രചിത്രണം. മകന്റെ പരിഷ്കൃതബുദ്ധിയോട് പൊരുത്തപ്പെടാൻ വൈമനസ്യം ഉണ്ടെങ്കിലും അതിന് അവർ തയ്യാറാണ്.

"മാറ്റപ്പണ്ടമായി" ഒരു ഓടിന്റെ കഷ്ണമെങ്കിലും വേണം, വെള്ളിയാഴ്ച തൃസന്ധ്യയിൽ പണയം വെയ്ക്കുന്നത് മോശമാണ് മുതലായ വിശ്വാസങ്ങളെ പിൻപറ്റി നാരായണൻ പണയവസ്തു തിരിച്ചുകൊടുക്കാനാവശ്യപ്പെടുമ്പോൾ, അമ്മ ചുരുങ്ങിയ വിലക്ക് ഓട്ടുകോരിക സ്വന്തമാക്കാനും ബാക്കിപണംതിരിച്ചുവാങ്ങാനും ശ്രമിക്കുന്നത് ഒരേ മൂല്യവ്യവസ്ഥയുടെ വിധിവിലക്കുകളെ പിൻപറ്റിയാണ്. ക്രയവിക്രയപ്രക്രിയയിൽ വരുന്ന മാറ്റത്തിന്റെ സൂചനകൾ രണ്ടുവീക്ഷണത്തിൽ നിന്ന് നാം അനുഭവിക്കുന്നു. ഒരു വിശ്വാസത്തെ ഏതു പ്രകാരത്തിലാണ് വ്യത്യസ്ത മൂല്യബോധങ്ങൾ ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

ആധുനിക വിദ്യാഭ്യാസം നൽകിയ സാമൂഹ്യവീക്ഷണം കഥാനായകന്റെ ബോധമണ്ഡലത്തെ സ്വാധീനിച്ചതിന്റെ സൂചനകൾ കഥയിൽ കാണാം. ആ ഇല്ലത്തിന്റെ തേജസ്സുറ്റ കാലത്തെയും, പടിപടിയായുള്ള തകർച്ചയേയും ഇന്നത്തെ ദാരിദ്ര്യത്തേയും കൂടുതൽ അറിയുന്നത് പരിഷ്കാരിയും പരദേശിയുമായ മകനേക്കാൾ അമ്മയ്ക്കാണ്.

"ഈ വകയ്ക്ക് ഒരുപകാരം ചെയ്യുന്നവരോട് ദൈവം വെറുക്കും" എന്ന അമ്മയുടെ പ്രസ്താവം ദൈവം ആരുടെ പക്ഷത്താണ്? എന്ന വീക്ഷണവുമായി ബന്ധപ്പെട്ടതാണ്. ദൈന്യത്തിന്റെ വിവിധഘട്ടങ്ങളിൽ പലപ്രകാരത്തിലുള്ള ഉപകാരങ്ങൾ ആ അമ്മ അവർക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. ഔദാര്യംകൊണ്ട് തടഞ്ഞുനിർത്താവുന്നതല്ല സ്വാഭാവികമായ ആ തകർച്ച എന്ന തിരിച്ചറിവാണ് അമ്മയ്ക്കുള്ളത്.

“ഓട്ടുകോരിക” നാടുവാഴിസമൂഹത്തിന്റെ ഉദാരതയുടെ ഏറ്റവും ശക്തമായ പ്രതീകമാണ്. കോരിയെടുക്കാനുള്ള ഒരു ഉപകരണം മാത്രമല്ല വാരി വിതറാനുള്ള ഒരുപാധി കൂടിയാണ് കോരിക. നാടുവാഴിത്തത്തിലെ വീട്ടമ്മമാർ “അന്ന പൂർണ്ണേശ്വരികൾ” കൂടിയായിരുന്നു.

ഏറിയമോദാൽ മർത്ത്യസമൂഹേ
കോരിക കൊണ്ടു വിളമ്പവളേ ജയ
സുന്ദരരൂപേ, ഗിരിതനയേ ചെറു-
കുന്നിലമർന്നിടുമമ്മേ ജയ ജയ.

അന്നപൂർണ്ണേശ്വരിയായ ചെറുകുന്നിലമ്മയെക്കുറിച്ചുള്ള ഈ സ്തുതി നാടുവാഴി തറവാടിന്റെ അകത്തളങ്ങളിൽ കീർത്തനമായും ദാരിദ്ര്യം കൊടികുത്തിവാണ ഗ്രാമങ്ങളിൽ ആ അകത്തളങ്ങളെകുറിച്ചുള്ള പ്രകീർത്തനമായും മുഴങ്ങിക്കൊണ്ടിരുന്നു. തപോനിഷ്ഠരും, വ്രതശുദ്ധകളുമായ ഇവരുടെ ഹൃദയവിശാലതയാണ്, വറുതികാലങ്ങളിൽ ഗ്രാമത്തിന് ആശ്വാസമായത്.

സാമൂഹ്യഘടനയിൽ മാറ്റം വരികയും രാജാധിപത്യത്തിൽനിന്നും പ്രജാധിപത്യത്തിലേക്ക് നീങ്ങി ഒരു പുതിയ നിയമവ്യവസ്ഥ വരികയും ചെയ്തപ്പോൾ സംഭവിച്ച പരിണാമം ബാഹ്യതലത്തിലും ആന്തരികതലത്തിലും മനുഷ്യനെ ബാധിച്ചു.

ചോരുന്ന പുര, തകരുന്ന നാടുവാഴിത്തത്തിന്റെ പ്രതീകവും ജയിലിൽ കിടക്കേണ്ടിവരുന്ന മകൻ പുതിയ നിയമവ്യവസ്ഥയുടെ പ്രതീകവുമാണ്. മകനെ കേസിൽ നിന്ന് മോചിപ്പിക്കാൻ വൃദ്ധനായ അച്ഛൻ നമ്പൂതിരി വിവാഹം കഴിയ്ക്കുന്നതും രാജകുമാരിയെപ്പോലെ കയറിവന്ന ആ നവവധു ഇന്ന് ‘കാലൻ കണ്ടാൽപ്പോലും കരയുന്ന’ അവസ്ഥയിലായതും കാലവിപര്യയത്തിന്റെ സൂചനകളാണ്.

കഥയിലെ സമയം സന്ധ്യയുടേതാണ്. വെള്ളിയാഴ്ചയിലെ തൃസന്ധ്യ ഈ കഥയുടെ ഭാവാവിഷ്കാരത്തിനുള്ള പശ്ചാത്തലമാണ്. ചിന്തകളുടെ വേലിയേറ്റം സാധ്യമാക്കുന്നതിന് ഈ സമയബോധം സഹായകമാകുന്നു.

മാറിക്കൊണ്ടിരിക്കുന്ന കാലത്തിന്റെ പ്രതിനിധിയായ മകൻ, മാറുന്ന കാലത്തെ ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്ന അമ്മ മാറ്റങ്ങളെ നിർവ്വികാരമായി സമീപിക്കുന്ന പരിചാരിക എന്നീ പ്രത്യക്ഷങ്ങളിലൂടെ പരോക്ഷസത്യങ്ങളെ വായനക്കാരൻ അറിയുന്നു.

**മനുഷ്യപുത്രി**

നവോത്ഥാനകാലഘട്ടത്തിലെ കഥകളെക്കുറിച്ചുപൊതുവെയും ലളിതാംബികയുടെ കഥകളെക്കുറിച്ച് വിശേഷിച്ചുമുള്ള പഠനഗവേഷണങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള കഥയാണ് "മനുഷ്യപുത്രി". 1967 ലാണ് ഈ കഥ പുറത്തുവരുന്നത്. ഐക്യകേരളം അതിന്റെ ജനാധിപത്യവ്യവസ്ഥയിൽ ഒരു ദശകം പിന്നിട്ടപ്പോൾ സാമൂഹ്യഘടനയിലുണ്ടായ മാറ്റവും അതിന്റെ പ്രത്യാഘാതങ്ങളുമാണ് ഈ കഥയിൽ അവതരിപ്പിക്കുന്നത്. ഭൂപരിഷ്കരണം എന്ന ആശയം മുന്നോട്ടുവെച്ച് നിയമനിർമ്മാണം നടത്തുകയും പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടായ അനുഭവങ്ങൾ ഉൾക്കൊണ്ട് ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്ത ഒരു കാലയളവിലാണ് ഈ കഥ പുറത്തുവന്നത്.

ഒരു നമ്പൂതിരി ഇല്ലത്ത് ദാസ്യപ്രവൃത്തിക്ക് നിന്നിരുന്ന സ്ത്രീയുടെ മകനായ ഗോവിന്ദൻകുട്ടി പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, ദാരിദ്ര്യം കൊണ്ട് പഠിപ്പുനിർത്തേണ്ടി വരുമായിരുന്ന ഒരാളാണ്. അയാൾക്ക് തുടർന്നു പഠിക്കാനാവശ്യമായ സഹായം ചെയ്തു കൊടുത്തത് ആ ഇല്ലത്തെ ആത്തേമ്മാരമ്മയാണ്. തേവാരത്തിന് ഒരു പിടി പൂക്കൾ കൊണ്ടുവന്നു കൊടുക്കുന്നതിന് ഒരുരുളച്ചോറും, പഠിക്കാനാവശ്യമായ സൗകര്യങ്ങളും ആത്തേമ്മാരമ്മ ഗോവിന്ദൻകുട്ടിക്ക് ചെയ്തുകൊടുത്തു. അത്താഴപ്പട്ടിണിക്കാരെ ഊട്ടി

യശേഷം മാത്രം അന്തിയുറങ്ങിയിരുന്ന ആ കുലീന, ആ നാട്ടുകാർക്കു മുഴുവൻ "അന്നപൂർണ്ണേശ്വരി"യായിരുന്നു.

സ്കൂൾ ഫൈനൽ പാസ്സായ ഗോവിന്ദൻകുട്ടി "പഠിപ്പുള്ളവനായി" മാറുകയും ആത്തേമ്മാരമ്മയോടുപോലും ഒരു വാക്കുപറയാതെ, നാടുവിട്ട്, രാഷ്ട്രീയ പ്രവർത്തകനായി, മന്ത്രിയായി അധികാരം കൈയാളുന്നവനായി പരിണമിക്കുകയും ചെയ്തിരിക്കുന്നു. അധീശാധികാരത്തിന്റെ നിയമനിർമ്മാണങ്ങൾ, ജന്മിഗൃഹങ്ങളുടെ സമ്പദ്സമൃദ്ധിയെ തകർത്ത് ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. ഇതിന്റെ സദ്ഫലങ്ങൾ അനുഭവിക്കുന്ന മറ്റൊരു വിഭാഗം നാട്ടിലുണ്ട്. എന്നാൽ എല്ലാം നഷ്ടപ്പെട്ടവരുടെ പ്രതിനിധിയായി കടന്നുവരുന്ന ആ ആത്തേമ്മാരമ്മ തന്റെ ദൈന്യം അറിയിക്കുന്നതിനുവേണ്ടി ഗോവിന്ദൻകുട്ടിയെ കാണുന്നിടത്താണ് കഥ അവതരിപ്പിക്കുന്നത്.

വർത്തമാനകാല സത്യങ്ങളെത്തന്നെയാണ് ഈ കഥയും കൈകാര്യം ചെയ്യുന്നത്. ഗോവിന്ദൻകുട്ടിയുടെ ഭൂതകാല സ്മൃതികളെ ഉപയോഗപ്പെടുത്തിയാണ് ആഖ്യാനത സാധിക്കുന്നത്. ഇക്കാരണങ്ങളാൽ കാരൂരിന്റെ ഓട്ടുകോരികയും അന്തർജനത്തിന്റെ മനുഷ്യപുത്രിയും ഇതിവൃത്തം, പാത്രചിത്രണം, വീക്ഷണകോൺ മുതലായവയിൽ തുല്യജോടികളായി പരിഗണിച്ച് താരതമ്യം ചെയ്യാം.

വിധിവിപര്യയങ്ങൾക്കിരയാകുന്ന മനുഷ്യരെ സഹാനുഭൂതിയോടെ നോക്കിക്കാണുന്ന കഥാകൃത്തുക്കൾ മൂല്യബോധങ്ങളുടെ പരിവർത്തനഘട്ടത്തിൽ ഒരേപോലെ വ്യാകുലചിത്തരാണ്. കാലം മാറിയതിലും ജീവിതാവസ്ഥകൾ തകിടം മറിഞ്ഞതിലും കുഞ്ഞാത്തോലമ്മ ആരേയും കുറ്റപ്പെടുത്തുന്നില്ല. തന്റെ കൃതഘ്നതയിൽ ഗോവിന്ദൻകുട്ടി സ്വയം പരിതപിക്കുന്നുണ്ടെങ്കിലും അതനിവാര്യമാണെന്ന് അയാൾക്ക് നിശ്ചയമുണ്ട്. അധികാരം കൈയാളുന്നവരേയും അതിനിരയാകുന്നവരേയും ഒരുപോലെ നിസ്സ

ഹായരാക്കുന്നതാണ് അധികാരവ്യവസ്ഥയുടെ ഘടന എന്ന യാഥാർത്ഥ്യം ഇവിടെ വെളിപ്പെടുത്തുന്നു.

നവോത്ഥാന കാലഘട്ടത്തിലെ സവിശേഷമായ മനുഷ്യബോധത്തെ രണ്ടു കഥാകൃത്തുക്കളും ഉൾക്കൊള്ളുന്നു. മൂല്യബോധത്തിൽ മാറ്റങ്ങൾ വരുമ്പോൾ അവയോട് സമരസപ്പെടാൻ മനുഷ്യൻ പ്രയാസമനുഭവിക്കേണ്ടിവരുന്നു എന്ന് ഇരു കഥാകൃത്തുക്കളും സമൂഹത്തെ ബോധ്യപ്പെടുത്തുന്നു. ഈ സാജാത്യത്തെപ്പോലെത്തന്നെ വൈജാത്യത്തേയും നാം പരിഗണിക്കണം. കാരൂരിന്റെ കഥയിലെ സ്ത്രീകഥാപാത്രങ്ങൾ ലളിതാംബിക അന്തർജനത്തിന്റെ കഥയിലെ സ്ത്രീകഥാപാത്രങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും വിഭിന്നമാണ്. "ഓട്ടുകോരിക" യിലെ നാരായണന്റെ അമ്മ കാണുന്ന കാഴ്ചയല്ല, അന്തർജനത്തിന്റെ കുഞ്ഞാത്തോലമ്മ കാണുന്ന കാഴ്ച. ഒരാൾ വിധിയുടെ വിപര്യയങ്ങളെ അതിജീവിക്കാൻ ആഗ്രഹിക്കുമ്പോൾ അന്തർജനത്തിന്റെ കഥാപാത്രം ചിലപ്പോഴെങ്കിലും വിധിക്ക് കീഴൊതുങ്ങിക്കൊടുക്കുന്നു.

മനുഷ്യപുത്രി എന്ന കഥയിൽ ആധുനിക വിദ്യാഭ്യാസം നേടി പ്രജാധിപത്യത്തിന്റെ പ്രതിനിധിയായി അധികാരഘടനയുടെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന ഗോവിന്ദൻകുട്ടി കാരൂർ നീലകണ്ഠപിള്ളയുടെ ഓട്ടുകോരികയിലെ നാരായണനിൽനിന്നും വളർന്നുണ്ടായ കഥാപാത്രമാണ്. ഓട്ടുകോരികയിലെ നാരായണന് ഒഴിവുകാലമുണ്ടെങ്കിൽ മനുഷ്യപുത്രിയിലെ ഗോവിന്ദൻകുട്ടിക്ക് 'തിരക്കോടുതിരക്കാണ്'. നാരായണന് അപൂർവ്വമായെങ്കിലും ഗ്രാമത്തിൽ വസിക്കാൻ കഴിയുമെങ്കിൽ ഗോവിന്ദൻകുട്ടിക്ക് അതിന് സമയമില്ല. ഗോവിന്ദൻകുട്ടിക്ക് അയാൾ മാത്രം തൊഴിൽ തിരക്കുള്ളവനും മറ്റുള്ളവരെല്ലാം തൊഴിലില്ലാത്തവരുമാണ്.

ഇരുകഥകളിലും, മാറുന്നസാമൂഹികസാഹചര്യവും അതുണ്ടാക്കുന്ന നവീനജീവി

തവീക്ഷണവും രേഖീയമായി പ്രത്യക്ഷപ്പെടുന്നു. പതിനെട്ടാം നൂറ്റാണ്ടിൽനിന്നും കട ന്നുവരുന്ന ഒരു കഥാപാത്രമായി ആത്തേമാരമ്മ ഗോവിന്ദൻകുട്ടിക്ക് അനുഭവപ്പെടുന്നു. ഇത് വർത്തമാനകാല സത്യമായി മാറുന്നത് ഈ രേഖീയമായ കാലബോധത്തിലൂടെ യാണ്.

ഓട്ടുകോരികയിലെ നാരായണൻ ഭൂതകാലത്തിനെ വിലയിരുത്തുന്നത് തനിക്ക് ലഭിച്ച അറിവിനെ വിമർശനരീത്യാ ഉപയോഗിച്ചാണ്. അയാളുടെ അമ്മയാകട്ടെ വർത്ത മാനകാലമെന്ന സത്യത്തെ മാത്രം വിധിനിർണ്ണയത്തിൽ കണക്കിലെടുക്കുന്നു. മനുഷ്യ പുത്രിയിലെ കുഞ്ഞാത്തോലമ്മയും ഗോവിന്ദൻകുട്ടിയും ഒരേ ഭൂതകാലത്തിലേക്ക് വ്യത്യസ്ത വഴികളിലൂടെ സഞ്ചരിക്കുന്നു. വർത്തമാനകാല സത്യത്തിലേക്ക് ഒരേ വഴി യിലൂടെ തിരിച്ചെത്തുന്നു. മാറുന്ന കാലത്തെ തിരിച്ചറിയുന്നവരും കാലത്തിനനുസരിച്ച് മാറാൻ തയ്യാറുള്ളവരുമാണ് ആധുനിക വിദ്യാഭ്യാസം നേടിയവർ. മാറുന്ന കാലത്തിലും ഭൂതകാലത്തിന്റെ മൂല്യബോധവുമായി നിൽക്കുന്നവരാണ് കഥയിലെ മറ്റൊരു വിഭാഗം. ഇരുവിഭാഗങ്ങളും സംഘർഷത്തിലല്ല സമന്വയത്തിലാണ് നിലയുറപ്പിക്കുന്നത്. കഥക ളുടെ താരതമ്യത്തിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങൾ ഇപ്രകാരം സംഗ്രഹിക്കുന്നു.

* രണ്ട് കഥകളിലെയും മനുഷ്യനെ കുറിച്ചുള്ള ചിന്ത ഉദാരമാനവികതയിൽനിന്ന് ഉടലെടുത്തതാണ്.

* ദൈവവിശ്വാസത്തെ ഓരോ വ്യവസ്ഥിതിയും അതിന്റെ മൂല്യബോധത്തിനനുസ രിച്ച് പരിപാകപ്പെടുത്തുന്നു.

* പരിവർത്തനഘട്ടത്തിൽ ദയനീയസ്ഥിതിയിലെത്തുന്നത് ഭൂരിഭാഗവും സ്ത്രീക ളാണ്. പരിവർത്തിത സമൂഹത്തിൽ എല്ലാം സുരക്ഷിതമാണെന്ന ധാരണ നിലനിൽക്കു ന്നതല്ല.

* തത്വശാസ്ത്രങ്ങളും അധികാരഘടനയും സൃഷ്ടിക്കുന്ന ബോധമണ്ഡലം അതിനെ സൃഷ്ടിച്ച വ്യവസ്ഥയോട് മാത്രം കൂറു പുലർത്തുന്നതാണ്. ഈ അധികാര ഘടനയിൽ കേവലമനുഷ്യൻ പൂർണ്ണ അർത്ഥത്തിൽ വിസ്മൃതനാകുന്നു.

* ഭൂഘടനയിലെ പരിഷ്കാരം മുതലാളിത്ത കമ്പോള വികാസത്തിന് അത്യാവശ്യ മാണ്. ക്രയശേഷിയുള്ള ജനതയാണ് ലാഭം നിലനിർത്തുന്നതിന് ആസ്പദം. ഈ ആധു നികയുക്തിയുടെ പ്രായോഗികത അനുഭവിക്കുന്നവനും ആ യുക്തിയാൽ തിരസ്കൃത രായവരുമാണ് ഈ കഥകളിൽ മുഖാമുഖം നിൽക്കുന്നത്.

* ത്യജിക്കാൻ തയ്യാറുള്ള സ്ത്രീയും ലഭിക്കാൻ മാത്രം മനസ്സുവയ്ക്കുന്ന പുരു ഷനും എന്ന സങ്കല്പം അപൂർവ്വമായെങ്കിലും ഈ കഥകൾ പങ്കുവയ്ക്കുന്നു.

**5.8.3.** ആസൂത്രിത വികസനം മുതലാളിത്ത സാമ്പത്തിക പ്രക്രിയയുടെ അവിഭാജ്യ ഘട കമാണ്. പുരോഗതി ഉറപ്പുവരുത്തുന്നതിന് ചില ലക്ഷ്യങ്ങൾ നിർണ്ണയിക്കേണ്ടതുണ്ടെന്നും ആ ലക്ഷ്യങ്ങൾ നേടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും മുതലാളിത്ത വ്യവസ്ഥ കരുതുന്നു. പാശ്ചാത്യ നവോത്ഥാനത്തിന്റെ ഭാഗമായ ഈ ചിന്താരീതി അതി നാവശ്യമായ രീതിശാസ്ത്രങ്ങളെയും മുന്നോട്ടുവച്ചിട്ടുണ്ട്. സ്ഥലം അളന്നു തിട്ടപ്പെടു ത്തൽ, ജനസംഖ്യാ നിർണ്ണയം, ജനന നിയന്ത്രണം, ഉല്പാദനംകൃത്രിമരീതിയിൽ വർദ്ധി പ്പിക്കൽ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്.

**പൗണ്ടർ പോത്തൻ/ഓടക്കുഴലിന്റെ നാദം**

കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനം നടപ്പാക്കുന്നതിലാണ് തിരുവിതാംകൂ റിലെ ബ്രിട്ടീഷ് ഭരണാധികാരികൾ കൂടുതൽ ശ്രദ്ധിച്ചത്. ഇതിനായി നാടുവാഴികളുടെ

ഭൂസ്വത്ത് നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കാനും ഇവർ രാജാവിനെ ഉപദേശിച്ചു. സമ്പത്തിന്റെ പിൻബലംകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ സമാന്തര നിയമവ്യവസ്ഥയുണ്ടാക്കുന്ന നാടുവാഴികളെ തടയുന്നതിന് ബ്രിട്ടീഷുകാർ ശ്രദ്ധിച്ചു. ഭൂമിസംബന്ധമായി നടത്തിയ ക്രമീകരണങ്ങൾ മൂല്യബോധവുമായി ബന്ധപ്പെട്ടതാണ്. കേണൽ മൺറോ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ദേവസ്വം ഭൂമികൾ ഗവൺമെന്റിലേക്ക് മാറ്റുകയും ക്ഷേത്രചിലവുകൾ പൊതുഖജനാവിൽ നിന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഭൂപ്രഭുക്കൾക്കും ക്ഷേത്രങ്ങൾക്കും ജനങ്ങളുടെ മേലുണ്ടായിരുന്ന നിയന്ത്രണത്തെ ക്രമേണക്രമേണ ഇല്ലാതാക്കി ഒരു കേന്ദ്രഭരണവ്യവസ്ഥ സ്ഥാപിക്കാൻ ബ്രിട്ടീഷ് ആധിപത്യത്തിന് കഴിഞ്ഞു. ഗതാഗതമാർഗ്ഗങ്ങൾ വിപുലപ്പെടുത്തി വാണിജ്യവ്യാപാരങ്ങൾ ശക്തമാക്കി. ഭൂമിയിൽനിന്നുള്ള ഉല്പാദനം തിട്ടപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലും ഇവർ ശ്രദ്ധവെച്ചു. വനവിഭവങ്ങളേയും പ്രകൃതിവിഭവങ്ങളേയും അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകൾ ഉയർന്നുവരാൻ തുടങ്ങിയതും ഇക്കാലത്താണ്. ഭൂമി മനുഷ്യനിർമ്മിത അതിരുകളാൽ വേർതിരിക്കപ്പെട്ടു. ഇത്തരം വളർച്ചയ്ക്കൊപ്പം, ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ 'ആസൂത്രണം' എന്ന കാഴ്ചപ്പാട് കേന്ദ്രഭരണവ്യവസ്ഥ നിലനിൽക്കാൻ അനിവാര്യമാണെന്ന ധാരണ ഈ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് ഉണ്ടായിരുന്നു.[30] ലാഭത്തെ മുൻനിർത്തിയാണ് മുതലാളിത്ത സമ്പദ്ഘടന "ആസൂത്രണം" എന്ന കാഴ്ചപ്പാടിനെ ഉപയോഗപ്പെടുത്തിയത്. അക്കങ്ങളും കണക്കുകളും ആപേക്ഷികതയും എല്ലാം മുടക്കുമുതലിൽനിന്ന് ലാഭം വർദ്ധിപ്പിക്കുക എന്ന തത്വസംഹിതയിൽ അധിഷ്ഠിതമായിരുന്നു. ഇതിന്റെ ഭാഗമായ 'സെൻസസ്' (സ്ഥിതിവിവരക്കണക്കെടുപ്പ്) കാരൂരിന്റെ കഥാരചനയ്ക്ക് വിഷയമായിട്ടുണ്ട്. ഇതിൽ "മരപ്പാവകൾ" എന്ന കഥ മാനസികാപഗ്രഥനരീതി വെച്ചാണ് മിക്ക ഗവേഷകരും വിലയിരുത്തിയത്. "കുട്ടികളെത്ര" എന്ന കഥ വിദ്യാഭ്യാസമേഖലയിൽ നടത്തേണ്ടുന്ന ആസൂത്രിത വികസനത്തിന്റെ കാഴ്ച

പ്പാടുകളിലേക്ക് കടന്നുചെല്ലുന്നു.

തങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ജനങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതിനും അധികാരം നിലനിർത്തുന്നതിന് അതത് അവസരങ്ങളിൽ സ്വീകരിക്കേണ്ടുന്ന നടപടികൾ ആവിഷ്കരിക്കുന്നതിനും, ഇത്തരം കണക്കെടുപ്പുകൾ അധീശശക്തിയെ സഹായിക്കുന്നു.

പ്രകൃതിയിൽനിന്ന് നിർലോഭം ലഭിക്കുന്ന വസ്തുക്കൾപോലും തങ്ങളുടെ ദയാദാക്ഷിണ്യം കൊണ്ട് വിതരണം ചെയ്യപ്പെടുന്നതാണെന്ന ഒരു ധാരണ വരുത്തിത്തീർക്കൽ ഈ സമ്പ്രദായത്തിന്റെ മറ്റൊരു മുഖമാണ്. വെള്ളം, വായു, നിത്യജീവിത്തിനാവശ്യമായ സസ്യലതാദികൾ തുടങ്ങിയവയെ നിയന്ത്രിക്കാനുള്ള ഗൂഢാലോചന മനുഷ്യനെ ബാധിക്കുന്നതിന്റെ തിക്തഫലങ്ങൾ കാരൂരിന്റെ കഥകളിൽ ചർച്ചചെയ്തിട്ടുണ്ട്. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ മനുഷ്യബന്ധത്തിന്റെ ആർദ്രതയുടെ ഈടുവെപ്പുകൾ കൂടിയാണ്. കിണറുകൾ കുഴിയ്ക്കുക, തണ്ണീർപ്പന്തലുകൾ കെട്ടുക, പാന്ഥർക്ക് ദാഹജലം നൽകുക എന്നിവ നാടുവാഴിത്തവ്യവസ്ഥയിലെ ആഭിജാത്യത്തിന്റെ പ്രത്യക്ഷപ്രകടനം മാത്രമായിരുന്നില്ല, മനുഷ്യത്വത്തിന്റെ വിളംബരം കൂടിയായിരുന്നു. "ഉതുപ്പാന്റെ കിണർ" എന്ന കാരൂരിന്റെ കഥ ഒരു 'കേവലൻ' തന്നാലാവുന്നത് സമൂഹത്തിന്റെ ഗുണത്തിനു വേണ്ടി ചെയ്യുന്നത് ചിത്രീകരിക്കുക മാത്രമല്ല, "നന്ദികെട്ട ലോകത്തിന്റെ" പിറവിയെക്കുറിച്ച് ബോധ്യപ്പെടുത്തുക കൂടിയാണ് ചെയ്യുന്നത്. പൊതുജനാരോഗ്യം സംരക്ഷിക്കുക, പകർച്ചവ്യാധികൾ തടയുക എന്നീ ലക്ഷ്യങ്ങൾ മുന്നോട്ടുവെച്ച് പൊതുകിണറുകൾ മൂടുകയും കുഴൽവെള്ളം വ്യാപകമാക്കുകയും ചെയ്ത രീതി പുരോഗതിയായി ചരിത്രം വിലയിരുത്തും. എന്നാൽ അടച്ചും തുറന്നും നിയന്ത്രിക്കാൻ വെള്ളത്തിന്റെ മേഖലയിൽപ്പോലും തങ്ങൾ പ്രാപ്തരാണെന്ന സന്ദേശത്തെയാണ് അധീശശക്തികൾ

ഇതിലൂടെ ജനങ്ങൾക്ക് നൽകിയത്.

ആധുനികകാലത്ത് പ്രകൃതിയുമായുള്ള ബന്ധത്തിൽ മനുഷ്യനും, അവന്റെ വളർത്തുമൃഗങ്ങളും ഇതര ജീവജാലങ്ങളും അനുഭവിക്കേണ്ടിവരുന്ന നിയന്ത്രണങ്ങളെയാണ് "പൗണ്ടർപോത്തൻ" എന്ന കഥ ചിത്രീകരിക്കുന്നത്.

ഈ വ്യവസ്ഥയെയും അതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങളെയും ലളിതാംബികാ അന്തർജനവും സഗൗരവം പ്രതിപാദിച്ചിട്ടുണ്ട്. അന്തർജനത്തിന്റെ മാണിക്യൻ, ചുരന്ന മുല എന്നീ കഥകൾ ഈ ഗണത്തിൽപ്പെടുന്നവയാണ്. ഇവയിൽ ഏറെ ശ്രദ്ധേയമായ "ഓടക്കുഴലിന്റെ നാദം" എന്ന കഥയും കാരൂരിന്റെ "പൗണ്ടർ പോത്തൻ" എന്ന കഥയുമായി താരതമ്യം ചെയ്യുകയാണ്.

**പൗണ്ടർപോത്തൻ**

അലഞ്ഞുതിരിയുന്ന കന്നുകാലികളെ പിടിച്ചുകെട്ടി പിഴവാങ്ങുവാനുള്ള പദ്ധതി "കൃഷിക്കാർക്കുള്ള ഒരു അനുഗ്രഹമാണെ"ന്ന് സമൂഹത്തെ ബോധ്യപ്പെടുത്തിയാണ് അധികാരികൾ പൊതുപൗണ്ടുകൾ ആരംഭിച്ചത്.

"കണ്ടോരൊക്കെ പറയുന്നത് കേൾക്കാനല്ല, വഴീലലഞ്ഞു നടക്കുന്ന മൃഗങ്ങളെപ്പിടിച്ച് പൗണ്ടിൽ കെട്ടാനാണ്" പോത്തനെ മുനിസിപ്പാലിറ്റി നിയമിച്ചിട്ടുള്ളത്. പൊതുവഴിയിലേക്കിറങ്ങത്തക്ക നീളത്തിൽ ആടിനെ കെട്ടിയാൽ അതിനെ പിടിക്കാനുള്ള "അധികാരം" പോത്തനുണ്ട്. ഒരു ദിവസം ഒരെണ്ണത്തിനെയെങ്കിലും പിടിക്കാതിരുന്നാൽ വാങ്ങുന്ന ശമ്പളത്തിന് താൻ പണിയൊന്നും ചെയ്യുന്നില്ല എന്ന കുറ്റബോധം അയാളുടെ മനസ്സിൽ കടന്നുവരും. ആ പ്രതിഫലം കൊണ്ട് ജീവിക്കാൻ കഴിയുന്നതുകൊണ്ടല്ല ഒരു വ്യവസ്ഥയുമായി ബന്ധപ്പെട്ട അധികാരവും, നാട്ടിലൊരു സ്ഥാനവുമുണ്ട്

എന്നതിലാണ് അയാൾ സായൂജ്യം കണ്ടെത്തുന്നത്. പക്ഷേ, വലിയവരുടെ മൃഗങ്ങളെ പിടിക്കാൻ പോത്തന് പേടിയാണ്. അവ തന്റെ പിടിയിലൊതുങ്ങുന്നവയല്ല എന്ന് കൃത്യ നിർവഹണത്തിനിടയിൽ അയാൾ മനസ്സിലാക്കിയിട്ടുമുണ്ട്. അധികാര സ്ഥാനത്തിരിക്കു ന്നവന്റെ സഹജസ്വഭാവങ്ങളായ നിസ്സംഗത, നിർവ്വികാരത, മനസ്സാക്ഷിയില്ലായ്മ എന്നി വയിൽ പോത്തനും പരിശീലനം നേടി. സ്വന്തം വീട്ടിലെ ആടിനെത്തന്നെ ആലയിൽ കൊണ്ടുപോയി കെട്ടി അബദ്ധം പിണയുന്നിടത്ത് കഥ അവസാനിക്കുന്നു.

**ഓടക്കുഴലിന്റെ നാദം**

ഒരു ഡയറി ഫാമിലെ സങ്കരയിനത്തിൽപ്പെട്ട പശു മുഖ്യകഥാപാത്രമായി കടന്നു വരുന്ന ഈ കഥയിൽ ഇതേ വ്യവസ്ഥയുടെ കൂടുതൽ കൃത്യമായ ഒരു സ്വഭാവത്തെ അടയാളപ്പെടുത്തുന്നു. ഡയറിഫാമിന്റെ മാനേജർ സന്ദർശകർക്ക് അഭിമാനത്തോടെ കാണിച്ചുകൊടുക്കുന്ന X 402 എന്ന് വിളിപ്പേരുള്ള പശു ആ ഗോശാലയിലെ "ഏറ്റവും നല്ല പശു" വാണ്. ജഴ്സിയും സ്വിസ്സും ചേർത്തെടുത്ത ഇനത്തിൽ സിന്ധി കലർപ്പു ചേർന്ന ഉരു. ഏഴുമാസമായപ്പോൾ കുത്തിവെച്ചു. തുടർന്ന് തള്ളയും മകളും ഒരുമിച്ച് പെറ്റുവന്നു. ഇപ്പോൾ ഈ പശുവിന് അഞ്ച് വയസ്സ് പ്രായമുണ്ട്. "ചാട്ടുമാട്ടുകൾ" ഒന്നു മില്ലാത്ത, ചാട്ടയടിയുടെ ചൂടറിഞ്ഞിട്ടില്ലാത്ത ഇവൾ വിനീതവിധേയയായി പ്രതിദിനം പതിനാറുലിറ്റർ പാൽ കൊടുക്കുന്നു. എന്തോ കാരണത്താൽ ഉത്സാഹം കുറഞ്ഞ് ഇവൾ രോഗാതുരയായി മാറുന്നു. ഡോക്ടർമാർ വന്നു പരിശോധിക്കുകയും കൂടുതൽ നിരീ ക്ഷണത്തിനായി ഇവളെ ഗോശാലയിൽനിന്ന് മൃഗാശുപത്രിയിലേക്ക് മാറ്റുകയും ചെയ്യു ന്നു. ഇവിടെവെച്ച് ഇവളൊരു നാടൻ പശുവുമായി പരിചയപ്പെടുന്നു. ഇരുവരും തങ്ങ ളുടെ ആത്മഭാഷണങ്ങളിലൂടെ ഭൂതകാലത്തിലേക്ക് സഞ്ചരിക്കുന്നു.

ജന്തുസഹജമായ വാസനകളെപ്പോലും, ലാഭേച്ഛയിൽ മനുഷ്യൻ നിയന്ത്രിക്കുന്നത്

ഏതെല്ലാം പ്രകാരത്തിലാണ് എന്നാണ് ഇതിൽ കഥാകാരി വിശദീകരിക്കുന്നത്. X 402 എന്ന പശുവിന്റെ ജന്മംപോലും കൃത്രിമ ബീജസങ്കലനത്തിലൂടെയാണ്. ഇണയെക്കാണാൻപോലും കഴിയാത്ത കൃത്രിമമായ ജീവിതരീതികളെ അനുഭവിക്കുകയും അതിനോട് സമരസപ്പെടുകയുംചെയ്യുന്ന സാമൂഹ്യവ്യവസ്ഥയേയും അതിനുകാരണമായിത്തീരുന്ന അധികാരഘടനയേയും ആണ് ഈ കഥ ആഖ്യാനം ചെയ്യുന്നത്.

കാരൂരിന്റെ കഥയിലെ 'പൗണ്ടും' (കാലിത്തൊഴുത്ത്) അന്തർജ്ജനത്തിന്റെ കഥയിലെ ഡയറിഫാമും കേന്ദ്രീകൃതാധികാരത്തിന്റെ ചിഹ്നങ്ങളാണ്. മനുഷ്യനെപ്പോലെത്തന്നെ ഈ പ്രകൃതിയിൽ അവകാശമുള്ളവരാണ് ജന്തുജീവജാലങ്ങളെന്ന വ്യവസ്ഥ മാറ്റി ഭൂമി മനുഷ്യന്റെ സ്വകാര്യസ്വത്താണെന്ന ഈ പുതിയ സാമൂഹ്യവ്യവസ്ഥയുടെ ധാരണ മനുഷ്യപക്ഷത്തുനിന്ന് വിശകലനം ചെയ്യുകയാണ് രണ്ട് എഴുത്തുകാരും.

പൗണ്ടർപോത്തന്റെ ഭാര്യ നിത്യനിദാനത്തിനുള്ള വഴിയായിട്ടാണ് ആടിനെ വാങ്ങി വളർത്താൻ തീരുമാനിക്കുന്നത്. "ജീവനുള്ള ആ ജന്തു" പ്രകൃതി നിയമങ്ങൾക്കനുസരിച്ചേ ജീവിക്കൂ എന്ന് പോത്തന്റെ ഭാര്യയ്ക്കറിയാം. അറിഞ്ഞുകൊണ്ടല്ല പോത്തനും ആടിനെ പിടിച്ചുകൊണ്ടുപോകുന്നത്. ഉടമസ്ഥൻ വന്ന് പിഴയടച്ച് കൂട്ടിക്കൊണ്ടുപോകാത്ത ഒരാടിനെക്കുറിച്ച് കേട്ട് കൊണ്ടുവരാൻ ചെന്നപ്പോൾ മാത്രമാണ് ആ സ്ത്രീ സ്വന്തം ആടിനെപ്പോലും പോത്തൻ തിരിച്ചറിയാതെ പിടിച്ചുകെട്ടിയ കാര്യം അറിയുന്നത്.

"ഓടക്കുഴലിന്റെ നാദ" ത്തിൽ നാടൻ പശുവും ഈ മനോഭാവത്തെയാണ് പ്രകടമാക്കുന്നത്. സമൂഹത്തിൽ നിലനില്ക്കുന്ന അധികാര ഘടനയുടേയും സ്ഥാപനങ്ങളുടേയും നിരന്തരമായ വേട്ടയാടലിന് നിസ്സഹായനായ മനുഷ്യൻ വിധേയനാകുന്നു എന്നുള്ളതാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഭൂതകാലത്തിന്റെ ഗഹനതയിൽനിന്നും തന്റെ

മനസ്സിൽ പതിഞ്ഞിട്ടുള്ള ഓർമ്മകളെല്ലാം അവൾ ആ സങ്കരയിനം പശുവിന് പറഞ്ഞു കൊടുക്കുന്നു. ഇത് പശുക്കളുടെ മാത്രം സ്ഥിതിയല്ല, മനുഷ്യസമുദായത്തിന്റെകൂടി സ്ഥിതിയാണെന്ന് കഥാകാരി നമ്മെ ഓർമ്മിപ്പിക്കുന്നു. കഥ നടക്കുന്ന കാലം, സ്ഥലം എന്നിവ ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കുള്ള നടവഴിയിൽ ഒരിടത്തുവെച്ചാണ് എന്ന് കഥാകാരി വ്യക്തമാക്കിയിട്ടുണ്ട്. "ആർക്കറിയാം മക്കളേ, പാവം മനുഷ്യർ. അവരും നമ്മെപ്പോലെ ദുഃഖിതരാണ്. നമ്മിൽ പരീക്ഷിച്ചുനോക്കി വിജയിച്ചു എന്ന് വിചാരിക്കുന്ന വിദ്യകളൊക്കെ തങ്ങളിലും ഏർപ്പെടുത്തി കൃതാർത്ഥരാവുകയാണ് അവർ. കൃത്രിമത്വത്തിന്റെ ചുവ അവസാനം അവരേയും അസ്വസ്ഥരാക്കാതിരിക്കില്ലല്ലോ. പ്രകൃതിയുടെ വിളി അത്ര ശക്തമാണ് കുഞ്ഞേ. അത് മനസ്സിലാക്കുമ്പോൾ ...... അന്ന് ഒരു പക്ഷേ അവർ നമ്മേയും സ്വതന്ത്രരാക്കിയേക്കാം." ഭൂതകാലത്തിന്റെ സ്വാസ്ഥ്യവും, വർത്തമാന കാലത്തിന്റെ അസ്വാസ്ഥ്യവും, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും വിശേഷ ബുദ്ധിയില്ലാത്ത രണ്ട് ജന്തുക്കളുടെ ചിന്തയിലൂടെ അന്യാപദേശരൂപേണ അവതരിപ്പിക്കുന്നു.

കാരൂരിൽ നിന്ന് വ്യത്യസ്തമായി സ്ത്രീപക്ഷ ചിന്താധാരയിലൂടെയാണ് ലളിതാംബികാ അന്തർജ്ജനത്തിന്റെ കഥയിൽ ആഖ്യാനം നിർവ്വഹിക്കപ്പെടുന്നത്. ലാഭേച്ഛ മൂത്ത മനുഷ്യൻ/ത്യജിക്കാൻ തയ്യാറാകുന്ന മനുഷ്യൻ, സ്വകാര്യസ്വത്ത്/പൊതുസ്വത്ത്, തടവറ/സ്വാതന്ത്ര്യം തുടങ്ങിയ ദ്വന്ദങ്ങൾ മൂല്യവ്യവസ്ഥയുടെ രണ്ടു മുഖങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

ഇടയ/ഗോത്രജീവിതാനുഭവങ്ങളിൽനിന്നും രൂപംകൊണ്ട പ്രകൃതി സങ്കല്പങ്ങൾ അടിസ്ഥാനമാറ്റങ്ങൾക്ക് വിധേയമാകുന്നത് മദ്ധ്യകാലഘട്ടത്തിലാണ്. ഈ മാറ്റത്തിന് പ്രേരണ നൽകുന്നത് ക്രൈസ്തവ യുക്തിബോധമാണ്. മനുഷ്യന് പ്രപഞ്ചത്തോടും പ്രകൃതിയോടുമുള്ള ബന്ധം കൈകാര്യകർതൃത്വത്തിന്റേതാണെന്ന് നവോത്ഥാനകാലമ

തവക്താക്കൾ പ്രചരിപ്പിച്ചു. പ്രകൃതിയെ ആരാധിക്കാനല്ല കീഴ്പ്പെടുത്തുവാനും സംരക്ഷിക്കുവാനുമാണ് മനുഷ്യന്റെ നിയോഗമെന്ന് ഈ കാലഘട്ടം കരുതി. ആധുനിക ശാസ്ത്രബോധം ഈ ചിന്തയ്ക്ക് വേഗത വർദ്ധിപ്പിച്ചു. ആർത്തി പെരുത്ത ലോകം ഈ ആശയത്തെ സസന്തോഷം സ്വീകരിച്ചു. മനുഷ്യനും പ്രകൃതിയും തമ്മിൽ ആത്മബന്ധത്തിലുള്ള അകൽച്ചയും ചൂഷണത്തിലുള്ള അടുപ്പവും സ്ഥിരപ്പെടുത്തുന്നതിനായി പുതിയ മൂല്യവ്യവസ്ഥ ശ്രദ്ധിച്ചു.

കാരൂർ നീലകണ്ഠപിള്ളയുടെ പൗണ്ടർപോത്തൻ എന്ന കഥയും അന്തർജനത്തിന്റെ ഓടക്കുഴലിന്റെ നാദം എന്ന കഥയും മനുഷ്യൻ, പ്രകൃതി, പ്രപഞ്ചത്തിന്റെ ഇതര ജീവജാലങ്ങൾ എന്നിവയിലെല്ലാം നവോത്ഥാന ലോകക്രമം സൃഷ്ടിച്ച പുതുബോധങ്ങളെ വിമർശനരീതിയിൽ അവതരിപ്പിക്കുന്നു.

ഈ കഥകളിലെ മുഖ്യസാന്നിദ്ധ്യം മൃഗങ്ങളുടേതാണ്. മനുഷ്യജീവിതത്തിന്റെ വ്യത്യസ്തഘട്ടങ്ങളിൽ വിവിധരൂപങ്ങളിൽ കടന്നുവന്നവയാണ് ഈ മൃഗങ്ങൾ. ഇടയജീവിതത്തിൽ ആട് പ്രധാന തോഴനായിരുന്നു. ഭാരതീയസംസ്കാരത്തിൽ അഗ്നിദേവന്റെ പ്രതിനിധിയാണ് ആട്. പ്രാചീന ഗ്രീക്ക് മിഥോളജിയിലെ 'പാൻ' തുടങ്ങിയ ദേവന്മാർക്ക് ആടിന്റെ രൂപമുണ്ട്. പൗരസ്ത്യ പ്രദേശത്ത് പെണ്ണാട് മിന്നലിന്റേയും വെളിച്ചത്തിന്റേയും ദേവതാസ്വരൂപമാണ്. ആടിന്റെ രോമങ്ങളിൽ പ്രാചീന റോമക്കാർ ദിവ്യത സങ്കല്പിച്ചിരുന്നു. ക്രമേണ ആടുകൾ സംസ്കാരത്തിന്റെ മാന്യസ്ഥാനങ്ങളിൽനിന്ന് നിഷ്കാസിതരായി. 'ഇടയനാൽ' നയിക്കപ്പെടാൻ വിധിക്കപ്പെട്ട വിശേഷബുദ്ധിയില്ലാത്തവരുടെ ഗണത്തിലേക്ക് ആട് തരംതാഴ്ത്തപ്പെട്ടു. വിശപ്പിന്റെ സ്ഥാനത്ത് ചെന്നായയെ പ്രതിഷ്ഠിച്ച് 'ഇര'യായി തീരുന്ന ആട്ടിൻകുട്ടി എന്ന സങ്കല്പം ഉയർന്നുവന്നു. ക്രിസ്തുവിന്റെ കുരിശാരോഹണത്തിലും ഉയിർപ്പിലും ആട്ടിൻകുട്ടി പ്രതീകമായി പ്രത്യക്ഷപ്പെടു

ന്നു. കാർഷികാനുഷ്ഠാനങ്ങളിലും ഉർവരതാസങ്കല്പങ്ങളിലും ആട് ബലിമൃഗമാണ്. നിരവധി കുഞ്ഞുങ്ങളുമായി ജീവിതപരിസരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പെണ്ണാട് മാതൃ സാന്നിദ്ധ്യമായി നമുക്ക് അനുഭവപ്പെടുന്നു. മാതൃത്വത്തിന്റെ നിഷ്കളങ്കവും നിസ്സഹാ യവും സ്നേഹനിർഭരവുമായ സാന്നിദ്ധ്യത്തെ പെണ്ണാട് ഓർമ്മിപ്പിക്കുന്നു.

ഈ ആടാണ്, നിറവയറുമായി മനുഷ്യാധികാരം നിർമ്മിച്ച പൗണ്ടിൽ തടവുകാ രിയാകുന്നത്. അധികാരഘടനയുടെ നിർവികാരതയുടെ പ്രതിനിധിയാണ് പോത്തൻ. നീതി നടപ്പാക്കലാണ് തന്റെ കടമ എന്ന് ഉറച്ചു വിശ്വസിക്കുന്ന ഈ മുനിസിപ്പാലിറ്റി ജീവനക്കാരൻ വിളവ്, വേലി, സ്വകാര്യലോകം, പൊതുലോകം എന്നിവയുടെയെല്ലാം വ്യാഖ്യാതാവാണ്.

എന്നാൽ പൊതുസമൂഹം ഈ ഘടനയുമായി പൊരുത്തപ്പെടാൻ വൈമനസ്യം കാണിക്കുന്നു. പോത്തനോടും പൗണ്ടിനോടും അവർക്കുള്ള വിരോധം പരസ്യമായി പ്രകടിപ്പിക്കുന്നുമില്ല. നിസ്സഹായയായ ആടിനോടു കാണിക്കുന്ന വാശി കൊമ്പു കുലു ക്കുന്ന കാളയോട് കാണിക്കാൻ പോത്തന് ധൈര്യമില്ല. അധികാരം ആരെ ഭയപ്പെടുന്നു എന്ന ചോദ്യവും ഈ കഥ ഉന്നയിക്കുന്നു.

ഭാരതീയ പാരമ്പര്യത്തിൽ 'പശു' എന്നും ദേവതാതുല്യമായി പരിഗണിക്കപ്പെട്ട മൃഗമാണ്. മൃഗപരിപാലന സംസ്കാരം ഇന്ത്യൻ സാംസ്കാരിക ചരിത്രത്തിലെ പ്രധാ നപ്പെട്ട മേഖലകളിലൊന്നാണ്. മാതൃബിംബമായാണ് പശു എക്കാലവും പരിഗണിക്ക പ്പെടുന്നത്. സുരഭി, നന്ദിനി, കാമധേനു എന്നീ ഗോനാമങ്ങൾ പുരാണപ്രസിദ്ധമാണ്. ഭാരതത്തിലാകെ സ്വാധീനം ചെലുത്തിയ കൃഷ്ണസങ്കല്പത്തിലും പശു കേന്ദ്രസ്ഥാന ത്തുനിൽക്കുന്നു. ശ്രീരാമനുൾപ്പെടുന്ന രഘുവംശത്തിന്റെ ചരിത്രത്തിലും പശുവിന് നിർണ്ണായകസ്ഥാനമുണ്ട്. മേഘങ്ങൾ മഴ വർഷിക്കുന്നതിനെ ഗോക്കൾ പാലുതരുന്ന

തായി പ്രാചീനഭാരതം കണക്കാക്കിയിരുന്നു. കാള കരുത്തിന്റെയും പൗരുഷത്തിന്റെയും പ്രതീകമായി സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു. വിത്തുകാള എന്ന സങ്കല്പം കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. കൃഷിയിലും സാമൂഹികജീവിതത്തിലും മനുഷ്യന്റെ സഖ്യശക്തിയായി വർത്തിച്ച ഈ വളർത്തുമൃഗം ആധുനിക മുതലാളിത്ത സംസ്കൃതിയിൽ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ മാതൃപക്ഷത്തുനിന്നാണ് അന്തർജനം അവതരിപ്പിക്കുന്നത്. താരതമ്യപഠനത്തിലൂടെ ഇനി പറയുന്ന നിഗമനങ്ങളിലെത്താം.

* അധികാരഘടനയോട് പൊരുത്തപ്പെടാൻ മനുഷ്യൻ അനുഭവിക്കുന്ന പ്രയാസങ്ങളാണ് രണ്ട് കഥകളും ചർച്ചചെയ്യുന്നത്.

* ഒരു അധികാരഘടനയാണ് ആ സാമൂഹികക്രമത്തിന്റെ താളവും ലയവും നിശ്ചയിക്കുന്നത്. ഇത് നിലനിർത്തുന്നതിന് അതെപ്പോഴും ജാഗ്രത കാണിക്കുന്നു.

* ഉദാത്തമായ ഒരു അവസ്ഥയാണ് സ്വാതന്ത്ര്യം എന്ന് അന്യാപദേശരൂപേണ ഈ കഥകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

* സ്വന്തം ഭാഗധേയം ഇച്ഛയ്ക്കനുസരിച്ച് നിർണ്ണയിക്കാനും അതിനനുസരിച്ച് ജീവിക്കാനുമുള്ള അവസ്ഥയാണ് സ്വാതന്ത്ര്യം.

* ഒരു നല്ല സാമൂഹിക്രമത്തിന്റെ പരമമായ ലക്ഷ്യം വ്യക്തിസ്വാതന്ത്ര്യമാണ്. അത് ഏതെങ്കിലും ഒരു വ്യവസ്ഥ നൽകുന്ന ആനുകൂല്യമാണോ, മനുഷ്യന്റെ അവകാശമാണോ എന്ന ചിന്ത മനുഷ്യമനസ്സിൽ ഉയർത്താനാണ് കഥകൾ ശ്രമിക്കുന്നത്.

* ഒരു സമൂഹം ആരാധ്യസ്ഥാനത്ത് പ്രതിഷ്ഠിച്ച് ആദരിച്ചിരുന്ന വിശ്വാസപ്രമാണങ്ങൾ മറ്റൊരു സാമൂഹ്യവ്യവസ്ഥ കടന്നുവരുമ്പോൾ അതിന്റെ ലക്ഷ്യങ്ങളെ

മുൻനിർത്തി പുനഃക്രമീകരിക്കപ്പെടുന്നു.

* ഒരാളുടെ വ്യക്തിനാമംപോലും ആ അധികാരഘടനയുടെ സൂചകമാകുന്നു. 'പോത്തൻ' എന്ന ആരോഗ്യമില്ലാത്ത മനുഷ്യനല്ല 'പൗണ്ടർ' എന്ന അധികാരസങ്കല്പ മാണ് വായനക്കാരന്റെ മനസ്സിൽ അവശേഷിക്കുന്നത്.

* 'മനുഷ്യരാശിയുടെ വിമോചകൻ' എന്ന് കരുതപ്പെടുന്ന ക്രിസ്തു ജനിച്ച കാലി ത്തൊഴുത്ത് തടവറയായി മാറുന്നു എന്ന വൈരുദ്ധ്യം കഥ ബോദ്ധ്യപ്പെടുത്തുന്നു.

* തടവറകളുടെ ഭിന്നരൂപങ്ങൾ ഭിന്നതലങ്ങളിൽ കഥയിൽ പ്രത്യക്ഷപ്പെടുന്നു. പെണ്ണ് അനുഭവിക്കുന്ന തടവിന്റെ കാഠിന്യം കഥകൾ വേർതിരിച്ച് കാണിച്ചുതരുന്നു.

* ദേശീയ ഡയറിഫാമിലെ 402-ാം നമ്പർ പശു, ഫാം സന്ദർശിക്കാൻ എത്തുന്ന ആൾക്കാർ, ടീറ്റ് കപ്പ്, 'ചിലപ്പോൾ സമയത്തിന്റെ കൃത്യത തെറ്റിയാൽ കുറച്ചു നിറംമാറി യതുകൂടി' തുടങ്ങിയ പ്രയോഗങ്ങളിലൂടെ ആധുനികകാലത്തെയും ആധുനികമനു ഷ്യനെയും യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കുന്നതിന് ലളിതാംബിക ശ്രദ്ധി ക്കുന്നു.

* ജനസംഖ്യാ നിയന്ത്രണം, ക്ലോണിംഗ്, നിർബന്ധിത വന്ധ്യംകരണം, കൃത്രിമജനു സ്സുകളെ ഉൽപ്പാദിപ്പിക്കൽ എന്നിവയാൽ മനുഷ്യസമൂഹം ജനനത്തിനു മുമ്പുതന്നെ അധികാരഘടനയാൽ നിയന്ത്രിക്കപ്പെടുന്നു എന്ന അവസ്ഥ ഇരുകഥകളും മനസ്സിലാ ക്കിത്തരുന്നു.

**ഒടുവിലത്തെ മകൻ/അവിവാഹിത**

ശാസ്ത്രബോധം മനുഷ്യനിൽ ആത്മവിശ്വാസം വളർത്താൻ പര്യാപ്തമായോ എന്ന

കാര്യം തർക്കവിഷയമാണ്. ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ശാസ്ത്രം വളർത്തിയ അവബോധങ്ങൾ ആശാസ്യമാണോ എന്ന അന്വേഷണം ഇന്നും തുടരുകയാണ്. ആധുനിക അലോപ്പതിയുടെ കടന്നുവരവോടെ ഒരുവ്യവസ്ഥയിൽനിലനിന്നിരുന്ന രോഗത്തെക്കുറിച്ചും ശമനത്തെക്കുറിച്ചുമുള്ള ധാരണകൾ തിരുത്തിയെഴുതപ്പെട്ടു എന്നതാണ് തിരുവിതാംകൂറിന്റെ ചരിത്രം. പുതിയ ധർമ്മാശുപത്രികൾ സ്ഥാപിച്ച് ആധുനിക വൈദ്യശാസ്ത്രം ജനങ്ങളെ സമീപിപ്പിച്ചതോടെ രോഗത്തേയും ചികിത്സയേയും കുറിച്ചുള്ള പരസ്പരാശ്രിതമായ സമഗ്രധാരണകൾ അപ്രത്യക്ഷമാകാൻ ആരംഭിച്ചു. ദാരിദ്ര്യവും രോഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കാതായി. തിരക്കേറിയ ലോകത്തിൽ ചര്യയും പഥ്യവുമെല്ലാം അപ്രസക്തമായി. വ്യക്തിരോഗങ്ങൾ ദോഷവൈഷമ്യം ബാധിച്ച സ്ഥലകാലങ്ങളുടെ പ്രതിഫലനമാണെന്ന പരമ്പരാഗതധാരണ നഷ്ടപ്പെട്ടു. സദ്വൃത്തി, സദാചാരം മുതലായവ രോഗത്തെ അകറ്റാൻ സഹായിക്കുമെന്ന് ആരും ഉപദേശിക്കാനില്ലാതായി. ആത്മവിശ്വാസംകൊണ്ട് രോഗത്തെ നേരിടുന്ന പഴയ കാലവും ആധുനികചികിത്സയെ മുന്നോട്ടുവെക്കുന്ന പുതിയ കാലവും നവോത്ഥാനകാല കഥകളിലെ പ്രധാന പ്രമേയമായിരുന്നു. സാധാരണവും നൈസർഗ്ഗികവുമായ പ്രസവം പോലും ആധുനിക വൈദ്യശാസ്ത്രത്തിൽ ചികിത്സയും മരുന്നും ആവശ്യമുള്ള അവസ്ഥയായി പരിഗണിക്കപ്പെട്ടു.

നാടൻ വയറ്റാട്ടിമാർ ഡോക്ടർക്കും മിഡ്‌വൈഫിനും വഴിമാറികൊടുക്കേണ്ടിവന്നു. സ്ത്രീത്വം, പ്രസവം, പരിചരണം, മാതൃത്വം, പിറന്ന കുഞ്ഞിന്റെ മനോഭാവം എന്നിവയിലെല്ലാം ധാരണകൾ മാറാനാരംഭിച്ചു. മാറുന്ന സാമൂഹികാന്തരീക്ഷവും മാതൃത്വത്തിന്റെ ഭിന്നമുഖങ്ങളും കാരൂരിന്റെ കഥകളിലും അന്തർജനത്തിന്റെ കഥകളിലും ചിത്രീകരിച്ചുവെച്ചിട്ടുണ്ട്. കാരൂരിന്റെ അമ്മ, ഭൃത്യൻ, മകൻ, വേലക്കാരി, അച്ഛന്റെ കുട, ഒടുവിലത്തെ മകൻ മുതലായ കഥകൾ ഈ വിഭാഗത്തിൽ പെടുന്നവയാണ്. അന്തർജനത്തിന്റെ

കഥകളിൽ സ്ത്രീത്വത്തിന്റെ ഭിന്നമുഖങ്ങൾ ധാരാളമുണ്ട്. യാത്രാവസാനം, മൂടുപടത്തിൽ, വിവാഹമുഹൂർത്തം, പ്രതികാരദേവത, പ്രതീക്ഷകൾ മുതലായ കഥകൾ സ്ത്രീത്വത്തിന്റെ വിഷമാവസ്ഥകളെ പ്രതിനിധാനം ചെയ്യുന്നവയാണ്. അന്തർജനത്തിന്റെ അവിവാഹിത എന്ന കഥ, കാഴ്ചപ്പാടിലും ആഖ്യാനത്തിലും മറ്റു കഥകളിൽനിന്നും വേറിട്ടുനിൽക്കുന്നു. കാരൂരിന്റെ ഒടുവിലത്തെ മകൻ എന്ന കഥയും അന്തർജനത്തിന്റെ അവിവാഹിത എന്ന കഥയും താരതമ്യം ചെയ്യുന്നതിലൂടെ ആധുനിക ശാസ്ത്രബോധത്തിന്റെ സ്വാധീനത്തിന് കീഴ്പ്പെടേണ്ടിവന്ന സ്ത്രീത്വത്തിന്റെ ഭിന്നതലങ്ങളെ അടുത്തുനിർത്തി പരിശോധിക്കുന്നു.

നാടൻവയറ്റാട്ടിയായ നങ്ങേലി അമ്മൂമ്മയാണ് ഒടുവിലത്തെ മകൻ എന്ന കഥയിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത്. നാട്ടിലെ മിക്ക പ്രസവങ്ങൾക്കും കാർമ്മികത്വം വഹിച്ചത് ഈ അമ്മൂമ്മയാണ്. താൻ പേറെടുത്ത മക്കളെല്ലാം തന്റെ മക്കളാണെന്ന് കരുതുന്ന മഹാമാതൃത്വത്തിന് ഉടമയാണ് ഇവർ. നങ്ങേലി അമ്മൂമ്മ തന്റെ പ്രസവത്തിന്റെ അനുഭവത്തിൽനിന്നാണ് വയറ്റാട്ടിയുടെ തൊഴിലിലേക്ക് പ്രവേശിച്ചത്. നങ്ങേലി അമ്മൂമ്മ ഒന്നു പ്രസവിച്ചതാണ്. രണ്ടുനാഴിക തികച്ച് ആ കുട്ടി ഭൂമിയിൽ കിടന്നില്ല. ഈശ്വരവിധിയെന്നും ഭാഗ്യദോഷമെന്നും എല്ലാവരും പറഞ്ഞെങ്കിലും ശിശുമരിച്ചതു പതിച്ചിയുടെ നോട്ടക്കുറവുകൊണ്ടാണെന്ന് നങ്ങേലിക്കു തോന്നി. തുടർന്ന് നിരന്തരസാധനയിലൂടെ അവർ പതിച്ചിയുടെ ജോലി പഠിച്ചെടുത്തു. മനസ്സുംശരീരവും ശുദ്ധമായി സൂക്ഷിച്ച് ജീവൻ ജീവനിൽനിന്നു വിട്ടുപോരുന്ന നിരവധി സദ്മുഹൂർത്തങ്ങൾക്ക് സഹായിയായി. ജനനത്തിന് ജാതിമതഭേദമില്ല. ചിറയിലെ മാടത്തിലെ, തിരുമയുടെ പേറെടുത്തത് ആർക്കും പിടിച്ചില്ല. അയിത്തക്കാരിയുടെ പേറെടുത്തതിൽ തന്റെ വീട്ടുകാർ പോലും അമർഷംകൊണ്ടു. നങ്ങേലി അതൊന്നും കണക്കിലെടുത്തില്ല. ഏതായാലും ആക്ഷേപം കേട്ടു. എന്നാൽപിന്നെ മുഴുവനായിക്കൊള്ളട്ടെ. തിരുമയെ വേതു കുളിപ്പിക്കാനും അവർ

പോയി. ഇതോടെ സമൂഹം അവരെ അകറ്റി. അതോടെ അവർക്കും ആത്മബലം പോയി. നാട്ടിലാകട്ടെ ആശുപത്രികളും വന്നു. നാട്ടുവയറ്റാട്ടി അപ്രസക്തയായി മാറി. അന്ന് എല്ലാവരുടെയും അപ്രിയത്തിനു കാരണമായ ആ പ്രസവശുശ്രൂഷയിലൂടെ ലോകംകണ്ട രാമചന്ദ്രൻ, 'വലുതായി', 'പഠിപ്പുള്ളവനായി' മാറി, സർക്കാർ ഉദ്യോഗം കിട്ടി. ആ സന്തോഷം തന്നോട് പങ്കുവയ്ക്കാൻ ആ മകൻ വരുമെന്ന് നങ്ങേലി കരുതി, ഏറെ കാത്തു. മകൻ വന്നില്ല. അവന് ഗുരുത്തക്കേട് ഉണ്ടാകരുതെന്ന് കരുതി ആ അമ്മ അവനെ തേടിച്ചെന്നു. അപ്പോൾ അവൻ തമ്പുരാൻ പടിക്കൽ യാത്രപറയാൻ പോയിരിക്കുകയായിരുന്നു. പിറ്റേദിവസം കാലത്ത് ജോലിക്ക് പോകുവാൻ നാലഞ്ചുരൂപ കടം ചോദിക്കാൻ കൂടിയാണ് അയാൾ തമ്പുരാൻപടിക്കലേക്ക് പോയത്. താൻ പേറെടുക്കാൻ വന്നതിന് വലിയ ആക്ഷേപം പറഞ്ഞ പടിക്കൽകാരെ അയാൾ ഗൗനിച്ചു. കാരണം അവരുടെ കുടികിടപ്പിലാണ് അവൻ കഴിയുന്നത്. നങ്ങേലിക്ക് പരാതിയൊന്നുമില്ല. "എന്റെ അവസാനത്തെ മകനാണവൻ. നാളെ പോകാൻ കാശുതെകഞ്ഞില്ലെങ്കിൽ അങ്ങോട്ടുവരാൻ പറ അവനോട്" എന്ന് ആ ശുദ്ധാത്മാവ് പറഞ്ഞേല്പിച്ചു. കുഞ്ഞാമൻ എന്ന രാമചന്ദ്രൻ നങ്ങേലി അമ്മൂമ്മയെ കാണാൻ അന്നും അടുത്ത ദിവസങ്ങളിലും ഒരിക്കലും ചെന്നില്ല. എന്തിനെന്ന് അവർക്കുകൂടി അറിയാത്ത ഒരു വേദന അവർ അനുഭവിച്ചുകൊണ്ടിരുന്നു. രാമചന്ദ്രന് ഉദ്യോഗം ലഭിച്ചിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. എല്ലാതരം ബന്ധങ്ങളും അവൻ മുറിച്ചുകളഞ്ഞു. ഇപ്പോൾ അവൻ ഒരു നായർപെണ്ണിനെ രജിസ്റ്റർ വിവാഹം കഴിച്ച്, അന്ന് ജാത്യാചാരത്തിന്റെ ആക്ഷേപം പറഞ്ഞവരിൽനിന്ന് നങ്ങേലി അമ്മൂമ്മയെ മോചിപ്പിച്ചിരിക്കുന്നു. അതിലഭിനന്ദിക്കാനും അമ്മൂമ്മ ചെന്നു. രാമചന്ദ്രൻ അവരെ കാണാൻ ചെന്നതേയില്ല.

അന്തർജനത്തിന്റെ അവിവാഹിത എന്ന കഥ ചെറുപ്പക്കാരിയായ ലേഡി ഡോക്ടറുടേതാണ്. ഡോക്ടറായി ജോലിയിൽ പ്രവേശിച്ച് അവർ ആദ്യം കൈകാര്യം ചെയ്തത്

ഒരു പ്രസവക്കേസാണ്. വേദന തുടങ്ങി നാലഞ്ചുദിവസം കഴിഞ്ഞാണ് ഗർഭിണി ഡോക്ടറുടെ അടുത്തെത്തുന്നത്. നാട്ടുപതിച്ചികളുടെ നഖക്ഷതങ്ങൾ വീണ അവളുടെ ശരീരവും മനസ്സും ഒരുപോലെ ക്ഷീണിതമായിരുന്നു. ലേഡി ഡോക്ടർക്ക് പ്രസവമെടുത്ത പരിചയം കുറവാണ്. അവർ ആവതും ശ്രമിച്ചു. അവസാനം ശസ്ത്രക്രിയയിലൂടെ കുഞ്ഞിനെയും തള്ളയെയും വേർപ്പെടുത്തി. കുഞ്ഞിന്റെ ജീവൻ നഷ്ടപ്പെട്ടുവെങ്കിലും തള്ള രക്ഷപ്പെട്ടു. പക്ഷെ ആ സംഭവം ആ യുവഡോക്ടറെ വല്ലാതെ ബാധിച്ചു. ഗർഭവും പ്രസവവും വരുത്തുന്ന വിനകളെ അവർ ഭയപ്പെട്ടു. ഇത്തരം വേദനാത്മകമായ ഒരു ജീവിതം വരിക്കാൻ താൻ തയ്യാറല്ല എന്ന് അവർ പ്രതിജ്ഞയെടുത്തു. പിന്നേയും നിരവധി പ്രസവങ്ങൾ അവരുടെ സാന്നിദ്ധ്യത്തിൽ നടന്നു. ഓരോ അമ്മമാരെയും അവർ ഉപദേശിച്ചത്: “ഇനി പ്രസവിക്കരുത് കേട്ടോ. എന്തിനാ ഈ ആരോഗ്യവും യൗവ്വനവും സ്വയം നശിപ്പിക്കുന്നത്” എന്നാണ്. പലരും അവർക്ക് വിവാഹമാലോചിച്ചു. പ്രസവത്തെ ഭയന്ന് അവർ അതെല്ലാം നിരസിച്ചു. ഒരിക്കൽ ഒരു യുവതി ആശുപത്രിയിലെത്തി. പ്രസവത്തിനുശേഷം അവർ പനി ബാധിച്ചു മരിച്ചു. വിജാതീയനെ സ്നേഹിച്ച് വിവാഹം കഴിച്ച അവൾ കുടുംബത്തിൽനിന്നും തിരസ്കൃതയായിരുന്നു. അവളുടെ ഭർത്താവാകട്ടെ ജീവിതമാർഗ്ഗം തേടി പട്ടാളക്കാരനായി മാറി യുദ്ധമുന്നണിയിൽ എത്തിപ്പെട്ടവനാണ്. ഇപ്പോൾ അയാളെപ്പറ്റി വിവരമൊന്നുമില്ല. ഈ അവസ്ഥയിൽ ആ അനാഥകുഞ്ഞിനെ സംരക്ഷിക്കാൻ ഡോക്ടർ നിർബന്ധിതയായി. കുഞ്ഞിന്റെ സാന്നിദ്ധ്യം ആ വനിതാ ഡോക്ടറുടെ മാതൃബോധം വളർത്തുന്നതും ക്രമേണ അവരുടെ ആത്മബന്ധം വർദ്ധിക്കുന്നതും പിന്നീട് യുദ്ധമുന്നണിയിൽനിന്ന് തിരിച്ചുവന്ന കുട്ടിയുടെ അച്ഛൻ കുഞ്ഞിനെ തേടിയെത്തുന്നതുമാണ് കഥയിലെ പ്രതിപാദ്യം. അച്ഛന്റെ കൂടെ പോയ കുഞ്ഞിനെ നഷ്ടപ്പെടുന്നതിലൂടെ അവളുടെ മാതൃഹൃദയം സജീവമാവുകയും കുഞ്ഞിനുവേണ്ടി ജോലി രാജിവെച്ച് പട്ടാളക്കാരന്റെ ഭാര്യയായി തീരുന്നിടത്ത് കഥ അവസാനിക്കുകയും

ചെയ്യുന്നു.

ഇരു കഥകളിലും മാതൃത്വമാണ് നിറഞ്ഞുനിൽക്കുന്നത്. രണ്ട് കഥാപാത്രങ്ങളും പ്രസവിച്ച് അമ്മയാകുന്നവരല്ല. പേറെടുത്ത് അമ്മയാകുന്നവരാണ്. പ്രസവിക്കുന്ന അമ്മ മാർക്കുവേണ്ടി ജീവിതം മാറ്റിവെച്ച രണ്ട് സ്ത്രീകളിലൂടെ, മാറുന്ന കാലത്തിന്റെ ശാസ്ത്ര യുക്തികൾ വിമർശനവിധേയമാകുന്നു.

കാരൂർ നാടൻവയറ്റാട്ടിയുടെ യുക്തിബോധത്തിൽനിന്നാണ് മാതൃപുത്രബന്ധം മുതൽ രോഗചികിത്സവരെയുള്ള മുഴുവൻ കാര്യങ്ങളും വിലയിരുത്തുന്നത്. എത്ര കുഞ്ഞു ങ്ങളുണ്ടാകുന്നുവോ അത്രയുംനല്ലത് എന്ന് അവർവിശ്വസിക്കുന്നു. സ്നേഹത്തെ തിരിച്ചു പ്രതീക്ഷിക്കുന്ന അമ്മയുടെ മനസ്സിനെയും ഒന്നിനോടും മമതയില്ലാത്ത – വാങ്ങിയതി നെക്കുറിച്ച് ബോധമോ തിരിച്ചുകൊടുക്കാനുള്ള ബാദ്ധ്യതയോ ഇല്ലാത്ത – അഭ്യസ്ത വിദ്യന്റെ മനോഭാവത്തെയും നാം കാണുന്നു.

ആധുനിക വിദ്യാഭ്യാസം കിട്ടിയ ലേഡി ഡോക്ടറാകട്ടെ ഗർഭപാത്രം അടച്ചുപൂട്ടി പ്രസവവേദനയിൽനിന്നും പ്രസവദുരിതങ്ങളിൽനിന്നും രക്ഷപ്പെടാമെന്ന് വ്യാമോഹി ക്കുന്നു. സ്വയംവരിക്കുന്ന ഈ അനപത്യത പ്രകൃതി നിയമങ്ങൾക്ക് വിരുദ്ധമാണെന്ന് അവർ മനസ്സിലാക്കുന്നത് വൈകിയാണെന്നുമാത്രം.

സൂക്ഷ്മതലത്തിലുള്ള അന്വേഷണത്തിൽ പ്രസക്തമായ മറ്റൊരു നിഗമനത്തിൽ കൂടി എത്തിച്ചേരാൻ കഴിയുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകൾ അനുഭവിക്കു കയും അനുഭവിപ്പിക്കുകയും ചെയ്യുന്ന അതേ തീവ്രതയിൽ കൈകാര്യം ചെയ്യുന്നതിന് നവോത്ഥാന കഥാകാരനുള്ള കഴിവ് കാരൂർ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഏതൊരു വ്യവസ്ഥയിലും മൂല്യസങ്കല്പത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന ചില ഘടകങ്ങ ളുണ്ടെന്നും അവയിലൊന്ന് മാതൃത്വമാണെന്നും ഈ കഥകൾ നമ്മെ ബോദ്ധ്യപ്പെടു

ത്തുന്നു.

കഥകളുടെ സൂക്ഷ്മതാരതമ്യം പ്രസക്തമാകുന്നത് പ്രത്യക്ഷത്തിൽ പ്രകടമാകാത്ത ചില സവിശേഷതകൾ കണ്ടെത്തുന്നിടത്താണ്.

* നന്ദികെട്ടവരുടെ ലോകം എന്നതാണ് പുതിയ സാമൂഹികക്രമത്തെ കുറിച്ചുള്ള പ്രത്യക്ഷമായ വിലയിരുത്തൽ എന്നു കരുതാം. എന്നാൽ നങ്ങേലി അമ്മൂമ്മ ആഗ്രഹിക്കുന്ന പ്രത്യുപകാരം സ്നേഹം മാത്രമാണ്. ഭാഗ്യനിർഭാഗ്യങ്ങളെക്കുറിച്ചുള്ള ബോധം അവരുടെ "പരിമിതമായ ലോകത്ത്" ഒതുങ്ങിനിൽക്കുന്നതാണ്. അമ്മ മകനോട് കാണിക്കുന്ന "അധികാരം" വേർതിരിച്ചു കാണിക്കുന്നതിൽ സ്വാർത്ഥതയല്ല ത്യാഗമാണ് പരന്നൊഴുകുന്നത്.

* ആധുനികശാസ്ത്രബോധത്തിനുമുമ്പിൽ "നാണിച്ച് നാക്കടഞ്ഞു നിന്നുപോയ" നാടൻശാസ്ത്രത്തെ ആ അവസ്ഥയിലെത്തിച്ച ഘടകങ്ങൾ കാരൂർ കൃത്യമായി കാണിച്ചുതരുന്നു. ആക്ഷേപങ്ങളിലൂടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയും വയസ്സും പ്രായവും ശിക്ഷയായി കണക്കാക്കുകയും നന്ദികാണിക്കാതെ തിരസ്കരിക്കുകയും ചെയ്യുന്നത് ആധുനികയുക്തിബോധത്തിന്റെ പിൻബലത്തിൽനിന്നാണ്.

* കാത്തിരിപ്പിന്റെ വ്യത്യസ്തഭാവം രണ്ടു കഥകളിലും കാണാം. വരണമെന്നുള്ള കാത്തിരിപ്പും, വരരുതെന്നു കരുതുന്ന കാത്തിരിപ്പുമാണ് കഥയിലെ വ്യത്യസ്തതയെ അനുഭവപ്പെടുത്തുന്നത്. നങ്ങേലി അമ്മൂമ്മ രാമചന്ദ്രൻ വരുമെന്നും, സന്തോഷവാർത്ത തന്നെ കേൾപ്പിക്കുമെന്നും വിശ്വസിക്കുന്നത് തികച്ചും നിഷ്കളങ്കമായാണ്. എന്നാൽ അവിവാഹിത എന്ന കഥയിൽ "യാതൊരാപച്ഛങ്കയും ഉണ്ടാകാതെ വത്സരങ്ങൾ അഞ്ചാറു കഴിഞ്ഞു" എന്ന സൂചനയിൽ നിരവധി ആപത്തുകളെ കുറിച്ചുള്ള ആശങ്കകൾ ഒളിച്ചുവച്ചിരിക്കുന്നു.

* അമ്മയും മകനും എന്ന സങ്കല്പത്തിലെ സാർവ്വലൗകികതയും സ്വാർത്ഥതയും ഒരുപോലെ കഥകൾ അനുഭവപ്പെടുത്തുന്നു.

* വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനം (1945) എന്ന കഥാസമാഹാരത്തിലെ ഐഷുക്കുട്ടി എന്ന കഥ ഈ ആശയത്തിന്റെ മറുപുറത്തെയാണ് കാണിക്കുന്നത്. പുരുഷൻ സ്ത്രീയുടെ അവസ്ഥയെ നോക്കിക്കാണലാണ് ആ കഥയിൽ എങ്കിൽ മാതൃപക്ഷത്തുനിന്നാണ് അന്തർജനവും കാരൂരും രചന നിർവ്വഹിക്കുന്നത്.

മനുഷ്യനെക്കുറിച്ചും മനുഷ്യാവസ്ഥകളെക്കുറിച്ചും ഏറ്റവും ഗൗരവമായി ചിന്തിക്കുകയും കർമ്മനിരതനായ മനുഷ്യനെ ചിത്രീകരിക്കുകയും ചെയ്ത നവോത്ഥാന കാലഘട്ടത്തിലെ കഥകളിലെ, മൂല്യവിചിന്തനം ഒരു നിശ്ചിത പരിധിയിൽ ഒതുക്കാൻ പ്രയാസമാണ്. കൂടുതൽ പഠനങ്ങൾക്കുള്ള സാദ്ധ്യതകളാണ് ഓരോ അന്വേഷണവും ബോധ്യപ്പെടുത്തുന്നത്. എന്നാൽ മുതലാളിത്ത വ്യവസ്ഥയുടെ സാഹിത്യരൂപങ്ങളായ നോവലിലും ചെറുകഥയിലും മലയാള വായനക്കാരന് അനുഭവിക്കാൻ കഴിഞ്ഞ മനുഷ്യാവസ്ഥയും, അറിയാൻ കഴിഞ്ഞ മൂല്യസങ്കല്പവും വ്യത്യസ്തമാണ്. മൂല്യബോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ വ്യത്യസ്തമാകയാൽ ഓരോ സന്ദർഭത്തിലും മനുഷ്യന്റെ പ്രതികരണവും വ്യത്യസ്തമായിതീരുന്നു. നോവലിൽ ഒരു കഥാപാത്രത്തിന്റെ വളർച്ചയും കാലത്തിന്റെ വളർച്ചയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതാകയാൽ മൂല്യസങ്കല്പത്തിലെ പരിവർത്തനങ്ങൾ സ്വാഭാവികമാണെന്ന ഒരു ധാരണ വായനക്കാരനിലുണ്ടാകും. കാലത്തിനോട് കലഹിക്കുന്ന കഥാപാത്രങ്ങൾ പോലും, ആ കാലത്തിന്റെ മൂല്യബോധത്തിന് കീഴ്പ്പെടാൻ നിർബന്ധിതരാകും. മൂല്യവിചാരത്തേക്കാൾ ആകെയുള്ള മനുഷ്യവിചാരത്തിനാണ് നോവലിൽ സ്ഥാനം. നാടുവാഴിത്തത്തിൽനിന്ന് മുതലാളിത്തവ്യവസ്ഥയിലേക്കുള്ള പരിവർത്തനഘട്ടത്തിൽ മലയാള കവിതയും വായനക്കാരു

മായി ചില ആശങ്കകൾ പങ്കുവെക്കുകയുണ്ടായി. കാവ്യയുക്തി സാമൂഹികയുക്തികളു മായി പൊരുത്തപ്പെടുന്ന സന്ദർഭങ്ങൾ വിരളമാണെന്ന ഒരു വിശ്വാസം സമൂഹത്തിലു ണ്ടായിരുന്നതിനാൽ കവിതയിലെ മൂല്യവിചാരങ്ങൾക്ക് ജനസമ്മതി കുറവായിരുന്നു.

ജീവിതത്തിലെ ഒരു സവിശേഷ സന്ദർഭത്തെ മുൻനിർത്തി വ്യവസ്ഥയോടും അധി കാരത്തോടും നിയമങ്ങളോടുമുള്ള പ്രതികരണങ്ങളെ അവതരിപ്പിക്കാൻ കഴിഞ്ഞതു കൊണ്ടുതന്നെ കഥയ്ക്ക് വായനക്കാരിൽ വിശ്വാസ്യത വർദ്ധിച്ചു.

കഥ മുന്നോട്ടുവെക്കുന്ന മൂല്യബോധത്തെ വായനക്കാരൻ കൂടുതൽ ഗൗരവത്തിൽ ഉൾക്കൊള്ളുന്നതിനാൽ കാരൂരും ലളിതാംബികയും വളരെ ജാഗ്രതയോടെയാണ് ഈ സാഹിത്യരൂപത്തെ സമീപിച്ചത്. കഥയെഴുതുന്നതിനെക്കുറിച്ചുള്ള അവരുടെ സത്യവാ ങ്മൂലങ്ങൾ നവോത്ഥാന കഥാകൃത്തുകളുടെ പൊതുധാരണകളെയാണ് പങ്കുവെക്കു ന്നത്. വിഭാവനം ചെയ്യുന്ന ഒരു സവിശേഷ സന്ദർഭത്തെ വെളിവാക്കുക, ജീവിതത്തിന്റെ ശക്തമായ നിമിഷത്തെ കാണിക്കുക, കാലത്തിൽനിന്നും ഒരു തുള്ളി കൈക്കുമ്പിളിലെ ടുത്തു കാണിക്കുക, പ്രത്യേക സംഭവത്തിന്റെ ഗുരുത്വകേന്ദ്രം വെളിവാക്കുക എന്നിങ്ങനെ കഥാനിർവചനത്തിലെ സങ്കല്പങ്ങൾ ഇവരുടെ രചനാബോധത്തെ സ്വാധീനിച്ചിരുന്നു. മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളോട് ഇവർക്ക് ആദരവുണ്ട്. സൂക്ഷ്മതയുടെ കലാരൂപമാണ് ചെറുകഥ എന്ന അറിവും ഇവർക്കുണ്ടായിരുന്നു. എന്നാൽ ജീവിതത്തിൽ താല്പര്യം ഉണർത്തുന്നതിലാകണം ചെറുകഥ ശ്രദ്ധിക്കേണ്ടത് എന്ന് നവോത്ഥാനകാല ചെറുകഥാകൃത്തുകൾ കരുതി. യഥാർത്ഥജീവിതത്തിലെ പരിചിത സന്ദർഭങ്ങളെ മുൻനിർത്തിതന്നെ മൂല്യവിമർശനത്തിലേക്ക് ഇവർ കടന്നുചെന്നു.

നവോത്ഥാന കാലഘട്ടത്തിന്റെ മൂല്യചിന്തകളെ ഇവർ പൂർവധാരണകളുമായി താരതമ്യം ചെയ്യുന്നു.

മുൻകരുതലുകൾ എടുക്കേണ്ടുന്ന ചില സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് ഇവർ കരുതുന്നു. നാടുവാഴിത്ത മൂല്യക്രമത്തേയോ നവമുതലാളിത്ത മൂല്യക്രമത്തേയോ ഇവർ പൂർണ്ണാർത്ഥത്തിൽ സ്വീകരിക്കുന്നില്ല. ഓരോ വ്യവസ്ഥയ്ക്കും അതിന്റേതായ അധികാരമനഃശാസ്ത്രമുണ്ടെന്നും തദനുസൃതമായ മൂല്യമാണ് അവർ പ്രചരിപ്പിക്കുകയെന്നും അതിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത് കേവലമനുഷ്യനല്ല അധികാരം കൈയാളുന്ന മനുഷ്യനാണ് എന്നും ഇവർ സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു.

അറിവും അധികാരവും തമ്മിലുള്ള ബന്ധം പ്രത്യക്ഷമെന്നതിനേക്കാൾ പരോക്ഷമായാണ് അനുഭവപ്പെടുക എന്ന ആശയം ഇവർ കഥകളിലൂടെ പങ്കുവെച്ചു.

വിദ്യകൊണ്ട് പ്രബുദ്ധരാകുന്നവർ ഏതുതരം പ്രബുദ്ധതയാണ് നേടിയത് എന്ന കാര്യം പക്ഷപാതരഹിതമായി അന്വേഷിക്കണമെന്ന് ഇവർ കഥകളിലൂടെ ആവശ്യപ്പെട്ടു.

നവോത്ഥാന കാലഘട്ടത്തിലെ മനുഷ്യവീക്ഷണത്തെ നവോത്ഥാനനന്തര ബോധങ്ങളുമായി ചേർത്തുവെച്ച് പരിശോധിക്കുമ്പോഴാണ് കൃത്യമായി നിഗമനങ്ങളിലെത്താൻ കഴിയുക. 1960കൾക്കു ശേഷമുള്ള മലയാളകഥയിലെ പ്രവണതകളെയും മനുഷ്യസങ്കല്പത്തെയും കുറിച്ച് സാമാന്യമായി പരാമർശിച്ച് നിഗമനങ്ങളിലെത്താനാണ് അടുത്ത അദ്ധ്യായത്തിൽ ശ്രമിക്കുന്നത്.

## കുറിപ്പുകൾ

| | | | |
|---|---|---|---|
| 1. | ഏംഗൽസ്, ഫ്രെഡറിക് | : | കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം, പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, മോസ്കോ: 1980, പേജ് 14 |
| 2. | ലളിതാംബിക അന്തർജനം | : | ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ് 1960, പേജ് 15 |
| 3. | -------- | : | ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 28-30 |
| 4. | -------- | : | ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 40-41 |

5. കഥാകർത്രിയുടെ മറുപടി, കഥയെങ്കിൽ കഥ എന്നിവയാണ് ആ ലേഖനങ്ങൾ ആത്മ കഥയ്ക്കൊരാമുഖം എന്ന കൃതിയിൽ ഇവ ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| 6. | ലളിതാംബിക അന്തർജനം | : | ആത്മകഥയ്ക്കൊരാമുഖം, തൃശൂർ: കറന്റ് ബുക്സ്, 1960, പേജ് 56 |
| 7. | ലളിതാംബിക അന്തർജനം | : | തിരഞ്ഞെടുത്ത കഥകൾ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1966, പേജ് 28 |
| 8. | ചന്ദ്രശേഖരൻ എം.ആർ. | : | ആത്തേമാരുടെ കഥകൾ (ലേ.), അന്തർജനം ഒരു പഠനം, അന്തർജനം ഷഷ്ഠ്യബ്ദപൂർത്തി ആഘോഷ കമ്മിറ്റി, 1969, പേജ് 29 |
| 9. | മുഹമ്മദ് എൻ.പി. | : | മാനുഷ്യകം, കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1987, പേജ് 25 |
| 10. | ലളിതാംബിക അന്തർജനം | : | സീത മുതൽ സത്യവതി വരെ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1998 |
| 11. | Neumann Eric | : | The Origin and History of Consciousness, London: Princenton Uty Press, 1973, p. 54 |
| 12. | Neumann Eric | : | The Origin and History of Consciousness, London: Princenton Uty Press, 1973, p. 54 |

13. അംബികാഞ്ജലി, ആദ്യത്തെ കഥകൾ (1937), മൂടുപടത്തിൽ (1946), കാലത്തിന്റെ ഏടുകൾ (1949), കിളിവാതിലിലൂടെ (1950), കൊടുങ്കാറ്റിൽനിന്ന് (1951), ഗ്രാമബാലിക (1951), കണ്ണീരിന്റെ പുഞ്ചിരി (1955), ഇരുപത് വർഷത്തിനുശേഷം (1956), അഗ്നിപുഷ്പങ്ങൾ (1960), സത്യത്തിന്റെ സ്വരം (1963), തിരഞ്ഞെടുത്ത കഥകൾ (1966), വിശ്വരൂപം (1971), ധീരേന്ദു മഞ്ജുംദാരുടെ അമ്മ (1973), പവിത്രമോതിരം, തകർന്ന തലമുറ, കഥ എന്നിവയാണ് അന്തർജനത്തിന്റെ ചെറുകഥാ സമാഹാരങ്ങൾ.

| | | | |
|---|---|---|---|
| 14. | Bachogen J.J. | : | Myth, religion and mother spirit, London: Routledge and Kegan, 1967, p. 75 |

15. മാണിക്യൻ, കാട്ടുപൂവ് മുതലായ കഥകൾ

16. യാത്രാവസാനം, മൂടുപടത്തിൽ, പ്രതികാരദേവത, പ്രതിദ്ധ്വനി എന്നീ കഥകൾ

17. റിയലിസം, അവിവാഹിത, കുറ്റസമ്മതം എന്നീ കഥകൾ

18. റിയലിസം, അവിവാഹിത, കുറ്റസമ്മതം എന്നീ കഥകൾ

19. കുറ്റസമ്മതം, ഇത് ആശാസ്യമാണ് എന്നീ കഥകൾ

20. കുറ്റസമ്മതം, ഇത് ആശാസ്യമാണ് എന്നീ കഥകൾ

21. കൊടുങ്കാറ്റിൽപ്പെട്ട ഒരു ഇല, ഒളിവിൽനിന്ന് ഒളിവിലേക്ക്, അച്ഛന്റെ മകൻ, മനുഷ്യൻ മൃഗമായപ്പോൾ, ഗാന്ധിജിക്കു ശേഷം എന്നീ കഥകൾ

22. പ്രഭാകരവാര്യർ കെ.എം. : ഭാഷ, സാഹിത്യം, വിമർശനം, ഡോ. കെ.എം. പ്രഭാകരവാര്യരുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: കറന്റ് ബുക്സ്, 2007, പേജ് 151

23. തെരഞ്ഞെടുത്ത കഥകൾ (കാരൂർ നീലകണ്ഠപിള്ള), 1970, [ഒന്നാം ഭാഗം, പേജ് 202 -208] എന്ന കൃതിയിൽ ഓട്ടുകോരികയും എന്ന കഥയും, തെരഞ്ഞെടുത്ത കഥകൾ (ലളിതാംബിക അന്തർജനം) 1966, [പേജ് 398-404] എന്ന കൃതിയിൽ മനുഷ്യപുത്രി എന്ന കഥയും ചേർത്തിട്ടുണ്ട്.

24. കാരൂരിന്റെ കഥകൾ ഒന്നാം ഭാഗം (കാരൂർ നീലകണ്ഠപിള്ള), 1969, [പേജ് 575-580] എന്ന കൃതിയിൽ പൗണ്ടർ പോത്തൻ എന്ന കഥയും, ധിരേന്ദു മജുംദാരുടെ അമ്മ (ലളിതാംബിക അന്തർജനം), കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, [പേജ് 39-] എന്ന കൃതിയിൽ ഓടക്കുഴലിന്റെ നാദം എന്ന കഥയും ചേർത്തിട്ടുണ്ട്.

25. തെരഞ്ഞെടുത്ത കഥകൾ (കാരൂർ നീലകണ്ഠപിള്ള), 1970, [രണ്ടാംഭാഗം, പേജ് 399 -404] എന്ന കൃതിയിൽ ഒടുവിലത്തെ മകൻ എന്ന കഥയും, തെരഞ്ഞെടുത്ത കഥകൾ (ലളിതാംബിക അന്തർജനം), 1960, [പേജ് 80-87] എന്ന കൃതിയിൽ അവിവാഹിത എന്ന കഥയും ചേർത്തിട്ടുണ്ട്.

26. Velupillai T.K. : The Travancore State Manual, Trivandrum: 1940, Vol. III, p. 705

27. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 26

28. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 27

29. പത്മരാജൻ സി.എൻ. : (വിവ) പൗരസമത്വവാദം തിരുവിതാംകൂറിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001, പേജ് 28

30. Sadasivan S.N. : Administration and Social Development in Kerala, A Study in Administrative Sociology, New Delhi, 1988, p. 54

അദ്ധ്യായം ആറ്

## കഥ, ആധുനികത, പ്രതിമാനവികത

ഗവേഷണ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത് അതിന് കാലിക പ്രാധാന്യമുണ്ടാകുമ്പോഴും തുടരന്വേഷണങ്ങൾക്ക് മാർഗ്ഗദർശിത്വം നൽകുമ്പോഴുമാണ്. സങ്കീർണ്ണമായ സമസ്യകളെ സാധാരണ മനുഷ്യർക്കുപോലും നിർദ്ധാരണം ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസം നൽകാൻ പഠനങ്ങൾക്ക് സാധിക്കണം. ഭാഷയിലും സാഹിത്യത്തിലും നടക്കുന്ന പഠനങ്ങൾ സാംസ്കാരിക പഠനങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. നവോത്ഥാനാനന്തര മലയാള ചെറുകഥയുടെ വികാസ പരിണാമങ്ങളും അവയിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യനും അവന്റെ മൂല്യസങ്കല്പങ്ങളും പഠനവിധേയമാകുന്നത് ഈ സന്ദർഭത്തിലാണ്.

കലയും സംസ്കാരവും പരസ്പരാശ്രിതവും പരസ്പരപൂരകവുമാണ്. ജീവിതത്തിലുണ്ടാകുന്ന വീക്ഷണ വ്യത്യാസങ്ങൾ, ജീവിതരീതിയെയും അതു മെച്ചപ്പെടുന്നതിനാവശ്യമായ സാധനസാമഗ്രികളെയും നിരന്തരം പുതുക്കാൻ നിർബന്ധിതമാക്കും. മനുഷ്യനു പ്രയോജനപ്പെടുന്ന ഏതൊരു വസ്തുവും നവീകരിക്കുമ്പോൾ, നിർമ്മിക്കുന്നതിലും, കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലുമുള്ള സൗകര്യമാണ് പ്രയോജനവാദിയായ മനുഷ്യൻ പരിഗണിക്കുന്നത്. കലയും മനുഷ്യനിർമ്മിത വസ്തുവാകയാൽ കലയുടെ ആധുനികീകരണം സ്വാഭാവികമായും ഈ ലക്ഷ്യത്തിന് മുൻതൂക്കം നൽകുന്നു. എന്നാൽ മറ്റ് നിർമ്മിത വസ്തുക്കളിൽനിന്ന് കലാവസ്തു പല കാര്യങ്ങളിലും വ്യത്യസ്ത പുലർത്തുന്നു. കലാനിർമ്മിതി ഏറെ സങ്കീർണ്ണവും നിർവചനാതീതവുമായ ഒരു പ്രക്രിയയാണ്. ഒരു ഉല്പന്നമെന്ന നിലയിൽ കലയ്ക്കോ സാഹിത്യത്തിനോ എന്തെങ്കിലും അടിയന്തിരലക്ഷ്യം പൂർത്തീകരിക്കാനില്ല. ലക്ഷ്യം പൂർത്തീകരിച്ചാലും

അതിന്റെ ഫലം സമൂഹത്തിൽ/വ്യക്തിയിൽ പ്രത്യക്ഷപ്പെടുന്നത് വിദൂരഭാവിയിൽ മാത്രമായിരിക്കും. അതിനാൽ കലയിലെയും സാഹിത്യത്തിലെയും ആധുനികത നിരവധി ചർച്ചകൾക്കും നിരന്തര സംവാദങ്ങൾക്കും വഴിയൊരുക്കി ഇന്നും അപൂർണ്ണമായി നിലനിൽക്കുന്നു.

### 6.1. ആധുനികതയും അഭിപ്രായഭേദങ്ങളും

മലയാള സാഹിത്യത്തിൽ ആധുനിക കാലഘട്ടം എന്നു വിവക്ഷിക്കുന്നത് ഏതു കാലയളവിനെ കുറിച്ചാണ് എന്ന കാര്യത്തിൽ നിരൂപകന്മാർ ഏകാഭിപ്രായക്കാരല്ല. മലയാളിയുടെചിന്തയെയും ജീവിതരീതിയെയും നിർണ്ണായകമായി സ്വാധീനിച്ച്, പാശ്ചാത്യ വിദ്യാഭ്യാസവും ഭരണ സംവിധാനവും പ്രചാരത്തിൽ വരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ മലയാള സാഹിത്യത്തിലെ ആധുനിക പ്രവണതകൾ ആരംഭിക്കുന്നു എന്നു വിശ്വസിക്കുന്ന നിരൂപകന്മാർ ഉണ്ട്.[1] കവിതയിൽ കാല്പനികതയുടെ ഉദയവും ഭാഷാഗദ്യത്തിന്റെ വികാസവും നോവൽ, കഥ തുടങ്ങിയ ആധുനിക സാഹിത്യരൂപങ്ങൾക്കുണ്ടായ വളർച്ചയും സ്വീകാര്യതയും, സ്വന്തമായ ഒരു നിരൂപണശൈലി രൂപംകൊണ്ടതും സാഹിത്യത്തിലെ ഈ ആധുനികീകരണത്തിന്റെ പ്രത്യക്ഷങ്ങളാണെന്ന് ഇവർ കരുതുന്നു. എന്നാൽ മറ്റ് സാഹിത്യലോകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മലയാള സാഹിത്യത്തിൽ നിയോക്ലാസിക് രചനാരീതിയാണ് ഈ കാലയളവിലും പ്രചാരത്തിലിരുന്നത് എന്നതിനാൽ ഇതിനെ ആധുനകകാലമെന്നു പലരും കണക്കാക്കുന്നില്ല.[2] കാല്പനികതയുടെ ചരിത്രത്തിൽപോലും പൂർവകാല്പനികത എന്ന പരിഗണന മാത്രമാണ് ഇവർ ഈ കാലത്തിനു കൊടുക്കുന്നത്. കാല്പനിക പ്രവണതകൾ ഭാവരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ടുവെങ്കിലും, കവിമനസ്സ് ക്ലാസിക് കാവ്യബിംബങ്ങളോടും നിയോക്ലാസിക് രചനാനിയമങ്ങളോടും താല്പര്യം കാണിക്കുന്നതായിരുന്നു.

ഭാഷാഗദ്യത്തെ മാനകീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടന്നുവന്നിരുന്നുവെങ്കിലും ഗദ്യരീതി സാർവ്വത്രികമായിരുന്നില്ല. സാമൂഹ്യശാസ്ത്രത്തിൽ ആധുനികത (modernity) എന്ന പദം പാരമ്പര്യത്തിന്റെ (tradition) നേർവിപരീതമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. പരമ്പരാഗത സാഹിത്യ വീക്ഷണങ്ങളിൽനിന്ന് വേറിട്ടുപോരാൻ താല്പര്യം കാണിക്കാതിരുന്നതിനാൽ ഈ കാലഘട്ടത്തെ ആധുനികമെന്ന് കണക്കാക്കുന്നത് ഉചിതമല്ല.

**6.1.1.** എല്ലാ ഔചിത്യങ്ങളും ഉയർന്നുവരുന്ന പശ്ചാത്തലങ്ങളിലൊന്ന് സാമൂഹ്യബോധമാണ്. അതിനാൽ ആധുനികത എന്ന വാക്ക് കടന്നുവരുന്ന ചരിത്രസാമൂഹിക പശ്ചാത്തലം വിശദീകരിക്കേണ്ടതുണ്ട്. ആധുനികം എന്ന് അർത്ഥം വരുന്ന modern എന്ന ഇംഗ്ലീഷ് പദത്തിന്റെ നിരുക്തി (modo) എന്ന ലാറ്റിൻ പദത്തിൽനിന്നാണ്. ഈയിടെ ഉള്ളത് (recent/just now) എന്ന ആശയം വ്യക്തമാക്കാനാണ് modo എന്ന ലാറ്റിൻ വാക്ക് നിലവിൽ വന്നത്. എ.ഡി. 5-ാം നൂറ്റാണ്ടിൽ, മദ്ധ്യകാല ക്രൈസ്തവത അതിന്റെ നവീനതയെ സ്വയം വ്യക്തമാക്കാനാണ് modern എന്ന വാക്ക് ഉപയോഗിച്ചുതുടങ്ങിയത്. പ്രാകൃതാരാധനാരീതികളിൽനിന്നും വ്യത്യാസപ്പെട്ട നവീനരീതി സ്വീകരിക്കുന്നതിനാൽ ക്രിസ്തുമതം ആധുനികമാണെന്ന് അവർ പ്രചരിപ്പിച്ചു. എന്നാൽ മധ്യകാല ക്രൈസ്തവതയെ നിഷേധിക്കുമ്പോഴും, ക്രൈസ്തവതയെ പുതിയ അർത്ഥത്തിൽ വളർത്തിക്കൊണ്ടുവരുമ്പോഴും എല്ലാം, അതത് സന്ദർഭങ്ങൾ അവയെ സ്വയം പരിചയപ്പെടുത്തിയത് modern എന്നാണ്. സമൂഹത്തിലെ വികാസപരിണാമങ്ങളെ നിർദ്ധാരണം ചെയ്യാൻ ഈ വാക്ക് ആദ്യമായി ഉപയോഗിക്കുന്നതും പാശ്ചാത്യചരിത്രകാരന്മാരാണ്. പാരമ്പര്യത്തെ തകർത്ത് പുതിയ സാമൂഹികാവസ്ഥ ഉയർന്നുവരുമ്പോൾ, അതിനെ പരിചയപ്പെടുത്താനാണ് ചരിത്രം ഈ വാക്ക് ഉപയോഗിച്ചുവന്നത്. മദ്ധ്യകാല യൂറോപ്പിൽ നിലനിന്നിരുന്ന നാടുവാഴിത്ത വ്യവസ്ഥയിലെ ആഭ്യന്തരവൈരുദ്ധ്യങ്ങളിൽനിന്നും സ്വയം ഉയർന്നുവന്ന

ഒരു മദ്ധ്യവർഗ്ഗം തങ്ങളുടെ മാത്രം ശക്തികൊണ്ട് എല്ലാ സാമൂഹിക മണ്ഡലങ്ങളിലും നേതൃനിരയിലേക്ക് കടന്നുവന്നതാണ് യൂറോപ്പിന്റെ ആധുനികീകരണമായി ചരിത്രം വിലയിരുത്തുന്നത്.[3] ഒരു ബാഹ്യഘടകത്തിന്റെയും ചേരുവ ഈ പരിവർത്തനത്തിൽ ഇല്ല. എന്നാൽ ഭാരതീയവും വിശിഷ്യാ കേരളീയവുമായ പശ്ചാത്തലത്തിൽ, ആധുനികീകരണം എന്ന കാഴ്ചപ്പാട് തന്നെ പാശ്ചാത്യ കൊളോണിയൽ ബന്ധങ്ങളിൽനിന്ന് കടന്നുവരുന്നതാണ്. നിർബന്ധിതമായ സാഹചര്യങ്ങളാൽ ബാഹ്യഘടനയിൽ മാറുമ്പോഴും ആന്തരികഘടനയിൽ മാറാൻ കഴിയാത്ത ചാർച്ചാകൂട്ടങ്ങളാണ് (endogamas kinship groups) ഇന്ത്യൻ അവസ്ഥയിൽ നിലനിൽക്കുന്നത്. ജാതിപരമായ അഭിജാതക്രമം (ritual status) മതത്തിന്റെ പ്രത്യയശാസ്ത്രമായി വർത്തിച്ച ഇന്ത്യൻ സാമൂഹ്യഘടനയിൽ പാശ്ചാത്യ കൊളോണിയൽ സങ്കല്പമുണ്ടാക്കിയ 'ആധുനികത' എന്ന ആശയത്തിലെ പാരമ്പര്യനിഷേധം സ്വീകാര്യമായില്ല. ജന്മനാ ഉടമകളും അടിമകളുമായി വേർതിരിയുന്ന ഒരു ക്ലാസിക് സമൂഹവും അടിയായ്മയിലധിഷ്ഠിതമായ ഒരു ഫ്യൂഡൽ സമൂഹവും, വളർത്തിയെടുത്ത മാനസികബോധത്തെ മാറ്റുന്നതിനോ അവിടെ നവീനമായ ഒരു ബോധത്തെ സ്ഥാപിക്കുന്നതിനോ ആധുനികതാസങ്കല്പം ഇന്ത്യൻ സാഹചര്യത്തിൽ പ്രയോജനപ്പെട്ടില്ല.[4]

പാശ്ചാത്യാധിനിവേശമാണ് ഇന്ത്യൻ സമ്പദ്ഘടനയെ ലോകസമ്പദ്ഘടനയുമായി ബന്ധിപ്പിക്കുന്നത്. ഇന്ത്യൻ സമ്പദ്ഘടന എന്ന വാക്കുതന്നെ അപ്രസക്തമാകുന്നവിധം പ്രാദേശികനാടുവാഴിത്തസാമ്പത്തികക്രമമാണ് ഇന്ത്യയിൽ നിലനിന്നത്. ബ്രിട്ടീഷുകാർ നിയമങ്ങൾകൊണ്ടും നയോപായങ്ങൾകൊണ്ടും ദേശീയതാസങ്കല്പം സൃഷ്ടിച്ച ശേഷമാണ് ഇന്ത്യൻ സമ്പദ്ഘടന രൂപംകൊള്ളുന്നത്. ഇതിനെ ലോകസമ്പദ്ഘടനയുമായി ബന്ധിപ്പിച്ചതോടെ, പരിമിതമായി വളർന്നുവന്ന ഇന്ത്യൻ മൂലധനശക്തികൾ പ്രതിസന്ധിയിലായി. ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനത്തിന്റെ വലിയൊരു ഭാഗം ബ്രിട്ട

നിലേക്ക് മാറ്റുക എന്ന സ്ഥിതിയാണ് ഇതുകാരണം ഉണ്ടായത്. അതിനാൽ ഇന്ത്യയിലെ മദ്ധ്യവർഗ്ഗം, ഇത്തരമൊരു സാമ്പത്തികബന്ധത്തെ ഉൾക്കൊള്ളാൻ കഴിയുന്ന സ്ഥിതിയിലായിരുന്നില്ല. വ്യവസായസംരഭങ്ങൾ തുടങ്ങാനാവശ്യമായ മൂലധന രൂപീകരണം (capital accumulation) തദ്ദേശീയമായി നടക്കാത്തതുകൊണ്ടും, നൂതന ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താതുകൊണ്ടും ഒരു വ്യവസായ സംസ്കാരവും മുതലാളിത്തവ്യവസ്ഥയും ഇന്ത്യയിൽ ഉയർന്നുവന്നത് വളരെ താമസിച്ചാണ്. സാമ്പത്തികമായ അടിത്തറയും സാമൂഹികമായ ഉപരിഘടനയും പരസ്പരാശ്രിതമാകയാൽ ഇന്ത്യയിൽ 'ആധുനികത' എന്ന സങ്കല്പം വളരെ മന്ദഗതിയിലാണ് സ്വാംശീകരിക്കപ്പെട്ടത്. സാമൂഹിക രാഷ്ട്രീയരംഗത്തെ ഈ സ്ഥിതി ഇന്ത്യൻ സാഹചര്യത്തിൽ ഇന്നും നിലനിൽക്കുന്നതിനാൽ 'ആധുനികത' എന്ന സംപ്രത്യയത്തിന് ഇന്ത്യൻ അവസ്ഥയിലുള്ള അർത്ഥസങ്കല്പം വ്യത്യസ്തമാണ്.

**6.1.2.** 'പുരോഗതി' എന്നും 'പരിഷ്കാര'മെന്നും ആധുനികതയോടൊപ്പം ഉപയോഗിക്കുന്ന മറ്റ് രണ്ട് വാക്കുകളാണ്. അളന്നു തിട്ടപ്പെടുത്താൻ കഴിയുന്ന രേഖീയമായ വളർച്ചയാണ് പുരോഗതി അർത്ഥമാക്കുന്നത്. പ്രാചീന ഗ്രീസിൽ മുഖ്യവിജ്ഞാനധാരകളിലൊന്നായി കണക്കാക്കിയിരുന്നത് ഗണിതമാണ്. ജ്യാമിതിയെ അടിസ്ഥാനാക്കിയാണ് അവർ കാര്യകാരണങ്ങളെ വിലയിരുത്തിയത്. ഇന്ത്യൻ ചിന്ത ആസ്ഥാനത്ത് ഭാഷയ്ക്കാണ് പ്രാധാന്യം നൽകിയത്. പാശ്ചാത്യ ചിന്താധാരയുടെ പ്രഭവകേന്ദ്രമായ ഗ്രീസിന്റെ പാതയിലൂടെയാണ് പാശ്ചാത്യബോധം മുന്നേറുന്നത്.[5] കാലസങ്കല്പത്തിലും ഈ വ്യത്യാസം കാണാം. കാലം രേഖീയമായി സഞ്ചരിക്കുന്നു എന്നു പാശ്ചാത്യരും കാലഗതിക്ക് ഒരു ചാക്രികതയുണ്ടെന്ന് ഭാരതീയരും വിശ്വസിക്കുന്നു. അതുകൊണ്ട് പുരോഗതി = വളർച്ച എന്നതാണ് പാശ്ചാത്യ നിഗമനമെങ്കിൽ, ഭാരതീയർ വളർച്ചയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗുണപരമായ മാറ്റമാണ്. കാലം മുന്നോട്ടു പോകുന്നതിലെ കേവല പുരോഗതിയെ

ഭാരതീയ ചിന്ത ലക്ഷ്യം വയ്ക്കുന്നില്ല.

പരിഷ്കാരം എന്ന വാക്ക് 'ആധുനികതയുടെ പ്രത്യക്ഷപ്പെടൽ' എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. എന്നാൽ പ്രത്യക്ഷീകരണങ്ങളല്ല, അതിന് ആസ്പദമായി വർത്തിക്കുന്ന ആന്തരസ്രോതസ്സുകളാണ് പ്രവണതകളെ മനസ്സിലാക്കുന്നതിനായി വിശകലനം ചെയ്യേണ്ടത്. രചനയിലും സംവേദനത്തിലും പരിവർത്തനം സൃഷ്ടിക്കാൻ ഇടയാക്കിയ മാനസികഘടനയാണ് ആധുനികതാപഠനത്തിൽ പ്രധാനം.

ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെയുള്ള കേരളീയസമൂഹം മേല്പറഞ്ഞ സാമൂഹികസാമ്പത്തികപശ്ചാത്തലത്തിൽ നിലകൊള്ളുന്നതായിരുന്നു. സാഹിത്യത്തിൽ പുരോഗതി അനുഭവപ്പെട്ടുവെങ്കിലും അതിനെ നിയന്ത്രിച്ചിരുന്ന ചിന്താധാരകൾ സാഹിത്യവിമർശനത്തിലെ ആധുനികതാ സങ്കല്പത്തിൽ പെട്ടവയായിരുന്നില്ല. രൂപഭാവങ്ങൾ പരിഷ്കരിച്ചുവെങ്കിലും അതിനു പ്രേരിപ്പിച്ച ഘടകങ്ങൾ ആധുനികമെന്നു വിശേഷിപ്പിക്കാൻ കഴിയുന്നവയായിരുന്നില്ല. ഇക്കാരണങ്ങളാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുണ്ടായ കലാസാഹിത്യ പരിണാമങ്ങളെ ഈ പ്രബന്ധം ആധുനികമെന്ന് കരുതുന്നില്ല. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലുണ്ടായ മനുഷ്യാനുകൂല പരിവർത്തനങ്ങൾ സാഹിത്യമണ്ഡലങ്ങളിലേക്കും വ്യാപിച്ചു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത.

### 6.2. ആധുനികതാ സങ്കല്പം: പാശ്ചാത്യ/യൂറോപ്യൻ സാഹിത്യത്തിൽ

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യുമ്പോൾ പാശ്ചാത്യയുക്തിയുടെ സ്വാധീനം അനുഭവപ്പെടുന്നു. കോളനീകരണത്തിന്റെ ഭാഗമായി അവർ സൃഷ്ടിച്ച മാനസികമായ അടിമ മനോഭാവം ഇത്തരം വിശകലനങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു. കലാസാഹിത്യ പഠനങ്ങളിലും ഇത്തരം സന്ദർഭ

ങ്ങൾ സാധാരണമാണ്. കലാസാഹിത്യ ചർച്ചകളിലെ ആധുനികതാ സങ്കല്പവും ഇതിനാൽ പാശ്ചാത്യസങ്കല്പനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിൽ വിക്ടോറിയൻ കാലഘട്ടം അവസാനിച്ചതു മുതൽ ആരംഭിച്ച നവീന പ്രവണതകളെ ആധുനികത എന്ന പദംകൊണ്ട് അർത്ഥമാക്കുന്നവരുണ്ട്.[6] പാശ്ചാത്യ പ്രബുദ്ധതയിൽനിന്ന് ആരംഭിച്ച ഒരു ആഗോളപദ്ധതിയുടെ തുടർച്ചയാണ് ആധുനികത എന്നും ഇവർ വിശ്വസിക്കുന്നു. യുക്തിക്ക് നിരക്കാത്ത വിശ്വാസപ്രമാണങ്ങൾ ഉപേക്ഷിച്ച്, പകരം ശാസ്ത്രയുക്തിയിലധിഷ്ഠിതമായ ചിന്ത കടന്നുവന്നതാണ് പാശ്ചാത്യ പ്രബുദ്ധതയുടെ ഒരു വശം. അതിന്റെ തുടർച്ച എന്ന നിലയിൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ശാസ്ത്രം കൂടുതൽ മുന്നേറി. ക്വാണ്ടം തിയറിയുടെ (quantum theory) ആവിർഭാവം ന്യൂക്ലിയർ ഫിസിക്സിന്റെ ലോകം വികസിതമാക്കി. യുറേനിയം വേർതിരിച്ചെടുക്കാൻ കഴിഞ്ഞതും ഈ കാലയളവിലാണ്. സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്രവിമർശനപദ്ധതിക്ക് അംഗീകാരം കിട്ടിയത് ഈ കാലഘട്ടത്തിലാണ്. സർറിയലിസം, എക്സ്പ്രഷനിസം, റഷ്യൻ ഫോർമലിസം തുടങ്ങിയ കലാപ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ പ്രചാരം നേടി. ദൃശ്യകല, സംഗീതം, വാസ്തുവിദ്യ തുടങ്ങിയ മറ്റു കലകളിലും വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. സാഹിത്യത്തിൽ ടി.എസ്. എലിയട്ട്, എസ്രപൗണ്ട്, റെയ്നർ മറിയറിൽക്കെ, തുടങ്ങിയ കവികളും ജെയിംസ് ജോയ്സ്, ഫ്രാൻസ് കാഫ്കെ, മാർഷൽ പ്രൂസ്റ്റ്, വർജീനിയ വുൾഫ് തുടങ്ങിയ നോവലിസ്റ്റുകളും നടത്തിയ രചനകൾ പാശ്ചാത്യാധുനികതയുടെ വിളംബരങ്ങളായി മാറി.

പാശ്ചാത്യ സാഹിത്യത്തിലെ ആധുനികത ചർച്ചാവിഷയമായിത്തീരുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ്.

* സാമൂഹികപരതയേക്കാൾ വ്യക്തിപരതയ്ക്ക് രചനയിൽ കിട്ടിയ സ്ഥാനം.

* കാണേണ്ടതിനെക്കുറിച്ചുള്ള മുൻധാരണകളെ ഇല്ലാതാക്കി. ഏതു പ്രകാരത്തിലാണ് കാണേണ്ടത് എന്നതിനെക്കുറിച്ചാണ് കലാകാരൻ ചിന്തിക്കേണ്ടത് എന്ന് നിർദ്ദേശിച്ചു.

* വസ്തുനിഷ്ഠതയാണ് കൃതിയുടെ ജീവൻ എന്ന പരമ്പരാഗത ധാരണ നിഷേധിച്ചു.

* എല്ലായിടത്തും ആഖ്യാതാവിന്റെ സാന്നിദ്ധ്യം ഉണ്ടാകണമെന്ന പിടിവാശി ഉപേക്ഷിച്ചു. നിശ്ചിതമായ ഒരു വീക്ഷണസ്ഥാനത്തുനിന്ന് കൃത്യമായി പ്രവഹിക്കുന്ന ധാർമിക നിലപാടുകളുടെ സ്രോതസ്സായിരിക്കണം സാഹിത്യകൃതി എന്ന ധാരണയെ പൂർണ്ണമായും തള്ളിക്കളഞ്ഞു.

* രചനകൾക്ക് രൂപദാർഢ്യം വേണമെന്ന കാഴ്ചപ്പാട് ഉപേക്ഷിക്കുകയും ശിഥില രൂപങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുകയും ചെയ്തു.

പാശ്ചാത്യാധുനിക പ്രവണതകൾ 1960കളോടുകൂടി പുതിയ മറ്റ് പ്രവണതകൾക്ക് വഴിമാറി. കേരളീയ പരിസരത്തിൽ പാശ്ചാത്യ സാഹിത്യത്തിലെ ആധുനിക പ്രവണതകൾ സ്വാധീനം ചെലുത്തുന്നത് 1960കൾ മുതൽക്കാണ്. എന്നാൽ ആധുനികതയെ സ്വീകരിക്കാൻ തയ്യാറായ ഒരു മാനസികാന്തരീക്ഷത്തെ സൃഷ്ടിച്ചെടുക്കുന്നത് കേരളീയ നവോത്ഥാനമാണ്.

**6.2.1.** സാഹിത്യ പ്രവണതകളെ ഒരു നിശ്ചിത സമയപരിധിയിൽ പരിമിതപ്പെടുത്താൻ പല കാരണങ്ങളാൽ കഴിയുകയില്ല. ചരിത്രത്തിൽ കാലനിർണ്ണയം ചെയ്യുന്നതിന് സാദ്ധ്യതകൾ ഏറെയുണ്ടെങ്കിൽ, സാഹിത്യത്തിൽ ഓരോ കാലഘട്ടവും അത്ഭുതപ്പെടുത്തുന്ന ഒരു പുതിയ അറിവിനേയും അനുഭവത്തേയും സമ്മാനിക്കുന്നു. അറിവിന്റേയും അനുഭവത്തിന്റേയും ഒരു സവിശേഷഘട്ടത്തിലാണ് ആ പ്രവണതയെ നാം വേർതിരിച്ച് മന

സ്സിലാക്കുന്നത്.

കേരളീയ നവോത്ഥാനം, ആധുനിക പ്രവണതകളെ സ്വീകരിക്കാൻ കഴിയുന്ന വിധം മലയാളിയെ ചിട്ടപ്പെടുത്തിയത് ശ്രദ്ധേയമായ വിധത്തിലാണ്.

ശാസ്ത്രീയമായി ചിന്തിക്കാൻ കഴിയുന്ന വിധം യുക്തിബോധത്തെ വളർത്തി. ഉദാരമാനവികതയെ പ്രചരിപ്പിച്ച് മനുഷ്യവിശ്വാസവും സ്നേഹവും വളർത്തി. ഭാവനാംശത്തിനു പ്രാധാന്യമുള്ള കാല്പനികത സാഹിത്യത്തിൽ പരിചയപ്പെടുത്തി. പുരോഗതി എന്ന സങ്കല്പം സാമൂഹിക ജീവിതത്തിലും വ്യക്തിജീവിതത്തിലും വളർത്തി. വികസനമെന്ന ആശയം തൊട്ടറിയാവുന്ന വിധം അടുത്തെത്തിച്ചു. ഈ നവോത്ഥാന ചിന്താധാരയാൽ സ്വാധീനിക്കപ്പെട്ട എഴുത്തുകാരാണ് മലയാള സാഹിത്യത്തിലെ ആധുനികതയ്ക്ക് തുടക്കം കുറിച്ചത്.

**6.2.2.** കേരളീയ നവോത്ഥാനം, പാശ്ചാത്യ കൊളോണിയൽ താല്പര്യങ്ങളുടെ കൂടി സമ്മിശ്രമാണെന്ന് ഈ പ്രബന്ധത്തിൽ വിശദീകരിച്ചിട്ടുണ്ട്. കൊളോണിയൽ കാലഘട്ടത്തിൽ ജനിച്ച ഈ എഴുത്തുകാർ സ്വാതന്ത്ര്യാനന്തര ഭാരതത്തിലും രചനകളിലേർപ്പെട്ടുവെങ്കിലും അവരുടെ രചനാചിന്തയെ മുഖ്യമായും സ്വാധീനിച്ചത്, കൊളോണിയൽ വിദ്യാഭ്യാസവും നവോത്ഥാനചിന്തയുമായിരുന്നു. സ്വാതന്ത്ര്യം നേടിയ ശേഷവും പാശ്ചാത്യാഭിമുഖ്യമാണ് ഭാരതത്തിന്റെ മിക്ക രംഗങ്ങളിലും പ്രത്യക്ഷപ്പെട്ടത്. പാശ്ചാത്യസാഹിത്യത്തിലെ പല ചിന്താധാരകളും അതിനുശേഷവും ഭാരതീയചിന്തയിൽ ഇടം നേടി. പാശ്ചാത്യാധുനികതയുടെ ദ്വിതീയഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന 'നിഷേധപ്രവണതകൾ' ഉൾപ്പെടെ മലയാള സാഹിത്യത്തിലേക്ക് ആധുനിക പ്രവണതകൾ കടന്നുവരുന്നത് 1960കളിലാണ്. പാശ്ചാത്യ നാടുകളിൽ ആധുനികത സജീവമായതിന്റെ പശ്ചാത്തലം കൂടി വിശദീകരിക്കേണ്ടതുണ്ട്.

**6.2.3.** ഫ്രഞ്ച് ദാർശനികനും സാഹിത്യ വിമർശകനുമായ മിഷേൽ ഫൂക്കോ (Michael Foucault) ദി ഓർഡർ ഓഫ് തിംഗ്സ് (the order of things) എന്ന കൃതിയിൽ ദാർശനിക ചരിത്രത്തെ അപഗ്രഥനവിധേയമാക്കിയിട്ടുണ്ട്. 16-ാം നൂറ്റാണ്ടിന്റെ പകുതി മുതൽ 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള നവോത്ഥാന കാലഘട്ടത്തെ അദ്ദേഹം 'ക്ലാസിക്കൽ' എന്നാണ് വിശേഷിപ്പിച്ചത്. 19-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ ആധുനികയുക്തിയുടെഘട്ടമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. നവോത്ഥാന കാലഘട്ടത്തിന്റെ ആരംഭത്തിൽ സാദൃശ്യത്തെ (resemblance) മുൻനിർത്തി ലോകത്തെയും വസ്തുക്കളെയും ക്രമപ്പെടുത്താൻ മനുഷ്യൻ ശ്രമിച്ചു. വ്യതിരേക (difference) ബുദ്ധ്യാ തിരിച്ചറിയാനാണ് ക്ലാസിക് കാലഘട്ടം ശ്രമിച്ചത്. ആധുനികഘട്ടത്തിൽ സൂക്ഷ്മവും യുക്തിസഹവുമായി വിലയിരുത്തുക എന്ന അർത്ഥത്തിൽ ജൈവഘടനയെ (organic structure) വേർതിരിച്ച് പരിശോധിക്കാനാരംഭിച്ചു.[7] ഭാഷാപഠനത്തിലും വ്യവഹാരത്തിലും ഇതിന്റെ സ്വാധീനം കടന്നുവന്നു. ആധുനികതയുടെ കാലഘട്ടത്തിൽ പ്രശസ്ത ഭാഷാശാസ്ത്ര പണ്ഡിതനായ ഫെർഡിനാന്റ് ഡി സൊസ്സൂർ (Ferdinand de Saussure - 1857-1913) മുന്നോട്ടുവച്ച ആശയങ്ങളാണ് ഘടനാവാദം (structuralism) എന്ന പേരിൽ ഭാഷാവിജ്ഞാനീയത്തിലും സാഹിത്യവിമർശന സിദ്ധാന്തങ്ങളിലും സ്ഥാനം നേടിയത്. ഭാഷയെന്നാൽ ഒരു ചിഹ്നസമ്പ്രദായം (sign system) ആണെന്ന അദ്ദേഹത്തിന്റെ ആശയവും, തുടർന്നുള്ള നിരീക്ഷണങ്ങളും വ്യാപകമായി അംഗീകാരം നേടി. കോഴ്സ് ദ ലിംഗ്വിസ്റ്റിക് ജനറൽ (Course De Linguistic General) എന്ന പ്രബന്ധം 1915ൽ പ്രസിദ്ധീകൃതമായതോടെ ഭാഷയെ സംബന്ധിച്ചുള്ള ഏതൊരു സംവാദത്തിലും പുതിയ ഉപദർശനങ്ങൾ ഉയർന്നുവരാനാരംഭിച്ചു. വാക്കിനുമേൽ, അർത്ഥം അടിച്ചേൽപ്പിക്കപ്പെടുകയാണെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം സാഹിത്യപഠനത്തിൽനിന്ന് ഭാഷാവ്യവഹാരത്തെ വേർതിരിക്കുന്നതിൽ കാണിക്കേണ്ടുന്ന നിഷ്കർഷ ഓർമ്മിപ്പിച്ചു. ഭാഷാശാസ്ത്ര

ത്തിൽ, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ സി.എസ്. പിയേഴ്സത്തെ തുടങ്ങി പണ്ഡിത ന്മാരും പ്രാഗ് ലിംഗ്വിസ്റ്റിക് സർക്കിൾ (The Prague Linguistic Circle) ജനീവ സ്കൂൾ ഓഫ് ഫിനിമനോളജി (Genewa School of Phenomonology) തുടങ്ങിയ സ്ഥാപനങ്ങളും റഷ്യൻ ഫോർമലിസ്റ്റുകളെ പോലെയുള്ള സംഘടനകളും മുന്നോട്ടു കൊണ്ടുപോയി. എന്നാൽ നരവംശശാസ്ത്രജ്ഞൻ കൂടിയായ ക്ലാഡ് ലെവി സ്ട്രോസ് ഘടനാവാദത്തെ സാഹിത്യ പഠനത്തിൽ സമർത്ഥമായി പ്രയോജനപ്പെടുത്തി. കൃതിയെയും കർത്താവിനെയും ദർശ നത്തെയും കുറിച്ച് മുൻവിധിയോടെ നടത്തുന്ന നിരീക്ഷണങ്ങളാണ് സാഹിത്യവിമർശ നത്തിന്റെ ഉപലബ്ധി എന്ന കാഴ്ചപ്പാട് തീർത്തും ഇല്ലാതായി. സാഹിത്യത്തിലെയും കലയിലെയും ആധുനികതാഘട്ടം പാശ്ചാത്യനാടുകളിലെ സാമൂഹ്യമണ്ഡലങ്ങളിൽ നിര വധി ചലനങ്ങൾ സൃഷ്ടിച്ചു.

**6.2.4.** പാശ്ചാത്യനാടുകളിൽ രണ്ടാംലോകമഹായുദ്ധം ഉണ്ടാക്കിയ ആഘാതം വളരെ വലുതായിരുന്നു. മുതലാളിത്ത ശക്തിബന്ധങ്ങളിൽ മാറ്റം വന്നതോടെ പാശ്ചാത്യചിന്ത യുടെ കേന്ദ്രസ്ഥാനം അമേരിക്കയായി മാറി. അധീശത്വം വഹിച്ചിരുന്ന പാശ്ചാത്യനാടു കൾക്ക് നാമമാത്രമായെങ്കിലും ഉണ്ടായിരുന്ന ഭൂതകാല സാംസ്കാരിക മഹത്വം അമേരി ക്കക്ക് അവകാശപ്പെടാനില്ലായിരുന്നു. വർത്തമാനകാലം മാത്രമാണ് സത്യമെന്ന് അമേ രിക്കൻ ഐക്യനാടുകൾ സ്വയം വിശ്വസിക്കുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമി ക്കുകയും ചെയ്തു. ഗ്രീസിന്റെ മഹത്വവും പ്രാചീന റോമാസാമ്രാജ്യത്തിന്റെ പൈതൃ കവും അവകാശപ്പെടാനുള്ള ഇറ്റലി, ജർമ്മനി, ഫ്രാൻസ് മുതലായ രാജ്യങ്ങൾക്കും അതിനു മുമ്പുതന്നെ ഭൂതകാലത്തോട് അപ്രിയം തോന്നിയിരുന്നു. യുദ്ധവും അധിനി വേശവും അധികാരകൈമാറ്റവും പല രീതിയിൽ ആവർത്തിക്കപ്പെട്ട കിഴക്കൻ യൂറോ പ്പിൽ, സങ്കരസംസ്കാരത്തിന്റേതായ അന്തരീക്ഷം നിലവിൽവന്നു. മഹായുദ്ധങ്ങളുടെ മുറിവുകൾ ആത്മാവിലുണ്ടാക്കിയ തീരാവ്രണങ്ങൾ ഈ രാജ്യങ്ങളിൽ പല ചിന്താഗതി

കൾക്കും തുടക്കം കുറിച്ചു. പിതാവ്, കുടുംബം തുടങ്ങിയ കേന്ദ്രങ്ങളും സ്ഥാപനങ്ങളും ഇല്ലാതായവർ സമൂഹത്തിൽ പുതിയ ചോദ്യങ്ങൾ ഉയർത്തി ആധുനിക പ്രവണതകൾക്ക് പുതിയ ആശയങ്ങൾ നൽകി. തന്റെ ജന്മത്തോടെ തന്റെ ദുഃഖങ്ങൾ തുടങ്ങുന്നു എന്ന റൂസോയുടെ വാക്കുകൾ ഇവർ വേദപ്രമാണമായി സ്വീകരിച്ചു. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്റെ സ്രഷ്ടാവിനും മരണത്തിനും നേരെ ആദ്യമായി ക്ഷോഭിച്ചവനാണ് ആദ്യത്തെ ആധുനികൻ എന്ന വാദം ഇവർ ഉന്നയിച്ചു.[8]

'മോഡേണിസം' എന്ന വാക്കിൽനിന്ന് മോഡേണിറ്റി എന്ന ഒരു വാക്ക് ഇക്കൂട്ടർ നിഷ്പാദിപ്പിച്ചു. 'മോഡേണിസം' എന്ന വാക്ക് നവീനത എന്ന ആശയം മാത്രമാണ് ഉൾക്കൊള്ളുന്നത്. എന്നാൽ മോഡേണിറ്റി എന്ന പദം "മരണം വ്യർത്ഥമാക്കിയ ജീവിതത്തിനുനേരെ മനുഷ്യൻ കൈക്കൊണ്ട ജീവിതവീക്ഷണമാണെന്ന്" ഇവർ പ്രചരിപ്പിച്ചു. നിഷേധികളും ക്ഷോഭിക്കുന്നവരുമാണ് ആധുനികർ എന്ന് ഇവർ നിശ്ചയിച്ചു. 'അസ്തിത്വവാദം' എന്ന ചിന്താപദ്ധതി പ്രചാരം നേടുന്നതും ഈ കാലഘട്ടത്തിലാണ്.[9] ഫ്രാൻസ് കാഫ്കെ, അൽബർ കമു, ഷെനെ മുതലായ ചെറുകഥാകൃത്തുക്കളാണ് രചനയിൽ ഈ ആശയം ശക്തമായി അവതരിപ്പിച്ചത്. ഏകാകിയും ദുഃഖിതനും സാമൂഹ്യ നിയമങ്ങളുമായി പൊരുത്തപ്പെടാത്തവനും നിഷേധികളുമാണ് ഈ കഥകളിൽ നിറഞ്ഞുനിൽക്കുന്നത്.

**6.2.5.** മനുഷ്യന്റെ പരമാധികാരത്തെയും, പൂർണ്ണനാണെന്ന വിശ്വാസത്തെയും തകർത്തുകളയുന്നതിനാണ് മോഡേണിറ്റി ശ്രമിച്ചത്. ഒരാളുടെ സത്ത എന്താണെന്ന് തീരുമാനിക്കുന്നത് അയാളുടെ അസ്തിത്വമാണ്. അസ്തിത്വം നിർണ്ണയിക്കുന്നത് സാഹചര്യങ്ങളാണ്. സ്വതന്ത്രമായോ നിർബന്ധിതമായോ ആയി തിരഞ്ഞെടുക്കുന്ന കർമ്മ പരമ്പരകളിലൂടെ ഒരാൾ ബാഹ്യലോകവുമായി ബന്ധപ്പെടുമ്പോഴാണ് അസ്തിത്വം പ്രകടമാകുന്നത്. എന്നാൽ മനുഷ്യന് സ്വതന്ത്രമായി തെരഞ്ഞെടുക്കാനുള്ള സാധ്യത വിരളമാണ്.

അതിനാൽ മനുഷ്യാസ്തിത്വം ഒരു പ്രഹേളികയാണെന്നും ജീവിതം നിർവചിക്കാൻ കഴിയാത്ത സമസ്യയാണെന്നും മരിക്കാൻ നിയോഗിക്കപ്പെട്ട മനുഷ്യജീവിതം ഉൽക്കണ്ഠ മാത്രമാണെന്നും ആധുനികതാവാദികൾ പ്രഖ്യാപിച്ചു. ഇവരുടെ കഥകളിലധികവും കഠിനമായ മാനസികപീഢയേൽക്കുന്നവരുടെ പ്രമേയ (obsessive theme) മാണ് കടന്നു വന്നത്. നഗ്നമായ മനുഷ്യമനസ്സിന്റെ സങ്കീർണ്ണഭാവങ്ങൾ അവതരിപ്പിക്കാനാണ് തങ്ങൾ ശ്രമിക്കുന്നത് എന്ന് ഇവർ കരുതി. കലാസൃഷ്ടിക്കുവേണ്ടി സ്വയം ജ്വലിക്കാൻ തയ്യാറാ കണമെന്ന് അവർ വിശ്വസിച്ചു. ജീവിതത്തെക്കുറിച്ച് കേൾക്കുന്ന മിഥ്യകളിൽനിന്നെല്ലാം രക്ഷപ്പെട്ട്, ദുരന്തത്തേയും മരണത്തേയും കുറിച്ച് ബോധവാനായ വ്യക്തിയെ പിൻതുട രാൻ അൽബർട്ട് കമു എഴുത്തുകാരോട് നിർദ്ദേശിച്ചു. 'Absord man' എന്നാണ് ഈ വ്യക്തിയെ കമ്മ്യൂ വിശേഷിപ്പിച്ചത്.[10] മനുഷ്യന്റെ ഏകാന്തത, ആത്മപ്രകാശനത്തിന്റെ അസാദ്ധ്യത, അവനവനെ കുറിച്ചുള്ള അന്വേഷണം അനിശ്ചിതത്വത്തിലെത്തുമ്പോൾ ഉണ്ടാകുന്ന അശാന്തി, മരണമെന്ന അനിവാര്യത സൃഷ്ടിക്കുന്ന ആധി ഇവയെല്ലാം കഥകളിലൂടെ അവതരിപ്പിക്കാൻ ഇവൾ ശ്രമിച്ചു. എല്ലാതരം യുക്തിബോധങ്ങളെയും ഇവർ നിരസിച്ചു. ഈ ലോകത്ത് മനുഷ്യൻ ഒരു അന്യനാണ് (outsider) എന്നും ലോകം ഒരു തടവറയാണ് എന്നും ഇവർ പ്രചരിപ്പിച്ചു.[11] എല്ലാതരം മൂല്യസങ്കല്പങ്ങളും നിര സിക്കപ്പെടുന്നതും ഈ കാലഘട്ടത്തിലെ കഥകളിലാണ്. കണ്ടെത്തലിന്റെ അസാദ്ധ്യത യിലേക്കുള്ള നിരന്തരമായ അന്വേഷണമാണ് കലാസൃഷ്ടിയിൽ ഏർപ്പെടൽ എന്നും മൂല്യമില്ലാത്ത ഒരു ലോകത്ത് മൂല്യം കണ്ടെത്താനുള്ള ബാദ്ധ്യതയാണ് കലാകാരനിൽ നിക്ഷിപ്തമായിരിക്കുന്നത് എന്നും ഇവർ കരുതി. "ദാർശനികദുഃഖം" എന്ന ഒരു സാങ്കേ തികപദവും ഇതിനോടൊപ്പം പ്രചാരത്തിൽവന്നു. കാല്പനികതാഘട്ടം മുതൽ 'ദുഃഖി തനായ ഏകാകി' എന്ന ഒരു സങ്കല്പം സാഹിത്യലോകത്തുണ്ട്. എന്നാൽ കാല്പനിക തയിലെ ദുഃഖം വികാരതലത്തിലൂടെ മാത്രം ആവിഷ്കൃതമാകുന്നതാണെന്നും സൃഷ്ടിയെ

അസ്തിത്വത്തിന്റെ ദുരൂഹതക്കെതിരെയുള്ള പ്രതിഷേധമാക്കി മാറ്റിയ ആധുനികത നിര ന്തരമായി പീഡിപ്പിക്കുന്ന ഒരു തത്വചിന്തയാണെന്നും അതിന്റെ അടിസ്ഥാന സ്വഭാവം തന്നെയാണ് ദാർശനികദുഃഖം എന്ന വാക്ക് പ്രതിനിധാനം ചെയ്യുന്നത് എന്നും ഇവർ വ്യക്തമാക്കി.

ഭാഷാശാസ്ത്രത്തിലും സാഹിത്യവിമർശനത്തിലും സ്വാധീനം ചെലുത്തിയ ഘട നാവാദം 'മനുഷ്യസങ്കല്പത്തിൽ വലിയ വിള്ളലുകൾ സൃഷ്ടിച്ചു. മറ്റെല്ലാ ജീവജാല ങ്ങളിൽനിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്ന ഭാഷയും ഭാഷണവും മനുഷ്യൻ കരു തുന്നത്ര ആധികാരികമല്ല എന്ന ബോധം വളർത്തിയത് ഘടനാവാദമാണ്. സാഹിത്യ ത്തിൽ പ്രത്യക്ഷപ്പെട്ട മോഡേണിറ്റിയും അനുബന്ധചിന്തകളും മനുഷ്യനെയും മാന വികതാസങ്കല്പത്തെയും ചോദ്യം ചെയ്തു.

### 6.3. ആധുനികതയും മലയാളസാഹിത്യവും

പാശ്ചാത്യ രാജ്യങ്ങളിലുണ്ടായ ആധുനികതാബോധവും അതിന്റെ അനുരണന ങ്ങളായി വിശദീകരിച്ച ചിന്താപദ്ധതികളും മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത് 1960കളുടെ അവസാനത്തിലാണ്. ഭാഷാസാഹിത്യത്തിലെ ആധുനികപ്രവണതകളെ കുറി ച്ചുള്ള വിശദമായ ചർച്ച ഈ സന്ദർഭത്തിൽ സംഗതമല്ല. ഈ മേഖലയെക്കുറിച്ച് നിര വധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. കഥയിലെ ആധുനിക പ്രവണതകളെ കുറിച്ചുള്ള പഠനത്തിന് സഹായകമായ ചില സൂചനകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത് എൻ. വി. കൃഷ്ണവാരിയർ, അയ്യപ്പപ്പണിക്കർ, അക്കിത്തം, കക്കാട് മുതലായവർ നിലവിലി രുന്ന കാല്പനിക പ്രവണതകളെ നിഷേധിച്ച് നടത്തിയ രചനകളാണ് കവിതയിൽ ആധു നികമെന്ന് വിശേഷിപ്പിക്കപ്പെട്ടത്. കവിതയുടെ മൃദുലഭാവങ്ങൾ ഇല്ലാതാക്കാനും വിരു ദ്ധബിംബകല്പനകളെ ഉപയോഗിക്കാനും ഈ കവികൾ ശ്രദ്ധിച്ചു. വൈലോപ്പിള്ളി ശ്രീധ

രമേനോൻ, ഇടശ്ശേരി ഗോവിന്ദൻനായർ മുതലായ കവികൾ ഈ പരിണാമത്തിന് തുടക്കം കുറിച്ചിരുന്നു. ഗദ്യത്തിന്റേയും പദ്യത്തിന്റേയും അതിർരേഖകൾ മായാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. നിരൂപണത്തിൽ എൻ.വി. കൃഷ്ണവാരിയർ, എം.എൻ. വിജയൻ, എം. ലീലാവതി തുടങ്ങിയ എഴുത്തുകാർ നവീന രീതികൾ ഉപയോഗിക്കാൻ തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. നിരൂപണത്തിലെ 'പഴയ തെറ്റുകളും പുതിയ ശരികളും' ഇവർ ആധുനികതയുടെ കാഴ്ചപ്പാടിൽ വിശദീകരിച്ചു. സിഗ്മണ്ട് ഫ്രോയിഡ്, സി.ജി. യുങ് എന്നിവർ ആവിഷ്കരിച്ച മനോവിശ്ലേഷണസിദ്ധാന്തം സാഹിത്യവിമർശനത്തിൽ സജീവമായി.

സാഹിത്യത്തിന്റെ ഇതരശാഖകളിലും ചിത്രകല, രംഗകല, സിനിമ എന്നിവയിലും ആധുനിക പ്രവണതകൾ പ്രത്യക്ഷപ്പെടുന്നത് ഈ കാലയളവിലാണ്. മലയാള ചെറുകഥയിലെ ആധുനികത ആ സാഹിത്യരൂപത്തിൽ മാത്രം പ്രത്യക്ഷപ്പെട്ട ഒറ്റപ്പെട്ട പ്രവണത ആയിരുന്നില്ല.

**6.3.1.** മാറുന്ന കാലത്തിന്റെ തത്വചിന്തകളും അനുഭവചിത്രങ്ങളും ആദ്യം പ്രത്യക്ഷപ്പെടുന്നത് കഥാസാഹിത്യത്തിലാണ്. കഥയ്ക്ക് കൂടുതൽ വായനക്കാർ ഉള്ളതിനാൽ പുതിയ ഭാവുകത്വത്തെ സൃഷ്ടിച്ചെടുക്കാൻ കഥാകാരനു വേഗത്തിൽ കഴിയുന്നു. നവോത്ഥാന കാലഘട്ടത്തിൽ കഥ എന്ന സാഹിത്യജനുസ്സിനുണ്ടായിരുന്ന സ്വീകാര്യതയും ആധുനിക കഥയുടെ വളർച്ചയ്ക്ക് സഹായകമായി. കഥയിലെ ആധുനിക പ്രവണതകൾക്ക് തുടക്കം കുറിച്ചവരിൽ ആദ്യം പരിഗണിക്കപ്പെടുന്നത് എം.ടി. വാസുദേവൻനായർ ടി. പത്മനാഭൻ എന്നിവരാണ്. മലയാള ചെറുകഥയിലെ ആധുനികതയെ രണ്ടുഘട്ടങ്ങളിലായി തിരിക്കാമെന്നും, കാക്കനാടൻ മുതൽ ആരംഭിക്കുന്ന രണ്ടാമത്തെ ഘട്ടത്തിലാണ് പാശ്ചാത്യരചനകളിലെ ആധുനികതയോട് അടുത്തുനിൽക്കുന്ന പ്രവണതകൾ മലയാളകഥയിൽ പ്രത്യക്ഷപ്പെടുന്നത് എന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. എൻ.പി.

മുഹമ്മദ്, കോവിലൻ, പാറപ്പുറത്ത് നന്തനാർ, എൻ. മോഹനൻ, രാജലക്ഷ്മി, ഇ. വാസു, ജി.എൻ. പണിക്കർ, സി. രാധാകൃഷ്ണൻ തുടങ്ങിയവരെല്ലാം നവോത്ഥാനകാലത്തിന്റെ ഒപ്പം സാഹിത്യരചനയിലേക്ക് കടന്നുവന്നവരും ആധുനികതയുടെ ആദ്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നവരുമാണ്. എം.ടി. വാസുദേവൻനായരും ടി. പത്മനാഭനും മാധവിക്കുട്ടിയും ഭാവുകത്വപരിണാമത്തിന് ബോധപൂർവ്വം ശ്രമിച്ചവരാണ്. ഈ കാലഘട്ടത്തിലെ കഥകളുടെ മുഴുവൻ സവിശേഷതകളും പരാമർശിക്കുന്നതിൽ സാംഗത്യമില്ലാത്തതിനാൽ മനുഷ്യസങ്കല്പത്തിൽ വന്ന മാറ്റത്തിനാണ് ഈ വിവരണത്തിൽ ഊന്നൽ നൽകുന്നത്.

### 6.4. കഥയും ആധുനികതയും മനുഷ്യനും

ആത്മാംശമുള്ള മനുഷ്യനെ മലയാള വായനക്കാരൻ ഏറ്റവും അടുത്ത് അനുഭവിച്ചത് ചെറുകഥയിലാണ്. വായനക്കുശേഷം തന്നെ നിരന്തരം പിൻതുടരുകയും വേദനകളിൽ സമാശ്വസിപ്പിക്കുകയും സന്തോഷങ്ങളിൽ മുന്നറിയിപ്പ് നൽകുകയും ജീവിതത്തിൽ മുൻകരുതലുകളെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളെ വായനാനുഭവമായി സ്വീകരിച്ചവരാണ് മലയാളികൾ. ഈ വായനാനുഭവം നിരൂപണദൃഷ്ട്യാ ശരിയായിരിക്കുകയില്ലെങ്കിലും, മലയാളവായനക്കാർക്ക് പ്രിയപ്പെട്ടതായിരുന്നു. ആ 'മനുഷ്യ'നെ ആധുനികത സമീപിച്ചത് ഏതുപ്രകാരത്തിലാണെന്ന അന്വേഷണം പ്രസക്തമാണ്.

**6.4.1.** ഒരു നിശ്ചിത ലക്ഷ്യത്തിലെത്തി ചേരുമെന്ന ധാരണ സമൂഹത്തിൽ വളർത്തുന്നതിന് ശ്രമിച്ച നവോത്ഥാന കഥയിലെ 'മനുഷ്യൻ' ക്രമേണ ഇല്ലാതാകാൻ തുടങ്ങുന്നത് ഈ ഘട്ടത്തിലാണ്. മനുഷ്യനെ സംബന്ധിച്ചുള്ള പരിചിത യാഥാർത്ഥ്യങ്ങൾ, അവ പരിചിതമാണ് എന്നതുകൊണ്ടുതന്നെ അപ്രസക്തമാണെന്ന് ആധുനിക ചെറുകഥാകൃ

ത്തുക്കൾ കരുതി. യാഥാർത്ഥ്യത്തെ പൂർണ്ണമായും കാണാൻ, തങ്ങളുടെ മുൻഗാമികളായ ചെറുകഥാകൃത്തുക്കൾക്ക് കഴിഞ്ഞിട്ടില്ലെന്ന് ഇവർ കരുതി. കഥാഖ്യാനം, സത്യം ഗ്രഹിക്കാനുള്ള ഒരു തീവ്രപ്രയത്നമായി ഇവർ കണക്കാക്കി. ചലനാത്മകമായ സമൂഹത്തിലെ കർമ്മനിരതനായിരുന്ന മനുഷ്യനിൽനിന്ന് നിഷ്ക്രിയനും ഒറ്റപ്പെട്ടവനുമായ മനുഷ്യനിലേക്കാണ് ഇവരുടെ ശ്രദ്ധ തിരിഞ്ഞത്. തത്വശാസ്ത്രങ്ങൾക്കും ദർശനങ്ങൾക്കും മനുഷ്യനെ സഹായിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ഇവർ വിശ്വസിച്ചു. സ്ഥിരോത്സാഹിയായ മനുഷ്യൻ പ്രത്യക്ഷപ്പെട്ടിരുന്ന നവോത്ഥാനകഥയുടെ വായനാനുഭവം പ്രതീക്ഷയുടേതായിരുന്നു. ഓർമ്മിയ്ക്കുന്നവനും ഒറ്റപ്പെട്ടവനും കഥാപാത്രങ്ങളായി കടന്നുവന്ന ആധുനികകഥയിലെ ആദ്യഘട്ടം ആശിയ്ക്കാൻ ഒന്നുമില്ലെന്ന് വായനക്കാരോട് ആവർത്തിച്ചുപറഞ്ഞുകൊണ്ടിരുന്നു. സാമൂഹികജീവിതത്തിൽ അലിഞ്ഞുചേരുന്ന വ്യക്തിയെ അവതരിപ്പിച്ച നവോത്ഥാനകാലകഥകളിൽനിന്നും വ്യത്യസ്തമായി, 'ആൾക്കൂട്ടത്തിൽ തനിയെ' കഴിയുന്ന വ്യക്തിയെയാണ് ആധുനികതയുടെ ആദ്യഘട്ടത്തിലെ കഥകൾ ചിത്രീകരിച്ചത്. സ്നേഹിക്കാൻ കഴിയുന്ന ഒരു ലോകത്തേയും മനുഷ്യരേയും ചിത്രീകരിച്ച നവോത്ഥാന കഥാകാരൻ അതിൽ പരസ്പരവിശ്വാസത്തിനുള്ള സ്ഥാനം ആവർത്തിച്ച് ഉറപ്പിച്ചുകൊണ്ടിരുന്നു. കളങ്കമുള്ള സ്നേഹത്തെ അവർ കണ്ടിരുന്നുവെങ്കിലും അത് ഏൽപ്പിക്കുന്ന മുറിവുകൾ കാലാന്തരത്തിൽ മാഞ്ഞുപോകുമെന്ന് അവർ കരുതി. സ്നേഹം നഷ്ടപ്പെട്ട സമൂഹത്തിൽനിന്ന് ആത്മാവിലേറ്റ മുറിവുമായി ജീവിക്കുന്നവരാണ് ആധുനിക കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ഓരോ അനുഭവവും 'ഹൃദയത്തിലെ പഴയ മുറിവ് വീണ്ടും പൊട്ടിചോരയൊലിക്കുന്ന' അവസ്ഥയിലെത്തിക്കുന്നു എന്ന് ഇവർ കരുതി. പല കാരണങ്ങളാൽ നഗരങ്ങളിലേക്ക് പറിച്ചുനടപ്പെട്ട മനുഷ്യരാണ് ആധുനികകഥയിൽ പ്രത്യക്ഷപ്പെടുന്നത്. പരസ്പരം അറിയുന്ന, അറിവും അനുഭവവും പങ്കുവെക്കുന്ന ഗ്രാമീണാന്തരീക്ഷമാണ് നവോത്ഥാനകാലകഥയുടെ പശ്ചാ

ത്തലം. തികച്ചും വ്യത്യസ്തമായ നഗരം ഉണ്ടാക്കുന്ന മാനസികാസ്വസ്ഥ്യമാണ് ആധുനിക ചെറുകഥയിലെ മനുഷ്യസങ്കല്പത്തെ സ്വാധീനിച്ചത്.

**6.4.2.** സഹജീവിയോട് എല്ലാം പറഞ്ഞ്, മനസ്സിന്റെ ഭാരമൊഴിവാക്കുന്ന ഗ്രാമീണ നിഷ്കളങ്കതയിൽനിന്ന്, തന്നോടുതന്നെ പറഞ്ഞ് സ്വാസ്ഥ്യം നഷ്ടപ്പെട്ട്, 'മനസ്സുതന്നെ ഒരു ഭാരമായി'ത്തീരുന്ന അവസ്ഥയിലേക്ക് നഗരജീവിതം മനുഷ്യനെ എത്തിച്ചു. മണ്ണ്, കൃഷി, വളർത്തുമൃഗങ്ങൾ, പ്രകൃതിവിഭവങ്ങൾ ഇവയെ എല്ലാം അന്യഥാബോധത്തോടെ നോക്കുന്ന നാഗരികഗ്രാമീണനാണ് ആദ്യകാല ആധുനികകഥയിലെ 'വ്യക്തി'. മനുഷ്യനിലെ മനുഷ്യനെ അന്വേഷിക്കാൻ ശ്രമിച്ച ഈ എഴുത്തുകാർ, കൊളോണിയൽ പാരമ്പര്യം സൃഷ്ടിച്ച ഒരു മാനസികാവസ്ഥയും നാടുവാഴിത്തവും നവമുതലാളിത്തവും ചേർന്നു സൃഷ്ടിച്ച ഒരു സാമൂഹികാവസ്ഥയും നവസ്വതന്ത്രദേശരാഷ്ട്രത്തിലെ പൗരബോധം സൃഷ്ടിച്ച മൂല്യവ്യവസ്ഥയും ചേർന്ന് സങ്കീർണ്ണമാക്കിയ മനുഷ്യാവസ്ഥയെയാണ് അവതരിപ്പിച്ചത്. മനുഷ്യന്റെ പ്രശ്നങ്ങൾ ഭൗതികമല്ലെന്നും അതിനാൽ അവ പരിഹരിക്കുവാൻ കഴിയില്ലെന്നും ഇതിൽ ഒരു വിഭാഗം എഴുത്തുകാർ കരുതി. അതുകൊണ്ടുതന്നെ അനുഭവാവിഷ്കാരത്തിന്റെ മേൽ ദാർശനികവും പ്രത്യയശാസ്ത്രപരവുമായ നിയന്ത്രണം ഈ ആധുനിക ചെറുകഥാകൃത്ത് ഇഷ്ടപ്പെട്ടില്ല. ദർശനങ്ങളാലും തത്വശാസ്ത്രങ്ങളാലും തീവ്രമായി സ്വാധീനിക്കപ്പെട്ടവരായിരുന്നു ഈ ഗണത്തിൽപ്പെട്ട മറ്റൊരു വിഭാഗം. മാനവപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിലവിലുള്ള ദർശനങ്ങൾക്ക് കഴിവില്ലെന്നും മറ്റൊരു പോംവഴി ആവശ്യമായി വന്നിരിക്കുന്നുവെന്നും ഇവർ കരുതി.

**6.4.3.** കഥാസാഹിത്യത്തിന് വായനക്കാർ വർദ്ധിച്ച ഒരു കാലഘട്ടമായി അറുപതുകൾ മുതൽക്കുള്ള കാലം മാറിയിരുന്നു. സാർവത്രികമാകാനാരംഭിച്ച ആധുനിക വിദ്യാഭ്യാസം വായനാശീലമുള്ള ചെറുപ്പക്കാരെ വളർത്തി. സിവിൽ സർവ്വീസ് ശക്തിപ്പെട്ടതോടെ സാമൂ

ഹ്യബന്ധത്തിന്റെ വ്യാപ്തി വർദ്ധിച്ചു. സൈന്യം, മറ്റ് അഖിലേന്ത്യാ സർവ്വീസുകൾ എന്നിവയിലേക്ക് പ്രദേശഭേദമില്ലാതെ ആളുകൾക്ക് പ്രവേശനം ലഭിച്ചു. ഇത് ദേശരാഷ്ട്രത്തേയും വിദേശരാഷ്ട്രങ്ങളേയും അടുത്തറിയാൻ അവസരമുണ്ടാക്കി. മൂലധനം കേന്ദ്രീകരിച്ച പ്രദേശങ്ങളിൽ നഗരം രൂപപ്പെടുകയും, ചെറുകഥ അതിന്റെ വികാസത്തിന് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയിലെത്തുകയും ചെയ്തു. കുടിയേറ്റങ്ങളുടെ സ്വഭാവം മാറുകയും പല കാരണങ്ങളാൽ പ്രവാസിയായി തീരേണ്ടിവരുന്ന മനുഷ്യൻ പ്രകടമായ ഒറ്റപ്പെടലുകളുടെ തീക്ഷ്ണത അനുഭവിക്കുന്നവനായി തീരുകയും ചെയ്തു. അന്യനാടുകളിലെ കഥകളും രചനാസങ്കേതങ്ങളും പരിചയപ്പെട്ട വായനക്കാരനോട് ശ്രദ്ധാപൂർവം പെരുമാറാൻ കഥാകൃത്ത് നിർബന്ധിതനായി എന്നത് രചനാപക്ഷത്തെ സവിശേഷതയായിരുന്നു.

ആധുനികതാഘട്ടത്തിലെ മറ്റ് സാഹിത്യരൂപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെറുകഥക്കുതന്നെയായിരുന്നു അനുശീലനം സിദ്ധിച്ച വായനക്കാർ കൂടുതൽ. നവോത്ഥാനകാലവും ആ കാലഘട്ടത്തിലെ ചെറുകഥയും സൃഷ്ടിച്ച മനുഷ്യസങ്കല്പത്തേയും മാനവികതാബോധത്തേയും സംശയാസ്പദമായാണ് ആധുനികകഥ വീക്ഷിച്ചത്.

**6.4.4.** ഏതൊരു എഴുത്തുകാരനെയും, ആധുനികമെന്നു ചരിത്രം വിശേഷിപ്പിക്കുമ്പോഴും അയാൾ സ്വയം വിശ്വസിക്കുമ്പോഴും ഭൂതകാലത്തിന്റെ നിരവധി ഘടകങ്ങൾ ആ എഴുത്തുകാരനെ സ്വാധീനിച്ചിരിക്കും. ആധുനികതയുടെ കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന മിക്ക എഴുത്തുകാരും നവോത്ഥാന കഥാകാരൻമാരിൽനിന്ന് ബാലപാഠങ്ങൾ പഠിച്ചവരായിരുന്നു. പാശ്ചാത്യരചനകൾ വായിച്ച് അറിയുകയും നാഗരികജീവിതത്തിലൂടെ അനുഭവിക്കുകയും ചെയ്ത ആധുനിക ജീവിതം അവതരിപ്പിക്കുന്നിടത്തുപോലും തൊട്ടുമുമ്പുള്ള കഥാകാരൻമാരുടെ വീക്ഷണം ഇവരെ സ്വാധീനിച്ചു. സംവേദനശീലത്തെ മാറ്റുന്നതിലാണ് കലാകാരന്റെ വിജയമെങ്കിലും ഭാവുകന്റെ നിലപാടുകൾ സുശക്തമാ

യിരിക്കുമെന്ന് കലാകാരൻമാർ കരുതുന്നു. യുക്തിസഹമല്ലാത്ത തീർപ്പുകളെ ഉൾക്കൊള്ളാൻ വായനക്കാരൻ നിയുക്തനല്ല.

നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ പാശ്ചാത്യ മനുഷ്യസങ്കല്പത്തെ അതേ പ്രകാരത്തിൽ സ്വീകരിച്ചിരുന്നില്ല. മാനവികതാ സങ്കല്പത്തിലും സവിശേഷമായ വ്യതിരിക്തതകൾ പുലർത്തിയിരുന്നു. മനുഷ്യൻ സമൂഹത്തിലലിഞ്ഞുചേരുമ്പോഴാണ് മനുഷ്യനായി തീരുന്നത് എന്നും അതിലൂടെയാണ് മൂല്യബോധം പ്രസരിതമാകുന്നത് എന്നും മലയാളിയെ പഠിപ്പിക്കുന്നത് നവോത്ഥാനകാല കഥാകാരനാണ്.

**6.4.5.** നവോത്ഥാനകാലകഥയിൽനിന്ന് നാം ചെന്നെത്തിയ നിഗമനങ്ങൾ ആദ്യകാല ആധുനികകഥയുമായി താരതമ്യം ചെയ്യുന്നത്, കൂടുതൽ വ്യക്തത വരാൻ സഹായകമാണ്. ഭൂബന്ധങ്ങളിൽ വന്ന മാറ്റം, തൊഴിൽ സംസ്കാരത്തിൽ വന്ന വ്യതിയാനങ്ങൾ നഗരവല്കരണം സൃഷ്ടിച്ച ആഘാതങ്ങൾ എന്നിവ ആധുനികകഥയിൽ പ്രത്യക്ഷപ്പെടുന്നത് ശ്രദ്ധേയമാണ്. നഗരത്തിലേക്ക് പറിച്ചുനട്ട ജീവിതത്തിന്റെ തായ്‌വേര് ഗ്രാമത്തിൽതന്നെ നില്ക്കുന്നതിന്റെ ആകുലത എംടി തുറന്നുപറഞ്ഞിട്ടുണ്ട്. തന്റെ തെരഞ്ഞെടുത്ത കഥകൾ 1968ൽ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം എഴുതിയ 'നന്ദി' എന്ന ചെറുകുറിപ്പിന്റെ അവസാനഭാഗത്ത് ഇതുകാണാം.[12] കൂടല്ലൂർ എന്ന തന്റെ ചെറിയ ഗ്രാമത്തിനോടുള്ള ആത്മബന്ധം അദ്ദേഹത്തിന്റെ ആത്മാംശമുള്ള കഥാപാത്രങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നു. കൃഷിഭൂമിയിൽനിന്നും അകന്ന് പ്രതിഫലംപറ്റുന്ന മറ്റ് തൊഴിലുകളിലേക്ക് വഴിപിരിഞ്ഞവന്റെ ആത്മനൊമ്പരങ്ങൾ ആ കഥകളിൽ കാണാം. വിത്തുകൾ, അയൽക്കാർ, ഭീരു, ബന്ധനം എന്നീ കഥകളിൽ 'ഗ്രാമശ്രീകളിൽ' നിന്നകലുന്നതിന്റെ ഹൃദയവേദനയാണ് എംടി ചിത്രീകരിച്ചത്.[13]

**6.4.6.** ടി പത്മനാഭന്റെ "കത്തുന്ന ഒരു രഥചക്രം" എന്ന കഥ ആധുനികകഥയുടെ ഒരു

മാതൃകയായി ഇവിടെ സൂചിപ്പിക്കുന്നു.[14] ഫാക്ടറിയിൽ ഉയർന്ന ജോലി സ്വീകരിച്ച് നഗരത്തിലെ ടൗൺഷിപ്പിൽ താമസമാക്കിയ ഗ്രാമീണൻ കഥാനായകനായി വരുന്ന ഈ രചനയിൽ മനുഷ്യനുമായി ബന്ധപ്പെട്ട മിക്ക പ്രശ്നങ്ങളും അതിന്റെ സമഗ്രതയിൽ കഥാകാരൻ ചിത്രീകരിക്കുന്നു. 'പൈതലേ വേറിട്ടുപോയ പശുവിനുള്ളാധി' എന്ന നില യിലാണ് കഥ അവതരിപ്പിക്കപ്പെടുന്നത്. "ഇരുട്ടിന്റെ വാതിൽ തുറന്നെത്തുന്ന വെളിച്ചം പോലെ"യാണ് അമ്മയും ഗ്രാമവും വീടും കഥാനായകന്റെ മനസ്സിലേക്ക് കടന്നുവരു ന്നത്.

വീട് നഷ്ടപ്പെടുന്നവന്റെ വ്യഥ പത്മനാഭന്റെ കഥകളിൽ നിറഞ്ഞുനില്ക്കുന്നു. "വീടു നഷ്ടപ്പെട്ട ഒരു കുട്ടി" എന്ന കഥാസമാഹാരവും കാലഭൈരവൻ എന്ന കഥാസ മാഹാരത്തിലെ വീടുനഷ്ടപ്പെടുന്നവർ എന്ന കഥയും ശ്രദ്ധിച്ചുവായിച്ചാൽ ആധുനിക മലയാളകഥയുടെ ആദ്യഘട്ടത്തിലെ ഗൃഹാതുരതാചിത്രണത്തിന്റെ വ്യാപ്തി നമുക്ക് മനസ്സിലാക്കാം. വീടിനെക്കുറിച്ചും വീട് അനുഭവിപ്പിക്കുന്ന സൗഖ്യങ്ങളെ കുറിച്ചും പത്മനാഭന്റെ കഥകളെ മുൻനിർത്തി തോമസ്മാത്യു നടത്തുന്ന നിരീക്ഷണം ശ്രദ്ധേയ മാണ്.

"കലാനുഭവത്തെ വിവരിക്കാൻ എമ്പതി (Empathy) എന്നൊരു പദം ഉപയോഗി ക്കാറുണ്ടല്ലോ. അത് സഹതാപം (Sympathy) അല്ല. അവയുടെ വ്യത്യാസം വളരെ പ്രധാ നമാണ്. സഹതാപത്തിൽ തന്മയീഭവിക്കലില്ല. മറ്റൊരാളുടെ അനുഭവം തന്റേതായിതീര ലില്ല. അകന്നുനിന്നുകൊണ്ട്, മറ്റൊരാളായി നിന്നുകൊണ്ട് അനുഭവത്തോട് പ്രതികരി ക്കുകയാണ് അവിടെ. അനുഭവിക്കുന്നവനും അനുതപിക്കുന്നവനും വേറേ വേറെ നിൽക്കു ന്നു. എമ്പതി ഈ വ്യത്യാസം മായ്ച്ചുകളയുന്നു."[15]

കഥയുടെ മാസ്മരികശക്തി മനസ്സിലാക്കി മനുഷ്യനെ ആ അർത്ഥത്തിൽ നില

നിർത്താൻ തന്നെയാണ് ആധുനികകഥയുടെ ആദ്യഘട്ടം ശ്രമിച്ചത്.

**6.4.7.** മാധവിക്കുട്ടിയുടെ കഥകളിലും അനുതാപാർദ്രമായ ഒരു രചനാമനസ്സ് നമുക്ക് അനുഭവപ്പെടുന്നു. നെയ്പായസം, കോലാട് തുടങ്ങിയ കഥകൾക്ക് നിരവധി വ്യത്യസ്ത വായനകളെ നൽകാൻ കഴിയുന്നു എന്നതും ശ്രദ്ധേയമാണ്. ഏകാകികളുടെ ലോകത്തെ കാല്പനിക ശൈലിയിലവതരിപ്പിച്ച ആധുനിക മലയാള ചെറുകഥയുടെ ആദ്യഘട്ടം മനുഷ്യമഹത്വം നിന്ദിക്കപ്പെടുന്നതിലാണ് വ്യാകുലപ്പെടുന്നത്. "ജയിച്ചുകയറുന്ന മിടുക്കൻമാർക്കുള്ളതാണ് ലോകം" എന്ന ധാരണയോട് ഇവർ നിരന്തരം കലഹിച്ചു. ശൈശവത്തിന്റെ നിഷ്കളങ്കതയിൽനിന്ന് ബാല്യകൗമാരങ്ങളിലൂടെ യൗവനത്തിലെത്തുമ്പോഴേക്ക് കളങ്കങ്ങളുടെ പര്യായമായ മനുഷ്യനായി മാറുന്നു എന്നാണ് ഇവർ കരുതിയത്.

**6.4.8.** ആധുനികതയുടെ ആദ്യഘട്ടം നവോത്ഥാന കഥാകാരൻമാരുടെ മനുഷ്യസങ്കല്പത്തിന്റെ തുടർച്ചയാണ്. നവോത്ഥാന ചെറുകഥാകൃത്തുക്കൾ പങ്കുവെക്കാൻ ശ്രമിച്ച ആശങ്കകൾ അസ്ഥാനത്തായിരുന്നില്ല എന്ന് ഇവർ കരുതി. ചില മൂല്യങ്ങൾ കാലഹരണപ്പെട്ട നാണയങ്ങൾപോലെ നിലനിൽക്കുന്നു എന്ന് ഇവർ വിശ്വസിച്ചു. ക്രയവിക്രയത്തിൽ സ്വീകരിക്കപ്പെടാതെ പോകുകയും നിയമാനുസൃതം പ്രചാരത്തിലിരിക്കുകയും ചെയ്യുന്ന നാണയങ്ങളിലൊന്നായി മാനവികത മാറുന്നു എന്ന് ഇവർ ഭയപ്പെട്ടു. ഇത്തരം ഒരവസ്ഥയിൽ കലാകാരന്റെ പങ്കിനേയും ഇവർ തിരിച്ചറിഞ്ഞു. പ്രായോഗികബുദ്ധിയും പ്രയോജനവാദവും ചേർന്ന് ഭൂമി നശിച്ചുകൊണ്ടിരിക്കുന്നതിനെ വിചാരണ ചെയ്ത് അതിൽ തങ്ങൾക്കുള്ള ഓഹരി ഇവർ വേർതിരിച്ചുവെച്ചു. മനുഷ്യരോട് മുഖംതിരിഞ്ഞു നിൽക്കാനോ മാനവികതയുടെ ഊർജ്ജത്തെ നിരസിക്കാനോ ഇവർ തയ്യാറായില്ല.

ആധുനിക മലയാള ചെറുകഥാകൃത്ത് 'മനുഷ്യനിലെ' മനുഷ്യനെ അന്വേഷിച്ചതിലുണ്ടായ അനുഭവം താഴെ പറയുന്ന പ്രകാരം ക്രമീകരിക്കാം.

* പൂർണ്ണത എന്ന സങ്കല്പം അപ്രാപ്യമാണെന്നു വിശ്വസിച്ച ആധുനികത പൂർണ്ണ മനുഷ്യനെ അന്വേഷിച്ചതേയില്ല.

* മനുഷ്യനെ നിർവ്വചിക്കുന്നത് പരിസരങ്ങൾ ആകയാൽ സ്വയം കണ്ടെത്താൻ അവനു കഴിയാതെ പോകുന്നുവെന്ന് അവർ വിശ്വസിച്ചു.

* അവകാശങ്ങളും ചുമതലകളുമാണ് പൂർണ്ണ പൗരനെ സൃഷ്ടിക്കുന്നത് എന്ന അധികാരഘടനയുടെ പ്രചരണത്തെ അവർ ചോദ്യം ചെയ്തു.

* മനുഷ്യന്റെ ആവശ്യവും അവകാശമെന്ന നിലയിൽ അവനു ലഭിക്കുന്ന കാര്യങ്ങളും പൊരുത്തപ്പെടുന്നില്ലെന്ന് അവർക്ക് തോന്നി. സംതൃപ്തി അനുഭവിക്കാൻ കഴിയാത്ത അവസ്ഥ, ചുമതലകളെ ദൈന്യതയോടെ വീക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. ചുമതലകൾ നിർബന്ധിതമായി ചെയ്തു തീർക്കേണ്ടവയായതിനാൽ അത് ആത്മവേദന വർദ്ധിപ്പിക്കുന്നു.

* മനുഷ്യനിലെ മനുഷ്യനിൽ വിരുദ്ധദ്വന്ദ്വങ്ങൾ തമ്മിൽ നടക്കുന്ന സംഘർഷത്തിന്റെ രംഗവേദിയാണ് അവന്റെ മനസ്സ് എന്ന് ഇവർ കരുതി. വ്യക്തി സ്വന്തം സ്വത്വത്തോട് നടത്തുന്ന സംഘർഷമാണ് സൂക്ഷ്മാംശത്തിൽ കഥയിൽ നടക്കുന്നത്.

ഗാർഹികാന്തരീക്ഷത്തിലെ വൈരുദ്ധ്യമാണ് മറ്റൊരു സംഘർഷതലം.. അച്ഛൻ/മകൻ, ഭാര്യ/ഭർത്താവ്, ഗാർഹികചുമതലകൾ നിർവ്വഹിക്കുന്നവൻ/ഉത്തരവാദിത്തമില്ലാത്തവൻ തുടങ്ങി ഈ വിരുദ്ധതകൾ നീണ്ടുപോകുന്നു.

ഈ ശൈഥില്യങ്ങൾ മനസ്സിനകത്ത് ഒതുങ്ങിനിൽക്കുന്നതിലെ ദുരന്തമാണ് കഥകൾ പ്രകടിപ്പിച്ചത്. 'മൂകശീതസങ്കരം' എന്ന് കവി പറയുന്ന അവസ്ഥ കഥയിൽ കൂടുതൽ അർത്ഥവത്തായി അവതരിപ്പിക്കാൻ എഴുത്തുകാർ ശ്രദ്ധിച്ചു.

വ്യക്തിയും സമൂഹവും തമ്മിലുള്ള സംഘർഷത്തിനും ഭിന്നതലങ്ങൾ ഉണ്ടായി. വിശ്വാസി/അവിശ്വാസി, ഗ്രാമീണൻ/നാഗരികൻ, കർഷകൻ/തൊഴിലാളി എന്നിങ്ങനെ മനുഷ്യനിലെ മനുഷ്യൻ വിഭജിതനാണ് എന്ന് ആധുനിക കഥ പറഞ്ഞുഫലിപ്പിക്കാൻ ശ്രമിച്ചു.

ഇത്തരം സൂക്ഷ്മവൈരുദ്ധ്യങ്ങൾ ക്രമാനുഗതമായി വികസിച്ച്, പൗരനും രാഷ്ട്രവും തമ്മിലും വ്യക്തിയും അധികാരവും തമ്മിലുമുള്ള സംഘർഷത്തിലെത്തുന്നു എന്നതാണ് ആധുനിക മലയാള ചെറുകഥയുടെ ആദ്യകാലഘട്ടം വിശ്വസിക്കുന്നത്. ഈ അവസ്ഥകൾ ചിത്രീകരിക്കുമ്പോഴും വ്യക്തി സമൂഹത്തേക്കാൾ ഉയർന്നുനിൽക്കുന്നു.

**6.5.** എന്നാൽ ആധുനികതയുടെ ദ്വിതീയഘട്ടം സ്വയമേവ സങ്കീർണ്ണമായിരുന്നു. ഒ.വി. വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, എൻ.എസ്. മാധവൻ, സക്കറിയ തുടങ്ങിയ എഴുത്തുകാർ ആധുനികോത്തരഘട്ടത്തിന്റെ പ്രതിനിധികളാണ്. ക്രമപ്പെടുത്തിവെച്ച ജീവിതത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതിനു മാത്രമാണ് ആധുനികതയുടെ ആദ്യഘട്ടത്തിലെ എഴുത്തുകാർ വായനക്കാരനെ പ്രേരിപ്പിച്ചത്. എല്ലാ 'ക്രമ'ങ്ങളും നിശ്ചിത താല്പര്യങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണെന്നും, ക്രമരാഹിത്യമാണ് കലാകാരൻ അന്വേഷിക്കേണ്ടതെന്നും ദ്വിതീയഘട്ടത്തിലെ എഴുത്തുകാർ വിശ്വസിച്ചു. പരമ്പരാഗതമായി കിട്ടിയ അറിവുകൾ മുതൽ ആധുനികവിജ്ഞാനം വരെ ഒന്നിനേയും വിശ്വസിക്കരുതെന്ന് മലയാള ചെറുകഥയിലെ ആധുനികത പ്രചരിപ്പിച്ചു. 'സദാചാരം' എന്ന വാക്കിനെ ഇവർ അംഗീകരിച്ചതേയില്ല. 'യുക്തി', വികാരത്തിന്റെ ശത്രുവാണെന്നും, വൈകാരികതയെ നിയന്ത്രിക്കുന്ന ഏതൊരു യുക്തിയും നിരസിക്കപ്പെടേണ്ടതാണെന്നും ഇവർ വാദിച്ചു. ശാസ്ത്രീയയുക്തി കഥയുമായി കലഹിക്കുന്ന സാഹചര്യം സംജാതമായി. എവിടെ? എന്തുകൊണ്ട്? എപ്പോൾ? എന്നീ ചോദ്യങ്ങൾ അപ്രസക്തമായി. നവോത്ഥാന കാലഘട്ടത്തിലെ മനുഷ്യന് യുക്തിവിചാരം നൽകിയ

ആത്മവിശ്വാസം അവിവേകമാണെന്ന് ഇവർ വാദിച്ചു. ഉദാരമാനവികതാബോധം ഈ കഥകൾ പരിഗണിച്ചതേയില്ല. ഭൗതികവികസനം, എതു നിലയിലുള്ളതായാലും വ്യക്തിയുടെ നേരേയുള്ള കടന്നാക്രമണമാണെന്ന് ഇവർ കരുതി. ആധുനികതയുടെ ഈ രണ്ടാമത്തെ ഘട്ടം നവോത്ഥാനകാലം നിർമ്മിച്ചെടുത്ത ആത്മവിശ്വാസമുള്ള മനുഷ്യനെ പൂർണ്ണമായും തകർക്കാൻ ലക്ഷ്യംവെച്ചു.

**6.5.1.** ഭൗതിക പ്രപഞ്ചത്തിനോട് യോഗാത്മകമായി താദാത്മ്യം പ്രാപിക്കാൻ ശ്രമിക്കുന്ന കഥാപാത്രങ്ങളാണ് വിജയന്റെ കഥകളിൽ പ്രത്യക്ഷപ്പെട്ടത്. തത്വശാസ്ത്രങ്ങളും ദർശനങ്ങളും മനുഷ്യന് ആശ്രയം നൽകുന്നില്ലെന്ന് ഈ കഥാകാരൻ വിശ്വസിച്ചു. ശൂന്യതാവാദമാണ് മുകുന്ദന്റെ കഥകൾ അവതരിപ്പിച്ചത്. പാശ്ചാത്യാധുനികതയുടെ സ്വാധീനം മുകുന്ദന്റെ കഥകളിൽ പ്രകടമാണ്. എല്ലാ അന്വേഷണങ്ങളും ശൂന്യതാബോധത്തെ ശക്തിപ്പെടുത്തുന്നു എന്ന അനുഭവമാണ് കഥകളിലൂടെ മുകുന്ദൻ പങ്കുവെച്ചത്. നിയമങ്ങളും, വിധികളും, അപവാദങ്ങളും മനുഷ്യനെ പരിഗണിക്കുന്നതേയില്ലെന്ന് കാക്കനാടന്റെ കഥകളും കഥാപാത്രങ്ങളും വിശ്വസിച്ചു. ജീവിതം ഒരു പ്രഹേളികയാണെന്ന സങ്കല്പമാണ് സേതു തന്റെ കഥകളിലൂടെ അവതരിപ്പിച്ചത്. ഭ്രമാത്മകമായ ഒരു കഥാന്തരീക്ഷത്തെ സൃഷ്ടിക്കുന്നതിലാണ് സേതുവും പുനത്തിൽ കുഞ്ഞബ്ദുള്ളയും ശ്രദ്ധിച്ചത്. ആധുനികതയുടെ ആദ്യഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട എൻ.എസ്. മാധവന്റെ കഥകൾക്ക് ആധുനികാംശത്തേക്കാൾ നവോത്ഥാന ഭാവുകത്വത്തോടാണ് അടുപ്പം. ആനന്ദ് ചെറുകഥയെക്കുറിച്ചുള്ള ഒരു നിർവചനത്തേയും ഗൗനിച്ചില്ല. ജീവിതത്തിന്റെ മഹാപ്രവാഹത്തെ പൂർണതയിൽ അവതരിപ്പിക്കാൻ ശ്രമിച്ച ആനന്ദ്, ആ പ്രവാഹത്തിൽ വഴിയിൽതടഞ്ഞ് നിന്നുപോകുന്ന ഏകനായ വ്യക്തിയെയാണ് കൂടുതൽ ശ്രദ്ധിച്ചത്. ആധുനിക ചെറുകഥാകൃത്തുക്കളുടെ പട്ടികയും, അതിൽ ഓരോരുത്തരുടെയും സവിശേഷതകളും കൂടുതലായി അവതരിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. എന്നാൽ ആധുനികതയുടെ രണ്ടാംഘ

ട്ടത്തിലെ മനുഷ്യസങ്കല്പവും മാനവികതയോടുള്ള സമീപനവുമാണ് ഇവിടെ പ്രസക്തമാകുന്നത്.

**6.5.2.** 'സ്വാതന്ത്ര്യാനന്തരഭാരതം' എന്ന ദേശരാഷ്ട്രസങ്കല്പം, നവോത്ഥാനകാലത്തിന്റെ പ്രതീക്ഷകളിലൊന്നായിരുന്നു. ആഗ്രഹിക്കുന്ന അർത്ഥത്തിൽ, ഈ സങ്കല്പം, യാഥാർത്ഥ്യമാക്കാൻ കഴിയാതെവന്നത് ആധുനികതയുടെ വാദമുഖങ്ങൾക്ക് ശക്തിപകർന്നു. "ആസൂത്രിതവികസനം" പൗരസമത്വം ഉറപ്പുവരുത്തുമെന്നും, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കുമെന്നും ഉള്ള ധാരണ ആസൂത്രണത്തിലെ പിഴവുകൾ കാരണം തകർന്നതും ആധുനികതാചിന്തയ്ക്ക് സാധൂകരണം നൽകി. ചരിത്രത്തിലധിഷ്ഠിതമായ നെഹ്റുവിന്റെ യുക്തിബോധം മിഥ്യയാണെന്ന വാദം ഉയർന്നുവന്നത് മലയാള ചെറുകഥയുടെ ആധുനികത തുടങ്ങിവെച്ച അയുക്തികതാബോധത്തെ വളർത്തി. കാല്പനികതയോടും, യഥാതഥവർണ്ണനയ്ക്ക് പ്രാധാന്യംനൽകുന്ന സോഷ്യലിസ്റ്റ് റിയലിസത്തോടുമുള്ള വായനക്കാരന്റെ മടുപ്പ് ആധുനിക കഥാശൈലിക്ക് പ്രചാരം കിട്ടാൻ അവസരമൊരുക്കി. ആധുനികത പാശ്ചാത്യമാണെന്നും പാശ്ചാത്യമായതെല്ലാം അനുകരണീയമാണെന്നുമുള്ള ഒരു മാനസികാവസ്ഥ കോളനിവാഴ്ചയുടെ ഭാഗമായി നിലനിന്നിരുന്നത് ആധുനികതയ്ക്ക് അവസരമൊരുക്കി. പ്രത്യക്ഷത്തിൽ സങ്കീർണ്ണമെന്നു തോന്നാവുന്ന ആധുനിക ചെറുകഥയുടെ രചനാവീക്ഷണം ലഘുവും ലളിതവുമായിരുന്നു. ലേഖനങ്ങളിലും അഭിമുഖങ്ങളിലുമായി അവർ പങ്കുവെച്ച രചനാവീക്ഷണം താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

* മനുഷ്യൻ എന്ന സങ്കല്പം മറ്റാരുടെയോ നിർമിതിയാണ്. അവന്റെ ഇച്ഛകൾക്കോ താല്പര്യങ്ങൾക്കോ ആ നിർമ്മാണത്തിൽ സ്ഥാനമില്ല. അവൻ അവനിൽ നിന്നുതന്നെ അന്യനാകയാൽ പൂർണ്ണതയെന്ന സങ്കല്പം പ്രസക്തമല്ല.

* ആദിമദ്ധ്യാന്തപൊരുത്തമുള്ള ജീവിതത്തിന്റെ പ്രതീകവത്കൃത ആവിഷ്കാരമാണ്. ഒരു ചെറുകഥ എന്ന രൂപപരമായധാരണയെ ഇവർ തീർത്തും നിഷേധിച്ചു. ജീവിതം പൊരുത്തക്കേടുകളുടേതാണെന്നതിനാൽ മരണം മാത്രമാണ് സനാതനമെന്നും അതു മാത്രമാണ് മോചനമെന്നും ഇവർ പ്രഖ്യാപിച്ചു.

* നിഷേധികളായും കലാപകാരികളായും ഒടുവിൽ സ്വയം മുറിവേറ്റ് പലായനം ചെയ്യുന്നവനായും മാറുന്ന മനുഷ്യനെയാണ് കഥാകാരൻ ലക്ഷ്യമാക്കേണ്ടത്.

പ്രതീക്ഷയില്ലാത്ത മനുഷ്യന് മൂല്യബോധത്തിന്റെ പ്രശ്നമേ ഇല്ലെന്ന് ഇവർ വിശ്വസിച്ചു. മൂല്യനിരാസമാണ് കഥയുടെ കർത്തവ്യമെന്ന ധാരണ ഇവർ വളർത്തി.

മലയാള കഥയിലെ മനുഷ്യസങ്കല്പം കീഴ്മേൽ മറയുന്നത് ഈ കാലഘട്ടത്തിലാണ്. എല്ലാ മൂല്യങ്ങളും തിരസ്കൃതമാകുന്നതും ഈ ഘട്ടത്തിലാണ്. മാനവികത തീർത്തും അപ്രസക്തമായ ഒരു കാഴ്ചപ്പാടാണെന്ന് ആധുനിക ചെറുകഥയുടെ ഉത്തരഘട്ടം പ്രചരിപ്പിച്ചു.

**6.6.** നവോത്ഥാനകാല മനുഷ്യസങ്കല്പം പൂർണ്ണമായും ഇല്ലാതാക്കാൻ സാഹിത്യത്തിലെ ആധുനിക പ്രവണതയ്ക്ക് കഴിഞ്ഞോ? എന്ന അന്വേഷണം ഇവിടെ പ്രസക്തമാണ്. കഥയിൽ വിശദീകരിച്ച രണ്ടുഘട്ടങ്ങൾ മറ്റ് സാഹിത്യരൂപങ്ങളുടെ ആധുനികതയെക്കുറിച്ചുള്ള പഠനത്തിലും പ്രസക്തമാണ്. പാശ്ചാത്യകൊളോണിയൽ സങ്കല്പങ്ങളോട് ബാഹ്യതലത്തിൽ കലഹിക്കുമ്പോഴും, മാനസികമായ ഒരു വിധേയത്വം നിർബന്ധിതമാകുന്ന അന്തരീക്ഷമാണ് ബ്രിട്ടീഷ് അധികാരികൾ ഇന്ത്യയിൽ വളർത്തിയത്.

'മനുഷ്യനെ' നിർമ്മിക്കാൻ ഉപയോഗിച്ച ചേരുവകളിൽ പ്രധാനപ്പെട്ടവയെല്ലാം പാശ്ചാത്യനാടുകളിൽ നിന്നു കൊണ്ടുവന്നതായിരുന്നു. പൗരബോധം, ജനാധിപത്യം, നിയമം, നിയമലംഘനം, ശിക്ഷാവിധികൾ, വിദ്യാഭ്യാസം, പെരുമാറ്റരീതികൾ തുടങ്ങി

ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യനെ സൃഷ്ടിച്ച മിക്ക കാര്യങ്ങളും പാശ്ചാത്യമായിരുന്നു. പാശ്ചാത്യേതരമെന്നു വ്യവച്ഛേദിച്ച് പറയാവുന്ന ജനിതകമായ ഘടകങ്ങളും ഭൂമിശാസ്ത്രപരമായഘടകങ്ങളും അപരിഷ്കൃതവുംഅപ്രസക്തവുമാണെന്ന ധാരണ പാശ്ചാത്യർ വളർത്തികൊണ്ടുവന്നു.

'ബാർബേറിയൻസ്' എന്ന പദപ്രയോഗത്തിലൂടെ മാനസികമായ വിധേയത്വത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിൽ പാശ്ചാത്യർ വിജയിച്ചു. നവോത്ഥാനകാല മനുഷ്യനിലെ മിക്ക ഘടകങ്ങളും പാശ്ചാത്യമാണെന്നിരിക്കെ പാശ്ചാത്യയുക്തിയുടെ ഭാഗമായി പ്രചാരത്തിൽ വന്ന ആധുനികതയ്ക്ക് (Modernity) ഈ മനുഷ്യനെ ഇല്ലാതാക്കാൻ സ്വാഭാവികമായും കഴിയുമായിരുന്നു.

**6.7.** ആധുനികതയുടെ കാലഘട്ടത്തിലും 'ചെറുകഥ' എന്ന സാഹിത്യരൂപത്തിന്റെ വിലോഭനീയത ഒട്ടുംതന്നെ കുറവായിരുന്നില്ല. 1970കൾ മുതൽക്കുള്ള വിവിധആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകശാലകളുടെ കാറ്റ്ലോഗുകളും ഈ ജനപ്രിയത്വം സാക്ഷ്യപ്പെടുത്തുന്നു. വായനക്കാർക്ക് കഥയിലുള്ള താല്പര്യം സാഹിത്യവിമർശനവും തിരിച്ചറിഞ്ഞിരുന്നു. കഥകളെക്കുറിച്ച് മാത്രം നിരവധി പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായി. ആധുനിക ചെറുകഥാകൃത്തുകൾ മറ്റ് സാഹിത്യരൂപങ്ങളിലും തങ്ങളുടെ രചനാവൈഭവം തെളിയിച്ചു. രചനാ സാങ്കേതങ്ങളും രൂപവൈവിദ്ധ്യത്തിന് നിദാനമായി വർത്തിക്കുന്ന സൗന്ദര്യഘടകങ്ങളും ശാസ്ത്രീയമായിത്തന്നെ അവർ ഉൾക്കൊണ്ടു. മറ്റ് കലാരൂപങ്ങളെ അടുത്തറിയാൻ ശ്രമിച്ച ആധുനിക ചെറുകഥാകൃത്തുകൾക്ക് ചിത്രകലയിലുള്ള താല്പര്യവും ശ്രദ്ധേയമായിരുന്നു.[18] ഒരു ജനതയെ ആകെ സ്വാധീനിച്ച സാഹിത്യസങ്കല്പത്തേയും മൂല്യവിചാരത്തേയും വിമർശനവിധേയമാക്കുന്നവരായതിനാൽ തികഞ്ഞ ജാഗ്രത ഇവർ രചനയിൽ പ്രദർശിപ്പിച്ചു.

ലോകത്ത് എല്ലായിടത്തും കഥ മനുഷ്യനോടൊപ്പം വളരുകയും അവനെ നില നിർത്താൻ ജാഗ്രത കാണിക്കുകയും ചെയ്ത സാഹിത്യരൂപമാണ്. മനുഷ്യോചിതമെന്ന് സമൂഹം നിശ്ചയിച്ച കാര്യങ്ങളെ കഥ ആവിഷ്കരിക്കാൻ ശ്രദ്ധിച്ചു. നേർവിപരീതമായ ഒരു ദിശയിലേക്ക് ഈ സാഹിത്യരൂപം വഴിമാറിയതിൽ മലയാള വായനക്കാരന്റെ നില പാടുകളും നിരീക്ഷിക്കേണ്ടതുണ്ട്. നാഗരികതയുടെ വികാസവും, അനുഭവങ്ങളുടേയും അനുഭൂതികളുടേയും കമ്പോളവൽക്കരണവും മദ്ധ്യവർഗ്ഗക്കാരനായ ഇടത്തരക്കാരനെ പലരീതിയിൽ ബാധിച്ചിരുന്നു. സാമൂഹികമാറ്റങ്ങൾക്ക്, അതിന്റേതായ ചലനനിയമങ്ങൾ ഉണ്ടെന്ന ധാരണ ക്രമേണ ഇല്ലാതാകുന്ന സ്ഥിതി നിലവിൽവന്നു. വിപ്ലവം വിമോചനം തുടങ്ങിയ സങ്കല്പങ്ങൾ കൈയെത്തുന്ന ദൂരത്തിലല്ലെന്ന് അവർ കരുതി. അസ്തിത്വ ത്തെക്കുറിച്ചുള്ള സ്വകാര്യസന്ദേഹങ്ങളും ഇവർക്ക് ഉണ്ടായിരുന്നു. പരിപാവനമെന്നു കരുതിയ പലതും കൈമോശം വരുന്നതിനെ നിസ്സംഗമായി നോക്കിനിൽക്കാനേ നഗര ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ അവന് കഴിഞ്ഞിരുന്നുള്ളു. ഈ മദ്ധ്യവർഗ്ഗത്തിന്റെ സംവേദനശീലത്തെ മാറ്റുന്നതിനാണ് ആധുനിക ചെറുകഥ ലക്ഷ്യമിട്ടത്.

### 6.8. മനുഷ്യനും കഥയും വഴിപിരിയുമ്പോൾ

എല്ലാ സാഹിത്യകലാരൂപങ്ങളിലും ഈ ലക്ഷ്യം മുൻനിർത്തി രചന നടത്തിയ സന്ദർഭം ഉണ്ടെന്ന കാര്യവും പ്രസക്തമാണ്. മലയാള കവിതയിൽ ആധുനിക പ്രവണ തകൾ പ്രത്യക്ഷപ്പെടുന്നത് 1960കളിലാണ്. അക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' (1952), 'അയ്യപ്പപണിക്കരുടെ കുരുക്ഷേത്രം' (1957) തുടങ്ങിയ കാവ്യങ്ങ ളിൽ പ്രത്യക്ഷപ്പെട്ട പുതുപ്രവണതകൾ ചർച്ചയാകുന്നതോടെയാണ് കവിതയിലെ ആധു നികതയുടെ തുടക്കം. അതിന്റെ സൂക്ഷ്മവിശകലനം ഇവിടെ സാദ്ധ്യമല്ലെങ്കിലും മനു ഷ്യനെക്കുറിച്ചുള്ള സങ്കല്പം പ്രതിപാദിക്കേണ്ടതുണ്ട്. മനുഷ്യശക്തിയെക്കുറിച്ചും അവൻ സൃഷ്ടിച്ച സമൃദ്ധിയെക്കുറിച്ചും ബോധവാനായ അക്കിത്തം മനുഷ്യനെ നിർണ്ണയിക്കുന്ന

വിധം ശ്രദ്ധേയമാണ്. ഒരു ഭാഗത്ത് ആനന്ദത്തിന്റെ തിളച്ചുമറിയുന്ന ലോകത്തെ ചിത്രീകരിച്ച് അതിന്റെ മറുഭാഗം അദ്ദേഹം കാണിച്ചുതരുന്നു.

ഉയരുന്നു നേർത്ത നേർത്ത
മനുഷ്യശിശുരോദനം
നിരത്തിൽ കാക്കകൊത്തുന്നു
ചത്തപെണ്ണിന്റെ കണ്ണുകൾ
മുലചപ്പിവലിക്കുന്നു
നരവർഗ്ഗനവാതിഥി[19]

നരത്വം ദുർലഭമാണെന്ന വിശ്വാസം പ്രാചീന ഭാരതദർശനം പങ്കുവെച്ചിട്ടുണ്ട്. ആ മനുഷ്യനെ മനുഷ്യൻ എന്താക്കിത്തീർക്കും എന്ന അന്വേഷണം ആധുനികകവിത തുടർന്നുകൊണ്ടിരുന്നു. മാനവജീവിതത്തിന് എല്ലാ അർത്ഥത്തിലും ലക്ഷ്യബോധം നൽകുന്നു എന്നു വിശ്വസിക്കുന്ന "നക്ഷത്ര"ത്തിനോട് കുരുക്ഷേത്രം എന്ന കവിതയിൽ അയ്യപ്പപണിക്കർ പങ്കുവെക്കുന്ന കാഴ്ചകൾ പ്രസക്തമാണ്.

ആ വഴിയിൽനീ കാണുന്നു മർത്യ-
ഭാവനയുടെ സൃഷ്ടീവിശേഷം
ആളു തിക്കിത്തിരക്കിയേറുന്ന-
താണ് ചന്ത അതാണെൻ പ്രപഞ്ചം.
വില്പനക്കു ചരക്കുകളും പേറി
വില്പനക്കാർ വരുന്നു പോകുന്നു
തങ്ങളെത്തന്നെ വിൽക്കുന്നു, വീണ്ടും
തങ്ങൾതന്നെ വിലപേശി നിൽപ്പൂ.[20]

മാർക്കറ്റ് (Market) എന്ന വാക്ക് പാശ്ചാത്യചിന്തയിൽ മാന്യസ്ഥാനങ്ങളിൽ നിൽക്കു

ന്നതാണ്. എന്നാൽ 'ചന്ത' എന്ന മലയാളപദം മലയാളിയ്ക്ക് പലപ്പോഴും മാന്യമല്ല. പണം, ചരക്ക്, വില്പന തുടങ്ങിയ കമ്പോളനിയമങ്ങളുടെ ലോകം മനുഷ്യനെ മറ്റൊന്നാക്കുന്നതായി കവി കരുതുന്നു. സമൂഹത്തിലലിഞ്ഞുചേരാനും സാമൂഹ്യനിയമങ്ങളോട് പൊരുത്തപ്പെടാനും കഴിയാത്ത അന്യതാബോധമുള്ള മനുഷ്യർ ആധുനിക കവിതയിൽ നിരന്തരം പ്രത്യക്ഷപ്പെട്ടു. ഗഹനമായ ദാർശനികബോധവും ദുർഗ്രഹമായ ബിംബകല്പനകളും ഛന്ദോമുക്തമായതിലെ ലയഭംഗങ്ങളും ആധുനികകവിതയും വായനക്കാരനും തമ്മിലുള്ള ബന്ധത്തെ സാരമായി ബാധിച്ചു.

മലയാളനാടകവേദിയിൽ പുതിയ പരീക്ഷണങ്ങൾ നടക്കുന്നത് 1970കളിലാണ്. രചനകളിലും അവതരണത്തിലും ജനകീയമായിരുന്ന രംഗവേദി, ഗവേഷകരുടെയും അക്കാദമിക് താല്പര്യക്കാരുടെയും രീതിശാസ്ത്രത്തിനനുസരിച്ച് മാറാൻ ആരംഭിച്ചു. നാടകം ജനങ്ങളിൽനിന്നും ജനം നാടകത്തിൽനിന്നും അകന്നു. സ്വാഭാവികമായ സാമൂഹിക പ്രശ്നങ്ങളാൽ ഗ്രാമീണ നാടകവേദികൾ അറുപതുകൾക്കു മുമ്പുതന്നെ നിശ്ചലമായിരുന്നു. തനിയാവർത്തനങ്ങളാലും കൃത്രിമത്വത്താലും പ്രൊഫഷണൽ നാടകവേദിയും അനാകർഷമായി മാറി. സാമാന്യ മനുഷ്യന്റെ സാധാരണജീവിതം രംഗവേദിയിൽനിന്നും അപ്രത്യക്ഷമായി. പരീക്ഷണനാടകങ്ങളിൽ സാമൂഹികമായ യാഥാർത്ഥ്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അപരിചിതമായ അവതരണരീതി പ്രേക്ഷകനെ വിഷമിപ്പിച്ചു. ഉപഹാസത്തിനു വിധേയനായ മനുഷ്യനാണ് രംഗവേദിയിൽ പ്രത്യക്ഷപ്പെട്ടത്.

മലയാള നോവലിന്റെ ചരിത്രം കഥയോടൊപ്പം തെളിയുന്നതും മങ്ങുന്നതുമാണ്. ടി. പത്മനാഭനൊഴികെ മിക്ക ചെറുകഥാകൃത്തുകളും നോവലിസ്റ്റുകൾകൂടിയായിരുന്നു. ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ തുടങ്ങിയ ആധുനിക ചെറുകഥാകൃത്തുകളുടെ നോവലിലും പ്രതീക്ഷയറ്റ മനുഷ്യൻ ഏറെ ദയനീയമായ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെട്ടു. മരണമാണ് ആധുനിക നോവലിൽ മനുഷ്യനേക്കാൾ വളർന്നുനിന്നത്. മല

യാള ചെറുകഥയിലെ ആധുനികതയുടെ രണ്ടാംഘട്ടം മറ്റു സാഹിത്യശാഖകൾക്ക് സമാന്തരമായി രൂപപ്പെട്ടതും വികാസത്തിന്റെ ഘട്ടത്തിൽ അവയെക്കൂടി സ്വാധീനിച്ചവയുമായിരുന്നു.

**6.9.** മനുഷ്യസങ്കല്പത്തെ തകർക്കാൻ ആധുനിക സാഹിത്യരൂപങ്ങളെല്ലാം പൊതുവായ ചില സങ്കേതങ്ങൾ ഉപയോഗിച്ചതായി കാണാം. ഈ പ്രബന്ധത്തിന്റെ അന്വേഷണമേഖല കഥ എന്ന സാഹിത്യരൂപമാകയാൽ കഥാകാരൻ സ്വീകരിച്ച തന്ത്രങ്ങളെയാണ് ഇവിടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്. ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥകളിൽ മനുഷ്യസങ്കല്പത്തെ തകർക്കാനുള്ള ശ്രമം പ്രധാനമായും അഞ്ച് കേന്ദ്രബിന്ദുക്കളെ മുൻനിർത്തിയാണ് നടന്നത്. അവ താഴെ പറയുന്നവയാണ്.

മാതൃത്വം - പിതൃത്വം - ജനനം - ശൈശവനിഷ്കളങ്കത

വീട് - ഗൃഹാന്തരീക്ഷത്തിന്റെ ചേരുവകൾ - ഇണക്കം - പിണക്കം

പൊതുഇടങ്ങൾ - പൊരുത്തപ്പെടാൻ കഴിയാത്ത കീഴ്വഴക്കങ്ങൾ

സ്ത്രീ/പുരുഷൻ, സ്നേഹം, പ്രേമം, രതി, ദാമ്പത്യം

രോഗം - ചികിത്സ - നിരാശ - മരണം

### 6.9.1. മാതൃത്വം, പിതൃത്വം മുതലായവ

മാതൃത്വത്തെ പാവനമായും പിതൃത്വത്തെ രക്ഷാകർത്തൃത്വമായും ജനനത്തെ വരദാനമായും ശൈശവത്തെ ദൈവതുല്യമായും കണക്കാക്കുന്ന ഒരു സംസ്കൃതി കേരളീയതയുടെ ഭാഗമായി വളർന്നുവന്നതാണ്. വരേണ്യമായിരിക്കാമെങ്കിലും ഇതരസമൂഹങ്ങളിലും ഈ കാഴ്ചപ്പാടിന് വലിയ വ്യത്യാസമുണ്ടായിരുന്നില്ല.

പിഴച്ച സന്തതി, അസുരവിത്ത്, ജാരസന്തതി എന്നെല്ലാം വിശേഷിപ്പിച്ചാലും ജീവി

തത്തിന്റെ ആദ്യഘട്ടത്തെ ആദരവോടെയാണ് സമൂഹം വീക്ഷിച്ചത്. "നരവർഗ്ഗ നവാതിഥിയെ" മാത്രമല്ല ജീവന്റെ എല്ലാ മിടിപ്പുകളേയും മനുഷ്യൻ ആദരിച്ചു. എന്നാൽ ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥാകാരൻ ഇതിനെയെല്ലാം നിഷേധിച്ചു. നിരവധി സന്ദർഭങ്ങൾ ഈ അർത്ഥത്തിൽ എടുത്തുകാണിക്കാമെങ്കിലും ഏറ്റവും ഉചിതമെന്നു തോന്നുന്ന സേതുവിന്റെ 'നൂലേണി' എന്ന കഥയിലെ ഭ്രമാത്മകമായ ഒരു ലോകത്തു നിന്നും നൂലേണിയിൽ ഇറങ്ങിവരുന്ന അമ്മ, മകനോട് പറയുന്ന വാക്കുകൾ ഈ നിഗമനത്തെ സാധൂകരിക്കുന്നു.

"അയാൾ എപ്പോഴും അങ്ങനെയായിരുന്നു. അയാളുടെ സ്വാർത്ഥത എന്നെ വെറുപ്പിച്ചിരുന്നു. ഒരു വിചിത്രനിമിഷത്തിൽ കാടന്റെ കരുത്തോടെ ആ നീണ്ടു കരുത്തനായ മനുഷ്യന്റെ ആയിരം കൈകൾ എന്നെ വലിച്ചുമുറുക്കിയപ്പോൾ, അയാളുടെ വൃത്തികെട്ട ആസക്തി എന്റെ രോമകൂപങ്ങളിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ നിശ്ശബ്ദയായി തേങ്ങിക്കരയാനേ എനിക്കു കഴിഞ്ഞുള്ളൂ. അപ്പോൾ ഞാൻ വേറെയാർക്കോവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. പക്ഷേ, ആ ശപിക്കപ്പെട്ട നിമിഷത്തിന്റെ പൊട്ടിച്ചിതറൽ നിന്റെ ജന്മത്തിന്റെ തുടക്കമായിരിക്കുമെന്ന് ഒരിക്കലും കരുതിയില്ലല്ലോ."[21]

അഭിശപ്തമായ ജന്മം, നിന്ദ്യമായ മാതൃത്വം, പ്രാകൃതമായ പിതൃത്വം ഇതെല്ലാം ഈ വരികളിൽ നിറഞ്ഞുനിൽക്കുന്നു. അത്തരക്കാരുടെ ജീവിതവും കഥകളിൽ പ്രത്യക്ഷപ്പെടേണ്ടതുതന്നെയാണ്. അത് കേരളീയ പരിസരത്തിൽ പരിചിതമായിരുന്നുവെങ്കിലും പ്രിയപ്പെട്ടതായിരുന്നില്ല. ആവർത്തിച്ച് ഇവ ചിത്രണം ചെയ്തതിലൂടെ ജനനത്തെയും ശൈശവത്തെയും എല്ലാം ശപിക്കപ്പെട്ടതാക്കി മാറ്റാൻ കഴിയുമോ എന്ന് ഇവർ ചിന്തിച്ചു.

**6.9.2. വീട്, ഗൃഹാന്തരീക്ഷം മുതലായവ**

വാസസ്ഥാനങ്ങളുടെ നിർമ്മിതി ഓരോ ജീവിക്കും അവയുടെ സൗകര്യസങ്കല്പ

ങ്ങൾക്ക് അനുസൃതമാണ്. സ്വാഭാവികമായ പ്രകൃതിപരിസരത്തിൽപ്പോലും ഓരോ ജീവിക്കും അവയുടേതായ ആവാസവ്യവസ്ഥയുണ്ട്. കൂട് നിർമ്മിച്ച് കൂടുതൽ സുരക്ഷ നേടുന്ന ഏതൊരു ജീവിക്കും ആ കൂട് പ്രിയപ്പെട്ടതാണ്. വിശാലമായ ആകാശത്തു നിന്ന് സ്വന്തം കൂടിരിക്കുന്ന കാടും മരവും തിരിച്ചറിഞ്ഞ് ചേക്കേറുന്ന പക്ഷികളും തേനെടുത്ത് തിരിച്ചു കൂട്ടിലെത്തുന്ന തേനീച്ചകളും മേച്ചിൽപ്പുറങ്ങളിൽനിന്ന് തൊഴുത്തിലെത്തുന്ന വളർത്തുമൃഗങ്ങളും അവരുടേതായ ആവാസസ്ഥാനങ്ങളിൽ പ്രത്യേക സംതൃപ്തി കണ്ടെത്തുന്നു. മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നതിൽ വീട് ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. വാസ്തുസവിശേഷതകളോ, നിർമ്മാണ സങ്കേതങ്ങളോ അല്ല "ആൾപ്പെരുമാറ്റത്തിന്റെ" പ്രത്യേകതകളാലാണ് ഓരോ വീടും വിഭിന്നമാകുന്നത്. പട്ടിണി, ദാരിദ്ര്യം, വിശപ്പ്, സ്നേഹശൂന്യത, ദായക്രമത്തിലെ ക്രമരാഹിത്യങ്ങൾ തുടങ്ങിയവയെല്ലാം വീടിനെ വീടല്ലാതാക്കി മാറ്റിയിരുന്നുവെങ്കിലും വീടിനെ സ്നേഹിക്കാൻ മലയാളി മടി കാണിച്ചില്ല. പ്രകാശവും ഇരുട്ടും, സുഗന്ധവും ദുർഗന്ധവും, ചിരിയും കരച്ചിലും, സമൃദ്ധിയും വിശപ്പും എല്ലാം വീടിന്റെ ഭാഗമായി കാണാൻ അവന് കഴിഞ്ഞു. തൊടിയും വയലും കൃഷിയും വളർത്തുമൃഗങ്ങളും അടിയാരും അദ്ധ്വാനവും എല്ലാമടങ്ങുന്നതായിരുന്നു അവരുടെ ഗൃഹസ്മരണകൾ. വീട് നഷ്ടപ്പെടുന്നതിന്റെ വേദന നവോത്ഥാന കഥകൾ വരച്ചുകാണിച്ചു. പക്ഷേ, നിയമങ്ങളും നീതികളുമാണ് വീടിനെ കവർന്നെടുത്തത് എന്ന് അവർ കരുതി. പരിഷ്കൃത ലോകത്തിന്റെ നീതിവ്യവസ്ഥകളാൽ വീടും ഗ്രാമവും വിട്ട് നാഗരികനായവന്റെ, വീട് നഷ്ടപ്പെട്ടതിലെ വിലാപങ്ങളാണ് എംടിയും പത്മനാഭനും കേൾപ്പിക്കാൻ ശ്രമിച്ചത്. അവഗണിക്കപ്പെട്ട സ്ത്രീക്ക് പതുങ്ങിപ്പാർക്കാനുള്ള അവസ്ഥയായി വീട് മാറിയതിലാണ് മാധവിക്കുട്ടി ദുഃഖിച്ചത്. എന്നാൽ വീടിനെ സ്വയം ഇല്ലാതാക്കി വിശാലമായ ഭൂമിയിലേക്ക് അലയാനായി ഇറങ്ങിച്ചെല്ലുന്ന മനുഷ്യനാണ് ആധുനികതയുടെ രണ്ടാംഘട്ടത്തിലെ കഥയിൽ പ്രത്യക്ഷപ്പെടുന്നത്. "യൂറോപ്പി

ലൂടെ പര്യടനം നടത്തി ബോംബെയിൽ തിരിച്ചെത്തിയ തന്നെ സ്വീകരിക്കാൻവന്ന ഭാര്യ വിമാനത്താവളത്തിൽവെച്ചേ അറിയിച്ചു: "നാട്ടിൽനിന്നൊരു കത്തുണ്ട്. കൈപ്പട കണ്ടിട്ട് ഏട്ടന്റേയാണെന്നു തോന്നുന്നു." കത്തിന്റെ നിയോഗത്തിലൂടെ കഥാനായകൻ വീട്ടിലെത്തുന്നത് ഏട്ടന്റെ മരണാനന്തരകർമ്മങ്ങൾക്കാണ്. ഒ.വി. വിജയന്റെ 'കാറ്റുപറഞ്ഞ കഥ' എന്ന കഥയിലെ   വീടിനെക്കുറിച്ചും വീട് വീടായിത്തീരുന്നതിലെ ചേരുവകളെ കുറിച്ചുമുള്ള സങ്കല്പങ്ങൾ ശ്രദ്ധേയമാണ്. വീടുകൾ വാസസ്ഥാനങ്ങൾ എന്നതിൽനിന്ന് ഡോർനമ്പറുകളായി മാറുന്ന/മാറ്റുന്ന ഒരവസ്ഥ ആധുനികർ അനുഭവിപ്പിക്കാൻ ശ്രമിച്ചു. ഗൃഹാതുരത ഈ കാലഘട്ടത്തിലെ മറ്റുകഥകളിലും അപൂർവ്വമായിരുന്നു. അകത്തളത്തിലെ മുഖംമൂടികളില്ലാത്ത മനുഷ്യരെ ആധുനികകഥ അന്യമാക്കി.

### 6.9.3. പൊതുഇടങ്ങളും പൊരുത്തപ്പെടലുകളും

ഒറ്റയായ മനുഷ്യൻ 'പറ്റ്'മാകുന്നതിലാണ് മനുഷ്യത്വം എന്ന ആശയം തെളിഞ്ഞുവരുന്നത്. 'മനുഷ്യപ്പറ്റ്' എന്ന വാക്ക് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും മനുഷ്യന്റെ ആന്തരികതലവും ബാഹ്യതലവും തമ്മിലുള്ള പാരസ്പര്യത്തെയും ഉൾക്കൊള്ളുന്നതാണ്. മനുഷ്യനെ സമൂഹത്തിൽ അലിയിച്ചുചേർക്കുന്നത് സ്വകാര്യശീലങ്ങളെ പൊതുശീലങ്ങൾക്കുവേണ്ടി മാറ്റിവെക്കാനുള്ള അവസ്ഥ പ്രകടമാകുമ്പോഴാണ്. വിട്ടുവീഴ്ചകളും പൊരുത്തപ്പെടലുകളും ത്യാഗങ്ങളും സഹനങ്ങളും എല്ലാം ഇതിന്റെ ഭാഗമാണ്. സ്വകാര്യലോകങ്ങളിൽനിന്ന് പൊതുഇടങ്ങളിലേക്ക് ഇറങ്ങിവന്ന മനുഷ്യനെ മലയാള ചെറുകഥയിലെ ആധുനികതയുടെ ഉത്തരഘട്ടം ഗൗനിച്ചതേയില്ല.

പൊതുലോകങ്ങളിലും സ്വയം സൃഷ്ടിച്ചെടുക്കുന്ന ഏകാന്തതയിലാണ് ഈ കഥാകാലം അഭിരമിച്ചത്. ബാഹ്യതലത്തിലെ അന്യതയെക്കുറിച്ച് യോഗാത്മകഭാഷയിൽ പ്രബോധനം നടത്താനാണ് ഇവർ ശ്രദ്ധിച്ചത്. സ്വകാര്യശീലങ്ങളിൽനിന്ന് മോചനമി

ല്ലെന്നും പൊതുശീലങ്ങൾക്കുവേണ്ടി ക്രമീകരിക്കുമ്പോൾ മനുഷ്യൻ കള്ളനാട്യക്കാരനാകുന്നു എന്നും ഇവർ കരുതി. ത്യാഗങ്ങൾക്കും സഹനങ്ങൾക്കും സ്വാർത്ഥതയുടെ പ്രേരണയുണ്ടെന്ന് ഇവർ ചിത്രീകരിച്ചു. 'പറ്റ'ത്തിൽനിന്ന് ഒറ്റയിലേക്ക് മനുഷ്യനെ മാറ്റിയതിലൂടെ അതുവരെയുള്ള മനുഷ്യസങ്കല്പത്തെ ഇവർ കീഴ്മേൽ മറിച്ചു. ആധുനികകഥയിലെ ഈ പ്രധാന സവിശേഷത ഏറെ ശ്രദ്ധേയമായതിനാൽ ഉദ്ധരണികൾകൊണ്ട് വൃഥാ സ്ഥൂലമാക്കുന്നില്ല.

### 6.3.4. സ്ത്രീ/പുരുഷൻ, സ്നേഹം, പ്രേമം, രതി, ദാമ്പത്യം മുതലായവ

ലിംഗപരമായ വ്യത്യാസത്തിലുപരി മനുഷ്യനെ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. എന്നാൽ ലിംഗവ്യത്യാസത്തിന്റെ സാമൂഹ്യാവസ്ഥ മനുഷ്യത്വത്തെ ബാധിക്കുന്നതാണ്. നവോത്ഥാനകാലകഥയ്ക്കുപോലും ഈ തീക്ഷ്ണയാഥാർത്ഥ്യം പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ ലിംഗവ്യത്യാസത്തെ ആധുനികകഥ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചു. നിർദ്ദോഷമായ സ്നേഹം, നിർമ്മലമായ പ്രേമം, സഹജമായ രതി, സംതൃപ്തമായ ദാമ്പത്യം ഇതൊന്നും ആധുനികകഥയുടെ ദൃഷ്ടിയിൽ സംഭവ്യമല്ല. മാനവികതാസങ്കല്പത്തിന്റെ മഹിതമായ ഈ അവസ്ഥ ആധുനികകഥ വികൃതമായി ചിത്രീകരിച്ചു. കേവലം സാഹിത്യസന്ദർഭങ്ങൾക്ക് വേണ്ടി ഒരുക്കുന്ന കൃത്രിമത്വങ്ങളാണ് ഇവ എന്ന് അവർ കരുതി. ചൂഷണത്തിന്റെയും സ്വാർത്ഥത്തിന്റെയും ക്ഷണികസുഖത്തിന്റെയും അവസ്ഥയെ സൃഷ്ടിക്കുന്നുവെന്ന് ഇതിനെ ആധുനികകഥ വിശേഷിപ്പിക്കുന്നു. ഉദാരമാനവീകതയുടെ ലാളനയേറ്റ് വളർന്ന ആദർശപ്രേമം, വിധേയയായ ഭാര്യ, വിവേകപൂർണ്ണമായ ഗൃഹാന്തരീക്ഷം എന്നിവയെല്ലാം ആധുനികകഥ നിരസിച്ചു. ഉള്ളിലെ ലോകത്തിൽ ഓരോ മനുഷ്യനും വ്യത്യസ്തധാരണകളെയാണ് വച്ചുപുലർത്തുന്നത് എന്നും പുറമേക്ക് കാണുന്ന പ്രകടനങ്ങളും കഥയിലെ വർണ്ണനകളും ആത്മവഞ്ചനയുടെ സ്വഭാവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നും ഇവർ

വിശദീകരിച്ചു. നഗരം എല്ലാത്തരത്തിലുമുള്ള സദാചാരങ്ങളെയും ഇല്ലാതാക്കാൻ കാത്തിരിക്കുന്ന ഒരു ഉപകരണമാണെന്നും അതിൽചെന്നുപെടുന്നതിലൂടെ ആധുനികലോകത്തിലെ മനുഷ്യനായി ഓരോരുത്തരും രൂപാന്തരം പ്രാപിക്കുന്നുവെന്നും അവർ വിശ്വസിച്ചു. തങ്ങൾക്ക് മുമ്പിലുള്ള എല്ലാ സദാചാരബോധത്തെയും തുറന്നെതിർക്കുന്നവർ, രഹസ്യമായി സദാചാരവഴികളിൽനിന്ന് വേർപിരിഞ്ഞ് സഞ്ചരിക്കുകയും എന്നാൽ അതിൽ പശ്ചാത്തപിക്കുകയും ചെയ്യുന്നവർ, നവോത്ഥാനകാലം പ്രാകൃതമെന്ന് വിശേഷിപ്പിച്ച പല പ്രകൃതിവിരുദ്ധതകളെയും ആന്തരചോദനകളുടെ പേരിൽ ന്യായീകരിക്കുന്നവർ എന്നിങ്ങനെ നിരവധി കഥാപാത്രങ്ങളെ ഈ കഥാകാരന്മാർ സൃഷ്ടിച്ചു. മൃഗസഹജമായ പ്രാകൃതത്വങ്ങളിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന സദാചാരാവസ്ഥകളെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചത് മൂല്യസങ്കല്പത്തെ കീഴ്മേൽ മറിച്ചു.

### 6.9.5. രോഗം, ചികിത്സ, നിരാശ, മരണം

ആധുനികശാസ്ത്രം അത്ഭുതകരമായ മുന്നേറ്റം നടത്തിയത് രോഗചികിത്സാരംഗത്താണ്. രോഗം മനുഷ്യനെ നിസ്സഹായനും ഏകാകിയുമാക്കി മാറ്റും. തന്റെ എല്ലാവിധത്തിലുമുള്ള അപ്രമാദിത്വങ്ങളും ഇല്ലാതാകുന്ന ഈ അവസ്ഥയിൽ അവനെ ചിത്രീകരിക്കാൻ ആധുനികത അമിതതാല്പര്യം കാണിച്ചു. രോഗത്തിന്റെ ദൈന്യത രോഗിയെയും സമൂഹത്തെയും ഒരുപോലെ ബാധിക്കുന്നതാണെന്നും, സഹജീവിയുടെ ദുഃഖവും വേദനയും പങ്കുവെക്കുന്നതിലൂടെ അതിന്റെ കാഠിന്യം കുറക്കാമെന്നും നവോത്ഥാനകാലം കരുതിയിരുന്നു. രോഗവും ദാരിദ്ര്യവും തമ്മിലുള്ള പാരസ്പര്യവും നവോത്ഥാനം തിരിച്ചറിഞ്ഞു. എന്നാൽ ആധുനികത ഇവയൊന്നുംതന്നെ പരിഗണിച്ചില്ല. ഏകാന്തതയുടെ കാഠിന്യം വർദ്ധിപ്പിച്ചുകൊണ്ട് മനസ്സിനേറ്റ മുറിവുകൾക്ക് ചികിത്സയില്ലെന്നും അതാർക്കും ഏറ്റുവാങ്ങാൻ കഴിയാത്തതാണെന്നും ആധുനികത വിശ്വസിപ്പിക്കാൻ ശ്രമിച്ചു. രോഗിയെ നിത്യനിരാശയിലൂടെ സഞ്ചരിച്ച് മരണത്തിലെത്തിക്കുന്നതിലാണ് ആധു

നിക ചെറുകഥ വ്യഗ്രത കാണിച്ചത്. രൂപരസഗന്ധസ്പർശങ്ങളിലൂടെ മരണം വായനക്കാരനെ അനുഭവിപ്പിക്കുന്നതിലാണ് അവർ ശ്രദ്ധിച്ചത്.

**6.9.6.** മേൽപ്പറഞ്ഞ ഏകകങ്ങൾക്കു പുറമേ മറ്റു സന്ദർഭങ്ങളും ആധുനികതയുടെ മനുഷ്യോചിതമല്ലാത്ത പരിചരണങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനായി വിനിയോഗിക്കാം. മാനവികതയെ നേർവിപരീതമായ ദിശയിലേക്ക് നീക്കുന്നതിന് ഊന്നൽ നൽകിയവയിൽ പ്രധാനപ്പെട്ടവയാണ് ഇവിടെ എടുത്തുകാണിച്ചത്. താരതമ്യപഠനത്തിലൂടെ ഇതര സാഹിത്യരൂപങ്ങളിലും സമാനമായ പ്രതിപാദനരീതികൊണ്ട് പ്രത്യാശയറ്റ മനുഷ്യനെ സൃഷ്ടിക്കാൻ സമാന്തരമായി നടന്ന പരിശ്രമങ്ങളെ കൂടുതൽ നിർണ്ണയിക്കാൻ കഴിയും.

ആധുനിക ചെറുകഥയുടെ രണ്ടാംഘട്ടത്തിലെ എല്ലാ കഥകളും ഈ ഗണത്തിൽപെടുന്നവയാണെന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. തങ്ങൾ ജീവിച്ച കാലത്തിലെ സാമൂഹികപ്രശ്നങ്ങളോട് ശക്തമായി പ്രതികരിക്കുന്ന നിരവധി കഥകൾ ഈ എഴുത്തുകാർ രചിച്ചിട്ടുണ്ട്. 'മനുഷ്യൻ' എന്ന പദത്തിന്റെ അർത്ഥവ്യാപ്തി പൂർണ്ണമായി ഉൾക്കൊണ്ട് അവന്റെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും അവസ്ഥകൾ മുകുന്ദൻ, കാക്കനാടൻ, വിജയൻ, സേതു മുതലായ ചെറുകഥാകൃത്തുക്കൾ എഴുതിയിട്ടുണ്ട്. എന്നാൽ ആ കാലഘട്ടത്തിലെ കഥകളിൽ മനുഷ്യന് നേർവിപരീതമായ അവസ്ഥ സൃഷ്ടിക്കാനുള്ള ഒരു ധാരകൂടി ബോധപൂർവ്വം ഉൾപ്പെടുത്തിയിരുന്നു എന്ന് വ്യക്തമാക്കാനാണ് ഇത് വിശദീകരിച്ചത്. ജി. മധുസൂദനന്റെ കഥയും പരിസ്ഥിതിയും എന്ന കൃതിയിലെ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

മലയാള സാഹിത്യത്തിലെ ആധുനികത ഇന്ന് ചരിത്രമാണ്. ആധുനികത വ്യവസായ സംസ്കൃതിയുടെ സൗന്ദര്യശാസ്ത്രമായിരുന്നു. പ്രകൃതിയിൽനിന്നുള്ള അന്യവത്കരണം, പ്രപഞ്ചത്തിൽ സഹജമായ അനീതി വെറും കെട്ടുകഥയാണെന്ന ധാർഷ്ട്യം,

വിഘടനവാദത്തോടുള്ള ഭക്തി, ജീവിതവിമുക്തമായ അമൂർത്തത, ഉത്തരവാദിത്വരഹിതമായ അതിരുകവിഞ്ഞ ആത്മനിഷ്ഠത, എല്ലാതരം ആത്മീയതകളോടുമുള്ള പുച്ഛം, ഭാഷകൊണ്ടുള്ള വീഡിയോഗെയിം മാത്രമാണ് സാഹിത്യമെന്നുള്ള അഹംമാത്രവാദം (Solipsism) ഇവയായിരുന്നു ആധുനികതയുടെ ദർശനത്തിന്റെ അടിസ്ഥാനഭാവങ്ങൾ. 1976ൽ പ്രസിദ്ധപ്പെടുത്തിയ എം. മുകുന്ദന്റെ 'എന്താണ് ആധുനികത'യാണ് ആധുനികതയെ സൈദ്ധാന്തികമായി നിർവ്വചിച്ച കേരളത്തിലെ പ്രധാന ഗ്രന്ഥം. 'മനുഷ്യന്റെ ഭാവനയെ വികസിപ്പിക്കുകയും കൈകളുടെ കരുത്ത് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആരോഗ്യകരമായ ഒരു ഹ്യൂമനിസ്റ്റ് ദർശനത്തിന് ആരംഭംകുറിക്കുക എന്നതാകണം ആധുനികസാഹിത്യത്തിന്റെ ലക്ഷ്യം.' എന്നുപറഞ്ഞുകൊണ്ടാണ് മുകുന്ദൻ തന്റെ പ്രബന്ധം അവസാനിപ്പിക്കുന്നത്. ആ മഹാപ്രയത്നത്തിന്റെ ആദ്യദശയായ നിഷേധത്തിലും വ്യഥയിലും മാത്രമേ മലയാളസാഹിത്യം എത്തിയിട്ടുള്ളൂവെന്നും അവസാനഖണ്ഡികയിൽ മുകുന്ദൻ പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ ഈ നിഷേധത്തിനും വ്യഥയിലുംനിന്ന് ആധുനികസാഹിത്യം മുന്നോട്ടുപോയതേയില്ല എന്നുകാണാം.[23]

ഇതേ കാലഘട്ടത്തിലെത്തന്നെ മറ്റു ചില എഴുത്തുകാർ നവോത്ഥാനകഥയുടെ മനുഷ്യസങ്കല്പത്തെ അംഗീകരിച്ചും അതിനെ കാലോചിതമായി പരിഷ്കരിച്ചും രചനകൾ നിർവ്വഹിച്ചുകൊണ്ടിരുന്നു. ആധുനികതയുടെ "വിപരീതമനുഷ്യബോധം" ഇവർ തിരിച്ചറിഞ്ഞു. വൈപരീത്യങ്ങളെ യുക്തിസഹമായി പരിശോധിക്കാനാണ് ഈ എഴുത്തുകാർ തയ്യാറായത്. എം. സുകുമാരൻ, പി. വത്സല, സി.വി. ശ്രീരാമൻ, വികെഎൻ തുടങ്ങിയ എഴുത്തുകാർ ഈ ഗണത്തിൽപ്പെടുന്നവരാണ്. ചിതറുന്ന നവോത്ഥാനമനുഷ്യസങ്കല്പത്തെക്കുറിച്ച് ഇവർക്ക് ആശങ്കകൾ ഉണ്ടായിരുന്നു. ആ മനുഷ്യസങ്കല്പത്തെ അതേപ്രകാരത്തിൽ നിലനിർത്താൻ കഴിയുകയില്ലെന്നും ഇവർ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ ഒറ്റയാക്കുന്നതിലല്ല കൂട്ടായ്മയുടെ ഭാഗമാകുന്നതിലാണ് മനുഷ്യന് സാദ്ധ്യത

കളുണ്ടാകുന്നത് എന്ന് ഇവർ പറയാൻ ശ്രമിച്ചു. നവോത്ഥാന മനുഷ്യസങ്കല്പവും മാന വികതാമൂല്യങ്ങളും വെല്ലുവിളികളെ നേരിട്ടത് ആധുനികപ്രവണതയുടെ രണ്ടാമത്തെ ഘട്ടത്തിലാണെങ്കിൽ അതിനെ നിലനിർത്താനുള്ള തീവ്രശ്രമവും ഇതേ കാലഘട്ടത്തിൽ നടന്നു.

**6.10. പ്രതിമാനവികതാ സങ്കല്പം**

പാശ്ചാത്യ മനുഷ്യസങ്കല്പം ഒരു രാഷ്ട്രീയസൃഷ്ടിയാണ്. അവന്റെ സ്ഥിതിയെ ക്കുറിച്ചും സമത്വത്തെക്കുറിച്ചുമുള്ള ചിന്തയിൽനിന്നാണ് ആ മാനവൻ ഉയർന്നുവന്നത്. ഈ സങ്കല്പം അഭിവൃദ്ധിപ്പെടുന്നത് നിലനില്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങളി ലൂടെയാണ്. അതിജീവനത്തിനുവേണ്ടിയുള്ള യത്നത്തിൽ പ്രപഞ്ചത്തിലെ പല താള ക്രമങ്ങളും അവനു തിരുത്തേണ്ടിവന്നു. എല്ലാ തത്വചിന്തകളിലും അവന് ഇടംലഭിച്ചു വെന്നു മാത്രമല്ല കേന്ദ്രസ്ഥാനത്ത് നിലകൊണ്ടതും അവനാണ്. എന്നാൽ ഏതു മനു ഷ്യൻ എന്ന ചോദ്യം 'മനുഷ്യ'നിടയിൽനിന്നുതന്നെ ഉയർന്നുവന്നു. ഉള്ളവനും ഇല്ലാ ത്തവനും എന്ന വിഭജനത്തിൽനിന്നാണ് ആദ്യം ഏതു മനുഷ്യൻ എന്ന ചോദ്യം ഉയർന്ന ത്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ് ഈ ചോദ്യത്തിന് യുക്തിസഹമായ ഉത്തരം നൽകാൻ ശ്രമിച്ചത്. പാശ്ചാത്യമാനവികതാ ബോധം പ്രചാരത്തിൽ വന്നതോടെ അതിനെ നിലനിർത്താനാവശ്യമായ ആധുനികവിദ്യാഭ്യാസം, പാശ്ചാത്യമതബോധം ശാസ്ത്ര യുക്തി എന്നിവയും കടന്നുവന്നു. ഉള്ളവൻ/ഇല്ലാത്തവൻ, വെളുത്തവൻ/കറുത്തവൻ, ആൺ/പെൺ, അധിനിവേശം ചെയ്തവർ/അടിമകളായവർ, നാഗരികർ/ഗ്രാമീണർ എന്നെ ല്ലാമുള്ള ദ്വന്ദ്വങ്ങൾ തമ്മിൽ പല സംഘർഷങ്ങളും ഉയർന്നുവന്നിരുന്നു.

സമ്പത്ത് ഇല്ലാത്തവനും, കറുത്തവനും, പെണ്ണും, കോളനി, മൂന്നാംലോകരാജ്യ ങ്ങളിലെ ആളുകളും, ഗ്രാമീണനും പാശ്ചാത്യ മനുഷ്യസങ്കല്പത്തിന്റെ പരിധിയിൽ

പെട്ടിരുന്നില്ല. തുല്യതയാണ് മാനവികതയുടെ പൂർണ്ണത എങ്കിൽ ഇവരുടെ നീതി ഏതു കാലത്താണ് തീർപ്പാക്കപ്പെടുക എന്ന ചോദ്യം ഉയർന്നുവന്നു. ഈ ചോദ്യങ്ങളെല്ലാം വ്യക്തമായി ഉയർന്നുവരുന്നത് 1990കൾക്കു ശേഷമാണെങ്കിലും തങ്ങൾ പരിഗണിക്കപ്പെട്ടിരുന്നില്ല/പരിഗണിക്കപ്പെടുന്നില്ല എന്ന ബോധം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഉണ്ടായിരുന്നു. മാനവികതയെ സ്വീകരിച്ചുകൊണ്ടുതന്നെ അതിൽവന്ന കുറവുകളെ കുറിച്ചുള്ള ചർച്ചയിലാണ് പ്രതിമാനവികത എന്ന പദം പ്രസക്തമാകുന്നത്.

നിലനിൽക്കുന്ന മാനവികതാബോധത്തിനു പകരംനിൽക്കുന്നത് എന്ന അർത്ഥത്തിൽ 'പ്രതി' എന്ന ഉപസർഗ്ഗം മാനവികതയുടെ മുന്നിൽ ചേർത്താണ് പ്രതിമാനവികത എന്ന വാക്ക് നിഷ്പാദിപ്പിക്കുന്നത്. ഉന്നതവും കുലീനവുമായ സ്ഥാനത്തുനിൽക്കുന്ന ഒരു ദാർശനികപദ്ധതി എന്നതിൽനിന്ന് ന്യൂനസ്ഥാനത്തേക്ക് ഇറക്കി നിർത്തപ്പെട്ട ഒരു പൊതുചിന്ത എന്നതിലേക്കുള്ള 'മനുഷ്യ' സങ്കല്പത്തിലെ മാറ്റമാണ് പ്രതിമാനവികത എന്ന് സാമാന്യേന പറയാം. പണ്ഡിതയുക്തിയെയോ മതദർശനങ്ങളെയോ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയോ പ്രതിമാനവികത വിശ്വാസത്തിലെടുക്കുന്നില്ല. അനുഭവയാഥാർത്ഥ്യവും വർത്തമാനകാല അവസ്ഥയുമാണ് ഇതിന്റെ പരിഗണനാവിഷയം.

തത്വചിന്തകളും ദർശനങ്ങളും മുഴുവൻ മനുഷ്യനേയും പൂർണ്ണമായി ഉൾക്കൊള്ളുന്നില്ല എന്ന ചിന്താഗതിയിൽനിന്നാണ് പ്രതിമാനവികത ഉദയം ചെയ്തത്. ആത്മപ്രകാശനം നടത്താൻ അവൻ സ്വായത്തമാക്കുകയും വികസിപ്പിക്കുകയും ചെയ്ത ഭാഷ ആധികാരികമല്ലെന്ന നിഗമനമാണ് അതിന്റെ വേഗത വർദ്ധിപ്പിച്ചത്.

പാശ്ചാത്യനവോത്ഥാനം ലോകത്തെ പഠിപ്പിച്ച ശാസ്ത്രീയബോധം അതേ സ്വഭാവത്തിൽ സ്വീകരിക്കാൻ പ്രതിമാനവികതാ സങ്കല്പം തയ്യാറല്ല. ഉദാരമാനവികതയിൽ ചില നിഗൂഢ ലക്ഷ്യങ്ങൾ ഉണ്ടെന്ന് പ്രതിമാനവികതാബോധം കരുതുന്നു. പ്രകൃതിയെ

കൈകാര്യം ചെയ്യുന്നതിനായി നവോത്ഥാനം നിശ്ചയിച്ച കാഴ്ചപ്പാടുകൾ അപകടകരവും മനുഷ്യവിരുദ്ധവും പ്രകൃതിവിരുദ്ധവുമാണെന്ന് പ്രതിമാനവികത വിശ്വസിക്കുന്നു. പുരോഗതി വികസനം എന്നീ സങ്കല്പങ്ങൾ പ്രയോജനവാദത്തിന്റെ സൃഷ്ടിയാണെന്നും അതിന്റെ ഗുണഫലം ചിലരിൽ ഒതുങ്ങുന്നതാണെന്നും പ്രതിമാനവികത പ്രചരിപ്പിക്കുന്നു. കേരളീയ സാഹചര്യത്തിലും ഈ ചിന്താഗതി പ്രസക്തമാണ്. പാശ്ചാത്യ ആശയഗതി മുന്നോട്ടുവച്ച മനുഷ്യസങ്കല്പത്തിലെത്തിച്ചേരാൻ വിവേചനങ്ങൾ നിലനിൽക്കുന്ന ഹൈന്ദവധർമ്മങ്ങളിൽനിന്ന് മാറി ക്രിസ്തുമതം, ബുദ്ധമതം എന്നിവ സ്വീകരിച്ചാൽ മതി തുടങ്ങിയ ആശയങ്ങൾ കേരളീയ നവോത്ഥാനചിന്തയുടെ കൂടപ്പിറപ്പായിരുന്നു. മതപരിവർത്തന സംവാദങ്ങളിൽ വേണ്ടത്ര ലക്ഷ്യബോധം കാണാൻ കഴിയില്ലെങ്കിലും പ്രതിമാനവികതാസങ്കല്പത്തിന്റെ അവ്യക്തമായ സൂചനകൾ ഉണ്ടായിരുന്നു.

പാശ്ചാത്യർ ലോകത്തു നടത്തിയ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശത്തെ, അതിനു വിധേയരായ ജനതയെക്കൊണ്ട് ശരിയാണെന്നു സമ്മതിപ്പിക്കാനുള്ള ഒരു നിഗൂഢതന്ത്രമായിരുന്നു ഉദാരമാനവികത എന്ന ആശയം. കോളനിജനതയേക്കാൾ വിജ്ഞരും നീതിമാൻമാരും കരുണയുള്ളവരുമാണ് ഭരിക്കുന്ന പാശ്ചാത്യർ എന്ന ധാരണ ഇത് വളർത്തി. മറ്റേതു ഭരണാധികാരിയേക്കാളും പ്രജകളുടെ ഉന്നമനത്തിൽ താല്പര്യമുള്ളവർ തങ്ങളാണെന്ന് കോളനികളിലെ ജനങ്ങളെ വിശ്വസിപ്പിച്ചു. കോളനിജനതയെ അനുസരിക്കാൻ ബാദ്ധ്യതപ്പെട്ടവരാക്കിയ ഒരു ഘടകം ഉദാരമാനവകതയുടെ പ്രചാരമാണ്. ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ സമ്മതഭരണം (rule by consent) എന്ന 'വിപത്തി'നെ കുറിച്ചുള്ള കാഴ്ചപ്പാട് സംഗതമാകുന്ന ഒരു പശ്ചാത്തലം നവോത്ഥാന ചിന്തയിലുണ്ട്. നവോത്ഥാനം ലോകത്ത് മനുഷ്യരേയും ദേശവാസികളേയുമാണ് സൃഷ്ടിച്ചതെന്ന് സാമാന്യേന വിലയിരുത്താം. നിലനിൽക്കുന്ന അധികാരഘടനയിൽ പങ്കാളിത്തം (Participation), നിയമവാഴ്ച (Rule

of law), സുതാര്യത (Transparency) സമന്വയം (Consensus), തത്തുല്യതയും അഭിവ്യാപകതയും (Equity and inclusiveness), കാര്യക്ഷമതയും ഫലപ്രാപ്യതയും (Efficiency and effectiveness), കടപ്പാട് (Accountability) എന്നീ സങ്കല്പങ്ങളെല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഇവർ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. പ്രതിമാനവികതാബോധത്തിന് അതിന്റേതായ ന്യായീകരണങ്ങളും സാധ്യതകളുമുണ്ടെങ്കിലും അവയെ സ്വീകരിക്കുമ്പോൾ ചില മുൻകരുതലുകൾ ആവശ്യമാണ്. ഏതൊരു ഭരണകൂടത്തിനും ബോധനപരവും ഘടനാപരവുമായ ധർമ്മങ്ങളുണ്ട്. പരിഷ്കൃത നാഗരികതയുടെ ഉയർന്ന തലങ്ങൾ എത്തിപ്പിടിക്കാനാണ് ഇത് ലക്ഷ്യംവെക്കുന്നത്. ഉല്പാദനസാമഗ്രികളുടെ അനുസ്യൂതമായ വളർച്ചയ്ക്ക് ഉപയുക്തമാകുന്ന രീതിയിൽ ജനസാമാന്യത്തിന്റെ മാനസികവ്യാപാരങ്ങളെയും ധാർമ്മികബോധത്തെയും പരുവപ്പെടുത്തിയെടുക്കുന്നവരാണ് ഭരണാധികാരികൾ. എല്ലാതരം ബോധനപ്രക്രിയകളിലൂടെയും വ്യക്തിയുടെ സമ്മതവും സഹകരണവും സാദ്ധ്യമാക്കിത്തീർക്കാനാണ് അവർ പരമാവധി ശ്രമിക്കുക. പ്രശസ്ത ഇറ്റാലിയൻ ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ വാക്കുകൾ ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ കൂടുതൽ പ്രസക്തമാണ്.[24] തികഞ്ഞ ജാഗ്രതയോടെ മാനവികതാസങ്കല്പത്തെ ഇന്നത്തെ സാഹചര്യത്തിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ പാശ്ചാത്യനവോത്ഥാനബോധവും മാനവികതാബോധവും ഉണ്ടാക്കിയ ഉണർവാണ് തന്റെ ജീവിതാവസ്ഥകളെ വിലയിരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും മലയാളിയെ പ്രേരിപ്പിച്ചത്. ആ മാനവികതാബോധത്തിൽനിന്നാണ് ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും പ്രതിമാനവികതാ സങ്കല്പം ഉയർന്നുവരുന്നത്.

### 6.11. പ്രതിമാനവികതയും ഉത്തരാധുനികതയും

ആധുനികത കലാസാഹിത്യസംബന്ധിയായ ഒരു സങ്കല്പം മാത്രമല്ല സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലേയും ചലനനിയമവുമായി ബന്ധപ്പെട്ട ഒരു സംപ്രത്യയം

കൂടിയാണ്. പ്രതിമാനവികതയുടെ തുടർച്ചയായി കടന്നുവരുന്ന മറ്റൊരു സാങ്കേതികപദമാണ് ഉത്തരാധുനികത. ലോകത്തിന്റെ എല്ലാ മേഖലകളിലും പ്രത്യക്ഷപ്പെടുന്ന നവചലനങ്ങളെ ഉത്തരാധുനികത എന്ന പദം ഉൾക്കൊള്ളുന്നു. ധനമൂലധനത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും വ്യാപനം ഉണ്ടാക്കിയ സാമൂഹ്യക്രമത്തെയാണ് നവലോകക്രമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നിലനിൽക്കുന്ന എല്ലാ വിരുദ്ധദ്വന്ദങ്ങൾക്കുമപ്പുറം ലോകം ഒറ്റ കമ്പോളമാണെന്ന വിശ്വാസവും എല്ലാ ബന്ധങ്ങളും ഉല്പാദകൻ, ഉപഭോക്താവ് എന്ന സമന്വിത ദ്വന്ദത്തിലേക്ക് ചുരുങ്ങേണ്ടതുണ്ട് എന്ന ധാരണയും നവലോകക്രമം വളർത്തുന്നു.

ആധുനികതയുടെ നിഷേധമനുഷ്യസങ്കല്പം ഇവിടെ പ്രസക്തമല്ല. പ്രതീക്ഷയോടെ ജീവിക്കുന്ന മനുഷ്യന് മാത്രമേ നിർമ്മിതവസ്തുവിന്റെ ആവശ്യം വരുന്നുള്ളു. എന്നെങ്കിലും വരുന്ന മരണത്തെക്കുറിച്ച് ദുഃഖിക്കാതെ, വർത്തമാനകാലത്തിന്റെ സത്യത്തെ ഉൾക്കൊള്ളാൻ നവലോകക്രമം പ്രേരിപ്പിക്കുന്നു. ഏകാന്തതയെ വർദ്ധിപ്പിക്കുന്ന നിശ്ശബ്ദതക്കുപകരം, ശബ്ദമുഖരിതമായ ആഘോഷങ്ങളെ സമൂഹത്തിൽ നിലനിർത്താൻ അവർ ആഗ്രഹിക്കുന്നു. നിരാശക്കുപകരം പ്രതീക്ഷയും പ്രത്യാശയും ഉപഭോക്താവിൽ വളർത്താൻ കമ്പോളമൂലധനം ശ്രദ്ധിക്കുന്നു. സംസ്കാരത്തിൽനിന്ന് വരുന്ന എന്തും സാംസ്കാരികോത്പന്നങ്ങൾ എന്ന നിലയിൽ പരിഗണിക്കുന്നതിനാൽ എല്ലാം മൂല്യനിർണ്ണയം ചെയ്ത് വിറ്റഴിക്കാനുള്ള പദ്ധതികൾ അവർ ഉണ്ടാക്കുന്നു. നവലോകക്രമവും ഉത്തരാധുനികതയും കലാചർച്ചയിലും സാമൂഹികചിന്തകളിലും സംവാദരൂപേണ ഇന്നും നിലനിൽക്കുന്നു. സാഹിത്യത്തിലെ ആധുനികതയുടെ തുടർച്ചയോ നിഷേധമോ അല്ല ഉത്തരാധുനികത. അത് മനുഷ്യനും കമ്പോളവും തമ്മിലുള്ള വ്യവസ്ഥകളെ നിർണ്ണയിക്കുന്ന ജീവിതാവസ്ഥയാണ്. പ്രതിമാനവികതാസങ്കല്പവും ഉത്തരാധുനികതയും ചില സന്ദർഭങ്ങളിലെങ്കിലും പരസ്പരാശ്രിതമായി നിലകൊള്ളുന്നു.

ഉത്തരാധുനിക സാഹിത്യത്തെക്കുറിച്ചുള്ള ഒരു നിർവ്വചനം പല കാരണങ്ങളാൽ അസാദ്ധ്യമാകയാൽ 'വർത്തമാനകാലകഥ' എന്ന് തൊണ്ണൂറുകൾക്ക് ശേഷമുള്ള കഥകളെ വിശേഷിപ്പിക്കാനാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. ഈ കഥകളിലെ മനുഷ്യാവസ്ഥയെ സാമാന്യമായി പരാമർശിക്കാതെ ഈ പഠനം പൂർത്തിയാവുകയില്ല.

ആധുനികകഥയിലെ രണ്ടാംഘട്ടത്തിലെ മനുഷ്യസങ്കല്പത്തിന്റെ തുടർച്ചയാണോ വർത്തമാനകാലകഥയിൽ പ്രത്യക്ഷപ്പെടുന്നത് എന്ന അന്വേഷണം പ്രസക്തമാണ്. ആ കാലഘട്ടത്തിലെ എഴുത്തുകാർ ഇന്നും രചനാരംഗത്ത് സജീവമാണ്. വർത്തമാനകാല കഥയെക്കുറിച്ച് മുൻവിധിയോടെ തീർപ്പുകല്പിക്കുന്നത് ശരിയല്ല. എന്നാൽ മുൻകഥകളിൽ അവർ സൃഷ്ടിച്ച മനുഷ്യനെ അതേപ്രകാരത്തിൽ അവതരിപ്പിക്കാൻ ഇന്നവർക്ക് കഴിയുന്നില്ല. മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടും മാനസികാഘാതത്തിന്റെ സമ്മർദ്ദങ്ങളിൽപ്പെട്ടും മരണത്തെ സ്നേഹപൂർവ്വം സ്വീകരിക്കുന്ന ഒരു കഥാപാത്രത്തിന് ഇന്ന് കഥാലോകത്ത് സാംഗത്യമില്ല. കഥ ജീവിതത്തിന്റെ ഒരു പരിച്ഛേദമാകയാലും സാമൂഹിക യാഥാർത്ഥ്യങ്ങളുടെ സമ്മർദ്ദങ്ങളാലും ആഹ്ലാദിക്കുന്നമനുഷ്യനും ഇന്ന് ഇവരുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നു. നവോത്ഥാനകാലത്തിന്റെ മനുഷ്യസങ്കല്പം, രചനയിൽ നിഷേധിക്കാൻ ശ്രമിക്കുമ്പോഴും ഈ എഴുത്തുകാരുടെ മാനസികബോധത്തിൽ ആ സങ്കല്പം ലീനമായി കിടന്നിരുന്നു. തകർക്കാൻ ആഗ്രഹിച്ച മേഖലകളിലാകട്ടെ ആർക്കും സങ്കല്പിക്കാൻ കഴിയാത്ത പരിവർത്തനമാണ് തൊണ്ണൂറുകൾക്കുശേഷം സംഭവിച്ചത്. മോഹിപ്പിക്കുന്ന കമ്പോളവും പ്രതീക്ഷ നൽകുന്ന വാഗ്ദാനങ്ങളും മനുഷ്യജീവിതത്തെ ആകർഷകമാക്കിയതോടെ ആധുനികതയുടെ ഏകാന്തത, നിരാശ, മരണാഭിമുഖ്യം ഇവയെല്ലാം അപ്രസക്തമായി.

മറ്റൊരർത്ഥത്തിൽ ധനമൂലധന വ്യവസ്ഥയിൽ അധിഷ്ഠിതമായ ആഗോളീകരണം ഇതിനെയെല്ലാം അതിപരിചിതങ്ങളാക്കി മാറ്റി. കലയിലെ സംഭവ്യതാനിയമങ്ങളെ അതി

ശയിപ്പിക്കുന്ന വിധമാണ് കാലം മാറിക്കൊണ്ടിരിക്കുന്നത്. കഥകളേക്കാൾ കൗതുകമുണർത്തുന്ന വാർത്തകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ആധുനികതയുടെ രണ്ടാമത്തെ ഘട്ടത്തിലെ ഒരു ചിന്താപദ്ധതിയുടെ വികാസം ഇന്നും കഥയിൽ സജീവമാണ്. സമഗ്രമായ ഒരു ജീവിതദർശനം അസാദ്ധ്യമാണെന്ന് അവർ വിശ്വസിച്ചു. ലളിതമെന്ന് കരുതുന്ന പലതും സങ്കീർണ്ണമാണെന്ന് ഇവർ ചിന്തിക്കുന്നു. അടുക്കുംതോറും എല്ലാ പരിചിതങ്ങളും അപരിചിതമായി മാറുന്നതായി ഇവർക്ക് അനുഭവപ്പെടുന്നു. അപഗ്രഥനവിധേയമെന്ന് പ്രത്യക്ഷത്തിൽ തോന്നാവുന്ന കാര്യങ്ങൾ അഴിക്കുംതോറും മുറുകുന്ന കുരുക്കുകൾപോലെ ആയിത്തീരുന്നു. കല കലയെക്കുറിച്ച് സംസാരിക്കുന്ന അവസ്ഥ സംജാതമാകുന്നു. കൂടുതൽ സങ്കീർണ്ണമായ അവസ്ഥയാണ് വർത്തമാനകാലകഥയിലെ ആധുനികതാവാദത്തിന്റെ പിൻമുറക്കാർ അനുഭവിക്കുന്നത് എന്ന് അവർ സ്വയം വിശ്വസിക്കുന്നു. നവോത്ഥാനത്തെയും അതിന്റെ എല്ലാ ചിന്താധാരകളെയും തിരസ്കരിക്കുന്ന ഒരവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു.

എന്നാൽ മലയാളകഥയിലെ നവോത്ഥാന മനുഷ്യസങ്കല്പത്തെ കാലോചിതമായി പരിഷ്കരിക്കുകയും നിത്യമായി നിലനിർത്തുകയും ചെയ്യുന്നത് മറ്റുചില ഘടകങ്ങളാണ്. അവയെ സാമാന്യമായി താഴെപ്പറയുന്ന ക്രമത്തിൽ വിലയിരുത്താം.

ആധുനികതയോടൊപ്പം രചനാരംഗത്തേക്ക് പ്രവേശിക്കുകയും ആധുനികതാവാദക്കാരേക്കാൾ കഥയെ ഗൗരവത്തിലെടുക്കുകയും ചെയ്ത കഥാകൃത്തുക്കളാണ് മനുഷ്യചിന്തയെ നിലനിർത്തിയതിൽ ശ്രദ്ധേയർ. 1970കൾ മുതൽ രചനാരംഗത്ത് കടന്നുവന്ന ഈ എഴുത്തുകാർ മൂന്ന് കാരണങ്ങളാൽ പഠനവിധേയരാണ്.

നവോത്ഥാനകാലത്തുനിന്ന് വ്യത്യസ്തമായി ലക്ഷ്യബോധത്തെ നിഷേധിക്കുന്ന ഒരു കാലഘട്ടമായിരുന്നു ആധുനികതയുടേത്. ആത്മാലാപങ്ങളും വ്യർത്ഥതയുടെ വിലാ

പങ്ങളും മുഴങ്ങിനിന്ന കഥാരംഗത്ത് മാധ്യമലാളനയും വിപണനസാദ്ധ്യതയും പ്രധാനപ്പെട്ടതായിരുന്നു. ആധുനികർക്ക് നിർല്ലോഭം ലഭിച്ച ഈ പരിഗണന ആധുനികതയെ നിഷേധിച്ച എഴുത്തുകാർക്ക് ലഭ്യമായിരുന്നില്ല. സർഗ്ഗശേഷി വ്യാപാരതാല്പര്യത്തിനു മുന്നിൽ അപ്രത്യക്ഷമായപ്പോൾ ഇവർ കഥാരചനയെ ആത്മവിശ്വാസത്തോടെ മുന്നോട്ടുകൊണ്ടുപോയി.

മൂല്യചിന്തകൾ വിപരീതമാകുന്ന ഒരവസ്ഥ നിലനിന്നപ്പോൾ യുക്തിസഹമായ ചില സമവാക്യങ്ങൾ കണ്ടെത്താൻ കഴിയുമെന്ന് ഇവർ വിശ്വസിച്ചു. പലതരം വിഭജനങ്ങളാൽ വെല്ലുവിളികളെ ഒന്നിച്ചുനേരിടാനുള്ള സാമൂഹ്യസന്ദർഭങ്ങൾ കുറവായിരുന്നിട്ടും പ്രതീക്ഷാനിർഭരമായ അന്വേഷണങ്ങൾ ഇവർ തുടർന്നു.

രചനയിലും ഉള്ളടക്കത്തിലും കാലം സൃഷ്ടിച്ച അതിർരേഖകൾ കഥ എന്ന സാഹിത്യരൂപത്തിൽ ഇവർ ഇല്ലാതാക്കി. ആദ്യകാലരചനയുടെ സങ്കേതങ്ങൾ മുതൽ ആധുനികജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന വിവിധങ്ങളായ ആഖ്യാനരീതികൾ വരെ ഈ കഥാകാരന്മാർ സമർത്ഥമായി പ്രയോജനപ്പെടുത്തുന്നു. യാതൊരു വിളംബരങ്ങളുമില്ലാതെ മനുഷ്യനെ മനുഷ്യനായി സ്വീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നു.

വർത്തമാനകാലകഥയുടെ സവിശേഷതകൾ പലപ്രകാരത്തിൽ തുടർന്നും വിശദീകരിക്കാമെങ്കിലും മനുഷ്യനെക്കുറിച്ചും മാനവികതാമൂല്യത്തെക്കുറിച്ചും ഉള്ള ചിന്തയെ മുൻനിർത്തി മറ്റ് വിഷയങ്ങളെ പരിമിതപ്പെടുത്തുകയാണ്. വർത്തമാനകാലകഥയിലെ കഥാകാരന്മാരെക്കുറിച്ചും കഥകളെക്കുറിച്ചും പഠനങ്ങൾ നടന്നുവരികയാണ്. സി.വി. ബാലകൃഷ്ണൻ, യു.കെ. കുമാരൻ, എൻ. പ്രഭാകരൻ, അക്ബർ കക്കട്ടിൽ, ടി.വി. കൊച്ചുബാവ, അശോകൻ ചരുവിൽ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, വത്സലൻ വാതുശ്ശേരി, അഷ്ടമൂർത്തി മുതലായ കഥാകാരന്മാരും സി.വി. ശ്രീരാമൻ, എം. സുകുമാരൻ, സാറാ

ജോസഫ് തുടങ്ങിയ മുൻഗാമികളുമാണ് കഥ എന്ന സാഹിത്യരൂപത്തെ ഗൗരവമായി എടുത്ത് 'മനുഷ്യനെ' സമുചിതമായി പരിചരിച്ചത്.[25] മൂല്യങ്ങളെ കുറിച്ചുള്ള ധാരണകൾ വളരെ മാറിയിട്ടുണ്ടെങ്കിലും മാനവികത എന്ന ആശയം ഈ കഥകളിൽ സജീവമാണ്. നവോത്ഥാനരചനകളുമായി മേൽപ്പറഞ്ഞ എഴുത്തുകാരുടെ രചനകളെ താരതമ്യം ചെയ്താൽ കാലോചിതമായും കലോചിതമായും പരിഷ്കരിക്കപ്പെട്ട മനുഷ്യസങ്കല്പത്തെയും മൂല്യങ്ങളെയും കാണാം. നവോത്ഥാനാനന്തര മലയാള ചെറുകഥയിലെ വികാസപരിണാമങ്ങളെ സാമാന്യമായി വിലയിരുത്തിയതിൽനിന്ന് വർത്തമാനകാല മനുഷ്യസങ്കല്പത്തെക്കുറിച്ചും മാനവികതാമൂല്യബോധത്തെക്കുറിച്ചും ഇനി പറയുന്ന നിഗമനങ്ങളിലെത്താം.

* നവോത്ഥാനാനന്തര മലയാള ചെറുകഥയിൽ 1960കൾക്കുശേഷം പ്രത്യക്ഷപ്പെട്ട രചനകളെ ആധുനികം എന്നു വിശേഷിപ്പിക്കാം. ആധുനികതയെ പ്രാരംഭഘട്ടം, ദ്വിതീയഘട്ടം, വർത്തമാനകാലഘട്ടം എന്നീ നിലയിൽ വേർതിരിക്കാം.

ആധുനികതയുടെ പ്രാരംഭഘട്ടത്തിൽ നവോത്ഥാനകാല മനുഷ്യസങ്കല്പത്തെയും മാനവികതാമൂല്യത്തെയും എഴുത്തുകാർ വിഭക്തമനസ്സോടെയാണ് സ്വീകരിച്ചത്. എന്നാൽ നവോത്ഥാനകാലം നൽകിയ എല്ലാ പ്രതീക്ഷകളും അസ്ഥാനത്താണെന്ന് ഭൗതികസാഹചര്യത്തിൽനിന്നും ഇവർ തിരിച്ചറിഞ്ഞു. തങ്ങളുടെ കാലഘട്ടം നഷ്ടപ്പെടലുകളുടേതും പ്രതീക്ഷാരാഹിത്യത്തിന്റേതുമാണെന്ന് ഇവർ മനസ്സിലാക്കി. വ്യക്തിയിലെ വ്യക്തി, കുടുംബം, സമൂഹം തുടങ്ങി മനുഷ്യൻ മനുഷ്യനായിത്തീരുന്ന ഇടങ്ങളിലെല്ലാം അവൻ തിരസ്കൃതനാവുന്നതായി അവർ ഭയപ്പെട്ടു. എങ്കിലും ഇവർ മനുഷ്യനെ മാനിക്കാൻ തയ്യാറായി. മൂല്യങ്ങൾ കാലത്തിനനുസരിച്ച് തിരുത്തേണ്ടിവരുമെന്ന് ഓർമ്മിപ്പിച്ചു.

* ആധുനികതയുടെ ദ്വിതീയഘട്ടം, പൂർണ്ണാർത്ഥത്തിലല്ലെങ്കിലും അതിന്റെ ഒരു

നിശ്ചിതസന്ദർഭം മുതൽ മനുഷ്യനെ ബോധപൂർവ്വം നിഷേധിച്ചു. മനുഷ്യസങ്കല്പത്തെ ഇല്ലായ്മ ചെയ്യാൻ മറ്റ് കലാസാഹിത്യരൂപങ്ങളോടൊപ്പം, അവയേക്കാൾ തീവ്രമായി ശ്രമിച്ചു. പാശ്ചാത്യാധുനികതയുടെ യുക്തിയിൽനിന്നുകൊണ്ടാണ് ഈ പരീക്ഷണത്തിന് അവർ തുടക്കമിട്ടത്. പാശ്ചാത്യനാടുകളിൽ നിലനിന്നിരുന്ന മനുഷ്യസങ്കല്പത്തെ അതിന്റെ നിർമ്മിതിയിലെ ചേരുവകളുടെ പ്രത്യേകത കാരണം നിഷ്പ്രയാസം തകർക്കാൻ പാശ്ചാത്യാനുധികതയ്ക്ക് കഴിഞ്ഞു. പാശ്ചാത്യനാടുകൾ അഭിമുഖീകരിക്കേണ്ടിവന്ന സവിശേഷസാഹചര്യങ്ങൾ അതിന്റെ വേഗത വർദ്ധിപ്പിച്ചു. എന്നാൽ മലയാള ചെറുകഥയിലെ നവോത്ഥാനകാല മനുഷ്യസങ്കല്പത്തെ ഇല്ലാതാക്കാൻ ആധുനികതയുടെ ദ്വിതീയഘട്ടത്തിന് കഴിഞ്ഞില്ല. കേരളീയ മനുഷ്യനിർമ്മിതിയിലെ അസാധാരണതകളും മൂല്യസങ്കല്പത്തിലെ സവിശേഷതകളുമാണ് ഈ സാഹചര്യം സൃഷ്ടിച്ചത്. ആധുനികതയുടെ രണ്ടാംഘട്ടത്തിലെ എഴുത്തുകാർ നവോത്ഥാന പ്രവണതകളെ രചനകളിൽ നിഷേധിക്കുമ്പോഴും അവരുടെ അന്തർമണ്ഡലങ്ങളെ ആ രചനാസങ്കല്പവും മൂല്യബോധവും സ്വാധീനിച്ചിരുന്നു. ഓരോ എഴുത്തുകാരിലും ആ കാലഘട്ടത്തിലെ മൂല്യബോധത്തെ നിഷേധിക്കുവാനുള്ള വ്യഗ്രത ഓരോ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. മൂല്യനിഷേധങ്ങളിൽ ആഗ്രഹിച്ചവിധം മുന്നേറുന്നതിന് ഇവർക്ക് കഴിഞ്ഞില്ല.

* ഉത്തരാധുനികമെന്ന് വിശേഷിപ്പിക്കുന്ന വർത്തമാനകാലഘട്ടത്തിൽ നവോത്ഥാനകാല മനുഷ്യബോധത്തെ പൂർണ്ണമായും തിരസ്കരിക്കാതെ ഒരു പ്രതിമാനവികാബോധം ഉയർന്നുവരും. നവോത്ഥാനകാലഘട്ടത്തിന്റെ പരിധികളും പരിമിതികളും മനസ്സിലാക്കി ആ മനുഷ്യസങ്കല്പത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ട മനുഷ്യരെ മനുഷ്യസങ്കല്പത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള തീവ്രശ്രമം കഥാകാരൻ നടത്തുന്നു.

മറ്റ് ഏതൊരു സാഹിത്യരൂപത്തേക്കാളും മനുഷ്യനെ പരിഗണിക്കുന്നതും അവനോട് നീതിപുലർത്തുന്നതും ഇന്നും കഥ എന്ന സാഹിത്യരൂപമാണ്.

## കുറിപ്പുകൾ

1. കൃഷ്ണപിള്ള എൻ. : കൈരളിയുടെ കഥ, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1992, പേജ് 255 മുതൽ
2. സച്ചിദാനന്ദൻ : തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: ലിറ്റിൽ പ്രിന്റ്സ്, 1985, പേജ് 42
3. കേശവൻ വെളുത്താട്ട്
   ചെക്കുട്ടി എൻ.പി. : കേരളത്തിന്റെ ആധുനികീകരണം, ചരിത്രപരമായ പ്രശ്നങ്ങൾ (അവതാരിക), കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ, 1980, പേജ് 12
4. കേശവൻ വെളുത്താട്ട് ചെക്കുട്ടി എൻ.പി. : കേരളത്തിന്റെ ആധുനികീകരണം, ചരിത്രപരമായ പ്രശ്നങ്ങൾ (അവതാരിക), കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ, 1980, പേജ് 13
5. ശ്രീകുമാർ എം. (ഡോ.) : പാശ്ചാത്യ തത്വചിന്തയുടെ ചരിത്രം, (വാല്യം ഒന്ന്), തത്വചിന്തയ്ക്ക് ഒരാമുഖം, പ്രാചീന തത്വചിന്ത, തത്വ പബ്ലിഷിങ്ങ് ഹൗസ്, 2002
6. സുകുമാരൻ വി. : ആധുനികതയുടെ അക്ഷരമാല, തൃശൂർ: പ്രൊഫ. പി. ശങ്കരൻനമ്പ്യാർ ഫൗണ്ടേഷൻ, 2004, പേജ് 9-12
7. ശ്രീവത്സൻ ടി. : മതേതരത്വത്തിനുശേഷം, കോട്ടയം: കറന്റ് ബുക്സ്, 2004, പേജ് 17
8. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 35
9. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 36
10. Albert Camus : The Myth of Sisyphus,U.K.: Penguin Books, 1977, Page 36
11. അപ്പൻ കെ.പി. : കഥ: ആഖ്യാനവും അനുഭവസത്തയും, കോട്ടയം: ഡി.സി. ബുക്സ്, 1999, പേജ് 19
12. വാസുദേവൻനായർ എം.ടി. : എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ ('നന്ദി' എന്ന ആമുഖക്കുറിപ്പ്, തൃശൂർ: കറന്റ് ബുക്സ്, 1968
13. വാസുദേവൻനായർ എം.ടി. : എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ ('നന്ദി' എന്ന ആമുഖക്കുറിപ്പ്, തൃശൂർ: കറന്റ് ബുക്സ്, 1968

14. പത്മനാഭൻ ടി. : ഗൗരി (കഥകൾ), കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1991, പേജ് 42

15. തോമസ്മാത്യു എം. : ആത്മാവിന്റെ മുറിവുകൾ, തൃശൂർ: അങ്കണം, 1998, പേജ് 160

16. മുകുന്ദൻ എം. : എന്താണ് ആധുനികത? കോഴിക്കോട്: പൂർണ്ണ പബ്ലിഷേഴ്സ്, 1976, പേജ് 31

18. സച്ചിദാനന്ദൻ : തെരഞ്ഞെടുത്ത ലേഖനങ്ങൾ, കോട്ടയം: ലിറ്റിൽ പ്രിന്റ്സ്, 1985, പേജ് 137

19. അച്ചുതൻ നമ്പൂതിരി, അക്കിത്തം : അക്കിത്തം കവിതകൾ, തൃശൂർ: കറന്റ് ബുക്സ്, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2002, പേജ് 229

20. അയ്യപ്പപണിക്കർ : അയ്യപ്പപണിക്കരുടെ കവിതകൾ, കോട്ടയം: ഡി.സി. ബുക്സ്, 1984, പേജ് 76

21. സേതു : നൂലേണി, കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1992, പേജ് 10

22. വിജയൻ ഒ.വി. : കാറ്റുപറഞ്ഞ കഥ, കോട്ടയം: ഡി.സി. ബുക്സ്, 1992, പേജ് 5

23. മധുസൂദനൻ ജി. : കഥയും പരിസ്ഥിതിയും, തൃശൂർ: കറന്റ് ബുക്സ്, 2000

24. അന്റോണിയോ ഗ്രാംഷി : ജയിൽകുറിപ്പുകൾ, ഭരണകൂടവും പൗരസമൂഹവും, കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2006

25. ശശിധരൻ എൻ. : കഥ കാലം പോലെ, കാസർഗോഡ്: കലാക്ഷേത്ര, 1992

രാജഗോപാലൻ ഇ.പി. : കഥാപൂർവ്വം, 16 മികച്ച കഥകൾ, ബഹുവചനം, പഠനം, കരിവള്ളൂർ: ഇതൾ, 1983

26. പ്രതിഭാസംഗമം (മുപ്പത്തിമൂന്ന് തെരഞ്ഞെടുത്ത കഥകൾ, എഡിറ്റർ: സി. ഹരിദാസ്, കഥാപഠനം: ആഷാമേനോൻ), കാരുണ്യമാർഗ്ഗം കൈവെടിഞ്ഞ തഥാഗതൻ (പട്ടത്തുവിള കഥകളെക്കുറിച്ച് സച്ചിദാനന്ദൻ നടത്തിയ പഠനം), സുകുമാരന്റെ പ്രസക്തി (എം. സുകുമാരന്റെ കഥകളെക്കുറിച്ച് സച്ചിദാനന്ദൻ നടത്തിയ പഠനം) എന്നീ ലേഖനങ്ങളും വി. രാജകൃഷ്ണൻ എഴുതിയ ചെറുകഥയുടെ ഛന്ദസ് (കോട്ടയം: ഡി.സി. ബുക്സ്, 1997), എം.കെ. ഹരികുമാർ എഴുതിയ കഥ: ആധുനികതയ്ക്ക് ശേഷം (പ്രഭാതം പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, 2000) എന്നീ പുസ്തകങ്ങളും അംബികാസുതൻ മാങ്ങാടിന്റെ വാലില്ലാത്ത കിണ്ടി എന്ന പുസ്തകത്തിൽ ചേർത്ത എൻ. ശശിധരന്റെ 'ചരിത്രത്തിന്റെ വേരുകളും മുള്ളുകളും എന്ന ലേഖനവും' ടി.എൻ. പ്രകാശിന്റെ 'വാഴയില' എന്ന സമാഹാരത്തിന് എം. തോമസ്മാത്യു എഴുതിയ 'കീഴ്സ്ഥായിയിലെ ഒരു ദുരന്താലാപനം' എന്ന പഠനവും കേന്ദ്രീകരിച്ചാണ് ഈ നിരീക്ഷണങ്ങളിൽ എത്തുന്നത്.

## ഉപസംഹാരം

ഈ അന്വേഷണത്തിലെ പ്രധാനപ്പെട്ട നിഗമനങ്ങളും വസ്തുതകളും താഴെ പറയുന്നവയാണ്.

1. മനുഷ്യനെക്കുറിച്ചും, മനുഷ്യൻ മനുഷ്യനായിത്തീരുന്ന പ്രക്രിയയെക്കുറിച്ചും പൗരസ്ത്യർക്ക്, വിശിഷ്യാ ഭാരതീയർക്ക് സ്വന്തമായ ചില വീക്ഷണങ്ങൾ ഉണ്ടായിരുന്നു. താത്കാലികമോ സവിശേഷമോ ആയ ലക്ഷ്യത്തിനപ്പുറം ആ വീക്ഷണങ്ങൾ നിലനിൽക്കുന്നതിനാവശ്യമായ മുൻകരുതലുകൾ ഭാരതീയർ സ്വീകരിച്ചു. ആര്യവും വരേണ്യവുമായ ഈ വീക്ഷണങ്ങൾ എ.ഡി. എട്ടാം നൂറ്റാണ്ടുവരെ കാലോചിതമായി പരിഷ്കരിച്ചും കലാചിന്തകളാൽ പരിപോഷിപ്പിച്ചും നിലനിർത്താൻ ശ്രദ്ധിച്ചു. ഈ ചിന്തകൾക്ക് സമാന്തരമായി ഭാരതത്തിൽ പ്രാദേശിക സങ്കല്പങ്ങളും നിലനിന്നിരുന്നു. ഇന്ത്യയിലാകെ ആര്യന്മാർ അധിവാസമുറപ്പിച്ചതോടെ അവരുടെ മനുഷ്യവീക്ഷണവും പ്രാദേശിക വീക്ഷണങ്ങളും ഇടകലർന്ന് ഒരു മനുഷ്യസങ്കല്പം രൂപപ്പെട്ടു. പാശ്ചാത്യർ അവരുടെ നാടുകളിലെ മനുഷ്യസങ്കല്പത്തെ അധിനിവേശം ചെയ്ത പ്രദേശങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ചു.

സമൂഹത്തിനെ പലരീതിയിൽ സ്വാധീനിക്കാൻ കഴിഞ്ഞിരുന്ന അഭ്യസ്തവിദ്യർ, പുരോഹിതർ, പടയാളികൾ, വണിക്കുകൾ, എന്നിവരിലൂടെ ഈ സങ്കല്പം പ്രചരിപ്പിക്കുന്നതിന് അവർ ശ്രദ്ധിച്ചു. അധികാരഘടനയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇതിനെ വ്യാപകമാക്കാൻ ഇവർ ശ്രമിച്ചു.

*പ്രാചീനകാലംതൊട്ടുള്ള ഭാരതീയ മനുഷ്യവീക്ഷണവും പ്രാദേശിക ദ്രാവിഡ മനുഷ്യചിന്തയും അധിനിവേശം ചെയ്ത പാശ്ചാത്യരുടെ മനുഷ്യസങ്കല്പവും ഇടകലർന്ന് സൃഷ്ടിച്ചെടുത്തതാണ് ഇരുപതാംനൂറ്റാണ്ടിലെ അഭ്യസ്തവിദ്യനായ കേരളീയന്റെ മനുഷ്യസങ്കല്പം.*

2. ഓരോകാലത്തും നിലനിൽക്കുന്ന സാമൂഹ്യഘടന, അതിന്റെ നിലനില്പിനാധാരമായതും അധികാരഘടനയ്ക്ക് ആശാസ്യമായതും പരിഷ്കൃതമെന്നു വിശ്വസിക്കുന്നതുമായ ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും രൂപം നൽകും. ഇവയെ സാമാന്യാർത്ഥത്തിൽ മൂല്യബോധം എന്നു വിശേഷിപ്പിക്കാം. സമൂഹഘടനയിലുണ്ടാകുന്ന മാറ്റം മൂല്യസങ്കല്പങ്ങളേയും മാറ്റിക്കൊണ്ടിരിക്കും. എന്നാൽ മനുഷ്യനെയും അവന്റെ ജീവിതത്തേയും ഒരനുസ്യൂതിയായി നിരീക്ഷിച്ചാൽ ചില മൂല്യസങ്കല്പങ്ങൾ മനുഷ്യബോധത്തെ നിരന്തരം സ്വാധീനിക്കുന്നതായി കാണാം. മനുഷ്യനും മനുഷ്യനും തമ്മിലും അവൻ അധിവസിക്കുന്ന ഭൂമി, ഇതര ജീവജാലങ്ങൾ തുടങ്ങി ഇടപെടേണ്ടിവരുന്ന മേഖലകളെയും മുൻനിർത്തി ചില ചിട്ടകൾക്കും പെരുമാറ്റരീതികൾക്കും സമൂഹം രൂപം നൽകും. ഘടനാപരമായ മാറ്റം, ഈ ചിട്ടകളെ സ്വാധീനിക്കുമെങ്കിലും ഘടന മാറുമ്പോഴും ചിട്ടകൾ മാറുന്നതിന് കൂടുതൽ സമയമെടുക്കും. മാറുന്ന കാലത്തിനും, സാമൂഹികബോധത്തിനുമനുസരിച്ച് മനുഷ്യന് തന്നെ പുനർനിർവചിക്കാനും ആത്മവിശ്വാസത്തോടെ ജീവിക്കാനും സഹായകമായ മൂല്യ

ബോധങ്ങൾ, മാനവികമൂല്യത്തിൽ ഉൾപ്പെടുന്നു. മൂല്യസങ്കല്പങ്ങൾക്ക് പൊതുവായ ചില അടിസ്ഥാനമുണ്ടെങ്കിലും കാലദേശപ്രമാണങ്ങൾക്കനുസരിച്ച് പ്രത്യക്ഷീകരണങ്ങൾ വ്യത്യസ്തമാകും. മാനവികത, മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തുവരുന്നത് മദ്ധ്യകാലത്തിന്റെ അവസാനഘട്ടത്തിലാണ്. പാശ്ചാത്യാധിനിവേശമാണ്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാനവികതയെ മൂല്യചിന്തയുടെ കേന്ദ്രസ്ഥാനത്തേക്ക് ഉയർത്തിയത്. ക്രൈസ്തവചിന്തയുടെ സങ്കുചിതവും വിശാലവുമായ എല്ലാ ചർച്ചകളിലും മനുഷ്യൻ സജീവമായ ഒരു പരിഗണനാവിഷയമായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി ക്രിസ്തുമതം തീവ്രമായ ദൈവ, സ്വർഗ്ഗസങ്കല്പങ്ങൾ ഉപേക്ഷിച്ചു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന വിശ്വാസത്തിൽ ഉറച്ചുനിന്ന്, ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുവെന്ന് ക്രൈസ്തവത പ്രചരിപ്പിച്ചു. ദൈവസ്വർഗ്ഗ സങ്കല്പങ്ങളോടൊപ്പം മനുഷ്യനും ഭൂമിയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കപ്പെട്ടു.

*"ഭൂമിയിലെ നിവാസികളായ മനുഷ്യരുടെ വേർതിരിവില്ലാത്ത കൂട്ടായ്മയാണ് മാനവികത" എന്ന സങ്കല്പം പതിനഞ്ചാം നൂറ്റാണ്ടോടെ ക്രൈസ്തവത വളർത്തിയതും വിവിധ രാജ്യങ്ങളിൽ ആധിപത്യം ഉറപ്പിച്ച പാശ്ചാത്യശക്തികൾ അധികാരഘടനയുടെയും വിദ്യാഭ്യാസത്തിന്റെയും മതവിശ്വാസത്തിന്റെയും സഹായത്തോടെ പ്രചരിപ്പിച്ചതുമാണ്.*

3. മൂല്യബോധത്തെ സൃഷ്ടിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും സംഹരിക്കുന്നതിലും കലയും സാഹിത്യവും സുപ്രധാനമായ പങ്കുവഹിക്കുന്നു. അതാതു കാലഘട്ടത്തിലെ പ്രചാരമേറിയ സാഹിത്യജനുസുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ ആ കാലഘട്ടത്തിലെ മൂല്യസങ്കല്പങ്ങളേയും അതിന്റെ പ്രത്യക്ഷീകരണങ്ങളെയും

വിശകലനം ചെയ്യാൻ കഴിയും. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാഹിത്യരൂപങ്ങളിലൊന്നായ ചെറുകഥ മാനവികത എന്ന മൂല്യബോധത്തെ ഗൗരവപൂർവം കൈകാര്യം ചെയ്തിട്ടുണ്ട്. പാശ്ചാത്യാധിപത്യത്തിന്റെ ഫലമായി മലയാളസാഹിത്യത്തിൽ പ്രചാരം നേടിയ ചെറുകഥ മാനവികതയെ സൂക്ഷ്മാർത്ഥത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിവൃത്തം, രൂപഘടന, പാത്രചിത്രണം, ആഖ്യാനം, ഭാഷാശൈലി എന്നിവയിലെല്ലാം മനുഷ്യാഭിമുഖമായ വളർച്ചയാണ് മലയാള ചെറുകഥയുടെ ചരിത്രം നിരീക്ഷിച്ചാൽ കാണാൻ കഴിയുക.

*ആദ്യകാലം മുതൽ ആധുനികകാലം വരെ വായനക്കാരുടെ അഭിരുചികളെ നിയന്ത്രിച്ച് നിലനിൽക്കുന്ന ചെറുകഥ എല്ലാക്കാലത്തും മനുഷ്യനെ അനുഭാവപൂർവം വീക്ഷിക്കാനും ആഗ്രഹത്തിനുസരിച്ച് വളരാനും സഹായിച്ചു. ആഗ്രഹങ്ങളെ രൂപപ്പെടുത്തുന്നതിലും അഭിഗമ്യമാക്കുന്നതിലും അധികാരഘടനയുടെ സ്വാധീനം നിർണ്ണായകമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിൽ ചെറുകഥ മുഖ്യമായ പങ്കുവഹിച്ചു. ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് മാനവികതാബോധത്തെ സമർത്ഥമായും സാർത്ഥകമായും കൈകാര്യം ചെയ്തത് ചെറുകഥ എന്ന സാഹിത്യരൂപമാണ്. മലയാള സാഹിത്യത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല.*

4. നിലനിന്നിരുന്ന സാമ്പ്രദായികമൂല്യബോധങ്ങളിൽനിന്ന് മലയാളി വഴിമാറുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളോടെയാണ്. സാമൂഹികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിരവധി മാറ്റങ്ങൾ നടന്നത് ഈ കാലഘട്ടത്തിലാണ്. ചരിത്രകാരന്മാർ നവോത്ഥാനകാലഘട്ടം എന്നു വിശേഷിപ്പിച്ചിരുന്ന ഈ സന്ദർഭത്തിൽ നവോത്ഥാനത്തെ സൃഷ്ടിക്കുന്നത്, പാശ്ചാത്യ കൊളോണിയൽ ആധിപ

ത്യത്തിന്റെ താല്പര്യങ്ങളാണ്. കൊളോണിയൽ ചൂഷണം നിലനിർത്തുന്നതിനും പാശ്ചാത്യവിധേയത്വം ബലപ്പെടുത്തുന്നതിനുമാണ് ആ താല്പര്യങ്ങൾ ഊന്നൽ നൽകിയത്. മനുഷ്യനെയും പൊതുസമൂഹത്തേയും കൈകാര്യം ചെയ്യുന്നതിനാവശ്യമായ 'ഉദാര മാനവികത' എന്ന സങ്കല്പം ഈ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. ഇതിലൂടെ മലയാളി 'പരിഷ്കൃത'മെന്ന് പാശ്ചാത്യർ ബോദ്ധ്യപ്പെടുത്തിയ ചിന്താധാരകളെ സ്വീകരിച്ചു. പാശ്ചാത്യർ ലോകത്തു നടത്തിയ രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശത്തെ അതിനു വിധേയരായ ജനതയെക്കൊണ്ട് ശരിയാണെന്നു സമ്മതിക്കാനുള്ള ഒരു നിഗൂഡതന്ത്രമായിരുന്നു ഉദാരമാനവികത എന്ന ആശയം. അടിമരാജ്യങ്ങളിലെ ജനങ്ങളേക്കാൾ വിജ്ഞരും നീതിമാൻമാരും കരുത്തുള്ളവരും അവിടെ ഭരിച്ചിരുന്ന ഭരണാധികാരിയേക്കാൾ പ്രജകളുടെ ഉന്നമനത്തിൽ താല്പര്യമുള്ളവരും തങ്ങളാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ ഈ കാഴ്ചപ്പാടിലൂടെ അവർ ശ്രദ്ധിച്ചു. പാശ്ചാത്യാധികാരഘടനയും പാശ്ചാത്യ ക്രൈസ്തവ മതബോധവും നിലനില്പിന് പരസ്പരം ആശ്രയിക്കുകയും, നിന്ദ്യമായ കാര്യങ്ങളിൽപോലും പരസ്പരം സഹായിക്കുകയും ചെയ്തു. ഈ കാലഘട്ടമാണ് മലയാളിയുടെ മനുഷ്യസങ്കല്പത്തേയും മൂല്യബോധത്തേയും പുനഃക്രമീകരിച്ചത്.

*പാശ്ചാത്യസൃഷ്ടിയായ ഉദാരമാനവികത മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ മനുഷ്യനു സഹായകമായ വിധം പുനർനിർവചിച്ചു. പ്രകൃതി ആരാധിക്കാനുള്ള വസ്തുവല്ല കൈകാര്യം ചെയ്യാനും ചൂഷണം ചെയ്യാനും ഉള്ള വരദാനമാണെന്ന സങ്കല്പം വളർത്തി. ചാക്രികമായ കാലസങ്കല്പത്തെ രേഖീയമാക്കാൻ ശ്രദ്ധിച്ചു. കാലം മുന്നോട്ടു സഞ്ചരിക്കുന്നുവെന്നും അതിന്റെ ലക്ഷ്യം പുരോഗതി ആണെന്നും ചിന്തിക്കാൻ പ്രേരിപ്പിച്ചു. ശാസ്ത്രീയമായ യുക്തിബോധം*

*വളർത്താനും അറിവുനേടാനും മനുഷ്യനെ പ്രോത്സാഹിപ്പിച്ചു.*

5. ഉദാരവും കേവലവുമായ മാനവികതയെ അതാത് പ്രദേശങ്ങളിലെ മൂർത്തസാഹചര്യവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കാൻ യത്നിച്ചത് മാർക്സിയൻ ദർശനമാണ്. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ വികസിത ഘട്ടമാണെന്നും മുതലാളിത്ത വ്യവസ്ഥ ചൂഷണാധിഷ്ഠിതമാകയാൽ അവർ മുന്നോട്ടുവെക്കുന്ന ആശയഗതികൾ ചൂഷണതാല്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതാണെന്നും മാർക്സിയൻ ദർശനം പ്രചരിപ്പിച്ചു.

*മാർക്സിയൻ ദർശനത്തിന്റെ സാംസ്കാരിക ഇടപെടലിന് നേതൃത്വം നൽകിയ പുരോഗമനസാഹിത്യപ്രസ്ഥാനം കേവലമാനവികതയിൽനിന്ന് വർഗ്ഗാശ്രിതമാനവികതയിലേക്ക് മാനവികതാബോധത്തെ വളർത്തി. വർഗ്ഗാശ്രിത മാനവികതാബോധം കേരളീയസമൂഹത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഇതരസങ്കല്പങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചില്ലെങ്കിലും, സോഷ്യലിസ്റ്റ് റിയലിസത്തിന്റെ രചനാപദ്ധതികളിലൂടെ ആ ആശയത്തെ പ്രധാനമായും പ്രചരിപ്പിച്ചത് ചെറുകഥ എന്ന സാഹിത്യരൂപമാണ്.*

6. നവോത്ഥാന കാലഘട്ടത്തിലെ ഏറ്റവും പ്രചാരമുണ്ടായിരുന്ന സാഹിത്യരൂപം ചെറുകഥയാണ്. നവോത്ഥാനചിന്തയുടെ മുഖ്യപ്രചാരകൻ ചെറുകഥാകൃത്തായിരുന്നതിനാൽ പാശ്ചാത്യമൂല്യബോധത്തേയും മനുഷ്യസങ്കല്പത്തേയും അവർ സ്വാംശീകരിച്ചതും പുനഃസൃഷ്ടിച്ചതും മാനവികതാപഠനത്തിലെ പ്രധാനപ്പെട്ട മേഖലയാണ്.

*പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും മദ്ധ്യകാലാന്ത്യത്തിലെ ക്രൈസ്തവതയുടെയും സ്വാധീനം സ്വാഭാവികമായും നവോത്ഥാനകാല ചെറുകഥാകൃത്തുകളിൽ ഉണ്ടായിരുന്നു. എന്നാൽ സഹജമായ ചിന്താശേഷികൊണ്ടും മനസ്സിൽ ലീനമായി കിട*

*ന്നിരുന്ന ഭാരതീയവും ദ്രാവിഡവുമായ മനുഷ്യസങ്കല്പത്തിന്റെ പ്രേരണയാലും പുരോഗമന സാഹിത്യപ്രസ്ഥാനം ഉയർത്തിയ ദാർശനികചിന്തയുടെ സ്വാധീനം കൊണ്ടും അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ മൂർത്തമായ ഭൗതികസാഹചര്യങ്ങളാലും കൊളോണിയൽ നവോത്ഥാന സങ്കല്പത്തെയും മാനവികതാബോധത്തെയും വ്യതിരേകരീതിയിലാണ് നവോത്ഥാന ചെറുകഥാകൃത്തുകൾ സ്വീകരിച്ചത്.*

7. പാശ്ചാത്യ അധികാരഘടന മുന്നോട്ടുവയ്ക്കുന്ന നവോത്ഥാനപദ്ധതിയിൽ ചില അപകടങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് നവോത്ഥാനകാല ചെറുകഥാകൃത്തുക്കൾ കരുതി. 1930കൾ മുതൽ 60കൾ വരെയുള്ള മലയാള ചെറുകഥയുടെ കാലയളവിനെ നവോത്ഥാനകാലം എന്ന സങ്കല്പത്തെ മുൻനിർത്തി ഒരു ഏകകമായി സ്വീകരിക്കാവുന്നതാണ്. നിരവധി ആന്തരവൈരുദ്ധ്യങ്ങൾ കണ്ടെത്താമെങ്കിലും മനുഷ്യസങ്കല്പത്തിലും മാനവികതാമൂല്യബോധത്തിലും ഈ എഴുത്തുകാർ സമാനമായ ചില വീക്ഷണങ്ങൾ വച്ചുപുലർത്തി. പാശ്ചാത്യ മാനവികതാബോധത്തിൽ ഉൾക്കൊണ്ടിരിക്കുന്ന അബദ്ധധാരണകളെയും അപകടങ്ങളെയും ക്രാന്തദർശികളായ ഈ എഴുത്തുകാർ കഥകളിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രദ്ധിച്ചു. അവ താഴെപ്പറയുന്നവയാണ്.

* *മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം സമഗ്രമാണ് എന്ന് ക്രൈസ്തവ ദർശനം കരുതുകയും പ്രചരിപ്പിക്കുകയും ചെയ്തു. തങ്ങളുടെ അധികാരഘടനയുടെ നിലനിൽപ്പിന് ആധാരമായത് എന്ന നിലയ്ക്കാണ് പാശ്ചാത്യബോധം ദൈവബന്ധത്തെ സമഗ്രമായി ചിത്രീകരിച്ചത്. എന്നാൽ ഇത് മാനവികതാബോധത്തിന് നിരക്കുന്നതല്ല എന്ന ആശയം ഇവർ മുന്നോട്ടുവച്ചു. ചോദ്യം ചെയ്യാതെ ദൈവത്തെയും*

*വിധിയെയും സ്വീകരിക്കണമെന്ന കാഴ്ചപ്പാട് ഇവർ അംഗീകരിച്ചില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ആദ്ധ്യാത്മികതലത്തിൽ സമഗ്രമാകാമെങ്കിലും പ്രായോഗികതലത്തിൽ ഐച്ഛികമാണെന്ന് ഇവർ കരുതി.*

* *മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം കൈകാര്യകർത്തൃത്വത്തിന്റേയും വിനിയോഗത്തിന്റേതുമാണെന്ന ധാരണ പാശ്ചാത്യബോധം മുന്നോട്ടുവച്ചു. പ്രാകൃതാരാധനരീതിയിൽ ഭൂമിയും വൃക്ഷങ്ങളും സസ്യലതാദികളും എല്ലാം പരിഗണിക്കപ്പെട്ടിരുന്നു. പാഗനിസത്തെ എതിർത്ത ക്രൈസ്തവത പ്രകൃതി ആരാധിക്കാനുള്ള അത്ഭുതവസ്തുവല്ല എന്നാണ് പഠിപ്പിക്കാൻ ശ്രമിച്ചത്. പ്രകൃതിയെ കീഴ്പ്പെടുത്താനും സംരക്ഷിക്കാനുമുള്ള അവകാശം മനുഷ്യനുണ്ടെന്ന് അവർ പ്രചരിപ്പിച്ചു. ഈ ചിന്താഗതിയോട് നവോത്ഥാനകാല ചെറുകഥാകൃത്ത് സന്ധിചെയ്തില്ല. മണ്ണും മനുഷ്യനും ഇതര ജീവജാലങ്ങളും എല്ലാം ഭൂമിയുടെ അവകാശികളാണെന്ന് മലയാളിയെ ഓർമ്മപ്പെടുത്തിയത് നവോത്ഥാനകാല ചെറുകഥയാണ്.*

* *ആരാധനയുടെ സന്ദർഭത്തിലാണ് മനുഷ്യനും ദൈവവും തമ്മിലുള്ള ആത്മസംവാദം പൂർണ്ണമാകുന്നതെന്ന് പാശ്ചാത്യർ കരുതി. എന്നാൽ സഹജീവിയോടുള്ള ബന്ധം ദൈവസാന്നിദ്ധ്യത്തെ ഓർക്കലും ഓർമ്മപ്പെടുത്തലും ആകണമെന്ന് ഈ കഥാകാരന്മാർ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.*

8. ഏതൊരു മൂല്യബോധ്യവും ഒരു നിശ്ചിത സാമൂഹ്യഘടനയുടെ ഉല്പന്നമാണ്. നവോത്ഥാന കാലഘട്ടത്തിലെ മൂല്യബോധം നാടുവാഴിത്ത സാമ്പത്തിക സാമൂഹ്യഘടനയുടെയും മുതലാളിത്ത സാമൂഹ്യഘടനയുടെയും സങ്കീർണ്ണമായ ഒരു സമ്മിശ്രമായിത്തീർന്നത് ഈ കഥാകാരന്മാർ ശ്രദ്ധിച്ചിരുന്നു. നവോത്ഥാനപദ്ധതി പാശ്ചാത്യ കൊളോണിയൽ കാലഘട്ടത്തിന്റെ ഉല്പന്നമാകരുതെന്നും തദ്ദേശമായ

സാമൂഹ്യ/വ്യക്തി വീക്ഷണത്തിന്റേതാകണമെന്നും ഇവർ ആഗ്രഹിച്ചു. നവോത്ഥാനകാല ചെറുകഥാകാരന്മാർ ഒരു ഏകകമായി പരിഗണിക്കപ്പെടുമ്പോഴും കാരൂരും ലളിതാംബികയും ചില മേഖലകളിൽ വേറിട്ടുനിൽക്കുന്നു.

തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, പൊൻകുന്നം വർക്കി, എസ്.കെ. പൊറ്റെക്കാട് എന്നീ നവോത്ഥാന ചെറുകഥാകൃത്തുക്കൾ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളോട് പ്രതിബദ്ധത കാണിച്ചവരായിരുന്നു. ഈ എഴുത്തുകാർക്ക് ലഭിച്ച ശിക്ഷണങ്ങൾ കാരൂരിനും ലളിതാംബികയ്ക്കും ലഭിച്ചിരുന്നില്ല. എങ്കിലും ഉദാരമാനവികതാസങ്കല്പത്തിൽ പതിയിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയുന്നതിന് മറ്റുള്ളവരേക്കാൾ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

പരിവർത്തനവിധേയമാകുന്ന സമൂഹത്തിലെ യാഥാർത്ഥ്യങ്ങളെ നിയന്ത്രണങ്ങളില്ലാതെ വിലയിരുത്താൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു. കടന്നുവരുന്ന നവമൂല്യക്രമത്തെ അതീവതാല്പര്യമോ അങ്ങേയറ്റത്തെ അവജ്ഞയോ കൂടാതെ സ്വീകരിക്കാൻ ഇവർ ശ്രദ്ധിച്ചു.

തങ്ങൾക്ക് ലഭിച്ച ആധുനികവിദ്യാഭ്യാസത്തെ വിമർശനബുദ്ധ്യാ വിശകലനം ചെയ്യാൻ ഇവർ തയ്യാറായി. അറിവിന്റെ പരിമിതികൾ സ്വാഭാവികമല്ല, സ്വാർത്ഥതാല്പര്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് ഇവർ മനസ്സിലാക്കി.

ആസൂത്രണം, വികസനം, പുരോഗതി എന്നിവയെ എല്ലാം നിർണ്ണയിക്കുന്നതും നിശ്ചയിക്കുന്നതും അധികാരഘടനയുടെ താല്പര്യങ്ങളാണെന്ന് ഇവർ ചിന്തിച്ചു.

ശാസ്ത്രത്തിന്റെ അനിയന്ത്രിതമായ വളർച്ച 'മനുഷ്യരെ' 'മനുഷ്യൻ' നിയന്ത്രിക്കുന്ന സ്ഥിതിയിലെത്തിക്കുമെന്നും ആ മനുഷ്യൻ പരിഷ്കൃതനും പാശ്ചാത്യരീ

തിയാൽ ചിട്ടപ്പെടുത്തപ്പെട്ടവനും 'പുരുഷനും' ആയിരിക്കുമെന്ന് ഇവർ ഭയപ്പെട്ടു.

മറ്റ് നവോത്ഥാന സാഹിത്യകാരന്മാർ പുറമെനിന്നാണ് സ്ത്രീയെ നോക്കിക്കണ്ടത്. സ്ത്രീയുടെ അകത്തുനിന്ന് പുറത്തേക്കുവരുന്ന വികാരവിചാരങ്ങൾക്ക് ചെവി കൊടുക്കാൻ ഈ എഴുത്തുകാർ തയ്യാറായില്ല. കരുത്തും തന്റേടവുമുള്ള സ്ത്രീക ഥാപാത്രങ്ങളെ ബാഹ്യവർണ്ണനകളെക്കൊണ്ടല്ല ആന്തരഗൗരവം എടുത്തുകാണിച്ച് ശ്രദ്ധേയകളാക്കിമാറ്റാൻ ഈ എഴുത്തുകാർക്ക് കഴിഞ്ഞു.

നാടുവാഴിത്തമൂല്യങ്ങളാൽ ചൂഷണത്തിന് വിധേയമായിരുന്ന സ്ത്രീത്വം നവമു തലാളിത്തബോധങ്ങളുടെ കടന്നുവരവോടെ ഇരട്ടചൂഷണത്തിന് വിധേയമാകു ന്നുവെന്ന് ഇവർ കഥകളിലൂടെ വിശദീകരിച്ചു. നവോത്ഥാനചിന്തയും പുനരുത്ഥാ നചിന്തയും തമ്മിലുള്ള സംഘർഷത്തെ തിരിച്ചറിയുകയും ജാഗ്രത പുലർത്താൻ സമൂഹത്തോട് നിരന്തരം പറയുകയും ചെയ്തു. സാംസ്കാരികാധിനിവേശം എന്ന പ്രവണതയെയും അതിന്റെ പ്രക്രിയകളെയും ഈ എഴുത്തുകാർ നേരത്തെ തിരി ച്ചറിഞ്ഞു.

9. നവോത്ഥാനാനന്തര മലയാള ചെറുകഥ ആധുനികം എന്ന വിശേഷണത്തിന് അർഹ മാണ്. പാശ്ചാത്യ ആധുനികതാബോധമാണ് കഥയുടെ രൂപഭാവങ്ങളെ സ്വാധീ നിച്ചത്. ഈ കാലഘട്ടത്തെ പ്രാഥമികഘട്ടമെന്നും ദ്വിതീയഘട്ടമെന്നും വർത്തമാ നകാലഘട്ടമെന്നും വേർതിരിച്ച് വിലയിരുത്തുന്നതാണ് ഉചിതം.

ആധുനികതയുടെ ആദ്യഘട്ടം നവോത്ഥാന കഥാകാരന്മാരുടെ രചനാവീക്ഷ ണത്തിന്റെ ആരോഗ്യകരമായ തുടർച്ചയാണ്. എന്നാൽ സാമൂഹ്യജീവിതത്തിലെ കർമ്മനിരതനായ മനുഷ്യനെ ക്രമേണ മാറ്റിനിർത്തി ഏകാകിയായ മനുഷ്യനെ അവതരിപ്പിക്കാനാണ് ഈ കാലഘട്ടം ശ്രമിച്ചത്. മൂല്യങ്ങളെ സംശയദൃഷ്ട്യാ

വീക്ഷിച്ച ഇവർ അവയെ തിരസ്കരിക്കാനുള്ള പ്രവണതകൾക്ക് തുടക്കം കുറിച്ചു. പല സാഹചര്യങ്ങളാൽ നിസ്സഹായനായ മനുഷ്യന്റെ ആത്മവിശ്വാസത്തെ കഥ കൾ പ്രതികൂലമായി ബാധിക്കാനാരംഭിച്ചു.

എന്നാൽ ആധുനികതയുടെ രണ്ടാമത്തെ ഘട്ടം നവോത്ഥാനകാല കഥ സൃഷ്ടിച്ച മനുഷ്യനെ ഇല്ലാതാക്കാനാണ് മറ്റു സാഹിത്യരൂപങ്ങളോടൊപ്പം അതിനേക്കാൾ തീവ്രമായി യത്നിച്ചത്.

മലയാള ചെറുകഥയിലെ ഈ കാലഘട്ടത്തിലെ ആധുനികപ്രവണതകൾ മനുഷ്യ നിൽനിന്ന് മനുഷ്യനെ ഇല്ലായ്മചെയ്യാനും മൂല്യസങ്കല്പങ്ങളെ പൂർണ്ണമായി തിര സ്കരിക്കാനും നടത്തിയ ശ്രമങ്ങൾ വിജയിക്കാതിരുന്നത് നവോത്ഥാനകാല കഥാ കാരൻ സ്വീകരിച്ച ജാഗ്രതകൊണ്ടാണ്.

വർത്തമാനകാലഘട്ടം കഥയെ കൂടുതൽ ഗൗരവത്തിലെടുക്കുകയും നവോ ത്ഥാനകാലകഥ പൂർത്തീകരിക്കാത്ത സങ്കല്പങ്ങളെ പൂർത്തീകരിക്കാനും ആ കഥ യിലെ മനുഷ്യസങ്കല്പത്തിൽ പങ്കാളിയാകാൻ കഴിയാതെപോയ മനുഷ്യരെ അതി ലേക്ക് കൂട്ടിച്ചേർക്കുന്നതിനും ശ്രദ്ധിക്കുന്നു. പ്രതിമാനവികത മനുഷ്യസങ്കല്പ ത്തിന്റെ പൂർണ്ണതക്കുവേണ്ടിയുള്ള അന്വേഷണമാണ്. മൂല്യബോധത്തോട് ശക്ത മായി പ്രതികരിക്കുന്ന സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥ ഇന്നും സജീ വമാണ്.

# ഗ്രന്ഥസൂചി


| | |
|---|---|
| അച്യുതൻ എം. | *ചെറുകഥ ഇന്നലെ ഇന്ന്.* കോട്ടയം : സാഹിത്യ പ്രവർത്തകസഹകരണ സംഘം, 1973 |
| —————————— | *പാശ്ചാത്യസാഹിത്യദർശനം.* തൃശൂർ: കറന്റ് ബുക്സ്, 1991 |
| —————————— | *വിവേചനം.* തൃശൂർ : കറന്റ് ബുക്സ്, 1971 |
| —————————— | *നോവൽ പ്രശ്നങ്ങളും പഠനങ്ങളും.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 1983 |
| അച്യുതമേനോൻ. സി. | *തെരഞ്ഞെടുത്തഉപന്യാസങ്ങൾ.* കോട്ടയം : സാഹിത്യ പ്രവർത്തകസഹകരണസംഘം, 1983 |
| —————————— | *ഉപന്യാസമാലിക.* കോട്ടയം : ഡി.സി. ബുക്സ്, 1981 |
| അപ്പൻ കെ.പി. | *മലയാളഭാവന മൂല്യങ്ങളും സംഘർഷങ്ങളും.* കോട്ടയം : ഡി.സി. ബുക്സ്, 1992 |
| —————————— | *കഥ – ആഖ്യാനവും അനുഭവസത്തയും,* കോട്ടയം : ഡി.സി. ബുക്സ്, 1999 |
| —————————— | *ഉത്തരാധുനികത – വർത്തമാനവും വംശാവലിയും.* കോട്ടയം : ഡി.സി. ബുക്സ് 1997 |
| —————————— | *ക്ഷോഭിക്കുന്നവരുടെ സുവിശേഷം.* കോഴിക്കോട് : ബോധി പബ്ലിഷിങ്ങ് ഹൗസ് 1993 |
| അരവിന്ദാക്ഷൻ വി. | *സാഹിത്യം, സംസ്കാരം, സമൂഹം.* തൃശൂർ : ജനശക്തി ബുക്സ്, 1997 |
| അശോകൻ കെ. | *നോവൽ മലയാളത്തിൽ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1982 |
| ആനന്ദ് | *ജൈവമനുഷ്യൻ.* കോട്ടയം : ഡി.സി. ബുക്സ്, 1992 |
| ഇബ്രാഹിംകുഞ്ഞ് എ.പി. (ഡോ.) | *മാർത്താണ്ഡവർമ്മ – ആധുനിക തിരുവിതാം കൂറിന്റെ ഉദയം.* തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1990 |
| എഴുത്തച്ഛൻ കെ.എൻ. | *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ : കേരളസാഹിത്യ അക്കാദമി, 1990 |
| കട്ടയ്ക്കൽ ജെ. (ഡോ.) | *ലോകമതങ്ങൾ.* കോട്ടയം : ഡി.സി. ബുക്സ്, 1984 |

| | |
|---|---|
| കുട്ടികൃഷ്ണമാരാര് | *സാഹിത്യവിദ്യ.* കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1958 |
| ------------------------- | *ചർച്ചായോഗം.* കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1964 |
| ------------------------- | *കൈവിളക്ക്.* തൃശൂർ : കറന്റ് ബുക്സ്, 1965 |
| ------------------------- | *സാഹിത്യസല്ലാപം.* കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1966 |
| ------------------------- | *ദന്തഗോപുരം.* തൃശൂർ : കറന്റ് ബുക്സ്, 1969 |
| ------------------------- | *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1996 |
| കുട്ടികൃഷ്ണൻ പി.സി. (ഉറൂബ്) | *ഉറൂബിന്റെ തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം 1967 |
| കൃഷ്ണപിള്ള എൻ. | *കൈരളിയുടെ കഥ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം 1975 |
| ------------------------- | *അകപ്പൊരുൾ തേടി.* തൃശൂർ : കേരള സാഹിത്യ അക്കാദമി 1990 |
| കൃഷ്ണപിള്ള ഇ.വി. | *ഇ.വി. യുടെ തെരഞ്ഞെടുത്ത കൃതികൾ.* കോട്ടയം : ഡി.സി. ബുക്സ്, 1994 |
| കൃഷ്ണവാര്യർ എൻ.വി. | *കലോത്സവം.* തൃശൂർ : കറന്റ് ബുക്സ്, 1968 |
| ഗീത | *ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ.* കോഴിക്കോട് : ലിപി പബ്ലിക്കേഷൻസ്, 2002 |
| ഗോവിന്ദൻ എം. | *എം. ഗോവിന്ദന്റെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1986 |
| ഗോപിനാഥ് ഇരവിനെല്ലൂർ | *മൂല്യശില്പം.* കോട്ടയം : എൻ.ബി.എസ്., 1980 |
| ഗുപ്തൻനായർ എസ്. പ്രൊഫ. | *ഇസങ്ങൾക്കപ്പുറം.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1969 |
| ------------------------- | *നവമാലിക.* തൃശൂർ : കറന്റ് ബുക്സ്, 1993 |
| ------------------------- | *സൃഷ്ടിയും സൃഷ്ടാവും.* കോട്ടയം : ഡി.സി. ബുക്സ്, 1996 |
| ഗോപാലകൃഷ്ണൻ പി.കെ. | *പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1987 |

| | |
|---|---|
| ഗോവിന്ദപിള്ള പി. | *മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം : ഉദ്ഭവവും വളർച്ചയും.* തിരുവനന്തപുരം : സംഘ പ്രസാധന, 1997 |
| ------------------------- | *ഇസങ്ങൾക്കിപ്പുറം.* തിരുവനന്തപുരം : ചിന്ത പബ്ലിഷേഴ്സ്, 1980 |
| ചന്ദ്രശേഖരൻ എം.ആർ. | *കേരളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാന ത്തിന്റെ ചരിത്രം.* കോഴിക്കോട് : ഒലീവ് പബ്ളിക്കേഷൻസ്, 1999. |
| ചാക്കോ പി.ടി. | *സൗന്ദര്യദർശനം.* കോട്ടയം : ഡി.സി. ബുക്സ്, 1986 |
| ------------------------- | *സാഹിത്യതത്വം.* തിരുവനന്തപുരം : സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1998 |
| ജയചന്ദ്രൻ ടി.എൻ. | *നോവലിന്റെ ഗതി.* തിരുവനന്തപുരം : പ്രഭാത് ബുക് ഹൗസ്, 1985 |
| ------------------------- | *കഥയുടെ പിന്നിലെ കഥ.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1986 |
| ജോർജ്ജ് കെ.എം. ഡോ. (എഡി) | *ഭാരതീയ സാഹിത്യചരിത്രം.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1983 |
| ജോസഫ് മുണ്ടശ്ശേരി | *വായനശാലയിൽ* (രണ്ടാംഭാഗം) തൃശൂർ : കറന്റ് ബുക്സ്, 1981 |
| തരകൻ കെ.എം. | *പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1977 |
| ------------------------- | *തരംഗിണി.* കോട്ടയം : എൻ.ബി.എസ്. (വിതരണം), 1969 |
| ------------------------- | *ആധുനിക നോവൽ ദർശനം.* കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം, 1976 |
| തോമസ് പി.ടി. | *ഭാരതത്തിലെ ആധുനികമതപ്രസ്ഥാനങ്ങൾ.* തിരുവല്ല : ദൈവശാസ്ത്രസമിതി, 1975 |
| തോമസ് മാത്യു എം. | *ആത്മാവിന്റെ മുറിവുകൾ.* തൃശൂർ : അങ്കണം, 1998 |
| ദേവദാസ് എം.എസ്. | *സാഹിത്യവിപ്ലവവും സാമൂഹ്യവിപ്ലവവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1982 |
| ------------------------- | *സാഹിത്യപ്രതിഭയും സമൂഹവും.* തിരുവനന്ത |

പുരം : ചിന്ത പബ്ളിഷേഴ്സ്, 1982

—————— *പുരോഗമനസാഹിത്യ പരിപ്രേഷ്യം.* തിരുവനന്തപുരം : ചിന്തപബ്ളിഷേഴ്സ്, 1978

—————— *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തൃശൂർ : കേരള സാഹിത്യഅക്കാദമി, 1991

നമ്പ്യാർ പി.ആർ. (എഡി) *കേരളത്തിലെ അദ്ധ്യാപക പ്രസ്ഥാനം.* തിരുവനന്തപുരം : സ്റ്റെപ്സ്, 1982

നമ്പൂതിരി എ.പി.പി. *എ.പി.പി. യുടെ പ്രബന്ധങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1987

നമ്പൂതിരിപ്പാട് ഇ.എം.എസ്. *ഇ.എം.എസിന്റെ ഡയറി.* (ഒന്നാം വാല്യം) തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

—————— *പി. ഗോവിന്ദപിള്ള – ഗ്രാംഷിയൻ വിചാരവിപ്ലവം.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

—————— *ഇ.എം.എസിന്റെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ.* (1935-1995) കോട്ടയം : ഡി.സി. ബുക്സ്, 1996

—————— *ഇ.എം.എസ്. സമ്പൂർണ്ണകൃതികൾ.* സഞ്ചിക 18) തിരുവനന്തപുരം : എ.കെ.ജി. പഠനഗവേഷണ കേന്ദ്രം, 2001

—————— *മാർക്സിസവും മലയാളസാഹിത്യവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1974

—————— *സമൂഹം ഭാഷ സാഹിത്യം.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1998

—————— *കേരളം : സമൂഹവും രാഷ്ട്രീയവും.* തിരുവനന്തപുരം : ചിന്ത പബ്ളിഷേഴ്സ്, 1996

നടരാജൻ, നവരംഗം *കാരൂർ, കഥയുടെ രാജശില്പി.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 1998

പോൾ എം.പി. (പ്രൊഫ.) *ചെറുകഥാസാഹിത്യം.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം 1963

പ്രഭാകരൻ എൻ. *കഥതേടുന്നകഥ.* കോഴിക്കോട് : മൾബറി, 1991

പ്രഭാകരവാരിയർ കെ.എം. (ഡോ.) *ഭാഷാസാഹിത്യം വിമർശനം – ഡോ. കെ.എം. പ്രഭാകരവാരിയരുടെ തിരഞ്ഞെടുത്ത ലേഖനങ്ങൾ.* തൃശൂർ: കറന്റ് ബുക്സ് (വിതരണം) 2007

ബാബു പോൾ ഡി. (ഡോ.) *വേദശബ്ദരത്നാകരം. ബൈബിൾ നിഘണ്ടു.*

തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1997

ബഷീർ എം.എം. (ഡോ.) *മലയാള ചെറുകഥാസാഹിത്യചരിത്രം.* തൃശൂർ : കേരള സാഹിത്യ അക്കാദമി, 2002

-------------------- *വേരുകൾ തേടി.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1985

-------------------- *അന്തർധാര.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1993

-------------------- *കാരൂർ കഥാപഠനം (എഡി)* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1989

ബാലറാം എൻ.ഇ. *മാർക്സിയൻ സൗന്ദര്യശാസ്ത്രം.* തിരുവനന്തപുരം : ചിന്ത പബ്ളിക്കേഷൻസ്, 1996

-------------------- *സൗന്ദര്യോത്സവം.* കോഴിക്കോട് : പൂർണ്ണ പബ്ളിക്കേഷൻസ്, 1993

ബാലകൃഷ്ണൻ പി.കെ. *നോവൽ സിദ്ധിയും സാധനയും.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1983

ബാലകൃഷ്ണപിള്ള എ. (കേസരി) *രൂപമഞ്ജരി.* തിരുവനന്തപുരം : കർമ്മലാലയ ബുക് ഡിപ്പോ, 1951

-------------------- *കേസരിയുടെ സാഹിത്യ വിമർശനങ്ങൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണ സംഘം, 1984

മധുസൂദനൻ ജി. *കഥയും പരിസ്ഥിതിയും.* തൃശൂർ : കറന്റ് ബുക്സ് 2000

മുഹമ്മദ് എൻ.പി. *മാനുഷ്യകം.* കോഴിക്കോട് : പൂർണ്ണ പബ്ളിക്കേഷൻസ്, 1987

രാജകൃഷ്ണൻ വി. *ചെറുകഥയുടെ ഛന്ദസ്.* കോട്ടയം : ഡി.സി. ബുക്സ്, 1997

രാധാകൃഷ്ണൻ നായർ ഡി. *ആഖ്യാന വിജ്ഞാനം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

രാമമേനോൻ പുത്തേഴത്ത് *സാഹിത്യാഭിരുചി.* തൃശൂർ : മംഗളോദയം, 1955

-------------------- *പുസ്തകപരിചയം.* തൃശൂർ : മംഗളോദയം, 1968

രാമകൃഷ്ണൻ, ദേശമംഗലം (അവതാരകൻ) *കാവ്യഭാഷയിലെ പ്രശ്നങ്ങൾ.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1986

രവീന്ദ്രൻ (സമ്പാദകൻ) *കലാവിമർശനം മാർക്സിസ്റ്റ് – മാനദണ്ഡം.* കൊച്ചി : നിള പബ്ളിക്കേഷൻസ്, 1983

രാമചന്ദ്രൻ നായർ, കെ. (ഡോ.) (സമ്പാ: പഠനം) *കേരളവർമ്മ സ്മരണ.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1995

ലളിതാംബിക അന്തർജ്ജനം *തെരഞ്ഞെടുത്ത കഥകൾ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1966

ലീലാവതി, എം. (ഡോ.) *മൂല്യസങ്കല്പനങ്ങൾ.* തൃശൂർ : കറന്റ് ബുക്സ് 1992

വർക്കി പൊൻകുന്നം *ശബ്ദിക്കുന്ന കലപ്പയും മറ്റ് പ്രധാനകഥകളും.* കോട്ടയം : ഡി.സി. ബുക്സ്, 2003

വിനോദ്കൃഷ്ണൻ ടി.വൈ., എം. ഹമീദ് *നരവംശശാസ്ത്രം.* തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000

വിശ്വനാഥൻ നായർ ആർ. *പ്രജാപതിയുടെ പറുദീസ.* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ

ശരത്ചന്ദ്രൻ കെ.പി. *കേവലസൗന്ദര്യം എന്ന മിഥ്യ.* കോട്ടയം : നാഷണൽ ബുക്സ്റ്റാൾ, 1979

———————— *നോവലുകളിലൂടെ.* കോട്ടയം : സാഹിത്യപ്രവർത്തക സഹകരണസംഘം, 1987

ശങ്കുണ്ണി മേനോൻ പി. *തിരുവിതാംകൂർ ചരിത്രം.* (തർജമ – സി.കെ. കരീം) തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994

ശിവദാസൻ എസ്. (ഡോ.) *പൗരസമത്വവാദം തിരുവിതാംകൂറിൽ.*

ശ്രീവത്സൻ ടി. (ഡോ) *മതേതരത്വത്തിന്ശേഷം.* കോട്ടയം : കറന്റ് ബുക്സ്, 2004

സച്ചിദാനന്ദൻ *തെരഞ്ഞെടുത്ത ലേഖനങ്ങൾ.* കോട്ടയം : ലിറ്റിൽ പ്രിൻസ്, 1985

സരസ്വതി ബി. *ഓർമ്മകൾചന്ദനഗന്ധംപോലെ.* കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 2004

സുകുമാരൻ വി. (ഡോ.) *ആധുനികതയുടെ അക്ഷരമാല.* തൃശൂർ : പ്രൊഫ. പി. ശങ്കരൻനമ്പ്യാർ ഫൗണ്ടേഷൻ, 2004

സെൽവരാജ് താപസ് *കാരൂരിന്റെ കല.* കോട്ടയം: കറന്റ് ബുക്സ്, 2000

സോമരാജൻ സി.എൻ. (ഡോ.) തിരുവനന്തപുരം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001

ഹരികുമാർ എം.കെ. — *കഥ ആധുനികതക്കുശേഷം.* തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്, 2008


**ആനുകാലികങ്ങൾ**


ഉണ്ണികൃഷ്ണൻ പി.വി. (ഡോ.) — *ഹ്യൂമനിസം മലയാളത്തിൽ.* സംസ്കാരകേരളം പു.13 ലക്കം 2.

രാജഗോപാലൻ ഇ.പി. — *മലയാള ചെറുകഥ ഈ പതിറ്റാണ്ടിൽ ചെറുകഥാ പ്രമേയങ്ങളെ പറ്റി ഒരു റിപ്പോർട്ട്.* ഭാഷാപോഷിണി, പു.22 ലക്കം 11 ഏപ്രിൽ 1999

———————— — *എസ്.പി.സി.എസ്. അന്നും ഇന്നും.* ഗ്രന്ഥലോകം, വാല്യം 53 ലക്കം 1.


**ഗവേഷണ പ്രബന്ധം**


സോമനാചാരി പി. (ഡോ.) — *മാതൃസംസ്കാരത്തിന്റെ സ്വാധീനം മലയാള കവിതയിൽ* (പി. സോമനാചാരി 2001ൽ കേരള സർവ്വകലാശാല, ഓറിയന്റഡ് ഫാക്കൽറ്റിയിൽ ഡോക്ടർ ഓഫ് ഫിലോസഫിയിൽ ബിരുദത്തിന് സമർപ്പിച്ച ഗവേഷണ പ്രബന്ധം.


## English


Albert Camus — *The Myth of Sisyphus.* U.K. : Penguin Books, 1977

Allen Walter — *The short story in English.* Lisa : Oxford Clarendon Press, 1981

Altenbernd Lynn & Lewis L Lesslie — *A Hand book for the study of Fiction,* Newyork Macmillan 1966

Ann Jafferson & David Robey — (Eds) *Modern Literary theory A Comparative Introduction.* London : Batsford, 1986

Armstrong D.M. — (Ed) *A Materialist Theory of Mind.* London : Rout ledge & Kagan Paul Ltd.,Newyork Humanities Press, 1968

Aurobindo Sri. — *Foundation of Indian Culture,* York, Sri. Aurobindo Library, 1953

———————— — *The Life Divine.* Sri. Aurobindo Lib.

Pondichery, 1955

———— *The Human Cycle.* Sri. Aurobindo Lib. Pondichery, 1949

Ayer A.J. *The Central Questions of Philosophy.* England : Harmon ds Worth, Middlesex Penguin Books Ltd., 1976

———— (Edi) *The Humanist Out look.* Pemberton with Bayyied Rockliff, 1968

———— *The Origin of Praqumatism.* London : Macmillan, 1968

Bates H.E. *The Modern Short Story.* London : Thomas Welson & Sons, 1949

Boland John *Short Story Technique.* London : Little brown & Co., 1973

Bruno J. Frank *The Story of Psychology,* U.S.A. : Holt Rinehart and Winstan, 1972

Brooks Cleanth & Penn Warren Robert *The Scope of Fiction.* U.S.A. : Appleton Century Crafts, 1960

Barretth Clark *The Great Short Stories or the World (with introduction by Gerda Charles)* London : Spring books 1965

Bahm A.J. *The World's Living Religions,* Newyork : Laurel Edn. 1965

Barnes Hazel E. *Humanistic Existentialism, Licoln, The Literative of Possibility,* University of Nebraska Press, 1959.

Blackham N.J. *Humanism,* Blatimove Penguin Books, 1952

———— *Six Existentialist Thinkers,* London : Routledge and Kegan Paul, 1952

Broad C.D. *The mind and its place in Nature.* London : Routledge & Kegan Paul Ltd., 1925

Chattopadhyaya D.P. *Lokayata* (A study in Indian Materialism) New Delhi Publishing House, 1967.

Dakin A.H. — *Man is the Measure.* U.K. Princeton University Press, 1939

Donald C. Freeman — (Ed) *Linguistic Approaches to Literature.* U.S.A. Holt, Renehart &Winston INC 1970

Devaraja N.K. — *Humanism in Indian Thought.* Delhi : Indus Publishing Com. 1988

Forster E.M. — *Aspects or Novel.* Great Britain : Edward Arnold Publishers, 1974.

Fromm Erich — *Man for Himself.* Neyork : Holt Rinehard and Winston, 1964

Gandhi M.K. — *The Collected works of Mahatma Gandhi.* New Delhi : Ministry of Broad casting Government of India, II Rev. Edition 1969

Hurtic Emil — *An Introduction to Short Fiction and Criticism.* U.S.A. : Walthan Ginn & Co.

Haldne Viscount — *The Philosophy of Humanism (and other subjects)* London : Yale University Press 1922

Hook, Sidney — *The Quest for beeing* (A book on Existential Humanism) Newyork : St. Martins Press, 1964

Huxley J. — *The Humanist Frame.* London : George Allen & Unwins, 1961

James, William — *The will to Believe and other essays in popularPhilosophy.* Newyork : Dover Publications Ic, 1956

Jas Pers K. — *Existentialism and Humanism.* Newyork : Mave books, 1952

Jeffry Robin — *The Decline or Nayar Dominance :* Society and Politics Travancore 1847-1908. U.K. Sussex University Press, 1976

Lamont C. — *The Philosophy of Humanism.* London : Perberton Publishing Co. Ltd., 1965

Mukerjee, Radhakamal — *The Social Function of Art.* Bombay Hind Kitabs, 1948

Moore G.E. — *Philosophical Studies.* London : Rouledge & Kegan Paul, 1958

# അനുബന്ധം
## പഠനവിധേയമായ കഥകൾ

I

| | |
|---|---|
| ഓട്ടുകോരിക | കാരൂർ നീലകണ്ഠപിള്ള |
| മനുഷ്യപുത്രി | ലളിതാംബിക അന്തർജനം |

II

| | |
|---|---|
| പൗണ്ടർപോത്തൻ | കാരൂർ നീലകണ്ഠപിള്ള |
| ഓടക്കുഴലിന്റെ നാദം | ലളിതാംബിക അന്തർജനം |

III

| | |
|---|---|
| ഒടുവിലത്തെ മകൻ | കാരൂർ നീലകണ്ഠപിള്ള |
| അവിവാഹിത | ലളിതാംബിക അന്തർജനം |

# ഓട്ടുകോരിക

(കാരൂർ നീലകണ്ഠപിള്ള)

“എനിയ്ക്കൊരു രൂപാ തരാമോ മക്കളെ?” ലക്ഷ്മിയമ്മ വരാന്തയിൽനിന്നുകൊണ്ടു മകനോടു ചോദിച്ചു.

അയാൾ മുറിക്കകത്ത് ഒരു പഴയ നാലാംപാഠപുസ്തകത്തിന്റെ ഏടുകളിൽ കണ്ണോടിച്ച് ബാല്യകാലസ്മരണകളുടെ മാധുര്യം നുകരുകയായിരുന്നു. അതു മുപ്പത്തിയഞ്ചു വർഷം മുമ്പ് അയാൾ പഠിച്ച പുസ്തകമാണ്. അതിന്റെ ആദിയും അന്തവും കീറി നഷ്ടപ്പെട്ടിരിക്കുന്നു. വക്കുകൾ കീറി മൂലകൾ മടങ്ങി പൊടിയും ചെളിയും പുരണ്ടു തീരെ അനാകർഷകമായിരിക്കുന്നു. അതിന്റെ പല ഭാഗത്തും പി.എസ്. നാരായണൻ എന്നു തന്റെ പേരു വടിവില്ലാത്ത് അക്ഷരങ്ങളിൽ എഴുതിയിരുന്നു.

അയാൾ കൗതുകത്തോടെ പുസ്തകം തുറന്ന് അവിടവിടെ നോക്കി. ‘ജേംസ് ഗാർഫീൽഡ്’ എന്ന പാഠം കണ്ടു. അതൊരു ‘കുരുത്തംകെട്ട’ പാഠമായി പണ്ടു തോന്നിയിരുന്നതാണ്. ഒരു പത്തിരുപത് അടിയെങ്കിലും ആ പാഠം അവനെ കൊള്ളിച്ചിട്ടുണ്ട്. നീണ്ട ആ പാഠം തീരാഞ്ഞിട്ട് അവൻ പിരാകിയിട്ടുണ്ട്. മൂന്നുദിവസം പഠിച്ചശേഷം ആ പാഠം പഠിപ്പിച്ചുതീർന്നു എന്നറിയുന്നതുവരെ വയറ്റുനോവാണെന്ന് പറഞ്ഞ് അവൻ സ്കൂളിൽ പോകാതിരുന്നിട്ടുണ്ട്. നാരായണനു ജേംസ് ഗാർഫീൽഡ് എന്നു ശരിയായി ഉച്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. അവൻ ശരിയാണെന്നു വിചാരിച്ചുകൊണ്ടു പറയും. അദ്ധ്യാപകൻ വീണ്ടും പറയിക്കും. പിന്നെയും പിന്നെയും പറയിക്കും. ഒടുവിൽ അദ്ധ്യാപകൻ തോറ്റ് അവന്റെ തുടയിൽ നാലഞ്ചു പെരുക്കുവെച്ചുകൊടുക്കും. എന്താണവൻ പറയുന്നതിലെ തെറ്റെന്നവനറിഞ്ഞുകൂടാ. ആ ‘നശിച്ച’ പേരു പുസ്തകത്തിന്റെ ഓരോ വശത്തും നാലും അഞ്ചും തവണ വീതം ഉണ്ടുതാനും. അവൻ കൃഷ്ണയ്യൻസാറിനെ അന്നു പിരാകിയിട്ടുണ്ട്. സതീർത്ഥ്യന്മാരെ വെറുത്തിട്ടുണ്ട്. അദ്ധ്യാപകൻ ശ്രദ്ധിച്ചില്ലെങ്കിൽ, കുട്ടികൾ ചിരിച്ചും ‘നാരായണൻ തെറ്റിച്ചു പറഞ്ഞു സാർ’ എന്നു വിളിച്ചുപറഞ്ഞും കൃഷ്ണയ്യൻസാറിനെക്കൊണ്ട് അവനെ തല്ലിക്കാൻ നോക്കും. ഇന്ന് ‘ആ കുരുത്തംകെട്ട’ പാഠം അയാളുടെ ചുണ്ടിലൊരു പുഞ്ചിരി വരുത്തി. ഇപ്പോൾ അയാൾക്കു ഗാർഫീഡ് എന്നല്ല, ഗാർഫീൽഡ് എന്നു ശരിയായിട്ടു പറയാം. ഒരു പുഞ്ചിരിയോടെ അയാൾ ജയിംസ് ഗാർഫീൽഡ് എന്നു മന്ത്രിച്ചു.

നാരായണന്റെ സ്മരണ കൃഷ്ണയ്യൻസാറിന്റെ സൗമ്യമധുരമായ മുഖത്തെ ചുംബിച്ചു. അദ്ദേഹം ഉത്സവക്കാലത്ത് ആനപ്പുറത്തുകയറി, മറ്റാരെയുംകാൾ ഭംഗിയായി വെഞ്ചാമരം വീശാറുള്ളതും, പെൻസിലില്ലാതിരുന്ന ഗോപാലന് ഒരു ചക്രം, പെൻസിൽ വാങ്ങാൻ സമ്മാനിച്ചതും അവൻ സ്മരിച്ചു. കൃഷ്ണയ്യൻസാർ നാടകത്തിൽ കാമപാലന്റെ വേഷം കെട്ടിയത് അവനോർത്തു. നാടകം

അവന്റെ അടുത്തുള്ള ജന്മിയുടെ ഇല്ലത്തായിരുന്നെന്നോർക്കാൻ അവനൊരു പ്രയാസവുമുണ്ടായില്ല. അന്ന് അവിടത്തെ ഉണ്ണിയുടെ ചോറൂണായിരുന്നു. നാരായണന്റെ സ്മരണ ആ ഉണ്ണിയൂണിനെക്കുറിച്ചായി. എന്തൊരാഘോഷമായിരുന്നു അന്ന്! പൊടിപൊടിപ്പൻ സദ്യ. വലിയ ആൾക്കൂട്ടം. ആ ഉണ്ണിയെ ഒന്നെടുക്കാൻ കൊതിച്ച് എത്ര പെണ്ണുങ്ങൾ തിക്കിത്തിരക്കി. അയാളന്നു കണ്ട ഉണ്ണിയുടെ രൂപം ഇപ്പോഴും ഓർക്കുന്നു. കണ്ണെഴുതി വാലും വരച്ച്, പച്ചക്കല്ലുവെച്ച പുലിയമ്മോതിരം കെട്ടി, പൊന്നരഞ്ഞാണവും പൊന്നേലസ്സും ധരിച്ച്, കൈയിൽവളയും കാലിൽചിലമ്പുമിട്ട്, കാണുന്നവർക്ക് കൗതുകവും അല്പം അസൂയയും ജനിപ്പിക്കുന്ന ആ രൂപം. അന്നൊരു ഉത്സവം തന്നെയായിരുന്നു ആ മനയ്ക്കൽ.

അന്നു മാത്രമല്ല മിക്കദിവസും ആ ജന്മിയുടെ ഇല്ലത്ത് ഉത്സവമായിരുന്നു.

നാരായണന്റെ ഹൃദയം വികസിച്ചുനില്ക്കുകയാണ്. അപ്പോഴാണു ലക്ഷ്മിയമ്മയുടെ ചോദ്യം: "എനിക്കൊരു രൂപാ തരാവോ മക്കളേ?"

ആരു ചോദിച്ചാലും കൊടുത്തുപോകുന്ന സമയം. പിന്നെയല്ലേ അമ്മ ചോദിച്ചാൽ?

"എന്തിനാ അമ്മേ?" എന്നു ചോദിച്ചുകൊണ്ട് അയാൾ മേശയുടെ വലിപ്പു തുറന്നു.

"ഇതിനു കൊടുക്കാനാ," എന്നു പറഞ്ഞുകൊണ്ടു ലക്ഷ്മിയമ്മ ഒരു ഓട്ടുകോരിക മകനെ കാണിച്ചു.

"ഒരു രൂപായ്ക്കിതു കിട്ടുമോ?" എന്നു ചോദിക്കുന്നതിനിടയിൽ അയാൾ പേഴ്സു തുറന്നു. അതിൽ പത്തിന്റെയും അഞ്ചിന്റെയും നോട്ടുകൾക്കിടയിൽ ഒറ്റരൂപാനോട്ടുണ്ടോ എന്ന് അയാൾ തിരഞ്ഞു.

"വെലയ്ക്കല്ല മക്കളെ, പണയത്തിന്," എന്നു ലക്ഷ്മിയമ്മ പറഞ്ഞതിനെത്തുടർന്ന് മുറ്റത്തുനിന്നിങ്ങനെ കേട്ടു: "ഓ, പണയമാണെന്നു പറയും. അവരെങ്ങും ഇതു തിരിയെ എടുപ്പിക്കുകേല്ല."

"ഒറ്റരൂപായില്ലല്ലോ," എന്നു നാരായണൻ പറഞ്ഞതു കേട്ടു മുറ്റത്തുനിന്നവൾ പറഞ്ഞു: "ഒരു രൂപാ ഇല്ലെങ്കിൽ അര രൂപായായാലും മതിയെന്നു വല്യാത്തേരമ്മ പറഞ്ഞയച്ചു. അവിടെ ഇന്നുച്ചയ്ക്കൊന്നും വച്ചില്ല."

നാരായണൻ ഒരഞ്ചുരൂപാനോട്ട് അമ്മയുടെ നേരെ നീട്ടി.

മുറ്റത്തുനിന്ന പെൺകുട്ടി പറഞ്ഞു: "അയ്യോ, നേരം സന്ധ്യയാകാറായി. ഞാനിനി മനയ്ക്കൽ ചെന്നേച്ചു പീടികയിൽ പോയി അരീം സാമാനോം മേടിച്ചു മനയ്ക്കൽ കൊണ്ടക്കൊടുത്തേച്ച് എപ്പം വീട്ടിലെത്താനാ!"

നാരായണൻ പറഞ്ഞു: "ഇതങ്ങോട്ടു കൊടുക്കു"

"ഇതഞ്ചുരൂപയാണല്ലോടാ? ഇതു കൈയിലേക്കു കിട്ടിയാൽ അവർ തിരിച്ചു തരുകേല്ല," എന്നു ലക്ഷ്മിയമ്മ പറഞ്ഞു.

“ലക്ഷ്മിച്ചേച്ചീ, ഒരോടിന്റെ കഷണംവല്ലോം തന്നയയ്ക്കണമെന്നുപറഞ്ഞു. ഇന്നു വെള്ളി യാഴ്ചയാ.”

“നീ പിന്നേ ഈ വെള്ളിയാഴ്ചേം ആയിക്കൊണ്ടു രൂപായ്ക്കു വന്നത്! ഇവിടെ ഓടിന്റെ കഷണം എന്തിരിക്കുന്നു? ഒരു നിലവിളക്കിന്റെ കൂമ്പ് ഒടിഞ്ഞതിവിടെയെങ്ങാണ്ടു കിടന്നതിനി നോക്കി യെടുക്കണേൽ ഞാനീ വീടുമുഴുവൻ തപ്പണം. നീയെന്നാടീ വെള്ളിയാഴ്ചക്കുറ്റം പറഞ്ഞത്? ഓടിന്റെ കഷണം വല്ലതും തന്നാൽ എന്നു തിരിച്ചുതരാനാ? അവിടത്തെ നങ്ങേലിക്കുട്ടിക്കു ഗർഭമായിരിക്കു കല്ലേ?”

“എന്നാൽ രൂപാ തന്നാൽ മതി. എന്നെ വേഗമൊന്നയയ്ക്കണേ.”

നാരായണൻ:– ആ രൂപായങ്ങു കൊടുത്തേക്കു. വെള്ളിയാഴ്ചയായിട്ട് അവരുടെ പാത്രം നമ്മൾ മേടിച്ചു വെയ്ക്കണ്ട. അതുംകൊണ്ടു പൊയ്ക്കോ.

ലക്ഷ്മിയമ്മ:– നീതന്നെ നാളെക്കാലത്തു ബാക്കിയുള്ള നാലു രൂപായും കോരികയുംകൂടി ഇങ്ങട്ടുകൊണ്ടത്തന്നേക്കണം. അല്ലെങ്കിൽ നിന്നെ ഈവഴി നടത്തുകേല, കേട്ടോ?

“നാളെ ഞാൻ കൊണ്ടുവന്നുതരാം,” എന്നു പറഞ്ഞ് അവൾ കൈ നീട്ടി. നല്ല സന്തോഷമി ല്ലാത്തമട്ടിൽ അവളുടെ നേരെ കോരികയും രൂപായും നീട്ടിക്കൊണ്ടു ലക്ഷ്മിയമ്മ പറഞ്ഞു:

“നീ പീടികേന്നു വരുമ്പോഴേക്കു ഞാനങ്ങു വന്നേക്കാം. രൂപാ ഇന്നുതന്നെ വേണം. ഇവിടെ ആവശ്യോണ്ട്,”

“ഓ,” എന്നു പറഞ്ഞു കോരികയും രൂപായുംകൊണ്ട് അവൾ പടിയിറങ്ങി നടന്നു.

ലക്ഷ്മിയമ്മ അവൾ പോകുന്നതു നോക്കിക്കൊണ്ടു മകനോടു പറഞ്ഞു: “നീ നോക്കിക്കോ, ആ രൂപാ പോക്കായി. അവർക്കു മേടിച്ചാൽ കൊടുക്കണമെന്നു വിചാരമില്ല. ഉപ്പായിട്ടും മുളകാ യിട്ടും ചക്രമായിട്ടും ഇപ്പൊളെത്ര തരാനുണ്ടെന്നോ അവര്? ഞാനിപ്പോൾത്തന്നെചെന്നു ബാക്കിരൂപാ മേടിച്ചുകൊണ്ടു പോരാം. പോയാലും ഒരു രൂപായല്ലേ? കോരിക കൊണ്ടുവന്നില്ലെങ്കിൽ ഒരു രൂപാ യല്ലേ പോകുകയുള്ളൂ?”

നാരായണൻ:– അവരു തരും തന്നില്ലെങ്കിൽ അഞ്ചു രൂപായല്ലേ? അവരെടുക്കട്ടെ; അമ്മയതി നായിട്ട് ഈ സന്ധ്യയ്ക്കു പോകേണ്ട.

ലക്ഷ്മിയമ്മ:– നീയിങ്ങനെ ധർമ്മപുത്രരായിട്ടു തൊടങ്ങിയാൽ–

നാരായണൻ:– ധർമ്മപുത്രരായിട്ടല്ല. അവർക്കിന്നൊരു ഗതികേടുവന്നു. ആ കോരികയും കൊടുത്ത് അവരിങ്ങോട്ടാളയച്ചതു ഞാൻ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടാ.

ലക്ഷ്മിയമ്മ:– നീ വന്നിട്ടുണ്ടെന്നറിഞ്ഞിട്ടല്ല. അവിടെ ഇനി വേറെയൊന്നും കാണുകേല്ല, പണയംവെക്കാൻ. പൊന്നും പാത്രങ്ങളും എല്ലാം പണയംവെച്ചും വിറ്റും തിന്നുതീർത്തു പരക്കഴി കള്.

അല്പം കഴിഞ്ഞു ലക്ഷ്മിയമ്മ തുടർന്നു :

“അല്ലാതെ എന്തു ചെയ്യാനാ! ആ മൂത്തമ്പൂരിശ്ശൻ ശാന്തിക്കുപോയാൽ മാസം അഞ്ചുപറ നെല്ലോ മറ്റോ കിട്ടും. അതുകൊണ്ടു പത്തുപതിന്നാലെണ്ണത്തിന്റെ കാര്യങ്ങളൊക്കെ നടക്കുവോ?”

നാരായണൻ ഉൽക്കണ്ഠയോടെ ചോദിച്ചു: “അദ്ദേഹത്തിന്റെ മകനില്ലേ, ഈശ്വരൻനമ്പൂതിരി?”

“ഈശ്വരനുമൊണ്ട് ഈശ്വരീമൊണ്ട്. അവനിങ്ങോട്ടു പുറന്നുവീണപ്പോൾ തുടങ്ങിയതാ അവർക്കീ മുടിവൊക്കെ. എങ്ങനെ കഴിഞ്ഞ ഒരു മനയാ! ഒരുകാലത്ത് ഈ സ്ഥലമൊക്കെ അവരുടെയായിരുന്നതാ.”

നാരായണൻ:- ഇപ്പോഴും പാട്ടമോ മിച്ചവാരമോ ഒക്കെ കിട്ടാനില്ലേ?

ലക്ഷ്മിയമ്മ:- എന്തോന്നിന്റെ? ഇപ്പോൾ മനയ്ക്കലെ പറമ്പു മാത്രമൊണ്ടവരുടെ കൈയിലായിട്ട്. പിന്നെയൊള്ളതിന്റെ അവകാശമൊക്കെ എഴുതിക്കൊടുത്തു കാശുമേടിച്ചു.

നാരായണൻ:- അയൽപക്കക്കാരൊക്കെക്കൂടി അവരെ നശിപ്പിച്ചു.

ലക്ഷ്മിയമ്മ അടുക്കളയിലേക്കു പോയി. നാരായണന്റെ മനസ്സിൽ ആ ജന്മികുടുംബം തങ്ങിനിന്നു. അയൽപക്കക്കാർ അവരുടെ നാശത്തിലെത്രമാത്രം പങ്കുകാരാണെന്ന് അവനറിയാതെ ഓർമ്മിച്ചു പോയി. അവിടെ ഏതു വീട്ടിൽ എന്തടിയന്തിരങ്ങളുണ്ടായാലും മനയ്ക്കൽ ചെന്നുപറയും. നമ്പൂരി പതിവനുസരിച്ചു സംഭാവന കൊടുക്കുകയും ചെയ്യും. മനയ്ക്കൽ എന്തു വിശേഷമുണ്ടായാലും കരക്കാർ കൂടിയാലോചിച്ചു ഭംഗിയായി ഘോഷമായി നടത്തും. അതിനുവേണ്ടി നമ്പൂതിരിക്കു താങ്ങാൻ പാടില്ലാത്ത ഒരു കടും അദ്ദേഹത്തിന്റെ തലയിലാകും. കുടുംബത്തിന്റെ മാനം നഷ്ടപ്പെടരുതെന്നു നമ്പൂരിശ്ശനു നിർബ്ബന്ധമുണ്ടായിരുന്നു. ഓണമോ, തിരുവാതിരയോ, വിഷുവോ, ക്ഷേത്രത്തിലെ ഉത്സവമോ എന്തു വന്നാലുമുണ്ടു മനയ്ക്കൽ നല്ലൊരു ചെലവ്.

“തിരുമേനീ, അ പനേന്നു രണ്ടുമടൽ ഓല വെട്ടാനൊന്നനുവദിച്ചാൽ- പെര ചോർന്നൊലിച്ചിട്ടു കെടക്കാൻമേല. അവിടവിടെ ഒന്നു തിരുകാമായിരുന്നു.” എന്ന് ഒരിക്കൽ താൻ നമ്പൂരിയോടു ചെന്നു പറഞ്ഞതും, “ഇവിടേം ചോർച്ചയക്കു കുറവൊന്നുമില്ല. ഇവിടുത്തെ ഓല കൊണ്ടു തെകയുകേല്ല. അതാ ഓലയങ്ങനെ നിന്നുപോകുന്നത്.”

എന്നു പറഞ്ഞിട്ട് “എന്നാൽ നിന്റെ കാര്യമെങ്കിലും നടക്കട്ടെ. ഏതേന്നാണെന്നാൽ വെട്ടിച്ചോ.” എന്ന് അദ്ദേഹം അനുവദിച്ചതും നാരായണനോർമ്മയുണ്ട്. അവിടുന്നും പുറകോട്ട് അവന്റെ സ്മരണ കിഴിഞ്ഞിറങ്ങുകയാണ്. ലക്ഷ്മിയമ്മ അവന്റെ അടുത്തു വന്നിട്ടു പറഞ്ഞു: “നിന്റെ കൈയിൽ ഒറ്റരൂപായില്ലല്ലോ. ഞാൻ മനയ്ക്കൽ ചെന്ന് ആ നാലു രൂപാ മേടിച്ചോണ്ടു വരാം. അവർക്കീ തുടത്തിന്റെ കമ്പി കൊടുത്തേച്ച് ആ കോരികേം മേടിച്ചോണ്ടു പോരാം.”

ലക്ഷ്മിയമ്മയുടെ മനസ്സ് ആ ഓട്ടുകോരികയിൽ പറ്റിപ്പിടിച്ചു നില്ക്കുകയാണ്.

“അമ്മയ്ക്കെന്താ വല്ലവരുടേം മുതലിനോടാശ?” മകന് അല്പം വിരസത തോന്നി.

"വല്ലവരുടേം മുതലാണോ?" നമ്മളല്ലേ രൂപാ കൊടുത്തത്?" ലക്ഷ്മിയമ്മ സ്വല്പം പതുങ്ങി പ്പോയി: "അവർക്കെന്തിനാ വെറുതേ കൊടുക്കുന്നത്? അവിടെയുള്ളോരു വേല ചെയ്താലും കിട്ടു മല്ലൊ കാശ്."

നാരായണൻ:– അവിടെയുള്ള അന്തർജ്ജനങ്ങളെന്തു ജോലി ചെയ്യാനാ? എത്ര പട്ടിണിയാ യാലും മറ്റുള്ളവരെപ്പോലെ പുറത്തിറങ്ങി ജോലി ചെയ്യാമോ അവർക്ക്?

ലക്ഷ്മിയമ്മ പറഞ്ഞു: "പാവങ്ങൾ! അവരെന്തു ചെയ്യും? ഞാൻ പറഞ്ഞത് ഈശ്വരൻമ്പൂരി യുടെ കാര്യമാണ്. അയാളുടെ വേളിക്കും കുട്ടികൾക്കുംകൂടി മൂപ്പീന്നുവേണം ചെലവിനു കൊടു ക്കാൻ. അയാൾക്കു വല്ലതും കിട്ടിയാൽ ക്ലബ്ബീന്നു ചോറുമേടിച്ചുണ്ണും. തന്തേടേം തള്ളേടേം കാര്യം പോട്ടെ. വേളീം മക്കളും ഇവിടെ കിടക്കുന്ന വിചാരമില്ലയാൾക്ക്."

ഈശ്വരൻമ്പൂരിയുടെ നടപടികൾ ലക്ഷ്മിയമ്മ വിസ്തരിച്ചു മകനെ കേൾപ്പിച്ചു. മിക്കവാറും മറുനാടൻമലയാളിയായ നാരായണന് അതിൽ പല ഭാഗവും പുതുതായിരുന്നു. ഒടുവിൽ ലക്ഷ്മി യമ്മ പറഞ്ഞു:

"ആ നങ്ങേലിക്കുട്ടിയുടെ കാര്യം ഓർക്കുമ്പോളെനിക്ക് അവനെ കല്ലേൽവെച്ചു കാന്താരിമു ളകും കൂട്ടി കുത്തിച്ചതയ്ക്കാൻ തോന്നും."

"നങ്ങേലിക്കുട്ടിയെന്നാണോ അദ്ദേഹത്തിന്റെ വേളിയുടെ പേര്? അവർക്കല്ലേ ഗർഭമുണ്ടെന്നു പറഞ്ഞത്?"

"അയാളുടെ വേളിയല്ല. അയാളുടെ ചിറ്റമ്മ. മൂത്തമ്പൂരിശ്ശന്റെ പുത്തൻവേളി."

"മൂത്തമ്പൂരിശ്ശിന്റെ പുത്തൻവേളിയോ?"

"അതെ, ഒരു കൊല്ലമായിക്കാണും വേളി കഴിഞ്ഞിട്ട്. ഇവിടെ വന്നപ്പോൾ അതിനെ കാണേ ണ്ടിയിരുന്നു. രാജകുമാരിയാണെന്നേ പറയൂ, കാണുന്നോർ. ഇപ്പോൾ കണ്ണും താണ്, കവിളും ഒട്ടി കിറീം കരിഞ്ഞ് – കണ്ടാൽ കാലൻ കരഞ്ഞപോകും."

ആ ഭാഗ്യംകെട്ട അന്തർജ്ജനത്തിന്റെ കാര്യത്തിൽ ഈശ്വരൻ നമ്പൂതിരിയെ കുത്തിച്ചതയ്ക്കു ന്നതെന്തിനാണെന്നറിയാനുള്ള മോഹം നാരായണന്റെ മുഖത്തു നിഴലിച്ചു: "അവർക്കെന്തു പ്രായ മമുണ്ട്?"

"പ്രായം! കൊച്ചുപെണ്ണല്ലേ! ഇരുപതു വയസ്സു കാണും."

"നമ്പൂരിശ്ശന് അറുപത്തഞ്ചു കാണുകില്ലേ?"

ലക്ഷ്മിയമ്മ തുടർന്നു: "പിന്നെയില്ലേ! അദ്ദേഹത്തിനെക്കൊണ്ട് ഈ വേളി കഴിപ്പിച്ചതു മക നല്ലേ! മകനുവേണ്ടി അദ്ദേഹം ഈ വയസ്സുകാലത്തു ചെന്ന് ഒരു വേളികൂടി കഴിച്ചു."

അവർ അടുക്കളയിലേക്കു നടക്കാൻ തിരിഞ്ഞിട്ടു പറഞ്ഞു: "അടുപ്പിലെ തീയൊന്നു തള്ളി വെച്ചേച്ചു വരട്ടെ."

നാരായണന് അമ്മയുടെ സംഭാഷണത്തിൽനിന്ന് ഒരു പിടിയും കിട്ടിയില്ല. മകനുവേണ്ടി അച്ഛൻ മൂന്നാമത്തെ വേളി നടത്തി. നല്ല അഴകുള്ള ഒരു ചെറുപ്പക്കാരിയെ. ബാക്കി കാര്യങ്ങൾ അമ്മയോടെങ്ങനെ ചോദിക്കും!

ലക്ഷ്മിയമ്മ തിരിച്ചുവന്നിട്ടു പറഞ്ഞു:

"എന്റെ മകനെ, അവിടെയുള്ളോർക്കുതന്നെ കഞ്ഞിക്കു വകയില്ലാത്തപ്പോൾ ഒരുത്തിയെക്കൂടി കുടിവെച്ചു. അതിനു കുഞ്ഞുങ്ങളുമാകാൻപോകുന്നു. ആ മുതുപ്രാണന്റെ തലേലെഴുത്താണ്ഞാനോർക്കുന്നത്. മുന്നൂറു രൂപായ്ക്കുവേണ്ടിയാ അദ്ദേഹം ഈ ചുമടുചുമക്കാൻ തയ്യാറായത്. മകൻ മനയ്ക്കൽ കേറാതെ നടന്ന് ഒരു ക്ലബ്ബിൽ ജോലിക്കു ചെന്നുചേർന്നു. അവിടെ വല്യ വിശ്വാസത്തിൽ നിന്ന് ഒടുക്കം ക്ലബ്ബുകാരന്റെ മുന്നൂറുരൂപാ കട്ടെടുത്തു. ഇയാളാ കട്ടതെന്നാ എല്ലാരും പറയുന്നത്. നേരു ദൈവത്തിനറിയാം. ക്ലബ്ബുകാരൻ പോലീസുകാരെക്കൊണ്ടു പിടിപ്പിച്ചു. ഒരു രാത്രി ജേലിൽ കിടന്നു. തന്ത ചെന്നു മുന്നൂറു രൂപായ്ക്കു പണയാധാരം എഴുതിക്കൊടുത്തു മകനെ എറക്കിക്കൊണ്ടുപോന്നു. ആ കടം വീട്ടാൻ സ്ത്രീധനം മേടിച്ചു വേളീം കഴിച്ചു. അതിന്റെ ഇല്ലത്താണെങ്കിലും ഗതിയൊന്നുമില്ല. നാലാലൊരു പൊത്തുവരുത്തമുണ്ടെങ്കിൽ ഇത്രേം നല്ല പെണ്ണിനെ ഈ മുതുക്കന്റെ കൂടെ ഈ നരകത്തിലേക്കു വല്ലോരും തള്ളിവിടുവോ? ആരടെയെങ്കിലുംകൂടെ പറഞ്ഞയച്ചില്ലെങ്കിൽ അതും കൊറച്ചിലല്ലേ?"

"മോഷണക്കേസുവരെയായി! അച്ഛനെക്കൊണ്ടു പെണ്ണുകെട്ടിക്കാതെ അയാൾക്കാകാമായിരുന്നല്ലോ."

"അയാൾക്കു വല്ലോരും പെണ്ണുകൊടുക്കുവോ, മോഷണക്കേസിനു ജേലിൽ പോയവന്?"

"എന്നാലയാൾക്കു തെണ്ടി പത്തുമുന്നൂറു രൂപായുണ്ടാക്കാമായിരുന്നല്ലോ."

"തെണ്ടലാ ഇപ്പോൾ ജോലി. ഇപ്പോൾ നാടുനന്നാക്കാനാണെന്നും പറഞ്ഞു പ്രസംഗിച്ചു നടക്കുകാപോലും! വീട്ടിൽ കഞ്ഞിവെയ്ക്കാതെ കുഞ്ഞുങ്ങളു കൈയും കാലുമിട്ടടിച്ചു നിലവിളിക്കുമ്പോൾ അവൻ നാടു നന്നാക്കാൻ നടക്കുന്നു. ഈ വകയ്ക്കൊരുപകാരം ചെയ്യുന്നവരോടും ദൈവം വെറുക്കും. നീയാ രൂപാ കൊടുക്കരുതായിരുന്നു. ആ കോരിക മേടിച്ചുവെച്ചോണ്ടാണേലും തരക്കേടില്ല. അവരാ രൂപായും തരുകേല്ല, കോരികേം തരുകേല്ല."

നാരായണൻ പറഞ്ഞു. "അവരാ രൂപാ തന്നാലും മേടിക്കണ്ടമ്മേ, ഒരു കാലത്ത് അവരുടെ കൈകൊണ്ടു മേടിച്ചുകഴിച്ചവരാ നമ്മളൊക്കെ. ഉച്ചപ്പട്ടിണിക്കാരായ പള്ളിക്കൂടം പിള്ളേർക്കു കർക്കടകമാസംതോറും കഞ്ഞികൊടുക്കാറില്ലേ മനയ്ക്കൽ പണ്ടൊക്കെ? ഞാനെത്രദിവസം അതു വാങ്ങി കുടിച്ചിരിക്കുന്നു. ഈ കോരികകൊണ്ടാണെന്നു കഞ്ഞി വിളമ്പിയിരുന്നത്. ആ കോരിക നമുക്കു വേണ്ട."

ലക്ഷ്മിയമ്മ കഷ്ടിച്ചു സമ്മതിച്ചു: "വേണ്ടെങ്കിൽ വേണ്ട."

നാരായണൻ ആ ജന്മിയുടെ പൂർവ്വകാലവും തന്റെ ബാല്യവും ജന്മിയുടെ ഇന്നത്തെ പട്ടിണിയും ഒക്കെ ഓർത്തുകൊണ്ടു വിഷാദമൂകനായിട്ടങ്ങനെ ഇരുന്നു. സ്വല്പം അകലെ ഒരാരവം കേട്ട് അവൻ ഉണർന്നു. ശബ്ദം അടുത്തടുത്തു വന്നു. ലക്ഷ്മിയമ്മ പറഞ്ഞു: "ഇന്നു മീറ്റിംഗുണ്ടെന്നാ തോന്നുന്നത്."

നാരായണനുകാര്യംമനസ്സിലായി. ശബ്ദം തെളിഞ്ഞു തെളിഞ്ഞു വന്ന് അതു മുദ്രാവാക്യങ്ങളാണെന്നു വെളിവായി. പത്തുമുപ്പതാളുകൾ പ്ലാക്കാർഡുകളും കൊടിയും പിടിച്ച് ആ വീടിന്റെ മുൻവശത്തുള്ള റോഡിൽക്കൂടി പോകുകയാണ്.

ലക്ഷ്മിയമ്മ പറഞ്ഞു: "ആങ്, അതിന്റെ മുമ്പിൽ കൊടിപിടിച്ചോണ്ടു പോകുന്നത് ഈശ്വരൻ നമ്പൂരിയാണല്ലോ."

---

തെരഞ്ഞെടുത്ത കഥകൾ (രണ്ടാംഭാഗം) കാരൂർ നീലകണ്ഠപിള്ള, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# മനുഷ്യപുത്രി

(ലളിതാംബിക അന്തർജനം)

ഒരു നീണ്ടയാത്ര കഴിഞ്ഞ് തളർന്നുലഞ്ഞ് വീട്ടിൽ വന്നതേയുള്ളൂ. മണി മൂന്നായിരിക്കുന്നു. ഇനി നാലരയ്ക്ക് ഒരു കമ്മിറ്റി മീറ്റിങ്ങുണ്ട്. അഞ്ചിനു പൊതുയോഗം. ആറേകാലിനും ഏഴിനുമിടയ്ക്ക് സുപ്രധാനമായ ചില സന്ദർശനങ്ങൾ. അതു കഴിഞ്ഞ് ഒരു വിരുന്ന്. ഇങ്ങനെ ഭ്രാന്തുപിടിച്ച ജോലിത്തിരക്കുകൾക്കിടയിൽ സന്ദർശകമുറിയിലെ ആൾത്തിരക്കു കണ്ടപ്പോൾ അദ്ദേഹത്തിന് അന്തം വിട്ടുപോയി. താനും ഒരു മനുഷ്യനല്ലേ? കല്ലും ഇരുമ്പുമൊന്നും കൊണ്ടല്ലല്ലോ ഉണ്ടായിരിക്കുന്നത്. എങ്കില്പോലും മണിക്കൂറിന് അറുപതു മിനുട്ടു വെച്ചു പായുന്ന ഈ സമയത്തിനൊപ്പം ഓടിയെത്തുവാൻ തന്നേക്കൊണ്ടാവുമോ? ഓട്ടം തന്നെ. ഓട്ടം ... മത്സരിച്ചോട്ടം ... ഈ മാരത്തോൺ മത്സരത്തിൽ ചേരേണ്ടതായിരുന്നുവെന്നു വരുമോ?...

ആഫീസുമുറിയിലെ കസാലയിലേക്കു ചെന്നു വീണപ്പോൾ വല്ലാത്ത തലവേദന തോന്നി. അന്നു കുളിക്കുകയോ ഉണ്ണുകയോ ചെയ്തിട്ടില്ലെന്ന പരമാർത്ഥം അപ്പോഴാണ് ഓർത്തത്. നിത്യജീവിതചര്യകളിൽ കൃത്യത പാലിക്കാൻ തനിക്കു കഴിയാറില്ല. ആഹാരം, നിദ്ര, വിശ്രമം, ഒക്കെ എപ്പോഴെങ്കിലപ്പോൾ എന്നേയുള്ളു. എന്തിന്, കാണാൻ കൊതിച്ചുണ്ടായ കുഞ്ഞിനെ ഒന്നുനേരെചൊവ്വേ കാണാൻ പോലും സമയം കിട്ടാറില്ല! ഒരു പൊതുജനസേവകന്റെ ജീവിതമാണിത്. പൊതുനേതാവിന്റെ ജീവിതമാണ്. ആ സുഖവും അന്തസ്സും അനുഭവിക്കണമെങ്കിൽ ഇത്തരം ചില അസൗകര്യങ്ങൾ സഹിച്ചേ തീരൂ എന്നറിയാം. അതുകൊണ്ടാണ് സ്വീകരണമുറിയിലൂടെ അകത്തേക്കു നടന്നപ്പോൾ ഉള്ളിൽവന്ന ദേഷ്യം കടിച്ചമർത്തി പുഞ്ചിരിക്കേണ്ടവരോടു പുഞ്ചിരിക്കുകയും കുശലം പറയേണ്ടവരോടു കുശലം പറയുകയും ചെയ്തത്. എന്നാലും സന്ദർശകക്കാർഡും കൊണ്ടുവന്ന സെക്രട്ടറിയോട് അലറി:

"പോവൂ, ആ തൊഴിലില്ലാത്തവരോടു പോയി പറയൂ. എനിക്കിന്ന് ആരേയും കാണാൻ സമയമില്ല. എനിക്കിന്നു സുഖമില്ല. ഇതു സന്ദർശനസമയമല്ല. നാളെ രാവിലെ എട്ടുമണിക്കു വരാൻ പറയൂ."

സെക്രട്ടറി ഉള്ളിലൂറിയ ചിരിയടക്കിക്കൊണ്ടു ക്ഷമാപൂർവ്വം കാത്തുനിന്നു. എത്ര കോപിച്ചു ചാടിയാലും അവരെ ഓരോരുത്തരെയായി വിളിച്ചു കുശലം ചോദിച്ചതിനുശേഷമേ അദ്ദേഹം ഉണ്ണുകയുള്ളു എന്നയാൾക്കറിയാം. ചിലപ്പോൾ ഉണ്ണാതെതന്നെ മീറ്റിങ്ങിനു പോയെങ്കിലുമായി. അങ്ങനെയല്ലെങ്കിൽ അദ്ദേഹത്തിനു പൊതുജനനേതാവാകാൻ കഴിയുമായിരുന്നില്ലല്ലോ.

അന്നും അങ്ങനെതന്നെ സംഭവിച്ചു. ആഫീസുമുറിയുടെ വാതിലിൽനിന്ന് അവസാനത്തെ ആളും കടന്നു പോയിക്കഴിഞ്ഞപ്പോൾ സെക്രട്ടറി അടുത്തുചെന്ന് മന്ദസ്വരത്തിൽ പറഞ്ഞു:

“ഇനിയൊരു സ്ത്രീ കൂടിയുണ്ട്. അപ്പുറത്തിരിക്കുന്നു. വളരെ ദൂരെനിന്നു വന്ന വളരെപാവപ്പെട്ടഒരുസ്ത്രീ. അവർക്ക് അവിടുത്തെ തനിച്ചു കാണണമെന്നു പറഞ്ഞതുകൊണ്ടാണ് ഇതുവരെ വിളിക്കാത്തത്.”

നേതാവ് ക്ഷോഭവും അക്ഷമയും അടക്കുവാനാവാതെ മേശപ്പുറത്ത് ഊക്കോടെ ഇടിച്ചു. മഷിക്കുപ്പി മറിഞ്ഞു. കടലാസുകൾ ഇളകിപ്പറന്നു.

“നിങ്ങൾക്കെന്നെ കൊല്ലണമെന്നുണ്ടെങ്കിൽ അതുപറഞ്ഞാൽ പോരെ? നിങ്ങളുടെ ഒരു സ്ത്രീ! നിങ്ങളുടെ ശുപാർശക്കാർ! ഞാനും ഒരു മനുഷ്യനാണെന്ന് അവരോടു പറയൂ. ആരായാലും ഇനി നാളെ രാവിലെ വരട്ടെ. മണി നാലരയായിരിക്കുന്നു.”

ശാന്തവും അനുനയപൂർവ്വവുമായ സ്വരത്തിൽ സെക്രട്ടറി പറഞ്ഞു: “അതു കഷ്ടമാണെന്നു തോന്നുന്നു. അവർ അതിരാവിലെ ഇവിടെ വന്നു കാത്തിരിക്കുകയാണ്. പച്ചവെള്ളം പോലും കുടിച്ചിട്ടില്ല. വളരെ ദൂരം നടന്നുവന്ന വളരെ പാവം ഒരു വല്യമ്മ. ഒന്നു കണ്ടാൽ മതി ഉടൻ പൊയ്ക്കൊള്ളാമെന്നു പറയുന്നു.”

നേതാവു നിശ്ശബ്ദനായിരുന്നു. സെക്രട്ടറിയെ അനുഗമിച്ച് ആഫീസുമുറിയുടെ വിലയേറിയ കർട്ടൻ ഒതുക്കി മാറ്റി അകത്തു പ്രവേശിച്ചയാളെ അദ്ദേഹം അലസതയോടെ നോക്കി. എന്തു വിചിത്രമായ വേഷം! മൂടിപ്പുതച്ച മുണ്ട്, മുഷിഞ്ഞ കുട, ഊഞ്ഞാലാടുന്ന കാതുകൾ.

പതിനെട്ടാംനൂറ്റാണ്ടിൽനിന്നു കടന്നുവന്ന ഒരു കഥാപാത്രത്തെപ്പോലെ അവർ ആ വലിയ മുറിയുടെ മൂലയ്ക്ക് പരുങ്ങി നിന്നു. പിറകിൽ കാൽമുട്ടുകൾ പിടിച്ചുകൊണ്ട് ആറേഴു വയസ്സായ ഒരാൺകുട്ടിയും.

നേതാവ് അത്ഭുതപൂർവ്വം നോക്കി. അദ്ദേഹം എന്തോ ആലോചിക്കുകയായിരുന്നു. ഭൂതകാലത്തിന്റെ ഇരുളിൽനിന്ന് ഏതോ പരിചിതരൂപം പേർത്തെടുക്കാനോർക്കുംപോലെ .... ഏതോ ഒരു ഛായ .... ഏതോ ഒരു സംശയം .... പെട്ടന്നദ്ദേഹം എഴുന്നേറ്റു .... ആഗതയായ ആ സ്ത്രീ അപ്പോഴും നിലത്തു കണ്ണുംനട്ടു നിശ്ശബ്ദം നില്ക്കയായിരുന്നു.

നേതാവു മനഃക്ഷോഭമടക്കിക്കൊണ്ടു സാവധാനം പറഞ്ഞു: “ഇരിക്കൂ. എവിടെനിന്നാണു വരുന്നത്? എന്തുവേണം? എനിക്കു കുറെ തിരക്കുള്ള സമയമാണിപ്പോൾ .... വേഗം കാര്യം പറയൂ.”

ആഗതയായ സ്ത്രീ തലയുയർത്തിയപ്പോൾ പുതപ്പുമുണ്ട് ഊർന്നുവീണു. അമ്പരപ്പും പരിഭ്രമവുംകൊണ്ട് അവരാകെ വിറച്ചിരുന്നു. കാതരവും കുലീനവുമായ മിഴികളിൽ നീർ നിറഞ്ഞു തുളുമ്പി, മന്ത്രം ജപിക്കുന്ന സ്വരത്തിൽ അവർ മൊഴിഞ്ഞു :

“ഇരിക്കണില്യ, ഗോയിന്നൻകുട്ടീ, ഇരിക്കിണില്ല്യാ. ഇപ്പോ പൊക്കോളാം. ഒന്നു കാണണന്നേ ഒണ്ടാർന്നുള്ളു .... ഗോയിന്നൻകുട്ടിക്കു മനസ്സിലായില്യേരിക്കും. മനസ്സിലാവില്ല്യാ ഇപ്പോൾ .... പക്ഷേ .... പക്ഷേ ....”

വാക്കുകൾ പുറപ്പെടുവിക്കാൻ അവർ വല്ലാതെ ക്ലേശിക്കുംപോലെ തോന്നി. നെറ്റിയിൽ നമസ്കാരമുദ്ര. കൈകളിൽ ഓട്ടുവളത്തഴമ്പ്. നേതാവു താനറിയാതെ പറഞ്ഞുപോയി:

"ഓ.... ഹെ.... ന്റെ.... കുഞ്ഞാത്തലമ്മ!"

അവർ പരസ്പരം നോക്കി ഒരു നിമിഷം നിന്നു. ചിരവിയുക്തനായ ഒരു മകനെ കാണുന്ന അമ്മയുടെ വികാരപ്രകർഷത്തോടെ അവരുടെ കണ്ണുകൾ അയാളെ തൊട്ടുഴിഞ്ഞുകൊണ്ടിരുന്നു. ആ നോട്ടത്തിൽ പരാതിയില്ല. പരിഭവമില്ല. അപേക്ഷകളില്ല. കേവലം സ്നേഹത്തിന്റെ വിനീതവും ആത്മാർത്ഥവുമായ വിശ്വാസദാർഢ്യം മാത്രം. ആ നെടുവീർപ്പിൽക്കൂടെ ഒരു ജീവചരിത്രത്തിന്റെ ചുരുളുകൾ മുഴുവൻ കെട്ടഴിഞ്ഞു നിലത്തുവീണു.

താൻ മുമ്പ് ആട്ടിപ്പുറത്താക്കുവാനൊരുമ്പെട്ട ദീനയും ദരിദ്രജനോചിതവേഷയുമായ സ്ത്രീയുടെ സാന്നിദ്ധ്യത്തിൽ തന്റെ സർവ്വപരിപാടികളും ആ നേതാവു വിസ്മരിച്ചുപോയി. എന്തൊരപരാധബോധമാണു മനസ്സിൽ! എന്തൊരു വിഷാദഭാരമാണ്! നിത്യപൂജാർഹമായ ദേവീവിഗ്രഹത്തെ തട്ടിമറിച്ചിട്ടപോലെ. അതു വെറും കല്ലായിരുന്നുവെന്നു താൻ ഭ്രമിച്ചു. കല്ലുകൾക്കു സുഖദുഃഖങ്ങളില്ല. അവ അടിച്ചുടയ്ക്കേണ്ടവയാണ്. അതിനു വേണ്ടിയുള്ള സമരത്തിൽ ജയിച്ചു ജയിച്ചാണ് താൻ ഇത്രത്തോളമുയരത്തിൽ എത്തിയതെന്നുമയാളോർത്തു. പക്ഷേ നിരന്തരമായ പാദപ്രഹരത്താൽ ഉടഞ്ഞു ചിതറിയ ആ കൽക്കൂമ്പാരങ്ങൾക്കിടയിൽപ്പെട്ടു നിരാലംബമായി പിടയുന്ന മനുഷ്യജീവികളുടെ കാര്യം താനെന്തേ മുമ്പേ ഓർക്കാതിരുന്നത്? ചോര ചിതറാത്ത മുറിവുകൾ. കരയാത്ത വേദനകൾ. പൊരിഞ്ഞു പൊരിഞ്ഞു മരിച്ചാൽപ്പോലും ഒരരിമണി യാചിക്കാത്ത വയറുകൾ. ഈ മഹായജ്ഞത്തിൽ കുരുതികഴിക്കേണ്ടുന്ന പശുക്കളിലൊന്ന് ഇതാ തന്റെ മുമ്പിൽ നില്ക്കുന്നു; സ്നേഹാനുഭവങ്ങളുടെ അമൃതസ്യന്ദിയായ അനുഗ്രഹപൂരം വർഷിച്ചുകൊണ്ട്!

ക്രൂശിതയായ ഈ മനുഷ്യപുത്രിയുടെ മുമ്പിൽ താനാകെ ചെറുതായിച്ചെറുതായി വരുന്നതുപോലെ അയാൾക്കു തോന്നി. ഇപ്പോൾ താൻ മഹായോഗത്തിൽ പ്രസംഗിക്കേണ്ട നേതാവല്ല. കമ്മിറ്റികളിൽ പങ്കുകൊള്ളുന്ന വിദഗ്ധനുമല്ല. അങ്ങുദൂരെ... ദൂരെ ദൂരെയൊരു കുഗ്രാമത്തിൽ ഒരു ചെറിയ വീട്ടിൽ മാമ്പഴം പെറുക്കിയും കാരകളിച്ചും കുളംചാടിയും തിമിർത്തു നടന്ന ഒരു ചെക്കൻ. അച്ഛൻ ചെറുപ്പത്തിലെ മരിച്ചിരുന്നു. അമ്മാവന്മാർ പിരിയുകയും ചെയ്തു. കഷ്ടിച്ചു കഴിഞ്ഞുകൂടുവാനുള്ള വകയുണ്ടാക്കുവാൻ അമ്മ എത്ര പ്രയാസപ്പെട്ടിരുന്നു! മകനെ പഠിപ്പിച്ച് ഒരു നിലയിലാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. അവൻ പഠിച്ചു. പ്രൈമറി ക്ലാസ്സുകൾ മുഴുവൻ കടന്നുകയറിയത് ഒറ്റച്ചാട്ടത്തിനായിരുന്നു.

മനയ്ക്കലെ കുഞ്ഞാത്തല് അമ്മയോടു പറയാറുള്ളതയാൾ ഓർത്തു: "ഗോയിന്നൻകുട്ടി ബുദ്ധിയുള്ളോനാ ലക്ഷ്മീ! ഓൻ ഒരു നെലേല് എത്തും."

അമ്മ സങ്കടത്തോടെ പറയും: "എങ്ങനെയാ കുഞ്ഞാത്തലെ, പഠിപ്പിക്കുക? വയറിനുതന്നെ

കൊടുക്കാനില്ലാത്തപ്പോ.... ബുക്ക്, പെനസിൽ, പുസ്തകം എന്തെല്ലാമൊരൂട്ടം വേണം ഓന്നു സ്കൂളിൽ പോണെങ്കില്?"

കുഞ്ഞാത്തല് എന്തോ ആലോചിക്കുംപോലെ തോന്നി.... "അതു സാരോല്യ ലക്ഷ്മീ! ഒക്കെ വഴീണ്ടാവും, തേവാരത്തിനുള്ള പൂവ്വ് കൊണ്ടരാമോ മിടുക്കന്? ചില്ലറ ഞാനുണ്ടാക്കാം."

കരുണാമയിയായ ഒരു ദേവിയെപ്പോലെ അവർ തന്റെ നേരെ നോക്കി. ആ മുഖം ഒരു ദേവിയുടെ ഛായയിലേ തനിക്കോർക്കാൻ കഴിയുന്നുള്ളൂ. അമ്പലനടയിൽവച്ചാണു തങ്ങേൾ അധികവും കാണാറ് എന്നതുകൊണ്ടാണോ? അതോ ചോറുരുളയും നീട്ടിപ്പിടിച്ച് അന്നപൂർണ്ണയേപ്പോലെയുള്ള ആ നില്പുകൊണ്ടോ? രാവിലെ, കണ്ട കാടും മേടും ചാടി പൂജാപുഷ്പങ്ങൾ ഒരുക്കുമ്പോഴേക്കും നല്ല വിശപ്പുണ്ടാവും. ഉണ്ണികളുടെ പ്രാതൽ കഴിഞ്ഞിരിക്കും. തൈരും മാങ്ങാക്കറിയും കൂട്ടിക്കുഴച്ച് കുഞ്ഞാത്തലമ്മയുടെ ഓട്ടുവളയിട്ട വെളുത്ത കൈപ്പടംകൊണ്ട് ഉരുട്ടിയെടുക്കുന്ന ഉരുള- അതേ അയാൾ നിറച്ചുണ്ടിട്ടുള്ളൂ. അമൃതിനേക്കാൾ രുചികരമായ ആ അന്നം അതിലും രുചികരമായ വാക്കുകളോടെ കുഞ്ഞാത്തലമ്മ അവന്റെ കൈകളിൽ വെച്ചുകൊടുക്കുന്നു. അടുക്കൽനിന്നു വിങ്ങുന്ന അമ്മയോടു പറയും:

"കരയേണ്ടാട്ടോ ലക്ഷ്മിക്കുട്ടീ! ഓൻ പഠിച്ചു മിടുക്കനാവും. താഴത്തേടത്തെ വീട് ഓടിടീക്കൂലോ ഓൻ!"

താഴത്തേടത്തെ വീട് ഓടിടുവിച്ചു. എങ്കിലും അതു കാണാൻ 'ലക്ഷ്മിക്കുട്ടി' ജീവിച്ചിരുന്നില്ല എന്ന കാര്യം വ്യസനസമേതം അയാളോർത്തു.

അമ്മയുടെ മരണശേഷം കുഞ്ഞാത്തലമ്മ മാത്രമായിരുന്നു അവന്റെ ഏകസഹായം. അശരണനായ ആ കുട്ടിയിൽ അവരുടെ വാത്സല്യം കോരിച്ചൊരിയുകയായിരുന്നു. പലപ്പോഴും അവനു ചില്ലറ കൊടുക്കാറുണ്ട്. ദുർഗ്ഗാപൂജയുടെ അട പ്രത്യേകമായി വെച്ചിരിക്കും.... പറയും:

"ഉണ്ണിയെ കാട്ടണ്ട ട്ടോ.... ഓന്നു വച്ചിരുന്നതാണ്... കുറുമ്പന് എത്ര്യായാലും നിറയില്ലാന്നു വെച്ചോളൂ."

ഉദാരമായ ഈ ദാനങ്ങൾ ധർമ്മകൃത്യങ്ങളാണെന്ന ബോധം അവർക്കുണ്ടായിരുന്നുവോ? കുഞ്ഞാത്തലമ്മയെ സംബന്ധിച്ചിടത്തോളം തന്റെ നിത്യജീവിതത്തിന്റെ ഒരത്യാവശ്യഘടകമായിരുന്നു ഈ കർത്തവ്യം. കൊടുക്കുവാൻ മാത്രമായി ജീവിക്കുകയായിരുന്നു അവർ. അതിൽ ഒരസാധാരണതയും തങ്ങേൾക്കു കാണുവാനും കഴിഞ്ഞില്ല. തനിക്കു മാത്രമല്ല, തന്റെ ചുറ്റുപാടുമുള്ള എല്ലാവർക്കും മത്തായിക്കും മമ്മതിനും ചാത്തൻപുലയനുമൊക്കെ ഇതാണു വിചാരം. കൊടുക്കാൻ വേണ്ടി പിറന്നവരാണവർ. അവരല്ലെങ്കിൽ പിന്നെ ആരാണു കൊടുക്കുക? അങ്ങനെ ആ നാട്ടിൻപുറത്ത് ഇതൊരു സാധാരണ സംഭവം മാത്രമായി. ദിവസവും അന്തിമയങ്ങിയാൽ മനയ്ക്കലെ പടിപ്പുരയിൽ ഈ വിളി കേൾക്കാം: "അത്താഴപട്ടിണിക്കാരാരെങ്കിലുമുണ്ടോ?"

ആരെങ്കിലുമുണ്ടാവും. തങ്ങളുടെ പൊതുനെല്ലറയും പൊതുഭക്ഷണശാലയുമാണ് ആ സ്ഥലം എന്ന് അവകാശബോധത്തോടെ ആളുകൾ വിശ്വസിച്ചിരുന്നു. ഇതുകൊണ്ടൊക്കെയായിരിക്കാം, ഗോവിന്ദൻകുട്ടി പത്താംക്ലാസ്സു പാസ്സായി നാടു വിട്ടപ്പോൾ കുഞ്ഞാത്തലമ്മയോട് ഒരു വാക്കുപോലും ചോദിക്കേണ്ട ആവശ്യമുണ്ടെന്ന് അയാൾക്കു തോന്നിയില്ല. അപ്പോഴേക്ക് അയാൾ വളരെ വളർന്നിരുന്നു. വളരെയധികം പുസ്തകങ്ങൾ വായിക്കയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്തിരുന്നു. സ്നേഹവും കടപ്പാടും നന്ദിയുമെല്ലാം കാപട്യമാണെന്നറിയത്തക്കവണ്ണം വർഗ്ഗസമരത്തിൽ അറിവും നേടിയിരുന്നു. കുഞ്ഞാത്തലമ്മയുടെ ദീർഘദർശനം സഫലമാക്കിക്കൊണ്ട് ബുദ്ധിമാനും ഭാഗ്യശാലിയുമായ ആ ചെറുപ്പക്കാരൻ പ്രസംഗപീഠങ്ങളിലൂടെയും പ്രതിനിധിസഭകളിലൂടെയും ഉയർന്നുയർന്നു കയറിപ്പൊയ്ക്കൊണ്ടിരുന്നപ്പോൾ ആ പഴയ നാട്ടിൻപുറത്തെപ്പറ്റി ഓർക്കാനേ നേരമുണ്ടായില്ല. വർഷങ്ങൾ കഴിഞ്ഞു സംഭവഗതികൾ മാറിമറിഞ്ഞു. അസംഭാവ്യമായതു സംഭവിച്ചാലും ആളുകൾ ഞെട്ടാതായി.

ഇന്നാളാണെന്നു തോന്നുന്നു. ഒരു സ്വീകരണയോഗത്തിന് ആ വഴി പോവുമ്പോൾ അവിചാരിതമായി അയാൾ കണ്ടു. മനയ്ക്കലേ കൂറ്റൻ പതിനാറുകെട്ടു നിന്നിരുന്ന സ്ഥലം മുഴുക്കെ വെള്ളുത്ത് അപ്പയും കാട്ടുമുൾച്ചെടികളും പിടിച്ചു കിടക്കുന്നു. അമ്പലക്കുളം ഇടിഞ്ഞു തൂർന്നു. പടിപ്പുരമാളികയുടെ മുഖപ്പ് മൂക്കുകുത്തി വീഴാറായിരിക്കുന്നു. കൂടെയുള്ളവർ പറഞ്ഞു:

"കൊടുത്ത് കൊടുത്താണ് കേട്ടോ, ഈ ഇല്ലക്കാർ നശിച്ചത്. കാലം മാറിയത് അവർ അറിഞ്ഞില്ല. ആരു ചെന്നാലും സൽക്കരിക്കും. പാട്ടവും ജന്മിക്കരവും പിരിയാതായപ്പോൾ പറമ്പുകൾ വിറ്റ് അരിമേടിച്ചു. അതും തീർന്നപ്പോൾ കടമായി. പുരയുടെ കഴുക്കോലുകൾ ഊരി വിറ്റ് അവർ ദാനധർമ്മങ്ങൾ പുലർത്തി. അച്ഛൻ നമ്പൂതിരിയുടെ പിണ്ഡത്തിനു മാത്രം അഞ്ഞൂറുപറഅരി വെച്ചത്രേ. ആ കടത്തിനുവേണ്ടിയാണ് ഇല്ലപ്പറമ്പു പോയത്. ഉണ്ണിക്കു വാതമാണ്. സ്കൂൾ ഫൈനൽ പാസ്സായ ഒരനുജനുള്ളത് ഉദ്യോഗം തേടി നിരാശനായി ഇപ്പോൾ ഏതോ പാർട്ടിയിൽ ചേർന്ന് അലഞ്ഞുനടക്കുന്നു.

രോഗിയായ മകനേയും അയാളുടെ കുട്ടികളേയുംകൊണ്ട് കുഞ്ഞാത്തലമ്മ അകലെയെവിടെയോ ഒരു ദേശവഴിയിലുള്ള ചെറിയ വീട്ടിലേക്കു താമസം മാറ്റി അതും ഒരു പഴയ കുടിയാന്റെ കാരുണ്യം കൊണ്ടാണ് വീടു കിട്ടിയത്."

'ജന്മിത്വം തകർക്കണം' എന്ന് ഉറച്ച് വിളിച്ചിരുന്ന അയാൾക്കു തൊണ്ടയിടറി. ആരും തകർക്കാതെതന്നെ അതു തകർന്നിരിക്കുന്നു.

കുഞ്ഞാത്തലമ്മയെ ചെന്നുകണ്ട് കുശലമന്വേഷിക്കണമെന്ന് അപ്പോൾ വിചാരിച്ചതാണ്. ആ ജീവിതം എങ്ങനെയിരിക്കും? പട്ടിണികിടക്കാൻ പണ്ടേ പരിചയമുള്ള കൂട്ടത്തിലാണ് കുഞ്ഞാത്തലമ്മ. ഏകാദശി, പ്രദോഷം, തിങ്കളാഴ്ച ഇങ്ങനെ മാസത്തിലിരുപതു ദിവസവും ഉപവാസമായിരി

ക്കും. അന്നൊക്കെ അവർ വളരെയധികം ആളുകൾക്കു വെച്ചു വിളമ്പി ഊട്ടുന്നു. വ്രതതാന്തമായ ആ മുഖത്ത് അപ്പോൾ സംതൃപ്തിയുടെ മന്ദസ്മേരം വിരിയും. അവർ പാടും:

"ഏറിയ മോദാൽ മർത്ത്യസമൂഹേ
കോരികകൊണ്ടു വിളമ്പവളേ ജയ!
സുന്ദരരൂപേ, ഗിരിതനയേ, ചെറു-
കുന്നിലമർന്നിടുമമ്മേ, ജയ ജയ!"

ഒരുനാൾ അമ്മ ചോദിച്ചു.

"കുഞ്ഞാത്തലമ്മേ! അടിയത്തിനൊരു സംശയം.... അടിയങ്ങൾ പഷ്ണികിടക്കുന്നത് ഇല്ലായ്മകൊണ്ടാണ്. തിരുമനസ്സുകൊണ്ടോ?"

"അതോ ലക്ഷ്മി" കുഞ്ഞാത്തലമ്മ സ്വല്പം ആലോചിച്ചു നിന്നിട്ടു പറയുന്നു. "അത് ഇല്യാണ്ടാവാതിരിക്കാനാ - ഇല്യാത്തോരടെ ദുരിതമറിയാനാ - ദാരിദ്ര്യം ഒരു കഷ്ടംതന്നെയാണേയ്! ഒന്നു നിരീച്ചുനോക്കൂ. കുട്ട്യോളിങ്ങനെ വിശന്നു കരയ്വ, ഒന്നും കൊടുക്കാനില്യാണ്ടാവുക! ഭഗവാനേ ഗുരുവായൂരപ്പാ, ഇങ്ങനെയൊരു സ്ഥിതി ആർക്കും വരുത്തല്ലേ!"

തന്റെ സങ്കല്പത്തിലുള്ള ഏതോ മഹാശക്തിയെ ധ്യാനിച്ച് അവർ തൊഴുതു. ഇതു കണ്ടാൽ കാണുന്നവരും തൊഴുതുപോവും. ഇങ്ങനെ നിത്യതപസ്വിനിയും നിത്യൈശ്വര്യദായിനിയുമായ കുഞ്ഞാത്തലമ്മയാണിപ്പോൾ.... ഇപ്പോൾ....

നേതാവിനു തലചുറ്റുന്നതുപോലെ തോന്നി.

പുറമേ മീറ്റിങ്ങിനു പോവാനുള്ള കാർ ഹോണടിച്ചു തളരുന്നു. സെക്രട്ടറിമാർ അക്ഷമരായി എത്തിനോക്കുകയാണ്. ഒരക്ഷരം മിണ്ടാതെ- എന്നാൽ വളരെയധികം മനസ്സിലാക്കിക്കൊണ്ടു പരസ്പരം കണ്ണുകളാലാശ്ലേഷിച്ചു മതിമറന്നു നിന്ന ആ അമ്മയും മകനും ഉണർന്നു.

അമ്മ പറഞ്ഞു: "ഗോയിന്നൻകുട്ടി ക്ഷമിക്കൂ ട്ടോ. വല്ലാത്ത ശല്യായ്യേരിക്കും. ലക്ഷ്മി മരിക്കാൻകാലത്തു പറഞ്ഞേർന്നു എന്റെ ചെക്കനു കുഞ്ഞാത്തലേ അനുഗ്രഹായുള്ളൂന്ന്. സന്തോഷായി എനിക്ക്. ശ്ശിയേറെ സന്തോഷായി. ഉണ്ണിക്ക് ഒരു ഗുണം വരണേനൊപ്പം തൃപ്തിയായീന്നു വെയ്ക്കുക."

അല്പം നിർത്തി സംശയിച്ചുകൊണ്ടു മടിച്ചുമടിച്ച് അവർ തുടർന്നു:

"ഉണ്ണി കിടപ്പായിട്ട് എട്ടുകൊല്ലം കഴിഞ്ഞു. ഇല്ലോക്കെ നശിച്ചു. അന്യേൻ പടിച്ചു പാസ്സായിട്ട് ഏറിയ ജോലി തെണ്ടീന്നു വയ്ക്യാ. മുന്ത്യേ ജാതിക്കാർക്ക് ഇപ്പോ ഉദ്യേഗോന്നും പാടില്ലാന്ന് പറേണ കേട്ടു. സഭയോ പ്രസങ്ങോ ഒക്കെയായി ഓനങ്ങനെ പോയി. ഒരു പെൺകിടാവുള്ളതു പുര നിറഞ്ഞു നില്ക്കുന്നു. ഗോയിന്നൻകുട്ട്യേ കണ്ടാൽ ഒക്കേനും വഴീണ്ടാവൂന്നേ ആളോള് പറഞ്ഞത്."

ഒരു നെടിയ നെടുവീർപ്പോടെ തന്റെ പൗത്രനെ അവർ മുമ്പോട്ടു നീക്കിനിർത്തി. മെല്ലെ,

വളരെ മെല്ലെ പറഞ്ഞു:

"ഒന്നുമല്ലെങ്കിൽ ഈ ഉണ്ണിയെ സ്കൂളിൽ ചേർത്തു തരുക.... ഉച്ചക്കഞ്ഞിയെങ്കിലും കിട്ടു ലോ. ഭഗവാനേ! ഗുരുവായൂരപ്പാ!.... രക്ഷിക്കണേ!"

നേതാവു ഞെട്ടിത്തരിച്ചു നിന്നുപോയി. അന്നപൂർണ്ണേശ്വരിയായ കുഞ്ഞാത്തലമ്മയുടെ കുഞ്ഞു മകന് ഉച്ചക്കഞ്ഞിക്കുവേണ്ടി ഇരക്കേണ്ടതായി വന്നിരിക്കുന്നു. ദാനധർമ്മങ്ങളുടെ ഫലം നശിച്ചിരിക്കുന്നു. ആഭിജാത്യക്കൊട്ടാരം തകർന്നിരിക്കുന്നു.

അയാളുടെ കണ്ണീർ ചിറപൊട്ടി ഒഴുകി. കുഞ്ഞാത്തലമ്മയുടെ മുന്നിൽ കുനിഞ്ഞ് പാദപാംസുക്കൾ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു:

"മാപ്പു തരൂ! അമ്മേ, മാപ്പു തരൂ. ഗോവിന്ദൻകുട്ടി ദുഷ്ടനാണ്. പാപിയാണ്. നന്ദികെട്ടവനാണ്. എന്നാലും അവിടുന്ന് അവനേ ശപിക്കില്ല. ആ ഇല്ലം തല്ലിതകർത്തതു ഞങ്ങളാണ്. പാട്ടം കിട്ടാതാക്കിയതും ഞങ്ങളാണ്. ഉണ്ണാനില്ലാത്തവർക്കുവേണ്ടിയുള്ള സമരത്തിനിടയിൽ ചോറു വിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നുപോയി. എന്നിട്ടും അവിടുന്നു ഞങ്ങളെ ശപിക്കുന്നില്ല. പകരം ശാപത്തേക്കാൾ ശക്തമായ അനുഗ്രഹംകൊണ്ടു മൂടുകയും ചെയ്യുന്നു."

"അവിടുത്തേ മകനേ വീണ്ടെടുത്തുതരാൻ ഞാനാളാവുമോ? ആ ഉച്ചക്കഞ്ഞിപോലും എന്റെ വരുതിയിലല്ല. പക്ഷേ, ഒരപേക്ഷയുണ്ട്. അമ്മയില്ലാത്ത ഗോവിന്ദൻകുട്ടിക്ക് ഒരമ്മയാവണേ അവിടുന്ന്. ഈ സ്നേഹവും വാത്സല്യവും നിഷ്കപടതയും അടുത്ത തലമുറയ്ക്കും കൊടുക്കണേ. അവിടുത്തെ കോരികയിൽ മാത്രമേ അത് ഇന്നും നിറഞ്ഞിരിക്കുന്നുള്ളൂ."

നേതാവു തിരിഞ്ഞു സെക്രട്ടറിയോടു പറഞ്ഞു:

"എന്റെ കാർ തിരിച്ചിട്ട് അമ്മയെ അതിൽ കയറ്റിയിരുത്തൂ. എന്നിട്ട് ഫോൺ ചെയ്യണം. ഒഴിച്ചുകൂടാത്ത ചില കർത്തവ്യങ്ങളുള്ളതുകൊണ്ട് എനിക്കിന്നു പൊതുയോഗത്തിൽ വരാൻ സാദ്ധ്യമല്ല. ഞാനും ഒരു മനുഷ്യനാണ്.... മനുഷ്യപുത്രിയുടെ മകൻ!...."

---

തെരഞ്ഞെടുത്ത കഥകൾ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# പൗണ്ടർ പോത്തൻ

(കാരൂർ നീലകണ്ഠപിള്ള)

"മക്കളേ, നമ്മടെ ആടെന്തിയേന്നു നോയ്ക്കെ. ആണ്ടെ പോത്തൻ വരുന്നു," വഴിയരുകിൽ പാർക്കുന്ന ഒരു സ്ത്രീ പരിഭ്രമത്തോടെ പറഞ്ഞു. അവളുടെ മകൻ ആടിനെ അന്വേഷിച്ച് ഓടി.

പോത്തൻ അവളുടെ അടുത്തായി. മെലിഞ്ഞു നീണ്ട ശരീരത്തിനു മുകളിൽ ഉണങ്ങിയ ഒരു തല. കരിഞ്ഞു നിർവ്വികാരമായ മുഖം. അവിടവിടെ പിഞ്ചിയ ഒരു മുറിക്കൈയൻ കാക്കിയുടുപ്പ്. ഒരു കൈയിലൊരു കയറും അതിന്റെ അറ്റത്തൊരു ഉണക്കപ്പശുവും. മറ്റേക്കൈയിലുള്ള തോർത്തുമുണ്ടുകൊണ്ട് രണ്ടാടിന്റെയും കഴുത്ത് ഒന്നിച്ചുവെച്ചുകെട്ടി ഒരു ഗുണനചിഹ്നം ഉണ്ടാക്കിയിരിക്കുന്നു. ഞെരുങ്ങിയ ആ കണ്ഠങ്ങളിൽനിന്നു മരണവിളികൾ പ്രയാസപ്പെട്ടു പുറപ്പെടുന്നു. മാടിനു ശബ്ദിക്കാനുമില്ല ശേഷി. അത് ഇഴയുകയാണ്. തനിയേ നടക്കാനരുതാത്ത പോത്തൻ. ഈ മൂന്നു മൃഗങ്ങളെ വലിച്ചുകൊണ്ടു മുമ്പോട്ടു നീങ്ങുന്നതിനിടയിൽ അവയെ ദേഷ്യപ്പെടുന്നുണ്ട്. ആടുകൾ അവനോടെതിർത്തുകൊണ്ടാണ്. തങ്ങളുടെ ഉടമസ്ഥന്മാരു വരുന്നതുവരെ തർക്കിച്ചു താമസിച്ചാൽ, തടങ്കലിലാകാതെ കഴിയുമെന്നാണവയുടെ വിചാരം. പശുവിന് ആ വിചാരമൊന്നുമില്ല. അതിനു നടക്കാൻ പാടില്ലാത്ത കുറ്റമേയുള്ളൂ. അതിനറിയാം അന്വേഷിച്ചുവരാൻ തനിക്കാരുമില്ലെന്ന്. ഉടമസ്ഥർ വരുംമുമ്പേ അവയെ പൗണ്ടിലടയ്ക്കണമെന്നേയുള്ളു പോത്തന്.

"പോത്തൻചേട്ടാ, ഞങ്ങടെയാട് കയറുപൊട്ടിച്ചോണ്ടങ്ങോട്ടോടിപ്പോയി. ആ ചെറുക്കനതിനെ പിടിക്കാൻ പോയേക്കുവാ. വഴിയിലെങ്ങാനും കണ്ടാൽ പിടിച്ചോണ്ടു പോകല്ലേ! ഒരു കറുത്തയാടാ. ചനമുറ്റി നില്ക്കുന്നതാണേ," ആ സ്ത്രീ പോത്തനോടു പ്രാർത്ഥിച്ചു.

അവൻ കേട്ടതായി ഭാവിച്ചില്ല. അങ്ങനെയെല്ലാരും ശുപാർശ ചെയ്തുതുടങ്ങിയാൽ അവനെന്തുചെയ്യും? കണ്ടോരൊക്കെ പറയുന്നതു കേൾക്കാനല്ല, വഴിയിൽ അലഞ്ഞുനടക്കുന്ന മൃഗങ്ങളെപ്പിടിച്ചു പൗണ്ടിൽ കെട്ടാനാണ് അയാളെ ശമ്പളം കൊടുത്തു മുനിസിപ്പാലിറ്റിയിൽനിന്നു നിയമിച്ചിരിക്കുന്നത്.

ഒരിക്കൽ അവനൊരപകടം പറ്റി. അതിൽപ്പിന്നെ പിടിയിലൊതുങ്ങാത്തവനെ അവൻ വിട്ടുകളയും. ക്ഷേത്രത്തിലൊരു കാളയുണ്ട്. അതിന് അന്വേഷണവും അടിച്ചുകെട്ടുമില്ല. ഒരു തവണ ഇണചേർക്കുന്നതിന് വിത്തുകാളയുടെ ഉടമസ്ഥന്മാർ അഞ്ചുരൂപാ പ്രതിഫലം വച്ചിരിക്കുന്ന ഇക്കാലത്ത് സൗജന്യമായി അക്കാര്യം നിർവ്വഹിച്ചു കൊടുക്കുന്ന ഒരു സാധുജനസേവകനാണ് ആ കാള. അതിനെ പൗണ്ടിലേക്കു സ്വാഗതം ചെയ്തുകൊണ്ട് അതിന്റെ കഴുത്തിൽ കയർഹാരം അണിയിക്കാൻ പോത്തൻ ഒരുമ്പെട്ടു. ചുരുട്ടി കൈയിൽ വെച്ചിരുന്ന കയർ നിവർത്ത്, അതിന്റെ കുരുക്കു വലുതാക്കി, കാളയോടടുത്ത പോത്തൻ നടുറോഡിൽ മലർന്നുവീണു. ഒരുതരത്തിൽ പിടഞ്ഞെഴുന്നേറ്റിട്ട്

അവൻ പറഞ്ഞു: “നിന്റെ പാട്. വല്ല മോട്ടറും കേറി ചത്താൽ നിനക്കുതന്നെ.”

ആ കാളയെ, പിടിക്കേണ്ടും ഉരുക്കളിൽനിന്ന് പൗണ്ടർ ഒഴിവാക്കി.

ആ മൃഗങ്ങളെ വലിച്ചുകൊണ്ട് അവൻ പോകുന്ന വഴിയിൽ വില്ക്കാനായി പുല്ലും പിലാവിലയും വെച്ചിരുന്നു. അതുകണ്ട് ആ മൃഗങ്ങൾ തലപൊക്കി നോക്കുകയും നിലവിളിക്കുകയും ചെയ്തു. നിർബ്ബാധം നടക്കുന്ന ഒരു പശു ഒരുകെട്ടു പുല്ല് ആക്രമിച്ച് കുറെ വായിലാക്കി. അതിന്റെ ഉടമസ്ഥ, “നിന്റെ ഒടുക്കത്തയാ എന്നാലിതിനെ പൗണ്ടുകാർക്കും വേണ്ടേ, എന്റെ ദൈവം തമ്പുരാനേ!” എന്നു പറഞ്ഞുകൊണ്ട് അതിന്റെ വായിൽനിന്ന് ആ പുല്ലു പിടിച്ചുവാങ്ങാൻ ശ്രമിച്ചു.

“നിങ്ങളു പറയുന്നതിനെയൊക്കെ പിടിക്കുകയല്ലേ പൗണ്ടുകാരുടെ ജോലി!” എന്നൊരു മറുപടി പറഞ്ഞിട്ട് പോത്തൻ ആ മൃഗങ്ങളെയും വലിച്ചുകൊണ്ടു നടന്നു.

ഒരുത്തൻ പറഞ്ഞു: “വല്യ ആളുകളുടെ പശുക്കളെ അവൻ പിടിക്കുകേല്ല, ഇന്നാളൊരു സമ്മാനം കിട്ടിയേപ്പിന്നെ.”

“ചെലരൊക്കെ വല്ലപ്പോഴും രണ്ടണ കൊടുക്കുകേം ചെയ്യും, പശുവിനെ പിടിച്ചോണ്ടു പോകാതിരിക്കാൻ,” എന്നു മറ്റൊരാൾ.

“ഒരു ബ്ലാക്കുമാർക്കറ്റ് അവനും കണ്ടുപിടിച്ചിരിക്കുന്നു. അവനും കഴിയണ്ടേ?”

എന്തായാലും, ചില പശുക്കളെക്കണ്ടാൽ പല്ലിറുമ്മിക്കൊണ്ടു പോവുകയേയുള്ളു പോത്തൻ. അല്ലെങ്കിൽ വലിയ മീനിനെക്കണ്ട പൊന്മാനെപ്പോലെ കണ്ണടച്ചുകളയും.

ആടിനെ നോക്കിപ്പോയ കുട്ടി, അതിനെ മുമ്പേ നടത്തി വീട്ടിലേക്കു വരുന്നവഴി പൗണ്ടറെക്കണ്ടു. ആ ബാലൻ ആടിന്റെ ചെവിക്കു രണ്ടിനും പിടിച്ചുകൊണ്ട് അല്പം ഭയത്തോടെ പോത്തനെ നോക്കി.

“ആടിനെ കെട്ടിയില്ലെങ്കിൽ പിടിച്ച് പൗണ്ടിൽകൊണ്ടെ കെട്ടുമേ,” എന്നു സഗൗരവം ഒരു താക്കീതുകൊടുത്തിട്ടു പൗണ്ടർ നടന്നു.

അയാൾ പൗണ്ടിനോടടുത്തു. കാറ്റടി കയറത്തക്കവണ്ണം അഴിയിട്ടതും, ആടുമാടുകളുടെ മൂത്രം വീണു നനഞ്ഞ തറയുള്ളതുമായ ആ മൃഗങ്ങളുടെ കാരാഗൃഹത്തിൽനിന്ന് വിശപ്പിന്റെ വിളികൾ പുറപ്പെട്ടുകൊണ്ടിരുന്നു. അവിടെ ഉത്തരത്തിൽ വെച്ചിരിക്കുന്ന ഒരുപിടി പുല്ല് കരിഞ്ഞിരിക്കുന്നു. വാടി വീണുപോയതു നീക്കിയുള്ള എട്ടുപത്തു പിലാവിലകളോടുകൂടി കുറെ ചുള്ളിക്കമ്പുകൾ ആ ഭാഗ്യംകെട്ട ജീവികളെക്കണ്ട് വിഷാദമൂകമായി മുകളിലിരിക്കുന്നു. കർക്കടകമാസത്തിലെ സന്ധ്യപോലെ മുഖമിരുണ്ടിരുന്ന പൗണ്ട്കീപ്പർക്ക് ഒരു പുഞ്ചിരിയുണ്ടായി. ആ മൃഗങ്ങളെ പൗണ്ടിലാക്കി; റജിസ്തരിൽ ചേർത്തു.

പോത്തന്റെ ഭാര്യ പല ദിവസമായിട്ട് അവനോടു പറയാറുണ്ട്, “നിങ്ങളു കണ്ടോരടെ ആടിനേം പശൂനേം പിടിച്ചു പൗണ്ടിൽ കെട്ടിയാൽ ആളുകളുടെ പരിഭവമല്ലേയാള്ളു മിച്ചം? പൗണ്ടിക്കീപ്പർക്കു

ലാഭമൊണ്ടല്ലോ. വല്ലോം നമ്മക്കൂടെത്തരാൻ പറയരുതോ?"

"അയാളോടെന്റെ പട്ടി ചോദിക്കും! അയാൾക്കറിയാമ്മേലേ ഞാൻ വല്ലടത്തുനിന്നും ഒരെണ്ണത്തിനെ കൊണ്ടുചെന്നാലേ അയാൾക്കു നാലണ കിട്ടുകൊള്ളെന്ന്."

"രണ്ടുമൂന്നു ദെവസം ഒന്നിനേം പിടിച്ചാണ്ടു ചെല്ലാതിരിക്കുമ്പം അയാൾ വല്ലതും തരും."

"അല്ലാതെ അയാളു തരുവോന്നറിയട്ടെ. ഇന്നലെ വഴീലൊരെണ്ണത്തിനേം കാണാഞ്ഞിട്ട്, ഒരു കയ്യാലയ്ക്കകത്തു നിന്ന ആടിനെ പുല്ലു കാണിച്ചു വിളിച്ചു വഴീലെറക്കിയാ ഞാൻ പിടിച്ചു പൗണ്ടിൽ കൊണ്ടെ കെട്ടിയത്."

"അയ്യോ, അതെന്തിനാ ഈ ദ്രോഹം ചെയ്യാൻപോയത്?"

"എന്താ ദ്രോഹം! ഞാൻ വിളിച്ചാൽ വഴിയിലേക്കു വരാവോ? വഴിയിലേക്കെറങ്ങത്തക്ക നീളത്തിൽ ആടിനെ കെട്ടുന്നതെന്തിനാ? എന്തായാലും വഴിയിൽ കണ്ടാൽ ഞാൻ പിടിക്കും. അതിനൊള്ള അധികാരം ഇന്നെനിക്കൊണ്ട്. പിന്നെ, ഒരുദിവസം ഒരെണ്ണത്തിനെയെങ്കിലും പിടിക്കാതിരുന്നാൽ ഞാൻ ജോലി ചെയ്തെന്നെങ്ങനെയറിയും?"

അങ്ങനെ അധികാരം ശരിക്കുപയോഗിക്കുന്ന ഉദ്യോഗസ്ഥനാണ് പൗണ്ടർ പോത്തൻ.

ഈ ജോലിയിൽനിന്നു കിട്ടുന്ന വരുമാനം മതിയായിട്ടല്ല, വണ്ടി വലിക്കുകയോ ചുമടു ചുമക്കുകയോ ഒന്നും ചെയ്യാൻ ശേഷിയില്ലാഞ്ഞിട്ടാണയാൾ പലരെക്കൊണ്ടും ശുപാർശചെയ്യിച്ച് ഈ ഉദ്യോഗം കൈക്കലാക്കിയത്. ആസ്സാംകാടുകളിൽ കൂലിപ്പണിക്കു പോയപ്പോൾ പോത്തന്റെ പ്രതീക്ഷ ഒരു പണക്കാരനായി തിരിച്ചുവന്നിട്ട് നല്ലൊരു കച്ചവടം തുടങ്ങാമെന്നായിരുന്നു. അങ്ങനെയല്ല സംഭവിച്ചത്. മലമ്പനി അവന്റെ ആരോഗ്യം മുഴുവൻ നശിപ്പിച്ചുകളഞ്ഞു. അതിനു പകരം കിട്ടിയ ചെറിയ തുക, അതിവേഗം ചെലവായിപ്പോകയും ചെയ്തു. ദേഹംകൊണ്ട് അദ്ധ്വാനിച്ചു ജീവിക്കാൻ കഴിയാതെവന്നു. അവന്റെ ബുദ്ധിയും മരവിച്ചുപോയി.

പോത്തന്റെ ഭാര്യ കോഴിയെ വളർത്തി കുടുംബഭാരത്തിൽ ഒരു പങ്കുവഹിക്കും. അതു കണ്ടിട്ട് ദൈവത്തിനൊരു കണ്ണുകടി. വസന്ത വന്ന് അവളുടെ കോഴികളെല്ലാം ഒരാഴ്ചയ്ക്കുള്ളിൽ ചത്തൊടുങ്ങി. എന്തൊരു നഷ്ടം! അപ്പോഴാണവൾ പോത്തനോടു പറഞ്ഞത്, 'പൗണ്ടിക്കീപ്പറോടു വല്ലതും നമ്മക്കൂടെ തരാൻ പറ,' എന്ന്. അക്കാര്യം നടപ്പില്ലെന്ന് അവൾക്കു മനസ്സിലായി.

മഴക്കാലമായി. അവരുടെ കൊച്ചു പുരയിൽ ഒരിടമില്ല ചോർച്ചയില്ലാതെ. ഓലയുടെ വിലക്കൂടുതൽകൊണ്ട് പുരമേച്ചിൽ മാറ്റി മാറ്റിവച്ച് ഇടവപ്പാതിയുടെ നടുമുറിക്കെത്തി. കെട്ടിയവളുടെ കൈയ്യിൽ, തപ്പിപ്പെറുക്കിയാൽ പുര മേയാനുള്ള വക കാണുമെന്ന് പോത്തനറിയാം. പക്ഷേ, അവൾ ആ തുകയിൽ ഒരു പൈസാ എടുക്കുകയില്ല. അവൾക്കൊരാടിനെ വാങ്ങിക്കണം. മൂന്നു കൊച്ചങ്ങളുടെയും അവരുടെയും വയറ്റിനുള്ള വകയ്ക്ക് അങ്ങനെയെന്തെങ്കിലും കൂടെയില്ലാതെ കഴിയുകയില്ല. "പുര മേഞ്ഞുകഴിഞ്ഞിട്ട് ആടിന്റെ കാര്യം," എന്നാണു പോത്തന്റെ പക്ഷം. അവൾ തന്നെ ജയിച്ചു. അവ

ളൊരാടിനെ വാങ്ങി. രണ്ടുമാസം കഴിഞ്ഞാൽ അതു പെറും. ദിവസം അരരൂപായുടെ വക കിട്ടും. നല്ലയിനം ആടാണ്, പോത്തനതൊന്നും കേൾക്കേണ്ട. അവന് ആടിനെ കാണുകപോലും വേണ്ട. ആടിനെ മേടിച്ചിട്ട് ഒരാഴ്ച കഴിഞ്ഞു.

പൗണ്ടർ ആ ഉണക്കമാടിനേയും രണ്ടാടിനേയും പൗണ്ടിൽ ഏല്പിച്ചിട്ട് കയറുംകൊണ്ടു റോഡു നീളെ നടന്നു. അവിടവിടെ നിന്നു നാലുപാടും നോക്കി വീണ്ടും നടക്കുകയാണവൻ.

ആകെക്കൂടി അവനൊരു തൃപ്തിയില്ല. രാവിലെ മുതൽ വൈകിട്ടു വരെ നടന്നിട്ട് മൂന്നേമൂന്നു മൃഗങ്ങളെ മാത്രമേ കിട്ടിയിട്ടുള്ളു. ഒരു മുപ്പതെണ്ണത്തിനെ വഴിയിൽക്കണ്ടു. എന്തുചെയ്യാനാണ്? അവയെ ഒന്നിനെയും പിടിക്കാൻ വയ്യ.

എരിഞ്ഞടങ്ങിയപ്പോൾ അവൻ വീട്ടിലെത്തി. അവന്റെ മക്കൾ പറഞ്ഞു: "നമ്മടെ ആടിനെ കണ്ടില്ല. അമ്മ തെരക്കിപ്പോയേക്കുവാ."

"എവിടെപ്പോയി? എപ്പഴാ കാണാതെപോയത്?"

ആ കുട്ടികൾക്ക് അതൊന്നും അറിഞ്ഞുകൂടാ.

അവനും ആടിനെ അന്വേഷിച്ചു പുറപ്പെട്ടു. അയല്ക്കാരറിഞ്ഞു.

"കണ്ടോരടെയൊക്കെ ആടിനെ പിടിച്ചു പൗണ്ടിൽ കെട്ടുന്നതിന് ഇങ്ങനെ വരണം." എന്നു മാത്രമേ അവർക്കു പറയാനുള്ളു.

അവൻ ഇടവഴികളിലും മൈതാനത്തും ഒക്കെ നടന്നു. പകൽ അന്യരുടെ ആടിനെ അന്വേഷിച്ച് പൗണ്ടർ നടന്നു. ഒടുവിൽ അവൻ മടങ്ങി വീട്ടിലെത്തി.

"ആടു വന്നോ മക്കളേ?" എന്നു ചോദിച്ചുംകൊണ്ട് മൂന്നാമതും ആ സ്ത്രീ വീട്ടിലേക്കു വന്നു.

വഴിയിൽനിന്ന് ആരോ പറയുന്നു: "എറച്ചിക്കു റാത്തലിന് ഒരു രൂപയാ വെല."

"സകലയാളുകൾക്കും പെണക്കാ. പിന്നെയാരെങ്കിലും കണ്ടാലും പറയുവോ?" എന്നു പറഞ്ഞു സ്ത്രീ.

"പെണങ്ങാൻ ഞാനെന്നാ ചെയ്തു?"

"ഇപ്പം അറിഞ്ഞോ എന്തു ദണ്ണോണ്ടെന്ന്?"

"ഞാൻ അന്നു പറഞ്ഞതല്ലേ, ഇപ്പം ആടും കുതിരേം ഒന്നും മേടിക്കേണ്ടെന്ന്?"

"അതുകൊണ്ട് ആരും ഇതിനെയൊന്നും മേടിക്കാതെയല്ലേ!"

"കെട്ടിയിടാഞ്ഞിട്ടല്ലേ പോയത്?"

"അതു ജീവനൊള്ളതല്ലേ? അതിന്റെ കൈയും കാലും ആടിയില്ലെങ്കിൽ....!"

"വല്ല ലോറീം കേറി ചത്താൽ—"

"ആ നാക്കുകൊണ്ടൊന്നും പറയാതിരുന്നേച്ചാ മതി. ഇപ്പം രൂപാ അൻപതു കൊടുത്താൽ ആ ആട്ടിൻകുട്ടിയെ കിട്ടുകേല്ല. അതീമിറ്റത്തു നിക്കുകയായിരുന്നു. ആരെങ്കിലും തട്ടിക്കൊണ്ടുപോ

യതാ. ഈ കൊച്ചുങ്ങളീവിടെയിരുന്നിട്ട് ഒന്നു നോക്കീരുന്നെങ്കിൽ അതു പോകകേല്ലായിരുന്നു. നേരം വെളുത്താൽ അതിന്റെ രോമംപോലും കണികാണാൻ കിട്ടുകേല്ല" എന്നു തുടങ്ങി അവൾ പറഞ്ഞു കൊണ്ടിരുന്നു. കൂടെക്കൂടെ മുറ്റത്തിറങ്ങി നോക്കി. ആടിനെ വിളിച്ചുനോക്കി. മക്കളേയും ഭർത്താവി നേയും പഴിച്ചു. അങ്ങനെ ഉറക്കാതെ നേരം കഴിച്ചു. ഇടയ്ക്ക് അവൾ ഇങ്ങനെ പറഞ്ഞു: "അന്ന് ഓല മേടിച്ചു പെര കെട്ടീരുന്നേൽ നനയാതെ കെടക്കുകേലും ചെയ്യായിരുന്നു."

നേരം പ്രഭാതമായി. അവൾ ഇറങ്ങി അന്വേഷിച്ചു. പതിവുള്ള കയറുമെടുത്ത് പോത്തനും ഇറങ്ങി. അവിടെയെങ്ങും ആരുമില്ലറിയാതെ, പൗണ്ടറുടെ ആടിനെ കാണാതെപോയ കാര്യം.

"ആമ്പിള്ളേരാരെങ്കിലും പിടിച്ചു പൗണ്ടിൽ കെട്ടിക്കാണും. അവനുമറിയട്ടെ അതിന്റെ ചൂട്," എന്ന് ഒരു സ്ത്രീ പറഞ്ഞു.

അന്നു വഴിയിൽക്കണ്ട ഒന്നിനേയും അവൻ പിടിച്ചില്ല. അവൻ ഒരു ചുറ്റു നടന്നിട്ടു വെറും കൈയോടെ പൗണ്ടിലെത്തി.

"ഇന്നെന്താ പോത്താ ഇങ്ങനെ?" എന്ന് പൗണ്ട് കീപ്പർ അതൃപ്തി പ്രകടിപ്പിച്ചു.

"എന്റെ പിള്ളേച്ചാ, ഞങ്ങക്കൊരാടൊണ്ടായിരുന്നതെങ്ങാണ്ടു പോയി. അന്വേഷിക്കാതൊരു സ്ഥലോം ഇല്ല. ഇവിടെ വല്ലോരും കൊണ്ടെക്കെട്ടിയോ?"

"ഇവിടെയാരും ഒന്നിനെയും കൊണ്ടുവന്നില്ല," എന്നു പൗണ്ട് കീപ്പർ പറഞ്ഞു. പോത്തൻ വിഷാദിച്ചു നടന്നു. അവന്റെ ഭാര്യ കിണറ്റിലും കുളത്തിലും ഒക്കെ അന്വേഷിച്ചിട്ടും ആടിനെക്കാ ണാഞ്ഞിട്ട് അതിനെ പിടിച്ചുകൊണ്ടുപോയവന് 'ഏഴു ജന്മോം ഗതി പിടിക്കല്ലേ' എന്നു പിരാകി; ആടിനെ കണ്ടുകിട്ടാൻ നേർച്ചകൾ നേർന്നു. ഒടുവിൽ അനുഭവിക്കാൻ ഭാഗ്യമില്ലെന്നു പറഞ്ഞ് അക്കാര്യം അവസാനിപ്പിച്ചു.

ഒരു ദിവസം പൗണ്ട് കീപ്പർ പോത്തനോടു പറഞ്ഞു: "ഇവിടെ ഒരാടിനെ കൊണ്ടുവന്നിട്ട് ഇന്ന് എട്ടുപത്തു ദിവസമായിട്ട് ഉടമസ്ഥൻ വന്നില്ലല്ലോ. താനെവിടെച്ചെന്നു പിടിച്ചുകൊണ്ടുവന്നതാ?"

"അവർക്കു വേണ്ടായിരിക്കും. അവിടെ നില്ക്കട്ടെ," എന്നു പോത്തനും പറഞ്ഞു.

എന്തോ പറഞ്ഞകൂട്ടത്തിൽ, ഉടമസ്ഥൻ വരാതെ ഒരാട് പൗണ്ടിൽ നില്ക്കുന്നുണ്ടെന്നും അവിടെ കൊടുക്കാനുള്ള പണം കൊടുത്ത് അവളുചെന്നു കൊണ്ടുപോന്നാൽ കാണാതെപോയ ആടിന്റെ നഷ്ടം തീരുമെന്നും പോത്തൻ ഭാര്യയോടു പറഞ്ഞു. വല്ലവരുടേയും ആടിനെ തന്റെയാ ണെന്നും പറഞ്ഞു വാങ്ങിക്കൊണ്ടു പോന്നാൽ വല്ല ദോഷവും ഉണ്ടായെങ്കിലോ എന്ന് അവൾ പേടി ച്ചു. ഒടുവിൽ ആ സ്ത്രീ സമാധാനപ്പെട്ടു:

'ഞാൻ എത്ര കഷ്ടപ്പെട്ടൊണ്ടാക്കിയ മൊതലാ! അതു നഷ്ടപ്പെട്ടതിന് ദൈവം തന്നതാ ഇതിനെ!'

എവിടന്നോ നാലഞ്ചു രൂപയുമായി അവൾ പൗണ്ടിൽ ചെന്നു. പട്ടിണി കിടന്ന് എല്ലുമാത്ര

മായ സ്ഥിതിയിലും അവൾക്കു മനസ്സിലായി, അതു തന്റെ ആടാണെന്ന്. ആ സ്ത്രീ ജീവശ്ശവമായി നിന്നു പോയി. അവൾക്കു പറയാനുള്ളതൊക്കെകൂടി ഇങ്ങനെ സംഗ്രഹിച്ചു: "ഈ ആമ്പെറന്നോനെന്നാൽപ്പിന്നെ. തലയ്ക്കൊരു വെളിവില്ല കേട്ടോ."

---

കാരൂരിന്റെ കഥകൾ (ഒന്നാം ഭാഗം), കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

## ഓടക്കുഴലിന്റെ നാദം

(ലളിതാംബിക അന്തർജനം)

ദേശീയ ഡയറിഫാമിലെ 402-ാം നമ്പർ പശു—തുടുതുടുപ്പുള്ള ഒരെണ്ണമൈലി. അവൾക്കു പേരില്ല. X 402 എന്നോരടയാളമേയുള്ളു.

ഫാം സന്ദർശിക്കാനെത്തുന്ന ആൾക്കാർക്ക് അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു മാനേജർ അഭിമാനപൂർവ്വം പറയും:

"ഈ ഗോശാലയിലെ ഏറ്റവും നല്ല പശുവാണിത്. ജെഴ്സിയും സ്വിസ്സും ചേർത്തെടുത്ത ഇനത്തിൽ നിന്നു സിന്ധി കലർപ്പുചേർന്ന ഉരു. ഏഴു മാസമായപ്പോൾ കുത്തിവച്ചു. തള്ളയും മകളും ഒരുമിച്ചു പെറ്റുവന്നു. ഇതു മൂന്നാമത്തെ പ്രസവമാണ്. അഞ്ചു വയസ്സുണ്ട്. പതിനാറു ലിറ്റർ പാലു തരും."

ഇങ്ങനെയാണു ചരിത്രം. പാൽ ധാരാളമുള്ള പശുവായതുകൊണ്ട് തീറ്റ ധാരാളം കിട്ടുന്നു. സുന്ദരിയായതുകൊണ്ടു തുടച്ചുമിനുക്കുന്നു. കുട്ടി അകിട്ടിലുരുമ്മിയ ഓർമ്മയില്ല. കറവക്കാരൻ അടുത്തുവന്ന് ടീറ്റ് കപ്പ് മുലയിൽ പിടിപ്പിക്കുമ്പോൾ താനേ ചുരന്നുവരും. ഉള്ള പാൽ—ചിലപ്പോൾ സമയത്തിന്റെ കൃത്യത തെറ്റിയാൽ കുറച്ചു നിറംമാറിയതുകൂടി—കുപ്പികളിലേക്കു വീഴുന്നു. അഞ്ചുമാസമായാൽ വീണ്ടും ബീജം കുത്തിവയ്പിക്കൽ. വീണ്ടും വയർ വീർക്കുന്നു പ്രസവിക്കുന്നു. വീണ്ടും വീണ്ടും ഇതേ പരിപാടി തുടരും. ചാട്ടുമാട്ടുകളൊന്നുമില്ലാത്ത പശുവായതുകൊണ്ടു ചാട്ടയടിയുടെ ചൂട് അറിഞ്ഞിട്ടേയില്ല.

ഇങ്ങനെ എല്ലാവരുടെയും അരുമയായ X 402—നു ഈയിടെയായി ഒരു മൗനം. ഒരു പ്രദർശനത്തിനു കൊണ്ടുപോയിട്ട് തിരിച്ചുകൊണ്ടുവന്നു കെട്ടിയതാണ് പിന്നെ തീറ്റ തിന്നുന്നില്ല. അയവിറക്കുന്നില്ല. വിദൂരതയിൽനിന്ന് എന്തോ കേൾക്കുംപോലെ ചെവികൂർപ്പിച്ച് അങ്ങനെ നില്ക്കും. കറവക്കുഴൽ അകിട്ടിൽ ഘടിപ്പിച്ചാൽ പാൽ ഊറ്റുകയേയില്ല. തൂങ്ങിത്തൂങ്ങി നില്ക്കുന്നു.

സൂക്ഷിപ്പുകാരൻ ശ്രദ്ധിച്ചു. ഡോക്ടർ വന്നു. രക്തം, മലം, മൂത്രം, നാക്ക്, കുളമ്പ് എല്ലാം വിസ്തരിച്ചു പരിശോധിച്ചു. ഇല്ല പറയത്തക്ക യാതൊരു രോഗവുമില്ല. പിന്നെ എന്താണ് ഈ ഭാവമാറ്റത്തിനു കാരണം അറിയപ്പെടാത്ത വല്ല ദീനവുമായിരിക്കുമോ? പരീക്ഷണത്തിനായി അവളെ കറവപ്പുരയിൽനിന്നു മൃഗാസ്പത്രിയിലേക്കു മാറ്റി. കുത്തിവയ്ക്കുകയും മരുന്നുകൾ കൊടുക്കുകയും ചെയ്തു.

X 402 ആകെ ക്ഷീണിച്ചവശയായി. എന്നാലും അവൾ ആ പഴയ മൗനം വിട്ടില്ല. മൃഗാസ്പത്രിയുടെ ഷെഡ്ഡിൽ ചക്രവാളത്തിലേക്കു മിഴിനട്ട് ചെവികൂർമ്പിച്ച് അവൾ നിന്നു.

X 402—നെക്കൂടാതെ ഷെഡ്ഡിൽ മറ്റൊരു പശുവേ ഉണ്ടായിരുന്നുള്ളൂ. ഡയറിഫാമിലെ ഏറ്റവും പഴക്കം കൂടിയ നാടൻ ജനുസ്സിലൊന്ന്. അവൾക്കു പ്രായമേറെ ആയിരുന്നെങ്കിലും കൂടെക്കൂടെ പ്രസവിച്ചിരുന്നതുകൊണ്ട് കശാപ്പുശാലയിലേക്കയച്ചിരുന്നില്ല. പാൽ കുറവെങ്കിലും കൊഴുപ്പുണ്ട്. തീറ്റ തെല്ലു മതിതാനും. വേണമെങ്കിൽ ഒന്നോ രണ്ടോകൂടി പ്രസവിക്കുവാനവൾക്കു കാലമുണ്ടെന്നാണു ഡോക്ടർ പറയുന്നത്.

X 402—നാടൻപശുവും പരസ്പരം അവഗണിച്ചതുപോലെ കുറേസമയം നിന്നു. പിന്നെ നാടൻപശു ഒന്നു തുമ്മി. തലകുലുക്കി. ചെവിയാട്ടി. നീണ്ടവാൽ ചുഴറ്റി. X 402—ന്റെമേൽ ഉരുമ്മത്തക്കവണ്ണം അടിക്കുകയും ചെയ്തു. X 402—നു തിരിഞ്ഞുനോക്കാതിരിക്കാൻ കഴിഞ്ഞില്ല. ഇതെന്തൊരു ശല്യമാണ് എന്നു ചോദിക്കുംവിധം. അവൾ പകച്ച കണ്ണുകൾകൊണ്ടു നാടൻപശുവിനെ നോക്കി. പിന്നെ തലതിരിച്ചു.

മൃഗങ്ങൾക്കു പരസ്പരം മനസ്സിലാക്കാൻ ഭാഷ ഉണ്ടോ എന്ന് നമുക്കറിഞ്ഞുകൂടാ. ഉണ്ടായിരിക്കണം. അല്ലെങ്കിൽ അവ എങ്ങനെയാണ് ആശയങ്ങൾ കൈമാറുന്നത്? മുട്ടിയോ ഉരുമ്മിയോ നക്കിയോ അമറിയോ എങ്ങനെയായാലും വേണ്ടില്ല. അവർ അന്യോന്യം പറയാനുള്ളതു പറയുകയും അറിയാനുള്ളത് അറിയുകയും ചെയ്യുന്നുണ്ടല്ലോ.

ഷെഡ്ഡിൽനിന്നു മനുഷ്യന്റെ നിഴൽ മാറിക്കഴിഞ്ഞപ്പോൾ അക്ഷമയായ നാടൻപശു നവാഗതയോടു ചോദിച്ചു:

“അപ്പോൾ നീയാണ് X 402 അല്ലേ? ഈ ഡയറി ഫാമിലെ പേർപെറ്റ പ്രദർശനമൃഗം.... നിനക്ക് എന്തുപറ്റി....?

ഈ ചോദ്യത്തിൽ അസൂയയും ആക്ഷേപഹാസ്യവുമുണ്ടെന്നു വ്യക്തമായിരുന്നു. X 402 അലക്ഷ്യമായി ഈച്ചയാട്ടി. അവൾ ചോദ്യം കേട്ടില്ലെന്നു നടിച്ചു.

അല്പസമയം മൗനം. നാടൻപശുവിന് ഇതു സഹിക്കുവാൻ പ്രയാസമായി. അവൾ അല്പം മയപ്പെടുത്തി വീണ്ടും ചോദിച്ചു:

“നിന്നെക്കണ്ടിട്ട് സുന്ദരിയായിരിക്കുന്നല്ലോ കുട്ടീ നീ ചെറുപ്പവുമാണ്. എന്നിട്ടും ഇങ്ങനെ വന്നത് അത്ഭുതമായിരിക്കുന്നു. നമ്മുടെ ഈ സുഭിക്ഷമായ ഡയറി ഫാമിൽ ഇങ്ങനെയൊരു രോഗം മുമ്പു കണ്ടിട്ടില്ല... നല്ല പ്രായം. നല്ല മതിപ്പ്. നല്ല പരിചരണം. എന്നിട്ട് ഇവൾക്ക് എന്തുപറ്റിപ്പോയി?”

സുന്ദരിയും നല്ല ജനുസ്സുമായതാണ് എനിക്കു പറ്റിയ ഏറ്റവും വലിയ ശാപം എന്നു പറയുംമട്ടിൽ X 402 ദയനീയമായി നാടൻപശുവിനെ നോക്കി. ഈ നോട്ടം അവളുടെ ഉള്ളിൽ തട്ടി. അവൾ തുടർന്നു:

“പണ്ട് എനിക്കു നാടൻ ജനുസ്സ് ഒരു കൂട്ടുകാരിയുണ്ടായിരുന്നു. ഏതോ ഒരു മുക്കുറയുടെ ശബ്ദം കേൾക്കുന്നുവെന്നു പറഞ്ഞ് അവൾ ചെവികൂർപ്പിച്ചു നില്ക്കും. കറവക്കാരനെ ചവിട്ടും.

പാൽ ചുരത്തില്ല. ഒടുവിൽ അവർ അവളെ കശാപ്പുശാലയിലേക്കു കൊടുത്തയച്ചു പാവം! നിനക്ക് അങ്ങനെ വരാനിടയില്ലല്ലോ. പുതിയ തലമുറയുടെ പുതിയ സന്തതിയാണല്ലോ."

X 402 ഖേദപൂർവ്വം തലകുലുക്കി. അതെ. ഞാൻ പുതിയ വർഗ്ഗത്തിന്റെ പുതിയ പ്രതിനിധിയാണ് എന്റെ അമ്മ ഇന്ത്യയിലും അച്ഛൻ ഇംഗ്ലണ്ടിലും മുത്തച്ഛൻ സ്വിറ്റ്സർലണ്ടിലും ആയിരുന്നത്രെ. പക്ഷേ ആരുമാരും തമ്മിൽ കണ്ടിട്ടില്ല. എന്നാലും അഭിമാനിക്കാമല്ലോ, എല്ലാ ഇനത്തിന്റെയും എല്ലാ നന്മകളും ചേർന്നവളാണെന്ന്. എന്നെ അവർ നല്ലതുപോലെ പോറ്റുകയും ചെയ്യുന്നു. എന്നാലും, എന്തോ ഒരു വല്ലായ്മ ഏതോ ഒന്ന് മറന്നതുപോലെ. അല്ലെങ്കിൽ അറിയാനുള്ളതുപോലെ. ഓർത്തോർത്തു നില്ക്കുമ്പോൾ തീറ്റ തിന്നാനും പാൽ ചുരത്താനുംകൂടി മറന്നുപോവുന്നു ഞാൻ.

പതിനാറു വയസ്സായ പേരക്കുട്ടിയുടെ അസ്വസ്ഥമായ മുഖത്തു നോക്കി അമ്മൂമ്മ പ്രവചിക്കുംപോലെ നാടൻപശു പിറുപിറുത്തു:

"എനിക്കു മനസ്സിലായി കുഞ്ഞേ, എനിക്കു മനസ്സിലായി. നീ എന്തോ ചിലതു ധരിച്ചിരിക്കുന്നു. എന്തോ വളരെക്കുറച്ച്. എത്രത്തോളമെന്നു പറയൂ."

X 402 ലജ്ജയോടെ, വ്യഗ്രയോടെ, കൂട്ടുകാരിയുടെ താടയിൽ മുട്ടിയുരുമ്മി നിന്നു. അവൾ മടിച്ചുമടിച്ചു ചോദിച്ചു:

"ഞാൻ ഒരു രഹസ്യം ചോദിക്കട്ടെ ചേച്ചീ? നമ്മുടെ ജാതിയിൽ കാള എന്നൊരു വർഗ്ഗമുണ്ടോ? നമ്മുടെ വയറ്റിൽ പിറക്കുന്ന കുട്ടികളുടെ അച്ഛൻ...."

നാടൻപശു ഭീതിയോടെ അവളെ തടഞ്ഞു. ചുറ്റും പറ്റും നോക്കി. സൂക്ഷിപ്പുകാർ വരുന്നുണ്ടോ? മറ്റു പശുക്കൾ കേൾക്കുന്നുണ്ടോ? നിരോധിക്കപ്പെട്ട വിഷയമാണ് ചർച്ചയ്ക്കു വരുന്നത്. അവൾ ശാസനയോടെ പിറുപിറുത്തു:

"ചോദിക്കരുതാത്തതാണു കുട്ടീ നീ ചോദിച്ചത്. നമ്മെ രക്ഷിക്കുന്നവർ നമ്മെ അറിയിക്കുന്നിടത്തോളമേ നാം അറിയാവൂ. അവർ നമുക്കു തീറ്റ തരുന്നു. നല്ല തൊഴുത്തുകളിൽ കെട്ടുന്നു. രോഗം വന്നാൽ ചികിത്സിക്കുന്നു. നമ്മുടെ എല്ലാ ചുമതലകളും അവർക്കാണ്. കൂടുതൽ എന്തിനറിയണം?"

X 402 വിറച്ചു. "അരുതാത്തതാണെന്നെനിക്കറിയാം ചേച്ചീ. പക്ഷേ, എന്തുചെയ്യാം. ആ തോന്നൽ മനസ്സിൽനിന്നു മാറുന്നില്ല. ഭംഗിയുള്ള കൊമ്പും തൂങ്ങിയ താടയും തുള്ളിത്തുളുമ്പുന്ന കുഞ്ഞയുമുള്ള കൂറ്റനായ ഒരു മൃഗം. അത് അമറുന്നത് കടലലപോലെ മുഴങ്ങുമത്രേ. ടപ്പ് ടപ്പ് എന്ന കുളമ്പടി പതിപ്പിച്ചുകൊണ്ട് കുതിച്ചുപാഞ്ഞു മണ്ണും കല്ലും കരിംപാറയും കുത്തിയിളക്കി കളിക്കുമത്രേ. അങ്ങനെയൊന്നിനെ താൻ കണ്ടിട്ടുണ്ടെന്ന് എന്റെ പഴയ ഫാമിലെ കൂട്ടുകാരി അതിരഹസ്യമായി പറഞ്ഞിരുന്നു. പക്ഷേ, പ്രദർശനസ്ഥലത്തെ സ്റ്റാളിൽ ചുമരിനപ്പുറത്തുനിന്ന് അത്തരമൊരു മുക്കുറയും കുളമ്പടിയും കേട്ടപ്പോൾ ഞാനാകെ വിരണ്ടുപോയി. കാണികളെ ഹരംപിടിപ്പിക്കുമാറ് കൂത്താടിത്തുള്ളിപ്പോയി. ആളുകൾ നിയന്ത്രിച്ചില്ലായിരുന്നെങ്കിൽ ഞാൻ ആ കനത്ത ഭിത്തി ഇടിച്ചു

തകർക്കുമായിരുന്നു. ഏറ്റവും നല്ല പശുവിനുള്ള ഒന്നാംസമ്മാനം നേടിക്കൊണ്ട് ഇവിടെ വന്നിട്ടും ആ ഓർമ്മ വിട്ടുമാറുന്നില്ല. എങ്ങനെയിരിക്കും. അവൻ? അവൻ ഉണ്ടോ? ഭംഗിയുള്ള കൊമ്പും തൂങ്ങിയ താടയും തുള്ളിത്തുളുമ്പുന്ന ഉപ്പൂറ്റിയുമുള്ള അവൻ. അന്നുമുതൽ തുടങ്ങിയതാണീ ചിന്ത."

"ശ്! ശ്! മതിയാക്ക്!" പഴയ പശു വീണ്ടും ചുറ്റുപാടും നോക്കി. എന്നിട്ടു തന്റെ മോന്ത മറ്റവളുടെ ചെവിയിൽ ചേർത്തുരസിച്ചുകൊണ്ടു പറഞ്ഞു:

"അങ്ങനെയുണ്ടെങ്കിലും അതു വിചാരിക്കുവാൻ പാടില്ല കുട്ടീ. പ്രകൃതിയുടെ വിളി നമ്മൾ കേട്ടുകൂടാ. പശു പ്രസവിക്കുവാനും പാൽ ചുരത്തുവാനും മാത്രമുള്ളവളാണ്! നമ്മുടെ ഗർഭാശയത്തിൽ എത്തിപ്പെടേണ്ട ബീജം ഏതെന്നു നിശ്ചയിക്കേണ്ടത് അവരാണ്. ശാസ്ത്രജ്ഞന്മാർ എന്നു പറയുന്ന കൂട്ടർ. അവർക്ക് ഇടുക്കു തൊഴുത്തുകളുണ്ട്. സിറിഞ്ചുണ്ട്. മരവിപ്പിച്ച ജീവബീജങ്ങളുണ്ട്. അതു വളർത്തുവാനുള്ള ഗർഭപാത്രങ്ങൾ മാത്രമേ വേണ്ടൂ. ഒന്നോർത്തുനോക്കൂ. നമ്മൾ പത്തു മാസം ചുമന്നു നൊന്തുപെറ്റ കുട്ടികൾ ഒരിക്കലെങ്കിലും അകിട്ടിൽ മുട്ടി മുല കുടിച്ചിട്ടുണ്ടോ? പ്രസവിച്ചു വീഴുമ്പോഴേ അവർ എടുത്തുകൊണ്ടു പോകുന്നു. എന്നിട്ട് തരംതിരിച്ച പാൽ കുപ്പികളിൽ അളന്നു കൊടുത്ത് വളർത്തും. ആണിനെയും പെണ്ണിനെയും വെവ്വേറെ ഷെഡ്ഡിൽ കെട്ടുന്നു. പെണ്ണിനെ വീണ്ടും പ്രസവിപ്പിക്കുവാൻ, ആണിനെ തീറ്റ കൊടുത്തു കൊഴുപ്പിച്ച് നുറുക്കിത്തിന്നുവാൻ. നമ്മൾ വയ്ക്കോൽ തിന്നുംപോലെ അവർ നമ്മുടെ കുട്ടികളെ ചവച്ചരച്ചു തിന്നുന്നു. മൃഗത്തിന്റെ വിധി ഇതാണു മകളെ, എനിക്കു പലപ്പോഴും തോന്നാറുണ്ട്. നമുക്കു പ്രസവിക്കാനുള്ള ശക്തികൂടി നശിച്ചിരുന്നെങ്കിൽ എന്ന്. എങ്കിൽ.....എങ്കിൽ എത്ര നന്നായിരുന്നു!"

X 402 വിറച്ചു. അവൾ നാടൻപശുവിനോട് കൂടുതൽ പറ്റിച്ചേർന്നുനിന്നു. തന്റെ അമ്മ അവളാണെന്നറിഞ്ഞതുപോലെ. നാടൻപശുവും ഉത്തേജിതയായി. മകളെപ്പോലെ അവളെ നക്കിത്തുടച്ചുകൊണ്ടു പറഞ്ഞു:

"പാവപ്പെട്ട കുട്ടീ, നീ പുരുഷാന്തരമറിഞ്ഞ പുതിയ വർഗ്ഗമാണ്. നിന്റെ പരമ്പരയ്ക്ക് ഈ ചാപല്യം ഉണ്ടാവരുതാത്തതാണ്. എന്നിട്ടും എന്തേ ഈ ശാപം പിൻതുടരുന്നു? ഞാൻ ഒരു നാടൻജനുസ്സിന്റെ മകളാണ്. അമ്മയുടെകൂടെ കുറച്ചുനാൾ കഴിയാനും സാധിച്ചു. തങ്ങളുടെ അമ്മയമ്മൂമ്മമാർ കഴിഞ്ഞുകൂടിയിരുന്ന പഴയ നല്ല കാലങ്ങളെപ്പറ്റി ചിലപ്പോൾ അവർ വിസ്തരിക്കും. അന്നു മനുഷ്യർ പ്രത്യേകംപ്രത്യേകം വീടുകളിലായിരുന്നത്രേ പാർത്തിരുന്നത്. ഓരോ വീടിനോടും ചേർന്ന് ഓരോ ആലയുണ്ട്. അവിടെ പശുക്കളും കാളകളും കിടാങ്ങളും ഒരുമിച്ചു കഴിഞ്ഞു. രാവിലെ ഇടയർ തെളിച്ച് കാടുകളിലും മലകളിലും കൊണ്ടുപോവുന്നു. അവിടെ അവർ തിന്നു മദിച്ച് സ്വച്ഛന്ദം കൂത്താടി. അവിടെ വച്ച് ഇണചേർന്നു. പ്രസവിച്ചു. വീട്ടമ്മമാരുടെ ഓട്ടുമൊന്തകളിലേക്കു പാൽ ചുരത്തിക്കൊടുക്കുകയും ചെയ്തിരുന്നു. എന്നാലും എന്തൊരു സ്നേഹം! എന്തൊരു സ്വാതന്ത്ര്യം! നീ കേട്ടിട്ടുണ്ടോ മകളെ, പണ്ടുപണ്ടു പശുക്കളെ മേയ്ക്കുവാൻ മാത്രമായി ഈശ്വരൻ ഭൂമിയിൽ

ഭൂമിയിൽ അവതരിച്ചിട്ടുണ്ടത്രേ. നീലപ്പീലി മുടിയിൽ തിരുകി കോലക്കുഴലുമായി ആ ബാലൻ ഗോവർദ്ധനഗിരിയിൽ അലഞ്ഞു നടക്കും. ഗോപാലബാലന്റെ വേണുഗാനം കേട്ടു മയങ്ങിമയങ്ങി പശുക്കൾ പകുതി ചവച്ച പുല്ലും വച്ചുകൊണ്ടു മതിമയങ്ങി നില്ക്കാറുണ്ടായിരുന്നുപോൽ."

പറഞ്ഞുപറഞ്ഞുവരവേ നാടൻപശുവിനു നിയന്ത്രണം വിട്ടുപോയി. അവൾ ധാരമുറിയാതെ സംസാരിച്ചു. ഭൂതകാലത്തിന്റെ ഗഹനതയിൽനിന്നു തന്റെ മനസ്സിൽ പതിഞ്ഞിട്ടുള്ള ഓർമ്മകളെല്ലാം വാർന്നൊഴുകി. കാമധേനുവിന്റെ കഥ, ഹോമധേനുവിന്റെ കഥ, യമുനാതീരത്തെ പുൽത്തകിടിയിൽ രാധാകൃഷ്ണന്മാരുടെ കോലാഞ്ചലത്തിൽ ഉരുമ്മിനിന്ന നന്ദിനി എന്ന പശുക്കിടാവിന്റെ കഥ. X 402 ആത്മവിസ്മൃതയായി കേട്ടുനില്ക്കുകയായിരുന്നു. അവൾ മുക്കുറയുടെ ശബ്ദം മറന്നു. കൂറ്റന്റെ രൂപം മറന്നു. മനുഷ്യരുടെ ക്രൂരത മറന്നു. അതിദൂരത്തുനിന്നു വരുന്ന ഒരു ഓടക്കുഴലിന്റെ നാദത്തിൽ ലയിച്ചു രോമാഞ്ചത്തിൽ കുളിച്ചുപോയി അവൾ.

തങ്ങളുടെ മുത്തശ്ശിമാർ എത്ര ഭാഗ്യവതികളായിരുന്നു! സ്നേഹിക്കുന്ന മനുഷ്യരെ ആശ്രയിച്ച് അവരുടെ കൂട്ടുകൂടി അവർക്കുവേണ്ടി പാൽ ചുരത്തി ഇണങ്ങിക്കഴിഞ്ഞ കാലം. പാട്ടുപാടുന്ന ഇടയനുമൊത്തു കാട്ടിൽ നടക്കുന്നകാലം. അത് ഇനി എന്നെങ്കിലും തിരിച്ചുവരുമോ ചേച്ചീ? നമ്മൾ അതു കാണാൻ ജീവിച്ചിരിക്കുമോ?

X 402—ന്റെ നിറുകയിലും കഴുത്തിലും താടിയിലും നക്കിനക്കി ഓമനിച്ചുകൊണ്ടു നാടൻ പശു പറഞ്ഞു:

"ആർക്കറിയാം മകളെ, പാവം മനുഷ്യർ! അവരും നമ്മേപ്പോലെ ദുഃഖിതരാണ്. തമ്മിൽ പരീക്ഷിച്ചുനോക്കി വിജയിച്ചു എന്നു വിചാരിക്കുന്ന വിദ്യകളൊക്കെ തങ്ങളിലും ഏർപ്പെടുത്തി കൃതാർത്ഥരാവുകയാണവർ. കൃത്രിമത്വത്തിന്റെ ചുവ അവസാനം അവരേയും അസ്വസ്ഥരാക്കാതിരിക്കയില്ലല്ലോ. പ്രകൃതിയുടെ വിളി അത്ര ശക്തമാണു കുഞ്ഞേ. അതു മനസ്സിലാക്കുമ്പോൾ..... അന്ന് ഒരു പക്ഷേ, അവർ നമ്മെയും സ്വതന്ത്രരാക്കിയേക്കാം."

X 402—ം 3-ാം നമ്പർ നാടൻജന്തുസ്സും ഉപയോഗശൂന്യരായതായി ഡോക്ടർ സർട്ടിഫൈ ചെയ്തിരിക്കുന്നു. അവയെ ഉടനെ കശാപ്പുശാലയിലേക്കു മാറ്റണം. തോലെങ്കിലും കേടുകൂടാതെ കിട്ടട്ടെ."

(കഥ നടക്കുന്ന കാലം, സ്ഥലം: 21-ാം നൂറ്റാണ്ടിലേക്കുള്ള നടവഴിയിലൊരിടം.)

-------------

ധിരേന്ദു മജുംദാറുടെ അമ്മ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1978, പേജ് 39 മുതൽ

## ഒടുവിലത്തെ മകൻ

(കാരൂർ നീലകണ്ഠപിള്ള)

"വടക്കേച്ചെറേലെ കുഞ്ഞാമനു ജോലി കിട്ടി, ഇല്ലേടാ?"

"കിട്ടിയെന്നാ കേട്ടത്. അവന്റെ പേര് രാമചന്ദ്രനെന്നാ."

"നീയെന്നെ പഠിപ്പിക്കാൻവരുകാ? ഞാനാ അവന് ആ പേരിട്ടത്. നിന്നോടാരാ പറഞ്ഞത് അവനു ജോലി കിട്ടിയെന്ന്?"

"അവൻ തന്നെയാ. നാളെ പോകുംപോലും."

"എന്റെ ഒടുവിലത്തേ മകനാ അവൻ."

ഗോപകുമാരൻ അമ്പരന്ന് അവരെ നോക്കി.

"അമ്മൂമ്മേടെ മകനോ!"

"നിന്റെ ചോദ്യം കേട്ടാൽ തോന്നുമല്ലോ നീ എന്റെ മകനല്ലെന്ന്."

അമ്മൂമ്മയുടെ സ്ക്രൂ ഇളകിയെന്ന് അവനു തോന്നി.

"എനിക്കു നാല്പത്തിയേഴു മക്കളുണ്ടായെടാ, ആണും പെണ്ണുമായിട്ട്. അതിൽ ഒൻപതും പോയി. കുഞ്ഞുങ്ങളെ നോക്കി വളർത്താൻ മേലാത്തവളൊക്കെ എന്തിനാ പെറാൻപോണത്?"

"ഞാൻ പോകുകാ അമ്മൂമ്മേ. ധിറുതിയുണ്ട്."

"നീ ധിറുതിക്കാരനല്ലല്ലോടാ. എത്ര മടിച്ചുമടിച്ചാ ഇങ്ങോട്ടു വന്നത്?"

"ഞാൻ മടിച്ചുമടിച്ചൊന്നുമല്ല വന്നത്."

"ഇപ്പോൾ വന്ന കാര്യമല്ല ഞാൻ പറഞ്ഞത്. നീ ഭൂമിയിലേക്കു വന്ന കാര്യം പറയുകയായിരുന്നു."

"അതൊന്നും ഞാനോർക്കുന്നില്ല."

"നീയെങ്ങനെ ഓർക്കാനാ? നിന്റെ അമ്മയും അതൊക്കെ മറന്നുകാണും. ഞാനതൊന്നും മറന്നിട്ടില്ല. ഞാൻ പിള്ളകൊള്ളാൻ പോയെടത്തെ കഥയൊക്കെ ഓർക്കുന്നുണ്ട്."

"ഓ, അവരൊക്കെയായിരിക്കും അമ്മൂമ്മയുടെ മക്കൾ. കുഞ്ഞാമനെപ്പെറ്റപ്പഴും അമ്മൂമ്മയായിരുന്നോ വയറ്റാട്ടി?"

അവന്റെ മുഖത്തു പരിഹാസം പരന്നു. അത് അമ്മൂമ്മയുടെ ശ്രദ്ധയിൽ പെട്ടു.

"നിനക്കു ധിറുതിയാണെങ്കിൽ പൊക്കോ."

പോകുന്നവഴിക്കവനോർത്തു, നങ്ങേലിയമ്മൂമ്മ തന്നെ ഒരിക്കൽ കുറ്റപ്പെടുത്തിയത്.

അവൻ അവരുടെ വീട്ടിൽ ചെന്നപ്പോൾ അമ്മൂമ്മ കൈയിലെ നഖം വെട്ടുകയായിരുന്നു. "നിന്റെ കൈയൊന്നു കാണിച്ചേടാ," എന്നു പറഞ്ഞ് അവർ കൈപിടിച്ചു നോക്കി. നീണ്ട നഖവും അതിനി

ടയിലിരിക്കുന്ന ചെളിയും കണ്ടിട്ട് അവർ ശകാരിച്ചു. നഖം മുറിച്ചുകളഞ്ഞു. ഇനി ഇങ്ങനെ ചെളിയുംവച്ചുകൊണ്ടു നടന്നാൽ വിരൽ മുറിച്ചുകളയുമെന്നു താക്കീതുചെയ്തു. അമ്മൂമ്മ ദിവസവും നഖം വെട്ടുമത്രെ. കാണുമ്പഴൊക്കെ അവർ വലിയ അധികാരത്തിലാ സംസാരിക്കുന്നതും ഉപദേശിക്കുന്നതും. എന്താണോ ഇത്ര അധികാരമെടുക്കാൻ കാരണം!

ഗോപകുമാരൻ പോയപ്പോൾ നങ്ങേലിയമ്മൂമ്മ വിചാരിച്ചു: അവനും ആക്ഷേപം. പുലച്ചിയുടെ പേറെടുക്കാൻ പോയതിന് എല്ലാവർക്കും ആക്ഷേപമായിരുന്നു. ഇപ്പോൾ ആക്ഷേപം തീർന്നുകാണുമെന്നു വിചാരിച്ചു. അന്നു തീണ്ടലുണ്ടായിരുന്നു. അതിപ്പോൾ പോയി. എന്റെ കൈയിൽക്കൂടി ഭൂമിയിലേക്കു വന്ന അവൻ പഠിത്തക്കാരനായി. ഇപ്പോൾ സർക്കാരുജോലിക്കാരനായി. അവരുടെ കുടിയിലും കൂട്ടത്തിലും ആദ്യത്തെ സർക്കാർ ജോലിക്കാരൻ കുഞ്ഞാമനാ. അന്ന് ഇത്രയ്ക്കൊന്നും വിചാരിച്ചില്ല. ആക്ഷേപിച്ചു ചിരിച്ചേച്ച് ഇപ്പോളിവിടുന്നു പോയവനും കുഞ്ഞാമനും തമ്മിൽ എന്താ വ്യത്യാസം? പെറ്റുവീണപ്പോൾ ഒരുപോലെയായിരുന്നു. പേറും ഒരുപോലെ. വയറ്റിലുണ്ടായതും ഒരുപോലെതന്നെ. എന്നിട്ട് അവനു പരിഹാസം! എന്നാൽ അവനു പരീക്ഷയിൽ ഒന്നു ജയിക്കാമായിരുന്നല്ലോ?

നങ്ങേലിയമ്മ ഒന്നേ പ്രസവിച്ചുള്ളു. രണ്ടുനാഴിക തികച്ച് ആ കുട്ടി ഭൂമിയിൽ കിടന്നില്ല. ഈശ്വരവിധിയെന്നും ഭാഗ്യദോഷമെന്നും എല്ലാരും പറഞ്ഞെങ്കിലും ശിശു മരിച്ചതു പതിച്ചിയുടെ നോട്ടക്കുറവുകൊണ്ടാണെന്നു മാതാവിനു തോന്നി. ആ തോന്നൽ ഉറയ്ക്കുകയും ചെയ്തു. പിന്നെ അവർ ഗർഭം ധരിച്ചില്ല. സന്താനലാഭത്തിനുള്ള ആശ ക്രമേണ തേഞ്ഞുമാഞ്ഞു പോയി. തന്റെ അനുഭവം മറ്റുള്ളവർക്കുണ്ടാകാതെയിരിക്കണമെന്ന് ആ സ്ത്രീ ആഗ്രഹിച്ചു. പതിച്ചിയെ സഹായിക്കാൻ അവരും കൂടിത്തുടങ്ങി. പ്രസവസമയത്തും അതു കഴിഞ്ഞാലും എങ്ങനെയൊക്കെ മാതാവിനെ സഹായിക്കാമെന്നും പരിചരിക്കണമെന്നും അവർ മനസ്സിലാക്കി. പെറ്റ പെണ്ണുങ്ങളോടും പതിച്ചിയോടും വൈദ്യന്മാരോടും ചോദിച്ച് അവർ പലതും ഗ്രഹിച്ചു. അന്ന് ആശുപത്രികൾ വളരെ കുറവായിരുന്നു. അതുകൊണ്ടു പലരും നങ്ങേലിയമ്മയുടെ സഹായം ആവശ്യപ്പെട്ടു. എപ്പോഴും ഈറ്റുപുരയിലേക്കു പോകാൻ തയ്യാറെടുത്തു കാത്തിരിക്കും നങ്ങേലിയമ്മ. അറിയുന്ന സ്ഥലത്തെങ്ങാനും പ്രസവമടുത്തിട്ടുണ്ടെങ്കിൽ പിന്നെ കുളിച്ചു വൃത്തിയായി ശുചിയായ വസ്ത്രം ധരിച്ചേ ആ വയറ്റാട്ടിയെ കാണാൻ കഴിയൂ. ആ പ്രവൃത്തിയിൽ അവരെ ആരും കുറ്റം പറഞ്ഞിട്ടില്ല. ഒടുവിൽ അതും ഉണ്ടായി. തള്ളയ്ക്കോ പിള്ളയ്ക്കോ അപകടമുണ്ടായിട്ടല്ല, ജാതിമര്യാദയെ ലംഘിച്ചതിനാണ് ആക്ഷേപമുണ്ടായത്.

വൈകുന്നേരം കുളിക്കാൻ തോട്ടുകടവിൽ ചെന്നതാണ്. ചിറയിൽ മാടത്തിന്റെ മുറ്റത്തു നീലിപ്പുലക്കള്ളി നില്ക്കുന്നു.

"എന്താ നീലിയേ ചുമ്മാ നില്ക്കുന്നെ? തിരുമയ്ക്ക് ഇതല്ലേ മാസം? അവളെന്ത്യേ? അറിയാവുന്ന വയറ്റാട്ടിമാരെ വല്ലോരേം വിളിക്കണം, കെട്ടോ? കൊച്ചുപെണ്ണാ."

"അവളു മാടത്തിനകത്തൊണ്ട്. ഏതാണ്ടു വല്ല്യായ്മയാ. പേറടുത്തെന്നാ തോന്നണെ. കണ്ണമ്പെലേൻ പുലിമുട്ടേലെ മൂത്തപെലക്കള്ളിയെ വിളിക്കാൻ പോയേക്കുവാ."

നങ്ങേലിയമ്മ മുഖവും കൈയും കാലും കഴുകി മാടത്തുങ്കലേക്കു ചെന്നു. കുറച്ചുനേരം മുറ്റത്തു നിന്നു. നീലിപ്പുലക്കുള്ളിക്കു ചില നിർദ്ദേശങ്ങൾ കൊടുത്തു. മാടത്തിനുള്ളിൽനിന്നു തിരുമ ദീനസ്വരം പുറപ്പെടുവിക്കുന്നതു കേട്ടു. അവളുടെ കിടഞ്ഞൂൽപ്രസവമാണ്. നങ്ങേലിയമ്മ അകത്തേക്കു ചെന്നു. ചൂടുവെള്ളത്തിൽ തുണി മുക്കി ഗർഭിണിയുടെ ദേഹമൊക്കെ തുടച്ചു വൃത്തിയാക്കി. അതിനുപോലും കൊള്ളാവുന്ന ഒരു തുണിയെടുക്കാൻ അവിടെയില്ലാഞ്ഞിട്ട് തന്റെ തോർത്തുമുണ്ട് ഉപയോഗിക്കേണ്ടിവന്നു. അപ്പോഴേക്കു പിള്ളകൊള്ളാൻ മൂത്തപുലയി വന്നു. അവളെക്കൊണ്ട് ഒന്നും ചെയ്യിക്കാതെ നങ്ങേലിയമ്മ തന്നെ എല്ലാം ചെയ്തു. പൊക്കിൾക്കൊടി മുറിക്കുകയും കുഞ്ഞിനെ കുളിപ്പിക്കുകയും എല്ലാം അവർ ചെയ്തു. നീലിപ്പുലക്കള്ളി പറഞ്ഞു: "ക്ടാത്തൻ ഭാഗ്യോള്ളോനാ. തമ്പുരാട്ടീടെ കൈയിലേക്കാണല്ലോ പെറന്നത്!"

"അവൻ ഭാഗ്യമുള്ളവനാ. ഇന്നു നല്ല നാളാ. ആയില്യം വല്യ സമ്പാദ്യക്കാരനാകും."

എല്ലാരും ചിരിച്ചു.

കുളിക്കാൻപോയ അവരെ അന്വേഷിച്ചു വീട്ടിൽനിന്ന് ആളുവന്നു. അപ്പോളവർ പേറ്റുപുരയിലായിരുന്നു. വന്നവനു മാനക്കേടു തോന്നി; ദേഷ്യംവന്നു.

നങ്ങേലിയമ്മ തോട്ടിലിറങ്ങിക്കുളിച്ച് ഉടുത്തതിന്റെ അറ്റംകൊണ്ടു തോർത്തി. വീട്ടിൽ ചെന്നപ്പോൾ അവിടെ എല്ലാവരും മുറുമുറുക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു. അവരെ താങ്ങിപ്പറയാൻ മക്കളില്ലല്ലോ. മക്കളുണ്ടെങ്കിലോ?

അവരെ ചെറിയതോതിൽ ജലദോഷം ബാധിച്ചു.

പെറ്റ പെണ്ണുങ്ങളെ വേതുവെള്ളം ഉണ്ടാക്കി നങ്ങേലിയമ്മതന്നെയാണു കുളിപ്പിക്കാറുള്ളത്. ഏതായാലും ആക്ഷേപം കേട്ടു. എന്നാൽ പിന്നെ മുഴുവനായിക്കൊള്ളട്ടെ. തിരുമയെ വേതുകുളിപ്പിക്കാനും അവർ തന്നെ പോയി. അപ്പോഴും ജലദോഷം മാറിയിരുന്നില്ല. മഴക്കാലം. കലങ്ങിയ വെള്ളത്തിൽ മൂന്നുനാലു കുളി കൂടിയായപ്പോൾ നങ്ങേലിയമ്മ കിടന്നുപോയി. കടുത്ത പനി. ചെയ്യരുതാത്തതു ചെയ്തിട്ടാണെന്നു ചിലർ പറഞ്ഞു. പലർക്കും അവരോടു വെറുപ്പുതോന്നി. അടുത്തയാളുകൾപോലും അവരുടെ സേവനം ഇഷ്ടപ്പെടാതെയായി. ചിലർ ഡോക്ടർമാരേയും മിഡ്വൈഫുമാരേയും ആശ്രയിച്ചു. അറിവുള്ള ആളുകൾ നാട്ടുപതിച്ചിമാരെപ്പറ്റി ആക്ഷേപം പറഞ്ഞുതുടങ്ങി. തിരുമയുടെ പ്രസവത്തിനുശേഷം നങ്ങേലിയമ്മയുടെ മാന്യത മങ്ങി. ഉത്സാഹം മന്ദിച്ചു.

അവരുടെ വീട്ടിലെ ഒരു സ്ത്രീയുടെ പ്രസവം. നങ്ങേലിയമ്മയുണ്ടല്ലോ. മറ്റാരെയും വിളിച്ചില്ല. നോവു തുടങ്ങിയിട്ടു കുറേനേരമായി. പിന്നെ നോവു നിന്നു. നങ്ങേലിയമ്മയ്ക്കൊരു തന്റേടക്കുറവ്. അപ്പാത്തിക്കരിയെ വിളിക്കുന്നതാണു നല്ലതെന്ന് അവർക്കു തോന്നി. വീണ്ടും നോവ്.

എന്നാലും ധൈര്യം വരുന്നില്ല. നങ്ങേലിയമ്മ പറഞ്ഞു: "വേറെ ആരെയെങ്കിലും വരുത്തണം. അപ്പാത്തിക്കരിയാകട്ടെ."

ഡാക്ടറും മിഡ്‌വൈഫും വന്നു. ഗർഭിണിയെ ആശുപത്രിയിലേക്കു കൊണ്ടുപോയി. അതിനുമുൻപ് ഡാക്ടർ നാട്ടുപതിച്ചിമാരെ വേണ്ടതിലധികം കുറ്റംപറഞ്ഞു നങ്ങേലിയമ്മ നാണിച്ചു നാക്കടഞ്ഞു നിന്നു. ആശുപത്രിയിൽ ചെന്നിട്ടു താമസമുണ്ടായില്ല, കുട്ടിയെ മുറിച്ചുമുറിച്ചെടുത്തു തള്ള ജീവിച്ചല്ലോ! എന്നാലും അവൾക്കു പനി വന്നു. അഞ്ചാറു ദിവസം കഴിഞ്ഞു. കഥയും തീർന്നു.

നങ്ങേലിയമ്മ നടുങ്ങി. താനാണല്ലോ പറഞ്ഞത് ഡാക്ടറെ വിളിക്കാൻ. തനിക്കു തന്റേടം കുറഞ്ഞു. ഇനി വയ്യ. വല്ലവരും ചെന്നു വിളിച്ചാൽ അവർ പറയും: "എനിക്കു വയസ്സും പ്രായോ ആയി. പച്ചവെള്ളത്തിൽ കുളിക്കാൻ വയ്യ. നിങ്ങളുവേറെ വല്ലോരേം വിളിക്കിൻ."

ഇങ്ങനെ അവർ ആ തൊഴിലിൽനിന്നു വിരമിച്ചു. തന്റെ കൈയിലേക്കു പിറന്നുവീണ എല്ലാവരും തന്റെ മക്കളാണെന്ന് അവർക്കു തോന്നിയിരുന്നു. അവരെയൊക്കെ വാത്സല്യത്തോടെയും അധികാരത്തോടെയും വീക്ഷിച്ചുപോന്നു.

പനി മാറി ആരോഗ്യം വീണ്ടുകിട്ടിയശേഷം ആദ്യം കുളിക്കാൻ തോട്ടിൽ ചെന്നപ്പോൾ അവർ ചിറയിൽ ചെന്നു തിരുമയുടെ കുട്ടിയെ കണ്ടു. "ഇവനെ ഞാൻ തന്നെ ഇരുപത്തെട്ടുകെട്ടിക്കണമെന്നു വിചാരിച്ചതാ. എന്താ ചെയ്ക, ദെണ്ണം പിടിച്ചുപോയി," എന്നു പറഞ്ഞു.

തോട്ടിൽ ചെല്ലുമ്പോളൊക്കെ കുഞ്ഞാമനെ കാണാറുണ്ട്. അനുഗ്രഹിക്കാറുണ്ട്. "എന്റെ ഒടുവിലത്തെ മകനാണിവൻ." എന്നു തമ്പ്രാട്ടി പറയുമ്പോൾ തിരുമയുടെ മുഖം പ്രസന്നമാകാറുണ്ട്.

ഒരു പ്രസവത്തിനു പോയാൽ അവർക്കു കിട്ടുന്ന പ്രതിഫലം ഒരു പുടവയാണ്. ചിലപ്പോൾ രണ്ട്. അതുകൊണ്ട് എപ്പോഴും വെളുപ്പിച്ച പടുവ ഉടുത്തുകൊണ്ടു നടക്കാനവർക്കു കഴിയുമായിരുന്നു. മേൽമുണ്ടു ധരിക്കുന്ന കൂട്ടത്തിലായിരുന്നില്ല അമ്മൂമ്മ.

"അവനു ജോലി കിട്ടിയിട്ട് എന്നോടൊന്നു പറയാൻ തോന്നിയില്ലല്ലോ. എന്റെ കൈയിൽക്കൂടി ഭൂമിയിലേക്ക് ഒടുവിൽ വന്നവനാണ് അവൻ. തേവനെന്നോ പാപ്പനെന്നോ പേരിടാതെ രാമചന്ദ്രനെന്നു പേരിട്ടതു ഞാൻ പറഞ്ഞിട്ടാണ്. എന്നിട്ട് എല്ലാവരും വിളിക്കുന്നതു കേട്ടില്ലേ-കുഞ്ഞാമൻ. കൂട്ടത്തിൽ പഠിക്കുന്ന പിള്ളേരോട് അവന്റെ പഠിത്തക്കാര്യം ഞാൻ അന്വേഷിക്കുമായിരുന്നു. ഒരിക്കൽ അവന് ഉടുത്തോണ്ടുപോകാൻ മുണ്ടില്ലാഞ്ഞിട്ട് എന്റെ പുടക മുറിച്ചുകൊടുക്കുകയും ചെയ്തു. എന്നിട്ട് അവനു തോന്നിയില്ലല്ലോ ജോലികിട്ടിയ കാര്യം ഒന്നു പറയാൻ. പരീക്ഷയിൽ ജയിച്ചതും അവൻ പറഞ്ഞല്ല അറിഞ്ഞത്. മുപ്പത്തെട്ടു മക്കളുണ്ട് എനിക്കെന്നു ചുമ്മാ പറയാം. ആർക്കുമില്ല സ്നേഹം. ഒന്നും തരണ്ട; ബഹുമാനിക്കയും വേണ്ട. വല്ലപ്പഴും കൺവെട്ടത്തൊന്നു വരുകയോ ഒന്നു ചിരിക്കുകയോ ചെയ്യരുതോ ഇവർക്ക്? എന്റെ കുറ്റമായിരിക്കും. കാണുമ്പോൾ ഞാൻ അധികാരം ഭാവിക്കും. ഗുണദോഷിക്കും. ശാസിക്കും. ഇതൊക്കെ ആർക്കാണിഷ്ടപ്പെടുക? പ്രായമായ എനി

ക്കുതന്നെ വല്ലോരും ഉപദേശിച്ചാൽ ഇഷ്ടപ്പെടാറില്ല. പിന്നെയാ കുട്ടികൾ!"

രാമചന്ദ്രൻ വരുമെന്നും സന്തോഷവാർത്ത തന്നെ കേൾപ്പിക്കുമെന്നും അവർക്കു വിശ്വാസമുണ്ട്. അവൻ വരാൻ താമസിക്കുന്തോറും അവരുടെ ക്ഷമകേടു വർദ്ധിച്ചുവന്നു. വൈകുന്നേരമായപ്പോൾ അവനെ അങ്ങോട്ടുചെന്നു കണ്ട് അനുമോദിക്കാമെന്നു കരുതി അമ്മൂമ്മ പുറപ്പെട്ടു.

"തിരുമേ, കുഞ്ഞാമനില്ലേടീ ഇവിടെ?"

"അവൻ പടിക്കലേക്കു പോയിരിക്കുകാ. അവനു ജോലി കിട്ടി. അക്കാര്യം അവിടെച്ചെന്നു പറയണ്ടേ? അവരുടെ ചെറേലല്ലോ കെടക്കുന്നത്?"

നങ്ങേലിയമ്മയുടെ കണ്ണു നിറഞ്ഞു.

തിരുമ തുടർന്നു: "അവനു നാളെ കാലത്തേ ജോലിയിൽ ചേരാൻ കോട്ടയത്തിനു പോകണം. അതിനു നാലഞ്ചു രൂപാ ചോദിക്കാൻ കൂടിയാ പടിക്കലേക്കു പോയത്."

താൻ ഇവളുടെ പേറ്റിനു വന്നതിന് വലിയ ആക്ഷേപം പറഞ്ഞത് ഇവരുടെ പടിക്കൽക്കാരുതന്നെയാ എന്നു നങ്ങേലിയമ്മ ഓർത്തു. കുറച്ചുനേരം അങ്ങുമിങ്ങും നോക്കിനിന്നിട്ട് അമ്മൂമ്മ പറഞ്ഞു: "നാളെ പോകാൻ കാശു തെകഞ്ഞില്ലെങ്കിൽ അങ്ങോട്ടു വരാൻ പറ അവനോട്."

"എന്റെ അവസാനത്തെ മകനാ അവൻ."എന്നുകൂടി അവർ ഒച്ചയടക്കി പറഞ്ഞു.

കുഞ്ഞാമൻ നങ്ങേലിയമ്മൂമ്മയെ കാണാൻ അന്നും അടുത്ത ദിവസങ്ങളിലും ഒരിക്കലും ചെന്നില്ല. എന്തിനെന്ന് അവർക്കുതന്നെ അറിഞ്ഞുകൂടാത്ത ഒരു വേദന അവർ അനുഭവിച്ചുകൊണ്ടിരുന്നു. അതു കുറഞ്ഞുകുറഞ്ഞ് അവനോടും അവരുടെ മറ്റു മക്കളോടും ബന്ധുക്കളോടും ശത്രുക്കളോടും ഒരേ മനോഭാവം വന്നു ചേർന്നു. ഉദാസീനത.

രാമചന്ദ്രന് ഉദ്യോഗം ലഭിച്ചിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. അവൻ ഇപ്പോൾ നങ്ങേലിയമ്മൂമ്മയുടെ ആരുമല്ല. അപ്പോൾ അവർ കേട്ടു, അവൻ കൂട്ടത്തിൽ ജോലിചെയ്യുന്ന ഒരു നായർപ്പെണ്ണിനെ രജിസ്റ്റർ വിവാഹം കഴിച്ചെന്ന്. ആഹ്ലാദംകൊണ്ടു നങ്ങേലിയമ്മ ചീർത്തു. 'അന്ന് ആക്ഷേപം പറഞ്ഞവരൊക്കെ ഇപ്പോൾ എന്താ പറയുന്നതെന്നു കേൾക്കട്ടെ!' എന്നു പറഞ്ഞുകൊണ്ട് അവർ വേച്ചുവേച്ച് തിരുയുടെ മാടത്തിലേക്കു നടന്നു. അവിടെച്ചെന്ന് അവളോടു പറഞ്ഞു: "ഞാൻ പറഞ്ഞില്ലേടീ അവനു ഭാഗ്യമുണ്ടെന്ന്. നീ നോക്കിക്കോ. ഒരു പറമ്പും പുരയുമുണ്ടാക്കി അവനും ആ പെണ്ണും കൂടെ ഇവിടെ വന്നു താമസിക്കുന്നതു കണ്ടിട്ടേ ഞാൻ കണ്ണടയ്ക്കൂ."

തിരിച്ചുപോകുമ്പോൾ അമ്മൂമ്മ വിചാരിച്ചു-അവൻ വരുമോ? വരുകേല്ല. ഇനി വരാനിടയില്ല.

------------

തെരഞ്ഞെടുത്ത കഥകൾ (രണ്ടാംഭാഗം), കാരൂർ നീലകണ്ഠപിള്ള, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം

# അവിവാഹിത

(ലളിതാംബിക അന്തർജനം)

ആ ചെറുപ്പക്കാരിയായ ലേഡിഡാക്ടർ ജോലിയിൽ പ്രവേശിച്ചശേഷം ആദ്യമായി കിട്ടിയത് ഒരു പ്രസവക്കേസാണ്. വേദന തുടങ്ങിയിട്ടു നാലോ അഞ്ചോ ദിവസങ്ങൾ കഴിഞ്ഞ്, നിവൃത്തിയില്ലാത്ത ഘട്ടം വന്നപ്പോൾ നാട്ടിൻപുറങ്ങളിലെങ്ങോനിന്ന് എടുത്തുകൊണ്ടുവന്ന നിർഭാഗ്യവതിയായ ഒരാദ്യഗർഭിണി. അവൾ ഒരു ബാലികയോ, യുവതിയോ എന്നു തീർച്ചപറഞ്ഞുകൂടാ. മിക്കവാറും രണ്ടിനും മദ്ധ്യേയാണ്. വേദനകൊണ്ടു വാടിയ ആ സാധുവദനത്തിൽ-ക്ഷീണസുന്ദരമായ ദീനനോട്ടങ്ങളിൽ-മാതൃത്വത്തേക്കാൾ എത്രയോ അധികം ബാല്യഭാവമാണു സ്ഫുരിക്കുക. അസഹ്യമായ വേദനമൂലം പൊട്ടിപ്പുറപ്പെടുന്ന ഞരക്കം അമർത്തുവാൻ അവൾ ആവതു ശ്രമിച്ചിരുന്നു. എന്നാലും കഴിഞ്ഞദിവസങ്ങളിൽ ആ ശ്രമം ശരിയായി ഫലപ്പെട്ടില്ലെന്നുള്ളതിന് അവളുടെ വെളുത്ത കവിൾത്തടങ്ങളിൽ ചുവന്നുതടിച്ചുകാണുന്ന നാട്ടുപതിച്ചികളുടെ നഖക്ഷതങ്ങൾ നല്ല സാക്ഷ്യം വഹിച്ചു.

ഹാ! ഒരു ഗ്രാമീണപ്രസവശാല. അതിലെ ഡിക്ടെറ്ററ്‍മാരായ വയറ്റാട്ടികൾ. അവരുടെ ഇടയിൽ അകപ്പെട്ടവർക്കു മാത്രമേ ആ ദുരിതം അറിഞ്ഞുകൂടൂ. പ്രസവമെന്നാലെന്തെന്നോ, എങ്ങനെയെന്നോ അറിഞ്ഞിട്ടില്ലാത്ത (അത് അനുഭവിച്ചറിഞ്ഞുകൊള്ളണമെന്നാണ് വിധി) ഇവളെപ്പോലുള്ള ആദ്യഗർഭിണികളാണെങ്കിൽ പ്രത്യേകിച്ചും.

യുവതിയായ ലേഡിഡാക്ടർ അടുത്തുചെന്നു. അവർ ഇത്തരം കേസുകളിൽ അപൂർവ്വമായേ പോയിരുന്നുള്ളു. അതും പരിശീലനകാലത്തു പരിഷ്കൃതരായ ചിലരുടെ വീടുകളിൽ മാത്രം. ഡാക്ടറെ കണ്ടാലുടൻതന്നെ തന്റെ വേദന ശമിക്കുമെന്നും താൻ രക്ഷപ്പെടുമെന്നും വിശ്വസിച്ചിരുന്ന ആ ബാലിക ദൈവസന്നിധിയിലെന്നപോലെ ഒന്നു കൂപ്പി. അവളുടെ ആശയും വിശ്വാസവും അനേകായിരം വാക്കുകളിൽക്കൂടുതൽ, ആ തളർന്ന തൊഴുകയ്യു വെളിപ്പെടുത്തി.

ആ ഡാക്ടർക്കാകട്ടെ കഷ്ടാനുഭവങ്ങൾകണ്ടു കരൾ തഴമ്പിച്ചിട്ടില്ലായിരുന്നു. എന്തായാലും അവരും ഒരു സ്ത്രീയാണല്ലോ. അവർക്ക് അവളെയെങ്കിലും രക്ഷിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാലും സമയം വളരെ വളരെ കടന്നുപോയി. ജനനത്തിന്റെ മേൽ മരണം പിടിയുറപ്പിച്ചുപോയി.

"അമ്മേ എന്നെ ഒന്നു കെടത്താമോ?... ശ്വാസം നേരെവിട്ട്-ഒന്നു നേരെ നിവർന്ന്..."

"കിടക്കാമല്ലോ കുട്ടീ, ഇപ്പോൾ ഞാൻ കിടത്തിത്തരാം. യാതൊരു തകരാറുമില്ല."

ഡാക്ടർ സമാധാനപ്പെടുത്തി.

ഒരു വലിയ ശസ്ത്രക്രിയയ്ക്കുശേഷം അവർ കുട്ടിയെ എടുത്തുമാറ്റി-ആ കുംഭീപാകനരകത്തിൽനിന്ന് അതിന്റെ ജീവനു മോചനം ലഭിച്ചിട്ടു മൂന്നുനാലു ദിവസം കഴിഞ്ഞിരുന്നു.

പ്രസവംകഴിഞ്ഞ് അമ്മ കുഞ്ഞിനെപ്പറ്റി ശ്രദ്ധിച്ചതേയില്ല. അതെങ്ങനേയും പോകട്ടെ. അവൾക്ക് അനപേക്ഷിതമായ ഈ ഭാരം ഇറക്കി ഒന്നു വിശ്രമിച്ചാൽ മതിയായിരുന്നു. നഴ്സുകൾ വിരിച്ചുകൊടുത്ത ശയ്യയിൽ കിടന്ന് അവളുറങ്ങി-ഇനി ഉണരാത്തവണ്ണം അത്ര സുഖമായിട്ട്.

ബന്ധുക്കൾ അലച്ചുവിളിച്ചു തിരികെ പോയി. ആശുപത്രി ജീവിതത്തിൽ നിരന്തരം നടക്കുന്ന സാധാരണ സംഭവങ്ങളിൽ ഒന്നായി അതും കഴിഞ്ഞുകൂടി.

എന്നാൽ നമ്മുടെ നവയുവതിയായ ലേഡിഡാക്ടറുടെ ഹൃദയത്തിൽമാത്രം ഈ ആദ്യസംഭവം ഗാഢമായി പതിഞ്ഞു. വീട്ടിൽ വന്നതിനുശേഷവും ഏതാനും ദിവസത്തേക്ക് അവർ ഇതു തന്നെ വിചാരിച്ചുകൊണ്ടിരുന്നു. കൗമാരകോമളമായ മുഖം, നിഷ്കടപമായ ദീനനോട്ടങ്ങൾ. "അമ്മേ! രക്ഷിക്കണേ!" എന്നുള്ള അർത്ഥന. ഹാ കഷ്ടം! തനിക്കവളെ രക്ഷിക്കാൻ കഴിഞ്ഞില്ലല്ലോ. അഥവാ ഈ നിലയിലെത്തിയാൽ ഈശ്വരനുകൂടെയും അതിനു ശക്തി കാണുകയില്ല.

ബാല്യവിവാഹം-അതിൽനിന്നുദിക്കുന്ന ഈദൃശദുരന്തങ്ങൾ-പുത്രിമാരെപ്പറ്റി പിതാക്കൾക്കുള്ള അനാസ്ഥ-ഭർത്താവിന്റെ സ്വാർത്ഥം-ഇവയ്ക്കിടയിൽ സ്ത്രീയുടെ അന്ധമായ ആത്മത്യാഗം-ഇങ്ങനെ നമ്മുടെ നാട്ടിൽ നടപ്പുള്ള അനേകമനേകം അനാചാരങ്ങൾ അവരുടെ ചിന്തയിൽ കടന്നുകൂടി.

എന്തിനായിട്ടാണ് സ്ത്രീകൾ ഈ നരകാനുഭൂതികൾക്കെല്ലാം വിധേയരാകുന്നത്? പുരുഷനെ കൂടാതെ അവൾക്കു ജീവിക്കുവാൻ പാടില്ലേ? അവനുവേണ്ടി-അവന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടിമാത്രം-ഓരോ സ്ത്രീജീവിതവും ഉഴിഞ്ഞിടണമെന്നോ?

അവർ ആത്മത്യാഗം ചെയ്തു.

ഇല്ല. ഞാൻ ഈ കുരുക്കിൽ അകപ്പെടുകയില്ല. നിശ്ചയം. വിവാഹമെന്ന പേരിൽ ഇങ്ങനെ വേദനാത്മകമായ ഒരു ജീവിതം വരിക്കാൻ ഞാൻ തയ്യാറില്ല.

അവർ സ്വയം ശപഥംചെയ്തു.

പുരുഷനുമായുള്ള കൂട്ടേർപ്പാടിൽ ലാഭനഷ്ടങ്ങൾ വീതിക്കുന്നത്, ലാഭംമുഴുവൻ ഒരാൾക്കും ചേതം മറ്റൊരാൾക്കും ആണെന്ന് അവർ കണ്ടു. അത്ര പക്ഷപാതപരമായ ഒരു ലോകത്തിൽ അങ്ങനെയൊരു ബന്ധത്തിനേ പോകാത്തതാണല്ലോ നല്ലത്.

ആ ഡാക്ടർ മുഴുവൻ സമയവും ആശുപത്രിയിൽത്തന്നെ വിനിയോഗിച്ചു. പുരുഷപ്രേരിതമായ കഷ്ടതകളുടെ നിവാരണംതേടി വരുന്ന സ്ത്രീകളെ രക്ഷിച്ചും ശുശ്രൂഷിച്ചും തന്നെ. ഓരോ സംഭവവും എന്തൊരു ദുർഭരമായ ക്ലേശമാണ്. അവിടെ വരുന്ന ഓരോ ഗർഭിണികളോടും അവർ ഉപദേശിക്കും:

"ഇനി പ്രസവിക്കരുത്, കേട്ടോ? എന്തിനായി ആരോഗ്യവും യൗവനവും സ്വയം നശിപ്പിക്കുന്നു?"

## II

വത്സരങ്ങളോടൊത്തു വയസ്സുകൾ കുറെ കടന്നുപോയി. നമ്മുടെ ലേഡിഡാക്ടർ ഇപ്പോഴും അവിവാഹിതയാണ്. അവരുടെ പ്രശസ്തമായ സേവനം, പേരും പെരുമയും മാത്രമല്ല, സ്ഥാനവും ശമ്പളവും കൂട്ടിക്കൊടുത്തു. അതേ, അവരിപ്പോൾ ആ മഹിളാസ്പത്രിയിലെ മേലദ്ധ്യക്ഷയാണ്-മിസ്സിയമ്മ.

പ്രൗഢമായ ഈ പ്രായത്തിലും കായകാന്തി കുറവില്ലെന്നതിനു വിവാഹാർത്ഥികളുടെ സംഖ്യ സാക്ഷ്യം വഹിച്ചു.

ഒരു വിശ്രുതനായ പ്രഫസർ പലനാൾ ഉത്തരം കാത്തു നിഷ്ഫലം മടങ്ങി. അസിസ്റ്റന്റ് സർജ്ജന്മാരിൽ ഒന്നുരണ്ടു യുവാക്കൾ അതിനുവേണ്ടി തീവ്രമായ ശ്രമിച്ചതാണ്. ധനികനായ ഒരു പൊതുനേതാവും ആശിച്ചു. പക്ഷേ ആരുടെ മുമ്പിലും ആ പടിവാതിൽ തുറന്നില്ല. ആർക്കും പ്രവേശനമില്ല. പിന്നെപ്പിന്നെ ആരും മുട്ടാതെയുമായി. അങ്ങനെ മിസ്സിയമ്മ ശരിയായൊരു മിസ്സിയമ്മയായി ജീവിച്ചുപോന്നു.

ആസ്പത്രിജോലിയിൽനിന്നു വല്ലപ്പോഴുമൊന്നു വിരമിക്കുന്ന അവർക്കു സ്വഗൃഹം ആകർഷണീയമായിരുന്നില്ല. ഒരു വൃദ്ധയായ പാചകി. അതിനൊത്ത പരിചാരകൻ. വണ്ടിക്കാരൻ പയ്യൻ. മനുഷ്യജീവികൾ ഇത്രയുംകൊണ്ടുതീർന്നു. അനലംകൃതമായ ഒരു വലിയ മുറി. നടുക്ക് ഒരു ചെറിയ മേശയും രണ്ടു കസേരകളും. നേരേ മുകളിൽ ഒരു വൃദ്ധയുടെ-അമ്മയുടേതാവാം-ഛായാപടം. ഒരു ലേഡിഡാക്ടറുടെ സകലഗാംഭീര്യവും ആ വീടിനും ഉണ്ട്. മേശപ്പുറത്ത് ഏതാനും പുസ്തകങ്ങൾ-അധികവും വൈദ്യസംബന്ധമായവ-ചിതറിക്കിടപ്പുണ്ട്. ഒരു വ്യവസ്ഥയില്ലായ്മ, അഥവാ ശ്രദ്ധയില്ലായ്മ, എല്ലാത്തിലും തെളിഞ്ഞുകാണാം. അപൂർവ്വം ചില സഹപ്രവർത്തകരല്ലാതെ ആരും ആ മുറിക്കകം കണ്ടിരുന്നില്ല.

ആസ്പത്രിയിലെ ശ്രമാവഹമായ ജോലിത്തിരക്കുകൾക്കുശേഷം ഒരുച്ചയ്ക്ക് അവർ സ്വകാര്യമുറിയിൽ വിശ്രമിക്കുകയായിരുന്നു. പെട്ടെന്ന് ഒരു നഴ്സ് കേറിവന്നു പറഞ്ഞു.

"ആ സുഖക്കേടുകാരി മിസ്സിയെ ഒന്നു കാണണമെന്നു വാശിപിടിക്കുന്നു. എന്തുവേണം?"

"ഏതു സുഖക്കേടുകാരി?"

അവർ ചോദിച്ചു.

"പ്രസവശേഷം പനിയായി കിടക്കുന്ന അവൾ. ആ ചെറുപ്പക്കാരി."

"ഓഹോ, അവൾ കുറെ സംശയാസ്പദമായ സ്ഥിതിയിലാണ്. ആട്ടെ. ഞാൻ വരാം-"

അവർ എഴുന്നേറ്റു. രോഗിണി അവരെത്തന്നെ കാത്തുകിടക്കയായിരുന്നു. ഏറെത്താമസിച്ചാൽ തനിക്കു പറയാനുള്ളതു മുഴുവൻ പറയാൻ സാധിക്കയില്ലയോ എന്ന ഭീതി അവളുടെ മുഖത്തു നിഴലിച്ചു.

“അമ്മേ! എന്റെ അമ്മേ ഞാനിനി ജീവിക്കുമെന്നു തോന്നുന്നില്ല. അങ്ങനെ വേണമെന്നുമില്ല. എന്നാൽ ഈ കുഞ്ഞിനെ - ഈ പൊന്നുംകൊടത്തിനെ (അടുത്ത തൊട്ടിലിൽ കിടന്ന് ആനന്ദ സ്വപ്നം കാണുന്ന പിഞ്ചുപൈതലിനെ അവൾ ചൂണ്ടിക്കാട്ടി) ഇതിനെ അനാഥമാക്കി വിട്ടുപോകാനുള്ള വ്യസനം.” അവളുടെ കണ്ഠം ഗദ്ഗദത്താൽ തടഞ്ഞു. ഡാക്ടർ അലിവോടെ ചോദിച്ചു:

“നിങ്ങൾക്ക് ആരുമില്ലേ ബന്ധുക്കളായി?”

“ഉണ്ട്, ധാരാളമുണ്ട്. എന്നാൽ അവർ ഈ കുഞ്ഞിന്റെ ബന്ധുക്കളല്ല; ആയിരിക്കയുമില്ല. അതൊരു കഷ്ടമായ കഥയാണമ്മേ. അദ്ദേഹം ഒരു വിജാതീയൻ. ഞങ്ങൾ ഒരുമിച്ചു പഠിച്ചു; സ്നേഹിച്ചു. ഞാനദ്ദേഹത്തോടൊപ്പം ഒളിച്ചോടി. എന്നാൽ സ്നേഹംകൊണ്ടുമാത്രം ജീവിക്കുമോ? ജീവിക്കാനുള്ള വക തേടി അദ്ദേഹം മരണരംഗത്തേക്കു പോയി-അതേ, വാർസർവ്വീസിൽ. ഒൻപതുമാസമായി ഒരെഴുത്തുപോലുമില്ല. ഒരു ചെറിയ തുക അയച്ചു കിട്ടിയതുകൊണ്ടു ഞാൻ കഴിഞ്ഞുപോന്നു... ഇന്നിതാ ഇവിടെ...”

അവളുടെ തൊണ്ട വീണ്ടും ഇടറി: “എനിക്കു ഗർഭമുള്ളതുപോലും അദ്ദേഹം അറിഞ്ഞിട്ടില്ല. ഒരുപക്ഷേ, അദ്ദേഹവും ഇപ്പോൾ... അങ്ങനെയാണെങ്കിൽ, എന്റെ അമ്മേ! ഈ പിഞ്ചുപൈതലിന് ആരുണ്ട്, ഇവനെ രക്ഷിക്കുവാൻ?...”

ലേഡിഡാക്ടർ ഒന്നും മിണ്ടിയില്ല! പ്രാരാബ്ധശൂന്യമായ തന്റെ ജീവിതത്തിൽ ഇങ്ങനെയൊരു ഭാരം വലിച്ചുവെയ്ക്കാൻ വാസ്തവത്തിലവർ ഇഷ്ടപ്പെട്ടിരുന്നില്ല. ആ നിർവ്വികാരമായ നില കണ്ടു രോഗിണി അതിദയനീയസ്വരത്തിൽ തുടർന്നു:

“അദ്ദേഹം ഒരുപക്ഷേ ജീവിച്ചിരിക്കാം; മരിച്ചെന്നുംവരാം. ജീവിച്ചിരിപ്പുണ്ടെങ്കിൽ നിശ്ചയമായും തിരിച്ചുവരികയും ഈ കുഞ്ഞിനെ ജീവസർവ്വസ്വമായി സ്വീകരിക്കുകയും ചെയ്യും. മരിച്ചെങ്കിലോ?... എന്നാലും അമ്മേ, അവനെ തൊണ്ട വരണ്ടു മരിപ്പിക്കരുതേ! അനാഥ ശവമാക്കരുതേ!”

മരണയാതനയോടെ അവൾ വീണ്ടും ഇരുന്നു...

“അമ്മേ അവനെ സ്വീകരിച്ചോ?... എനിക്കു സമാധാനമായി മരിക്കാമോ?... അയ്യോ!... ‘ഉവ്വെ’ന്നു പറയണേ!”

“ഉവ്വ്.” സ്വീകരിച്ചു.

ആസന്നമരണയായ അവളുടെ ആശ്വാസത്തിനുവേണ്ടി മാത്രം അവർ പറഞ്ഞു: “ഞാൻ അതിനെ രക്ഷിക്കാം.”

“കരുണാനിധിയായ ദൈവമേ! എനിക്കിനി സമാധാനമായി മരിക്കാം. എന്റെ കുഞ്ഞു മരിക്കയില്ല. അവന് അമ്മയുണ്ട്.”

ആയ എടുത്തുകാണിച്ച കുഞ്ഞിനെ അവസാനമായി അവൾ ചുംബിച്ചു. അവളുടെ ജീവിതം മുഴുവൻ ആ ചുംബനത്തിലൊതുങ്ങി.

III

സൂക്ഷിക്കാനായി കിട്ടിയ ശിശുവിനെ അവർ സ്വഗൃഹത്തിൽ കൊണ്ടുപോയി,. വൃദ്ധപരിചാരിക പുഞ്ചിരിയോടെ ചോദിച്ചു.

"അല്ലാ, ഞങ്ങളാരുമറിയാതെ കൊച്ചമ്മയ്ക്കൊരു കുഞ്ഞുമുണ്ടായോ?"

"എത്ര കുട്ടികൾ-എത്ര എത്ര കുട്ടികൾ-ഇങ്ങനെ എന്റേതായുണ്ട്." അവർ പറഞ്ഞു. "പിന്നെ ഇതിനെ കുറേനാൾ രക്ഷിക്കേണ്ടതായുണ്ട്. നിങ്ങളുടെ അലട്ടലും തീർന്നല്ലോ."

കുഞ്ഞിനെ വളർത്താനായി പ്രത്യേക ശമ്പളത്തിൽ ഒരായയെ അവർ നിയമിച്ചു. മുലക്കുപ്പി, പാൽപ്പൊടി, തൊട്ടിൽ-എന്നുവേണ്ട ആ ഗൃഹം പരിഷ്കൃതരീതിയിലുള്ള ഒരു ശിശുസംരക്ഷണശാലയായി മാറി. ആദ്യമൊക്കെ കുട്ടിയുടെ ആരോഗ്യസ്ഥിതികൾ അന്വേഷിക്കയല്ലാതെ അവനെ എടുക്കയോ ഓമനിക്കയോ അവർ ചെയ്തിരുന്നില്ല. ആ അനാഥശിശു ക്രമേണ വളർന്നു. ചിരിച്ചുകളിച്ചു. കമിഴ്ന്നു നീന്തി. പിച്ച നടന്നുതുടങ്ങി. നമ്മുടെ ഗംഭീരമായ ലേഡിഡാക്ടരുടെ മനസ്സിലും അതോടൊപ്പം എന്തോ വാത്സല്യബോധം മുളച്ചു, തഴച്ചു മൊട്ടിട്ടു നിറഞ്ഞു. അതിനി പറിച്ചു മാറ്റുവാൻ വയ്യാത്തവണ്ണമായിരിക്കുന്നു. അരയിൽ പൊന്നരഞ്ഞാണം. കഴുത്തിൽ മണിമാല; കാലിൽ തങ്കച്ചിലമ്പ്. ഒരന്യശിശുവിനെ ഇതെല്ലാം അണിയിക്കാൻ തോന്നിയത് എന്തിനോ എന്തോ? ആസ്പത്രിയിൽ പോകാനായി പുറമേയിറങ്ങുമ്പോൾ അവൻ ഓടിച്ചെന്നു കെട്ടിപ്പിടിക്കും.

"അമ്മേ! ഞാനൂടെവരുന്ന അമ്മേടേ കൂടെ."

"അമ്മേ അമ്മേ!" എന്ന വിളി. കർണ്ണമധുരമായ വിളി! അവനെ അങ്ങനെ വിളിക്കാൻ ആരാണു പഠിപ്പിച്ചത്. ആരുമല്ല. എങ്കിലും അവൻ വിളിച്ചുതുടങ്ങി. അവർ വിളിയും കേട്ടു. എന്തൊരു നവമായ ആനന്ദമാണതിൽ.

"ഓമനേ! ബേബീ!" അവർ വാത്സല്യപൂർവ്വം സമാധാനിപ്പിക്കും. "അമ്മ വൈകിട്ടു സവാരി പോവുമ്പോൾ കൊണ്ടുപോവാം. ഇപ്പോൾ രാമനോടുകൂടെ കളിക്കൂ..."

ആ ഓമനമുഖത്ത് ഉമ്മവെച്ചിട്ടു തനിച്ചിറങ്ങുമ്പോഴും അവർ മൂന്നുനാലു പ്രാവശ്യം തിരിഞ്ഞുനോക്കും. അരുമക്കണ്ണുകളിൽ കണ്ണീരുണ്ടോയെന്ന്; മൃദുലകപോലങ്ങളിൽ വിളർപ്പുണ്ടോയെന്ന്...

ജീവിതത്തിൽ അനനുഭൂതമായ ഒരാനന്ദാനുഭൂതിയെ ആ ശിശു അവർക്കു ദാനം ചെയ്തു. എന്നാൽ സുഖത്തിന്റെ കൂട്ടുകാരനാണല്ലോ ദുഃഖവും. അവർ കൈകോർത്തേ നടക്കയുള്ളു. ബേബിക്ക് ഒരു ചെറിയ പനി വന്നാൽ മതി. മിസ്സിയമ്മയുടെ പരിഭ്രമം-അന്നവർ ആസ്പത്രിയിൽ പോകയില്ല. പോയാലും പെട്ടെന്നു തിരിയെ വരും; കൂടെക്കൂടെ ഡോക്ടർമാർക്കും മരുന്നിനും ആളയയ്ക്കും. അതിപ്രശസ്തയായ ഒരു ഡാക്ടരാണെങ്കിലും ബേബിയുടെ കാര്യത്തിൽ മാത്രം അവർക്കു തന്റെ പഠിപ്പിൽ ആത്മവിശ്വാസമില്ല.

അങ്ങനെ ആ കുട്ടി ആദ്യമായി അവരുടെ ജീവിതത്തെ ഗൃഹസീമയിലേക്കു പിടിച്ചുവലിച്ചു. ആ പ്രൗഢകന്യകയായ ശാസ്ത്രവിദഗ്ധയുടെ ഹൃദയത്തെ ഈ പിഞ്ചുപൈതൽ ആക്രമിച്ചു കീഴടക്കിയതെങ്ങനെയാണ്? അഥവാ, എല്ലാ സ്ത്രീഹൃദയങ്ങളിലുമുണ്ടല്ലോ മാതൃത്വം. അവസരം കിട്ടിയാലതു താനറിയാതെ വികസിക്കുന്നു. ബാലാരുണരശ്മിയേറ്റ താമരമൊട്ടുപോലെ.

ഇപ്പോൾ അവർ, പ്രസവിക്കരുതെന്ന് ഒരു സ്ത്രീകളോടും പറയാറില്ല. ഒരു മഹാവേദനയിൽനിന്നുദിച്ച ആനന്ദമാണ് ബേബിയെങ്കിൽ എല്ലാ സ്ത്രീകളും അതു കൊതിക്കില്ലേ?...

ആ അമ്മയുടെയും മകന്റേയും ഇടയ്ക്ക് യാതൊരപച്ചങ്കകളും ഉണ്ടാകാതെ വത്സരങ്ങൾ അഞ്ചാറുകഴിഞ്ഞു. ബേബി ഒരന്യശിശുവെന്ന വസ്തുതയെ അവർ വിസ്മരിച്ചു. അവൻ പൂർണ്ണമായും തന്റേതന്നെ–മറ്റവകാശികളില്ല.

ഒരു രാവിലെ മിസ്സിയമ്മ വീട്ടിലിരുന്ന് എന്തോ ധൃതിപെട്ടു തുന്നുകയായിരുന്നു. ബേബിയെ ഇന്നു സ്കൂളിൽ കൊണ്ടുപോകണം. അതിനായി ഒരു ചെറിയ കാർ വാങ്ങിയിട്ടുണ്ട്. സ്വന്തം കൈകൊണ്ടു തയ്ച്ച ഉടുപ്പിട്ടു താൻതന്നെ അവനെ കൊണ്ടുപോകും. അതിനുവേണ്ടിത്തന്നെ അവർ ഈയിടെ തുന്നൽ അഭ്യസിക്കയായിരുന്നു. പെട്ടെന്നു പരിചാരിക കടന്നുവന്നു പറഞ്ഞു:

"അമ്മയെ അന്വേഷിച്ച് ആരോ അപ്പുറത്തു വന്നിരിക്കുന്നു."

"ആസ്പത്രിയിൽച്ചെന്ന് അസിസ്റ്റന്റിനോടു പറയാൻ പറയൂ. എനിക്കിപ്പോൾ അത്ര സുഖമില്ല."

അവൾ പോയിട്ടു തിരിച്ചുവന്നു.

"ഇത് ആസ്പത്രിക്കാര്യമൊന്നുമല്ല, വേറെ എന്തോ രഹസ്യമാണത്രേ."

"രഹസ്യമോ?"

മിസ്സിയമ്മ താനറിയാതെ ഒന്നു ഞെട്ടി. ഈ നിത്യകന്യകയായ തന്നോടെന്തു രഹസ്യം?

ആശങ്കയോടും പരിഭ്രമത്തോടും അവർ പുറത്തേക്കു വന്നു. അവിടെ ഒരു മാന്യനായ സന്ദർശകൻ–ഒരു പട്ടാള ഉദ്യോഗസ്ഥന്റെ ഛായ തോന്നും–നില്ക്കുന്നുണ്ടായിരുന്നു. ദീർഘദീർഘമായ ജീവിതയാതനകളുടെയും സമരവ്രണങ്ങളുടെയും വടുക്കെട്ടി മുരടിച്ച ആ മുഖത്ത് തനിക്കേറ്റവും പരിചിതമായ ഒരു ഛായയുടെ ഛായ...

അജ്ഞാതമായ ഒരു ഭയത്താൽ മിസ്സിയമ്മ വീണ്ടും നടുങ്ങി. ആ കുഴപ്പത്തിൽ അതിഥിയാരെന്നു ചോദിക്കാൻപോലും അവർ മറന്നു. അയാളും എന്താണു പറയേണ്ടതെന്നറിയാതെ മൂകനായി നില്ക്കയായിരുന്നു.

"ഡോക്ടർ, ഞാൻ നിങ്ങൾക്ക് അപരിചിതനായ ഒരു പരിചിതനാണ്."

അത്യന്തം വിഷാദാത്മകമായ സ്വരത്തിൽ അയാൾ ആരംഭിച്ചു: "യുദ്ധരംഗത്തും തടങ്കൽപ്പാളയത്തിലും ഇക്കഴിഞ്ഞ അഞ്ചുവർഷം മുഴുവൻ ഞാൻ ഏതു രൂപം ധ്യാനിച്ചു കഴിച്ചുവോ–ആരെ

ക്കാണാനുള്ള അത്യാകാംക്ഷയാൽ ഈ ദൂരമൊക്കെ ഒളിച്ചോടി കഷ്ടപ്പെട്ടുവോ-ആ ആൾ എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. എന്നിട്ടും ഞാൻ ജീവിക്കുന്നു-മരണരംഗത്തേക്കു പോയ ഞാൻ ജീവിക്കുന്നു-അവൾ...

ഒരു നെടിയ നിശ്വാസം അയാളെ തടഞ്ഞു. അവരും മിണ്ടിയില്ല...

"എന്നാൽ ഡോക്ടർ!" അയാൾ വികാരാവേശത്തോടെ തുടർന്നു. "അവിടുത്തെ കരുണയ്ക്കു ഞാൻ എന്നും കടപ്പെട്ടവനാണ്. അ മഹാനഷ്ടത്തിൽനിന്നെനിക്കു ലഭിച്ച നിധി എവിടെ? -അവൻ... എന്റെ മകൻ...!"

"നിങ്ങളുടെ മകനോ...? എനിക്കൊന്നും മനസ്സിലാവുന്നില്ല." അവൾ വിറയലോടെ ചോദിച്ചു.

"അതേ, എന്റെ മകൻ-ഞങ്ങളുടെ മകൻ. നാലഞ്ചു വർഷങ്ങൾക്കു മുമ്പ് ആസ്പത്രിയിൽ കിടന്നു മരിച്ച ഒരനാഥ ഗർഭിണിയുടെ മകൻ-അവനെ ഒന്നു വിളിക്കണേ! അതെന്റെ കുട്ടിയാണ്."

"അതിനു തെളിവ്?"

ദീനവും ഗംഭീരവുമായ സ്വരത്തിലവർ ചോദിച്ചു. "ഒരു പിതാവെന്നു പറയുന്നവനെ തേടിനടക്കയല്ലായിരുന്നു എന്റെ കുട്ടി."

"അതു ശരി... തെളിവ്. ന്യായമായ തെളിവ്, ഞങ്ങൾ പഠിച്ചിരുന്ന സ്കൂൾ രജിസ്റ്റർ-ഞങ്ങളുടെ വിവാഹ രജിസ്റ്റർ. ഞാനുൾക്കൊണ്ടിരുന്ന സൈന്യനിരയിലെ രജിസ്റ്റർ-പിന്നെ അവൾ മരിച്ചു എന്നുള്ള ആസ്പത്രി രജിസ്റ്റർ. മാന്യേ! ഞാൻ വാദത്തിനു വന്നവനല്ല. സകലവും നഷ്ടപ്പെടുത്തി കിട്ടിയ ഒരു നിധിയെ-ആശ്വാസത്തെ തേടി-ഇരന്നു-വന്ന ഒരു ഭിക്ഷുവാണു ഞാൻ... ഇനിയും ശരിയായ തെളിവ്. എന്റെ മകനെ വിളിക്കണേ! നോക്കിയാൽ മതി."

വീണ്ടും, "എന്റെ മകൻ! എന്റെ മകൻ!"

മിസ്സിയമ്മ നിശ്ശബ്ദം തലതാഴ്ത്തി. അപ്പോൾ താൻ തന്റേതെന്നു വിചാരിച്ച് ഇത്രനാൾ ലാളിച്ചത് ഒരന്യശിശുവിനെയാണെന്നോ?... 'എന്റെ മകൻ'-'എന്റെ മകൻ!" ദൈവമേ! ബേബി തന്റെ മകനല്ലേ?... എന്നാൽ പിന്നെ എന്തിനായി അവൻ തന്റെ പക്കൽ വന്നുചേർന്നു?

"അമ്മേ ഉടുപ്പു തീർന്നോ, ഉടുപ്പ്-നമുക്കു കാറിൽ കേറാം. വരൂ അമ്മേ, വരൂ-"

ഒരേ ശ്വാസത്തിൽ ഒരായിരം വിളിയോടെ ബേബി ഓടിവന്നു കെട്ടിപ്പിടിച്ചു. നിശ്ചലയായി നിന്ന ആ അമ്മയ്ക്കാകട്ടെ മകനോട് ഒരക്ഷരംപോലും മിണ്ടാൻ ധൈര്യം വന്നില്ല.

"വരൂ അമ്മേ വരൂ" അവൻ വാശിയോടെ പിടിച്ചുവലിച്ചു.

"ഓമനേ! അച്ഛൻ കാറിൽ കേറ്റാം. വരൂ!"

ആ അപരിചിതപിതാവ് അരുമയോടെ അടുത്തുചെന്നു. ബേബി ഒഴിഞ്ഞുമാറി...

"ഇയാളാരാ അമ്മേ?"

"നീ തന്നെ ചോദിക്ക്." അവർക്കു മറ്റൊന്നും പറവാൻ തോന്നിയില്ല.

“താനാരെടോ? എന്തിനു വന്നു?”

ദുഷ്യന്തനെക്കണ്ട ഭരതകുമാരന്റെ നില്പും ഭാവവും. ഗൗരവക്കാരിയായ മിസ്സിയമ്മപോലും ഇതുകണ്ടു ചിരിച്ചുപോയി. ആ പിതാവിനു ബാഷ്പം നിയന്ത്രിക്കാൻ കഴിഞ്ഞില്ല...

“ഞാനാരെന്നോ മകനേ! ഞാനാരെന്ന്! അതു പറഞ്ഞുതരാനുള്ള ആൾ പോയ്പോയല്ലോ.”

അതു നാട്യമല്ലെന്നു മിസ്സിയമ്മയ്ക്കു ബോധ്യം വന്നു. ഒരു കുഞ്ഞിനുവേണ്ടി ഒരു പുരുഷൻ കരയുക–ഒരു സൈനികോദ്യോഗസ്ഥൻ കണ്ണീർ പൊഴിക്കുക–ലേഡിഡോക്ടർക്കും ജന്മത്തിലാദ്യമായി കണ്ണീർ വന്നുപോയി.

“മിസ്റ്റർ. ഞാൻ നിങ്ങളുടെ പേർ ചോദിക്കുന്നില്ല. ദേശവും ചോദിക്കുന്നില്ല. ബേബി നിങ്ങളുടെ മകനാണെങ്കിൽ കൊണ്ടുപോകാം. അവനെ എന്നെ ഏല്പിച്ചുതന്ന ആത്മാവിനു മുന്നിൽ സത്യം ചെയ്തിട്ടു കൊണ്ടുപോകാം... എന്നാൽ അവന്റെ സമ്മതംകൂടാതെ കുട്ടിയെ ഒരിക്കലും എന്നിൽനിന്നു പിരിക്കാൻ സാധിക്കയില്ല.”

സഫലമായ ഒരു എതിർതന്ത്രമെന്ന നിലയിൽ അവർ സമ്മതിച്ചു. “ബേബി വിളിച്ചാൽ വരുന്നെങ്കിൽ കൊണ്ടുപൊയ്ക്കോള്ളൂ.”

അമ്മയുടെ ചേലാഞ്ചലത്തിൽ ചുറ്റിപ്പിടിച്ച് ഒരു ഭയപ്പെട്ട ഭാവത്തിൽ അവൻ നില്ക്കയായിരുന്നു. അയാൾ എന്തോ ആലോചിച്ചു. അതു കഴിഞ്ഞു പുറമെ ഇറങ്ങിപ്പോയി. അടുത്ത കടയിൽച്ചെന്ന് അനേകം കളിസ്സമാനങ്ങൾ, ബിസ്കറ്റുകൾ, പ്രലോഭനീയങ്ങളായ പലതരം പാവകൾ എന്നിവ വാങ്ങിക്കൊണ്ടു പെട്ടെന്നു തിരിച്ചുവന്നു. അവയുടെ മോടിപ്പകിട്ടിൽ അയാളോടുകൂടി ഒരു യാത്രയ്ക്കുപോലും അവൻ സന്നദ്ധനായിക്കഴിഞ്ഞു.

അയാൾ സന്തുഷ്ടനായി വളരെ വളരെ നന്ദിവാക്കുകൾ പറഞ്ഞു. ബേബിയെ കൂടക്കൂടെ കൊണ്ടുവരാമെന്നേറ്റു. തന്റെ മേൽവിലാസമെഴുതിയ കവർ മേശമേൽ വെച്ചു–പക്ഷേ, മിസ്സിയമ്മ ഒന്നും കണ്ടില്ല, കേട്ടുമില്ല. അവരുടെ ചിന്തകൾ വിദൂരമായ ശൂന്യതയിലെങ്ങോ വ്യാപരിക്കയായിരുന്നു.

“അമ്മേ, അമ്മ കൂടെ വരുന്നോ? ഞങ്ങളുടെകൂടെ വരുന്നോ അമ്മേ? ഇല്ലെങ്കിൽ വേണ്ട–നമുക്കു പോകാം. അമ്മ കുറേ കഴിഞ്ഞുവരും... ആശുപത്രി കഴിഞ്ഞ്.”

ബേബി കൊഞ്ചിക്കൊഞ്ചി വിടചോദിക്കയാണ്.

അവർ അവനെ തടഞ്ഞില്ല. വിളിച്ചില്ല, എടുത്ത് ഒന്ന് ഉമ്മവെച്ചതുപോലുമില്ല. അഞ്ചുമിനിറ്റു മുമ്പുവരെ ജീവിതസർവ്വസ്വമായി കരുതിയിരുന്ന ബേബിയെ അന്യനൊരാൾ എടുത്തുകൊണ്ടുപോകുന്നത്, നിശ്ചലയായി–നിർവ്വികാരയായി–നോക്കിനിന്നു. ബേബി തന്റേതല്ല. അവനും താനുമായി എന്തു ബന്ധം? എന്നാൽ അവൻ അവരുടേതല്ലെങ്കിലും അവർ അവന്റേതായിത്തീർന്ന കഥ പ്രസവദ്വേഷിണിയായ ആ മാതാവ് മറന്നുപോയിരുന്നു.

വിവാഹവിരോധിയായ ആ ലേഡിഡാക്ടറുടെ കണ്ണുകൾ തുറന്നു. ഇത്രമാത്രം അടിമത്തവും കഷ്ടാനുഭവങ്ങളും സഹിച്ചിട്ടും ഒരു സ്ത്രീ വിവാഹത്തേയും പ്രസവത്തേയും സ്വയം വരിക്കുന്ന തെന്തിനെന്ന് അവർ അറിഞ്ഞു. മാതൃത്വം-മാതൃത്വം-അതുപോലെ ആകർഷണീയമായി സ്ത്രീക്കു ലോകത്തിൽ മറ്റെന്തുണ്ട്? ഓരോ സ്ത്രീഹൃദയവും മാതൃത്വസ്വീകരണത്തിനായി മാത്രം തയ്യാറാ ക്കപ്പെട്ടതാണ്. അതിനുദ്ദിഷ്ടമായ സർവ്വ സങ്കടങ്ങളും സന്തോഷപൂർവ്വം അവർ സഹിക്കുന്നു. കിള ച്ചുപൂട്ടി കട്ടയുടയ്ക്കുന്ന നെൽപ്പാടം സുന്ദരമായ കേദാരസന്തതികൾക്കുവേണ്ടി കാത്തിരിക്കുന്നതു പോലെ, പ്രസവാദിമഹാക്ലേശങ്ങളിൽ മുഴുകുമ്പോഴും വനിതാഹൃദയം പുത്രപ്രാപ്തിക്കായി അക്ഷ മമായിരിക്കും.

മിസ്സിയമ്മയ്ക്ക് അന്നുറക്കം വന്നില്ല. യൗവനത്തിന്റെ ഈ അവസാനഘട്ടത്തിൽ അവർ ഒരു കുഞ്ഞിനെ കൊതിച്ചു. കഷ്ടം-ഒരു കുട്ടിയില്ലാത്ത വീടും ജീവിതവും ശൂന്യമല്ലേ. രണ്ടുമൂന്നു ദിവ സത്തേക്കു തൊട്ടതെല്ലാം വലിച്ചെറിഞ്ഞും കുറ്റപ്പെടുത്തിയും ഒരു ഭ്രാന്തിയെപ്പോലെ അവർ അവി ടെയൊക്കെ ചുറ്റിനടന്നു. ആസ്പത്രിയിലെ രോഗികളും കുറെയൊക്കെ ഈ വിഷമം അനുഭവിക്കാ തിരുന്നില്ല. മിസ്സിയമ്മയുടെ ദേഷ്യം കീഴ്ജീവനക്കാരെല്ലാം ഇപ്പോഴാണ് കാണുന്നത്.

അഞ്ചാറുദിവസത്തിനകം അഞ്ചാറുവയസ്സിന്റെ വ്യത്യാസം വന്നുപോയി. ഇതാ ഇതു വൈകീ ട്ടാണ്. ബേബി ഇപ്പോഴാണു കുളിക്കാറുള്ളത്. അതുകഴിഞ്ഞ് ഉണ്ണും. എന്നിട്ടു രണ്ടുപേരുമായി സവാ രിക്കു പോകും. രാത്രി തന്റെ കൂടെ കിടന്നെങ്കിൽ മാത്രമേ അവനുറക്കം വരാറുള്ളു. അവനിപ്പോൾ ഉണ്ണാറുണ്ടോ? ഉറങ്ങുമോ? തന്നെ വിളിച്ചു വാശിപിടിച്ചു കരയാറില്ലേ? ഈശ്വരാ! അവനു വല്ല ദീനവും വന്നുകൂടിയിരിക്കുമോ? “അമ്മേ, അമ്മ കൂടെ വരുന്നോ, ഞങ്ങളുടെ കൂടെ. അമ്മ കൂടെ വരുന്നോ” എന്ന വിളി കേട്ടു സ്വപ്നത്തിൽ അവർ പലതവണ ഞെട്ടിയുണർന്നിട്ടുണ്ട്. മിസ്സിയമ്മയ്ക്കു മറ്റ ടുത്ത ബന്ധുക്കളില്ല. മാസംതോറുമുള്ള ശമ്പളത്തിൽ ഒരു ചെറിയ തുക ചെലവിനെടുത്തിട്ടു ബാക്കി ബാങ്കിലിടുകയായിരുന്നു പതിവ്. അങ്ങനെ ആർക്കും ആശാർഹമായ ഒരു സമ്പാദ്യം അവർക്കു ണ്ടായിരുന്നു-ഒരു ലക്ഷം രൂപ-അതൊരു ചെറിയ തുകയല്ല. ബേബി, ഒരൊറ്റ കുട്ടിക്കുവേണ്ടി അതു മുഴുവൻ പുല്ലുപോലെ വലിച്ചെറിയാൻ അവർക്കു മടിതോന്നിയില്ല...

ആ പട്ടാളക്കാരന്റെ വീട്ടുനടയിൽ ഒരു കാർ വന്നുനിന്നപ്പോൾ വാസ്തവമായും അയാൾ അത്ഭു തപ്പെട്ടുപോയി. അയാളുടെ അറിവിൽ, തന്നെ അന്വേഷിച്ചു വരാനായി ആരും ഉണ്ടായിരുന്നില്ല.

കാറിൽനിന്നിറങ്ങിയ മിസ്സിയമ്മ യാതൊരു മുഖവുരയും കൂടാതെ വിളിച്ചുപറഞ്ഞു; “ക്ഷമി ക്കണേ! എനിക്കു ബേബിയെ തരണം-എന്റെ ജീവിതത്തിലുള്ള സകല സമ്പാദ്യങ്ങളും അതിനു വേണ്ടി തരാൻ തയ്യാറാണ്.”

എന്നാൽ ആ പിതാവിന് അതു മനസ്സിലായിരുന്നു. അയാളും ആ കുട്ടിയെ യഥാർത്ഥത്തിൽ സ്നേഹിച്ചു. ലേഡീഡാക്ടർ ആകെക്കൂടി കുഴങ്ങി. ബേബിയെ കൂടാതെ തനിക്കു ജീവിക്കാൻ സാധി

ക്കയില്ലെന്നു തന്നെ അവസാനം അവർ കണ്ടുപിടിച്ചു. ആ സൈനികോദ്യോഗസ്ഥന്റെയടുത്തുചെന്ന് അതിവിനീതയായി അവർ ചോദിച്ചു.

"ഞാൻകൂടി ഇവിടെ താമസിക്കട്ടെയോ? എന്റെ ജോലി രാജിവെച്ചു. ബേബിയെക്കൂടാതെ എനിക്കു ജീവിക്കാൻ വയ്യ."

തന്റെ നാല്പത്തഞ്ചാമത്തെ വയസ്സിൽ ആ വൃദ്ധകന്യക വിവാഹം ചെയ്തു. പത്തുമാസം വയറ്റിൽ ചുമന്നു നൊന്തുപെറ്റ ഒരു കുഞ്ഞിനെ ലാളിക്കാനുള്ള ആഗ്രഹം അവരിൽനിന്ന് അപ്പോഴും വിട്ടുപിരിഞ്ഞിട്ടില്ലായിരുന്നു.

-------------

തെരഞ്ഞെടുത്ത കഥകൾ, ലളിതാംബിക അന്തർജനം, കോട്ടയം: സാഹിത്യപ്രവർത്തക സഹ കരണസംഘം